
Reference

Not to be taken Out

AR



The Rev. Fr. Bernard of St. Thomas T. O. C. D.,


The Historian of the Malabar Church.

ക. നി. മൂ. സ. ബ. ബണ്ണാർല തോമ്മാ പട്ടക്കാരന്റെ

ഗുരുപ്പട്ട സ്വർണ്ണജൂബിലിസ്മാരകം.

ജനനം	4- 1-1858.
സന്യാസ സഭാപ്രവേശനം	7- 2-1883.
സന്യാസവ്രതാനുഷ്ഠാനം	1-11-1886.
കുമ്പാനപ്പട്ടം	22-12-1883
ഗുരുപ്പട്ട സ്വർണ്ണജൂബിലിയാഘോഷം . .	21- 1-1934.
11-ാംപീയൂസ് മാപ്പിപ്പായാൽ കീർത്തിമുദ്ര നൽകപ്പെട്ട	15- 7-1933.

"എന്റെ ആത്മാവേ, കർത്താവിനെ നീ വാഴ്ത്തുക".
(സങ്കീ. ൧൦൩. ൧.)



ഈ. മ. യ.

മാർ തോമ്മാ ക്രിസ്ത്യാനികൾ.

ക. നി. മ. സ.

ബ. ബഞ്ചാർട് തോമ്മാ

വൈദികനാൽ

വിരചിതം.

വൈദിക മേലദ്ധ്യക്ഷന്മാരുടെ അനുമതിയോടെ

പുത്തമ്പള്ളി സെ. സ്കൂ. മല്പാൻ പാലാ. പ. ഇട.

കളപ്പുരക്കൽ ബ. അന്ത്രയോസ്

കുത്തനാരാൽ

അച്ചടിപ്പിക്കപ്പെട്ടു.

മാർ തോമ്മാ പീഡാ ട്രസ്റ്റ്

പാലാ.

൧൯൨൯





J. M. J.

THE

HISTORY

OF

The St. Thomas Christians

BY

REV. FR. BERNARD OF ST. THOMAS.
T. O. C. D.

PERMISSU SUPERIORUM.

Published by Rev. Fr. Andrew Kalapura
Syr. Prof. Puthenpally Seminary.

"Mar Thoma Sleeha Press"
PALAI.
1916

പ്രസിദ്ധീകരണത്തിനുള്ള അനുമതികാരം.

ക. നി. മൂ. സ. ബ. ബഞ്ചാർഡച്ചൻ എഴുതിയുണ്ടാക്കിയ "മാർ തോമ്മാ ക്രിസ്ത്യാനികളം" എന്നീ ചരിത്രപുസ്തകം നിയമപ്രകാരം പരിശോധിക്കപ്പെട്ടിരിക്കയാൽ ഇതു അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനു അനുവദിക്കുന്നു.

എന്നു ക. നി. മൂ. സ. പ്രീയോർ ജനറാളം.
വി. ത്രേസ്യാ ബസ്റ്റേലിയോസ് പട്ട.

മാന്നാനം
ഫ്രൻഫ്രു ജൂൺ 2നു.

IMPRIMATUR.

✠ *Thomas Kurialachery*
Vicar Ap. of Changanacherry.

Changanachearry.
3rd July 1913.

ചങ്ങനാശേരി അരമനയിൽ നിന്നു അയച്ചു തന്ന
ഒരു
അനുമോദനക്കത്തു.

ചങ്ങനാശേരി അരമന.
ഫ്രൂ—ഒ—ഫ്രൻഫ്രു.

എ. സ്നേ. ബ. അച്ചൻ!

അടിയൻ ന. പി. മെത്രാനച്ചന്റെ പേർക്കു

യച്ച "മാർ തോമ്മാ ക്രിസ്ത്യാനികൾ" എന്നപുസ്തകത്തിന്റെ ഒന്നാം ഭാഗം (ആദ്യത്തെ ആറു അദ്ധ്യായങ്ങൾ) മുഴുവനും സശ്രദ്ധംമെത്രാനച്ചൻ വായിച്ചു നോക്കി, വളരെ സന്തോഷിക്കുന്നതായും അച്ഛന്റെ ഈ അസാമാന്യ പരിശ്രമത്തെക്കുറിച്ചു അച്ഛനെ ഹൃദയപൂർവ്വം അഭിനന്ദിക്കയും ആശീർവ്വദിക്കയും ചെയ്യുന്നതായും അച്ഛനെ അറിയിക്കണമെന്നു എന്നോടു കല്പിച്ചിരിക്കുന്നു.

കല്പനപ്രകാരം

കെ. ജെ. അബ്രാഹം കത്തനാർ .1..ഇ

നമ്പർ നൂൻ. ഫ്രാ മേയ് ഫ്രൻഫർ.

ക. നി. മൂ. സ. ബഹ്ന്നാട്ടച്ചനു

മാന്നാനം.

ബ. അച്ചാ!

അച്ചൻ എഴുതിയുണ്ടാക്കിയ "മാർ തോമ്മാ ക്രിസ്ത്യാനികൾ"എന്നീ ചരിത്രത്തിന്റെ രണ്ടാം ഭാഗം (ഏഴാം അദ്ധ്യായം)നമ്മുടെ നിയമപ്രകാരം നമ്മുടെ സഭക്കാരായ രണ്ടച്ചന്മാർചരിശോധിച്ചിരിക്കയാൽ ആയതുഅച്ചടിപ്പിക്കുന്നതിനുഞാൻഅനുവദിക്കുന്നു.

എന്നു ക. നി. മൂ. സ. പ്രിയോർ ജനറാലം.

2 . ᴇᴘᴘᴀᴘᴏᴍᴏ ᴅᴇ ᴍᴀᴛᴛᴏs ᴅᴇ ᴀᴢᴇᴠᴇᴅᴏ

ᴅᴇ ᴍᴀ. ᴅ. ᴄ. ᴊ.

891
19-6-914

ക. നി. മൂ. സ. ബ. ബഞ്ചാർത്തുപ്പൂൻ
അവർകൾക്കു.

"മാർ തോമ്മാ ക്രിസ്ത്യാനികൾ" എന്ന പേരായി ഒരു പുസ്തകം താങ്കൾ എഴുതിയുണ്ടാക്കി, എ. പെ. പെ. ബ. ന. മെത്രാനച്ചനവർകളുടെ അനുമതിയോടുകൂടി അച്ചടിപ്പിപ്പാൻ തുടങ്ങിയിരിക്കുന്നു എന്നുകാണുന്നു. (ഏഴാം അദ്ധ്യായം തുടങ്ങിയുള്ള ഭാഗം) ആ പുസ്തകത്തിന്റെ അവസാനഘട്ടമാണു്. ഇതു നാം സൂക്ഷ്മമായി പരിശോധന കഴിപ്പിച്ചു. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരോധമായി ഇതിൽ യാതൊന്നുമില്ല. ഇതിൽ പാശ്ചാത്യ ചരിത്രകാരന്മാർക്കു രുചിക്കാത്തവയും അവരെ വിസ്മയിപ്പിക്കുന്നവയുമായി പലഭാഗങ്ങളും കണ്ടേക്കാമെങ്കിലും ഒരുത്തമ കൃത്യോല്പിക്കൻ താങ്കളുടെ ഈ പരിശ്രമത്തെ അഭിനന്ദിക്കയും ഒരു ജാത്യാഭിമാനി താങ്കളെ അനുമോദിക്കയും ചെയ്യാതിരിക്കയില്ലെന്നു ധൈര്യമായി പറയാൻ കഴിയും.

താങ്കളേയും താങ്കളുടെ ഈ പരിശ്രമഫലത്തേയും ദൈവം അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടെ ഇതിനെ അച്ചടിപ്പിക്കുന്നതിനനുവദിക്കുന്നു.

എന്നു് ചങ്ങനാശേരി അരമനയിൽ നിന്നു
ചങ്ങനാശേരി മിസ്സ. അദ്. മൊൻസിഞ്ഞോർ.

കുറിയാക്കോസ് കണ്ടങ്കുരി

ഫസ്റ്റ് ജൂൺ ഫസ്റ്റ്-ാം നു-
ന. ക. നി. ഹൃദയേരിരുനാളിൽ.

ഉപോൽഘാതം.

കെ നി. മൂ. സ. ബ. ബഞ്ച്മാർദച്ചൻ അവർകളുടെ ഈ ചരിത്രഗ്രന്ഥം മലങ്കരയിലെ സുറിയാനിക്കാരായ എവരുടേയും കൃതജ്ഞതയെ അർഹിയ്ക്കുന്നതാണു. ഒരു സമുദായത്തിന്റെ ഭാവി വ്യാപാരങ്ങളെ നയിക്കുന്നതിനു ആ സമുദായത്തിന്റെ ഭൂതവ്യാപാരങ്ങളേക്കുറിച്ചുള്ള വിജ്ഞാനം നേതാക്കന്മാർക്കത്യാവശ്യമാണു. ശരിയായ ചരിത്ര വിജ്ഞാനമില്ലാതിരുന്നാൽ സാമുദായികങ്ങളായ നമ്മുടെ നടപടികളിൽ നമുക്കു പിന്നെയും പിന്നെയും തെറ്റുകൾ വരുവാൻ ഇടയുണ്ടു്. ഇങ്ങനെയിരിയ്ക്കേ, സൂക്ഷ്മമായ ചരിത്രവിജ്ഞാനത്തെ പ്രദാനം ചെയ്യുന്നതിനുവേണ്ടി ഒരുവൻ ചെയ്യുന്ന പ്രയത്നത്തെ ഉന്നതമായ സാമുദായിക പരിത്രമമെന്നു് നാം ഗണിക്കേണ്ടതാകുന്നു.

മലങ്കരയിലെ സുറിയാനിക്കാരുടെ ചരിത്രത്തെ പ്രതിപാദിയ്ക്കുന്നതിനു ബ. ബഞ്ച്മാർദച്ചനേപ്പോലെ യോഗ്യനായ മറെറാരു ഗ്രന്ഥകർത്താവും ഇപ്പോൾ ജീവിക്കുന്നില്ലെന്നു് നിസ്സംശയം പറയാവുന്നതാണു്. ഈ ചരിത്ര ഗ്രന്ഥം അദ്ദേഹത്തിന്റെ പുരുഷായുഷത്തിന്റെ പരിപക്വമായ ഫലമാകുന്നു. ചെറുപ്പം മുതൽക്കു തന്നെ അദ്ദേഹം മലങ്കരയിലെ സുറിയാനി സമുദായത്തിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളുടേയും യാഥാർത്ഥ്യത്തെ സൂക്ഷ്മമാക്കുന്ന രേഖകളെ ശേഖരിച്ചുവന്നിരുന്നു. പല ഭാഷകളിൽ അദ്ദേഹത്തിനുള്ള വിജ്ഞാനം ഈ പരിശ്രമത്തെ ഫലവത്താക്കുകയും ചെയ്തു.

സുറിയാനി സമുദായത്തെ മലങ്കരയിലെ മറു സമുദായങ്ങളിൽ നിന്നു സവിശേഷം വ്യക്തമാക്കിത്തീർക്കുന്നതു അവരുടെ മതമാണല്ലൊ. അതുകൊണ്ടു സുറിയാനി ചരിത്രങ്ങളും അവരുടെ മതത്തേയും മതങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങളേയുമാണു് സാധാരണമായി പ്രതിപാദിക്കുന്നതു. എ

സാൽ ബ. ബെർസ്റ്റാർദ്ദച്ചൻ സുറിയാനിക്രൈസ്തവ സമുദായ കുടിവിദ്യാഭ്യാസത്തെയും ഇതര സമുദായോപകാരപ്രദമായ നിലയേയും ഈ ഗ്രന്ഥത്തിനു ഗോചരമാക്കിയിരിക്കുന്നു. ഒരു നാടിന്റെ ഇതിഹാസത്തിന്റെ വ്യാപ്തിയേയും ഉപയോഗത്തേയും വളരെ വർദ്ധിപ്പിച്ചു ചിത്രീകരിക്കുന്നു.

സുറിയാനി ചരിത്രത്തിൽ വാദങ്ങളിൽ വിഷയങ്ങളായ രണ്ടു പ്രധാന സംഗതികൾ ഉണ്ടു്. മലങ്കരസഭയുടെ സ്വാപകൻ മാർ തോമ്മാ ശ്ലീഹായാണെന്നു് സുറിയാനിക്കാർ പരമ്പരയാ ധരിച്ചു വന്നിരുന്നു. എന്നാൽ നെസ്തോറിയാ തെക്കേ ഇൻഡ്യയിൽ വന്നിട്ടേ ഇല്ലെന്നു് ഇക്കാലത്തെ നവീന ചരിത്രകാരന്മാർ വാദം തുടങ്ങിയിരിക്കുന്നു. ഈ വാദത്തെ ഗ്രന്ഥകർത്താവു സപ്രമാണം ഖണ്ഡിക്കുന്നുണ്ടു്. പോർത്തുഗീസുകാരിവിടെ വന്നപ്പോൾ മലങ്കര സഭ നെസ്തോറിയൻ സഭയായിരുന്നുവെന്നു് പോർത്തുഗീസുകാരും മറ്റു യൂറോപ്യന്മാരും വാദിക്കുന്നു. ഈ വാദം കൊണ്ടു തങ്ങളുടെ നിലയ്ക്കനൊരു പ്രാചീനത്വമുണ്ടാക്കുമെന്ന കണ്ടു് ഇയ്യിടെ ചിലയാളുകൾ പ്രസിദ്ധന്മാരായിരിക്കുന്ന പ്രോട്ടെസ്റ്റന്റുകാരും, നവീകരണക്കാരെന്നു പറയപ്പെടുന്ന മെത്രാൻ കക്ഷിക്കാരും ഈ വാദത്തെ അവലംബിക്കുന്നു. പ്രാചീനത്വത്തെക്കുറിച്ചുള്ള ഈ വാദത്തിൽ പുറകോട്ടു മാടുന്നതു് ഭംഗിയല്ലാത്ത കാര്യം. ചരിത്ര പ്രസ്താവങ്ങളായ കാര്യത്തിൽ ഇടിടെയുണ്ടാകയാക്കോബായ സഭയിലെ ചില ഭാഗങ്ങൾ മലങ്കരയിലെ പൂർവ്വസഭ യാക്കോബായ സഭയായിരുന്നുവെന്നും വാദിക്കുന്നു. "പഴയക്രമക്കാർ" "പുത്തൻ ക്രമക്കാർ" എന്നിങ്ങനെ പണ്ടുമുതലേക്കു മലങ്കരയിൽ അംഗീകൃതങ്ങളായിരുന്ന സംജ്ഞകൾക്കു ഈ ശബ്ദത്തിൽ നിന്നുണ്ടാകാത്ത അർത്ഥം കൊടുക്കയും അതുകൊണ്ടു് അവയ്ക്കു് സമാധാനമായിട്ടു് യാക്കോബായ സുറിയാനിക്കാരുടേയും പൂർവ്വകാല അവസ്ഥാനം വിശ്വസിക്കുന്നതായും ക്രിസ്ത്യാനി സമുദായത്തിൽ സാധാരണമായി ഉണ്ടാകാനിടുള്ള വ്യാമോഹ

യ സംഭവങ്ങളെ ചരിത്ര തത്വങ്ങളായിട്ടംഗീകരിയ്ക്കയോ ചെയ്യുന്ന മലങ്കര സുറിയാനി സഭയുടെ പഴയമതം പഴയ ക്രാറുകാരുടെ മതമായ കത്തോലിക്കാ മതമാണെന്നാണ് നാം പണ്ടുമുതല്ക്കേ വിപ്രതിപത്തികൂടാതെ ധരിച്ചുപോന്നിരുന്നതു് കത്തോലിക്കർ റോമ്മായിലെ മാപ്പാപ്പായുടെകീഴുള്ള വരാണല്ലൊ. യൂറോപ്യന്മാർ ഇൻഡ്യായിൽ വരുന്നതിനു മുമ്പു മലങ്കരസഭയ്ക്കു റോമ്മാ എവിടെയാണെന്നു തന്നെ നിശ്ചയമില്ലായിരുന്നു. ഇങ്ങനേയിരിക്കെ. അക്കാലങ്ങളിൽ മലങ്കരസഭ റോമൻ കത്തോലിക്കസഭയായിരുന്നുവെന്നുള്ളതു് അസംഭവ്യമല്ലെ? ചരിത്രജ്ഞന്മാർ ഈ ചോദ്യത്തിൽ യാതൊരു വൈഷമ്യവും കാണുന്നില്ല. കത്തോലിക്കതത്വത്തിന്റെ ലക്ഷണങ്ങളും കത്തോലിക്കസഭയുടേ അക്കാലങ്ങളിലെ ഘടനയും മാപ്പാപ്പായിൽ നിന്നു പുറപ്പെട്ടിരുന്ന അധികാരശൃംഖലയുടെ വ്യാപ്തിയും ഗ്രഹിച്ചിട്ടുള്ളവർക്കെല്ലാം ഒരുചോദ്യത്തിനു സമാധാനംഅറിയാവുന്നതാണ്.

ഈ സംഗതികളെ ഞാനിങ്ങനെ മുമ്പേറായി പ്രതിപാദിക്കേണമെന്നില്ലല്ലൊ. വിദ്വാനായ ഗ്രന്ഥകർത്താവു സുറിയാനിചരിത്രത്തോടു സംബന്ധമുള്ള സകല വിഷയങ്ങളെയും സവ്വംകഷമായി പ്രതിപാദിക്കുന്നുണ്ടു്. ചരിത്രപ്രിയന്മാരും മലങ്കരയിലെ സുറിയാനിസഭയും ഈ പ്രയത്നത്തിനു വേണ്ടി ബ: ബഞ്ചാർദച്ചനോടു വളരെ കടപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം
ഫൻഫ്രി ജൂൺ ൨൯-ാം ൯൰.

ഐ. സി. ചാക്കോ.

മാർ തോമ്മാ ക്രിസ്ത്യാനികൾ.

അവതാരിക.
Introduction.

കേരളത്തിലെ പുരാതന ക്രിസ്തീയസഭ അല്ലെങ്കിൽ മലയാള സുറിയാനിസഭ ഇൻഡ്യാ മഹാരാജ്യത്തെ അൽപ്പത

ങ്ങളിൽ ഒന്നായി (One of the wonders of India) ഗണിക്കപ്പെടാവുന്നതാകുന്നു. അപ്പസ്തോലന്മാരിൽ ഒരാളായ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രസ്തുത സഭയുടെ പൌരാണികത്വം കൊണ്ടും കേരളരാജ്യവും ചൈനാ, പെർഷ്യാ, ഈജിപ്ത്, യൂറോപ്പ് മുതലായ മറ്റുമഹാരാജ്യങ്ങളുമായിട്ടുണ്ടായിരുന്ന കച്ചവട പ്രചാരംകൊണ്ടും അതിനു ആദിമകാലം മുതല്ക്കുതന്നെ ഒരുപ്രശിസ്തി സിദ്ധിച്ചിട്ടുള്ളതായി കാണുന്നു. കേരളരാജ്യത്തേക്ക വിദേശിയരെ പുരാതന കാലം മുതല്ക്കുതന്നെ ആകർഷിച്ചിട്ടുള്ള രണ്ടുവലിയ ശക്തികളാണ് അവിടത്തെ പുരാതന ക്രിസ്തീയസഭയും "കേരളത്തിന്റെധനം" എന്നപ്രസിദ്ധിപെട്ട കുരുമുളകുമാണെന്നു ഒരുപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളതിൽ വളരെവാസ്തവമുണ്ടെന്നു ചരിത്രംനമ്മെ പഠിപ്പിക്കുന്ന ഒരുസംഗതിയാകുന്നു.

2. ഇൻഡ്യയിലെ മാർ തോമ്മാ ക്രിസ്ത്യാനികളുടെ പുരാതനസഭക്കു ഇതരമതക്കാരായ അയൽക്കാരിൽനിന്നും പല ഘട്ടങ്ങളിലും വളരെ ഉപദ്രവങ്ങളും നേരിട്ടിട്ടുള്ളതായി കാണുന്നുണ്ട്. ആസഭക്കു വിദേശിയരായ ക്രിസ്തീയസഹോദരന്മാരുമായി ഉണ്ടായിട്ടുള്ള സമ്പർക്കം നിമിത്തം അനേകഗുണങ്ങളും വളരെ ദോഷങ്ങളും ഉളവായിട്ടുണ്ടെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മാർതോമാക്രിസ്ത്യാനികളുടെ പൂർവ്വചരിത്രം അറിയുന്നതിനു ആഗ്രഹിക്കുന്ന ഒരാൾക്കു വിദേശിയസഞ്ചാരികളുടെ യാത്രാവിവരണങ്ങളും നാളാഗമങ്ങളും ലേഖനങ്ങളും ചരിത്രഗ്രന്ഥങ്ങളും അത്യാവശ്യങ്ങളായിരിക്കുന്നു. ഇങ്ങിനേയുള്ള സഞ്ചാരികളും ചരിത്രകാരന്മാരും മിക്കവാറും യൂറോപ്യന്മാർ തന്നെ ആയിരുന്നു. അവർ മാർ തോമ്മാ ക്രിസ്ത്യാനികളുടെമാതൃകാഷകളോ അവരുടെ ആരാധനക്രമങ്ങളോ അടങ്ങിയ കൽദായാസുറിയാനി ഭാഷയൊ അഭ്യസിച്ചവരായിരുന്നില്ല. പൌരസ്ത്യസഭാനടപടികളുടേയും ആചാരങ്ങളുടേയും യാതൊരു വക ജ്ഞാനവും ഇല്ലാത്തവരായ ടി. ചരിത്രകാരന്മാർ അവ

രുടെ ഗ്രന്ഥങ്ങളിൽ മാർ തോമാ ക്രിസ്ത്യാനികളുടെ വിശ്വാ
സം സംബന്ധിച്ചും സഭാനടപടികൾ സംബന്ധിച്ചും എഴു
തി പിടിപ്പിച്ചിട്ടുള്ള സംഭാഷണങ്ങൾ ഒരു കയ്യും കണക്കാ
ക്കുന്നതായിരിക്കുന്നു

3. മാർ തോമാ ക്രിസ്ത്യാനികളുടെ സഭാചരിത്ര
ത്തിലെ ഒരു പ്രധാന വ്യക്തിയായ ഉദയംപേരൂർ സൂനഹദോ
സിലെ നടപടികളെ ശ്രദ്ധയോടെ പഠിക്കുന്ന പോർട്ടുഗീസ് പാതി
രി ശ്രദ്ധപ്പെടുത്തിയിട്ടുള്ള ഒരു കാര്യം എന്നു പറയുകയാ
ണെങ്കിൽ ഇതിലേക്കായി ഉപയോഗിക്കുന്ന ഭാഷയാണ്. ജേർണാഡാ എന്നു
ള്ള ഗ്രന്ഥത്തിൽ തോമാ ക്രിസ്ത്യാനികളെപ്പറ്റി അവരുടെ അടുത്ത
ചെന്നപ്പോൾ അവരുടെ ആരാധനക്രമങ്ങളും തക്സാ മുതലായ
പൊതിക ഗ്രന്ഥങ്ങളും കണ്ടു എന്നും അവയിൽ നിന്നും തക്സാ പോർട്ടുഗീസ്
മതാദ്ധ്യക്ഷനായ മെനേസിസ് അതുപേക്ഷിപ്പിച്ചു കളഞ്ഞു എന്നും
പറയുന്നുണ്ടല്ലോ. ഈ തക്സാ തന്നെയാണ് ഉദയംപേരൂർ സൂനഹദോ
സിലെ നടപടികൾക്കു ആധാരമായി സ്വീകരിച്ചിരിക്കുന്നത്. ഈ
സഭയുടെ ആരാധനക്രമത്തിൽ ശരിപ്പെടുത്തേണ്ടതായി കാണുന്ന
എന്നാ മറ്റുശേഷിച്ചു കാണുന്നു. എന്നാൽ ചരിത്രജ്ഞ
നായ ഡി ഗോവേയാ തന്റെ ചരിത്രത്തിൽ ഈ സഭാനടപടിക
ളെയും ആരാധനക്രമങ്ങളെയും പറ്റി ഉണ്ടാക്കിയിരിക്കുന്ന വിശദീകരണ
(Experts) ങ്ങളിൽ നിന്നും ഈ നടപടികളെ പരിശോധിച്ചിട്ടുള്ളതിൽ മെനേസിസ്
തക്സാ പുച്ഛിച്ചു തള്ളിയതായി അദ്ദേഹം മുതലായ
വർക്കു തോന്നിയതായി കാണുന്നില്ല. ഈ തക്സാ സംബന്ധിച്ച വ്യത്യാ
സങ്ങൾ ഒന്നിനും അനുകൂലമായി കാണുന്നതാകുന്നു. എന്തായാലും
ഈ നടപടികളിൽ നിന്നും തക്സായിൽനിന്നും സുറി
യാനീകരിച്ചിട്ടുള്ളതു മാത്രമല്ല പഴയ തുലാസിനെ സംബന്ധിച്ചു
ള്ളതിനും പകരം മലയാള സഭയിലെ ഉപയോഗത്തിനായി

അവലംബിച്ചിട്ടുള്ള സുറിയാനി രേഖകളുടെ മൂലഭാഷയായ സുറിയാനിയിൽ ഉദ്ധരണികൾ ചേർത്തിട്ടുള്ളതിനാൽ ഈ ഗ്രന്ഥം കൂടുതൽ ഉപകാരപ്രദമാകുന്നതാണ്. നെസ്തോറിയൻ ഇടയ്ക്കിടെ സംഭവിച്ച സ്ഥാനഭ്രംശം നടപടിക്രമം എഴുതിച്ചേർക്കുകയോ കൂടാതെ വ്യക്തിപരമായ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം നിർത്തിവയ്ക്കുകയോ ചെയ്യാനിടയായതിനാൽ. ഗോവേയയെ തുടർന്ന് മാർ തോമാ ക്രിസ്ത്യാനികളുടെ ചരിത്രം സംബന്ധിച്ച് എഴുതിയിട്ടുള്ള യൂറോപ്യൻഗ്രന്ഥകാരന്മാരായ ജെഡെസ് (Geddes) ഡിസൂസാ (Dezouza) ലക്രോസ് (Laroze) റാലിൻ (Ranlin) ഹൂ (Hough) വൈറ്റ്ഹൌസ് (Whitehouse) റേയ് (Rae) മുതലായവരും യൂറോപ്യൻ ചരിത്രഗ്രന്ഥങ്ങളേയും മാത്രം അടിസ്ഥാനപ്പെടുത്തി അവരുടെ ചരിത്രം എഴുതുന്നതിനു മുമ്പിട്ടിട്ടുള്ള എല്ലാവരും ഗോവേയായുടെ അബദ്ധങ്ങളിൽ ചാടിവീഴുന്നതായി കാണുന്നതിൽ ആശ്ചര്യപ്പെടുവാനില്ല.

4. മാർതോമാ ക്രിസ്ത്യാനികളുടെ ഒടുവിലത്തെ കൽദായാ മെത്രാപ്പോലീത്താ ആയിരുന്ന മാർ അബ്രഹത്തിന്റെ കാലശേഷം ഉടയപിതാവ് സ്ഥാനഭ്രംശനത്തിനെ അടിസ്ഥാനപ്പെടുത്തി നിലകൊണ്ടിരുന്ന കൊടുങ്ങല്ലൂർ പോർട്ടുഗീസ് മെത്രാപ്പോലീത്താ മരും പുത്തൻക്രൂശ് മതശേഷം മലങ്കര സഭാഭരണത്തിനു അയക്കപ്പെട്ടിട്ടുള്ള ഇതര മെത്രാപ്പോലീത്തന്മാർ വികാരി ജനറാൾമാരെ മെത്രാന്മാരും തങ്ങളുടെ തണലിൽ പരവാരുക്കു ഒരു അടിസ്ഥാനമായിരുന്ന നെസ്തോറിയൻ പാട്രിയർക്കീസിന്റെ വാസസ്ഥലത്തെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തുകയാകട്ടെ അതിന്റെ അവാസ്തവത്തെ തെളിയിക്കുന്നതിനു മുതിരുകയാകട്ടെ ചെയ്തിട്ടില്ലെങ്കിൽ അതു മഹാന്മാരിൽ പോലും സാധാരണ കണ്ടുവരുന്ന ഒരു ലോകഗ

രി എന്നുമാത്രം പറഞ്ഞാൽ മതിയാവുന്നതാകുന്നു.

5. ക്രിസ്ത്യാബ്ദം ഏഴാം നൂറ്റാണ്ടു നമ്മുടെ സഭാചരിത്രത്തിന്റെ ഒരു പ്രധാനഘട്ടമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. മാർതോമ്മാ ശ്ലീഹായുടെ പിൻഗാമികളായി കേരളത്തിലും മറ്റും സ്വദേശീയ മെത്രാന്മാർ ഉണ്ടായിരുന്നതായി വിചാരിക്കുന്നതിനു പല ന്യായങ്ങളും ഉണ്ടെങ്കിലും ക്രിസ്ത്യാബ്ദം നാലാം—ൽ നടന്ന നിഖ്യാ സൂനഹദോസിൽ സംബന്ധിച്ചിട്ടുള്ള ഇൻഡ്യയുടെ മെത്രാനായ മാർയോഹന്നാൻ പെർഷ്യാരാജ്യക്കാരനായിരിക്കണമെന്നു വിചാരിക്കുന്നതിനെ തരമൊള്ളൂ. നിസ്സീനഹദോസിന്റെ ശേഷം സഭാഭരണസംബന്ധമായി ചെയ്ത നിശ്ചയങ്ങളുടെ ഫലമായിട്ടോ ക്രമേണയായി തോമ്മാ മുതലായ വിദേശികളുമായി മാർതോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായ ബന്ധം നിമിത്തമോ (അന്തിയോക്കിയാ പാത്രിയർക്കീസിന്റെ കീഴിൽ (‡) സെലൂഷ്യായിൽ സ്ഥാപിക്കപ്പെട്ടിരുന്ന കാസോലിക്കോസിനാൽ അയക്കപ്പെട്ടിരുന്ന കൽദായാ സുറിയാനി മെത്രാന്മാർ സ്വദേശിയരായ അർച്ചദ് യാക്കോന്മാരുടെ (Areh-deacons) സഹകരണത്തോടുകൂടി മലങ്കരസഭാഭരണം നടത്തി വന്നിരുന്നതായി കാണുന്നു. ഏഴാൻ-ൽ നടത്തിയ ഉദിയംപേരൂർ സൂനഹദോസിന്റെ ഫലമായി മേൽ പ്രസ്താവിച്ച ഭരണരീതിയെ ഭേദപ്പെടുത്തി വിദേശസുറിയാനിക്കാരായ ബാബേൽ മെത്രാന്മാരുടെഭരണത്തിൽനിന്നും മാർ തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻ രീത്തിൽ പെട്ട യൂറോപ്യൻ മെത്രാന്മാരുടെ ഭരണത്തിനായി റോമാ സിംഹാസനത്തിൽ നിന്നും ഏല്പിച്ചുകൊടുത്തു. അസാധാരണമായ പ്രസ്തുത ഭരണരീതിയെപ്പറ്റി മാർ തോമ്മാ ക്രിസ്ത്യാനികൾ പരിശുദ്ധ സിംഹാസനത്തിങ്കൽ തുടരെ തുടരെ ബോധിപ്പിച്ചുകൊണ്ടിരുന്ന സങ്കടങ്ങളുടേയും അപേക്ഷകളുടേയും ന്യായങ്ങളെ വിശ്വവിശ്രുതനായ ഫ്രാ-ാം

(‡) [illegible]

വെയോൻ മാർപാപ്പാ തിരുമനസ്സിലേക്ക ബോദ്ധ്യപ്പെട്ടുകയാൽമലങ്കര സുറിയാനി സഭാ ഭരണം ലത്തീൻമെത്രാന്മാരിൽനിന്ന എടുത്തു സ്വദേശ സുറിയാനിമെത്രാന്മാക്ക തന്നെ കൊടുക്കുന്നതിന ഫ്രവൻന്ത ജൂലായി മാസം-ാം രൂലെ (Quae Rei Sacrae (ക്വേരെയി സാക്രേ) എന്നതിരുവെഴുത്തിൽ തിരുമാനം ചെയ്തു. മാർ തോമ്മാ ക്രിസ്ത്യാനി സമുദായത്തിന ഇന വിധത്തിൽ ലഭ്യമായ സ്വയഭരണം നിമിത്തം ഒരു പുതിയ ജീവനും ഉല്ലൂർഷവും ഉണ്ടായിട്ടുണ്ട. തങ്ങളുടെ പൂർവിക സഭയേപ്പററി പറഞ്ഞിരുന്ന നെസ്തോറിയൻ അപവാദത്തിന്റെ അവാസ്തവത്തെ ലോകസമക്ഷം വെളിപ്പെട്ടുത്തുന്നതിന അവർ ഈ അവസരത്തെ ഉപയൊഗിക്കാതിരുന്നുമില്ല.

6. ഫൻ00-ാമാണ്ടിടക്ക തിരുവിതാംക്രൂർഗവമ്മേണ്ടിൽനിന്നുംതിരുവിതാംക്രൂർ രാജ്യവിവരണം (State Manual) എന്ന ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിന ഏർപ്പാടുകഠം ചെയ്യുകയും അതിൽ ക്രിസ്തു മതക്കാരെ സംബന്ധിച്ചുള്ള ഭാഗം എഴുതുന്നതിനായി തിരുവിതാംക്രൂർ കൊച്ചി റെസിഡെണ്ടായിരുന്ന മെക്കൻസി സായ്പവർകഠം ഭരമേല്പിക്കുകയുംചെയ്തു. അദ്ദേഹമാകട്ടെ സുലഭമായി കിട്ടിയ യൂറോപ്യ ചരിത്രകാരന്മാരുടെകൃതികളേമാത്രം അടിസ്ഥാനപ്പെടുത്തി ഒരുപാംഫ്ലെററ എഴുതി ഓരോ മതാദ്ധ്യക്ഷന്മാക്കും അഭിപ്രായത്തിനയച്ചുകൊടുക്കുകയും മാർ തോമ്മാ ക്രിസ്ത്യാനികളുടെ മതാദ്ധ്യക്ഷന്മാർ ശരിയായ ഒരു ചരിത്രം എഴുതി മിസ്റ്റർ മെക്കൻസിക്ക അയച്ചുകൊടുക്കുന്നതിന ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനേയും പരേതനായ വ. ദി ശ്രീ. നീധീരിക്കൽ മാണിക്കത്തനാരവർകളേയും [†] നിയോഗിക്കുകയും ചെയ്തു. അവർ തങ്ങൾക്ക അനുവദിക്കപ്പെട്ട ചുരുങ്ങിയ കാലം കൊണ്ടു വിശ്രുത ശവരിയാർ മുതലായ സിദ്ധന്മാരുടെ അനേക എഴുത്തുകളേയും വഞ്ചിക്കാൻ അരമനയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള അനേക രേ

(†) ചങ്ങനാശേരി മി. ഈത്ത വികാരി ജനരാൾ.

ചകളേയും അടിസ്ഥാനപ്പെടുത്തി ഒരു പ്രബന്ധം എഴുതി മ
സ്റ്റർ മെക്കെൻസിക്കു അയച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം
ടി. പ്രബന്ധത്തെ പരിശോധിച്ചതിൽ മാർ തോമ്മാക്രിസ്ത്യാ
നികളുടെ പൂർവ്വചരിത്രം സംബന്ധിച്ചു അദ്ദേഹത്തിനു മു
മ്പിൽ ഉണ്ടായിരുന്ന തെറ്റിദ്ധാരണ നീങ്ങുന്നതിനു ഇടയാക്കി
ട്ടുണ്ടെന്നു അദ്ദേഹം അവസാനമായി പരിശോധിച്ചു എഴുതി സ്ക്ക
റുമെന്നവലിൽ ചേർത്തിട്ടുള്ള പുസ്തകത്തിൽ നിന്നു കാണുവാ
ന്നതാണു്. മാർ തോമ്മാ ക്രിസ്ത്യാനികളും പാശ്ചാത്യകാലം മുത
ല്ക്കേ കത്തോലിക്കാ സഭയിൽ തുടർച്ചയായി നിന്നു പോന്നവ
രാണെന്നുള്ള ടി. വൈദികന്മാരുടെ വാദത്തിനു അടിസ്ഥാനവും
ന്യായവും ഉണ്ടെന്നു അദ്ദേഹം അതിൽ സമർത്ഥിച്ചു പറയുന്നു
ണ്ടെങ്കിലും ഇതൊരു നവീന വാദമാണെന്നും അധിക ചരിത്രകാ
രന്മാരും ഈ വാദത്തിനനുകൂലികളല്ലെന്നും ഉള്ളതു് ഒരു സൂന
തകൂടി എടുത്തു പറഞ്ഞിട്ടുണ്ടു്. മാർ തോമ്മാ ക്രിസ്ത്യാനികൾ
നെസ്റ്റോറിയൻ മതാവലംബികളായിരുന്നു എന്നുള്ള സം
ഗതിയെപ്പറ്റി അടുത്ത കാലത്തു പത്രമുഖേനയും ലഘുലേ
ഖകൾ വഴിയായിട്ടും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയും മാർ
തോമ്മാ ക്രിസ്ത്യാനികൾ വളരെ വാദങ്ങൾ നടത്തീട്ടും അ
ധിക കാലമായിട്ടില്ല. ഒരു ചരിത്രത്തിൽ ടി. വാദപ്രതിവാദ
ങ്ങളെ എല്ലാം ക്രോഡീകരിച്ചും, കൂട്ടത്തിൽ സ്വന്തയുക്തികളും വക്രോ
ക്തികളും എടുത്തു കാണിച്ചും മാർ തോമ്മാ ക്രിസ്ത്യാനികൾ ഉ
ദിയമ്പേരൂർ സൂനഹദോസിനു മുമ്പേ തന്നെ സത്യവിശ്വാ
സികളായിരുന്നു എന്നുള്ള പരമ സത്യത്തെ സ്ഥാപിച്ചു എഴു
തീട്ടുള്ള വശങ്ങൾ ഈ പുസ്തകത്തിന്റെ ഏറ്റവും പ്രധാന
പ്പെട്ട ഭാഗമാണെന്നു നിസ്സംശയം പറയാവുന്നതാണു്.

7. മാർ തോമ്മാ ശ്ലീഹാ തൊട്ടു ഇന്നുവരെയുള്ള ക്രി
സ്തുമതം പ്രസംഗിച്ചിട്ടില്ലെന്നു വാദിക്കുന്നവരെയും മുതി
ലായ ഗ്രന്ഥകാരന്മാർ അതിപ്രാചീന അടിസ്ഥാനമായി എടുത്തു
കാണിക്കുന്നതു, ആഫ്ഗാനിസ്ഥാൻ പഞ്ചാബ് മുതലായ രാജ്യ
ങ്ങളിൽ നിന്നു കഴിഞ്ഞ ശതവർഷ മദ്ധ്യത്തിൽ കണ്ടുകിട്ടിട്ടു

ള്ള ഗൊണ്ടഫൊറസ് രാജാവിന്റെ നാണയങ്ങളെ കുറിച്ചും, മാർതോമ്മാശ്ലീഹായുടെ നടപടികൾ Acts of Thomas the Apostle എന്ന പുരാതന ഗ്രന്ഥത്തിൽ ശ്ലീഹാ ഇൻഡ്യയിലുള്ള ഗൊണ്ടഫൊറസിന്റെ രാജ്യത്തെപ്പറ്റി പ്രസംഗിച്ചു എന്നു കാണുന്നതുകൊണ്ടു എതിർ വാദികൾ അനുമാനിക്കുന്നതു മാർ തോമ്മാ ശ്ലീഹാ പ്രസംഗിച്ചിട്ടുള്ളതു പാർത്യാ രാജ്യത്തിലും വടക്കെ ഇൻഡ്യയിലുമായിരിക്കുന്നതെന്നും തെക്കെ ഇൻഡ്യയിൽ അങ്ങിനെയാണ്. ശ്ലീഹാ പാർത്യാ മുതലായ രാജ്യങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിച്ചു എന്നുള്ളതിനു വാദമില്ലെങ്കിലും, അപ്പസ്തോലന്റെ നടപടികൾ എന്ന ഗ്രന്ഥത്തിൽ പറയുന്ന വിവരണങ്ങളും മുദ്രയായവ എല്ലാം തെക്കെ ഇൻഡ്യയെ മാത്രം ഉദ്ദേശിക്കുന്നവയാകയാൽ ടി. ഗ്രന്ഥത്തിൽ പറയപ്പെടുന്ന ഗൊണ്ടഫൊറസ് ചോഴപ്പെരുമാൾ തന്നെയാണു, അനേക ന്യായങ്ങളെക്കൊണ്ടു സ്ഥാപിച്ചുവെയ് സായ്പിന്റെയും മറ്റും വാദങ്ങളെ ഒരു പുസ്തകത്തിൽ ഖണ്ഡിച്ചിട്ടുണ്ട്.

8. മാർ തോമ്മാശ്ലീഹാ മരിച്ച സ്ഥലമായി പൂർവ്വചരിത്രങ്ങളിൽ പറയപ്പെട്ട കാണുന്ന കലമീനാ ഏതൊരു സ്ഥലം ഇൻഡ്യയിൽ ഇല്ലാത്തതിനാൽ, അപ്പസ്തോലൻ മയിലാപ്പൂരിൽവച്ചു മരിച്ചു അവിടെ അടക്കപ്പെട്ടു എന്നുള്ള ഐതിഹ്യം അടിസ്ഥാനമില്ലാത്തതാണെന്നുള്ള വാദത്തെയും ഗ്രന്ഥകർത്താവു ഖണ്ഡിച്ചുകൊണ്ടു, പൂർവ്വചരിത്രങ്ങളിൽ പ്രസ്താവിച്ച കാണുന്ന 'കലമീനായും' ആറാം ശതവർഷത്തിൽ ഇൻഡ്യയെ സന്ദർശിച്ചിട്ടുള്ള കൊസ്മോസിന്റെ യാത്രാവിവരണത്തിൽ പ്രസ്താവിച്ച കാണുന്ന 'കമിയാണ്' എന്ന പട്ടണവും മയിലാപ്പൂരായിരിക്കുമെന്നു പല ന്യായങ്ങളാൽ സ്ഥാപിച്ചിട്ടുണ്ടു. കൊസ്മോസ് പറയുന്ന കല്ല്യാണ എന്നസ്ഥലം ഇന്നടത്താണെന്നു നിർണ്ണയിക്കുന്ന വിഷയത്തിൽ ചരിത്രകാ

രുന്നവർ എപ്പോഴും ഒരുപോലെ വിശ്വസിച്ചിട്ടുള്ള ഒരു സംഗതിയാണ്. താനു മെയിപ്പാറ്റൂരാണെന്നുള്ള ഗ്രന്ഥകർത്താവിന്റെ വാദം വളരെ യുക്തിയുക്തമായിട്ടുള്ളതാണെന്നു സമ്മതിക്കാതെ തരമില്ല.

9. വിദേശ്ശരാൽ എഴുതപ്പെട്ടിട്ടുള്ള ചരിത്രസാക്ഷ്യങ്ങളെപ്പോലെതന്നെ സ്വദേശത്തുള്ള ശിലാലിഖിതങ്ങൾക്കും പുരാതനപ്പാട്ടുകൾക്കും ഐതിഹ്യങ്ങൾക്കും മുതലായവയ്ക്കും ചരിത്രത്തിൽ പ്രാമാണ്യത കല്പിക്കപ്പെട്ടിട്ടുള്ളതാണ്. വെവ്വേറായിരുന്നു മാർഗ്ഗങ്ങളിൽകൂടി സിദ്ധമാകുന്ന സംഗതികൾ യോജിപ്പായി വരുന്നപക്ഷം അതുപോലെയുള്ള സംഗതികളുടെ വാസ്തവത്തിനു മേൽപറയപ്പെട്ട പ്രാമാണ്യത്തെക്കാൾ അധികമായ പ്രാമാണ്യത്തെ കൊടുക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. നിരണത്തു തോമ്മാറമ്പാൻ എഴുതിയിട്ടിരുന്ന ഗ്രന്ഥവരിയെ അടിസ്ഥാനപ്പെടുത്തി, അദ്ദേഹത്തിന്റെ പിൻഗാമിയായ ഒരു പുരോഹിതൻ ക്രിസ്താബ്ദം പന്ത്രണ്ടിൽ രചിച്ചിട്ടുള്ള ഒരു പുരാതനപാട്ടിന്റെ പുസ്തകങ്ങളിൽനിന്നും വ്യാഖ്യാനങ്ങളിൽനിന്നും മേത്തു കാണുന്നു. അതിലെ പ്രധാന സംഗതികളെ എല്ലാം എടുത്തു വിദേശചരിത്രകാരന്മാരുടെ സാക്ഷ്യങ്ങളോടു താരതമ്യപ്പെടുത്തി മാർ തോമ്മാശ്ലീഹായുടെ കേരളസ്വീകരണത്തിനെ പ്രതികരിച്ചുള്ള സംബന്ധിച്ചു വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ള ഭാഗം പ്രധാനവിഷയം സംബന്ധിച്ചു എഴുതപ്പെട്ടിട്ടുള്ള ഇതര ഗ്രന്ഥങ്ങളെ അപേക്ഷിച്ചു പ്രസ്തുതഗ്രന്ഥത്തിനു ഒരു പ്രത്യേകരമണീയകതയും ആത്മവിശ്വാസവും കൊടുക്കുന്നുണ്ടെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

10. മയിലാപ്പൂരിയിൽ സെന്റ് തോമസ് ഒരുണ്ടിലും കോട്ടയത്തു വലിയപള്ളിയിലും ഉള്ള ശിലാലിഖിതങ്ങളെപ്പറ്റിയും മാർ തോമ്മാ ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള താമ്രശാസനങ്ങളെപ്പറ്റിയും, ചില പൗരാണ്യചരിത്രകാരന്മാ

ർ ചെയ്തിട്ടുള്ള വ്യാഖ്യാനങ്ങൾ അത്ര ശരിയല്ലെന്നു പലർക്കും അഭിപ്രായമുള്ളതായി കാണുന്നുണ്ട്. ടി: ശിലാലേഖനങ്ങളുടെ അത്ഭുതത്തെ പലതും പലവിധത്തിൽ വ്യാഖ്യാനിച്ചിട്ടും ഉണ്ട്. നമ്മുടെ ഗ്രന്ഥകർത്താവു അവയിൽ ഉപയോഗിച്ചിരിക്കുന്ന ലിപികൾ, പേർഷ്യൻ പല്ലവി അല്ലെന്നും ഇൻഡ്യയിലെ പൂർവ്വഭാഷാക്ഷരങ്ങൾ ആണെന്നും സകാരണം സ്ഥാപിച്ചിരിക്കുന്നു. കേരളത്തിലെ അനേക പള്ളികളിലും മറ്റും അനാഥമായിക്കിടക്കുന്ന ശിലാലിഖിതങ്ങളെ ഏല്പിച്ചു പരിശോധിച്ചു ഗ്രന്ഥപടങ്ങൾ എടുത്തു പല പല ആണുകളിലായി എഴുതപ്പെട്ടിട്ടുള്ള പ്രസ്തുത ലിഖിതങ്ങളെയും അതുകളിൽ ഉപയോഗിച്ചിരിക്കുന്ന ലിപികളെയും താരതമ്യപ്പെടുത്തി, ഒടുക്കം ഗവർമ്മെൻറ് ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെൻറു മുഖാന്തിരം (Archalogical Dep.) ഒരുമാതിരി ശരിയായ പരിശോധനകളും അന്വേഷണങ്ങളും നടത്തുന്നതായാൽ മറയപ്പെട്ടു കിടക്കുന്ന അനേക ചരിത്ര സംഭവങ്ങൾ ഏറ്റവും വിശ്വാസയോഗ്യമായ വിധത്തിൽ വെളിപ്പെടുത്തുവാൻ സാധിക്കുന്നതാണെന്നും, തൻമൂലം മയിവ പ്പുരിയെ ശിലാലിഖിതം സംബന്ധിച്ചും മറ്റും ഉള്ള അഭിപ്രായവ്യത്യാസങ്ങൾ തീരുന്നതിനു എളുപ്പമുണ്ടെന്നും, മറ്റും നാർക്കിയോളജിക്കൽ ഡിപ്പാർട്ട്മെൻറുകാരുടെ ജേർണിയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുടെ നിരൂപണങ്ങളെ മദ്രാസ്മെയിൽ പത്രങ്ങളിൽനിന്നും മറ്റും വായിക്കുവാൻ ഒക്കെയും ഇനിക്കു തോന്നിട്ടുള്ളതുകൊണ്ടും ഇവിടെ പ്രസ്താവിക്കുന്നതോടുകൂടി ഈ അവതാരിക എഴുതുന്ന സമയത്തിൽ ഇനിക്കു കിട്ടിയതായ 1915 നവമ്പർ 27 - നു-ലെ (Examiner) എക്സാമിനർ എന്ന പത്രത്തിൽ ഇൻഡ്യയുടെ മദ്ധ്യപ്രദേശത്തുള്ളതായ മാൾവാ (Malwa) രാജ്യത്തിലെ ഒരു പ്രധാന പട്ടണമായ ഉദയപുരി (Udaipur) യിലുള്ള ഒരു ക്ഷേത്രത്തിൻറെ ഭിത്തിയിൽ കാണപ്പെടുന്ന ശിലാലേഖനത്തിൻറെ ഒരു വിവരണം

പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനെ സംബന്ധിച്ചു സപ്പും ഇവിടെ പ്രസ്താവിക്കുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. ക്രിസ്താബ്ദം പതിനാറാം നൂറ്റാണ്ടിൽ ടി. സഭയുടെ തോമ്മാശ്ലീഹായാൽ ക്രിസ്തമതത്തിൽ ചേർക്കപ്പെട്ടവരുടെ പിൻഗാമികളായ നാബ്രയൻസകാരുടെ ഉപയോഗത്തിനായി സങ്കായ വർദ്ധാ (Lion of the Generous) എന്നതിൽ പരിശുദ്ധ കന്യാസ്ത്രീയുടെ നാമത്തിൽ ഒരു പള്ളി പ്രതിഷ്ഠിക്കപ്പെട്ടു സകറിയാ മെത്രാപ്പോലീത്തായാൽ പരിശുദ്ധമെന്നു സാക്ഷിക്കപ്പെട്ടതിലുള്ള തിരുശേഷിപ്പുകളെ സ്ഥാപിച്ചു കുബ്ബാന എന്ന ദിവ്യപൂജ അനേകപ്രാവശ്യം കഴിക്കുകയും കുറേ കുർബ്ബാന കൈക്കൊള്ളുകയും ചെയ്തെന്നും അനേകായിരം ക്രിസ്ത്യാനികൾ ധർമ്മകർമ്മത്തിൽ സംബന്ധിച്ചു എന്നും മറ്റും പ്രസ്തുത ശിലാലേഖനത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ടി. വിവരണത്താൽനിന്നും അവിടത്തെ ക്രിസ്ത്യാനികൾ സത്യവിശ്വാസികൾ ആയിരുന്നു എന്നും അവരുടെ വിശ്വാസാചാരങ്ങൾ എല്ലാം കത്തോലിക്കാ വിശ്വാസത്തിനും ആചാരത്തിനും അനുസരണമായിരുന്നു എന്നും കൂടികാണുന്നതു പ്രസ്താവനയാസ്പദമായിരിക്കുന്നു.

11. പുരാതനകാലം സുറിയാനിക്കാരായ നമ്മുടെ സഹോദരന്മാർക്കു കത്തോലിക്കാ സഭയോടും ആസഭാദ്ധ്യക്ഷന്മാരോടുമുള്ള ഭക്തിയും വിശ്വാസവും മനസ്സിലാക്കുന്നതിനു ഉദിയബ്രഹ്മാ സ്നഹദോസിനു മുമ്പായി മലങ്കര സഭയിൽ യാക്കോബായ വിശ്വാസത്തിനും യാക്കോബായ പ്രവേശനവും ഉണ്ടായിരുന്നില്ലെന്നുള്ള സംഗതിയെപ്പറ്റി പ്രതിവാദിക്കുന്ന ഫാ— ശബ്ദത്തിനു സംഗതികൾ വളരെ ഉപകാരപ്രദമായിരിക്കുമെന്നു ആശംസിക്കാവുന്നതാകുന്നു. മാത്തിയൊസ് പാത്രിയർക്കീസ് എന്നതുകൊണ്ടു ആയാക്കോബായ പാത്രിയർക്കീസിനെ ഉദ്ദേശിച്ചുണ്ടെന്നും ഒരു

നിയോക്കോ പാത്രിയക്കീസ് എന്ന നാമധാരികളായി വേ
റെ പാത്രിയക്കീസന്മാർ ഇല്ലെന്നും സാധാരണന്മാർക്കു ഒരു
തെറ്റിദ്ധാരണയുണ്ടെന്നു കാണുന്നു. മിസ്റ്റർ നായരയ്യരി
ക്കു കൂടി ഒരു ധാരണയുണ്ടായിരുന്നതായി കാണുന്നു. ഈ
ട്ടിലുള്ള സ്റ്റെറമാനുവൽ എന്ന പുസ്തകത്തിൽ നിന്നും വെളി
പ്പെടുന്നുണ്ട്. അന്ത്യോക്കോ പാത്രിയക്കീസ് എന്ന പേരോ
ടുകൂടി പല പാത്രിയക്കീസന്മാർ ഉണ്ടെന്നും യാക്കോബായ
സഭാദ്ധ്യക്ഷനായ പാത്രിയക്കീസ് അന്ത്യോക്യായിൽ നി
ന്നും വളരെ ദൂരത്തിലുള്ള മർദീനിലാകുന്നു അധിവസിക്കുന്ന
തെന്നും യാക്കോബായ പാത്രിയക്കീസ് ടിഗ്രീസ് നദിക്കരയും
പ്രയോഗിക്കുന്ന സുറിയാനി ക്രമ (Liturgy) വും ഭാഷയും മാ
രോനീത്താ രീതിയിലുള്ള സുറിയാനിയിലാണെന്നും ഉദിയന്നപ്പാ
ത്രിർ സുനഹദോസിനു മുമ്പായി മലയാളത്തു വന്നിരുന്ന മെ
ത്രാന്മാർ എല്ലാവരും കർമ്മായ രീതികാരായിരുന്നു എന്നും
സുനഹദോസിനു ശേഷവും കടത്താവിക്കാ സഭയിൽ നില്ക്കു
ന്ന സുറിയാനിക്കാർ ഉപയോഗിക്കുന്ന ഭാഷയും രീതിയും കർ
മ്മായാണെന്നും മാർ തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം വാ
യിക്കുന്ന എല്ലാവരും പ്രത്യേകം ഓർമ്മിക്കേണ്ട സംഗതിക
ളാകുന്നു.

12. മാർ തോമ്മാശ്ലീഹാക്കു ഇൻഡ്യയിൽപോയി
പ്രസംഗിക്കുന്നതിനുള്ള ദൈവ നിർണ്ണയവും നിശ്ചയം വള
രെ മനഃക്ലേശം ഉണ്ടായിരുന്നു എന്നും രണ്ടുപ്രാവശ്യം
റൂഹാദ്കുദ്ശാ ശ്ലീഹായിക്കു കാണപ്പെട്ടു താൻ
ശ്ലീഹായോടുകൂടി ഏറ്റവും ഉണ്ടായിരിക്കുമെന്നും മറ്റും പ
റഞ്ഞു ധൈര്യപ്പെടുത്തി ഇൻഡ്യാ മഹാരാജ്യത്തേക്കു അയ
ച്ചതായിട്ടും അപ്പൊസ്തലന്റെ പട്ടണി പുസ്തകങ്ങളിൽ കാ
ണുന്നു. ശ്ലീഹാ കേരളത്തിൽ കൊളുത്തിയ ക്രൂവൻഗേലിയോ
ന്റെ വെളിച്ചം നെസ്തോറി മുതലായവരുടെ പാഷണ്ഡത

കൊണ്ടും മറ്റും മങ്ങിപ്പോകാതെ കർത്താവനന്നാടായ ഇൻ
ഡ്യാ രാജ്യത്തിന്റെ ഒരു മൂലയിൽ കാപ്പുസ്ഥലത്തോട് ചെ
യ്തിട്ടുള്ള വാഗ്ദാനത്തിന്റെ ഒരു സ്മാരകമായോ എന്നതും
നമുക്കു ദൈവം തന്റെ അനുഗ്രഹത്താൽ അനേകശതവർഷ
ത്തോളം കാത്തുരക്ഷിച്ച പോന്നിട്ടുള്ള ഒരു ദൈവീകസ്ഥാപ
നമാണെ കേരളത്തിലെ പുരാതന ക്രിസ്തീയസഭയെന്നു ഗ്ര
ന്ഥകർത്താവു ഒരു പുസ്തകത്തിൽ അടങ്ങിയിരിക്കുന്നോ സംഗ
തികളിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ കേരളക്രിസ്തീയലോകം മു
ഴുവനും ഒരു ഗ്രന്ഥകർത്താവിനോട് പ്രത്യേകം കടപ്പെട്ടിട്ടുണ്ട്.

13. പോർട്ടുഗീസുകാർ ഉടൻതന്നെ പലശാഖകളിലു
ള്ള യൂറോപ്യൻ മിഷ്യനരിമാരും ഇട്ടപ്പായിട്ടർ, കപ്പൻപാതി
രി മുതലായി ചുരുക്കം ചിലനാട്ടുകാരും മാർതോമ്മാക്രിസ്ത്യാ
നികളുടെ ചരിത്രങ്ങൾ എഴുതിട്ടുണ്ടെങ്കിലും അവയെല്ലാം ശ
രിയായ അനേഷണങ്ങൾ കൂടാതെയും ഓരോ ഉദ്ദേശ
സാദ്ധ്യങ്ങൾക്കുവേണ്ടിയും എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ എ
ന്നാല്ലാതെ നിഷ്പക്ഷമായി എഴുതിട്ടുള്ള ചരിത്രങ്ങൾ എന്നു
പറഞ്ഞുകൂടാ മാർതോമ്മാക്രിസ്ത്യാനികളുടെ ശരിയായ ഒരു
ചരിത്രം പ്രസിദ്ധപ്പെട്ടത്തിക്കണ്ടാൽ കൊച്ചുച്ചായനെ സമുദാ
യാംഗങ്ങൾ വളരെ നാളായി അഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒ
രു സംഗതിയാകുന്നു. വലുതരം ബുദ്ധിമുട്ടും കഷ്ടപ്പാടും ഉള്ളു
രേം ജോലി ശരിയായി നിർവ്വഹിക്കുന്നതിനു, ലാറ്റൻ, പോ
ർട്ടുഗീസു, ഇറാലിയൻ, ഇംഗ്ലിഷ് മുതലായ യൂറോപ്യൻ ഭാ
ഷകളിലും സുറിയാനി, തമിഴ്, മലയാളം മുതലായ പൌര
സ്ത്യഭാഷകളിലും നല്ലവ്യുല്പത്തിയും സൂക്ഷ്മബുദ്ധിയും അനേക
ഗ്രന്ഥങ്ങളുടെ സഹായവും കാര്യകാരണങ്ങളെ വിവേചി
ച്ചു സത്യത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്ഷമബുദ്ധിയും അ
പ്രകാരം കണ്ടുപിടിച്ച സത്യത്തെ തുറന്നുപറയുന്നതിനുള്ള ധൈ
ര്യവും അസാധാരണമായ ഓമ്പശക്തി പരിശ്രമശീലവും

ക്വാമൂതരായ അനേക സൽഗുണങ്ങളും ഉള്ള ഒരു പണ്ഡിത
വര്യനെക്കൊണ്ടല്ലാതെ ഇത്രസാധിക്കുന്നതല്ലെന്നു ഒരു വിഷ
യത്തിൽ അല്പമെങ്കിലും ശ്രമിച്ചിട്ടുള്ള ഏതുവായ്ക്കും അറിയാ
വുന്നതാണല്ലോ. മേല്പറഞ്ഞ പല ഗുണങ്ങളും ഉള്ള
തായിട്ടു ഒരു പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെ ഒഴിച്ചു
വേറെ അധികം ആളുകളെ ഇന്നു ഒരു കേരളരാജ്യത്തിൽ കാ
ണുമെന്നു ഞാൻ തോന്നുന്നില്ല. മലയാളത്തിലെ സുറിയാ
നി ഭാഷയിലുള്ള കർമ്മീത്താ സഭയുടെ ചരിത്രം, സ്റ്റേറ്റ് മാ
നുവലിൽ മേക്കുന്നതിനുള്ള ചരിത്രപ്രബന്ധം മുതലായവ
എഴുതിയും മറ്റും ഒരു നല്ല ചരിത്രകാരനെന്നു ഖ്യാതിസമ്പാ
ദിച്ചിട്ടുള്ള റെ. ബ. ബണ്ട്ട്ച്ചൻ അവർകൾ, മർതോമ്മാ
ക്രിസ്ത്യാനികളുടെ ഒരു ചരിത്രം എഴുതുവാൻ തുടങ്ങിയിരിക്കു
ന്നതായി കേട്ടതുമുതൽ പ്രസ്തുത ചരിത്രഗ്രന്ഥത്തിന്റെ പൂ
രിപ്പിക്കലിനെന്നതും ഉൽകണ്ഠയോടുകൂടി ഒരുകാത്തിരിച്ചുകൊ
ണ്ടാണു ഈ മുഷിഞ്ഞ സമുദായം പാർത്തിരിക്കുന്നതെന്നു നിസ്സം
ശയം പറയാവുന്നതാണ്.

14. ഒരു വിശിഷ്ടഗ്രന്ഥത്തിന്റെ ഒരു അവതാരി
കയെഴുതുവാനുള്ള യോഗ്യത ഇവിടെ ഇല്ലെന്നു നല്ല ബോദ്ധ്യ
മുണ്ടെങ്കിലും, ഈ മുഷിഞ്ഞ ഗ്രന്ഥകർത്താവിനോടുകൂടി ഒരു ചരിത്ര
മെഴുതുന്നതിനു ആവുന്നേടത്തോളം സഹകരിച്ചിട്ടുള്ള ഫാദർ നി
ധീരി അവർകളുടെ അനുവാദപ്രകാരമായ ഏതെങ്കിലുമൊരു
അവതാരിക എഴുതിച്ചേർക്കുന്നതിലും, പരേതനായ തന്റെ ഇഷ്ടമി
ത്രത്തെ പ്രസ്തുത ഗ്രന്ഥത്തോടു സംബന്ധിപ്പിക്കണമെന്നു
കൂടിയുള്ള ഈ ഗ്രന്ഥകർത്താവു ഉറവശ്യപ്പെട്ടിട്ടുള്ളതാണെ
ന്നും, എനോടുള്ള സ്നേഹവായ്പും കൊണ്ടുള്ള ഒരു അപേക്ഷയെ
ഒരു കല്പനപോലെ താനനുസരിക്കേണ്ടതാണെന്നു തോന്നുകയാ
ലും, നല്ലകാര്യങ്ങളോടു തങ്ങളുടെ പേരിനെ സംബന്ധിപ്പി
ക്കുന്നതിനു മനുഷ്യർക്കു സഹജമായുള്ള ആഭിമുഖ്യം നിമിത്തം

യും ഞാൻ ഒരു പ്രസ്താവന എഴുതിട്ടുള്ളതാകുന്നു.

15. ഇതുവിഷയകമായ വിധത്തിൽ ഒരു പുസ്തകത്തിന്റെ ഒന്നാംഭാഗം എഴുതിത്തീർന്നപ്പോൾ ഗ്രന്ഥകർത്താവിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. രണ്ടാംഭാഗവും താമസിയാതെ പ്രസിദ്ധപ്പെടുത്തി കാണുവാൻ ഒരുമ്പെടുകയും അതിലേക്കുവേണ്ട സകല ആരോഗ്യ സൌഭാഗ്യങ്ങളും ദൈവകൃപയും നമ്മുടെ പിതാവായ മാർത്തോമ്മ ശ്ലീഹായുടെ മദ്ധ്യസ്ഥം വഴിയായി ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒരു പുസ്തകത്തിന്റെ പ്രസിദ്ധീകരണം നിമിത്തം നമ്മുടെ സഭയേപ്പറ്റി ശരിയായ ജ്ഞാനം ഉണ്ടാകുന്നതിനും വഴിതെറ്റി നടക്കുന്ന നമ്മുടെ സഹോദരന്മാർ സത്യമാർഗ്ഗത്തിൽവന്നു ചേരുന്നതിനും തന്മൂലം ദൈവത്തിനു സ്തുതിയും പുകഴ്ചയും തന്റെ സഭയുടെ വർദ്ധനവും ഉണ്ടാകുമാറാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഒരു പുസ്തകത്തെ മാന്യവായനക്കാരുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ടു വിരമിക്കുന്നു.

കോട്ടയം
1915 ഡിസമ്പർ 21-ാംനാ- } ഒ. ജോർജ് നിഡീരി.

മാർ തോമ്മാ ക്രിസ്ത്യാനികളുടെ സഭാചരിത്രത്തിന്റെ അവശ്യകതയേയും പ്രതിപാദന കാര്യങ്ങളേയും മറ്റും വിശദീകരിക്കുന്നതിനായി ഇതിനോടു ഉപോൽഘാതകത്വമായ (ക) ഐ. സി. ചാക്കോ ബി. എ., ബി. എസ്സ്. സി. അവർകളും അവതാരികാകർത്തനായ (ഖ) ജോർജ് നിഡീരി. ബി. എ ബി. എൽ. അവർകളും വളരെ ശ്രമിച്ചിട്ടുണ്ടു. നമ്മുടെ സമുദായ നേതാക്കന്മാരിൽ അദ്വിതീയരായ അവരോടു എത്രൻമൂലം എന്നിരുള്ള കൃതജ്ഞത അപാരമാ

ിരിക്കുന്നു. കൂടാതെ എന്റെ സഹവർത്തികളായ ചില വന്ദ്യ
ഇതുക്കന്മാരും ഈ കാര്യത്തിൽ പ്രയാസപെടുന്നിരിക്കുന്നു എ
ന്നെ വളരെ സഹായിച്ചിട്ടുണ്ടു. അവരോടും ഞാൻ ഇവിടെ
നന്ദിപ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. അവസാനമായി ഭാരതീ
യ സഭാചരിത്രതല്പരന്മാരുടെ ശ്രദ്ധക്ഷ വിഷയീഭവിക്കേണ്ട
ഒരു പുരാതന ലക്ഷ്യം ഇവിടെ ചേർക്കുന്നതുചിതമെന്നു വി
ചാരിച്ചു ചുവടെ അതിനെ ചേർത്തുകൊള്ളുന്നു.

എന്നു് ഗ്രന്ഥകർത്താവു.

കു. നി. മൂ. സ. ഒറ്റ. ഇണ്ണാട്ട തോമ്മാ പട്ടക്കാരൻ.

.ക .ധ .ഥ ാാാ്ക ാാാാാാ .ാാ .ധ

ഫൻഫള ഡിസമ്പർ ൧൯—ാംനു.



ഒരു പുരാതനലക്ഷ്യം.

ഫ്രപ്സൻ—ൽ റോമയിൽ സമ്മെളിച്ച പൂർവ്വദേശീയ
ഭാഷാഭിജ്ഞന്മാരുടെ സർവ്വജാതിയമായ ൧൯—ാമത്തെ സം
ഘത്തിൽ ഏഷ്യാറാറിക്കു— സൊസയെററി—ഓഫ—പാരീസു്
എന്നതിലെ ഒരു അംഗവും മുമ്പു കാരിക്കലിലെ Karikal
പ്രഞ്ചു ഗവർണ്ണരുമായിരുന്ന ബാറൻ—ടെക്ററർ—ഡെ—റെ
ഷീസിയാൽ പ്രതിപാദിതമായ ഉദയപുരി ക്ഷേത്രഭിത്തിയി
ലെ പുരാതനലേഖനം ഭാരതീയ സഭയുടെ മതവിശ്വാസ
ത്തെ വെളിപ്പെടുത്തുന്ന ഒരുരേഖയാണു്. കിഴക്കെ മാൽവാ
യിൽ സാന്ഥറിനു സമീപിച്ചു നർബുദാ നദിതീരത്തിൽ സ്ഥി
തിചെയ്യുന്ന ഉദയപുരത്തിൽ (Udaipur) വിഃ തോമ്മാശ്ലീഹാ
യുടെ ആദ്യശിഷ്യന്മാരോ, ശ്ലീഹാതന്നെയോ പരിശുദ്ധ കു
ന്യകമറിയത്തിന്റെ നാമധേയത്തിൽ ഒരു ദേവാലയം സ്ഥാ

പിച്ചു എന്നു് പരമ്പരാവൃത്താന്തം ഘോഷിക്കുന്നു. ആകാല ത്തിലെ രീതിയനുസരിച്ചു് ക്ഷേത്രാകൃതിയിൽ പണിയപ്പെട്ടി രുന്ന ഓരം പള്ളി നസ്രാണികളുടേയും ഹിന്ദുമതസമ്മാരുടേയും വണക്കത്തിനു ഒരുപോലെ വിഷയീഭവിച്ചു. യുദ്ധങ്ങളും കലാപങ്ങളും മതഭിന്നതകളും നിമിത്തം അദ്ദേവാലയം ശിഥിലാവസ്ഥയെ പ്രാപിക്കയാൽ ശ്രീ. അ. ക്ര. ാംശതവർഷത്തിന്റെ മദ്ധ്യത്തിൽ സെയ്സസ് രാജാവായ സൻഗെയ് വർദ്ധനൻ അതിനെ പുനഃസ്ഥാപനംചെയ്തു. തദ്വേസരത്തിൽ നടന്ന മഹാഘോഷങ്ങളാണു് ഒരുവക പാലിലിപികളിൽ എഴുതപ്പെട്ടിരിക്കുന്ന പ്രസ്തുത ലേഖനത്തിലെ പ്രതിപാദ്യവിഷയം. ഓരം രേഖയെ സംബന്ധിക്കുന്ന സകല സംഗതികളും ട്രൻട്രഫി ഒക്ടോബർ ക്ര. ാംനു-യിലെ മൈലാപ്പൂർകത്തോലിക്കു രജിസ്റ്റർ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ലേഖനത്തെ എട്ടായി വിഭജിക്കാം:— ക. പ്രാരംഭപ്രാർത്ഥന— അത്യുന്നതന്റെയും പ. കന്യകയുടേയും പുത്രനായ മ്ശിഹായെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ ദൈവലക്ഷണങ്ങളെ വർണ്ണിക്കയും ചെയ്തുകൊണ്ടു മാനുഷീഭവിച്ച അദ്ദേഹത്തിന്റെ അനുഗ്രഹത്തെ പ്രാർത്ഥിക്കുന്നു. ഖ. പ്രതിഷ്ഠോദ്ദേശം:— പ്രതിഷ്ഠാകർത്താവിന്റെ പാപപരിഹാരം, മാർവായിലെ ജനതയുടെ വിശ്വാസസ്ഥൈര്യം, ആ ജനങ്ങൾ ജ്ഞാനസ്നാനത്താൽ ശുദ്ധികരിക്കപ്പെട്ടു് മതോപദേശങ്ങളെ കൈക്കൊണ്ടശേഷം, ബലിപീഠത്തിലേക്കു ഇറങ്ങുന്ന ആയുസ്സിന്റെ ഭാഗഭാക്കുകളായി തിരണമെന്നുള്ള ഉദ്ദേശം, ശുദ്ധികരിക്കപ്പെടുന്ന ആത്മാക്കളുടെ വിമുക്തി, പരിശുദ്ധന്മാരുടെ ബഹുമാനം, ദൈവജനനിയുടെ വണക്കം, ഇത്യാദികൾക്കായി പള്ളിയെ പുനഃസ്ഥാപിക്കുന്നു എന്നു് പ്രസ്താവിക്കുന്നു. ന. ആദ്യദേവാലയം:— മ്ശിഹാ കഷ്ടാനുഭവങ്ങളും മരണവും കഴിഞ്ഞു് മഹിമയെ പ്രാപിച്ചപ്പോൾ ശ്ലീഹന്മാരിൽ ഒ

രാൾ അ പള്ളി പണിയിച്ചു എന്നും, ദൈവമാതാവിൽനി
ന്നും സിദ്ധിച്ചിരുന്ന അനുഗ്രഹങ്ങൾ അതിനെ പ്രസിദ്ധിയു
ള്ളതാക്കിയെന്നും കാലാന്തരത്തിലാകട്ടെ ജനങ്ങളുടെ ഭക്തി
ക്ഷയവും രാജ്യത്തിലെ കലഹവും മതഭിന്നതകളും നിമിത്തം
അത് പരിത്യജിക്കപ്പെട്ടിട്ട് നാമാവശിഷ്ടമായി തീർന്നെന്നും പ
തിനാന്നാം ശതവർഷത്തിൽ (ഫ്രാന്സ്—ൽ) അതിനെ പുന
ഷ്ഠാപനം ചെയ്തെന്നും പറഞ്ഞിരിക്കുന്നു. ര. കമ്മവിവരണം—
സർവ്വജനങ്ങളും അദ്ദേഹാഷയാത്രചെയ്തു ദേവാലയത്തിൽ ഏ
ത്തിയപ്പോൾ വൈദികൻ വി. കുർബാനയെയും പരിശുദ്ധ കു
ന്തകയെയും സംബന്ധിച്ച ജനങ്ങളോട് പ്രസംഗിച്ചു. ഉടനെ
പ്രധാനകർമ്മി വളരെ അച്ചന്മാരോടൊരുമിച്ച് പൂജ അ
രംഭിച്ചു. ഭക്ത്യാദരപുരസ്സരം അതിൽ സംബന്ധിച്ച ജനങ്ങ
ളുടെ കാഴ്ചകളെ രാജപുത്രൻ സംഭരിച്ച കുരിശിൻകീഴ് തി
രുക്കല്ലിന്മേൽ സ്ഥാപിച്ചപ്പോൾ കർമ്മി അവകളെ ഒരുമിച്ചുകൂ
ട്ടി, പൂജാപാത്രം നിറച്ചശേഷം സംഗീതംപാടുവാൻ തുടങ്ങി.
ശുശ്രൂഷപ്രവർത്തകൻ സഭ്യത്തിൽ നിന്നു ഇറങ്ങുന്നതിനുള്ള
നേരം അടുത്തു. കൂദാശ ചെയ്തതോടുകൂടി സഭ്യങ്ങളുടെ സഭ
യിൽ സ്ഥിതിചെയ്യുന്നയാൾ സത്യമായ സഭതശരീര
ത്തെയും ആത്മാവിനെയും ബലികഴിക്കുന്നതിനായി പിതാവി
ൽ സന്നിഹിതനായി. ഇതുകൊണ്ടും സന്തുഷ്ടനാകാതെ സഭ
തശരീരത്തെ ജനങ്ങൾക്കു ഭക്ഷണമായി നൽകി. ജനബാ
ഹുല്യം മൂലം രണ്ടുതവണയായി നടത്തപ്പെട്ട കുർബ്ബാനയിൽ
ആകെ ൭൦൦ ആളുകൾ വി: കുർബാന ഉൾക്കൊണ്ടു. ര. സ
കാലീനന്മാരായ ഭൂപാലന്മാർ— ഹിറത്ത്, ഒക്കാൻ, മല
യാളം, ബങ്കാളം, മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരുടെ
പേരുകളെ ചേർത്തിരിക്കുന്നു. ന്യ. വിശുദ്ധാവശിഷ്ടം— മ
തസ്ഥലവനായ മാർപ്പാപ്പാ വളരെ തിരുശേഷിപ്പുകൾ അട
ങ്ങിയതും ലോഹനിർമ്മിതവുമായ ഒരുപെട്ടി സ്ക്കറിയാ എ

ത്രാപ്പോലീത്തായുടെ അധീനത്തിൽ കൊണ്ടുവരുന്നതിനും അതിനെ ഒന്നാമത്തെ സഭയായി പരിഗണിക്കുന്നതിനും പ്രസ്താവിച്ചിരിക്കുന്നു. ൨. ഉപദേശം.— യവനന്മാരുടേയും (യവനന്മാർ എന്നു ഇവിടെ പറയുന്നതു യവനായ ശിഷ്യക്കാരെ ഉദ്ദേശിച്ചായിരിക്കണം) ബുദ്ധമതസ്ഥന്മാരുടേയും ദുഷ്കൃതികളെ കേൾക്കരുതെന്നു ജനങ്ങളോടുപദേശിക്കുന്നു. ൩. നാമലേഖനം.— രാജാവിന്റെയും എഴുത്തുകാരന്റെയും പേരുകൾ കൊണ്ടു ലേഖനം അവസാനിക്കുന്നു.

ഒരു പള്ളി ക്രിസ്ത്യാനികൾ മാൽവായിൽ നാമാവശേഷമായി തീർന്നതിനുശേഷം ഹിന്ദുമതസ്ഥന്മാരുടെ ക്ഷേത്രമായി തീർന്നതാണു എന്നു പതിനഞ്ചാം ശതവർഷത്തിൽ സംഭവിച്ചിരിക്കണമെന്നും വായനക്കാർ ഓർക്കേണ്ടിയിരിക്കുന്നു.

ഒരു ലേഖനത്തിൽ മ്ശിഹായുടെ ദൈവികതയും മാനുഷികതയും പരിശുദ്ധ കന്യകയുടെ ദൈവമാതൃതയും, വിശുദ്ധന്മാരുടേയും വിശുദ്ധാവശിഷ്ടങ്ങളുടേയും സചിത്രപങ്ങളുടെയും നേർക്കുള്ള വണക്കം, ശുദ്ധീകരണസ്ഥലം, വി. കുർബ്ബാനയിലെ തത്വാന്തരം, മാർപാപ്പായുടെ പരമാധിപത്യം, മുതലായ കത്തോലിക്കാ വിശ്വാസത്തിന്റെ സാരഭൂതിയിലുള്ളതായ വളരെ സംഗതികളെപ്പറ്റി വ്യക്തമായിപ്രസ്താവിച്ചിട്ടുണ്ടു. മദ്ധ്യശതവർഷങ്ങളിൽ ഭാരതീയ സഭയുടെവിശ്വാസം കത്തോലിക്ക ആയിരുന്നൊന്നു നമ്മുടെ ഒരു ചരിത്രത്തിൽ വിവരിച്ചിട്ടുള്ളതൊക്കയും എത്ര വിശ്വാസയോഗ്യമാണെന്നു വെളിപ്പെടുത്തുന്നു ഒന്നാണു ഒരു ലേഖനമെന്നു വായനക്കാർക്കു സുലഭമായി ഗ്രഹിക്കാവുന്നതാണു.

൧-ാം അദ്ധ്യായം.

കേരളത്തിലും ചോഴമണ്ഡലത്തിലും

വി. തോമ്മാശ്ലീഹാ

സുവിശേഷപ്രസംഗം ചെയ്ത എന്നുള്ളതിനെ

ദൃഷ്ടാന്തീകരിക്കുന്ന

സ്മാരക ലക്ഷ്യങ്ങൾ.

൧. തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ സുവിശേഷപ്രസംഗം ചെയ്ത എന്നുള്ളതിനു നിദർശകങ്ങളായ അനേക ലക്ഷ്യങ്ങൾ കേരളത്തിലും കിഴക്കേ സമുദ്രതീരങ്ങളിലും അദ്യാപി കാണപ്പെട്ടുന്നുണ്ട്. എന്നാൽ അവയെ സംബന്ധിച്ചു എന്തെങ്കിലും പ്രസ്താവിക്കുന്നതിനു മുമ്പ്, വി. പ്രേഷകന്റെ പ്രസംഗകാലത്തു തെക്കേ ഇൻഡ്യയിലുണ്ടായിരുന്ന രാജ്യങ്ങളേയും രാജാക്കന്മാരേയും ഭാഷകളേയും തത്തൽ പ്രദേശങ്ങളിൽ നിവസിച്ചിരുന്ന ജനസമുദായങ്ങളേയും സംബന്ധിച്ചു അല്പമെങ്കിലും അറിഞ്ഞിരിക്കേണ്ടതു ആവശ്യമാകുന്നു.

ക്രിസ്താബ്ദം ആരംഭിക്കുന്നതിനുമുമ്പു ഏകദേശം നാലു ശതവർഷങ്ങൾക്കു മുമ്പുതന്നെ ചേരം, ചോഴം, പാണ്ഡ്യ എന്നീരാജ്യങ്ങൾ തെക്കേ ഇൻഡ്യയിൽ സുപ്രസിദ്ധങ്ങളായി തീർന്നിട്ടുണ്ടായിരുന്നു. (1) ചേര രാജ്യത്തിൽ കേരളം അഥവാ മലയാളംക്രമേണ ഉൾപ്പെട്ടിരുന്നു. കേരളത്തിനു ചേരം, ചേരളം, സേരം എന്നിങ്ങനെ കാലാന്തരത്തിൽ പല പേരുകളും മാറിമാറി വന്നിട്ടുണ്ട്. പ്രസ്തുത മൂന്നു രാജ്യങ്ങളിൽ ഓരോന്നിലും സ്വതന്ത്രന്മാരായ ഓരോരാജാക്കന്മാർ അഥവാ പെരുമാക്കന്മാർ അണു ഭരണാധികാരം നടത്തിയിരുന്നതു. അക്കാലത്തു ദക്ഷിണഭാരതം ഒഴികെ ഇൻഡ്യയിലെ മറ്റു രാജ്യവിഭാഗങ്ങളെല്ലാം അശോക (Asoka) ന്റെ സാമ്രാജ്യാംശങ്ങളായി തീർന്നിരുന്നു

(2) ചേരരാജ്യത്തിൽ ക്രിസ്ത്വാബ്ദം ൪൦ മുതൽ ക്രി൩ വരെ ഉള്ള കാലഘട്ടങ്ങളിലായി ൪ പെരുമാക്കന്മാർ സിംഹാസനാരൂഢന്മാരായിട്ടുണ്ട്. (3) അവരിൽ പ്രഥമനായ അത്തൻ എന്ന രാജാവിന്റെ ഭരണകാലം ക്രി. ൪൦ മുതൽ ൫൫ വരെ ആയിരുന്നു. ചോഴരാജാവുമായുണ്ടായ യുദ്ധത്തിൽ അദ്ദേഹം പരാജിതനാക്കപ്പെടുകയാൽ തൽപുത്രനായ രണ്ടാമത്തെ അത്തൻ രാജസ്ഥാനം പ്രാപിക്കയും ക്രി. ൫൫ മുതൽ ൯൦ വരെ രാജ്യഭാരം നിർവ്വഹിക്കുകയും ചെയ്തു. ആ രാജാവിന്റെ സീമന്ത പുത്രനായ ചെങ്കുടവന്റെ വാഴ്ച ക്രി. ൯൦ മുതൽ ൧൨൫ വരെ ആയിരുന്നു. അനന്തരം രാജാഭിഷക്തന്മാരായി തീർന്നു യാനൈകടിച്ചാഎന്നായാളും അതിചേരം പൈരഞ്ഞ—ചേരൻ—ഇറംപൂറായ് എന്ന ദേവനുമാണ്. അവരുടെ രാജധാനി അക്കാലത്തു വിഖ്യാതമായ കൊടുങ്ങല്ലൂരായിരുന്നു.

൨. മേല്പറയപ്പെട്ട കാലങ്ങളിൽ കേരളത്തിലും ചോഴമണ്ഡലത്തിലും തമിഴ് ഭാഷയായിരുന്നു സംസാരിച്ചു വന്നിരുന്നതു. മലയാളഭാഷ കാലദേശാദി ഭേദങ്ങൾകൊണ്ടു രൂപാന്തരം പ്രാപിച്ചുണ്ടായതും സർവ്വോപരി സംസ്കൃതത്തിൽ ഉള്ള അനേകം അക്ഷരങ്ങളെക്കൊണ്ടും പദങ്ങളെക്കൊണ്ടും പോഷിപ്പിക്കപ്പെട്ടതും ആണെങ്കിലും തമിഴിന്റെ അവാന്തരസന്തതി ആയിട്ടാണല്ലൊ ഗണിക്കപ്പെട്ടിരിക്കുന്നതു. അന്യ ഭാഷകളിൽ നിന്നും പ്രത്യേകം സംസ്കൃതത്തിൽനിന്നും അനവധി ശബ്ദങ്ങൾ മലയാളത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സാമാന്യ പദങ്ങളേയും വ്യാകരണ നിയമങ്ങളുടെ പരസ്പര സാദൃത്തേയും പറ്റി പര്യാലോചിക്കുന്നതായാൽ തമിഴ് തന്നെയാണ് മലയാളത്തിന്റെ മൂലഭാഷയെന്നുള്ളതു നിസ്സംശയം വെളിപ്പെടുന്നതാണ്. ആദ്യകാലത്തു വട്ടെഴുത്താകുന്ന മലയാളത്തിലേ ലിപികളായി തീർന്നിരുന്നതു. അവറ്റകളേശം ക്രിസ്ത്വാബ്ദാരംഭം വരെ അല്പകാലം കലിവർഷം മൂവായിരം വരെ പ്രചുരപ്രചാരത്തിൽ ഇരുന്നിരുന്നു. ക്രൈസ്തവ സംവത്സരം അഞ്ചാം നൂറ്റാണ്ടുമുതൽ (കലി ൪൩൦൦ ന മേൽ) വട്ടെഴുത്തു മാറി അതിന്റെ ഒരു

അനുകൃതിഭേദമായ കോലെഴുത്തു നടപ്പിൽ ആയി. അതിനിടയ്ക്കു കലി (൯൦൦ മുതൽ ൯൭൨ വരെയുള്ള ശതാബ്ദങ്ങളിൽ) വട്ടെഴുത്തും കോലെഴുത്തും സമ്മിശ്രങ്ങളായും ഉപയോഗിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. (4) പിന്നീടു ചില നൂറാണ്ടുകൾക്കു ശേഷം ക്രമശഃ കരിന്തമിഴിന്റെ നിലയിൽ നിന്ന ഒരു പടിക്കുടി പരിഷ്കരിക്കപ്പെട്ടതിനാൽ മലയാളഭാഷ തമിഴിൽനിന്നു പിരിഞ്ഞു് ഒരു പ്രത്യേക ഭാഷയായി പരിണമിക്കുകയും ചെയ്തു.

൨. ഉദ്ദേശം ക്രിസ്ത്വാബ്ദത്തിനു മുമ്പു ൫ ശതവർഷങ്ങൾക്കു മുമ്പു ഉത്തര ഭാരതത്തിൽനിന്ന ആര്യവംശജന്മാരായബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തു. (6) മിക്കവാറും അക്കാലത്തുതന്നെ ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ മുതലായ പരിശിഷ്ട വർണ്ണങ്ങളും മലയാളഭൂമിയിൽ എത്തി വാസം ഉറപ്പിച്ചു. ഇപ്രകാരം വിദേശവാസികളുടെ കുടിയേറ്റത്തിനു രണ്ടു പ്രധാന കാരണങ്ങൾ വളരെ സാഹായികങ്ങളായി തീർന്നിട്ടുണ്ട്. അതിൽ ഒന്നു അക്കാലത്തു വടക്കേ ഇൻഡ്യയിൽ ബുദ്ധമതം വളരെ ശക്തിമത്തായി പ്രചരിച്ചു വന്നതിനാൽ ആര്യവംശജന്മാരായ പല ക്ഷത്രിയ സ്വതന്ത്രരാജ്യങ്ങളുടെയും ചേരം, ചോഴം മുതലായ ദക്ഷിണഖണ്ഡത്തിലെ രാജ്യവിഭാഗങ്ങളിൽ പ്രവേശിക്കുന്നതിനും ആ പ്രദേശങ്ങളിൽ അധിവാസം ഉറപ്പിക്കുന്നതിനും സൗകര്യങ്ങൾ സിദ്ധിച്ചു എന്നുള്ളതാണ്. രണ്ടാമത്തെ കാരണം, പശ്ചിമഘട്ടങ്ങളുടെ അടിവാരത്തിൽ ആഞ്ഞു മറിഞ്ഞു കൊണ്ടിരുന്ന സമുദ്രം അവിടം വിട്ടു പടിഞ്ഞാട്ടു വളരെ ദൂരത്തോളം ഒഴിഞ്ഞു മാറിയതിനാൽ അഭിനവ സൃഷ്ടിയും സുഖാവഹവും ആയ സ്ഥലങ്ങൾ പ്രത്യക്ഷപ്പെടുകയും (7) ഏകദേശം അക്കാലത്തുതന്നെ അവിടെ കുടിപാർപ്പിനു വേണ്ടസകല സൌകര്യങ്ങളും കാണപ്പെടുകയും ചെയ്തു എന്നുള്ളതാകുന്നു. കാലാന്തരത്തിൽ കേരളത്തിലെ ആദിമ നിവാസികളായ ചെറുമർ, കാടർ, മലയർ, പുലയർ, വേട്ടുവർ, കറവർ, കുറുമ്പർ മുതലായ വർഗ്ഗക്കാർ കാടുകളിലും മലകളിലും അഭയം പ്രാപിക്കയും തന്നിമിത്തം സൃഷ്ടിക്കപ്പെട്ടായ സാനുപ്രദേശങ്ങളും നദീതീരങ്ങളും

മേല്പറയപ്പെട്ട ചാതുർവ്വർണ്ണ്യക്കാരുടെ സങ്കേതസ്ഥാനങ്ങളായി ഭവിക്കുകയും ചെയ്തു. (8) അവരിൽ ബ്രാഹ്മണസമുദായംകന്യാകുമാരിമുതൽ ഗോകർണ്ണപർയ്യന്തമുള്ള ഭൂമിയെ നൂറ് ഗ്രാമങ്ങളായി വിഭജിച്ച് അവയിൽ സ്ഥിരവാസം ചെയ്തുവന്നു. പ്രസ്തുതഗ്രാമങ്ങളിൽ ഓരോന്നിലും പല ഉപഗ്രാമങ്ങളും ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ടു. 'ഗ്രാമ'ശബ്ദത്തിനു സാമാന്യേനസംഘങ്ങൾഎന്നേ അർത്ഥവിവക്ഷ ഉണ്ടായിരുന്നുള്ളൂ. ഓരോ ഗ്രാമങ്ങളിലും ഉള്ള ഗൃഹങ്ങൾപരസ്പരംക്രമത്തിലൊടാതെ ഓരോ ചേരുകളിൽ ഭിന്നാഭിന്നങ്ങളായിട്ടാണ് സ്ഥിതിചെയ്തിരുന്നതു. (9) രാജ്യത്തിന്റെപ്രാരംഭദശയിൽ പ്രസ്തുത ബ്രാഹ്മണർ തന്നെയാണ് ഭരണാധികാരം നടത്തിയിരുന്നതെങ്കിലും പിന്നീടു രാജ്യഭരണം ഏല്പെടുത്തപ്പെട്ടു.

൪. ഏതാട്ടശമായ കാലപരിവർത്തനത്തിലാണു ക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരാളായ വി. തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ സുവിശേഷപ്രസംഗത്തിനായി അയയ്ക്കപ്പെട്ടതു. വി. ശ്ലീഹായുടെ ഏതദ്ദേശാഗമനം,സുവിശേഷപ്രസംഗം, രക്തസാക്ഷിത്വം മുതലായ സംഗതികളെ ദൃഷ്ടാന്തീകരിക്കുന്ന അനവധി സ്മാരകചിഹ്നങ്ങൾ (Monumentary evidences) കേരളത്തിലും കിഴക്കൻ തീരങ്ങളിലും അദ്യാപി നിലനിൽക്കുന്നുണ്ടു. അവയിൽ പ്രധാനമായ ചില ലക്ഷ്യങ്ങളേപ്പറ്റി ഇവിടെ പ്രത്യേകം പ്രസ്താവിക്കാം.

വി. തോമ്മാശ്ലീഹാ ഇവിടെ വന്നു വേദം പ്രസംഗിച്ചതിനേപ്പറ്റി അതീത കാലങ്ങളിൽ അപരിഛിന്നമായി പ്രചരിച്ചിട്ടുള്ള പരമ്പരാ വൃത്താന്തവും ആ പാരമ്പര്യത്തെ യഥാർത്ഥീകരിക്കുന്നതിനു നമ്മുടെ അപ്പസ്തോലനാൽ മാനസാന്തരീകരിക്കപ്പെട്ടവരുടെ സന്തതികളായി മാത്തോമ്മാ നസ്രാണികൾ എന്ന മുദ്രാ സംജ്ഞയോടുകൂടി ഒരു വലിയ ജനസമുദായവും ഈ നാട്ടിൽ ഉള്ളതു തന്നെ ആ പ്രോഷകന്റെ മേൽ പറയപ്പെട്ട കൃത്യങ്ങൾക്കു ഉത്തമസാക്ഷ്യങ്ങളാണ്. വി. അപ്പ

സ്തോലൻ തെക്കെ ഇൻഡ്യയിൽ വരുകയോ അവിടെ ക്രീസ്തു മതം സ്ഥാപിക്കുകയോ മെയ്ലാപ്പൂരെന്ന ശഠിക്കുന്നവരുടെ വാദത്തിനു ഈ സ്മരണാഹ്നങ്ങളായ ചിഹ്നങ്ങൾ വലിയ ബാധകങ്ങളായി തീരുന്നു. ആ കൂട്ടരിൽ ചിലർ വി. ശ്ലീഹാ വേദപ്രസംഗം ചെയ്തതു അക്കാവത്തു ഇൻഡ്യ എന്നു പേരുണ്ടായിരുന്ന അറബി രാജ്യത്തിലാണെന്നും മറ്റു ചിലർ അഫ്ഗാനിസ്ഥാനിൽ ആണെന്നും വേറെ ചിലർ എത്തിയോപ്പിയാ ദേശത്താണെന്നും പരസ്പര വിരുദ്ധമായിട്ടാണു പ്രസ്താവിക്കുന്നതു. എന്നാൽ ഈ പ്രസ്താവങ്ങളെ പിൻതാങ്ങുന്നതിനു പ്രസ്തുത ദേശങ്ങളിൽ മേൽ പറയപ്പെട്ടതു പോലെയുള്ള വല്ല പാരമ്പര്യവൃത്തമാനമാകട്ടെ അങ്ങനെ ഒരു ഐതിഹ്യത്തെ ആദരിച്ചു പോരുന്ന ഏതെങ്കിലും ജനസമൂഹമാകട്ടെ അദ്യാപി ഉള്ളതായോ ഉണ്ടായിരുന്നതായോ അവർ കാണിച്ചു തരുന്നില്ലാ. ഡോക്ടർ റേയ് (Dr. Rae) എഴുതിയിട്ടുള്ള സുറിയാനി സഭാചരിത്രത്തിൽ വി. തോമ്മാശ്ലീഹാ മതപ്രസംഗം ചെയ്തതും വേദസാക്ഷിത്വം അനുഭവിച്ചതും അഫ്ഗാനിസ്ഥാനിൽ ആണെന്നും പ്രത്യുതഃ ദക്ഷിണ ഇൻഡ്യയിലല്ലെന്നും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിലേക്കു തെക്കെ ഇൻഡ്യയിൽ ഉള്ളതുപോലെ അവിടെയുള്ള വല്ല പാരമ്പര്യോക്തിയേയൊ ലക്ഷ്യങ്ങളേയൊ വല്ലകാലത്തും അവയെ ആദരിച്ചിരുന്നവരായി ഒരു ജനസമുദായത്തേയൊ നിർദ്ദേശിച്ചിട്ടില്ല. അതു എന്തുകൊണ്ടായിരിക്കാം? വി. തോമ്മാശ്ലീഹായുടെ ഇൻഡ്യയിലേക്കുള്ള വരവ്, സുവിശേഷപ്രസംഗം, അവിടത്തെ ക്രിസ്ത്യാനികൾക്കു സിദ്ധിച്ചിട്ടുള്ള മാത്തോമ്മാ നസ്രാണികൾ എന്ന നാമധേയം ഇത്യാദി സംഗതികളെ ദൃഢീകരിക്കുന്നതിനു വിശ്വസനീയങ്ങളായ അസംഖ്യം ലക്ഷ്യങ്ങൾ നമുക്കുണ്ടു. ഇൻഡ്യയുടെ ദക്ഷിണഖണ്ഡത്തിൽ സുവിശേഷം പ്രസംഗിച്ചതു തോമ്മാശ്ലീഹായാണെന്നും തന്നിമിത്തം തദ്ദേശീയന്മാരായ ക്രിസ്ത്യാനികൾക്കു മാത്തോമ്മാ ക്രിസ്ത്യാനികൾ എന്ന നാമധേയം സിദ്ധിച്ചു എന്നും ഉള്ള വാസ്തവം എ.ഡി നൂറാണ്ടിൽ തന്നെ

ലോകത്തോട്ടക്ക സമ്മതിക്കപ്പെട്ടിട്ടുള്ള സംഗതികളാണ്. പ്രസ്തുത ശതാബ്ദത്തിൽ തന്നെ ഇംഗ്ലണ്ടിലെ രാജാവും മഹാനുമായ ആൽഫ്രെഡ് ഏദനാദേശം മാർതോമ്മാ ക്രിസ്ത്യാനികൾക്ക സഹായത്തമായി ചില ദാനങ്ങൾ ചെയ്കയും വിശുദ്ധ ശ്ലീഹായുടെ ശ്മശാനസ്ഥലത്തു സമർപ്പിക്കുന്നതിനായി അനവധി കാഴ്ചകൾ അയച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതു മേല്പറയപ്പെട്ട സംഗതിയുടെ യാഥാർത്ഥത്തിന മതിയായ ലക്ഷ്യങ്ങളാകുന്നു. (10) ഇതുകൊണ്ട അക്കാലത്തും അതിനുപൂർവമുള്ള കാലങ്ങളിലും ഈ സംഗതിയെ സംബന്ധിച്ച ലോകത്തിൽ ഒരിടത്തും സംശയം ഉണ്ടായിരുന്നില്ലെന്ന ദൃഢമായി വിശ്വസിക്കാവുന്നതാണ്. വാസ്തവത്തിൽ, പിന്നീടുള്ള ചിലശതാബ്ദങ്ങളിലും ഈ വിഷയത്തെ സംബന്ധിച്ച സർവ്വത്ര യാതൊരു സന്ദേഹവും ഉണ്ടായിരുന്നതുമില്ല.

ക്രി. ാം ശതാബ്ദത്തിൽ മാർകോപോലൊ എന്ന നാമധാരിയായ ഒരു വെനീഷ്യൻ സഞ്ചാരി ദക്ഷിണ ഇൻഡ്യയെ സന്ദർശിക്കുകയും തന്മദ്ധ്യേ തോമ്മാശ്ലീഹായുടെ ശവകുടീരം കണ്ടകൂട്ടുകയുംഉണ്ടായി. (11) ആകയാൽ അദ്ദേഹം, വി. ശ്ലീഹാതന്നെ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിക്കയും അവിടെത്തന്നെ മരിച്ച സംസ്കരിക്കപ്പെടുകയും ചെയ്തു എന്നും ക്രിസ്ത്യാനികളും മഹമ്മദീയരും ആ സിദ്ധന്റെ നിത്യവിശ്രമ കുടീരത്തെ വണങ്ങിവരുന്നു എന്നും തന്റെ യാത്രാചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. മാർകോപോലോയുടെ ഈ സാക്ഷ്യ ലേഖനത്തിൽനിന്ന വേറെയും അനേകം വാസ്തവങ്ങൾ വെളിപ്പെട്ടുണ്ട്. അവ എന്തെല്ലാമെന്നാൽ ഫ. തോമ്മാശ്ലീഹാ ദക്ഷിണഖണ്ഡത്തിൽ സുവിശേഷം പ്രസംഗിക്കുകയും മരിച്ചു സംസ്കരിക്കപ്പെടുകയും ചെയ്തു എന്നും ഫ. പ്രസ്തുത ശ്ലീഹാഭ്രമിദാനം ചെയ്യപ്പെട്ടതു ദക്ഷിണ ഖണ്ഡത്തിൽ ഉള്ള മൈലാപ്പൂരിൽ അല്ലാതെ ചില ആധുനിക വിദ്വാന്മാർ വാദിക്കുന്നതുപോലെ അഫ്ഗാനിസ്ഥാനിലൊ അറേബിയായിലൊ അഥവാ വേറെ വ

ല്ല സ്ഥലങ്ങളിലൊ അല്ലെന്നും ന. മാർക്കോപോലോയുടെ സന്ദർശന കാലത്തുപോലും ഈ സംഗതിയെപ്പറ്റി ആർക്കും സംശയമുണ്ടായിരുന്നില്ലെന്നും ര. ആ വന്ദ്യന്റെ ശ്മശാനസ്ഥലം അഫ്ഗാനിസ്ഥാനിലൊ അറബി ദേശത്തിലൊ ആയിരുന്നു എങ്കിൽ മഹമ്മദീയർമൈലാപ്പൂരിൽ ശ്ലീഹായുടെ "കവറിടം" വണങ്ങിവന്നിരുന്നതായി മാർക്കോപോലൊ മുതലായവർ എഴുതുന്നതിനു ഇടവരികയില്ലായിരുന്നു എന്നും ഒ. ശ്ലീഹായുടെ ശ്മശാന ഭൂമി മൈലാപ്പൂർ അല്ലാതെ വേറെ വല്ല സ്ഥലവും ആയിരുന്നു എങ്കിൽ ഏഷ്യാഖണ്ഡത്തിൽ സാവർത്തികമായി സഞ്ചരിച്ച മാർക്കോ പോലൊ അതിനേപ്പറ്റി പ്രസ്താവിക്കേണ്ടിയിരിക്കേ അങ്ങനെ ചെയ്യാതിരുന്നതു അപ്രകാരമൊരു സ്ഥലം ഇല്ലാതിരുന്നതുകൊണ്ടുംനേരേമറിച്ചശ്ലീഹായുടെപ്രേതമഞ്ചം സാക്ഷാൽ മൈലാപ്പൂരിൽ തന്നെ ആണെന്ന അദ്ദേഹത്തിനു പൂർണ്ണബോധം വന്നതുകൊണ്ടും ആണെന്നും ഉള്ള സംഗതികം അതുകൊണ്ടു.

ഒ. ഇനി മൈലാപ്പൂരിലെതോമ്മാശ്ലീഹായുടെ "കവറിട"ത്തേയാണ് സ്മരണീയമായ നമ്മുടെ ലക്ഷ്യങ്ങളിൽ രണ്ടാമത്തേതായി ഗണിക്കേണ്ടതു. പൂർവ്വസമുദ്രതീരത്തിൽ സ്ഥിതി ചെയ്യുന്ന മൈലാപ്പൂരിൽ വി. പ്രേഷകന്റെ പ്രേതമഞ്ചം അദ്ഭുതമായി കാണപ്പെടുന്നു. വി. ശ്ലീഹായെ സംസ്കരിച്ചിരിക്കുന്ന സ്ഥലം അതാണെന്ന അത്യുശതാബ്ദം തുടങ്ങി ജനങ്ങളും അനുസ്യൂതമായി വിശ്വസിച്ചു പോരുന്നുണ്ടു. മേൽ പ്രസ്താവിക്കപ്പെട്ട ഇംഗ്ലണ്ടിലെ രാജാവായ ആൽഫ്രഡ് എന്നദ്ദേഹം ഈ ശവകുടീരത്തിൽ സമർപ്പിക്കുന്നതിനായിട്ടാണ് പ്രസ്തുത കാണിക്കദ്രവ്യങ്ങളെഅയച്ചുകൊടുത്തതു. പന്ത്രണ്ടാം ശതാബ്ദത്തിൽ മാർക്കോപോലോ ആ ശ്മശാനസ്ഥലം സന്ദർശിക്കുകയും ക്രിസ്ത്യാനികളും മഹമ്മദീയരും അവിടെ ചെന്നു ചെയ്യുന്ന വണക്കങ്ങളെ കാണുകയും തൽസമയം ആ സ്ഥലത്തു നടന്ന ഒന്നാന്തരത്തിൽ ഉള്ള ഒരു അത്ഭുതസംഭവത്തെ കൂടി തന്റെ യാത്രാവിവരണത്തിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (12) അദ്ദേഹം തോമാശ്ലീ

ഹായുടെ പ്രേതമണ്ഡം കണ്ടിട്ടുണ്ടെന്നുള്ള സംഗതി മറവു ചരിത്രകാരന്മാരാലും സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ആകയാൽ അതു തോമ്മാശ്ലീഹായുടെ "കവറിട" മല്ലെന്നു വാദിക്കണമെങ്കിൽ താഴെ പ്രസ്താവിക്കുന്ന നാലു ചോദ്യങ്ങൾക്കു ഭിന്നാഭിപ്രായക്കാരിൽ നിന്നു തൃപ്തികരമായ സമാധാനം ലഭിക്കേണ്ടിയിരിക്കുന്നു.

(a) തോമ്മാശ്ലീഹായുടെ ശവകുടീരം മൈലാപ്പൂരിൽ അല്ലെങ്കിൽ മറെറവിടെയാണു?

(b) മൈലാപ്പൂരിൽ ഇപ്പോൾ കാണപ്പെടുന്ന ശ്മശാനം വി. ശ്ലീഹായുടെ അല്ലെങ്കിൽ അതുമറു ആരുടേതാകുന്നു?

(c) അതു ശ്ലീഹായുടെ "കവറിട"മെന്നു വിചാരിക്കപ്പെട്ടു പോരുന്നതു ഏതു കാലം മുതൽക്കായിരിക്കാം?

(d) അവിടെ സംഭവിച്ചതായി മാക്കോപോലൊ പറയുന്ന അത്ഭുതം ആരു വഴിയായി ഉണ്ടായി?

ഈ ചോദ്യങ്ങൾക്കു ഭിന്നകക്ഷികളിൽ നിന്നു സന്തോഷമായ സമാധാനം ലഭിക്കാത്ത കാലത്തോളം മൈലാപ്പൂരിലുള്ള ശവകുടീരം തോമ്മാ ശ്ലീഹായുടേതാണെന്നുള്ള വിശ്വാസപാരമ്പര്യത്തിന്റെ ദൃഢതയ്ക്കു ന്യൂനത നേരിടുന്നതല്ല. അപ്രകാരം തന്നെ ഇംഗ്ലണ്ടിലെ രാജാവായ ആൽഫ്രെഡ് വി. പ്രേഷകന്റെ പ്രേതമഞ്ചത്തിൽ സമർപ്പിക്കുന്നതിനായി അയച്ചുകൊടുത്ത ഉപഹാരങ്ങൾ മാക്കോപോലൊ സാക്ഷിപ്പെടുത്തുന്നതിനു വിപരീതമായി അവിടെയല്ല സ്ഥാപിക്കപ്പെട്ടിരിക്കുന്നതെങ്കിൽ മറെറവിടെയാണെന്നു തെളിയിക്കേണ്ട ഭാരവും ഇതരാഭിപ്രായക്കാരിൽ ആണു സ്ഥിതിചെയ്യുന്നതു. ഈ രണ്ടു സംഗതികൾക്കും നവീന സിദ്ധാന്തികൾ അനുകൂലങ്ങളും വിശ്വസനീയങ്ങളുമായ തെളിവുകളെ ശേഖരിക്കുന്നതുവരെയോ മോശ്ലീഹായുടെ 'കവറിടം' തെക്കെ ഇൻഡ്യയിൽ കിഴക്കൻ സമുദ്രതീരത്തു ആണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും ക്രിസ്ത്യാനികൾ ക്രൈസ്തവമതത്തിന്റെ പ്രാരംഭകാലം മുതൽ അറി

നേച്ചുകാഴ്ചകൾ സമർപ്പിച്ചു വന്നിരുന്ന എന്നും അതിപ്രധാനമായ അൾഫ്രെഡു രാജാവുപോലും അവിടെ കാണിക്കകൊടുത്തുവെച്ചിട്ടുണ്ടെന്നും ഉള്ള. വാസ്തവങ്ങൾ ബലമായിതന്നെ നില്ക്കുന്നതാണ്.

കേരളത്തിലുള്ള സുറിയാനിസഭയിലെ വൈദികന്മാർ ജപിച്ചുവരുന്ന കാനോൻ ജപപുസ്തകത്തിൽ വി. ശ്ലീഹായെ സംബന്ധിച്ചു പ്രത്യേകം ഒരു പ്രാർത്ഥന ചേർത്തുകാണുന്നുണ്ട്. അതു ആഴ്ചതോറും അവർ ജപിച്ചുവരുകയും ചെയ്യുന്നു. (13) അതിൽ തോമ്മാശ്ലീഹായുടെ മരണം അവരുടെയിടയിൽവച്ചു സംഭവിച്ചുഎന്നും അദ്ദേഹത്തിന്റെ തിരുശരീരത്തിൽ നിന്നു പല അത്ഭുതസഹായങ്ങളും ആ പുണ്യപുരുഷന്റെ മാധ്യസ്ഥ്യത്തിൽ ആശ്രയിക്കുന്നവർക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നും മറ്റും പറയപ്പെട്ടിരിക്കുന്നു. ഈ കാനോൻജപം ആദ്യ ശതാബ്ദം മുതൽക്കു തന്നെ സുറിയാനിക്കാർ ഉപയോഗിച്ചുവരുന്നതാണ്.

൩. സ്മരണാർഹമായ മൂന്നാമത്തെ ലക്ഷ്യം വി. ശ്ലീഹായാൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏഴരപ്പള്ളികളാകുന്നു. അവ കൊടുങ്ങല്ലൂർ, കൊല്ലം, ചായൽ, നിരണം, കോക്കമംഗലം, കോട്ടക്കാവു, പാലൂർ എന്നീസ്ഥലങ്ങളിലാണു സ്ഥാപിക്കപ്പെട്ടതു. കൊടുങ്ങല്ലൂരിലെ പൂർവ്വഗ്രാമസ്ഥാനത്തു ഇക്കാലത്തും ബ്രാഹ്മണർ നിവസിക്കുന്നില്ല. അതിനുള്ള കാരണം തദ്ദേശവാസികളായിരുന്ന ബ്രാഹ്മണപരിഷയിൽ ഭൂരിപക്ഷം ശ്ലീഹായുടെകാലത്തു ക്രൈസ്തവമതാനുയായികളായി തീരുകയാൽ ശിഷ്ടമുള്ള ആളുകൾ അവിടംവിട്ടു പൊയ്കളഞ്ഞതാണു. സജ്ജനങ്ങളായ പൂർവ്വികന്മാരാൽ ഉപേക്ഷിക്കപ്പെട്ട സ്ഥലമാകകൊണ്ടായിരിക്കാം അവിടെ ഇപ്പോഴും നമ്പൂരിമാർ കുടിപാർക്കാതെ ഇരിക്കുന്നതു. വി. ശ്ലീഹാ അവിടെ സ്ഥാപിച്ച കുരിശിൽ വിസ്മാപകങ്ങളായ അനേക സംഗതികൾ സംഭവിച്ചുകൊണ്ടിരുന്ന എന്നും ക്രിസ്ത്യാനികളെന്നുവേണ്ടാ ഹിന്ദുക്കൾപോലും ആ സ്ഥലത്തു നേർച്ചകാഴ്ചകളെ സമർപ്പിച്ചുവന്നിരുന്ന എന്നും

ഈ കുരിശിൽനിന്നുണ്ടായ അത്ഭുതാനുഭവങ്ങൾകൊണ്ടു വിജാതീയന്മാരായ പലരും മനസ്സുതിരിഞ്ഞിട്ടുണ്ടെന്നും ൧൬-ാം ശതാബ്ദത്തിൽ റോമ്മയിൽനിന്നു മലയാളത്തിലേക്കു അയക്കപ്പെട്ട കമ്മലീത്താ മിഷ്യനറിയായ വിചെൻസ്മരിയാ എന്നാദ്ദേഹം കൊടുങ്ങല്ലൂർ എത്തിയപ്പോൾ പ്രസ്തുത സംഭവങ്ങളെല്ലാം നടന്നുകൊണ്ടുതന്നെ ഇരുന്നു എന്നും (14) അദ്ദേഹത്തിന്റെ സഞ്ചാരവിവരണത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കോട്ടക്കാവു (കോട്ടക്കായൽ) അഥവാ പട്ടണം) പറവൂർ എന്ന സ്ഥലത്തു ശ്രീ ഹാ സ്ഥാപിച്ച മറൊരു കുരിശു വളരെ പൂജ്യമായി സൂക്ഷിക്കപ്പെട്ടിരുന്നു. ൧൬-ാം ശതാബ്ദത്തിന്റെ അവസാന ഘട്ടത്തിൽ ഠിപ്പുസുൽത്താൻ അവിടെയുണ്ടായിരുന്ന പള്ളി തീവച്ചു ദഹിപ്പിച്ചകൂട്ടത്തിൽ പ്രസ്തുതകുരിശും നശിച്ചുപോയി. വി. ശ്ലീഹാ ഏതദ്ദിഗ്പാസികളായിരുന്ന ബ്രാഹ്മണരെ മാനസാന്തരീകരിച്ചതോടുകൂടി അവിടെ ഉണ്ടായിരുന്ന ഒരു ക്ഷേത്രത്തെ പള്ളിയാക്കി മാറിയതായിരുന്നു മേൽപറയപ്പെട്ട ദേവാലയം. ഇതിലേക്കു ആ അമ്പലത്തിൽ ഉപയോഗിക്കപ്പെട്ട പല ശിലാശകലങ്ങളും അദ്യാപി ദൃഷ്ടാന്തങ്ങളായി ശേഷിച്ചിട്ടുണ്ടു. നെടുമ്പള്ളി, കോട്ടക്കാവു മുതലായി അന്നു ജ്ഞാനസ്നാനം സ്വീകരിച്ച പല ബ്രാഹ്മണകുടുംബങ്ങളിലെ സന്തതികൾ ഇന്നും അവിടെനിവസിച്ചുവരുന്നു. വി. ശ്ലീഹാ ആ സ്ഥലത്തു വേദം പ്രസംഗിക്കയിൽ കപിതന്മാരായ നമ്പൂരിമാരാൽ അദ്ദേഹം പലവിധേന ഉപദ്രവിക്കപ്പെട്ടുകയുണ്ടായി. തത്സമയം അമ്പലത്തിൽ ഒരുത്സവപ്രദക്ഷണം നടന്നുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നു ഒരു കൊടുങ്കാറ്റുണ്ടാവുകയും തന്നിമിത്തം ആഘോഷാംശങ്ങളിൽ സംബന്ധിച്ചിരുന്ന ബ്രാഹ്മണർ നിലത്തുപതിക്കുകയും അതുകണ്ടു മറുനമ്പൂരിമാർ ശ്ലീഹായുടെ അടുക്കൽചെന്നു സഹായം അപേക്ഷിക്കുകയും അദ്ദേഹം അവരുടെ യാചനയെ അംഗീകരിച്ചു നഷ്ടസംജ്ഞന്മാരായി കിടക്കുന്ന ആളുകളെ ചെന്നു കാണുകയും വെള്ളംതളിച്ചു സുഖപ്പെടുത്തുകയിൽ ജലകണങ്ങൾ ആകാശത്തിൽ ഒറ്റതിരിഞ്ഞു

പുഷ്പാകൃതികളിൽ കാണപ്പെടുകയും ചെയ്യു. ഈ അപദാനത്താൽ അവരെല്ലാവരും സത്യവേദം അനുസരിച്ചു എന്നുമാത്രമല്ല അതു ക്ഷേത്രം പള്ളിയാക്കി പ്രതിഷ്ഠിക്കുന്നതിനു വി. ശ്ലീഹായിക്കു സംഗതിയാവുകയും ചെയ്തു. ഇങ്ങനെയാണുമേൽപറയപ്പെട്ട കുസ്തീയദേവാലയത്തിന്റെ ഉല്പാദനചരിത്രം.

പ്രാചീനകാലത്തു പാലൂരെന്നു സ്ഥലം ബ്രാഹ്മണരുടെ ഒരു പ്രധാന ഗ്രാമമായിരുന്നു. അവിടെയുണ്ടായിരുന്ന ക്ഷേത്രസ്ഥലവും കുളവും ഇപ്പോൾ പള്ളിവകയാണു. തദ്ദേശീയരായ ബ്രാഹ്മണരിലും ഖളരെപേർ വേദമനുസരിച്ചതിനാൽ ശ്ലീഹാ അവരുടെ അമ്പലത്തേയും പള്ളിയായി രൂപാന്തരപ്പെടുത്തി. അതിന്റെ പലലക്ഷ്യങ്ങളും അദ്യാപി കാണപ്പെടുന്നുമുണ്ടു. പാലൂർ ഗ്രാമസ്ഥാനത്തുവച്ചു ബ്രാഹ്മണർ ഇക്കാലത്തുപോലും സ്നാനപാനാശനങ്ങൾ ചെയ്യുന്നില്ലെന്നുള്ള വാസ്തവം എല്ലാവക്കും അറിയാവുന്നതാണല്ലൊ. വി. ശ്ലീഹാ ഒരിക്കൽ അമ്പലക്കുളത്തിൽ സ്നാനംചെയ്തുകൊണ്ടിരുന്ന ബ്രാഹ്മണരുടെ "തപ്പുണവിധാന"ങ്ങൾ കണ്ടു അവരോടു വെള്ളം കോരിയെടുക്കുന്ന ഭാഗത്തു കുഴികാണിക്കുകയും മേൽപ്പെട്ട എറിയുന്നവെള്ളം ആകാശത്തിൽ നിറുത്തുകയും ചെയ്യുന്നതിനു സാദ്ധ്യമാണോ എന്നു ചോദിച്ചു. അതിനു അവർ "നിനക്കു അതു സാദ്ധ്യമാണെങ്കിൽ നീ ഉപദേശിക്കുന്ന വേദം സത്യമെന്നു ഞങ്ങൾ സമ്മതിക്കാം" എന്നു മറുപടി പറഞ്ഞു. ശ്ലീഹാ അപ്രകാരം ചെയ്തതിനാൽ അനവധിമാരിൽ പലരും ക്രിസ്തുമതം അനുസരിക്കുകയും അനുസരിക്കാത്തവർ "ഇനി കുളിവെമ്പേനാട്ടു" എന്നു പറഞ്ഞുകൊണ്ടു ഗ്രാമംവിട്ടു പൊയ്കളയുകയും ചെയ്തു. ഇതാണു ഇന്നും ബ്രാഹ്മണർ പാലൂരിൽവച്ചു, സ്നാനംചെയ്യുകയാവട്ടെ പാനാശനങ്ങൾ നിർവ്വഹിക്കുകയാകട്ടെ ചെയ്യാത്തതിന്റെ കാരണം.

പോർട്ടുഗീസുകാർമലയാളത്തുവന്നപ്പോൾക്ഷേത്രാകൃതികളിൽ ഉള്ള ചിലസൂറിയാനിപ്പള്ളികളെ അവർ കാണുകയുണ്ടായി. (15) വി. ശ്ലീഹാ വേറെയും ചില അമ്പലങ്ങളെ ഒക്കെയും

ഒക്കെസ്സുവദേവലായങ്ങളാക്കി തീർത്തിട്ടുണ്ട്. കേരളത്തിലുണ്ടായിരുന്ന പുരാതനങ്ങളായ പള്ളികളും മിക്കവാറും അമ്പലങ്ങളുടെ ഭാഷയിലാണ് പണികഴിപ്പിക്കുകയും ചെയ്തുവന്നിരുന്നതു. ഏതുമൂലം അവരുടെ ഈ പ്രസ്താവം വാസ്തവമാണെന്നുള്ളതിനു സംശയമില്ല. കേരളത്തിൽ പള്ളികൾ നവീനാകൃതിയിൽ പണിയിക്കപ്പെട്ടതുടങ്ങിയതു പോർട്ടുഗീസുകാരുടെ ആഗമനാനന്തരമാകുന്നു.

കോക്കമംഗലത്തു ക്രിസ്ത്യാനികൾ സ്ഥാപിക്കപ്പെട്ട കുരിശു അസ്ഥാനത്തിനു അല്പം വടക്കുമാറി സ്ഥിതിചെയ്യുന്നുണ്ടു. ആ കുരിശു ആദിമകാലത്തു മതദ്വേഷികൾ കോക്കമംഗലത്തു നിന്നു പിഴുതുകായലിൽ എറിഞ്ഞുകളഞ്ഞതായിട്ടാണു ജനശ്രുതി. പിന്നീടു അതു ഒഴുകി പള്ളിപ്പുറത്തുചെന്നടുക്കുകയും ആസ്ഥലത്തു വിസ്മയനീയമായ ഒരു പ്രകാശം കാണപ്പെടുകയാൽ തദ്ദേശവാസികളായ ക്രസ്ത്യാനികൾ അന്വേഷണം നടത്തുകയിൽ പ്രസ്തുത കുരിശു കണ്ടെടുക്കുകയും അതിനെ ഭക്തിപൂർവ്വം പള്ളിപ്പുറത്തു സ്ഥാപിക്കുകയും ചെയ്തു. ഇക്കാര്യത്തും മേൽപറയപ്പെട്ട കുരിശു അസ്ഥലത്തുള്ള ദേവാലയത്തിൽ ജനങ്ങളാൽ ആരാധിക്കപ്പെട്ടുവരുന്നു. അതിനു വേണ്ട ലക്ഷ്യങ്ങൾ ഇപ്പോഴും അവിടെ ഉണ്ടു. ക്രിസ്തീയർക്കിടയിൽ ജ്ഞാനസ്നാനം കൈക്കൊണ്ടവരായ കോക്കമംഗലം നിവാസികളിൽ ചിലരും പിന്നീടു വേദം ഉപേക്ഷിച്ചുകളയുകയുണ്ടായി. അവരിൽ പ്രധാനനായ ഒരുത്തനാണത്രെ പ്രസ്തുത കുരിശിനെ പ്രസ്തുതസ്ഥാനത്തുനിന്നു ഇളക്കി സമീപസ്ഥമായ കായലിൽ എറിഞ്ഞുകളഞ്ഞതു.

ചായൽപള്ളിയെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതു ഇപ്പോഴും നാമാവശിഷ്ടമായി രീന്നിരിക്കയാണു. അവിടെ തോമസ്ക്രിസ്ത്യാനികൾ സ്ഥാപിച്ച കുരിശും ദേവാലയവും എ.ഡി. ൧൬൦൯ വരെ മാത്രമേ നിലനിന്നുള്ളു. അനന്തരശതാബ്ദത്തിൽ വക്കിപ്പുലിയുടെയും പെരുമ്പാറായുടെയും ഉപദ്രവം കലശലായിതീരുകയാൽ ജനങ്ങൾക്കു അവിടെ നിവസിക്കുവാൻ നിവൃത്തിയില്ലാതെ വരുകയും തന്നിമിത്തം മറവളവരോട്ടുകുടി

ക്രസ്ത്യാനികളും ആ സ്ഥലം ഉപേക്ഷിക്കുകയും ചെയ്തു. അവരിൽ ചിലർ കാഞ്ഞിരപ്പള്ളിയിലും മറ്റു ചിലർ ചെങ്ങന്നൂരും കടമ്പനാട്ടും പോയി വാസം ഉറപ്പിച്ചു. പായൽ അഥവാ നിലയ്ക്കൽ എന്നു സ്ഥലം റാന്നിക്കു കിഴക്കുതെക്കായിട്ടാണു കിടക്കുന്നതു. (16) മേൽപറയപ്പെട്ട പള്ളിയുടെ ചില ജീർണ്ണാവശിഷ്ടങ്ങൾ അദ്യാപി അവിടെ കാണപ്പെടുന്നുണ്ടു. അവിടെ ഒരു ചെറിയ പള്ളിയുടെ തറയും അതിനുസമീപിച്ചു അനേകം പുരത്തറകളും ഉള്ളതുകൂടാതെ വീണുകിടക്കുന്ന ഒരു കുരിശും കാണാവുന്നതാണ്. കുരിശു രണ്ടുഖണ്ഡങ്ങളായിട്ടാണു കിടക്കുന്നതു. അതു സ്ഥാപിക്കപ്പെട്ടിരുന്ന മണ്ഡപം മണ്ണുകോരിപ്പൊക്കി ഉണ്ടാക്കിയിട്ടുള്ള ഒരു കുമ്പാരമായിരുന്നു. അവിടെനിന്നു മൂന്നുനാഴിക തെക്കുമാറിയാണു വലിയപള്ളി സ്ഥിതിചെയ്തിരുന്നതു. അതു ദേവാലയഭിത്തികളുടെ ഏതാനംഭാഗങ്ങൾ ഇപ്പോഴും കാണ്മാനുണ്ടു. പ്രസ്തുത ചെറിയപള്ളി അദ്യം സ്ഥാപിക്കപ്പെട്ടതും വലിയപള്ളി രണ്ടാമതു പണിയപ്പെട്ടതും അതെന്നു രണ്ടിന്റേയും ജീർണ്ണാവശിഷ്ടങ്ങളുടെ സ്ഥിതിനോക്കിയാൽ എളുപ്പത്തിൽ നിശ്ചയിക്കാവുന്നതാണു. വക്രിപ്പുലി, പെരുമ്പാറാ എന്നിവ വന്യമൃഗങ്ങളായ അതിനും കടുവായും അതെന്നു ചില പ്രാചീന ലേഖകന്മാർ പ്രസ്താവിക്കുന്നു. പായൽദേശത്തുനിന്നു കാഞ്ഞിരപ്പള്ളിയിൽപോയി കുടിപാർത്ത ജനങ്ങൾ ഉദ്ദേശം ൧൦൦ വർഷങ്ങളോളം അരുവിത്തുറപ്പള്ളിയിലാണു ഇടവകക്രുടി നടത്തിവന്നതു. അനന്തരം ക്രീ. ൧൪൭൦-ൽ കാഞ്ഞിരപ്പള്ളിയിൽ ഒരു പള്ളി തുതനമായി സ്ഥാപിക്കുകയും മാർ യൌസേപ്പുമെത്രാപ്പോലീത്താ അതിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കുകയും ചെയ്തു. വന്ദ്യനായ ഈ പുരോഹിതശ്രേഷ്ഠൻ ൧൪-ാം നൂറാണ്ടിൽ മലങ്കരസഭയെ ഭരിച്ചുവന്ന അതുളാനെന്നും പ്രത്യുത ൧൫-ാ ശതാബ്ദത്തിൽ പോർട്ടുഗീസുകാരുടെ ഭരണകാലത്തു കേരളത്തിൽ വന്നിട്ടുള്ള ദോമക്കോസ്സെന്നും വായനക്കാർ ധരിക്കേണ്ടതാണു.

തോമ്മാശ്ലീഹാ നിരണത്തോടുചേർന്നു തുകലാശേരിയും

എന്നാ സ്ഥലത്തു ആരാധനാർത്ഥം ഒരു ശ്ലീഹാ ആത്മമായി സ്ഥാപിച്ചു എങ്കിലും തദ്ദേശീയരായ നമ്പൂരിമാർ അതിനെ നിന്ദിക്കുകയാൽ വി. പ്രേഷകൻ ആ കുരിശിനെ അവിടെനിന്നു എടുത്തു അല്പം തെക്കുമാറി രണ്ടാമതു ഒരിടത്തു പ്രതിഷ്ഠിക്കയുണ്ടായി. ആ സ്ഥലത്തു നടന്ന ഒരു സംഭവത്തെപ്പറ്റി പുരാതനമായ ഒരു രേഖയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. ഇവിടെ സത്യവേദവിശ്വാസിയായ ഒരുവന്റെ വിധവയായ ഒരു സ്ത്രീയിൽ നിയമവിരുദ്ധമായി അനുരാഗം ജനിക്കുകയും തന്മൂലം അവൾ ഗർഭിണിയായി ഭവിക്കുകയും ചെയ്തു. പ്രസവാനന്തരം മാതാവു ആ പ്രജയെ കൊന്നുകളകയാണു ചെയ്തതു. ഈ സംഗതിയെ സംബന്ധിച്ചുണ്ടായ ഊഹം നിമിത്തം അവളുടെ അടുത്ത ബന്ധുക്കൾ വാസ്തവം വെളിപ്പെട്ടുന്നതിനു ആ സ്ത്രീയെ നിർബന്ധിക്കുകയും തത്സമയം അവൾ ബ്രാഹ്മണരുടെ ഉപദേശത്താലും പിശാചിന്റെ പ്രേരണയാലും ജാരപുരുഷന്റെ നാമം വെളിപ്പെടുത്താതെ തനിക്കു അവമാനത്തിനു ഇടവരുത്തിയ ആൾ സന്ന്യാസിവേഷംധരിച്ചു നൂതനമത പ്രചാരകനായി നടക്കുന്ന തോമ്മാ എന്നാ ഒരു പരദേശിയാണെന്നു നിർലജ്ജം പ്രസ്താവിക്കുകയും ചെയ്തു. അതുകേട്ടു ശ്ലീഹായെ ഉപദ്രവിക്കുന്നതിനായി അവളുടെ മാതാപിതാക്കന്മാർ സന്നദ്ധരാകുകയിൽ കൊല്ലപ്പെട്ട കുട്ടിയുടെ അതിന്റെ പിതാവാരാണെന്നു അറിയിക്കുവാൻ വി. പ്രേഷകൻ ദൈവനാമത്താൽ ആജ്ഞാപിച്ചു. തൽക്ഷണം ആ ശിശു പുനർജ്ജീവിച്ചു അത്ഭുതമാംവണ്ണം സംസാരിക്കുകയും സ്വപിതാവു ഇന്നവനാണെന്നുള്ള വാസ്തവം വെളിപ്പെടുത്തുകയും ഉണ്ടായി. വിസ്മയനീയമായ ഈ സംഭവത്താൽ വേദവിരോധികളുടെ ഉപദ്രവത്തിനു ശമനം സിദ്ധിച്ചു എന്നുമാത്രമല്ലകൃസ്ത്യാനികൾക്കു വിവിധങ്ങളായ അനുകൂല്യങ്ങൾക്കു വഴി തുറക്കപ്പെടുകയും ചെയ്തു.

കൊല്ലത്തു നമ്മുടെ ശ്ലീഹാ സ്ഥാപിച്ച ആരാധനസ്ഥലം മൂന്നാം നൂറ്റാണ്ടിൽ ഒരു വലിയ പള്ളിയായി പണിയിക്കപ്പെട്ടു. ആ പള്ളിക്കു പ്രത്യേകം ചില ആദായമാർഗ്ഗങ്ങളും ഇടവക

ക്കാരായ ക്രിസ്ത്യാനികൾക്കു പല അവകാശങ്ങളും സ്ഥാനമാന
ങ്ങളും രാജസ്ഥാനത്തുനിന്നു പ്രകൃത ശതാബ്ദത്തിൽതന്നെ ന
ല്കപ്പെട്ടിട്ടുണ്ടു (ഇതിനെ സംബന്ധിച്ചു പിന്നീടു പൂർണ്ണമായി
വിവരിക്കുന്നതാണു) അനന്തരം ചില നൂറ്റാണ്ടുകൾക്കുശേഷം
ആ സ്ഥലവും ദേവാലയവും കടൽകയറി നശിച്ചുപോയി.

തോമ്മാശ്ലീഹാ മൈലാപ്പൂരിൽനിന്നു മലങ്കരയിലേക്കു മ
ടങ്ങിവരുന്ന മദ്ധ്യേ മലയാറ്റൂരിൽ എത്തി വേദം പ്രസംഗിക്ക
കയും അല്പകാലം അവിടെ താമസിച്ചു ചിലരെ മാമ്മോദീസാ
മുക്കുകയും ചെയ്തതായി അടുത്ത് മൂന്നാമദ്ധ്യായത്തിൽ ചേർത്തി
രിക്കുന്ന പുരാതനമായ ഒരു പാട്ടിന്റെ ഘടനയുടെ മുതൽ 100 വ
രെയുള്ള നാല്പാടങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. ശ്ലീഹാ അവിടെ ആരാധനസ്ഥലം സ്ഥാപിച്ചില്ലെങ്കിലും അ
ദ്ദേഹം ആ സ്ഥലത്തുള്ള പർവ്വതാഗ്രത്തിൽ കയറി പ്രാർത്ഥിച്ചു
തിനെപ്പറ്റി വിവരിക്കുന്നതും എല്ലാക്കാലത്തും നിലനിന്നുവരു
ന്നതുമായ ഒരു പാരമ്പര്യവുമുണ്ട്. അതു ഇപ്രകാരമാ
കുന്നു. വി. പ്രേഷകൻ ഇവിടെ സുവിശേഷം പ്രസംഗിച്ചുവരു
കയിൽ കുരിശുമുടി അഥവാ കുരിശുമല എന്നു ഇക്കാലത്തു പ
റയപ്പെട്ടുവരുന്നതും സമീപസ്ഥവുമായ ഒരു മലയുടെ മുകളിൽ
ആശ്രയമായി പതിവുപോലെ ഒരു പാറപ്പുറത്തു കുരിശിന്റെ
അടയാളം വരച്ചു മുട്ടുകുത്തി പ്രാർത്ഥിച്ചു. നിർജ്ജനവും വന്യമൃഗ
ങ്ങളുടെ വാസസ്ഥാനവും ആയി കിടന്നിരുന്ന ആ സ്ഥലത്തു
ഏകദേശം ക്രീ. 1100-ാം വർഷത്തിൽ ചില നായാട്ടുകാർ വേട്ട
യ്ക്കായി ചെല്ലുകയും ഒരു രാത്രികാലം പ്രസ്തുത ശിലാതലത്തിൽ
വിശ്രമിക്കുകയും ചെയ്യുന്നതിനിടയായി. തത്സമയം അതിന്മേ
ലുള്ള ചപ്പുംമറവും നീക്കുകയിൽ ആ പാറയുടെ ഒരു ഭാഗം സ
ർണ്ണരേഖാങ്കിതമായി പ്രശോഭിക്കുന്നതുകണ്ടു വിസ്മയപൂർവ്വം അ
വരിൽ ഒരുത്തൻ പാരകൊണ്ടു അതിന്മേൽ ഒന്നു കുത്തുകയുണ്ടാ
യി. ഉടനെ ആ ഭാഗം രക്തവർണ്ണമായി കാണപ്പെട്ടതിനാൽ
നായാട്ടുകാർ ഭയന്നു വിവരംഅടുത്തുള്ള നസ്രാണികളുടെ അങ്ങാ

ടീയിൽ ചെന്നറിവിച്ചു. തന്നിമിത്തം അവർ ചെന്നു പരിശോധിച്ചതിൽ ഭീപ്രമായ ആ ശിലാവിഭാഗം ഒരു കുരിശിന്റെ ആകൃതിയോടുകൂടിയതാണെന്നും അതിനു അടുത്തുതന്നെ കാണപ്പെട്ട മറെറാരുടയാളും റ്റ്ശീഹാ മുട്ടുകുത്തിയപ്പോൾ ഉണ്ടായ രേഖയാണെന്നും മനസ്സിലാക്കി വസ്തുത അന്നിരുന്ന മേല്പട്ടക്കാരനെ ധരിപ്പിച്ചു. അനന്തരംഅദ്ദേഹത്തിന്റെ അനുവാദാനുസാരംഅവിടെ കുരിശിന്റെ നാമധേയത്തിൽ ഒരു പള്ളി പണികഴിപ്പിക്കുകയും പൊലിയാവിളക്കുഏർപ്പെടുത്തപ്പെടുകയുംചെയ്തു. ആ വിളക്കുഏല്പോഴെങ്കിലും കെട്ടുപോയാൽ വിവരംജനങ്ങളെഅറിയിക്കുന്നതിനെന്ന പോലെ മലമുകളിലുള്ള ഒരുവക ചെമ്മരിയാട്ടു താഴെയുള്ള തെരുവിൽപ്രവേശിക്കുകയുംചെയ്താരാ ആളുകൾ കായ്യം മനസ്സിലാക്കി അവിടെ ചെന്നു വിളക്കുകത്തിക്കുകയും ചെയ്യുക പതിവായിരുന്നു. വേനീസിലെ വി. മർക്കോസിന്റെ പള്ളിയിൽ നടന്നവരുന്നതുപോലെ ഈ ദേവാലയത്തിലും ആദ്ധിമകാലം തുടങ്ങി ഒരു ആചാരവിശേഷം നടപ്പിലായിട്ടുണ്ടു. വീ. മർക്കോസിന്റെ എന്നു പറയപ്പെട്ടന്ന പ്രാവുകൾക്കു ജനങ്ങൾ അവിടെ ധാന്യവർഷം ചെയ്യുന്ന രീതിയിൽ കുരിശുമലയിൽ തോമ്മാശ്ലീഹായുടെ ആടുകൾ എന്നു സങ്കല്പിക്കപ്പെട്ടിട്ടുള്ള ആ കാട്ടുമൃഗങ്ങൾക്കു നേർച്ചക്കാർ എള്ളുവിതറികൊടുക്കുകയും അവ നിത്യം സമീപത്തുവന്നു അതു ഭക്ഷിക്കുകയും ചെയ്തുവന്നിരുന്നു. കാലാന്തരത്തിൽ ആ പ്രദേശത്തു വനസമൃദ്ധികുറഞ്ഞു തുടങ്ങിയതിനാൽ ഇപ്പോൾ ആ വക മൃഗങ്ങളേ അവിടെ കാണ്മാനില്ല. എങ്കിലും എള്ളുവിതറുക എന്ന നടപ്പു ഇന്നും അവിടെ സുലഭമാണു്. പുതുഞായറാഴ്ചതോറും (ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച) ആ മലയിൽ ഘോഷിക്കപ്പെടുന്ന തിരുനാളിൽ കൃസ്ത്യാനികൾ പർവ്വതാരോഹണം ചെയ്യുമ്പോൾ "പൊന്നുംകുരിശുമുത്തപ്പാ പൊന്മല കയറാം" എന്നും ഇറങ്ങുമ്പോൾ "പൊന്നുംകുരിശുമുത്തപ്പാ പൊന്മല ഇറക്കം" എന്നും വിളിച്ചു പറയുക പതിവാണു. ഏതൻമൂലം മലങ്കരയിലെ സുറിയാനിക്കാർ തോമ്മാശ്ലീഹായെ അവരുടെ മുത്തപ്പൻ എന്നാണുവിളി

ച്ച വരുന്നതെന്നും പൊതിൽക്കരിയ്ക്കുന്നു അവിടെ കാണപ്പെട്ടതി നാൽ മുത്തപ്പൻ എന്ന പദത്തോട് ആ ശബ്ദം ബഹുമാനാഥ്ഥ മായി കൂട്ടിച്ചേർക്കുന്നതാണെന്നും സ്പഷ്ടമാണല്ലൊ. വി പ്രേഷക ന്റെ തിരുനാൾ അവിടെ പുതുഞായറാഴ്ചതോറും ആഘോഷിക്ക പ്പെടുന്നതിലേക്കു ചില പ്രത്യേക കാരണങ്ങൾ ഉണ്ട്. ആ ദി വസത്തിൽ ശ്ലീഹാ നമ്മുടെ ദിവ്യരക്ഷകന്റെ തിരുഹൃദയത്തി ൽ കൈവീട്ടി സ്പർശിച്ചതിനാൽ പ്രത്യുപ്പും ആ ദിനത്തിനാ ശ്ലീ ഹായോട് ഒരു പ്രത്യേക സംബന്ധമുള്ളതായി വിചാരിക്കപ്പെ ടാവുന്നതിനാലും കാടകം നാ-ാന- ആ വന്ദ്യന്റെ മരണവു സരമായി പണ്ടു പണ്ടെ ആചരിക്കപ്പെട്ടവരുന്ന സ്ഥിതിക്ക അന്നു ഈ ആഘോഷം നിർവ്വഹിപ്പാൻ തരമില്ലാത്തതു കൊണ്ടും ആകുന്നു. ഇപ്രകാരം അവിടെ പ്രത്യേകം ഒരു തിരു നാൾ കൊണ്ടാടി വരുന്നതു. (ഈ തിരുനാളിനു ഫ. ക്ഷ-ാം പീ യൂസുമാപ്പാപ്പാതിരുമസ്സുകൊണ്ടു ക്രീ. ക്ഷൻൻ ആഗസ്റ്റ ഫ-ാം ന- പൂർണ്ണവും അപൂർണ്ണവുമായ ചില ദണ്ഡ വിമോചനങ്ങളെ ശാശ്വതമായി കല്പിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള സംഗതി പ്രസ്തുത വർഷം ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള "കന്മലകസുമത്തിന്റെ" ഫ്രിവ, ഫ്രൻ എന്നീപുറങ്ങളിൽനി ന്നു ഗ്രഹിക്കാവുന്നതാണു.) സ്ഥാർ കണക്കുകളിൽ മേൽപറയ പ്പെട്ട മലക്ക ഇപ്പോഴും 'പൊന്മുടി' എന്നാണു പേരെഴുതിവരു ന്നതു.

൬. പ്രസ്താവാഹ്മായ നാലമത്തെ സ്മാരകം തോമ്മാശ്ലീ ഹായിൽ നിന്നു ഗ്രഹിച്ച ചില കുടുംബങ്ങളിൽ അദ്ധ്യാപി അനസ്യൂതമായി വൈദികന്മാർ ഉണ്ടാകുള്ള സംഗതി യാണു. കള്ളി, കാളികാവു, (കാളിയാങ്കൽ), മാളിക, കടപ്പുഞ, ഇടപ്പള്ളി, മുതലായി ചില പ്രധാന ബ്രാഹ്മണ കുടുംബങ്ങളും ശ്ലീഹായിൽനിന്നു ഇഞാനസ്നാനവും ഗ്രഹിച്ചിട്ടുള്ളവയാണു. (17) എന്നാൽ അവയിൽചില പേരുകളും ഗോത്രനാമങ്ങളും ആകകൊണ്ടും ചേരമാൻപെരുമാൾരാജ്യംവി ഭജിച്ചുകൊടുത്തകാലം മുതൽ കേരളത്തിൽ നാനാ നവങ്ങളായി

പല രാജസ്ഥാനങ്ങളും ഇടപ്പള്ളിക്കുന്മാരും ഉണ്ടാകുകയും അവരുടെ ഇടയിൽ ക്രൂരക്രൂരമായ യുദ്ധവിപ്ലവങ്ങൾ സംഭവിക്കുകയും ചെയ്തതോട്ടുകൂടി പലകുടുംബങ്ങൾക്കും നാടുമാറിപാർക്കുവാൻ ഇടയായതുകൊണ്ടും അവരുടെ പഴയതാവഴിപ്പേർ സർവ്വത്ര മാറിപ്പോയിട്ടുണ്ടു. അതിനാൽ പ്രസ്തുത പല കുടുംബങ്ങളിലും ഉൾപ്പെട്ട അംഗങ്ങൾ തമ്മിലെല്ലാംതന്നെ നിശ്ചയിക്കുവാൻ ഇക്കാലത്തു നമുക്കെന്നല്ല അവർക്കുപോലും പ്രയാസമായിട്ടാണു തീർന്നിരിക്കുന്നതു. ശ്ലീഹായിൽ നിന്നുവൈദിക മൂപ്പു സ്ഥാപിക്കപ്പെട്ടിട്ടുള്ളവയെന്നു ചൂണ്ടിക്കാണിപ്പാൻ തക്കവണ്ണം പരമ്പരയായി ഇപ്പോഴും അറിയപ്പെട്ടിട്ടുള്ളതു ശങ്കരപുരി, പകലോമറ്റം മുതലായ ഒന്നുരണ്ടു കുടുംബങ്ങൾ മാത്രമാകുന്നു. പകലോമറ്റം കുടുംബത്തിൽ നിന്നു ആദിമകാലം തുടങ്ങിത്തുടരെ തുടരെ അനവധി അർക്കദിയാക്കോൻ (Archdeacon) മാർ മലങ്കര സഭയിൽ ഉണ്ടായിട്ടുണ്ടു. എന്നാൽ പതിനാറാം ശതാബ്ദത്തിൽ ഗീവറുഗീസു എന്ന പേരുള്ള ഒരു അർക്കദിയാക്കോൻ അഭിനവമായ ഒരു പള്ളിചട്ടം കഴിപ്പിക്കുകയും അതിലേക്കു അദ്ദേഹം കൊച്ചീരാജാവിനെക്കൊണ്ടു ൧൫൯൯ ജനുവരി ൨൨ാം നു- എന്നാൽ ൨൩ാം ശ്ലീഗോറിയോസു മാപ്പാനയോട് ഒരു പരിപൂർണ്ണ ദണ്ഡവിമോചനാനുമതി അപേക്ഷിക്കുകയും പ്രസ്തുത വർഷം ഡിസംബർ ൨൯-ാം നു- മാപ്പാപ്പാതിരുമനസ്സുകൊണ്ടു ആ പ്രാർത്ഥനയെ അംഗീകരിച്ചു മറുപടികൊടുക്കുകയും ചെയ്തതുണ്ടായി. (18) അദ്ദേഹം പകലോമറ്റം തറവാട്ടിലെ ഒരംഗമായിരുന്നു. ഉദിയമ്പേരൂർ സൂനഹദോസിന്റെ കാലത്തു ഉണ്ടായിരുന്ന ഗീവറുഗീസു അർക്കദിയാക്കോനും ക്രി. എന്നുന്നു-ൽ മെത്രാഭിഷേകം ചെയ്യപ്പെട്ട അലക്സാണ്ടർ എന്നാ ദേവറും ഈ കുടുംബത്തിൽ ഉൾപ്പെട്ടവർ തന്നെ. മലയാളത്തിൽ പ്രകൃത കുടുംബത്തിലെ അംഗങ്ങളായ വൈദികന്മാർ ക്രാവിലങ്ങാട്ട പള്ളിയിലും മറ്റുപല ഇടവകകളിലും ഇന്നും ഉണ്ടു. തോമ്മാശ്ലീഹാ കേരളത്തിലും കിഴക്കൻ രാജ്യങ്ങളിലും മതപ്രസംഗംചെയ്തതും വളരെ ആളുകളെ സത്യവേദവിശ്വാസികളാക്കിത്തീർത്തതും അത്യത്ഭുതങ്ങളെ നിർണ്ണയിച്ചുള്ള

മാളിയെക്കൽ എന്ന കുടുംബത്തിൽ ഉണ്ടായിരുന്ന ഒരു പട്ടക്കാരൻ ൧൯൩൫-ൽ ഒരുഗാനകൃതിയായി എഴുതിയിട്ടുണ്ട്. ഇദ്ദേഹം മാർ തോമ്മാ ശ്ലീഹായാൽ ഗ്രൂപ്പിച്ചുകൊണ്ടുവരപ്പെട്ട ആ കുടുംബത്തിലെ ൭൨-ാമത്തെ തലമുറയിലുള്ള ഒരാളായിരുന്നു. (19) ആദ്യശതാബ്ദത്തിൽ വി. പ്രേഷകന്റെ ശിഷ്യനും സ്വകുടുംബത്തിലെ ഒരംഗവുമായിരുന്ന വൈദികൻ എഴുതിവച്ചിരുന്ന ചരിത്രത്തിന്റെ സംക്ഷേപരൂപത്തേയാണ് ഇദ്ദേഹം തന്റെ കൃതിയിൽ സംഗ്രഹിച്ചിരിക്കുന്നതു.

൨൧. കേരളീയരായ സുറിയാനിക്കാർ തോമ്മാശ്ലീഹായുടെ തിരുനാളിനെ ആണ്ടുതോറും ജൂലായിമാസം ൩-ാം ൪- കടമുള്ള ദിവസമായി ആചരിച്ചു വരുന്നു എന്നുള്ള സംഗതിയാണ് അഞ്ചാമത്തെ സ്മരണാർഹമായ ലക്ഷ്യം. ഈ തിരുനാളാഘോഷം എട്ടു ദിവസംവരെ ദീർഘിക്കുന്നു എന്നു മാത്രമല്ലാതെ ഓരോ ദിവസങ്ങളിലും പട്ടക്കാക്കു പ്രത്യേകം പ്രത്യേകം ഉപയോഗിക്കുന്നതിലേക്കുവേണ്ടി ചില ആരാധനാക്രമം വ്യവസ്ഥപിക്കപ്പെട്ടിട്ടുമുണ്ട്. (20) ഒന്നാം ദിവസത്തിലെ "ലെലിയാ" (രാത്രി) പ്രാർത്ഥനയിൽ

ܡܫܝܚܐ ܕܒܗ ܐܬܬܩܪܒ ܠܐܠܗܐ ܒܡܝܬܘܬܗ ܕܥܠ ܨܠܒܐ ܘܒܗ ܐܬܬܩܪܒ ܠܐܠܗܐ ܒܡܝܬܘܬܗ ܕܥܠ ܨܠܒܐ .

"തോമ്മാ ഇൻഡ്യയിലെ കടൽതീരത്തു വച്ചു ശ്ലൂഹാരോഹിതനായി മരിച്ചു" എന്നു പറയപ്പെട്ടിരിക്കുന്നു. ക്രൂശാതെ പ്രഥമദിനത്തിലെ "സപ്രാ" (പ്രഭാത) ജപത്തിൽ

ܡܫܝܚܐ ܕܒܗ ܐܬܬܩܪܒ ܠܐܠܗܐ ܒܡܝܬܘܬܗ ܕܥܠ ܨܠܒܐ ܘܒܗ ܐܬܬܩܪܒ ܠܐܠܗܐ ܒܡܝܬܘܬܗ ܕܥܠ ܨܠܒܐ .

"നിന്റെ ക്രൂശാരത്തെ സമുദ്രതീരത്തിൽ സ്ഥാപിച്ച തോമ്മാശ്ലീഹായെ! നിന്നോടുകൂടി സ്വർഗ്ഗത്തിൽ ഞങ്ങളെ ആനന്ദപൂരിതരാക്കുവാൻ സർവ്വശക്തനായദൈവത്തോടു പ്രാർത്ഥിക്കണമെ" എന്നുച്ചരിച്ചുകൊണ്ടു വി. പ്രേഷകനെ സ്തുതിക്കുന്നു. ഈ

തിരുനാളിന്റെ പ്രാരംഭദിശയെ സംബന്ധിച്ചും അതിനെ (കൊടിമുള്ള) ആണ്ടുവാരമായി ആചരിച്ചു വരുന്നതിനെ കുറിച്ചും മേൽ പ്രസ്താവിച്ച തിരുനാൾ പ്രാർത്ഥനകളുടെ പ്രാചീനതയെപ്പറ്റിയും മുന്ന ചോദ്യങ്ങൾ ഉത്ഭവിക്കാവുന്നതാണ്. അതുകയാൽ അവയിൽ ഓരോന്നിനെ പറ്റിയും അറിഞ്ഞിരിക്കേണ്ട സമാധാനങ്ങൾതാഴെ പ്രതിപാദിക്കുന്നു.

(a). പ്രസ്തുത തിരുനാൾ വി. ശ്ലീഹായുടെ മരണം മുതൽ തന്നെയാണ ആചരിക്കപ്പെട്ടുതുടങ്ങിയതു. എന്തുകൊണ്ടെന്നാൽ ആ പരിശുദ്ധന്റെ നിര്യാണശേഷം കേരളത്തിലും കിഴക്കൻരാജ്യങ്ങളിലും അദ്ദേഹത്താൽ അഭിഷേകം ചെയ്യപ്പെട്ടവരായ മേൽപ്പട്ടക്കാർ ആ പുണ്യാത്മാവിന്റെ ശവകുടീരത്തിൽ ചെന്നു പത്തു ദിവസങ്ങളോളം ആ ദേഹത്തിന്റെ ചരമ സ്മരണയെ അനുവർത്തിച്ചതായി സുറിയാനിക്കാരുടെ കൈവശം സൂക്ഷിക്കപ്പെട്ടുവരുന്നതും വിശ്വാസയോഗ്യവും ഈ ചരിത്രത്തിന്റെ മറ്റൊരദ്ധ്യായത്തിൽ ചേർത്തിരിക്കുന്നതും ആയ പ്രാചീനഗാനം സാക്ഷീകരിക്കുന്നു. ൮-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. അപ്രേം എന്നദ്ദേഹവും അക്കാലത്തു ഈതിരുനാളിനെ ഇൻഡ്യാക്കാർ അഘോഷിച്ചിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. (21)

(b) ഞായറാഴ്ച എന്ന പോലെ തന്നെ ഈ തിരുനാളിനേയും സുറിയാനിക്കാർ ഒരു കടമുള്ള ദിവസമായിട്ടാണ ആചരിച്ചുവരുന്നതു. ഈ കടമ വല്ലകാലത്തും വല്ലവൈദികാധികാരികളാലും ഏർപ്പെട്ടുത്തപ്പെട്ടതായി കാണുന്നില്ല. ആദിമശരാബ്ദങ്ങൾക്കുശേഷം മലങ്കരയിൽ സ്വദേശമെത്രാന്മാരുടെ ഭരണംനിന്നുപോകുകയും തൽസ്ഥാനത്തിൽ പ്രവിഷ്ടന്മാരായ പേഴ്സ്യൻമെത്രന്മാർ സഭയെ ഭരിക്കുകയും ഉണ്ടായിട്ടുണ്ട്. പേഴ്സ്യൻ സഭയിലുണ്ടായിരുന്നതുകൊണ്ടു ഈ തിരുനാൾ കടമുള്ളതായി ഗണിക്കപ്പെട്ടുവരുന്നില്ല. തന്നിമിത്തം സ്വന്ത സമുദായത്തിൽ അനാവശ്യമായ ഒരു അനാവശ്യാനിർബ്ബന്ധം അവർ ഇവിടെ ഏർപ്പെടുത്തിയെന്നു വിചാരിപ്പാനും മാർഗ്ഗമില്ല. ഈ സ്ഥിതിക്കു പ്രകൃതവാസ

രത്തെ സംബന്ധിച്ചുള്ള കടമ ശ്ലീഹായുടെ മരണാനന്തരം വി
ശ്വാസികളുടെ ഭക്തിപൂർവ്വകമായ അനുഷ്ഠാനപരമ്പരയിൽ നിന്ന
സംസ്ഥാപിതമായ മാമൂലിന്റെ ശക്തികൊണ്ടു ഉണ്ടായിട്ടുള്ള
താണെന്നു സിദ്ധിക്കുന്നു. ൨-ാം ശതാബ്ദത്തിൽ കത്തോലിക്കാ
സുറിയാനിക്കാരിൽ നിന്നു വേർപിരിഞ്ഞ മലയാളത്തിലെ യാ
ക്കോബായക്കാരും മേൽപ്രകാരം ജൂലൈമാസം ൩-ാം൯-
തന്നെ വി. ശ്ലീഹായുടെ ദുക്റാനാ (മരണം) തിരുനാൾആ
ഘോഷിച്ചായിരുന്നു, എന്നപോലെ കടപ്പെട്ട ദിവസമായി കൊ
ണ്ടാടി വരുന്നുണ്ട്. സ്മരണയെ ഉല്ലംഘിക്കുമാറു കഴിഞ്ഞ വള
രെ കാലങ്ങൾക്കു മുമ്പു തുടങ്ങി സഭാചിത്രക്കന്മാർ അനുഷ്ഠി
ച്ചുവന്ന ഈ തിരുനാളിന്റെ കടമയെ ഇന്നും അവർ ഉപേക്ഷി
ക്കാതിരിക്കുന്നതു അതീത ശതാബ്ദങ്ങളിലെ നടപടിയുടെ ശ
ക്തികൊണ്ടുമാത്രമല്ലെങ്കിൽ മറെന്തുകൊണ്ടാണു?. അന്ത്യോക്യാ
നിവാസികളായ യാക്കോബായക്കാർ ഈ തിരുനാളിനെ മേൽ
പ്രകാരം നിർബ്ബന്ധിതമായി അനുഷ്ഠിക്കുന്നില്ലെന്നുള്ളതുഇവിടെ
പ്രത്യേകം സ്മരണീയമായിരിക്കുന്നു. ഇതുപോലും പ്രസ്താവിച്ചതിൽ
നിന്നു പ്രസ്തുത തിരുനാളിന്റെ ഉല്പത്തിയും പുരാതനതയും വാ
യനക്കാക്കു വിദിതമായിരിക്കുമല്ലൊ.

(c). പേർഷ്യാ മഹാരാജ്യത്തിലെ കൽദായക്കാരുടെ കാനോൻ
ജപപ്പുസ്തകത്തിൽ ഈ തിരുനാൾ പ്രാർത്ഥന അനുപ്പാടെ
ഒരു ദിവസത്തേക്കുമാത്രമെ എഴുതപ്പെട്ടിട്ടുള്ളു. മലയാളത്തിൽ
പുരോഹിതന്മാർക്കു പ്രസ്തുത തിരുനാൾ സംബന്ധിച്ചുള്ള എട്ടു
ദിവസങ്ങളിലും പ്രത്യേകം പ്രത്യേകം ജപങ്ങൾ വിധിക്കപ്പെട്ടി
ട്ടുണ്ടെന്നു മുമ്പുപ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈവ്യത്യാസത്തെപ്പറ്റി
ആലോചിക്കുമ്പോൾ പ്രകൃതജപങ്ങൾ പേർഷ്യൻകൽദായക്കാ
രുടെ ഇടയിൽനിന്നു പകർത്തിയിട്ടുള്ളതല്ലെന്നു സ്പഷ്ടമാണു. മ
ലങ്കരയിൽ നടപ്പുള്ള ഈ ജപങ്ങളുടെ സാരാംശങ്ങൾ ഇൻഡ്യ
യിലെ ആദിമമേൽപ്പട്ടക്കാരാൽ ഉണ്ടാക്കപ്പെട്ടതും അന്നുമുതൽ
ഇവിടെ ഉപയോഗിക്കപ്പെട്ടു വരുന്നതും അനുകൂലം. തോമ്മാ ശ്ലീ

റായുടെ വിശ്വസ്തോപദേശങ്ങളും മുന്നാംനൂറ്റാണ്ടിൽ എദേസ
യിലേക്കു കൊണ്ടുപോകപ്പെട്ടു. എന്നാൽ ഈ കാനോൻ ഗ്രന്ഥ
ങ്ങളിൽ അത്തെപ്പറ്റി ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലാത്തതുകൊ
ണ്ടും അദ്ദേഹത്തിന്റെ ചരമത്തെപ്പറ്റി വിവരിച്ചുകാണുന്നതി
നാലും ഇവ ആ പുണ്യാത്മാവിന്റെ പൂജ്യരായ ശിഷ്യങ്ങളെ ദേ
ശാന്തരത്തിൽകൊണ്ടുപോകുന്നതിനുമുമ്പുണ്ടാക്കപ്പെട്ടവയാണെ
ന്നുള്ളതു നിസ്സംശയംതന്നെ. ക്രൈസ്തവമതത്തിന്റെ ആരംഭകാലം
മുതൽ ദൈവികന്മാർ പ്രതിദിനം ചിലനിശ്ചിത സമയങ്ങളിൽ
പ്രത്യേകം ദിവ്യജപങ്ങൾ ചൊല്ലിവന്നു എന്നും ആ നടപടി മൂ
ലം പിന്നീടവയെ നിർവ്വഹിക്കുവാനുള്ള കടമ പുരോഹിതന്മാർക്കു
സ്വതഃസിദ്ധമായി എന്നും അകടമ നടപടിയുടെ ശക്തിയാൽ
മാത്രം വന്നുകൂടിയതാണെന്നും അങ്ങനെ ഉപയോഗിക്കപ്പെ
ട്ടുവന്ന ജപങ്ങൾ തന്നെയാണു കാനോനിക പ്രാർത്ഥനകളെ
ന്നും സുവ്യക്തചരിത്രങ്ങൾ കൊണ്ടും പാരമ്പര്യം കൊണ്ടും അറി
യപ്പെട്ടിരിക്കുന്നു.

൯. ആറാമതായി പ്രസ്താവിക്കാനുള്ളതു വീരടിയാന്മാർ
എന്ന ഒരു വർഗ്ഗക്കാരെപ്പറ്റിയാണു. ഹിന്ദുമതാനുയായികളായ
ഈ കൂട്ടർ അഥവാ പൂപ്പണ്ടാരങ്ങൾ കുസ്താനികളുടെ വീടുകൾ
തോറും ചെന്നു ചേരമാൻപെരുമാൾ നസ്രാണികൾക്കു നൽകി
യിട്ടുള്ള സ്ഥാനമാനങ്ങളെ ഗാനംചെയ്തു വർണ്ണിക്കുകയും തദ്വാരാ
കിട്ടുന്ന ഏതൊരുകിഴിയും സമ്മാനങ്ങളും കൊണ്ടു അവർ ഉപജീ
വിക്കുകയും ചെയ്തുവരുന്നു. ഈ ജാതിക്കാർ കലിക്കുള്ളതു നായ
ന്മാരായിരുന്നുവത്രെ. അവരുടെ പാട്ടിന്റെ പ്രധാന വിഷയം
ക്രീ. ശ.-ൽ തോമ്മാശ്ലീഹാ കേരളത്തിൽവന്നു സത്യവേദം പ്ര
ചരിപ്പിച്ചതും സ്വർഗ്ഗ-ൽ കു നായിതൊമ്മൻ ഇവിടെ എത്തിയ
തും ചേരമാൻപെരുമാളിൽനിന്നു നസ്രാണികൾക്കു പലസ്ഥാ
നമാനങ്ങളും ലഭിച്ചതുമായ വൃത്താന്തങ്ങളാണു. അവർ ഇപ്പ
കാരം പാടിക്കൊണ്ടുനടക്കുന്ന ചരിവുണ്ടായതു ചേരമാൻപെരു
മാളിന്റെ ആജ്ഞപ്രകാരമാണെന്നാണു അറിയുന്നതു. തോമ്മാ

ശ്ലീഹാ കേരളത്തിൽ വന്ന മതപ്രസംഗം ചെയ്ത സംഗതി ഹിന്ദുക്കളുടെ ഇടയിൽ അവിതർക്കിതമായി വിശ്വസിക്കപ്പെട്ടിരുന്നതുകൊണ്ടാണ് വി. പ്രേഷകന്റെ മലങ്കരയിൽ വേദം പ്രചരിപ്പിച്ച വന്ദ്യമാനങ്ങളെ പ്രസ്തുത പാട്ടിൽ ചേർത്തു പാടിക്കൊണ്ടു നടക്കുന്നത്. പതിനഞ്ചു ശതാബ്ദങ്ങളിലധികം കാലം പഴക്കമുള്ള ഈ പാട്ടിന്റെ മേൽ പ്രസ്താവിക്കപ്പെട്ട ഭാഗത്തിനുള്ള പ്രാമാണികത വിലയേറിയ ഒരു സ്മാരക ലക്ഷ്യമാകുന്നു.

൨. ആദിമകാലത്തു ക്രിസ്ത്യാനികൾക്കുണ്ടായിരുന്നപേർ നസ്രേയർ അഥവാ നസ്രാണികൾ എന്നായിരുന്നു. എന്നാൽ ശ്ലീഹന്മാരുടെനടപടിപുസ്തകം ൨൪-ാം അദ്ധ്യായം ൫-ാം വാക്യത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. പിന്നീട് വളരെക്കാലം കഴിഞ്ഞശേഷം അന്ത്യോക്യായിൽ വച്ചാണ് ക്രിസ്ത്യാനികളെന്ന നാമധേയം അംഗീകരിക്കപ്പെട്ടതെന്നും പ്രസ്തുത പുസ്തകത്തിൽ നിന്നും സഭാചരിത്രത്തിൽനിന്നും നാം അറിയുന്നു. എന്നാൽ ഏതദ്ദേശനിവാസികൾക്ക് നസ്രാണികൾ എന്ന നാമം ലഭിച്ചതു ശ്ലീഹായുടെ മലങ്കരയിലെ സഞ്ചാരം അതിനൊക്കെ വളരെമുമ്പായിരുന്നതുകൊണ്ടാണെന്നറിയിക്കുന്നു. സ്വന്തപൌരാണികനാമം വി. പ്രേഷകനിൽ നിന്നു ലബ്ധമായ ഈ നാമധേയം കേരളത്തിലുള്ള ക്രിസ്ത്യാനികൾ അദ്യാപി അപരിത്യക്തമായി ഉപയോഗിച്ചു വരുന്നുണ്ട്. ഇതു സൂക്ഷ്മമായ ഏഴാമത്തെ ലക്ഷ്യമായി ഗണിക്കപ്പെടാവുന്നതാണ്. വി. ശ്ലീഹാ ഈ നാട്ടിൽവേദപ്രസംഗം ചെയ്തിട്ടില്ലെന്നു വാദിക്കുന്നവർ ഏതദ്ദിഗ്വാസികളായ സുറിയാനിക്കാർക്ക് സിദ്ധിച്ചിട്ടുള്ള ഈ ബിരുദനാമത്തിന്റെ ഉല്പത്തി ആരിൽ നിന്നാണെന്നും ഏതു കാലത്താണെന്നും അന്യൂനവ്യക്തമാക്കിത്തരേണ്ടിയിരിക്കുന്നു.

൩. ഇനി പ്രസ്താവിക്കുന്നതു വി. പ്രേഷകൻ ലക്ഷിണഖണ്ഡത്തിൽ സുവിശേഷ പ്രസംഗം ചെയ്ത വൃത്താന്തങ്ങളെ വിവരിക്കുന്ന ഒരു പുരാതന ചിത്രലേഖയെ സംബന്ധിച്ചാകുന്നു. ശ്ലീഹാ തെക്കേ ഇൻഡ്യയിൽ വന്നതും പ്രസംഗിച്ചതും ന

ടങ്ങിയതും അയ ചില പ്രധാന സംഗതികളെ മലങ്കരയിലുള്ള ചില പ്രാചീന പള്ളികളിൽ ചിത്രരൂപേണ രേഖപ്പെടുത്തിവച്ചിരുന്നു. അവയിൽ പലതും പള്ളികളുടെ ജീർണ്ണോദ്ധാരണത്തോടുകൂടിയും മറ്റും നശിച്ചുപോയതിനാൽ ഇപ്പോഴുള്ള ദേവാലയങ്ങളിൽ അവകാണപ്പെടുന്നില്ല എങ്കിലും അത്തരത്തിൽ കണ്ടെടുക്കപ്പെട്ട ഒരു ചിത്രവേലനത്തിൽ ഉണ്ടായിരുന്ന സംഗതികളും താഴെ ചേർത്തുകൊള്ളുന്നു. (22).

൧. കത്താവു തോമ്മാശ്ലീഹായെ മത്രിയുടെ (ഹാവാന്റെ) പക്കൽ ഏല്പിച്ചുകൊടുക്കുന്നു.

൨. സമുദ്രതീരത്തു ശ്ലീഹായും രാജഭടന്മാരും മറ്റും വിലസുന്നു.

൩. ഭക്ഷണവേളയിൽ ഒരുത്തൻ ശ്ലീഹായെ അടിക്കുന്നു.

൪. വെള്ളംകോരുവാൻ പോയവഴിക്കു അടിച്ചവനെ പുലി പിടിക്കുന്നു.

൫. ഭക്ഷണശാലയിൽ ഒരു പട്ടി അവന്റെ കൈയ്യ് വലിച്ചു കൊണ്ടുവരുന്നു.

൬. ചോഴമണ്ഡലത്തിലെ രാജാവു അരമന പണിവകയ്ക്കായി ശ്ലീഹായുടെ പക്കൽ പണം കൊടുത്തേൽപിക്കുന്നു.

൭. ശ്ലീഹാ ആ പണാധർമ്മവിഷയങ്ങളിൽ വ്യയംചെയ്യുന്നു.

൮. വി. പ്രേഷകനേയും ഹാവാനേയും രാജാവു കാരാഗൃഹത്തിൽ ബന്ധിക്കുന്നു.

൯. രാജാവിന്റെ അനുജൻ മരിക്കുകയും അദ്ദേഹത്തിന്റെ ആത്മാവു സ്വർഗ്ഗത്തേ സന്ദർശിക്കുകയും ചെയ്യുന്നു; എങ്കിലും മറ്റുള്ളവർ ദുഃഖിക്കുന്നു.

൧൦. ആ ദേഹം പുനർജ്ജീവിച്ചു സ്വർഗ്ഗത്തിലെ വർത്തമാനങ്ങൾ രാജാവിനെ അറിയിയിക്കുന്നു.

൧൧. ശ്ലീഹാരാജാവിനെ ജ്ഞാനസ്നാനപ്പെടുത്തുന്നു.

൧൨. ബ്രാഹ്മണർ കളിച്ചുകൊണ്ടിരിക്കയിൽ വി. തോമ്മാ വെള്ളം മേൽപ്പെട്ടു എറിഞ്ഞു ആകാശത്തിൽ നിന്നികാണിച്ചുകൊടുക്കുന്നു.

൧൩. ശ്ലീഹാ രാജ്ഞിമാരെ മാമ്മോദീസാ മുക്കുന്നു.

൧൪. വി. പ്രേഷകനെ അഗ്നികുണ്ഡത്തിൽ ഇടുന്നു.

൧൫. ശ്ലീഹാ രാജകുമാരിയെ ബാധിച്ചിരുന്ന പിശാചിനെ ഒഴിച്ചു വിടുകയും മറ്റുള്ളവർ അത്ഭുതപ്പെട്ടുകയും ചെയ്യുന്നു.

൧൬. ആ വന്ദ്യൻ വിഗ്രഹങ്ങളിൽ നിന്നു പിശാചങ്ങളെ പുറപ്പെടുവിക്കുന്നു.

—o—

൨-ാം അദ്ധ്യായം.

തോമ്മാശ്ലീഹാ തെക്കേ ഇൻഡ്യയിൽവന്നു

സുവിശേഷപ്രസംഗം

ചെയ്കയുംമരിക്കുകയുംചെയ്തസംഗതികളേനിഷേധിക്കുന്നവരുടെ

വാദമുഖങ്ങൾ.

൧. ഈ വാദങ്ങൾക്കു നാലുകാരണങ്ങൾ ഉണ്ടു. തന്നിമിത്തം അവയെ നാലായി വിഭജിച്ചു അനുക്രമമായി നിരൂപണം ചെയ്യാം.

അറബിദേശത്തിനും അഫ്ഗാനിസ്ഥാനം, പാർത്യാ, പേർഷ്യാ മുതലായ രാജ്യങ്ങൾക്കും പണ്ടു ഇൻഡ്യ എന്നു പേരുണ്ടായിരുന്നു. ആകയാൽ തോമ്മാശ്ലീഹാ ആധുനിക ഇൻഡ്യയിൽ സുവിശേഷപ്രസംഗംചെയ്തു എന്നുള്ള ബോധം സംഭവിക്കുമല്ലെന്നുള്ളതാണു അവരുടെ ഒന്നാമത്തെ വാദം വി. ശ്ലീഹാ ഇൻ

ഡ്യയിൽ കല്ലമീനാ എന്നു പറയപ്പെട്ടുന്ന പട്ടണത്തിൽവച്ചു ചരമം പ്രാപിച്ചു എന്നാണു പൂർവ്വചരിത്രകാരന്മാർ പറയുന്നതു. എന്നാൽ ദക്ഷിണഭാരതത്തിൽ അങ്ങനെ ഒരു നഗരം ഇല്ലാത്ത സ്ഥിതിക്കു ആ പ്രേഷകൻ തെക്കേഇൻഡ്യയിൽ ഒരു ക്രസ്തീയ സഭ സ്ഥാപിച്ചു എന്നു പ്രസ്താവിക്കുന്നതു വിശ്വാസയോഗ്യമല്ലെന്നാണു രണ്ടാമതായി അവർ വാദിക്കുന്നതു. (1) മൂന്നാമത്തെ വാദം രണ്ടാം ശതാബ്ദത്തിൽ വി. പന്തേന്തുസ് ഇൻഡ്യയിൽ വന്നപ്പോൾ വി. ബർത്തൊലൊമ്മായുടെ സുവിശേഷം കണ്ടെത്തി എന്നു പ്രസിദ്ധചരിത്രകാരനായ എവുസേബിയോസ് പറയുന്നു (2) തിനാൽ തോമ്മാശ്ലീഹാ ദക്ഷിണഖണ്ഡത്തിൽ സുവിശേഷപ്രസംഗംചെയ്തു എന്നു പ്രസ്താവിക്കുന്നതു അടിസ്ഥാനരഹിതം ആണെന്നാകുന്നു. പോർട്ടുഗീസുകാർ പന്ത്രണ്ടാം നൂറ്റാണ്ടിൽ മൈലാപ്പൂരിലും അതിന്റെ ഉപഗ്രാമത്തിലും വച്ചു തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കുരിശും അതിന്റെ ഏതാനും അന്ധികളും മറ്റും കണ്ടെടുത്തു എന്നു കാണുന്നതു അവിശ്വസനീയവും ശാസ്ത്രീയ പരിശോധനകളോജിക്കാത്തതുമാണു (3) എന്നതും ആ കുരിശു പതിനാറാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടതും അതിൽകാണുന്ന അക്ഷരങ്ങൾ പേർഷ്യൻഭാഷയായ പല്ലവിയിൽ എഴുതപ്പെട്ടതും ആണെന്നും ഉള്ളവയാണു പ്രസ്തുത ഭിന്നാഭിപ്രായക്കാരുടെ നാലാമത്തെ വാദം.

൨. മേൽപറയപ്പെട്ട നാലു വാദങ്ങളെ പ്രബലീകരിക്കുന്ന തെളിവുകളിലും യുക്തികളിലും ഏതെങ്കിലും ന്യൂനതകൾ അന്തർഭൂതമായിട്ടുണ്ടോ എന്നാണു നാം ഇവിടെ പരിശോധിക്കേണ്ടതു. ഇതരകക്ഷികളുടെ ഒന്നാമത്തെ വാദം തോമ്മാശ്ലീഹാ ആധുനിക ഇൻഡ്യയിൽ വരുകയോ അവിടെ സുവിശേഷം പ്രസംഗിക്കുകയോ ചെയ്തിട്ടില്ലെന്നുള്ളതാണല്ലൊ. ഈ വാദം ആദ്യമായി പുറപ്പെടുവിച്ചതു ബാസ്നേജ് (Basnage) ലാക്രോസ് (LaCroze) മുതലായപ്രോട്ടസ്റ്റൻറു ചരിത്രകാരന്മാ

രും ടിലേമോൻ (Tillemont) എന്നൊരാളുമാണ്. ബാസ് നേജ് എന്ന ദേഹം ഫ്രാൻസ് ദേശീയനും ൧൭-ാം ശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്ന ആളും ആകുന്നു. അദ്ദേഹം ക്രി. ൧൭൦൮-ൽ ഒറോട്ടർഡാമിൽ (Rotterdam) ഒരു സഭാചരിത്രം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയാൾ ൧൮-ാം ശതാബ്ദത്തിന്റെ ആദിമഘട്ടമായ ൧൭൧൨-ൽ ആണ് പരേതനായതു.

ലാക്രോസ് എന്നുപറയപ്പെട്ട ആൾ ൧൭൨൪-ൽ സ്വകൃതിയായ ഇൻഡ്യയിലെ "ക്രിസ്തുമത"മെന്നപുസ്തകം ലാഹേയിൽ (Lahaye) പ്രസിദ്ധീകരിച്ചു.

ടിലേമോൻ൭ ൧൭൧൨-ൽ വെനീസിൽവച്ചു മറൊരു സഭാചരിത്രം എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്.

ഈ കൃതികളുടെ പ്രസിദ്ധീകരണത്തോടടുത്ത് ൧൭൨൬-ൽ അസ്സേമാൻ "ഓരസ്സ്യഗ്രന്ഥാവലി" എന്നപുസ്തകവും ൧൭൪൫-ൽ റോമിൽ "ഉദിയമ്പേർ സൂനഹദോസ്" എന്നൊരു ഗ്രന്ഥവും റോമയിൽനിന്നു അച്ചടിച്ചു പ്രചരിപ്പിച്ചു. ഈ രണ്ടു ഗ്രന്ഥങ്ങളിലും (4) ബാസ്നേജ് മുതലായവരുടെ വാദം അർത്ഥശൂന്യമാണെന്നു താർക്കികരീത്യാ യുക്തിയുക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

*മേൽപറയപ്പെട്ടവരുടെ അനുഗാമികളായ വേറേചിലരും തോമ്മാശ്ലീഹാ ഭാരതഖണ്ഡത്തിൽ വേദപ്രസംഗം ചെയ്തിട്ടില്ലെന്നുള്ള പൂർവ്വപക്ഷത്തെ നവീകരിച്ചു അർവ്വാചീനകാലങ്ങളിലും ചില ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടില്ലെന്നില്ല. എന്നാൽ ഉപരിലക്ഷ്യങ്ങളേ പ്രദർശിപ്പിക്കാതെ ബാസ്നേജ് മുതലായവരുടെ കൃതികളിൽ സംഗ്രഹിച്ചിട്ടുള്ളതും അസ്സേമാൻ ആദിയായവരാൽ യുക്തിപൂർവ്വം ആക്ഷേപിക്കപ്പെട്ടതും ആയ സംഗതികളേതെന്നു അവർ പിഷ്ടപേഷണന്യായേന ആവർത്തിക്കുന്നതേയുള്ളൂ. ഇക്കൂട്ടരിൽ പ്രധാനന്മാരായിനില്ക്കുന്നതു ഹഫ് (Hough)സർ

ജോൺകെയ് (Sir John Kaye) എന്നിവരാണ്. ഇവരുടെ കൃതികളും ലണ്ടനിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അനന്തരം ഈ ദ്ദേശനായ ഡാക്ടർ റേയ് (Rae) യും ലണ്ടനിൽ "ഇൻഡ്യയിലെ സുറിയാനിസഭ" എന്നൊരു ഗ്രന്ഥം മുദ്രണംചെയ്തു പ്രചരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാദം തോമ്മാശ്ലീഹാ തെക്കേ ഇൻഡ്യയിൽ വന്നിട്ടില്ലെന്നും പ്രത്യുതഃ അക്കാലത്തു ഇൻഡ്യ എന്ന പേരുണ്ടായിരുന്ന പഞ്ചാബ്, അഫ്ഗാനിസ്ഥാനം മുതലായ രാജ്യങ്ങളിലാണ് ആ സിദ്ധോപദേശാവ് വേദം പ്രസംഗിച്ചിട്ടുള്ളതു എന്നുമാണ്. ഈ പ്രസ്താവം പുസ്തകത്തിൽനിന്നു കാണാവുന്നതാകുന്നു.

൩. അതീതങ്ങളായ ഏഴു ശതാബ്ദങ്ങൾക്കകത്തു ഉണ്ടായിട്ടുള്ള. സർവ്വചരിത്രകാരന്മാരുടെ ഇടയിലും തോമ്മാശ്ലീഹാ തെക്കേ ഇൻഡ്യയിൽ സുവിശേഷ പ്രസംഗം ചെയ്തു എന്നുള്ള വാസ്തവം അനന്യഥാമായി വിശ്വസിക്കപ്പെട്ടുവന്നു. ബാസ്നേജ് മുതലായവരാണു ആ സംഗതിയെ സന്ദേഹസ്ഥാനത്തിലേക്കു കൊണ്ടുവന്നതു. ശ്ലീഹാ ഇവിടെ വേദം പ്രസംഗിക്കുകയും മരിക്കുകയും ചെയ്തു എന്നുള്ളതിനു നിദർശകങ്ങളായ രേഖകളേയും മഠവും ലക്ഷ്യങ്ങളേയും അതതുകാലത്തുണ്ടായ സംഭവനടപടികളേയും ആസ്പദീകരിച്ചുകൊണ്ടാണു ആധുനിക ഇൻഡ്യയിൽ ആ വി. പ്രേഷകൻ ക്രൈസ്തവമതം പ്രചരിപ്പിച്ചു എന്നുള്ള വാസ്തവത്തെ നമ്മുടെ പൂർവ്വചരിത്രകാരന്മാർ സ്വന്തകൃതികളിൽ പ്രതിവാദിച്ചിട്ടുള്ളതു. തോമ്മാശ്ലീഹാ ഭാരതഭൂമിയിൽ സത്യവേദം പ്രസംഗിക്കുകയും രക്തസാക്ഷിത്വം അംഗീകരിക്കുകയും ചെയ്ത സംഗതികളെ തെളിയിക്കുന്ന ചില ഖണ്ഡങ്ങൾ പ്രതിവിഷം കക്കടകം ൩-ാം ൯- ആയി ചേർക്കപ്പെട്ടുന്നു. വി. ശ്ലീഹായുടെ തിരുനാളിനു വിധിച്ചിട്ടുള്ള സുറിയാനി കാനോൻജപപ്പുസ്തകത്തിൽനിന്നു ൧-ാം അദ്ധ്യായം ൨-ാം ലക്കത്തിൽ എടുത്തു കാണിച്ചിട്ടുണ്ടല്ലോ. അവയെ തുടർന്നു സാരാവഹമായ ചില ഭാഗങ്ങളെക്കൂടി താഴെ ഉദ്ധരിക്കുന്നു. (5) "മൂഹാദ്ക്കുദ്ശായുടെ പ്രേരണയാൽ തോമ്മാശ്ലീഹാ ഇൻഡ്യയിൽ വരുകയും അനവ

ഡി ജനങ്ങൾ അദ്ദേഹത്തിനു വിധേയരാകുകയും ചെയ്തു—ഇൻ
ഡ്യയിലെ സഭ സുഭിക്ഷമായ ഒരുദ്യാനംപോലെ പ്രകാശിക്കു
ന്നു—ജ്ഞാനസ്നാനമാത്രേണ ഭാരതഭൂമി ആബദ്ധ്യത്തിൽനിന്നു
സത്യത്തിലേക്കു പിന്തിരിഞ്ഞു.— വി. തോമ്മാവഴിയായി ഇൻ
ഡ്യാരാജ്യം ശോഭായമാനമായി തീരുകയും വിഗ്രഹാരാധനയുടെ
അന്ധകാരത്തിൽനിന്നു മോചിക്കപ്പെടുകയും ചെയ്തു—വി. തോ
മ്മാ മൂലം വിഗ്രഹാരാധനയുടെ മൌഢ്യം ഭാരതീയരിൽനിന്നു
ബഹിഷ്കൃതമായി—ചൈനാക്കാരും ക്രൂശായക്കാരും സത്യത്തി
ലേക്കു തിരിഞ്ഞതും വി. ശ്ലീഹാവഴിയായിട്ടാണു—വി. തോമ്മാ
യിൽനിന്നു സത്യോപദേശത്തിന്റെ വെളിച്ചം ഇൻഡ്യയിൽ
സർവ്വത്രവ്യാപിച്ചു.—വി. തോമ്മായുടെ സാന്നിദ്ധ്യത്താൽ ഇൻ
ഡ്യാരാജ്യം പ്രശോഭിതമായ ഒരു ഗോപുരത്തെ ഉയരത്തിൽ പ
ണിചെയ്തു.—ഭാരതവർഷത്തിലെരാജാക്കന്മാർ വി. തോമ്മായു
ടെ സഹായത്താൽ ആ മന്ദിരത്തിൽ പ്രവേശിപ്പാൻ ആഗ്രഹി
ച്ചു.—വി. പ്രേഷകന്റെപ്രയത്നത്താൽരാജാവായ മിശിഹായി
ക്കു നിസ്തുലമായ സ്തുതികളോടുകൂടി ജപനമസ്കാരങ്ങൾ സമ
പ്പിക്കപ്പെടുന്ന മഹത്തരങ്ങളായ ദേവാലയങ്ങൾ ഇൻഡ്യയിൽ
സർവ്വത്രനിർമ്മിക്കപ്പെട്ടു.—അദ്ദേഹം(തോമ്മാശ്ലീഹാ) ആയുഷ്കാ
ലത്തിന്റെ അന്തിമമുഹൂർത്തത്തിൽ ശൂലത്താൽ കുത്തപ്പെടുക
യും തദ്വാരാ രക്തസാക്ഷ്യകിരീടംപ്രാപിക്കുകയുംചെയ്തു".

൪-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. അപ്രേം തൊട്ടേ
ഇൻഡ്യായിൽ തോമ്മാശ്ലീഹായുടെ തിരുനാൾ ഭക്തിപൂർവ്വം ആ
ഘോഷിക്കപ്പെട്ടുന്നതിനേയും ഭാരതസഭ ആ സുദിനത്തിൽ മേ
ലെഴുതപ്പെട്ട കാനോൻ ജപങ്ങൾ ഉപയോഗിച്ചുവരുന്നതിനേ
യും അക്കാലത്തെ സാധാരണ സംഭവമായി അറിഞ്ഞിരുന്നതി
നാലാണു ശ്ലീഹാ ഇവിടെ ചെയ്ത സുവിശേഷപ്രസംഗത്തേ
യും അനുഭവിച്ച മരണത്തേയും അദ്ദേഹത്തേക്കുറിച്ചു ഈ രാജ്യ
വാസികൾ പ്രതിവർഷം തിരുനാൾ ആഘോഷിച്ചുവരുന്നതി
നേയും സംബന്ധിച്ചു എഴുതിവച്ചിട്ടുള്ളതു. 6

വി. അപ്രേമിനെ പിന്തുടർന്നുകൊണ്ടു തോമ്മാശ്ലീഹായുടെ ശ്മശാനസ്ഥലം ആധുനിക ഇൻഡ്യയിൽതന്നെയാണെന്നു എ.ഡി. നൂറാണ്ടിൽ സുറിയാനിക്കാരുടെ മേൽപട്ടക്കാരനായിരുന്ന മാർ യോഹന്നാൻ എന്ന ദേഹവും സാക്ഷീകരിക്കുന്നു. ഇദ്ദേഹം എഡി. എ.ഡി.-ൽ രണ്ടാം കലീക്സ്റ്റസ് (Callitus) മാർപ്പാപ്പായുടെ പക്കൽനിന്നു പാല്ലിയം (Pallium) എന്ന അധികാര തിരുവസ്ത്രം വാങ്ങുന്നതിനായി റോമയിൽ ചെല്ലുകയും തൽസമയം തോമ്മാശ്ലീഹാ മരിച്ചതും സംസ്കരിക്കപ്പെട്ടതും തന്റെ അധികാരസീമയിൽ ഉൾപ്പെട്ട തെക്കേ ഇൻഡ്യയിലെ മൈലാപ്പൂർ എന്ന പട്ടണത്തിൽ ആണെന്നും ആണ്ടുതോറും അവിടെ ശ്ലീഹായിൽനിന്നു കൃസ്ത്യാനികൾക്കു വിസ്മയനീയങ്ങളായ അനവധി സഹായങ്ങൾ സിദ്ധിക്കുന്നുണ്ടെന്നും പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു. (7) മാർ യോഹന്നാന്റെ കാലശേഷം എ.ഡി. മുതൽ അനവധി സംവത്സരങ്ങളോളം സുറിയാനിക്കാരെ ഭരിച്ചുവന്ന മാർ യാക്കോബു മുതലായ നാലു മെത്രാന്മാരും വി. ശ്ലീഹായുടെ ശ്മശാനം മൈലാപ്പൂരിൽ തന്നെയാണെന്നു പ്രതിപാദിക്കുന്നു. 8 ഇവരുടെ പുരോഗാമികളായി എ.ഡി.-ൽ യോഹന്നാൻ മൊന്റെ കൊർവിനോ (John of Monte Corvino) എന്നൊരു ഫ്രൻസീസ്കൻ സന്ന്യാസി തിരുവും എ.ഡി.-ൽ അനുഗ്രഹീതനായ ഒഡേറിക്ക (Blessed Oderic) എന്നവനൊരു ഫ്രാൻസീസ്കൻ സന്ന്യാസിതിരുവും എ.ഡി.-ൽ യോഹന്നാൻ മരിഞ്ഞോലി (John De Marignoli) എന്ന മെത്രാനും (9) എ.ഡി.-ൽ നിക്കോലോ ദെകൊൻറി (Nicolo De Conti) എന്നൊരു ഇറാല്യൻ സഞ്ചാരിയും പ്രസ്തുത ശ്മശാനമൈലാപ്പൂരിൽതന്നെയാണെന്നുചൂണ്ടികാണിക്കുന്നു. (10)

ഇതുകൂടാതെ പ്രസ്താവിച്ചതിൽനിന്നു തത്തൽകാലങ്ങളിൽ ഉണ്ടായിരുന്ന ലക്ഷ്യങ്ങളേയും ദൃഷ്ടാന്തങ്ങളേയും ദൃക്സാക്ഷിതേന ഗ്രഹിച്ച ആ അറിവിനെ ആധാരമാക്കിയാണു പ്രാചീന ചരിത്രകർത്താക്കന്മാരെപ്പോലും തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ മതപ്രസംഗം ചെയ്തുവെന്നും മരിച്ചു എന്നും ഉള്ള സംഗതികളെ രേഖപ്പെടുത്തിയിട്ടുള്ളതെന്നു നിഷ്പ്രയാസം മനസ്സിലാക്കാവു

ന്നതാണല്ലൊ. ബാസ്നേജ്, ലാക്രൊസ്, ടില്ലേമോൻറ്, റേയ് മുതലായ സിദ്ധാന്തവാദികൾ ഈ രേഖകളേയും തെളിവുകളേയും കാണുകയൊ ഒരുപക്ഷേ കണ്ടിട്ടുണ്ടെങ്കിൽ തന്നെയും അവയ്ക്കു തൃപ്തികരമായസമാധാനം പറകയൊ ചെയ്തിട്ടില്ല. തന്നിമിത്തം അവരുടെ പ്രസ്താവനകൾ വിലവയ്ക്കാൻ പാടില്ലാത്തവയും ക്രീഹായുടെ സഞ്ചാരചരമങ്ങൾ എത്തിയോപ്പിയായിലോ അഥവാ അറേബിയായിലോ അന്യഥാ അഫ് ഗാനിസ്ഥാൻ മുതലായ പ്രദേശങ്ങളിലോ ആയിരിക്കണമെന്നുള്ള അവരുടെ ഊഹജന്യമായ വാദം അടിസ്ഥാനരഹിതവും ആകുന്നു.

൪. ഭിന്നകക്ഷികളുടെ രണ്ടാമത്തെ വാദം തോമ്മാക്രീഹാ ഇൻഡ്യയിൽ കല്ലമീനാ എന്ന പറയപ്പെടുന്ന പട്ടണത്തിൽ വച്ചാണു രക്തസാക്ഷിയായി മരിച്ചതെന്നു പൂർവ്വചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും അങ്ങനെ ഒരു നഗരം ഭാരതവർഷത്തിൽ ഇല്ലാത്തതിനാൽ വി. ക്രീഹാ അവിടെ ഒരു ക്രിസ്തീയസഭ സ്ഥാപിച്ചു എന്നു കാണുന്നതു വിശ്വാസയോഗ്യം അല്ലെന്നുള്ളതാകുന്നു. ഈ വാദത്തിൽ വല്ലയാഥാർത്ഥ്യവും ഉണ്ടോ എന്നു നാം പരിശോധിക്കുകതന്നെ. ക്രീഹായുടെ മരണം കല്ലമീനയിൽ വച്ചാണെന്നു പ്രസ്താവിക്കുന്ന പൌരാണിക ലേഖകന്മാർ ഇൻഡ്യാ നിവാസികളല്ല. എന്നാൽ വി. പ്രേഷകൻ ഈ ദിഗ്വാസികളുടെ ഇടയിൽ സമുദ്രതീരത്തുവച്ചു ചരമം പ്രാപിച്ചതായിട്ടാണു ഇൻഡ്യാസഭ സാക്ഷിക്കുന്നതെന്നു ഒന്നാം അദ്ധ്യായം എട്ടാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതുകയാൽ വിദേശീയരായ ലേഖകന്മാരിൽനിന്നാണു വി ക്രീഹായുടെ മരണം കല്ലമീനായിൽവച്ചു സംഭവിച്ചു എന്നുള്ള പ്രസ്താവം അങ്കുരിച്ചതു എന്നു സിദ്ധിക്കുന്നു. അവരിൽ തന്നെയും ചിലർ ക്രീഹായുടെ മരണം ഇൻഡ്യയിൽ കല്ലമീനായിൽ വച്ചാണു ഉണ്ടായതെന്നു പറയുന്നുണ്ടെങ്കിലും മറവുള്ളവരെല്ലാം ആ സിദ്ധന്റെ ചരമം ഇൻഡ്യയിൽവച്ചാണു സംഭവിച്ചതെന്നും അവിടെത്തന്നെ സംസ്കരിക്കപ്പെട്ടുഎന്നും സ്ഥൂലമായിട്ടുമാത്രമേ

പ്രസ്താവിക്കുന്നുള്ളൂ. ഇവരിൽ ആദ്യം പറയപ്പെട്ടവർ ഹൊറോത്തേയസ്, സൊപ്രോനിയസ്, എക്കുമീനിയസ്, ഹിപ്പോലിറസ് എന്നിവരാകുന്നു. ബെറോനിയസിനാൽ ക്രമപ്പെട്ടുത്തപ്പെട്ട "റോമ്മാ മാർട്ടിറോലൊജി"യിൽ [വന്ദകന്മാരുടേയും രക്തസാക്ഷികളുടേയുംതിരുനാൾക്കുറിപ്പു പുസ്തകത്തിൽ] ശ്ലീഹായുടെ മരണം ഇൻഡ്യയിലെ കല്ലമീനായിൽവച്ചു സംഭവിച്ചതായിട്ടാണു പ്രസ്താവിച്ചിരിക്കുന്നതു. എന്നാൽ വി. ഈറാനിമോസിന്റേതു എന്നു പ്രസിദ്ധമായ പ്രാചീനമാർട്ടിറോലൊജിയിൽ നമ്മുടെ ശ്ലീഹായുടെ ചരമംഇൻഡ്യയിൽവച്ചാണെന്നല്ലാതെ കല്ലമീനായിൽ സംഭവിച്ചതായിക്ലിപ്തപ്പെടുത്തിയിട്ടില്ല(11)

വി. തോമ്മാ മൈലാപ്പൂരിൽ ചിന്ന മലയ്ക്കു സമീപത്തുവച്ചു നിർമ്മാണം ചെയ്ത എന്നുള്ളതു വാസ്തവവും തത്സംബന്ധമായി സുറിയാനിക്കാരുടെ ഇടയിൽ യാതൊരു തർക്കമില്ലാത്തതുമാകുന്നു. കല്ലമീനാ എന്ന പദം അർത്ഥമുള്ള ഒരു കായ്മനാമമാണെന്നും പ്രസ്തുത അതൊരു സ്ഥലത്തിന്റെ പേരു മാത്രമാണെന്നും ഇങ്ങനെ ആ ദേശ നാമോല്പത്തിയേപ്പറ്റി രണ്ടുവിധത്തിൽ തർക്കിക്കുന്നവരുണ്ടു.

ഒന്നാത്തെ കൂട്ടരുടെ വാദം താഴെ പ്രസ്താവിക്കുന്ന വിധമാണ്. ചിന്നമല എന്ന തമിഴ് പദത്തിനു ܟܠܡܘܢܐ ഗൽമോനാ "കൽമോനാ" എന്ന സുറിയാനി ശബ്ദംഅർത്ഥം കൊണ്ടുവേണ്ടപോലെ യോജിക്കുന്നു. ശ്ലീഹായുടെ മരണ സ്ഥലത്തിനു സുറിയാനിക്കാർ ആദ്യശതാബ്ദങ്ങളിൽ ഉപയോഗിച്ചുവന്നുപ്രസ്തുത പദം മേൽപറയപ്പെട്ടഹോറോത്തേയസ് മുതലായവരുടെ കൃതികളിൽ കയറിപ്പറ്റിയപ്പോൾ കൽമോനാ കല്ലമീനായായി രൂപാന്തരപ്പെട്ടു എന്നും തൻമൂലം ആ ശബ്ദത്തിന്റെഅർത്ഥം മനസ്സിലാക്കുവാൻ അപ്രാപ്തന്മാരായവർ കല്ലമീനാ എന്നതു ഒരു സ്ഥലത്തിന്റെ പേരാണെന്നു തെറ്റി ധരിച്ചു എഴുതുകകൊണ്ടാണു തർക്കങ്ങൾ ഉത്ഭവിച്ചതെന്നും ആണു അവർ വാദിക്കുന്നതു. ഇതു ന്യായപൂർവ്വകമായ വാദമാകകൊണ്ടു കല്ലമീ

നായെ സംബന്ധിച്ചുള്ള വിമർശനം ഇവിടെ അവസാനിപ്പിക്കാമെങ്കിലും ബർ ഏവ്റായ മുതലായ സുറിയാനിക്കാർതന്നെയും വി. ശ്ലീഹാ കലമീനായിൽവച്ചു മരിച്ചതായി എഴുതീട്ടുണ്ടെന്നും തന്നിമിത്തം ആ ശബ്ദം ഒരു പ്രത്യേക സ്ഥലത്തിന്റെ പേരായിരിക്കാമെന്നും വിശിഷ്യ തോമ്മാശ്ലീഹാ നിയ്യാതനായ സ്ഥലത്തിനു കലമീനാ എന്ന നാമധേയം ഉണ്ടായിരുന്നിരിക്കാമെന്നും രണ്ടാമത്തെ ക്ലൂട്ടർ വാദിക്കുന്നു. എന്നാൽ ഇവർ പറയുന്നതുപോലെ കലമീനാ എന്നൊരു പ്രദേശം ഇൻഡ്യയിൽ കാണപ്പെട്ടുന്നില്ലെങ്കിലും ആ പദം കല്യാണി എന്ന നാമത്തിന്റെ തത്ഭവ രൂപമാകാൻ ഇടയുള്ളതുകൊണ്ടു തത്സംബന്ധമായ തെളിവുകൾകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

പൂർവ്വസമുദ്രതീരത്തിൽ സ്ഥിതിചെയ്യുന്നതും ഇൻഡ്യാസഭയാൽ വി. ശ്ലീഹായുടെ നിയ്യാണഭൂമി എന്ന അവിച്ഛിന്നമായി സാക്ഷിക്കപ്പെട്ടുന്നതും ആയ മൈലാപ്പൂരിനു കല്യാണം എന്ന ഒരു പേരുകൂടി ഉണ്ടായിരുന്നതായും ആദിമ ശതാബ്ദങ്ങളിൽ വിശിഷ്യ അഞ്ചും ആറും നൂറാണ്ടുകളിൽ കല്യാണി എന്ന നാമത്താൽ അതു അറിയപ്പെട്ടിരുന്നതായും പ്രാചീനങ്ങളായ ഇൻഡ്യയിലെ അഞ്ചു പ്രധാന തുറമുഖങ്ങളിൽ ഒന്നു ആ പ്രദേശം (കല്യാണ) ആയിരുന്നതായും അക്കാലത്തെ ഇൻഡ്യൻ സഞ്ചാരികളിൽനിന്നു വ്യക്തമാകുന്നു (12) പേർഷ്യയിൽനിന്നു നിയമിക്കപ്പെട്ടുന്ന ഒരു മെത്രാൻ 'കല്യാണിയിൽ' നിവസിച്ചിരുന്നതായി ആറാംനൂറാണ്ടിന്റെ ആരംഭഘട്ടത്തിൽ ഇൻഡ്യയിൽവന്ന കോസ്മാ എന്ന വിശ്രുതനായ ദേശസഞ്ചാരി പ്രസ്താവിക്കുന്നുണ്ടു (13) ഇപ്രകാരം കോസ്മാ ഒരു മെത്രാന്റെ അധിഷ്ഠാനമെന്നുപറയുന്ന 'കല്യാണി' നഗരം മൈലാപ്പൂർതന്നെയാണെന്നു പല ചരിത്രകാരന്മാരും കാരണസഹിതം സമ്മതിക്കുകയും ചെയ്യുന്നു. എന്നാൽ അതിനെ നിഷേധിക്കുന്നവരായി ചിലക്ലൂട്ടരും ഇല്ലെന്നില്ല. അവർ 'കല്യാണി' മംഗലപുരത്തിനടുത്തുള്ള കലിയാനൂർ ആണെന്നും അതല്ല ബോമ്പേയ്ക്കു സമീ

പസ്ഥമായ 'കലിയൻ' നഗരമാണെന്നും അന്യഥാ കൊല്ലമാണെന്നും ഇങ്ങനെ പരസ്പരവിരുദ്ധമായിട്ടാണ് പ്രസ്താവിക്കുന്നത്. ഈ തർക്കങ്ങൾ അനിശ്ചിതങ്ങളും അന്യോന്യം യോജിക്കാത്തവയും ആകയാൽ സഹീകാര്യങ്ങളല്ലെന്നുമാത്രമല്ല കോസ്മാ പറയുന്ന 'കല്യാണ' നഗരം പ്രസ്തുത മൂന്നു സ്ഥലങ്ങളിൽ ഒന്നുമായിരിക്കാൻ ഇടയില്ലെന്നു താഴേചേർക്കുന്ന ദൃഷ്ടാന്തങ്ങൾകൊണ്ടു സ്പഷ്ടീഭവിക്കുകയും ചെയ്യുന്നു. കോസ്മായുടെ സഞ്ചാരം കടൽതീരങ്ങളിൽ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ചില വാക്യങ്ങളേയാണ് താഴേ ഉദ്ധരിക്കുന്നത് "Celebriora porro Indiae Emporia istae sunt; Sindu, Orrhotha, Calliana, Sibor et Male"; ഇൻഡ്യയിലെ സുപ്രസിദ്ധങ്ങളായ തുറമുഖങ്ങൾ സിന്ധു, ഒരോത്താ, കല്യാണാ, സീബോർ, മാലേ എന്നിവയാകുന്നു. കലിയാന്മൂർ, കലിയൻ, എന്നീ നഗരങ്ങളും തുറമുഖങ്ങളും അല്ലെന്നു മാത്രമല്ല അവ സ്ഥിതിചെയ്യുന്നതു ഉൾപ്രദേശത്തുമാകുന്നു. ക്രൂടാതെ വി. തോമ്മാ സുവിശേഷം പ്രസംഗിച്ചതും സഭയെ സ്ഥാപിച്ചതും കിഴക്കുപടിഞ്ഞാറെ തീരങ്ങളിൽ ആണു. ഈ രണ്ടു സമുദ്രപരിധികളിലും ക്രൈസ്തവനികരം ഉണ്ടായിരുന്നു എന്നതിനു ധാരാളം ലക്ഷ്യങ്ങളുമുണ്ടു. നേരേമറിച്ചു കലിയാന്മൂർ, കലിയൻ എന്നീസ്ഥലങ്ങളിൽ ക്രൈസ്തവസ്ഥന്മാർ ഉണ്ടായിരുന്നതായി യാതൊരു തെളിവുകൊണ്ടും കാണുന്നില്ല. ഏതൻമൂലം ഒരു മെത്രാൻ പതിവായി അധിവസിച്ചിരുന്ന എന്നു കോസ്മാ പറയുന്ന "കല്യാണ" നഗരം ക്രിസ്ത്യാനികം ഇല്ലാത്ത കലിയൻ നഗരമോ കലിയാൻപൂരോ ആയിരിക്കാൻ ഒരിക്കലും ഇടയില്ലാത്തതാണു. കോസ്മാ നിർദ്ദേശിക്കുന്ന "മാലെ" എന്നു മറെറാരു തുറമുഖം മലനാടായ മലയാളതീരത്തെന്നായാണെന്നു സകലരാലും സമ്മതിക്കപ്പെട്ടിരിക്കുന്നു. ആ പ്രദേശം അത്യധികം കുരുമുളകു വിളയുന്ന സ്ഥലമാണെന്നു പ്രസ്തുത സഞ്ചാരി സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു. കുരുമുളകുണ്ടാകുന്ന മലനാട്ടിൽ ഒരു ക്രിസ്തീയ സഭയുണ്ടെന്നാണഅദ്ദേഹം പ്രസ്താവിക്കുന്നതു. ഈ സ്ഥിതിക്കു കോസ്മായാൽ നിർദ്ദിഷ്ടമായ കല്യാണി

നഗരം കൊല്ലമായിരിക്കാനും തരമില്ലല്ലൊ. ഇതിനെസംബന്ധിച്ചുള്ള കോസ്മായുടെ വാക്യാംശം സർവ്വസംശയങ്ങളേയും പരിഹരിക്കുന്നവയാകകൊണ്ടു അവയെ പദാനുപദമായി ഇവിടെ പകർത്തുന്നു. "കരുമുളക വിളയുന്ന മാലെ എന്ന പേരുള്ള നാട്ടിൽ ഒരു ക്രസ്തീയ സഭയുണ്ടു. കല്യാണ എന്ന നാമധേയത്തോടുകൂടിയ വേറൊരു സ്ഥലത്തു പേഷ്യയിൽനിന്നു നിയമിക്കപ്പെട്ടുന്ന ഒരുമെത്രാനും നിവസിച്ചുവരുന്നു." (14) അതി വിദൂരസ്ഥങ്ങളായ ഈ രണ്ടു സ്ഥലങ്ങളേയും കോസ്മാതന്റെ സാക്ഷ്യലേഖനത്തിൽ പ്രത്യേകം വേർതിരിച്ചാണല്ലൊ വിവരിച്ചിരിക്കുന്നതു. മലയാളരാജ്യത്തെ സംബന്ധിച്ചുള്ള പ്രസ്താവനയോടുകൂടി അവിടത്തെ സഭയേയും കല്യാണ നഗരത്തെക്കുറിച്ചുള്ള വിവരണത്തിൽ ആ സ്ഥലത്തുള്ള സഭയേയും പ്രത്യേകഭാഗങ്ങളായി വേർതിരിച്ചാണു അദ്ദേഹം പ്രതിപാദിക്കുന്നതു. കുരുമുളകിന്റെ ആകരമായി കോസ്മാ നിർദ്ദേശിക്കുന്ന മാലെ എന്ന സ്ഥലം മലയാളരാജ്യമാണെന്നു നമുക്കും സമ്മതിക്കാം. ഈ സ്ഥിതിക്കു കൊല്ലം തുറമുഖം മലയാളത്തിൽ ഉൾപ്പെട്ടതും കുരുമുളകുണ്ടാകുന്നതുമായ സ്ഥലമാണെന്നു സ്പഷ്ടമാണല്ലൊ. മേൽപറയപ്പെട്ട കാര്യകാരണങ്ങളെക്കൊണ്ടു 'കല്യാണ' നഗരം കൊല്ലംനഗരമായിരിക്കാൻ ഇടയില്ലാത്തതും രണ്ടു ഭിന്ന പ്രദേശങ്ങളിലെ സഭകളെപ്പറ്റിയുള്ള കോസ്മായുടെ പ്രസ്താവനകളും ഒരു സ്ഥലത്തെ സഭയെ സംബന്ധിച്ചു മാത്രമാണെന്നു വ്യാഖ്യാനിക്കുന്നതു ഗ്രന്ഥകർത്താവിന്റെ സാക്ഷ്യത്തിനു വിപരീതവുമാകുന്നു. ഇൻഡ്യയുടെ അപ്പസ്തോലനായ മാർ തോമ്മാ കേരളത്തിലും ചോഴമണ്ഡലത്തിലും ആണ്ടു സുവിശേഷം പ്രസംഗിക്കുകയും ക്രിസ്തീയസഭകളെ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ സ്ഥാപിച്ചിട്ടുണ്ടല്ലൊ. കോസ്മായുടെ പ്രസ്താവനകളും ആ രണ്ടു സഭകളെ സംബന്ധിച്ചാണെന്നു പ്രസ്തുത ലക്ഷ്യങ്ങളും യുക്തികളും കൊണ്ടു നിശ്ചയിക്കാവുന്നതിനാൽ വി. ശ്ലീഹായുടെ സഞ്ചാരമേ

മങ്ങളം ആധുനിക ഇൻഡ്യയിൽ തന്നെയാണെന്ന ഇപ്പോൾ സവിശേഷം വ്യക്തമാകുന്നു.

൪. കലിയൻ, കലിയാന്പൂർ, കൊല്ലം എന്നീ നഗരങ്ങൾ കോസ്മായുടെ പ്രസ്താവത്തിൽ നിന്ന് വിഭിന്നമായ 'കല്യാണ' അപ്പെന്ന പേരുകളിൽ ചെയ്തിട്ടുള്ള പ്രതിപാദനങ്ങൾ കൊണ്ട് സൂക്ഷ്മമായിക്കുന്ന സ്ഥിതിക്ക ആ സ്ഥലം ഇനി ഏതാണെന്നാണാലോചിക്കാനുള്ളത്. 'കല്യാണി' എന്ന പേരും മൈലാപ്പൂർ എന്ന പേരും ഒരേ മൂല നാമത്തിൽ നിന്ന ഉണ്ടായിട്ടുള്ള വയാണ്. ആദിമ ശതാബ്ദങ്ങളിൽ മൈലാപ്പൂരിനെ മപ്പൂരാ, മൈലാപ്പൂർ, മലിയാർഫ്ാ, മനാർഫ്ാ, എന്നും അന്യഥാ കല്യാണ, കലിനാ, കാലെ എന്നും വിഭാഗീയർ മാറി മാറി നാമകരണം ചെയ്തുവന്നതായി അവരുടെ കൃതികളിൽ നിന്ന കാണാവുന്നതാണ്. (15) ഈ പട്ടണം (മൈലാപ്പൂർ) ആദിമ ഹിന്ദുക്കളാൽ കാളിദേവിക്ക പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ്. (16) കാളി എന്ന പേരിന പല പര്യായങ്ങളും ഉണ്ട്. അവയിൽ കല്യാണി, മംഗളാ എന്ന ശബ്ദങ്ങൾ സർവ്വോപരിഭങ്ങളാകുന്നു. കാളി കല്യാണി മംഗളാ എന്നീ പേരുകളെല്ലാം കാളീദേവിയെ സൂചിപ്പിക്കുന്നവയാകയാൽ കാലാ (ലളയോരഭേദ), കല്യാണി എന്നും മംഗള,മപ്പൂർ. മലിയാർഫ്ാ, മനാർഫ്ാഎന്നും ഉള്ള നാമങ്ങൾ അർത്ഥം കൊണ്ടും ഉച്ചരിച്ചുകൊണ്ടും മൈലാപ്പൂരിനെ സംബന്ധിക്കുന്നവ തന്നെ. ഇൻഡ്യയിൽ പുരാതന കാലത്തു ആ ദേവിക്ക പ്രതിഷ്ഠിക്കപ്പെട്ട പട്ടണങ്ങൾ ദുർല്ലഭമായിരുന്നില്ല. കലിയാന്പൂർ, കൽക്കട്ടാ മുതലായ സ്ഥലങ്ങൾ തന്നെയും കാളിക്ക അർപ്പിതമപ്പെട്ടവയായിരുന്നതിനാൽ ആണ ആ ദേവിയുടെ നാമാന്തരങ്ങൾ പ്രസ്തുതപട്ടണങ്ങളുടെ പേരുകളിൽ സമ്മേളിച്ചിരിക്കുന്നതെന്ന സ്പഷ്ടമാണല്ലൊ. പണ്ട കലിയാന്പൂർ എന്നതു കാളിപുരി എന്നും കൽക്കട്ടാ എന്നത് കാളിക്കാട്ട അഥവാ കാളിഘട്ടം എന്നർത്ഥത്തിൽ പറയപ്പെട്ട വന്നതാണ്. കാലാന്തരത്തിൽ കാളിപുരി കലിയാന്പൂരും കാളികാട്ട കൽക്കട്ടായുമായിത്തീർന്നു. കാളിയുടെ ഇതരപര്യായമായ കല്യാണി

എന്ന പദവും കാലിശബ്ദത്തേപ്പോലെ അതതു പട്ടണങ്ങളുടെ നാമങ്ങളിൽ കലർത്തിപ്രയോഗിക്കുക പതിവായിരുന്നു. കലിയൻ (Kalian) എന്നു നാമം കല്യാണ എന്നതിന്റെ തദ്ഭവരൂപമാണെന്നു മേൽ പ്രസ്താവിച്ചതിൽനിന്നു സിദ്ധമാണ്. ഇപ്രകാരമാകുന്നു മൈലാപ്പൂരിനു കല്യാണ എന്ന നാമധേയം ലഭിച്ചിട്ടുള്ളതു്. കോസ്മായുടെ കാലത്തു് മൈലാപ്പൂരിനു ഈ പേർ നടപ്പായിരുന്നതിനാൽ അദ്ദേഹം ആസ്ഥലത്തെ 'കല്യാണ' എന്നു അഭിധാനം ചെയ്യാൻ ഇടയായതാണു്. 'കല്യാണ' ശബ്ദത്തിൽ നിന്നാണു 'കലമീനാ' യുടെ ഉത്ഭവമെന്നു വ്യക്തമാകുന്നു. ചില ലേഖകന്മാർ 'കല്യാണി' എന്ന നാമത്തെ 'കല്യാണ' മാക്കിയും മറ്റു ചിലർ 'കല്ലമീനാ' അഥവാ 'കല്ലമാണി' ആക്കിയും എഴുതി വന്നതിൽ നിന്നാണു് കലമീനാ ആവതരിച്ചതു്. പ്രയോക്താക്കളുടെ ശ്രദ്ധാക്കുറവുകൊണ്ടും പരദേശികളുടെ കയ്യേറ്റം കൊണ്ടും അനവധി നാമങ്ങൾ ഇങ്ങനെ വ്യത്യാസപ്പെടുകയും പ്രകൃതീഭവിക്കുകയും ചെയ്യുന്നതു സർവ്വസാധാരണ മാണെന്നു് ഭാഷാശാസ്ത്രം (Philology) തെളിയിക്കുന്നു. മേൽപ്രകാരം വരാപ്പുഴ വെരാപ്പൊലി (Verapoly) ആയും കൊല്ലം കൊയ്ലോൻ (Quilon) ആയും തിരുവനന്തപുരം ട്രിവാൻഡ്രം (Trivandrum) ആയും കല്യാണി കലമീനാ (Calamina) യായും കാലിപൂരികലിയാമ്പൂർ (Calianpore) ആയും കൊട്ടങ്ങല്ലൂർ ക്രാൻഗനൂർ (Cranganore) ആയും ഉയേംപേരൂർ ഡയാമ്പേർ (Diamper) ആയും അദ്യാപി രൂപാന്തരപ്പെട്ടു നില്ക്കുന്നതു പ്രസിദ്ധമാണു്. ഈ മാറ്റം കൊണ്ടു പൂർവ്വനാമങ്ങൾക്കു് ആകൃതിയിലല്ലാതെ പ്രകൃതിയിൽ ഭേദമില്ലാത്തതിനാൽ അവയുടെ ആദിമരൂപം എന്തെന്നു അത്ര എളുപ്പത്തിൽ നിർണ്ണയിക്കാവുന്നതാകുന്നു.

പ്രകൃതവിചാരണയിൽ നിന്നു് ൯-ാം നൂറ്റാണ്ടിൽ കോസ്മാസന്ദർശിച്ച 'കല്യാണ' എന്ന തുറമുഖം അഥവാ പട്ടണം മൈലാപ്പൂരാണെന്നും കല്യാണയിൽ ഒരു ക്രൈസ്തവൻ നിവസിച്ചുവന്നിരുന്നു എന്നു അദ്ദേഹം പറയുന്നതു് അവിടത്തെ ക്രൈസ്ത

നെ സംബന്ധിച്ചാണെന്നും ഗ്രന്ഥകാരന്മാരുടെ പ്രസ്താവങ്ങളിൽ കാണുന്ന കലമീനാ ഈ നഗരം തന്നെയാണെന്നും വായനക്കാർക്കു നിസ്സംശയം ഗ്രഹിക്കാവുന്നതാണു് എന്നാൽ മൈലാപ്പൂരിനു ഇക്കാലത്തു കല്യാണി എന്ന പേർ നടപ്പില്ലാത്തതിനെപ്പറ്റി വിസ്മയിക്കുവാനില്ലാ. കാലാന്തരത്തിൽ അനവധിനാമങ്ങൾ ഇപ്രകാരം ലോകരംഗത്തിൽ നിന്നു തിരോഭ്രതങ്ങളായിരീന്നിട്ടുണ്ടു്. ക്രീ. അ. രണ്ടാംശതാബ്ദത്തിൽ മഗധാ, അന്ധ്രാ, കലിംഗ, എന്നിങ്ങനെ പേരുകേട്ടുകിടയ അനേകം രാജ്യങ്ങൾ ഇൻഡ്യയിൽ തന്നെയുണ്ടായിരുന്നു. അവയിൽ മഗധാ എന്നു പേർഒഴിച്ചു മറ്റുള്ളവയെല്ലാം ആറാംനൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി അപ്രസിദ്ധങ്ങളായി പ്പോയി. അനന്തര ശതാബ്ദത്തിൽ ഇൻഡ്യയിലെ ഓരോ രാജ്യങ്ങൾക്കു പല്ലവാസ്, ചാലൂക്യാ, ഹർഷാ, മഹാരാഷ്ട്രാ ഇത്യാദി പല നൂതന നാമധേയങ്ങൾ സിദ്ധിച്ചു. ഈ പേരുകളിൽ തന്നെയും പല ശബ്ദങ്ങൾ ക്രമേണ നൂറ്റാണ്ടിൽ മാറിപ്പോകുകയും പകരം ബങ്കാൾ, ബീഹാർ, രാജപുത്താനാ, തെലിൻഗാനാ, കലിയൻ, ബെല്ലാൽസ് ആദിയായി പല ആധുനിക നാമങ്ങളും ഏർപ്പെടുകയും അവയെ നാം ആല്യാപി ഇൻഡ്യാ പടത്തിൽ സമീക്ഷിക്കുകയും ചെയ്യുന്നു. കേരളത്തിൽ തന്നെ ഉണ്ടായിരുന്ന തെഴങ്കൂർ, വടക്കുംകൂർ, ആദിയായ എത്രയൊ പേരുകളും ഇപ്പോൾ അജ്ഞാതങ്ങളായി തീന്നിട്ടുണ്ടു്? ഈ അവസ്ഥാന്തരം ആലോചിക്കുമ്പോൾ തോമ്മാശ്ലീഹായുടെ നിർവ്വാണഭൂമിയായ മൈലാപ്പൂരിനുണ്ടായിരുന്ന കല്യാണ അഥവാ കലമീനാ എന്ന നാമധേയം പ്രാകൃനാമായി തീന്നു എങ്കിലും ശ്ലീഹായുടെ മരണം അവിടെവച്ചുതന്നെയാണു സംഭവിച്ചതെന്നുള്ള സംഗതി അഭേദ്യവും തത്സംബന്ധമായി

ചാർ ചർച്ച് ചാർച്ചാ ചാർച്ചാ ചാർച്ചാ ചാർച്ചാ ചാർച്ചാ ചാർച്ചാ.

"തോമ്മാശ്ലീഹാ ഇൻഡ്യയിൽ കടൽതീരത്തുവച്ചുശൂലാരോഹിതനായി ചരമം പ്രാപിച്ചു" എന്നു സാവ്ദികമായി സർവ്വജനങ്ങളോടും പ്രഖ്യാപനം ചെയ്യുന്ന ഭാരതസഭയുടെ സാക്ഷ്യം നൂസ്ഥിരവും ആയിരിക്കുന്നതാണു.

൩൨. പ്രതിക്രൂലികളുടെ മൂന്നാമത്തെ വാദം വി. പന്തേന്തൂസ് രണ്ടാം ശതാബ്ദത്തിൽ ഇൻഡ്യയിൽ വന്നപ്പോൾ ബർത്തൂലുമ്മാ ശ്ലീഹാ അവിടെ വച്ചിരുന്ന മത്തായിയുടെ ഒരു സുവിശേഷഗ്രന്ഥം കണ്ടെത്തി എന്നും അദ്ദേഹം അതു തന്റെ യാത്രയോടുകൂടി അലക്സാന്ത്രിയായിലേക്കു കൊണ്ടുപോയി എന്നും തന്നിമിത്തം തോമ്മാശ്ലീഹാ തെക്കേ ഇൻഡ്യയിൽ സുവിശേഷപ്രസംഗം ചെയ്തു എന്നു പറയുന്നതു സ്വീകാരയോഗ്യമല്ലെന്നും ഉള്ളതാണല്ലൊ. ഈ വാദം കേവലം നിസ്സാരമാണെന്നു താഴെ പ്രസ്താവിക്കുന്ന ലക്ഷ്യങ്ങളെക്കൊണ്ടു വിശദമാകുന്നതാണു.

(a) വി. പന്തേന്തൂസ് ബർത്തൂലുമ്മാ ശ്ലീഹാ ഇൻഡ്യയിൽ നിക്ഷേപിച്ചിരുന്ന സുവിശേഷം അലക്സാന്ത്രിയായിലേക്കു കൊണ്ടുപോയതായി പ്രസ്താവിക്കുന്നവർ എവുസേബിയോസ്, റൂഫീനോസ് മുതലായ ഗ്രന്ഥകാരന്മാരാണു. എന്നാൽ ബർത്തൂലുമ്മയാൽ സുവിശേഷം ഉപദിഷ്ടമായ നാട്ടു അക്കാലത്തു ഇൻഡ്യാഎന്നു പേരുണ്ടായിരുന്ന അറേബിയായിൽ ഉൾപ്പെട്ടതാണെന്നും പ്രത്യുത തെക്കേഇൻഡ്യയിൽ അല്ലെന്നും മേൽപറയപ്പെട്ട ചരിത്രകാരന്മാർ തന്നെ നിർദ്ദേശിക്കുന്നു. ഈ സ്ഥിരീകൃതപ്രസ്താവ സുവിശേഷഗ്രന്ഥം പന്തേന്തൂസ് കൊണ്ടുപോയി എന്നു പറയപ്പെട്ടതിനെ മാത്രം ആധാരമാക്കി തോമ്മാശ്ലീഹാ ഇവിടെ വേദോപദേശം ചെയ്തിട്ടില്ലെന്നു വാദിക്കുന്നതു അസ്വീകരണീയമാകുന്നു.

(b) ഇൻഡ്യാനിവാസികളായ ക്രിസ്ത്യാനികളുടെ പാരമ്പരാബോധവും തെളിവുകളുമെല്ലാം തോമ്മാശ്ലീഹാ ഭാരതവർഷത്തിൽ സുവിശേഷം ഉപദേശിക്കുകയും മരിക്കുകയും ചെയ്തു എന്നാണെന്നു ഒന്നാമദ്ധ്യായത്തിൽ സകാരണം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിനു വിചരീതമായി വി. ബർത്തൂലുമ്മായൊ വേറെ ആരെങ്കിലുമോ ആരെ ഇവിടെ ക്രിസ്തുമതത്തിന്റെ ബീജാവാപം ചെയ്തതെന്നു ഈ നാട്ടുകാർ സമ്മതിക്കുന്നില്ല. ഇതിൽനിന്നു എവുസേബിയോസ് മുതലായവരുടെ പ്രസ്താവനകളും ഒ

തദ്ദേശീയരായ ക്രിസ്ത്യാനികളുടെ സനാതനവിശ്വാസത്തിനും സാക്ഷ്യങ്ങൾക്കും വിപരീതമാണെന്നു കാണാവുന്നതാണു.

(c) ഏ-ാം ശതാബ്ദാരംഭംവരെ ഉണ്ടായിട്ടുള്ള പാരമ്പര്യശീകന്മാരായ ചരിത്രകർത്താക്കന്മാരെല്ലാം ഇൻഡ്യാസഭയുടേയും തദ്ദേശീയരായ ക്രിസ്ത്യാനികളുടേയും പാരമ്പരാവിശ്വാസത്തേയും തെളിവുകളേയും ആധാരമാക്കിക്കൊണ്ടു തോമ്മാശ്ലീഹായുടെ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചതിനെ പ്രതിവാദിക്കുന്നതായി ഈ അദ്ധ്യായത്തിൽതന്നെ കഴിഞ്ഞ രണ്ടും മൂന്നും ലക്കങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടു. ഈ ബോധത്തെ നിഷേധിക്കുന്നതിലുമേറ്റ് മുതലായ എതിർവാദികൾപോലും ബർത്തലൂമ്മാശ്ലീഹായുടെ വേദോപദേശം ചെയ്തതായി പ്രസ്താവിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രേഷക വൃത്തിയുടെ പ്രദേശം അറെബിയാ ആണെന്നാണു പ്രസ്തുതകൂട്ടർ പറയുന്നതു്. ഈ വാദം ശരിയാണെന്നു ചരിത്രകാരന്മാർ പൊതുവെ സമ്മതിക്കുന്നു. (17) ഏതൻമൂലം ഇൻഡ്യയിൽ ക്രൈസ്തവമതം സ്ഥാപിച്ചതു് ബർത്തലൂമ്മായൊ മറ്റാരെങ്കിലുമൊ ആയിരിക്കാമെന്നുള്ള ശങ്കക്കു അവകാശമില്ല.

(d) റ്റി. പന്തെനുസിന്റെ ജീവകാലം രണ്ടാംനൂറ്റാണ്ടിന്റെ അവസാന പാദമാകുന്നു. ഇൻഡ്യയിൽ നിന്നു കൊണ്ടുപോയ സുവിശേഷ ഗ്രന്ഥം ബർത്തലൂമ്മാശ്ലീഹാ അവിടെ വച്ചിരുന്നതാണെന്നു് അദ്ദേഹം പറകയൊ എഴുതുകയൊ ചെയ്തിട്ടില്ല. എവുസേബിയോസ് മുതലായവർ അങ്ങനെ പ്രസ്താവിക്കുന്നുമില്ല. റഫീനോസ് എവുസേബിയോസ് മുതലായ ഗ്രന്ഥകാരന്മാർ ജീവിച്ചിരുന്നതും അവരുടെ സഭാ ചരിത്രങ്ങൾ എഴുതപ്പെട്ടതും ൪-ാം നൂറ്റാണ്ടിലാണു്. (18) ഈ സ്ഥിതിക്കു റ്റി. പന്തെനുസ് ബർത്തലൂമ്മാശ്ലീഹായാൽ ഇൻഡ്യയിൽ സൂക്ഷിക്കപ്പെട്ട സുവിശേഷഗ്രന്ഥം തനിക്കു കിട്ടിയെന്നു ഏതെങ്കിലും വിധത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും ബർത്തലൂമ്മായുടെ പ്രസംഗസ്ഥാനം അറേബിയാ ആദിയായ രാജ്യങ്ങ

ളാണെന്ന ചരിത്രകർത്താക്കന്മാർ ഇരുഭാഗത്തുനിന്നു നിർദ്ദേശിക്കുന്നതിനാലും ആധുനിക ഇൻഡ്യയിൽ ബത്തല്യൂമ്മാ വച്ചിരുന്ന സുവിശേഷം പറങ്കിയെന്നു കൊണ്ടുപോയെന്നു വാദിക്കുന്നതു അസ്ഥാനത്തിലാകുന്നു. ഇതേസംബന്ധിച്ചുള്ള ക്ലൂതൽ തെളിവുകളും യുക്തികളും ൪-ാം അദ്ധ്യായം ക്ലൃ-ം ഫന്യ-ം ലക്കങ്ങളിൽ കാണാവുന്നതാണു്.

നമ്മുടെ പ്രേഷകനായ മാർ തോമ്മായാൽ മൈലാപ്പൂരിലും അതിന്റെ ഉപഗ്രാമത്തിലും സ്ഥാപിതമായ ഒരു കുരിശ്ശും അദ്ദേഹത്തിന്റെ ഏതാനും അസ്ഥികളും മറ്റും ഫന്യ-ാം നൂറാണ്ടിൽ പോർട്ടുഗീസുകാർ ആ സ്ഥലങ്ങളിൽവച്ചു കണ്ടെത്തി എന്നു പ്രസ്താവിക്കുന്നതു അവിശ്വാസനീയവും ശാസ്ത്രീയ പരിശോധനക്കു യോജിക്കാത്തതും പ്രത്യുതഃ കുരിശു ഏഴാംനൂറാണ്ടിൽ സ്ഥാപിക്കപ്പെട്ടതും അതിൽ കാണപ്പെട്ടതു അക്കുരങ്ങാദം അക്കാലത്തെ പേർഷ്യൻ ഭാഷയായ പല്ലവിയിൽ എഴുതപ്പെട്ടതും ആണെന്നുള്ള വയാണല്ലൊ പ്രസ്തുത ഭിന്നചരിത്രകാരന്മാരുടെ ൪-മത്തെ വാദം. എന്നാൽ അവരുടെ വാദമുഖങ്ങളിൽ ഒന്നു തോമ്മാശ്ലീഹായുടെ ഏതാനും വിശുദ്ധാവശിഷ്ടങ്ങളം [തിരുശേഷിപ്പുകൾ] ഫന്യ-ാം ശതാബ്ദത്തിൽ ഇവിടെ കാണപ്പെട്ടതിനെ സംബന്ധിച്ചാകുന്നു.

ഡുവാർട്ട മെനേസസ്സ് (Duarte Menezes) ഗോവയുടെ വൈസ്രോയി സ്ഥാനം വഹിക്കവേ പോർട്ടുഗലിലെ യോഹന്നാൻ തൃതീയൻ എന്ന രാജാവിന്റെ ആജ്ഞാനുസാരം വി. തോമ്മായുടെ പ്രേതമഞ്ചം മൈലാപ്പൂരിൽ എവിടെയാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നു അന്വേഷിച്ചറിയുന്നതിനു വേണ്ടി ഒരു കമ്മീഷൻ നിയമിക്കപ്പെടുക ഉണ്ടായിട്ടുണ്ടു. അക്കാലത്തു കൊറോമണ്ഡലതീരത്തിന്റെ ഭരണാധികാരി ആയിരുന്ന എമ്മാനുവേൽ ഫ്രിയാസ് (Emmanuel Frias) എന്ന ഉദ്യോഗസ്ഥൻ പ്രസ്തുത കമ്മീഷനിൽ ഉൾപ്പെട്ട അംഗങ്ങളോടുകൂടി ക്രി.പ. ൧൫൪൯-ൽ മൈലാപ്പൂരിലെ വിസ്തൃതമായ ചില ഭാഗ

ങ്ങളിൽ പ്രവേശിച്ച പഴക്കംകൊണ്ടു ജീർണ്ണാവശിഷ്ടമായി കിട
ന്നിരുന്ന ഒരു പള്ളിയുടേയും കപ്പേളയുടേയും അടിത്തറകൾ
മാന്തിനോക്കുകയും തത്സമയം അവിടെനിന്നു ഏതാനും അ
സ്ഥികളും അവയോടുചേർത്തു വക്കപ്പെട്ടിരുന്ന ഒരു കന്തത്തി
ന്റെ മുനയും വഴിയാത്രക്കാർ ഉപയോഗിക്കാവുള്ള മാതിരിയിൽ
ഒരു വടിയുടെ മുറിയും ഒരു മൺപാത്രവും കണ്ടെടുക്കുകയും ചെ
യ്തു. ഈ വസ്തുത പ്രതിയോഗികളിൽ പലരും സമ്മതിച്ചിട്ട
ണ്ടെങ്കിലും "സുറിയാനി സഭാ" ചരിത്രകർത്താവായ റേയ് സാ
യ്പ് മുതലായവർ അത് അത്ര വിശ്വാസയോഗ്യമല്ലെന്നാണു
അഭിപ്രായപ്പെട്ടിരുന്നതു. ഈ അഭിപ്രായത്തിൽ എത്രത്തോളം യു
ക്തി ഉണ്ടെന്നു അറിയണമെങ്കിൽ അദ്ദേഹവും കൂട്ടരും സമ്മതി
ക്കുന്ന ഭാഗം എതാണെന്നും സമ്മതിക്കാത്തതു എന്തെല്ലാമെ
ന്നും വിവേചിക്കേണ്ടിയിരിക്കുന്നു. പോർട്ടുഗലിലെ മൂന്നാമത്തെ
യോഹന്നാൻ രാജാവിന്റെ നിദേശം നിമിത്തം മേൽപ്രകാരം
ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു എന്നും അവർ പ്രസ്തുത ഉദ്യോ
ഗസ്ഥനോടുകൂടി ഒമൈലാപ്പൂരിലുള്ള പഴയപള്ളിയുടെ അടി
സ്ഥാനം മാന്തിനോക്കി എന്നും അപ്പോൾ മുകളിൽ പ്രസ്താവി
ക്കപ്പെട്ട സാധനങ്ങളെല്ലാം കണ്ടുകിട്ടി എന്നും അവർ പൂർണ്ണമാ
യി സമ്മതിക്കുന്നുണ്ടു. അന്വേഷിച്ചതും അന്വിഷ്ടപദാർത്ഥങ്ങ
ളെ കണ്ടെത്തിയതും പ്രസ്തുത ഗവർമ്മെണ്ടുദ്യോഗസ്ഥരികളാണെന്നു
ള്ളതിലും അവർക്കു തർക്കമില്ല. ഈ സ്ഥിതിക്കു പ്രകൃത ചരിത്രാ
ശത്തിൽ റേയ് മുതലായവരാൽ സമ്മതിക്കപ്പെടാത്തഭാഗംഒന്നും
തന്നെയില്ലെന്നു സ്പഷ്ടമാണു. പ്രത്യുതം അവർ വിശ്വസിക്കാതെ
ഇരിക്കുന്നതേയുള്ളൂ. എന്നാൽ എന്തുകൊണ്ടാണു വിശ്വസിക്കാ
തിരിക്കുന്നതു?. അതിനു കാരണം മേൽപറയപ്പെട്ട വിശുദ്ധാവ
ശിഷ്ടങ്ങളും എല്ലാം തോമ്മാശ്ലീഹായുടേതു അല്ലെന്നുള്ള ശങ്ക
യാണങ്കിൽ അവ മറ്റാരുടെയാണെന്നു പ്രസ്താവിക്കാഞ്ഞതു എ
ന്തുകൊണ്ടു? മറ്റാരുടേതും അല്ലെങ്കിൽ കമ്മീഷൻ ഏർപ്പെടുത്തി
യ രാജാവിന്റേയും, ഉദ്യോഗസ്ഥന്മാരുടേയും നടപടികളേയും
കണ്ടെടുക്കപ്പെട്ട വസ്തുക്കളെ സംബന്ധിച്ചുള്ള. വിശ്വാസത്തെ

യും അക്കാലത്തുണ്ടായിരുന്ന തെളിവുകളും ശേഖരിച്ചു നിഷേധിക്കാതിരുന്നതു എന്തുകൊണ്ടു? പോർട്ടുഗീസുകാർ മൈലാപ്പൂരിൽനിന്നു വിശുദ്ധാവശിഷ്ടങ്ങളും കണ്ടെടുത്തിട്ടു നൂറു സംവത്സരങ്ങൾ കഴിഞ്ഞശേഷമാണു ഡോക്ടർ റേയ് തന്റെ സുറിയാനി സഭാചരിത്രം എഴുതി പ്രസിദ്ധീകരിച്ചതു. അദ്ദേഹം പ്രസ്താവിക്കുന്നതു പോർട്ടുഗീസ് കമ്മീഷന്റെ ആഗമനകാലത്തു മൈലാപ്പൂരിൽ സുറിയാനിക്രിസ്ത്യാനികളും ഇല്ലാതിരുന്നതുകൊണ്ടു അവർക്കു സ്ഥലം കാണിച്ചുകൊടുത്തതു ഒരു മഹമ്മദീയനും ഒരു അർമ്മേനിയൻ കച്ചവടക്കാരനും ആയിരുന്നു എന്നാണു. (19) എന്നാൽ അക്കാലത്തു സുറിയാനിക്രിസ്ത്യാനികളെ ഭരിച്ചിരുന്ന മാർ യാക്കോബു മുതലായ മെത്രാന്മാർ അവരുടെ പാത്രിയർക്കീസിനയച്ച ഒരെഴുത്തിൽമൈലാപ്പൂരിൽ സുറിയാനിക്രിസ്ത്യാനികളുടെ സംഖ്യ കുറഞ്ഞുപോയതിനാൽ മലയാളത്തിൽനിന്നു ചിലർ അവിടെ പോയി പാർക്കുകയും ശ്ലീഹായുടെ കവറിടത്തെ സൂക്ഷിക്കുകയും ചെയ്യുവരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. (20) മെത്രാന്മാരുടെ ഈ പ്രസ്താവം വാസ്തവവും സായ്പ് പറയുന്നതു ഉപഹാസ്യമായ അഭിപ്രായവും മാത്രമാണെന്നു ആർക്കാണു ബോധമാകാത്തതു?. നമ്മുടെ ശ്ലീഹായുടെ വിശുദ്ധ പ്രേതമഞ്ചത്തെ പോർട്ടുഗീസുകാർക്കു കാണിച്ചുകൊടുത്തതു സംഭവം നടന്ന കാലത്തു മൈലാപ്പൂരിൽ ഉണ്ടായിരുന്ന സുറിയാനിക്കാരായ ചില പുരാതന ക്രിസ്ത്യാനികളാണെന്നാണു തല്ക്കാലീനന്മാരായ ചരിത്രകാരന്മാർ നിർദ്ദേശിക്കുന്നതു. എന്തുകൊണ്ടെന്നാൽ തോമ്മാശ്ലീഹായുടെ 'കവറിടം' എവിടയാണെന്നും അദ്ദേഹത്തിന്റെ മരണം എങ്ങനെ സംഭവിച്ചു എന്നും അറിയിച്ചതരണമെന്ന ഏഴാം-ാം ശതാബ്ദത്തിന്റെ ആരംഭദശയിൽഇൻഡ്യയിൽഉണ്ടായിരുന്ന മാതേ്താമ്മാക്രിസ്ത്യാനികളോടു അക്കാലത്തു ഭാരതവർഷത്തിൽ താമസിച്ചിരുന്ന പോർട്ടുഗീസുകാർ ആവശ്യപ്പെടുകയുണ്ടായി. അതിലേക്കു അവർ സ്വജനങ്ങളുടെഇടയിൽ പ്രചരിച്ചിട്ടുള്ള പരമ്പരാ വൃത്താന്തത്തെയും അതിനെ അനുകൂലിക്കുന്ന പൗരാണികരേഖകളേയും അ

സ്ഥിരീകരിച്ചുകൊണ്ടു തോമ്മാശ്ലീഹായുടെ അത്ഭുതകൃത്യങ്ങളും വി
ശിഷ്യ അദ്ദേഹം കടലിൽ നിന്നുവളരെ വലിയ ഒരുതടി കര
യിൽ വലിച്ചുകയറിയതും ഒരുശിശുവിനെ പുനർജ്ജീവിപ്പിച്ചു
തും മൈലാപ്പൂർ രാജാവിനെ മാനസാന്തരീകരിച്ചതും തന്നിമി
ത്തം ബ്രാഹ്മണർ കോപാക്രാന്തന്മാരായി ശ്ലീഹായെകുന്തംകൊ
ണ്ടു കുത്തി മൃതിപ്പെടുത്തിയതും അന്നു അദ്ദേഹത്തിന്റെ പാ
ശ്ചാത്ഥികളിൽ നിവിദ്ധമായ കുന്തത്തിന്റെഒരംശവും സഞ്ചാ
രവേളയിൽ ആ സിദ്ധൻ ഉപയോഗിച്ചിരുന്ന ഇരുമ്പു കെട്ടി
യ വടിയും മുറിവിൽ നിന്നുപ്രവഹിച്ച രക്തത്താൽ സംസിക്ത
മായ ലോഷ്ടശകലങ്ങളെ സഞ്ചയിച്ചിട്ടുള്ള ഒരു മൺപാത്രവും
മൈലാപ്പൂരിൽ അദ്ദേഹത്തിന്റെ ശരീരത്തോടു കൂടി ചേർത്തു
സംസ്കരിച്ചതും ആയ വൃത്താന്തങ്ങളെ പോർട്ടുഗീസുകാരെ ഗ്ര
ഹിപ്പിച്ചു. ഇപ്രകാരം അവരിൽ നിന്നു നിർഭിഘ്നമായ സ്ഥലം
കഴിച്ചു നോക്കിയപ്പോഴാണ് മേൽ പറയപ്പെട്ട സാധനങ്ങൾ
ആ വിദേശീയരുടെ ദൃഷ്ടികൾക്ക് ഗോചരീഭവിച്ചതു്. പ്രകൃത
പരിശോധന നടന്ന കാലത്തു ഇൻഡ്യയിൽ ഉണ്ടായിരുന്നവ
രും യോഗ്യന്മാരുമായ ചരിത്രകാരന്മാരിൽ നിന്നും ലഭിക്കുന്നാ
റിവു ഇപ്രകാരമാണ് (21) ശ്ലീഹായുടെ വി. കവറിനെ പോ
ർട്ടുഗീസ്കാർക്കു കാണിച്ചുകൊടുത്തതു ഒരു മഹമ്മദീയൻ ആ
ണെന്നുള്ള പോർട്ടുഗീസു ഗ്രന്ഥകർത്താവായ ബാറോ പറയു
ന്നതിനെയാണു റേയ് സായ്പ് ആസ്പദമായി കരുതുന്നതെങ്കിൽ അ
ദ്ദേഹം (ബാറൊ) ഞങ്ങൾ മേൽ പ്രസ്താവിച്ചിട്ടുള്ളതിനെ അ
നുകൂലിക്കുന്നതെയുള്ളു എന്നു ക്രൂടി ഇവിടെ ധരിച്ചിരിക്കേണ്ട
താണു്. ആ മഹമ്മദീയന്റെ പൌരാണികന്മാർ മൈലാപ്പൂ
രിൽ താമസിച്ചുവന്ന ക്രിസ്ത്യാനികൾ ആയിരുന്നു. അവന്റെ
പിതാവും പിതാമഹനുമാണു മഹമ്മദമതത്തെസ്വീകരിച്ചുഎങ്കിലും
വിശുദ്ധ കവറിങ്കൽ തന്നെ താമസിച്ചുവന്നിരുന്നു. അവൻക്രി
സ്ത മതത്യാഗം ചെയ്തിട്ട് കുറേസംവത്സരങ്ങൾ കഴിഞ്ഞപ്പോ
ൾ അവന്റെ കൺകാഴ്ച നഷ്ടമായി തീരുകയാൽ അനുഗ്രഹ
പ്രാർത്ഥിയായി വി. ശ്ലീഹായുടെ കവറിടത്തിങ്കൽ തന്നെ വസി

ച്ചിരുന്നു. അതു കാലഘട്ടത്തിൽ അനേകം പോർട്ടുഗീസുകാർ ഈ വനെ കാണുകയും കവരിന്നെപ്പറ്റിയുള്ള വർത്തമാനങ്ങളെ ഈ വനോട്ടു ചോദിക്കയുംചെയ്തിട്ടുണ്ടായിരുന്നു. (Barros. Da Asia, Vol III). എൻ-ാം നൂറാണ്ടിന്റെ അവസാനഘട്ടത്തിൽ എഴുതപ്പെട്ട ഡാക്കുർ റേയ് മുതലായവരുടെ സാക്ഷ്യങ്ങളെ മേൽ പ്രസ്താവിച്ച പരിശോധനകളും നടന്നു എന്നു-ാം നൂറാണ്ടിൽ തന്നെ സാരജ്ഞന്മാരായ ഗ്രന്ഥകർത്താക്കന്മാർ ചെയ്തിട്ടുള്ള പ്രസ്താവങ്ങളും ഏതൊരനുഭവസംബന്ധവിവരങ്ങളെന്നു വായനക്കാർ വിധിച്ചുകൊള്ളട്ടെ. "The question is one of fact and not one of mere probability" (Ch. II. P. 23). "സംഭവത്തേയാണ് നാം അന്വേഷിക്കുന്നതു്. അഭിപ്രായത്തെ അല്ല" എന്നുള്ള റേയ് സായ്പിന്റെ പ്രമാണം നമുക്കും ഇവിടെ സ്വീകാര്യമാകുന്നു.

൨. പ്രസ്തുത വാദത്തിൽ തന്നെ എതിർകക്ഷികളും പുറപ്പെടുവിക്കുന്ന മറ്റൊരാക്ഷേപം എന്നു-ാം നൂറാണ്ടിൽ പോർട്ടുഗീസുകാർ മൈലാപ്പൂരിന്റെ ഉപഗ്രാമത്തിൽ വച്ചു കണ്ടെത്തി എന്നുപറയുന്ന കുരിശുതോമ്മാശ്ലീഹായുടെതല്ലെന്നും പ്രത്യുതഃ അതു ഏഴാമത്തേയൊ അഥവാ എട്ടാമത്തേയൊ ശതാബ്ദത്തിൽ പേർഷ്യൻ മിഷ്യനറിമാരാൽ സ്ഥാപിക്കപ്പെട്ടതാണെന്നും അതിൽ കാണപ്പെടുന്ന അക്ഷരങ്ങളും പേർഷ്യയിലെ നാട്ടുഭാഷയായ പല്ലവിയിലെ ലിപികളാണെന്നും ഉള്ള ഭാഗങ്ങളാണു്. ഈ സംഗതിയുടെ യാഥാർത്ഥ്യത്തേ സംബന്ധിച്ചാണു നാം ഇനി പരിശോധിക്കേണ്ടതു്. എ൫൫-ൽ മൈലാപ്പൂരിന്റെ ഉപഗ്രാമത്തിലുള്ള ഒരു കുന്നിൽ പോർട്ടുഗീസുകാർ ഒരു കപ്പേള പണി ചെയ്യിക്കുന്നതിനായി കഴി മാന്തിയപ്പോഴാണു പ്രസ്തുത കുരിശു അവർക്കു പ്രത്യക്ഷീഭവിച്ചതു്. തോമ്മാശ്ലീഹായുടെ നിശ്ശബ്ദഭൂമി അതാണെന്നും അവിടെ ശ്ലീഹായുടെ ഒരു കപ്പേള ഉണ്ടായിരുന്നു എന്നും അറിഞ്ഞിരുന്നതിനാലാകുന്നു ആ സ്ഥലത്തു മാർ തോമായുടെ സ്മരണാർത്ഥം വിദേശീയരായ അവർ ഒരു വലിയ ദേവാലയം നിർമ്മിക്കാൻ ഉത്സാഹിച്ചതു്.

എന്നാൽ അവർ കരിശു കുണ്ടെത്തിയെന്നുള്ള ഭാഗത്തെപ്പറ്റി അതുക്കും തർക്കവുമില്ലാ. അഥവാ തർക്കമുണ്ടെങ്കിൽ തന്നെയും അതു കരിശു തോമ്മാശ്ലീഹായുടേതാണോ അല്ലയോ എന്നുള്ളതു മാത്രമാകുന്നു. ഇതിൽ ഭിന്നാഭിപ്രായക്കാരുടെ വാദത്തിനുമുണ്ടാകാരണങ്ങളാണുള്ളതു്. അവയിൽ ഒന്നു അതു കരിശിൽ കാണപ്പെടുന്ന ലിപികളേ സംബന്ധിച്ചും മറ്റൊന്നു അവയിൽ സംഗ്രഹിച്ചിരിക്കുന്ന കാര്യങ്ങളേക്കുറിച്ചും മൂന്നാമത്തേതു പോർട്ടുഗീസ് കമ്മീഷന്റെ അന്വേഷണ ദശയെപ്പറ്റിയും അതുകുന്നു. പ്രസ്തുത അക്ഷരങ്ങളേ സംബന്ധിച്ചു പോർട്ടുഗീസ് ചരിത്രകാരന്മാർ പറയുന്നതു ഇങ്ങനെയാണു. കരിശിൽകാണപ്പെട്ട ലിപികളും ഇന്ത്യയിലെ പുരാതനാക്ഷരങ്ങളുമാണു. അവയെവായിച്ച ഏതദ്ദേശീയരായ രണ്ടു ബ്രാഹ്മണർ അപ്രകാരം സമ്മതിക്കുകയും എഴുത്തുകളിൽ ഓരോന്നിനും പ്രത്യേകം അർത്ഥമുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. എന്നാൽ അവ പേർഷ്യൻ ഭാഷയായ പല്ലവിയിലെ അക്ഷരങ്ങളാണെന്നാകുന്ന ആധുനികപരിശോധകന്മാരായ ഡാക്ടർ ബർണ്ണൽമുതലായവർ അഭിപ്രായപ്പെട്ടുന്നതു്. (22) തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ ചെയ്ത മതപരിശ്രമങ്ങളെ നിഷേധിക്കുന്ന റേയ് മുതലായ ചരിത്രകാരന്മാരും ഈ അഭിപ്രായത്തോടാണു യോജിക്കുന്നതു. മേൽ പറയപ്പെട്ടരണ്ടു അഭിപ്രായങ്ങളിൽ ഏതാണയഥാർത്ഥമായിട്ടുള്ളതെന്നു അന്വേഷിക്കേണ്ടതുസത്യാന്വേഷകന്മാരായ എല്ലാവരുടേയും മുമതലയാണല്ലൊ. അതുകയാൽ നാം ഇവിടെ ആലോചിപ്പാനുള്ളതു് പ്രസ്തുത കരിശിലെ അക്ഷരങ്ങളേയും അവയിൽ ഗ്രഥിച്ചിരിക്കുന്ന സംഗതികളേയും സംബന്ധിച്ചാണു്.

മൂന്നു മുതൽ പത്തുവരേയുള്ള എഴുന്നൂറാണ്ടുകളിൽ പെർഷ്യ മഹാരാജ്യത്തിലെ ദേശഭാഷ പല്ലവിയായിരുന്നു. ഇതിനു കൽദായഭാഷയോടു ഒട്ടൊക്കെ സംബന്ധമുണ്ടു്. തന്നിമിത്തം ആ ഭാഷയിൽ കൽദായ പല്ലവിയെന്നും സസ്സാനിയൻ (Sassanian) പല്ലവിയെന്നും രണ്ടു വിഭാഗങ്ങളെ ഉണ്ടാക്കിച്ചു.

കൽദായ പല്ലവിയുടെ അക്ഷരങ്ങൾ എല്ലാം കൽദായ അക്ഷരങ്ങൾതന്നെയാണ്. വാക്കുകളിലും ഉച്ചാരണത്തിലും മാത്രമെ വ്യത്യാസമുള്ളൂ. അന്യഥാ കൽദായ അക്ഷരങ്ങളെ ഉപയോഗിക്കുന്ന പല്ലവി ഭാഷയെന്ന അതിനു നാമകരണം ചെയ്യാവുന്നതാണ്. ഫ്രഞ്ച്-ൽ പെർഷ്യയിലുള്ള ഉർമ്മിയാ പട്ടണത്തിൽ മുദ്രണം ചെയ്ത പഴയ നിയമം വേദപുസ്തകത്തിന്റെ ഒരുഭാഗത്തു കൽദായ സുറിയാനിയും ഇതര ഭാഗത്തു കൽദായ പല്ലവിയും പ്രയോഗിച്ചു കാണുന്നു. സസ്സാനിയൻ പല്ലവിയുടെ ലിപികം ഇവയിൽ നിന്നു വ്യത്യസ്തമാണ്. ഈ അക്ഷരങ്ങളുടെ ആകൃതിയെല്ലാം ഫ്രൻഠ—ൽ ന്യൂയോർക്കിൽ അച്ചടിച്ചിട്ടുള്ള സർവ്വശാസ്ത്ര നിഘണ്ടു (The New International Encyclopedia) വിൽ സഞ്ചയിച്ചിട്ടുണ്ട്. (23) ഇവിടെ ചേർത്തിട്ടുള്ള മൈലാപ്പൂരിലെ കുരിശിന്റെ ചരായാപടത്തിൽ ഉപരിഭാഗത്തു കാണുന്ന ലിപികം കൽദായപല്ലവിയിലെ അക്ഷരങ്ങളും അടിയിൽ ചേർത്തിട്ടുള്ളതു സസ്സാനിയൻ പല്ലവിയിലെ അക്ഷരങ്ങളുമാകുന്നു. ഈ രണ്ടു തരം അക്ഷരങ്ങളും വായനക്കാരുടെ ധാരണാ സൌകര്യത്തിനു വേണ്ടി ഞങ്ങൾതന്നെ ഇതിൽചേർത്തുഎന്നല്ലാതെ കുരിശിൽ ഉണ്ടായിരുന്നവയല്ല. എന്നാൽ വി. ത്ലീഹായുടെ കുരിശിന്റെ പുറവിലും കാണപ്പെട്ടുന്ന ലിപികം പ്രസ്തുത രണ്ടുവർഗ്ഗത്തിലും ഉൾപ്പെട്ടവയല്ലെന്നു ആക്ഷേപം പ്രഥമദൃഷ്ടിയിൽതന്നെ മനസ്സിലാക്കാവുന്നതാണ്. അതുകയാൽ ശ്രീ. സ്ലീബായുടെ പരിധിയിൽഉള്ള ലിപികം മേൽ പറയപ്പെട്ട ബ്രാഹ്മണരുടെ സാക്ഷ്യപ്രകാരം ഇൻഡ്യയിലെ പൂർവ്വഭാഷാക്ഷരങ്ങൾ ആണെന്നും നെരേമറിച്ചു പല്ലവിയിലേ ലിപികം അല്ലെന്നും നിർണ്ണയിക്കുന്നതു ലേശംപോലും അബദ്ധമല്ലെന്നും മുകളിൽ ചേർത്തിട്ടുള്ള മൂന്നതരം അക്ഷരങ്ങളേയും അന്യോന്യം പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. പല്ലവി അല്ലെന്നു നാം ഇവിടെ വാദിക്കുന്നതു പേഷ്വൻ പല്ലവിയെ മാത്രം ഉദ്ദേശിച്ചാണ്. കുരിശിൽ എഴുതപ്പെട്ടിരിക്കുന്ന ഇൻഡ്യയിലെ പൂർവ്വഭാഷക്കും പല്ലവി എന്നായിരുന്ന അഭിധാനം എന്നു വ

ല്ലൊരുത്തൻ സ്ഥാപിക്കുന്നെങ്കിൽ അതു ഞങ്ങളുടെ അഭിപ്രായത്തിനു വിപരീതമല്ല.

൯. പ്രസ്തുത കുരിശു തോമ്മാശ്ലീഹായുടേതല്ലെന്നു ശഠിക്കുന്നവരുടേ രണ്ടാമത്തേ വാദം അതിലുള്ള എഴുത്തുകളിൽ സംഗ്രഹിച്ചിരിക്കുന്ന സംഗതിയെ സംബന്ധിച്ചാണല്ലൊ. ആധുനിക ചരിത്രകാരനായ ഡാക്ടർ ബർണ്ണൽ ആ ലേഖനത്തെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. "സാക്ഷാൽ ക്രിസ്തുവും ഉപരിഷ്ഠനായദൈവവും പരിശുദ്ധാത്മാവുമായ ആകുന്നയാളിന്റെ കഷ്ടാനുഭവം കുരിശിൽ സഹിച്ചശിക്ഷയായിരുന്നു" ഡോക്ടർ. ഇ. ഡബ്ല്യിയു. വെസ്റ്റിന്റെ (E. W. West) ഭാഷാന്തരം "സത്യസ്വരൂപനായ മിശിഹായെ ഞെരുക്കത്തിൽ നിന്നു സ്വതന്ത്രനാക്കിയതു വിമോചനമൊ അഥവാ ശകാരമൊ അല്ല കുരിശുമരത്തിലെ മരണവും അതിൽ നിന്നുണ്ടായ വേദനയും അത്രെ" എന്നും മൂനിക്കിലെ ഡോക്ടർ ഹോഗിന്റെ തർജ്ജമ "മിശിഹായിലും ഉപരിഷ്ഠനായദൈവത്തിലും പരിശുദ്ധാത്മാവിലും വിശ്വാസമുള്ളവൻ കുരിശിൻ ശിക്ഷ അനുഭവിച്ച ആളിന്റെ നന്മയിൽ സ്ഥിതിചെയ്യുന്നു" എന്നുമാണ്. ഇനി പോർട്ടുഗീസുകാർ പ്രസ്താവിക്കുന്നതു തോമ്മാശ്ലീഹാതന്നെ ഇൻഡ്യയിൽ വരുകയും വേദം പ്രസംഗിക്കുകയും വളരെആളുകളെ മാനസാന്തരീകരിക്കുകയും ഒടുവിൽ ആ കുരിശിനെ ചുംബനം ചെയ്തതിൽ ശ്ലീഹാ മരിക്കുകയും ചെയ്ത സംഗതികളും മറ്റും ആണ അതിൽ എഴുതപ്പെട്ടിരിക്കുന്നതെന്നാകുന്നു. (24) അന്യോന്യ ഭിന്നങ്ങളായി കാണുന്ന പ്രസ്തുത രണ്ടു ഭാഷാന്തരങ്ങളിൽ ഏതാണു ശരിയായിട്ടുള്ളതെന്നു പരശോധിച്ചുതന്നെ അറിയേണ്ടിയിരിക്കുന്നു. ആദ്യം പറയപ്പെട്ട ബർണ്ണൽ, വെസ്റ്റ്, ഹോഗ് എന്നീമൂന്നുപേരുടേയും ഭാഷാന്തരങ്ങളും മൂന്നു വിധത്തിലും ഒന്നിനോടൊന്നു യോജിക്കാത്ത വിധത്തിലും ആണല്ലൊ കാണപ്പെട്ടുന്നതു്. കുരിശിലുള്ള ലിപികളും പല്ലവിഭാഷാക്ഷരങ്ങളും ആണെന്നുള്ള അവരുടെവാദം ശരിയാണെങ്കിൽ പ്രസ്തുത മൂന്നുഭാഷകളും ഒന്നുപോലെ തന്നെ ആകേണ്ടിയിരുന്നു. എന്നാൽ ഭാ

ഷാന്തരങ്ങൾ അത്ഭുതാവഹങ്ങളോട് കൂടിയവയാകയാൽ കൂരിശിലെ ലിപികളെപ്പറ്റിയുള്ള അവരുടെ അഭിപ്രായം സ്വീകാര്യയോഗ്യമല്ലെന്നു മാത്രമല്ല ആ വ്യാഖ്യാനങ്ങളും അവിശ്വസനീയങ്ങളായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഭാഷാഭിജ്ഞന്മാർക്കു തന്നെ ഭാഷകളിൽ എഴുതപ്പെട്ട സംഗതികളും സുഗ്രഹങ്ങളും ആയിരിക്കുമെന്നുള്ളതു സാഹിത്യമർമ്മജ്ഞന്മാരുടെ ഇടയിൽ നിർവ്വിവാദമാണ്. ഈ സ്ഥിതിക്കു ബർണ്ണൽ മുതലായവരുടെ തജ്ജിമകളും തോമ്മാശ്ലീഹാ തെക്കെ ഇൻഡ്യയിൽ വന്നിട്ടില്ല എന്നുള്ള ഊഹത്തിന്മേൽ പ്രതിഷ്ഠിക്കപ്പെട്ടവയാണെന്നു വിചാരിക്കേണ്ടതുള്ളൂ. ഒടുവിൽ പറയപ്പെട്ടിരിക്കുന്നപോർട്ടുഗീസുകാരുടെ ഭാഷാന്തരം ഭാരതീയന്മാരായ രണ്ടു ബ്രാഹ്മണരുടേതെന്നല്ലാതെ ആ വിദേശികളുടെ വ്യാഖ്യാനമല്ലല്ലൊ. കുരിശിന്മേറ ചാർത്തിയും ഉള്ള പ്രസ്തുത ലിപികളിൽ സംഗ്രഹിച്ചിരിക്കുന്ന സംഗതി അറിയണമെന്നുള്ള കാംക്ഷയാൽ പോർട്ടുഗീസുദ്യോഗസ്ഥന്മാർ ഇൻഡ്യയിൽ ഉള്ളവരിൽ വച്ചു ഏറ്റവും പാണ്ഡിത്യമുള്ള ആളുകളേയാരെ അന്വേഷിച്ചതു. അക്കാലത്തു കാനറാ ദേശത്തു ഈദൃശകാര്യങ്ങളെ സംബന്ധിച്ചു ധാരാളം പരിജ്ഞാനമുള്ള ചില ബ്രാഹ്മണർ ഉണ്ടായിരുന്നു. ഈ വസ്തുതയറിഞ്ഞു പോർട്ടുഗീസുകാർ അവിടെ നിന്നു രണ്ടുപേരെ വരുത്തുകയും അവർ സത്യംപറകയില്ലെന്നുള്ള പ്രതിജ്ഞയെടുക്കുടി അവരെക്കൊണ്ടു പ്രത്യേക സമയങ്ങളിൽ പരസ്പരം അറിയാനിടയാകാത്തവണ്ണം പ്രകൃതലിപികളെ ഭാഷാന്തരം ചെയ്യിക്കുകയും ചെയ്തു. ആ ബ്രാഹ്മണരുടെ തജ്ജിമകളും അന്യോന്യം വ്യത്യാസമില്ലാത്തവയും പൂർണ്ണയോജ്യതയുള്ളവയും ആയിരുന്നു. ഈ അക്ഷരങ്ങളും ഒന്നോടൊന്നു ചേരാതെ അഞ്ചു തരത്തിലുള്ള ലിപികളും സംമിശ്രമാക്കി വ്യഴുതിയിരിക്കുന്നു എന്നും അവ ചൈനാക്കാരുടെ അക്ഷരങ്ങളും പോലെയും ഈജിപ്ത്കാരുടെ സചിത്രാക്ഷരങ്ങളും പോലെയും ഓരോന്നും ഓരോ അർത്ഥം ജനിപ്പിക്കുന്നു എന്നും മുമ്മൂന്നു രൂപങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു ടി. അക്ഷരങ്ങളും സംഖ്യകളും ഉണ്ടെന്നും ആകുന്നു അവരുടെ അഭിപ്രായം. എന്നാൽ ഈ സംഗ

തിയുടെ സ്ഥടതക്ക വേണ്ടി ആ ബ്രാഹ്മണരുടെ പരിഭാഷ പദാനുപദമായിഇവിടെഎടുത്തെഴുതാം. "ഈദേശങ്ങളെമുപ്പതുസംവത്സരങ്ങളോളംസംരക്ഷിച്ച സഗാദ് രാജാവിന്റെ പുത്രൻരാജ്യഭാരം നിർവഹിക്കുകയിൽ സാക്ഷാൽ ഏകനായ ദൈവം ഭൂമിയിൽ പ്രവേശിച്ച് ഒരുകന്യകയിൽനിന്ന എടുത്തമാംസത്താൽ അവതീർണ്ണനായി യൂദന്മാരുടെ പ്രമാണത്തിന്ന ക്ലാന്തിവരുത്തി. അദ്ദേഹം നമ്മെ സംവത്സരം ഭൂമിയിൽ ജീവിക്കുകയും അക്കാലത്ത് താൻ പ്രസംഗിച്ചിരുന്ന തത്വങ്ങളെ സ്വഭൃത്യന്മാരായ പന്ത്രണ്ടു പേരെ പഠിപ്പിക്കുകയും അനന്തരം മനുഷ്യരുടെ പാപങ്ങൾക്കു പ്രമതലപ്പെട്ടിരുന്ന ശിക്ഷയെ യൂദന്മാരുടെ കയ്യിൽ നിന്ന സ്വദയപൂർവം സഹിക്കുകയും ചെയ്തു. ആ ഭൃത്യന്മാരിൽ ഒരാൾ കയ്യിൽ ഒരു വടിയുമായി മയിൽ പുരിയിൽ എത്തി. കടൽതീരത്തു വന്നാടിഞ്ഞ ബഗാദ് എന്ന പേരായ ഒരു വലിയ തടി അദ്ദേഹം വലിച്ചു കയറ്റി അതുകൊണ്ടു ഒരു പള്ളി പണിചെയ്തു. ഇതിനേക്കുറിച്ചുഎല്ലാവർക്കും സന്തോഷം ഉണ്ടായി. തോമ്മാശ്ലീഹായുടെ പ്രമാണം സത്യമാകയാൽ മൂന്ന കിരീടമുള്ള ഒരുരാജാവു, കേരളക്കോൻ,ഇന്ത്യലക്കോൻ, കുസ്പർട്ടിയാട്, ഏത്തിനാബാരാദിലെ പ്രഭു, അയാളുടെ മകൾ കുത്തറീനാ, മറനേക കന്യകമാർ, അനുജാതിക്കാർ, എന്നിങ്ങനെ അനേകം പെർ സ്വമനസ്സാലെ അതിനെ കൈക്കൊണ്ടു. അവർക്കുവണങ്ങുന്നതിനുവേണ്ടി അദ്ദേഹം ശിശുദ്ധ കുരിശിന്റെ അടയാളത്തെ ദാനം ചെയ്തു. പിന്നീട്ട അയാൾ അന്തിനോടോർ കയറുകയിൽ ഒരുബ്രാഹ്മണനാൽ കുന്തംകൊണ്ടുകുത്തപ്പെട്ടു. അദ്ദേഹം ഈ കുരിശിനെ പിടിച്ചുതഴുകി. കുരിശു അയാളുടെ ചോരയാൽ നനഞ്ഞു. സ്വന്ത ശിഷ്യന്മാർ അദ്ദേഹത്തെ മയിൽ പുരിയിലേക്കു എടുത്തുകൊണ്ടുപോയി. അവിടെ അദ്ദേഹം പണിചെയ്യിച്ച പള്ളിയിൽ അടക്കപ്പെട്ടു. മേൽ പറയപ്പെട്ട രാജാക്കന്മാരായ ഞങ്ങൾ ഇവയെല്ലാം കണ്ടിട്ടുള്ളതാക കൊണ്ട് നിത്യസ്മരണാർത്ഥം ഇതു എഴുതിവച്ചിരിക്കുന്നു" (25).

ഈ ഭാഷാന്തരത്തിൽ ഉപയോഗിച്ചിരിക്കുന്ന പേരുകൾ സാക്ഷാൽ ഇൻഡ്യൻപേരുകളോട് സാമ്യമുള്ളവയാണ്. ഏതാം അദ്ധ്യായം ഒന്നാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ള പെരുമാക്കന്മാരുടെ പേരുകളും ഇവയോട് സമാനങ്ങളായി കാണപ്പെടുന്നു. പരിഭാഷയിൽ കത്തറീനാ എന്നുള്ള പേർ കാത്ത്യായിനി എന്നതിനെ പോട്ട്ഗീസുകാർ തെറ്റിധരിച്ച് എഴുതിയതായിട്ടെ വിചാരിക്കുവാൻ വഴിയുള്ളൂ. പ്രസ്തുതബ്രാഹ്മണർ കാർത്ത്യായിനി എന്നുപറഞ്ഞ പദത്തെ പോട്ട്ഗീസുകാർ അന്യഥാ ശ്രവിച്ച് എഴുതുകയും പിന്നീടുള്ള ചരിത്രകാരന്മാർ ആ ശബ്ദത്തെ എടുത്തെഴുതുകയും ചെയ്തതായിട്ട് ഊഹിക്കാം.

കരിശിന്റെ ചുറ്റിലും കാണപ്പെടുന്ന ഇത്ര ചുരുങ്ങിയ അക്ഷരങ്ങളിൽ തോമാശ്ലീഹാ ഇവിടെ വന്നതിനേയും പ്രസംഗിച്ചതിനേയും മരിച്ചതിനേയും സംബന്ധിച്ചുള്ള ഇത്ര വളരെ കാര്യങ്ങൾ എങ്ങനെയാണ് വിവരിച്ചിരിക്കുന്നതെന്നു ഓർത്തു വായനക്കാർ അത്ഭുതപ്പെടാനും തന്മൂലം പ്രസ്തുതവിവരണത്തിന്റെ സ്വീകാര്യതയെ പറ്റി സംശയിപ്പാനും ഇടയുണ്ട്. എന്നാൽ വാസ്തവം ഗ്രഹിച്ചാൽ അങ്ങനേയുള്ള ശങ്കകൾ അവകാശമില്ലാത്തതാണ്. അക്കൊട്ട് എന്നൊരു സമ്പ്രദായം ഇൻഡ്യൻ ഭാഷകളിൽ ദുർല്ലഭമല്ല. പൂർവ്വകാലത്തു അതിനു ഒട്ടധികം പ്രചാരമുണ്ടായിരുന്നു. ഇക്കാലത്തും വളരെ ചുരുക്കമായിട്ടെങ്കിലും നടപ്പുണ്ട്. ഇതിനു ഒരുദാഹരണം ഇവിടെ പ്രസ്താവിക്കാം. ക. മുതൽ ഞ. വരെ ഏാ അക്ഷരങ്ങളും നിരത്തി എഴുതിയതിനുശേഷം അവയിൽ ഓരോന്നിനും സംയുക്തവർണ്ണമായി വീണ്ടും ഓരോ അക്ഷരങ്ങളും ക്രമേ എഴുതുക. അപ്പോൾ ആദ്യത്തെ പത്തക്ഷരങ്ങൾ ഇരട്ടിച്ചു ഇരുപതായി തീരുന്നതാണ്. അനന്തരം ഒന്നുമുതൽ ആറോ ഏഴോ പത്തോ വരെയുള്ള അക്ഷരങ്ങളെ ഇടയിട്ടോ അനുക്രമമായോ യഥോചിതംവായിക്കേണ്ടതാണ്. തത്സമയം അവയെല്ലാം ക്രമേ ഒരു വലിയ വാക്കായി തീരുന്നു. വീണ്ടും രണ്ടാമത്തെ അക്ഷരം തുടങ്ങി വായിക്കുക. അപ്പോൾ വെറൊരു വാക്കു ക്രമേ ഉത്ഭവിക്കും. ഇ

നീട്ട് മൂന്നാമത്തെ അക്ഷരംതുടങ്ങി വായിക്കാം. അതും ഒരു പ ദമായി കാണപ്പെട്ടാം. ഇങ്ങനെ പത്തക്ഷരങ്ങളം വരെ ആക്കുമ്പോളം ഏകദേശം ഏഴൊ എട്ടോ വാക്കുകളം സിദ്ധിക്കുന്നു. അതഃ പരം അന്ത്യാക്ഷരം തുടങ്ങി പ്രതിലോമമായി വായിക്കുമ്പോഴും മേൽപ്രകാരം ഏഴെട്ട വാക്കുകളം ലഭിക്കുന്നതാണ്. വീണ്ടും ക്രട്ടക്ഷരങ്ങളോട്ടുകൂടി അനുലോമ പ്രതിലോമമായിവായിക്കണം. അപ്പോഴും ഏഴേഴുവീതം രണ്ട പ്രാവശ്യമായി ഫര വാക്കുകളം ഉത്ഭവിക്കുന്നു. ഇനി ക്രട്ടക്ഷരങ്ങളെ ഇരട്ടിക്കുന്നപക്ഷം അതായ്ത് ഒരക്ഷരത്തിന്മേൽ വേറെ രണ്ടക്ഷരം കൂടി ചേത്തെഴുതിയാൽ എത്രനമായി ഫര പദങ്ങളം പിന്നെയും ലഭിക്കുന്നതാണ്. ഇതു കൂടാതെ അതതു അക്ഷരങ്ങളുടെ ഓരോഭാഗത്തു പ്രത്യേകം ചില വിസർഗ്ഗങ്ങംകൂടി ചേത്താൽ അത്ഥത്തിന തക്കവണ്ണമുള്ള അവ്യയങ്ങളും പ്രത്യയാംശങ്ങളും മറും പ്രത്യക്ഷപ്പെട്ടാം. ഈ വിധത്തിലാണ് പ്രസ്തുത കുരിശിന്റെ ചുററിലുമുള്ള മുരുങ്ങിയ അക്ഷരങ്ങളിൽ മേൽ പറയപ്പെട്ട കായ്ങ്ങളെല്ലാം സംഗ്രഹിച്ചിരിക്കുന്നത്. ലിപികളെല്ലാം അക്കാലത്തെ ഇൻഡ്യൻ ഭാഷയിൽ നടപ്പുണ്ടായിരുന്നവ ആണെങ്കിലും ക്രട്ടക്ഷരങ്ങളാക്കി എഴുതിയിരിക്കകൊണ്ടാണ് അവ്വാചീനന്മാരായ വിദേശീയ വിഭാന്മാർ അവയെ പലതരത്തിൽ വ്യാഖ്യാനിക്കുകയും തജ്ജിമചെയ്യുകയും ചെയ്തിട്ടുള്ളതു.

അന്തിനാടോർ എന്നുപറയുന്നതു റി. ശ്ലീഹാ ശ്ലൂഹാരുഢനായ സ്ഥലത്തിനു അക്കാലത്തുണ്ടായിരുന്ന ദേശ സംജ്ഞയായിരിക്കാം. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ബ്രാഹ്മണരുടെ ഭാഷാന്തരത്തോട് അടുത്ത അദ്ധ്യായത്തിൽ ചേത്തിട്ടുള്ള പുരാതന ഗാനത്തിലെ പ്രതിപാദ്യ വസ്തു പലടത്തും പൂർണ്ണമായി യോജിക്കുന്നുണ്ട്. അവയിൽ മൂന്നു സംഗതികളം ഈ സന്ദർഭത്തിൽ പ്രസ്താവാവാംഗങ്ങളാണ്. (ഫ) പ്രസ്തുത പാട്ടിൽ നിന്നും മുതൽ നരഗം വരെയുള്ള പാദങ്ങളിലായി ശ്ലീഹാ ചിന്ന മലയിലേക്കു യാത്രചെയ്തായിൽ ചിലബ്രാഹ്മണർ അദ്ദേഹത്തെ കുന്തംകൊണ്ടു തജ്ജനം ചെയ്തു എന്നു വിവരിച്ചുകാണുന്നു. പരിഭാഷ

യിൽ പറയപ്പെട്ടിട്ടുള്ളതും അന്നിനോടോർ കയറുകയിൽ ഒരു ബ്രാഹ്മണൻ ശ്ലീഹായെ കുത്തിയെന്നാണല്ലൊ. (൨) പാട്ടിലെ ൩൭൫ മുതൽ ൩൮൨ വരെ ഉള്ള വരികളിൽ വണ്ണിക്കുന്നതു് വി. പ്രേഷകന്റെ ദേഹത്തെ ശിഷ്യന്മാർ എടുത്തുകൊണ്ടുപോയി ദേവാലയത്തിന്റെ അന്തർഭാഗത്തു് സ്ഥാപിച്ചു എന്നാണു്. ഭാഷാന്തരത്തിൽ കാണുന്നതും ഇപ്രകാരം തന്നെ. (൩) ൩൭൫ ൩൭൬ എന്നീ വരികളിൽ, ശ്ലീഹാ "കടലോരക്കാട്ടിൽ" ഉള്ള കല്ലിൽ വീണു് പ്രാർത്ഥിച്ചു എന്നു പറയപ്പെട്ടിരിക്കുന്നു. ശ്ലീഹാ ശ്ലൂവാരോഹിതനായി ആപരിച്ച കല്ലിന്മേൽ പ്രാർത്ഥന നടത്തിയതു് അതിൽ കുരിശിന്റെ ചിഹ്നം കൊത്തപ്പെട്ടിരുന്നതിനാലാണെന്നും തത്സമയം ആ കുരിശിൽതന്നെ വിശ്രുതരകുതം വീഴാൻ ഇടയായിട്ടുള്ളതാണെന്നും അതു തന്നാൽ നിർമ്മിതമായ ഈ കൽകുരിശു തന്നെയാണെന്നും സ്പഷ്ടമാണു്. ഭാഷാന്തരത്തിലെ പ്രതിപാദനവും ഈവിധത്തിൽ തന്നെയാകുന്നു. പാട്ടിൽ പറയപ്പെട്ടിരിക്കുന്ന സംഗതികളും ഭാഷാന്തരവും പരസ്പരം പരിപൂർണ്ണമായി യോജിക്കുന്നതിനാൽ അവരണ്ടും യാഥാർത്ഥികങ്ങളാണെന്നു് ഈ യോജ്യതതന്നെ ലക്ഷീകരിക്കുന്നു. കുരിശിലുള്ള അക്ഷരങ്ങളുടെ പ്രസ്തുത വ്യാഖ്യാനവും പാട്ടിൽ കാണപ്പെട്ടുന്നു ടി. മൂന്നു സംഗതികളും കൊണ്ടു് തോമ്മാ ശ്ലീഹാ മരിച്ച സ്ഥലവും സംസ്കരിക്കപ്പെട്ടസ്ഥലവും രണ്ടാണെന്നും മരിച്ച സ്ഥലത്തു [തോമ്മാക്കുന്നിൽ] കുരിശും മൈലാപ്പൂരിലെ പള്ളിയിൽ അദ്ദേഹത്തിന്റെ തിരു ശരീരവും സ്ഥാപിക്കപ്പെട്ടു എന്നും വിദിതമാകുന്നുണ്ടു്. എന്നാൽ മൈലാപ്പൂരിൽ മൂന്നു വി. സ്ഥലങ്ങളുണ്ടുതു്. അവയിൽ ഒന്നു വി. ശ്ലീഹായുടേ പ്രേതമഞ്ചമാണു്. ഇതു മൈലാപ്പൂരിലെ മെത്രാസനപ്പള്ളിയുടെ അന്തർഭാഗത്തു് സ്ഥിതിചെയ്യുന്നു. മൈലാപ്പൂർ പട്ടണമാകട്ടെ ഫോർട്ടുസെൻറ് ജോർജ് കോട്ടയിൽ നിന്നു് മൂന്നു മൈൽ തെക്കു മാറിയാണു് കിടക്കുന്നതു്. രണ്ടാമത്തെ വിശുദ്ധ സ്ഥാനം തോമ്മാക്കുന്നു എന്നു പറയപ്പെടുന്ന മലയാകുന്നു. ൭൨ പ്രേഷകൻ വധിക്കപ്പെട്ടതും അദ്ദേഹത്തിന്റെ രക്തത്താൽ അടിഷി

കുമായകുരിശു ആദിയിൽ സ്ഥാപിക്കപ്പെട്ടിരുന്നതും അവിടെ ആണു്. അതു ഇപ്പോഴും ആ സ്ഥലത്തുള്ള ദേവാലയത്തിൽ പൂജ്യമായി സൂക്ഷിക്കപ്പെടുന്നു. ഈ സ്ഥലം ഫോർട്ട് സെൻറ് ജോർജ് കോട്ടയിൽ നിന്നു എട്ടു മൈയിൽ തെക്കു പടിഞ്ഞാറായിട്ടാണു് സ്ഥിതിചെയ്യുന്നതു്. മൂന്നാമത്തെ വിശുദ്ധ സ്ഥലം ചിന്നമല ആകുന്നു. ശ്ലീഹാ പതിവായി ജപധ്യാനങ്ങളെ നിർവ്വഹിച്ചിരുന്ന സ്ഥലം ഇതാണു്. ഈ പ്രദേശം ശിലാമയവും ഒരു ഗുഹയോടു കൂടിയതുമത്രെ. ഇപ്പോൾ ആ സ്ഥലത്തു ഒരു കപ്പേള സ്ഥിതിചെയ്യുന്നു. ഇതു് മേൽ പറയപ്പെട്ട കോട്ടയിൽ നിന്നു ആറു മൈൽ തെക്കുപടിഞ്ഞാറു മാറി കിടക്കുന്നു.

൫. ഇനി ഈ കുരിശു തോമ്മാ ശ്ലീഹായുടേതല്ലെന്നു വാദിക്കുന്നവരുടെ മൂന്നാമത്തെ സിദ്ധാന്തം അതിന്റെ സ്ഥാപനകാലം ഏഴാമത്തേതൊ അഥവാ എട്ടാമത്തേതൊ നൂറാണ്ടാണെന്നുള്ളതാണല്ലൊ. എന്നാൽ ഈ സിദ്ധാന്തത്തിനു പ്രബലങ്ങളായ നിദർശനങ്ങളെ അവർ കാണിച്ചു തരുന്നില്ല. എന്നുമാത്രമല്ല ഈ പ്രസ്താവം ഊഹത്തിൽ നിന്നു് ജനിച്ചിട്ടുള്ളതുമാകുന്നു. തോമ്മാശ്ലീഹാ തെക്കെ ഇൻഡ്യയിൽ കാൽ വച്ചിട്ടില്ലെന്നും പേഷ്യൻ മിഷ്യനറി മാരാണു് അവിടെ ഇദംപ്രഥമമായി വേദം പ്രസംഗിച്ചതെന്നും ശഠിക്കുന്ന ചരിത്രകാരന്മാർക്കു അവരാണു് ഈ കുരിശിന്റെ സ്ഥാപകന്മാർ എന്നല്ലാതെ മറിച്ചു വിചാരിക്കുവാൻ മാർഗ്ഗമില്ലല്ലൊ. ഈ കാരണം കൊണ്ടുതന്നെയാണു് കുരിശിന്റെ പ്രതിഷ്ഠാപനകാലം ഏഴാമത്തെ നൂറാണ്ടാണെന്നും എട്ടാമത്തെ നൂറാണ്ടാണെന്നും നിശ്ചയമില്ലാതെ പറയപ്പെട്ടിരിക്കുന്നതു്. എന്നാൽ കഴിഞ്ഞ ഏഴും എട്ടും ലക്കങ്ങളിൽ, ഈ കുരിശിലെ ലിപികളും അവർ പറയും പോലെ പല്ലവിയല്ലെന്നും എഴുത്തിൽ സംഗ്രഹിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി ആ ചരിത്രകാരന്മാർക്കുള്ള അഭിപ്രായം ശരിയല്ലെന്നും യുക്തിപൂർവ്വം തെളിയിച്ചിട്ടുള്ളതാണു്. അതുകൊണ്ടു പ്രകൃത കുരിശിന്റെ സ്ഥാപനദശയെപ്പറ്റിയുള്ള അവരുടെ പ്രസ്താവങ്ങളും അസ്സന്ദേഹിതമാണെന്നു പ്രത്യേകം വിസ്തരിക്കാതെ തന്നെ വായനക്കാർ ഗ്രഹിക്കാവുന്നതാണല്ലൊ.

ക്രി. കുരിശിൽ ചില അത്ഭുത സംഭവങ്ങൾ നടന്നിട്ടുള്ളതായി പോർട്ടുഗീസ് ചരിത്രകാരന്മാർ പ്രസ്താവിക്കുന്നതു് "ഭക്തവഞ്ചന"യും "അവിശ്വാസ"വും "കല്പിതാത്ഭുതങ്ങളും" അന്നെന്നു ഹഫ്, ലാക്രോസ്, റേയ് മുതലായവർ പറയുന്ന (26) സംഗതിയുടെ ഗൌരവം വിചാരിച്ചാൽ ഇതിനെപ്പറ്റി ഒരു വിചിന്തനം ചെയ്യേണ്ടതു് അത്യാവശ്യകംതന്നെ. ഭക്തവഞ്ചന, അവിശ്വാസം, കല്പിതം എന്നീ പദങ്ങൾകൊണ്ടു് പ്രസ്തുത ഗ്രന്ഥകാരന്മാർ സൂചിപ്പിക്കുന്നതു് ഈ വക അത്ഭുതങ്ങൾ പോർട്ടുഗീസ്കാരുടെ ജല്പനയെന്നല്ലാതെ യഥാർത്ഥത്തിൽ നടന്നിരുന്നവയല്ലെന്നാണല്ലൊ. പോർട്ടുഗീസ് ചരിത്രകാരന്മാരായ മഫേയ്, ഒസ്സോറിയസ്, ഗൊവേയാ, റോളിൻ മുതലായവർ ക്രിസ്തു-ൽ ഈ കുരിശിൽ ഒരു അത്ഭുത സംഭവം ഉണ്ടായി എന്നും അതിൽ (കുരിശിൽ) നിന്നു സേചകണങ്ങൾ ആദിയിൽ അല്പമായും പിന്നീടു ധാരാളമായും പ്രവഹിച്ചു എന്നും അത്ഭുതകം വിവിധ വർണ്ണത്തിൽ കാണപ്പെട്ടിരുന്നു എന്നും ഡിസംബർ മാസം-ാം തു- ആണു് ഈ സംഭവം ഉണ്ടായതെന്നും അതിനു പരം അനവധി സംവത്സരങ്ങളോളം തുടച്ചയായി ഈകാഴ്ച ഉണ്ടായിക്കൊണ്ടിരുന്നു എന്നും മറ്റും പ്രസ്താവിക്കുന്നുണ്ടു്. അതു മാത്രവുമല്ല ഈ സംഭവം നടന്നതു് പട്ടക്കാരൻ ദിവ്യപൂജ അർപ്പിച്ചുകൊണ്ടിരുന്ന അവസരത്തിലും അതിൽ സംബന്ധിച്ചിരുന്ന അനവധി ജനങ്ങളുടെ സന്നിധിയിലും വച്ചു ആയിരുന്നുഎന്നും ഉടനെ ഈ വൃത്താന്തങ്ങളെല്ലാം രേഖപ്പെടുത്തിയതു ദൃക്സാക്ഷികളുടെ ഒപ്പു പതിച്ചു അതു എഴുത്തും കുരിശിന്റെ ശരിയായ ഒരു പ്രതിമയും കൂടി കൊച്ചി മെത്രാൻ തെന്തോസ് സൂനഹദോസിന്റെ ആരംഭത്തിൽ യൂറോപ്പിലേക്കയച്ചു എന്നും അവർ തന്നെ പ്രസ്താവിക്കുന്നു. അക്കാലത്തു പോർട്ടുഗീസു രാജാവിന്റെ പ്രതിനിധിയായി ഇൻഡ്യയിൽ താമസിച്ചിരുന്ന ഉദ്യോഗസ്ഥനും ഈ സംഗതികളെല്ലാം പരിശോധിച്ചു സമ്മതിച്ചിട്ടുള്ളതാണു്. ക്രിസ്തു-ൽ കേരളീയരായസുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായ വലിയ ശീസ്മയുടെ ബാഹ

ളത്തിൽ റോമ്മയിൽ നിന്ന ഈ ദിക്കിലേക്ക അയക്കപ്പെട്ട ക
ത്തോലീക്ക മിഷ്യനറിമാരിൽ ഒരാളായ വിൻസെൻറുമരിയാ എ
ന്ന ദേഹത്താൽ വിരചിതമായ "ഇൻഡ്യായാത്ര" എന്ന പുസ്ത
കത്തിൽ പ്രസ്തുത കുരിശിൽ നടന്നിട്ടുള്ള അത്ഭുതത്തേയും അ
തിൽ സ്പർശിച്ച വസ്ത്രങ്ങളം കൊണ്ട ഉണ്ടായ വിസ്മയസ
ഹായങ്ങളേയും കുറിച്ച് വിവരിച്ചിട്ടുണ്ട്. (27) എന്നാൽ ഈ
സംഭവം മേൽപ്രകാരം പലരുടെ സാന്നിദ്ധ്യത്തോടുകൂടി നട
ന്നതാണെന്നും അവരെല്ലാവരും ഇതിൽ ദൃക്സാക്ഷികളാണെ
ന്നും തക്കതെളിവുകളോട കൂടി ഈ സംഗതിയുടെ വിവരണം
യൂറോപ്പിലേക്ക അയക്കപ്പെട്ടിട്ടുള്ളതാണെന്നും ഉള്ള ചരിത്രഭാ
ഗങ്ങളെ നിഷേധിക്കാതെയാണ് ഫഫ്, ലാക്രോസ്, റേയ് മു
തലായവർ പ്രകൃത സംഭവം ഭകൃത വഞ്ചനയും പോർട്ടുഗീസു
കാരാൽ ഉണ്ടാക്കപ്പെട്ടതുമാണെന്ന പ്രസ്താവിക്കുന്നത്. വിശ്വ
സനീയങ്ങളായ യാതൊരു ലക്ഷ്യങ്ങളും കൂടാതെ ഇപ്രകാരംഅ
ന്യമാനിക്കുകമാത്രം ചെയ്യുന്നവരോട എന്താണ് സമാധാനം
പറയേണ്ടത്? പ്രസ്തുത സംഭവത്തേപറ്റിയുള്ള തെളിവുകളേ
യെല്ലാം അവർ അംഗീകരിക്കുന്ന സ്ഥിതിക്ക അവയാൽ സ്ഥാ
പിതമാകുന്ന സംഗതി നിഷേധിക്കപ്പെടുന്നതിൻെറ ന്യായം മ
നസ്സിലാകുന്നില്ല. ഈ ഘട്ടത്തിൽ മേൽപറയപ്പെട്ട സംഭവം
ഭകൃതവഞ്ചകവും പോർട്ടുഗീസുകാരാൽ നിർമ്മിതവും ആണെ
ന്നുള്ള വാദം എങ്ങനെയാണ് സാധൂകരിക്കപ്പെടുക? വിദേ
ശീയന്മാരായ പോർട്ടുഗീസുകാർ ആ കുരിശിൽ പലതരത്തിച്ച
ുള്ള കൃത്രിമരകതകണങ്ങളം ഉണ്ടാക്കി എങ്കിൽ ആ വസ്തുത
യും അതിലേക്ക അവർ പ്രയോഗിച്ച തന്ത്രങ്ങളെ യോഗ്യന്മാരായ
ആളുകളം കണ്ടുപിടിച്ച എങ്കിൽ അതു അതെല്ലാമായിരുന്ന
എന്നും എതിർകക്ഷികളം ഏതുകാലവും പ്രസ്താവിച്ചിട്ടി
ല്ല. വാസ്തവത്തിൽ നടന്ന സംഭവങ്ങളെ നിഷേധിക്കുന്നതിന്ന
നിവൃത്തിമാർഗ്ഗം ഒന്നുംതന്നെ കണ്ടുകിട്ടായ്കയാൽ അല്ലയൊ അ
വർ ഇക്കാര്യത്തിൽ മൌനം ദീക്ഷിച്ചുകളഞ്ഞത്? എന്നാൽപ്ര
സ്തുതസംഭവത്തെ ചില പ്രോട്ടസ്റ്റാണ്ടുകാർക്കുടി കണ്ടിട്ടുള്ളതാ

യി ഹഫ് സമ്മതിക്കുന്നുണ്ട്. അവരും ഈ സംഗതിയിൽ എ തിരഭിപ്രായം പുറപ്പെടുവിച്ചു കാണുന്നില്ലാ. അരിന്റെ കാര ണം അവക്കു ആ കാഴ്ചയിൽ ഉണ്ടായ വിശ്വാസമൊ അഥവാ അതിനു വിപരീതമായി എന്തെങ്കിലും പറയാൻ നിവ്വാഹമി ല്ലാതെ വന്നതൊ ആയിരിക്കുമെല്ലൊ. ഇറാഖിയിലുള്ള നെയി ഷ്ടിംസ് പട്ടണത്തിൽ വിസ്മയനീയമായി സൂക്ഷിക്കപ്പെട്ടുന്ന വി. യനുവാരിയോസിന്റെ രക്തശിഷ്ടം അദ്യാപി ആണ്ടിൽ രണ്ടുതവണ വീതം നൂതനമായി പരിണമിക്കുന്ന വസ്തുത ഗണ നീയന്മാരായ അസംഖ്യം പ്രോട്ടസ്റ്റൻറുകാരാൽസമ്മതിക്കപ്പെ ട്ടുണ്ടെങ്കിലും ചിലർ അതിനെ നിഷേധിക്കാതെയും ഇരിക്കു ന്നില്ല. ഇക്രൂട്ടർ കേവലം മൌനാവലംബികളായി ഇരിക്കുന്ന തല്ലാതെ അതേസംബന്ധിച്ചു യാതൊരു ഭിന്നാഭിപ്രായമെങ്കി ലും പറയാൻ അപ്രാപ്തന്മാരായിട്ടാണു് കാണപ്പെട്ടുന്നതു്. പ്ര കൃതിയുടെ ശക്തിയാൽ ദുസ്സാധങ്ങളായപല അത്ഭുതങ്ങൾപ്രോ ൻസിൽ ഉള്ള ലൂർദ്ദിൽ ഇക്കാലത്തു നടന്നവരുന്നതും സാധാര ണമാണു. മാന്യന്മാരായ പ്രോട്ടസ്റ്റൻറു കാരിൽ വളരെപ്പേർ അവയെ അംഗീകരിക്കുകയും ചെയ്യുന്നു. അതീതകാലത്തു് ശ്ലീ ഹന്മാർ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നതായും വി. പത്രോസിന്റെ നിഴലേറ്റവക്കു വിസ്മയാവഹമാംവണ്ണം രോ ഗശാന്തി ലഭിച്ചതായും അപ്പസ്തോലന്മാരുടെ നടപടിയിൽ നാം വായിക്കുന്നുണ്ടല്ലൊ. ഈസ്ഥിതിക്കു തോമ്മാശ്ലീഹാ രക്ത സാക്ഷിയായി മരിക്കുകയിൽ അദ്ദേഹത്തിന്റെ രക്തധാര പ തിച്ച പ്രസ്തുത കുരിശിൽ ഈ വിശുദ്ധങ്ങളായ അത്ഭുതങ്ങൾ സം ഭവിച്ചതു യാതൊരു തെളിവും ന്യായങ്ങളും കൂടാതെ കൃത്രിമമാ ണെന്നുമാത്രം പ്രസ്താവിക്കുന്ന ഭിന്നാഭിപ്രായക്കാരുടെ മതം ഒ രിക്കലും നീതീകരിക്കത്തക്കതല്ല.

൫൨. വി. ശ്ലീഹാ പ്രസ്തുത കുരിശിനെ ചുംബനം ചെ യ്തതോട്ടു കൂടി നിസ്സാരനായിഎന്നു കഴിഞ്ഞ ഏടുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം ഒരു ബ്രാഹ്മണനാൽ കു ന്തം കൊണ്ടു തജ്ജനം ചെയ്യപ്പെടുകയിൽ ഈ കുരിശിൽ വീണു

പ്രാത്രിച്ച എന്നു് വിശ്വാസയോഗ്യമായ രേഖകൾ ലക്ഷീകരിക്കുകയും ചെയ്യുന്നു. (28) ദുരുപദിഷ്ടനായശേഷം വി. ശ്ലീഹാ ആ കുരിശിൽ പരിച്ചതുകൊണ്ടാണു അതു് നിക്ഷേപിക്കപ്പെട്ടകയും കുസ്താനികാം തൽസ്ഥാനത്തു ഒരു പള്ളി സ്ഥാപിക്കുകയും ചെയ്യുന്നതിനു ഹേതുവായതു്. പോർട്ടുഗീസുകാർ ആ സ്ഥലത്തു തന്നെ പുതിയതായി ഒരു കപ്പേള പണികഴിപ്പിച്ചതു് പ്രസ്തുത ദേവാലയം ജീർണ്ണിച്ചുപോയതിനാൽ ആയിരുന്നു. ഡോക്ടർ റേയ് അദ്ദേഹത്തിന്റെ സുറിയാനി സഭാചരിത്രത്തിൽ ക്രി.പു.-മുതൽ-ക്രി.പു. വരെയുള്ള പുറങ്ങളിലായി തോമ്മാശ്ലീഹാ തെക്കെ ഇൻഡ്യയിൽ പ്രസംഗിച്ചു എന്നും അതുകൊണ്ടാണു സ്വവസ്ത്രക്കാരെ തോമ്മാ കുസ്താനികാം എന്നു പേരുണ്ടായതെന്നും സുറിയാനിക്കാർ ഒരു കല്പിതകഥ ഉണ്ടാക്കുകയും അതിനു ആധാരമായി കിഴക്കുപടിഞ്ഞാറെ സമുദ്രതീരങ്ങളിൽ ഓരോ കുരിശു സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുന്നു. എന്നാൽ അതേ ഗ്രന്ഥത്തിൽതന്നെ വേറൊരു ഭാഗത്തു് ഈ കുരിശു പ്രതിഷ്ഠിച്ചതു് പേർഷ്യൻ മിഷ്യനറിമാരാണെന്നാണു അദ്ദേഹം പറയുന്നതു്. വാസ്തവത്തിൽ ഇവരാണു കുരിശിന്റെ സ്ഥാപകന്മാരെങ്കിൽ തോമ്മാ കുസ്താനികളാണു അതു സ്ഥാപിച്ചതെന്നുള്ള അദ്ദേഹത്തിന്റെ അന്യ പ്രസ്താവന അടിസ്ഥാനരഹിതവും വ്യാജവുമാകുന്നു. നേരെമറിച്ചു തോമ്മാകുസ്താനികളാണു ആ കുരിശു പ്രതിഷ്ഠിച്ചതെങ്കിൽ പേർഷ്യൻ മിഷ്യനറിമാരെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം മിഥ്യാജനകമാകുന്നു. കൂടാതെ പ്രസ്തുത പുസ്തകത്തിന്റെ ക്രി.പു.-ാം പുറത്തു ആധുനിക ഇൻഡ്യയിൽ സുവിശേഷപ്രസംഗം ചെയ്തതു് പേർഷ്യൻമിഷ്യനിമാരാണെന്നും ആറാം നൂറ്റാണ്ടിലാണു ഈ സംഗതി നടന്നതെന്നും പരിഭേദിച്ച ശേഷം ൪-ാം ശതാബ്ദത്തിൽ ഇവിടെ കുസ്താനികാം ഉണ്ടായിരുന്നുഎന്നും (൨൧; ൨൩; ക്രി.പു. ക്രി.പി, എന്നീ പുറങ്ങാം) അവരുടെ മെത്രാൻ മാർ യോഹന്നാൻ ആയിരുന്നു എന്നും അദ്ദേഹം ൧൮൭-ൽ നടന്ന നിക്യായിലെ വലിയ സൂനഹദോസിൽ സം

ൻസ്ഥിച്ച പേർഷ്യായുടേയും ഇൻഡ്യാ മഹാരാജ്യത്തിന്റേയും മെത്രാനെന്നു അഭിധാനത്തിൽ അതിൽ ഒപ്പു വച്ചിട്ടുണ്ടെന്നും അപ്രകാരം ചെയ്വാൻ ഇടയായതു കൃസ്ത്യാനികൾ എവിടെ യെല്ലാംഉണ്ടോ അവിടെ ഒക്കയും ഓരോശ്ലീഹന്മാർ വേദംപ്രസംഗിച്ചിരിക്കുമെന്ന അക്കാലത്തു ലോകംഒട്ടുക്കു വിശ്വസിക്കപ്പെട്ടിരുന്നതിനാലും തദ്വാരാ ഇവിടേയും ഒരു ശ്ലീഹാ ക്രീസ്തു മതം സ്ഥാപിച്ചിട്ടുണ്ടെന്ന സർവ്വ ബോധമായിരുന്നതിനാലും വിശിഷ്യ ഏതദ്ദേശീയരായ കൃസ്ത്യാനികളുടെ മെത്രാൻ മാർ യോഹന്നാൻ ആണെന്ന നിക്യായിലെ വന്ദ്യപിതാക്കന്മാർ ഗ്രഹിച്ചിരുന്നതിനാലും ആണെന്നും റേയ് പ്രസ്താവിച്ചിരിക്കുന്നു. ഇവയിൽ ൪-ാം നൂറ്റാണ്ടിൽ തന്നെ ഇവിടെ കൃസ്ത്യാനികൾ ഉണ്ടായിരുന്നുഎന്ന അദ്ദേഹം പറയുന്നതൊ അഥവാ ആറാംനൂറ്റാണ്ടിലാണ് ഇൻഡ്യയിൽ ക്രൈസ്തവമതം സ്ഥാപിക്കപ്പെട്ടതെന്നുള്ള സിദ്ധാന്തമൊ ഏതാണു യഥാർത്ഥമായിട്ടുള്ളതു? ഇനിയും എദേസ്സാ സഭ വിശ്രുതാവശിഷ്ടങ്ങളോടുള്ള അത്യാദരം നിമിത്തം വഷളായിപ്പോയി എന്നും തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകളിൽ അതിനുണ്ടായ സവിശേഷമായ സ്നേഹം മൂലം പല കല്പിതകഥകളും രചിക്കപ്പെട്ടുഎന്നും ഉള്ള പ്രസ്താവാനന്തരം, എവുസേബിയോസ്, തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ എദേസയിൽ ഉണ്ടായിരുന്നതായി സാക്ഷിക്കുന്നുഎന്നും ബ്രിട്ടീഷ് കൌതുകാഗാരത്തിൽ (museum) സംഗ്രഹിക്കപ്പെട്ടിരിക്കുന്ന ഒരു പഴയ സുറിയാനി ഗ്രന്ഥത്തിൽ നിന്നു ഇതിനു അനുകൂലമായ പ്രതിപാദനങ്ങളും സിദ്ധിക്കുന്നുണ്ടെന്നും എന്നാൽ ഈ സാക്ഷ്യങ്ങളെല്ലാം തനിക്കു വിനോദകരങ്ങളായിട്ടാണുതോന്നുന്നതെന്നും ആ ചരിത്രകാരൻതന്നെ തന്റെ പുസ്തകത്തിൽ ൧൨-ാം ഭാഗത്തു എഴുതിയിരിക്കുന്നു. ഇവയിൽ വിശ്വസനീയമായിട്ടുള്ളതു് അക്കാലത്തെ പ്രസ്തുത സാക്ഷ്യങ്ങളൊ അഥവാ ഇദാനീന്തനനായ റേയ് സായ്പിന്റെ വാക്കുകളൊ ഏതാണെന്നു വായനക്കാർ വിവേചിച്ചുകൊള്ളട്ടെ. ശ്ലീഹന്മാരുടെ കാലാനന്തരമുള്ള ശതാബ്ദങ്ങൾ സംഭവനിബ്ബന്ധം

ചെയ്തിട്ടില്ലാത്തവയാണെന്നാം അക്കാലങ്ങളിൽ അന്നമാനങ്ങളാം മാത്രമെ ഉപരിപ്ലിതമായിരുന്നുള്ളു എന്നും കൂടി (പുറം ൫൬) അദ്ദേഹം പറയുന്നുണ്ട്. ഇതിലേക്കു അക്കാലത്തുള്ള ഒരൊറ്റ ലക്ഷ്യമെങ്കിലും അദ്ദേഹം കാണിച്ചു തരുന്നുമില്ല.

൩ാം അദ്ധ്യായം.

തോമ്മാശ്ലീഹാ തെക്കെഇൻഡ്യയിൽ സുവിശേഷംപ്രസംഗിച്ചതിനെ വിവരിക്കുന്ന പരമ്പരാഗതമായ തെളിവുകളം.

—**—

൧. പുരാതനകാലത്തു രാജധാനികളിലും നാട്ടുവാഴികളം പ്രഭുക്കന്മാർ പൌരപ്രധാനന്മാർ മുതലായവരുടെ ഭവനങ്ങളിലും തത്തൽകാലീനങ്ങളായകായ്വ്വവസ്ഥകളെ ഗ്രന്ഥവരിയായി എഴുതിവക്കുക എന്നൊരു പതിവുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ മലയാള രാജ്യത്തു പല രാജാക്കന്മാരും ഇടപ്രഭുക്കന്മാരും ഉണ്ടായതോടുകൂടി നിരന്തരമായ കലഹങ്ങളും അന്തഃഛിദ്രങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ അവരുടേയും പ്രജകളുടേയും ശ്രദ്ധ അന്യായുധാഭ്യാസത്തിൽ സവിശേഷം പതിയുകയും വിദ്യാഭ്യാസവിഷയത്തിലുള്ള അഭിരുചി ക്രമേണ കുറഞ്ഞു തുടങ്ങുകയും ചെയ്തു. എങ്കിലും അന്നത്തെ കാലത്തു ഓരോ സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങളം കെട്ടിയുണ്ടാക്കി കുട്ടികളെ എഴുത്തു പഠിപ്പിക്കുന്ന പതിവും ഇല്ലാതിരുന്നില്ല. അക്കൂട്ടത്തിൽ ബാലികാബാലന്മാർഒന്നിച്ചു ഒരേവിദ്യാലയങ്ങളിൽ തന്നെയാണ് പഠനം നിർവ്വഹിച്ചു വന്നിരുന്നതു്. അന്നു ആശാന്മാക്കു എഴുത്തച്ഛൻ എന്നും വിദ്യാലയങ്ങൾക്കു എഴുത്തു പള്ളി അഥവാ എഴുത്തുകളരി എന്നും പേർ പറയപ്പെട്ടവന്നിരുന്നു. നിലത്തു മണൽ നിരത്തി അതിൽ എഴുതിശീലിക്കുക നടപ്പായിരുന്നതിനാൽ അക്ഷരം പഠിക്കുന്നതിനു നിലത്തെഴുത്ത് അഭ്യ

സിക്കുക എന്നതൊരു പറയാറുണ്ടായിരുന്നുവല്ലോ. ഈ രീതിയിൽ അക്ഷരപരിശീലനം ചെയ്തശേഷം പൂവ് വൃത്താന്തങ്ങളെ പ്രതിപാദിക്കുന്നവയായി തത്തല്ലൂരാലങ്ങളിൽ ഉണ്ടായിട്ടുള്ള ഓരോ പാട്ടുകളും എഴുതി പഠിക്കുകയായിരുന്ന പരിപാടി. ധനാഢ്യന്മാരായ ചുരുക്കം ചിലർ മാത്രമെ ഉൽകൃഷ്ട വിദ്യാഭ്യാസത്തിനു പരിശ്രമിച്ചിരുന്നുള്ളൂ. (1) ഇതരന്മാർ യുദ്ധത്തിൽപരിചരിക്കുന്നതിനായി ആയുധാഭ്യാസം ചെയ്യണമെന്നുള്ളതു് അന്നു നിർബ്ബന്ധിതമാണു്. എന്നാൽ തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ വന്നതും പള്ളികളും സ്ഥാപിച്ചതും ബ്രാഹ്മണാദ്യുൽകൃഷ്ട വർണ്ണങ്ങളിൽ നിന്നു അനവധി ആളുകളെ ക്രിസ്തുവേദത്തിൽ ചേർത്തതും വിശിഷ്യ കൊടുങ്ങല്ലൂരും മൈലാപ്പൂരും ഉണ്ടായിരുന്ന രാജാക്കന്മാരെ മാനസാന്തരപ്പെടുത്തിയതും ഒടുവിൽ മൈലാപ്പൂരിൽ വച്ചു രക്തസാക്ഷിയായി മരിച്ചതും ഏതാവതാ അനേക സംഗതികളെ പ്രാചീനന്മാരായ സുറിയാനിക്കാർ അവിടവിടെ ഗ്രന്ഥവരിയായി എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അവയെയാണു അതു പരമുള്ള കാലങ്ങളിൽ തദ്ദേശീയായികൾ പാട്ടുകളാക്കി പഠിച്ചു പാടിക്കൊണ്ടു വന്നിരുന്നതു്. പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്ന കാലത്തു ദക്ഷിണ ഭാരതത്തിൽ വി. ശ്ലീഹായുടെ സുവിശേഷപ്രസംഗത്തെ ലക്ഷീകരിക്കുന്ന അനേകം പാട്ടുകൾ മാർ തോമ്മാ നസ്രാണികൾക്കു ഹൃദിസ്ഥമാക്കി പാടിവന്നിരുന്നതു അവർ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടു്. (2) താഭ്രശാസനമായ ഒരു പുരാതന ഗാനമാണു താഴെ ഉദ്ധരിക്കുന്നതു്. ഇതു വി. ശ്ലീഹായുടെ ശിഷ്യനായ നിരണത്തു മാർ കയിൽ തോമ്മാ എന്ന ഐതികൻ എഴുതിയിട്ടുള്ളതിൽ നിന്നു ക്രീ. വ്രന്ഥവരി-ൽ തോമ്മാ എന്ന പേരുള്ള മറൊരു പുരോഹിതനാൽ സംക്ഷിപ്തമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണു. രണ്ടാം അദ്ധ്യായം ൻ-ാംശ്ലോകം ഒടുവിൽ പറഞ്ഞിട്ടുള്ള തെളിവുകൾ ഈ പാട്ടിന്റെ ദുഷ്പ്രധർഷമായ വിശ്വാസ്യതയെ സൂചിപ്പിക്കുന്ന വിധത്തിലുള്ള രേഖകൾ ആണു്.

ക. സാക്ഷാൽ ദൈവം മൂവ്വൊരുവൻതാൻ.
ഖ മാത്തോമ്മായുടെസുകൃതത്തൾ
ഗ സൂക്ഷ്മതായീചരിതംപാടുവ.
ഘ തിന്നുടിയനുഗുണയരുളേണമെ.
ങ മർത്ത്യാവതാരംചെയ്തൊരുഞ്ങ്ങടെ
ച രക്ഷകനാമേകൻമിശിഹാ (a)
ഛ മാത്തോമ്മായാൽതന്നാഗ്രഹങ്ങളം
ജ ഇന്ത്യംപുതുതായരുളണമെ.
ഝ ദൈവഗുണങ്ങളംകമ്മെയിതെന്നായ്
ഞ മാത്തോമ്മാകാട്ടിയനാഥ
ട ദൈവത്തിൻമാതാവാംമറിയം (b)
ഠ എന്നിൽകൃപചെയ്തരുളണമെ
ഡ ദൈവകുമാരൻതന്നുടെമാർഗ്ഗം
ഢ കേരളമായതിൽവന്നാവിധം
ണ ദൈവത്തിൻകൃപയാലതിനേഞാൻ
ത എളുതായിവിടെപാട്ടുന്നു.
ഥ അരുൾമാർഗ്ഗത്തിൻഗുരുവരനാകിന
ദ മമനാമകനാംമാത്തോമ്മാ
ധ പെരുമാൾചോഴൻരാളായുള്ളോ—
ന രാവാനോട്ടസഹിതംക്കൂടി
പ അറബിയായിൽകപ്പൽകയറി
ഫ മാല്യാൻകരെവന്നെത്തിയിത
ബ അറിവിൻപറവെൻമിശിഹാക്കാലം
ഭ അമ്പതുധനുവംരാശിയതിൽ.
മ അതിശയകൃതിയാലഷ്ടദിനംകൊ
യ ണ്ടവിടെമാർഗ്ഗംസ്ഥാപിച്ചു.
ര അതിനുടെശേഷംധൃതഗതികൊണ്ടു

(a) ച രക്ഷകനീശോതന്നുടെദൂതൻ
(b) ഞ മാത്തോമ്മാകാട്ടിയനാഥൻ
ട തന്നുടെമാതാവാകിയമറിയം

൯൭ ഉടനെതന്നെമെലാപ്പടരത്തി
൯൮ നാലരമാസംതാനവിടെയറിയി-
൯൯ച്ചതിൽപിൻചീനത്തെത്തി.
൯൰ നാലരമാസമവിടെയുമറിയി-
൯൱ച്ചുടനെമെലാപ്പർവന്നു.
൯൲ ഏതാനുംചിലമുതലുകൾക്രൂടെ
൯൳ ചോഴപ്പെരുമാളിൽനിന്ന്
൯൴ ഏതാനുംചിലപണികൾക്കായി
൯൵ വീണ്ടുംമാതേവാമ്മാവാങ്ങി.
൯൶ ഏളിയജനങ്ങടെയാടവിന്നായ്
൯൷ ആമുതലെല്ലാംചിലവാക്കി
൯൸ ഏളിയജനത്തിൻദാതാവായി-
൯൹ ട്ടറിയിച്ചുതാൻമാറ്റത്തെ
൰൦ ഒരുമാസത്തിന്നിടയിൽതിരികെ
൰൧ കേരളനാട്ടിൽതാൻവരുവാൻ
൰൨ തിരുവഞ്ചിക്കുളത്തരചൻമരുമക-
൰൩ നാദേശത്തിൽചെന്നൊത്തി,
൰൪ തുക്കാൽമുത്തിയപേക്ഷകഴിച്ചു
൰൫ കപ്പലിൽയാത്രഅവർചെയ്തു.
൰൬ തക്കംക്രൂടാതമ്പത്തൊന്നാം
൰൭ ധനുവിൽമാല്യാങ്കരെവന്നു.
൰൮ രാജകുടുംബത്തോടെകാവ്യർ
൰൯ മുവ്വായിരമവിശ്വാസികളും (a)
൱൦ രാജ്യത്തിങ്കൽവന്നവസിക്കും
൱൧ നാല്പതുയൂദജനങ്ങളുമായ് (b)
൱൨ ഒന്നരവർഷങ്ങൾക്കുള്ളിടയിൽ
൱൩ മാമ്മോദീസാകൈക്കൊണ്ടു.
൱൪ വന്ദനകൾക്കായ്സ്ഥാപിച്ചവിടെ
൱൫ സ്ലീവായോടൊത്തുലയവും

(a) ൱൦ നാലായിരമവിശ്വാസികളും
(b) ൱൧ നാല്പതുയൂദജനങ്ങളുമായ്

ഒെ വേദഗുരുക്കളുമാചാര്യർകളു-
ഒവ മാവാനായൊരുനന്മകളും
ഒൻ വേദരഹസ്യത്തിന്നറിവുകളും
ന്നം പരസമ്മതമായ് താൻനൽകി
ന്നഹ അരചാളന്നൊരുമന്ത്രവനാകും
ന്നവ അഗ്രഹയോസെന്നാളുടെ
ന്നന മരുമകനാകുംകെപ്പായിക്ക
ന്നർ കല്പിച്ചുതാൻഗുരുപ്പട്ടം
ന്നഒ കല്പാംകേപ്പായെക്രട്ടാക്കി
ന്നന്ന ദക്ഷിണദേശേതാൻപോയി.
ന്നെ കൊല്ലംഗ്രാമമതിലൊരുവർഷം
ന്നവ അറിയിച്ചുതാൻമാഗ്ഗത്തെ
ന്നൻ ഒരായിരമൊട്ടനാന്നൂർപേരെ (a)
ഐ മാമ്മോദീസായുംമുക്കി
ഐ ആരാധനകഠംക്കായൊരുസ്ലീവാ
ഐ സ്ഥാപിച്ചുതാനവിടത്തിൽ
ഐ കിഴക്കുവടക്കായ് നടകൊണ്ടങ്ങനെ
ഐ തുകൽപാലേശ്വരത്തെത്തി
ഒെ അഴകാലവിടെയുമൊരുവർഷത്തിട
ന്നെ അറിയിച്ചുതാൻമാഗ്ഗത്തെ
ഐ ഓരായിരമോടിരുന്നൂർപേരെ
ഐ മമ്മോദീസായുംമുക്കി
ൻെ ആരാധനകഠംക്കായൊരുസ്ലീവാ
ഹ്വം സ്ഥാപിച്ചുതാനവിടേക്കും
ഹ്വഹ കിഴക്കൻവഴിയായവിട്ടുന്നടനെ
ഹ്വവ മലനഗരം ചായൽക്കെത്തി
ഹ്വന പിഴയാതവിടെയുമൊരുവർഷത്തിട

(a) ഒവ നാല്പത്തുയുദഗണങ്ങളുമായ്
(b) ന്നൻ ഈരായിരമൊട്ടനാന്നൂർപേരെ

വർ അറിയിച്ചതാൻമാർഗ്ഗത്തെ
വൃ ഓരായിരമൊടൊരുന്നൂർപേരെ (a)
വ്ന്ന മാമ്മോദീസായുംമുക്കി
വ്ര ആരാധനമുറയോടേസ്ലീവാ
വ്വ സ്ഥാപിച്ചതാനവിടേക്കും
വ്ൻ തിരികെതാനവിടേക്കുവരുവാൻ
ൻ൦ തുക്പാലേശപരമപ്പനമാർ
ൻ൧ ഇരുവരുടേയുംമുട്ടിപ്പാലെ
ൻ൨ അവരോടെതാൻയാത്രയുമായ്
ൻന൩ സ്തുതയോടിവർവന്ദിക്കുന്നാ
ൻർ സ്ലീവായെയതുഗ്രാമക്കാർ
ൻ൫ അത്ഭുതമെചെയ്കവർനിന്ദിച്ചതിനാൽ
ൻന്ന ശാപംചെയ്തിഗ്രാമത്തെ
ൻ൭ ഇരുമാസങ്ങൾക്കിടകൊണ്ടവിടെ
ൻ൮ കമ്മാടികളെചെയ്യാനായ്
ൻ൯ അരുൾവേദറിവുകൾസകലത്തെയും
൧൦൦ പരസമ്മതമായ്നൽകിതാൻ
൧൦൧ ഇരുമന്നവരിൽതോമ്മായെതാൻ
൧൦൨ ഗുരുപട്ടത്തിൽസ്ഥാപിച്ചു
൧൦ന൩ ഇരുന്നൂർപേർക്കവിടത്തിൽവിണ്ടും
൧൦ർ മാമ്മോദീസായുംചെയ്തു
൧൦൫ അവിടത്തിൽമുൻസ്ഥാപിച്ചുള്ളൊരു
൧൦ന്ന സ്ലീവായെചിഴുതുടനെതാൻ
൧൦൭ അവിടന്നൊരിൽതെക്കെഭാഗം
൧൦൮ നിരണത്തിൽസ്ഥാപിപ്പാനായ്
൧൦൯ ആമാപ്പുൻതോമ്മായെന്നാൽക്കും
൧൧൦ ശെമഓനെന്തോനേൽപ്പിച്ചു
൧൧൧ ആചാരത്തിനൊരാലയമവിടെ
൧൧൨ കല്പിച്ചുടനെതാൻവാങ്ങി

(a)വ്വ൫ ഈരായിരമോടെണ്ണൂർപേരെ

൧൧൩ വടമേക്കായ്നടകൊണ്ടൊക്ക
൧൧൪ മംഗലഗ്രാമേതാൻചെന്നു
൧൧൫ പിഴിയാതവിടെയുമൊരുവർഷത്തിടെ
൧൧൬ അറിയിച്ചതാൻമാർഗ്ഗത്തെ
൧൧൭ ഓരായിരമോടുനൂർപേരെ (a)
൧൧൮ മാപ്പിമാദീസായുംമുക്കി.
൧൧൯ ആരാധനമന്ദിരങ്ങളോടേ
൧൨൦ സ്ഥാപിച്ചവിടെസ്ലീവായും
൧൨൧ അവിടുന്നടനെനടംകൊണ്ടങ്ങനെ
൧൨൨ കോട്ടക്കായൽചെന്നെത്തി
൧൨൩ അവിടയുമതുപോലൊരുവർഷത്തിടെ
൧൨൪ മാർഗ്ഗത്തെയറിയിച്ചപ്പോൾ
൧൨൫ ഓരായിരമൊടെഴനൂറെഴുപതു (b)
൧൨൬ പേരേമാപ്പിമാദീസാമുക്കി
൧൨൭ ആരാധനസ്ലീവായൊടുമുറകളും
൧൨൮ കല്പിച്ചതാനവിടേക്കും
൧൨൯ തെക്കൻവഴിയായ്യാത്രപോയി
൧൩൦ മാല്യാംകരയിൽചെന്നെത്തി
൧൩൧ തക്കവിധംപോലൊക്കയുമവിടെ
൧൩൨ കണ്ടതിനാൽസന്തോഷിച്ചു.
൧൩൩ അരമാസത്തെപാർപ്പിനശേഷം
൧൩൪ ഉത്തരഭാഗേനടകൊണ്ടു
൧൩൫ അരമാസത്തെയിടകൊണ്ടങ്ങനെ
൧൩൬ പാലൂർഗ്രാമംചെന്നെത്തി

(a) ൧൧൭ ഓരായിരമോടൊരുനൂർപേരെ
൧൧൭ ഓരായിരമൊടഞ്ഞൂർപേരെ
(b) ൧൨൫ ഓരായിരമോടൊരുനൂറെഴുപതു
൧൨൫ ഈരായിരമോടേയിരുനൂർപെർ
൧൨൬ മാപ്പിമാദീസാമുങ്ങി

ക്ഷണേ ഒരുവർഷത്തിടയവിടങ്ങളിലും (a)
ക്ഷണവ മാസ്സത്തെയറിയിച്ചപ്പോൾ
ക്ഷണൻ ഒരായിരമൊടമ്പതുപേരെ
കർഗം മാഘമ്മാദിസാമൂക്കിയശേഷം (b)
കർഘ വന്ദനനിഷ്കളെല്ലാറേയും
കർവ അയവരൊക്കെചെയ്വാനായ്
കർങ സുന്ദരഭാഷയിലൊരുസ്തീവായും
കർചർ സ്ഥാപിച്ചതാനവിടത്തിൽ
കർഛ അമ്പത്തൊമ്പതുകന്നിയുടന്യം
കർജ ചോഴൻറാളംവന്നെത്തി
കർഝ ഇമ്പത്തോടവരോടേതാനം
കർവ മൈലാപ്പൂച്ചായ്നടകൊണ്ടു
കർൻ കൊവിലകത്തിൻപണിയുടെകാര്യം
കർഠം ചോഴപ്പെരുമാൾചോദിച്ച (c)
കർഢ കോവിലകപ്പണികാണാഞ്ഞതിനാൽ
കർണ തന്നെവിലങ്ങിൽപാപ്പിച്ച
കർതം കോപാധിക്യവശക്കേടാലെ
കർഥ മരണംപ്രാപിച്ചാൻതമി
കർദ കോപമടക്കിത്തെളിവാൻതക്കോ-
കർധന രാലയമവനവ ടെകണ്ടു.
കർന ഉയിർപ്രാപിച്ചുടനതിനാടെവിസ്മയ-
കർപ മഗ്രജനോടറിയിക്കുന്നു.
കർബൻ നയനവിധമതിനേയവനാശാൻ
കർഭ വളരെയപേക്ഷകൾചെയ്യുന്നു.
കർമ മന്നവരിരുവരുമവരുടെപരിചാ-
കർയ രകരെല്ലാവരുമൊരുമിച്ച്

(a) കർനേ ഒരുമാസത്തിടയവിടങ്ങളിലും
(b) കർണൻ ഓരായിരമോടിരുന്നൂറെമ്പതു
കർഗം പേരേമാഘമ്മാദീസായുംമുക്കി.
[c] കർൻ, കർഠം ഈവരികൾചിലപ്രതികളിൽകാണുന്നില്ല

ക൯൭൯ ഉന്നതമായൊരു മോക്ഷത്തോടെ
ക൯൭൪ പാറാവിങ്കൽ ചെല്ലുന്നു.
ക൯൭൫ മാതേ്താമ്മായെതങ്ങടെതേരിൽ
ക൯൭൬ കേറിക്കൊണ്ടവർപോകുന്നു.
ക൯൭൭ തീവ്രകൊട്ടപ്പാനവരുടെമീഴമേൽ
ക൯൭൮ പൊരുതികൊണ്ടുവളരെയിരക്കുന്നു.
ക൯൭൯ സത്യമറിവതിനാശിച്ചിട്ടവർ
ക൯൮൦ ഓരോവിധമാംചോദ്യത്താൽ
ക൯൮൧ സത്യമറിഞ്ഞിട്ടിരുവരുമുടനെ
ക൯൮൨ മാമ്മോദീസായുംമുങ്ങി
ക൯൮൩ അവരോടൊരുമിച്ചീരായിരജന-
ക൯൮൪ മുടനെമാർഗ്ഗംകൈക്കൊണ്ടു.
ക൯൮൫ അവരുടെയാരാധനസ്ഥീവായും
ക൯൮൬ ആലയവുംതാൻസ്ഥാപിച്ചു.
ക൯൮൭ അഴകാലവിടെരണ്ടരവർഷം
ക൯൮൮ മാർഗ്ഗത്തെതാനറിയിച്ചു.
ക൯൮൯ ഏഴായിരജനമവിടത്തിൽതാൻ
ക൯൯൦ മാമ്മോദീസായുംമുക്കി.
ക൯൯൧ ചന്ദ്രസൂര്യരുടെയരചന്മാരാം
ക൯൯൨ പത്രോസ്പൌലോസെന്നിവരിൽ
ക൯൯൩ സുന്ദരനാം പൌലോസിന്നപ്പോൾ
ക൯൯൪ മേല്പട്ടംതാൻകല്പിച്ചു.
ക൯൯൫ ആയാളുടെകീഴ് പാലകരാവു
ക൯൯൬ വേദാചാര്യന്മാരേയും
ക൯൯൭ ആയാളുടെആവിശ്വാസികളുടെ
ക൯൯൮ ഭരണത്തിന്നായ്കല്പിച്ചു
ക൯൯൯ അവരുടെആസ്തികർമ്മകലത്തേയും
ക൯൰൦ ഏർപ്പിച്ചുഅവർശ്ലീഹായെ
ക൯൰൧ അവരുടെനടപടിയെല്ലാറിന്നും

ഛൻ൨ മയ്യാദകൎംതാൻനിയമിച്ചു. [a]
ഛൻന മലയാളത്തിനുതിരികെവരുവാൻ
ഛൻർ താൻകരയാത്രചെയ്യുമ്പോൾ
ഛൻ൫ മാലാക്കാമാരുടെതുണയാലെ
ഛൻന്യ മലയാറൎത്താൻവന്നൊത്തി
ഛൻ൬ ഇരുമാസങ്ങളവിടങ്ങളിച്ചും
ഛൻവ്വ മാറ്റത്തെതാനറിയിച്ചു.
ഛൻൻ ഇരുന്നൂറിരുപതവിശ്വാസികളെ
൨൦൦ താൻമാമ്മോദീസാമുക്കി.
൨൦൧ അവിടെന്നുടനെനടകൊണ്ടങ്ങനെ
൨൦൨ പാലൂർഗ്രാമംചെന്നാത്തി
൨൦ന അവിടന്നങ്ങനെമാല്യാംകരവഴി
൨൦ർ കോട്ടേക്കായൽചെന്നൊത്തി
൨൦൫ അവിടേന്നങ്ങനെഗോക്കമംഗലത്തും
൨൦ന്യ കൊല്ലത്തുംതാൻചെന്നൊത്തി
൨൦൬ അവിടങ്ങളിലോരോവർഷം
൨൦വ്വ ഗ്രാമംതോറുംതാൻപാൎത്തു
൨൦ൻ ദേവാലായമോടാചാൎയ്യരെയും
൨൧൦ നടപടിയെല്ലാംവിധിചെയ്തു.
൨൧൧ അവസാനത്തിൽമുറപോലവർമേൽ
൨൧൨ കൃപാവരവുംതാൻനൽകി
൨൧ന വീണ്ടുംനിരണത്താലയമതിലും
൨൧൪ ഒരുവർഷത്തിടപാൎക്കുമ്പോൾ
൨൧൫ വേണ്ടവിധത്തിലവരുടെസുകൃതം
൨൧ന്യ കണ്ടതിനാൽസന്തോഷിച്ചു.
൨൧൬ അവസാനത്തിൽകൃപാവരവും
൨൧വ്വ ചെമ്മോൎയ്യുകളുംതാൻനൽകി
൨൧ൻ അവരിൽതോമ്മായാചാൎയ്യനായ്

[a] ഛവ്വൻ. ഛന്൨. ഛൻ൧. ഛൻ൫. ഛന൨ ഈ നാല വരികളും ചില പ്രതികളിൽ കാണുന്നില്ല.

൨൨൦ ചായൽമലയിൽചെന്നെത്തി.
൨൨൧ ആലയമോടവിടാചായ്യുന്നേയും
൨൨൨ നടപടിമറ്റുള്ളകളെല്ലാം
൨൨൩ ചേലോടൊരുവർഷത്തിന്നിടകൊ-
൨൨൪ ണ്ടവിടേയുംതാൻസ്ഥാപിച്ചു.
൨൨൫ കടശിയിൽഹാട്ടുകുടശായുടെ
൨൨൬ വരവുംഅവരിൽതാൻനൽകി
൨൨൭ കടശിയിലുള്ളൊരുയാത്രവിവരവു-
൨൨൮ മവരേടെതാൻവെളിവാക്കി.
൨൨൯ തന്നോടെപ്പോഴുംചിരിയാത്തൊ-
൨൩൦ രൊന്നാംശിഷ്യൻകേട്ടായെ
൨൩൧ തന്നുടെയുള്ളിലിരിപ്പുച്ചിട്ട-
൨൩൨ ങ്ങളുടെതലമേൽകൈവെച്ചു (a)
൨൩൩ തന്നുടെവിശ്വാസികളുടെഭാഗ്യം
൨൩൪ ആയാളെതാനേല്പിച്ചതിനാൽ
൨൩൫ തന്നോപ്പോലവർകൈക്കൊൾവാനം
൨൩൬ വിരവോടെതാൻകല്പിച്ചു.
൨൩൭ മറുള്ളോരുടെനാമത്തെക്കാളും
൨൩൮ മാത്തോമ്മായുടെനാമത്തെ
൨൩൯ മുറുംസ്നേഹവണക്കത്തോടെ
൨൪൦ ആശിച്ചുറൈരാചായ്യൻ
൨൪൧ മാളിയേക്കൽതോമ്മാനാമത്തി-
൨൪൨ ന്നൊന്നാളത്തെനിലനിൽപ്പും (b)

---

[a] ൨൩൨ തന്നുടെകുപ്പായമുടുപ്പിച്ചു-
൨൩൩ ട്ടയാളുടെതലമേൽകയ്യുംവെച്ചു

[b] ൨൪൦–൨൪൨ ഈരണ്ടുപരികാം ചിലപ്രതികളിൽ കാണുന്നില്ല.

൨൯൩ എളള(ള്?)തായാളുടെപിതൃവഴിതോറും (a)
൨൯൪ പട്ടക്കാരുടെപിതൃടപ്പും
൨൯൫ മാറുംപലപലചെമ്പോ൪ത്തുകളും
൨൯൬ അയാൾമേൽവരമായ്കല്പിച്ചു.
൨൯൭ ചെറുംഅറിവിൽകുറയാതുള്ളൊരു
൨൯൮ നമ്പാന്മാരുടെസ്ഥാനമതും
൨൯൯ മാത്തോമ്മാകേരളരാജ്യത്തിൽ
൨൩൦ ഏവൻഗോപിയോനറിയിച്ചു-
൨൩൧ നൊത്തറിവിന്നായപുസ്തകവും
൨൩൨ തൃതോമ്മായെഴുന്നള്ളിച്ചു.
൨൩൩ യാത്രപറഞ്ഞുപിരിഞ്ഞൊരുസമയം
൨൩൪ ഗാത്രമശേഷാനാന്ധിതളന്നു
൨൩൫ നേത്രാംബുക്ഷാളനരോദനവും
൨൩൬ മിത്രജനങ്ങൾക്കുണ്ടായ്. (b)
൨൩൭ മലവഴിയാത്രമുറുമായി
൨൩൮ ഏഴരനാഴികപോയിട്ട
൨൩൯ മാലാക്കാമാരുടെതുണയാലെ
൨൪൦ പാണ്ടിവഴിക്കായ്താൻവാങ്ങി. [c]
൨൪൧ അറുപത്തൊമ്പതുമേടരാശിയി-
൨൪൨ ലെന്നുടെതാതൻമാത്തോമ്മാ
൨൪൩ അറിവിൽകുറവാംരാജ്യങ്ങൾക്കായ്
൨൪൪ വാങ്ങുംവരെയുംതാൻചെയ്ക
൨൪൫ അരുമകളേറുംപുതുമകളെത്ര
൨൪൬ പെരുമയിലുള്ളവയാകുന്നു!

(a) ൨൯൩ എളയതായാളുടെപിതൃവഴിതോറും
൨൯൩ എളിതായാളുടെപിതൃവഴിതോറും.

[b] ൨൩൩: ൨൩൪: ൨൩൫: ൨൩൬. ഈവരികൾ ചിലപ്രതികളിൽകാണുന്നില്ല.

(c) ൨൩൯: മാലാക്കാമുടെതുണയാൽസ്ഥീരാ
൨൪൦ വാങ്ങിയവഴിക്കായ് യാത്രതിരിച്ചു

൨൩൭ അരുതവയെല്ലാംവിവരത്തോടെ
൨൩൮ ഇവിടെപറവാനൊരുവിധവും
൨൩൯ അത്ഭുതരത്നമണിഞ്ഞൊരുകയ്യുടെ
൨൪൦ സ്ത്രീവായടയാളത്താലെ
൨൪൧ ഉത്ഭവമാംപ്രത്യക്ഷത്തുകകാരം
൨൪൨ എളുതായിവിടെപാട്ടുന്നു.
൨൪൩ ഇരുപത്തൊമ്പതുമൃത്യുഭവിച്ച
൨൪൪ നരരെതാൻജീവിപ്പിച്ചു.
൨൪൫ ഇരുനൂറുവപതുമർത്ത്യന്മാരുടെ
൨൪൬ സാത്താനെതാനോടിച്ചു.
൨൪൭ ഇരുനൂറിമുപ്പതുകഷ്ടക്കാരുടെ
൨൪൮ ദേഹത്തെതാൻസുഖമാക്കി.
൨൪൯ ഇരുനൂറമ്പതുകുരുടന്മാരുടെ
൨൫൦ കണ്കാഴ്ചകളെതാൻനൽകി
൨൫൧ ഇരുനൂറിരുപതുശോഷിച്ചവരുടെ
൨൫൨ കൈകാലുകളെകുറതീർത്തു.
൨൫൩ ഇരുപതുനരരുടെജിഹ്വവശക്കേ-
൨൫൪ ടരുമവിധത്തിൽതാൻതീർത്തു. (a)
൨൫൫ അരുതെനൊല്ലാവൈദ്യന്മാരു-
൨൫൬ മുപേക്ഷിച്ചുള്ളൊരുരോഗികളെ
൨൫൭ ഇരുനൂറൊമ്പതുപേരാളുംതാ-
൨൫൮ നടനെസ്വസ്ഥതക്കാരാക്കി.
൨൫൯ കാര്യജനത്തിന്നന്ധതനീക്കി
൨൬൦ സത്യഗുണംകൈക്കൊൾവാനായ്
൨൬൧ ദൈവശത്രുവാകുംനന്മക- [b]

(a) ൨൫൪ ഇരുനൂറിരുപതുകൈകാൽനാസ്ഥി
൨൫൫ ക്കാഴ്ചയെപുതുതായ്താൻചെയ്തു
൨൫൬ ഒരുനൂറിരുപതുകൈകാൽനാസ്ഥി
൨൫൭ ക്കാഴ്ചയെപുതുതായ് താൻചെയ്തു

[b] ൨൬൧ ദൈവഗുണത്തുവാകുംനന്മക-

൨൯൨ ത്രിതയമധികംതാൻ ചെയ്തു
൨൯൩ നരജാതിസ്വഭാവത്തിനുമേലായ്
൨൯൪ തന്നിൽവിളങ്ങിനസുകൃതത്താൽ
൨൯൫ നരനാഥങ്ങളംപതിനേഴായിരുത്തി
൨൯൬ നാനൂററുപതുതാൻനേടി (a)
൨൯൭ ആറായിരമൊടെണ്ണൂറമ്പതു
൨൯൮ ബ്രാഹ്മണജാതികളവരിൽ
൨൯൯ ഇവരിൽകുറവാമീരായിരമൊ-
൩൦൦ ടഞ്ഞൂനവദശക്ഷത്രിയരും
൩൦൧ അപ്പോൾവൈശ്യർമുവ്വായിരമൊ-
൩൦൨ ടെഴനൂറെറുപതുഞ്ഞുള്ളകളും
൩൦൩ ഇപ്പോൾനാലായിരമൊടിരുനൂ-
൩൦൪ റെമ്പതുശൂദ്രജാതികളും (b)
൩൦൫ ഈവിധമുള്ളോരുമേൽജാതികളെ (c)
൩൦൬ മാറ്റത്തിൽതാൻകൈയ്യൊണ്ടു.
൩൦൭ അവരിൽഇരുപെരുമാളന്മാരെ
൩൦൮ മെരുന്മാരായ് സ്ഥാപിച്ചു.
൩൦൯ ഗ്രാമത്തലഏഴുമന്നവർമാരെ
൩൧൦ ഗുരുപ്പട്ടത്തിൽകല്പിച്ചു.
൩൧൧ ക്ഷേമത്തിന്നായവരിൽനാലുപേരെ
൩൧൨ രമ്പാന്മാരായ്നിയമിച്ചു.

(a) ൨൯൬ നാനൂററുപതുതാൻനേടി.

(b) ൨൯൪ മുതൽ ൩൦൪ (രണ്ടും ഉൾപ്പെടെ) വരെ വരികൾ ചില പ്രതികളിൽ പാഠങ്ങൾ കുറച്ചു താഴെ എഴുതുംവിധം കാണുന്നു.

നാനൂററിതൊണ്ണൂബ്രാഹ്മക്ഷത്രിയരും
അപ്പോൾവൈശ്യർമുവ്വായിരമൊ-
ടെഴനൂറെറുപതുഞ്ഞുള്ളകളും
ഇപ്പോൾനാലായിരമൊടൊരുനൂ-

(c) ൩൦൫ ഈവിധമേൽജാതികളെയെല്ലാം

ന.ഫന	ഇരുപത്തൊന്നുപ്രാപ്തക്കന്മാർക്കായ
ന.ഫര്	പൊതുമുതൽ പരിപാലനനാഥംകി
ന.ഫ൫	ഒരുമിച്ചവരുടെഗുണപൂത്തിക്കായ്
ന.ഫന്ന	മറവുംനടപടികല്പിച്ചു.
ന.ഫെ	താൻകല്പിച്ചൊരുനടപടിമുറകളി-
ന.ഫവ	ലേതുംതെറ്റുകൂടാതെ
ന.ഫൻ	താൻകല്പിച്ചഭരണക്കാരത്തു
ന.റ൫	ഒവണ്മപൊട്ടത്തിനടത്തുമ്പോഴം (a)
ന.റഫ	പലപലരാജ്യങ്ങളിലുംതന്നുടെ
ന.ററ	അരുൾമാഹാത്മ്യത്തിന്നറിയിപ്പാൻ
ന.റന	പലജാതികളെമിശിഹാപക്കൽ
ന.റര്	ചേർത്തരുൾശ്രീഹാമാർത്തോമ്മാ
ന.റ൫	എഴുപത്തുരണ്ടാംകക്കടകത്തിൽ
ന.റന്ന	മൂന്നാംദിവസംപുലർകാലെ
ന.റെ	വഴിയാത്രകനായ താൻചേരുന്നിതു
ന.റവ	മൈലാപ്പൂരിൽചിന്നമലക്കു
ന.റൻ	കാളിക്കാവിൽപൂജക്കായ്ചെ-
ന.ന൦.	ന്നൊന്ത്രാന്മാരുംഎതിർപെട്ടു
ന.ന.ഫ	മൂളിക്കൊണ്ടവർവൈരംതീർപ്പാൻ
ന.ന.റ	തന്നൊവളഞ്ഞിവചൊല്ലുന്നു
ന.ന.ന	കാവിൽവണങ്ങാത്താളുകളാരും
ന.ന.ര്	ഇന്നീവഴിയെപൊയ്ക്കൂടാ
ന.ന൫	കാവിൽവണങ്ങുകയെങ്കിൽനിനക്കും
ന.ന.ന്ന	ഭക്ഷണമെല്ലാംതന്നീടാം.
ന.ന.ന	ഉണക്കലരിഭോജനമാശുചിട്ടി—
ന.ന.വ	സാത്താനെഞാൻവണങ്ങുകയൊ?
ന.ന.ൻ	വണക്കം ചെയ്താൽകാവിന്നഴിയും

(a) ന.റ.റ വെണ്മപൊട്ടത്തിനടക്കുമ്പോൾ

നർ൦ രീയാ൪ ചനായ് മാത്തോമ്മാ
നർ൧ നിന്ദനിറഞ്ഞൊരുവചനത്തിൻനേർ
നർ൨ കാണണമെന്നായെന്ത്രാന്മാർ
നർ൩ വന്ദനവലിയൊരുകാളിക്കാവിൽ
നർ൪ പൂശ്മാചെയ്തിതുമാത്തോമ്മാ
നർ൫ പേനായെപ്പോൽകാളിയുമോടി
നർ൬ കാവുംവെന്തിതുതീയാലെ.
നർ൭ പേനായ്ക്കുംപോൽമദവെറിയോടെ
നർ൮ എന്ത്രാന്മാരായവരെല്ലാം
നർ൯ പലനിഷ്ടുരതയോരോന്നൊല്ലാം
നർ൰ മാത്തോമ്മായോടവർചെയ്തു.
നർ൱ വലിയൊരുശൂലമെടുത്തൊരുക്രൂരൻ
നർ൲ ബലമായ്നെഞ്ചിൽശ്ലീഹായെ
നർ൳ കുത്തിക്കൊണ്ടവരോടിയൊളിച്ചു
നർ൴ എന്ത്രാന്മാരായവരെല്ലാം.
നർ൵ മാത്തോമ്മാകടലോരക്കാട്ടിൽ
നർ൶ കല്ലിൽവീണുപ്രാർത്ഥിച്ചു.
നർ൷ മാലാകോമാരിവയെല്ലാമറി—
നർ൸ യിച്ചുപൌലോസുമെത്രാനെ
നർ൹ പൌലോസ്മെത്രാനുംപെരുമാളും
നന്നം അവരുടെപരിചാരകരെല്ലാം
നന്നാ ഓടിച്ചെന്നാവർകാളിക്കാവി-
നന്നാ ന്നരികേയുള്ളൊരുപാറക്കൽ (a)
നന്നാ വാടാമുറിവിൽകൊണ്ടൊരുശൂലം
നന്നാ ഝടുതിയിലുരിമാർപൌലോസ്
നന്നാ ആവുതലിനായ്തേരതിലേറി-
നന്നാ പ്പോരുവതിന്നായ്തുനിയുമ്പോൾ
നന്നാ ആവുതൽവേണ്ടാഭാഗ്യമടുത്തു

---

a) നന്നാ ...ന്നൊതിരേയുള്ളൊരുപാറക്കൽ

നസ്യവ	എന്നായുടനെമാതേത്താമ്മാ
നസ്യൻ	വെളിവാൽചൂഴംപീഡിതനായി
നഠ	തന്നെകണ്ടൊരുകുട്ടങ്ങളം
നഢ	തെളിവാൻതക്കവിധത്തിന്നാദര- (a)
നഢ	വെല്ലാമരുളിമാതേത്താമ്മാ
നണ	മൂന്നുനാഴികപകലാംവരെയും
നത	പലവകവേണ്ടുംവിധമെല്ലാം
നഥ	മന്നവരോടുകലർച്ചുചെയ്യാ
നന്ന	കാലംചെയ്കിതുമതേത്താമ്മാ.
നഩ	വെള്ളപ്രാവിന്നതുല്യമൊരാത്മം
നവ്വ	പരമാനന്ദമവരതപമതായ്
നൻ	വെള്ളയണിഞ്ഞൊരരുപികളോടെ
നയം	ആകാശത്തിൽകയറുന്നു.
നവ്യഢ	നലമൊടുപലവകകിന്നാരമഴകാൽ
നവ്യവ	നന്തുണിയുംകുഴൽവീണകളും
നവ്യന	പലമൊഴിയൊത്തൊരുസ്തുതിചെയ്യുടനെ
നവ്യർ	പെരുമാളന്മാർദേഹത്തെ
നവ്യഭ	ബഹുമതിയവരുടെവശമായതുപോൽ
നവ്യന്യ	ചെയ്യുംകൊണ്ടവർപോയിട്ടു
നവ്യവ	മഹിമപെരുത്തൊരുതൻദേഹത്തെ
നവ്യവ	പള്ളിയകത്തവർസ്ഥാപിച്ചു.
നവ്യൻ	വാഴുകാലംനേടുവതിന്നാവരെല്ലാം
നൻം	ആരാധനയായ് പ്രാർത്ഥിച്ചു
നൻഢ	ഉഷ്ണർകാലത്തവർക്ലേശത്തോടെ
നൻവ	എല്ലാജനവുംപിൻവാങ്ങി
നൻന	മരണവിശേഷംമാലാക്കായറി-

(a) നഢ വെളിവാൽതക്കവിധത്തിന്നാദര-

൹൯൪ യിച്ചുകേപ്പാമെത്രാനെ (a)
൹൯൫ കർഴിയ: ത്രുത്തഗതിയാലെ
൹൯൬ മൈലാപ്പൂരിനുനിയമിച്ചു.
൹൯൭ മാലൊട്ടരാൻമാളിയക്ക,കടപ്പൂർ
൹൯൮ ഇരുമ്പാന്മാരുമായി
൹൯൯ പേലൊട്ടകൾടെമിരുപത്തൊന്നിൽ
൹൦൦ ഇവരുംദേവാലയമതിലായ്
൹൦൧ ഇരുമേല്പട്ടക്കാരുംഅവരുടെ
൹൦൨ പട്ടക്കാരുംക്രൂട്ടുമായ്
൹൦൩ ഒരുമിച്ചാരോജപ്രാനാഭികം
൹൦൪ ഓരോവിധമാംപൂജകളും
൹൦൫ ഒരുപത്തുദിവസംവരെയുംനിഷ്കം
൹൦൬ മുറിയാതായാർചെയ്യുമ്പോൾ
൹൦൭ പെരിയൊരുപ്രത്യക്ഷംതാനപ്പോൾ
൹൦൮ അവരിൽചെയ്തിതുമാത്തോമ്മാ.
൹൦൯ സപ്ലണ്ണമയംപോലുള്ളൊരുവെളിവുകം
൹൧൦ ഇവർമേലെല്ലാംവീഴുന്നു
൹൧൧ മണ്ണിൽപറവാൻവശമല്ലാത്തൊരു
൹൧൨ വിണ്ണാലയമവർകാണുന്നു (b)
൹൧൩ ചേചൊട്ടുൻതാൻകണ്ടതിതെന്നു
൹൧൪ പൌലോസുമെത്രാൻപറയുന്നു
൹൧൫ നലമൊട്ടപലവിധസംഗീതങ്ങും
൹൧൬ എല്ലാജനവുംകേൾക്കുന്നു.
൹൧൭ അതിനുടെമഹിമകൾവണ്ണിപ്പാനീ
൹൧൮ മാനുഷർപോരാതാകുന്നു
൹൧൯ അരിലങ്ങൊരുസിംഹാസനമതിലായ്

(a) ൹൯൩ മരണവിശേഷംമാലാക്കാമാർ
൹൯൪ അറിയിച്ചുകേപ്പാമെത്രാനും
(b) ൹൧൦ വണ്ണംചൊൽവാൻവശമല്ലാത്തൊരു
൹൧൨ പത്മാലയമിവർകാണുന്നു.

൫൩ മാർത്തോമ്മാതാൻവാഴുന്ന
൫൪ അമ്പൊടുപലവകഗുണദോഷങ്ങൾ
൫൫ ഇവരോടുതാനരുളുന്ന
൫൬ വമ്പായ പലവകചെമ്മോത്തുകളും
൫൭ എന്നാളിലുമായ്നാംകുന്ന. (a)
൫൮ എന്നുടെമരണംഓർത്തുമക്കൾ-
൫൯ ക്കെന്നാൽനന്മകളുണ്ടാകും
൫൰ എന്നുടെകുവറിൽവന്ദനചെയ്യോ
൫൱ ല്ലൊന്നുനന്മകൾഞാൻചെയ്യും.
൫൲ ഇവകളെയെല്ലാമരുളിയശേഷം
൫൳ കാഴ്ചകൾമാറിതെളിവോടെ.
൫൴ അവരവരോടരുളിച്ചെയ്തതുപോൽ
൫൵ എല്ലാജനവുംപിൻവാങ്ങി.
൫൶ വമ്പോടുതോമ്മാഹെന്തൊമതൊക്കയിൽ
൫൷ മാർഗ്ഗംനടകിയവൃത്താന്തം
൫൸ അമ്പാൽമാളിയേക്കൽരണ്ടാംതോമ്മാ
൫൹ റമ്പാൻചെയ്തൊരു ചരിതമതിൽ
൫ൺ വിരിവുകൾമാറീട്ടെഴുതായീവിധ—
൫ൻ മെളിയവരറിവാൻപാടിയൊരു
൫ർ വിരുതുകൾകുറയുംനാല്പത്തെട്ടാം
൫ൽ അയളുടെപിതൃവാംതോമ്മാമേൽ (b)
൫ൾ ശകുതിനിറഞ്ഞോൻതാമ്മാശ്ശീഹാ
൫ൿ നന്മകൾചെയ്താനീചരിതം
൫ൿ ഭക്തിയൊടങ്ങേപാടത്തുകൾ
൫ൿ വച്ചിതുകാഴ്ചയതിന്നറിവു്

(a) ൫൭ എന്നാളിലുമായ്നാംകുന്ന.

(b) ൫ൻ, ൫ൽ ചിലപ്രതികളിൽ "നാല്പത്തെട്ടാം അയളുടെ പിതൃവാം" എന്ന വാക്കുകളെ ഉപേക്ഷിച്ചു "വിരുതുകൾ കുറയുംതോമ്മാമേൽ" എന്ന ഒരു പാദം മാത്രമായി കാണുന്നു.

൪൫൫ ഓരായിരമൊടുന്തുറൈന്നാം
൪൫൬ കഴ്ടകമൂന്നാമിവസം (a)
൪൫൭ ആരാധനയോടിവയെല്ലാരും
൪൫൮ അറിവാൻദൈവംകൃപചെയ്ക.

(a) ൪൫൬ കഴ്ടകം ഒന്നാം ദിവസം

൩. ഈ പാട്ടിലെ ൪൩-ാമത്തെ വരിയിൽ പറയുന്നതിരുവഞ്ചിക്കുളത്ത് അരചൻ കൊട്ടങ്ങല്ലൂർ രാജാവാണ്. കൊട്ടങ്ങല്ലൂരിന്റെ ഒരംശത്തിനു അദ്യാപി തിരുവഞ്ചിക്കുളം എന്നു പറഞ്ഞുവരുന്നുമുണ്ട്. പണ്ടു ഈ സ്ഥലത്തിനു മഹോദയപുരം പട്ടണം എന്നും പേരുണ്ടായിരുന്നു. പെരിയാറു രണ്ടുകൈവഴികളായി പിരിഞ്ഞു തെക്കേ ശാഖ കൊച്ചി അഴിയിൽക്കൂടിയും വടക്കേതു കൊട്ടങ്ങല്ലൂർ പൊഴിയിൽ കൂടിയും പശ്ചിമസമുദ്രത്തിൽ ചേരുന്നു. ഈ ശാഖയുടെ കടൽത്തീരത്തോടടുത്തുള്ള വടക്കേക്കര തിരുവഞ്ചിക്കുളവും കൊട്ടങ്ങല്ലൂരുമാണ്. ഈ രണ്ടു സ്ഥലങ്ങളും വിദ്വാന്മാരുടെ കരുതേണ്ട ആവശ്യമില്ല. ചേരരാജാക്കന്മാരുടെ തലസ്ഥാനം ഈ രണ്ടു ഭാഗങ്ങളിലും കൂടിയാണ് സ്ഥാപിക്കപ്പെട്ടിരുന്നതു. ചേരമാൻ കോവിലകത്തിന്റെ ചുറ്റിലും അയ്യമേത്തളി, കീഴ്ത്തളി മുതലായ തളിക്ഷേത്രങ്ങളും സ്ഥിതിചെയ്യുന്നുണ്ടായിരുന്നു (3) ൫-ാം വരിയിൽ പറയുന്ന മാല്യൻകര എന്ന സ്ഥലവും കൊട്ടങ്ങല്ലൂർ തന്നെയാണ്. ൧൩-ാമത്തെ പാദത്തിൽ കാണുന്ന രണ്ടായിരം ജനങ്ങളും ഉഗ്രപെടെയാണു (൧൩-ാം വരിയിൽ) ഏഴായിരം പേരെന്നുപറഞ്ഞിരിക്കുന്നതു. മൊത്തത്തിൽ തുകകണക്കാക്കുന്ന സ്ഥാനങ്ങളിൽ പാട്ടിലെ പ്രാസം ശരിപ്പെടുത്തുവാൻവേണ്ടി ചില്പോഴാച്ചിയുടെ ന്യൂനാതിരേകങ്ങളെ കവി പരിത്യജിച്ചിരിക്കണമെന്നുള്ളതു് ഇവിടെ സ്മരണാർഹമാകുന്നു. പ്രകൃതഗാനത്തിന്റെ പല പ്രതികളും വായിച്ചുനോക്കിയതിൽ ചില വ്യത്യാസങ്ങളും ഇല്ലാതില്ല. അവ ഏതെല്ലാമെന്നു അറിയുന്നതിനു വായനക്കാർക്കു് ആഗ്രഹം ജനിച്ചേക്കാവുന്നതാകു

യാൽ ആ ഭാഗങ്ങളെ രേഖാങ്കം ചെയ്തു യഥാസ്ഥാനം പ്രദർശിപ്പിച്ചിട്ടുണ്ട്. അഗ്രഭാഗത്തിൽ അധികം വിശ്വസനീയമായി രേഖനിയ ഭാഗങ്ങളേയാണ് ഗാനത്തോടുകൂടി ചേർത്തിരിക്കുന്നതു്. ഈ വ്യത്യാസങ്ങളം മിക്കവാറും പകർത്തെഴുത്തുകാരുടെ സൂക്ഷ്മരാഹിത്യംകൊണ്ടു വന്നിട്ടുള്ളതാണെന്നു സൂക്ഷ്മം പരിശോധിച്ചാൽ കാണാം. "ഗ്രന്ഥം മൂന്നു പകർത്തുമ്പോൾ മുഷ്ടന്തം മുക്രമായ്വരും" എന്നുള്ള ഐതിഹ്യം ഈ അവസരത്തിൽ വിസ്മരിക്കത്തക്കതുമല്ലല്ലൊ.

൪. ക്രിസ്തുബ്ദം ൩൰൨൦ാമാണ്ടു ഡമാസ്കസിൽ വി. ശ്ലീഹാ കൊടുങ്ങല്ലൂരവന്നാവെന്നാണു പാട്ടിന്റെ ആരംഭഘട്ടത്തിൽ പ്രസ്താവിച്ചിരിക്കുന്നതു. എന്നാൽ ൩൨-ാം വർഷത്തിൽ ശ്ലീഹന്മാർ ജെരുസലേമിൽ ഒരു സൂനഹദോസ് കൂട്ടുകയുണ്ടായി എന്നു ചില വിദേശിയ ചരിത്രകാരന്മാർ പറയുന്നുണ്ടു. ഇതുനമ്മുടെ പാട്ടിലെ പ്രസ്തുത പ്രതിപാദനത്തോടു യോജിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു ഒരു ചോദ്യം ഉണ്ടായേക്കാം. അതുകയാൽ ഈ പ്രശ്നത്തിനു മറുപടിപറയേണ്ടതു ഞങ്ങളുടെ ചുമതലയായിട്ടാണല്ലൊ ഇരിക്കുന്നതു. ക്രൈസ്തവ മതാനുയായികളായ പുറജാതിക്കാർ ക്രോടനാചാരം അനുഷ്ഠിക്കേണ്ടതാണെന്നും രക്ഷപ്രാപിക്കുന്നതിനു അതു അവശ്യാവശ്യകമാണെന്നും മാനസാന്തരപ്പെട്ട യഹൂദന്മാരിൽ നിന്നും ഒരു തർക്കം പുറപ്പെടുകയുണ്ടായിട്ടുണ്ടു. ഈ വിവാദം ഉത്ഭവിച്ചതു അന്ത്യോക്യായിൽവച്ചാണു. ആ സന്ദർഭത്തിൽ വി. പൌലോസും ബർന്നബായും അവിടെ ഉണ്ടായിരുന്നതിനാൽ അവർ ഈ തർക്കത്തിന്റെ ശോച്യതയെപറ്റി ഉചിതമായ പ്രസംഗങ്ങളം ചെയ്തു എങ്കിലും അതുകൊണ്ടു ഫലമുണ്ടാകായ്കനിമിത്തം ആപ്രേഷകന്മാർ അന്ത്യോക്യായിൽ നിന്നു ജെരുസലേമിലേക്കു പുറപ്പെട്ടു. വി. പത്രോസ് അപ്പോൾ റോമയിൽ നിന്നു അവിടെ തിരിച്ചെത്തിയിട്ടുണ്ടായിരുന്നു. ക്രൈസ്തവസഭ സ്ഥാപിക്കപ്പെട്ടതു ജെരുസലേമിൽവച്ചു ആയിരുന്നതിനാലും പല ശ്ലീഹന്മാർ അ

ന്ന അവിടെ ഉണ്ടായിരുന്നതുകൊണ്ടും മേൽപ്രകാരം അവർ ആ സ്ഥലത്തു ഒരു സൂനഹദോസ് കൂട്ടുകയും മേൽപ്രസ്താവിച്ച നടപടികൾ ചെയ്തതിന്റെ ശേഷം ഈ സംഭവം നടന്നതു കൊണ്ടു ഇതു കൂടി ചെയ്യുന്നതു ആവശ്യമാണെന്നു തീരുമാനിക്കയും ചെയ്തു. ഈ സംഭവം നടന്നതു ക്രീ. ശ. 49-ൽ ആണു. (4) സുവിശേഷ പ്രസംഗാരംഭം മുതൽ അന്ത്യപര്യന്തം ഈശോനാഥന്റെ പ്രധാന ശിഷ്യന്മാരായിരുന്ന മറ്റു ക്രിസ്ത്യാനികളും ഈ യോഗത്തിൽ സംബന്ധിക്കയോ ഇല്ലയോ എന്നുള്ള സംഗതി ചരിത്രകർത്താക്കന്മാർ നിശ്ചയിച്ചിട്ടില്ല. എന്നതിനായുമല്ല ദൂരദേശങ്ങളിൽ വേദോപദേഷ്ടാക്കളായി പോകാതെ എല്ലാ ക്രിസ്ത്യാനികളും അക്കാലത്തു ജെരുസലേമിൽ തന്നെ താമസിച്ചിരുന്നെന്നു അവർ പറയുന്നുമില്ല. എന്തൻമൂലം പ്രസ്തുത സൂനഹദോസിൽ സകലക്രിസ്ത്യാനികളും സംബന്ധിച്ചിരുന്നു എന്നുള്ള വാദം പരിത്യാജ്യമായിട്ടാണു ഇരിക്കുന്നതു. പ്രത്യുത, അവരെല്ലാം ആ യോഗത്തിൽ ചേർന്നിരുന്നു എന്നുള്ളതു സ്പീകായ്മായി കരുതുന്നതായാൽ തന്നെയും തോമ്മാക്രിസ്ത്യാനികൾ ഇൻഡ്യയിൽ നിന്നു അവിടെ ചെന്നു പ്രകൃതസംഘത്തിൽ സംബന്ധിക്കുന്നതിനു നിവൃത്തിമാർഗ്ഗം ഇല്ലായിരുന്നു എന്നു വിചാരിച്ചുകൂടാ. മാപ്പാക്കന്മാർ ക്രിസ്ത്യാനികളെ എടുത്തു ക്ഷണനേരം കൊണ്ടു ദൂരസ്ഥിതങ്ങളായ രാജ്യങ്ങളിൽകൊണ്ടുപോയതായി വിശുദ്ധ ലിഖിതങ്ങളിൽ കാണാവുന്നതാണ്. (ക്രിസ്ത്യാനടെ. അ. വൃ. വ. 8൯-൪൦). അതുകയാൽ തോമ്മാക്രിസ്ത്യാനികൾ പ്രസ്തുത സംഘത്തിൽ സംബന്ധിക്കേണ്ടതു അവശ്യാവശ്യകമായ ഒരു സംഗതി ആയിരുന്ന എങ്കിൽ അതേ സഹായാവഴിയായി അവിടെ ചെന്നൊത്തുന്നതിനു അദ്ദേഹത്തിനു സാധിക്കുമായിരുന്നു.

———:o:———

൪ാം അദ്ധ്യായം

———••———

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പരമ്പരാസിദ്ധമായ തെളിവുകളെ പിൻതാങ്ങുന്ന ചരിത്ര ലക്ഷ്യങ്ങൾ.

ഫ. അതീതാദ്ധ്യായത്തിൽ സംഘടിപ്പിച്ചിട്ടുള്ള പുരാതനഗാനത്തിൽപ്രസ്താവിതമായസംഗതികളിൽഒരോന്നുംസത്യത്തോടും സംഭവത്തോടും യോജിക്കുന്നവയാണെന്നു യഥോചിതമായ ലക്ഷ്യങ്ങൾ കൊണ്ടു സ്ഥാപിക്കണമെന്നതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. പ്രസ്തുതപാട്ടിൽ ൧൫ മുതൽ ൨൨ വരെയും ൪൫ മുതൽ ൫൭ വരെയും ഉള്ള വരികളിൽ നിട്ടിഷ്ടമായ ഒന്നാമത്തെസംഗതി തോമ്മാശ്ലീഹാ അറേമ്പിയായിൽ നിന്നു കപ്പൽ മാർഗ്ഗം മാല്യാൻകരെ അഥവാ കൊടുങ്ങല്ലൂരിൽ വന്നുചേർന്നതും അവിടത്തെ രാജാവിനേയും കുടുംബത്തേയും അദ്ദേഹത്തിന്റെ ജാമാതാവിനേയും മാമ്മോദീസാ മുക്കിയതും ഒട്ടുവളരേ ജനങ്ങളും സത്യവേദം കൈക്കൊണ്ടതും അക്കൂട്ടത്തിൽ ൪൦ യഹൂദന്മാർ ക്രൂടി ജ്ഞാനസ്നാനം സ്വീകരിച്ചതും രാജാവിന്റെ മരുമകനു ഉദ്യോഗപ്പട്ടം കൊടുത്തതും മറ്റും ആണല്ലൊ. ഈ പ്രസ്താവങ്ങളെ സുപ്രസിദ്ധന്മാരായ അനേകം ചരിത്ര കർത്താക്കന്മാർ പിൻതാങ്ങി പറയുന്നുണ്ടു്. റോലിൻ, മെഡ്ലിക്കോട്ട മെത്രാൻ അവർകൾ, കർണ്ണൽയൂൾ മുതലായവരും, "ദക്ഷിണേന്ത്യയിലെ ജാതികളും വർണ്ണങ്ങളും" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ എഡ്ഗാർതെഷ്ടൻ സി. ഐ. ഇ. അവർകളും "കേരളത്തിലെ സത്യവേദചരിത്ര"ത്തിന്റെ കർത്താവും വരാപ്പുഴ സഹായ മെത്രാനുമായ മർസലീനോസ് എന്ന വന്ദ്യ പുരോഹിതനും അക്കൂട്ടത്തിൽ പ്രഥമഗണനീയന്മാരാണു്. (1) കർണ്ണൽയൂൾ ഇപ്രകാരം പറയുന്നു, "കൊടുങ്ങല്ലൂർ, മലയാളത്തിലെ പുരാതന രാജ്യങ്ങളിൽ ഒന്നിന്റെ തലസ്ഥാനപട്ടണവും ഈ (പശ്ചിമ) തീരത്തുള്ള യഹൂദന്മാരുടേയും ക്രൈസ്തവന്മാരുടേയും പൂർവ്വപാരമ്പര്യങ്ങളിൽ സ്ഥിരപ്രശസ്തി ലഭിച്ചിട്ടുള്ള ഒരു സ്ഥലവുംആകുന്നു. വി. തോമ്മാ ഇൻഡ്യയുടെ തീരങ്ങളിൽ ഒന്നാമതായി പ്രസംഗിച്ചു എന്നു പറയപ്പെടുന്നതു അവിടെയത്രെ" എഡ്ഗാർതെഷ്ടൻ ഇതു സംബന്ധിച്ചു പ്രസ്താവിച്ചിട്ടുള്ളതു് താഴെ ഉല്ലേഖിക്കാം. "മിശിഹായുടെ ഉപദേശങ്ങളെ ഇൻഡ്യയിൽ പ്രചരിപ്പിച്ചു എന്ന മഹിമ പുരാതനകാലം മുതൽക്കു

ള്ള പാരമ്പര്യ വൃത്താന്തങ്ങളാൽ തോമ്മാശ്ലീഹായിക്കു നൽകപ്പെട്ടുന്നു. പശ്ചിമതീരത്തുള്ള ക്രൈസ്തവനികരം ഇതുമാത്രം പൂജ്യമായി കരുതുന്ന ഈ പാരമ്പര്യാഗതമായ സിദ്ധാന്തപ്രകാരം ശ്ലീഹാ ഉദ്ദേശം ക്രീസ്തുബ്ദം ൫൨-ൽ ഗ്രീക്കുകാരാൽ മൈസിറിസ് എന്നു പറയപ്പെട്ടിരുന്നതും മുയിരിക്കോട്ട എന്നു യൂദന്മാരുടെ താമ്രശാസനത്തിൽ നാമകരണം ചെയ്തിരിക്കുന്നതും അയ ക്രാൻഗനു (കൊടുങ്ങല്ലൂരിനു സമീപമുള്ള മലങ്കരയിൽ അഥവാ കുറേക്കൂടി ശരിയായി പറയുന്നാ പക്ഷം മാലിയാൻകരയിൽ കുപ്പൽമാർഗ്ഗം വന്നിറങ്ങി". മർസലീനോസ് മെത്രാനവർകൾ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഈ അത്ഭുതകൃത്യം കണ്ടവരൊക്കെ ശ്ലീഹായുടെ സാധുതയേയും ദിവ്യത്വത്തേയും കുറിച്ചു വിസ്മിതചിത്തരായി സർവേശ്വരനെ സ്തുതിക്കുകയും ഈ ശോമിശിഹായാൽ സ്ഥാപിതമായ സത്യവേദത്തെ അനുസരിക്കുകയും രാജാവും കുടുംബവും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. എന്നുമാത്രവുമല്ലാ പ്രസ്തുതരാജാവിന്റെ പുത്രനും അദ്ദേഹത്തിന്റെ ഭാര്യയും ഈശ്വരസമക്ഷം ,,സന്യാസം അനുഷ്ഠിച്ചുകൊള്ളാമെന്നു നേരുകയും വരനായ യുവരാജാവു തൈവത്തുശുശ്രൂഷകനായി ഗുരുപ്പട്ടം കൈക്കൊള്ളുകയും ഉണ്ടായി". മേൽപ്രയപ്പെട്ട ചരിത്രകാരന്മാരെ കൂടാതെ മഫ്ഫേയ് എന്നദ്ദേഹവും "ഭാരത വൃത്താന്ത ഭണ്ഡാഗാരം" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ പത്രോസ് ജാറി എന്നയാളും "പ്രാചീന ഇൻഡ്യായാത്രാവിവരണ"ത്തിൽ വിൻചെൻസ് മരിയാ എന്നചരിത്രകാരനും ഈ സംഗതികളേയെല്ലാം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. (2) ഏതദ്ദേശീയ ചരിത്രകാരന്മാരും വി. തോമ്മാശ്ലീഹാ ആദ്യമായി കൊടുങ്ങല്ലൂരിൽ വരുകയും വേദം പ്രസംഗിക്കുകയും ചെയ്തു എന്നുള്ള സംഗതികളെ ഐകകണ്ഠ്യേന സമ്മതിക്കുകതന്നെ ചെയ്യുന്നു. (3) വി. ശ്ലീഹാ ക്രീ. ൫൨-ൽ മലങ്കരയിൽ എത്തിഎന്നാണു സാധാരണയായി പറയപ്പെടാറുള്ളതു്. വാസ്തവത്തിൽ ശ്ലീഹാ ഇവിടെ താമസിച്ചു സുവിശേഷവൃത്തി നടത്തിത്തുടങ്ങിയതു ൫൨ മുതൽ ആണെ

ന്ന പ്രസ്തുത ഗാനത്തിൽ നിന്നു തന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്.

൨. പ്രസ്തുതപാട്ടിലെ ൨൨ മുതൽ ൨൯ വരെയും ൪൨ മുതൽ ൪൪ വരെയും ൪൭ മുതൽ ൫൦൪ വരെയും ൫൨൫ വരെയും ഉള്ള പാ ങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള രണ്ടാമത്തെ സംഗതി കൊട്ടങ്ങ ല്ലൂർ, കോട്ടക്കാവു, കോക്കമംഗലം, കൊല്ലം, ചായൽ, നി ണം, പാലയൂർ, എന്നീ ഏഴു പ്രധാനസ്ഥലങ്ങളിൽ നമ്മുടെ ശ്ലീഹാ ദേവാലയങ്ങളുംസ്ലീവായും സ്ഥാപിച്ചു എന്നുള്ളതുംആ ദേശങ്ങളിലും അവയുടെ ഉപാന്തഗ്രാമങ്ങളിലും നിവസിച്ചി രുന്ന അനവധി ജനങ്ങളെ മിശിഹായുടെ സുവിശേഷ മാർ ത്തിൽ ചേർത്തു എന്നുള്ളതും ആണല്ലൊ.—ഒന്നാം അദ്ധ്യായം ന്ന-ാം ലക്കത്തിൽ ഈ ഏഴുപള്ളികളും ശ്ലീഹായാൽ സ്ഥാപി ക്കപ്പെട്ടിട്ടുള്ളവയാണെന്ന സകാരണം പ്രസ്താവിച്ചിട്ടുണ്ട്. ഇ നിയും അനേകചരിത്രകാരന്മാർ ഇതിനെ അനുകൂലിക്കാതേയും ഇരിക്കുന്നില്ല. "പെരുമാക്കന്മാരുടെ നാടു" എന്ന കൃതിയുടെ നിർമ്മാതാവായ ഫ്രാൻസീസു ഡെയ്—"മലയാളത്തിൽ നിന്നു ള്ള കണ്ണു"കളുടെ കർത്താവായ വിസ്ചർ (Vischer)- "തി രുവിതാംകൂർ സ്റ്റേറ്റ് മാനുവൽ"—"ഇൻഡ്യയും തോമ്മാശ്ലീ ഹായും" എന്നകൃതിയുടെ പ്രയോക്താവായ ഡാക്ടർ മെഡ് ലിക്കോട്ട്-മെക്കൻസി മുതലായി ഒട്ടുവളരെ ചരിത്രകാരന്മാർ പ്രസ്തുത ഏഴു പള്ളികളെ സംബന്ധിച്ചുള്ള ചരിത്രാംശങ്ങളെ തത്തൽ കൃതികളിൽ (4) ഒന്നുപോലെ എടുത്തു പറഞ്ഞിട്ടുള്ള താകയാൽ അതിനെപ്പറ്റി ദീർഘമായി ഇവിടെ നിരൂപണം ചെയ്യേണ്ട ആവശ്യമില്ലെന്നു വിചാരിക്കുന്നു. ൪൭ മുതൽ ൫ ള്ള ൪ വരികളിലായി തോമ്മാശ്ലീഹാ മലയാറ്റൂരിൽ ചെന്നു തും ചിലരെ മാമ്മോദീസാ മുക്കിയതും മറ്റുമാണു വിവരിച്ചിരി ക്കുന്നതു്. ഏതൽസംബന്ധമായ വിമർശനം ഒന്നാം അദ്ധ്യായം ന്ന-ാം ലക്കത്തിൽ ചേർത്തിട്ടുള്ളതുമാണ്.

൩.- പാട്ടിൽ പറയുന്ന മൂന്നാമത്തെ സംഗതി ചേര പ്പെരുമാൾ വിസ്മയനീയമായഒരുകോവിലകം (രാജധാനി) പ ണിയുന്നതിനായി വി. ശ്ലീഹായെ വളരെ ദ്രവ്യം ഏല്പിച്ചു എ

ിച്ചും ആ വക മുതൽ ധർമ്മവിഷയത്തിനായി ചെലവു ചെയ്തുകൊണ്ട വേദപ്രസംഗം നടത്തിയതല്ലാതെ വി ശ്ലീഹാ രാജധാനി പണിചെയ്തിട്ടില്ലെന്ന കാണുകയാൽ കുപിതനായരാജാവു അദ്ദേഹത്തെ കാരാഗൃഹത്തിൽബന്ധിച്ചതും തത്സമയം അപായകരമായ രോഗത്താൽ പീഡിതനായി മരണം പ്രാപിച്ച രാജസഹോദരൻ വി. തോമ്മായാൽ നിമിത്തമായ കോവിലകത്തെ ദൈവാനുഗ്രഹം കൊണ്ട സ്വർഗ്ഗത്തിൽ സന്ദർശിച്ചതും തിരോ പുനർജ്ജീവിച്ച അദ്ദേഹവും രാജാവും സത്യവേദം സ്വീകരിച്ചതും മറ്റുമാണ്. (പാട്ടിലെ ൩൩ മുതൽ ൪൨ വരെയും ൫൪ മുതൽ ൫൯ വരെയും ഉള്ള പാദങ്ങൾ നോക്കുക). കൊടകും ൩-ാം തീയതിയിലെ തോമ്മാശ്ലീഹായുടെ തിരുനാളിന വേണ്ടി കുറിക്കപ്പെട്ടിട്ടുള്ള കാനോൻ ജപപ്പുസ്തകത്തിന്റെ പ്രാചീനതയേയും പ്രസ്തുത തിരുനാൾ കേരളത്തിൽ ഘോഷിച്ചുതുടങ്ങിയ കാലത്തേയും മറ്റും സംബന്ധിച്ച ഒന്നാം അദ്ധ്യായം ൨-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഈ കാനോൻ ജപത്തിൽ മേൽപറയപ്പെട്ട രാജധാനിയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്.

ഓ ഈശോമിശിഹാ നാഥാ നിന്റെ ശ്ലീഹാ തോമ്മാ
ഗുജറാത്തിൽ ഗുന്ദഫറുരാജാവിന്റെ രാജധാനി
പണിയുവാൻ ഭാരതത്തിലേക്കു പോകുമ്പോൾ
ദിവ്യമായ നിന്റെ കൃപയാൽ അവനെ രക്ഷിച്ചതുപോലെ.

"തോമ്മാ ആകാശത്തിൽ ഒരു അരമന പണിയുകയും അതിനെ സകലവിധ ആഡംബരങ്ങളും കൊണ്ട പ്രശോഭിതമാക്കുകയും വിവിധ ഭാഗ്യങ്ങളാൽ പൂർണീകരിക്കുകയും ചെയ്തശേഷം ഇൻഡ്യാനിവാസികളും അവരുടെ രാജാവും ആ ഭവനത്തിലെ ആനന്ദപൂർവ്വകമായ വാസത്തിൽ ലയിച്ച അതിലുള്ള അനന്തഭാഗ്യങ്ങളെ അനുഭവിക്കുന്നതിനവേണ്ടി അവരെ ക്ഷണിക്കുകയും ചെയ്തു". ഈ പ്രസ്താവനയെ പിൻതാങ്ങുന്നവേറെ ചില ഭാഗങ്ങളും പ്രസ്തുത മന്ത്രഗ്രന്ഥത്തിൽ കാണപ്പെടുന്നുണ്ട്. തോമ്മാശ്ലീഹാ ഭാരതീയ ജനങ്ങൾക്കു വേണ്ടി മേൽ

പ്രകാരം സഭാചരിത്രത്തിൽ ഒരു രാജധാനി പണികഴിപ്പിച്ചു എന്നുള്ളതു് വി. അപ്രേം തന്റെ മദ്രാശയിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണു്. സ്രോഗിലെ മാർ യാക്കോബ് (Jacob of Sarug) പ്രസ്തുതസംഗതിയേ സംബന്ധിച്ചു ഇപ്രകാരം പറയുന്നു. "തോമ്മാശ്ലീഹാ ഇൻഡ്യയിലേക്കു പുറപ്പെട്ടുവാനായി മറ്റു ശ്ലീഹന്മാരിൽ നിന്നു പിരിഞ്ഞ അവസരത്തിൽ കരയുകയും കരയുവാൻ തക്കവണ്ണം അവരുടെ ഹൃദയത്തെ ഇളക്കുകയും ചെയ്തു. മതപ്രസംഗങ്ങളിൽ തന്നെ സഹായിക്കുന്നതിനും അടരിക്കുന്നതിനുംവേണ്ടി അദ്ദേഹം നമ്മുടെ ദിവ്യരക്ഷകന്റെ ഒയയെ പ്രാർത്ഥിക്കണമെന്നു അവരോടു പറഞ്ഞു:- ഇതാ അന്ധകാര നിബിഡമായ ഒരു ദേശത്തേക്കു ശിഷ്യവൃത്തിത്വം ഞാൻ ഇപ്പോൾ പുറപ്പെടുന്നു. ആകാശത്തിലെ രാജ്യംവരെയുമുയരുന്ന ഒരു അരമന ഞാൻ പണിതു തീർക്കുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. എന്റെ പണി ജലപ്രവാഹത്താൽ നഷ്ടീഭവിക്കാതിരിക്കുന്നതിനായി നിങ്ങളുംഏകനോടൊന്നിച്ചപേക്ഷിക്കണം". ഇതു തോമ്മാശ്ലീഹായുടെ വാക്യങ്ങളാണു്. പൂജ്യനായ മെഡ്ലിക്കോട്ട മെത്രാൻ അവർകൾ "ഇൻഡ്യയുംതോമ്മാശ്ലീഹായും" എന്ന ഗ്രന്ഥത്തിൽ വി. അപ്രേമിന്റേയും സ്രോഗിലെമെത്രാനായ മാർ യാക്കോബിന്റേയും പ്രസ്തുതസാക്ഷ്യങ്ങളെ അനുസ്മരിക്കിക്കൊണ്ടു ആ അരമനയേപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടു്. അതിപ്രകാരമാണു്. "രാജധാനിയുടെനിർമ്മാണത്തെ സംബന്ധിച്ചുള്ള ഈ വൃത്താന്തം വാസ്തവമായ ഒന്നാണെന്നു നാം സമ്മതിക്കുന്നു. എന്തെന്നാൽ "തോമ്മാശ്ലീഹായുടെ നടപടികൾ" (Acts of St: Thomas) എന്ന പുസ്തകത്തിൽ ഈ സംഗതി പ്രസ്താവിച്ചിട്ടുള്ളതു കൊണ്ടല്ല, പിന്നയൊ വി. അപ്രേംഅതിനെ സ്വീകരിക്കുകയും സ്രോഗിലെമാർ യാക്കോബ് അതു മന്ദിരത്തെപ്പറ്റി വർണ്ണിക്കുകയും ചെയ്യുന്നതു കൊണ്ടത്രെ. അതുകയാൽ ഈ സംഗതികളെ അടരിക്കുന്നതിനു സഭാസംബന്ധമായപാരമ്പര്യം ഉണ്ടായിരുന്നിരിക്കണം". വി. പത്രോസ് യുടെന്മാരുടെ ആചാരങ്ങളേയും നടപടികളേയും പ

രിത്യജിക്കുന്നതിനും പുറ ജാതീയന്മാരോട് സംബന്ധിച്ചു അവരെ വേദത്തിൽ ചേർക്കുന്നതിനും വൈമനസ്യം ഭാവിക്കുകയിൽ അദ്ദേഹത്തിനു ഒരു ദിവ്യദർശനമുണ്ടായി എന്നു "ക്രീഹന്മാരുടെ നടപടി" ക്ഥ-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ആ കാര്യനിമിത്തം പ്രസ്തുത പ്രേഷകൻ വിജാതീയന്മാരെ വേദത്തിൽ സ്വീകരിക്കുന്നതിനു സമ്മതിക്കുകയും ഉടൻ തന്നെ പുറജാതിക്കാരനായ കൊർന്നേലിയോസിനു മാമ്മോദീസാ നൽകുകയും ഉണ്ടായി. അപ്രകാരം തന്നെ ഐന്ദവ മതാനുയായികളുടെ നിവാസഭൂമികളിൽഎത്തി വേദംഅറിയിക്കുന്നതിനു വി. തോമ്മായെ ഉത്സുകനാക്കി തീർക്കുമാറു ദിവ്യരക്ഷകൻ സ്വർഗ്ഗത്തിൽ ഒരു അരമന കാണിച്ചുകൊടുക്കുകയും അത് അദ്ദേഹത്തിന്റെ പ്രസംഗപ്രഭാവാ ഇൻഡ്യാക്കാക്കു ലഭ്യമായ സ്വർഗ്ഗീയ രാജധാനിയാണെന്നു ഗ്രീഹായെ ധരിപ്പിക്കുകയും ചെയ്തു. (5) ഏതന്മൂലമാണ് നമ്മുടെ പ്രേഷകൻ മേൽപറയപ്പെട്ട രാജാവിനോട് അരമനപണിക്കായി ദ്രവ്യം വാങ്ങിയതും അദ്ദേഹത്തെ സത്യവേദത്തിൽ ചേർത്തതുമറിയാം.

൪. പ്രകൃത ഗാനത്തിൽ പ്രതിവാദിതമായനാലാമത്തെ സംഗതി ഇൻഡ്യയുടെ പൂർവ്വപശ്ചിമ തീരങ്ങളിൽ ഉണ്ടായിരുന്ന ബ്രാഹ്മണാദി ചാതുർവ്വർണ്ണ്യന്മാരിൽ നിന്നും ക്രീസ്തുമതം സ്വീകരിച്ചവരുടെ സംഖ്യയും മറ്റുമാണ്. (ന്യൻ–ൈ: ൈ–വ്വ വ്വ–വ്വ: ഥന്ന–ഥർ: ഥഥ–ഥഥ്വ: ഥവ്വ–ഥന്ന: ഥന്നൻ ഥർ: ഥഥ്വ–ഥർ: ഥൻ–ഥ്വ്വ: ഥൻന–ഥ്വ: ഥൻന–ന്ഥർ: എന്നീവരികൾനോക്കുക). സുറിയാനിക്കാരായ നസ്രാണികളുടെ സാമൂഹ്യസ്ഥിതി, നടപടികൾ, പൂർവ്വകാലത്തു ഹിന്ദുരാജാക്കന്മാരിൽ നിന്നു അവർക്കു ലഭിച്ചിട്ടുള്ള ബഹുമതികൾ സ്ഥാനപദവികൾ മുതലായവകൊണ്ടുതന്നെ അവർ ഉൽകൃഷ്ട വർണ്ണങ്ങളിൽ ഉൾപ്പെട്ട ഹിന്ദുമതസ്ഥന്മാരിൽ നിന്നു ക്രീസ്തുവേദം സ്വീകരിച്ചിട്ടുള്ള വരാണെന്നുള്ള പാട്ടിലെ പ്രസ്തുത പ്രസ്താവന സ്പഷ്ടമാകുന്നുണ്ട്. സാമുദ്യാവസ്ഥകളിൽ അക്കൂട്ടർ ബ്രാഹ്മണതുല്യന്മാരായി ഗണിക്കപ്പെട്ടുവന്നിരുന്നു. ഥന്ന–ാം

ശതവത്സരാരംഭത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നി റങ്ങിയപ്പോൾ മുതലുള്ള പ്രദേശീയരായ സുറിയാനിക്കാരെ ഈ സ്ഥി തിയിലാണ് അവർ കണ്ടെത്തു. പുരാതനകാലത്തു സുറിയാനി ക്കാരുടെ പല പള്ളികളും ഹിന്ദുക്ഷേത്രങ്ങളും പരസ്പരം വള രെ അടുത്തു പണിചെയ്തിട്ടുള്ളതായി നാം കാണുന്നു. ഇതു നാമൂറ്റ്യസ്ഥിതിയിൽ സുറിയാനിക്കാർ ബ്രാഹ്മണരോടുസമാന ന്മാരായിരുന്നുഎന്നുള്ള വാസ്തവത്തെ വെളിപ്പെടുത്തുന്നതാണ്. എന്നാൽ ൭-ാം ശതാബ്ദത്തിൽ ഇൻഡ്യയിൽ അഗതന്മായി വളരെ വർഷങ്ങളോളം ഇവിടെ താമസിക്കുകയും സുവിശേഷം പ്ര സംഗിക്കുകയും ചെയ്ത വി. ശവരിയാർ സുറിയാനിക്കാരുടെ സാമൂഹ്യസ്ഥിതികളേയും നടപടികളേയും കണ്ടറിഞ്ഞ ശേഷം മടങ്ങിൽ ജനുവരിമാസം ൮൪-ാം ൽ- യൂറോപ്പിലേക്കയച്ച ഒരു മുഴുത്തിൽ സുറിയാനിക്കാർ കുലീനന്മാരാണെന്നും അവർ കേ രളത്തിൽ ൩൦-൪൦അധികം ഗ്രാമങ്ങളിലായി നിവസിച്ചുവരുന്നു എന്നും അ ശാഖയിപ്പെട്ട ൧൦൦ കുട്ടികളോളം കൊടുങ്ങല്ലൂരുള്ള കോളേജിൽ അഭ്യേതാക്കന്മാരായി ചേർന്നിട്ടുണ്ടെന്നും പ്ര സ്താവിച്ചിരിക്കുന്നു. (6) കേരളത്തിൽ ക്രിസ്തുമതാനുയായികളായി തീർന്നിട്ടുള്ളവരുടെസംഖ്യയിൽ ബ്രാഹ്മണരുടെതുകയാണ് മുന്നി നിൽക്കുന്നതു്. ഈ വസ്തുത പാട്ടിൽനിന്നു തീർച്ചയാക്കാവുന്നതുമാകുന്നു.

ജാതിഭ്രഷ്ടുത നിമിത്തം, താഴ്ന്ന ജാതിക്കാരെ തൊട്ടു പോയാൽ കുളിക്കുന്നതിനു സുറിയാനിക്കാരുടെ ഇടയിൽ നടപ്പുണ്ടെന്നും ചില സ്ഥലങ്ങളിൽ നായന്മാരെ തൊട്ടാൽ കുടി സ്നാനംചെയ്യുക സാധാരണമാണെന്നും പോർട്ടുഗീസു വൈ ദികന്മാർ കണ്ട ആ വക ആചാരങ്ങളും ക്രിസ്തീയനടപടികളും കൂ യോജിക്കുന്നതല്ലെന്നുള്ള നിശ്ചയം നിമിത്തം അവർ (സു റിയാനിക്കാർ) മേലാൽ താഴ്മമായ കൃത്യങ്ങളും അനുഷ്ഠിച്ചുകൂ ടെന്നു ഉദയമ്പേരൂർ സുനഹദോസിൽനിന്നു ഉപദേശിക്കുണ്ടാ യിട്ടുണ്ട്. (7) റോമിൽ, ഗൊവയപ്രാൻസീസുഡെയ്മുതലായ ചരിത്രകാരന്മാർ കേരളത്തിൽ തോമാശ്ലീഹായാൽ സത്യവേദ

യന്മസ്തന്മാരായി രീന്നിട്ടുള്ളവർ ബ്രാഹ്മണാദ്യുൽകൃഷ്ട വർണ്ണങ്ങളിൽനിന്നുമാനസാന്തരപ്പെട്ടവരാണെന്നും അവർപ്രത്യേകന്മാരായി ഗണിക്കപ്പെട്ടിരുന്നെന്നും സയുക്തികമായി പ്രതിപാദിക്കുന്നു. (8) പ്രാൻസിസ്സ് ഡേയ് അവർകളും "പെരുമാക്കന്മാരുടെ നാട്ട്" എന്ന ഗ്രന്ഥത്തിലും, ശങ്കുണ്ണിമേനോൻ അവർകളും സപ്രമാണമായ "തിരുവിതാംകൂർ ചരിത്ര"ത്തിലും, നാഗമയ്യാ ബി. എ. അവർകളുടെ "തിരുവിതാംകൂർസ്റ്റേറ്റുമാനുവലി"ലും, എഡ്ഗർതേഴ്സ്റ്റൻ അവർകളുടെ "ദക്ഷിണ ഇൻഡ്യയിലെ ജാതികളും വർണ്ണങ്ങളും" എന്ന ഗ്രന്ഥത്തിലും സുറിയാനിക്കാരുടെ സാമുദായികമായുള്ള ഔന്നത്യത്തേയും കുലശ്രേഷ്ഠതയേയും പറ്റി അനുകൂലമായി പ്രതിപാദിക്കുന്നുണ്ട്. (9) ഉൽകൃഷ്ട വംശജന്മാരായ ഹിന്ദുക്കളിൽ നിന്നു ക്രിസ്തുമതം അംഗീകരിച്ചവരാണ് സുറിയാനിക്കാർ എന്നു സ്ഥാപിക്കുന്ന പ്രാൻസിസ് ഡേയ് അവർകളുടെ വാക്യമാണെതാഴെ ഉദ്ധരിക്കുന്നതു്. "പ്രാചീനകാലത്തു് അവർ (സുറിയാനിക്കാർ) ചെയിഞ്ചാരബ്രാഹ്മണർ എന്നു വിളിക്കപ്പെട്ടുവന്നിരുന്നു. ഈ നാമം അവർ ജനിച്ച ജാതിയേയും തൊഴിലുകളിൽ സമർത്ഥന്മാർ (Peishcars) എന്നതിനേയും നിർദ്ദേശിക്കുന്നുണ്ട്." – "പ്രസ്തുതകാലത്തു് ത്രൂ ദ്രരേയൊ, നായന്മാരേയൊ ഒരിക്കലും തൊട്ട ഉണ്ടിരുന്നില്ല. അവരുടെ ശ്രേഷ്ഠതയെ അംഗീകരിക്കുന്നതിനു മേൽപറഞ്ഞ ജാതികളിൽഅതുരെങ്കിലും വിസമ്മതിക്കുന്നപക്ഷം അവരെതൽക്ഷണംകൊന്നുകളയുന്നതിനു ക്രിസ്ത്യാനികൾക്കധികാരമുണ്ടായിരുന്നു. (യൂന്മാരെഒഴിച്ചാൽ) ബ്രാഹ്മണർക്കും സുറിയാനിക്കാർക്കും മാത്രമെ അറവാതലിനു നേരെ മേൽക്രുത്തു പടിപ്പുര പണിചെയ്യിക്കുന്നതിനും അനപ്പുറത്തു സവാരിചെയ്യുന്നതിനും (ഇതു രാജകുടുംബാംഗങ്ങൾക്കു നൽകപ്പെട്ടിരുന്ന ഒരു പ്രത്യേക ബഹുമാനത്തിന്റെ ചിഹ്നമാണ്) രാജസന്നിധിയിൽ എന്നല്ലാ തൽപ്രതിപുരുഷന്മാരുടെ നിലയിൽ ഒരേ പരവതാനിയിൽ തന്നെ ഇരിക്കുന്നതിനും അവകാശം ഉണ്ടായിരുന്നുള്ളു". സുറിയാനിക്കാർ ഉൽകൃഷ്ട ജാതിയിൽ ഉൾപ്പെട്ടവരാണെന്നും

കേരളത്തിൽ അവർ ബ്രാഹ്മണ സദ്ശന്മാരായി ഗണിക്കപ്പെ
ട്ടിരുന്നെന്നും ഉള്ളതിനെപ്പറ്റി തെളിവ് ഇങ്ങിനെ പറയുന്നു.
"പുരാതനകാലത്തു തൈക്കാവരാജാക്കന്മാർ സഭയായിരിക്കാൻ
കൊടുത്തിട്ടുള്ള സ്ഥാനമാനങ്ങളെ സംബന്ധിച്ചു നാം ഇതിനു
മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ അവർ സാമൂ
ഹ്യാവസ്ഥയിൽ ശ്രേഷ്ഠമായപദത്തെ പ്രാപിച്ചിരുന്നു എന്നു
മാത്രമല്ല രാജാവിന്റെ അംഗരക്ഷകന്മാരുടേ ഒരംശം എന്നു
ബഹുമതിയേയും രാജ്യത്തിലെ രണവീരന്മാർ എന്ന അവസ്ഥ
യേയും സമ്പാദിക്കുകകൂടി ഉണ്ടായിട്ടുണ്ട". ഏതൽസം
ബന്ധമായി ഇനിയും വളരെ ലക്ഷ്യങ്ങൾ (10) ഉദ്ധരിക്കുവാനു
യിട്ടുണ്ടെങ്കിലും കാസ്റ്റസിന്റെ തെളിവിനു ഇരുപതു പറഞ്ഞ
തു പര്യാപ്തമാണെന്നു കരുതുന്നതിനാൽ അവയെ ഇവിടെ ആ
വർത്തിക്കുന്നില്ല. മേൽപ്രകാരം മനുസ്മൃതിരിഞ്ഞ ബ്രാഹ്മണരിൽ
ശ്രേഷ്ഠസ്ഥാനമുള്ള പലപ്രഭേദക്കാരും ഉണ്ടായിരുന്നു. ബ്രാഹ്മ
ണാദിജാതിക്കാർ ഓരോ ഗ്രാമങ്ങളിലായി താമസിച്ചിരുന്നുഎ
ന്നും പഞ്ചമന്മാരായ പെരുമർ കാടർ മലയർ മുതലായവർ മ
ലകളിലും മഹാരണ്യങ്ങളിലും മറ്റും ചെന്നു വസിച്ചുവന്നു എ
ന്നും ഒന്നാംഅദ്ധ്യായം മൂന്നാംഅദ്ധ്യത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ.
തോമ്മാശ്ലീഹാ കേരളത്തിൽ വന്നകാലത്തേയും ഇപ്പോഴത്തേ
യും സ്ഥിതിഗതികൾക്കു അന്യോന്യം വളരെ വ്യത്യാസം ഇല്ലാ
തില്ല. മലകളിലും മറ്റും നിവസിച്ചിരുന്നവരെ ക്രിസ്തുമതത്തി
ൽ ചേർക്കുന്നതിനും അഥവാ ചേർന്നാൽ തന്നെയും ക്രൈസ്തവസ
മൂഹത്തിൽ അവർക്കു കൂടികഴിയുന്നതിനും അക്കാലത്തു് നൂതന
രം വിഘ്നങ്ങൾ ഉണ്ടായിരുന്നു. യൂറോപ്യൻ മിഷ്യനറിമാർ ഇ
ൻഡ്യയിൽ വന്നിട്ട് ൧൦൦-ൽ പരം വർഷങ്ങളായിട്ടുണ്ടെങ്കിലും
അടുത്ത കാലംമുതല്ലേ പഞ്ചമന്മാരെ ക്രിസ്തു വേദത്തിൽ ചേ
ർക്കുന്ന നടപ്പു ഇവിടെ ഏർപ്പെട്ടിട്ടുള്ളൂ. ഇതു മിഷ്യനറിമാരുടെ
ഔദാസീന്യം കൊണ്ടോ വൈമനസ്യം കൊണ്ടോ ഉണ്ടായിട്ടു
ള്ള ദോഷമല്ല. കാലദേശാവസ്ഥകൾ അവരെ അതിലേക്കു
അനുവദിക്കായ്കയാലാണു് അങ്ങനെ വന്നതെന്നു പ്രസിദ്ധമാ

കുന്നു. എന്നാൽ ശ്ലീഹാ കേരളത്തിൽ വന്നകാലത്തു താഴ്ന്ന ജാതിക്കാരെ ക്രിസ്ത്യാനിത്തത്തിൽ ചേർത്തു ഒന്നിച്ചു കൂട്ടിനടത്തുന്നതിനു ഉണ്ടായിരുന്നവിഷമങ്ങൾ ഇതിലൊക്കെ അധികമാണ്. അതീതകാലങ്ങളിൽ തന്തൽ സമുദായ രീത്യാ കാലക്ഷേപം ചെയ്യുന്നതിനു ആവശ്യമുള്ള തെഴിലുകൾ ബ്രഹ്മ ക്ഷത്രിയ വൈശ്യ ശൂദ്രാദികളിൽ ഒഴിഞ്ഞുമായിരുന്നില്ല. ഇപ്പോഴത്തെ നിലയിൽ ഓരോ തൊഴിലുകൾക്കു പ്രത്യേകം ജാതികൾ ഉണ്ടായതു അതിൽ പിന്നീടത്രെ. (11) ശ്ലീഹാവന്നകാലത്തു ഈഴവനാമം എന്നൊരു വർഗ്ഗം കേരളത്തിൽ ഉണ്ടായിരുന്നില്ല. പിന്നീട രണ്ടു-അഞ്ചു എന്നീ നൂറാണ്ടുകളുടെ മദ്ധ്യത്തിലാണ് അവർ സിലോണിൽ നിന്നു കേരളത്തിൽ കുടിയേറിപാർത്തു. (12) മലകളിലും മറവും നിവസിച്ചിരുന്നവർ ക്രിസ്ത്യാനിത്തത്തിൽ ചേർന്നതായിട്ടോ ചേർക്കപ്പെട്ടതായിട്ടോ നാം അറിയുന്നില്ല. എന്നാൽ ശ്ലീഹാ അവരെ ചേർത്തിട്ടില്ലെന്നു നിശ്ചയിക്കുവാനും തരമില്ല.

൪. പ്രസ്തുത പാട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന ൪-ാമത്തെ സംഗതി വി. ശ്ലീഹാ മലയാളത്തിലും ചോഴമണ്ഡലത്തിലും കേഫാ എന്നും പൌലോസ് എന്നും നാമധാരികളായ രണ്ടു മെത്രാന്മാരെ സ്ഥാനാഭിഷേകം ചെയ്ത എന്നുള്ളതാണ്. (ഫ്രവ്ര-ഫ്രവ്യ വരെയും വടൻ-വാടന്ന വരെയും നടെ-നടവ്യ വരെയും ഉള്ള വരികൾ നോക്കുക) ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെതെളിയിക്കുന്നതിനും വിശദീകരിക്കുന്നതിനുംതാഴെ ചേർക്കുന്ന ന്യായങ്ങളും യുക്തികളും പര്യാപ്തമാകുന്നുണ്ട്.

നമ്മുടെ രക്ഷകന്റെ ആജ്ഞാനന്തരം വി. ശ്ലീഹന്മാർ ലോകമാസകലം സഞ്ചരിച്ചു സുവിശേഷം പ്രസംഗിക്കുകയും തിരുസഭയെ സ്ഥാപിക്കുകയും ചെയ്തു കൂട്ടത്തിൽ വി. തോമ്മാ കേരളത്തിലും ചോഴമണ്ഡലത്തിലും എത്തി വേദം ഉപദേശിക്കുകയും മിശിഹായുടെസഭ സ്ഥാപിക്കുകയും ഒടുവിൽ മൈലാപ്പൂരിൽ വച്ചു രക്തസാക്ഷിയായി മരിക്കുകയും ചെയ്തുവെന്നാ

ഒരു പാരമ്പര്യഗതമായവിശ്വാസം കേരളത്തിൽ വി. ശ്ലീഹാ
യാൽ അധിഷ്ഠിതമായ സഭയേപ്പറ്റി ചരിത്രകാരന്മാർ രണ്ടുകക്ഷികളായിട്ടാണ് തിരിയുന്നതു. ഇവരിൽ ഒന്നാമത്തെക്കൂട്ടരായ വിൻസന്റ് മരിയാ പീറ്റർ ജാറി മുതലായവർ വി. ശ്ലീഹാ
യാൽ സത്യസഭ ഇവിടെ സ്ഥാപിക്കപ്പെട്ടുകയും അതിന്റെ രക്ഷക്കും നിത്യ നിലനിൽപ്പിനും ആയി മെത്രാന്മാർ ഏർപ്പെടുത്തപ്പെട്ടുകയും ചെയ്തു എന്നും (13) മറ്റു ചിലർ മാർ തോമ്മാശ്ലീഹാ ഈ രാജ്യത്തിൽ ക്രൈസ്തവ സഭ സ്ഥാപിച്ചു എന്നു മാത്രവും പ്രസ്താവിക്കുന്നു. നമ്മുടെ ശ്ലീഹാ സഭയെ സ്ഥാപിച്ചു എന്നു മാത്രം പറയുന്നവർ അതിന്റെ പാലനത്തിനുവേണ്ടി മെത്രാന്മാരെ അഭിഷേചിക്കേണ്ടതു അവശ്യാവശ്യകമായ ഒരു കാര്യമാകയാൽ അങ്ങിനെയുള്ള ഒരേർപ്പാട് ശ്ലീഹാ ചെയ്തിട്ടുണ്ടെന്നു പ്രത്യക്ഷത്തിൽ അല്ലെങ്കിലും പരോക്ഷമായി സമ്മതിക്കാതിരിക്കുന്നില്ല. ചരിത്രകാരന്മാരിൽ ഭൂരിപക്ഷവും ഈവസ്തുതയിൽ ഉൾപ്പെട്ടവരാകുന്നു. രണ്ടാമത്തെ കക്ഷികളും (14) ശ്ലീഹാ പട്ടക്കാരെ മാത്രമെ സ്ഥാനാഭിഷേകം ചെയ്തിട്ടുള്ളു എന്നും തന്നിമിത്തം മിക്കവാറും നാശോന്മുഖമായിരുന്ന ഇൻഡ്യാ സഭയെപ്പറ്റി വ്യസനസമേതം വി. ശ്ലീഹാ ഉറഹാ (Edessa) യുടെ മെത്രാനു പ്രത്യക്ഷനായി വസ്തുത അറിയിച്ചു എന്നും അദ്ദേഹം തന്റെമേലാവായ സെലെവുക്കിയാ (Seleucia) യിലെകാസോലിക്കാ (Catholicus)യെ സംഗതികളും തെര്യപ്പെടുത്തുയതിനാൽ ആ വന്ദ്യൻ കച്ചവടക്കാരനായ ക്നായി തോമ്മായെ കേരളത്തിലേക്കു നിയോഗിച്ചയച്ചു എന്നും വിദേശിയും യ ആ വ്യാപാരി മലയാളത്തിൽ വന്നു സ്വയം കണ്ടറിഞ്ഞ വിവരങ്ങളെല്ലാം കാസോലിക്കായെ ഗ്രഹിപ്പിക്കുകയും തന്മൂലം അദ്ദേഹം മേൽപറയപ്പെട്ട ഉറഹായുടെ മാർ യൌസേപ്പു മെത്രാനെ അനേകം വൈദികന്മാർ ശെമ്മാശ്ശന്മാർ മുതലായവരോടും ഒട്ടുവളരെ ജനങ്ങളോടും കൂടി മലയാളത്തിലേക്കു അയച്ചു എന്നും മറ്റും ആണു പറയുന്നതു. ഇതിൽ വി. ശ്ലീഹാപട്ടക്കാരെമാത്രമെ കേരളത്തിൽ അഭിഷേകം ചെയ്തിട്ടുള്ളുവെ

ന്ന നിർദ്ദേശിക്കുന്ന ഭാഗം തീരെ വിശ്വാസ യോഗ്യമല്ല. പ്രേ
തൃത അവരുടെ പ്രസ്താവം വാസ്തവികമെന്ന ഗണിക്കുന്നതാ
യാൽ നമ്മുടെ ദിവ്യരക്ഷകന്റെ നിയമത്തിനും ആജ്ഞയ്ക്കും
പ്രതിക്രൂലമായിട്ടാണ ശ്ലീഹാ പ്രവർത്തിച്ചതെന്ന സമ്മതിക്കേ
ണ്ടിവരും. മിശിഹാ സ്വശിഷ്യന്മാരായ പ്രേഷകന്മാരെ അയ
ച്ചിട്ടുള്ളത് അവർ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും പെ
ന്ന തന്റെ സഭയെ സ്ഥാപിക്കുന്നതിനുവേണ്ടി ആകുന്നു. ഈ
സ്ഥിതിക്ക സഭാപരിപാലനം ചെയ്യ അതിനെ നില നിർത്തേ
ണ്ടവരായ മെത്രാന്മാർ ഇല്ലാതെ എങ്ങനെയാണെ കാര്യം സാ
ധകമാകുക?

തോമ്മാശ്ലീഹാ ഉറഹായുടെ മെത്രാനെ പ്രത്യക്ഷിഭ്രതനാ
യി സംഗതികൂടം അറിയിച്ച എന്നു പറയുന്ന ഭാഗവും വിശ്വാ
സയോഗ്യമായി ഗണിക്കാവുന്നതല്ല. എന്നാൽ ഇതു വാസ്തവ
മെന്ന സമ്മതിക്കുന്നപക്ഷം തോമ്മാശ്ലീഹാതെക്കെ ഇൻഡ്യ
യിൽ സ്ഥാപിച്ചസഭക്ക മറ്റു പ്രേഷകന്മാരാൽ ഇതരരാജ്യങ്ങ
ളിൽ ഏർപ്പെടുത്തപ്പെട്ട മിശിഹായുടെ സഭയോട യാതൊരു
സംബന്ധവും ഉണ്ടായിരുന്നില്ലന്നും അങ്ങിനെ ഒരുസഭയെ അ
ദ്ദേഹം ഇവിടെ സ്ഥാപിച്ചതു കേവലം അബദ്ധമായിപ്പോയെ
ന്നും തന്നിമിത്തം പേർഷ്യാ രാജ്യത്തെ സഭയിൽ നിന്നും മത്രാ
ന്മാരും വൈദികന്മാരും മറ്റും വന്ന കേരളത്തിലെ സഭയോ
ട ഏകീഭവിച്ച അതിനെ രക്ഷിക്കണമെന്നും മറ്റും വി. ശ്ലീ
ഹാ പശ്ചാത്താപ പൂർവ്വം പ്രസ്തുത ഉറഹായുടെ മെത്രാനോട
അറിയിച്ച എന്നും പറയേണ്ടതായിവരുന്നു. ഇതു സ്വീകാര്യമ
ല്ലല്ലൊ. തോമ്മാശ്ലീഹാ എന്നല്ല മറ്റു യാതൊരു പ്രേഷകനും
അന്യോന്യസംബന്ധവും കെട്ടുപാടും ഇല്ലാത്തതായും വല്ല ജാ
തിക്കൊ അഥവാ വല്ല പ്രത്യേക സ്ഥലത്തിനൊ മാത്രമായും
ഏതൊരു സഭയെങ്കിലും സ്ഥാപിച്ചിട്ടില്ല. മിശിഹാ അവരോ
ട കല്പിച്ചതും ഉപദേശിച്ചതുമായ സർവ്വ സംഗതികളും ലോക
ത്തിലുള്ള എല്ലാ ജാതി ജനങ്ങളേയും പഠിപ്പിക്കണമെന്ന അ

ദ്ദേഹം ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. അതിനാലാണു ഒന്നോടൊന്നു വിപരീതമായ വിശ്വാസവും പരസ്പരവിരുദ്ധമായ കല്പനകളും ആരേയും പഠിപ്പിക്കുന്നതിനു ക്രിസ്ത്യാനികൾക്കു അസാദ്ധ്യമായിരുന്നതു്. എന്നുമാത്രവുമല്ല അവരെല്ലാം കൃപാകടാക്ഷത്താൽ അനുഗ്രഹീതന്മാരായിരുന്നതിനാൽ അങ്ങനെ ചെയ്യുന്നതിനു അശക്തന്മാരുമായിരുന്നു. ഏതുമൂലം പത്രോസ്, അന്ത്രയോസ്, യോഹന്നാൻ, യാക്കോബു് എന്നിവർ അതതു രാജ്യങ്ങളിൽ പ്രസംഗദ്വാരാ സ്ഥാപിച്ച സഭകളിൽ പഠിപ്പിച്ച വിശ്വാസവും കല്പനകളും തന്നെയാണു് ഇൻഡ്യാസഭയിൽ വി. തോമ്മായും എർപ്പെടുത്തിയിട്ടുള്ളതെന്നു വിശദമാകുന്നു. പ്രസ്തുത ക്രിസ്ത്യാനികൾ ഏർപ്പെടുത്തിയ സഭകളോടു നമ്മുടെ പ്രേഷകനാൽ സ്ഥാപിതമായ സഭയ്ക്കും അധികാരം വിശ്വാസം മൂതലായ സാരമായ എല്ലാസംഗതികളിലും പരസ്പരസംബന്ധവും ഐകരൂപ്യവുംഉണ്ടായിരുന്നു. അറിയൂസിന്റെ അബദ്ധപഠനത്തിൽ നിന്നും ക്രൈസ്തവലോകത്തെ വിമോചിക്കുന്നതിനുവേണ്ടി നൂറ്റി-ൽ കൂടിയ നിക്യായിലെ മഹാ സൂനഹദോസിൽ വച്ച അതിൽ സംബന്ധിച്ച വന്ദ്യ പിതാക്കന്മാർ ഒന്നാമതായി പ്രവർത്തിച്ചതു് ഓരൊ മെത്രാന്മാർ അതതു് ഇടവകകളിൽ ചെട്ട രാജ്യങ്ങളിലെ സഭകളിൽ ഈ സംഗതി (അറിയൂസിന്റെ അബദ്ധപഠനം) യെക്കുറിച്ചു ക്രിസ്ത്യാനികളിൽ നിന്നു പഠിച്ചുറിഞ്ഞ വിശ്വാസം എന്താണെന്നു സൂനഹദോസിൽ വെളിപ്പെടുത്തണമെന്നു പ്രസ്താവിച്ചതത്രെ. (15) വി. തോമ്മാക്രിസ്ത്യാനി ഇവിടെ ക്രൈസ്തവസഭ സ്ഥാപിച്ചതു് മറ്റു ക്രിസ്ത്യാനികൾ ഏർപ്പെടുത്തിയ സഭകളോടു യോജ്യമായ വിധത്തിൽ ആയിരുന്നു എന്നുമുമ്പു വ്യക്തമായിട്ടുണ്ടല്ലൊ. തന്നിമിത്തം ഇൻഡ്യാസഭ ആരംഭം മുതല്ക്കു പ്രസ്തുത സഭകളോടു സംബന്ധിതമായിരുന്നു. എന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. അടുത്ത ഫ്ര-ം ലക്കത്തിൽ പ്രതിപാദിക്കുന്ന സംഗതികളും കൊണ്ടു ഈ വസ്തുത കൂടുതൽ സുവ്യക്തമാകുന്നതാണു്. പ്രസ്തുത കാരണങ്ങളാൽ അതതു പേർഷ്യായിലെ മെത്രാപ്പോലീത്താ ആയിരുന്ന മാർ യോഹന്നാൻ നിക്യാ സൂനഹദോസിൽ വച്ചു

അരിലെ നിയമങ്ങൾക്ക് ഇൻഡ്യാ സഭയുടെ പ്രതിനിധി എന്ന നിലയിൽ അഥവാ ആ സഭയുടെ നാമത്തിൽ "പേർഷ്യയുടേയും വലിയ ഇൻഡ്യയുടേയും മെത്രാൻ" എന്ന ഒപ്പു വച്ചിട്ടുള്ളതു്. (16)

൩. പേർഷ്യാ രാജ്യത്തോടും തദ്ദേശ സഭയോടും ആദിമകാലം തുടങ്ങി ഇൻഡ്യാ സഭക്കു സംബന്ധം ഉണ്ടായിരുന്നു എന്നുള്ള പ്രസ്തുത പ്രസ്താവനയ്ക്കു ആധാരഭൂതങ്ങളായ ചരിത്ര ലക്ഷ്യങ്ങളും ധാരാളം ഇല്ലെന്നില്ല. "തോമാശ്ലീഹായുടെ നടപടി" എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതു പോലെ അഥവാ മറ്റു പലേ ഗ്രന്ഥകർത്താക്കന്മാർ സമ്മതിക്കുന്നവിധത്തിൽ നമ്മുടെ ശ്ലീഹാ ഇൻഡ്യയിൽ വന്നതു കച്ചവടക്കാരനായ "ഹാബാൻ" എന്ന ഒരാളോടു കൂടി ആയിരുന്നു. അയാൾ ഏതദ്ദേശ നിവാസി ആകയാൽ അലക്സാണ്ട്രിയാ വഴിയായി സുറിയാദേശത്തോടും പേർഷ്യൻ സമുദ്ര മാർഗ്ഗേണ ആ രാജ്യത്തോടും ഇൻഡ്യാക്കാർക്കു പ്രഥമ ശതാബ്ദത്തിൽ തുടങ്ങി സംസർഗ്ഗവും പോകുവരവും ഉണ്ടായിരുന്നു എന്നു ഗ്രഹിപ്പാൻ പ്രയാസം അനുമാനിക്കാം. ലോകപ്രസിദ്ധനായിരുന്ന പന്തേനുസ് (Pantenus) രണ്ടാംശതാബ്ദത്തിന്റെ അവസാനത്തിൽ ഇൻഡ്യാനിവാസികളുടെ ക്ഷണമനുസരിച്ചു ഇവിടെ വന്നതായി വി. ഈറാനിമ്മേസു സാക്ഷിക്കുന്നു. (17) നാം നൂറാണ്ടിൽ വി. തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകളും (ഒരുഭാഗം) എദേസാ (Edessa) പട്ടണ വാസികളുടെ അപേക്ഷപ്രകാരം ഇൻഡ്യയിൽ നിന്നു കൊണ്ടുപോകപ്പെട്ടതായി ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ടു്. (18) അപ്രകാരം തന്നെ ഇൻഡ്യാ രാജ്യ വാസിയായിരുന്ന തെയോഫിലസ് (Theophilus) എന്നൊരാൾ ൪-ാം ശതവത്സരത്തിൽ റോമ്മാ ചക്രവർത്തിയായിരുന്ന കോൻസ്റ്റാൻസിയസിന്റെ പക്കൽ പോകുകയും അവിടെ പഠനം നിർവ്വഹിച്ചശേഷം മെത്രാനായി രീതുകയും ഒടുവിൽ അറിയൂസിന്റെ മതത്തെ പ്രചരിപ്പിക്കുന്നതിനായി ചില സ്ഥലങ്ങളിലേക്കും അയക്കപ്പെട്ടകയും തന്മദ്ധ്യേ മലയാളത്തിലും വരുകയും മറ്റും ചെയ്തിട്ടുള്ളതായി

ചരിത്ര മുഖേന നാം അറിയുന്നു. (19) ക്രിസ്തുബ്ദം ആരംഭിക്കു
ന്നതിനു മുമ്പുതന്നെ യഹൂദന്മാർ കേരളത്തിലും മറ്റും കുടിയേ
റിപാർത്തു എന്നുള്ളതും ചരിത്ര പ്രസിദ്ധമാണ്. ക്രുദാതെ കാ
ലാന്തരത്തിൽ അസംഖ്യം പേർഷ്യൻ ക്രിസ്ത്യാനികൾ സ്വരാ
ജ്യത്തുണ്ടായ വേദഹിംസ നിമിത്തം ആ മഹാരാജ്യത്തെ വെ
ടിഞ്ഞു് സിലോൺ മുതലായ പ്രദേശങ്ങളിൽ പോയി കുടി
പാർത്തിട്ടുള്ളതായി തത്തൽ കാലിനങ്ങളായ അനവധി ലക്ഷ്യ
ങ്ങൾ കൊണ്ടു വിശദമാകുന്നു. (20) പ്രസ്തുത കാരണങ്ങളാൽ
ഇൻഡ്യാദേശവാസികൾ പേർഷ്യൻ ക്രസ്ത്യാനികൾ മുതലായ
വിദേശീയർക്കുംമറ്റും അറിയപ്പെട്ടിരുന്നവരാണെന്നും ഇൻഡ്യാ
ക്കാർക്ക് അവരുമായി സംബന്ധമുണ്ടായിരുന്നു എന്നും ഉള്ളതു
അവിതർക്കിതമായ സംഗതിയാണു്. ഇതുകൊണ്ടത്രെ നാലാം
ശതാബ്ദത്തിൽ ഉണ്ടായ നിക്യാ സൂനഹദോസിന്റെ നിയമ
ങ്ങളിൽ പേർഷ്യായിലെ മെത്രാപ്പോലീത്ത യായിരുന്ന മാർ
യോഹന്നാൻ തന്റെ അധികാര സീമയിൽ ഉൾപ്പെട്ട ഇൻ
ഡ്യാ സഭയുടെ നാമത്തിൽ "പേർഷ്യയുടേയും വലിയ ഇൻ
ഡ്യയുടേയും മെത്രാൻ" എന്നു ഒപ്പുവച്ചിട്ടുള്ളതു്. ക്രൈസ്ത
വ വർഷാരംഭത്തിൽ ഗ്രീക്കുകാർ, റോമാക്കാർ, യഹൂദന്മാർ,
സുറിയാനിക്കാർ മുതലായവർ സാമാന്യേന കച്ചവടത്തിനാ
യും ചിലർ സ്ഥിരവാസത്തിനായും കേരളത്തിൽ വന്നിറങ്ങുക
യുണ്ടായിട്ടുണ്ടു്. (21) ഏതുമൂലം ഒന്നും രണ്ടും മൂന്നാം നാലും
ശതാബ്ദങ്ങളിൽ പേർഷ്യാരാജ്യത്തോടും ഈജിപ്ത്, സിറിയാ
മുതലായപ്രദേശങ്ങളോടും ഇൻഡ്യാനിവാസികൾക്കു സംസ
ർഗ്ഗവും പോക്കുവരവും ഉണ്ടായിരുന്നു എന്നു സ്പഷ്ടമായിരിക്കേ
"പേർഷ്യൻ മെത്രാന്മാരും പട്ടക്കാർ മുതലായവരും കേരള
ത്തിൽ ചെന്നു തദ്ദേശസഭയോടു യോജിച്ചു അതിനെ രക്ഷിച്ചു
ണ്ടെന്നും മറ്റും ഏദേസായുടെ മെത്രാനോടു തോമ്മാശ്ലീഹാ
വ്യസനപൂർവ്വം അറിയിച്ചു"ണ്ടെന്നും മറ്റും ചിലർ പറയുന്നതു അ
ടിസ്ഥാനരഹിതമായ കല്പിതകഥയാണെന്നോ വിചാരിക്കുവാൻ
വകയുള്ളൂ. എന്നാൽ ൪-ാം ശതാബ്ദത്തിൽ പേർഷ്യാസാമ്രാ

ജ്യത്തിൽ നിന്ന ഒരു കൂട്ടം സൂറിയാനിക്കാർ കേരളത്തിൽ കൂടിയേറി പാർക്കുകയും അവർ നാട്ടുകാരായ നസ്രാണികളുമായി സംബന്ധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ സൊക്കോത്രാ, സിലോൺ മുതലായ പ്രദേശങ്ങളേയും പേർഷ്യൻ കുസ്താനികൾ അധിവസിക്കാതിരുന്നിട്ടില്ല. ഇവരെല്ലാം ഒരുകാലത്തു പേർഷ്യാ മഹാരാജാവായിരുന്ന സാർപോർ ദ്വിതീയന്റെ വേദപീഡനം നിമിത്തം സ്വരാജ്യം വിട്ടു പോയിട്ടുള്ളവരാണു്. ഇക്കൂട്ടരിൽ പ്രധാനാംശം കച്ചവടക്കാരും ആയിരുന്നു. കൂടുതൽ വിവരം പിന്നീടു പ്രസ്താവിക്കുന്നതാണു്.

൩. ഇൻഡ്യാ സഭക്കു തോമ്മാശ്ലീഹാ മേൽപ്പട്ടക്കാരെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു എന്നുള്ള പാട്ടിലെ പ്രസ്താവന യഥാർത്ഥമാണെന്നും താട്ടശ പുരോഹിത പ്രധാനികളുടെ നിവേദനമില്ലു് ഈ സഭയിൽ ഉണ്ടായിരിക്കുന്നതിനായി ശ്ലീഹാ വേണ്ടതു ചെയ്തിരുന്നുവെന്നും ഉള്ള സംഗതികളും മേൽ വിവരിച്ചതിൽ നിന്നു തെളിയുന്നുണ്ടല്ലൊ. ശ്ലീഹാ സ്ഥാപിച്ച മേൽപ്പട്ടക്കാർക്കു അനന്തര ഗാമികളും ഉണ്ടായിരുന്നൊന്നും അവർ മൂന്നാം ശതാബ്ദപര്യന്തം ഇൻഡ്യാസഭയെ ഭരിച്ചിരുന്നു എന്നും ഉള്ളതിലേക്കു വിവേയറിയ ലക്ഷ്യങ്ങളും ഉണ്ടു്. അവ ആദ്യശതവർഷങ്ങളിൽ സൂറിയാനിക്കാർക്കു നൽകപ്പെട്ടതും ഇപ്പോൾ കോട്ടയം സെമ്മിനാരിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും ആയ താമ്രശാസനങ്ങളാണു്. ഈ ലക്ഷ്യങ്ങളും എഴുതപ്പെട്ട കാലത്തെപ്പറ്റി ചരിത്ര പരിശോധകന്മാരുടെ ഇടയിൽ തർക്കം ഇല്ലാതില്ല. ഡോക്ടർ ബർണ്ണൽ മുതലായ ചില യൂറോപ്യന്മാർ ഈ ചെമ്പേടുകളിൽ ആദ്യത്തേതു ൭൭൪-ലും രണ്ടാമത്തേതു ൮൫൨-ലും ആണു എഴുതപ്പെട്ടതെന്നു പറയുന്നു. (22) എന്നാൽ ഏതദ്ദേശീയ വിദ്വാന്മാരായ ശങ്കുണ്ണിമേനോൻ പേഷ്ക്കാർ മുതലായവർ വാദിക്കുന്നതു അവ മൂന്നാം നൂറ്റാണ്ടിൽ കൊടുക്കപ്പെട്ടവയാണെന്നാണു്. (23) ഒരു രണ്ടു കൂട്ടരുടേയും വാദങ്ങളിൽ ഏതാണു ശരിയായിട്ടുള്ളതെന്നു് കണ്ടുപിടിക്കേണ്ടതു സത്യാന്വേഷകന്മാരായ എല്ലാവരുടേയും

ചുമതലയാണല്ലോ. തന്നിമിത്തം (a) പ്രസ്തുത ചെമ്പേട്ടകം കൊടുത്തതു ആരാണെന്നും (b) കൊടുക്കപ്പെട്ടതു ആർക്കാണെന്നും (c) അവയിൽ നിർദ്ദിഷ്ടമായവർഷം ഏതാണെന്നും (d) വിവരിക്കപ്പെട്ടതാ കാര്യങ്ങൾ എന്താണെന്നും ഉള്ള നാലു സംഗതികളെപ്പറ്റി സൂക്ഷ്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. പ്രസ്തുത ചെമ്പേട്കകം രണ്ടും പഴയ തമിഴക്ഷരങ്ങളിലാണ് എഴുതപ്പെട്ടിട്ടുള്ളതു്. ആദിമ ശതാബ്ദങ്ങളിൽ കേരളത്തിലെ ഭാഷ ഏതായിരുന്നു എന്നും അക്ഷരങ്ങൾ ഏതു തരത്തിൽ ഉള്ളവയാണെന്നും ഈ ചരിത്രത്തിന്റെ പ്രാരംഭാദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. സാക്ഷാൽ താമ്രശാസനങ്ങളുടെ പകർപ്പു് ആധുനിക തമിഴക്ഷരങ്ങളിൽ പകർത്തി മദ്രാസ് ജെർണ്ണലിൽ ചേർത്തിട്ടുണ്ട്. (24) അതിൽ നിന്നാണു ചെമ്പേട്ടകം കൊടുത്തവരുടേയും വഴിപാടുകാരുടേയും പേരുകളും പ്രതിപാദ്യ സംഗതികളും മറ്റും ഇവിടെ ഉദ്ധരിക്കുന്നതു്.

൮. ഇവിടെ ഒന്നാമതായി ആലോചിപ്പാനുള്ളതു നിർദ്ദിഷ്ടമായ താമ്രശാസനങ്ങൾ ആരാൽ നൽകപ്പെട്ട എന്നുള്ളതാണല്ലോ. അവയിൽ ആദ്യത്തെ ചെമ്പേട് കൊടുത്തിട്ടുള്ളതു അക്കാലത്തു കേരളത്തിൽ രാജ്യഭാരം ചെയ്തിരുന്ന വീര രാഘവ ചക്രവർത്തിയെന്ന പെരുമാൾ അത്രെ. രണ്ടാമത്തേതു കേരളത്തിൽ അധിപത്യം നിർവ്വഹിച്ചിരുന്ന സ്ഥാണുരവിഭട്ട ചക്രവർത്തിയുടെ അനുമതിപ്രകാരവും വേണാട് (തിരുവിതാംകൂർ) വാണിരുന്ന അയ്യൻ അടികൾ തവുരാന്റെ അറിവോടുകൂടിയും മാറാൻ സബരീശോ ക്രിസ്തുവർഷം 824 എന്ന അക്കാലത്തെ മെത്രാനാൽ നൽകപ്പെട്ടതാകുന്നു. സബരീശോ എന്ന നാമധാരിയായ ഇദ്ദേഹം കൊല്ലം നഗരാധികാരി ആയിരുന്നു എന്നും അവിടേയുള്ള ഏതാനും കുടികളിൽ നിന്നു നികുതി മുതലായ ചില അനുഭവങ്ങളും ഏതാനാംഭ്രമിയും ഈ ദേഹത്തിനാണ്ടായിരുന്നു എന്നും ചെമ്പേടിൽ പ്രസ്താവി

ച്ചിട്ടുണ്ട്. ഇനി ഈ താമ്രശാസനങ്ങളും ആധാരമാണെ കൊടുക്കപ്പെട്ടിട്ടുള്ളതെന്നു അറിയേണ്ടിയിരിക്കുന്നു. പ്രഥമ ശാസനം അതിൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ രവികുത്തൻ എന്ന ഒരാൾക്കു സമ്മാനിച്ചിരിക്കുന്നതു്. അയാൾ മഹോദയപട്ടണത്തിൽ അധികാരം അഥവാ നായകത്വം ഉള്ള ഒരു ഭടനായിരുന്നു. രണ്ടാമത്തെ ലക്ഷ്യം സംഘദേശാധിപതിയുടെ സഹായത്തോടു കൂടി ഈശോ മോസവിരായി എന്നൊരു നസ്രാണി പണികഴിപ്പിച്ച കൊല്ലത്തെ തരിസാ പള്ളിക്കു ഏതാനും ഭൂമിയും ചില വരുമാനങ്ങളും അവിടെയുള്ള ക്രിസ്ത്യാനി കുടുംബങ്ങൾക്കു സ്ഥാനപദവികളും അവകാശങ്ങളും അനുഭവങ്ങളും മറ്റും അനുവദിച്ചു കൊടുത്തിട്ടുള്ളതിന്റെ ചിഹ്നമാകുന്നു. പ്രസ്തുത ചെപ്പേടുകളിൽ തന്നെ അവ എഴുതപ്പെട്ട കാലങ്ങൾ നിർദ്ദേശിച്ചു കാണുന്നുണ്ടോ എന്നുള്ളതാണു മൂന്നാമതായി പരിശോധിക്കേണ്ടതു. എന്നാൽ അതേപ്പറ്റിപ്രസ്തുത താമ്രശാസനങ്ങളിൽ ഒന്നും തന്നെ രേഖപ്പെടുത്തിക്കാണുന്നില്ല. കൊല്ലവർഷം ആരംഭിക്കുന്നതിനു മുമ്പു എഴുതപ്പെട്ട രാജകീയമായ ആധാരങ്ങളിലെല്ലാം അവയുടെ ആണ്ടു പറയുന്നതിനു പകരം ജ്യോതിഷക്കണക്കാണു സാമാന്യേനയുപയോഗിച്ചിരുന്നതു്. "മകരത്തുക്കം വിയാഴം മീനങ്ങായ ഇരുപത്തൊൻപ ചെൻറ ശനിരോഹിണി നാളം" എന്നാണു് ഒന്നാമത്തെ ചെമ്പേട് എഴുതപ്പെട്ട കാലത്തെ സംബന്ധിച്ചു അതിൽ പ്രസ്താവിച്ചിട്ടുള്ളതു്. രണ്ടാമത്തേതിൽ, സ്ഥാണുരവി ഗ്രഹചക്രവർത്തിയുടെ 8-ാമത്തെ ആണ്ടിൽ എഴുതിയതായി പറയപ്പെട്ടിരിക്കുന്നു. കാലസൂചകങ്ങളായ വേറെചില കണക്കുകളും ഇതിൽ കാണ്മാനുണ്ടു്. ഇനി ചെമ്പേടിൽ നിർദ്ദേശിച്ചിരിക്കുന്ന സംഗതികളെ എന്തെന്നാണല്ലൊ അറിയാനുള്ളതു്. ഇതിലെ കാര്യ്യ സാരം മാറാതെ അവയിൽ നിർദ്ദിഷ്ടമായ വിഷയങ്ങളെ ആധുനിക ഭാഷാരീതിയിൽ ഇവിടെ പരാവർത്തിക്കാം. മഹോദയപട്ടണത്തിന്റെ നേതാവായ രവികുത്തന വീരരാഘവ ചക്രവർത്തിയാൽ നൽക

പ്പെട്ടതാണല്ലൊ ഒന്നാമത്തെ താമ്രശാസനം. അരിവടങ്ങിയിരിക്കുന്ന സംഗ്രഹികം (൧) മഹോദയപുരത്തിന്റെ അധികാരിയായ രവികുത്തൻ ചേരമാൻ രാജ്യത്തിലെ പെരുഞ്ചെട്ടി എന്നു പേരോട്ട ക്രൂടി മണിഗ്രാമസ്ഥാനവും, (൨) നാടുവാഴിത്തക്കുള്ള കച്ചവടസംബന്ധമായ നികുതിയും വാണിജ്യാവകാശവും വളഞ്ഞ വാൾ അല്ലെങ്കിൽ കടത്തിലയും അതിനുള്ള കച്ചവടക്കുത്തക അഥവാ അവകാശവും, (൩) ശംഖു, പഞ്ചവാദ്യം, പകൽ വിളക്കു, പാവാട മുതലായവയെ ഉപയോഗിക്കുക, പുറത്തു സഞ്ചരിക്കുമ്പോൾ അകമ്പടിക്കാരെ നിറുത്തുക, പല്ലക്കിൽ കേറി യാത്രചെയ്യുക. പുറത്തു സഞ്ചരിക്കുമ്പോൾ ഭൃത്യന്മാർ മുമ്പിൽ നടന്നു വിളിയാട്ടുക തുടങ്ങിയ അനേകം രാജകീയ പദവികളും (൪) ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ചെമ്പുകൊട്ടി, വാണിയൻ, മുതലായ അടിമകളേയും, (൫) കൊട്ടങ്ങല്ലൂർ അഴിമുതൽ ചേരമാൻ ഗോപുരവാതം വരെയുള്ള സ്ഥലങ്ങളിലും നാലു തളികളിലും അതോട്ടെ പോന്ന ഗ്രാമങ്ങളിലും അളക്കുന്നതും തൂക്കുന്നതും എണ്ണുന്നതുമായി ഉറപ്പു, ശാസ്ത്രം, കസ്തൂരി, എണ്ണതുടങ്ങിയുള്ള എല്ലാ സാധനങ്ങളിന്മേലും സ്വാചിതമായ തരകും ചുങ്കവും പിരിക്കാനുള്ള അധികാരവും കൊടുക്കപ്പെട്ട എന്നുള്ളവയാണു്. ഈ അധികാരങ്ങളും പദവികളുമെല്ലാം രവികുത്തന്റെ പുത്ര പൌത്രാദികൾക്കും അനുവദിക്കപ്പെട്ടിരിക്കുന്നു. വേണാട്, ഓടനാട്, ഏറനാട്, വള്ളുവനാട മുതലായ സാമന്ത രാജാക്കന്മാരുടെ അഥവാ കുത്താളരുടേയും പന്തിയൂർ, ചൊകിര എന്നീ ഗ്രാമങ്ങളുടേയും അറിവോടുകൂടിയാണു് ഇവയെല്ലാം നൽകപ്പെട്ടിട്ടുള്ളതു.

രണ്ടാമത്തെ ചെമ്പേട് സ്ഥാണുരവിഗുപ്ത ചക്രവർത്തിയുടെ അനുമതിയോടും വേണാട്ടി (തിരുവിതാംകൂർ) ന്റെ രാജാവായ അയ്യൻ അടികൾ തിരുവടിയുടെ അറിവോടും കൂടി പുന്നത്തലനാട്ടിന്റെ അധിപനേയും അഞ്ചുവർണ്ണത്തേയും വേണാട്ടധികാരികളേയും സാക്ഷികളാക്കി മറോൻ സാബൊറീശോ

തന്റെ (സഭാധികാരിയുടെ) സഹായ പൂർവ്വം ഈശോ ദാസ വിശ്വാസി പണിചെയ്യിച്ച കുരക്കേണിക്കൊല്ലത്തെ തിരുവല്ലാ പള്ളിക്കും അതിലെ ക്രിസ്ത്യാനികൾക്കും അട്ടിപ്പേറായി കൊടുത്ത പല അവകാശങ്ങളേയും സ്ഥാനപദവികളേയും ലക്ഷ്യീകരിക്കുന്ന ഒന്നാണ് ഇതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ.

(a) നാലുകൂടി ഈഴവരും അഞ്ചുകൂടി ഇഴകിയവരും ഒരു കൂടി മണ്ണാനും ഇങ്ങനെ ഏതാനും കൂടികൾ രാജാവിനു കൊടുക്കേണ്ടതായ ഭോഗങ്ങളും വിവിധങ്ങളായ അവരുടെ തൊഴിലുകൾ നിർവ്വഹിക്കുന്നതിനുള്ള നികുതിയും മറ്റും ബഹുമാനപ്പെട്ട തരിശാ പള്ളിക്കു നിത്യമനുഭവമായി വിട്ടു കൊടുക്കുന്നു. ഈ കൂട്ടരെ കൂടാതെ തച്ചൻ മണ്ണാൻ വെള്ളാളർ (കർഷകന്മാർ) മുതലായ ഏതാനും കൂടികൾ കൃഷിചെയ്യും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പണികൾ നടത്തിയും പള്ളിക്കുമ്മാടികൾക്കു വേണ്ട എണ്ണയും ദൈവാരാധനക്കു ആവശ്യമുള്ള എല്ലാപ്രവൃത്തികളും ഉണ്ടാക്കികൊടുക്കുന്നതിനു ഉചിതമായ മൂൻകരുതലുകളോടു കൂടി സമുദ്രതീരത്തുള്ള ഒരു പ്രദേശം കൊല്ലം നഗരാധികാരിയായ അദ്ദേഹം പ്രസ്തുത ഭോഗവസ്തുക്കൾ കഴിഞ്ഞു കൊടുക്കുന്നു എന്നും

(b) പെരുമാൾ കോവിലിലെ അധികാരിയായ വിശ്വരാകത്തേവർ, അയ്യൻ അടികൾതിരുവടി ഇളംകൂറ്റടിഗളവടി, മറ്റു പ്രധാനന്മാർ പുന്നത്തലെ അധിപരി പൂളക്കുടികുത്താവു എന്നിവരുടെ സാന്നിദ്ധ്യപൂർവ്വം ആദിത്യ ചന്ദ്രന്മാരും ഭൂമിയും ഉള്ള കാലത്തോളം ഈ പ്രദേശം ഉടമ്പടിയായി പള്ളിക്കു നടത്തിക്കൊടുത്തിരിക്കുന്നു എന്നും ഇവിടെ നിവസിക്കുന്ന കുടികളെ ഏതു വക കുറ്റം വിചാരിച്ചും ശിക്ഷിക്കുന്നതിനും പിഴയിടുന്നതിനും പിഴ വാങ്ങുന്നതിനും അടിമകളെ വിലക്കുന്നതിലും കൊള്ളുന്നതിലും ഉള്ള നികുതി ഏർപ്പെടുത്തുന്നതിനും ഉള്ള അധികാരം പള്ളിപ്രധാനികളിൽ സ്ഥിരപ്പെടുത്തുന്നതിനു സഭാധികാരി നിശ്ചയം ചെയ്തിരിക്കുന്നു എന്നും

(c) അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്കു പോലും ഭൂവുടമസ്ഥന്മാരെന്ന നിലയിൽ നിർവ്വിഘ്നകുടികളോടു യാതൊന്നും പ്രവർത്തിക്കുന്നതിനു അധികാരമില്ലെന്നും

(d) അഞ്ചു വർണ്ണവും മണിഗ്രാമവും ആയ നൂറവരും ഈ കുടികളുടെ രക്ഷകർത്താക്കന്മാരായിരിക്കണമെന്നും

(e) പള്ളിയേയും ഭൂമിയേയും സംബന്ധിച്ച രാജശാസനത്തിൽ പ്രസ്താവിച്ചിട്ടുള്ളവയെല്ലാം ആചന്ദ്രാർക്കം അഞ്ചു വർണ്ണവും മണിഗ്രാമവും നിർവ്വഹിച്ചു കൊള്ളണമെന്നും

(f) പേരുമാൻ കോവിലിലെ അധികാരിയായ വിയരാകത്തേവരും അയ്യൻ അടികൾ തിരുവടിയും ഇളമൂർ രാമത്തിരുവടിയും അറികെ ചെയ്യപ്പെട്ട നിശ്ചയമനസ്സരിച്ച ഏറനാടുവു ക്രടാതെ സകല നഗരവാസികളും അവിടെ ഉണ്ടായിരിക്കണമെന്നും പള്ളിക്കാർ അടിമകൾക്കു തലപ്പണം കൊടുക്കേണ്ടതില്ലെന്നും വാഹനങ്ങളെ അകത്തേക്കു കടത്തുന്നതിനും പുറത്തേക്കു വിടുന്നതിനും ഏട്ടു കാശു വീതം കരം പിരിക്കണമെന്നും പിടിയാനകളേയും വഞ്ചികളേയും അപ്രകാരം ചെയ്യുന്നതിലേക്കു നാലുകാശുവീതം ചുങ്കം വസൂലാക്കണമെന്നും

(g) നഗര വാസികളുടെ ചരക്കുകൾ പള്ളി പ്രധാനന്മാരുടെ അറിവോടുകൂടിയെ വിലുവു ചെയ്യണം ചരക്കുകൾ ശേഖരിച്ചിരിക്കുന്നിടത്തും മറ്റെല്ലാ സ്ഥലങ്ങളിലും പള്ളിക്കാരുമായി ആലോചിച്ചല്ലാതെ അവർക്കൊന്നും ചെയ്യാൻ പാടില്ലെന്നും

(h) മേൽ പറയപ്പെട്ട പൌരന്മാരെ അഞ്ചുവർണ്ണവും മണിഗ്രാമവും എക്കാലത്തും സംരക്ഷിക്കേണ്ടതാണെന്നും

(i) പ്രസ്തുത പുരവാസികൾ രാജഭോഗം പേരുമാൻ കോവിലിലേക്കു നാടുവാഴികൾക്കു കൊടുക്കേണ്ടതായ ജന്മിഭോഗം അഞ്ചു വർണ്ണത്തിനും മണിഗ്രാമത്തിനും നൽകേണ്ടതാണെന്നും

(j) പള്ളിക്കാർക്ക് ഹസ്താരോഹം മുതലായ വെ സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുന്നു എന്നും അവരോട് ആരെങ്കിലും ന്യായരഹിതമായി പ്രവർത്തിച്ചാൽ രാജാവിനുള്ള അനഭോഗം കൊടുക്കാതെ അതു പിടിച്ചുവച്ചുകൊണ്ട് ന്യായംപുലർത്താമെന്നും സഭയെ ചെയ്യുന്ന കുറങ്ങളെ അവർക്ക് തന്നെ വിസ്തരിച്ചു ശിക്ഷാവിധിക്കാമെന്നും

(k) നഗരത്തിന്റെ രക്ഷാധികാരം വഹിക്കുന്ന അഞ്ചുവർണ്ണത്തിന്റെയും മണിഗ്രാമത്തിന്റെയും നേതാക്കന്മാർ ചെയ്യുന്ന പ്രവൃത്തികൾ ഒന്നായി തന്നെ ഗണിക്കപ്പെട്ടുമെന്നും

(l) ഈ തരശാസനം എഴുതി കൊടുത്തിട്ടുള്ളതു അയ്യൻ അടികൾ വഴിക്കുമാറാൻ സബരീശൊ ആണെന്നും ഇതിൽ പറഞ്ഞിരിക്കുന്നതു പോലെ എല്ലാം പ്രവൃത്തിക്കുന്നവരിൽ ഈശപ്രസാദം ഉണ്ടാകുമെന്നും ഉള്ളവയത്രെ.

൯. ചെമ്പോടുകൾ കൊടുക്കപ്പെട്ട കാലത്തെക്കുറിച്ചു വിദ്വാന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ അവയിൽ കാല നിർണ്ണയം ചെയ്തിട്ടില്ലെന്നും വീര രാഘവ ചക്രവർത്തിയും സബരീശൊവഴിക്കു സ്ഥാണുരവിയുമ്പ ചക്രവർത്തിയും കൊടുത്തവയാണ് പ്രസ്തുത താമ്രശാസനങ്ങളെന്നും സ്പഷ്ടമായിരിക്കുന്നതിനാൽ ഭിന്നാഭിപ്രായക്കാരായ ചരിത്രകാരന്മാർ അവയുടെ ആണ്ട് നിശ്ചയിച്ചറിഞ്ഞതു ഏതു വഴിക്കാണെന്നും ആ ചക്രവർത്തികൾ ജീവിച്ചിരുന്നതു ഏതു കാലത്താണെന്നും യുക്തിപൂർവ്വം പരിശോധിക്കേണ്ടതു നമ്മുടെ കൃത്യമാകുന്നു. തിരുവിതാംകൂർ ചരിത്രകാരനെ അപ്രസിദ്ധനായ മിസ്റ്റർ ശങ്കുണ്ണിമേനോനും പ്രൊഫ്യൂർ മുതലായ വിദ്വജ്ജനങ്ങളും പ്രസ്താവിക്കുന്നതു ചെമ്പോടുകളിൽ പറയപ്പെട്ട കാലം ജ്യോതിഷക്കണക്കനുസരിച്ചുള്ളതാണെന്നും ആ കാലം ഗണനശാസ്ത്രം അനുസരിച്ചു ആട്ടത്തെ ചെമ്പോട് എഴുതപ്പെട്ടതു കല്യബ്ദം നാലാമത്-ൽ ആണെന്നും. ആ ക്രിസ്താബ്ദം ൯൫൦ നോട് ശരിപ്പെട്ടുത്താമെ

ന്നും രണ്ടാമത്തെ ശാസനം എഴുതിയിട്ടുള്ളതു ക്രി. വ. ൪൦-ൽ ആണെന്നും അതു്. ചേഷ്ടാരവർകൾ ഈ സംഗതിയേപ്പറ്റി വിദ്വാനായ ജ്യോതിശാസ്ത്രജ്ഞനോടു് ആലോചിച്ചതിൽ ഒന്നാമത്തെ ചെമ്പേടിന്റെ കാലം മേൽപ്പറഞ്ഞ പ്രകാരം ക്രി. വ. തന്നെ ആണെന്നു നിശ്ചയിക്കുകയും കോഴിക്കോട്ട ഒരു മുൻസിഫ് ആയിരുന്ന രാജശ്രീ കുക്കേൽ കേളു നായർ അവർകളും (Kookel Kelloo Nair) ചെയ്ത നോക്കിയ കണക്കനുസരിച്ചു് ആ നിശ്ചയം ശരിയായി കാണപ്പെടുകയും ചെയ്തിരിക്കുന്നു. തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിന്റെ നിർമ്മാതാവായ വി. നാഗമയ്യ ബി. ഏ. അവർവളും ഈ കണക്കും ആണ്ടും ശരിയാണെന്നു സമ്മതിച്ചു സ്റ്റേറ്റു മാനുവലിൽ ഈ അഭിപ്രായം സംഘടിപ്പിക്കുകയും ബർണ്ണൽ DrBeirnell വിന്റെ ഊഹത്തെ ആസ്പദമാക്കി ചെമ്പേടിന്റെ ആണ്ടുകളും റൈ-ം വ്യ-ം ആണെന്നൊഴുതിയ മിസ്റ്റർ മെക്കൻസിയുടെ അഭിപ്രായം ഡഢീകാവുമല്ലെന്നു രീരുമാനിക്കുകയും അതു ചെയ്തിട്ടുള്ളതു്. (25) ഇവരൊക്കയും നമ്മുടെ താമ്രശാസനങ്ങളുടെ ഉത്ഭവവാണ്ടും രീച്ചപ്പെടുത്തിയിട്ടുള്ളതു കാല ഗണനവിധികളെ തന്നെ ആധാരമാക്കിയാണു്. പല പരിശോധകന്മാർ കൂടി ഒന്നു നോക്കിയതിനും ഈ കണക്കുകളെല്ലാം ശരിയായി കാണപ്പെട്ടിരിക്കുന്നു. എന്നാൽ യൂറോപ്യന്മാരായ ഡാക്ടർ ബർണ്ണൽ മുതലായവർ മേൽപ്രകാരം കാവുതിരിച്ചും ചെയ്തിട്ടുള്ളതു് വെറും ഊഹഗോചരമായ മാർഗ്ഗത്തിൽ കൂടി മാത്രമാകുന്നു. ഒന്നാമത്തെ ചെമ്പേടിനു ഇവർ നിർണ്ണയിച്ച വർഷം റൈ=ം രണ്ടാമത്തേതിനു കല്പിച്ച ആണ്ടു വ്യ-ം ആണെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവയിൽ കണക്കുകൊണ്ടു ശരിയായി കാണപ്പെട്ട വർഷമോ പ്രത്യുത ഊഹത്താൽ സ്ഥാപിതമായ വത്സരമോ ഏതാണു ശരിയായിട്ടുള്ളതെന്നു അത്ര നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. താഴെ നിർദ്ദേശിക്കുന്ന നൂതനമായ തെളിവുകൾ ശങ്കുണ്ണിമേനവനവർകളുടേയും മറ്റു അഭിപ്രായത്തെ അനുകൂലിക്കുന്നതി

ന്നം ഇതര കക്ഷികളായ പാശ്ചാത്യന്മാരുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിനും പര്യാപ്തമാണ്.

ക്രി. നിർദ്ദിഷ്ട തെളിവുകളിൽ പ്രഥമമായി എടുക്കേണ്ടത് എട്ട് ഒമ്പത് എന്നീ ശതാബ്ദങ്ങളിൽ ചേരമാൻപെരുമാക്കന്മാർ വാണിരുന്ന മലയാള രാജ്യത്തു നാമവശിഷ്ടമായി തീർന്നിരുന്ന എന്നുള്ളതു തന്നെയാണ്. ൮-ാം നൂറ്റാണ്ടിന്റെ അന്ത്യമധ്യത്തോടുകൂടി അവരുടെ രാജ്യഭാരം ഇവിടെ അവസാനിച്ചു എന്ന പരമ്പരാബോധവും [26] അതിലേക്കു വകയുള്ളതാണ്. ഒടുവിലത്തെ ചേരമാൻപെരുമാൾ പത്താം ശതാബ്ദത്തിൽ ജീവിക്കുകയും ൯-ൽ അധികം സംവത്സരങ്ങളോളം രാജ്യഭാരം നിർവഹിക്കുകയും ചെയ്തശേഷം അന്യാദൃശനായ ഒരു ഇസ്ലാമതപ്രചാരകന്റെ ആരംഭത്തിനായി ചരമഗതി പ്രാപിച്ചതു. ഇദ്ദേഹം "മന്മണിക്കോപ്പെ" മുതലായ മൂന്നു തമിഴ് ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. (12)

രണ്ടാമത്തെ ലക്ഷ്യമായി ഗണിക്കേണ്ടതു കൊല്ലവർഷത്തിന്റെ ഉല്പത്തിയേയാകുന്നു. കേരളമൊട്ടുക്കു ഭരണം നിർവഹിച്ചിരുന്ന പെരുമാക്കന്മാർ ഒമ്പതാം ശതാബ്ദാരംഭത്തോടുകൂടി ഈ രാജ്യത്തിൽ നിന്നു വിമുക്തന്മാരായി തീർന്നതുതന്നെയാണു തിരുവിതാംകൂർ മഹാരാജാവു മലയാളത്തിലെ മഹാവിദ്വാന്മാരിൽ പലരേയും വിളിച്ചുകൂട്ടി കൊല്ലവത്സരം കല്പിച്ചുണ്ടാക്കുന്നതിനു പ്രേരകമായി തീർന്നതു. അതുവരെ ഈ രാജ്യത്തിൽ ഉപയോഗിക്കപ്പെട്ടുവന്നതു കല്യബ്ദമാകുന്നു. ദിനസംഖ്യ കണക്കാക്കിയാണു ജനങ്ങൾ ആ വർഷം ഉപയോഗിച്ചുപോന്നിരുന്നതു. കൊല്ലവർഷം ആരംഭിച്ചതിനെ കലിദിനസംഖ്യ ഫർണർ മുതലായവർ ആണെന്നുള്ളതിനു "ആചാര്യവാഗഭേദ്യാ" എന്ന വാക്യം പ്രശസ്തിപ്പെടുത്താവുന്നതാണ്. ഇതുകൊണ്ടു പുതുവർഷം ആരംഭിച്ചതു പരമ്പരാപ്രകാരം കല്യബ്ദം ഫർണർ മുതലായവർ പറഞ്ഞ ദിനത്തിൽ ആണെന്നു സ്പഷ്ടമാണല്ലോ. ചെമ്പോടിൽ പറയുന്ന കാലം ഈ കണക്കിൻ പ്രകാര

മുള്ള ഒരു കവിതാ സംഗ്രഹമാണ്. അവയെ ക്രോഡീകരിയ്ക്കുന്ന താത്പര്യാനുഭവങ്ങളുടെ ജന്മവാസന മൂന്നാം ശതാബ്ദമാണെന്ന മിസ്റ്റർ ശങ്കുണ്ണിമേനോൻ മുതലായ വിദ്വജ്ജനങ്ങൾ തീർച്ചപ്പെടുത്തിയിട്ടുള്ളതു. (28)

കൊല്ലവർഷാരംഭത്തിൽ ജീവിച്ചിരുന്ന ശ്രീശങ്കരാചാര്യരാണ് ഇവിടെ നമ്മുടെ മൂന്നാത്തെ ലക്ഷ്യത്തിന്റെ ആവിർഭാവം. ഇദ്ദേഹം ഹിന്ദുക്കളുടെ ഇടയിൽ വിശിഷ്യ കേരളത്തിൽ അസാധ്യ മഹാകാര്യങ്ങളെന്നിവഹിച്ചിട്ടുള്ള ഒരു മഹാശയനാകുന്നു. അദ്ദേഹം ഇവിടെ അങ്ങിങ്ങാ സഞ്ചരിച്ചു പല പ്രധാനന്മാരെയും വിളിച്ചുകൂട്ടി കേരളത്തിൽ അനേകം നൂതനാചാരങ്ങളെ നടപ്പിൽ വരുത്തിയിട്ടുണ്ട്. അതിന്റെ പ്രചാരപരിമാണം പ്രമാണിച്ചു തെക്കെ മലയാളത്തിൽ ചിങ്ങം മുതൽക്കും വടക്കെ മലയാളത്തിൽ കന്നി മുതൽക്കും തിരുനൽവേലി മുതലായ പ്രദേശങ്ങളിൽ കാർത്തികയും തുടങ്ങിയും ആണ്ടു കൊല്ലവർഷം ആരംഭിക്കുന്നതു. (29) ഈ നൂതന വർഷം ആരംഭിച്ച കാലത്തു കേരളത്തിലെ ഏകമഹാധിപതിയായി ചേരമാൻ പെരുമാൾ ഉണ്ടായിരുന്ന എങ്കിൽ കൊല്ലവർഷത്തിന്റെ ഉല്പത്തിക്കു തിരുവിതാംകൂർ മഹാരാജാവു ഹേതുഭൂതനാകുന്നതിനും അവിടവിടെ ഭിന്നകാലങ്ങളിലായി അതു നടപ്പിൽവരുന്നതിനും ഒരിക്കലും സംശയമുണ്ടാകയില്ലായിരുന്നു.

നാലാമത്തെ ലക്ഷ്യം രാമവർമ്മ കുലശേഖരൻ എന്നൊരു രാജാവു മഹോദയപുരം പട്ടണത്തിൽ രാജ്യഭാരം ചെയ്തു വാണിരുന്നു എന്നുള്ളതത്രെ. ഇദ്ദേഹം കൊല്ലവർഷാരംഭത്തിലാണ് നാടുവാണിരുന്നതു്. രണ്ടാമത്തെ ചെമ്പോട്ടു കൊട്ടത്തു വാര്-ൽ അഥവാ കൊല്ലവർഷാരംഭത്തിൽ മഹോദയപുരം പട്ടണത്തിൽ രാജ്യഭാരം ചെയ്തിരുന്ന സ്ഥാണുരവിഗുപ്ത ചക്രവർത്തിയാണെന്നുള്ള അഭിപ്രായം ശരിയാണെങ്കിൽ അക്കാലത്തു രാമവർമ്മ കുലശേഖരൻ അവിടെ ഭരണം നടത്തിയിരുന്നു എന്നു കാണുന്നതു എങ്ങിനേ? [30] ഇദ്ദേഹം ര-ാം

നൂറ്റാണ്ടിൽ ചേരരാജ്യം [കേരളം] വിഭജിക്കപ്പെട്ടപ്പോൾ കൊടുങ്ങല്ലൂരിലെ നേതൃത്വം ലഭിച്ച രാജകുടുംബത്തിൽ ഉൾപ്പെട്ട ഒരാളായിരുന്നു എന്നുള്ളതാണ് വാസ്തവം.

തിരുവിതാംകൂർ രാജാവായിരുന്ന ഉദയ മാർത്താണ്ഡവർമ്മ കൊല്ലവർഷം ഏർപ്പെടുത്തിയെന്നുള്ളതു ഇവിടെ അനാവശ്യമെന്ന ലക്ഷ്യമായി സ്വീകരിക്കാം. സ്ഥാണുരവിഗുപ്ത ചക്രവർത്തിയുടെ കാലത്തു വേണാട് [തിരുവിതാംകൂർ] വാണിരുന്ന അയ്യൻ അടികൾ തൃപ്പാപ്പൂർ കൊല്ലത്തെ രാജ്യഭാരം കയ്യേറി നിവസിച്ചിരുന്നതു്. അവിടെയുണ്ടായിരുന്ന തരിസാപള്ളിക്കു ഏതാനും ഭൂമിയും ചില നിത്യാനുഭോഗങ്ങളും ഈ ചക്രവർത്തിയുടെ അനുമതിയോടും അയ്യൻ അടികൾ തൃപ്പാപ്പൂരിന്റെ അറിവോടും കൂടി മാറാൻ സാബീശോയാൽ നൽകപ്പെട്ട. രണ്ടാമത്തെ താമ്രശാസനത്തിൽ ഈ സംഗതി വിവേചിച്ചു പറഞ്ഞിട്ടുണ്ട്. പ്രകൃത ശാസനം വ്യക്തമായി അനുകൊടുത്തിട്ടുള്ളതെന്നുള്ള അഭിപ്രായം യഥാർത്ഥമാണെങ്കിൽ കൊല്ലവർഷം ആരംഭിക്കുന്നതിനു ഹേതുഭൂതന്മാർ പ്രസ്തുത ചക്രവർത്തിയും അയ്യൻ അടികളും തന്നെ ആയിരിക്കുമല്ലോ. എന്നാൽ ഈ രണ്ടുപേരും അതിനു ബാദ്ധ്യസ്ഥന്മാരാകാതെ അക്കാലത്തു വേണാട് വാണിരുന്ന ഉദയമാർത്താണ്ഡവർമ്മ രാജാവു കേരളീയ വിജ്ഞാനങ്ങളുടെ ആലോചനാനുമേതം സൂര്യഗതി കണക്കാക്കി ചിങ്ങമാസം മുതൽ ഒരു നവീന വർഷപരമ്പര നിശ്ചയിക്കുകയും അതിനു കൊല്ലവർഷമെന്ന പേർ കൊടുക്കുകയും (30) ചെയ്തിട്ടുള്ളതു ഏതു വിധത്തിൽ ആയിരിക്കാം.

ആറാമത്തെ ലക്ഷ്യം പെമ്പോട്ടകളിലെ അക്ഷരങ്ങളാകുന്നു. അവ രണ്ടും എഴുതപ്പെട്ടിട്ടുള്ളതു അക്കാലത്തെ തമിഴക്ഷരങ്ങളായ വട്ടെഴുത്തിൽ അത്രെ. ആ ശാസനങ്ങളിലെ വാക്യങ്ങളും കൊടുന്തമിഴ് തന്നെയാണു്. വ, ൻ എന്നീ നൂറ്റാണ്ടുകളിൽ വട്ടെഴുത്തു ലിപികളുടെ ഉപയോഗം തുന്മയമായിപോ

പകയും തൽസ്ഥാനത്തു കോലെഴുത്തക്ഷരങ്ങളും ചെരുവാനിരുകയും ചെയ്തു. ഈ ശാസനോദ്ദേശങ്ങളിലെ ഭാഷാരീതിയും വാക്യരചനയും കൊടുന്തമിഴിന്റേതിൽ നിന്നും കുറഞ്ഞൊന്നു വ്യത്യസ്തങ്ങളാകുന്നതിനാൽ ഇവയെ പ്രത്യേകം പരിശീലിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. കൊല്ലവർഷം ആരംഭിച്ചിട്ടു അഞ്ചു ദിവസങ്ങൾ കഴിഞ്ഞു എഴുതപ്പെട്ടതായ ഒരു ഗ്രന്ഥവരി ഇപ്പോൾ അനന്തശയന ക്ഷേത്രത്തിൽ കാണപ്പെടുന്നു. അതിനെയാണു താഴെ ഉദ്ധരിക്കുന്നതു. "കൊല്ലവർഷം ഒന്നു ചിങ്ങമാസം ഒന്നാം- തിയ്യതി തിരുവിതാംകൂർ മഹാരാജാവും അവിടത്തെ സംബന്ധികളായ ഇതാസ്ഥിയിലുള്ള രാജാക്കന്മാരും സ്വാമിയാരും പ്രഭുക്കന്മാരും യോഗംകൂടി അനന്തശയന ക്ഷേത്രത്തിൽ ഉഴുകുമായിട്ടു പണ്ടു പരശുരാമൻ ഏർപ്പെടുത്തിയിട്ടുള്ള യോഗക്കാർ ക്രമത്തെ എട്ടുവീട്ടിൽ പിള്ളമാരും കൂടി ക്ഷേത്രത്തിലെ സകല അടിയന്തരങ്ങളും നടത്തണമെന്നു നിബന്ധന ചെയ്കയും ശ്രീഭണ്ടാരവക വസ്തുക്കളിൽ മുടക്കം കൂടാതെ അനുഭവങ്ങളും ഇരുത്തിക്കൊണ്ടു ഏല്പിക്കുന്നതിനു വരിമുമ്പക്കുറുപ്പന്മാരെയും മുട്ടമ്പവാഴ്ക്കുറുപ്പന്മാരേയും ആറുഭേദത്താഴ്ത്തമ്മാർ, അരിപ്പട്ട ജനങ്ങൾ മുതലായവരേയും അവക്കു കീഴായി ചാന്നാന്മാരുൾപ്പെട്ട വലങ്കൈക്കൊണ്ടാർകളേയും ഇടഞ്ചെട്ടിപ്പെട്ട ഇടങ്കൈക്കൊണ്ടാർകളും മുതലായവരേയും ഏല്പിച്ചിട്ടുള്ളതാകുന്നു." (32) ഒരു രേഖയിലേയും പ്രസ്തുത താമ്രശാസനത്തിലേയും വാക്യരീതികൾ വളരെ വ്യത്യസ്തങ്ങളാണെന്നു അവ രണ്ടും കൂടെ വായിച്ചിട്ടുള്ളവർക്കു മനസിലാക്കാൻ പ്രയാസമില്ല. പെന്മേട്ടുകൾ രണ്ടും അടുത്തടുത്തു എഴുതപ്പെട്ടവയാണെന്നും അവയിൽ വട്ടെഴുത്താണു ഉപയോഗിച്ചിട്ടുള്ളതെന്നും അതിനുശേഷം അഞ്ഞൂറു വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥവരിയിലെ അക്ഷരങ്ങൾ കോലെഴുത്താണെന്നും വാചകരീതി സാമാന്യം പരിഷ്കൃതമായിട്ടുണ്ടെന്നും അതിനു ഗ്രഹിക്കാവുന്നതാകയാൽ മേൽപറയപ്പെട്ട താമ്രശാസനങ്ങൾ ഒമ്പതാം നൂറ്റാണ്ടിൽ എഴുതപ്പെട്ടിട്ടുള്ളവയാണെന്നു കാണുന്നു അഭിപ്രായം അസ്ഥാന

ഭിതവും വിലയില്ലാത്തതും ആണെന്നു വ്യക്തമാകുന്നു. ഒന്നാം നൂറ്റാണ്ടിൽ വട്ടെഴുത്തിൽ എഴുതപ്പെട്ട യാതൊരു രേഖകളും കേരളത്തിൽ ഉള്ളതായി കണ്ടുകിട്ടാൻ പ്രയാസമാണു്. പ്രസ്തുത താമ്രശാസനങ്ങളിലെ അക്ഷരങ്ങൾ വാക്യരീതി മുതലായവയെ നല്ലവണ്ണം പരിശോധിച്ചറിഞ്ഞിട്ടുള്ള യാളും ഒരു യൂറോപ്യനും ആയ ഫ്രാൻസീസ് ഡേയ് എഴുതിയിട്ടുള്ള "പെരുമാക്കന്മാരുടെ നാടു" എന്ന പുസ്തകത്തിൽ പ്രകൃത ശാസനങ്ങളുടെ കാലം വ, ൻ എന്നീ ശതാബ്ദങ്ങളല്ലെന്നും അതിനു വളരെ മുമ്പാണു അവ എഴുതപ്പെട്ടിട്ടുള്ളതെന്നും അതിനു പ്രസ്താവിച്ചിരിക്കുന്നതു്. [33)

രണ്ടാമത്തെ ചെമ്പേടു് എഴുതിയ മാറാൻ സബരീശൊ എന്നു ദേഹമാണു് ഇവിടെ സപ്തമ വക്ഷ്യമായിരിക്കുന്നതു്. ഇദ്ദേഹം അക്കാലത്തു നടപ്പായിരുന്ന വട്ടെഴുത്തിലാണു് ആ പ്രമാണം എഴുതിയിട്ടുള്ളതെന്നു കാണാം. കേരളത്തിൽ വട്ടെഴുത്തിന്റെ പ്രചാരം ക്ഷയിച്ചു കോലെഴുത്തു നടപ്പായതു ക്രിസ്വബ്ദം ൧-൦൦ ശതകം മുതല്ക്കാണെന്നു നാമല്പായം രണ്ടാം വക്ഷത്തിൽ ദൃഷ്ടാന്തപൂർവ്വം വിവരിച്ചിട്ടുണ്ടല്ലൊ. വ-ം ൻ-ം നൂറ്റാണ്ടുകളിൽ മലങ്കരയിൽ നാട്ടുമെത്രാന്മാർ ഉണ്ടായിരുന്നില്ലെന്നുള്ള വൈദേശിക മെത്രാന്മാരുടെ ഈ സഭയെ ഭരിച്ചിരുന്നതെന്നും ഉള്ളതു അവിതർക്കിതമായ സംഗതിയാകുന്നു. സബരീശോയാകട്ടെ രാജാക്കന്മാർക്കും നാട്ടിലുള്ള നാനാ ജാതി മതസ്ഥന്മാർക്കും അത്യന്തം പരിചിതനായിരുന്നു എന്നതിലേക്കു ആ താമ്രശാസനത്തിന്റെ പല ഭാഗങ്ങളും പ്രബലമായ തെളിവുകളാണു്.

എട്ടാമത്തെ വക്ഷ്യം സബരീശോയുടെ ചാപ്പിക്കാരാകുന്നു. ഭ്രഷ്ടമസ്ഥന്മാരെന്ന നിലയിൽ അവർക്കുപോലും നിർഭ്ഭീഷ്ട ദേശത്തുള്ള കുടികളോടു് അധികാരം പെരുമാറുവാൻ പാടില്ലെന്നാണു് ആ ശാസനത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു. എട്ടും ഒമ്പതും നൂറ്റാണ്ടുകളിൽ പരദേശിക മെത്രാന്മാരില്ലാതെ

എതദ്ദേശിയരായ വൈദികാല്യക്ഷന്മാർ മലയാളത്തു ഉണ്ടാ
യിരുന്നാം ഇല്ല. ഒരാം സ്ഥിതിക്കു ഒരു വൈദേശിക മെത്രാന
നാട്ടിലെ ഭാഷയോടും ജനങ്ങളോടും അസാധാരണമായ പരി
ചയം ഉണ്ടാകുന്നതിനാം നാട്ടുകാരുള്ളതുപോലെ ഇവിടെ ചാ
ട്ടുക്കാരേയുംമറ്റും ലഭിക്കുന്നതിനു വഴിയെന്തു? അന്യദേശിയ
ന്മാരായ മെത്രാന്മാരുടെ കുഡുംബവും മാതാപിതാക്കന്മാരും മ
റുരക്തബന്ധമുള്ള ചാട്ടുക്കാരും അവരുടെ സ്വദേശത്തല്ലാ
തെ മലയാളഭൂമിയിൽ ഉണ്ടായിരിക്കാൻ ഇടയില്ലന്നു ഏവ
ർക്കും അറിയാവുന്നതാണല്ലൊ. ഇനി ഈ ചെമ്പോട്ടുകാം കൊ
ട്ടത്തിട്ടുള്ളതു ചേരമാൻ പെരുമാക്കന്മാരല്ല— കൊച്ചിയിലെ
രാജാക്കന്മാരും കൊല്ലത്തെ രാജാവും ആണെന്നാണഭിപ്രായം
കൊച്ചി സ്റ്റേറുമാനുവലിൽ [പുറം ൩൫൨. വാൻ] പ്രസ്താവിച്ച
കാണുന്നുണ്ടു. ഇതൊരു നൂതനാഭിപ്രായമാണെന്നു തദ്രാജ്യച
രിത്രകർത്താവായ മിസ്റ്റർ കെ. പി. പത്മനാഭമേനോൻ ബി.
എ. ബി. എൽ. [പുറം ക്ലൂർ. ക്ലൂ൫] ഖണ്ഡിച്ചുപറയുന്നു;
ചെമ്പോട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ള ഓരൊകാര്യങ്ങളും കൊ
ച്ചി സ്റ്റേറുമാനുവലിലെ ഈ പ്രസ്താവനയെ അതു മൂലാഗ്രം
ഇളക്കിമറിക്കുന്നുവെന്നാണു. എന്നു മാത്രവുമല്ല, ഏതല്പകാലപ
ര്യന്തം ഈ അഭിപ്രായം യാതൊരു ചരിത്രകാരന്മാരുടേയുംബു
ദ്ധിയിൽ വിഷയീഭവിക്കാത്തൊരു നൂതനശങ്കയും ആയിരിക്കുന്നു.

൨൨. ചെമ്പോട്ടുകളിൽ അടങ്ങിയിരിക്കുന്ന സംഗതികം
ഏതൊക്കെയാമെന്നുള്ള മുന്നു പറഞ്ഞുകഴിഞ്ഞുവല്ലൊ. ഇ
നി അവയിൽ ദുർഗ്രഹമായി കാണപ്പെട്ടനു പദങ്ങളുടേയും
വാക്യങ്ങളുടേയും അർത്ഥംക്രടി വിവരിക്കേണ്ടതു ആവശ്യമാ
ണെന്നു തോന്നുന്നു. ആകയാൽ ഒന്നാമത്തെ ചെമ്പോടിനെ
തന്നെ ആദ്യമായി വ്യാഖ്യാനിക്കാം.

൨] മഹോദയപുരം പട്ടണം-ഇതു കൊടുങ്ങല്ലൂരിന്റെ ഒ
രംശമായി ഗണിക്കപ്പെടാമെങ്കിലും അതിൽ നിന്നു വേർതിരി
ക്കാവുന്ന ഒരു സ്ഥലമാണു. മൂന്നാമദ്ധ്യായം നാലാം ലക്ഷത്തി

ൽ ഈ പദത്തിന്റെ ഉല്പത്തിയേപ്പറ്റി സംയുക്തികമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ അധികം പറയണമെന്നു വിചാരിക്കുന്നില്ല. മഹാദേവർ പട്ടണത്തിനു തിരുവഞ്ചിക്കുളമെന്നുകൂടി പേർ സിദ്ധിച്ചിട്ടുണ്ട്.

൨] രവികുത്തൻ-ഈ പദത്തിന്റെ അർത്ഥം സൂര്യകുത്താവു എന്നാണു്. രവി × [സൂര്യൻ] കുത്തൻ [കുത്താവു] എന്നർത്ഥവത്തായ രണ്ടു പദങ്ങളുടെ സമാസത്തിൽ നിന്നാണു് ഈ ശബ്ദം ഉത്ഭവിച്ചിട്ടുള്ളതു്. കുത്തൻഎന്ന പദത്തിനു മുമ്പിൽ "രവി" ശബ്ദം പ്രയോഗിച്ചിട്ടുള്ളതു് കൂടുതൽ സ്ഥാനം സൂചിപ്പിക്കുവാൻ വേണ്ടിയാകുന്നു. സുറിയാനിപ്പട്ടക്കാർ ഉപയോഗിച്ചുവരുന്ന കുത്നൊർ എന്നശബ്ദം കുത്തൻ എന്ന ധാതുവിൽ നിന്നുത്ഭവിച്ചിട്ടുള്ളതാകുന്നു. [34] തന്നിമിത്തം രവികുത്തൻ എന്ന പദം സ്ഥാനാഭിധാനം അല്ലാതെ വെറും സംജ്ഞാനാമമാണെന്നു വിചാരിപ്പാൻ പാടില്ല. താഴെ പറയുന്ന തെളിവുകൾ ഇതിലേക്കു ദൃഷ്ടാന്തങ്ങളത്രെ. പ്രാചീനകാവ്യത്തു സ്ഥാന വാഹികാംക്കായി നൽകപ്പെട്ടിരുന്ന പ്രമാണങ്ങളിൽ അവരുടെ പേരിനു പകരം പദവി സൂചകമായ സംജ്ഞകളാണു സാമാന്യേന ഉപയോഗിച്ചുപോന്നിരുന്നതു. അപ്രകാരം തന്നെ അവരെ സംബന്ധിച്ചു പൊതുവായി പറയുന്ന ഘട്ടത്തിലും സ്ഥാനപ്പേരുകൾമാത്രമെ ഉപയോഗിച്ചു വന്നിരുന്നുള്ളു. ഇതുകൊണ്ടു അക്കാലത്തു അത്യന്തം ദുർല്ലഭമായിട്ടുമാത്രമെ താഴ്ശമഹാശയന്മാരുടെ സ്വസംജ്ഞകൾ എഴുത്തുകുത്തുകളിൽ പ്രയോഗിച്ചിരുന്നുള്ളു എന്നു നിരീക്ഷിക്കുവാനുണ്ടു്. മുകളിൽ ഉദ്ധരിച്ചിട്ടുള്ള പുരാതന ശാസനത്തിൽ ചോഴമണ്ഡലത്തിലേയും കൊട്ടാരക്കരയിലേയും രാജാക്കന്മാരുടെ സ്വസ്വാഭിധാനങ്ങൾ പറയാതെ അവരെ പെരുമാക്കന്മാരെന്ന മാത്രം സ്ഥാനവാഹിത്വേന നിർദ്ദേശിച്ചിട്ടുള്ളതു ഇതിലേക്കു ദൃഷ്ടാന്തമാകുന്നുണ്ടു്. ഇനിയും ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നതിനു മതിയായ പല ദൃ

ഷ്ട്രാന്തങ്ങളും പൂർവികന്മാരും അറ്റാചീനന്മാരും അന്യ ദേശവാ
ഞ്ചാരികളുടെ എഴുത്തുകളിൽ നിന്നു സഞ്ചയിക്കാവുന്നതാണു.
എട്ടും ഒമ്പതും നൂറാണ്ടുകൾ വരെ ഉണ്ടായിരുന്ന മിക്ക പ്രാ
യാണികന്മാരും സ്ഥാന നാമങ്ങൾ കൊണ്ടും മറ്റും ആണ്ട
ത്തല്ലാലങ്ങളിൽ നാടു വാണിരുന്ന പെരുമാക്കന്മാരെ ലക്ഷി
കരിച്ചിട്ടുള്ളതു. പ്രാചീനഭ്രമിശാസ്ത്രങ്ങളിലും The Periplus
Maris Erythraci എന്നാഗ്രന്ഥത്തിലും കൽസ്മയുണിന്റെ
Cathay and the way thither എന്നാ പുസ്തകത്തിലും ഇ
തിനു അനേകം ദിഷ്ടാന്തങ്ങളുണ്ടു. (35) രവികുത്തനു കൊട
ക്കപ്പെട്ട ചെമ്പോടു തന്നെയും പ്രസ്തുത ദിഷ്ടാന്തങ്ങളേയും തെ
ളിവുകളേയും യഥാർത്ഥീകരിക്കുന്ന ഒന്നാകുന്നു. ആ ശാസന
ത്തിൽ ഒരിടത്തു "മകോതേയർ പട്ടണത്തു ഇരവി കൊത്തു
നാൻ [കൊത്തനയേ] "ചേരമാൻ ലോക പ്പെരുഞ്ചെട്ടിക്കു
"എന്നും അന്യത്തു" ചേരമാൻ ലോക പ്പെരുഞ്ചെട്ടി യാന
(ചെട്ടിയായ) ഇരവി കൊത്തനക്കു" എന്നും പ്രസ്താവിച്ച കാ
ണുന്നു. ഇവയിൽ ആദ്യത്തെ വാക്യം "രവികുത്തൻ" എന്നാ
ശബ്ദത്തെ ചേരമാൻ ലോക പ്പെരുഞ്ചെട്ടിയുടെ വിശേഷ
ണമായിട്ടും രണ്ടാമത്തെവാക്യം "ചേരമാൻ ലോകപ്പെരുഞ്ചെ
ട്ടി" എന്നതിനെ രവികുത്തന്റെ വിശേഷണമായിട്ടും ആണ
ല്ലൊ നിർദ്ദേശിച്ചിട്ടുള്ളതു. ഏതുമൂലം "ചേരമാൻ ലോക
പ്പെരുഞ്ചെട്ടി" എന്നതിനെ രവികുത്തന്റെ വിശേഷണമാ
യിട്ടും ആണല്ലൊ നിഷ്കർഷിച്ചിട്ടുള്ളതു. ഏതുമൂലം "ചേരമാ
ൻലോകപ്പെരുഞ്ചെട്ടി" എന്നാപേരുംഏതവസ്ഥയെ ലക്ഷിക്കു
ന്നുവൊ അതുപോലെതന്നെ രവികുത്തൻ എന്നശബ്ദവും ഒ
രു സ്ഥാനസംജ്ഞയെന്നല്ലാതെ ആപേരായിട്ടല്ല പ്രയോ
ഗിക്കപ്പെട്ടിരിക്കുന്നതെന്നു സ്പഷ്ടമാണു. ['കുത്തൻ'എന്നതിനു
പകരം "കോത്തൻ" എന്നുചെമ്പേടിൽ എഴുതികാണുന്നതു
ലിപിവിത്യാസമായിരിക്കുണം, എങ്ങനെയായാലും അതുകൊ
ണ്ടു കുത്തൻ എന്ന വാക്കിന്റെ അർത്ഥത്തിനു യാതൊരു ഹാ
നിയും വരാനില്ല. രണ്ടാമത്തെ ശാസനത്തിൽ ഒരിടത്തു 'അ

യുൻഅടികൾ" എന്ന പാഠത്തിനേക്കാൾ മറ്റൊരിടത്തു
ആ ശബ്ദത്തെ തന്നെ "ശൈലൻഅടികം" എന്ന രൂപത്തിൽ
തന്നെ. ഇതുകൊണ്ടു നിർദ്ദിഷ്ടപാഠത്തിന്റെ വിശ്വാസ്യതയ്ക്കു
ഭംഗം സംഭവിക്കുന്നതാകുന്നു.)

൩). ചേരമാൻരാജ്യത്തെ പെരുമ്പെട്ടി—ഈ ശബ്ദ
ത്തിന്റെ അർത്ഥം ചേരമാൻ രാജ്യത്തെ കച്ചവടക്കാരുടെ നാ
യകൻ അഥവാ കർത്താവു എന്നാണ്. ഈ സ്ഥാനം ചെമ്പേ
ട്ടു ലഭിക്കുന്നതിനു മുമ്പു തന്നെ രവികർത്തനു ഉണ്ടായിരുന്ന എ
ന്ന ചെമ്പേടിന്റെ ഒരു ഭാഗംകൊണ്ടുതന്നെ വ്യക്തമാകുന്നുണ്ട്.
മഹോദയപുരത്തിന്റെ കർത്താവായ രവികർത്തനു മണി
ഗ്രാമപട്ടം മുതലായ സ്ഥാനങ്ങൾ നൽകുന്നു എന്നതിനെ അടി
സ്ഥാനപ്പെടുത്തിയിരിക്കുന്നു. (൨–ാം വക്കം നോക്കുക) ഏതാ
ണ്ടു സംബന്ധമായി ആ ശാസനത്തിൽ വിവരിച്ചിട്ടുള്ള കാ
ര്യങ്ങളിൽ നിന്നു തന്നെ നമുക്കു മനസ്സിലാക്കാവുന്നതു രവി
കർത്തൻ മഹോദയപുരത്തിന്റെ കർത്താവായിരുന്നു എന്നും
തന്നിമിത്തം അദ്ദേഹത്തിന്റെ തൊഴിൽ കച്ചവടം ആയിരു
ന്നിരിക്കണം എന്നും പ്രത്യുത അദ്ദേഹം കച്ചവടക്കാരുടെ നേതൃത്വം
മാത്രമെ വഹിച്ചിരുന്നുള്ളുവെന്നും ആണ്. രാജ്യഭണ്ഡാരത്തി
ലേക്കു സിദ്ധിക്കേണ്ടതായ ചുങ്കം തരകു തുടങ്ങിയ അവകാശ
ങ്ങളെ പിരിച്ചെടുവാനുള്ള അധികാരമത്രെ ചെമ്പേട്ടുമൂലം രവി
കർത്തനു സിദ്ധിച്ചതു. ഈ ഭാരവാഹിത്വം നാടുവാഴികൾക്കും
കർത്താക്കന്മാർക്കും മാത്രമെ നൽകപ്പെട്ടിരുന്നൊള്ളു. അതുകൊ
ണ്ടത്രെ രവികർത്തൻ നേതാവിന്റെ നിലയിൽ കച്ചവടക്കാരിൽ
നിന്നു ചുങ്കവും തരകും പിരിക്കുവാൻ ചെമ്പേട്ടുമൂലം അ
ധികാരപ്പെടുത്തപ്പെട്ടിട്ടുള്ളതു. അക്കാലത്തു നസ്രാണികളുടെ
പ്രധാന തൊഴിൽ കച്ചവടമായിരുന്നെന്നും തദ്ദ്വാരാ അവർക്കു
പേഷ്യാ, മെസൊപൊട്ടേമിയാ, അറേബിയാ മുതലായ രാ
ജ്യങ്ങളോടു കൂട്ടുകെട്ടും ഗതാഗത സംസർഗ്ഗവും ഉണ്ടായിരുന്ന
എന്നും മറ്റും ഉള്ള സംഗതികളെ ദൃഷ്ടാന്ത പുരസ്സരം കഴി
ഞ്ഞ ആറാം വക്കത്തിൽ പ്രതിപാദിച്ചിട്ടുള്ളതു വായനക്കാർ

വിശ്വസിച്ചിരിക്കുന്നു. ആ ദേശങ്ങളിൽ നിന്നു വാണിജ്യ സൗകര്യം പ്രമാണിച്ചു വളരെ ക്രിസ്ത്യാനികൾ ഇവിടെ വന്നു കുടിപാർക്കുകയും ചെയ്തിരുന്നു. ഏഷ്യയിലെ സുറിയാനിക്കാർക്കു ആദ്യ ശതാബ്ദത്തിൽ ഗോൾ (ഫ്രാൻസ്) രാജ്യത്തും ഗതാഗത ബന്ധവും കുടിപാർപ്പും ഉണ്ടായിട്ടുണ്ട്. (36) ഈ സ്ഥിതിക്കു സമീപരാജ്യമായ ഇൻഡ്യയിൽ വരുന്നതിനും സ്ഥിരവാസം ചെയ്യുന്നതിനും അവർക്കു അനന്യവുമായ സൗകര്യം നിശ്ചയിച്ചിരുന്നു എന്നുള്ളതു നിസ്സംശയമാണ്. പെരുമാക്കന്മാർ നസ്രാണികൾക്കു അവരുടെ നേതാവിനു മേൽപ്രകാരം അപാരമായ ബഹുമതിയും രാജകീയ പദവികളും മറ്റും കൊടുത്തിട്ടുള്ളതു അവർ ബ്രാഹ്മണ വംശജന്മാരായിരുന്നതുകൊണ്ടു മാത്രമല്ല—വിശിഷ്യാ കേരളത്തിൽ പ്രധാനമായി കച്ചവടംനടത്തിയിരുന്നതു അവരാകയാലും വാണിജ്യവൃത്തിക്കു നാട്ടിൽ പ്രാബല്യം വരുന്നുന്നതു രാജ്യാഭിവൃദ്ധിക്കും പ്രജകളുടെ ശ്രേയസ്സിനും ആവശ്യം പറ്റിയതാകകൊണ്ടും ആകുന്നു. (37) അറേബ്യാ, പേർഷ്യാ, പലസ്തീനാ മുതലായ സ്ഥലങ്ങളിൽ നിന്നു വന്നു കേരളത്തിൽ കുടിപാർത്തിരുന്ന യൂദന്മാരും നാട്ടിൽ കച്ചവടാഭിവൃദ്ധിക്കു വളരെ സഹായികളായിരുന്നതിനാൽ അവർക്കും പെരുമാക്കന്മാർ പല സ്ഥാനമാനങ്ങളും നൽകാൻ ഇടയായിട്ടുണ്ടു എന്നുള്ളതും ഇവിടെ സ്മരണീയമത്രെ.

൪). മണിഗ്രാമപട്ടം. രവികുത്തൻ വസിച്ചിരുന്ന മഹോദേവർ പട്ടണത്തിനും അതോടു ചേർന്ന സ്ഥലത്തിനും പുതുതായി കല്പിക്കപ്പെട്ട ഒരു പേരാണു ഇത്. കൊടുങ്ങല്ലൂരിനു സമീപമുള്ള തിരുവഞ്ചിക്കുളത്തു മഹോദയപുരം എന്ന നാമധാരിയായ ഒരു ചേരരാജാവു വാണിരുന്നൊന്നും അദ്ദേഹത്തിൽ നിന്നാണു ആ പ്രദേശത്തിനു മഹോദയപട്ടണം എന്ന സംജ്ഞ ലഭിച്ചുതെന്നും അക്കാലത്തു അവിടെ സുറിയാനി ക്രിസ്ത്യാനികൾ കുടിപാർപ്പുണ്ടായിരുന്നു എന്നും സൂക്ഷ്മാന്വേഷകന്മാരായ ചില ചരിത്രകാരന്മാർ പറയുന്നുണ്ടു. (38) പട്ടം എന്നുള്ളതു രവികുത്തനു മണിഗ്രാമത്തെ സംബന്ധിച്ചു നൽകിയ ആ

ധിപത്യത്തെ സൂചിപ്പിക്കുന്ന ഒരു പ്രയോഗമാണ്. മണി എന്ന അഭിധാനവിധ പദത്തിന്റെ അർത്ഥം വിലയേറിയ രത്നം എന്നാണല്ലൊ. രവികുത്തൻ വണിച്ചിരുന്ന ഗ്രാമത്തിനെ കൂടുതൽ ബഹുമതി കല്പിക്കുന്നതിനായിട്ടത്രെ ആ പദം പ്രയോഗിച്ചിട്ടുള്ളത്. ബ്രാഹ്മണരുടെ അധിവാസ സ്ഥാനങ്ങൾക്കു ഗ്രാമങ്ങളെന്നും എന്നു പേരുണ്ടായിരുന്നതു പോലെ നസ്രാണികളുടെ നായകന്റെ നിവാസ പദത്തിനു മണിഗ്രാമം എന്ന പേർ നിർണ്ണയിച്ചുകൊണ്ടു ആസ്ഥലത്തെ സംബന്ധിച്ചുള്ള അധിപത്യം പ്രസ്തുത ശാസനം വഴിയായി രവികുത്തനു കൊടുക്കപ്പെടുകയാണു് ചെയ്തതു. (39) പെരുമാക്കന്മാർ ഇങ്ങിനെയുള്ള സ്ഥാനമാനങ്ങളെ ഒരുത്തനു കൊടുക്കുന്ന പക്ഷം അയാൾ അവരു (പെരുമാക്കളു) ടെ രാജ്യത്തിലുള്ള സജാരീയന്മാർ എല്ലാവരുടേയും രക്ഷകനായി നിലകയും തനിക്കു നൽകപ്പെട്ട അമളടിമകളുടെ നേരാവായി ഭവിക്കുകയും ചെയ്യുമെന്നു പതിവായിരുന്നു. (40) അക്കാലത്തു നസ്രാണികളും സ്വന്തമായ പ്രധാനിയായ അയ്യൻ മഹാദേവർ പട്ടണത്തിൽ പാർത്തുവന്നതിനാൽ ദൂരസ്ഥിതരെങ്കിലും എഴുത്തു കുത്തുകളിലെല്ലാം അവരും പ്രസ്തുത നഗരത്തിന്റെ നാമധേയം കാണിക്കുക സുലഭമായിരുന്നു. ഈ സംഗതി അർവ്വാചീനകാലങ്ങളിൽ പോലും എഴുതപ്പെട്ടിട്ടുള്ള ആധാരങ്ങളിൽ നിന്നും മറവും അറിയും മനസ്സിലാക്കാവുന്നതാണു്.

൭). നാല (ശേരിക്കും തനിച്ചുള്ള) ഭാഗത്തേക്കുമുള്ള കച്ചവടത്തിന്റെ കുത്തകയും അതിന്മേലുള്ള നികുതിയും. ഈ വാക്യത്തിന്റെ സാരം ചേരമാൻ രാജ്യത്തിലെ ചതുസ്സീമകളിലും കച്ചവടം നടത്തുവാനുള്ള സ്വാതന്ത്ര്യത്തോടുകൂടി വാണിജ്യപദാർത്ഥങ്ങളിൽ നിന്നു ചുങ്കം തരുക മുതലായവ പിരിക്കാനുള്ള അധികാരം രവികുത്തനു നൽകപ്പെട്ടു എന്നുള്ളതാണു്. അക്കാലത്തു പ്രസ്തുത രാജ്യത്തിലെ പ്രധാന കച്ചവടക്കാർ നസ്രാണികളായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അന്നു സർവ്വ ചരക്കുകളും കൊടുങ്ങല്ലൂരഴി മുഖത്തു കൂടി അകത്തേക്കു

(രാജ്യത്തെക്ക) കടത്തുകയും പുറത്തേക്ക വിടുകയും ചെയ്തിരുന്നു കൊണ്ടാണ് ആ വക വ്യാപാരങ്ങൾക്കുള്ള തരക്കു മുതലായ നികുതികളുടെ അവകാശം രവികർത്താവിന് സിദ്ധിച്ചിട്ടുള്ളത്.

൩). വളഞ്ഞ വായ് അഥവാ കടത്തിലയും അതിനുള്ള കച്ചവടശാലകളും (ചെമ്പടിവ്വ ഭാഷയായ തമിഴിൽ "കടൈത്തു വളഞ്ചിയും വളഞ്ചിയത്തിൽ തനിച്ചെട്ടും" എന്നാണ് എഴുതികാണുന്നത്. കടൈത്തു വളഞ്ചിയും എന്നതിനു പകരം കടൈത്തു വളഞ്ചിയും എന്ന ചിലർ വ്യാഖ്യാനിച്ചു കാണുന്നതു പിശകാണ്) അവശ്യോചിതമായ യുദ്ധോപകരണങ്ങളും ഉപയോഗിക്കുന്നതിനും അവയിൽ കച്ചവടാവകാശം സ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം രവിവർമ്മനെ നൽകിയെന്നുള്ളതിനേയാണ് ഈ വാക്യം വിശദീകരിക്കുന്നത്. അക്കാലത്തു നസ്രാണികളിൽ വളരെപ്പേർ ആയുധവിദ്യ പരിശീലിച്ചവരായി ഉണ്ടായിരുന്നു എന്നും കാലാന്തരത്തിൽ അവർ രാജാക്കന്മാരുടെ രക്ഷിവർഗ്ഗങ്ങളും രാജ്യത്തെ സൂക്ഷിക്കുന്ന സൈനികന്മാരും ആയി നിയമിക്കപ്പെട്ടിരുന്നു എന്നും ഉള്ളതു ചരിത്രപ്രസിദ്ധമാണ്. (41)

൪). നാല് തളികളും അതോട് ചേർന്ന ഗ്രാമങ്ങളും— കേരളത്തിൽ നൂറ് ഗ്രാമങ്ങളിലായി നിവസിച്ചു വന്ന ബ്രാഹ്മണകുടുംബങ്ങൾ പട്ടണത്തിൽ നാല് തളികളും ഓരോ തളിയോട് ചേർന്ന നഗരത്തിനകത്തും പുറത്തുമായി ഓരോ ഗ്രാമങ്ങളും ഉണ്ടായിരുന്നു എന്നുള്ളതാണ് ഈ വാക്യത്താൽ സൂചിപ്പിക്കപ്പെട്ടിരുന്നത്. 'തളി' എന്നത് ബ്രാഹ്മണ പ്രതിനിധികൾക്കു താമസിക്കുന്നതിനുള്ള വസതികളുടെ സംജ്ഞയാണ്. ഓരോ തളിക്കും പ്രത്യേകമായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളും ഉണ്ടായിരുന്നു. ഈ സ്ഥലങ്ങൾ മേൽപറയപ്പെട്ട നൂറ് ഗ്രാമക്കാരുടെ വകയായിരുന്നതിനാൽ അവയ്ക്കും ഗ്രാമങ്ങളെന്ന പേർ സിദ്ധിച്ചിട്ടുണ്ട്. രാജ്യകാര്യങ്ങളെ സംബന്ധിച്ചു പെരുമാക്കന്മാർക്കാവശ്യമുള്ള ആലോചനകൾ നൽകുന്നതിനു അവിടെ

ന്നത്തെ ബ്രാഹ്മണ പ്രതിനിധികൾക്കുണ്ടായിരുന്നതിനാൽ ആ സാഹചര്യത്തെ ഇപ്പോഴത്തെ ആംഗ്ലേയ പാർട്ടിമെണ്ടിനോടു ഒട്ടൊക്കെ സമീകരിക്കാവുന്നതാകുന്നു.

൫. ഒന്നാമത്തെ ചെമ്പേടിലെ ഉൽഘാടനശ്ലോകങ്ങളെ വ്യാഖ്യാനിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇനി രണ്ടാമത്തെ ശാസനത്തിൽ കാണുന്ന ക, ഖ, ര, ന്ത എന്നീ വകുപ്പുകളിലെ കാര്യങ്ങളെ സംബന്ധിച്ചു ആലോചന ആരംഭിക്കാം. കൊല്ലം നഗരത്തിന്റെ കർത്താവായ മാറൻ സബീശോ എന്ന ആളു വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതിന്റെ സാരം അദ്ദേഹം ആ പട്ടണത്തിന്റെ മെത്രാനായിരുന്നു എന്നതത്രെ. കർത്താവു എന്ന പദം അദ്ദേഹത്തിന്റെ അദ്ധ്യാത്മികാധികാരത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത നഗരത്തിന്റെ ഐഹികാധികാരം അയ്യൻ അടികൾ തമ്പുരാനിൽ സ്ഥിതി ചെയ്തിരുന്നു എന്നു താമ്രശാസനം തന്നെ വിളിച്ചു പറയുന്നു. സ്ഥിതിക്കു അന്യാശങ്കകൾക്കു വഴി കാണുന്നില്ല. മാറാൻ എന്ന പദം കൽദായ സുറിയാനിയിൽ ഉള്ളതും അതിന്റെ അർത്ഥം നമ്മുടെ കർത്താവു എന്നും അത്രെ. നാട്ടുഭാഷയിൽ ഈ ശബ്ദത്തെ "മിശുവാൻ" എന്നു തരുവ രൂപമാക്കിയാണു എഴുതിയിരിക്കുന്നതു് അന്യ ഭാഷകളിൽ നിന്നു സിദ്ധിച്ചിട്ടുള്ള ശബ്ദ പരമ്പരകൾക്കു മലയാളത്തിൽ അതിമകരവും മൃതപ്രായവുമായ രൂപാന്തരം സംഭവിച്ചു കൊണ്ടിരുന്നു എന്നുള്ളതിനു ദൃഷ്ടാന്തങ്ങൾ ഒട്ടും ഒട്ടുമല്ല.

രണ്ടാമത്തെ ഖണ്ഡികയിൽ ഉപയോഗിച്ചിട്ടുള്ള 'പള്ളിക്കാർ' എന്ന പദം തരിസാപള്ളിയെ സംബന്ധിക്കുന്ന ആളുകളെയാണു ലക്ഷിക്കുന്നതു്.

നാലാം വകുപ്പിൽ "അഞ്ചുവണ്ണവും മണിഗ്രാമവും" എന്നു പറഞ്ഞു കാണുന്നതു യൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും നേതാക്കന്മാരെ സംബന്ധിച്ചത്രെ. ഇവയിൽ മണിഗ്രാമത്തിന്റെ ചരിത്രം മുമ്പു വിവരിച്ചിട്ടുണ്ടല്ലൊ. അഞ്ചു വണ്ണം എ

ന്നായ യൂദസമൂഹായത്തിനു നൽകപ്പെട്ട സംജ്ഞയാണ്. പെരുമാക്കന്മാർ അവർക്കും പല സ്ഥാനമാനങ്ങളും അവകാശങ്ങളും ശാസനവും നൽകിയിട്ടുണ്ട്. അഞ്ചു വണ്ണം എന്നാതിനു അഞ്ചാമത്തെ ജാതി (Casted) അഥവാ വണ്ണം എന്നാണു അർത്ഥം. യൂദന്മാർ കേരളത്തിൽ കുടിയേറിപാർത്ത കാലത്തു ഇവരക്ഷത്രാദി ചാതുർവ്വർണ്യത്തിൽ ഉൾപ്പെട്ടവരെ ഇവിടെ സ്ഥിരവാസികളായി ഉണ്ടായിരുന്നാളള. തന്നിമിത്തം കുടിയേറിപ്പാർത്ത യൂദന്മാക്കു അഞ്ചാമത്തെ ജാതി എന്ന പേർ സിദ്ധിച്ചതാണ്. (42)

ന്യൂ നഗരവാസികൾ എന്ന അർത്ഥ വകഭേദത്തിൽ പ്രസ്താവിച്ചിരിക്കുന്നതു തരിസാപള്ളിക്കു പൂർവ്വാധികമായ ഏതെങ്കിലും ആദായമാർഗ്ഗം ഉണ്ടാകുന്നതിനായി അന്യരായ നഗരവാസികളെ തെരഞ്ഞെടുത്തിട്ടുള്ളതും അവർ വാഹനങ്ങളും മൃതശവങ്ങളെ പട്ടണത്തിൽ പ്രവേശിപ്പിക്കുന്നതിനും പുറത്തു കടത്തുന്നതിനും ഒരു പ്രത്യേക നികുതി കൊടുക്കണമെന്നും അതു പള്ളിക്കു ഒരു ആദായമായി പരിണമിക്കണമെന്നും നിശ്ചയിച്ചതും അഞ്ചു വണ്ണവും മണിഗ്രാമവും അവരുടെ രക്ഷാധികാരികളായി ഇരിക്കുന്നതിലേക്കു പ്രതിഫലമായ കത്തക്കവണ്ണം അതു ജനങ്ങളും പ്രസ്തുത ഗ്രാമങ്ങളും ജന്മിഭോഗം നൽകേണ്ടതാണെന്ന ഏർപ്പാടു ചെയ്തതും ആയ സംഗതികളുടെ നിദർശകമാകുന്നു. ഈ ന്യൂ നഗരവാസികളും പള്ളി ഇടവകയിൽ ഉൾപ്പെടാത്തവരാകയാൽ ഹിന്ദുക്കളായിരിക്കാനെ ഇടയുള്ളു. മെഞ്ചേടിലെ പ്രസ്താവം കൊണ്ടും ഈ ഊഹം പ്രബലപ്പെടുന്നുണ്ട്. ഇനിയും മെഞ്ചേടിൽ പലതും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അവ സുഗ്രഹങ്ങളാകയാൽ അവയെപ്പറ്റി അധികം പ്രസ്താവിക്കുന്നില്ല. കൊല്ലം ദേവാലയത്തിനു തരിസാപള്ളിഎന്ന പേർ സിദ്ധിക്കുന്നതിനുണ്ടായ കാരണത്തെപ്പറ്റി പിന്നീടു വിവരിക്കുന്നതാണു.

൫൬. ഏഴു മുതൽ ഇതു വരെയുള്ള ലക്ഷങ്ങളിലായി ചെമ്പേടു കൊടുത്ത രാജാക്കൾ, അതു വാങ്ങിയവർ, ചെമ്പേ

ടിന്റെ കാലം, ഋതിവടങ്ങിയിരിക്കുന്ന സംഗതികളും, ഉർഗ്ഗ മങ്ങളായ ഭാഗങ്ങളുടെ വ്യാഖ്യാനം മുതലായി പല കൃത്യങ്ങളും വിവരിച്ചു കഴിഞ്ഞു. ഇവയിൽ ഓരോന്നും നമ്മെ ഗ്രഹിപ്പിക്കുന്നതു ആദ്യശാസനത്തിൽ പറയപ്പെട്ട രവികുത്തൻ കുത്തനാരമ്മരുടെ നേതാവായ അക്കാലത്തെ മെത്രാനായിരുന്നെന്നും അദ്ദേഹം മഹോദേവർപട്ടണത്തിലെ അധികാരിയാണെന്നു ചെമ്പേടിൽ എഴുതിയിരിക്കുന്നതു ആ നഗരവാസികളായ ക്രസ്ത്യാനികളുടെ നായകനായിരുന്നതു കൊണ്ടാണെന്നും കുത്തനാരമ്മരെക്കാൾ ഉൽകൃഷ്ടനായിരുന്നതിനാലാണെന്നു ആ ഭേദത്തിനു സൂചന കുത്തനാർ [രവികുത്തൻ] എന്ന താമ്രശാസനദ്വാരാ സംജ്ഞ സിദ്ധിച്ചതെന്നും ക്രൈസ്തവ സമുദായത്തിന്റെ നേതാവെന്ന നിലയിൽ ആണ രവി കുത്തനു രാജകീയമായ പല പദവികളും ചുങ്കം തരകു തുടങ്ങിയുള്ള നികുതികളും പിരിക്കാനുള്ള അവകാശവും അധികാരവും നൽകിയതെന്നും മറ്റും ആണു. ഇപ്രകാരം ആ താമ്രശാസനം വഴിയായി രവികുത്തന്റെ വാസസ്ഥാനത്തിനു മണിഗ്രാമമെന്ന പേർ സിദ്ധിക്കുകയും അദ്ദേഹം ആ ഗ്രാമത്തിന്റെനേതാവായി ഭവിക്കുകയും ചെയ്തു. ഇവിടെ ഒരു സംശയം വരാവുന്നതു ചെമ്പേടിൽ എഴുതപ്പെട്ടിരിക്കുന്ന രാജദാനങ്ങൾ രവികുത്തനും പിന്തുടർച്ച വഴിക്കു അദ്ദേഹത്തിന്റെ പുത്ര പൌത്രാദികൾക്കും സുസ്ഥിരമായിരിക്കുന്നതാണെന്ന കാണുന്ന ഭാഗം മേൽ പറഞ്ഞതിനു വിപരീതമല്ലയൊ എന്നുള്ളതാണു. ഈ ശങ്ക നിസ്സാരമത്രെ. പുത്രപൌത്രാദികം എന്ന അതിൽ പ്രയോഗിച്ചിരിക്കുന്നതു് പരമ്പരാവകാശത്തെ വക്ഷിക്കുന്നതിനു വേണ്ടിയും ദേശമര്യാദ ഹൈന്ദവാചാരം മുതലായവയെ അനുസരിച്ചും ആണെന്നുള്ളതിനു യുദന്മാക്കു കൊടുക്കപ്പെട്ട ചെമ്പേടുതന്നെ ഉൽകൃഷ്ട ദൃഷ്ടാന്തമാണു്. യുദന്മാരുടെ ചെമ്പേടു രണ്ടാം ആറാണ്ടിൽ എഴുതപ്പെട്ടിട്ടുള്ളതത്രെ. ഇതു എഴുതപ്പെട്ട കാലം കല്യബ്ദം ൪൪൭൨-ന തുല്യമായക്രിസ്ത്വബ്ദം ൯൭൨ ആണെന്നു ചില ചരിത്രകാരന്മാർ പറയുന്നതു സമ്മതികൂമായി കാണപ്പെടുന്നില്ല. ആ ശാസനത്തിൽ സിംഹീതങ്ങളായ സ്വാതന്ത്ര്യങ്ങ

ം യോസേപ്പുറമ്പാനും അദ്ദേഹത്തിന്റെ പുത്രന്മാക്കും പുത്രീകൾക്കും അവരുടെ ഭർത്താക്കന്മാക്കും പരമ്പരായത്തമായി നൽകപ്പെട്ടിരിക്കുന്ന എന്നാണ് പറഞ്ഞു കാണുന്നതു. [43] കൊട്ടങ്ങല്ലൂരിലെ ആട്ടി മെത്രാന്റെ കാലശേഷം തദ്ദേശീയരായി കളായി തീർന്നവർ പകലോമറ്റം കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഈ ശബ്ദത്തിനു പാശ്ചാത്യദേശങ്ങളിൽ Campus Solis (Campus: മറ്റം. Solis: സൂര്യന്റെ) എന്നാണ് അർത്ഥം. സുറിയാനി ഹൈരാർക്കിയിൽ രചിക്കപ്പെട്ട "സുറിയാനി സഭാചരിത്ര സംഗ്രഹത്തിൽ ഈ സംഗതിയെ ബലപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ വളരെയുണ്ട്. രവികർണ്ണൻ എന്ന വാക്കിനു ഈ ശബ്ദ സംബന്ധവും സ്പീകരിച്ചുമായിരിക്കുന്നു. അദ്ദേഹത്തിന്റെ സ്ഥാനത്തിൽ തുല്യാനുഗാമിയായി നിയമിക്കപ്പെട്ട ആളാകുന്നു സബരീശോ. രവികർണ്ണൻ മണിഗ്രാമത്തിന്റെ നായകനായിരുന്നതു പോലെ സബരീശോയും ആ സ്ഥാനം നിർവ്വഹിച്ചിട്ടുണ്ട്. ഈ ദേഹം പലപ്പോഴുമാരെ സാക്ഷികളാക്കികൊണ്ടും സ്ഥാണുരവി ഗുപ്തചക്രവർത്തിയുടെ അനുമതി സമേതവും വേണാട്ടു രാജാവിന്റെ അറിവോടുകൂടിയും ആണ്ടു തരിസാ പള്ളിക്കു മെമ്പോട്ട ഏഴരി കൊടുത്തിട്ടുള്ളതു. ഇതും മെമ്പോടിൽ പറയുന്ന മറ്റുപല കാര്യങ്ങളുടെ സ്വഭാവവും ആലോചിച്ചാൽ സബരീശോയിക്കു മണിഗ്രാമത്തിന്മേൽ അധിപത്യമുണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ കീഴിൽ അനവധി ആളുകളും അടിമകളും ഭൃസ്വത്തുക്കളും ഉണ്ടായിരുന്നു എന്നും അങ്ങനെ ഒരാൾക്കല്ലാതെ ഇവയൊക്കയും നിർവ്വഹിക്കുന്നതിനു സാദ്ധ്യമല്ലായിരുന്നു എന്നും തന്നിമിത്തം അദ്ദേഹം മഹോദേവർ പട്ടണത്തിൽ വസിച്ചിരുന്ന മെത്രാനായ രവികർണ്ണന്റെ അനുഗാമിയായിരുന്നു എന്നും നമുക്കു തീർച്ചയാക്കാവുന്നതാണ്. പ്രസ്തുത മെമ്പോട്ടകം രണ്ടും സൂക്ഷിച്ചു വന്നിരുന്നതും മെത്രാന്മാർ തന്നെയായിരുന്നു. ഇതിനു കാരണം ആ രണ്ടു രേഖകളും അവക്കു നൽകപ്പെട്ടതായാലും അവരെ സംബന്ധിച്ചുള്ളവ ആകകൊണ്ടും ആകുന്നു. ഇപ്രകാരം ഓരോതലമുറകളിലും മെത്രാന്മാർ തന്നെ അവ

യെസൂക്ഷിച്ചു വരുകയും പിന്നീട് പരിനാറാം ശതാബ്ദത്തിൽ പോട്ടുഗീസുകാർ ആ ലക്ഷ്യങ്ങളെ ആറശ്യപ്പെടുകയും അന്ന സുറിയാനിക്കാരുടെ പ്രധാന മതാദ്ധ്യക്ഷനായിരുന്ന മാർ യാ ക്കോബു താമ്രശാസനങ്ങളെ അവക്കു എഴുതിച്ചു കൊടുക്കുകയുമുണ്ടായി (44). അതുകൊണ്ടു മുകളിൽ എഴാം ലക്ഷത്തിൽ പറഞ്ഞിട്ടുള്ളതുപോലെ തോമ്മാദ്ധീഹാ സ്ഥാപിച്ച മേൽപട്ടക്കാർക്കു പിൻഗാമികളും ഉണ്ടായിരുന്നെന്നും പ്രസ്തുത രവികുത്തനസബറീശോയും അങ്ങനെയുള്ള അനുഗാമികളിൽ ഉൾപെട്ടരണ്ടു പേർ ആയിരുന്നു എന്നും ഉള്ളതു നിസ്സംശയമാണ്.

൬൪. പാട്ടിൽ പറയുന്ന ആറാമത്തെ സംഗതി ചോഴമണ്ഡലത്തിലെ വിശ്വാസികൾക്കുവേണ്ടി അവിടെ പട്ടക്കാരെ ഏർപ്പെടുത്തിയതും മലയാളത്തിൽ ഏഴു പ്രധാന സ്ഥാനങ്ങളിൽ വിശ്വാസികളുടെ ആത്മവിചാരിപാലനാർത്ഥം പ്രഭുജനങ്ങളുടെ നിശ്ചയത്തിൽ പ്രധാനികളും യോഗ്യന്മാരുമായ ഏഴു പേരെ തെരഞ്ഞെടുത്തു പട്ടക്കാരായി നിയമിച്ചതും അവരിൽ തന്നെ നാലു പേരെ റമ്പാന്മാരായി (Teaching clergy) പ്രതിഷ്ഠിച്ചതും വിശ്വാസികൾ ധർമ്മദാനമായി ദ്ധീഹായെ ഏല്പിച്ച പൊതുമുതൽ ദൈവാരാധനക്കും അവരുടെ ആത്മികാഭിവൃദ്ധിക്കും വേണ്ടി യഥാമാർഗ്ഗം ഉപയോഗിക്കത്തക്കവണ്ണം പ്രാപ്തന്മാരും ആപ്തന്മാരുമായ ഇരുപത്തൊന്നു മൂപ്പന്മാരെ ഏർപ്പെടുത്തിയതും മറ്റുമാണ്. (ഒ മുതൽ ന്വ- വരെയും ൻവ മുതൽ ഥാഠ വരെയും ഥവ്ഥ മുതൽ ഥവ്വ വരെയും ഠൻ മുതൽ ഠഥാ വരെയും ഠഠ്ഥ മുതൽ ഠഠ്ര വരെയും നൻ മുതൽ നഥന്ന വരെയുംള്ള വരികൾ നോക്കുക). ഈ പ്രസ്താവത്തെ സാധൂകരിക്കുന്നതിനു ഉപയുക്തമായ തെളിവുകളെയാണു താഴെ ചേർക്കുന്നതു്.

പൂർവ്വ ക്രിസ്ത്യാനികളെപ്പറ്റി വേദാഗമത്തിൽ വിവരിച്ചിട്ടുള്ള സംഗതികളും ഈ പ്രസ്താവത്തോടു പൂർണ്ണമായി യോജിക്കുന്നുണ്ടു്. അവക്കുണ്ടായിരുന്നവയെല്ലാം പൊതുവിൽ ആയി

ങ്ങനൊന്നും അവരുടെ സമ്പ്രദായങ്ങൾ ശ്ലീഹന്മാരെ ഏല്പിക്കുകയാണ്ന ചെയ്തതെന്നും അജനസമുദായം ഏകാഭിപ്രായവും ഏകാത്മാവും ഉള്ള ഒരു വഴ്ത്മായിരുന്നൊന്നും മറവുമാണല്ലൊ അവരെപ്പറ്റി വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതു. [ശ്ലീഹന്മാരുടെ നടപടി [അ. ൨. വ. ൪൨. അ. ൪. വ. ൩൨. ൩൪]. പൊതു മുതൽ ഭരിച്ചു നടത്തുന്നതിനായി വി. ശ്ലീഹാ ഏഴു സ്ഥാനങ്ങളിലായി ഇരുപത്തൊന്നു പേരെ ഏല്പ്പെടുത്തി എന്നതുമതിൽ നിന്നു നാം ഗ്രഹിക്കുന്നതു യൂദാരാജ്യത്തിലെ ക്രിസ്ത്യാനികളും മറവു ശ്ലീഹന്മാരുടെ പക്കൽ അവരവർക്കുള്ള സ്വത്തുക്കളും ഏല്പിച്ചു കൊടുത്തതു പോലെ ഏതദ്ദേശീയരായ വിശ്വാസികളും അനവധി ദ്രവ്യം വി. തോമ്മാ ശ്ലീഹായിൽ ഭരമേല്പിച്ചു എന്നും അവയെ വേണ്ട വിധം വിചാരണ ചെയ്യുന്നതിൽ ജനങ്ങളുടെ ആത്മോപകാരത്തിനായി ഉപയോഗിക്കുന്ന വിഷയത്തിൽ അധികൃതന്മാരായ പട്ടക്കാരെ സഹായിക്കുന്നതിലേക്കുവേണ്ടിയാണ ഇരുപത്തൊന്നു മൂപ്പന്മാരെ [ആറാം പട്ടക്കാരെ] തെരഞ്ഞെടുത്തു ഏല്പ്പെടുത്തിയതെന്നും അനുമാനം. ചോഴമണ്ഡലത്തിലെ ക്രിസ്ത്യാനികൾ സ്വന്ത ധനങ്ങളെയെല്ലാം വിശുദ്ധ ശ്ലീഹായെ ഏല്പിക്കുകയും അവയെ യഥാവിധി കൈകാര്യം ചെയ്യുന്നതിനും പൊതുഗുണത്തിനുതകത്തക്കവണ്ണം ഉപയോഗിപ്പാനും മറവും ആവശ്യമുള്ള സകല ഏർപ്പാടുകളും ശ്ലീഹാ ചെയ്തു എന്ന പാട്ടിൽ (ക്രമൻ മുതൽ ക്രൻവ വരെ ഉള്ള വരികളിൽ) പറയപ്പെട്ടിരിക്കുന്നതു പോലെ ഇവിടെയും വേണ്ടനടപടികളെ വി. പ്രേഷകൻ ഏർപ്പെടുത്താതിരുന്നില്ല. ജനസമുദായത്തെ ഭരിക്കുന്നതിനു വൈദികന്മാരേയും വൈദികവൃത്തി തൽസംബന്ധമായ പഠനങ്ങളും മതലായവ മറവുള്ളവരെ അഭ്യസിപ്പിക്കുന്നതിനു റമ്പാന്മാരേയും [റമ്പാൻ എന്നു സുറിയാനി പദത്തിനു ഗുരു എന്നും മല്പാൻ എന്നുമാണ അർത്ഥം] വൈദികന്മാരെ സഹായിക്കുന്നതിനു ആറാം പട്ടക്കാരേയും ഇവരെയെല്ലാം തന്റെ പ്രാതിനിധ്യാവസ്ഥയിൽ ഭരിക്കുന്നതിനു മെത്രാനേയും വി. ശ്ലീഹാ തന്നെ നി

യമിക്കയുണ്ടായിട്ടുണ്ട്. ഏതന്മൂലം മറ്റു രാജ്യങ്ങളിൽ ഉണ്ടാ
യിരുന്നതായി വി. ലൂക്കാ സാക്ഷിക്കുന്നതു പോലെ ഏകാഭി
പ്രായവും ഏകാത്മാവും ഉള്ള വിശ്വാസികളുടെ ഒരു സമൂഹം
മലങ്കരസഭയുടെ ആരംഭകാലങ്ങളിൽ ഇവിടെയും ഉണ്ടായിരു
ന്നു എന്നു വിശദമാണ്.

വി. ശ്ലീഹാ തപ്പുകാലത്തേക്കൊ അഥവാ കുറേക്കാല
ത്തേക്കൊ മാത്രം നില നില്ക്കുന്നതായിട്ട അല്ല ഇൻഡ്യയിൽ
ക്രിസ്തീയസഭയെ സ്ഥാപിച്ചിട്ടുള്ളതു്. "പ്രത്യുത നിങ്ങൾ പോ
യി സകല ജാതി ജനങ്ങളേയും പഠിപ്പിച്ചു പിതാവിന്റേയും
പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ മാ
മ്മോദീസാ മുക്കുവിൻ. നിങ്ങളോടു ഞാൻ കല്പിച്ചിട്ടുള്ളവ
യെല്ലാം അവരെ നിങ്ങൾ പഠിപ്പിപ്പിൻ. ലോകാവസാനം
വരെ നിങ്ങളോടുകൂടി ഞാൻ ഉണ്ടായിരിക്കുന്നുതാനും." [മ
ത്തായി അ. ൨൮. വ. ൧൯. ൨൦] എന്നു ശ്ലീഹന്മാരോടു ദിവ്യര
ക്ഷകൻ അരുളിച്ചെയ്തതനുസരിച്ചു ലോകത്തിന്റെ അന്തിമ
ഘട്ടം വരേ നിലനില്ക്കുന്നതായിട്ടുള്ള സഭയേയാണു പ്രേഷക
ന്മാർ സർവ്വത്ര സ്ഥാപിച്ചിട്ടുള്ളതെന്നു സിദ്ധമാകുന്നു. ഈസ്ഥി
തിക്കു വി. തോമ്മാശ്ലീഹായും ഇൻഡ്യൻ സഭയെ എന്നാളും
നിലനില്ക്കുന്നതിനുവേണ്ട സകല ഏർപ്പാടുകളോടും കൂടിയാണു
ബീജാവാപം ചെയ്തിട്ടുള്ളതെന്നു പ്രത്യേകം പറയേണ്ടതില്ല
ല്ലൊ. ഇപ്രകാരം സഭനില നില്ക്കണം എങ്കിൽ ജനങ്ങളെ
വേദാചാര വിശ്വാസാദികളിൽ അനുക്രമമായി നയിപ്പിക്കുന്നു
തിനു വൈദികഗണം അവശ്യം ഉണ്ടായിരിക്കേണ്ടതാണു് അ
ങ്ങനെയുള്ള പുരോഹിത പരമ്പരയെ സംരക്ഷിക്കണമെങ്കിൽ
അതിനു ആവശ്യമുള്ള അറിവു, വൈദിക വൃത്തി മുതലായവ
യെ അഭ്യസിപ്പിക്കേണ്ടവരായ റമ്പാന്മാർ അഥവാ എപ്പിസ്കോ
പ്പാ അവശ്യാവശ്യകമാകുന്നു. എന്നു മാത്രവുമല്ല വൈദിക
സ്ഥാനം നില നിത്തിക്കൊണ്ടു പോരുന്നതിലേക്കു മേല്പട്ടക്കാ
രും കൂടിയെ മതിയാവു. ഏതന്മൂലം ഈ വക ഏർപ്പാടുകളെ
ല്ലാം വി. ശ്ലീഹാ ഇവിടെ പ്രതിഷ്ഠിച്ചിട്ടുള്ളതു രക്ഷകനായ ക്രി

സ്ലീവിന്റെ നിയോഗത്തോടും ഇതര പ്രേഷകന്മാരുടെ പ്രവൃത്തികളോടും പൂർണ്ണമായി യോജിക്കുന്നു. വേദകാര്യങ്ങളെ പഠിപ്പിക്കുന്നതിനു റമ്പാന്മാർ എന്ന ഒരു ഗുരുസംഘം യൂദന്മാക്കുണ്ടായിരുന്നതായി ശ്ലീഹന്മാരുടെ നടപടി ൫-ാം അദ്ധ്യായം ൩൪-ാം വാക്യത്തിൽ നിന്നു നമുക്കറിയാം. അവിടെ ഗമലിയേലിനെപ്പറ്റി ܪܒܢ ܛܒ̈ܐ വേദാദ്ധ്യാപകൻ എന്നാണു പറയുന്നതു. അതുപോലെതന്നെ നടപടിപുസ്തകം ൧൩-ാം അദ്ധ്യായം ൧-ാം വാക്യത്തിൽ അന്ത്യോക്യാ സഭയിൽ ഗുരുക്കന്മാരായ മല്പാന്മാർ അഥവാ റമ്പാന്മാർ ഉണ്ടായിരുന്നതായി പ്രസ്താവിച്ചിട്ടുണ്ടു്. അന്ത്യോക്യാ സഭയിൽ മറ്റു ശ്ലീഹന്മാർ ഗുരുക്കന്മാരായ റമ്പാന്മാരെ ഏല്പിച്ചതുപോലെയാണു വി. തോമ്മാ കേരളത്തിൽ പട്ടക്കാരായ ചിലരെ റമ്പാൻ പദവിയിൽ നിയമിച്ചിട്ടുള്ളതു്.

"ശ്ലീഹന്മാരുടെ ഉപദേശം" എന്ന പേരായ ഒരു പുരാതന സുറിയാനി രേഖയിൽ പൂർവ്വ സഭയിലെ നടപടികളെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. (45) "ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിൽ അവരുടെ മരണശേഷം മാർഗ്ഗദർശികളും ഭരണകർത്താക്കന്മാരും ഇല്ലാതിരുന്നില്ല. വി. പ്രേഷകന്മാർ അവരെ പഠിപ്പിച്ചിരുന്നതും ശ്ലീഹന്മാരിൽ നിന്നു കേട്ടറിഞ്ഞിരുന്നതുമായ സകല സംഗതികളേയും അവർ ആജീവനാന്തം ജനങ്ങളെ അഭ്യസിപ്പിച്ചിരുന്നു. ക്രമത്തെ അവർ ശ്ലീഹന്മാരിൽ നിന്നു കേട്ട അറിഞ്ഞിരുന്നവരും, യാക്കോബ് ഓർശ്ലേമിൽ നിന്നും ശെമഓൻ [പത്രോസ്] റോമയിൽ നിന്നും യോഹന്നാൻ അപ്പേസോസിൽ നിന്നും മർക്കോസ് അലക്സാന്ത്രിയായിൽ നിന്നും അന്ത്രയോസ് പ്രീജിയായിൽനിന്നും ലൂക്കാ മാസിഡോനിയായിൽനിന്നും യൂദാസ് തോമ്മാ ഇൻഡ്യയിൽ നിന്നും എഴുതിയിരുന്നവയേയും തങ്ങളുടെ മരണ സമയങ്ങളിൽ പിൻഗാമികളായ സ്വശിഷ്യന്മാരെ പഠിപ്പിക്കയും ഭരമേല്പിക്കയും ചെയ്തു. ലൂക്കാ എഴുതിയിട്ടുള്ള അപ്പസ്തോല നടപടികളും ക്രിസ്തീയ സഭകളിൽ എപ്രകാരം വായിക്കപ്പെട്ടുന്നുവോ അതുപോലെതന്നെ ശ്ലീ

ഹന്മാരുടെ ലേഖനങ്ങളും അംഗീകരിക്കണമെന്നും സകല ദേവാലയങ്ങളിലും വായിക്കപ്പെടേണ്ടതാണെന്നും സ്വന്തശിഷ്യന്മാരോട് അവർ ആജ്ഞാപിച്ചു." ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ടതു ശ്ലീഹന്മാർ സുവിശേഷ പ്രസംഗം ചെയ്തിരുന്ന സ്ഥലങ്ങളിൽ നിന്നും അന്യോന്യം എഴുത്തുകൾ അയച്ചിരുന്നു എന്നും അവർ സ്ഥാപിച്ച സഭകളിൽ ഏക വിശ്വാസവും ഐകമത്യവും ഏകാധിപത്യവും ഉണ്ടായിരുന്നു എന്നും ഉള്ള സംഗതികളാണ്.

൮൭. പാട്ടിൽ പറയുന്ന ഏഴാമത്തെ സംഗതി വി. തോമ്മാ ശ്ലീഹായുടെ നാമത്തെ ഭക്തിപൂർവ്വം സ്വന്ത അഭിധാനമായി അംഗീകരിച്ചിരുന്ന മാളിയേക്കൽ തോമ്മാറമ്പാന്മാ ശ്ലീഹാ വിശേഷാശിസ്സു നൽകിയതും അദ്ദേഹത്തിന്റെ പിതൃവഴിക്കു അനുക്രമമായി പട്ടക്കാരുടെ നില നില്പ് ഉണ്ടാകുമെന്നു പ്രവചിച്ചതും താൻ പ്രസംഗിക്കുന്നതിനായി കൊണ്ടുവന്നിരുന്ന സുവിശേഷ ഗ്രന്ഥം അദ്ദേഹത്തെ ഏല്പിച്ചതും മറ്റുമാകുന്നു. [൮൬൦ മുതൽ ൮൭൨ വരെ ഉള്ള വരികൾ നോക്കുക].

വി. പന്തേനൂസ് ഇൻഡ്യയിൽനിന്നു രണ്ടാം ശതാബ്ദാവസാനത്തിൽ ഒരു സുവിശേഷ ഗ്രന്ഥം അലക്സാന്ത്രിയായിലേക്കു കൊണ്ടുപോയി എന്നും അതു വി. മത്തായിയുടെ സുവിശേഷമായിരുന്നു എന്നും ഉള്ള സംഗതി നാലാം നൂറ്റാണ്ടിലെ പ്രസിദ്ധ ചരിത്രകാരന്മാരായ എവുസേബിയസ്, വി. ഈറാനിമ്മോസ്, റുഫീനോസ് മുതലായവരുടെ കൃതികളിൽ കാണാവുന്നതാണ്. എന്നാൽ ഇതു വി. തോമ്മാശ്ലീഹാ ഇൻഡ്യയിൽ നിക്ഷേപിച്ചിരുന്നതായി മേൽപറയപ്പെട്ട വിശുദ്ധ ഗ്രന്ഥം തന്നെയാകുന്നു. വാസ്തവം ഇപ്രകാരമാണെങ്കിലും പ്രസ്തുത പുസ്തകം വി. ബർത്തൊൽമ്മൈ ശ്ലീഹാ ഇൻഡ്യയിൽ വച്ചിരുന്നതായിട്ടാണു നിദ്ദിഷ്ടഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നതു. സാക്ഷാൽ നമ്മുടെ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചതു തോമ്മാശ്ലീഹാ ആണെന്നും പ്രസ്തുത വി. ബർത്തൊൽമ്മൈ

അല്ലെന്നും ഉള്ളതു യഥാർത്ഥമാകയാൽ ബർത്തൽമ്മെ ഇവിടെ എഴുതിച്ചിരുന്ന സുവിശേഷമാണു് പന്തേന്യസു കൊണ്ടു പോയതെന്നും പറയുന്നതു എങ്ങനെയാണു്? എന്ന ഒരു സംശയം നേരിടുന്നു. ഏതായാലും ആ സുവിശേഷഗ്രന്ഥം വി. ബർത്തൊമ്മെ ആണു് ഇവിടെ വച്ചിരുന്നതെങ്കിൽ അതിലേക്കുള്ള തെളിവുകൾ എന്തെല്ലാമെന്നും അഥവാ തെളിവുകൾ ഇല്ലാത്തപക്ഷം പ്രസ്തുത ഗ്രന്ഥകാരന്മാർ അങ്ങിനെ പറയുന്നതിന്റെ കാരണം എന്താണെന്നും നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു പ്രഥമതഃ ബർത്തൊമ്മെ ശ്ലീഹാ ഈ ഇൻഡ്യയിൽ സുവിശേഷപ്രസംഗം ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അദ്ദേഹം പ്രേഷകവൃത്തി നിർവ്വഹിച്ചതു എവിടെയാണെന്നും പരിശോധിക്കാം. വാസ്തവത്തിൽ ഈ ശ്ലീഹാ ഭാരത വർഷത്തിൽ സുവിശേഷം പ്രസംഗിക്കയുണ്ടായിട്ടില്ല. പ്രസംഗിച്ചതായി യാതൊരു തെളിവുകളും ഇല്ല. അദ്ദേഹം സുവിശേഷോപദേശം ചെയ്തിട്ടുള്ളതു അക്കാലത്തു ഇൻഡ്യ എന്ന പേരുണ്ടായിരുന്നതും ഇപ്പോൾ എൽയേമൻ (Elyemen) എന്നു പറയപ്പെടുന്നതുമായ അറേബിയാ ഫെലിക്സ് എന്ന രാജ്യത്താണെന്നു നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന സോക്രറീസു്, റുഫീനസു്, മുതലായ ഗ്രന്ഥകാരന്മാർ സാക്ഷിക്കുന്നുണ്ടു്. (46) തദ്ദേശ നിവാസികളായ ഹോമേരീത്തർ അഥവാ സബേയന്മാർ അലക്സാന്ത്രിയായിലെ പാത്രിയർക്കീസിന്റെ അധികാരാധീനന്മാരായിരുന്നതിനാൽ അവിടേയ്ക്കാണു് വി. പന്തേന്യസു തന്റെ നേതാവായ ഒമേത്രിയൂസു് എന്ന മെത്രാനാൽ അയയ്ക്കപ്പെട്ടതു്. (47) അവിടെ നിന്നു പന്തേന്യസു് കേരളത്തിലേക്കു വരുവാനുണ്ടായ കാരണം താഴെ പറയുന്നതാണു്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളീയ ക്രിസ്ത്യാനികൾക്കു വലുതായ ഒരു പരുവം സംഭവിച്ചു. ഇതിന്റെ സ്വഭാവത്തെപ്പറ്റി ഉള്ള പരമ്പരാവാർത്തകൾ പലവിധമാണെന്നിരുന്നാലും അങ്ങനെ ഒരു സംഭവമുണ്ടായി എന്നുള്ളതു അവിതർക്കിതമത്രെ. വി-

ഈറാനിമ്മോസു് മുതലായ മേൽപറയപ്പെട്ട ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങളാൽ തുക സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടു്. എവുസേബിയോസു് ഈ സംഗതിയേപ്പറ്റി പ്രസ്താവിക്കുന്നതു അലക്സാന്ത്രിയായിലെ വിഖ്യാതമായ വേദശാസ്ത്ര വിദ്യാലയത്തിന്റെ ഭരണകർത്താവായിരുന്ന വി. പന്തേനുസു് സുവിശേഷ പ്രസംഗാർത്ഥം ഇൻഡ്യയിലോളം പോയെന്നും അവിടെ മത്തായിയുടെ വിശുദ്ധോപദേശം ഗ്രഹിച്ചിരുന്നവർ അദ്ദേഹത്തിന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നുഎന്നുമാണു് വി. ഈറാനിമ്മോസാകട്ടെ ഇൻഡ്യാനിവാസികളുടെ അപേക്ഷപ്രകാരം പന്തേനുസു് ഭാരത ഭൂമിയിലേക്കു അയക്കപ്പെട്ട എന്നു കൂടെക്കൂടി വിശദമായി പ്രസ്താവിക്കുന്നു. റുഫീനോസും (Rufinus) ഇപ്രകാരം തന്നെയാണു പറയുന്നതു്. [48] ഏതാമൂലം ഇങ്ങനെ ഒരപേക്ഷയ്ക്കു ഇൻഡ്യയിൽ മതിയായ കാരണം നേരിട്ടിരുന്നു എന്നും അതിനെ പരിഹരിക്കാൻ സ്വയമേവ ശക്തിമല്ലാതെ പോയതിനാലാണു തദ്ദേശവാസികളും പന്തേനുസിന്റെ സഹായം പ്രാർത്ഥിച്ചതെന്നും ഉള്ള സംഗതി നിസ്സംശയമാണു്. അക്കാലത്തുകട്ടെ തത്വജ്ഞന്മാരായബ്രാഹ്മണർ ദക്ഷിണ ഇൻഡ്യയിലെ ക്രിസ്ത്യാനികളോടു മത സംബന്ധിതങ്ങളായ പല തർക്കങ്ങളും ഉപദ്രവങ്ങളും ചെയ്തുകൊണ്ടിരുന്നു. വി. ഈറാനിമ്മോസു് തന്റെ കൃതിയിൽ മറ്റൊരിടത്തു പ്രസ്താവിച്ചിട്ടുള്ള വിവരണത്തിൽനിന്നുഈ വസ്തുത സുഗ്രഹമാണു്. അദ്ദേഹം പന്തേനുസു ഇൻഡ്യയിലേക്കു പുറപ്പെട്ടതു ബ്രാഹ്മണരുടെ കുതർക്കങ്ങളെ എതിർക്കുന്നതിനും ക്രിസ്തീയ മതതത്വങ്ങളെ പ്രസംഗിക്കുന്നതിനും വേണ്ടി ആയിരുന്നു എന്നാതെ പറയുന്നതു [49]. വാസ്തവത്തിൽ പ്രസ്തുത ഉപദ്രവകാരികളായ ബ്രാഹ്മണരെ നിരോധിക്കുന്നതിനു തദ്ദേശീയരായ ക്രിസ്ത്യാനികൾക്കു സാധിക്കാതെ പോയതിനാൽ അവരുടെ ക്രൈസ്തവമത ദ്വേഷകങ്ങളായ സിദ്ധാന്തങ്ങളെ ന്യായവാദം കൊണ്ടു ഉന്മൂലനം ചെയ്യുന്നതിനു ആയിട്ടാണു വിശ്വാസികളും വി. പന്തേനുസിനെ കേരളത്തിലേക്കു അയച്ചതെ

ന്നുള്ളതിനു സന്ദേഹമില്ല. അറേബിയാ ഫെലിക്സ് അഥവാ തെക്കേ അറേബിയാ മുതലായ രാജ്യങ്ങളിൽ ക്രിസ്തൻ മുതൽ ഏഴാം നൂറ്റാണ്ടു വരെ ഉള്ള ഈ സംവത്സരങ്ങളോളം വി. പന്തേനുസ് പ്രസംഗോത്സാഹം സഞ്ചരിച്ചിരുന്നു. [50] അക്കാലത്തു കേരളത്തിൽ നിന്നു ഒരു പ്രതിനിധിസംഘം അദ്ദേഹത്തിന്റെ പക്കൽ ചെല്ലുകയും തദ്നിമിത്തം ആ വന്ദ്യൻ ഇവിടെ വന്നു തപ്പവിത്തുകളായ ബ്രാഹ്മണരോടു എത്രയും പ്രസംഗങ്ങൾ ചെയ്തുയും തദ്വാരാ അവരുടെ ഉപദ്രവങ്ങളിൽ നിന്നു ക്രിസ്ത്യാനികളെ വിമോചിക്കയും ഉണ്ടായി. ഇപ്രകാരം വി. പന്തേനുസ് നിമിത്തമായി ഇവിടത്തെ ക്രൈസ്തവസഭയ്ക്കു ഒരു പുതിയ ചൈതന്യം സിദ്ധിക്കയാൽ ഈ നാട്ടിൽ സൂക്ഷിക്കപ്പെട്ടിരുന്ന മത്തായിയുടെ സുവിശേഷ ഗ്രന്ഥം അദ്ദേഹത്തിനു നൽകപ്പെടുകയും ആ വന്ദ്യൻ അതിനെ അലക്സാന്ത്രിയായിലെ വിശ്വവിഖ്യാതമായ ഗ്രന്ഥശാലക്കായി അംഗീകരിച്ചു തന്റെ കൂടെ കൊണ്ടുപോകയുംചെയ്തു ഉണ്ടായ്തു.

ഈ. മേൽപ്രസ്താവിച്ച ഭാഗങ്ങളിൽ നിന്നും പ്രാചീനകാലത്തെ നിർവ്വിഘ്ന ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങളിൽ നിന്നും വിശദമാകുന്നതു വി. പന്തേനുസ് ഇൻഡ്യ എന്നു പേരുണ്ടായിരുന്ന തെക്കേ അറേബിയാ ദേശത്തും സാക്ഷാൽ ഇൻഡ്യയിൽതന്നെയും സഞ്ചരിച്ചിട്ടുണ്ടു എന്നുള്ളതാകുന്നു. ഇനി അദ്ദേഹം കൊണ്ടുപോയ സുവിശേഷ ഗ്രന്ഥം ബർത്തൊലൂമ്മൈശ്ലീഹാ ഇവിടെ സംഗ്രഹിച്ചിരുന്നതാണെന്നു അവർ പറയുന്നതിന്റെകാരണത്തെ സംബന്ധിച്ചുകൂടി ആലോചിക്കാം. പന്തേനുസു അയക്കപ്പെട്ടതു് വി. ബർത്തൊലൂമ്മൈശ്ലീഹാ വേദം അറിയിച്ചതും അക്കാലത്തു ഇൻഡ്യ എന്നു പേരുണ്ടായിരുന്നതുംആയ ഒരു സ്ഥലത്തേക്കായിരുന്നു എന്നുള്ളതും അവിടെ നിന്നു മടങ്ങി ചെല്ലുകയിൽ സുവിശേഷ പുസ്തകം തന്നോടു കൂടി അലക്സാന്ത്രിയായിൽ കൊണ്ടുചെന്നു എന്നുള്ളതുംനിറ്റിവാദമത്രെ. ഏതന്മൂലമാണു എവുസേബിയോസു മുതലായ ഗ്രന്ഥകാരന്മാർ ബർത്തൊലൂമ്മൈ റിച്ചിരുന്ന സുവിശേഷം പന്തേ

ന്തസ്സ് കൊണ്ടുപോയി എന്നു പറയാൻ ഇടയായിട്ടുള്ളതു്. ഇതേ സംബന്ധിച്ചു രണ്ടാം അദ്ധ്യായം ൨൭-ാം വകുപ്പിൽ തന്നെ ചില ലക്ഷ്യങ്ങളും സംക്ഷിപ്തമായി കണിച്ചിട്ടുണ്ടു്. ക്രോതെ താഴെ പ്രസ്താവിക്കുന്ന ന്യായങ്ങളും തെളിവുകളും ഈ സംഗതിയെ പൂർവ്വാധികം വിശദീകരിക്കുമെന്നു വിശ്വസിക്കുന്നു.

a). തന്റെ കൈവശം കൊണ്ടുപോയതായ സുവിശേഷഗ്രന്ഥം ബർത്തൊലൊമ്മെ ഇവിടെ വച്ചിരുന്നതാണെന്നു വി. പന്തേനുസ് പറയുകയൊ എഴുതുകയൊ ചെയ്തിട്ടില്ല. അദ്ദേഹം അങ്ങിനെ ചെയ്തിട്ടുള്ളതായി വിപരീത ചരിത്രകാരന്മാർ വാദിക്കുന്നുമില്ല.

b). പന്തേനുസ് ജീവിച്ചിരുന്നതു ദ്വിതീയ ശതാബ്ദത്തിലാണു്. അദ്ദേഹത്തിന്റെ ഇൻഡ്യാ യാത്രയെ സംബന്ധിച്ചുള്ള വൃത്താന്തങ്ങളെ എഴുതിയിട്ടുള്ള പ്രസ്തുത ഗ്രന്ഥകാരന്മാരാകട്ടെ നാലാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ജീവിച്ചിരുന്നവരാണു്.

c). ഇവർ പന്തേനുസിനെപ്പറ്റി എഴുതിയിട്ടുള്ള വിവരങ്ങളെല്ലാം സ്വീയമായ അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ളവ അല്ലാതെ വി. പന്തേനുസിന്റെ ഏതെങ്കിലും ഒരു ലേഖനത്തെ ആസ്പദമാക്കി ചെയ്യപ്പെട്ടിട്ടുള്ളതല്ല.

d). ഇൻഡ്യാ നിവാസികളും അവരുടെ ഇടയിൽ വി. തോമ്മാശ്ലീഹാ ഒരു സുവിശേഷ ഗ്രന്ഥം വച്ചു സൂക്ഷിച്ചിരുന്നു എന്നു വാദിക്കുന്നുണ്ടു്. എന്നാൽ ബർത്തൊലൊമ്മെ വേദപ്രസംഗം ചെയ്ത ദേശത്തിലെ ജനങ്ങളും അങ്ങിനെ പ്രസ്താവിക്കുന്നുയില്ല. അതിനു രേഖയും ഇല്ല.

e). മേൽപറയപ്പെട്ട പ്രകാരം നമ്മുടെ ജന്മഭൂമിയായ ഈ നാട്ടിൽ അഥവാ സാക്ഷാൽ ഇൻഡ്യയിൽ ബർത്തൊലൊമ്മെ സുവിശേഷ പ്രസംഗം ചെയ്തിട്ടില്ലെന്നു നിശ്ചയമാകുന്നു. തന്മൂലം പ്രസ്തുത ഗ്രന്ഥകാരന്മാർ പന്തേനുസിന്റെ യാത്രയേയും

പ്രസംഗത്തെയും കുറിച്ചു പ്രത്യേകം സൂക്ഷ്മമായും നിഷ്കർഷാപൂർവ്വമായും യാതൊന്നും എഴുതാതെ അദ്ദേഹം ഇൻഡ്യയിൽ പോകുകയും അവിടെ നിന്നു മടങ്ങുകയും ചെയ്തു എന്നു മാത്രം പൊതുവായി എഴുതുകയാണല്ലോ ബർത്തൊലൈമെ ട്ടീഹാ ഇൻഡ്യയിൽ വച്ചിരുന്ന സുവിശേഷഗ്രന്ഥം അലക്സാന്ത്രിയായിലേക്കു അദ്ദേഹത്താൽ കൊണ്ടുപോകപ്പെട്ടു എന്നു പിശകായി പ്രസ്താവിക്കാൻ ഇടയായതു.

പന്തേനൂസ് ഇൻഡ്യയിൽ വന്നപ്പോൾ, ഇവിടെ സുവിശേഷപ്രസംഗം ചെയ്തതു മാർ തോമ്മായാണെന്നു ഏതദ്ദേശനിവാസികളും പറകയിൽ അദ്ദേഹം അതിനെ ബർത്തൊലൈമെ എന്നു തെറ്റിദ്ധരിച്ചു എന്നും അതിൻപ്രകാരം ആ വന്ദ്യൻ അലക്സാന്ത്രിയായിൽ ചെന്നു ഭാരതഭൂമിയിലെ സുവിശേഷപ്രാസംഗികൻ ബർത്തൊലൈമെ ആയിരുന്നു പറഞ്ഞു എന്നും ഈ കടം കഥയെ ചില ലേഖകന്മാർ രേഖപ്പെടുത്തി സൂക്ഷിച്ചതിനാലാണു ഇങ്ങനെയൊരു പിശകു വന്നിട്ടുള്ളതെന്നും മിസ്റ്റർ ഇട്ടപ്പ മുതലായവർ പറയുന്നുണ്ടു. ഇതു വിശ്വസനീയമാണെങ്കിൽ തോമ്മാ ട്ടീഹായുടെ ഇൻഡ്യയിലെ സുവിശേഷപ്രസംഗത്തെപ്പറ്റി ആ പ്രേഷകന്റെ മരണാനന്തരം അടുത്ത കാലത്തു ജീവിച്ചിരുന്നവരും ഭാരതവർഷത്തിലെ തോമ്മാ ക്രിസ്ത്യാനികളോടു കൂടി അല്പകാലമെങ്കിലും താമസിച്ചിട്ടുള്ള ആളും ആയ പന്തേനൂസിനു യാതൊരറിവും ഉണ്ടായിരുന്നില്ലെന്നു സമ്മതിക്കേണ്ടി വരുന്നു. അത്രമാത്രവുമല്ല വിദ്വാന്മാരായ ബ്രാഹ്മണരോടു വാദഭിക്ഷ നടത്തിയ അദ്ദേഹത്തിനു ഇൻഡ്യയിൽ ഭാഷയിൽ പരിജ്ഞാന മുണ്ടായിരുന്നില്ലെന്നും അനുമിക്കേണ്ടിവരും. ഇതു ഒരിക്കലും സംഭാവ്യമല്ല. തോമ്മാ ട്ടീഹാ ഇവിടെ വച്ചിരുന്ന സുവിശേഷഗ്രന്ഥം ഏതു ഭാഷയിൽ എഴുതപ്പെട്ടതായിരുന്നു എന്നതിനെ സംബന്ധിച്ചു കുടി സപ്തം പ്രസ്താവിച്ചു കൊണ്ടു ഈ പ്രകൃതം ഇവിടെ അവസാനിപ്പിക്കാം. പ്രസ്തുത പുസ്തകം കൽദായ സുറിയാനിയിലാണു വിര

ചിക്കപ്പെട്ടിരുന്നതു്. അതു വായിച്ചു ഗ്രഹിച്ചിരുന്നവരും അന്നു ഇവിടെ ഉണ്ടായിരുന്നു. മത്തായിയുടെ സുവിശേഷം ഒഴികെ 'പുതിയ നിയമ'ത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടവയാണെന്നും പ്രത്യുത മത്തായിയുടെ സുവിശേഷം അറമായ എന്നു ക്രൂടി പേരുള്ള കൽദായ സുറിയാനിയിലാണു നിർമ്മിക്കപ്പെട്ടതെന്നും ഉള്ള വാസ്തവം പൂർവ പിതാക്കന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും അവിതർക്കിതവുമാകുന്നു. നമ്മുടെ കർത്താവിന്റെ കാലത്തു യൂദന്മാർ സംസാരിച്ചിരുന്നതു എബ്രായ എന്നുക്രൂടി നാമധേയമുള്ള കൽദായ സുറിയാനി ഭാഷയത്രെ (51).

ക്രി. മാളിയേക്കൽ തോമ്മാ റമ്പാന്റെ "പിതൃവഴി"യിൽ അനുസ്മൃതമായി പട്ടക്കാർ ഉണ്ടായിരിക്കുമെന്നും മറവർ ക്രിസ്തീഹാ പ്രവചിച്ചിട്ടുള്ളതു ഏതല്ലാലപര്യന്തം ഉണ്ടായിട്ടുള്ള സംഭവങ്ങളാൽ യഥാർത്ഥീകൃതമായിട്ടാണിരിക്കുന്നതു്. തോമ്മാക്രിസ്തീഹായിൽ നിന്നു ഗ്രന്ഥപ്പട്ടം സ്വീകരിച്ച കുടുംബങ്ങളിൽ ഇക്കാലത്തും പട്ടക്കാർ ഉള്ളതായി ഒന്നാം അദ്ധ്യായം ഏഴാം വകുപ്പിൽ വിവരിച്ചിട്ടുണ്ടല്ലൊ. ക്രിസ്തുവർഷം ഫെബ്രുവരിമാസത്തിൽ ഇൻഡ്യയുടെ ഏ. ഉ. ദലഗാദപ്പോസ്തോലിക്കാ അയുത്തി അവർകൾ ആദ്യമായി മലയാളത്തുവന്ന അവസരത്തിൽ അന്നു കോട്ടയംവികാരി അപ്പോസ്തോലിക്കാ ആയിരുന്ന പൂജ്യനായ ലവിഞ്ഞുമെത്രാനവർകൾ അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രത്തിൽ ഒരിടത്തു തോമ്മാക്രിസ്തീഹാ പട്ടം കൊടുത്ത കുടുംബങ്ങളിൽ വൈദികന്മാരുടെ പരമ്പരാപട്ടിയെ ചൂണ്ടിക്കാണിച്ചു ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. പല ന്യായങ്ങളാലെ സ്തുതിക്കപാത്രമായ പട്ടക്കാർ ഇവിടെ ഉണ്ടായിരിക്കുന്നു. എന്തെന്നാൽ ഇവരിൽ ചിലർ തോമ്മാക്രിസ്തീഹായുടെ പട്ടക്കാരെന്നു പേരാലെ സ്തുതിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ എല്ലായ്പ്പോഴുമുള്ള പാരമ്പര്യം പരിപ്പിക്കുംവണ്ണം ചില കുടുംബങ്ങളിൽ അന്നുമുതൽ ഗ്രന്ഥപ്പട്ടം വിടാതെ കണ്ടു നില നിന്നിരിക്കുന്നു." (52) തോമ്മാക്രിസ്തീഹായിൽ നിന്നു ഗ്രന്ഥപ്പട്ടം സ്വീകരി

ച്ച കുടുംബങ്ങളും കേരളത്തിൽ പല സ്ഥലങ്ങളിലും ഉണ്ടെന്നുള്ളതു സുപ്രസിദ്ധമാണ്. ആകയാൽ ഈ സംഗതിയിൽ തോമ്മാശ്ലീഹായുടെ പ്രവാചകം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു നിസ്സംശയം തന്നെ.

൫൮. പാട്ടിൽ പറയുന്ന എട്ടാമത്തെ സംഗതി തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നശേഷം ഏറെ താമസിയാതെ ചൈനായിൽ പോയി നാലഞ്ചുസംവത്സരം കഴിച്ചു കൂട്ടുകയും അനന്തരം മടങ്ങിവന്നതിനു ക്രി. ന്യൻ മേടത്തിൽ അവിജ്ഞാതമായ രാജ്യങ്ങളിൽ സുവിശേഷപ്രസംഗാർത്ഥം സഞ്ചരിക്കയും അതുപരം വെ കുടകുകുന്നിൽ മറവു പലരാജ്യങ്ങളിലും വേദം ഉപദേശിച്ച ശേഷം തിരിച്ചു മൈലാപ്പൂരിൽ വരുകയും ചെയ്തുഎന്നുള്ളതാണ്. (൩൦ മുതൽ ൩൨ വരെയും ൩൯൯ മുതൽ ൪൰൫ വരെയും ൩൯൫ മുതൽ ൩൯൭ വരെയും ഉള്ള വരികൾ നോക്കുക).

൫൯. തോമ്മാ ചൈനായിൽ സുവിശേഷപ്രസംഗം ചെയ്കയും അവിടെ ദൈവരാജ്യത്തെ സംസ്ഥാപിക്കയുംചെയ്തുഎന്നുള്ളതു വാസ്തവം തന്നെയാണെന്നു പ്രാചീന ഗ്രന്ഥകാരന്മാരുടെ പലേ രേഖകളിൽ നിന്നും നമുക്കു വിദിതമാകുന്നുണ്ട്. ഈ സംഗതിയെ വിശദീകരിക്കുന്ന പല ഭാഗങ്ങളും അവരുടെ കൃതികളിൽ കാണാവുന്നതുമാണ്. ഏതാദൃശമായ രേഖകളിൽ പ്രധാനമായചില ലക്ഷ്യങ്ങളെമാത്രം താഴെ ചേർക്കാം.

൬൰. ജൂലായി മാസം ൩-ാം ൟ- ഉള്ള വി. തോമ്മാശ്ലീഹായുടെ തിരുനാളിൽ മലയാളത്തിലെ വൈദികന്മാർ ജപിച്ചുവരുന്ന കാനോനാജപത്തിന്റെ ഒരു ഭാഗത്തു പ്രസ്തുതസംഗതിയേപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുന്നു. "മാർ തോമ്മാ വഴിയായി ചൈനാക്കാരും ക്രശായക്കാരും (ക്രശായക്കാർ എന്നു പറയപ്പെടുന്നതു എത്തിയോപ്പിയായിലെ പ്രാചീന നിവാസികളാണ് അല്ലാതെ ഇപ്പോഴത്തെ അബ്സീനിയർ അല്ല). സത്യമാർഗ്ഗത്തിൽ പ്രവേശിച്ചു. അദ്ദേഹം നിമിത്തം അവർ

ബാവായിലും പുത്തനിച്ചും കൂഹാക്കുദശായിലും വിശ്വസിച്ചു .....അതു വിശ്വാസത്തിൻ മൂലം സ്വർഗ്ഗരാജ്യം ചൈനാ നിവാസികളിൽ പരന്നു കയറി." ഈ പ്രാർത്ഥനാപുസ്തകങ്ങളെ ആധാരമാക്കിയും രേഖപ്പെടുത്തിയും കൊണ്ടു കാർഡിനൽഗോത്തി മുതലായ ഗ്രന്ഥകാരന്മാർ തോമ്മാ ശ്ലീഹാ ചൈനയിൽ സുവിശേഷം പ്രസംഗിക്കയും മിശിഹായുടെ മതം സ്ഥാപിക്കയും ചെയ്തതായി പ്രതിപാദിക്കുന്നു (53).

൨). ചൈനായിൽ സത്യവേദം ഉപദേശിക്കയും അവിടെ സാക്ഷാൽ ക്രൈസ്തവ മതത്തെ ബീജവാപം ചെയ്കയും ചെയ്തതു തോമ്മാശ്ലീഹാ തന്നെആണെന്നാണു സുറിയാനിക്കാരുടെ ഇടയിലുള്ള പരമ്പരാസിദ്ധമായ അറിവും പഠനവും. പോർട്ടുഗീസ് ചരിത്രകൃത്തുകളായ ഗോവേയാ മുതലായവർ ഈ പാരമ്പര്യത്തെ രേഖപ്പെടുത്തിക്കൊണ്ടു തോമ്മാശ്ലീഹാ ചൈനായിൽ സുവിശേഷപ്രസംഗം ചെയ്തു എന്നു വാദിക്കുന്നുണ്ട്. (54) ൧൯൨൦ ശതാബ്ദത്തിൽ ജീവിച്ചിരുന്ന ആളും ഇൻഡ്യയിലെ കാര്യങ്ങളെപ്പററി ജ്ഞാനമുള്ള ദേഹവും ആയിരുന്ന മഫ്ഫേയ് എന്ന ഒരു ജെസ്യീറ്റു മിഷ്യനറിയും തദനന്തരം "പ്രാചീനേന്ത്യായാത്രാ വിവരണം" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ വിൻസെൻറു മരിയായും ഇവർ ഇരുപേക്ഷം മുമ്പായി നെസ്തോറിയൻ പാത്രിയർക്കീസന്മാരുടെ ജീവചരിത്രം എഴുതിയ ആംഡൂസ് എന്നയാളും "കേരളത്തിലെ സത്യവേദ ചരിത്രകർത്താവും പൂജ്യനുമായ മർഗ്ലീനോസ് മെത്രാൻ അവർകളും യോഗ്യന്മാരായ മറെറ അനവധി ഗ്രന്ഥകാരന്മാരും തോമ്മാശ്ലീഹായുടെ ചീനത്തെ സുവിശേഷപ്രസംഗത്തെ ദൃഢമായി അനുകൂലിച്ചു പറയുന്നുണ്ട് (55). ഈ സംഗതിയെ പ്രസ്തുത ഗ്രന്ഥകാരന്മാരെല്ലാം സ്വസ്വ കൃതികളിൽ പ്രതിപാദിക്കുകയും ആദരിച്ചെഴുതുകയും ചെയ്തിട്ടുള്ളതു പ്രാചീന രേഖകളിലും പാരമ്പര്യങ്ങളിലും ഉണ്ടായിരുന്ന പ്രാമാണ്യത്തിന്റെ ശക്തിയെനോക്കി മാത്രമാണെന്നും വിശേഷിച്ചു പറയേണ്ട ആവശ്യമില്ല.

ഫ്രൻ. വി. തോമ്മാശ്ലീഹാ അവിജ്ഞാനമായ പ്രദേശങ്ങളിൽ വേദം പ്രസംഗിക്കുന്നതിനായി സഞ്ചരിച്ചുഎന്നും പാട്ടിൽ പ്രസ്താവിച്ചു കാണുന്നതിനാൽ അതു ഏതെല്ലാം രാജ്യങ്ങളിലാണെന്നും പരിശോധിക്കുന്നതു ഇവിടെ അസ്ഥാനത്താകയില്ലെന്നുവിശ്വസിക്കുന്നു. ക്രിസോലോഗസ് സിൽവെസ്റ്റർ, മുതലായ വിദ്വജ്ജനങ്ങളുടെ രേഖകളെ അടിസ്ഥാനമാക്കി, വി. തോമ്മാശ്ലീഹാ ഏകദേശം ഭൂഗോളം ഒട്ടുക്കു ചുറ്റി സഞ്ചരിച്ചു വേദം ഉപദേശിച്ചിട്ടുണ്ടെന്നും മറ്റുശ്ലീഹന്മാരിൽ ആരും തന്നെ ഇത്രയധികം രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടില്ലെന്നും തന്നിമിത്തം വി. ശ്ലീഹാ അമേരിക്കയിലും എത്തി സുവിശേഷം പ്രസംഗിച്ചിട്ടുണ്ടെന്നുള്ള സംഗതി സ്വീകാര യോഗ്യമാണെന്നും റോലിൻ എന്ന ഗ്രന്ഥകർത്താവു വാദിക്കുന്നു. പോർട്ടുഗീസുകാർ അമേരിക്കയുടെ ഒരംശമായ ബ്രസീൽ രാജ്യത്തു ആദ്യമായി ചെന്നപ്പോൾ അതു ദിഗ്പ്രാസികരും വി. തോമ്മായെപ്പറ്റി അനവധി വൃത്താന്തങ്ങളും അവരോടു പറകയുണ്ടായി. എന്നു മാത്രമല്ല അവർ മഴയുടെ അധിഷ്ഠാനമൂർത്തിയായി കുരിശിനെ വന്ദിച്ചിരുന്നതായും സോമ്മാ (തോമ്മാ എന്നനാമത്തെ അജനസംഘം വളരെഭക്തിപൂർവ്വം ഉപചരിച്ചിരുന്നതായും പോർട്ടുഗീസ് കാരും അവിടെ നിന്നു അറിയുവാൻ ഇടയായി. (56)

കൊളംബസ് അമേരിക്കാ കണ്ടുപിടിച്ച കാലത്തു തദ്ദേശവാസികളായി അസംഖ്യം ജനങ്ങളും അവിടെ ഉണ്ടായിരുന്ന സ്ഥിതിക്കു പൂർവ്വകാലത്തു ഏഷ്യാ, ആഫ്രിക്കാ, യൂറോപ്പുമുതലായ ഭൂഖണ്ഡങ്ങളോടു അമേരിക്കായിക്കു സംബന്ധമുണ്ടായിരുന്നു എന്നും പ്രാചീനന്മാർക്കു അതുരാജ്യം അജ്ഞാതമായിരുന്നില്ലെന്നും അന്നു ഓരോ ഭൂഖണ്ഡങ്ങളിലും നിന്നു ജനങ്ങൾക്കു പരസ്പരം പോക്കുവരവുണ്ടായിരുന്നു എന്നും കാലാന്തരത്തിൽ അതു വക ഗതാഗതമാർഗ്ഗങ്ങൾ അടഞ്ഞു പോയതാണെന്നും ഉള്ള സംഗതികൾ നമ്മുടെ ആലോചനയെ ബലമായിആകർഷിക്കുന്നുവയാണു അറ്റ്ലാന്റിക്കുപ്രദേശം (Terra Atlantica) എന്ന നാമത്തിൽ അമേരിക്കാഖണ്ഡം പൂർവ്വികന്മാർക്ക്

അറിയപ്പെട്ടിരുന്ന എന്നു പ്ലേയ്റ്റൊ (Plato) അറിസ്റ്റാട്ടൽ (Aristotle) സെനേക്കാ (Seneca) എന്നാ വിദ്വാന്മാരുടെ കൃതികളിൽ നിന്നു ഗ്രാഹ്യമാകുന്നു. ഇപ്പോൾ നമുക്കു അറിയപ്പെടാത്തതായ അനേകം വഴികൾ ക്രിസ്തുബ്ദം ൪൫-ൽ അമേരിക്കയിലേക്കുണ്ടായിരുന്നതായി പാഗിയസ് (Cl. Pagius) എന്നാ മഹാന്റെ സാക്ഷ്യത്തെ ആധാരമാക്കി റോമിനു പ്രതി വാദിക്കുന്നുണ്ട്. ക്രി. ആദിമ ശതാബ്ദത്തിൽ ചൈനാ വാസികൾക്കും ജപ്പാൻ കാർക്കും അമേരിക്കാ ഭ്രൂഖണ്ഡം അറിയപ്പെട്ടിരുന്നതായി ആർ ബ്രൂക്കർ എന്ന ഗ്രന്ഥകാരനും പ്രസ്താവിക്കുന്നു. [57] വി. ക്രിസോസ്തോമോസു, തോമ്മാ ശ്ലീഹാ സഞ്ചരിച്ച അസംഖ്യം നാടുകളേയും അദ്ദേഹത്തിന്റെ സുവിശേഷപ്രസംഗത്തേയും കുറിച്ച വിവരിക്കുന്ന ഘട്ടത്തിൽ ന. രക്ഷകന്റെ കുരിശു മരണത്തിനുമുമ്പു മഹാഭീരുവായിരുന്ന ഈ ശ്ലീഹാ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച വിശ്വാസചിത്തനായി തീർന്നശേഷം ഭ്രമിയുടെജനവാസമുള്ള മിക്ക പ്രദേശങ്ങളിലും പ്രയാണം ചെയ്തിട്ടുള്ളതായിട്ടാണു പറയുന്നത്. (58) പന്ത്രണ്ടു പ്രേഷകന്മാരുടെ സുവിശേഷമെന്നു പേരുള്ളതും രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതും അവരിൽ ഓരോരുത്തരോടും നമ്മുടെ പരിത്രാതാവു അരുളിച്ചെയ്ത വചനങ്ങളെ സംഗ്രഹിച്ചിട്ടുള്ളതുമായ ഒരു ഗ്രന്ഥത്തിൽ തോമ്മാ ശ്ലീഹായേപ്പറ്റി പറയപ്പെട്ടിരിക്കുന്നത ഇപ്രകാരമാണ്. അദ്ദേഹത്തിന്റെ വിശ്വാസം അന്നുതുടങ്ങി എല്ലാജാതിയിൽ ഉൾപ്പെട്ടവരും സ്വന്തരക്ഷകനിൽ വിശ്വസ്തരാകുന്നതു വരെ സകല രാജ്യങ്ങളിലും പറന്നെത്തുന്ന പ്രകാശത്തിന്റെ ഒരു രാജാളിയായിരിക്കും (59). ഏകദേശം മനുഷ്യ സങ്കുലമായ ഭ്രലോകം മുഴുവനും നമ്മുടെപ്രേഷകൻ ചുറ്റിസഞ്ചരിച്ചിട്ടുണ്ടെന്നുള്ള പാരമ്പരാ വാർത്തകൾ ദ്വിതീയ ശതാബ്ദത്തിൽ തന്നെ പ്രാബല്യമുണ്ടായിരുന്നില്ലെങ്കിൽ അദ്ദേഹത്തെപ്പറ്റി മേൽ പ്രകാരം എഴുതപ്പെടാൻ ഇടയില്ലായിരുന്നുഎന്നു സ്പഷ്ടമാണല്ലൊ. സുവിശേഷപ്രസംഗാർത്ഥം വി. പ്രേഷകന്മാർക്കു ദൈവദൂതന്മാ

രുടെ സഹായംലഭിച്ചിരുന്നു എന്നാണു വേദപുസ്തകത്തിൽ നിന്നും നാം അറിയുന്നത്. [ശ്ലീഹന്മാരുടെ നടപടി അദ്ധ്യായം ൧൯. വാക്യം ൯] ഓരോ ശ്ലീഹന്മാർക്കും ഇപ്രകാരം പ്രത്യേകമായ ഈശപദേശിസ്സു സിദ്ധിച്ചിരുന്നു എങ്കിൽ ലോകാലോകപര്യന്തം ചുറ്റി സഞ്ചരിച്ച നമ്മുടെ ശ്ലീഹായിക്കു അതു സഹായം അത്യധികംലഭിച്ചിരുന്നുഎന്നു നിശ്ചയപൂർവ്വം വിശ്വസിക്കാവുന്നതാണു. ഭൂലോകം ഒട്ടുക്കു ഭാരതദേശത്തെ സുവിശേഷം പ്രസംഗിക്കുവാൻ ശ്ലീഹന്മാരോടു ആജ്ഞാപിച്ച നമ്മുടെ രക്ഷിതാവിന്റെ കല്പനപോലെ അവർ സർവ്വത്ര സഞ്ചരിച്ചു ക്രൈസ്തവതത്വങ്ങളെ ഉപദേശിച്ചിരുന്നു. [മത്തായി അ. ൨൮. വാ: ൧൯; മർ൧൬,൧൫] ഈ ദശകാരണങ്ങളാൽ ചൈനായിലും അജ്ഞാതമായ മറ്റു അനേകം രാജ്യങ്ങളിലും തോമ്മാ ശ്ലീഹാ പോയി സുവിശേഷം പ്രസംഗിച്ചിട്ടുണ്ടെന്നു പാട്ടിൽ പറയുന്നതായ ഭാഗം സത്യമാ സംഭവിക്കുവാനും അനിഷേധ്യവുമാണെന്നു തീരുമാനിക്കാം.

൨൦. ഇനി പ്രസ്തുത ഗാനത്തിൽ പ്രസ്താവിക്കുന്ന ഒൻപതാമത്തെ സംഗതി ശ്ലീഹാ പലരാജ്യങ്ങളിൽ സുവിശേഷപ്രബോധനം ചെയ്തശേഷം ൭൫ കുക്കടകം [ജൂലായി) നാം രീതി മൈലാപ്പൂരിൽ എത്തി ചിന്നമലയിലേക്കു പോകുന്ന മല്പേ കാളിക്ഷേത്രത്തിലെ പൂജകന്മാരായ ബ്രാഹ്മണരുമായി എതിർപ്പെട്ടതും അവർ ശ്ലീഹായോടു ദേവിസന്നിധിയെ വന്ദിക്കാൻനിർബന്ധിച്ചുരിനാൽ ശ്ലീഹാകുരിശു(കുരിശടയാളം) ചെയ്തു പിശാചിയെ ഓടിക്കയും അമ്പലം അഗ്നിക്കു ആഹാരമാക്കുകയും ചെയ്തതും തത്സമയം പുരോഹിതന്മാരിൽ ഒരാൾ വി. പ്രേഷകനെ ഒരു ശൂലംകൊണ്ടു തർജ്ജനം ചെയ്തതിനാൽ അദ്ദേഹം കടൽതീരത്തുള്ള വനമല്പേ ഒരു കല്ലിന്മേൽ പതിക്കുകയും അനന്തരം തന്റെ പക്കൽ വന്നുകൂടിയ വിശ്വാസികളോടു അനവധി ദിവ്യോപദേശങ്ങളും ചെയ്തശേഷം ഒടുവിൽ മരണംപ്രാപിക്കുകയുംചെയ്തു എന്നുള്ളതും ആണു (൧൫൫൨ മുതൽ നാലു വരെയുള്ള വരികളും നോക്കുക). ഈ പ്രസ്താവത്തി

ൽ പ്രധാനമായി മൂന്നു കാര്യങ്ങളാണു കാണപ്പെടുന്നതു്. അവയിൽ ഒന്നു, ശ്ലീഹാ രൂപാ ചെയ്ത വിഗ്രഹത്തെ നശിപ്പിച്ചതും, ൨, അദ്ദേഹം മരണം പ്രാപിച്ചതു കഫർനഹും നഗരത്തിലാണെന്നുള്ളതും, ൩, മൈലാപ്പൂരിനു സമീപസ്ഥമായ ചിന്നമലയുടെ അടുക്കൽ വച്ചു ശ്ലീഹാ ഒരു ബ്രാഹ്മണഹസ്തത്താൽ ശൂലാരുഢനായി തീർന്നു എന്നതുമാകുന്നു.

ഇവയിൽ ഒന്നാമത്തെ സംഗതിയെച്ചൊല്ലി ശ്ലീഹായുടെ നടപടികളെവിവരിക്കുന്ന പഴയ ലത്തീൻപാസിയോ (Passio) എന്നു ഗ്രന്ഥത്തിൽ—ശ്ലീഹായുടെ പ്രാത്ഥനയാലും കല്പനയാലും ക്ഷേത്രത്തിലെ വിഗ്രഹം നശിച്ചുപോയതിനാൽ പുരോഹിതന്മാരിൽ ഒരാൾ വി. പ്രേഷകനെ കുത്തി എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതു പാട്ടിലെ പ്രതിപാദനത്തോടു പൂർണ്ണമായി യോജിക്കുന്നുണ്ടല്ലൊ. വി. പ്രേഷകൻ വിഗ്രഹത്തെ ആരാധിക്കുന്നതല്ലെന്നും തന്റെ ഗുരുവായ ക്രിസ്തുവിനെ മാത്രമെ വന്ദിക്കയുള്ളു എന്നും സിദ്ധാന്തിക്കുകയാൽ പ്രസ്തുത പുരോഹിതന്മാർ കുപിതന്മാരാകുകയും അവരിൽ ഒരുത്തൻ ശ്ലീഹായെ കുത്തി മുറിപ്പെടുത്തുകയും ചെയ്തതായിട്ടാണു പാസിയൊ എന്ന പുസ്തകം ഉപദേശിക്കുന്നത്. (60) പ്രാൻസിലെ തൂർസ് പട്ടണത്തിലുള്ള മെത്രാസനപള്ളിയിലെവർണ്ണക്കണ്ണാടിയിൽ; (Stained glass) ഈ സംഗതിയെ ചിത്രീകരിച്ചു കാണിച്ചിട്ടുണ്ടു്. ശ്ലീഹാ വിഗ്രഹത്തെ നശിപ്പിക്കുന്നതായും പൂജകൻ അദ്ദേഹത്തെ മുറിപ്പെടുത്തുന്നതായിട്ടും ആണു അതിൽ ചിത്രീകരിച്ചിരിക്കുന്നതു്. (61)

൨൫. തോമ്മാശ്ലീഹാ ബ്രാഹ്മണനാൽ കുത്തപ്പെട്ട മരിക്കുവാൻ ഇടയായതു പാട്ടിൽ പറയും പോലെ ക്ഷേത്രത്തിൽ വിഗ്രഹാരാധന ചെയ്യായ്കയാലും അതിനെ നശിപ്പിക്കകൊണ്ടും ആണെന്നു നാം വിശദമായി കണ്ടിരിക്കുന്നതിനാൽ ഇനി അന്വേഷിപ്പാനുള്ളതു് ശ്ലീഹായുടെ മരണ ദിനം കഫർനഹും തീയതിയാണെന്ന ഗാനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു

ശരിയായ എന്നുള്ളതാകുന്നു. ഈ സംഗതിയെ തെളിയിക്കുന്നതിലേക്കു പര്യാപ്തമായ അസംഖ്യംലക്ഷ്യങ്ങൾ വി. ശ്ലീഹായാൽ സംസ്ഥാപിതമായ മലങ്കര സഭയിൽ സുലഭമാണ്. അവയിൽ പ്രധാനമായ ചില കൃത്യങ്ങളെ താഴെ നിർദ്ദേശിക്കുന്നു. പ്രകൃത ലക്ഷ്യങ്ങളിൽ ഒന്നാമത്തേത് ഏതൽ സംബന്ധമായി സാർവ്വദികമായി ഇവിടെ നിലനില്ക്കുന്ന പരമ്പരാവൃത്താന്തമാണ്. പതിനാറാം ശതാബ്ദാരംഭത്തിൽ പോർട്ടുഗീസുകാർ മലയാളതീരത്തു വന്നപ്പോൾ തോമ്മാക്രൈസ്തവന്മാരായ നസ്രാണികൾ അവരുടെ പക്കൽ ചെന്ന പല സംഗതികളും പ്രസ്താവിക്കയുണ്ടായി. തന്മദ്ധ്യേ അവരെപ്പറ്റിയും സ്വീയമായ ക്രിസ്തീയസഭയെ സംബന്ധിച്ചും പറഞ്ഞിട്ടുള്ള അനവധി കാര്യങ്ങളുടെ കൂട്ടത്തിൽ കൗടെകം ൩-ാം രീയരിയിലെ വി. തോമ്മാശ്ലീഹായുടെ തിരുനാൾ അവർക്കു പ്രധാനമായ ഒന്നാണെന്നും അതിനെ അത്യാഘോഷപുരസ്സരം ആചരിച്ചുവരുന്നു എന്നും അവ ജനങ്ങൾ നിവേദിപ്പിക്കയുണ്ടായി. (62) പ്രാരംഭകാലംതുടങ്ങി ആചരിച്ചുവരുന്ന ഈ തിരുനാളാഘോഷം തന്നെ ശ്ലീഹായുടെ മരണം പ്രസ്തുത രീയതിയിൽ അല്ലെ സംഭവിച്ചതെന്നുള്ള പരമ്പരാസിദ്ധമായ ഐതിഹ്യത്തെ ദൃഢപ്പെടുത്തുന്നു. ആദിമകാലം മുതൽ ഈ തിരുനാളിനെ പറഞ്ഞുവരുന്ന 'ദുക്റാനാ' എന്ന പ്രത്യേക സംജ്ഞയും വി. പ്രേഷകന്റെ ചരമവാസരത്തെ വിശദീകരിക്കുന്ന ഒരുത്തമ സാക്ഷ്യമാണ്. 'ദുക്റാനാ' എന്നതു ഒരു സുറിയാനി പദമാകുന്നു. ഈ ശബ്ദത്തിന്റെ അർത്ഥം സ്മരണ എന്നാത്രെ. പുണ്യവാന്മാരുടെ മരണത്തെ ജ്ഞാപകപ്പെടുത്തുന്നതിനായി സ്മരണ എന്ന അർത്ഥമുള്ള 'കൊമ്മെമൊരാസിയൊ' (Commemoratio) എന്ന പദം ലത്തീൻ രീത്തുകാർ അവരുടെ രീത്തുഭാഷയിൽ ഉപയോഗിച്ചുവരുന്നതുപോലെ സുറിയാനിക്കാർ പുണ്യാത്മാക്കളുടെ ചരമത്തെ അനുസ്മരിക്കുന്നതിലേക്കു 'ദുക്റാനാ' എന്ന സുറിയാനിപദമാണ് ഉപയോഗിച്ചുവരുന്നതു. തോമ്മാശ്ലീഹായുടെ തിരുനാളിൽ പ്രത്യബ്ദംഎല്ലാദേവാലയങ്ങളിലും അ

ഘോഷപൂർവ്വം ഗാനപൂജാർപ്പണം ചെയ്യുന്ന ഒരു പതിവുണ്ടു. പഴയ പള്ളികളിൽ ആ പതിവു അദ്ദ്യാപി മുടക്കാതെ അനുഷ്ഠിച്ചുവരുന്നു. ആഘോഷപുരസ്സരമായ ഗാനപൂജയാണു സുറിയാനിക്രമത്തിൽ റാസ കുർബാന എന്നു പറയപ്പെടുന്നതു്. അതിൽ മാർ തോമ്മാശ്ലീഹായുടെ 'ഉക്റാനാ'യെ അഥവാ മരണത്തെ പരിശുദ്ധാത്മാവിയുടെ ഗീതങ്ങളാൽ നാം ബഹുമാനിക്കണമെന്നു കമ്മിയായ പട്ടക്കാരനും പരിചാരകന്മാരും ക്രമേണ പാടിവരിക പതിവാണു. യാതൊരുത്തനെങ്കിലും മരിച്ചു ദിവസത്തിൽ ചൊല്ലപ്പെടുന്ന റാസ കുർബാനയുടെ ഇടക്കു ഈ പ്രകാരംതന്നെ പാടണമെന്നു നിയമവുമുണ്ടു്. അങ്ങനെ ചെയ്യുക സാധാരണവുമാണു. മേൽപറയപ്പെട്ട തിരുനാളിനുള്ള കാനോനിക ജപങ്ങളും അതുകൂടാതെ ഇനിയുള്ള ലക്ഷ്യം. പട്ടക്കാർ ജപിക്കുന്ന പ്രസ്തുത കാനോൻ പ്രാർത്ഥനയുടെ പ്രാചീനതയെപ്പറ്റി ഒന്നാം അദ്ധ്യായം എട്ടാം ലക്കത്തിൽ വിവരിച്ചിട്ടുള്ളതാണല്ലൊ. തോമ്മാശ്ലീഹാ ഐഹികവാസം വെടിഞ്ഞതു കഫ്മടകം മാ-ാം തീ- ആണെന്നുള്ള വസ്തുതയെ തെളിയിക്കുന്ന അനേകം ഭാഗങ്ങളും ഈ കാനോനിക ജപഗ്രന്ഥത്തിൽ സുലഭങ്ങളത്രെ. അവയിൽ ചില ഘട്ടങ്ങളെമാത്രം ഇവിടെ ഉദ്ധരിക്കാം. ഉദയമ്പേരൂർ സൂനഹദോസിൽ വച്ചു സുറിയാനി തക്സാ (Missal) യിൽ പോർട്ടുഗീസുകാർ ചില മാറ്റങ്ങളും വരുത്തിയിട്ടുണ്ടെങ്കിലും വൈദികന്മാർ ജപിക്കുന്ന കാനോൻ പ്രാർത്ഥനകളിലാകട്ടെ യാതൊരു ഭേദഗതിയും ചെയ്യുന്നതിനവർക്കു സാധിച്ചിട്ടില്ലെന്നുള്ളതു ഇവിടെപ്രത്യേകം സ്മരണീയമായിരിക്കുന്നു. സുറിയാനിക്കാർ ഈതിരുനാളിനെ ഒരുവാരവട്ടാവരെ ആഘോഷിക്കാറുണ്ടെന്നും അതിൽ ഓരോദിവസത്തേക്കും പ്രത്യേകം കാനോൻ ജപങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നും ഉള്ള യാഥാർത്ഥ്യം വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലൊ. പ്രകൃത തിരുനാളിനുള്ള റംശാ മന്ത്രത്തിൽ [സായംകാലപ്രാർത്ഥനയിൽ] ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു.

[illegible]

"അദ്ദേഹത്തിന്റെ (ശ്ലീഹായുടെ) സ്മാരകദിനത്തെ നാം ബഹുമാനിക്കണം. അതു നമ്മുടെ ജനതയ്ക്കു ദുർഗ്രഹമായ ഒരു പ്രകാരമാകുന്നു." ഇവിടെ സ്മാരകദിനത്തെ നാം ബഹുമാനിക്കണമെന്നു പറയുന്നതു വി. ശ്ലീഹായുടെ മരണസ്മരണയെ അഭിമുഖീകരിക്കുന്ന ദിവസത്തെ തന്നെയാണു. പ്രസ്തുത പ്രസ്താവനയിൽ വീണ്ടും . [illegible] "കർത്താവിനാൽ അദ്ദേഹം [തോമ്മാ ശ്ലീഹാ] രക്തസാക്ഷിയായി തീർന്നതിനാൽ ദൈവത്തിനു സ്തുതിയുണ്ടാകട്ടെ" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതിരുനാളിനുള്ള ലെലിയാ മന്ത്രത്തിൽ (രാത്രികാലജപം) ശ്ലീഹായുടെ മരണത്തെ സംബന്ധിച്ചു ഇങ്ങനെയാണു എഴുതപ്പെട്ടിരിക്കുന്നതു.

[illegible]

"പ്രകാശത്തിന്റെ സ്തംഭമായ മാർ തോമ്മാശ്ലീഹായുടെ സ്മരണാഹ്നമായ തിരുനാളിൽ അദ്ദേഹത്തെ കിരീടം ധരിപ്പിച്ച ആ രംഗം [ദൈവത്തിനു] നമ്മുടെ സ്തോത്രങ്ങൾ പാടുകയും ആദ്ദേഹത്തിന്റെ സുദിനത്തെ സ്തുതിഭരിതമായ ഗീതങ്ങളാൽ നാംആഘോഷിക്കയും ചെയ്യണം." ഇവിടെ "അദ്ദേഹത്തെകിരീടം ധരിപ്പിച്ച ആരംഗം" എന്നു പറയപ്പെട്ടിരിക്കുന്ന ഭാഗം തോമ്മാശ്ലീഹായെ ദൈവം രക്തസാക്ഷിയമായ മുടി ധരിപ്പിച്ചുഎന്നുള്ള തത്വത്തെയാണു വിശദീകരിക്കുന്നതു. തന്നിമിത്തം ശ്ലീഹായുടെ തിരുനാൾ ഇവിടെ ആഘോഷിക്കുന്നതു അദ്ദേഹംരക്തസാക്ഷിയായി മരിച്ചതിന്റെ ഓർമ്മയെ സംബന്ധിച്ചാണെന്ന മേൽ കാണിച്ച ഘട്ടം സ്പഷ്ടമായി ഉപദേശിക്കുന്നു. പുനശ്ച: പ്രസ്തുത ലെലിയാ മന്ത്രത്തിൽ "വിജയ വിരുതി

ന്റെ കിരീടം നിന്റെ ശിരസ്സിൽ അണിയിക്കപ്പെടുന്നതിനാൽ നിനക്കു ഭാഗ്യം" എന്നു ശ്ലീഹായെ നിർദ്ദേശിച്ചുകൊണ്ടു പ്രാർത്ഥിക്കുന്ന ഒരു ഘട്ടമുണ്ട്. ക്രമത്തെ ഈതിരുനാളിന്റെ ഒ-ാം ദിവസത്തെ ലെലിയാ പ്രാർത്ഥനയിൽ ശ്ലീഹായുടെ തിരുനാൾ ഇവിടെ ഘോഷിക്കുന്നതു അദ്ദേഹത്തിന്റെമരണത്തെ അനുസ്മരിക്കാനായിട്ടാണെന്നു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്ന ആ ഭാഗം ഇങ്ങിനെയാണു്.

ܗܕܐ ܕܝܘܡܐ ܕܒܗ ܫܡܥ ܡܪܢ ܩܠܗ ܕܫܠܝܚܗ ܕܒܪ ܝܘܢܐ ܕܒܚܪ ܠܗ ܠܫܡܥܘܢ ܟܐܦܐ ܘܒܢܝ ܒܝܬ ܥܡܗ ܒܫܡܗ ܕܡܫܝܚܐ ܘܒܗ ܫܡܥ ܡܪܢ ܩܠܗ ܕܫܠܝܚܗ ܕܒܪ ܝܘܢܐ ܕܒܚܪ ܠܗ ܠܫܡܥܘܢ ܟܐܦܐ ܘܒܢܝ ܒܝܬ ܥܡܗ ܒܫܡܗ ܕܡܫܝܚܐ ·

"പരിശുദ്ധനും തെരഞ്ഞെടുക്കപ്പെട്ടവനുമായ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ തിരുനാൾ ദിവസത്തിൽ നാം എല്ലാവരും സ്തോത്രസ്വരങ്ങളിൽ കീർത്തനം പാടുകയും പരിശുദ്ധനെ കിരീടം ധരിപ്പിച്ച അതും വാഴ്ത്തപ്പെട്ടവൻ എന്നു നാമകരണം ചെയ്യുകയും ചെയ്തവനുമായ ശ്ലീഹായുടെ സംഗീതങ്ങളിൽ ആത്മീയവിചിന്തനം ചെയ്യുണം." വി. പ്രേഷകന്റെ തിരുനാൾ ഇവിടെ ആഘോഷിക്കപ്പെടുന്നതു തന്റെ മരണത്തെ അനുസ്മരിക്കുന്നതിനാവേണ്ടിതന്നെയാണെന്നു ലക്ഷ്യീകരിക്കുന്നവയായി ഇനിയും അനേകം ഘട്ടങ്ങൾ എടുത്തു കാണിക്കുവാനുണ്ടെങ്കിലും കാര്യത്തിന്റെ തെളിവിനു ഇത്രമാത്രം മതിയെന്നുകരുതി ഇതരഭാഗങ്ങളെ എല്ലാം വിട്ടുകളകയാണു ചെയ്യുന്നതു്. വി. അപ്രേമിന്റെ സാക്ഷ്യമാകുന്ന നാലാമത്തെ ലക്ഷ്യം. ഈ വിശുദ്ധൻ നാലാമത്തെ മദ്ധ്യശതാബ്ദത്തിലാണു ജീവിച്ചിരുന്നതു്. ആദ്യം മെസൊപ്പൊട്ടേമിയായിലെ നിസിബീസു് പട്ടണത്തിലും കാലാന്തരത്തിൽ അവിടം പേർഷ്യാക്കാരുടെ അധീനത്തിലായതിനാൽ റോമാധികാരികളുടെ കീഴിൽ ഇരുന്ന എദേസാനഗരത്തിലും ആണു ഇദ്ദേഹം കാലയാപനം ചെയ്തിരുന്നതു് മാർ അപ്രേം വിരചിച്ചിട്ടുള്ള ഗാനങ്ങളിൽ തോമ്മാ ശ്ലീഹായുടെ തിരുനാൾ അക്കാലത്തു ഇൽഡ്യയിലും എദേസായിലും ആ

ഘോഷിക്കപ്പെട്ടിരുന്നതായി പ്രതിപാദിക്കുന്നു. അന്നും പ്രസ്തുത സ്ഥലങ്ങളിൽ കൂടകം നാലാം തീയതി തന്നെയാണു് ഈ തിരുനാൾ ആചരിച്ചു വന്നിരുന്നത്. ശ്ലീഹായുടെ സ്തുതികളെ പ്രചരിപ്പിക്കുവാനായി ഈ പരിശുദ്ധൻ രചിച്ചിട്ടുള്ള പ്രസ്തുത ഗീതങ്ങളുടെ ചിലഭാഗങ്ങളും താഴെചേർക്കുന്നു. "കണ്ണാലും ഇൻഡ്യയിൽ നിന്റെ അത്ഭുതങ്ങളും, ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയം, എല്ലായിടത്തും നിന്റെ തിരുനാൾ, ജീവിച്ചിരിക്കയിൽ അത്ഭുതങ്ങളെ നീ ചെയ്തു, മരണാനന്തരവും നീ അവയെ പ്രവർത്തിച്ചുകൊണ്ടുവരുന്നു" (63]. വി. അപ്രേം വർണ്ണിക്കുന്ന തോമ്മാശ്ലീഹായുടെ അത്ഭുത കർമ്മങ്ങളെപ്പറ്റി ഇൻഡ്യാ സഭയും ചിലതെല്ലാം സാക്ഷിക്കുന്നുണ്ടു്. ശ്ലീഹായുടെ തിരുനാളിനേ സംബന്ധിച്ചുള്ള പ്രസ്തുത കാനോനിക ജപഗ്രന്ഥത്തിലെ ലെലിയാ മന്ത്രത്തിൽ ഇതേപ്പറ്റി പ്രസ്താവിച്ചിട്ടുള്ള രണ്ടു ഘട്ടങ്ങളാണു ഇവിടെ ഉദ്ധരിക്കുന്നതു്.

ܗܘ ܕܒܗ ܡܫܬܒܚ ܒܥܕܬ ܥܡܡܐ ܕܒܟܠ ܐܬܪ ܘܐܬܪ ܕܒܟܠ ܐܬܪ

തെ ഇനി അഞ്ചാമത്തെ ലക്ഷ്യമായി എടുക്കാനുള്ളത്. വി. ശ്ലീഹായെ സംബന്ധിച്ചു ആത്മമായി ഒരു തിരുനാൾ ഉണ്ടായതും അതു 'കട'പ്പെട്ട ദിവസമായി ആഘോഷിച്ചു തുടങ്ങിയതും ദക്ഷിണ ഇൻഡ്യയിൽ ആകുന്നു. ഇതു ആഘോഷാരംഭം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം ശ്ലീഹായുടെ മരണ വാസരമായ കുംഭകം ൧൦ാം ൟ അത്രെ. മൈലാപ്പൂരിലും കേരളത്തിലും വി. ശ്ലീഹായാൽ അഭിഷേചിക്കപ്പെട്ട മേല്പട്ടക്കാർ യോജിച്ചാണു ഈ തിരുനാൾ ഏർപ്പെടുത്തിയിട്ടുള്ളത്. അന്നു മുതൽ ഈ ദിവസത്തെ തെക്കെ ഇൻഡ്യയിൽ സർവ്വ കടമുള്ള ദിവസമായി ആചരിച്ചു വരുകയും ചെയ്യുന്നു. ഇതേ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഒന്നാം അദ്ധ്യായം വ്യാംലക്ഷത്തിൽ വിശദമായി പ്രസ്താവിച്ചിട്ടുണ്ടു. വി. ശ്ലീഹാമരിച്ചതു തെക്കെ ഇൻഡ്യയിലും അദ്ദേഹത്തിന്റെ തിരുനാൾ നിശ്ചയിക്കപ്പെട്ടതും ആഘോഷിച്ചു വരുന്നതും അവിടത്തെ സഭയിലും ആകയാൽ ഈ സംഗതികളെ ആസ്പദമാക്കിയാണു എദേസാ മുതലായസ്ഥലങ്ങളിൽ പോലും വി. ശ്ലീഹായെപ്പറ്റി ഇപ്രകാരം ഒരുതിരുനാൾ ഏർപ്പെടുത്തപ്പെട്ടതു. വി. അപ്രേമിന്റെ മേൽകാണിച്ച സാക്ഷ്യങ്ങളിൽ നിന്നു ഈ വസ്തുത വ്യക്തമാകുന്നുമുണ്ടു്. തോമ്മാ ശ്ലീഹായെ ഉദ്ദേശിച്ചു ഒരുമേല്പട്ടക്കാരൻ തിരുനാൾ ഏർപ്പെടുത്തി എന്നാണല്ലൊ പ്രസ്തുത വിശുദ്ധൻ പ്രസ്താവിക്കുന്നതു. നിർദ്ദിഷ്ടസുദിനത്തിന്റെസ്ഥാപകനെന്നു വി. അപ്രേം ഇവിടെ പറയുന്നതു എദേസായുടെ മേൽപ്പട്ടക്കാരനെപ്പറ്റിയാണെങ്കിൽ ഇൻഡ്യയിലെ വൈദികാദ്ധ്യക്ഷനാൽ നിശ്ചയിക്കപ്പെട്ട കുംഭകം ൧൦ാം തിയതിയിലെ തിരുനാൾ ഏർപ്പെടുത്തിയ ആൾ എന്നല്ല, പ്രത്യുത ഇൻഡ്യയിൽ നിന്നു ആ തിരുനാളിനെ സ്വീകരിച്ചു എദേസായിൽ നടപ്പാക്കിയ ആൾ എന്നു അതിനു അർത്ഥമുള്ളു. നേരേമറിച്ചു ഇൻഡ്യയിലെ മേല്പട്ടക്കാരനെയാണു വി. അപ്രേം ഉദ്ദേശിക്കുന്നതെങ്കിൽ അതു യഥാർത്ഥമാണെന്നുള്ളതു നിർവിവാദ്യമാകുന്നു. കുംഭകം ൧൦ാം ൟ-യിലെ തിരുനാൾ ഇൻഡ്യ

യിൽ മാത്രമല്ല മെസൊപ്പൊട്ടേമിയാ, സിറിയാ, പേർഷ്യാ മുതലായ രാജ്യങ്ങളിൽ നിവസിക്കുന്ന എല്ലാ സുറിയാനിക്കാരാലും ആഘോഷിക്കപ്പെട്ടുവരുന്ന ഒരു സുദിനമത്രെ.

ഇനി ആറാമതായി പ്രസ്താവിക്കാനുള്ളതു തോമ്മാ ശ്ലീഹായുടെ തിരുനാൾ വിവിധജാതിക്കാരായ ക്രിസ്ത്യാനികൾ പല രീതികളിലായി ആഘോഷിക്കുന്നു എന്നുള്ളതാണു. ശ്ലീഹക്കാർതുലാം [ഒക്ടോബർ] ന്യ-ാം തീയതിയിലും പാശ്ചിമാത്യരായലത്തിൻകാർ ധനു (ഡിസംബർ] ൨൧-ാംനു-യിലും കേരളിയ സുറിയാനിക്കാരും അവരെ അനുകരിച്ചു പ്രസ്തുത സിറിയാ മെസൊപ്പൊട്ടേമിയാ മുതലായ രാജ്യങ്ങളെ അധിവസിക്കുന്ന ഇതര സുറിയാനിക്കാരും കുടകം [തുലായി] ന-ാം നുയിലും [ഇപ്രകാരം ഈ മൂന്നു വകുപ്പുകാരായ ക്രിസ്ത്യാനികളും മൂന്നു പ്രത്യേക തീയതികളിൽ] ആയി വി. ശ്ലീഹായുടെ തിരുനാൾ കൊണ്ടാടിവരുന്നു. ഇവരിൽ ഓരോ വക്കാരും ആഘോഷിക്കുന്ന സുദിനങ്ങൾ ശ്ലീഹായുടെ മരണവാസരമാണെന്നു കരുതുകയൊ അഥവാ അങ്ങനെ വിശ്വസിക്കയൊ ചെയ്തുണ്ടു്. എങ്കിലും അവർ അതൊരു തീച്ചയായ കാര്യമായി പരിഗണിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ശ്ലീഹാ മരിച്ചതു് ഗ്രീസിലൊ ഗ്രീക്കുകാരുടെ ഇടയിലൊവെച്ചു അല്ലാഞ്ഞതിനാൽ അദ്ദേഹം മരിച്ച രീതിയെപ്പറ്റി അവക്കു സൂക്ഷ്മജ്ഞാനം ഉണ്ടാകാൻ തരമില്ലല്ലൊ. അങ്ങനെ തന്നെ പാശ്ചാത്യന്മാക്കും ഈ സംഗതിയിൽ നിശ്ചിതമായജ്ഞാനം ലഭിക്കുവാൻ മാർഗ്ഗമില്ലാഞ്ഞതാണു്. എന്നാൽ ഇൻഡ്യാ നിവാസികളാകട്ടെ ശ്ലീഹായുടെ മരണകാലം മുതല്ക്കുള്ള പാരമ്പര്യം, തിരുനാളാഘോഷം, കാനോൻ ജപങ്ങൾ മുതലായ അമൂല്യരേഖകളെ ആധാരമാക്കിക്കൊണ്ടു തോമ്മാശ്ലീഹായുടെ ചരമംകുടകം ന-ാം തീയതിയാണെന്നു നിശ്ചയിക്കുന്നു. ഇൻഡ്യാ നിവാസികളൊഴികെ മറ്റുക്രിസ്ത്യാനികളെല്ലാം ഈ തിരുനാൾ അംഗീകരിച്ചിട്ടുള്ളതു ഇടക്കാലത്താണെന്നും ആദിമ ദശയിൽ അവക്കു ഈ സുദിനോപചാരം ഉണ്ടാ

യിരുന്നില്ലെന്നും സഭാ ചരിത്രമുഖേന നമുക്കു അറിയാവുന്നതാണ്. എന്നാൽ വിദേശിയരായ ചില ഗ്രന്ഥകാരന്മാർ തോമ്മാശ്ലീഹായുടെ മരണം ധന പൂർവ്വം തിയതിയാണ സംഭവിച്ചതെന്നും കൽദയം ൧൭ാം ൟ അദ്ദേഹത്തിന്റെ അസ്ഥി ശകലങ്ങൾ എദേസായിലെക്കു കൊണ്ടു പോകപ്പെട്ടതെയുള്ളു എന്നും വാഗ്രേഖാരികളാൽ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. ബറോനിയൂസിനാൽ ക്രമപ്പെട്ടുത്തപ്പെട്ട റോമ്മാ മാർട്ടി റോലോജി [martyrology] യെ ആധാരമാക്കിയാണ അവർ ഇപ്രകാരം പ്രയത്നിച്ചിട്ടുള്ളത്. ഈ ഗ്രന്ഥകാരന്മാരുടെ പ്രസ്താവത്തെ വിശ്വസിച്ച അടുത്ത കാലത്തു ചുരുക്കം ചിലനാട്ടുകാർ പോലും പഴയ പാട്ടുകളെ തിരുത്തി അടിപ്പിച്ചിട്ടില്ലന്നില്ല. എങ്കിലും വി. ഈശോനിമ്മോസിന്റെ കൃതി എന്നപ്രസിദ്ധമായപ്രാചീന മാർട്ടി റോലോജിയിൽ വി. ശ്ലീഹായുടെ ചരമം കൽദയം ൧൭ാം തിയതിതന്നെയാണെന്ന വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. [65] ഏഴാമതായി ആലോചിക്കേണ്ടത് താഴെ പറയുന്ന ന്യായങ്ങളെ സംബന്ധിച്ചാകുന്നു.

a) കൽദയം ൧൭ാം ൟ-ലെ തിരുനാൾ നമ്മുടെ വിശുദ്ധന്റെ ചരമസ്മാരകമല്ലാതെ അസ്ഥി മാറ്റത്തേയൊ മറ്റൊ സംബന്ധിച്ചുള്ള ഒരു സുദിനമായിരുന്നു എങ്കിൽ അതേപ്പറ്റി വല്ല പരമ്പരാവർത്തമാനമൊ പൂർവ്വരേഖകളൊ കേരളീയസുറിയാനിക്കാരുടെ പക്കൽ ഉണ്ടായിരിക്കാൻ ഇടയുള്ളതാണ്. എന്നാൽ അപ്രകാരമുള്ള യാതൊരു ലക്ഷ്യവും ഇവിടെ കാണപ്പെട്ടുന്നില്ല. പ്രത്യുത ഇതുവരെയുള്ള നമ്മുടെ പരിശോധനയിൽ കാണപ്പെട്ടതുപോലെ ഭാരതീയസുറിയാനിക്കാരുടെ നിക്ഷേപങ്ങളായ സർവ്വലക്ഷ്യങ്ങളും ശ്ലീഹായുടെ മരണ തിരുനാളിലെ അനുസ്മരിപ്പിക്കുന്നവ മാത്രമാണ്.

b) സ്വന്ത അധീനത്തിൽ നിന്ന ശ്ലീഹായുടെ ദിവ്യാവശിഷ്ടങ്ങളെ അന്യരാജ്യത്തിലേക്കു കൊണ്ടുപോയി എന്നുള്ളത് കേരളത്തിലെ സുറിയാനിക്കാർക്കു ദുഃഖാവഹവും അതേസംബന്ധിച്ച തിരുനാൾ ആചരിക്കയെന്നുള്ളതു അവർക്കു അവമാ

നഹേതുകവും ആയിരിക്കയാൽ അസ്ഥിമാറ്റ തിരുനാളിനെ അവർ ആഘോഷിക്കുന്നു എന്നു പറയുന്നതു പ്രകൃതി വിരുദ്ധവും അസംഭാവ്യവും ആകുന്നു.

c) കൽദായ നെസ്തോറിയൻ സഭയെപ്പറ്റി ഉച്ചരിക്കുന്ന കാനോൻജപങ്ങൾ അടങ്ങിയ പ്രസ്തുത പുസ്തകത്തിൽ വി. പ്രേഷകന്റെ മരണത്തെ സംബന്ധിച്ചും മറ്റും മാത്രമെ വർണ്ണിക്കപ്പെട്ടിട്ടുള്ളൂ. അല്ലാതെ അസ്ഥി പരിവർത്തനസൂചകമായി അതിൽ ഒന്നും പറയുന്നേയില്ല.

d) ശ്ലീഹായുടെ മരണത്തിരുനാൾ ധന്യ വ൯-ാം തീയതിയാണെന്നു സമ്മതിക്കുന്ന പക്ഷം ഉന്ന-ാം ശതാബ്ദം വരെ കേരളത്തിലെ സുറിയാനിക്കാർ സ്വന്ത പ്രേഷകനായ ശ്ലീഹായുടെ ചരമവാസരത്തെ ആചരിച്ചിരുന്നില്ലെന്നു തീർച്ചയായി അനുമാനിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ ക്രി. പ്രതിനൻ-ൽ ഉണ്ടായ ഉദയമ്പേരൂർ സൂനഹദോസുവരെ കേരളീയ ക്രിസ്ത്യാനികൾ കൽദായ നെ-ാം തീയതിയല്ലാതെ— തോമ്മാ ശ്ലീഹായെപ്പറ്റി പുതുഞായറാഴ്ച പ്രത്യേകം ഒരു തിരുനാളായി നാം ആഘോഷിച്ചിരുന്നെങ്കിലും—ധന്യ വ൯-ാംനു- തോമ്മാശ്ലീഹായുടെ സുദിനമായി ആചരിച്ചിരുന്നില്ല. വി. പ്രേഷകൻ മരിച്ചത് ആ തീയതിയിലാണെന്നു അന്നുവരെ അവർ കേട്ടിട്ടുമില്ലായിരുന്നു. ഏതാവൽപര്യന്തം ഇവിടെ ഉദ്ധരിച്ചിട്ടുള്ള സകല ലക്ഷ്യങ്ങളും തോമ്മാശ്ലീഹാ മരിച്ചത് കൽദായ നെ-ാം തീയതിയാണെന്നു പാട്ടിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗത്തെ ബലമായി പിൻ താങ്ങുന്നവയാകയാൽ ഗാനത്തിൽ സംഗ്രഹിച്ചിട്ടുള്ള സംഗതികളൊക്കെയും വിശ്വാസയോഗ്യങ്ങളാണെന്നു നിർവ്വിവാദം സമ്മതിച്ചേ കഴിയൂ.

൨൨. പാട്ടിൽ ഒൻപതാമതായി പ്രസ്താവിച്ചിട്ടുള്ള സംഗതിയിൽ കാണിച്ചിട്ടുള്ള ശ്ലീഹായുടെ മരണ തീയതിയേപ്പറ്റിയും മറ്റും പരിശോധിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇനി അന്വേഷണാർത്ഥം ശേഷിച്ചിരിക്കുന്നതു വി. പ്രേഷകന്റെ ച

രമം മൈലാപ്പൂരിനു സമീപസ്ഥമായ ചിന്നമലയുടെ പരിധി യിൽ വച്ചാണൊ എന്നുള്ളതാകുന്നു. മലങ്കര വാസികളായ തോമ്മാ നസ്രാണികളുടെ ഇടയിൽ അഛന്താക്കോ നില നിന്നു വരുന്നു പരമ്പരാസിദ്ധമായ വർത്തമാനം തോമ്മാ ശ്ലീഹാ ചോഴമണ്ഡലത്തിലെ സമുദ്രതീരത്തു വച്ചു ഒരു ബ്രാഹ്മണനാൽ കുന്തത്താൽ കുത്തപ്പെട്ടു മരിച്ചു എന്നാണു. ഈ വാസ്തവത്തെ തെളിയിക്കുന്ന അനേകാകാര്യങ്ങളും തെളിവുകളോടുകൂടിയും ഭിന്ന കക്ഷികളുടെ അക്ഷേപ ന്യായങ്ങളെ ഖണ്ഡിച്ചും ഒന്നാം അദ്ധ്യായം ൩-ാം ലക്കത്തിലും രണ്ടാം അദ്ധ്യായം മുതൽ ൭-ാം വരെയുള്ള ലക്കങ്ങളിലും വിവരിച്ചിട്ടുള്ളവയാണു്. കൂടാതെ ശ്ലീഹാ മരിച്ചത് മൈലാപ്പൂരിൽ വച്ചു തന്നെയാണെന്നു സാധിക്കുന്നതായ മറ്റു പലേ രേഖകളും ഈ പുസ്തകത്തിൽ അതതു ഘട്ടങ്ങളിലായി പ്രസ്താവിച്ചിട്ടുണ്ടു്. തന്നിമിത്തം ഇതേസംബന്ധിച്ചു ഇനിയും അധികമായി ഒന്നും പറയേണ്ട ആവശ്യമില്ലന്നു തോന്നുന്നു.

൨൯ പാട്ടിൽ പറയുന്ന പത്താമത്തെ സംഗതി ശ്ലീഹായുടെ ചരമത്തെ ഓർത്തു ഘോഷിക്കുകയും അദ്ദേഹത്തിന്റെ പ്രേതമഞ്ചത്തെ ചെന്നുവണങ്ങുകയും ചെയ്യുന്നതിന്റെ അനന്തരമായികാംക്ഷ സർവ്വ നന്മകളും അദ്ദേഹം സാധിച്ചു കൊടുക്കുമെന്നുള്ളതത്രെ. (൫൭ മുതൽ ൫൮ വരെയുള്ള വരികൾ നോക്കുക) ഈ വാദാനം ശരിയായി നിവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നു തെളിയിക്കുന്ന സംഭവങ്ങൾ സാവ്ദികമായി കാണ്മാനുണ്ടു്. അവയിൽ പ്രധാനമായവയെ മാത്രം ഇവിടെ എടുത്തു പ്രസ്താവിക്കാം.

൧). ആദിമ ശതാബ്ദങ്ങളിൽ ശ്ലീഹായുടെ ശവകുടീരത്തെ ചെന്നുകണ്ടിടുകയും മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്തിരുന്നവർക്കു അദ്ദേഹം അമൂല്യമായദാനങ്ങളും നന്മകളും ചെയ്തിരുന്നതായി ഇൻഡ്യാസഭയും വി. അപ്രേമും സാക്ഷിക്കുന്നുണ്ടു്. അവയിൽ വി. അപ്രേമിന്റെ സാക്ഷ്യങ്ങൾ കഴിഞ്ഞ ൬-ാം ലക്കത്തിൽ എടുത്തു കാണിച്ചിട്ടുള്ളതു് വായനക്കാർ

ഓക്കുന്നാണ്ടായിരിക്കുമല്ലൊ. ക്രടാതെ വി. ശ്ലീഹാ ജീവ ദശയിൽ മാത്രമല്ല മരണാനന്തരവും ഇൻഡ്യയിൽ പലേ അത്ഭുത കമ്മങ്ങളും ചെയ്തുകൊണ്ടിരുന്നു എന്നാണു വി. അപ്രേം പ്രസ്താവിക്കുന്നത്. ഈ വന്ദ്യൻ വീണ്ടും ശ്ലീഹായെ സ്തുതിച്ചുകൊണ്ടു അദ്ദേഹം സമ്പർക്കത്തിൽ ഇരുന്ന രോഗങ്ങളെ ശമിപ്പിക്കയും മരിച്ചവരെ പുനർജീവിപ്പിക്കയും ചെയ്തു എന്നു ഉൽഘോഷിക്കുന്നു. ഇൻഡ്യാ സഭയും ശ്ലീഹായിൽ നിന്നു കൈക്കൊണ്ടു വന്നിരുന്ന നന്മകളെപ്പറ്റി വിവരിച്ചിട്ടുള്ള ഭാഗം പ്രസ്തുത ഫ്രാം ലക്കത്തിൽ ഉദ്ധരിച്ചിട്ടുള്ളവയാണു. അതിനും പുറമെ വൈദികന്മാർ ബുധനാഴ്ചതോറും ജപിക്കേണ്ടതിനായി എഴുതപ്പെട്ടിട്ടുള്ള കാനോൻ മന്ത്രത്തിൽ തോമ്മാ ശ്ലീഹാ ചെയ്തവരുന്ന വിസ്മയനിയങ്ങളായ സഹായങ്ങളെപ്പറ്റിയും ബന്ധിച്ചു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

. . . . . ܐܝܟ ܕܫܡܫ ܡܪܢ ܒܗ ܒܥܝܬ ܡܢ ܟܠ ܥܠ
ܡܫܝܚܐ ܡܫܒܚ ܕܐܬ ܒܗ ܒܥܝܬ ܡܢ ܟܠ ܥܠ
ܟܠ ܕܒܫܡܝܐ ܘܒܐܪܥܐ ܕܐܬ ܒܗ ܒܥܝܬ ܡܢ ܟܠ ܥܠ .

"വന്ദ്യനും വിശുദ്ധനുമായ ഞങ്ങളുടെ പിതാവെ! തെരിഞ്ഞെടുക്കപ്പെട്ടവനായ തോമ്മാശ്ലീഹായെ! നിന്റെ നിർമ്മല ശരീരത്തിൽ നിന്നു ആശിസ്സുകളും അങ്ങേ പ്രാർത്ഥനകളിൽ ആശ്രയിക്കുന്ന ഉപേക്ഷിതന്മാർക്കു സുഖപ്രാപ്തിയും ലഭിച്ചുകൊണ്ടിരിക്കുന്നു." വി. പ്രേഷകന്റെ തിരുനാളിനു നിയമിക്കപ്പെട്ടിട്ടുള്ള മറെറാരു കാനോനിക ജപത്തിൽ ചരമാനന്തരം ശ്ലീഹാ പ്രവർത്തിച്ചിരുന്ന അത്ഭുത കമ്മങ്ങളെപ്പറ്റി അദ്ദേഹത്തെ സ്തുതിച്ചുകൊണ്ടു ഇങ്ങനെ പാടുന്നു.

. ܡܪܝ ܬܘܡܐ ܫܠܝܚܐ ܕܒ ܕܒ ܡܪܝ ܬܘܡܐ

"തോമ്മാ ദൈവിക വിഷയങ്ങളിൽ ഉയർന്നവനാകുന്നു. അത്ഭുതകമ്മങ്ങളെ സാധിക്കുന്നതിലും അദ്ദേഹം ഉന്നതനത്രെ."

൨) വി. പ്രേഷകന്റെ പ്രേതമഞ്ചത്തെ ചെന്നു വണങ്ങി പ്രാർത്ഥനനടത്തിവന്നിരുന്നവർ പ്രാപിച്ചിരുന്ന വിസ്മയ

കമായ നന്മകളുടെ കീർത്തി ഭാരതവർഷത്തിനു പുറമെ യുള്ള ദേശങ്ങളിൽ പോലും വ്യാപിച്ചതിനാൽ താദ്ദശദേശങ്ങളിൽ നിന്നും പലേ ആളുകൾ മൈലാപ്പൂരിൽ വന്നു ശ്ലീഹായുടെ കവറിനെ വന്ദിച്ചു വന്നിരുന്നു. അഷ്ടമ ശതാബ്ദത്തിൽ സീറിയാദേശവാസിയായ തീയഡോർ (Theodore) എന്നു ഒരു തീർത്ഥസഞ്ചാരി ഇൻഡ്യയിൽ വരുകയും വി. പ്രേഷകന്റെ പ്രേതമഞ്ചത്തെ വണങ്ങുകയും അനന്തരം പ്രാൻസിൽ ചെന്നു തർസിലെ മെത്രാനായിരുന്ന വി. ഗ്രീഗോരിയോസിനെ ഈ വിവരം അറിയിക്കയും ചെയ്തതായി അദ്ദേഹത്തിന്റെ കാലക്രമം രേഖാമൂലം സാക്ഷിക്കുന്നുണ്ട്. [66]

൯. തോമ്മാ ശ്ലീഹായുടെ കവറിടത്തിൽ സംഭവിച്ചു കൊണ്ടിരുന്ന അത്ഭുതസഹായങ്ങളുടെ അറിവു പ്രാൻസിൽ എത്തിയതുപോലെ തന്നെ...ഇംഗ്ലണ്ടിലും പ്രചരിച്ചതിനാൽ ഒൻപതാം ശതാബ്ദത്തിൽ രാജ്യഭാരം ചെയ്തിരുന്ന മഹാനായ ആൽഫ്രഡ് മൈലാപ്പൂരിൽ ശ്ലീഹായുടെ വിസ്മയാവഹമായ പ്രേതമഞ്ചത്തിലേക്കു ഒരു പ്രതിനിധിയെ അയക്കയുണ്ടായി. അദ്ദേഹത്തിനു ഒരു യുദ്ധത്തിൽ ഏതോ ഒരു അത്യാപത്തുനേരിടുകയാൽ അതിൽ നിന്നു രക്ഷ ലഭിക്കുന്നപക്ഷം ഇൻഡ്യയിച്ചുള്ള തോമ്മാശ്ലീഹായുടെ കവറിങ്കൽ ചില കാഴ്ചകൾ സമർപ്പിച്ചുകൊള്ളാമെന്നു ഒരു നേർച്ച നേർന്നിട്ടുണ്ടായിരുന്നതാണു ഇതിനുകാരണം. ആൽഫ്രഡ് വേദസംബന്ധമായ കാര്യങ്ങളിൽ വളരെ ശ്രദ്ധയുള്ള വനായിരുന്നതിനാൽ അനാഥന്മാരായ യാചകന്മാർക്കു ധർമ്മദാനങ്ങളും പള്ളികൾക്കു കാഴ്ചദ്രവ്യങ്ങളും ധാരാളം നൽകിവന്നിരുന്നു എന്നുള്ളതു വാസ്തവമാണ്. അത്രമാത്രവുമല്ല അദ്ദേഹം ഓർശ്ലം റോമാ മുതലായ സ്ഥലങ്ങളിലേക്കും മേൽപ്രകാരം ഓരോ പ്രതിനിധികളെ അയക്കയുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ ഇൽഡ്യയിലേക്കു നിയോഗിച്ച പ്രതിനിധ്യത്തേയും മറ്റും കുറിച്ചു വളരെ പുരാതനങ്ങളായ നാളാഗമങ്ങളും ഗ്രന്ഥവരികളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടും ഇല്ലാതില്ല. (67)

൪) കേരളീയ നസ്രാണികൾ ആദിമകാലം മുതൽക്കേ മൈലാപ്പൂരിലുള്ള വി. തോമ്മാശ്ലീഹായുടെ ശവകുടീരത്തിൽ പോകുകയും നേർച്ചകൾ സമർപ്പിക്കുകയും ചെയ്യുക സാധാരണമായിരുന്നു. ഈ കൃത്യത്തെ അവർ ക്രൂശം ക്രൂശമായിട്ടും തനിച്ചും ചെയ്തുവരുകയായിരുന്നു പതിവു്. ആയുഷ്കാലത്തിൽ ഒരിക്കലെങ്കിലും മൈലാപ്പൂരിൽ പോയി ശ്ലീഹായുടെ കബറിനെ വണങ്ങാത്തവർ അന്നു നന്നേ മുരുടരും പേർ മാത്രമെയുണ്ടായിരുന്നൊള്ളു. ഇതിൽ നിന്നു അവർക്കു ലഭിച്ചിരുന്ന നന്മകളും ഒട്ടും ദുർല്ലഭമായിരുന്നില്ല. പതിനേഴാമത്തെ മദ്ധ്യശതാബ്ദത്തിൽ പെങ്ങനൂർ പള്ളിഇടവകക്കാരനായ പെങ്കയിൽ ഇട്ടി ശമ്മാശ്ശും കുറവലങ്ങാട്ടു കിഴക്കേടത്തു കയ്യൻ ശമ്മാശ്ശും മറ്റു പലരും മാർ തോമ്മാശ്ലീഹായുടെ കബറിടം കണ്ടു കുമ്പിടുന്നതിനു വേണ്ടി മൈലാപ്പൂരിൽ പോയിരുന്നു എന്നും തത്സമയം മാർ അവഗ്ഗീ അഛാഹ് മെത്രാൻ വിദേശത്തു നിന്നു മലങ്കരയിലേക്കു വരുവാനായി അവിടെ എത്തിയിരുന്നു എന്നും ചരിത്രികരേഖകളാൽ അനുക്രമിക്കപ്പെട്ടിട്ടുള്ള പരമ്പരാ വൃത്താന്തമത്രെ. ഇപ്രകാരം മൈലാപ്പൂരിലേക്കു തീർത്ഥയാത്രചെയ്യുന്ന പതിവു് ക്രി-ാ നൂറാണ്ടിൽ സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായ മതഭേദം നിമിത്തമായി കുറഞ്ഞു തുടങ്ങിയതു. എങ്കിലും അതു തീരെദുർല്ലഭമായിതിന്നതു ക്രി-ാ-ാ ഗ്രിഗോരിയോസ് മാപ്പ്പ്പായുടെ (Multa Praeclare) എന്ന തിരുവെഴുത്തു പുറപ്പെട്ടതോടുകൂടി മൈലാപ്പൂരിൽ ഉണ്ടായ ശീസ്മയുടെ ആവിർഭാവം മുതല്ലാകുന്നു.

൫). ഇപ്രകാരം കേരളത്തിൽ നിന്നു ക്രിസ്ത്യാനികൾ മൈലാപ്പൂരിൽ പോയി ശ്ലീഹായുടെ കബറിനെ വണങ്ങുകയും തദ്വാരാ പല അനുഗ്രഹങ്ങളും പ്രാപിക്കുകയും ചെയ്തിരുന്നു എന്നുള്ള വസ്തുത പതിമ്മൂന്നാം ശതാബ്ദത്തിൽ ഇൻഡ്യയിലും ചൈനായിലും സഞ്ചരിച്ചിരുന്ന വെനീസുകാരനായ മാർക്കോപോലൊ കണ്ടു സാക്ഷിച്ചിട്ടുള്ളതാണു്. വി. പ്രേഷകന്റെ ശവകുടീരത്തിൽ നിന്നു അല്പം മണ്ണെടുത്തു രോഗികൾ

ങ്ങൾകൊടുക്കുകയും തൽക്ഷണം അവർ സ്വാസ്ഥ്യം പ്രാപിക്കുകയും ചെയ്തിരുന്ന എന്നും അദ്ദേഹത്തിന്റെ സഞ്ചാര കാലത്തു (ക്രി. ൧൯൨൨-ൽ) ഇപ്രദേശമായ ഒരു വലിയ അത്ഭുത സംഭവം ഉണ്ടായി എന്നും ഏതനുസരിച്ചു ക്രിസ്ത്യാനികൾ തീർത്ഥാടനാർത്ഥം അവിടെ ചെന്ന ശ്ലീഹായുടെ കവറിനെ വണങ്ങി വന്നിരുന്ന എന്നും ഇതരമതസ്ഥന്മാരായ മഹമ്മദീയർ ഹിന്ദുക്കൾമുതലായവർ പോലും പ്രസ്തുത പ്രേതമഞ്ചത്തെ ചെന്നു വന്ദിക്കുക സാധാരണമായിരുന്ന എന്നും മാർകോപോലൊ പ്രസ്താവിക്കുന്നു. നിഷ്ട ശതാബ്ദത്തിൽ തന്നെ ഇൻഡ്യയെ സന്ദർശിച്ചിട്ടുള്ള മറ്റു മിക്ക ഗ്രന്ഥകാരന്മാരും ഈ സംഗതികൾക്കു സാക്ഷികളാണു. (68) വി. അപ്പോം തന്റെ ജീവദശയിൽ ഇൻഡ്യയിലുള്ള തോമ്മാശ്ലീഹായുടെ കവറിടത്തിങ്കൽ സംഭവിച്ച കൊണ്ടിരുന്നതായി പ്രസ്താവിച്ചിട്ടുള്ള അത്ഭുതങ്ങൾ പിന്നീട് എല്ലാക്കാലത്തും ഉണ്ടായിക്കൊണ്ടിരുന്നതായി മുകളിൽ വിവരിച്ചിട്ടുള്ള ചുരുക്കം ചില സംഭവങ്ങളിൽ നിന്നുപോലും നമുക്കനുമാനിക്കാവുന്നതാണ്. ഏതനുസരിച്ചു നമ്മുടെ വേദ ഗുരുവായ തോമ്മാശ്ലീഹാ തന്റെ മരണത്തേ അനുസ്മരിക്കുകയും കവറിനെ വണങ്ങുകയും ചെയ്യുന്നവർക്കു "സർവ്വ നന്മകളും" പ്രദാനം ചെയ്യുന്നതാണെന്നു ചെയ്തിട്ടുള്ള വാഗ്ദാനം സർവ്വാനിവൃഹിച്ചിട്ടുണ്ടെന്നുള്ളതു അനുഭവപ്രതീയമായ വാസ്തവമാകുന്നു.

൨൪. പാട്ടിൽ പറയുന്ന പതിനൊന്നാമത്തെ സംഗതി ദൂരയാത്ര ചെയ്യുന്നതിനു ദൈവദൂതന്മാരുടെ സഹായം നമ്മുടെ പ്രേഷകനു സിദ്ധിച്ചിരുന്നു എന്നും ശ്ലീഹായുടെ മരണവൃത്താന്തമാലാകമാർ മാർപൌലോസുമെത്രാനെയും കേപ്പാമെത്രാനെയും അറിയിച്ചു എന്നുംഉള്ളവയാണു (൧൯൫ മുതൽ ൧൯൯ വരെയും ൨൦൨ മുതൽ ൨൦൯ വരെയും ൨൧൫ മുതൽ ൨൧൮ വരെയും ൨൨൩ മുതൽ ൨൨൮ വരെയും ഉള്ള വരികൾ നോക്കുക]. വി. ശ്ലീഹന്മാർക്കു മാലാകമാരുടെ സഹായം പലേ അവസരങ്ങളിലും സിദ്ധിച്ചിട്ടുണ്ടെന്നു വേദപുസ്തകത്തിൽ നിന്നുതന്നെ നാം അറിയുന്നു. ക്രിസ്തുവിന്റെ പ്രേഷക സം

ലത്തിൽ ഒരാളായ മാർ തോമ്മായിക്കു അങ്ങനെയുള്ള അനു
ഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണു പാട്ടിലെ പലഘട്ടങ്ങളും വി
ദ്ദേശിക്കുന്നതു. ഇതരശ്ലീഹന്മാരെ അപേക്ഷിച്ചു നമ്മുടെഗുരു
അധികരഞ്ജങ്ങളിൽ സുവിശേഷം പ്രസംഗിച്ചു എന്നും ഏക
ദേശം ഭ്രഗോളം ഒട്ടുക്കു അദ്ദേഹം സഞ്ചരിച്ചിട്ടുണ്ടെന്നും കഴി
ഞ്ഞ ഫൻ-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഇപ്രകാരംന
മ്മുടെ രക്ഷകന്റെ നാത്യോപദേശങ്ങളെ പ്രചരിപ്പിച്ച ശി
ഷ്യനായിക്കൊണ്ടു സുവിശേഷം സ്വീയമായ അനുഗ്രഹ
ങ്ങളെ ദൈവം അനുവദിച്ചുനൽകി എന്നു പറയുന്നതു അവിട
ത്തെ കരുണയ്ക്കും പരിരക്ഷണത്തിനും യോജിക്കുന്ന ഒരു പ്ര
സ്താവം ആണെന്നുള്ളതിനു സംശയമില്ല. ശ്ലീഹന്മാരുടെ നട
പടി ഫന്ദ-ാം അദ്ധ്യായം ൻ-ാം വാക്യത്തിലും വ-ാം അദ്ധ്യായം
ഫന്ദ; ന്ധൻ; ർാ എന്നിവാക്യങ്ങളിലും വി. പൌലോസിനോ
ടും വന്ദ്യനായ പീലിപ്പോസിനോടും സുവിശേഷ പ്രസംഗാ
ത്ഥം സഞ്ചരിക്കേണ്ട സ്ഥലങ്ങളെപ്പറ്റി മാലാക്കാ അറിവു
കൊടുക്കുകയും നിമിഷമാത്രം കൊണ്ടു പീലിപ്പോസിനെ അ
ശ്രുചി എട്ടത്തു വേറൊരു ദിക്കിൽ കൊണ്ടുചെന്നു വക്കുകയും
ചെയ്തതായി വിവരിക്കപ്പെട്ടിരിക്കുന്നു. അപ്രകാരംതന്നെ കൊ
ർണ്ണേലിയോസിനോടു പത്രോസിന്റെ സന്നിധിയിലേക്കു അ
ളയക്കണമെന്നു ഒരു ദൈവദൂതൻ വിജ്ഞാപിച്ചതായ പ്ര
സ്തുത പുസ്തകം പത്താം അദ്ധ്യായം ന-ാം വാക്യത്തിലും മാലാ
ക്കമാർ ശ്ലീഹന്മാരെ അപകടത്തിൽനിന്നു രക്ഷിച്ചതായി അ
തേ ഗ്രന്ഥത്തിൽ ഭ-ാം അദ്ധ്യായം ഫൻ; ഫഠ എന്നീ വാക്യ
ങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. ഇതര ശിഹന്മാക്കു ഈ ദൃശസ
ഹായങ്ങൾ സിദ്ധിച്ചതുപോലെ വി. തോമ്മായിക്കും മാലാക്ക
മാരുടെ അനുകൂല്യം ലഭിച്ചിരുന്നു എന്നുള്ള പാട്ടിലെ പ്രസ്താ
വം അസംഭാവ്യമല്ലെന്നു മാത്രമല്ല പ്രസ്തുതമായ തെളിവുകളാ
ൽ വേദപുസ്തകത്തോടു പൂർണ്ണമായി യോജിക്കുന്നതുമാണെന്നു
നിസ്സംശയം വിശ്വസിക്കാവുന്നതത്രെ.

൨൭. പാട്ടിൽ പറയുന്ന പന്ത്രണ്ടാമത്തെ സംഗതി

തോമ്മാശ്ലീഹാ ഉയിർപ്പിക്കുകയും പൈശാചിക ബാധയിൽ നിന്നു വിമോചിക്കുകയും കൂടെപ്പിറന്നവർ ബഥിനൊ മുതലായി അദ്ദേഹത്താൽ സുഖപ്രാപ്തരാകുകയുംചെയ്ത ആളുകളുടെ സംഖ്യയാണു. [ഏതൊരു മുതൽ ഏവ്വ വരെയുള്ള വരികൾ നോക്കുക].

നമ്മുടെ രക്ഷകൻ സ്വന്ത ശിഷ്യന്മാർക്കു പിശാചുക്കളുടെ മേൽ അധികാരം നൽകുകയും വിസ്താരീതങ്ങളായ അത്ഭുത കർമ്മങ്ങൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്കയും ചെയ്തതായി സുവിശേഷത്തിൽ തന്നെ വിവരിക്കപ്പെട്ടിട്ടുണ്ട്. (മത്തേ്താസ് അ. ഫന്യ; വാ: ഫെ; ഫവ്വ] ഇതിൻപ്രകാരം ശ്ലീഹന്മാർ വിസ്മയ കർമ്മങ്ങൾ പ്രവർത്തിച്ചിരുന്നതായും ദിവ്യരക്ഷകൻ അവരെ സഹായിച്ചിരുന്നതായും പ്രസ്തുത സുവിശേഷം തന്നെ ലക്ഷീകരിക്കുന്നു. [അ. ഫന്യ. വാ: ൨൦] ഈ ദൃശമായ വിസ്മയകൃത്യങ്ങളെ ശ്ലീഹന്മാർ നിർവ്വഹിച്ചിരുന്നു എന്നു ശ്ലീഹന്മാരുടെ നടപടി (അ: ൨. വാ: �along - അ: ഒ. വാ: ഫെ; ഫന്യ - അ: വ. വാ: ന്യ; ൈ) യിലും പ്രസ്താവിച്ചിട്ടുള്ളതാണ്. നമ്മുടെ വിശുദ്ധ ശ്ലീഹായും ഇപ്രകാരമുള്ള വിസ്മയനീയമായ പ്രവൃത്തികളെ ചെയ്തിരുന്നു എന്നാണല്ലൊ പാട്ടിലെ ഈഭാഗം നിരൂപിക്കുന്നത്. ഏതുമൂലം വി. അപ്പോം തോമ്മാശ്ലീഹായെ ഉദ്ദേശിച്ചു കൊണ്ടു "തോമ്മായെ [—'തോമ്മാ' എന്നതു 'താമ' എന്നസുറിയാനി പദത്തിന്റെ ഒരു രൂപാന്തരമത്രെ. ഇരട്ട പിറന്നവൻ എന്നാണു ഇതിന്റെ അർത്ഥം—] നീ ഭാഗ്യവാനാകുന്നു. നിന്റെ പ്രവൃത്തികളിൽ നീ ഉഭയസ്ഥനാണു. നിന്റെജ്ഞാനശക്തിയിലും നീ ഇരട്ടയാത്രെ. നിന്റെശക്തിഒറ്റയല്ല. നിന്റെനാമവുംഒറ്റയല്ല. അവ പലതരത്തിലുള്ളവയും പ്രത്യേകങ്ങളുമാകുന്നു. നിന്റെ അഭിധാനം ശ്ലീഹന്മാരുടെ ഇടയിൽ കീർത്തികേട്ടതു തന്നെ." എന്നു പാടുന്നു. (69) തോമ്മാശ്ലീഹാ ഇവിടെ അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്നു പറയുന്നതു മൌഢ്യവും അന്ധവിശ്വാസജനകവും ആണെന്നു വാദിക്കുന്ന കാതോലിക്കേതരന്മാരായഗ്ര

സ്ഥകാരന്മാർ ഇക്കാലത്തു വളരെയുണ്ട്. മേൽ കാണിച്ചിരിക്കുന്ന പ്രസ്താവം വേദപുസ്തകത്തിലെ സാക്ഷ്യങ്ങളാണെന്നംഗീകരിച്ചു വിസ്മയകമ്മങ്ങൾ ചെയ്തതായി ആരെപ്പറ്റി പ്രതിപാദിക്കുന്നുവോ അദ്ദേഹം വേദഗ്രന്ഥത്താൽ അഭിനന്ദിക്കപ്പെട്ടിട്ടുള്ള ധാർമ്മികതിലകൻ തന്നെയാണെന്നും അവർ ഓർത്തിരിക്കേണ്ടതാണു. കേപ്പാറ്റെത്താനാം പട്ടക്കാരും മലയാളത്തു നിന്നുപരിനെട്ടിവസം യാത്രചെയ്തശേഷം കർക്കടകം ൨൮-ാംനു മൈലാപ്പൂരിൽ എത്തി എന്നു പാട്ടിൽ [സുകൃതം മുതൽ ൪൦ വരെയുള്ള വരികളിൽ] പ്രസ്താവിച്ചിട്ടുള്ളതിനാൽ അക്കാലത്തു ക്രിസ്ത്യാനികൾ മൈലാപ്പൂരിലേക്കു പോയിരുന്ന മാർഗ്ഗങ്ങൾ ഏതെല്ലാമായിരുന്നു എന്നുകൂടി ഈ ലക്കം അവസാനിക്കുന്നതിനു മുമ്പു അല്പം വിചാരണ ചെയ്യുന്നതു യുക്തമാണല്ലൊ. അതീത കാലങ്ങളിൽ മൈലാപ്പൂരിലേക്കു പോകുന്നതിനു ഇപ്പോൾ അറിയപ്പെട്ടിട്ടില്ലാത്തതും എളുപ്പമുള്ളതുമായ അനേകം വഴികൾ ഉണ്ടായിരുന്നു. (70) ആ മാർഗ്ഗങ്ങൾ ഇക്കാലത്തു അടഞ്ഞും വനങ്ങളായി തിരിഞ്ഞും പോയിട്ടുണ്ടെങ്കിലും അന്നു കരമാർഗ്ഗമായി സഞ്ചരിക്കുന്നതിനു തക്ക വഴികൾ സുലഭമായിരുന്നതായി ലക്ഷ്യങ്ങൾ ഇല്ലാതില്ല. പ്രാചീന ദശയിൽ മലയാളത്തു നിന്നു പാണ്ടിദേശവുമായുള്ള കച്ചവടം നടന്നിരുന്നതു പ്രധാനമായി കരമാർഗ്ഗമായിരുന്നു. എന്നുമാത്രമല്ല അതിനു തക്കതായ വഴികളും അന്നു ഇല്ലാതിരുന്നില്ല. അക്കാലത്തു ജനങ്ങൾ കരമാർഗ്ഗമായി വാഹനങ്ങളിൽ ക്രടിയും സഞ്ചരിക്കുക പതിവായിരുന്നു. [71] മീനച്ചൽ താലൂക്കിലുൾപ്പെട്ട അരുവിത്തുറ അന്നു ഒരു പ്രധാന കച്ചവടസ്ഥലമായിരുന്നു എന്നും അവിടെ നിന്നു പാണ്ടിദേശവുമായുള്ള വ്യാപാരം പ്രബലമായി നടന്നിരുന്നു എന്നും ഒരു പരമ്പരാ വർത്തമാനം ഉണ്ടു്. ഇതു വാസ്തവമാണെന്നു അനുമാനിക്കുന്നതിലേക്കു അദ്യാപി അവിടെ കാണ്മാനുള്ള പല ജീർണ്ണാവശിഷ്ടങ്ങളും തക്ക ലക്ഷ്യങ്ങളാകുന്നു. ക്രടാതെ തൊടുപുഴ താലൂക്കിലുള്ള മുതലക്കോടം എന്നാ ദേശത്തും പണ്ടു പാണ്ടി

യുമായുള്ള കച്ചവടവും ഗതാഗതങ്ങളും നടന്നുകൊണ്ടിരുന്നതായി സൂചിപ്പിക്കുന്ന പല ലക്ഷ്യങ്ങളും അവിടെ ഇന്നും സുലഭമാണ്. ആരംപുളി, കോതമംഗലം എന്നീ ദേശങ്ങളും മൻകാലത്തു പാണ്ടിയുമായി കച്ചവടം നടന്നിരുന്ന സ്ഥലങ്ങളാണെന്നു ഊഹിക്കുന്നതിനു വേണ്ട ലക്ഷ്യങ്ങൾ ഇല്ലാതില്ല.

ഈ അദ്ധ്യായത്തിന്റെ ആരംഭം മുതൽ ഇതഃപര്യന്തം പ്രസ്താവിച്ചിട്ടുള്ള സർവ്വ സംഗതികളും പാട്ടിൽ പറഞ്ഞിട്ടുള്ള ഓരോ പ്രധാന കാര്യങ്ങളെ തെളിയിക്കുന്ന രേഖകളാണ്. തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നു അവിടത്തെ രാജാവിനേയും ഒട്ടുവളരെ പ്രജകളേയും സുവിശേഷോപദിഷ്ടമായ മാർഗ്ഗത്തിലേക്കു നയിച്ചു എന്നുള്ളതു് ഒന്നാമതായിട്ടും അക്കാലത്തു കേരളത്തിലെ ഏഴു പ്രധാന സ്ഥലങ്ങളിൽ ആരാധനസ്ഥാനങ്ങൾ സ്ഥാപിച്ചതും ചോഴമണ്ഡലത്തിൽ സുവിശേഷം പ്രസംഗിച്ച ആ രാജാവിനേയും അനവധി ജനങ്ങളേയും ജ്ഞാനസ്നാനം ചെയ്യിച്ചതും രണ്ടും മൂന്നും ഘട്ടങ്ങളിലായിട്ടും വിവരിച്ചു കഴിഞ്ഞു. അനന്തരം നാലും അഞ്ചും ഖണ്ഡികകളിലായി മാനസാന്തരപ്പെട്ട മാമ്മോദീസാ മുങ്ങിയ ജനങ്ങൾ ബ്രാഹ്മണർ മുതലായ ഉയർന്നജാതി ഹിന്ദുക്കൾ ആണെന്നും കേരളത്തിലും മൈലാപ്പൂരിലും രണ്ടു വൈദികാദ്ധ്യക്ഷന്മാരെ ശ്ലീഹാ ഏർപ്പെടുത്തി എന്നും ഉള്ള വസ്തുതകളാണു പ്രതിപാദിച്ചിട്ടുള്ളത്. ന്യൂ; ഓ. വ എന്നീ വിഭാഗങ്ങളിൽ സംഗ്രഹിച്ചിട്ടുള്ള കാര്യങ്ങൾ ജനങ്ങളുടെ ആത്മിക പരിപാലനാർത്ഥം ശ്ലീഹാ വൈദികന്മാരെ നിയമിച്ചതും അദ്ദേഹം കൊണ്ടുവന്ന വി. മത്തായിയുടെ സുവിശേഷം നിത്യസ്മരണയ്ക്കുവേണ്ടി കേരളത്തിൽ നിക്ഷേപിച്ചതും പട്ടക്കാരുടെ പിൻതുടർച്ചയെപ്പറ്റി പ്രവചിച്ചതും മൈനായിലും മറ്റു പല ദൂരദേശങ്ങളിലും സുവിശേഷം പ്രസംഗിച്ചതും ആണ്. ഒൻപതാമത്തെ സംഗതി തോമ്മാശ്ലീഹാ വെ കുടെകം (ജൂലായി) ൧൦-ാം തീയതി മൈലാപ്പൂരിൽ വെച്ചു രക്തസാക്ഷിയായി മരിച്ചു എന്നുള്ള

ത്തിനെ സംബന്ധിച്ചവയെല്ലാം. അനന്തരം ൧൧; ൧൨; ൧൩ എന്നീ വകുപ്പുകളിൽ ശ്ലീഹായുടെ കവിനെ വണങ്ങുന്നവർക്കു ലഭിക്കുന്ന സഹായങ്ങളേയും വേദപ്രസംഗത്തിൽ ദൈവകൃത്തന്മാർ വി. പ്രേഷകനെ അനുഭവിച്ച വർത്തമാനങ്ങളേയും അദ്ദേഹം സാധിച്ചിട്ടുള്ള അസംഖ്യം അത്ഭുതകർമ്മങ്ങളേയും ക്രോഡീകരിച്ചിരിക്കുന്നു. അതുകയാൽ പാട്ടിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളെ യഥാർത്ഥത്തെ വിശദീകരിക്കുന്നവയാണെന്നും ദക്ഷിണദേശത്തിൽ തോമ്മാശ്ലീഹാ ചെയ്ത സുവിശേഷപ്രസംഗത്തെപ്പറ്റി സുറിയാനിക്കാരുടെ ഇടയിൽ ഉള്ള പാരമ്പര്യാവിശ്വാസവും രേഖകളും വിശ്വാസയോഗ്യങ്ങളാണെന്നും ഉപരിപ്ലവമായ തെളിവുകളിൽ നിന്നും അമോഘങ്ങളായലക്ഷ്യങ്ങളിൽ നിന്നും സത്യാന്വേഷകന്മാരായ എല്ലാവർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു.

——oo——

൪-ാം അദ്ധ്യായം.

——:oo:——

വി. തോമ്മാശ്ലീഹാ ഇൻഡ്യയിൽ ചെയ്ത സുവിശേഷപ്രസംഗത്തെ സംബന്ധിച്ചുള്ള പാശ്ചാത്യ പൌരസ്ത്യ സഭകളുടേയും പൂർവ്വപിതാക്കളുടേയും ചരിത്രകാരന്മാരുടേയും

സാക്ഷ്യങ്ങൾ.

൧. വേദപുസ്തകത്തിൽ ചുരുക്കം ചിലശ്ലീഹന്മാരുടെ പ്രസംഗത്തേയും അവർ അധിഷ്ഠാനിച്ചിട്ടുള്ള പ്രദേശങ്ങളേയും കുറിച്ചു മാത്രമെ വിവരിച്ചിട്ടുള്ളൂ. അവരേപ്പോലെ മറ്റു ശ്ലീഹന്മാരും ദിവ്യരക്ഷകന്റെ ആജ്ഞകളെ (മത്തായി അ. ൨൮. വാ: ൧൯; ൨൦) അനുസരിച്ചു എല്ലാ ദിക്കുകളിലും സഞ്ചരിച്ചു സുവിശേഷപ്രസംഗം ചെയ്തു എന്നുള്ളത് അവിതർക്കിതമായ സംഗതിയാണ്. വി. പൌലോസ് റോമാക്കാർക്ക് എഴുതിയ കുറിയിൽ "അവരുടെ സ്വരം യഥാർത്ഥമായി ഭൂമിയിൽ എ

ല്ലായിടത്തും അവരുടെ വാങ്മകം സുവിശേഷങ്ങളുടേയും അതിന്റെകളിലും വ്യാപിച്ചു (അ. പ്രവ. വാ: പ്രവ) എന്നപ്രസ്താവിച്ച കാരണത്തിൽ നിന്ന ഇതു വാസ്തവമാണെന്നു നിർണ്ണയിക്കാം. വി. മക്കോസാകട്ടെ ഈ സംഗതിയെ കൂടെക്കൂടി സ്ഥിരീകരിക്കുമാറു, "ശ്ലീഹന്മാർ എല്ലാസ്ഥലങ്ങളിലും സഞ്ചരിച്ചു പ്രസംഗം ചെയ്തിരുന്നു" എന്നു പറയുന്നുണ്ടു. [അ. പ്രവ്യ. വാ: ൨൦] ഏതാനുമൂലം ശ്ലീഹന്മാർ വേദതത്വങ്ങളെ പ്രസംഗിക്കുന്നതിനായി സഞ്ചരിച്ച രാജ്യങ്ങൾ ഏതെല്ലാമെന്നു അറിയുന്നതിനുള്ള ഒന്നാമത്തെ മാർഗ്ഗം അതതുരാജ്യങ്ങളിലുള്ള സ്മാരക ലക്ഷ്യങ്ങളും രണ്ടാമത്തെ വഴി പരമ്പരാ സിദ്ധമായ വിശ്വാസങ്ങളും മൂന്നാമത്തേതു് ആ വിശ്വാസത്തെ താങ്ങുന്ന രേഖകളുമത്രെ. ഈ പ്രമാണത്തെ ആസ്പദമാക്കിയാണു തോമ്മാശ്ലീഹായുടെ ദക്ഷിണ ഇൻഡ്യയിലെ സുവിശേഷ പ്രസംഗത്തെപ്പറ്റിയുള്ള സ്മാരകലക്ഷ്യങ്ങളേയും പരമ്പരാസിദ്ധമായ വിശ്വാസങ്ങളേയും അവയെ ദൃഢപ്പെടുത്തുന്ന തെളിവുകളേയും കഴിഞ്ഞ ഓരോ അദ്ധ്യായങ്ങളിലെടുത്തു വിവരിച്ചിട്ടുള്ളതു്. ഇനി നാലാമത്തു് ഒരു മാർഗ്ഗം ഉള്ളതു് പൂർവ്വ സഭകളുടേയും പ്രാചീന പിതാക്കന്മാരുടേയും ചരിത്രകർത്താക്കന്മാരുടേയും സാക്ഷ്യങ്ങളെ പരിശോധിക്കയാകുന്നു. ആകയാൽ ഈ അദ്ധ്യായത്തിൽ അവയെ സംബന്ധിച്ച സമഷ്ടിയായി പ്രതിപാദിക്കാമെന്നതത്രെ ഉദ്ദേശം.

൨. ക്രൈസ്തവലോകത്തിന്റെ പ്രാചീനങ്ങളായ ആരാധനക്രമങ്ങളും സംബന്ധിച്ചുള്ള ഗ്രന്ഥങ്ങളിലെ സാക്ഷ്യങ്ങളെ [Liturgical evidences] തന്നെ പ്രഥമതഃ ഇവിടെ ഉദ്ധരിക്കാം. അന്ത്യോക്യാ സുറിയാനിക്കാരുടെ പൂർവ്വനാമസ്തൂരപ്പുസ്തകം എന്നപേരോടുകൂടി (പ്രവ്വന്ന മുതൽ പ്രവ്വൻന്ന വരെ ഉള്ള വർഷങ്ങളിൽ) മോസൽ പട്ടണത്തിൽ ഏഴു ഗ്രന്ഥങ്ങളായി അച്ചടിച്ചു പ്രചരിപ്പിച്ചിട്ടുള്ള കുർബ്ബിയുടെ നാലാം പുസ്തകം ൮൨ മുതൽ ൮൬ വരെ ഉള്ള പുറങ്ങളിൽ തോമ്മാശ്ലീഹാ ഇൻഡ്യയിൽ ചെയ്ത സുവിശേഷ പ്രസംഗത്തെപ്പറ്റി

പലതും പ്രസ്താവിച്ചു കാണുന്നുണ്ട്. അവിടെ ദ്രവ്യ സെഗ്രോയിൽ ഇങ്ങിനെപറയുന്നു. "വാഴ്ത്തപ്പെട്ടശ്ലീഹായെ! ദിഷ്ടതപ്പെവത്തിക്കുന്നവനാൽ വിഫലീകൃതന്മാരായിരുന്ന ഇൻഡ്യാക്കാക്കും ക്രൂശായക്കാക്കും സ്വീയമായ ദാനൃത്താൽ സ്വാതന്ത്ര്യം സമ്പാദിച്ചു കൊടുത്തവനായ മാർ തോമ്മായെ! നീ സ്വസ്ത്യഹ്നായി ഭവിക്കട്ടെ." സ്രോഗിലെ മെത്രാപ്പോലീത്തായായ മാർ യാക്കോബ് രചിച്ചിട്ടുള്ള ഒരു പ്രാത്ഥനാ ഗീതത്തിൽ "തോമ്മാ ശ്ലീഹാ ഇൻഡ്യയിലേക്കു പോകുവാനായി മറവു പ്രേഷകന്മാരിൽ നിന്നു വേർപിരിഞ്ഞ സമയത്തു കരയുകയും കരയത്തക്കവിധത്തിൽ മറവുള്ളവരെ ഇളക്കുകയുംചെയ്തു..... .....അല്ലയൊ അനുഗ്രഹീതനായോവെ! ഇൻഡ്യയുടെ അന്ധകാര നിബിഡമായ രാത്രിയെ നീക്കുന്നതിനു സൂര്യരശ്മി എന്നപോലെ നീ പ്രയാണം ചെയ്യുന്നു" എന്നിപ്രകാരം പ്രസ്താവിച്ചു കാണുന്നുണ്ട്. സപ്രാ മന്ത്രത്തിൽ ചേർത്തിരിക്കുന്നവി. അപ്രേമിന്റെ ഒരു പ്രാത്ഥനയിൽ അതുപോട്ടെ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു. "നീ വഴിയായി സത്യ വിശ്വാസത്തിലേക്കു ഇൻഡ്യാക്കാരെ അദ്ദേഹം (ദൈവം)ആകർഷിക്കുകയും ശ്ലീഹായുടെ നാമത്തിൽ അവരെ ജ്ഞാന സ്നാനപ്പെടുത്തുകയും ചെയ്തു." "സൂര്യൻ ലോകത്തെ പ്രകാശിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ തോമ്മാശ്ലീഹാ തന്റെ അപരിമേയമായ അനുഗ്രഹങ്ങളാൽകൊണ്ടു അജ്ഞാന തിമിരത്താൽ ആവൃതമായിരുന്ന ഇൻഡ്യയെ ശോഭിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു" എന്ന പ്രഭാത കാലത്തേക്കുള്ള സെഗ്രായിലും പ്രസ്താവിച്ചിരിക്കുന്നു. ഈവക ശ്രദ്ധേയമായ വേറെയും പല വാക്യങ്ങളും പ്രസ്തുത പ്രാത്ഥനാ പുസ്തകത്തിൽ കാണാവുന്നതാണ്.

൩. അസ്സേമാൻ വി. തോമ്മാശ്ലീഹായിൽ ഭിന്ന ശാഖക്കാരായ സുറിയാനിക്കാർക്കുള്ള പാരമ്പര്യ വിശ്വാസത്തെ സംബന്ധിച്ചു പ്രതിപാദിക്കുന്ന കൂട്ടത്തിൽ യാക്കോബായ സുറിയാനിക്കാരുടെ ചരിത്രകൃതങ്ങളെ വിവരിച്ചിട്ടുള്ള ഗ്രന്ഥങ്ങളി

ൽനിന്നുംഎടുത്തുചേർത്തിട്ടുള്ള ചിലഭാഗങ്ങൾ ഇവിടെചേർക്കാം.

൫). കർത്താവു രണ്ടാം രീയയിൽ ലോഹിക്കപ്പെട്ടനാൾ വി. ശ്ലീഹായുടെ തിരുനാളിനുള്ള കാനോൻ ജപത്തിൽ "കിഴക്കെ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിക്കുന്നവർക്കായി ലോക രക്ഷകൻ അദ്ദേഹത്തെ [തോമ്മാശ്ലീഹായെ] അയച്ചു" എന്നും—"നമ്മാൽ അനുസ്മരിക്കപ്പെടുന്നതോമ്മായാണുഇൻഡ്യയിലേക്കു അയക്കപ്പെട്ടത" എന്നും പ്രസ്താവിച്ചിരിക്കുന്നു. നെസ്തോറിയൻ ശാഖക്കാരായ സുറിയാനിക്കാർ കർത്തോകം [ശൂലായി] നാലാം ദിവസം ഉപചരിക്കപ്പെടുന്ന തോമ്മാശ്ലീഹായുടെ തിരുനാളിൽജപിക്കുന്ന റംശാ[Vespers] മന്ത്രത്തിൽഎഴുതപ്പെട്ടിട്ടുള്ളത് ഇപ്രകാരമാണു. "ഹാ! തോമ്മായെ ഇൻഡ്യാക്കാർ നിന്റെ ഉപദേശം വഴിയായി ജീവന്റെ പരിമളത്തെ ശ്വസിച്ചു. ഇൻഡ്യയിൽ കണ്ടെത്തപ്പെട്ട ഒരു നിക്ഷേപമെന്നപോലെ ദിവ്യരക്ഷകൻ വി. തോമ്മായെ അദ്ദേഹത്തിന്റെ സഭക്കു നൽകുന്നതിനു തിരുമനസ്സായി." ക്രൂശാതെ സ്തോത്രഗീതത്തിൽ "മിശിഹാ റോമ്മയുടെ പ്രധാനാചാര്യനായി പത്രോസിനെ അഭിഷേകം ചെയ്തതുപോലെ [ഹാ! തോമ്മായെ!] നീ ഇന്നു ഇൻഡ്യാക്കാരുടെ ഇടയിൽ താല്ക്കാലമായ ബഹുമാനം തന്നെ പ്രാപിച്ചിരിക്കുന്നു." എന്നതെ പ്രസ്താവിച്ചിട്ടുള്ളത് ഇനി ലെലിയാമന്ത്ര (Nocturnal Prayers) ത്തെ പരിശോധിക്കാം. അതിൽ "പിശാചുക്കളുടെ ക്ഷേത്രങ്ങളെ നശിപ്പിക്കുന്നതിനായി തോമ്മാ ഇൻഡ്യയിലേക്കു യാത്രയായി" എന്നു പറയപ്പെട്ടിരിക്കുന്നു.

൬]. പരസ്പര വിശ്വാസ ഐരീത്യത്തോടും അന്യോന്യ വിരോധത്തോടും കൂടി വർത്തിക്കുന്ന ഭിന്നശാഖക്കാരായ പ്രസ്തുത ക്രിസ്ത്യാനികളും കത്തോലിക്കാസഭയിൽ നിന്നു വേർപിരിഞ്ഞവരാകയാൽ വി. തോമ്മാശ്ലീഹായെ സംബന്ധിച്ചു അവർക്കുള്ളതായി മേൽകാണിച്ച വിശ്വാസം വസ്തുവസ്തുമായി പടർന്നു പിടിച്ചുണ്ടായിട്ടുള്ളതാണെന്നു വിചാരിപ്പാൻ സംഗ

രിയില്ലല്ലൊ. തന്നിമിത്തം അതു അവരുടെ മതഭിന്നതകളെ നൂതനൊ സഭ സ്ഥാപിതാക്കന്മാരിൽ നിന്നു അനുഭവിച്ചു പോന്ന പരമ്പരാസിദ്ധമായ സത്യത്താലൊന്നും വിശിഷ്യാ സുറിയാനിസഭയുടെ ആദ്യശതാബ്ദം തുടങ്ങിയുള്ള പ്രാമാണികവും അനസ്യൂതവുമായ വിശ്വാസമാണെ അതു എന്നും സ്പഷ്ടമാകുന്നു.

൪]. പാശ്ചാത്യസഭയുടെ പുരാതന കലണ്ടർകളും സാക്രമെൻററികളും [Sacramentaries] അതിന്റെ പൂവ് മിസ്സാൽ (Missal) മാർട്ടിറോലോജി (martyrology=വങ്കന്മാരുടേയും രക്തസാക്ഷികളുടേയും തിരുനാൾകുറിപ്പു പുസ്തകം) എന്നിവകളും തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ സുവിശേഷപ്രസംഗത്തെ വ്യക്തമായി മൂണ്ടിക്കാണിക്കുന്നുണ്ടു. വി. ഈറാനീമ്മോസിന്റെ മാർട്ടിറോലോജിഗ്രന്ഥം ആകട്ടെ പാശ്ചാത്യസഭയിൽ പ്രചുരപ്രചാരമുള്ള ഒരു പുസ്തകമാണു. നാലാം ശതാബ്ദത്തിലെ പ്രാമാണികങ്ങളായ പ്രാചീനഗ്രന്ഥങ്ങളിൽ നിന്നാണെ ഈ കൃതിയുടെ ഉല്പത്തി. ഇതിന്റെ ഒരു പ്രതി ത്രേവ്സ്സ് (Treves) രൂപതയിലുള്ള ഇപ്പർനാക്ക [Epernac] ആശ്രമത്തിൽ വളരെകാലം സൂക്ഷിക്കപ്പെട്ടിരുന്നതു നിമിത്തം 'ഇപ്പൽനാക്കുപ്രതി' എന്ന അതിനു പേരും സിദ്ധിച്ചു. ഈ പ്രതിയിൽ വി. ശ്ലീഹന്മാരെപ്പറ്റി പറയുന്നഭാഗത്തു "ധനു [ഡിസംബർ] ൨൬-ാംതീയതി ഇൻഡ്യയിൽ വി. തോമ്മാശ്ലീഹായുടെ മരണവും എദേസായിലേക്കുള്ള അദ്ദേഹത്തിന്റെ ശരീരപരിവർത്തനവും" എന്നു പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്താബ്ദം ൩൭൨-ാമാണ്ടിൽ എദേസായുടെ മാർട്ടിറോലോജിയിൽ ഇങ്ങനെയും പറയപ്പെട്ടിട്ടുണ്ടു. "ധനു ൨൬-ാം തീയതി പാത്തിയാക്കാക്കും മേലിയാക്കാക്കും ഏവൻഗേലിയോൻ ഉപദേശിച്ച ശേഷം ഇൻഡ്യയിൽ വച്ചു പീഡകളും സഹിച്ച അനുഗ്രഹീതനായ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം. അദ്ദേഹത്തിന്റെ ശരീരം എദേസാ എന്നസുറിയാനിക്കാർ പേർചെയ്യുന്നപട്ടണത്തിലേക്കു കൊണ്ടുപോയി അവിടെ ഉപചാരപൂർവ്വം സ്ഥാപിക്കപ്പെട്ടിരിക്കുന്നു പാശ്ചാത്യസഭ ഇപ്പോൾ അനുഗമിക്കുന്നതുപോ

മർ മാർട്ടിറോലോജിയെ ആണു. ഇതു മുമ്പുണ്ടായിരുന്ന രണ്ടു മാർട്ടി റോലോജികളെ ബറോനിയസ് കാർഡിനൽ പരിഷ്കരിച്ചു പൂർത്തിയാക്കി പതിമ്മൂന്നാം ഗ്രീഗോറിയോസ് മാപ്പാപ്പായുടെ അംഗീകാരസമേതം ക്രി.വ.൧൫൮൧-ൽ അച്ചടിപ്പിക്കപ്പെട്ടിട്ടുള്ളതത്രെ. ഈ വിശിഷ്ട ഗ്രന്ഥത്തിൽ ഡന (ഡിസമ്പർ) ൨൫-ാം തീയതി ഉപചരിപ്പെട്ടുന്ന വി. തോമ്മാശ്ലീഹായുടെ തിരുനാളിനെ സംബന്ധിച്ചു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഡന ൨൫. പാത്തിയാക്കാക്കും, പേർഷ്യാക്കാക്കും മേദിയാക്കാക്കുംവിശേഷം ഉപദേശിച്ചുടുവിൽ ഇന്ത്യയിൽ വന്നു തദ്ദേശീയ ജനങ്ങളെ മിശിഹായുടെ വേദം പഠിപ്പിച്ചു വരുകയിൽ രാജാജ്ഞാപ്രകാരം കുന്തത്താൽ കുത്തപ്പെട്ടു തോമ്മായുടെ തിരുനാൾ. അദ്ദേഹത്തിന്റെ വിശിഷ്ടാവശിഷ്ടങ്ങൾ അദ്ദ്യം എദേസാ പട്ടണത്തിലേക്കും അതുപരം ഓർയോനായിലേക്കും കൊണ്ടുപോകപ്പെട്ടു." കക്കടകം (ജൂലായി) ൩-ാം തീയതിയാണ് തിരുശിഷ്ടങ്ങൾ ഇൻഡ്യയിൽനിന്നുകൊണ്ടുപോയതെന്നും ഇതിൽ പ്രസ്താവിച്ചുകാണുന്നുണ്ട്.

ഈ യെരുവനായസഭയും അബ്സീനിയൻ സഭയും തോമ്മാശ്ലീഹാ ഇൻഡ്യയിൽ വേദം പ്രസംഗിച്ചുവായി സമ്മതിക്കുന്നുണ്ട്. പാശ്ചാത്യസഭയിൽ മാർട്ടിറോലോജി ഏതുവിധമോ ഏകദേശം അപ്രകാരമാണു യെരുനായ സഭയിൽ മെനൊലോജിയോൻ (Menologion) എന്നു ഗ്രന്ഥം വിലമതിക്കപ്പെട്ടിരിക്കുന്നതു. വേദസാക്ഷികളുടേയും വിശുദ്ധന്മാരുടേയും നടപടികളും ജീവചരിത്രവും ആണു ഇതിലെ പ്രതിപാദ്യവസ്തു. ബാസിൽ ചക്രവർത്തി (൮൭൬-൮൮൬) യുടെ കല്പനാനുസരണം രചിക്കപ്പെട്ടതാണു ഇത്തരത്തിൽ ഏറ്റവും പുരാതനമായ കൃതി. ക്രി.വ.൧൦൨൦-ൽ ബെനദിക്തോസ് മാപ്പാപ്പായുടെ പ്രേരണയാൽ ക്രമേണ-ൽ ലത്തീൻ രാജ്ഞിമയോട്ക്രൂടി പ്രസിദ്ധീകരിക്കപ്പെട്ടപ്രതിയുടെ ൮-ാം ഭാഗം ൽ-ാംപുറത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു "ഒക്ടോബർ (തുലാം) ൩-ാം ദിവസം വി. തോമ്മാശ്ലീഹായുടെ വേദസാക്ഷിത്വം .....

വി. തോമ്മായിക്ക ഇൻഡ്യാക്കാരുടെ രാജ്യം സിദ്ധിച്ചു; അദ്ദേ
ഹം അവിടെമിശിഹായെ പ്രസംഗിച്ചു .....ഇപ്പ
കാരം ഈ വിശുദ്ധൻ കുന്തിമ്മേലേക്ക കൊണ്ടുപോകപ്പെട്ടിട്ട
അവരാൽ ശുദ്ധരക്തസാക്ഷിയായി മൃത്യുവരിച്ചു." ക്രൂടാതെ അ
തേ പുസ്തകം ന-ാംഭാഗം ക്രസ്ന-ാപുറത്തു "മിഥുനം [ജൂൺ]
ന-ാമത-പന്ത്രണ്ടുശ്ലീഹന്മാരുടെ തിരുനാൾ"എന്നപ്രസ്താവി
ച്ചശേഷം "ഏഴാമത്തെ ആൾ തോമ്മാശ്ലീഹാമൂസ്; ഇദ്ദേഹം
ഇൻഡ്യാക്കാരാൽ കുന്തംകൊണ്ടു തുളച്ചിതനായി"എന്നും പ്ര
തിപാദിച്ചിരിക്കുന്നു.

ദിവ്യരക്ഷകനായ യേശുമിശിഹായുടെയും രക്തസാക്ഷികളുടെയും ജീവചരിത്രം
നടപടി മുതലായവയെ സംഗ്രഹിച്ചിട്ടുള്ള സിനക്സേരിയോൻ
[Synaxarion] എന്നപുസ്തകം ഈ (യെവനായ) സഭയുടെ
പള്ളിക്രമങ്ങളിൽ വായിക്കപ്പെട്ടുവരുന്നതാകുന്നു. (3). കൊ
ൺസ്റ്റാന്റിനോപ്പോലിയിൽ ഉപയോഗിച്ചുവരുന്നതായ സിന
ക്സേരിയത്തിലും ഈ വക പ്രസ്താവങ്ങളുടെ കൂട്ടത്തിൽ തിരു
നാളിനെസംബന്ധിച്ചുള്ള പ്രസ്താവങ്ങളുടെ കൂട്ടത്തിൽ "പാ
ത്തിയാക്കാർക്കും ..... ഇൻഡ്യാക്കാർക്കും വേദം ഉപദേശി
ച്ചു" എന്നും "ഇൻഡ്യാക്കാരുടെ രാജാവായ മിനദേവനാൽ
ഹനിക്കപ്പെട്ടു"എന്നും പറഞ്ഞിരിക്കുന്നു. യോബ്ലുഡോൾഫ്
പ്രസിദ്ധീകരിച്ചിട്ടുള്ള പന്ത്രണ്ടാം ശതാബ്ദത്തിലെ ഒരു എ
ത്തിയോപ്പിയൻകലണ്ടറിൽ "ഒക്ടോബർ ന-ാംതീയതി ഇൻ
ഡ്യയുടെ ശ്ലീഹായായ മാർതോമ്മായുടെ തിരുനാൾ" എന്നും
എഴുതപ്പെട്ടിട്ടുണ്ട്. [4]

ന്യ. പൂർവ്വപശ്ചിമ സഭകളുടെ ആരാധനക്രമ സംബന്ധ
മായ ഗ്രന്ഥങ്ങളിലെ സാക്ഷ്യങ്ങൾ ഇവിടെ സംക്ഷിപ്തമായി
ട്ടെങ്കിലും ഉദ്ധരിച്ചു കഴിഞ്ഞിരിക്കകൊണ്ടു ഇനി പൂർവ്വ പിതാ
ക്കന്മാരിൽ നിന്നു ലഭിക്കുന്ന ലക്ഷ്യങ്ങളെക്കൂടി എടുത്തു കാ
ണിക്കാൻ ശ്രമിക്കാം. മാർ തോമ്മായുടെ ഇൻഡ്യയിലേക്കു
ള്ള ആഗമനം, വേദപ്രസംഗം, രക്തസാക്ഷിത്വപനയുള്ള മ
രണം ആദിയായ കാര്യങ്ങളെ പറ്റിയപൂർവ്വം ആദരിക്കുകയും അ

വയെ സ്വന്തമാക്കിക്കൊണ്ടിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുള്ളവരാണ് ഇവർ. പ്രാചീനന്മാരായ ഇവരിൽ ഒന്നാമത്തെ ആൾ അബ്ദിയാസ് അത്രെ. ഇദ്ദേഹം ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം ശതാബ്ദത്തിന്റെ ആരംഭകാലത്തും ആയി ജീവിച്ചിരുന്ന ആളാകുന്നു. ശ്ലീഹന്മാരുടെ ശിഷ്യനും ബാബേലിന്റെ മെത്രാനുമായ ഈ വന്ദ്യൻ വി. പ്രേഷകനന്മാരെപ്പറ്റി എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ മർ തോമ്മാ ഒർശ്ലീമിൽ ആയിരിക്കെ ഇൻഡ്യയിൽ പോയി വേദം പ്രസംഗിക്കുന്നതിനും ലോകരക്ഷകനാൽ ആജ്ഞാപിക്കപ്പെട്ടതെന്നും തദനന്തരം ശ്ലീഹാ പ്രയാണം ചെയ്തതും വളരെ ബുദ്ധിമുട്ടുകൾ സഹിക്കുകയും അന്തേതു ഇൻഡ്യയിൽ വച്ചു രക്തസാക്ഷിയായി മരിക്കുകയും ചെയ്തു എന്നും അത്രെ പ്രസ്താവിച്ചിരിക്കുന്നത്. [5]. അബ്ദിയാസിന്റെ കാലശേഷം ഈ സംഗതി സംബന്ധിച്ചു എന്തെങ്കിലും എഴുതിയിട്ടുള്ളത് എക്കുമേനിയസ്സിന്റെ കൃതികളുടെ ക്രട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് (Anonymus Oecumenii). ഈഗ്രന്ഥത്തിൽ തോമ്മാശ്ലീഹാ, പൂവ്വികരായ പരമ്പരാവൃത്താന്തം നമ്മെ പഠിപ്പിക്കുന്നതുപോലെ പാർത്തിയാക്കാർക്കും മേദിയാക്കാർക്കും മറ്റും മിശിഹായുടെ സുവിശേഷത്തെ ഉപദേശിച്ചു ഒടുവിൽ ഇൻഡ്യയിലുള്ള കബ്രീനായിൽ വച്ചു മരണപ്രാപ്തനായി എന്ന വിവരിക്കപ്പെട്ടിരിക്കുന്നു. (6) ഈ രണ്ടു ഗ്രന്ഥകാരന്മാരുടേയും അനന്തരന്മാരായി പ്രകൃത വിഷയത്തെപ്പറ്റിചിലതെല്ലാം എഴുതിയിട്ടുള്ളവർ (ഠ) വിദോറോത്തേയൂസും [ഡ] വി. ഗ്രീഗോരിയോസ് നസിയാൻസനും [ന.] വി. അംബ്രോസീസും (ർ) വി. ഈറാനിഃമ്മോസും (ി) വി. അപ്രേമും [ന്ത] വി. ക്രിസോസ്തോമോസും [ം] വി. പൌചീനോസും [വ] തീയോഡോറേറ്റും [ൻ] തുർസിലെ വി. ഗ്രീഗോരിയോസും [ഥ] ഭാഗ്യപ്പെട്ട ബെദായും ആകുന്നു. മഹാനായ കൊൻസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്തു (൪-ാം ശതാബ്ദാരംഭം) ജീവിച്ചിരുന്ന തീർ [Tyr] പട്ടണത്തിന്റെമെത്രാനായദോറോത്തേയസ് പന്ത്രണ്ടു ശ്ലീഹന്മാരേപ്പറ്റി എഴുതിയ 'സംഗ്രഹ' ഗ്രന്ഥത്തി

ൽ പാർവ്വയും കൊണ്ടു വിശദമാക്കുന്നതുപോലെ തോമ്മാശ്ലീഹാ പാർത്ഥ്യാക്കാർക്കും പേർഷ്യാക്കാർക്കും മറും സുവിശേഷം പ്രസംഗിച്ചശേഷം ഇൻഡ്യയിലെ കലമീനായിൽ വച്ചു മരിച്ചു എന്നു പ്രസ്താവിച്ചു കാണുന്നുണ്ടു. (7)

നാലാം നൂറാണ്ടിൽ തന്നെ ജീവിച്ചിരുന്ന വി. ഗ്രീഗോരിയോസ് നസിയാൻസസ്, (Gregory Nazionzus), പൌലോസ് അഖായാക്കാരുടെ ഇടയിലും ലൂക്കാ അക്കായിലും (achaia) അന്ത്രയോസ് എത്യോപ്യായിലും യോഹന്നാൻ അപ്പസ്തോലനും തോമ്മാ ഇൻഡ്യയിലും മർക്കോസ് ഇത്താല്യായിലും പോയതു എന്തിനു വേണ്ടിയാണെന്നു ചോദിക്കുന്നു. ഈ ചോദ്യം കൊണ്ടു മാർ തോമ്മാ നമ്മുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചു എന്ന സംഗതിയെപ്പറ്റി അക്കാലത്തു പ്രബലീകൃതമായിരുന്ന പാരമ്പര്യാസിദ്ധമായ തെളിവുകളെ വെളിപ്പെടുത്തുകയല്ലയൊ ചെയ്യുന്നതു. (8) അതേശതാബ്ദത്തിൽജീവിച്ചിരുന്ന വി. അമ്പ്രോസ്സീസ് തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷപ്രസംഗം ചെയ്തു എന്ന പാരമ്പര്യവിശ്വാസത്തെ പ്രബലീകരിച്ചുകൊണ്ടു ഇപ്രകാരം പറയുന്നു. "യൂലിയോസ് അഗുസ്തോസ് റോമാ സാമ്രാജ്യത്തിന്റെ ആധിപത്യം പ്രാപിച്ചതുകൂടി രാജ്യത്തിനുണ്ടായിരുന്ന അനൈക്യങ്ങൾ ഒക്കെയുണ്ടാകയും 'നിങ്ങൾ പോയി സകല ജാതി ജനങ്ങളേയും ഉപദേശിപ്പിൻ' (മത്തായി അ: ൨൮ - വാ: ൧൯) എന്നുള്ള ദിവ്യരക്ഷകന്റെ തിരുവാക്യം അനുസരിച്ചു ശ്ലീഹന്മാർ എല്ലായിടങ്ങളിലും പോയി സുവിശേഷം പ്രസംഗിക്കുന്നതിനു ഇതു അനുകൂലമായി പരിണമിക്കുകയും ചെയ്തു. റോമാ മഹാരാജ്യത്തിനു പുറമെയുള്ള പ്രദേശങ്ങളിലും അവർ സഞ്ചരിച്ചു നിത്യ തത്വങ്ങളെ ഉപദേശിക്കയുണ്ടായി. തോമ്മാ ഇൻഡ്യയിലും മറ്റായി പേർഷ്യായിലും സഞ്ചരിച്ചിരുന്നു" (9) പ്രസ്തുത ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. ഈറാനിമ്മോസും ഇതേപ്പറ്റി താഴെവരുംപ്രകാരം പ്രസ്താപിക്കുന്നുണ്ടു. "ദൈവവചനത്തിന്റെ ഐശ്വരസ്വഭാവം സ്ഥലംകൊണ്ടു വിട്ടുജിക്ക

പ്പെടാവുന്നതല്ല. അദ്ദേഹം ഏകവേളയിൽ എല്ലാസ്ഥലങ്ങളിലും വ്യാപ്തനായിരുന്നു. നാല്പതുദിവസങ്ങളോളം [ഭൂമിയിൽ] ശ്ലീഹന്മാരോടൊരുമിച്ചും (ആകാശത്തിൽ) ദൈവദൂതന്മാരോടുകൂടിയും നിത്യപിതാവിലും സമുദ്രത്തിന്റെ സീമകളിലും ദീനനായും അദ്ദേഹം സ്ഥിതിചെയ്തിരുന്നു. ഇൻഡ്യയിൽ തോമ്മായോടുകൂടിയും റോമ്മായിൽ പത്രോസിനോടുകൂടിയും ഇല്ലീറിക്കയിൽ പൌലോസിനോടുകൂടിയും ക്രേത്തിൽ തേത്തോസിനോടുകൂടിയും അക്കായയിൽ അന്ത്രയോസിനോടുകൂടിയും എന്നുവേണ്ട എല്ലാശ്ലീഹന്മാരോടുകൂടിയും എല്ലാസ്ഥലങ്ങളിൽ വ്യാപ്തനായും അവിടുന്നു നിവസിച്ചിരുന്നു. (10)

൬ വി. അപ്രേം അതുകൊണ്ടു മാർതോമ്മാ നമ്മുടെ ഇൻഡ്യയിൽ സുവിശേഷം ഉപദേശിക്കയും രക്തസാക്ഷിത്വംപ്രാപിക്കയും അദ്ദേഹത്തിന്റെ തിരുശിഷ്ടങ്ങൾ എദേസാപട്ടണത്തിലേക്കുമാറ്റപ്പെടുകയും ചെയ്ത സംഗതികളെവിശദമായിപ്രതിപാദിച്ചിട്ടുണ്ട്. ഇതിനുശേഷം നൂറ്റാണ്ടിൽ എദേസാനഗരത്തിൽ വരുകയും പിന്നീടു നൂറ്റാണ്ടിൽ അദ്ദേഹം പരേതനായിട്ടിവസംവരെ അവിടെതന്നെതാമസിക്കയും ചെയ്തതുമാണ്. (11) ബർദേസാൻ എന്നൊരുനോസ്റ്റിക്ക (Ornostic) പാഷണ്ഡതയുടെ പുത്രനായ ഹർമ്മോനിയസ്സ് എന്നവനും അബദ്ധമായ സിദ്ധാന്തോപദേശങ്ങളെ വിശ്വാസികളിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സുറിയാനിഭാഷയിൽ പാതിത്യവിഷപരിപൂർണ്ണമായ അസംഖ്യം ഗീതങ്ങളും രചിക്കുകയും അവയുടെ ബാഹ്യാസ്വാദുതനിമിത്തം വളരെജനങ്ങളും ആ ഗാനങ്ങളെ അഭ്യസിച്ചു പാടിവരുകയും ചെയ്തിരുന്നു. വി. അപ്രേം ഈനാശത്തെതടയുന്നതിനായി സത്യോപദേശങ്ങളും ദൈവരഹസ്യങ്ങളും ദിവ്യവൃത്താന്തങ്ങളും സംഗ്രഹിച്ചിട്ടുള്ളവയും സാരസംപൂർണ്ണമായ പദങ്ങളും അടങ്ങിയിരിക്കുന്നവയും ആയ അനേകംപാട്ടുകൾ രചിച്ചു (12) ദൈവശ്രുശ്രൂഷികൾക്കും പള്ളിക്രമങ്ങൾക്കും ഉപയുക്തങ്ങളായ പല നല്ലമര്യാശകളും (ഗീതങ്ങൾ ܡܕܪ̈ܫܐ) മറ്റുപല പാട്ടുകളും ആ ശേഖരത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ആ കൂട്ടത്തിൽ പലരും സുറിയാനിക്കാർ സ്വന്തകാര്യാന്വേ
ഷങ്ങളുടെ സംബ്ധിയിൽ പരിശ്രമിച്ചു അത്യാപിഉപയോഗ
പ്പെട്ടത്തിവരുന്നവയാണ്. കൂടാതെ പ്രസ്തുത ഗാനപരമ്പരയി
ൽ മരിച്ചവർക്കുവേണ്ടി പ്രയോഗിക്കാവുന്ന പലസംഗീതങ്ങളും
വി. അപ്രേം രചിച്ചിട്ടുണ്ട്. ഈ ഉദ്ദേശമായ അദ്ദേഹത്തിന്റെ
ഒരു പോട്ടിൽ പിശാചിന്റെ പ്രലോഭനത്തിനു നീതിമാന്മാരി
ൽനിന്നു അവർ ഏതുസ്ഥലത്തേക്കാണോ പലായനംചെയ്യേ
ണ്ടതെന്നു അറിയുന്നില്ലെന്നും ദുഷ്ടന്മാരുടെ ഉപദ്രവത്തിൽ
നിന്നുരക്ഷപ്പെടുന്നതിനായി അവരെഹനിച്ചിട്ടും പൂർവ്വാധികമാ
യ തൈര്യത്തോടുകൂടിയിരിക്കുന്നതിനുള്ള എ
ന്നും ഇൻഡ്യയിൽവച്ചു അവനാൽ നിഗ്രഹീതനായ പ്രേഷക
ൻ എദേസായിലും വന്നു അവനെ പിടിക്കുടിയിരിക്കുന്നു എന്നും
ഒരുകച്ചവടക്കാരൻ ദുഷ്ടന്മായുടെ അസ്ഥികളെ അവിടെകൊ
ണ്ടുചെന്നുഎന്നും വി. തോമ്മായുടെ [അസ്ഥികൾഅടങ്ങിയിരി
ക്കുന്ന) പെട്ടി അതിൽനിവസിക്കുന്ന ശക്തിനിമിത്തം അവ
നെഹിംസിക്കുന്നു എന്നും ദുഷ്ടന്മായുടെനിക്ഷേപം അവനെദരി
ദ്രനാക്കിതീർത്തുഎന്നും അനിധിയാകട്ടെ എദേസാനഗരത്തി
നായി തുറക്കപ്പെട്ടിരിക്കുന്നു എന്നും തോമ്മാദുഷ്ടന്മാമൂലമായി
ആ പട്ടണം സമ്പൽസമൃദ്ധമായി പരിണമിച്ചുഎന്നും പ്രസ്തുത
വന്ദ്യൻ പ്രസ്താപിക്കുന്നു. (13) ഈവാക്യങ്ങളിൽ വി. അ
പ്രേം സാക്ഷിക്കുന്നതു തോമ്മാദുഷ്ടന്മാ ഇൻഡ്യയിൽ രക്തസാ
ക്ഷിയായി മരിച്ചതും അദ്ദേഹത്തിന്റെ വിശുദ്ധാവശിഷ്ടങ്ങൾ
ഇവിടെ നിന്നു എദേസായിലേക്കു കൈമാറ്റം ചെയ്യപ്പെട്ടതും
വി. പ്രേഷകന്റെ ശക്തിയും അധികാരവും ഈ രണ്ടു സ്ഥല
ങ്ങളിലും പ്രബലപ്പെട്ടിരുന്നു എന്നുള്ളതും ആയ സംഗതികളാ
ണല്ലൊ. വേറൊരു മദ്രാശയിൽ അദ്ദേഹം വി. തോമ്മായു
ടെ സ്തുതികളെ കീർത്തിക്കുന്ന കൂട്ടത്തിൽ ഇപ്രകാരം പറയുന്നു.
"ആകാശ മണ്ഡലത്തിൽ നിന്നു സൂര്യകിരണം സദൃശമായി നി
ന്റെ മാഹാത്മ്യത്തൊടുകൂടിയ ഉദയം അല്ലയൊ! ഭാഗ്യവാനാ
യോവെ! ഇൻഡ്യയിലെ പരിതാപകരമായ അന്ധകാരത്തെ

വിശ്വാദിക്കുന്നു. [മിശിഹായുടെ ശിഷ്യന്മാരായ] പന്ത്രണ്ടു പേരിൽ ഒരുവനും കുരിശിൽ നിന്നു പ്രവഹിച്ച തൈലത്താൽ നിറഞ്ഞു വലിയ വിളക്കുമായ അങ്ങു ഇൻഡ്യയുടെ അന്ധകാരനിബിഡമായ കാളരാത്രിയെ ദിവ്യപ്രകാശത്താൽ നിറക്കുന്നു.....വലിയ രാജാവിനാൽ അദ്ദേഹത്തിന്റെ ഏകപുത്രനു[ഇൻഡ്യയെ] വിവാഹാർത്ഥം പറഞ്ഞൊക്കുന്നതിനായി അയക്കപ്പെട്ട നീ അനുഗ്രഹീതനത്രെ. ഹിമത്തേയും ധവളവസ്ത്രങ്ങളേയും അതിശയിക്കുമാറു ശ്യാമവർണ്ണയായ മണവാട്ടിയെ നീ സൌന്ദര്യവതിയാക്കിത്തീർത്തു."പുനശ്ചു ഏദേസാ പട്ടണത്തിന്റെ മഹിമയെ വർണ്ണിച്ചുകൊണ്ടു അദ്ദേഹം "ഈ രണ്ടത്തെ പ്രാചീനീകരിക്കുന്ന അതിഭാഗ്യസമനിതമായ നഗരമെ! നീ ആശീർവദിക്കപ്പെട്ടതാകുന്നു" എന്നു പ്രതിപാദിച്ചിരിക്കുന്നു. വി. അപ്രേം ഒരു സാധാരണ ഗ്രന്ഥകാരന്റെ നിലയെ കവിഞ്ഞു സുറിയാനിക്കാരുടെ ഇടയിലുണ്ടായിരുന്ന പാരമ്പര്യത്തെ മാത്രം പ്രസ്താവിക്കയും അദ്ദേഹത്തിന്റെ വാക്യങ്ങളെ വിവിധശാഖക്കാരായ സുറിയാനിക്കാർ സ്വീയമായ ആരാധനക്രമപുസ്തകങ്ങളിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നതു കൊണ്ടു അപ്രേമിന്റെ ഈ സാക്ഷ്യങ്ങൾ ഏറ്റവും പ്രാമാണ്യമുള്ളവയാകുന്നു എന്നു മെഡ്‌ലികോട്ട് മെത്രാനവർകൾ "ഇൻഡ്യയും അപ്പസ്തോലനായ തോമ്മായും" എന്ന ഗ്രന്ഥം നൂറ്റാ-ാം പുറത്തിൽ യുക്തിപൂർവ്വം വാദിക്കുന്നുണ്ടു്.

൨൬. നിർദ്ദിഷ്ട ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. ശ്രീ സോസ്തോമേനോസ് എന്നദേസാ പട്ടണത്തിൽ നിക്ഷിപ്തമായ തോമ്മാശ്ലീഹായുടെ വിശുദ്ധാവശിഷ്ടങ്ങളെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്നതിൽ ഇൻഡ്യയിൽ ഒരു പ്രേഷകൻ [തോമ്മാശ്ലീഹാ] മൂലം സത്യദൈവാരാധന പ്രബലപ്പെട്ടിരുന്നതായിപറയുന്നു. (14) അതേ നൂറ്റാണ്ടിൽ ജീവിച്ചിരുന്നനോലായിലെ വി. പൌലീനോസാകട്ടെ ദൈവം സ്വന്ത ശിഷ്യന്മാരായ ശ്ലീഹന്മാരെ സർവ്വത്ര നിയോഗിച്ചയച്ചു എന്നും പാ

ത്യാ രാജ്യം മത്തായിയേയും ഭാരതവർഷം തോമ്മാശ്ലീഹായേയും ലി
ബിയാദേശം തദേയേയും ഫ്രിജിയാ പീലിപ്പോസിനേയും കൈ
ക്കൊണ്ടു എന്നും നിശ്ചയിക്കുന്നു. (15) ൩-ാം നൂറ്റാണ്ടിൽ ജീ
വിച്ചിരുന്ന തിയേഡോറേറും തോമ്മാശ്ലീഹാ "ബ്രാഹ്മണരേ
യും ഇൻഡ്യാനിവാസികളായ മറ്റു ജനങ്ങളേയും പോരെ ദൂര
സ്ഥരായ ദേശവാസികളേയും" മാനസാന്തരപ്പെടുത്തിയതായി
പ്രസ്താവിക്കുന്നുണ്ട് (16) ആറാംനൂറ്റാണ്ടിൽജീവിച്ചിരുന്ന തു
ർസിലെ വി. ഗ്രീഗോരിയോസ് "രക്തസാക്ഷികളുടെ പ്രശ
സ്തി" എന്നപേരോടുകൂടി നിർമ്മിച്ചഗ്രന്ഥത്തിൽ വി. തോമ്മാ
ശ്ലീഹാ ഇൻഡ്യയിൽ രക്തസാക്ഷിയായിമരിച്ചു എന്നും അദ്ദേ
ഹത്തിന്റെ വിശുദ്ധാവശിഷ്ടങ്ങൾ കാലാന്തരത്തിൽ എദേ
സായിലേക്കു മാറ്റപ്പെട്ടു എന്നും ശ്ലീഹായുടെ തിരുശരീരം ഇൻ
ഡ്യയിൽ അത്യുന്നിക്ഷേപിക്കപ്പെട്ടിരുന്ന സ്ഥലത്തു ധൈര്യസ്വാ
ത്രമവും വിസ്തൃതമായഒരുദേവാലയവും സ്ഥിതിചെയ്യുന്നു
എന്നും ഈവിവരങ്ങളെല്ലാംഅവിടെചെന്നകണ്ട തിയോഡോ
ർ എന്നൊരാൾ അദ്ദേഹത്തോടുചോദിച്ചു കേൾപ്പിച്ചു എന്നും
എഴുതപ്പെട്ടിരിക്കുന്നു. (17) ൭-ാംശതാബ്ദാരംഭത്തിൽജീവിച്ചി
രുന്ന ബേദാ എന്നഭാഗ്യപ്പെട്ടവൻ (Bede the Venerable)
വിശ്വാസപ്രസംഗാർത്ഥം നിയുക്തന്മാരായ ശ്ലീഹന്മാർ ലോക
ത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു സൌശേഷിക കർ
മ്മം നിർവ്വഹിച്ചു എന്നും പത്രോസ് റോമ്മായിലും അന്ത്രയോ
സ് അക്കായിലും യാക്കോബ് സ്പെയിനിലും തോമ്മാ ഇൻഡ്യ
യിലും വേദം ഉപദേശിച്ചു എന്നും പ്രസ്താവിച്ചിരിക്കുന്നു. (18)
ഇപ്രകാരം വി. തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷപ്ര
സംഗം ചെയ്തതും മരണം പ്രാപിക്കയും ചെയ്ത സംഗതികളെ
പ്പറ്റി സഭാപിതാക്കന്മാരുടെ ഇടയിൽ തർക്കമോ സന്ദേഹ
ങ്ങളോ ഉണ്ടായിരുന്നില്ലെന്നു ഏതാവൽപര്യന്തംഇവിടെസം
ക്ഷേപിച്ചു കാണിച്ചിട്ടുള്ള തത്തൽ സാക്ഷ്യങ്ങളിൽ നിന്നു വി
ശദമാകുന്നുണ്ടല്ലോ.

൯. ഇനി പൂർവ്വപിതാക്കന്മാരുടെ സാക്ഷ്യങ്ങളെ വിട്ടു

കൊണ്ടു പ്രകൃത വിഷയത്തെ സംബന്ധിച്ചു പ്രസിദ്ധന്മാരായ ചരിത്രകാരന്മാരുടെ മതം എന്താണെന്നു നോക്കാം. അവരിൽ ഗണനീയന്മാരായിട്ടുള്ളവർ (എ) ഹൈത്തോനുസ്, (ബി) നിച്ചേഫോറസ്, (സി) നത്താലിസ് അലക്സാണ്ടർ, (ഡി) ലൊറന്തിയോസ് ബേർട്ടി, (ഇ) അസ്സേമാൻ, (എഫ്) കാർഡിനൽ ഗൊട്ടി എന്നീ മഹാന്മാരാണ്. ഇവരിൽ ഒന്നാമനായ ഹൈത്തോനുസ് എന്ന ഗ്രന്ഥകാരൻ ഇൻഡ്യയെപ്പറ്റി വിവരിക്കുന്ന ഘട്ടത്തിൽ "ഈ രാജ്യത്തിൽ അനുഗ്രഹീതനായ തോമ്മാശ്ലീഹാ മിശിഹായുടെ വേദം പ്രസംഗിക്കുകയും അനവധി സംസ്ഥാനങ്ങളേയും ജാതികളേയും മനസ്സു തിരിക്കയും ചെയ്തു" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ജീവകാലം പതിനാലാം ശതാബ്ദമാണ് (19). പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിച്ചേഫോറസ് പ്രതിപാദിക്കുന്നതു തോമ്മാശ്ലീഹാ ഇൻഡ്യയുടെ അന്തർഭാഗങ്ങളിൽ മാത്രമല്ല അതിന്റെ ദക്ഷിണഭാഗത്തുള്ള സമുദ്രത്തിൽ സ്ഥിതിചെയ്യുന്നതും പൂർവികന്മാർ സിയെല ദിവം (Siela divam) എന്നു പറഞ്ഞുവന്നതുമായ തപ്രോബാന (Seylon) വരെ സുവിശേഷം പ്രസംഗിച്ചു എന്നാണ് (20). പതിനാലാം നൂറ്റാണ്ടിലെ പ്രസിദ്ധ സഭാചരിത്രകർത്താവായ നത്താലിസ് അലക്സാണ്ടർ ആകട്ടെ തോമ്മാശ്ലീഹായാൽ മനസ്സു തിരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ "ബ്രാഹ്മണരും ഇൻഡ്യാക്കാരായ മറ്റു ജനങ്ങളും" ഉൾപ്പെട്ടിരുന്നതായി പറയുന്നു. (21). ഈ ശതാബ്ദത്തിൽ തന്നെ ജീവിച്ചിരുന്ന ലൊറന്തിയോസ് ബെർട്ടിയും ലോകരക്ഷകന്റെ കഷ്ടാനുഭവശേഷം ശ്ലീഹന്മാർ മതപ്രസംഗം ചെയ്ത സ്ഥലങ്ങളെപ്പറ്റി സ്വന്ത സഭാചരിത്രത്തിൽ ചെയ്യുന്ന പ്രതിപാദനങ്ങളുടെ കൂട്ടത്തിൽ തോമ്മാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ച എന്നു സഭാപിതാക്കന്മാരുടേയും ആരാധനക്രമസംഭരിതങ്ങളായ പുസ്തകങ്ങളും മുതലായവയുടേയും സാക്ഷ്യങ്ങൾകൊണ്ടു സ്ഥാപിച്ചിരിക്കുന്നു. ക്രിസ്തു മാനേസിന്റെ ശിഷ്യനായ തോമ്മായാണ് ഇൻഡ്യയിൽ മതപ്രസംഗം ചെ

യ്യതെന്നു വാദിക്കുന്നവരോടു 'ശ്ലീഹന്മാരുടെ കാലാനന്തരം മ നിക്കീയനായ ഒരു തോമ്മാക്രൂടി ഭാരത ഭൂമിയിൽ സഞ്ചരിച്ചു എന്നു സമ്മതിക്കുന്നതായാൽ തന്നെയും തോമ്മാശ്ലീഹാ ഇൻ ഡ്യയിൽ സുവിശേഷ പ്രസംഗം ചെയ്തു എന്നുള്ള പ്രസ്തുത പാരമ്പര്യ വിശ്വാസത്തിനു അസാംഗത്യം വരുന്നില്ലെന്നും മ നിക്കീയൻ തോമ്മാ ഇൻഡ്യാ രാജ്യത്തിൽ വന്നിട്ടുണ്ടെന്നുള്ള ത് തദ്ദേശ്യക്കാരുടെ ക്രിസ്തീയ കൃതികളിൽ നിന്നു ലഭിക്കുന്ന ഉറ പമാണെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ട ആവശ്യമില്ലെ ന്നും തന്നിമിത്തം തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ പ്രേഷ കവൃത്തിയെ പ്രാമാദികമായ പ്രസ്തുത ബോധത്തെ ആസ്പദമാ ക്കി സന്ദേഹത്തിൽ കൊണ്ടുവരുന്നതു അനുചിതമാണെന്നും പ്രസ്താവിക്കുന്നുണ്ടു. (22). അസ്സേമാൻ "വി. തോമ്മായെ ഇ ൻഡ്യാ നിവാസികളുടെ പ്രേഷകനെന്നു പൂർവ്വികന്മാർ അഭി ധാനം ചെയ്യുന്നതിൽ നിന്നു പേർഷ്യക്കു അപ്പുറമുള്ള സാ ക്ഷ്യാൽ ഭാരത വർഷത്തെ തന്നെയാണു അവൻ നിർദ്ദേശിക്കു ന്നതു. എന്നതു യുക്തിപൂർവ്വം സിദ്ധാന്തിക്കുന്നതു." (23). പ്രസിദ്ധനായ ഈ ഗ്രന്ഥകർത്താവു ക്രി-ാം ശതാബ്ദ ത്തിൽ ജീവിച്ചിരുന്ന ആളാകുന്നു. നിർദ്ദിഷ്ട ശതകത്തിനു മുമ്പു പ്രസിദ്ധ ഗ്രന്ഥകാരനെന്ന പ്രശസ്തിനേടിയിട്ടുള്ള കാർ ഡിനൽ ഗോട്ടി അവർകളും മനുക്കീയനായ ഒരു തോമ്മാ ഇ ൻഡ്യയിൽ മതപ്രസംഗം ചെയ്തു എന്നു സമ്മതിക്കുന്നതായാ ൽപോലും പ്രേഷകനായ വി. തോമ്മാ ഭാരത ഭൂമിയിൽ വേ ദം ഉപദേശിച്ചു എന്നുള്ള പൂർവ്വ പിതാക്കന്മാരുടെ പ്രസ്താവം സ്വീകാര്യമായി തന്നെ ഇരിക്കുന്നതേയുള്ളൂ" എന്നു എഴുതിയി രിക്കുന്നു. (24).

ഈ തോമ്മാശ്ലീഹായുടെ ആഗമനത്തേയും സുവിശേ ഷ പ്രസംഗത്തേയും സംബന്ധിച്ചു ഇനി എടുത്തു പറയേണ്ട തായ ഒരു പ്രാചീന രേഖ ശ്ലീഹായുടെ "നടപടി" (Acts of St. Thomas) എന്ന ഗ്രന്ഥമാണു. ഇതു രണ്ടാം നൂറാണ്ടിൽ എഴുതപ്പെട്ടതും തന്നിമിത്തം തുലോം പുരാതനവുമായ ഒ

രു ലക്ഷ്യമത്രെ. ബർദേസാൻ എന്നു ഒരു സുറിയാനിക്കാരനാ
ലോ അഥവാ അവന്റെ ശിഷ്യഗണത്തിൽ ഒരുവനാലോ
എഴുതപ്പെട്ടതാകയാൽ ഈ കൃതിയുടെ മൂലഭാഷ സുറിയാനി
യാണെന്നുള്ളതിൽ ചരിത്രകാരന്മാരായ ആർക്കും തന്നെ ഭിന്നാ
ഭിപ്രായം ഉള്ളതായി കാണുന്നില്ല. (25). തോമ്മാശ്ലീഹായു
ടെ ദക്ഷിണ ഇൻഡ്യാഗമനം, സുവിശേഷ പ്രസംഗം, പൂർവ്വ
സമുദ്രപരിധിയിൽ വച്ചുള്ള മരണം ഇത്യാദി സാരഭ്രേയിഷ്ടമാ
യുള്ള സംഗതികളിലും ഈഗ്രന്ഥം പാരമ്പര്യവിശ്വാസത്തോ
ടു പരിപൂർണ്ണമായി യോജിക്കുന്നതത്രെ. സാമാന്യേന നാം ധ
രിച്ചിരിക്കുന്നതുപോലെ ശ്ലീഹാ ആയുവാൻ എന്നു ഒരുവനോടു
കൂടി കപ്പൽ യാത്ര ചെയ്തു ആദിയിൽ വന്നിറങ്ങിയതു സ
ന്ത്രോക് എന്നു സ്ഥലത്താണെന്നാണു പ്രകൃത കൃതിയിൽ പ്ര
തിവാദിച്ചിട്ടുള്ളത്. ഇവിടെ കാണുന്ന സന്ത്രോക് എന്നു ശ
ബ്ദം മൂലപ്രതിയായ സുറിയാനി ഗ്രന്ഥത്തിൽനിന്നു എടുത്തു
ചേർത്തിട്ടുള്ള ഒരുശബ്ദമാകുന്നു. ഈസ്ഥലം കൊടുങ്ങല്ലൂരല്ലാ
തെ മറ്റൊന്നായിരിക്കാൻ ഇടയില്ല. സന്ത്രോക് എന്നതു ച
ന്ദ്രനിൽ കൌതുകമുള്ളവൻ എന്നർത്ഥമുള്ള ചന്ദ്രോൽക്കൽ
എന്ന സംസ്കൃതപദത്തിന്റെ രൂപാന്തരമാകാം. ചന്ദ്രാസ
കതൻ എന്നു ഇവിടെ പറയുന്നതു ശിവനെ ഉദ്ദേശിച്ചാണു.
ശിവൻ ചന്ദ്രക്കലാധരൻ ആണെന്നാണല്ലോ ഹൈന്ദവ പു
രാണങ്ങൾ ഘോഷിക്കുന്നതു. കൊടുങ്ങല്ലൂർ അഥവാ കോടി
ലിംഗപുരം എന്നു സംജ്ഞക്കും വാച്യമായി ലഭിക്കുന്ന അ
ർത്ഥം ഇതുതന്നെ. ചിലർ ഈ വഴി വിട്ടുകൊണ്ടു "തോമ്മാശ്ലീ
ഹായുടെ നടപടികൾ" എന്നു ഗ്രന്ഥത്തിന്റെ മൂലഭാഷ ഗ്രീ
ക്കാണെന്നും അതിൽ സന്ത്രോക് എന്നു പദത്തിനു പകരം
അപ്രോക് പോലീസ് എന്നു ശബ്ദമാണു ഉപയോഗിച്ചിരി
ക്കുന്നതു എന്നും വാദിക്കുന്നുണ്ടു. എന്നാൽ ഈ വാദം നിസ്സാ
രമായ ഒന്നാണു. തോമ്മാശ്ലീഹാ നമ്മുടെ ഇൻഡ്യയിൽ സു
വിശേഷ പ്രസംഗം ചെയ്തു എന്ന സത്യത്തെ നിഷേധിക്കുന്നി
ടത്തോളം സായ്പ്പുകൂടിയും പ്രകൃത ഗ്രന്ഥത്തിന്റെ മൂലപ്രതി സുറി

യാനിയിൽ ആണ എഴുതപ്പെട്ടിട്ടുള്ളതെന്ന സമ്മതിച്ചു പോകുന്നു. അദ്ദേഹത്തിന്റെ സുറിയാനി സഭാചരിത്രം ൪-ാം അദ്ധ്യായത്തിൽ ഏതൽസംബന്ധമായിചെയ്യുന്നപ്രതിപാദനങ്ങളുടെ ഇടയ്ക്കു പ്രസ്തുതഗ്രന്ഥത്തിന്റെനിർമ്മാതാവ് ബർദേയ്സാനൊ അയാളുടെ ശിഷ്യന്മാരിൽ ഒരാളോ ആണെന്നു വിശ്വസിക്കുവാൻ മതിയായ ലക്ഷ്യങ്ങളും ഉണ്ടെന്നു തുറന്നു പറഞ്ഞിരിക്കുന്നു. ബർദേയ്സാൻ ഒരു ഗ്നോസ്റ്റിക്ക (Gnostic) സിദ്ധാന്തം ഭക്തിനിഷ്ഠൂർഷയുള്ള ഒരു ക്രൈസ്തവനും എദേസായുടെ രാജാവായ എട്ടാമത്തെ അബ്ഗാറിന്റെ സഹപാഠിയായി വിദ്യാഭ്യാസംചെയ്ത തദ്ദേശീയന്മാരിൽഒരുവനും ആയിരുന്നു എന്നും ക്രി. ൧൫൮-നും ൨൨൬-നും മദ്ധ്യേ ആണ അദ്ദേഹം ജീവിച്ചിരുന്നതെന്നും അയാൾക്കു പാട്ടരമനയിൽ തന്നെ പ്പോലെ തന്നെ ജന്മസിദ്ധമായ വാസനാശക്തിയോടുകൂടി ഹർമ്മോനിയസ് എന്ന പേരായ ഒരു പുത്രൻ ഉണ്ടായിരുന്നു എന്നും അവന്റെ പിതൃതോപദേശങ്ങൾഅടങ്ങിയിരുന്ന പാട്ടുകളുടെ പരിശീലനത്തിൽനിന്നു ജനസാമാന്യത്തെ അകറ്റുവാനായിട്ടാണ അതേ രാഗങ്ങളിൽതന്നെ വി. അപ്രേം ദൈവിക കീർത്തനങ്ങളും നിർമ്മിച്ചതു എന്നും അങ്ങനെയാണ് സാഹിത്യത്തിന്റെ അഭിപ്രായങ്ങളും. അപ്രേമിന്റെ പ്രസ്തുത കൃതികളെല്ലാം സുറിയാനി ഭാഷയിൽ എഴുതിയിട്ടുള്ളവയാണെന്നുള്ളത് എല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ള കാര്യമാകയാൽ ഈവന്ദ്യൻ ഏതേതു ഗാനങ്ങളുംകൂടി എതിരായി സ്വയമേവപാട്ടുകളും എഴുതിയിട്ടുണ്ടോ അവയ്ക്കു വിചിത്രമായി തത്തുല്യങ്ങളിൽ ഉള്ള ഹർമ്മോനിയസ്സിന്റെ ഗീതങ്ങളും സുറിയാനിയിൽതന്നെ ആയിരിക്കുവാനല്ലാതെ സംഗതിയില്ലല്ലോ. എദേസായിലെ ദേശഭാഷ സുറിയാനിയാകയാൽ അവിടെ ഉള്ള സകല വിദ്യാലയങ്ങളിലും വിദ്യാഭ്യാസം നടത്തി വന്നിരുന്നതു നിർദ്ദിഷ്ട ഭാഷയിൽ തന്നെയത്രെ. ഈ അവസ്ഥകളാലോചിക്കുമ്പോൾ ബർദേയ്സാൻ എദേസാക്കാരനാകയാലും അവിടെ വിദ്യാഭ്യാസം ചെയ്യപ്പെട്ടവനാകകൊണ്ടും സുറിയാനി

യിൽ തന്നെയാണ അയാളുടെ പരിശീലനം നിഷ്കർഷിച്ചിട്ടുള്ളതെന്ന വസ്തുത ഒരുത്തനും നിഷേധിപ്പാൻ വഹിയാത്ത വാസ്തവമാണെന്നു കാണാം. ഏതൻമൂലം "തോമ്മാശ്ലീഹായുടെ നടപടികൾ" എന്ന ഗ്രന്ഥം ബർദേയ്സാൻ ആകട്ടെ അഥവാ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ആരെങ്കിലുമാകട്ടെ എഴുതി എങ്കിൽ അതു സുറിയാനിയിൽ തന്നെ ആയിരിക്കയെ ഉള്ളു എന്ന റേയ്സായ്ക്കിനും ക്രുട്ടക്കും സമ്മതിക്കാതെ ഗത്യന്തരമില്ല. ഈ സംഗതി ഇങ്ങനെ നില്ക്കട്ടെ. "സന്ത്രോക്" എന്ന പദം ഗ്രീക്കിൽ "അന്ത്രോപോലീസ്" എന്നു മാറിയതിനുള്ള കാരണമാണ താഴെ പ്രസ്താവിക്കുന്നതു. നിർദ്ദിഷ്ട ഗ്രന്ഥം മൂലപ്രതിയായ സുറിയാനിയിൽ നിന്നു ഗ്രീക്കിലേക്കു തർജ്ജിമ ചെയ്യപ്പെട്ടപ്പോൾ "സന്ത്രോക്" = "ചന്ത്രോൽക്കൻ" എന്ന സംജ്ഞാവികാരം മാറപ്പെട്ടു "അന്ത്രോ" എന്നാക്കുകയും "സന്ത്രോക്" എന്നതിന്റെ പിന്നാലെ സുറിയാനിയിലുള്ള "മാഹോസാ" ܡܗܘܣܐ എന്ന പദത്തിനു തുല്യാർത്ഥമുള്ള "പോലീസ്" എന്ന ശബ്ദം ഉപയോഗിക്കയുമാണുണ്ടായതു [26]. ഈ സംഗതി താഴെ വരുന്ന വിവരണത്തിൽനിന്നു കുറെക്കൂടി സ്പഷ്ടമാകാതിരിക്കയില്ല. "അന്ത്രോപ്പോലീസ്" എന്നതിലെ "പോലീസ്" ശബ്ദം പട്ടണമെന്നർത്ഥമുള്ള ഒരു ഗ്രീക്കു നാമമാകുന്നു. ഗ്രീക്കുകാർ പട്ടണങ്ങളുടെ പേരോടുകൂടി "പോലീസ്" എന്ന പദം ചേർത്തെഴുതുക നടപ്പാണെന്നു ചരിത്രം, ഭൂമിശാസ്ത്രം മുതലായ കൃതികളിൽ നിന്നു ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ടു. "അഡ്രിയാനോപ്പോലീസ്", "ഹേഡിയോപ്പോലീസ്", "കൊൺസ്റ്റൻറിനോപ്പോലീസ്" ആദിയായസ്ഥലസംജ്ഞകൾഇതിനുദൃഷ്ടാന്തങ്ങളാകുന്നു. ഇവിടെ "സന്ത്രോക് മാഹോസാ" എന്ന സുറിയാനി നാമത്തെ "സന്ത്രോപ്പോലീസ്" എന്നു ആക്കാതെ "അന്ത്രോപ്പോലീസ്" എന്നു 'സ'കാരലോപത്തോടുകൂടി പരിഭാഷപ്പെടുത്തുവാനുണ്ടായ കാരണം എന്താണെന്നൊരു സംശയം വായനക്കാർക്കു ഉണ്ടാകുവാൻ ഇടയില്ലെന്നില്ല. എങ്കിലും മൂലഭാ

ഷയിൽ നിന്നു ദേശനാമങ്ങളെ അന്യഭാഷകളിലേക്കു തർജ്ജിമ ചെയ്യുമ്പോൾ തത്തൽ ഭാഷാശാസ്ത്രനിയമപ്രകാരവും പരിഭാഷകന്മാരുടെ അഭിരുചി നിമിത്തവും അവ വ്യത്യാസപ്പെടുകയും രൂപാന്തരീഭവിക്കയും ചെയ്യുന്നതു അസാധാരണമല്ലെന്നു ഗ്രഹിച്ചിട്ടുള്ളവർക്കു ഈ സംശയം വേഗത്തിൽ തീർന്നുപോകുന്നതാണു. അലങ്ങാട്ടു എന്ന സ്ഥലസംജ്ഞയെ പോർട്ടുഗീസ് ഇംഗ്ലീഷ് മുതലായ യൂറോപ്യൻ ഭാഷകളിൽ അത്യക്ഷരങ്ങളും പലതും ഉപേക്ഷിച്ചു മങ്ങാടു എന്നും മുളവുകാട്ടിൽ ഉള്ള പോഞ്ഞിക്കരയെ ബോംഗട്ടി എന്നും കോഴിക്കോടിനെ കാലിക്കറു എന്നും കല്യാണിയെ കലമീനാ എന്നും കൊട്ടങ്ങല്ലൂരിനെ ക്രാങ്ങനൂർ എന്നും കൊല്ലത്തെ കൈപലോൺ എന്നും തർജ്ജിമ ചെയ്തപ്പോൾ ഉണ്ടായ മാറങ്ങളെ ദൃഷ്ടാന്തമായി സ്വീകരിക്കുന്നപക്ഷം പ്രകൃതത്തിൽ അന്ത്രോകിന്റെ സകാര പരിത്യാഗം ഒട്ടുംതന്നെ അതിശയനീയമല്ലെന്നു ബോധിക്കാവുന്നതത്രെ.

൧൧ വി. തോമ്മാ ഇവിടെ വന്നതും സുവിശേഷം പ്രസംഗിച്ചതും മറ്റുമായി സാരാവാഹമായ സമ്പ്രദായങ്ങളിലും "ശ്ലീഹായുടെ നടപടികൾ" എന്ന നിർദ്ദിഷ്ടഗ്രന്ഥം പാരമ്പര്യവിശ്വാസത്തോടു പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു മേൽവിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ അതിൽ പ്രസ്താവിക്കുന്ന സംഗതികളുടെ വിധാനത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്നുള്ളതു് സമ്മതിക്കാതെ കഴികയില്ല. അവയിൽ രണ്ടെണ്ണം ഇവിടെ എടുത്തു കാണിക്കേണ്ടതു അവശ്യാവശ്യകമാണെന്നു തോന്നുന്നു.

ഗൊണ്ടഫോർ രാജാവിന്റെ പക്കൽ തോമ്മാശ്ലീഹാ വന്നു എന്നും രാജധാനി പണിയുന്നതിനായി പണംവാങ്ങിച്ചു എന്നും ഒടുവിൽ അദ്ദേഹത്തെയും മറ്റുപലരേയും മാനസാന്തരപ്പെടുത്തി എന്നും മറ്റുമുള്ള കാര്യങ്ങളാണു അക്രുട്ടത്തിൽ ഒന്നാമതായി എടുക്കേണ്ടതു്. ഉത്തര ഇൻഡ്യയിൽ ഗൊണ്ട

ഫ്ാർ എന്ന നാമധാരിയായ ഒരു രാജാവു ക്രിസ്തുബ്ദാരംഭത്തിൽ നാടുവാണിരുന്നു എന്നും അദ്ദേഹത്തിന്റെ നാണയങ്ങളും ഏതാനും സംവത്സരങ്ങൾക്കു മുമ്പു അവിടെ നിന്നു കണ്ടുകിട്ടി എന്നും ആ സ്ഥലത്താണു തോമ്മാശ്ലീഹാ വേദം പ്രസംഗിച്ചിട്ടുള്ളതെന്നും ഡോക്ടർ റേയ് മുതലായ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു. ഞങ്ങളും ഈ അഭിപ്രായത്തെ നിഷേധിക്കുന്നില്ല. ക്രിസ്തുബ്ദത്തിന്റെ ആരംഭത്തിൽ ഉത്തരഭാരതം പാർത്തുൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരിക്കയും അവിടെ ഗൊണ്ടഫോർ എന്നൊരു രാജാവു ഭരണം നിർവ്വഹിക്കുകയും തോമ്മാശ്ലീഹാ ആദിയിൽ പാർത്തുൻ മഹാരാജ്യത്തിൽ സുവിശേഷം ഉപദേശിക്കുകയും ചെയ്തു എന്നതു വാസ്തവം തന്നെ. (27). അവിടെ മതോപദേശം ചെയ്തശേഷമാണു വി. ശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ സുവിശേഷ പ്രകാശം വ്യാപിപ്പിക്കുന്നതിനായി വന്നിട്ടുള്ളതു്. രാജധാനി പണിയിക്കുന്നതിനായി പ്രസ്തുതരാജാവിന്റെ സന്നിധിയിലേക്കു തോമ്മാശ്ലീഹാ കൊണ്ടുപോകപ്പെട്ട എന്നും പണം വാങ്ങിച്ചു എന്നും ശ്ലീഹായുടെ നടപടി ഗ്രന്ഥത്തിൽ പറഞ്ഞു കാണുന്നതിനാൽ അതു വടക്കേ ഇൻഡ്യയിലോ അഥവാ തെക്കേ ഇൻഡ്യയിലോ ഏവിടെ വെച്ചാണു സംഭവിച്ചതെന്നാണു നമുക്കിനി പരിശോധിക്കാനുള്ളതു്.

ഉത്തര ഭാരത ഖണ്ഡത്തിൽ ഗൊണ്ടഫ്ാർ രാജാവു അരമന പണിക്കായി ശ്ലീഹായെ വരുത്തി എന്തോ അതിനായി പണം ഏല്പിച്ചു കോട്ടത്തു എന്തോ ഉള്ള സംഗതിയെ തെളിയിക്കുന്നതിലേക്കു ഏതെങ്കിലും പാരമ്പരാ വൃത്താന്തങ്ങളാകട്ടെ രേഖകളാകട്ടെ ഉള്ളതായി അറിയുന്നില്ല. എന്നാൽ തെക്കെ ഇൻഡ്യയിൽ ചോഴമണ്ഡലത്തിലെ രാജാവു വി. ശ്ലീഹായെ അരമന പണിയിക്കുന്നതിനായി വരുത്തി എന്നും പണം ഏല്പിച്ചു കൊടുത്തു എന്നും ക്രൂശാതെ അദ്ദേഹം ഇവിടെ ക്രിസ്തുമതം പ്രസംഗിച്ചു എന്നും രക്തസാക്ഷിയായി മരിച്ചെന്നും ഉള്ളതിനു ലക്ഷ്യമായി പാരമ്പര്യ വിശ്വാസം ഉണ്ടെന്നു മാത്ര

മല്ല ഏതൽ സംബന്ധമായ അനേകം രേഖകളും ഉള്ളതാ
ണ്. അവയെ ഈ പുസ്തകത്തിന്റെ ഒന്നാ മുതൽ അഞ്ചുവ
രെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളതുമാകുന്നു. വിശി
ഷ്യാ "തോമ്മാശ്ലീഹായുടെ നടപടികൾ" എന്നാ ഗ്രന്ഥം ത
ന്നെ ഈ ബോധത്തെ ദൃഢീകരിക്കുന്നു ഒരു അമോഘലക്ഷ്യ
മാകുന്നു. നിർദ്ദിഷ്ട ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതു മുകളിൽ
പ്രസ്താവിച്ചിരിക്കും പ്രകാരം ശ്ലീഹാ അദ്ദേഹത്തിന്റെ കൊടുങ്ങല്ലൂ
രിൽ വന്നിറങ്ങിയെന്നും അവിടെ നിന്നു കിഴക്കോട്ടുപോയി
ഗൊണ്ടാഫോറിനെ കണ്ടെന്നും രാജധാനി പണിയേണ്ടതി
നേപ്പറ്റി സംസാരിച്ചു എന്നും തദ്ധേതു ആ രാജാവു ഒരു
സംഘം ശ്ലീഹായെ ഏല്പിച്ചു എന്നും മറ്റുമാണല്ലോ. ഇതിൽ
നിന്നു പൂർവ്വദേശത്തിലെ അന്നത്തെ രാജാവിന്റെ പേർ ഗൊ
ണ്ടൊഫോർ ആയിരുന്നു എന്നും അങ്ങനെ അല്ലാത്തപക്ഷം
പ്രസ്തുത നടപടി ഗ്രന്ഥത്തിൽ ഈ പേർ ഉപയോഗിച്ചിരി
ക്കുന്നതു പിശകാണെന്നും അനുമാനിക്കാം. ഉത്തര ഇൻഡ്യ
യിൽ ഗൊണ്ടഫോർ എന്നു നാമാങ്കിതമായ ചില നാണയ
ങ്ങൾ കണ്ടെത്തപ്പെട്ടതുകൊണ്ടു അതേപേരിൽ ഏതെങ്കിലു
മൊരു രാജാവു തെക്കേ ഇന്ഡ്യയിൽ നാടുവാണിരിക്കാൻ ഇട
യില്ലെന്നു ചെയ്യുന്നു ഉപഹം യുക്തിപൂർവ്വകമായിരിക്കയില്ല. വി
ക്രമാദിത്യന്മാർ ഇൻഡ്യയിൽ എത്രപേർ ഉണ്ടായിട്ടുണ്ടു? ഈ
പേരോടുകൂടി ഏതെങ്കിലും ചില നാണയങ്ങൾ ഒരു സ്ഥല
ത്തുനിന്നു കണ്ടുകിട്ടുന്നു എങ്കിൽ അതുകൊണ്ടു ഇൻഡ്യയിൽ
മറ്റു വിക്രമാദിത്യന്മാർ ഉണ്ടായിട്ടില്ലെന്നു തീർച്ചയാക്കുന്നതു ശ
രിയായിരിക്കുമോ? ഇനിയും ഗൊണ്ടഫോറിനെപ്പറ്റി താഴെ
നിർദ്ദേശിക്കുന്ന മൂന്നു സംഗതികൾ ആലോചനാവിഷയമാ
ക്കേണ്ടതുണ്ടു. അവയിൽ [1] ശ്ലീഹായുടെ നടപടി ഗ്രന്ഥം
എഴുതിയ ഇൻഡ്യാ നിവാസികളിൽ ആരെങ്കിലുമാണോ എ
ന്നുള്ളതും [2] അതു ഭാരതീയ കൃതി അല്ലെങ്കിൽ മറ്റാരാൽ
നിർമ്മിക്കപ്പെട്ട എന്നുള്ളതും [3] തോമ്മാശ്ലീഹാ തെ
ക്കേ ഇൻസ്യയിൽ സുവിശേഷം പ്രസംഗിച്ച കാലത്തു കിഴ
ക്കൻ സമുദ്രതീരത്തു ഗൊണ്ടഫോർ എന്നൊരു രാജാവു നാ

ട്ടുവാണിരുന്നതായി ഏതദ്ദേശ്യവാസികളുടെ ഇടയിൽ പ്രചരിക്കുന്ന ഏതെങ്കിലും പാരമ്പര്യമോ രേഖകളോ ഉണ്ടോ എന്നുള്ളതും അന്വേഷ്യം. വി. ശ്ലീഹായുടെ നടപടി ഗ്രന്ഥം എദേസാ വാസിയായ ബർദേയ്സാനാലൊ അഥവാ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനാലോ എഴുതപ്പെട്ടതെന്നാണല്ലോ മേൽ (൨൦-൩) ലക്കത്തിൽ വിവരിച്ചിട്ടുള്ളത്. ഇതു ചരിത്രകാരന്മാർ നിസ്സംശയമായി സ്ഥാപിച്ചിട്ടുള്ള സംഗതിയാകയാൽ പ്രകൃത ഗ്രന്ഥം ഇൻഡ്യാവാസികളിൽ ആരുടെയും രചനയല്ലെന്നും പ്രസ്തുത വിദേശീയനായ ഒരുത്തനാൽ എഴുതപ്പെട്ടതാണെന്നും സിദ്ധമാകുന്നു. ചോഴമണ്ഡലത്തിലെ രാജാവെന്നർത്ഥമുള്ള ചോഴപ്പെരുമാൾ എന്നൊരാൾ തോമ്മാശ്ലീഹാ തെക്കെ ഇൻഡ്യയിൽ വന്ന കാലത്തു പൂവ് സമുദ്രപരിധിയിൽ രാജ്യഭാരം ചെയ്തിരുന്നതായിപരമ്പരാ സിദ്ധമായ ഐതിഹ്യവുംരേഖകളുംഉണ്ടെങ്കിലും ആ രാജാവിന്റെനാമം ഗൊണ്ടഫ്ഫാർ എന്നായിരുന്നു എന്നു ഊഹിക്കുന്നതുകൊണ്ടു ലക്ഷ്യങ്ങളും കേരളത്തിലാകട്ടെ, കിഴക്കൻ രീതിയാകട്ടെ ഉള്ളതായി അറിയപ്പെട്ടിട്ടില്ല. എന്നു വരികിലും ചോഴപ്പെരുമാൾ എന്ന സംജ്ഞയെ വിദേശീയനും ദക്ഷിണ ഇൻഡ്യയിൽ നിന്നു അതിദൂരസ്ഥമായ ഏദേസാപട്ടണത്തിലെ നിവാസിയുമായിരുന്ന പ്രസ്തുത [നടപടി] ഗ്രന്ഥകർത്താവു ഗൊണ്ടഫ്ഫാർ എന്ന അബദ്ധമായി എഴുതിപിടിപ്പിച്ചതിനു വേറെ അനേകം കാരണങ്ങൾ ഉണ്ടായിരിക്കാം. അവയിൽ ചില പ്രധാന ഹേതുക്കളെയാണു താഴെ നിർദ്ദേശിക്കുന്നതു. പ്രസ്തുത ഗ്രന്ഥകാരൻ പാർത്ഥ്യൻ രാജ്യത്തിൽ ഉൾപ്പെട്ട ഏദേസാ ദേശവാസിയായിരുന്നവല്ലൊ. ഉത്തര ഭാരതത്തിലെ ഗൊണ്ടഫ്ഫാരും [അടുത്ത അദ്ധ്യായം ൫-ാം ലക്കത്തിലെ തെളിവുകളിൽ നിന്നു വ്യക്തമാകും പ്രകാരം] അതേ രാജ്യ സീമയിൽ തന്നെ ഉൾപ്പെട്ട ആളായിരുന്നു. തന്നിമിത്തം ചോഴപ്പെരുമാൾ എന്ന നാട്ടിൽ പറഞ്ഞു വന്നിരുന്ന സംജ്ഞയെ അയാൾ പരരാജ്യത്തിലെ ഗൊണ്ടഫ്ഫാരിനോട് സാദൃപ്പെടുത്തി ക്ല

ണോന തെറ്റി ധരിക്കുവാനും ഈ പ്രമാദത്താൽ നിർദ്ദിഷ്ട പദത്തെ ഗൊണ്ടഫ്ഫാർ എന്ന മാറ്റി എഴുതുവാനും ഇടയുള്ളതാണു. വിശിഷ്യ പൌരസ്ത്യ സംജ്ഞകളെ പാരദേശികന്മാർ സ്വഭാഷാ ശബ്ദ രൂപങ്ങളോട് സമപ്പെടുത്തി ഉച്ചരിക്കുകയും എഴുതുകയും ചെയ്യുന്നതു സർവ്വസാധാരണമാണെന്നു മേൽ ഫാ-ാം ലക്കത്തിൽ കാണിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങൾകൊണ്ടു സുഗ്രഹമാകുന്നു. ഈ സ്ഥിതിക്കു ചോഴപ്പെരുമാൾ എന്നപദം ഗൊണ്ടഫ്ഫാർ ആയി പരിണമിച്ചു എന്നു വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. പാരദേശികന്മാരായ ഗ്രന്ഥകാരന്മാർ ഗോണ്ടഫ്ഫാർ എന്ന സംജ്ഞയും പ്രസ്തുത സ്വദേശീയ ചരിത്ര കർത്താക്കന്മാർ അതിനു പകരം ചോഴപ്പെരുമാൾ എന്നപദം മാത്രവും ആണു പ്രയോഗിച്ചിട്ടുള്ളതെന്നു ഓർക്കുമ്പോൾ ചോഴപ്പെരുമാൾ ഗൊണ്ടഫ്ഫാർ ആയി രൂപാന്തരപ്പെട്ടതാണെന്നുള്ള അഭിപ്രായം അത്യന്താശങ്കിതമെന്നും സ്വീകാര്യയോഗ്യവുമായി തോന്നാതിരിക്കയില്ല. ശ്രവണപരിചയമില്ലാത്ത പേരുകളെ ജനങ്ങൾ സാമ്യം കണ്ടു ഭ്രമിച്ചു അവക്കു പരിചിതപദങ്ങളായി മാറുക ലോകത്തിൽ പതിവാകുന്നു. നാം ഇപ്പോൾ ചീനക്കോഴി എന്നു പറഞ്ഞു വരുന്ന വാക്കു ആ പക്ഷി ചീനത്തു നിന്നു കൊണ്ടുവരപ്പെട്ടതിനെ ഉദ്ദേശിച്ചല്ല ഉപയോഗിക്കുന്നതു. അത്തരം കോഴികൾ ആദ്യമായി ഇവിടെ വന്നിട്ടുള്ളതു ഗിനി എന്ന രാജ്യത്തുനിന്നാണു. എങ്കിലും ചീനഭരണി, ചീനക്കുട എന്നിങ്ങനെ പല പേരുകളും നാട്ടിൽ നടപ്പുള്ളതുകൊണ്ടു ഗിനിക്കോഴി എന്നതും അവയെ ആദ്യമായിട്ടു ചീനക്കോഴിയായി പരിണമിച്ചു എന്നോയുള്ളൂ. അപ്രകാരം തന്നെ [Engineer] എൻജിനീയർ എന്ന ശബ്ദത്തെ നാം ഇഞ്ചിനീരാക്കുക ഉർല്ലമേല്ലല്ലോ. മുട്ടം എന്ന ദേശനാമത്തെ ചില വൈദേശികന്മാർ മുത്താതോ എന്നു മാറ്റി എഴുതിക്കാണുന്നു. ഇങ്ങിനെ നോക്കിയാൽ അനേകം ദൃഷ്ടാന്തങ്ങൾ ഇല്ലെന്നില്ല. ശ്രീഹായുടെ പ്രസ്തുത നടപടി ഗ്രന്ഥത്തിൽ കാണുന്ന വീസാൻ, തത്തിയാ, മഗ്ദോ

നിലാ, നൾിയാ, സീഫ്ഫോർ മുതലായ സംജ്ഞകളും തന്നെയും ഇതിലേക്കുദ്ധരിക്കാവുന്നതാണല്ലോ. ഇവയ്ക്കു ഭാരതീയ സംജ്ഞകളോടു സംബന്ധമോ സാദൃശ്യമോ ഉള്ളതായി തോന്നുന്നതല്ലല്ലോ. ഏതുമൂലം പ്രസ്തുത ലിഖിതാവു അദ്ദേഹത്തിന്റെ സ്വദേശത്തുള്ള പേരുകളോ അവയോടടുത്തു തുല്യശബ്ദങ്ങളോ തുതന്നമായിസൃഷ്ടിച്ചു അവയെക്കൊണ്ടു ഇൻഡ്യൻപേരുകൾക്കുപകരം എഴുതിയതെന്നുമാത്രമേ ഈ സ്ത്രീശബ്ദങ്ങൾ സാക്ഷാൽ ഭാരതീയാഭിധാനങ്ങൾ തന്നെയായിരുന്നു എന്നുനിശ്ചയിക്കുവാൻ ഒരിക്കലും പാടുള്ളതല്ല [28] ഗൊണ്ടഫ്ഫാർ എന്നനാമത്തെക്കുറിച്ചും ഇതുന്യായംമാത്രമെ വ്യക്തവ്യമായിട്ടുള്ളൂ.

൫൨, വി. തോമ്മാശ്ലീഹായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ ക്കാണുന്ന വ്യത്യാസപ്രസ്താവങ്ങളിൽ ഒന്നിനെ സംബന്ധിച്ചു നാം പരിശോധിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇനി മറ്റൊരു സംഗതി കൂടി വായനക്കാരുടെ പര്യാലോചനക്കു വിഷയീകരിച്ചു കൊണ്ടു ഈ അദ്ധ്യായത്തെ അവസാനിപ്പിക്കാം. മൂന്നാം അദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ള പുരാതന ഗാനത്തിൽ പറയപ്പെട്ടിരിക്കുന്നതു വി. പ്രേഷകൻ വിഗ്രഹത്തെ ആരാധിക്കാഞ്ഞതിനാലും അതിനെ നശിപ്പിക്കകൊണ്ടുംബ്രാഹ്മണരാൽ നിഗ്രഹീതനായി എന്നാണല്ലൊ. പഴയലത്തീൻപാസ്സിയൊ (The Older Latin Passio) എന്നഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതും ഇപ്രകാരം തന്നെയാണു. ശ്ലീഹാ വിഗ്രഹധ്വംസം ചെയ്തതിനാൽ ബ്രാഹ്മണാചാര്യന്മാർ കവിതന്മാരായി ശ്ലീഹായെ നിഗ്രഹിച്ചു എന്നുപറയപ്പെട്ടന്ന ഈ ഭാഗം ശ്ലീഹായുടെ നടപടികൾ എന്നസുറിയാനിഗ്രന്ഥത്തിലും അതിന്റെ ഗ്രീക്കു തർജ്ജമകളിലും കാണുന്നില്ല. അവയിൽ വി. പ്രേഷകനേ കൊല്ലാനുണ്ടായതായി പ്രസ്താവിക്കുന്നു കാരണം മിസ്സ ദേവരാജാവിന്റെ ഒരു ബന്ധുവായ കാരീസിന്റെ ഭാര്യ മസ്ദോനിയാ, രാജപത്നിയായ തർത്ത്യാ (Teirta) മുതലായ സ്ത്രീകൾ ശ്ലീഹായുടെ ഉപദേശാനന്തരം

സഭയിൽനിന്നു ദേവന്മാർക്കും മനുഷ്യർക്കും അവജ്ഞാപാത്രമായ ഈ വൃത്തികേടുപദേശത്തെ പരിത്യജിക്കാത്തപക്ഷം ശ്ലീഹായെ നിഗ്രഹിക്കുമെന്നു രാജാവു ഭയപ്പെടുത്തുകയും ഒടുവിൽ അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു എന്നാണറിയുള്ളതാണ്. ഗ്നോസ്റ്റിക്സ് (Gnostics) എന്ന പതിതമതസ്ഥന്മാർ അവരുടെ ദുരുപദേശങ്ങൾ സത്യവചനമാണെന്നു സ്ഥാപിക്കുവാൻ വേണ്ടി ശ്ലീഹന്മാരുടെ നടപടികളെ വിവരിക്കുന്ന പ്രാചീനഗ്രന്ഥങ്ങളിലും അനവധി ഭേദങ്ങളെ മാറുകയും സ്വന്ത സിദ്ധാന്തങ്ങൾക്കു അനുകൂലമായി പലേ ഘട്ടങ്ങളും അവയിൽ എഴുതി പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പതിതന്മാരുടെ പാനോപന്യാസങ്ങളിൽ പ്രധാനമായ ഒന്നു വിവാഹം ചെയ്യുകൂടെന്നും മനുഷ്യർ ആത്മശരീരങ്ങളെ സംബന്ധിച്ചു എല്ലാ കാര്യങ്ങളിലും പരിത്യാഗനായിരിക്കേണ്ടതാണെന്നും മറ്റും ഉള്ളതത്രെ. തോമ്മാ ശ്ലീഹാ കൊല്ലപ്പെട്ടത് വിവാഹത്തെ വിരോധിച്ചതിനാലാണെന്നുവന്നാൽ ശ്ലീഹാ അവരുടെ പതിതോപദേശത്തിനു സാക്ഷിയായിരിക്കുമെന്നു അഡ്രുട്ടർ ശ്രമിച്ചിരുന്നതിലധികമെന്തുണ്ട് സംബന്ധമായി പലകൃത്രിമസംഗതികളുംമൂലപ്രതിയായ പ്രസ്തുത ഗ്രന്ഥത്തിൽ സംഘടിപ്പിച്ചിട്ടുള്ളത് (29) എന്നാൽ വി. പ്രേഷകൻ വധിക്കപ്പെടുവാനുണ്ടായ കാരണം വാസ്തവത്തിൽ വിഗ്രഹാരാധന ചെയ്യാഞ്ഞതും അതിനെ ധ്വംസിച്ചതുമാണ്. ഇതുനമ്മുടെ പ്രാചീനഗ്രന്ഥകർത്തൃന്മാരെയുള്ള വരികളിൽവിവരിച്ചിട്ടുള്ള ഭാഗംകൊണ്ടും പഴയലത്തീൻ പാസ്സിയൊ ഗ്രന്ഥത്തിൽകാണുന്ന പ്രസ്താവംകൊണ്ടും സർവ്വോപരി വിശ്വസനീയമായിരിക്കുന്നു.

കുറി. ഈ വന്ദർഭത്തിൽ ഗ്നോസ്റ്റിക്സ് [Gnostics] എന്ന പതിതമതസ്ഥന്മാരെ പറയിയും കുറഞ്ഞൊന്നു വിവരിക്കുന്നതു അസ്ഥാനത്താകയില്ലല്ലൊ. ഈ പാഷണ്ഡത ആദ്യമായി ഉണ്ടായിച്ചതു ഏഷ്യായിലെ ചില കുസ്ത്യാനികളുടെ ഇടയിലാണ് (30) രണ്ടാംശതാബ്ദത്തിൽ [ക്രി.പി. ഒന്നാം ക്രി.പി. മ

ദ്ധേ] താസ്യൻ എന്നപേരുള്ള ഒരുവൻ സിറിയായിൽ ജനിക്കുകയും അവന്റെ ഗുരുവും രക്തസാക്ഷിയുമായ യുസ്തീൻനിയുടെ അനന്തരശേഷം താസ്യൻ പ്രസ്തുത പതിതമതത്തെ അംഗീകരിക്കയും ചെയ്തു. അവന്റെ അനുബദ്ധ്യങ്ങളിൽ ഒന്നു വിവാഹം അശുദ്ധമായ ഒരു ജീവിത മാർഗ്ഗമാണെന്നായിരുന്നു. മെസൊപ്പൊട്ടെമിയായിൽ താമസിച്ചിരുന്ന കാലത്തു അവൻ നാലു സുവിശേഷങ്ങളേയും ഒന്നാക്കി ക്രോഡീകരിച്ചു ദിയത്തേസരോൻ (Diatesaron) എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം നിർമ്മിച്ചു. (31) ഈ പുസ്തകം മെസോപ്പൊട്ടോമിയായിലെ എദേസാ പട്ടണത്തിന്റെ മെത്രാനായ റാബുലായാലും യൂഫ്രാറ്റീസ് നദിതീരത്തുള്ള സീറസ് (Cyrrhus) നഗരത്തിന്റെ മെത്രാനായ തിയൊഡോറെറ്റ് [Theodoret 423—457] നാലും അതതു ശ്രുതകളിൽ മുടക്കപ്പെടുകയും വിശിഷ്യ ൫൩൧-ൽ പരാപ്രതികരം തീയൊഡോറെറ്റിനാൽ നശിപ്പിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടു. താസിയൻ [Tation] അവന്റെ ദുഷ്ടാനങ്ങളെ സമാദരിക്കുവാൻവേണ്ടി ലോകരക്ഷകന്റെ ജനനമാസ്സത്തെ സുവിശേഷത്തിൽനിന്നുബഹിഷ്കരിച്ചുകളഞ്ഞു. എദേസാനഗരവാസിയായ ബർദേയ്സാൻ ഈ അബദ്ധോപദേശങ്ങളെ സ്വീകരിച്ചു എന്നുമാത്രമല്ല, അവനും സുപുത്രനായ ഹർമ്മോനിയസ് എന്നവനും ഈ പാതിത്യത്തെ നിലനിർത്തുക്കവണ്ണം മാതൃഭാഷയായ സുറിയാനിയിൽ കാവ്യരീത്യാ അനവധി ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തു. ഇവയ്ക്കു വിപരീതമായിട്ടാണു വി. അപ്രേം അദ്ദേഹത്തിന്റെ അസംഖ്യം ഗീതങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. ഹർമ്മോനിയസ്സിന്റെ കവിതാവൃത്തങ്ങളിലാണു പ്രസ്തുത വിശുദ്ധനന്തന്റെഗാനങ്ങൾ എഴുതിയിട്ടുള്ളതെന്നുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബർദേയ്സാൻ മുതലായവരുടെ പാട്ടുകൾ വായിക്കുന്നതിൽ നിന്നു വിശ്വാസികൾക്കു നാശം സംഭവിക്കാതിരിക്കുവാൻ വേണ്ടിയാണു വി. അപ്രേം സംഗീതരീത്യാ അനേകം വേദതത്വങ്ങളെ തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചതു്. പിന്നീടു ര

ണ്ടാം നൂറാണ്ടിൽ ജീവിച്ചിരുന്നമാർസിയോൻ (Marcion) എന്നാവേറൊരുവനും ഈ അബദ്ധോപദേശങ്ങളെ അബലം ബിക്കുകയും മാർസിയോനിസ്റ്റർ എന്നൊരുനൂതന പതിതശാ ഖയുടെ സ്ഥാപകനായിതീരുകയുംചെയ്തു. സ്വാനുചരന്മാർവി വാഹദോഷത്തിൽ ഉൾപ്പെടാതിരിപ്പാൻ അവനാൽആജ്ഞാ പിക്കപ്പെട്ടിട്ടുണ്ടു. ഈ പതിതന്മാർ വേറെയുംപല പൂർവ്വഗ്ര ന്ഥങ്ങളെ വഷളാക്കിയകൂട്ടത്തിൽ നമ്മുടെശ്ലീഹായുടെ നടപ ടികളെ വിവരിക്കുന്ന കൃതിയേയും സ്പർശിക്കുകയും അവരുടെ ഉ പദേശങ്ങൾ ശ്ലീഹാ മറവുള്ളവരെ പഠിപ്പിച്ചിരുന്നതുപോലെ ആയിതീരുന്നതിനു ഉപയുക്തമാകത്തക്ക പലകൃത്രിമഘട്ടങ്ങ ളും അതിൽഏഴുതിച്ചേർക്കുകയുണ്ടായി. എങ്കിലും ഈഗ്രന്ഥ ത്തിൽനിന്നു മാർസിയോൻമറച്ചുകളഞ്ഞ അനവധിഭാഗങ്ങളു ടെ ഒരുപട്ടിക വി. എപ്പിഫാനിസ് നമുക്കുകാണിച്ചുതരുന്നു ണ്ടു. (32) ഈഉദ്ദിഗ്രന്ഥങ്ങളെ പ്രസ്തുതപതിതർ അവരുടെ സംഘങ്ങളിൽ വായിക്കുകപതിവായിരുന്നു. അവർ തോമ്മാ ശ്ലീഹായുടെ നടപടിപുസ്തകത്തെ വഷളാക്കിയസ്ഥിതിയിൽത ന്നെ ഉപയോഗിച്ചിരുന്നതായിട്ടാണു വി. എപ്പിഫാനിയസ് പറയുന്നതു, വന്ദ്യനായഅപ്രേമും അതിനെതന്നെ അംഗീകരി ച്ചിരിക്കുന്നു എന്നുമാത്രമല്ല പ്രസ്തുതപതിതന്മാർ പ്രേഷകന്മാ രുടെ നടപടിഗ്രന്ഥങ്ങളെ സർവ്വഥാമലിനമാക്കിയിരുന്നുഎന്നു അദ്ദേഹം തെളിവായിപ്രസ്താവിക്കുന്നുമുണ്ടു.

മേൽവിവരിച്ചഭാഗങ്ങളിൽനിന്നു നമ്മുടെപ്രാചീന ഗാ നം എത്രതന്നെവിശ്വാസയോഗ്യമായ ഒന്നാണെന്നും അതിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ സാക്ഷി ആയിട്ടുള്ളവയാണെ ന്നും ഗ്നോസ്റ്റിക്കുപതിതന്മാരാകട്ടെ മനിക്കീയരാകട്ടെ കൂട്ടിച ത്തുപോവെയുള്ള കൂട്ടൽ വ്യത്യാസങ്ങളൊ സത്യവിരുദ്ധ മായ സംഗതികളൊ ഒന്നുംതന്നെഅതിൽ ഇല്ലെന്നും സ്പഷ്ട: സിദ്ധമാകുന്നു. പാട്ടിൽ ൧൩൩മുതൽ൧൮൩വരെയുള്ള വരിക ളിൽ പറയപ്പെട്ടിരിക്കുന്നതുപോലെ ഒന്നാംനൂറാണ്ടിൽ എഴു

തപ്പെട്ടിട്ടുള്ള ചരിത്രത്തിൽനിന്നു ഫസ്റ്റംഫ—ൽ ഇതുസംഗ്രഹിച്ച ഏഴതിക്കുന്നല്ലാതെ മൂലഗ്രന്ഥത്തിൽ ഇല്ലാത്തയാതൊരു പ്രസ്താവവും ഈ കൃതിയിൽ ഉദ്ധരിച്ചിട്ടില്ല.

നാലാം അദ്ധ്യായം

കൽദായസുറിയാനിയും അതിൽ അനുഷ്ഠിക്കപ്പെട്ടുന്നതൈ
വാരാധനക്രമങ്ങളും കേരളത്തിൽതോമ്മാശ്ലീ
ഹായാൽ ഉണ്ടാക്കപ്പെട്ടത് എന്നു
തിലേക്കുള്ള തെളിവുകൾ.

തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയെ സംബന്ധിച്ചുള്ള തെളിവുകൾ കഴിഞ്ഞ അഞ്ചു അദ്ധ്യായങ്ങളിലായി പ്രസ്താവിച്ചുതീർന്നിട്ടുള്ളതിനാൽ ഇനി വക്തവ്യമായിട്ടുള്ളത് ശ്ലീഹാ ദക്ഷിണഇൻഡ്യയിൽദൈവാരാധനക്രമം (Liturgy) ഏർപ്പെടുത്തിയ ഏതുഭാഷയിലായിരുന്നു എന്നുള്ളതാണു. നിത്യോപയോഗമായ ആരാധനക്രമം കൽദായസുറിയാനിയിൽ അതുപ്രതിഫലിതമായതെന്നുകാണിക്കുന്ന അസംഖ്യം സ്മാരകലക്ഷ്യങ്ങളും അവയെപിൻതാങ്ങുന്നപാരമ്പര്യങ്ങളും കേരളത്തിൽസുലഭമാകുന്നു. താഴെശീർഷകങ്ങളിൽ ചിലകൂട്ടങ്ങളെതാഴെനിർദ്ദേശിക്കാം. കേരളീയസുറിയാനിക്കാർ സ്വന്തസഭാസ്ഥാപകനായപിതാവിനെ തോമ്മാശ്ലീഹാ എന്നാണു അഭിവാദനം ചെയ്യുന്നതു. ഇതിൽ 'മാർ'—'ശ്ലീഹാ' എന്നീരണ്ടുപദങ്ങളും സുറിയാനിഭാഷയിൽനിന്നുള്ളവകുന്നു. വി. പ്രേഷകന്റെ തിരുനാളിനെ ഉദ്ദേശിച്ചു പറയപ്പെടുന്ന 'ദുക്റാന' എന്നപദവും സുറിയാനിതന്നെ. ക്രൂശാതെക്രൂശേ, മാമ്മോദീസാ, കുമ്പാനാ, കുശ്ശാ [മുമ്പിലത്തെഒപ്പ് കുശ്ശാ ഒടുക്കത്തെഒപ്പ് കുശ്ശ്] എന്നിവയും സുറിയാനിവാക്കുകളാണു. കൂടിശിനെനിർദ്ദേശിക്കുന്ന 'ശ്ലീബാ' ശബ്ദവും പരമപാവനമായ ത്രീതത്തിലെ മൂന്നാമത്തെ ആളിന്റെസംജ്ഞയായ "റൂഹാദ്കുദ്ശാ" എന്നശബ്ദവും മ

ന്നുഷ്യാവതീർണ്ണനായ ദൈവ കുമാരനെ സൂചിപ്പിക്കുന്ന "ഈശോ മിശിഹാ" എന്ന പദവും മേൽപ്രകാരം സുറിയാനി ഭാഷയിൽഉള്ള നാമങ്ങളാണ്. ഈവക കൽദായസുറിയാനി പദങ്ങൾ കേരളത്തിൽ ഉപയോഗിച്ചുതുടങ്ങിയ്യ എന്നാണെന്നു പരിശോധിക്കുന്നപക്ഷം മാർതോമ്മാഏതുകാലത്തു ഇവിടെവന്നൊ അക്കാലംമുതല്ലൂ മാർതോമ്മാക്രിസ്തീഹാ എന്നസംജ്ഞയും അദ്ദേഹം എന്നു ചരമംപ്രാപിച്ചുവോ അന്നുതുടങ്ങിഉകൂറാനാ എന്നപദവും ക്രൂദാശാ, സ്ലീബാ, മാമ്മോദീസാ, കുബ്ബാന, ഒപ്പ്റൂശ്മാ ഇത്യാദിദൈവാശിഷ്യരാൽഉണ്ടാക്കപ്പെട്ട സംബന്ധിച്ചുംകൂടാതെഉദ്ദ്ശാ, ഈശോമിശിഹാ എന്നിവരെക്കുറിച്ചും കേരളീയർക്ക് എന്ത് ജ്ഞാനം ലഭിക്കുന്നുവൊഅന്നുമുതൽ നിർമ്മിച്ച ശബ്ദങ്ങളും ഇവിടെ നടപ്പായിട്ടുള്ളതാണെന്നു കാണാം. ക്രിസ്തീഹാ, മാർ എന്നീ പദങ്ങൾ നമ്മുടെ പിതാവായ തോമ്മായേയും ക്രിസ്തീഹാ എന്നതു ആരാധനാർത്ഥം അദ്ദേഹത്താൽ നമുക്കു ലഭിച്ചതായ കുരിശിനേയും മാമ്മോദീസാ, കുർബ്ബാന, റൂശ്മാ എന്നീ വാക്കുകൾ മുറയ്ക്കു ജ്ഞാന സ്നാനം, ദിവ്യ പൂജാസ്ഥിരീകരണംമുതലായി വിശ്വാസികൻനമ്മുടെപൂർവ്വികന്മാർക്കുനൽകിയ ക്രൂദാശകളേയും അത്രെസമർത്ഥിക്കുന്നത്. തന്മൂലം ഈ സുറിയാനിവാക്കുകൾ എല്ലാം തോമ്മാക്രിസ്തീഹാ ദക്ഷിണഭാരതത്തിൽ ഏർപ്പെടുത്തിയ ആരാധനക്രമം സുറിയാനിഭാഷയിൽതന്നെ ആണെന്നുള്ളതിനെ സ്ഥീകരിക്കുന്ന സ്മാരകലക്ഷ്യങ്ങളാകുന്നു.—പരന്തുമൂന്നാംഅദ്ധ്യായത്തിൽ ചേർത്തിരിക്കുന്ന പ്രാചീനഗാനത്തിൽ 'റമ്പാൻ', 'ക്രിസ്തീഹാ' മാമ്മോദീസാ, ഇത്യാദി അനവധി സുറിയാനിശബ്ദങ്ങൾ ഉപയോഗിച്ചുകാണ്മാനുണ്ട്. ഇവകേരളീയസഭയിൽ അക്കാലത്തു [ഒന്നാംനൂറ്റാണ്ടിൽ] ദിവ്യകർമ്മാനുഷ്ഠാനങ്ങൾ നിർവഹിച്ചിരുന്നതു സുറിയാനിഭാഷയിലായിരുന്നു എന്നു തെളിയിക്കുന്ന ഉത്തമലക്ഷ്യങ്ങളാകുന്നു. അതുതന്നെയുമല്ല തോമ്മാക്രിസ്തീഹാ വിശ്വാസത്തെ നിർണ്ണയിച്ചിരുന്നു എന്നും രണ്ടാംഅദ്ധ്യായം കാണും; കൂടാതെ എന്നീ

ലക്കങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഇവയെല്ലാം മേൽപ്രസ്താവിച്ച സംഗതിയെ ഉപബൃംഹരിക്കയാണു ചെയ്യുന്നതു.

൨. സുറിയാനിഭാഷയും ആരാധനക്രമവും തോമ്മാശ്ലീഹായാൽ സ്ഥാപിതമായവയാണെന്നാണു സുറിയാനിക്കാർ അനുസ്യൂതമായി വിശ്വസിച്ചുപോരുന്നതു്. ഈ പാരമ്പര്യവിശ്വാസം പ്രസ്തുത സ്മാരക ലക്ഷ്യങ്ങൾക്കു ഉറപ്പുള്ള താങ്ങാകുന്നു. ൧൭-ാം നൂറ്റാണ്ടിൽ സുറിയാനിക്കാരുടെ ഇടയിൽ ഈ വിശ്വാസം പ്രബലപ്പെട്ടിരുന്നതായി അക്കാലത്തു കേരളത്തിൽ നിന്നു എഴുതപ്പെട്ട ഒരു ലേഖനംമൂലം നമുക്കു അറിയാൻ വഴിയുണ്ടു. ഈ എഴുത്തു മലങ്കര സുറിയാനിക്കാർ ൧൭൮൬—ൽ ൧൩-ാം ഗ്രീഗോറിയാസു് മപ്പ്രിയായിക്കു അയച്ച ഒരുപഹാർ ജിയാകുന്നു. അതിൽ അവർ കൽദായ സുറിയാനിക്കാരാകയാൽ ആശ്രയത്തിൽ ഉൾപ്പെട്ട മെത്രാന്മാരെ നിയമിച്ചു കിട്ടുന്നതാണെന്നും അവരുടെ ഇടയിൽ പ്രചരിക്കുന്ന സുറിയാനി ഭാഷ തോമ്മാശ്ലീഹായിൽ നിന്നു ഉല്പന്നമായിട്ടുള്ളതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ഏതൽ സംബന്ധമായി എഴുത്തിൽ കാണുന്ന ഭാഗം ആണു താഴെ തർജ്ജിമചെയ്തു ചേർത്തിട്ടുള്ളതു്. "എല്ലാജനങ്ങളുടേയും മഹാപിതാവെ ഇൻഡ്യാനിവാസികളും അയോഗ്യരുമായ പാപികളുമായ ഞങ്ങൾ കത്താവിന്റെ ശിഷ്യനും ഞങ്ങളുടെ നാഥനുമായ വി. തോമ്മായുടെ കാലം മുതൽ ക്രിസ്ത്യാനികളും മാമ്മോദീസായുടെ സന്തതികളും ക്രൂശാകളേയും നമ്മുടെ കത്താവും ദൈവവും ആയ ആളിന്റെ തിരു ശരീരത്തേയും പങ്കുകൊള്ളുന്നവരും ആണെന്നും ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ ഞങ്ങളുടെ നാഥനായ വി. തോമ്മായാൽ

ഞങ്ങൾക്കുതരപ്പെട്ടസുറിയാനിഭാഷയല്ലെങ്കിൽ കൽദായഭാഷയിൽ രചിക്കപ്പെട്ടവയാണെന്നും ഞങ്ങളും ഞങ്ങളുടെ പൂർവ്വികന്മാരും ഈ ഭാഷയിൽ അഭ്യസിപ്പിക്കപ്പെട്ടവർ ആകുന്നു എന്നും ഞങ്ങളുടെ മെത്രാന്മാരും മെത്രാപ്പോലീത്താന്മാരുംകി

ഴക്കൻ ഭിക്കിലെ അസീറിയാക്കാരിൽ നിന്നാണെ ഇവിടേക്കു എപ്പോഴും അയക്കപ്പെട്ടവരുന്നതെന്നും ഗ്രഹിപ്പിട്ടവും അറാപട്ടവും ഞങ്ങൾക്കു അവരാൽ നൽകപ്പെട്ടുന്ന എന്നും ഉള്ള വസ്തുത ദൈവമായ കർത്താവിൽ നിങ്ങൾക്കുള്ള സ്നേഹത്തോടു ഞങ്ങൾ അറിയിച്ചുകൊള്ളുന്നു." (1)

ക്രദാശകളുടെ സംജ്ഞകളെ നിർദ്ദേശിക്കുന്ന പദങ്ങളിൽ മാമ്മോദീസാ, കുമ്പാന എന്നിവ രണ്ടും ശുദ്ധ സുറിയാനി ശബ്ദങ്ങൾ തന്നെയാണ്. സ്വെഥ്യ്ലേപനം, അന്ത്യ ലേപനം എന്നീ ക്രദാശകളെ ലക്ഷ്യീകരിക്കുന്ന മുമ്പിലത്തെ ഒപ്പ് രൂശ്മാ ഒട്ടക്കത്തെ ഒപ്പ് രൂശ്മാ എന്നീ രണ്ടു ശബ്ദങ്ങളുടെ അദ്യംശങ്ങൾ നാട്ടു ഭാഷാ പദങ്ങളും ഒടുവിലത്തെ ഭാഗമായ 'രൂശ്മാ' എന്നതു സുറിയാനി വാക്കും ആകുന്നു. കുമ്പസാരം എന്നുള്ളതാകട്ടെ പോർട്ടുഗീസ് ശബ്ദമത്രെ. ഈ ക്രദാശക്കു നാട്ടിൽ 'പിഴമൂളുക' എന്നുള്ള സംജ്ഞയാണു ഉപയോഗിച്ചിരുന്നത്. പോർട്ടുഗീസുകാരുടെ ആധിപത്യപ്രാപ്തിയോടുകൂടി 'പിഴമൂളൽ' 'കുമ്പസാര'മായി പരിണമിച്ചു എന്നേയുള്ളൂ. ഇപ്രകാരം തന്നെ വൈദിക സ്ഥാനത്തിനു 'പട്ടം' എന്നാണുപേർ പറഞ്ഞു വന്നതു. ഈ ശബ്ദം അദ്യാപി പ്രചാരത്തിൽ തന്നെ ഇരിക്കുന്നു. പട്ടം എന്നതിനു സ്ഥാനം അഥവാ അധികാരം എന്നാണല്ലൊ അർത്ഥം. വിവാഹ കർമ്മത്തിനു 'പെൺകെട്ട്' എന്ന പേരാണു പണ്ടു പണ്ടെ പറഞ്ഞു വന്നിരുന്നത്. ഇപ്പോഴാകട്ടെ അതിനു വിവാഹം എന്നു സംജ്ഞ സാധാരണമായി ഉപയോഗിക്കുന്നുണ്ടെങ്കിലും പഴയ കൃതികളിലും രേഖകളിലും 'പെൺകെട്ട്' പദം തന്നെ ഉപയോഗിച്ചുകാണുന്നു. പ്രസ്തുത പട്ടം, പെൺകെട്ട്, പിഴമൂളൽ എന്നീ പ്രാചീന ശബ്ദങ്ങളിൽ അത്ര പദം ചെമ്പേടിൽ തന്നെ ഉപയോഗിച്ചിട്ടുള്ളതായി നാലാം അദ്ധ്യായം ൨; ൧൨ എന്നീ ലക്ഷങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. (അവിടെ കൊടുങ്ങല്ലൂരിലെ രവികർത്തനു മണിഗ്രാമ "പട്ടം" കൊടുത്തു എന്നാത്രെ പ

റയപ്പെട്ടിരിക്കുന്നത്). ഇക്കാലത്തു ഏഴു ശ്രദ്ധേകർക്കു ഉപയോഗിച്ചുവരുന്ന സംജ്ഞകാംമേൽപറഞ്ഞപ്രകാരം മാർത്തോമ്മാ, മുമ്പിലത്തെ ഒപ്പീസാ, കുബ്നാ, കുന്പസാരം, ഒടുക്കത്തെ ഒപ്പീസാ, പട്ടം, പെൺകെട്ടു എന്നിവയാകുന്നു. ചില പുതിയ ഗ്രന്ഥകാരന്മാർ ജ്ഞാനസ്നാനം, മൈറ്റുലേപനം, അന്ത്യലേപനം, വിവാഹം ഇത്യാദി നൂതനശബ്ദങ്ങളുപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും അതു അനേകശതാബ്ദങ്ങളായി നടപ്പിലിരിക്കുന്ന വാക്കുകളെ മാറ്റുകയാക കൊണ്ടുവിവേകപൂർണ്ണമായ ഒരു പ്രവൃത്തിയായിരിക്കുകയില്ല. ബാപ്റ്റിസം, കീരിയെലെയിസോൻ മുതലായ ഗ്രീക്കു പദങ്ങളേയും ഓശാന ആദിയായ എബ്രായ ശബ്ദങ്ങളേയും ലത്തീൻ ഭാഷയിൽ ഇക്കാലത്തും എടുത്തു കളയാതെ സൂക്ഷിച്ചിരിക്കുന്നതു അതേ അർത്ഥമുള്ള സ്വന്തപദങ്ങൾ ആ ഭാഷയിൽ ഇല്ലാത്തതുകൊണ്ടല്ലേ; പ്രസ്തുത പള്ളിക്കെട്ടിലെ പുരാതന വാക്കുകളെ സംബന്ധിച്ചുള്ള ആദരാധിക്യം നിമിത്തമാകുന്നു.

൨. സുറിയാനി ഭാഷയേയും ആരാധന ക്രമത്തേയും സംബന്ധിച്ചുള്ള സ്മാരക ലക്ഷ്യങ്ങളും പരമ്പരാവിശ്വാസവും എന്താണെന്നുള്ളതുനമ്മുടെ പരിശോധന അവസാനിക്കുന്നഇവ്വിഷയത്തിൽ പ്രകൃത വിഷയത്തെപ്പറ്റി ചരിത്രകാരന്മാരുടെ അഭിപ്രായം എന്താണെന്നു കൂടി അന്വേഷിക്കുന്നതു ഉചിതമായിരിക്കുമല്ലൊ. പൌരസ്ത്യ പാശ്ചാത്യ സഭകളുടെ ആരാധന ക്രമങ്ങളെപ്പറ്റിയുള്ള പുസ്തക നിർമ്മാതാക്കന്മാർ ശ്രീമന്മാരുടെ സഞ്ചാര സ്ഥാനങ്ങളിൽ എല്ലാം ഉപയോഗിച്ചിരുന്ന മതഭാഷ ഗ്രീക്കും സുറിയാനിയും ആണെന്നു പൊതുവെ സമ്മതിച്ചിരിക്കുന്നു. യൂറോപ്പിൽ മുഴുവനും ഏഷ്യയുടെ ചിലഭാഗങ്ങളിലും ഗ്രീക്കു മാത്രവും ബാക്കിയുള്ള ഏഷ്യാംശ പ്രദേശങ്ങളിൽ സുറിയാനിയുമാണു അവർ ഉപയോഗിച്ചിട്ടുള്ളത്. (2) എന്നാൽ വി. പ്രേഷകന്മാർ അതതു നാട്ടു ഭാഷകളിലാണു ആരാധനക്രമങ്ങൾ ഏർപ്പെടുത്തിയതെന്നു വാദിക്കുന്ന ഗ്രന്ഥകാരന്മാരും ഇല്ലാതില്ല. (3) എങ്കിലും ഇവരെല്ലാം പുരാ

ണ വാസ്തുശാസ്ത്ര (Archeology) പ്രതിപാദനത്തിൽ ഗ്രീക്ക സുറിയാനി എന്നീ ഭാഷകളിൽ മാത്രമെ ക്രിസ്ത്യാനികൾ ആരാധന ക്രമങ്ങൾ ഏർപ്പെടുത്തിയിരിക്കാൻ ഇടയുള്ളൂ എന്നു അഭിപ്രായപ്പെടുന്നുണ്ട്. കാരണം, റോമാ സാമ്രാജ്യത്തിലെ സഭാഷ വത്തീൻ ആയിരുന്നിട്ടും വി. പത്രോസ് അവിടെ ആരാധനക്രമങ്ങൾ സ്ഥാപിച്ചത് ഗ്രീക്ക ഭാഷയിൽ ആയിരുന്നു. ഇതു കൊൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ഭരണദശാവസാനം വരെ നിലനിൽക്കുകയും ചെയ്തിരുന്നു. ഫ്ബിയൻ, യൂഷിയസ്, യുറിക്കീയാനസ് മുതലായി മൂന്നാം ശതാബ്ദത്തിലെ മാർപ്പാമാരുടെ പ്രേതമഞ്ചങ്ങളിന്മേൽ എഴുതപ്പെട്ടിരിക്കുന്ന ഗ്രീക്ക ശബ്ദങ്ങൾ ഇതിനു ദൃഷ്ടാന്തവുമാണ്. ലത്തീനിൽ ഇപ്പോഴും സംരക്ഷിക്കപ്പെട്ടുപോരുന്ന ബാപ്റ്റിസം, കീരിയേലയിസാൻ, ആഗിയോസ് അത്താനാത്തോസ് ഇത്യാദി ഗ്രീക്ക വാക്കുകൾ, ഒരിക്കൽ റോമയിലെ പള്ളിഭാഷ ഗ്രീക്കതന്നെ ആയിരുന്നു എന്നുള്ളതിനെ അണയ്ക്കാൻ പൂണ്ടിക്കാണിക്കുന്നതാണ്. ഗ്രീക്ക, ലത്തീൻ, സുറിയാനി, എന്നിവ അന്നു പരിഷ്കൃത ഭാഷകളായിരുന്നതിനാൽ ശ്ലീഹന്മാരുടെ ജീവകാലത്തു റോമാ സാമ്രാജ്യത്തിൽ പ്രസ്തുത ആദ്യത്തെ രണ്ടുഭാഷകളും ഏകദേശം ആ മഹാരാജ്യത്തോടു തുല്യശക്തി പ്രാപിച്ചിരുന്നു പാർത്തൻ പ്രദേശങ്ങളിൽ സുറിയാനിയും ഗ്രീക്കും പ്രബലപ്പെട്ടിരുന്നു. ഏതാണ്ടു പാർത്തൻ മഹാരാജ്യത്തോടു സമീപിച്ചുകിടന്നിരുന്ന ഭൂഭാഗങ്ങളിലും സുറിയാനിയേപ്പറ്റി അറിവുണ്ടായിരുന്നു. നിർദ്ദിഷ്ടമായ മൂന്നു ഭാഷകളും (കേവലം വൈദികവും ശാസ്ത്രീയവുമായിരുന്ന സംസ്കൃതവും) നീക്കിയാൽ ശേഷമുള്ള നാട്ടുഭാഷകളൊന്നും പരിഷ്കൃതാവസ്ഥയിൽ എത്തിയിട്ടില്ലായിരുന്ന സ്ഥിതിക്കു അവയിൽ ക്രൂശാരോപണം മുതലായ ദിവ്യകർമ്മങ്ങൾ നടത്തിയിരുന്നു എന്നു ഊഹിക്കുന്നതു തീരെ സംഭാവ്യമായിരിക്കയില്ല. ഇംഗ്ലണ്ടു, അയർലണ്ടു മുതലായ രാജ്യങ്ങളിൽ ദിവ്യപൂജയുടെ തുടങ്ങിയുള്ള ആരാധന ക്രമങ്ങൾ നാട്ടുഭാഷകളിൽ ഒരുകാലത്തും നടത്തപ്പെട്ടിരുന്നതായി യാ

തൊരു ലക്ഷ്യവും ഇല്ലതന്നെ. ദിവ്യപൂജ, ക്രൂശാശകം എന്നിവയുടെ അനുഷ്ഠാനങ്ങളിൽ ഉപയോഗിക്കുന്ന എല്ലാ വാക്കുകളും സാരസമ്പൂർണ്ണങ്ങളാകയാലും ദേശഭാഷകളിൽ അവയ്ക്കു തുല്യാനുഭവം ജനിക്കുന്നവാക്കുകൾ ദുർല്ലഭമാണെന്നു വരാവുന്നതിനാലും ആദ്ധ്യാത്മിക കർമ്മങ്ങളിൽ പ്രയോഗിച്ചിരുന്ന ശബ്ദങ്ങളും മന്ത്രങ്ങളും ശ്ലീഹന്മാർ പ്രസ്തുത ഗ്രീക്കു സുറിയാനിഭാഷകളിൽ പഠിച്ചു മനപ്പാഠമാക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു എന്നല്ലാതെ ദേശഭാഷകളിൽ അപ്രകാരം പ്രവർത്തിച്ചിരുന്നതായി വിശ്വസിക്കുന്നതിലേക്കു വേണ്ട രേഖകൾ ഒന്നും തന്നെയില്ല. ഇപ്പോൾ കത്തോലിക്കാസഭയിലുള്ള പ്രാചീനാരാധന ക്രമങ്ങളിൽ അമ്മേനിയൻ, അബ്സീനിയൻ, കൊപ്റ്റിക്ക് എന്നീ ലിറർജികൾ നാലും അഞ്ചും ശതാബ്ദങ്ങളിൽ മാത്രം സ്ഥാപിക്കപ്പെട്ടവയാണ്. (4) ശ്ലീഹന്മാർ നാട്ടുഭാഷകളിൽ ആരാധനക്രമങ്ങളെ ഏർപ്പെടുത്തിയെന്നു പറയുന്നവരുടെ വാദം എത്രമാത്രം ദുർബ്ബലമാണെന്നു കാണിക്കുന്നപ്രധാനലക്ഷ്യങ്ങൾ ഈലിറർജികൾതന്നെയാകുന്നു.

൪. ശ്ലീഹന്മാർ സ്ഥാപിച്ച ആരാധനക്രമങ്ങളെപ്പറ്റി പൊതുവായി വിസ്തരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ഇവിടെ പരിശോധിക്കാനുള്ളത് നമ്മുടെയിടയിൽ തോമ്മാശ്ലീഹാ ഏർപ്പെടുത്തിയ ആരാധനക്രമം ഏതാണെന്നും തത്സംബന്ധമായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നതു എന്താണെന്നും ആണ്. ഇൻഡ്യാസഭ ആരംഭകാലംതുടങ്ങി പേർഷ്യൻ സഭയോടു സംബന്ധപ്പെട്ടിരുന്ന എന്നുള്ളത് നിർവ്വിവാദമായ സംഗതിയത്രെ. (ഇതേപ്പറ്റി ൪-ാം അദ്ധ്യായം ൩-ാം ലക്കത്തിൽ നിന്നു കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാവുന്നതാണ്.) സാരജ്ഞനായ ഒരു പേർഷ്യൻ സഭാദ്ധ്യക്ഷൻ ഇൻഡ്യയിലെ ലിറർജിപ്രകാരംഭം മുതൽക്കുതന്നേ കൽദായ സുറിയാനിയിലാണെന്ന സ്വന്ത സഭയിലെ പാരമ്പര്യങ്ങളേയും നടപടികളേയും പ്രമാണങ്ങളേയും ആസ്പദമാക്കി സ്ഥാപിച്ചിട്ടുണ്ട്. (5) ക്രൈസ്തവ മതത്തിന്റെ ആവിർഭാവം തുടങ്ങി സുറിയാനി ഭാ

൭൬ കമ്മങ്ങളിൽ പള്ളിഭാഷയായി ഉപയോഗിച്ചിരുന്നതാ
ണെന്നും വിശിഷ്യ അതു സുറിയാനി സഭയിലുംപ്പെട്ടിരുന്ന ഭൂ
രിപക്ഷം ജനങ്ങളുടേയും മാതൃഭാഷകൂടിയാണെന്നും എന്നാൽ
മതം കൊണ്ടും അദ്ധ്യാത്മികമായ കർമ്മങ്ങളും ആ ഭാഷയിൽ
അനുഷ്ഠിക്കപ്പെട്ടിരുന്നതുകൊണ്ടും മാത്രം സാജാത്യം കാണ
പ്പെട്ട മറ്റു നാനാജാതി ജനങ്ങളേയും സുറിയാനിക്കാർ എന്നു
വിളിച്ചു വന്നിരുന്നു എന്നും അങ്ങനെ വിളിച്ചു വന്നതു അവ
രുടെ നാട്ടുഭാഷ സുറിയാനി ആയിരുന്നതിനാൽ അല്ല, നാട്ടു
ഭാഷ ലത്തീൻ അല്ലാതിരിക്കുകയും ലത്തീൻ ഭാഷയെ ലിറ്റർ
ജി ഭാഷയായി മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന ജനങ്ങ
ളെ ലത്തീൻകാർ എന്നു സംജ്ഞചെയ്യുന്നതുപോലെ മാത്രം
ആയിരുന്നതേയുള്ളൂ എന്നും അദ്ദേഹം സാക്ഷിക്കുന്നു. ക്രി൩
തെ ആരംഭകാലം മുതൽ സുറിയാനി ലിറ്റർജി ഭാഷയായി
ഉപയോഗിച്ചിരുന്ന കൽദായ സഭയുടെ പ്രദേശങ്ങൾ സീറി
യാ, മെസൊപ്പൊട്ടെമിയാ, പാർത്യാ, മേദിയാ, അസീറിയാ,
അർമ്മേനിയാ, ഹിർക്കാനിയാ, ബാക്ട്രിറീയാ, ഇൻഡ്യാ, ചൈ
നാ മുതലായ രാജ്യങ്ങൾ ആണെന്നും പൌരസ്ത്യ (കൽദായ)
സിംഹാസനത്തിന കീഴ്പെട്ടിരുന്ന ഭൂഭാഗങ്ങൾക്കു വിസ്തീർണ്ണ
തയും ജനാഭിവൃദ്ധിയും അധികാര പ്രാബല്യവും ക്രമേണ പ്രാ
പ്തമായി എങ്കിലും ആ രാജ്യങ്ങളെല്ലാം പ്രസ്തുത സിംഹാസ
നത്തിന ആദിമ കാലം തുടങ്ങി കീഴ്പെട്ടിരുന്നതാണെന്നും
വിവരിച്ചു കാണിച്ചശേഷം തോമ്മാശ്ലീഹായാൽ സുവിശേ
ഷോപദിഷ്ടമായ രാജ്യങ്ങൾ മേൽ പ്രസ്താവിച്ചവയാണെന്നും
അദ്ദേഹം തന്നെ ക്ലിപ്തമായി പ്രതിവാദിക്കുന്നുണ്ട്. (6) അവ
ർ ദീശൊ കയ്യാത്ത് എന്നാ ബാവേൽ പാതിയക്കീസ് ക്രി.
പ൬൯൯ ഫെബ്രുവരി ൭-ാംനാ- പ്രസിദ്ധീകരിച്ച ഒരു ലഘു
ലേഖയിൽ മലങ്കര സുറിയാനി സഭയിലെ ലിറ്റർജി പ്രാരം
ഭകാലം മുതല്ക്കുതന്നെ കൽദായ സുറിയാനിയിൽ അല്ലാതെ
മറ്റൊരു ഭാഷയിൽ ആയിരുന്നില്ലെന്നും അങ്ങിനെ വരാൻ
ഇടയില്ലെന്നായിരുന്നു എന്നും സാക്ഷിക്കുന്നു. [7] മലയാള

ത്തിലെ സ്മാരക ലക്ഷ്യങ്ങളും പാരമ്പര്യങ്ങളും ആദിയായവയും മാർ തോമ്മാസ്ഥാപിച്ച ലിറ്റർജി കൽദായ സുറിയാനിയിൽ തന്നെ ആണെന്നാണു ബലമായി നിർദ്ദേശിക്കുന്നതു. പേർഷ്യാ സഭയുടെ ചരിത്ര ലക്ഷ്യങ്ങളും ഇതോട്ടു പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു മേൽ വിവരിച്ച തെളിവുകളിൽ നിന്നു സുഗ്രഹമാണല്ലോ.

൪. ക്രിസ്ത്വബ്ദാരംഭത്തിൽ സുറിയാനിഭാഷയ്ക്കും തദ്ദേശീയരായ ജനങ്ങൾക്കും ദക്ഷിണ ഇൻഡ്യയുമായി വല്ല സംസർഗ്ഗബന്ധവും ഉണ്ടായിരുന്നോ എന്നാണു ഇനി ആലോചിപ്പാനുള്ളതു്. പാർത്ഥാരാജ്യത്തേപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങളെല്ലാം വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ക്രൈസ്തവ വർഷത്തിനു ഏകദേശം സംവത്സരങ്ങൾക്കു മുമ്പു ഈ രാജ്യം പേർഷ്യൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ക്രി-ൽ അർഷാസെസ്പ്രഥമന്റെ (Arsases I) നേതൃത്വത്തിൽ പാർത്ഥർ രാജ്യവാസികളും പേർഷ്യൻ ശക്തിയോടു മത്സരിക്കുകയും തദ്ഫലമായി അർസാസെസ് രാജവംശം സ്ഥാപിതമാവുകയും അയാൾ പേർഷ്യായുടെ ഭൂരിഭാഗം സെലേവുസിഡർ (Seleucidae) എന്ന ഗ്രീക്കുരാജവംശജന്മാരിൽ നിന്നു പിടിച്ചെടുക്കുകയും ഉത്തര ഹിന്ദുസ്ഥാനം ഉൾപ്പെടെ അടക്കിയിരുന്നതും ഗ്രീക്കുകാരുടെ ആധിപത്യത്തിൽ ഇരുന്നതുമായ ബാക്ട്രീയാ രാജ്യത്തേയും പാർത്ഥൻസീമയിൽ സഞ്ചയിക്കയും ചെയ്തു. ഇങ്ങനെ നിർദ്ദിഷ്ട കാലത്തിനു മുമ്പുപ്രതിഷ്ഠിതമായ പാർത്ഥൻസാമ്രാജ്യം ഏകദേശം ൪൫ സംവത്സരങ്ങളോളം നിലനിൽക്കുകയും അനന്തരം ക്രി. ൨൨൭-ൽ പുനഃസ്ഥാപനം ചെയ്യപ്പെട്ട പേർഷ്യാ മഹാരാജ്യത്തിൽ അന്തർലീനമായി ഭവിക്കുകയും ചെയ്തു. പാർത്ഥൻ രാജ്യത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളും മഹാനായ അലക്സാണ്ടറിന്റെ (വടക്കെ) ഇൻഡ്യയും ഓക്സസ് (Oxus) നദിയുടെയും ഇൻഡ്യാ സമുദ്രത്തിന്റേയും മദ്ധ്യത്തിൽ ഇൻഡസ് നദിവരെ നീണ്ടു കിടക്കു

ന്ന ഭൂമിയിൽ സ്ഥിതിചെയ്യുന്ന മേദിയാ, പാർത്തിയാ [പാർത്തിയാപ്രദേശം] ഹിർക്കാനിയാ. ബാക്ക്ട്രിയാ ആദിയയേ ദേശങ്ങളും കമ്മാനിയാ, ജെഡ്രോസിയാ, പേർഷ്യാ (പേർഷ്യൻ പ്രദേശ-] മുതലായി സമുദ്രതീരത്തോട്ട സമീപിച്ചു കിടക്കുന്ന ഭൂഭാഗങ്ങളും ആയിരുന്നു. (8) പാർത്തൻ മഹാരാജാക്കന്മാരുടെ കീഴിൽ പല സാമന്തരാജാക്കന്മാരും നാട്ടു വാഴികളായ വൈസ്രോയിമാരും ഉണ്ടായിട്ടുണ്ട. ഉപരാജാക്കന്മാരിൽ പ്രധാനന്മാർ എദേസാ, പേർഷ്യാ, എലിമേയ്, (Elimais) അദിയബേനി (Adiabene) അർമ്മേനിയാ എന്നീ ഭൂവിഭാഗങ്ങളിലെ ഭരണകർത്താക്കന്മാരായിരുന്നു. പാർത്തൻമഹാരാജ്യത്തിൽ സുറിയാനി ശക്തിമത്തായ ഒരു ഭാഷയായിട്ടാണു പ്രചരിച്ചിരുന്നത്. ഈ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ക്നേസിഫോൻ (Chesiphon) അഥവാ സെലേവുസിയാ (Seleucia) പട്ടണം സ്ഥിതിചെയ്തിരുന്നതു സുറിയാനി ഭാഷ ഉപയോഗിച്ചിരുന്ന പാർത്തൻ രാജ്യത്തിന്റെ മദ്ധ്യഭാഗത്തു തന്നെ. സുറിയാനി വിദ്യാവയങ്കരംകൊണ്ടു സുപ്രസിദ്ധമായിരുന്ന എദേസാ രാജ്യത്തെ റിഡാന്മാർ വേദപുസ്തകം സുറിയാനിയിലേക്കു ഭാഷാന്തരംചെയ്തുണ്ടായി. ഗ്രീക്കുഭാഷക്കും പാർത്തയിൽ പ്രചാരം ഉണ്ടായിരുന്നു എങ്കിലും സുറിയാനി ഭാഷയാണു പ്രതിദിനം അഭിവൃദ്ധി പ്രാപിച്ചുവന്നിരുന്നതു. അതിനാൽ യഹൂദചരിത്രകർത്താവായ പ്ലാവിയസ് യൊസേപ്പു യുദ്ധന്മാരുടെ യുദ്ധങ്ങളെ സംബന്ധിച്ചുള്ള സ്വന്തകൃതി സുറിയാനിഭാഷയിൽ ആണു രചിയ്തതു. പാർത്തൻ നിവാസികളായ യഹൂദന്മാർ അതിനെ സുലഭമായി ഗ്രഹിക്കുവാൻ വേണ്ടി ആയിരുന്നു അദ്ദേഹം ഇപ്രകാരം ചെയ്തതു. റോമാ സാമ്രാജ്യത്തെ അധിവസിച്ചിരുന്ന യഹൂദന്മാരുടെ ഉപയോഗത്തിനു വേണ്ടി കാലാന്തരത്തിൽ അതു ഗ്രീക്കുഭാഷയിലേക്കു തർജ്ജിമ ചെയ്യപ്പെട്ടു. (9).

൩. ക്രിസ്തുവർഷാരംഭത്തിൽ സുറിയാനിഭാഷ പ്രബലപ്പെട്ടിരുന്ന പാർത്തൻ സാമ്രാജ്യത്തിൽ വടക്കേ ഇൻഡ്യക്കുടി

ഉൾപ്പെട്ടിരുന്ന ഏ,ന്ന ഇതുവരെയുള്ള വിചരണത്തിൽ നിന്ന സ്പഷ്ടമാണല്ലൊ. അക്കാലത്തു ഇൻഡ്യയുടെ ദക്ഷിണോത്തര ഭാഗങ്ങൾ തമ്മിൽ ഗതാഗതവും വ്യാപാര സംസർഗ്ഗവും നടിന്നുകൊണ്ടാണിരുന്നതു. (10) ഏതന്നുമൂലം ദക്ഷിണ ഇൻഡ്യയിലും സുറിയാനി ഭാഷപരിജ്ഞാനമുള്ളവർ ഉണ്ടാകുമാ.ന്ന സംഗതിയായി. കൂടാതെ ഇൻഡ്യാ നിവാസികൾക്കും സുറിയാനിക്കാരായ പേർഷ്യാ മുതലായ രാജ്യങ്ങളിലെ ജനങ്ങളുമായി അത്യുശതാബ്ദങ്ങളിൽ ധാരാളം കൂട്ടുകെട്ടും പോക്കുവരവും കച്ചവടവും ഉണ്ടായിരുന്ന എന്നു കഴിഞ്ഞ നാലാം അദ്ധ്യായം ഫുഠ-ാം ലക്കത്തിൽ തെളിവുകളം സഹിതം പ്രസ്താവിച്ചിട്ടുള്ളതാണ്ം. ഇതിനും പുറമെ മൂന്നാം അദ്ധ്യായത്തിൽ ചേത്തിരിക്കുന്ന പ്രാചീന ഗാനത്തിലെ ഏഥ, ഏഫ എന്നീ വരികളിൽ പറയപ്പെട്ടിരിക്കുന്നവരും തോമ്മാ ശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരും ആയ യൂദന്മാരും ഇവിടെ [തെക്കേ ഇൻഡ്യയിൽ] നിവസിച്ചിരുന്നു. അന്നു യഹൂദസമുദായത്തിന്റെ മതൃഭാഷ ആറാമ്മായ എന്നപേരുള്ള കൽദായ സുറിയാനി ആയിരുന്നാരിനാൽ അവർക്കു ആ ഭാഷയിൽ നല്ല വ്യുല്പത്തിയും ഉണ്ടായിരുന്നു. (11) ഇവയെല്ലാം തെക്കേ ഇൻഡ്യയിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച ദൈവാരാധനക്രമം [Liturgy] കൽദായ ഭാഷയിൽ ആയിരുന്നു എന്നുള്ള മലങ്കരസഭയിലെസ്മാരകലക്ഷ്യങ്ങളോടുംപാരമ്പര്യത്തോടുംഅവയെ അനുകൂലിക്കുന്ന ചരിത്രരേഖകളോടും പൂർണ്ണമായിയോജിക്കുന്നു.

൬. ഇനി നമുക്കു പരിശോധനാവിഷയമായി ശേഷിച്ചിരിക്കുന്ന ഒരു സംഗതി തോമ്മാശ്ലീഹാ ഇവിടെ നാട്ടുഭാഷയിൽ ഒരു ലിറ്റർജി സ്ഥാപിച്ചിട്ടുണ്ടൊ എന്നും അങ്ങനെ ഒന്നു ഉണ്ടായിട്ടുള്ള പക്ഷം അതു നിന്നുപോകുവാൻ വല്ല കാരണവും ഉണ്ടൊ എന്നും ഉള്ളതാണ്ം. വി. പ്രേഷകൻ ഇവിടെ ദേശഭാഷയിൽ ഒരു ആരാധനക്രമം ഏർപ്പെട്ടുത്തിയിട്ടുണ്ടെങ്കിൽ അതു തമിഴിലായിരിക്കാനെ ഇടയുള്ളു. അക്കാലത്തെ നാട്ടുഭാഷ അതുതന്നെ ആയിരുന്നു എന്നു ഈ ചരിത്രത്തിന്റെ ഒന്നാം അദ്ധ്യായം ൨-ാംലക്കത്തിൽ തെളിയിച്ചിട്ടുണ്ട്. എന്നാൽ ഒരു കാലത്തു തമിഴ് നമ്മുടെ ലിറ്റർജി ഭാഷ ആയിരുന്നു

എന്നുള്ളതിനെ തെളിയിക്കുന്ന പാരമ്പര്യമൊ ലക്ഷ്യങ്ങളൊ ഒന്നുംതന്നെനമുക്കില്ല. സാക്ഷാൽ രക്ഷാകരമായ കുരിശിനെല ക്ഷ്യപ്പെട്ടുത്തുന്ന ഒരുപദം തമിഴിൽ ഇല്ലാത്തതുകൊണ്ട് സ്ലീ ബാഎന്ന സുറിയാനിവാക്കാണ അദ്ദ്യാപി ആരാധനയിൽ ഉപ യോഗിച്ചുപോരുന്നത് ഈദൃഷ്ടാന്തംകൊണ്ട് ഒരുകാലത്തും ത മിഴനാടുടെ ലിറ്റർജിഭാഷ ആയിരുന്നില്ലന്ന സ്പഷ്ടമാകുന്നു. എങ്കിലും തോമ്മാശ്ലീഹാ നമ്മുടെ ലിറ്റർജി തമിഴഭാഷയിൽ ആണ സ്ഥാപിച്ചുഎന്ന കേറേനേരത്തക്കെങ്കിലും സമ്മതിച്ചു കൊണ്ട് വിവാദം നിറ്ത്തിക്കാം. അങ്ങനെ സമ്മതിക്കുന്നപ ക്ഷവും അതിൽ നിന്നു ലഭിക്കുന്ന അനുമാനം ഈ നാട്ടിൽ സു റിയാനിഭാഷ അറിയാവുന്നവർ ഉണ്ടായിരുന്നില്ലെന്നും തന്നി മിത്തമാണ വി. ശ്ലീഹാ തമിഴിൽ ലിറ്റർജി ഏർപ്പെടുത്തിയ തെന്നും ആകുന്നു. മേൽപ്രകാരം സുറിയാനിഭാഷാഭിജ്ഞന്മാർ ഈ രാജ്യത്തു ഇല്ലാതിരുന്ന സ്ഥിതിക്കു തമിഴിൽ ഏർപ്പെട്ടുത്ത പ്പെട്ട ലിറ്റർജിയെ മാറ്റി തൽസ്ഥാനത്തു സുറിയാനി ലിറ റ ർജി സ്ഥാപിച്ചത് എന്നായിരിക്കാം? ഈ ചോദ്യത്തിനു സി ദ്ധമാകുന്ന മറുപടി നാലാം നൂറ്റാണ്ടിൽ അത്യന്തം വിസ്തീ ർണ്ണമായിരുന്ന പെർഷ്യാരാജ്യത്തിൽനിന്നു ഏതാനുംസുറിയാനി ക്കാർ ഇവിടെഎത്തി കുടിയേറിപാർക്കുകയും അവർഅന്നു ഈ നാട്ടിൽ ഉണ്ടായിരുന്ന തമിഴലിറ്റർജിമാറ്റി പകരംസുറിയാ നിയിൽ ആരാധനക്രമം പ്രതിഷ്ഠിക്കയും ചെയ്തു എന്നാണ്.

ഈ പ്രസ്താവം സാധുവല്ല. നാട്ടുകാർ സ്വഭാഷയിൽ സ്ഥാപിതമായ ലിറ്റർജിയെ വെടിഞ്ഞു അവർക്കു നൂതനവും ഗ്രാഹ്യമല്ലാത്തതുമായ സുറിയാനിയിൽ ആരാധനക്രമം നട ത്തുവാൻ സമ്മതിച്ചു എന്നു പറയുന്നതിനു താഴെ നിർദ്ദേശി ക്കുന്ന കാരണങ്ങൾ പ്രതിബന്ധങ്ങളാകുന്നു.

ഛ) സ്വന്ത ഭാഷയിൽ മാമ്മോദീസാ കുർബ്ബാന മുതലാ യ ശ്രദ്ധാശകളും കാനോൻ ജപങ്ങളും പൂജാമന്ത്രങ്ങളും മറ്റും പൂർണ്ണമായി അറിയാമെന്നുള്ള പക്ഷം അവയെഎല്ലാം ഉപേ ക്ഷിച്ചു ഒരുപുതിയഭാഷയിൽ അതൊക്കെ നടത്തുകയെന്നുള്ള ത് ഈനാട്ടുകാക്കെന്നല്ല ആർക്കുംതന്നെ സാദ്ധ്യമല്ലാത്തതാണ.

൨) തമിഴ് ലിറ്റർജി തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതും പരിപൂർണ്ണമായ ഒന്നും ആയിരുന്ന എങ്കിൽ അതിനെ നീക്കിക്കളയുന്നതിനു യാതൊരു കാരണവും ഉണ്ടായിരിക്കാനിടയില്ല. നേരേമറിച്ചു അതേപ്പറ്റി ആദരവും ബഹുമാനവും പ്രദർശിപ്പിക്കുന്നതും ആ ആരാധന ക്രമം മാറിക്കൊള്ളുവാൻ സമ്മതിക്കാതിരിക്കുന്നതും ആണല്ലോ നമുക്കു ശ്രേയസ്കരമായിരിക്കുക.

൩] വളരെക്കാലമായി ഉപയോഗിച്ചുപോന്ന സ്വഭാഷയിലെ ലിറ്റർജി പരിത്യജിച്ചുകൊണ്ടു പകരം അന്യഭാഷയിൽ ഒരു ആരാധന ക്രമം സ്വീകരിക്കുന്നതു പ്രകൃതി വിരുദ്ധമാകുന്നു. പ്രബലന്മാരായ പോർട്ടുഗീസുകാർ സുറിയാനിക്കാരുടെ അതേഭാഷയിലുള്ള ലിറ്റർജി മാറ്റി തൽസ്ഥാനത്തു ലത്തീൻ ആരാധന ക്രമങ്ങൾ പ്രതിഷ്ഠിക്കുന്നതിനു ഭഗീരഥ പ്രയത്നം ചെയ്തിട്ടും സാധിക്കാതെ പോയതേയുള്ളൂ. ഈ സമീപകാല സംഭവങ്ങളും പാരമ്പര്യങ്ങളുമായുള്ള ചില സുറിയാനിക്കാർ ഇവിടെ വന്നു തമിഴ് ലിറ്റർജി മാറ്റി സുറിയാനിയിൽ ദൈവാരാധനക്രമം നടപ്പാക്കി എന്നു പറയുന്നതു എങ്ങിനെ വിശ്വസിക്കാം.

൪] തമിഴ് ലിറ്റർജിക്കു പരിത്യാഗം സംഭവിക്കുകയും അതിനു പകരം സുറിയാനി ലിറ്റർജി സ്ഥാപിതമാക്കുകയും ചെയ്തു എന്നുള്ള സംഗതി യഥാർത്ഥമായ ഒന്നായിരുന്ന എങ്കിൽ അതേപ്പറ്റി നാട്ടിൽ ഏതെങ്കിലും പരമ്പരാ സിദ്ധമായ ഐതിഹ്യമോ മറവുവല്ല ലക്ഷ്യങ്ങളോ ഉണ്ടായിരിക്കേണ്ടതായിരുന്നു. എന്നാൽ അങ്ങിനെയുള്ള യാതൊരു തെളിവും നമുക്കു ലഭിക്കുന്നില്ല. ഏതൽ സംബന്ധമായി ഇവിടെ പ്രചരിക്കുന്ന പരമ്പരാ വൃത്താന്തം, ക്നായ് തൊമ്മാ മുതലായി കുറെ സുറിയാനിക്കാർ ക്രി. വർഷം-ൽ ഈ രാജ്യത്തുവന്നു എന്നും അവർ നാട്ടുക്രിസ്ത്യാനികളോടുകൂടി കലർന്നു എന്നും ഉള്ളതുമാത്രമാണു. അല്ലാതെ അവർ തമിഴ് ലിറ്റർജിയെ മാറിയതായോ അതിനു പകരം സുറിയാനിയിൽ ആരാധന ക്രമം ഏർപ്പെടുത്തിയതായോ യാതൊരു വർത്തമാനവും ഇല്ല.

൫) സുറിയാനി ലിറ്റർജിയുടെ സ്ഥാപനത്തെപ്പറ്റി

യാതൊരു ലക്ഷ്യവും ഈ നാട്ടിൽ ഇല്ലെന്നിരുന്നാലും തൽപ്രതിഷ്ഠാപകന്മാരായ പേർഷ്യാസാമ്രാജ്യത്തിലെ സൂറിയാനിക്കാരുടെ ഇടയിലെങ്കിലും ഇതേസംബന്ധിച്ച വല്ലലക്ഷ്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ അവരുടെ ഇടയിലും താദൃശമായി യാതൊരു തെളിവുകളും ഇല്ലെന്നു മാത്രമല്ല മുകളിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ അവർ ബഹുമായി വാദിക്കുന്നതു തോമാശ്ലീഹാ ഇവിടെ സ്ഥാപിച്ച ദൈവാരാധനക്രമം കൽദായ സൂറിയാനി ഭാഷയിൽ ആയിരുന്നു എന്നതാണ്. അതുകയാൽ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ലിറർജി നാട്ടുഭാഷയിൽ അല്ലെന്നുള്ള വാദം അടിസ്ഥാനരഹിതമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

൨) കൽദായ ഭാഷയുടെ വൈശിഷ്ട്യത്തെ സംബന്ധിച്ചുകൂടി അല്പം പ്രസ്താവിച്ചുകൊണ്ടു ഈ അദ്ധ്യായം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു പ്രസ്തുത ഭാഷയിലാണ നമ്മുടെ രക്ഷകനും ദൈവജനനിയും ശ്ലീഹന്മാരും സംസാരിച്ചവരിരുന്നത്. യൂദന്മാരായ എബ്രായക്കാരുടെ ഉപയോഗാർത്ഥം വി. മത്തായി തന്റെ സുവിശേഷം ഈ ഭാഷയിൽ എഴുതിതീർത്തു. ഇതു യഹൂദ ഭാഷയായി തീർന്നതു ബാബേലിലെ അടിമസ്ഥാനത്തിൽനിന്നു അവർ വിമുക്തന്മാരായ കാലം മുതല്ലാകുന്നു. ലോകാരംഭത്തിൽ അതുതം സംസാരിച്ചിരുന്നതും ഈ ഭാഷയിലാണു. ബാബേൽ ഗോപുരം പണിയപ്പെട്ട കാലംവരെ ലോകത്തിലെ ഏകഭാഷ ഇതുതന്നെയായിരുന്നു എന്നു വി. അപ്രേം.ബർ എബ്രായ മുതലായി വളരെ വിദ്വാന്മാർ വാദിക്കുന്നുണ്ട്. [൧൮] കൽദായ ഭാഷാശാ ആറാമ്മായ എന്ന ഒരു പേർക്രൂടി പറയപ്പെട്ടുന്നുണ്ട്. ഈ സംജ്ഞ ലഭിച്ചതു ശേമ [sem] ന്റെ അഞ്ചാമത്തെ പുത്രനായ ആറാമ്മിൽ നിന്നാകുന്നു. ആറാമ്മിന്റെ സന്തതികൾ മെസൊപ്പൊട്ടെമിയായിലെ യൂഫ്രറീസ് നദിയുടെ ഇരുകരകളിലും നിവസിച്ചിരുന്നതിനാൽ ആ സ്ഥലങ്ങൾക്കു വേദപുസ്തകത്തിൽ നിർദ്ദിഷ്ടമായ പേർ ആറാം (Aram) എന്നത്രെ. ഇതു സാക്ഷാൽ സീറിയാ [Syria Propor] യും മറ്റുമാണു. ആറാമിലെ ഭാഷ ക്രമേണ അവിടെ നിന്നു പരന്നതിനാൽ അതു പേർഷ്യൻ സാമ്രാജ്യ

ത്തിലും പാത്രൻ മഹാരാജ്യത്തിലും ഉൾപ്പെട്ട സർവ്വപ്രദേശങ്ങളിലേയും രാജഭാഷ [Court language] ആയിരുന്നു. ഈ ഭാഷക്കു കൽദായ എന്നുകൂടി പേരുണ്ടാകുവാനുള്ള കാരണം ബാബേൽ മഹാ രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ആറാം പ്രദേശത്തിനു കാൽഡിയാ എന്ന സംജ്ഞ സിദ്ധിച്ചതാണു. കാൽഡിയായിലെ ഭാഷ ആയി രുന്നതുകൊണ്ടു കൽദായ ഭാഷ എന്ന അതിനു അഭിധാധം ചെയ്യപ്പെട്ടു.

കൽദായക്കാരുടെ വകയായിരുന്ന ബാബേൽ രാജ്യം ലോകത്തിൽ ഉണ്ടായിട്ടുള്ള മഹാരാജ്യങ്ങളിൽ വച്ചു മുഖ്യമായ ഒന്നാണു. ഉദ്ദേശം ക്രി. മു൭൦൦ സംവത്സരങ്ങൾക്കു മുമ്പു ഈ സാമ്രാജ്യം ശക്തികൊണ്ടും ധനപുഷ്ടികൊണ്ടും വളരെ പ്രാധാന്യമുള്ളതായിരുന്നു. ബാബേൽ ഭ്രഖണ്ഡത്തിൽ ഉണ്ടായിട്ടുള്ള മഹാരാജാക്കന്മാരിൽ ഒരാളായ സൽമനാസർ എന്നയാൾ ഇസ്രായേൽ വംശത്തേയും നബുക്കദ്നേസർ യൂദേയാ രാജ്യത്തിൽ നിവസിച്ചിരുന്ന യഹൂദന്മാരെയും പിടിച്ചടക്കി സ്വരാജ്യത്തേക്കു കൊണ്ടുപോകയുണ്ടായി അക്കാലത്തു കൽദായ ഭാഷ ലോകത്തിലെ പരിഷ്കൃതഭാഷകളിൽ ഒന്നായിതീരുകയും കൽദായക്കാർ ശാസ്ത്രവിദ്യകളിൽ നിപുണന്മാരായി ഭവിക്കുകയും ചെയ്തു. ദാനിയേലിന്റെ ദീർഘദർശനം ഈ ഭാഷയിലാണു എഴുതപ്പെട്ടിട്ടുള്ളതു്. ബൽത്തസർ രാജാവു നടത്തിയ വിരുന്നിൽ വച്ചു നബുക്കദ്നേസർ ഓർശ്ശലീമിൽ നിന്നു കൊണ്ടുപോന്നിരുന്ന വിശുദ്ധ പാത്രങ്ങളേ അശുദ്ധമാക്കി അവയിൽ ഭക്ഷണം കഴിക്കുകയും പാനം ചെയ്കയും ചെയ്ത അവസരത്തിൽ ഭിത്തിയിൽ അത്ഭുതമായി കാണപ്പെട്ട വാക്കുകളും കൽദായ ഭാഷയിൽ എഴുതിയിരുന്നവയത്രെ. മാനേ, താക്കേൽ, പാറേശ് 𐡌𐡍𐡀 𐡕𐡒𐡐𐡀 𐡐𐡓𐡎 എന്ന ഈ വാക്കുകളുടെ അർത്ഥം എണ്ണിയിരിക്കുന്നു, തൂക്കിയിരിക്കുന്നു, വേർപെടുത്തിയിരിക്കുന്നു എന്നാകുന്നു. ഇവ ദാനിയേലിന്റെ പുസ്തകത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണു. വാൾട്ടനസ് [Waltanus] എന്ന മറ്റൊ വിദ്വാൻ പറയുന്നതുപോലെ ഗ്രീക്കുകാർക്കു ലഭിച്ച സർവ്വജ്ഞാനവും കൽദായക്കാരിൽ നിന്നുള്ള സമ്പാദ്യംതന്നെ. പ്രസ്തുത മഹാരാജ്യം അത്ര്യം പേർഷ്യൻ

കാരുടെ കീഴിലും പിന്നീട് പാർത്തൻ അധികാരത്തിലും ആയിതീർന്നു. എങ്കിലും അതിനു ശേഷവും മേൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു ഗ്രഹിക്കാവുന്നതിൻവണ്ണം കൽദായ ഭാഷാശാസ്ത്രവിദ്യാവിഷയത്തിൽ ലോകത്തിലെ പ്രധാന ഭാഷകളിൽ മുഖ്യമായി തന്നെയാണു ഇരുന്നിരുന്നതു. ഏഴാംനൂറ്റാണ്ടിൽ സാരസേൻകാർ (Saracens) അഥവാ അറബികൾ പേർഷ്യാ മഹാരാജ്യം പിടിച്ചടക്കുകയും തുടർന്ന് കാലീഫ്മാരുടെ [അറേബ്യയൻ രാജാധികാരികളുടെ] ആ സ്ഥാനം ബാഗ്ദാദ് പട്ടണം ആയി തീരുകയും ചെയ്തു: അക്കാലത്തു നെസ്തോറിയൻ മതാനുയായികളായിരുന്നു പേർഷ്യാ സാമ്രാജ്യത്തിൽ നിവസിച്ചിരുന്ന കൽദായ ക്രിസ്ത്യാനികളിൽ അധികഭാഗം ആളുകളും. അവർ വഴിയായി കാലീഫമാർ സാഹിത്യ സംബന്ധമായും ശാസ്ത്രസംബന്ധമായും ഉള്ള അനേകം ഗ്രന്ഥങ്ങൾ സുറിയാനിയിൽനിന്നും ഗ്രീക്കിൽനിന്നും അറബിഭാഷയിലേക്കു തർജ്ജിമ ചെയ്യുകയുണ്ടായി. അവയിൽ മുഖ്യമായവ വ്യാകരണം, അലങ്കാരം, കാവ്യം, സംഗീതം, ഗണിതം, ക്ഷേത്രഗണിതം, ഗ്രഹശാസ്ത്രം, വൈദ്യശാസ്ത്രം, തത്വശാസ്ത്രം, തർക്കം മുതലായവ ആയിരുന്നു. അരിസ്റ്റോട്ടലിന്റെ താത്വിക കൃതികളും ഗാലേന്റെ ചികിത്സാഗ്രന്ഥങ്ങളും അക്കൂട്ടത്തിൽ അറബിയിലേക്കു ഭാഷാന്തരീകരിക്കപ്പെട്ടിട്ടുണ്ടു. മദ്ധ്യേഷ്യായിൽ നിന്നു പുറപ്പെട്ട തുർക്കികൾ ക്രി.പി. ൧൩ാം ശതാബ്ദത്തിൽ പ്രസ്തുത ക്രൈസ്തവ ഗണത്തെ കൊന്നൊടുക്കിയതുവരെ അവരുടെ ഭാഷാ സാഹിത്യശാസ്ത്രാദികളുടെ ആസ്ഥാനരംഗമായിരുന്നു എന്നു തന്നെ പറയാം. (13) ക്രി.പി. ൧൪ാം ശതകത്തിന്റെ അവസാന ഘട്ടത്തിൽ തൈമൂർ [Timur] എന്ന കുപ്രസിദ്ധനായ ക്രൂരനാണു കൽദായക്കാരെ ഉൻമൂലനം ചെയ്തതു. അവർ വടക്കേ ഇൻഡ്യയിലും ഉണ്ടായിരുന്ന അനേകം ക്രിസ്ത്യാനികളെ നിഗ്രഹിച്ചിട്ടുണ്ടു. അതിനുമുമ്പു ൧൪-ൽ പരം മെത്രാപ്പോലീത്താമാരും ഉദ്ദേശം ൨൦൦-ൽ കുറയാതെയും ൩൦൦-ൽ കുടാതെയും ഉള്ള ഒരു സംഖ്യയോളം മെത്രാന്മാരും ഈ ജാതിക്കാരായി ഉണ്ടായിരുന്നു. അവരുടെ കീഴിൽ ഏഷ്യായുടെ നാനാഭാഗങ്ങളിലുമായി ലക്ഷോപലക്ഷം ജനങ്ങളും ഉണ്ടായിരുന്നു.

൭൫ അദ്ധ്യായം

തോമ്മാശ്ലീഹായുടെ മരണംമുതൽ ക്നായ്തൊമ്മൻ വന്നതുവരെ നസ്രാണി സമുദായത്തിന്റെയും സഭയുടേയും സ്ഥിതിയും പ്രധാന സംഭവങ്ങളും.

വി. തോമ്മാശ്ലീഹാ ദക്ഷിണ ഭാരതത്തിന്റെ കിഴക്കുപടിഞ്ഞാറെ സമുദ്രതീരങ്ങളിൽ സുവിശേഷപ്രസംഗം ചെയ്തതും, വളരെപ്പേരെ ക്രിസ്തുമതാനുയായികളാക്കിയതും സംബന്ധിച്ചു ഇതുവരെയുള്ള അദ്ധ്യായങ്ങളിൽ പൊതുവായും നാലാം അദ്ധ്യായത്തിൽ പ്രത്യേകിച്ചും പ്രതിപാദിച്ചിട്ടുണ്ടല്ലൊ. പുണ്യശ്ലോകനായ അദ്ദേഹത്തിന്റെ ആയുഷ്കാലത്തു ഇവിടേയും സ്വദേശങ്ങളിലെപ്പോലെ ക്രിസ്ത്യാനികൾ വിശ്വാസത്തിലും, ദൈവഭക്തിയിലും സ്നേഹവും, അനുകരണീയവുമായ ഒരു ജീവിതത്തെ നയിച്ചിരുന്നെന്നും, അവരെല്ലാവരും ശ്ലീഹായാൽ ഉപദിഷ്ടമായ സുവിശേഷത്തിന്റെ മർമ്മങ്ങൾക്കു അനുസരണമായി ജീവിച്ചിരുന്നെന്നും അവർ ഐഹിക സുഖാനുഭവങ്ങളെക്കാൾ സ്വർഗ്ഗീയഭാഗ്യത്തേയും, ഭൂധനസമൃദ്ധിയെക്കാൾ പാരത്രികമായ ഐശ്വര്യത്തേയും പ്രധാനമായി ഗണിക്കയും എല്ലാവർക്കും ഏകാത്മാവും, ഏക ഹൃദയവും ഉണ്ടായിരുന്നാൽ എന്നപോലെ വർത്തിക്കയും ചെയ്തിരുന്നെന്നും അവിടെ വിവരിച്ചിട്ടുണ്ടു. കൂടാതെ ശ്ലീഹായാൽ നിയമിക്കപ്പെട്ട മെത്രാന്മാർക്കു അനന്തരഗാമികൾ ഉണ്ടായിരുന്നു; അവർ ക്രൈസ്തവ ജനതതിയെ ഭരിച്ചിരുന്നു എന്നും അവിടെ പറഞ്ഞിട്ടുള്ളതാണല്ലൊ. (അദ്ധ്യായം ൪, ലക്കങ്ങൾ ൧൩, ൧൪) കേരളീയ ക്രിസ്ത്യാനികളുടെ ആരാധനസ്ഥലങ്ങളായി വി. ശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളേപ്പറ്റിയും പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. (അദ്ധ്യായം ൫, ലക്കം ൨൧)

മലങ്കര സഭയിലെ ആദ്യമെത്രാൻ വി. തോമ്മാ ശ്ലീഹാ തന്നെയാണു. ആ സിദ്ധൻ ഇവിടെ ക്രീസ്തുമതത്തെ സ്ഥാപിച്ചശേഷം ഇതരദേശങ്ങളിൽ പ്രസംഗിക്കുന്നതിനു പോകുന്ന അവസരത്തിൽ കൊടുങ്ങല്ലൂർ രാജാവിന്റെ ജ്ഞാതാവായ കേപ്പാ എന്ന ദേഹത്തെ ഇവിടത്തെക്കെത്രാനായി നിയമിച്ചു. ഭോഷമണ്ഡലത്തിലെ ക്രൈസ്തവ ജനസമൂഹത്തെ ഭരിക്കുന്നതിനായി ആ സ്ഥലത്തെ രാജാവിന്റെ സഹോദരനായ പൌലോസിനെ മെത്രാനായി അഭിഷേകംചെയ്തു. വി. ശ്ലീഹാ രക്തസാക്ഷിയായി മരിച്ചശേഷം അദ്ദേഹത്തിന്റെ തിരുശ്ശരീരവും, തിരുക്കച്ചകൊണ്ടു സംസിദ്ധമായ പോഷ്ടുകളങ്ങളെ സഞ്ചയിച്ചിട്ടുള്ള ഒരു മൺപാത്രവും, അദ്ദേഹം മൈലാപ്പൂരിൽ പണിയിച്ചിട്ടുണ്ടായിരുന്ന ദേവാലയത്തിൽ ശിഷ്യന്മാരാൽ സംസ്കരിക്കപ്പെട്ടു. ശ്ലീഹാ ചരമവ്യഥയിൽ മുങ്ങിനിന്നപ്പോൾ തിരുമുറിവിൽനിന്നു പ്രവഹിച്ച രക്തധാര പതിച്ചതും, അദ്ദേഹത്തിന്റെ സുവിശേഷവ്യാഖ്യാനമുതലായവ അക്കാലത്തെ ഭാഷയിൽ സംയുക്തലിപികളിൽ എഴുതപ്പെട്ടിട്ടുണ്ടായതുമായ വി. സ്ലീവാ അദ്ദേഹം ശൂലാരൂഢനായ സ്ഥലത്തുതന്നെ നിക്ഷേപിക്കപ്പെട്ടു. ആ സ്ഥലത്തിനു "തോമ്മാക്കുന്നു" എന്നാണു് അടുത്തകാലംപോലും പറഞ്ഞുവരുന്നതു്. വിദേശികളായ സുറിയാനിക്കാർ ശ്ലീഹായുടെ വിശുദ്ധാവശിഷ്ടങ്ങളുടെ പ്രധാനഭാഗം കൊണ്ടുപോകുന്നതിനിടയായെങ്കിലും ശൂലാഗ്രസമുദ്ഭൂതമായ വാരിയെല്ലും തിരുഅസ്ഥികളുടെ മറുചില ഭാഗങ്ങളും, പ്രസ്തുത മൺപാത്രവും അവ ആദ്യം നിക്ഷേപിക്കപ്പെട്ട സ്ഥലത്തുതന്നെ സ്ഥിതിചെയ്തിരുന്നു. ഒരു സാഹചര്യങ്ങളെല്ലാം രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതാണല്ലൊ.

കേരളീയ ക്രിസ്ത്യാനികൾക്കു (ക) മതം (ഖ) സമുദായസ്ഥിതി (ഗ) ആരാധനക്രമം (Liturgy) ഇവയിൽ ഓരോന്നിനേയും ഉദ്ദേശിച്ചു വെവ്വേറായ് മൂന്നുവിധ പേരുകൾ പറയപ്പെട്ടി

വരുന്നു. വേദസംബന്ധമായി അവക്കു സിദ്ധിച്ചിരിക്കുന്ന സംജ്ഞ 'നസ്രാണികൾ' എന്നാണു്. ഒരു അഭിധാനം വി. തോമ്മാശ്ലീഹായിൽനിന്നുതന്നെയാണു അവക്കു ലഭിച്ചിട്ടുള്ളതു (അദ്ധ്യായം ഏ ലക്കം ഏ൦.) വി. ശ്ലീഹന്മാർ യഹൂദിയാരാജ്യത്തു ഓർശ്ലമിൽ സ്ഥാപിച്ച ആദ്യസഭകഴിഞ്ഞാൽ, ഗ്രീക്കുഭാഷ ഉപയോഗിച്ചിരുന്ന രാജ്യവിഭാഗങ്ങളിൽ ഇടംപ്രഥമമായി സ്ഥാപിക്കപ്പെട്ടതു അന്ത്യോക്യായിലെ സഭയാണു. അപ്പസ്തോലനടപടി ഏഴാം അദ്ധ്യായം ഏന്നാം വാക്യത്തിൽനിന്നു വിശദമാകുന്നതുപോല ഇവിടെവച്ചാണു മ്ശിഹായുടെ അനുഗാമികൾ 'ക്രിസ്ത്യാനികൾ' എന്ന നാമകരണംചെയ്യപ്പെട്ടതു. 'ക്രിസ്തു'യവനായപദവും 'ക്രിസ്ത്യാനി' അതിൽനിന്നുത്ഭവിച്ചതുമാണെന്നു ഇവിടെ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. ക്രിസ്ത്യാനി എന്ന ഒരുഅഭിധാനത്തിന്റെ ഉല്പാദനത്തിനുമുമ്പായി യൂശലമിൽ ഉണ്ടായിരുന്ന വിശ്വാസികൾക്കു 'നസ്രേയർ' അഥവാ 'നസ്രാണികൾ' എന്നായിരുന്നു പേർ പറഞ്ഞുവന്നിരുന്നതു. സുവിശേഷോപദേശങ്ങളെ അനുസരിച്ച ശ്ലീഹന്മാരുടെ ഗണത്തിൽ ചേർന്നിരുന്നവരെ യൂദന്മാർ 'നസ്രായർ' എന്നു വിളിച്ചിരുന്നു. ന. കർത്താവു 'നസ്രായൻ' (നസറസ് പട്ടണവാസി) ആയിരുന്നതുകൊണ്ടാണു അദ്ദേഹത്തിന്റെ മതോപദേശങ്ങളെ അവലംബിച്ചവർ 'നസ്രായർ' എന്നു വിളിക്കപ്പെട്ടതു. ഇതിനാൽ യൂദന്മാർ വി. പൌലോസിനെപ്പറ്റി നസ്രായരുടെ പ്രമാണപുരുഷനെന്നു അധിക്ഷേപം പറഞ്ഞതായി അപ്പസ്തോലനടപടി ഏഴാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നമുക്കുകാണാം. 'നസ്രാണി' നാസറായ ܢܲܨ̈ܪ̈ܝ എന്ന സുറിയാനി ശബ്ദത്തിന്റെ തദ്ഭവരൂപമാണു. മറ്റു ശ്ലീഹന്മാർ ഇതരദേശങ്ങളിൽ സുവിശേഷപ്രവൃത്തിക്കായി പോകുന്നതിനുമുമ്പു വിശ്വാസികൾക്കുണ്ടായിരുന്ന നസ്രായർ എന്ന പേരിനെ തോമ്മാശ്ലീഹാ ഇവിടത്തെ ക്രിസ്ത്യാനികൾക്കു പ്രദാനംചെയ്തു. അവർ അ

തിനെ ഏതൽകാലപര്യന്തം സഭാഭ്രമാനം കാണുവരുന്നു.

സാമൂഹ്യസംബന്ധമായി നസ്രാണികൾക്കുള്ള അഭിധാനം അറുപത്തിനാലില്ലാർ എന്നാകുന്നു. കേരളത്തിൽ തോമ്മാശ്ലീഹായാൽ മതാനുസൃതന്മാരാക്കപ്പെട്ടവർ അറുപത്തുനാലു ഗ്രാമങ്ങളിൽ നിവസിച്ചിരുന്ന ബ്രാഹ്മണാദിവർണ്ണം ആയിരുന്നു. അറുപത്തിനാലു ഗ്രാമങ്ങളിൽനിന്നാണു അറുപത്തിനാലില്ലാർ എന്നസാജ്ഞ നസ്രാണികൾക്കു സിദ്ധിച്ചതു. ചില പൂർവ്വരേഖകളിൽ ഒരു നാമധെയം ഉപയോഗിച്ചിട്ടുള്ളതായി കാണാവുന്നതാണു. 'സുറിയാനിക്കാർ' എന്നും 'കൽദായക്കാർ' എന്നുംകൂടി കേരളീയ ക്രിസ്ത്യാനികൾ അഭിധാനം ചെയ്യപ്പെടാറുണ്ടു. അവരുടെ ദൈവാരാധനക്രമങ്ങൾ കൽദായ സുറിയാനിയിൽ അനുഷ്ഠിക്കപ്പെട്ടുന്നതാണു ഇതിനുള്ള മുഖ്യകാരണം. ഒരു പേരിനു അധിക പ്രചാരമുണ്ടായതു യൂറോപ്യന്മാർ ഇൻഡ്യായിൽ വന്നശേഷമാണു. 'സുറിയാനി' സാധാരണ ശബ്ദമാകയാൽ കേരളത്തിലെ ആരാധനക്രമത്തെ നിർദ്ദേശിക്കുണ്ട അവസരത്തിൽ 'കൽദായസുറിയാനി' എന്നു പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു.

എ. മാർതോമ്മാ നസ്രാണികൾക്കു രണ്ടാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ വലുതായ ഒരു മതപീഡനം നേരിട്ടതായി ഒരു പരമ്പരാ വൃത്തമാനമുണ്ടു. ഒരു പാരമ്പര്യത്തെ പലരും പലവിധത്തിൽ വിവരിക്കുന്നതിനാൽ പരസ്പരവിരുദ്ധമായ വർണ്ണനയെയാണു ബഹുജനസമക്ഷം അവർ സമർപ്പിക്കുന്നതു. ഏതാവശ്യം ഇതുസംബന്ധിച്ചു പറയുന്നതിനും ഇവിടെ ഉദ്ധരിക്കാം. 'വി. ശ്ലീഹായുടെ ചാമാനാരും പൂർവ്വ സമുദ്രതീരത്തിൽ ക്രിസ്ത്യാനികളും, വൈദികന്മാരും, ദേവാലയങ്ങളും വർദ്ധിക്കയും മെത്രാന്മാരുടെ പരമ്പര നിരന്തരം ഉണ്ടാകയുംചെയ്തു; എങ്കിലും ഏതാനും സംവത്സരങ്ങളുടെശേഷം ഇതരമതാനുയായികളായ രാജാക്കന്മാർ ആ ദേശങ്ങളെ ആക്രമിച്ചു മൈലാ

പ്പിനെ അധീനപ്പെട്ടുത്തുകയും ഒട്ടധികം ക്രിസ്ത്യാനികളെ കൊല്ലുകയുമുണ്ടായി. ശേഷിച്ചവർ ജന്മഭൂമിയേയും വസ്തുവകകളേയും ഉപേക്ഷിച്ചു, കന്യാകുമാരിവഴി വടക്കോട്ടുകടന്നു കേരളത്തിലെ ക്രിസ്ത്യാനികളോടുകൂടി താമസിച്ചു.' (1) ഇതു ഏതുകാലത്തു സംഭവിച്ചു എന്നു ഗോവയാ ക്ലിപ്പുമായി കാണിക്കുന്നില്ല. എങ്കിലും ക്നായ്തോമ്മായുടെ വരവിനുമുമ്പാണു എന്നു സാക്ഷിപ്പെട്ടുത്തുന്നുണ്ടു.

എന്നാൽ മറുചിലർ, ഒരു സംഗതിസംബന്ധിച്ചു പറയുന്നതു, മാണിക്കവാചകർ എന്ന ഒരു ക്ഷുദ്രക്കാരൻ ചോഴമണ്ഡലതീരത്തിലെ ക്രിസ്ത്യാനികളെ കഠിനമായി ഉപദ്രവിച്ചെന്നും അനന്തരം പടിഞ്ഞാറെ സമുദ്രതീരത്തുംവന്നു കോട്ടാർമുതൽ കുരക്കേണി കൊല്ലംവരെ ഉണ്ടായിരുന്ന നസ്രാണികളിൽ അസംഖ്യംപേരെ അവന്റെ മായപ്രയോഗംകൊണ്ടു പീഡിപ്പിച്ചെന്നും അവരിൽ ഏതാനുംപേർ അവരെ സഹായിക്കുവാനായി അമ്മേനിയായുടെ സാമന്തപ്രദേശത്തു സ്ഥിതിചെയ്യുന്നതാരീസ് എന്ന സ്ഥലത്തുനിന്നുവന്നിരുന്ന ചില ക്രിസ്ത്യാനികളോടു യോജിച്ചുകൊണ്ടു അവനോടു എതിർത്തുനിന്നു എന്നും ഇങ്ങിനെ എതിർത്തുനിന്നവർക്കു തരിസാ ക്രിസ്ത്യാനികൾ എന്ന നാമം ഉത്ഭവിച്ചു എന്നുമാണു. (2) ഒരു കാര്യംബന്ധിച്ചതന്നെ വേറെചിലർ പ്രസ്താവിക്കുന്നതു താഴെ കാണുംപോലെയാണു; മാണിക്കവാചകരുടെ മായാപ്രയോഗംകൊണ്ടു നേരിട്ട ക്ലേശത്തെ നീക്കുന്നതിനായി വളരെ ആളുകൾ അവൻ കൊടുത്ത ഭസ്മം ധരിക്കയും ഹൈന്ദവമതസിദ്ധാന്തപ്രകാരം ശുദ്ധീകരണസാധനങ്ങളായ "ക്ഷീരംദധിതഥാചാജ്യം മൂത്രംഗോമയമേവച" എന്ന ശ്ലോകത്തിൽ നിർദ്ദേശിക്കപ്പെട്ടുന്ന പാൽ, തയിർ, നെയ്യ്, ഗോമൂത്രം, ചാണകം ഇവകളെക്കൊണ്ടു സേവിക്കപ്പെട്ട പഞ്ചഗവ്യം കുടിക്കയുംചെയ്തു. ഒരുവിധത്തിൽ പീഡയിൽനിന്നു മുക്തിപ്രാപിച്ചവരെല്ലാം അവന്റെ അനുഗാമികളായിത്തീർന്നു. മ

റുള്ളവർ അവരോട് എതിർക്കുകയും അവരുടെ ഭസ്മംതുടങ്ങിയുള്ള ഉപകരണങ്ങളെ ഉപയോഗിക്കാതിരിക്കയുംചെയ്യുന്നിമിത്തം 'ധരിയാസ്സ്കർ' (ഭസ്മംധരിക്കാത്തവർ) എന്നു വിളിക്കപ്പെട്ടു. ഇവർ സത്യവിശ്വാസത്തിൽ സ്ഥിരമായി നിലനിന്നു. (3) തോമ്മാശ്ലീഹാ ഭാരതഖണ്ഡത്തിൽ വേദപ്രസംഗംചെയ്തു എന്നതിനെ നിഷേധിക്കയും അവിടെ ക്രിസ്തുമതത്തെ സ്ഥാപിച്ചതു മനിക്കീയ (manichean) നായ ഒരു തോമ്മായാണെന്നു ശഠിക്കയുംചെയ്യുന്ന ഹഫ് (Hough) 'ഇൻഡ്യയിലെ ക്രിസ്തുമതം' എന്ന സചരിത കൃതിയിൽ, കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ ഉള്ള ഒരു പരമ്പരാവത്തമാനത്തെ ആസ്പദമാക്കിവാദിക്കുന്നതു, ഭാരതീയ സഭ പേഷ്യായിലെ മെത്രാപ്പോലീത്തായുടെ അധീനമാകുന്നതിനുമുമ്പു പേഷ്യയിൽനിന്നു മനിക്കീയരും കേരളീയ ക്രിസ്ത്യാനികളാൽ 'മാനിക്യവചകർ' എന്ന അഭിധാനം ചെയ്യപ്പെട്ടവരുമായ തോമ്മാ എന്നു പേരുള്ള ഒരു മാജി (Magi) ഇൻഡ്യയിൽ വരുകയും വളരെ അത്ഭുതങ്ങളെ പ്രവർത്തിച്ചു അസംഖ്യം ആളുകളെ സചപാശ്ചത്തിൽ ആക്കിത്തീർക്കയുംചെയ്തെന്നും, തോമ്മാശ്ലീഹാ ഇൻഡ്യയിൽ വേദാദ്ധ്യാപകവൃത്തിയെ നിർവ്വഹിച്ചു എന്നും ക്ഷോഷിക്കുന്ന ചരിത്രഭാഗം ഒരു തോമ്മായിൽനിന്നു ഉത്ഭവിച്ചു എന്നുമാകുന്നു. (4) (വീരരാഘവചക്രവർത്തിയിൽനിന്നു ചെമ്പേടുവാങ്ങിയതും, മണിഗ്രാമചട്ടം സ്വീകരിച്ചതും ഒരു മനിക്യ വാചകർ ആണെന്നു ചിലർക്കുള്ള വാദം പരമാബദ്ധമാണെന്നുള്ളതു രാം അദ്ധ്യായത്തിൽ ചെമ്പേടുഖണ്ഡിച്ചു പറഞ്ഞിട്ടുള്ള ഭാഗംകൊണ്ടു പ്രത്യക്ഷപ്പെടുന്നതാണു.)

മാനിക്യവാചകർ ക്ഷുദ്രംചെയ്തു എന്നും അതു ചിലക്രിസ്ത്യാനികൾക്കു മതഭ്രംശത്തിനു കാരണമായി എന്നുംമറ്റുമുള്ള ഏതൽപ്രസ്താവനയിൽ ഏതുമാത്രം സത്യം അന്തർഭൂതമായിരിക്കുന്നുണ്ടെന്നു നമുക്കു ഇവിടെ ആലോചിക്കാം. ഭൂരിഭാഗമായ ക്രിസ്ത്യാനികൾക്കു ക്ഷുദ്രപ്രയോഗത്തെ ഭയപ്പെടേണ്ട ആവ

ശ്യമില്ല. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ജൂലിയാൻ എന്ന ചക്രവർത്തി മതത്യാഗിയായിരുന്നപ്പോഴും വി. ക്ലീമ്പായുടെ അടിയാളന്മാരച്ച് പിശാചുക്കളെ ഓടിച്ചിരുന്നതായി തിരുസ്സഭാചരിത്രങ്ങളിൽ കാണുന്നുണ്ട്. ക്ഷേത്രങ്ങളോട് സമീപിച്ച സ്ഥലങ്ങളിൽ പള്ളി, കുരിശു ഇത്യാദികളെ സ്ഥാപിക്കുന്ന വിഷയത്തിൽ ഹിന്ദുമതസ്ഥന്മാർ ഇക്കാലത്തും വൈമനസ്യമാണ പ്രദർശിപ്പിച്ചുവരാറുള്ളതു്. ഇതിലേക്കു അവർ പറയുന്ന ന്യായം ഓരോ സ്ഥാപനങ്ങൾമൂലം ദേവന്മാക്കു അവിടെ സ്ഥിതിചെയ്യുന്നതിനു നിവൃത്തിയില്ലാതെവരുന്നുവെന്നും അതിനാൽ അവിടംവിട്ടു അവർ പൊയ്ക്കളയുന്നതിനു സംഗതിയാകുമെന്നും ആണു. വി. പ്രേഷകന്മാരുടെ കാലശേഷം ക്രിസ്തുമതം വളരെ പ്രബലതയോടുകൂടിയ ഒരവസ്ഥയിലാണു കേരളത്തിൽസ്ഥിതിചെയ്തിരുന്നതെന്നും ക്രിസ്ത്യാനികൾക്കു ദേവാലയങ്ങളും പട്ടക്കാരും മെത്രാന്മാരും ഉണ്ടായിരുന്നുവെന്നും അവർ പലസ്തീനായിലെ ക്രിസ്ത്യാനികളെപ്പോലെ ദൈവഭക്തന്മാരായിട്ടാണു ജീവിച്ചിരുന്നതെന്നും മേൽ വിവരിച്ചിട്ടുള്ളതാണല്ലൊ. (രൂപാ അദ്ധ്യായം ഒന്നുമുതൽ ഏഴു വരെ ലക്കങ്ങൾ നോക്കുക.) ഉത്ഭ്രുവാദങ്ങൾമൂലം ഉണ്ടാകുന്ന പൈശാചികോപദ്രവങ്ങളെ നിരോധിക്കുന്നതിനു കുരിശുടയാളം ക്രിസ്ത്യാനികൾക്കു ഒരു പ്രത്യേക സിദ്ധൌഷധമാണു. കൂടാതെ ദൈവത്തിന്റെ വിശുദ്ധ സഭയിൽ ഓരോരോ ഉപദ്രവനിവാരണത്തിനായിത്തന്നെ വേറെ അനേകം പ്രതിവിധികളും കല്പിക്കപ്പെട്ടിട്ടുണ്ടു. അവകളെ യഥാവിധി പ്രയോഗിക്കേണ്ടവരായ പട്ടക്കാരും മേൽപട്ടക്കാരും ആകാലഘട്ടത്തിൽ ഇല്ലായിരുന്നുമില്ല. തന്നിമിത്തം മാനിക്കുവാചകർ ക്ഷുദ്രപ്രയോഗംകൊണ്ടു ക്രിസ്ത്യാനികളെ പീഡിപ്പിച്ചെന്നും ആ പീഡകാരണമായിട്ടു ക്രിസ്ത്യാനികൾ മതത്യാഗംചെയ്തു ഭസ്മാധരിക്കുണ്ടായെന്നും പറയുന്നചരിത്രഭാഗം കേവലം അർത്ഥശൂന്യവും സ്പീകാര്യമല്ലാത്തതുമാകുന്നു. അപ്രകാരംതന്നെ ഭസ്മാധരിക്കാതിരുന്നവ

ക്കു ധരിയായ്ക്കുക എന്നുപേരുണ്ടായി എന്നുപറയുന്നതും അംഗീകരിക്കപ്പെടാവുന്നതല്ല. ഇതിനെസംബന്ധിച്ചു അടുത്ത ലക്കത്തിൽ വിവരിക്കുന്നതാണു. മനിക്കീയനായ ഒരു തോമ്മായാൽ ഇവിടെ ക്രീസ്തുമതം സ്ഥാപിതമായി എന്നു പറയുന്നതിനെ എങ്ങനെയാണു സ്വീകരിക്കുക? ധർമ്മാധർമ്മങ്ങൾക്കു വിപരീതങ്ങളായ രണ്ടു മൂലകാരണങ്ങൾ ഉണ്ടെന്നും തന്നിമിത്തം അവരണ്ടിന്റെയും സൃഷ്ടികർത്താക്കൾ വേറെയാണെന്നുമാണു മനിക്കീയരുടെ മുഖ്യോപദേശം. ഒരു വിധത്തിൽ ഉപദിഷ്ടനായ ഒരാൾ അവന്റെ വിശ്വാസത്തിനു വിപരീതമായിരിക്കുന്ന ക്രീസ്തുമതത്തെ എങ്ങനെയാണു സ്ഥാപിക്കുന്നു? മാത്രമല്ല പ്രസ്തുത തോമ്മാ ഇൻഡ്യയിൽ ഒരു സഭയെ സ്ഥാപിച്ചെന്നു സമ്മതിക്കുന്നതായാൽ രണ്ടായും 'ആ സഭ പേഷ്യാ മെത്രാപ്പോലീത്തായ്ക്കു കീഴ്പെട്ടതായിവരുവാൻ സാധിക്കുന്നതല്ല. അങ്ങനെ സംഭവിക്കണമെങ്കിൽ പേഷ്യാസഭയും അവനാൽസ്ഥാപിതമായ സഭയും ഏകവിശ്വാസമുള്ളതായിരുന്നേമതിയാവു. അതിനു അവൻ മനിക്കീയൻ അല്ലാത്തവനും ക്രൈസ്തവസഭയുടെ ഒരംഗവും ആയിരിക്കാതെ നിവൃത്തിയില്ല. അതിനാൽ മനിക്കീയനായ തോമ്മാ ഇൻഡ്യയിൽ ഒരു സഭയെ സ്ഥാപിച്ചെന്നും ആ സഭ പേഷ്യാമെത്രാപ്പോലീത്തായ്ക്കു അധീനമായിരുന്നെന്നും പറയുന്നതു മൌഢ്യവും നിരർത്ഥവുമാണു.

൫. രണ്ടാം നൂറ്റാണ്ടിലെ മതപീഡനത്തെപ്പറ്റിയുള്ള പാരമ്പര്യവൃത്താന്തത്തെ വിവരിക്കുന്ന സംഗതികളിലും സാഹചര്യങ്ങളിലും പരസ്പരവൈപരീത്യം ഉണ്ടെന്നിരുന്നാലും അവയുടെ മൂലമായ പാരമ്പര്യം—എന്നുവച്ചാൽ മതപീഡനം ഉണ്ടായെന്നുള്ള വസ്തുത—ശേഷിച്ചുനില്ക്കുന്നതിനാൽ അതിന്റെ യാഥാർത്ഥ്യം എങ്ങനെ എന്നു ഇവിടെ വിചിന്തനം ചെയ്യേണ്ടതായിട്ടുണ്ടു. രണ്ടാംശതവത്സരത്തിൽ മാർ തോമ്മാ നസ്രാണികൾക്കു വലുതായ ഒരു വേദനയുളവാക്കും ഉണ്ടായിട്ടുണ്ടു എന്നുള്ള

പാമ്പരാവൃത്താന്തത്തെ സാധൂകരിക്കുന്നതിനു രേഖകൾ ഉള്ളതുകൊണ്ടും നാം മുകളിൽ കണ്ടതുപോലെ, ആ സംഭവത്തെ വിവരിക്കുന്ന വിധങ്ങളും സാഹചര്യങ്ങളും അനാദരണീയങ്ങളായിരിക്കുന്നെങ്കിലും ആ വൃത്താന്തത്തിന്റെ മൂലതത്വം വാസ്തവമാണെന്നു പ്രസ്പഷ്ടമാകുന്നു. തത്വജ്ഞാന്മാരായ ബ്രാഹ്മണരോടു എതിർത്തു തർക്കവാദംചെയ്യുന്നതിനായി ഭാരതീയരുടെ അപേക്ഷ അനുസരിച്ചു വി. പത്രോസ് ഇൻഡ്യയിൽ വന്നെന്നും അദ്ദേഹം ബ്രാഹ്മണരോടു തർക്കിച്ചു ക്രിസ്തുമത സിദ്ധാന്തങ്ങൾക്കു എതിരായ അവരുടെ വാദങ്ങളെ ഉൻമൂലനംചെയ്തെന്നും തത്വചാരാക്ഷിണഭാരത സഭയ്ക്കു അഭിനവമായ ഒരു ചൈതന്യം സിദ്ധിച്ചെന്നും ഉള്ളതു ചരിത്രപ്രസിദ്ധമായ സംഗതിയാണു. (അദ്ധ്യായം ൪. ലക്കങ്ങൾ ൧൫. ൧൬) കേരളീയ ക്രിസ്ത്യാനികൾക്കു ബ്രാഹ്മണരോടു സചയം വാഗ്വാദം നടത്തുക ഭൂസ്സാധ്യമായിവരുകയാൽ ചിലവിഷമതകൾ നേരിട്ടെന്നും അതിനാൽ ബ്രാഹ്മണ തർക്കികന്മാരോടു സമാധാനം പറയേണ്ടതിനായി വന്നേരുസിനെ വരുത്തിയെന്നും ഉള്ളതു വാസ്തവസംഭവമായി ഗണിക്കപ്പെടാം. അതുകയാൽ ഭാരതീയ ക്രൈസ്തവ ജനങ്ങൾക്കു, ബ്രാഹ്മണരുടെ പ്രേരണാഹേതുവായിട്ടു അകാല ഘട്ടത്തിൽ മത സിദ്ധാന്തങ്ങളെ ഉദ്ദേശിച്ചുള്ള ഒരു പീഡനം രാജ്യസ്ഥാനത്തിൽ നിന്നു ഉണ്ടായിട്ടുണ്ടു. ഇതിനെ താഴെ എഴുതുന്ന സംഭവങ്ങൾ ലക്ഷീകരിക്കയും ചെയ്യുന്നു.

൫) തോമ്മാ ശ്ലീഹായാൽ വേദോപദിഷ്ടന്മാരായ കോരമംഗലത്തെ ക്രിസ്ത്യാനികളിൽ ചിലർ ക്രിസ്തുമതത്തെ പരിത്യജിക്കയും അസിഭൻ അവിടെ സ്ഥാപിച്ചിരുന്ന സ്ലീവായെ പിഴുതെടുത്തു കായലിൽ എറിഞ്ഞു കളകയും ചെയ്തതു ൦൫൦ മതപീഡയുടെ കാലത്താണു. അതു കരിശു ഒഴുകി പള്ളിപ്പുറത്തു വന്നടിഞ്ഞു കിടക്കുന്നതിനെ തദ്ദേശവാസികളായ ക്രിസ്ത്യാനികൾ കണ്ടെടുത്തു യഥാസ്ഥാനത്തു പുനഃപ്രതിഷ്ഠാപിച്ച വൃത്താന്തം

ഞാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. കോക്കമംഗല ത്തെ ക്രിസ്ത്യാനികളിൽ ചിലർ ഉദ്ദേശം ഏതാണ്ട് സംവത്സരങ്ങൾ വരെ അവരുടെ സഹോദര ക്രിസ്ത്യാനികളെപ്പോലെ വിശ്വാ സത്തിലും ദൈവഭക്തിയിലും നിലനിന്ന ശേഷം മതത്യാഗം ചെയ്യാൻ ഇടയായെങ്കിൽ അതു നിഷ്പ്രയാസം കൊണ്ടല്ലാതെ സ്വമനസ്സാലെ അങ്ങനെ ചെയ്തുപോകുവാൻ തരമില്ലാത്തതാണ്. ആ നിഷ്പ്രയാസം മതപീഡനയിൽ നിന്നുണ്ടായിട്ടുള്ളതല്ലാതെ മറ്റൊരാ നായി കരുതുവാൻ വഴികാണുന്നില്ല.

൨) ൧൦൦൦ വേദത്തിന്റെ കാലത്തു ക്രിസ്ത്യാനി കളിൽ ഒരു ഭാഗക്കാർക്കു തരിസാ ക്രിസ്ത്യാനികൾ എന്നു പേർ സിദ്ധിച്ചു. വേദത്തിൽ സ്ഥിരപ്രതിപത്തിയോടെ നിന്നവരെ യാണ് ഈ പേർ ലക്ഷീകരിക്കുന്നത്. പ്രസ്തുത മതപീഡനം തെക്കിണ കേരളത്തിലാണ് പ്രധാനമായി ഉണ്ടായതെന്നു ഊഹിക്കുവാൻ കാരണങ്ങൾ ഉണ്ട്. തരിസാ ക്രിസ്ത്യാനികളും തരി സാ പള്ളിയും ഉണ്ടായിരുന്നു എന്നതിലേക്കു മൂന്നാം ശതവ ത്സരത്തിൽ ജീവിച്ചിരുന്ന സഖറിയോ മെത്രാനാൽ കൊടുക്ക പ്പെട്ട ചെമ്പേടു മതിയായ ലക്ഷ്യമാണല്ലോ. അക്കാലത്തു കേ രള ഭൂമിയെ ഭരിച്ചിരുന്ന ചക്രവർത്തിയുടെയും, പള്ളി സ്ഥി തി ചെയ്തിരുന്ന സ്ഥലത്തെ രാജാവിന്റെയും അനുമതിയോടുകൂടി അദ്ദേഹം ആ ചെമ്പേടിനെ കൊടുത്തയച്ചു കൊല്ലത്തെ തരിസാ പള്ളിക്കും അതിനെ സംബന്ധിച്ചിരുന്ന ക്രൈ സ്തവ സമൂഹത്തിനും ആണ്. (അദ്ധ്യായം ൪. ലക്കങ്ങൾ ൭ മുത ൽ ൧൧ വരെ) സഖറിയോ എന്നതു സുറിയാനി പദവും ചെമ്പേടിലെ വാചകങ്ങൾ സഖറിയോയുടെ സ്വന്തവും ആ കുന്നു. തരിസാ പള്ളിയെന്നു ചെമ്പേടിൽ പറയുന്നതും അദ്ദേ ഹം തന്നെ. തരിസാ ഓർത്തഡോക്സ് എന്ന സുറിയാനി വാ ക്കിന്റെ നേർവിശ്വാസം എന്നാണ് അർത്ഥം. ഓർത്തഡോക് സ് (Orthodox) എന്നയെന്നായ ശബ്ദത്തോടു 'തരിസാ' അ

ത്ഥംകൊണ്ടു പൂർണ്ണമായി യോജിക്കുന്നു. വേദത്തെപ്പറ്റി തെ
റ്റുകൂടാതെ സഹിക്കേണ്ടിവന്ന കാലത്തും വിശ്വാസത്തിൽ
സൈദ്ധാന്തികമതാ നിലനിന്നവർക്ക് 'ത്രിസാ' എന്ന നാമം
സിദ്ധിക്കയും അപേക്ഷ ചെയ്തേട്ട എഴുത്തപ്പെട്ട കാലത്തു ഉ
പയോഗത്തിൽ ഇരിക്കയും ചെയ്തതിനാലാണ് തരിസാ പ
ള്ളി അഥവാ നേർ വിശ്വാസികളുടെ പള്ളിയെന്നു ചെമ്പേ
ടിൽ എഴുതുവാൻ സംഗതിയായതു്.

ചില എഴുത്തുകാർ 'തരിസാ' എന്നപേർ മാത്രം ക
ണ്ടുകൊണ്ടു കാര്യംശരിയായി മനസ്സിലാക്കാതെ ആ ക്രിസ്ത്യാനി
കൾ സുറിയായിലുള്ള തർസീസ പട്ടണത്തിൽ നിന്നോ അ
ഥവാ അങ്ങനാമം തന്നെയുള്ള മറുവല്ല ദിക്കിൽ നിന്നോ വ
ന്നവരാണെന്നൂഹിക്കയും തരിസാപള്ളി അവരുടെ പള്ളിയാ
ണെന്നു പ്രസ്താവിക്കയും ചെയ്തിട്ടുള്ളതു് ചരിത്രപിശകു കൊണ്ടു
ള്ളാതെ യാതൊരു ലക്ഷ്യത്തേയും ആധാരമാക്കിയല്ലെന്നു ഇവി
ടെ പറയാതെ നിവൃത്തിയുമില്ല. ഒരു സുറിയാനി മെത്രാൻ അ
ദ്ദേഹത്തിന്റെ അധികാര സീമയിൽ ഉൾപ്പെട്ടവരും വിശ്വാ
സത്തിൽ സ്ഥിരമായി നിന്നവരുമായ ക്രിസ്ത്യാനികളെ നേർവി
ശ്വാസി എന്നു അർത്ഥം ജനിക്കുന്ന തരിസാ ക്രിസ്ത്യാനിയെന്നും
അവരുടെ പള്ളിയെ തരിസാ പള്ളിയെന്നും അഭിധാനം
ചെയ്യുന്നതു സ്വാഭാവികവും അത്യാവശ്യകവും ആണു.

൨) 'തരിസായ്യം' എന്ന പേരോടുകൂടി ചുരുക്കം ചി
ല ക്രിസ്ത്യാനികൾ തിരുവാങ്കോട്ട മുതലായ സ്ഥലങ്ങളെ ഇക്കാ
ലത്തും അധിവസിക്കുന്നുണ്ടു. ഇവർ 'തരിസാ' ക്രിസ്ത്യാനികളു
ടെ സന്തതികൾ ആണെന്നു ചിലഎഴുത്തുകാർ പ്രസ്താവിക്കുന്ന
തു സംഗതിയുടെ യാഥാർത്ഥ്യത്തിനു വിപരീതമാകുന്നു. തരിസാ
(നേർവിശ്വാസി) എന്ന സുറിയാനി ശബ്ദത്തിൽ നിന്നുത്ഭ
വിക്കുന്ന തരിസായ്യം എന്നതിനു ആകാലത്തെ തമിഴിന്റെ
രീതി അനുസരിച്ചു നേർ വിശ്വാസി അല്ലാത്തവർ എന്നാണു

അത്ഥം ഉനിക്കുന്നത്. നേർവിശ്വാസികൾ എന്ന അത്ഥം വരണമെങ്കിൽ 'തരിസർ' എന്നാണു പ്രയോഗിക്കേണ്ടതു. 'തരിസ—ായ്യൻ' എന്നു പറയുമ്പോൾ 'തരിസർ' അല്ലാത്തവർ എന്നോ അത്ഥമാകുന്നൊള്ളു. ഇവർ മതപീഡയെ ഭയന്നു പലസംഗതികളിലും ഹിന്ദുമര്യാദകളെ അനുസരിച്ചെങ്കിലും സത്യവിശ്വാസത്തെ മുഴുവനായി പരിത്യജിക്കാതെ ഇരുന്ന ആളുകളുടെ സന്താനങ്ങൾ ആയിരിക്കാൻ വഴിയുണ്ടു. ഏതൽക്കാലപ്രയത്നം ഇവർ അനുസരിച്ചുവരുന്ന ഹിന്ദുമര്യാദകൾ തന്നെ ഇതിലേക്കു ഒരു പ്രാധന ലക്ഷ്യമാണു. മറു ക്രിസ്ത്യാനികളോടുകൂടി സമ്മിശ്രപ്പെട്ടുള്ള അവരുടെ ഇക്കാലത്തെ കൂടിപാർപ്പിന്റെ അവസ്ഥയെപ്പറ്റി ആലോചിക്കുന്നവർക്കു കാലാന്തരത്തിൽ അവർ അതു ക്രൈസ്തവജനസമുദായത്തിൽ ലയിച്ചു പോകുമെന്നു കരുതുവാൻ കാരണങ്ങൾ കാണാവുന്നതാണു.

പറങ്കിസംബന്ധത്തിന്റെ അനുഗമന ഫലമായി കേരളീയ ക്രിസ്ത്യാനികൾ പോർത്തുഗീസുകാരുടെ അടിമത്തത്തിൽ നിന്നു വിമുക്തരാകയും തത്സഭകളിൽ ഒരു ചൈതന്യം നവമായി സിദ്ധിക്കയും ഉണ്ടായി. ഇങ്ങനെ ഭാരത സഭകളുടെ മതസംബന്ധമായ അഭിവൃദ്ധി ഉണ്ടായതോടുകൂടിത്തന്നെ സാമുദായിക ശ്രേയസ്സിലും അതു ഉന്നതിയെ പ്രാപിച്ചു. മൂന്നാം ശതവത്സരത്തിൽ കേരളത്തിൽ രാജ്യഭാരം ചെയ്തിരുന്ന ചക്രവർത്തികൾ മൂലമായ നസ്രാണികൾക്കു പല ഉൽകൃഷ്ടാ സിദ്ധിച്ചതു. പ്രസ്തുത ചക്രവർത്തികൾ നസ്രാണികൾക്കും അവരുടെ മതത്തലവനും കൊടുത്ത പെരുമാറ്റകൾ വഴിയായി അവർക്കു രാജകീയങ്ങളും സാമുദായികങ്ങളുമായ പല ഉന്നത സ്ഥാനങ്ങളും അവകാശങ്ങളും സിദ്ധിക്കയുണ്ടായി. ഒന്നാമത്തെ ചെപ്പേടു ക്രി. അ. ൮൭൫ാമാണ്ടും രണ്ടാമത്തതു മൂന്നാം നൂറാണ്ടിന്റെ അവസാന ഘട്ടത്തിലും ആണു കൊടുക്കപ്പെട്ടിട്ടുള്ളതു. ഈ രണ്ടു ചെപ്പേടുകളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ മൂലപ്രമാണമായി സംബന്ധിച്ചു നാലാം അദ്ധ്യായം

ത്തിൽ (൭ മുതൽ ൯൫ വരെ പേജുകളിൽ) സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. അവിടെ വിവരിക്കുന്ന സ്ഥാനപദവികളും അവകാശങ്ങളും നിമിത്തം കേരളീയ നസ്രാണികൾ മൂന്നാം ശതവത്സരത്തിൽ എപ്രകാരമുള്ള ഒരു നിലയെ പ്രാപിച്ചു എന്നുള്ളതിനെപ്പറ്റി മാത്രമേ ഇവിടെ അല്പം പ്രസ്താവിക്കേണ്ട ആവശ്യമുള്ളൂ.

ഒന്നാമത്തെ മെത്രാപ്പട്ടം കൊടുക്കപ്പെട്ടതു് നസ്രാണികളുടെ അക്കാലത്തെ പ്രധാന മതാദ്ധ്യക്ഷനായ കൊടുങ്ങല്ലൂരിലെ മെത്രാനാണു. അതിൽ അടങ്ങിയിരിക്കുന്ന സംഗതികൾ രണ്ടു തരങ്ങളായി വിഭജിക്കപ്പെടാം. ഒന്നാമത്തെ ശേഖരത്തിൽ ഉൾപ്പെടുന്നവ പ്രൃഷ്ടസ്ഥാനത്തെയും അതിനോടു ചേർന്നു നികുതിമുതലായ ചില വരുമാനങ്ങളേയും സംബന്ധിക്കുന്നവയും രണ്ടാമത്തെ ഗണത്തിൽ ചേർന്നവ സാമുദായികമായ പല ഉന്നത പദവികളേയും വിശേഷാവകാശങ്ങളേയും ഉദ്ദേശിക്കുന്നവയുമാകുന്നു. ആദ്യത്തേതുകൊണ്ടു നസ്രാണികളുടെ മതപരമായ പ്രൃഷ്ടസ്ഥാനവും ഒടുവിലത്തേതുകൊണ്ടു അദ്ദേഹത്തിനു പല ഔന്നത്യാവകാശങ്ങളും സിദ്ധിച്ചു. പ്രസ്തുത അവകാശങ്ങളിൽ പലതും പിൻകാലങ്ങളിൽ ഏല്ലാ നസ്രാണികൾക്കും ലഭിക്കയുണ്ടായി.

രണ്ടാമത്തെ ചെമ്പുപട്ടം കൊല്ലത്തെ തരിസാപ്പള്ളിക്കും അതിൽ സംബന്ധിച്ചിരുന്ന സകല നസ്രാണികൾക്കും കൂടി അക്കാലത്തെ മെത്രാനായ സബരീശോയാൽ കൊടുക്കപ്പെട്ടതത്രേ. പ്രസ്തുത സബരീശോ ആദ്യം ചെമ്പുപട്ടം കിട്ടിയ കൊടുങ്ങല്ലൂരിലെ മെത്രാന്റെ അനന്തരഗാമിയും തൻമൂലം പ്രൃഷ്ടസ്ഥാനവും പല നികുതി മുതലായ വരുമാനങ്ങളും സിദ്ധിച്ച അനുഭവിച്ചുവന്നിരുന്ന ആളുമാണു. കൊല്ലത്തെ തരിസാപ്പള്ളി ഇദ്ദേഹം മുഖാന്തരമാണു പണിയിക്കപ്പെട്ടത്. ആ പള്ളിക്കു പല വരുമാനങ്ങളും പള്ളിയിൽ സംബന്ധിച്ചിരുന്ന ജനങ്ങൾക്കു ഔ സ്വാ

സപ്പേടികൾ മുതലായ പല അവകാശങ്ങളും ഒരു ചെമ്പേ
ടുമൂലം ഇദ്ദേഹം കല്പിച്ചുകൊടുത്തു. പ്രസ്തുത പള്ളി തരിസാപള്ളി
എന്നുപറയപ്പെടുന്നതിനുള്ള കാരണം എന്തെന്നാൽ തരിസാക്രി
സ്ത്യാനികൾ അതെന്നുള്ളതു കഴിഞ്ഞതലക്കത്തിൽ പ്രസ്താവിച്ചു
കഴിഞ്ഞിരിക്കുന്നു. സഖറീശോ പള്ളിക്കു ചെമ്പേടു കൊടുത്ത
തു അന്നു കേരളത്തിലെ ചക്രവർത്തിയായിരുന്ന സ്ഥാണുരവി
പ്പൂന്റെ അനുമതിയോടും കൊല്ലം നഗരത്തിന്റെ നാടുവാഴി
യായിരുന്ന വേണാട്ടു (തിരുവിതാംകൂർ) രാജാവിന്റെ സമ്മതി
യോടുംകൂടിയാണു. സഖറീശോ പള്ളിക്കു വേണ്ടവസ്തുക്കൾ കൊ
ടുക്കയും വരുമാനങ്ങൾക്കു വഴി തുറക്കയുംചെയ്തതുകൂടാതെ അതി
ൽ സംബന്ധിച്ചിരുന്ന ക്രിസ്ത്യാനികൾക്കു ൭൨ സ്ഥാനപദവി
കളേയും കല്പിച്ചുനൽകി. അതിനെസംബന്ധിച്ചിരുന്ന ക്രിസ്ത്യാ
നികൾ എന്നു മുകളിൽ പറഞ്ഞതു സഖറീശോയുടെ അധി
കാരത്തിൽപ്പെട്ടതായ സമസ്ത കേരളീയ ക്രിസ്ത്യാനികളേയും പ
റ്റി ഗ്രഹിക്കേണ്ടതാണു. എന്തെന്നാൽ പ്രസ്തുത ൭൨ സ്ഥാന
പദവികളും അദ്ദേഹം കൊടുത്തത് അക്കാലത്തു കേരളത്തെ ഭ
രിച്ചിരുന്ന ചക്രവർത്തിയുടെ അനുമതിപ്രകാരമാകുന്നു. അതി
നാൽ ആ പദവികളെല്ലാം കേരളീയ ക്രിസ്ത്യാനികളെ ഒട്ടൊഴി
യാതെ സംബന്ധിക്കുന്നവയാണു എന്നു സിദ്ധിക്കുന്നുണ്ടു. മാ
ത്രമല്ലാ, മേൽപ്രസ്താവിച്ചതുപോലെ തരിസാപ്പള്ളി സത്യവി
ശ്വാസികളുടെ ദേവാലയമായിരിക്കുന്നിമിത്തം തരിസാക്രിസ്ത്യാ
നികളായ സത്യവിശ്വാസികൾ എല്ലാം ആ പള്ളിയെ സം
ബന്ധിക്കുന്നവരും അവരെല്ലാവരും സഖറീശോയുടെ അധി
കാരസീമയിൽ ഉൾപ്പെട്ടവരുമാണു. ഇതിലേക്കു വേണാട്ടടികളു
ടെ (രാജാവിന്റെ) സമ്മതിസഖറീശോ പ്രത്യേകിച്ചു വാങ്ങിയ
തു പള്ളിസ്ഥലവും വസ്തുക്കളും ആ രാജാവിന്റെ അതിർത്തിക്കു
ള്ളിൽ ആയിരുന്നതിനാൽ അതെ. ഇപ്രകാരം പ്രസ്തുത ചെ
മ്പേടുകൾരണ്ടും വഴിയായി സിദ്ധിച്ചിട്ടുള്ള ഗുണം നസ്രാണിക

ളുടെ വൈദികമേലദ്ധ്യക്ഷനും പ്രഭുസ്ഥാനവും ചില നികുതി അനുഭവങ്ങളും നസ്രാണികൾക്കു പല സ്ഥാനപദവികളും ആണു.

8. നസ്രാണികൾക്കും അവരുടെ മതാദ്ധ്യക്ഷനും ചെമ്പെടുമൂലം കിട്ടിയ സ്ഥാനപദവികളും അവകാശങ്ങളും പെരുമാക്കളുടെ രാജ്യവാഴ്ച അവസാനിച്ചുശേഷവും അവർ നിരന്തരമായി അനുഭവിച്ചുപോന്നു. കേരളഭൂമിയെ ഭരിച്ചിരുന്ന രാജാക്കന്മാർ എല്ലാവരും അവയെ ആദരിച്ചുവന്നിരുന്നു. പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്നിറങ്ങിയ പ്രഥമ—ാം ശതവത്സരത്തിൽ നസ്രാണികൾ പ്രസ്തുത അവകാശങ്ങളെ എല്ലാം അനുഭവിച്ചുവരുന്നതായി കണ്ടപ്രകാരം അവർ രേഖപ്പെടുത്തീട്ടുണ്ടു. പോർട്ടുഗീസുകാരുടെ രേഖാമൂലമായ പക്ഷ്യങ്ങളിൽനിന്നു ചിലതുകളെ താഴെ ചേർക്കുന്നു.

(ക) നസ്രാണികൾ സാമൂഹ്യാവസ്ഥയിൽ നായന്മാരെക്കാൾ ആഭിജാത്യമുള്ളവരാണു; അവരോടു സഹോദരഭാവത്തിൽ വർത്തിക്കുന്നതു ഒരു ബഹുമാനമായി നായന്മാർ കരുതുന്നു. നസ്രാണികൾ അവരെ തൊടുകൂടി ചെയ്യാറില്ല.

(ഖ) അവർ ബ്രാഹ്മണരോടു സമന്മാരായി ഗണിക്കപ്പെട്ടുന്നു. തന്നിമിത്തം ബ്രാഹ്മണർകഴിഞ്ഞാൽ അവർ കേരളീയ ജനങ്ങളുടെ ഇടയിൽ സാമൂഹ്യാവസ്ഥകൊണ്ടു ഉയർന്ന ഒരു നിലയെ പ്രാപിച്ചിരിക്കുന്നു.

(ന) കമ്മാളർ മുതലായ ജാതികളുടെ രക്ഷാകർത്താക്കൾ നസ്രാണികൾ ആകുന്നു. ആ ജാതിക്കാരെ യാതൊരുത്തൻ എങ്കിലും ഉപദ്രവിച്ചു എന്നുവന്നാൽ ഉപദ്രവിയെക്കൊണ്ടു പരിഹാരംചെയ്യിക്കുവാൻ അവർക്കു അവകാശമുണ്ടു.

(ഭ) രാജാവിനും അദ്ദേഹത്തിന്റെ പ്രധാനമന്ത്രിക്കും അല്ലാതെ അധികാരികളിൽ മറ്റാർക്കും അവരുടെമേൽ സിവിൽ സംബന്ധമായും ക്രിമിനൽസംബന്ധമായും (സിവിൽ അധികാരം അവരിൽതന്നെ സ്ഥിതിചെയ്യുന്നു) ആധിപത്യം ഇല്ല.

(ഒ) ആരെങ്കിലും അവരുടെ സ്ഥാനപ്രവർത്തികളെയാവട്ടെ അവകാശങ്ങളെയാവട്ടെ ലംഘിക്കുന്നതായാൽ സമൂഹം വേണ്ട പരാധപരിഹാരം ചെയ്യിക്കുന്നതിനു അവർക്കു അധികാരമുണ്ട്.

(ന്യ) ഒരു നസ്രാണിയെ ഇതര മതാനുയായികളിൽ ആരെങ്കിലും അടിച്ചാൽ അടിച്ച ആൾ മരണശിക്ഷയ്ക്കു പാത്രീഭൂതനാകുന്നു. എങ്കിലും അടിക്കപ്പെട്ട ആളിന്റെ അവസ്ഥാഭേദം അനുസരിച്ച പൊന്നുകൊണ്ടോ വെള്ളികൊണ്ടോ നിർമ്മിതമായ ഒരു ആൾരൂപമാകട്ടെ ഒരാനയെങ്കിലും ഒരു കാണിക്കയാകട്ടെ പള്ളിക്കു കൊടുത്തുകൊണ്ടു ആ ശിക്ഷയിൽനിന്നു ഒഴിയുന്നതിനു അനുവദിക്കപ്പെട്ടിരിക്കുന്നു.

(ഠ) നസ്രാണികൾ പ്രഭുക്കന്മാരെപ്പോലെ ഗണിക്കപ്പെടുന്നു.

(ഡ) അവർക്കു പന്ത്രണ്ടു ചാന്നാന്മാർ മുതലായവർ ഉൾപ്പെടെ സേനാനിരകളും ഉണ്ട്.

(ൻ) ബ്രാഹ്മണപ്രഭുക്കന്മാരുടെയുള്ളതുപോലെ സ്വന്തഗൃഹങ്ങളുടെ പുരോഭാഗത്തു പടിപ്പുരകൾ വക്കുന്നതിനു അവർക്കും അർഹതയുണ്ട്.

(ണ) ബ്രാഹ്മണർ പ്രഭുക്കന്മാർ തുടങ്ങിയുള്ളവരെപ്പോലെ ഇവർക്കും ആനപ്പുറത്തു സഞ്ചരിക്കുന്നതിനു അവകാശം സിദ്ധിച്ചിട്ടുള്ളതാകുന്നു.

(ക) രാജസമക്ഷം പ്രവിതാനിക്കൽ ഇരിക്കുന്നതിനുള്ള വിശേഷസ്ഥാനത്തിനും അവർക്കും ഉണ്ട്.

(ഗ) നസ്രാണികളുടെ മെത്രാൻ രാജകീയ പദവികളും ബഹുമാനങ്ങളും ഉള്ളവനാകുന്നു. ക്രിമിനൽ കേസുകൾ ഒഴിച്ചു വൈദികമായും രാജകീയമായും ഉണ്ടാകുന്ന സകല സിവിൽ കേസുകളിലും ന്യായാധിപതി അദ്ദേഹവും അക്കാദിയാക്കോനും ആണു. (ട) നസ്രാണികളും അവരുടെ മെത്രാനും അനുഭവിച്ചു വന്നതായി മേൽ പ്രസ്താവിച്ചിട്ടുള്ളവ എല്ലാം പ്രസ്തുത ചെമ്പേടുമൂലം സിദ്ധിച്ച സ്ഥാനപദവികൾ ആണെന്നും, ഇതുസംബ

ന്ധമായി പറഞ്ഞിരിക്കുന്നഭാഗം (അദ്ധ്യായം ൪. ലൂക്കാ വ.) കൊണ്ടു വിദിതമാകുന്നു.

൩. തോമ്മാശ്ലീഹായുടെ വിശിഷ്ടാവശിഷ്ടങ്ങൾ മൈലാപ്പൂരിൽ പൂജ്യമായി സംസ്കരിക്കപ്പെട്ടിട്ടു ഏതാനും സംവത്സരങ്ങൾകഴിഞ്ഞശേഷം മെസാപ്പൊട്ടെമിയായിലുള്ള ഏദേസാപട്ടണത്തിലേക്കു കൊണ്ടുപോകപ്പെട്ടു ഒരു മാറ്റം നടന്നകാലം, തിരുശേഷിപ്പുകളെ കൊണ്ടുപോയ അത്ഭുതകം, അങ്ങനെ കൊണ്ടുപോകുന്നതിലേക്കുണ്ടായ കാരണം ഇങ്ങനെ മൂന്നു സംഗതികൾ ഇവിടെ അവശ്യജ്ഞേയങ്ങളുണ്ട്. ഒന്നാമത്തെസംഗതി, മാറ്റത്തിൻറകാലം സംബന്ധിച്ച ആണല്ലൊ. വിശുദ്ധാവശിഷ്ടങ്ങൾ മാറ്റപ്പെട്ടു എന്നതിനെപ്പറ്റി പരമ്പരാവൃത്തമാനവും ലക്ഷ്യങ്ങളും ഉണ്ടെങ്കിലും അതു ഏതുകാലത്തു സംഭവിച്ചു എന്നു വ്യക്തമായി കാണിക്കുന്നതിനു തെളിവുകൾ ഇല്ല. എങ്കിലും നാലാം ശതവത്സരത്തിൽ ഏദേസായിൽ ജീവിച്ചിരുന്ന വി. അപ്രേം പ്രസ്തുത ശരീരഭാഗം അക്കാലത്തു അവിടെ ഉണ്ടായിരുന്നതായും ഒരു കച്ചവടക്കാരൻ അതിനെ അവിടെ കൊണ്ടുചെന്നതായും നിർദ്ദേശിക്കുന്നതിനാൽ തിരുശരീരമാറ്റം നടന്നതു അതിനുമുമ്പായിരിക്കണം എന്നതു നിർവ്വിവാദമാണു. ഒരു മാറ്റം ഉണ്ടായകാലത്തു ഇൻഡ്യയിലേയും ഏദേസായിലേയും സ്ഥിതിഭേദങ്ങളെയും സാഹചര്യങ്ങളേയും പരിശോധിക്കുന്നതായാൽ അതു മൂന്നാം ശതാബ്ദമദ്ധ്യത്തിനു മുമ്പായിരിക്കണം സംഭവിച്ചതു എന്നു അനുമാനിക്കുവാൻ മതിയായ കാരണങ്ങൾ ഉണ്ടു. ഏദേസായിലെ രാജാവായ അബ്ഗാർ പഞ്ചമനു (ഉക്കാമാ കുത്തവൻ (കുഷ്ഠൻ) എന്നുകൂടി ഇദ്ദേഹത്തിനു പേർ പറയാറുണ്ടു) കഠിനമായ ഒരു രോഗം പിടികൂടിയിരിക്കയിൽ വി. തോമ്മാശ്ലീഹാ മ്ശിഹായുടെ ൭൨ ശിഷ്യരിൽ ഒരാളായ തദേയ (Thadeus) അയച്ചു അദ്ദേഹത്തെ സുഖമാക്കി. തൻമൂലം അയാൾ ക്രിസ്തുമതത്തെ അവലംബിച്ചു.

ഉക്കാമാ ക്രി. അ 610-ൽ ചരമ പ്രാപിച്ചതിനായശേഷം അ
ദ്ദോറത്തിന്റെ പുത്രനായ മനുപഞ്ചമൻ സിംഹാസനാരൂഢ
നായി. ഇദ്ദേഹം ക്രി. അ. 619-ൽ മരിക്കുന്നിമിത്തം ഇദ്ദേഹ
ത്തിന്റെ സഹോദരൻ മനുഷ്യേന്ദ്രമൻ എന്ന അഭിധാനത്തി
ൽ രാജ്യഭാരം ആരംഭിച്ചു. ഒരു രാജാവു ക്രിസ്തുമതത്തെ പരിത്യ
ജിക്കയും ക്രിസ്ത്യാനികളെ ഘോരമായ മതപീഡനത്തിനു അ
ധീനരാക്കുകയുംചെയ്തു. അനന്തരം ക്രൗൻ-ൽ അബ്ഗാരി ന
വമൻ രാജ്യമകടപ്രാപിച്ചതുവരെ എദേസായിൽ വാണ രാ
ജാക്കന്മാർ എല്ലാം ക്രിസ്തുമതേതരന്മാർ ആയിരുന്നു. അബ്ഗ
ാർ നവമന്റെ വാഴ്ച ക്രി. അ. 214 വരെ നീണ്ടു. അതി
നാൽ എദേസായിൽ ക്രിസ്തുമതപീഡനം പ്രബലമായി നട
ന്നുവന്ന ഒന്നും രണ്ടും നൂറാണ്ടുകളിൽ വിശുദ്ധാവശിഷ്ടത്തി
ന്റെ ഒരുഭാഗം അവിടെ കൊണ്ടുചെന്നു നിക്ഷേപിക്കുന്നതിനു
അവിടത്തെ ക്രിസ്ത്യാനികൾക്കു സുകരമായ മാർഗ്ഗം ഉണ്ടാ
യിരുന്നു എന്നു അനുമാനിക്കുവാൻ വഴി കാണുന്നില്ല. അതി
നാൽ തിരുശരീരമാറ്റം ഉണ്ടായതു മൂന്നാം ശതാബ്ദത്തിൽ അ
ല്ലെന്നു ചരിത്രകാരന്മാർ തീർച്ചയാക്കുന്നതുകൂടാതെ പൂർവ്വമാണ് (t)
മാത്രമല്ല താഴെ ഞങ്ങൾ ചേർക്കുന്ന ചരിത്രസംഭവം ഒരു അനു
മാനത്തെ ഉറപ്പിക്കുകയുംചെയ്യുന്നു. എന്തെന്നാൽ മേൽ പ്ര
സ്താവിച്ചതുപോലെ ശ്ലീഹായുടെ ചരമശേഷം രണ്ടാം ശതാബ്ദ
ത്തിന്റെ അവസാനംവരെ ഇൻഡ്യയിൽ മൈലാപ്പൂരിൽ വി
ശേഷിച്ചും ക്രിസ്ത്യാനികളുടെ കൂട്ടം സംവർദ്ധനത്തെ പ്രാപിക്കയും
പട്ടക്കാരും പള്ളികളും അധികരിച്ചുവരുകയും ചെയ്തിരുന്നു. അ
സ്ഥിതിക്കു ഭാരതീയ ക്രിസ്ത്യാനികൾ അമൂല്യനിക്ഷേപമായി
സഹായംഗണിച്ചിരുന്ന പ്രസ്തുത വിശുദ്ധാവശിഷ്ടങ്ങളുടെ ഒരുഭാ
ഗം എദേസായിലേക്കു കൊണ്ടുപോകപ്പെട്ടുവാൻ അത്ര താമസം
ങ്ങളിൽ സംഭവിച്ചു എന്നു വിശ്വസിപ്പാൻ മാർഗ്ഗമില്ല.

തിരുശരീരഭാഗത്തെ കൊണ്ടുപോയ അവസരത്തെയും ഇങ്ങനെ

കൊണ്ടുപോകുവാൻ ഉണ്ടായ കാരണത്തെയുംപറ്റിയാണല്ലോ രണ്ടാമതായും മൂന്നാമതായും അറിയേണ്ടിയിരിക്കുന്നതു. വിശുദ്ധാവശിഷ്ടങ്ങളെ എദേസായിൽ കൊണ്ടുചെന്നതു ഒരു വ്യക്തൻ ആണെന്നു വി. അപ്രേം സാക്ഷീകരിക്കുന്നതിനെ നാം മേൽ പ്രസ്താവിച്ചിട്ടുണ്ടു. അദ്ദേഹത്തിന്റെ ഹരം സാക്ഷിമൂലം മൂന്നാം ശതവത്സരത്തിൽ എദേസാമുതലായ ദിക്കുകളിൽനിന്നു വ്യക്തകവൃത്തിയുടെ സൌകര്യംപ്രമാണിച്ചു സുറിയാനിക്കാർ ഇവിടെ വന്നിരുന്നു എന്നു സിദ്ധിക്കുന്നു. ആ കാലപരിവർത്തനത്തിൽ കൊടുങ്ങല്ലൂർ, കച്ചവടവിഷയത്തിൽ പ്രഥമസ്ഥാനത്തെ അഴിക്കുന്ന ഒരു പട്ടണമായിരുന്നു. നസ്രാണികൾക്കു താമ്രശാസനങ്ങൾ സിദ്ധിച്ചതും ഹരം ശതാബ്ദത്തിലാണു. മെസൊപ്പൊട്ടമിയാതുടങ്ങിയുള്ള നാടുകളിൽനിന്നു പ്രകൃതശതാബ്ദത്തിൽ സുറിയാനിക്കാർ വ്യക്തകവൃത്തിക്കായി കേരളത്തിൽ വന്നു അധിവാസം ഉറപ്പിച്ച സംഗതിസംബന്ധമായി ൪-ാം അദ്ധ്യായം ൧൧-ാംലക്കത്തിൽ വിവരിച്ചിട്ടുണ്ടു. ഹരം ശതവത്സരഘട്ടത്തിൽ എദേസാരാജ്യം മുഴുവനും ക്രിസ്തുമതത്തെ അവലംബിക്കയും പട്ടക്കാരും പള്ളികളും ക്രിസ്ത്യാനികളും സംവർദ്ധനത്തെ പ്രാപിക്കയുംചെയ്തു. എദേസാപ്പട്ടണത്തിലും അതിന്റെ പരിസരഭൂമികളിലുമായി മുന്നൂറിൽപരം സന്ന്യാസാശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടതുകൂടാതെ ലോകപ്രസിദ്ധമായ എദേസാ വിദ്യാലയം പ്രതിഷ്ഠാപനം ചെയ്യപ്പെടുകയും ഒരുപക്ഷേ അതു പൂർവ്വസംസ്ഥാപിതമെങ്കിൽ അന്നു അത്യുച്ചത്തെ പ്രാപിക്കയും ചെയ്തുണ്ടായി (7) തിരുശരീരമാറ്റത്തിനു വേറെപല സാഹചര്യങ്ങളും പ്രകൃതശതാബ്ദത്തിൽ സഹായങ്ങളായിഭവിച്ചു. സുപ്രസിദ്ധമായ എദേസാവിദ്യാലയം, സന്ന്യാസഭവനങ്ങൾ, വേദപ്രചാരം എന്നിവക്കുംപുറമെ എദേസീയരുടെ കച്ചവടസമൃദ്ധി, കേരളീയ ക്രിസ്ത്യാനികളുമായി അവർക്കുണ്ടായിരുന്ന സംബന്ധനാം ഇവകളാണു പ്രസ്തുത ശേഖരത്തിൽ ഒന്നാമതായി

നില്ക്കുന്നതു. ആ കാലഘട്ടത്തിൽ (പാലക്കുത്തിൽ ഉദ്ധരിച്ചിട്ടുള്ള ഗോവേയായുടെ സാക്ഷ്യത്തിൽനിന്നു വിശദമാകുന്നതുപോലെ) മൈലാപ്പൂരിൽനിന്നു വളരെ ക്രിസ്ത്യാനികൾ പശ്ചിമതീരത്തിൽവന്നു കുടിപാർത്തതിനാൽ മൈലാപ്പൂരിൽ ശേഷിച്ച ക്രിസ്ത്യാനികൾക്കു സമുദായബലം കുറഞ്ഞുപോകകൊണ്ടു വിശുദ്ധാവശിഷ്ടങ്ങൾ കൊണ്ടുപോകുന്നതിനെ സഫലമായി തടയുന്നതിനു അവർക്കു ഇടയാകാതെ വന്നതു സാഹായ്യ സാഹചര്യങ്ങളിൽ രണ്ടാമത്തേതായി കരുതാം. മൂന്നാമത്തേതു കേരളീയ ക്രിസ്ത്യാനികൾക്കു എദേസാക്കാരായ ക്രിസ്തീയ സഹോദരങ്ങളോടുള്ള മൈത്രിയാണു. പ്രസ്തുതവിദേശികളോടു കേരളീയർ നിത്യസംസർഗ്ഗവും കൂട്ടുകെട്ടും ഉള്ളവരായിരുന്നതിനാൽ തിരുശിഷ്ടങ്ങളെ സ്വാധീനമാക്കുന്നതിനും കൊണ്ടുപോകുന്നതിനും ഇവർ അനുകൂലഭാവത്തിൽ പ്രവർത്തിച്ചിരിക്കാൻ സംഗതിയുണ്ടു. വിശുദ്ധാവശിഷ്ടങ്ങളുടെ ദേശാന്തര നയനത്തിനു അനുകൂലിച്ച നാലാമത്തെ സന്ദർഭം മേൽമുതൽ മനുഷ്യരെ റോമ്മാ ചക്രവർത്തിയായിരുന്ന അലക്സാണ്ടർ സെവേരസ് (Alexander Severus) പേഷ്യാക്കാരുമായി നടത്തിയ യുദ്ധത്തിൽ വിജയിച്ചായിത്തീർന്നതിനാൽ യൂപ്രെയ്റ്റീസ് നദിമാർഗ്ഗേണ റോമ്മാസാമ്രാജ്യവും ഭാരതഭൂമിയും തമ്മിൽ കച്ചവടംനടത്തുന്നതിനും ഗതാഗതങ്ങൾ ഉണ്ടാക്കുന്നതിനും വഴിതുറന്നതാണു. വി. തോമ്മാതന്നെയെ അയച്ചു എദേസായിലെ രാജാവായ അബ്ഗാർ ഉക്കാമാപഞ്ചമനെ സുഖമാക്കിയതിനാൽ അതിന്റെ സാദരസ്മരണക്കായി ശ്ലീഹായുടെ അവശിഷ്ടം എദേസായിലേക്കു കൊണ്ടുപോകുന്നതിനു അവിടത്തെ ക്രിസ്തീയഭൂപാലന്മാർ ഉത്സാഹിച്ചു എന്നും തൽഫലമായി നാംശതാബ്ദത്തിൽ വിശുദ്ധാവശിഷ്ടം അവിടെ കൊണ്ടുപോയി എന്നും തീച്ചയാക്കാവുന്നതാണു. ആകയാൽ തിരുശരീരത്തിന്റെ ഒരുഭാഗം എദേസായിലേക്കു കൊണ്ടുപോകപ്പെട്ടതു മൂന്നാംശതാബ്ദത്തിൽ ആണെന്നുള്ള

നിഗമനം വാസ്തവികവും വിശ്വാസനീയവുമത്രേ. എങ്കിലും വിശുദ്ധാവശിഷ്ടങ്ങളുടെ ഒരംശമല്ലാതെ ആരു മുഴുവനും എദേസായിൽ കൊണ്ടുപോകയോ അങ്ങനെ മുഴുവൻ കൊണ്ടുപോകുന്നതിനു ഭാരതീയ ക്രിസ്ത്യാനികൾ സമ്മതിക്കയോ ചെയ്തിട്ടില്ലെന്നു ഓർമ്മിക്കേണ്ടതാണു. ഒരുഭാഗം മൈലാപ്പൂരിൽ ഇരുന്നിരുന്നതിനാലാണു കേരളത്തിൽനിന്നും മറുപല രാജ്യങ്ങളിൽനിന്നും ക്രിസ്ത്യാനികൾ എല്ലാക്കാലത്തും അവിടേക്കു പൊയ്ക്കൊണ്ടിരുന്നതു തിരുശരീരത്തിന്റെ ഒരു സ്ഥലഭേദം ബന്ധിച്ചു ഇനിയും ഒരുകാര്യംകൂടി ഇവിടെ പറയേണ്ടതായിട്ടുണ്ടു. മൂന്നാം ശതവത്സരത്തിൽ പുനരുത്ഥാനതിരുനാളിനെ സംബന്ധിച്ചു മെത്രാന്മാരുടെ ചില സൂനഹദോസുകൾ എദേസായിൽവച്ചു കൂടുകയുണ്ടായി. ആ കാലത്തെ ഭാരതീയ മെത്രാന്മാർ അവകളിൽ സംബന്ധിച്ചിരിക്കാനും വിശുദ്ധാവശിഷ്ടങ്ങളുടെ ഒരുഭാഗത്തെസംബന്ധിച്ചു ഒരു അപേക്ഷ ആ ദേശങ്ങളിലെ മെത്രാന്മാരിൽനിന്നു സ്വീകരിച്ചിരിക്കാനും തിരുശരീരഭാഗം ഇൻഡ്യയിൽനിന്നു കൊണ്ടുപോകപ്പെട്ടതിനു ആ അപേക്ഷ ഒരുവഴിയായി തീർന്നിരിപ്പാനും സംഗതിയുള്ളതാണു.

൭. ഭാരതീയസഭയുടെ നാലാം നൂറ്റാണ്ടിലെ പ്രധാനങ്ങളായ ചരിത്രസംഭവങ്ങളിൽ ഒന്നു പേഷ്യായുടെ മെത്രാപ്പോലീത്തായായ മാർ യോഹന്നാൻ ൪൨൩-ൽ നിക്യായിൽ നടന്ന കത്തോലിക്കാലോക സാധാരണമായ സമ്മേളനത്തിൽ സംബന്ധിക്കയും ഭാരതീയ സഭയുടെ പ്രധാന മതാദ്ധ്യക്ഷൻ എന്ന അഭിധാനത്തോടുകൂടി അതിൽ കയ്യൊപ്പുവെക്കയും ചെയ്തതാകുന്നു. 'പേഷ്യായുടെയും വലിയ ഇൻഡ്യയുടേയും മെത്രാൻ മാർ യോഹന്നാൻ' എന്നാണു അദ്ദേഹത്തിന്റെ നാമലേഖനം. അതിനാൽ ഒരു മാർ യോഹന്നാൻ ഇൻഡ്യയുടെ മെത്രാൻ എന്ന നാമത്തിൽ സൂനഹദോസിന്റെ നിശ്ചയങ്ങൾക്കു കയ്യൊപ്പു വെക്കാനുള്ള കാരണം എന്താണെന്നും അദ്ദേഹത്തി

ന്റെ അധിവാസഭൂമി ഏതായിരുന്നെന്നും ഉള്ളതിനെപ്പറ്റി ഇവിടെ പ്രസ്താവിക്കേണ്ടത് ചരിത്രപുഷ്ടിക്കും കാഴ്ച്ചഗ്രഹണത്തിനും അവശ്യാവശ്യമായി തീർന്നിരിക്കുന്നു.

വി. ശ്ലീഹന്മാർ ഏതേതുദിക്കുകളിൽ സുവിശേഷപ്രസംഗം ചെയ്തോ ആ ദിക്കുകളിലെ ക്രൈസ്തവ ജനതതിയെ ഭരിക്കേണ്ടതിനു മെത്രാന്മാരെ അവർ സ്ഥാപിക്കയും ആ മെത്രാന്മാരാൽ തന്നെ സഭയെ അനന്തരഗാമികൾ നിയന്ത്രരാകയും ചെയ്തു. ഇവരിൽ ചിലർ കാലപൂർത്തിയിൽ പ്രധാനന്മാരും മറുചില മെത്രാന്മാരുടെ മേലധികാരികളും ആയിഭവിച്ചു. പരിത്രീതാവായ മ്ശിഹാ സഭയെ ശിഷ്യജനങ്ങളോടു കല്പിച്ചിട്ടുണ്ടായിരുന്നതു, അവർ ലോകത്തിൽ സകലത്ര സ്ഥാപിക്കുന്ന വി. സഭ വിശ്വാസത്തിലും അധികാരവിഷയത്തിലും ഏകമായിരിക്കണമെന്നായിരുന്നു. ദിവ്യഗുരുവിന്റെ ഒരു ആജ്ഞയെ ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിലെ മെത്രാന്മാരേയും അവർ പഠിപ്പിച്ചിരുന്നു. വലാന്തിനിയന്മാർ (Valantinians) മർസ്യാനൈറർ (Marcioniter) ബസിലീഡിയർ (Basilidians) മുതലായ പതിത മതോപദേഷ്ടാക്കൾ അഭിനവങ്ങളായ മതതത്വങ്ങളെ ഉപദേശിച്ചുകൊണ്ടു വിശ്വാസരംഗത്തിൽ പ്രത്യക്ഷീഭവിച്ചു. അവരുടെ സിദ്ധാന്തങ്ങൾ ശ്ലീഹന്മാരിൽനിന്നു പഠിച്ചറിഞ്ഞിരുന്നവകൾക്കു പ്രതികൂലങ്ങളായിരിക്കുന്നിമിത്തം, സത്യക്രിസ്ത്യാനികൾ അവരെ സ്വീകരിക്കാതെ സഭയെ മതാദ്ധ്യക്ഷന്മാരായ മെത്രാന്മാരെത്തന്നെ ആശ്രയിച്ചു വിശ്വാസത്തിൽ സുസ്ഥിരമായി നിലനില്ക്കയും ശ്ലീഹന്മാരിൽനിന്നു പഠിച്ചറിഞ്ഞവകൾ ഏതെല്ലാമെന്നു ആ മെത്രാന്മാരാൽ ഉപദിഷ്ടരാകുകയും ചെയ്തു. വിശ്വാസത്തിൽമാത്രമല്ല അധികാരവിഷയത്തിലും സഭ ഏകമായിരിക്കണമെന്നു ശ്ലീഹന്മാർ അവരുടെ ശിഷ്യരെ മനസ്സിലാക്കിയിരുന്നതിനാലാണു ചില മെത്രാന്മാർ പ്രധാനന്മാരായിതീർന്നതു. ഇതിലേക്കുവേണ്ടിയിരുന്ന നിശ്ചയങ്ങൾ ശ്ലീഹന്മാർ ചെയ്തിട്ടുണ്ടോ

യിരുന്നൊന്നുള്ളതു അനിഷേധ്യവും പിന്നീട്ടുള്ള നടപടികളിൽ നിന്നു പ്രസ്പഷ്ടവുമാകുന്നു. ആദിമശതവത്സരങ്ങളിൽ ഇപ്പോഴത്തെനിലയിൽ ഉള്ള ഒരു ഭരണസമ്പ്രദായം സഭയിൽ ഉണ്ടായിരുന്നില്ലെന്നും അതു യഥാകാലം നിമ്മിതങ്ങളായ കാനോൻ നിയമങ്ങളുടെ പ്രാബല്യംകൊണ്ടു നടപ്പിൽ വന്നിട്ടുള്ളതാണെന്നും ഉള്ളതിൽ അഭിപ്രായവ്യത്യാസം ഇല്ല. എന്നാൽ കാനോൻനിയമ നിമ്മാണം ആദിയായവകളെക്കൊണ്ടു സഭയെ ഒരു വിധത്തിൽ പൂത്തീകരിക്കുവാനുള്ള അധികാരശക്തി ആരംഭാമുതല്ക്കേ സഭയിൽ ഉണ്ടായിരുന്നു എന്നുള്ളതും നിഷേധിച്ചുകൂടാത്ത ഒരു വാസ്തവമാണു മനുഷ്യൻ ജന്മനാസ്വാതന്ത്ര്യമുള്ളവനായിരിക്കയാൽ ഒരു മെത്രാൻ മറ്റൊരു മെത്രാനു കീഴ്പ്പെടണമെങ്കിൽ അതിലേക്കു അദ്ദേഹത്തെ നിബ്ബന്ധിക്കുന്നതിനു ഏതെങ്കിലും കാരണം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണു. ഏകാധികാരവും ഏക വിശ്വാസവുമാണു നമ്മുടെകർത്താവിന്റെനിയമാനുസാരം സഭയിൽ നിരന്തരം ഉണ്ടായിരിക്കേണ്ടത് എന്നു വി. ശ്ലീഹന്മാർ, അവരാൽ നിയുക്തന്മാരായ മെത്രാന്മാരെ പ്രതിഷ്ഠിച്ചിരുന്നതിനാൽ അവരുടെ അവർ വേറൊരു മെത്രാന്റെ ആധീനതയിൽ ഇരിക്കുവാൻ സമ്മതിച്ചതും ഈ സമ്പ്രദായം നടപ്പായതും. നൂറ്റാണ്ടിൽ നിക്യായിൽകൂടിയ മഹാസുന്നഹദോസിന്റെ നടപടിയും അതിൽ മെത്രാന്മാർ വന്നുകൂടിയവിധവും ഇതിനെ ധാരാളം വിശദീകരിക്കുന്നുണ്ടു. ആ സുന്നഹദോസു കൂടുന്നതിനായി പരിശ്രമംചെയ്തതു മഹാനായ കൊസ്റ്റന്റൻറായിൽ ചക്രവത്തിയാണു. അതിൽ സംബന്ധിച്ച മെത്രാന്മാർ റോമാസാമ്രാജ്യത്തിൽപ്പെട്ടവർ മാത്രമായിരുന്നെങ്കിൽ അവർ വന്നുകൂടിയതു ചക്രവത്തിയുടെ അധികാരബലം കൊണ്ടായിരുന്നു എന്നു വിശ്വസിക്കുന്നതിൽ അബദ്ധമുണ്ടാകയില്ലായിരുന്നു. എന്നാൽ ആ കാലഘട്ടത്തിൽ മഹാവിസ്തൃതസാമ്രാജ്യമായിരുന്ന പേഷ്യായിൽനിന്നും പല മെത്രാന്മാർ വന്നു അതിൽ സംബ

സ്ഥിച്ചിരുന്ന എന്നതു ചരിത്രപ്രസിദ്ധമായ ഒരു വാസ്തവമാണു. അവർ എല്ലാവരും ഒരേ അധികാരമുള്ളവരും സമന്മാരും ആയിരുന്നില്ല എന്നുള്ളത് സൂനഹദോസിലെ അവരുടെ അധിഷ്ഠാനക്രമംകൊണ്ടും നിലഭേദംകൊണ്ടും സ്പഷ്ടീകരിക്കുന്നു. മെത്രാന്മാർ, മെത്രാപ്പോലീത്തമാർ, അവരുടെമേൽ അധികാരമുള്ള പ്രധാന മതാദ്ധ്യക്ഷന്മാർ എന്നാ ഒരം വ്യത്യാസങ്ങളെ ആസ്പദമാക്കിയായിരുന്നു അവർ ആസനസ്ഥന്മാർ ആയതു. ഒരം സൂനഹദോസിന്റെ നടപടികളിൽ നമ്മുടെ ഉഷ്ടിക്കു ഒന്നാമതായി എത്തുപെട്ടന്ന സംഗതികൾ അതിലെ പിതാക്കന്മാരുടെ കയ്യൊപ്പുകളുടെകൂട്ടത്തിൽ ഓസിയോസമെത്രാൻ പ്രഥമനായി നാമലേഖനംചെയ്തിരിക്കുന്നതും അദ്ദേഹം റോമാ മേല്പട്ടക്കാരനായ സിൽവസ്റ്റ്രോസ് മാപ്പാപ്പായുടെ നാമത്തിൽ അദ്ധ്യക്ഷംവഹിച്ചതുമാണു. രണ്ടാമത്തെ സംഗതി സൂനഹദോസിലെ പിതാക്കന്മാർ അതിലെ നിർണ്ണയങ്ങളെ അംഗീകരിച്ചു രപ്പിക്കേണമെന്നുള്ള അപേക്ഷയെ ഒരു എഴുത്തുമൂലം സിൽവസ്റ്റ്രോസ് മാപ്പാപ്പായെ ബോധിപ്പിച്ചതാകുന്നു. നിക്യായിലെ ഒരം സൂനഹദോസിൽനിന്നു രണ്ടു സത്യങ്ങൾ വ്യക്തമാകുന്നുണ്ടു. അക്കാലത്തു ലോകത്തിൽ സകലത്തു ഉണ്ടായിരുന്ന മെത്രാന്മാരുടെ വിശ്വാസം പരസ്പര വൈപരീത്യമില്ലാതെ ഒന്നുതന്നെയായിരുന്നു എന്നും അതിനാൽ ഏകവിശ്വാസത്തിൽനിന്നു ഭിന്നിക്കുന്നതായ അറിയൂസിന്റെ മതതത്വങ്ങൾ ശ്ലീഹന്മാർ ഉപദേശിച്ചിട്ടുള്ള വിശ്വാസത്തിനു പ്രതികൂലമായ അഭിനവസിദ്ധാന്തങ്ങൾ ആയിരുന്നെന്നും ഉള്ളതാണു അക്കൂട്ടത്തിൽ ഒന്നാമത്തെതുസത്യം. രണ്ടാമത്തേത് അവർ എല്ലാവരും ഏകാധികാരത്തിൽ ഉൾപ്പെട്ടിരുന്നെന്നും അതിനാലാണു പ്രസ്തുത സൂനഹദോസിൽ അവർ എല്ലാവരും സംബന്ധിച്ചതു എന്നും ഉള്ളതുതന്നെ. മ്ശിഹായുടെ ഏകാധികാരം മെത്രാപ്പോലീത്താമാർവഴിക്കു മെത്രാന്മാരിലും, പ്രധാനമെത്രാപ്പോലീത്താമാർ അ

ഥവാ പാത്രിയക്കീസന്മാർ വഴിക്കു മെത്രാപ്പോലീത്താമാരിലും പാത്രിയക്കീസുമാരുടെ ശിരോലങ്കാരവും ഏകാധികാരത്തിന്റെ കേന്ദ്രസ്ഥാനവുമായ റോമ്മാമേപ്പട്ടക്കാരന്റെവഴിക്കു അവരിലും സ്ഥിതിചെയ്തിരുന്നു. അവർ എല്ലാവരും ഏകാധികാരത്തിന്റെ ഭാഗഭാക്കുകളായിരുന്നതും രാവിധമാണു. ഏകമായ അധികാരവും ഏകവിശ്വാസവും തന്റെ സഭയിൽ ഉണ്ടായിരിക്കണം എന്നു നാ. കർത്താവു നിശ്ചയിക്കയും അതിനെ വിശ്വിഹന്മാർ സുവിശേഷം പ്രചരിപ്പിച്ച നാടുകളിൽ സ്ഥാപിക്കയും ചെയ്തതിനാലാണു ഇവരണ്ടും ശാശ്വതങ്ങളായി തീർന്നതു.

ഇൻഡ്യയിലെ മെത്രാന്മാർ പേർഷ്യാമെത്രാപ്പോലീത്തായായ മാർ യോഹന്നാനു കീഴ്പ്പെട്ടിരിപ്പാൻ ഇടയായതിന്റെ വസ്തുതകൾ വിധമാകുന്നു. ഭാരതീയ മതാദ്ധ്യക്ഷന്മാർ മാർ യോഹന്നാനു എതുവിധം കീഴ്പ്പെട്ടിരുന്നോ, ഏതുപോലെതന്നെ അദ്ദേഹം സെലുക്യാ (Seleucia) യിലെ പ്രധാന മെത്രാപ്പോലീത്തായിക്കും, സെലുക്യാ മെത്രാപ്പോലീത്താ അന്ത്യോക്യായിലെ മേലദ്ധ്യക്ഷനും, അദ്ദേഹം ശ്ലീഹന്മാരുടെ പ്രഭവായ പത്രോസിന്റെ അനന്തരഗാമി എന്ന നിലയിൽ റോമ്മാ മേലദ്ധ്യക്ഷനും പിശപ്പാസു അധികാരം എന്ന സംഗതികളിൽ ഐകൃത്തോടും വഴക്കത്തോടുംകൂടി വർത്തിച്ചിരുന്നു. മാർ യോഹന്നാന്റെ അധികാരസീമയിൽപ്പെട്ട ഭാരതീയ മെത്രാന്മാർ നിക്യാസൂനഹദോസിൽ ഹാജരില്ലായിരുന്നതുകൊണ്ടു അവരാൽ അധികൃതരാക്കപ്പെട്ടിരുന്നതിനാലോ അഥവാ അവളുടെ മേലധ്യക്ഷനു എന്ന നിലയിലോ ആണു അദ്ദേഹം സൂനഹദോസിന്റെ നിയമങ്ങൾക്കു 'വലിയ ഇൻഡ്യയുടെ മെത്രാൻ' എന്നു നാമലേഖനം ചെയ്തതു.

വ. ഇൻഡ്യായുടെ മെത്രാൻ എന്നു നിക്യാ സൂനഹദോസിൽ കയ്യൊപ്പുവച്ച മാർ യോഹന്നാന്റെ അധിവാസസ്ഥാനം

ഏതു എന്നതാണെല്ലാ രണ്ടാമതായി ഇവിടെ അറിയേണ്ടതായിട്ടുള്ളത്. പേഷ്യായുടേയും ഖലിയ ഇൻഡ്യയുടേയും മെത്രാൻ എന്ന അദ്ദേഹത്തിന്റെ ഹസ്താക്ഷരങ്ങളിൽനിന്നും വ്യക്തമാകുന്നതുപോലെ രണ്ടു സാമ്രാജ്യങ്ങൾ തമ്മിൽ തൊട്ടുകിടന്നിരുന്നു എന്നും ഇൻഡ്യയോടു അടുത്തുള്ള പേഷ്യയുടെ സാമന്തപ്രദേശങ്ങളിൽ എവിടെയൊ അദ്ദേഹം നിവസിച്ചിരുന്നു എന്നുമാണു. ഇൻഡ്യയെ പേഷ്യയിൽനിന്നും വിഭജിച്ചിരുന്ന അതിർ സിന്ധുനദി ആയിരുന്നതിനാൽ പേഷ്യാ ആ കാലസന്ധിയിൽ വിസ്തീർണ്ണമായ ഒരു മഹാരാജ്യമായിരുന്നു. അഫ്ഗാനിസ്ഥാനം, ബലൂചിസ്ഥാനം, ബൊക്കാറാ, പേഷ്യാ, മെസോപ്പോറേമിയായുടെ ഒരുഭാഗം, ബാഗ്ദാദ്, ബാബിലോൺ, കുർദിസ്ഥൽ മുതലായി ഇൻഡസ് നദിവരെയുള്ള ആധുനിക രാജ്യവിഭാഗങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നു. (ന്യൂ അഡ്യായം ഇംലക്കം) പേഷ്യായുടെ മെത്രാപ്പോലീത്താ എന്നു അദ്ദേഹം ഒപ്പുവെച്ചിരിക്കുന്നതിൽനിന്നു അദ്ദേഹം സിന്ധുനദിക്കപ്പുറത്തുള്ളതും ഇൻഡ്യയോടുതൊട്ടുകിടക്കുന്നതുമായ പേഷ്യാമഹാരാജ്യത്തിലെ ഒരുഭാഗത്തിന്റെമാത്രം മെത്രാപ്പോലീത്താ ആയിരുന്നു എന്നല്ലാതെ പ്രസ്തുത സർവ്വപ്രദേശങ്ങളുടേയും മെത്രാപ്പോലീത്താആയിരുന്നു എന്നു അനുമാനിക്കേണ്ടതല്ല. സിന്ധുനദിക്കപ്പുറത്തു പേഷ്യാരാജ്യത്തിലെ ക്രിസ്ത്യാനികളുടെ ഭരണകർത്താവായിരുന്നതുകൊണ്ടാണു പേഷ്യാമെത്രാപ്പോലീത്താ എന്നപദത്തെ അദ്ദേഹം സ്വീകരിച്ചതു. പേഷ്യായുടെ അതിരിനെ സംബന്ധിക്കുന്നപോലെ ചരിത്രഭാഗത്തെ അനവധി ഗ്രന്ഥകാരന്മാർ പിൻതാങ്ങുന്നുണ്ടു. ആറാം ശതകത്തിൽ ഇൻഡ്യായെ സന്ദർശിച്ച ദേശസഞ്ചാരിയായ കോസ്മോ എന്നദ്ദേഹം പേഷ്യാ മഹാരാജ്യം സിന്ധുനദിപര്യന്തം എത്തിക്കിടക്കുന്നുവെന്നും ഇൻഡ്യയെ പേഷ്യാസാമ്രാജ്യത്തിൽനിന്നു വേർതിരിക്കുന്നതു അതിർ ചിശോൻ അഥവാ സിന്ധുനദി ആണെന്നും പ്രസ്താവിക്കുന്നു. (8)

സിസുനാദിയോട് തൊട്ടുകിടക്കുന്ന രാജ്യത്തിന്റെ പേഷ്യാ എന്ന പ്രത്യേകനാമം ഉത്ഭവിക്കുവാൻ വേറെയും ചിലകാരണങ്ങൾ ഉണ്ട്. ക്രീ. അബ്ദത്തിന്റെ ഉദ്ദേശം 600 സംവത്സരങ്ങൾക്കുമുമ്പു സാക്കാസ് (Sakas) എന്ന ഒരു ജാതിക്കാർ സിന്ധുമുതലായ രാജ്യങ്ങളെ സ്വാധീനമാക്കുകയും അവരുടെ നേതാക്കന്മാർ സാട്രാഫ് (Satrap) എന്ന പൂർവ്വ പേഷ്യൻകാരുടെ സ്ഥാനപ്പേരോടുകൂടി ആ രാജ്യത്തെ ഭരിക്കയും ഉണ്ടായി. ഇതരവാശജന്മാരായ പേഷ്യാക്കാരും പിൻകാലങ്ങളിൽ പ്രസ്തുത രാജ്യത്തെ കൈവശമാക്കീട്ടുണ്ട്. ഇവരുടെ ഭരണനിമിത്തം ആ രാജ്യത്തിന്റെ സാട്രാഫ് രാജ്യം അഥവാ പേഷ്യാരാജ്യം എന്ന പേർ സിദ്ധിച്ചു. ഇങ്ങനെയാണു ആ സംസ്ഥാനങ്ങൾക്കു പേഷ്യാ എന്ന പ്രത്യേകാഭിധാനം ഉത്ഭവിച്ചതു. മാർ യോഹന്നാൻ നിവസിച്ചിരുന്നതു ഇവിടെയാണു. വി. തോമ്മാശ്ലീഹാ ദക്ഷിണ ഇൻഡ്യയിൽ വരുന്നതിനുമുമ്പായി ആ കാലപരിവർത്തനത്തിൽ പാർത്ഥ്യൻ സാമ്രാജ്യത്തിന്റെ ഒരംശമായിരുന്ന പ്രസ്തുതരാജ്യത്തിൽ ക്രീസ്തുമതത്തെ പ്രസംഗിക്കയും അനവധിജനങ്ങളെ മാനസാന്തരപ്പെടുത്തിയശേഷം അവരെ ആദ്ധ്യാത്മികമായി ഭരിക്കേണ്ടതിനു മേല്പട്ടക്കാരെ നിയമിക്കയും ചെയ്തു. നിക്യാ സൂനഹദോസിന്റെ നിയമങ്ങൾക്കു കയ്യൊപ്പുവച്ചതായി മേൽപറഞ്ഞ മാർ യോഹന്നാൻ പരം വൈദികമേലദ്ധ്യക്ഷന്മാരുടെ പിൻഗാമിയാണു. വി. ശ്ലീഹായുടെ ദക്ഷിണഭാരതത്തിലെ സുവിശേഷപ്രവൃത്തിയെ നിഷേധിക്കുന്ന റേയ് (Rae) മുതലായ ചരിത്രകർത്താക്കൾപോലും പ്രസ്തുതരാജ്യങ്ങളിൽ അദ്ദേഹം മതോപദേശം ചെയ്തു എന്ന വാസ്തവത്തെ സമ്മതിക്കുന്നു.

മാർ യോഹന്നാൻ സാട്രാഫ് എന്നുകൂടി പറയപ്പെട്ടുന്ന പേഷ്യായിൽ ആണു നിവസിച്ചിരുന്നതു എന്നതിനെ തിരുമാനിക്കുന്നതിനു മേല്പറഞ്ഞ തെളിവുകൾകൂടാതെ കൂടുതലായ വേറൊരു ലക്ഷ്യവും ഉണ്ടു. ക്രീ. അബ്ദം 424 മുതൽ 484 വ

രെ നെസ്തോറിയസ് മതവിഭാഗത്തെ തിരിച്ചിരുന്നതിയഡോസിയിസ് പാത്രിയക്കീസ് വിളിച്ചുകൂട്ടിയ സൂനഹദോസിന്റെ ഒരു കാനോനായിൽ: എല്ലാമെത്രാന്മാരും ഏണ്ടേതോറും പാത്രിയക്കീസിന്റെ പക്കൽ വന്നു അവരുടെ അധികാരസീമയിലെ കാര്യങ്ങൾ അദ്ദേഹത്തെ ബോധിപ്പിക്കേണമെന്നും എങ്കിലും പേഷ്യാ, ഇൻഡ്യാ, സമർക്കണ്ടു, ചീനം എന്നാ ദേശങ്ങളിലെ മെത്രാപ്പോലീത്താമാർ എത്രയും ദൂരദേശത്തു സ്ഥിരിചെയ്യുന്നതിനാലും കരമാർഗ്ഗമായും കടൽമാർഗ്ഗമായും വരുന്നതിനു അവക്കു പ്രതിബന്ധങ്ങൾ നേരിടുന്നതിനാലും ആറു സംവത്സരങ്ങളിൽ ഒരിക്കൽ എഴുത്തു വഴിയായി അവർ കാര്യങ്ങൾ അറിയിക്കയും രക്ഷാകരണം അയച്ചുകൊടുക്കയും ചെയ്താൽമതിയെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. (9) പേഷ്യാമെത്രാപ്പോലീത്തായുടെ വാസസ്ഥാനം ജൂലമാർഗ്ഗമായും സ്വാലമാർഗ്ഗമായും ചെന്നെത്തുവാൻ വിഷമതയുള്ള എത്രയും അസന്നിഹിതമായ ഒരു ദേശമാണെന്നും അതു ഇൻഡ്യായെപ്പോലെതന്നെ ദൂരസ്ഥിതം ആകുകയാൽ എന്നും അല്ലാതെ പിന്നെ എന്തോന്നാണാവശ്യം കാനോനാ വിളിച്ചറിയിക്കുന്നതു. അതിനാൽ പ്രസ്തുതനാട്ടു സിന്ധുനദിക്കു സമീപിച്ചു ഭാരതഖണ്ഡത്തോടു തൊട്ടുകിടക്കുന്ന പേഷ്യാരാജ്യമല്ലാതെ വേറൊന്നാണെന്നും വരുവാൻസംഗതിയില്ലെന്നുള്ളതു സന്ദേഹരഹിതമത്രെ.

൯. നാലാംശതവർഷത്തിൽ ഒമെസൊപ്പോട്ടമിയാ പേഷ്യാ മുതലായ രാജ്യങ്ങളിൽനിന്നു ക്നായ് തൊമ്മൻ എന്നൊരു കച്ചവടക്കാരന്റെ നേതൃത്വത്തിൽ സുറിയാനിക്കാരായ ഒട്ടുവളരെ ക്രിസ്ത്യാനികളും പല പട്ടക്കാരും ശെമ്മാശന്മാരും ഒരു മെത്രാനും കേരളത്തിൽ വരുകയും ഈ ക്രിസ്ത്യാനികൾ കേരളീയ ക്രിസ്ത്യാനികളോടു വിവാഹംമൂലം ബന്ധിക്കപ്പെടുകയും ചെയ്തതായി ഏതദ്ദേശീയ ക്രിസ്ത്യാനികളുടെ ഇടയിൽ ദ്രാഢിച്ചുമായി നിലനിൽക്കുന്ന ഒരു പാരമ്പര്യമുണ്ടു. ക്രിസ്താബ്ദം ൫൪൩-ൽ

ആണ ഇവർ ദക്ഷിണഭാരതത്തിൽ എത്തി അധിവാസം ഉറ
പ്പിച്ചത്. കുടിപാർപ്പിനായി വന്ന ക്രിസ്ത്യാനികൾ ഉദ്ദേശം 1000
കുഡുംബക്കാർ ഉണ്ടായിരുന്നെന്നും അവരിൽ 400 കുഡുംബ
ക്കാർ കൊട്ടങ്ങല്ലൂർ പട്ടണത്തിന്റെ വടക്കേത്തരുവിലും ബാ
ക്കി 600 വീട്ടുകാർ തെക്കേത്തരുവിലും പാർത്തു എന്നും പരമ്പ
രയാ പറയപ്പെട്ടുന്നു. ഇവരുടെ വരവിനു ഹേതുവായി പറയുന്ന
തു കേരളത്തിൽ പട്ടക്കാരും മെത്രാനും ഇല്ലാതെയായതിനാ
ൽ ക്രിസ്തുമതം നാശോൻമുഖമായ ഒരവസ്ഥയിൽ എത്തിയിരു
ന്നെന്നും ഈ കാലങ്ങളിൽ കച്ചവടത്തിനായി കൊട്ടങ്ങല്ലൂരിൽ
വന്ന ക്നായ് തൊമ്മൻ 400 വ്യവസ്ഥ അറിഞ്ഞു ഈനാകമ്പ
യോടുകൂടി സെലെയുക്യായിലെ കാസോലിക്കായെ (കാസോലി
ക്കാ, മെത്രാപ്പോലീത്താമാരെ കവിഞ്ഞ ഔന്നത്യത്തോടുകൂടിയ
വനും അധികാരത്തിൽ പാത്രിയക്കീസിനോടു സമനെങ്കിലും
പാത്രിയക്കീസ് എന്ന അഭിധാനം ഇല്ലാത്തതിനാൽ അദ്ദേഹ
ത്തെക്കാൾ താണ ഒരു അവസ്ഥയിൽ സ്ഥിതിചെയ്യുന്നവനും
ആയ ഒരു വൈദിക മേലദ്ധ്യക്ഷനാണു.) വിവരം എല്ലാം ധരി
പ്പിക്കയാൽ അദ്ദേഹം മുമ്പു ഏദേസായുടെ മെത്രാൻ ആയിരു
ന്ന മാർ യൗസേപ്പിനേയും പല വൈദികരേയും ഒട്ടുവളരെ ക്രി
സ്ത്യാനികളേയും കേരളീയ ക്രിസ്ത്യാനികളുടെ സഹായത്തിനാ
യി മൂന്നു കപ്പലുകളിൽ കയറ്റി അയച്ചെന്നും അവരെല്ലാപേരും
സ്വദേശക്രിസ്ത്യാനികളോടുകൂടി സംമിശ്രമായിപ്പോയി എന്നുമാ
ണു അവരുടെ വരവിന്റെ കാരണത്തെപ്പറ്റി വേറൊരുവിധ
പ്രസ്താവമുണ്ടു. ഏതദ്ദേശീയമെത്രാന്റേയും പട്ടക്കാരുടേയും അ
ഭാവനിമിത്തം കേരളത്തിൽ ക്രിസ്തുമതം ക്ഷയോൻമുഖമായ ഒ
രു പതനത്തെ പ്രാപിക്കുവെ, തോമ്മാശ്ലീഹാ ഏദേസായുടെ
മെത്രാനു പ്രത്യക്ഷീഭവിച്ച വസ്തുത അദ്ദേഹത്തെ മനസ്സിലാക്ക
കയാൽ ഒരു ധന്യൻ അന്ത്യോക്യാപാത്രിയക്കീസിനെകായ്ം അ
റിയിക്കയും പാത്രിയക്കീസിന്റെ ആജ്ഞാനുസാരം പ്രസ്തുതമെ

ത്രാനും പല വൈദികരും ഒരുവളരെ ജനങ്ങളും കേരളത്തിൽ എത്തി താമസിക്കയും സ്വദേശികളും വിദേശികളുമായ ക്രിസ്ത്യാനികൾ പരസ്പരവിവാഹവഴിയായി ഏക ജനമായിതീരുകയും ചെയ്ത എന്നാണു പാരമ്പരാവൃത്താന്തത്തിന്റെ ഒരു പ്രകാരഭേദം.

പദങ്ങളിൽ പ്രകൃതിപ്രത്യയങ്ങൾ എന്നപോലെ പ്രസ്തുത പാരമ്പര്യത്തിൽ അതിന്റെ മൂലരൂപവും വർണ്ണനാഭേദവും ഇങ്ങനെ രണ്ടുകാര്യങ്ങൾ വ്യത്യാസപ്പെടുത്തേണ്ടവയായിട്ടുണ്ടു്. ഓരോ എഴുത്തുകാർ അവരുടെ ഹിതത്തേയും അഭിരുചിയേയും അനുസരിച്ചു ഒരു പാരമ്പരാവൃത്താന്തത്തെ വർണ്ണിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യങ്ങളെക്കൊണ്ടു അതിനെ ആദരിക്കുവാൻ അവർക്കു സാദ്ധ്യമായിട്ടില്ല. ഒരു പാരമ്പര്യത്തിന്റെ മൂലം എന്നുവച്ചാൽ സുറിയാനിക്കാരായ ഒട്ടധികം ആളുകൾ എ.ഡി. ൪-ാംനൂറ്റാണ്ടിൽ കേരളത്തിലുംമറ്റും എത്തി പാത്രസംഗതി ബലവത്തരങ്ങളായ അനേകം ലക്ഷ്യങ്ങളാലും തെളിവുകളാലും ഉദ്ധാരണംചെയ്യപ്പെട്ടുന്ന ഒരു യാഥാർത്ഥ്യമാണു. മെത്രാനും പട്ടക്കാരും ഇല്ലാതിരുന്നതിനാൽ കേരളീയ ക്രിസ്തുസഭ ശിഥിലാവസ്ഥയെ പ്രാപിച്ചിരുന്നെന്നുംമറ്റും ഉള്ള വർണ്ണനാഭേദങ്ങൾ ലക്ഷ്യങ്ങളാലും ദൃഷ്ടാന്തങ്ങളാലും സാധൂകരിക്കപ്പെടാതിരിക്കുന്നു എന്നുമാത്രമല്ലാ എല്ലാവക രേഖകൾക്കും തെളിവുകൾക്കും വിരോധമായുംനില്ക്കുന്നു. ഇതിനെ വിശദീകരിക്കുന്ന ന്യായങ്ങളിൽചിലതിനേമാത്രം ഇവിടെ സംക്ഷേപിച്ചു കാണിക്കാം.

(ക). മൂന്നാം നൂറ്റാണ്ടിൽ കേരളീയസഭയിൽ മെത്രാന്മാരും വൈദികരുമുണ്ടായിരുന്നെന്നും തരിസാപ്പള്ളിക്കും അതിൽ സംബന്ധിച്ചിരുന്ന ക്രിസ്ത്യാനികൾക്കും പല അവകാശങ്ങളും അനുഭവങ്ങളും ആ കാലത്തിലെ ചക്രവർത്തിയുടെ അനുമതിയോടുകൂടി സബരീശോമെത്രാൻ കൊടുത്തു എന്നും അദ്ദേഹത്തിന്റെ പുരോഗാമികളായി ഇവിടെ മെത്രാന്മാർ ഉണ്ടായിരുന്നു

നും മറ്റും ഠരം അദ്ധ്യായത്തിന്റെ മുൻലക്കങ്ങളിൽ വിവരിച്ചിട്ടു ള്ളവയെ ഇതിലേക്കു ഒന്നാമതായി ലക്ഷ്യമാണ്.

(ക) കൂടാതെ ഭാരതീയ ക്രിസ്ത്യാനികൾക്കു എബ്രേസാമുതലായ ദേശങ്ങളിലെ ക്രിസ്ത്യാനികളോടു കൂട്ടുകെട്ടുണ്ടായിരുന്നെന്നും തൻമൂലം ആ സ്ഥലങ്ങളിൽനിന്നു ക്രിസ്ത്യാനികൾ മൂന്നാം ശതാബ്ദത്തിൽ കേരളത്തിൽ വരുക പതിവായിരുന്നതിനാൽ അവർ തോമ്മാശ്ലീഹായുടെ വിശ്രുതാവശിഷ്ടഭാഗത്തെ മൈലാപ്പൂരിൽനിന്നും എബ്രേസായിലേക്കു കൊണ്ടുപോയെന്നും പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു.

(ന). ക്നായ്തൊമ്മൻ മലയാളത്തിൽ വരുന്നതിനു 400 വർഷംമുമ്പു ഇൻഡ്യയുടെ സാമന്തപ്രദേശത്തിൽ (അഥവാ ആധുനിക ദേശവിഭാഗമനുസരിച്ചു വടക്കെ ഇൻഡ്യയിൽ) പേഷ്വാമെത്രാപ്പോലീത്താ നിവസിച്ചിരുന്നെന്നും അദ്ദേഹം നിക്യാസുനഹദോസിൽ സന്നിഹിതനാകയും ഭാരതസഭയുടെ പ്രാതിനിദ്ധ്യത്തിൽ അതിലെ നിയമങ്ങൾക്കു ഒപ്പുവയ്ക്കയുംചെയ്തു എന്നും മേൽവിവരിച്ചിട്ടുണ്ടു.

(ഘ). മാത്രമല്ല, ഭാരതീയസഭ അക്കാലത്തു ആശാസ്യമായ ഒരു അവസ്ഥയിൽ സ്ഥിതിചെയ്തിരുന്നു എന്നും വി. തോമ്മാശ്ലീഹാ നിരവധി അത്ഭുതങ്ങളെ ഇൻഡ്യയിൽ പ്രവർത്തിച്ചിരുന്നെന്നും ആ സിദ്ധന്റെ തിരുനാളിനെ ഭാരതീയക്രിസ്ത്യാനികൾ ഉത്സവമായി കൊണ്ടാടിയിരുന്നെന്നും നാലാം ശതവത്സരമദ്ധ്യത്തിൽ എബ്രേസായിൽ ഉദ്ഘോഷിച്ചിരുന്ന വി. അപ്രേം (അ. ഭ. ഠ 4.) സമർത്ഥിക്കുന്നു. ആകയാൽ ക്നായ്തൊമ്മനും അനുയായികളും നാലാം ശതാബ്ദത്തിൽ ദക്ഷിണ ഇൻഡ്യയിൽവന്നതു അവിടെ ക്രൈസ്തവികഗണം ഇല്ലാഞ്ഞതിനാൽ ഒരു ന്യൂനപക്ഷഭാഗം വിശ്വാസനീയമല്ല.

ഫാ. ക്നായ്തൊമ്മന്റെ ആഗമനകാലത്തു കേരളത്തിൽ ക്രൈസ്തവർ ഉണ്ടായിരിക്കയും ഭാരതീയസഭ ശ്രേയസ്സുരമായ ഒ

ര പദത്തിൽ ഇരിക്കയും ചെയ്തിരുന്ന എന്നു മേൽപ്രസ്താവിച്ചിരിക്കയാൽ അദ്ദേഹത്തിന്റെയും അനുയായികളുടേയും വരവിന്റെ യഥാർത്ഥ കാരണമോ ആവശ്യവിജ്ഞേയമായി ഇനിഇവിടെ ശേഷിച്ചിരിക്കുന്നതു. അതീതകാലങ്ങളിൽ വിദേശീയരായ ചില സുറിയാനിക്കാർ ഇവിടെ വന്നതുപോലെതന്നെ കച്ചവടസൌകര്യത്തെ മോഹിച്ചും ആ കാലഘട്ടത്തിൽ പേഷ്യാസാമ്രാജ്യത്തിൽ നടന്നുപ്പെട്ടിരുന്ന അതിഘോരമായ മതപീഡനം ഹേതുവായും ആണ ഒരു കൂടിയേറ്റവും ഉണ്ടായിട്ടുള്ളതു്. ക്രീസ്താബ്ദം നാലാം മുതൽ നവ്വാ വരെ പേഷ്യാസാമ്രാജ്യത്തെ ഭരിച്ചിരുന്ന സാപ്പോർ ദ്വിതീയൻ മതവൃത്തസ്തരെയെ ആസ്പദീകരിച്ച ക്രിസ്ത്യാനികളെ ഘോരമായി പീഡിപ്പിച്ചു. ഒരു ഭയങ്കര മതപീഡനത്തിന്റെകാലത്തു മെത്രാന്മാരും വൈദികന്മാരും അനേക സഹസ്രം സ്ത്രീപുരുഷന്മാരും മ്ശിഹായുടെ സത്യവേദത്തെപ്രതി കൊല്ലപ്പെട്ടു. എന്നു സഭാചരിത്രകർത്താക്കന്മാർ എകകണ്ഠമായി സാക്ഷിക്കുന്നു. ക്നായ്തൊമ്മന്റേയും സഹചരന്മാരുടേയും പ്രസ്ഥാനം ഒരു ഘട്ടത്തിലാണ. ക്നായ്തൊമ്മനാവട്ടെ, എല്ലാവരാലും സമ്മതിക്കപ്പെട്ടതുപോലെ, ഒരു വ്യക്തപ്രധാനനും കൊടുങ്ങല്ലൂർ അന്ന ഇൻഡ്യയിലെ ഏറ്റവും പ്രസിദ്ധിയുള്ള കച്ചവടസ്ഥലവും ആയിരുന്നു. ഒരു പട്ടണത്തിൽ വാണിജ്യവൃത്തിക്കു ഉണ്ടായിരുന്ന സൌകര്യം ഹേതുവായിട്ടു ഫ്ലീഷ്യ, സിറിയാ, അറേബിയാ മുതലായ രാജ്യങ്ങളിൽനിന്നുകൂടിയും പലപ്രാവശ്യം കച്ചവടത്തിനായി ഇവിടെ വരുകയും പോവുകയും സാധാരണയായിരുന്നു. അവരിൽ ചിലർ നിത്യവാസവും ഇവിടെതന്നെ ഉറപ്പിച്ചു. ഒരു സംഗതി സംബന്ധിച്ചു മേൽ പലലക്കങ്ങളിൽ പ്രതിപാദിച്ചുകഴിഞ്ഞിരിക്കയാൽ ഇവിടെ അവയെ ആവർത്തിക്കേണമെന്നുദ്ദേശമില്ല. മേൽപറഞ്ഞ വേദഗ്രന്ഥകർത്തൃത്വത്തിന്റെ കാലത്തു പേഷ്യാസാമ്രാജ്യത്തിൽനിന്നു ജനങ്ങൾ കേരളത്തിൽവന്നു കുടിപാർത്തതുപോലെ പ

ലർ സിലോൺമുതലായ ദേശങ്ങളിൽ എത്തി അവിടേയും സ്ഥിരവാസം ഉറപ്പിക്കയുണ്ടായിട്ടുണ്ട്. ആറാം ശതവത്സരാരംഭത്തിൽ ഇൻഡ്യാ, സിലോൺ മുതലായ പൌരസ്ത്യ ദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച കോസ്മാ സിലോണിൽ സ്ഥിരവാസികളായ പേഷ്യൻ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായും സൊകൊറ്റാ (Socotra) ദ്വീപത്തിൽ പേഷ്യായിൽനിന്നു ക്രിസ്ത്യാനികൾ വന്നു നിവസിച്ചിരുന്നതായും പ്രസ്താവിക്കുന്നു. (10) പ്രസ്തുത ക്രിസ്ത്യാനികൾ മുമ്പേതന്നെ അവിടെ സ്ഥിരവാസം ഉറപ്പിച്ചിരുന്നവർ ആയിരുന്നു എന്നാണു കോസ്മായുടെ ഗ്രന്ഥം സാക്ഷ്യത്തിൽനിന്നു തെളിയുന്നതു. ആകയാൽ ഇവർ നാലാം നൂറ്റാണ്ടിൽ പേഷ്യായിൽനിന്നു മതപീഡനം ഹേതുവായിട്ടു പുറപ്പെട്ടു മേൽപറഞ്ഞ ദേശങ്ങളിൽ വന്നുതാമസിച്ചവരുടെ സന്താനങ്ങൾ ആകുന്നു എന്നല്ലാതെ മറ്റുവിധത്തിൽ കരുതുവാൻ മാർഗ്ഗമില്ല. വൈദികരുടെ അഭാവംനിമിത്തം ശൂന്യാവസ്ഥയെ പ്രാപിച്ചിരുന്ന കേരളീയസഭയെ പുലർത്തുമാറുമാത്രം ആണു വിദേശസൂറിയാനിക്കാർ ദക്ഷിണ ഇൻഡ്യയിൽ വന്നതു എന്നു പറയുന്നഭാഗംതന്നെ ഞങ്ങളുടെ മേൽപറഞ്ഞ അനുമാനത്തെ ബലമായി പിൻതാങ്ങുന്നു. എങ്ങനെ എന്നാൽ പട്ടക്കാരുടെ കുറവിനെ പരിഹരിക്കുന്നതിനു പട്ടക്കാർമാത്രം വേണമെന്നല്ലാതെ ഒരുവലിയ ജനസഞ്ചയം വന്നുകൂടിയേറേണ്ട ആവശ്യകത ഇല്ല. ജനങ്ങളുടെ ഈ ആഗമനം കേരളീയസഭാപോഷണത്തിൽ നിന്നു വ്യത്യസ്തമായ ഒരുദ്ദേശത്തെയാണു ലക്ഷീകരിക്കുന്നതു. അതു പേഷ്യായിലെ മതപീഡനത്തിൽനിന്നുള്ള വിമുക്തിയും കേരളത്തിലെ കച്ചവടസൌകര്യവും ആണെന്നാണു മേൽ നാം അനുമാനിച്ചിട്ടുള്ളതു.

കൂടിപുറപ്പെട്ട ജനങ്ങളുടെ സംഖ്യ അധികമായിരുന്നതുകൊണ്ടും അവർ ദൂരസ്ഥലങ്ങളായ വിദേശങ്ങളിൽ വാസംഉറപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നതിനാലും ആണു ഇവരുടെ ഒരുമിച്ച് ച

ല വൈദികരും ഉണ്ടായിരിപ്പാൻ ഇടയായ്തു. ഇത്രവലുതായ ഒരു ജനക്രൂട്ടത്തിനു വൈദികന്മാരെക്കൊണ്ടുള്ള ആവശ്യം ഒഴിച്ചുകൂടാത്തതാണെന്നു ആരും സമ്മതിക്കും. യാത്രചെയ്യുന്നതിൽ അക്കാലത്തുണ്ടായിരുന്ന അസൌകര്യങ്ങളെ ആലോചിച്ചാൽ അവക്കു കേരളത്തിൽ വന്നുചേരുന്നതിനു ഒരു മാസക്കാലത്തിലധികം സമയം വേണ്ടിയിരുന്നു. അന്യദേശവാസത്തിനായി പുറപ്പെട്ട ഇവർ ഒരു വലിയ ജനക്രൂട്ടമായിരുന്നതും അവരൊരുമിച്ചു വൈദികന്മാരുണ്ടായിരുന്നതും തന്നെയാണു എദേസായുടെസ്ഥാനം ഒഴിഞ്ഞ മെത്രാനായ മാർ യൌസേപ്പിനെക്രൂടി അവരോടൊരുമിച്ചു കൊണ്ടുപോരുവാൻ ആ ജനങ്ങളെ ഉത്സാഹിപ്പിച്ചകാരണങ്ങളിൽ ഒന്നു. ഇതിനുമുമ്പായി ചില ക്രിസ്ത്യാനികൾ ആ ദിക്കുകളിൽനിന്നു ഇവിടെ എത്തി താമസിച്ചിട്ടുണ്ടെങ്കിലും അവർ സംഖ്യയിൽ കുറവായിരുന്നതിനാൽ വൈദികന്മാരുടെ അന്യയാത്ര അവക്കു ആവശ്യപ്പെട്ടിട്ടില്ല. ഇപ്പോഴാവട്ടെ ഇരുതരങ്ങളായ കാരണങ്ങൾനിമിത്തം കുടിപാർപ്പുകാരോടുകൂടി വൈദികരും വരാൻ ഇടയായതാണു. അക്കാലത്തും അതിൽപിന്നെയും ഇൻഡ്യാസഭ പേഷ്യാമെത്രാപ്പോലീത്തായുടെ അധീനയായിരുന്നു എന്നാണു ചരിത്രം നമ്മെ അറിയിക്കുന്നത്. ഉരം സ്ഥിതിക്കു പ്രസ്തുതക്രിസ്ത്യാനികളും വൈദികന്മാരും മലങ്കര സഭാഭരണം കയ്യേൽക്കുന്നതിനായി വന്നവരായിരുന്നെങ്കിൽ പേഷ്യാമെത്രാപ്പോലീത്താ വഴിക്കായിരുന്നു ഇവിടേക്കുവരേണ്ടിയിരുന്നത്. എന്നാൽ ഇവരുടെ വരവു ആ വഴിക്കല്ലാത്തതിനാൽ കേവലം കുടിപാർപ്പിനായിട്ടെന്നല്ലാതെ സഭാദ്ധ്യക്ഷ്യസ്ഥാനാരത്തിനായിട്ടല്ലെന്നു ഒരിക്കൽകൂടി തീച്ചയാക്കുന്നതിൽ അപാകതയുണ്ടായിരിക്കയില്ല.

ഫാ. ക്നായ് തൊമ്മനും വിദേശക്രിസ്ത്യാനികളും കേരളത്തിൽ വന്ന കാലത്തിനു ശോവാല എന്നാണു നാട്ടിൽ പരമ്പരയാ പറഞ്ഞുവരുന്നതു. ശോവാല എന്നതു അക്ഷരകണക്കും

അതിനാൽ നിർദ്ദേശിക്കപ്പെട്ടന്ന സംഖ്യ ന.ഴ.ടി—ം ആണ്. മേ
രമൻപെരുമാൾ ഒരു പള്ളിയും പട്ടണവും സ്ഥാപിക്കേണ്ട
ആവശ്യത്തിലേക്കായി ആനക്കോലാൽ ഏ.ഴ.ഴ കോൽ ഭൂമി ക്
നായ്തൊമ്മനു കൊടുത്തു എന്നും പാരമ്പര്യമുണ്ട്. ഒരു സ്ഥ
ലം മഹോദേവർപട്ടണത്തിന്റെ ഒരംശവും അതോടുതൊട്ടുകി
ടക്കുന്ന പ്രദേശവും ആയിരുന്നു എന്നല്ലാതെ മഹോദേവർ പ
ട്ടണംതന്നെയാണു എന്നു അനുമാനിക്കുന്നതിനു യാതൊരുവഴി
യും കാണുന്നില്ല. എന്തെന്നാൽ മേൽ ഴ—ാം അദ്ധ്യായത്തിൽ
സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുപോലെ മഹാദേവർപട്ടണം
മെത്രാന്റെ അധിവാസഭൂമിയും 'മണിഗ്രാമം' വീരരാഘവച
ക്രവർത്തിയാൽ അതിനു നൽകപ്പെട്ട ഉപപദവും ആകുന്നു. ക്
നായ്തൊമ്മൻ തനിക്കു ലഭിച്ച ഭൂസ്ഥലത്തു വിശേഷാൽ
ഒരു പള്ളിയും സ്വന്ത ഭവനവും മറുപല വീടുകളും പണിയി
ച്ചു ഒരുപട്ടണമായി അതിനെ രൂപാന്തരപ്പെടുത്തി, മഹോ
ദേവർ പട്ടണത്തോടു സംയോജിപ്പിച്ചു. (11) അദ്ദേഹത്തിനും
അദ്ദേഹംവഴിയായി സകല നസ്രാണികൾക്കും പല സ്ഥാനപ
ദവികളും അവകാശങ്ങളും ലക്ഷ്യീകരിക്കുന്ന ചെമ്പേടും കൊടുക്കപ്പെ
ട്ടു എന്നുകൂടി പാരമ്പര്യം വർത്തമാനമുണ്ട്. ഒരു സ്ഥാനാപദവിക
ൾ ഒക്കയും ഏതദ്ദേശീയരായ നസ്രാണികൾക്കു പെരുമാൾ മു
മ്പേതന്നെ കൊടുത്തിരുന്നതായി മുൻലക്കങ്ങളിൽ നാം പ്രസ്താ
വിച്ചുവതന്നെയാണു. എങ്കിലും നാട്ടുക്രിസ്ത്യാനികൾക്കു ഉണ്ടാ
യിരുന്ന സ്ഥാനപദവികളും ചെമ്പേടും, അദ്ദേഹംവഴിയായി
പാരദേശികന്മാർക്കു സിദ്ധിച്ചതുകൊണ്ടും ഒരുരണ്ടു പക്ഷപ്പകാരും
അന്യോന്യം സങ്കരീഭവിച്ച പിന്നീടു ഏക ജനക്കൂട്ടമായി തീ
ന്നതുകൊണ്ടും ക്നായ്തൊമ്മൻ സകല ക്രിസ്ത്യാനികൾക്കും
വേണ്ടി ചെമ്പേടും മാന്യ പദങ്ങളും വാങ്ങിച്ചു എന്ന ഒരുവർത്ത
മാനം പരമ്പരയാ നില നില്ക്കുന്നതിനു ഹേതുവായി.

ഈ വലിയ ധനവാനും വർത്തകന്മാരിൽ മുഖ്യനും ദേശാ

നാരാധിവാസികളായ ആ ജനക്കൂട്ടത്തിന്റെ തൊട്ടുകൂടിയും ആയിരുന്ന ക്നായ്തൊമ്മൻ സമകാലീനനായ ചേരമാൻ പെരുമാളിനു വളരെ ദ്രവ്യങ്ങളെ തിരുമുല്പാഴ്ച വച്ചുകൊണ്ടു മേൽവിവരിച്ച രാജകീയപദവികളെ ലഭിച്ചശേഷം തന്റെ അനുചരന്മാർക്കായി മഹാദേവർ പട്ടണത്തിന്റെ വടക്കെ പന്തിയിൽ ൫൦—ം തെക്കേപന്തിയിൽ ൭൨—ം വീടുകളെ പണിയിച്ചു. സുറിയാനിക്കാർക്കു വടക്കുംഭാഗക്കാർ എന്നും തെക്കും ഭാഗക്കാർ എന്നും പൊതുവിൽ പറഞ്ഞുവരാറുള്ള പേർ ഇവിടെനിന്നാണു ഉത്ഭവിച്ചിട്ടുള്ളതു്. തെക്കുംഭാഗക്കാർ (മൂവാറ്റുപുഴമുതൽ റാന്നിവരെ) ചുരുക്കം ചില സ്ഥലങ്ങളിൽമാത്രം ഇടകലന്നു വസിക്കുന്നതും സംഖ്യയിൽ നന്നാ കുറഞ്ഞതുമായ ഒരു ജനക്കൂട്ടമാണു. ഇവരെഒഴിച്ചു കേരളത്തിൽ നിവസിക്കുന്ന സകല നസ്രാണികൾക്കും വടക്കുംഭാഗക്കാർ എന്നാണു അഭിധാനം. ഇതിനുള്ള കാരണം എന്താണെന്നു അന്വേഷിക്കുന്ന ആളുകൾ തുലോം ചുരുങ്ങും. കുടിയേറിയ പരദേശസുറിയാനിക്കാരിൽ പ്രധാനികളായ എല്ലാവരും വടക്കെപന്തിയിൽ ൫൦ വീടുകളിലായും ശേഷിച്ചവർ തെക്കേപന്തിയിൽ ൭൨ വീടുകളിലായും പാർത്തു. കേരളത്തിന്റെ നാനാഭാഗങ്ങളിലായി നിവസിച്ചിരുന്ന സ്വദേശക്രിസ്ത്യാനികൾ വടക്കേപന്തിയിൽ അധിവാസം ഉറപ്പിച്ച വിദേശസുറിയാനിക്കാരോടു ബാന്ധവം സ്വീകരിച്ചു പരസ്പരം സമ്മിശ്രമായി ഭവിക്കയാൽ അവർക്കു വടക്കുംഭാഗർ അഥവാ വടക്കേപന്തിയിൽ പാർത്തിരുന്നവരോടുകൂടികലന്നവർ എന്നുപേർ ഉത്ഭവിച്ചു. തെക്കുംഭാഗക്കാരെ ഒഴിച്ചുള്ള സകല നാട്ടുക്രിസ്ത്യാനികൾക്കും അദ്യാപി ൦രം പേർ പറഞ്ഞുവരുന്നു. മഹാദേവർ പട്ടണത്തിന്റെ തെക്കേപന്തിയിൽ പാർത്തിരുന്നവരും കൂടികലന്നവർതന്നെ. തെക്കുംഭാഗക്കാർ എന്ന അഭിധാനത്തിൽ ഇക്കാലത്തു അറിയപ്പെട്ടുന്നവർ അവരിൽ ചുരുങ്ങിയ ഒരുഭാഗംമാത്രമാണു. നാട്ടുക്രിസ്ത്യാനികളോടു വിദേ

ശികൾ കൂടികലർന്നുപോയി എന്നുള്ളതിനെ ലക്ഷീകരിക്കുന്നതിന്ന ബലമേറിയ രേഖകൾ ഉണ്ട്. അവകളിൽ ചിലതിനെമാത്രം ഇവിടെ ഉദ്ധരിക്കാം.

(ക) പരദേശസുറിയാനിക്കാർ ഇവിടെ വന്നപ്പോൾ അവരോട് ഒരുമിച്ച് വൈദികന്മാരും ഉണ്ടായിരുന്നതായി മേൽ വിവരിച്ചിട്ടുണ്ടല്ലൊ. വിദേശികൾ കൂടികലരാതെ നില്പുണ്ടെങ്കിൽ അവരിൽ അന്നുമുതൽ പട്ടക്കാരും ഉണ്ടാകേണ്ടിയിരുന്നു. മലങ്കര സഭാസ്ഥാപകനായ വി. തോമ്മാശ്ലീഹായുടെകാലംതുടങ്ങി ഇന്നുവരെ സ്വദേശ ക്രിസ്ത്യാനികളുടെ പലകുടുംബങ്ങളിലും പട്ടക്കാർ ഉണ്ടായിരിക്കുന്നതായി മേൽ (അദ്ധ്യായം ക,ഖ) പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓർമ്മിക്കുന്നുണ്ടല്ലൊ. എന്നാൽ അങ്ങനെ ചൂണ്ടികാണിപ്പാൻതക്കതായി വിദേശികളുടെ ഏകകുടുംബംപോലും ഉള്ളതായി ഇതേവരെ അറിയപ്പെടാതിരിക്കുന്നതു അവരിൽ കലച്ചകൂടാതെ ശേഷിച്ചവർ ഇല്ലായ്കകൊണ്ടല്ലാതെ മറെറന്തുകൊണ്ടാണു?.

(ഖ) വിദേശക്രിസ്ത്യാനികൾ സ്വദേശികളോട് സമ്മിശ്രമാകാതെ തനിയെ നിന്നിരുന്നു എങ്കിൽ കേരളത്തിലെ നസ്രാണികൾ ദിഗ്വിജയാത്രകഴിച്ച് പരദേശത്തുനിന്നു മെത്രാന്മാരെ എല്ലാകാലത്തും ഇവിടെ കൊണ്ടുവരേണ്ട ആവശ്യം നേരിട്ടുന്നതല്ലായിരുന്നു. എന്തെന്നാൽ പരദേശത്തുകാരായ സുറിയാനിക്കാർതന്നെ സ്വന്ത വൈദികന്മാരോടുകൂടെ കേരളത്തിൽ എല്ലാകാലത്തും നിവസിച്ചിരുന്നതിനാൽ അവരോടൊരുമിച്ച ആട്ടും വന്നിറങ്ങിയ മാർ യെഹേസ്കു അനന്തിരഗാമിയായി തന്റെ സ്വദേശികളിൽനിന്നു ഒരുത്തനെ സ്ഥാനാഭിഷേകംചെയ്യുന്നതിനും ഒരു വിധത്തിൽ അവരിൽനിന്നുതന്നെ മെത്രാന്മാർതുടരെ ഉണ്ടാകുന്നതിനും സംഗതിയായേനെ.

(ഗ) ഒമ്പതാം ശതവർഷത്തിൽ സാബോർ, പ്രോത്ത് എന്ന മെത്രാന്മാരുടെ ഒരുമിച്ച വിദേശ സുറിയാനിക്കാരുടെ ഒരു

കൂട്ടം കൊല്ലത്തു വന്നിറങ്ങിയെന്നും അവർ നാട്ടുക്രിസ്ത്യാനികളോടു സമ്മിശ്രപ്പെട്ടുപോയെന്നും ഉള്ള ഒരു പാരമ്പര്യം കേരളത്തിലെ നസ്രാണികളുടെ ഇടയിൽ ഇന്നും നിലനില്ക്കുന്നുണ്ടു. ഒരു പരമ്പരാവൃത്താന്തത്തെ സൂക്ഷ്മദൃഷ്ട്യാപരിശോധിച്ചിട്ടുള്ള ചരിത്രകാരന്മാർ എല്ലാവരും ഒരുപോലെ ഇതിനെ സമ്മതിച്ച് രേഖപ്പെടുത്തീട്ടുള്ളതാണു. എ.ഡി. 8—ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ സുറിയാനിക്കാർ നാട്ടിലെ ക്രിസ്ത്യാനികളോടു കലരാതെ വർത്തിച്ചിരുന്നു എങ്കിൽ കൊല്ലത്തു വന്നിറങ്ങിയവർ ഇവരുടെ ബന്ധുക്കൾ ആയിതീരുന്നതല്ലാതെ നാട്ടിലെ ജനങ്ങളോടു സങ്കരീഭവിക്കുന്നതിനു യാതൊരു വിധേനയും ഇടയുള്ളതല്ലെന്നു സുബുദ്ധിയുള്ള ആരും സമ്മതിക്കും.

(ര) ഒരു സംഗതിയിൽ കോസ്മാ നിഷേധിച്ചുകൂടാത്ത ഒരു സാക്ഷിയാണു. ഇദ്ദേഹം ആറാം നൂറ്റാണ്ടിൽ ഇൻഡ്യാ സിലോൺ മുതലായ ദേശങ്ങളിൽ സഞ്ചരിക്കയും തന്റെ ദൃഷ്ടിയിൽപെട്ട സകല സംഗതികളും സ്വന്ത കൃതിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. സിലോനിലെ കാര്യങ്ങളെപ്പറ്റി അദ്ദേഹം പറയുകയിൽ അവിടെ ക്രിസ്ത്യാനികൾ ഉണ്ടെന്നുള്ള പൊതുവാചകത്തിനും പുറമെ 'പേഷ്യൻകാരായ ക്രിസ്ത്യാനികളുടെ ഒരു സമൂഹമുണ്ടു' എന്നു പ്രത്യേകിച്ചും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ മലയാളത്തെക്കുറിച്ചു 'കുരുമുളകു വിളയുന്ന 'മാലെ'യിൽ (അതായതു മലയാളത്തു) ഒരു സഭയുണ്ടു' എന്നമാത്രമാണു അദ്ദേഹം രേഖപ്പെടുത്തുന്നതു. സിലോനിൽ 'പേഷ്യൻകാരായ ക്രിസ്ത്യാനികളുണ്ടു' എന്നു വ്യക്തമായി പറയുന്ന കോസ്മാ, അതുപോലെ പേഷ്യൻ ക്രിസ്ത്യാനികളുടെ ഒരു കൂട്ടം മലയാളത്തിൽ അവിടത്തെ ജനങ്ങളോടു യാതൊരു മിശ്രതയുംകൂടാതെ അക്കാലത്തു നിവസിച്ചിരുന്നതായി കണ്ടില്ലെന്നും അതിനാൽ ആണു തന്റെ ഗ്രന്ഥത്തിൽ അതിനെപ്പറ്റിയാതൊന്നും പറയാതിരുന്നതെന്നും നിസ്സംശയം തീരുമാനിക്കാവുന്നതാണു. കോ

സ്വാ സഞ്ചരിച്ച സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ദൃഷ്ടിക്കു ഗോ
ചരീഭവിച്ച സകല സംഗതികളേയും സപ്രമാണകൃതിയിൽ പ്രസ്താ
വിച്ചിട്ടുണ്ട്. കല്യാണിയിൽ പേഷ്വായിൽനിന്നു അയക്കപ്പെട്ടുന്ന
ഒരു മെത്രാനും സൊക്കോറ്റ്റായിൽ പേഷ്വയിൽനിന്നു നി
യോഗിക്കപ്പെട്ടുന്ന വൈദികന്മാരും സീലോൻദ്വീപത്തിൽ പേ
ഷ്വായിൽനിന്നു കൂടിയേറി പാക്കുന്ന ക്രിസ്ത്യാനികളും വൈദിക
ന്മാരും ഉണ്ടെന്നു വ്യക്തമായി പ്രസ്താവിക്കുന്നു കോസ്മാ മലയാ
ളത്തെക്കുറിച്ചു പറകയിൽ അവിടെ ക്രിസ്ത്യാനികളുടെ 'ഒരു സ
ഭയുണ്ടു' എന്നുമാത്രമാണു പറയുന്നതു. (12) ആകയാൽ കോ
സ്മായുടെ ഒരു പ്രസ്താവനയെ മേൽപറഞ്ഞ അനുമാനത്തെ ഉപ
രിയായി ബലപ്പെടുത്തുന്ന രേഖാമൂലമായ ഒരു ലക്ഷ്യമാകുന്നു.

മേൽ കാണിച്ച തെളിവുകൾ എല്ലാം നമ്മെ വിളിച്ചറിയി
ക്കുന്നതു, പരദേശക്രിസ്ത്യാനികൾ നാട്ടുക്രിസ്ത്യാനികളോടു സ
മ്മേളിച്ചു ഏകജനസമൂഹമായിപ്പോയി എന്നുള്ള സംഗതി അനി
ഷേധ്യമായ ഒരു ചരിത്രസംഭവമാകുന്നു എന്നാണു. ഒരു കലഹം
മൂലം നാട്ടുമെത്രാന്മാരുടെ പരമ്പര അവസാനിച്ചുപോകുവാ
നും തൽസ്ഥാനത്തു വിദേശമെത്രാന്മാർ മലങ്കര സഭയിന്മേൽ
ആധിപത്യം പ്രാപിപ്പാനും സംഗതിയായി. ഇതു ഭാരതീയ സ
ഭയ്ക്കു ഗുണത്തേക്കാൾ അധികം ദോഷഫലത്തെയാണു ഉളവാ
കിയതു എന്നു തീർച്ചയായി പറയാം. വിദേശികളും സ്വദേശി
കളും ഒരുമിച്ചു ഏകജനസമൂഹമായി തീർന്നതിനാൽ സ്വദേ
ശമെത്രാന്മാർ വേണ്ടാ എന്നു ഇരുപക്ഷക്കാരും തീർച്ചയാക്കി
എന്നും വിദേശിയായ മാർ യൌസേപ്പുമെത്രാൻ ഇതിലേക്കു ഒ
രു പന്ഥാവായി പരിണമിച്ചു എന്നും ആ കാലഘട്ടംമുതല്ക്കാ
ണു നാട്ടുകാരായ അക്കൂടിയാക്കോന്മാർ നിയമിക്കപ്പെട്ടതു എ
ന്നും അനുമാനിക്കുന്നതിൽ അബദ്ധമുണ്ടാവാൻ ഇടയില്ല. തെ
ക്കുംഭാഗരും വടക്കുംഭാഗരും എല്ലാം ക്നായ്തൊമ്മന്റെ സ
ന്തതികൾ ആണെന്നും അദ്ദേഹത്തിനു രണ്ടു ഭാര്യമാർ ഉണ്ടാ

യിരുന്നെന്നും അവരിൽ ഒന്നാമത്തേതിൽനിന്നാണ്ര വടക്കും ഭാഗർ ഉണ്ടവിച്ചതു എന്നും അതല്ലാ രണ്ടാമത്തെ ഭാഷയിൽനിന്നാണ്ര അവരുടെ ഉല്പത്തി എന്നുംമറുമുള്ള ഊഹമാത്ര നിമിത്തങ്ങളായ കല്പിതകഥകളെ വ്യവസ്ഥകൂടാതെയും അടിസ്ഥാനശകലംപോലും ഇല്ലാതെയും ചില എഴുത്തുകാർ ഉല്പിച്ചിട്ടുള്ളതിന്റെ അസാംഗത്യം വിദേശക്രിസ്ത്യാനികളുടെ സമ്മേളനത്തെപ്പറ്റി മേൽ വിവരിച്ചിട്ടുള്ള തെളിവുകളിൽനിന്നു ധാരാളം വ്യക്തമാകുന്നുണ്ടു.

പ്രാം അദ്ധ്യായം.

നാലാം നൂറ്റാണ്ടിൽ ക്നായ്തൊമ്മനും പേഷ്ശ്ശാക്രിസ്ത്യാനികളും വന്നതുമുതൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ എത്തിയതുവരെ ഭാരതസഭയുടെ സ്ഥിതിയും അതിലെ പ്രധാന സംഭവങ്ങളും.

ക്ര. മൂന്നും നാലും ശതവത്സരങ്ങളിൽ ഭാരതസഭയശോമയമായ ഒരു അവസ്ഥയെ അവലംബിച്ചിരുന്നെന്നുംമറും ഉള്ള സംഗതികൾ സംബന്ധിച്ചു മേൽ (അ. ൭) വിവരിച്ചിട്ടുള്ളതാണ്ര. ആ കാലപരിവർത്തനത്തിൽ ഇവിടെ ദേവാലയങ്ങളും സന്ന്യാസാശ്രമങ്ങളും ഉണ്ടായിരുന്നതുകൂടാതെ മൈലാപ്പൂരിൽ വിശാലമായ ഒരു പള്ളിയും അതോടുചേർന്ന കമനീയ ശില്പിവേലകളാൽ പ്രശോഭിതമായ ഒരു വിസ്തൃത സന്ന്യാസമഠവും സ്ഥിതിചെയ്തിരുന്നു. ആറാംവത്സരശതത്തിൽ മൈലാപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ തിരുകവറിനെ വണങ്ങുന്നതിനായി വ

നിരുന്ന തിയോഡോർ (Theodore) എന്ന ഒരു തിരുയാത്രക്കാരൻ പ്രസ്തുതമാത്തെയും ദേവാലയത്തെയും സംബന്ധിച്ച തുർസിലെ (Tours in France) വി. ഗ്രീഗോരിയുടെ അടുക്കൽ സവിസ്തരം പറഞ്ഞുകേൾപ്പിച്ചതായി ആ സിദ്ധൻ സാക്ഷിക്കുന്നു. (1) കേരളീയ ക്രിസ്ത്യാനികൾക്കു രണ്ടാംവത്സരശതകത്തിൽ ഉണ്ടായ മതപരിപീഡനംപോലെതന്നെ പൂർവ്വ സമുദ്രതീരത്തിലെ ക്രിസ്ത്യാനികൾക്കും ഘോരമായ ഒരു വേദഖണ്ഡനം നേരിടുകയും അവരിൽ അനവധി ആളുകൾ ജന്മഭൂമിയെ പരിത്യജിച്ചു കേരളത്തിൽ വന്നു അധിവാസം ഉറപ്പിക്കയും ഉണ്ടായി. ആ ഉപദ്രവം തീർന്നതോടുകൂടി മൈലാപ്പൂരിലെ സഭ പൂർവ്വാവസ്ഥയെ പ്രാപിക്കുകയും വളരെ ദേവാലയങ്ങളും സന്ന്യാസഭവനങ്ങളും അവിടെ സ്ഥാപിതമാകയുംചെയ്തു. പേഷ്യൻ ക്രിസ്ത്യാനികൾ സിലോൻ മുതലായ ദിക്കുകളിൽ കുടിയേറി പാർത്തതുപോലെ അവർ മൈലാപ്പൂരിലും എത്തി അവിടെ സ്ഥിരവാസം ഉറപ്പിച്ചിരുന്നു. പേഷ്യാക്രിസ്ത്യാനികൾ കച്ചവടത്തിനായി മൈലാപ്പൂരിൽവന്നു വസിച്ചിരുന്നു എന്നു റേയ്സായ്പ് സചാ കൃതിയായ സൂറിയാനി സഭാചരിത്രദ്വാരാ സമ്മതിക്കുന്നുണ്ട്. എന്നാൽ ഏഴാം ശതവർഷത്തിൽ മാത്രമെ തെക്കേ ഇൻഡ്യയിൽ ക്രിസ്തുമതം സ്ഥാപിക്കപ്പെട്ടുള്ളൂ എന്നു വാദിക്കുന്ന ആ ഗ്രന്ഥകാരൻ അതു മൂന്നും നാലും ശതവത്സരങ്ങളിൽ നടന്നതായി സമ്മതിക്കുക കേവലം അസംഭാവ്യമാണല്ലൊ. മൈലാപ്പൂരിലെ പ്രസ്തുത സന്ന്യാസാശ്രമം അധിക വിസ്താരമുള്ളതായിരുന്നതിനാൽ വളരെ സന്ന്യാസികൾ അതിൽ നിവസിച്ചിരുന്നു. ഫിദാരൽ വന്നു മാർ യാക്കോബ് മുതലായ മെത്രാന്മാർ അവരുടെ പാത്രിയർക്കീസിനു അയച്ച എഴുത്തിൽ ആ മഠത്തിന്റെ ജീർണ്ണാവസ്ഥയെപ്പറ്റി പറയുന്ന ഭാഗംകൊണ്ടു അതു അനേക ശതാബ്ദങ്ങൾവരെ നിലനിന്നു എന്നു വിശദമാകുന്നു. അവിടെ നിവസിച്ചിരുന്നവരിൽ ഏദേസാ മുതലായ ദേശങ്ങളിൽനിന്നുവ

ന്ന

ന്ന സന്ന്യാസികളും ഉണ്ടായിരുന്നു എന്നു വിശ്വസിക്കാമെങ്കിലും അത്ര അടുത്തിരുന്നതിൽപരം സംവത്സരങ്ങളായി നിലനിന്ന ഒരു സമ്പ്രദായമായിരുന്നതിനാൽ അവിശ്വസനീയമായി അതിൽ നിവസിച്ചിരുന്നവർ സ്വദേശീയരായ സന്ന്യാസികൾ ആയിരുന്നു എന്നല്ലാതെ അവർ സ്പഷ്ടമായി വിദേശീയന്മാർ ആയിരുന്നു എന്നു വിശ്വസിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ല. ഏതാണ്ടു സമീപസ്ഥമായ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്കു ഭാരതീയന്മാരായി കൂട്ടുകെട്ടുണ്ടായിരുന്ന (അ. ൭) തിനാലാണു ആ ദേശങ്ങളിൽനിന്നു സന്ന്യാസികൾ മൈലാപ്പൂരിൽ വന്നതാമസിച്ചത്. കേരളീയ ക്രിസ്ത്യാനികൾ വി. ശ്ലീഹായുടെ കബറിനെ വണങ്ങുന്നതിനായി കുടിമകലേക്കു മുതൽ മൈലാപ്പൂരിലേക്കു പോയ്ക്കൊണ്ടിരിക്കയും (അ. ര. ല. ൨൯) ആ തീർത്ഥയാത്രക്കാരിൽ അദ്ധ്യാത്മ ജീവിതേച്ഛക്കളായ ആളുകൾ പ്രസ്തുതമഠത്തിൽ ചേർന്നു സന്ന്യാസവൃത്തിയിൽ ആയുഃശേഷത്തെ വിനിയോഗിക്കയും ചെയ്തിരുന്നു. ഒരു മഠത്തിനു തോമ്മാശ്ലീഹായുടെ മഠം എന്നായിരുന്നു അഭിധാനം. മാർ യാക്കോബ് മുതലായ പ്രസ്തുതമെത്രാന്മാരുടേയും വന്നതിൽ [illegible] 'മാർ തോമ്മാശ്ലീഹായുടെ സന്ന്യാസഭവനം' എന്നാണു അതിനു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നതു.

൫൯൯-ൽ ക്നായ് തൊമ്മനും വിദേശക്രിസ്ത്യാനികളും വന്നതുമുതൽ ഭാരതീയസഭയിൽ ഉണ്ടായ വലുതായ ഒരു വ്യത്യാസം പാരദേശികന്മാരായ മെത്രാന്മാർ ഇവിടെ വന്നുതുടങ്ങിയതും അവർ ഇൻഡ്യാസഭയുടെ നേതൃപദത്തെ സ്വീകരിച്ചതുമാണു. എന്നാൽ വൈദേശിക മെത്രാന്മാരുടെ ആഗമനത്തിനുമുമ്പാകട്ടെ പിമ്പാകട്ടെ ഭാരതീയസഭ പേഷ്യാമെത്രാപ്പോലീത്തായുടെ അധീനമായിരുന്നെന്നും (വിദേശികളുടെ വരവിനുശേഷം) അദ്ദേഹമാണു ഇവിടേക്കു മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നതെന്നും സുവ്യക്തമാണല്ലോ. സെലൂക്യാ (Seleucia) യിലെ പ്രധാ

ന മെത്രാപ്പോലീത്തായിക്കു അഥവാ കാസോലിക്കായിക്കു കീഴ് പെട്ടിരുന്നെങ്കിലും കാസോലിക്കായാവട്ടെ അന്ത്യോക്യാപാത്രിയക്കീസിനും അദ്ദേഹം (പാത്രിയക്കീസ്) റോമാ മേൽപട്ടക്കാരനും അധിനന്മാർ ആയിരുന്നു എന്നതുള്ള ചരിത്രഭാഗം സർവ്വദാ ആദരണീയവും അനിഷേധ്യവും ആയിരിക്കുന്നു. സെലെവുക്യാ ക്രിസ്താബ്ദത്തിന്റെ സമാരംഭത്തിനു മുമ്പുതുടങ്ങിതന്നെ പാർത്തൻ സാമ്രാജ്യത്തിന്റെ തലസ്ഥാനപട്ടണമായിപരിലസിച്ചിരുന്നു. കൽദായ സുറിയാനി ഭാഷയാണു അവിടെനിത്യോപയോഗത്തിൽ ഇരുന്നിരുന്നത്. ടിഗ്രിസ് (Tigris) നദിതീരത്ത് സ്ഥിതിചെയ്തിരുന്ന ഒരു പട്ടണത്തിൽ ആദ്യമായി സുവിശേഷപ്രംഗം ചെയ്തതും ഒരു മെത്രാനെ നിയമിച്ചതും തോമ്മാശ്ലീഹാതന്നെയായിരുന്നതിനാൽ കൽദായക്കാർ പ്രസ്തുത ശ്ലീഹായെ അവരുടെ ഒന്നാമത്തെ കാസോലിക്കാ (ലത്തീൻ പൊതു മേലദ്ധ്യക്ഷൻ) ആയിട്ടു ഗണിച്ചുവരുന്നു. ഒരിടത്തെ മെത്രാൻ ആരംഭകാലംതുടങ്ങി പ്രധാനമെത്രാപ്പോലീത്താ ആയി സ്വീകരിക്കപ്പെടുകയും തദനുരൂപമായ അധികാരം ക്രമേണ വിസ്തീർണ്ണമായിതീരുകയും ചെയ്തിരുന്നെങ്കിലും അതിന്റെ വിപുലത ഒരു കാനോനായാൽ പ്രസിദ്ധമായിത്തീർന്നതു ചതുർത്ഥ ശതാബ്ദത്തിന്റെ മദ്ധ്യത്തിലാണു. പാർത്തൻ സാമ്രാജ്യം മൂന്നാമത്തെ അബ്ദശതകത്തിൽ നാമാവശിഷ്ടമായിതീരുകയും പേർസ്യാസാമ്രാജ്യത്തിൽ ലയിച്ചുപോകയുംചെയ്തു. പേഷ്യാരാജാവായ സാപ്പോർദ്വിതീയൻ അയാളുടെ അധികാരസീമയിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ എല്ലാം നാലാം ശതവത്സരത്തിൽ അതി ഘോരമായ ഒരു മതപീഡനംനടത്തി. അന്നു, പേഷ്യായിലും സെലെവുക്യാ സിംഹാസനത്തിന്റെ അധികാരത്തിൽപെട്ട ഇതരരാജ്യങ്ങളിലും ഉള്ളക്രിസ്ത്യാനികളെ ഉദ്ദേശിച്ചു, സെലെവുക്യായിലെ മെത്രാനു അന്ത്യോക്യാ പാത്രിയക്കീസിന്റെ സമ്മതിയോടുകൂടി പാത്രിയക്കീസ് എന്നസ്ഥാനസംജ്ഞയും അ

ധിപത്യവും ഒഴിഞ്ഞ തൽസ്ഥാന സംബന്ധമായ സകല അധികാരങ്ങളും നൽകപ്പെട്ടു. നിക്യാസൂനഹദോസിന്റെ നടപടിക്രമനോനായാൽ ഈ ഇത് നൽകപ്പെട്ടതെന്നു വാദിക്കുന്ന ചരിത്രകാരന്മാർ ഉണ്ടെങ്കിലും പ്രസ്തുതസൂനഹദോസിലെ കാനോനാകൾ ഇരുപതുമാത്രമാണെന്നുള്ളത് സ്പഷ്ടമായിരിക്കയാൽ മേൽപ്രസ്താവിക്കപ്പെട്ട നടപടിക്രമം കാനോൻ പിന്നീട് (എ.ഡി. നൂറ്റാണ്ട്) അന്ത്യോക്യായിൽ കൂടിയ പ്രാദേശിക സൂനഹദോസുകളിൽ സഭാഭരണത്തെ ഉദ്ദേശിച്ചു നിർമ്മിക്കപ്പെട്ട കാനോനാകളിൽ ഒന്നാണ് എന്നും അതുകൊണ്ട് പൌരസ്ത്യസഭകളിൽ നിക്യാസൂനഹദോസിന്റെ കാനോനാകൾ എന്നു പേർ സിദ്ധിച്ചതാണെന്നും ഉള്ള ചരിത്രകർത്താക്കളുടെ വാദമാണ് ശരിയായിട്ടുള്ളത്. ചരിത്രസംഭവങ്ങളുടെ വാസ്തവാവാസ്തവങ്ങളെ സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്ന ഗുണദോഷ വിവേചകന്മാരായ ചരിത്രകാരന്മാരാൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതും ഇപ്രകാരമാണ്. ഈ കാനോനാകൾക്ക് പാശ്ചാത്യന്മാർ അറബികാനോനാകൾ എന്നു പേർ പറഞ്ഞുവരുന്നു. എന്നാൽ ഇവകൾക്ക് അറബികാനോനാകൾ എന്നതിനെക്കാൾ യോജിക്കുന്ന നാമം കൽദായ കാനോനാകൾ എന്നാകുന്നു 'എന്നു കയ്യാത്ത് (Kayyath) 'സിറിഓറിയന്റാലെസ്' (Syri orientales) എന്ന ഗ്രന്ഥത്തിന്റെ പുസ്തകത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ അന്ത്യോക്യാപാത്രിയർക്കീസിനെ സെലൂക്യാസിംഹാസനത്തിന്മേൽ അധിപത്യം ഉള്ളതായി മേൽ പ്രസ്താവിച്ചിട്ടുള്ളതിനാൽ ആ അധിപത്യത്തിന്റെ ഉത്ഭവം, അതിന്റെ വ്യാപ്തി അതിൽ ഉൾപ്പെട്ടിരുന്ന നാടുകൾ ഇവയെപ്പറ്റി ഇവിടെ സംക്ഷേപം പ്രസ്താവിക്കുന്നത് അസ്ഥാനത്തിൽ ആകയില്ലെന്നു വിശ്വസിക്കുന്നു. വി. ശ്ലീഹന്മാർ ആദ്യം യേറുസലേമിൽ ആണ് സഭയെ സ്ഥാപിച്ചത്. ഇതരദേശങ്ങളിൽ സുവിശേഷത്തെ പ്രസംഗിക്കുവാനായി അവർ പുറപ്പെട്ടതു അതിനുശേഷമാത്രമാ

ണ്ട. യേറുസലേം ക്രീ. അബ്ദം ൭൦—ൽ റോമ്മാക്കാരാൽ നാമാവശേഷമാക്കപ്പെട്ടശേഷം ആ ദേശങ്ങളിലെ ക്രിസ്ത്യാനികളുടെ പ്രധാനസ്ഥാനവും പ്രധാനപട്ടണവും അന്ത്യോക്യാ ആയിതീർന്നു. ഗ്രീക്കുകാരും യൂദന്മാരുമാണ അവിടെ നിവസിച്ചിരുന്നത്. അന്ത്യോക്യായിലും സാമന്തദേശങ്ങളിലും ഉണ്ടായിരുന്നകൂടിനന്മാരും വിദ്വാന്മാരുമെല്ലാം ഉപയോഗിച്ചിരുന്നതു ഗ്രീക്കുഭാഷയാണ. സാധാരണന്മാരും കൃഷിവലന്മാരും സുറിയാനിഭാഷ സംസാരിച്ചിരുന്നെങ്കിലും സുറിയാനിയുടെ കേന്ദ്രസ്ഥാനം ഏതദേസാപട്ടണമായിരുന്നു. (൨) ഏതദേസാ അക്കാലത്തു പാർത്യൻ സാമ്രാജ്യത്തിൽപെട്ട ഒരു ഉപരാജ്യമായിരുന്നു. മെസൊപ്പൊട്ടെമിയാ തുടങ്ങിയുള്ള പൌരസ്ത്യദേശങ്ങളിൽ ക്രിസ്താബ്ദത്തിന്റെ സമാരംഭകാലംതുടങ്ങിതന്നെ സുറിയാനിഭാഷയാണ വൈദികകർമ്മാനുഷ്ഠാനങ്ങളിൽ ഉപയോഗിച്ചുവന്നത്. വി. ഗ്രീഹന്മാർ ആരാധനാകൃത്യങ്ങൾക്കായി അന്ത്യോക്യായിൽ ഉപയോഗിച്ചിരുന്നത് ഗ്രീക്കുഭാഷയെ ആണ. മ്ശിഹായിൽ വിശ്വസിച്ച അദ്ദേഹത്തെ അനുഗമിച്ചവർക്ക് 'ക്രിസ്ത്യാനി' എന്ന അഭിധാനം സിദ്ധിച്ചതും ഇവിടെവച്ചുതന്നെ. 'ക്രീസ്തു' എന്ന ഗ്രീക്കുശബ്ദത്തിൽനിന്നാണ 'ക്രിസ്ത്യാനി'യുടെ ഉത്ഭവം എന്നു പറഞ്ഞുകഴിഞ്ഞപ്പോൾ 'ക്രിസ്ത്യാനി' സംജ്ഞ ഗ്രീക്കുതന്നെ എന്നു സ്പഷ്ടമായിസിദ്ധമാകുന്നു. അന്ത്യോക്യായിലെപ്പോലെതന്നെ സിറിയായുടെ ഇതരഭാഗങ്ങളിലും ആരാധനക്രമങ്ങളിൽ ഔദ്യോഗികഭാഷയാണ ആദ്യം ഉപയോഗിക്കപ്പെട്ടത്; എങ്കിലും സുറിയാനിഭാഷയിലും കർമ്മാനുഷ്ഠാനങ്ങൾ നടന്നിരുന്നു എന്നതിനെ പ്രമാണീകരിക്കുന്നതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. (൩)

രണ്ടാംശതാബ്ദത്തിന്റെ അവസാനത്തോടുകൂടി അന്ത്യോക്യായുടെ ആധിപത്യം വർദ്ധമാനമായിതീരുകയും റോമ്മാസാമ്രാജ്യത്തിനു പുറമേയുള്ള രാജ്യങ്ങളിൽപോലും അതു വ്യാപിച്ചുതുടങ്ങുകയും ഉണ്ടായി. ഒരു കാലഘട്ടത്തിൽ അന്ത്യോക്യാമെത്രാ

നായ സെറാപ്പിയോൻ എന്നദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലേക്കു ഒരു മെത്രാനെ അഭിഷേകംചെയ്തു. മൂന്നാം ശതാബ്ദത്തിലായി അന്ത്യോക്യായിൽ കൂടിയ ഒരു സൂനഹദോസിൽ, സിറിയാ, പലസ്തീനാ, അറേബിയാ, ഏഷ്യാ മൈനർ മുതലായ വിവിധപ്രദേശങ്ങൾ ഇവകളിലെ മെത്രാന്മാർകൂടി സംബന്ധിച്ചിരുന്നു. ഏതൽകാലങ്ങളിൽ പൌരസ്ത്യദേശങ്ങളിലെ സഭകളിന്മേൽകൂടി അന്ത്യോക്യായുടെ അധിപത്യം വ്യാപൃമാകയും ഈ അധികാരം പിന്നീടുണ്ടായ സൂനഹദോസിലെ ആറാമത്തെ കാനോനായാൽ ഉറപ്പിക്കപ്പെടുകയുമുണ്ടായി. നവ്രത്–ൽ കൊൺസ്റ്റന്റിനോപ്പിളിൽകൂടിയ സൂനഹദോസിന്റെ രണ്ടാമത്തെ കാനോനാ വഴിയായി റോമ്മാസാമ്രാജ്യാതിർത്തികൾക്കു പുറമെയുള്ള സംസ്ഥാനങ്ങളെല്ലാം പൌരസ്ത്യ മഹാരൂപത (ഇടവക) എന്നാ അഭിധാനത്തിൽ അന്ത്യോക്യായുടെ അധികാരത്തിൽ ഉൾപ്പെടുത്തപ്പെട്ടു. എന്നാൽകൊൺസ്റ്റന്റിനോപ്പിൾ സ്ഥാപിതമാകയും അതിലെ മേലദ്ധ്യക്ഷനു അധികാരവൈപുല്യം സിദ്ധിക്കയുംചെയ്തതിനോടുകൂടി അന്ത്യോക്യായുടെ അധീനതയിൽ ഇരുന്നിരുന്ന ചില പ്രദേശങ്ങൾ അതിൽനിന്നു വിടുത്തപ്പെട്ടുപോയി. മൂന്നാംനൂറ്റാണ്ടിൽ അന്ത്യോക്യായുടെ കീഴിൽ ആയിരുന്ന ഏഷ്യാമൈനറിലെസംസ്ഥാനങ്ങളും തത്പരം അഞ്ചാം ശതാബ്ദത്തിൽ സൈപ്രസ് ദ്വീപവും കൊൺസ്റ്റന്റിനോപ്പോലിമെത്രാന്റെകീഴിൽ സ്ഥാപിക്കപ്പെട്ടു. അഞ്ചാംനൂറ്റാണ്ടിൽതന്നെ പലസ്തീനാരാജ്യവും അന്ത്യോക്യായുടെ അധികാരത്തിൽനിന്നു നീക്കപ്പെട്ടു. കോൺസ്റ്റന്റിനോപ്പിളിലെ യൌനായ കർമ്മാനുഷ്ഠാന ക്രമങ്ങൾ (Liturgy) അന്ത്യോക്യായിലെ ആരാധനക്രമങ്ങളിൽനിന്നാണു ആദ്യം രചിക്കപ്പെട്ടത്. (4) അന്ത്യോക്യായുടെ അധികാരസീമയിൽ ഉൾപ്പെട്ടിരുന്ന ജനങ്ങൾ ഗ്രീക്കുകാർ, (പാശ്ചാത്യപൌരസ്ത്യ) സുറിയാനിക്കാർ ഇങ്ങനെ വിഭിന്നങ്ങളായ രണ്ടുശാഖക്കാർ ആയിരുന്നു. പൌരസ്ത്യ സുറിയാനിക്കാരുടെ നിവാസം

പ്രായേണ ഒരേസമയത്തുതന്നെയാണ് പേഷ്യാ മുതലായ രാജ്യങ്ങളിൽ ആരെ ആയിരുന്നത്. ട്രയ്ജൻ (Trajan) റോമാ ചക്രവർത്തി ആയിരിക്കുമ്പോൾ ഒരേസമയത്തുതന്നെയാണ് അദ്ദേഹത്തിന്റെ ഒരു വിഭാഗമായ എദേസ്സാമുതലായ ദേശങ്ങൾ ആ സാമ്രാജ്യത്തോട് സംഘടിപ്പിക്കപ്പെടുകയും ഹർന്നാൽ എദേസ്സാപട്ടണം റോമാ സേനാനിരയുടെ വിശ്രമസ്ഥാനം (Military station) ആയിനിയോഗിക്കപ്പെടുകയും ചെയ്തത്. പാശ്ചാത്യ സുറിയാനിക്കാരാവട്ടെ സീറിയമുതലായ രാജ്യങ്ങളിലാണ് പ്രധാനമായി കുടിപാർത്തുവന്നിരുന്നത്; അവരുടെ പ്രാബല്യം പ്രതിദിനം ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടുമിരുന്നു.

ക്രി. അന്ത്യോക്യാനിവാസികളിൽ പ്രധാനന്മാർ ഗ്രീക്കുകാർ ആയിരുന്നു എന്നു പണ്ടേ പ്രസ്താവിച്ചുകഴിഞ്ഞല്ലോ. അവിടത്തെ പാത്രിയർക്കീയ സിംഹാസനത്തിൽ ഉപവിഷ്ടന്മാർ ആയിരുന്നവരും അവർതന്നെ. പ്രസ്തുതസിംഹാസനത്തിന്റെ ആധിപത്യത്തിൽനിന്നു പൌരസ്ത്യ സുറിയാനിക്കാർ ഭിന്നഛിദ്രത്തിൽ എഫ്പ്പസസിൽ കൂടിയ സുനഹദോസിൽവച്ചും പാശ്ചാത്യ സുറിയാനിക്കാർ അതിനുശേഷമായും വേർതിരിഞ്ഞുപോയി. അനന്തരമുതൽക്കു നെസ്തോറീസിന്റെ അബദ്ധോപദേശങ്ങൾ പല സ്ഥലങ്ങളിലും പേഷ്യാസാമ്രാജ്യത്തിൽ പ്രത്യേകിച്ചും പ്രബലീഭവിച്ചുതുടങ്ങി. പേഷ്യാചക്രവർത്തികളുടെ ആനുകൂല്യം ഒരു പക്ഷത്തിനു ഒരു മുഖ്യകാരണമായിഭവിച്ചു റോമാ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുമായുള്ള സംസർഗ്ഗത്തിൽനിന്നു സ്വാഭാവികളായ ക്രൈസ്തവ ജനതതിയെ വിശ്ലേഷിപ്പിക്കുന്നതു സാമ്രാജ്യരക്ഷക്കു ഉപയുക്തമായിതീരുമെന്നുള്ള ഉദ്ദേശത്തോടുകൂടി പേഷ്യാചക്രവർത്തികൾ അവരുടെ അധികാരാതിർത്തികൾക്കുള്ളിൽ വർദ്ധമാനമായി തീർന്നിരുന്ന നെസ്തോറിയൻ വിശ്വാസത്തെ ആദരിക്കുവാൻതുടങ്ങി. പാഷണ്ഡമതോപദേഷ്ടാവായ നെസ്തോറീസ് അന്ത്യോക്യാനഗരവാസിയായൊരു ഗ്രീക്കുകാരൻ

ആയിരുന്നു. അയാൾ കൊൺസ്റ്റന്റീനയിൻ പുരിയിലെ പാത്രിയക്കീയ സിംഹാസനത്തിൽ ആസീനനായശേഷം അബദ്ധ മതസിദ്ധാന്തങ്ങളെ ഉപദേശിക്കുന്നിമിത്തം തൽസ്ഥാനത്തിൽ നിന്നും നിഷ്കാസനം ചെയ്യപ്പെട്ടുകയും എഫ്പ്പസസിലെ മേൽ പറഞ്ഞ സൂനഹദോസിൽവച്ചു ഗഹിതൻ എന്നു പ്രഖ്യാപനം ചെയ്യപ്പെട്ടുകയുംചെയ്തു. പരിശുദ്ധാവായ മ്ശിഹായിൽ ദൈവ ആൾം, മനുഷ്യ ആൾം ഇങ്ങിനെ രണ്ടാളുകൾ ഉണ്ടെന്നായിരുന്നു നെസ്തോറീസിന്റെ സിദ്ധാന്തം. കത്തോലിക്കസഭയുടെ ഉപദേശമാവട്ടെ നമ്മുടെ രക്ഷകനിൽ ആൾ ഒന്നുമാത്രമെയുള്ളുവെന്നും അതു പാവന തമമായ ത്രീത്വത്തിന്റെ രണ്ടാമത്തെ ആൾ ആകുന്നെന്നും ഈ ദൈവ ആളിൽ മനുഷ്യ സ്വഭാവവും ദൈവ സ്വഭാവവും സ്ഥിതിചെയ്യുന്നു എന്നുമാണ്. നെസ്തോറീസിന്റെ പഠനം കത്തോലിക്കാ ഉപദേശങ്ങൾക്കു പ്രതികൂലമായിരുന്നതിനാൽ അദ്ദേഹം അവൻ ഗഹിതനായും സ്ഥാനഭ്രഷ്ടനായും പ്രഖ്യാപനംചെയ്യപ്പെട്ടത്. പൌരസ്ത്യ സുറിയാനിക്കാരുടെ ഈ വിയോഗം മേൽ പ്രസ്താവിച്ചതുപോലെ എഫ്പ്പസസിൽ നടന്ന സൂനഹദോസിൽവച്ചു ആരംഭിച്ചു എങ്കിലും അതു അവസാനിക്കയും ഭ്രഷ്ടനങ്ങൾ തിരിഞ്ഞുപോകയും ഉണ്ടായതു ഒരു ശതാബ്ദം കഴിഞ്ഞതിനുശേഷമാണ്. ഇപ്രകാരം പൌരസ്ത്യ സുറിയാനിക്കാരുടെ പ്രധാനഭാഗം അന്ത്യോക്യായുടെ നേതൃത്വത്തിൽനിന്നു മാറുകയും കാസോലിക്കാ എന്ന സ്ഥാനസംജ്ഞയോടുകൂടിയ അവരുടെ പ്രധാന മതാദ്ധ്യക്ഷൻ, പാത്രിയക്കീസ് എന്ന അഭിധാനത്തെയും തൽസംബന്ധമായ അധികാരങ്ങളേയും അവലംബിക്കയുംചെയ്തു. അനന്തരം ഇരുപതു സംവത്സരങ്ങളുടെശേഷം ക്രിസ്താബ്ദം 451-ൽ കാൽസിഡോനിൽ (Chalcedon) നടന്ന സൂനഹദോസിൽവച്ചു പാശ്ചാത്യ സുറിയാനിക്കാരും അന്ത്യോക്യായുമായുള്ള ബന്ധനത്തിൽനിന്നു അപസരണംചെയ്തു. യൂറിക്കസിന്റെ ഉപദേശമാണു ഈ വിഛി

തത്തിന്റെ ഹേതു. പാഷണ്ഡമതസ്ഥാപകനായ ഇവൻ നെ
സ്റ്റോറീസിനു വിരോധമായി പഠിപ്പിച്ച മതസിദ്ധാന്തം മ്ശി
ഹായിൽ രണ്ടും ഏകമായിരിക്കുന്നതുപോലെ സ്വഭാവവും ഏ
കമാകുന്നു എന്നും മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ല
യിച്ചു ഒന്നായിതീർന്നു എന്നുമാണു; ഒരം അബദ്ധോപദേശത്തെ
അലക്സാന്ത്രിയായിലെ പാത്രിയക്കീസായ ദിയാസ്കോറ
സ് ആദരിക്കയും അതിനാൽ ഇവർ ഇരുവരും കാൽസിഡോ
നിലെ പ്രസ്തുത സൂനഹദോസിൽവച്ചു ശപിക്കപ്പെടുകയുംചെ
യ്തു. എന്നാൽ കത്തോലിക്കു വിശ്വാസം ഉപദേശിക്കുന്നതു, ക
ർത്താവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നും
അവിടന്നു മനുഷ്യസ്വഭാവത്തിൽ കഷ്ടാനുഭവങ്ങൾക്കു അധീന
നാകയും മരണത്തെ അനുഭവിക്കയുംചെയ്തു എന്നും ദൈവസ്വ
ഭാവത്തിൽ പുനരുത്ഥാനംചെയ്തു എന്നും ആണു. കാൽസിഡോ
ൻ സൂനഹദോസിന്റെനേക്കു വിരോധഭാവത്തിൽ വർത്തിക്കുന്ന
യാക്കോബായക്കാർ ആദിയായവർ യൂറിക്കസിനെ ശപിക്കു
ന്നുണ്ടെങ്കിലും അവനെ ആദരിച്ച ദിയാസ്കോറോസിനെ വി
ശുദ്ധന്മാരുടെ ശേഖരത്തിൽ ചേർത്തു അയാളുടെനേക്കു ആദര
ബഹുമാനങ്ങളെയും വണക്കത്തെയും പ്രദർശിപ്പിച്ചുവരുന്നു. ആ
ധുനിക യാക്കോബായക്കാരുടെ വിശ്വാസം "മ്ശിഹായിൽ പൂ
ർണ്ണമായ ദൈവികതത്വവും പൂർണ്ണ മാനുഷികതത്വവും മിശ്രീഭവി
ക്കാതെയും അവിയോജ്യമായും സമ്മേളിച്ച ഏകസ്വഭാവവുംഏ
കഖ്നോമ്മായും ܐܝܬ (ആകും) ആയിതീർന്നു" എന്നാണു.
(രണ്ടു സ്വഭാവങ്ങളും മിശ്രീകൃതമാതെ സംയോജിച്ച ഒരുസ്വഭാ
വമായിതീരുന്നത് എങ്ങനെ എന്നു നമുക്കു കാണിച്ചുതരേണ്ടു
മരഥ അവരിൽതന്നെ സ്ഥിതിചെയ്യുന്നു.) രണ്ടാമത് അ
ന്ത്യോക്യായിലെ പാത്രിയക്കീസായിരുന്ന മാക്സിമോസ എ
ന്നദ്ദേഹം പ്രസ്തുതകാൽസിഡോൻ സൂനഹദോസിൽസംബന്ധി
ക്കയും അതിന്റെ വിശ്വാസപ്രമാണത്തിനു കയ്യൊപ്പുവക്കയും

ചെയ്യ എങ്കിലും അദ്ദേഹത്തിന്റെ അധികാരത്തിനു കീഴ്പെ
ട്ടിരുന്ന പാശ്ചാത്യ സുറിയാനിക്കാർ ഒരം സൂനഹദോസിനെ
സ്വീകരിക്കാതെ അതിനോട് വിരോധിക്കയാണുണ്ടായത്. ഇ
ങ്ങനെ കത്തോലിക്കനായ സഭയുപാത്രിയക്കീസിൽനിന്നുള്ള
അവരുടെ വിയോഗവും കത്തോലിക്കാ സഭയിൽനിന്നുള്ള വേർ
പാടും ഒന്നിച്ചുതന്നെ കഴിഞ്ഞു.

മേൽ പ്രസ്താവിച്ചവിധത്തിൽ കത്തോലിക്കസഭയിൽനിന്നു
വിട്ടുമാറിയവക്ക് ഏകസ്വഭാവ വാദികൾ (Monophysites) എ
ന്നു പേർ പറഞ്ഞുവന്നിരുന്നെങ്കിലും 'യാക്കോബായക്കാർ' എ
ന്നാണു ഇപ്പോൾ അവർ അഭിമാനംചെയ്യപ്പെടാറുള്ളത്. ഖ
ഹിഷ്കൃതന്മാരായ ഒരം ജനക്കൂട്ടം അന്ത്യോക്യാ സിംഹാസന
ത്തെ അവരുടെ അധീനത്തിൽ വരുത്തുന്നതിലേക്കായി കഴി
യുന്നത്ര ശ്രമിക്കാതിരുന്നില്ല. പഞ്ചമ ശതാബ്ദത്തിന്റെ അവ
സാനഘട്ടത്തിൽ രജകൻ പത്രോസ് (Peter the fuller) എ
ന്ന ഒരുത്തൻ അതിനായി ഭഗീരഥപ്രയത്നംചെയ്തു. എങ്കിലും
ആ സ്ഥാനലബ്ധി ശാശ്വതമായി ഭവിച്ചില്ല. അനന്തരം ആറാം
നൂറ്റാണ്ടിൽ (ക്രിസ്തു—ൽ) സെവേറൂസ് എന്ന വേറൊരാളും
ഏതൽകാര്യസാദ്ധ്യത്തിനായി പരിശ്രമിക്കയുണ്ടായി. അന്ത്യോ
ക്യാസിംഹാസനത്തിന്റെ കൈവശം യാക്കോബായക്കാർക്കു സി
ദ്ധിക്കുവാൻ സാധിക്കാതെപോയെങ്കിലും സെവേറൂസിന്റെ ച
രമശ്രേഷ്ഠം അന്ത്യോക്യാ പാത്രിയക്കീസ് എന്ന സംജ്ഞയോടുകൂ
ടി അവർക്കു പ്രത്യേകിച്ചുള്ള പാത്രിയക്കീസന്മാർ ലോകരംഗ
ത്തിൽ കാണപ്പെട്ടുതുടങ്ങി. പാശ്ചാത്യ സുറിയാനിക്കാരിൽ ഭൂരി
പക്ഷവും യാക്കോബായ വിശ്വാസത്തെ സ്വീകരിച്ചെങ്കിലും
അവരിൽ ചുരുങ്ങിയ ഒരു ഭാഗം അന്ത്യോക്യായിലെ യഥാർത്ഥ
പാത്രിയക്കീസിനെതന്നെ ആശ്രയിച്ചുനിന്നു. മാക്സിമോസ്
പാത്രിയക്കീസിന്റെ അനന്തരഗാമികൾ പിന്നീടുണ്ടായ സൂന
ഹദോസുകളിൽ സംബന്ധിക്കയും അവകളിൽ കയ്യൊപ്പുവെക്ക

യും ചെയ്തിട്ടുണ്ട്. ൭൩൫—ൽ കൊൺസ്റ്റൻറയിൽ പട്ടണത്തിൽ നടന്ന സൂനഹദോസിൽ അന്ത്യോക്യാ പാത്രിയക്കീസായ ദോമ്മനോസ് സന്നിഹിതനായിരുന്നു; അനന്തരം ന്യൂവ—; വുന്നൻ എന്ന ആണ്ടുകളിൽ കൊൺസ്റ്റൻറയിൻ പുരിയിലും, ൭൮൭—ൽ നിക്യായിലും നടന്ന സൂനഹദോസുകളിലും പ്രസ്തുത പാത്രിയക്കീസ്മാർ സംബന്ധിക്കയുണ്ടായി. നിക്യായിലേയും കൊൺസ്റ്റൻറയിൻപുരിയിലേയും സൂനഹദോസുകളുടെകാനോനകളാൽ അന്ത്യോക്യാപാത്രിയക്കീസന്മാർക്ക് നൽകപ്പെട്ട അധികാരം അവരിൽ ശാശ്വതമായി നിലനില്ക്കുന്നതിനും നിലനിർത്തുന്നതിനും, റോമ്മാസാമ്രാജ്യത്തിലും അതിനുവെളിയിലുള്ള രാജ്യങ്ങളിലും ആയി ആ സിംഹാസനത്തിൻറ അധികാരസീമയിൽപെട്ട എതെല്ലാം സ്ഥലങ്ങൾ ഉണ്ടായിരുന്നുവൊ അവിടെ എല്ലാം ആ ആധിപത്യത്തെ പാലിക്കുന്നതിനും വേണ്ടി കൊൺസ്റ്റൻറയിൻപുരിയിലെ ചക്രവർത്തിമാർ യഥാശക്തി ശ്രമിക്കാതിരുന്നില്ല. അരിയോസ, നെസ്റ്റോറിയസ്, യൂറീക്കിയസ് ആദിയായവരുടെ അബദ്ധോപദേശങ്ങളുടെ പ്രചുരപ്രചാരത്തിൽ സാഹായ്യമായിതീർന്ന എദേസ്സായിലെ വിദ്വാമന്ദിരത്തെ സീനോ (Zeno) ചക്രവർത്തി അഞ്ചാം ശതാബ്ദത്തിൻറെ അവസാനത്തിൽ വിശ്ലേഷിച്ചകളഞ്ഞു. തിയോഡോസിയസ് ചക്രവർത്തി ൪൩൮—ൽ പ്രസിദ്ധീകരിച്ച ബിളംബരത്താൽ നെസ്റ്റോറിയൻകാക്ക് റോമ്മാസാമ്രാജ്യത്തിൽ നിവസിക്കുവാൻ വഹിയാതെ തീർന്നു. റോമ്മാചക്രവർത്തികൾ ഏകസ്വഭാവവാദികളുടെനേർക്ക് പ്രദർശിപ്പിച്ച നയവും ഇരു വിധത്തിലാണ്. പേഷ്യാചക്രവർത്തികൾ നെസ്റ്റോറിയൻമതത്തെ അവരുടെ അധികാരാതിർത്തികൾക്കുള്ളിൽ സ്ഥാപിക്കുന്നതിനായി ആ ശാഖക്കാരെ എല്ലാവിധത്തിലും സഹായിച്ചുവന്ന കാലങ്ങളിൽപോലും റോമ്മാസാമ്രാജ്യ നേതാക്കന്മാർ അവിടെ (പേഷ്യായിൽ) ഉള്ള കത്തോലിക്കാജനതതിയെ സന്ധാരണംചെയ്യുന്നതി

ന്ന ആശ്രാന്തപരിശ്രമം ചെയ്യാതിരുന്നില്ല. യുസ്തിനിയൻ ചക്രവർത്തി ആറാം ശതവത്സരത്തിൽ (൫൩൮–ൽ) കുസറപോസ് പ്രഥമനോടുചെയ്ത സമാധാന ഉടമ്പടിവഴിയായി, പേഷ്യായിൽ കത്തോലിക്കർക്കു നേരിട്ടിരുന്ന വേദഞെരുക്കം അവസാനിക്കയും അവർക്കു മതസ്വാതന്ത്ര്യം ലഭിക്കയുംചെയ്തു. സപ്തമ വത്സരശതകത്തിന്റെ ആദിമദശയിൽ ഹിറാക്ലീയസ് ചക്രവർത്തി പേഷ്യായിലെ കിരീടധാരികളായ ഭൂപാലന്മാരോടു എതിർത്തു യുദ്ധത്തിൽ അവരെ പരാജിതന്മാരാക്കിയശേഷം അവരുമായി ചെയ്ത സമാധാന ഉടമ്പടിമൂലം നെസ്തോറിയൻകാർ കത്തോലിക്കരിൽനിന്നു ബലാൽകാരേണ കൈവശപ്പെട്ടുത്തിയിരുന്ന ദേവാലയങ്ങളെ തിരിച്ചു കൊടുപ്പിക്കയുണ്ടായി. (5). സൂറിയാനിക്കാരിൽ ഭൂരിപക്ഷം ആളുകൾ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരത്തെ നിരാകരിച്ചു അതിൽനിന്നു വിട്ടുമാറിയെങ്കിലും അവരിൽ ചെറിയ ഒരു അംശം ഗ്രീക്കുകാരോടു യോജിച്ചു ആ സിംഹാസനത്തെത്തന്നെ സമാശ്രയിച്ചു എന്നു ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. ഇവരിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു മാറോനായ സൂറിയാനിക്കാരാണ്. ഇവർ സത്യവിശ്വാസത്തിൽ അവിശ്വാസിനികളായി നിലനിന്നിരുന്നു എന്നു വാദിക്കുന്നുണ്ടു; ഏഴാം നൂറ്റാണ്ടുവരെ കത്തോലിക്കവിശ്വാസത്തിൽ സ്ഥിരപ്രതിപത്തിയോടുകൂടി നിന്നിരുന്നു എന്നതു നിരാക്ഷേപവുമാണു. ഏകസ്വഭാവവാദികളായ യാക്കോബായക്കാരാൽ ഇവർ കഠിനമായി പീഡിപ്പിക്കപ്പെടുകയും ഇവരിൽ അസംഖ്യം സന്ന്യാസികൾ വധിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടു. ൭൩൨–ൽ കൊൺസ്റ്റന്റയിൻ നഗരത്തിൽ നടത്തപ്പെട്ട സാർവ്വത്രികമായ സൂനഹദോസിൽ ഇവരുടെ പ്രതിപുരുഷന്മാരും ചെന്നുചേർന്നിരുന്നു. (6). ഇങ്ങനെ സഭൈക്യന്മാരായിരുന്ന കത്തോലിക്കരായ ഗ്രീക്കുകാരേയും സൂറിയാനിക്കാരേയും "മൽക്കായക്കാർ" എന്നാണു ഏകസ്വ

ഭാവവാദികളും നെസ്തോറിയൻകാരും അക്കാലങ്ങളിൽ പറഞ്ഞു വന്നത്. (മൽക്കാ ملك രാജാവ് എന്ന അർത്ഥത്തെ ജനിപ്പിക്കുന്ന ഒരു സുറിയാനി പദമാണ്.) കാൽസിഡോൻ സൂനഹദോസിനെ റോമ്മാചക്രവർത്തികൾ ആദരിച്ചുവന്നതിനാൽ ആണ് ആ സൂനഹദോസിനെ അനുസരിച്ചവരെ ഉദ്ദേശിച്ച് രാജപക്ഷികൾ എന്ന വിവക്ഷയിൽ 'മൽക്കായെ' അഥവാ മേൽക്കൈറുകാർ (Melkites) എന്ന ഉപാധിയെ അവർ പ്രയോഗിച്ചതു.

൪. പൌരസ്ത്യ സുറിയാനിക്കാർ തുടങ്ങിയുള്ളവരിൽ അധികഭാഗം അന്ത്യോക്യാ സിംഹാസനത്തിൽനിന്നു അപഗമനം ചെയ്തശേഷവും ആ സിംഹാസനത്തെതന്നെ ആലംബമായികരുതിയ ചുരുങ്ങിയ ജനക്കൂട്ടം അവിടെ ഗ്രീക്കു ചക്രവർത്തികളുടെ ശ്രദ്ധാപൂർവ്വമായ സംരക്ഷണയിൻകീഴ് കത്തോലിക്കാവിശ്വാസത്തിൽ സ്ഥൈര്യസമേതം വർത്തിക്കട്ടെ. നമുക്കു നമ്മുടെ ആസ്ഥാനഭൂമിയായ ഭാരതഖണ്ഡത്തിലേക്കു തിരിച്ചു് ക്നായ് തൊമ്മന്റെ വരവിനുശേഷമുള്ള ശതാബ്ദങ്ങളിലെ ഇൻഡ്യാസഭയുടെ ചരിത്രഭാഗങ്ങളിലേക്കു പ്രവേശിക്കാം. നാലാം നൂറാണ്ടിനുശേഷം ഭാരതസഭയെ സംബന്ധിക്കുന്നതായി നമ്മുടെ ദൃഷ്ടിയിൽ എത്തുപെടുന്ന ഒന്നാമത്തെലക്ഷ്യം ആറാം ശതവത്സരത്തിൽ (൫൩൬-ൽ) ഇൻഡ്യാ, സൊക്കോറാ, സിലോൻ മുതലായ സ്ഥലങ്ങളിൽ വരുകയും ആ രാജ്യങ്ങളിലെ വൃത്താന്തങ്ങളെ രേഖപ്പെടുത്തുകയുംചെയ്ത ദേശസഞ്ചാരിയായ കോസ്മായുടെതാണ്. അദ്ദേഹത്തിന്റെ വാക്കുകളെതന്നെ ഇവിടെ ഉദ്ധരിക്കാം.

'സഭ നാമാവശേഷമായിതീർന്നില്ലെന്നുമാത്രമല്ല അതു സർവ്വത്ര പ്രചരിക്കയും ലോകത്തിൽ എവിടേയും മ്ശിഹായുടെ ഉപദേശം നിറകയും പ്രതിദിനം വർദ്ധിക്കയും ഭൂഗോളം മുഴുവനിലും സുവിശേഷം പ്രസംഗിക്കപ്പെടുകയും ചെയ്തിരിക്കുന്നതായിഞങ്ങ

ാംകണ്ടു. പലസ്ഥലങ്ങളിൽ ഞാൻതന്നെ ഇതിനെ കാണുകയും മറ്റാരാളുകാം പറഞ്ഞു ഞാൻ കേൾക്കുയും ചെയ്തിരിക്കുന്നതിനാൽ സത്യത്തിന്റെ ഒരു സാക്ഷിയായിട്ടാണു ഇതിനെ ഞാൻ വിവരിക്കുന്നത്. ഇൻഡ്യാസമുദ്രത്തിൽ സ്ഥിതിചെയ്യുന്നതപ്രോ ബാനാ (സിലോൺ) ദ്വീപത്തിൽ ഒരു ക്രൈസ്തവ സഭയും, വൈദികന്മാരും, ക്രിസ്ത്യാനികളും ഉണ്ടു. അതിനപ്പുറത്തുള്ള ദേശങ്ങളിലും ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല. കുരുമുളകു വിളയുന്ന മാലെ (മലബാർ) എന്നദിക്കിൽ ഇതേവിധത്തിൽതന്നെയുള്ള ഒരു സഭയും, കല്യാണ എന്നുപറയപ്പെട്ടുന്ന സ്ഥലത്തു പ്രായേണ പേഷ്യായിൽ അഭിഷേകം ചെയ്യപ്പെട്ടുന്ന ഒരു മെത്രാനും, ഇൻഡ്യാസമുദ്രത്തിൽ സംസ്ഥിതമായിരിക്കുന്ന ഡയസ്കോറീസ് (ദസാക്കോററ്റാ) ദ്വീപത്തിൽ ക്രിസ്ത്യാനികളും പേഷ്യായിൽനിന്നു നിയോഗിക്കപ്പെട്ടുന്ന വൈദികന്മാരും ഉണ്ടു. ആവിടത്തെ (ദസാക്കോററ്റായിലെ) നിവാസികാം ഗ്രീക്കുഭാഷയെ ഉപയോഗിക്കുന്നവരും മഹാനായ അലക്സാണ്ഡറിന്റെ പിൻഗാമികളായ ടോലെമി (Ptolemy) രാജാക്കന്മാരാൽ അവിടേയ്ക്കു പ്രവേശിപ്പിക്കപ്പെട്ടവരും ആണു.' സിലോണിനെപ്പറ്റി കോസ്മാ വീണ്ടും ഇങ്ങനെ പറയുന്നു. 'ഇവിടെ കുടിയേറിപ്പാത്തിരിക്കുന്ന പേഷ്യൻക്രിസ്ത്യാനികളുടെ ഒരു പള്ളിയും പേഷ്യയിൽനിന്നു നിയമിക്കപ്പെട്ടുന്ന ഒരു പട്ടക്കാരനും എന്നുവേണ്ട ആരാധനയെസംബന്ധിച്ച സമസ്ത കാര്യങ്ങളും ഉണ്ടു.' (7)

കോസ്മായുടെ ഒരം സാക്ഷിയിൽനിന്നു മൂന്നു കാര്യങ്ങളാണു വ്യക്തമാകുന്നതു. സിലോണിൽ ക്രിസ്ത്യാനികളും വൈദികന്മാരും ഉണ്ടായിരുന്നു എന്നും വിശിഷ്യ, പേഷ്യൻകാർ ആയ ക്രിസ്തീയ ജനസമൂഹവും ആചാര്യന്മാരും അവിടെ എത്തി താമസം ഉറപ്പിച്ചിരുന്നു എന്നും ഉള്ളതാണു അതിൽ ഒന്നാമത്തെ സംഗതി. രണ്ടാമത്തേതു ഗ്രീക്കുഭാഷസംസാരിച്ചിരുന്നവരായി

സൊക്കോറാറ്റായിൽ കുടിയേറി പാർത്ത ജനങ്ങൾ ഉണ്ടായിരുന്നു എന്നും അവിടത്തെ ക്രിസ്ത്യാനികളുടെ ആത്മിക കാര്യാനേപഷണത്തിനായി പേഷ്യായിൽനിന്നു നിയുക്തന്മാരായ വൈദികന്മാർ അവിടെ വസിച്ചിരുന്നു എന്നും ഉള്ളതുതന്നെ. മൂന്നാമത്തെ സംഗതി കല്യാണിയിൽ അഥവാ മൈലാപ്പൂരിൽ (അ. ന. ല. ഉ) പേഷ്യായിൽനിന്നു അയക്കപ്പെട്ട ഒരു മെത്രാൻ നിവസിച്ചിരുന്നതും മലയാളത്തിൽ ക്രിസ്ത്യാനികളും വൈദികന്മാരും ഉണ്ടായിരുന്നു എന്നിവയും അവിടെ മെത്രാൻ ഇല്ലാതിരുന്നതുമാണു. ഒരം ഒടുവിൽ പറഞ്ഞ സംഗതിയിൽനിന്നു വിശദമാകുന്നതു, ആകാലഘട്ടത്തിൽ മെത്രാന്മാർ മൈലാപ്പൂരിനെ അധിവസിച്ചിരുന്നു എന്നും അവരുടെ നേതൃത്വത്തിൽ മലങ്കര സഭാകാര്യങ്ങളെ അക്കിയാരോൻമാർ അനേഷിച്ചിരുന്നു എന്നും ഉള്ളതുതന്നെ.

കോസ്മാ ഇൻഡ്യാക്കയെ സന്ദർശിച്ചകാലത്തു ഭാരതീയ സഭ നെസ്തോറിയൻ പാഷണ്ഡതയാൽ മലിനീഭൂതയായിരുന്നു എന്നു വാദിക്കുന്ന ചരിത്രകാരന്മാർ ഇല്ലെന്നില്ല ഒരം വാദത്തെ സാധൂകരിക്കുന്നതിലേക്കു അവർ കൊണ്ടുവരുന്ന യുക്തി ആദ്യമത്തെ വത്സരശതകത്തിന്റെ അവസാനത്തിൽ സെലവുക്യാസിംഹാസനാരൂഢനായ അക്കാസിയസ്സ് (Acacius) കാസ്പോലിക്കാ ദർന്നൂൽ കത്തോലിക്കാവിശ്വാസിയായിരുന്നെ ചർമംപ്രാപിച്ചശേഷം ആ ഭദ്രത്തിന്റെ അനന്തരഗാമിയായിരുന്നതിനെത്തുടർന്നപ്പെട്ട ബഹേയസ് എന്നയാൾ നെസ്തോറിയൻ വിശ്വാസത്തെ അവലംബിച്ചെന്നും അതിനാൽ പ്രസ്തുതസിംഹാസനം അനന്തരം നെസ്തോറിയൻകാരുടെ അധീനത്തിൽ ആയിപ്പോയെന്നും തന്നിമിത്തം അതിന്റെ അധികാരസീമയിൽ ഉണ്ടായിരുന്ന രാജ്യങ്ങളിൽ എല്ലാം നെസ്തോറിയൻവിശ്വാസം സ്ഥീകരിക്കപ്പെട്ടുപോയി എന്നും ആണു. എന്നാൽ ദർന്നൂൽ അക്കാസിയസ്സ് ചാമനായി എന്നും അദ്ദേഹത്തിന്റെ പി

ൻഗാമിയായി ബഞ്ചേയസ് ഉടനെ നിശ്ചയിക്കപ്പെട്ട എന്നും ഉള്ള ഇവരുടെ പ്രസ്താവനയെ ഇവിടെ സ്വീകരിപ്പാൻ നിവൃത്തിയില്ല. ൪൨൪ മുതൽ ൪൭൨ വരെ അക്കേയസും അനന്തരം ൪൭൯ൽ വരെ യബ്ഡ്അലാഹായും പിന്നീടു മാനെ, മാറാബോസ്ത എന്നിവരും അതിപേരം ൫൦൯ വരെ ദാദീശോയും ഈ സെലെവുക്യാസിംഹാസനത്തിന്മേൽ ഉപവിഷ്ടന്മാരായിരുന്നത്. ൫൦൯ മുതൽ ൫൩൮—വരെ ബഞ്ചേയസ് പ്രഥമൻ സഭാനേതൃത്വം വഹിച്ചു. ബഞ്ചേയസിന്റെ ഭരണശേഷമാണു അക്കാസിയസ് സിംഹാസനാസീനൻ ആയതു. ൫൫൨ വരെ ദീർഘിച്ച ഇദ്ദേഹത്തിന്റെ വാഴ്ചയുടെശേഷം സഭാഭരണം കയ്യേറ്റ ബഞ്ചേയസ് ദ്വിതീയൻ ആണു നെസ്തോറിയൻ വിശ്വാസത്തെ സ്വീകരിച്ചതു്. ഒരു വിധമാണു കൽദായക്കാർ അവരുടെ പാത്രിയക്കീസുമാരുടെ പട്ടികയിൽ വിവരിക്കുന്നതും ലെകിയൻ (Le Quien) എന്ന വിശ്രുത ഗ്രന്ഥകർത്താവു പ്രസ്താവിക്കുന്നതും. (8)

ഇനി ബഞ്ചേയസ് നെസ്തോറിയൻവിശ്വാസം അനുസരിച്ചതോടുകൂടി സെലെവുക്യാസിംഹാസനത്തിന്റെ കീഴിൽ ഇരുന്നിരുന്ന നാടുകൾ ഒക്കയിലും ആ വിശ്വാസം അംഗീകരിക്കപ്പെട്ടു എന്നു ഉത്തരാർത്ഥത്തിൽ പറഞ്ഞിരിക്കുന്നത് സ്വീകാര്യമോ അല്ലയോ എന്നു ആലോചിക്കാം. മേൽ ലക്ഷത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ റോമാചക്രവർത്തിയുടെ നിരോധകല്പനമൂലം നെസ്തോറിയൻ മതക്കാർക്കു ആ സാമ്രാജ്യത്തിൽ നിവസിക്കുവാൻ നിവൃത്തിയില്ലാതെവന്നതിനാൽ അവരുടെ പാത്രിയക്കീസ്മാർക്കു സ്വന്ത മതസിദ്ധാന്തങ്ങളെ അവിടെ പ്രചരിപ്പിക്കുക അസ്സാധ്യമായിതീർന്നു. അപ്രകാരംതന്നെ പേർഷ്യാമഹാരാജ്യത്തിനു വെളിയിൽ സ്ഥിതിചെയ്തിരുന്ന ഭാരതഭൂമിയിലും നെസ്തോറിയൻ പാത്രിയക്കീസുമാർക്കു അവരുടെ വിഷബീജങ്ങളെ വിതയ്ക്കുന്നതിനുവേണ്ട സ്വാധീനശക്തി ഉണ്ടായിരുന്നില്ല. അ

തിനാൽ കോസ്മായുടെ സന്ദർശനകാലമായ ൫൩൨–ൽ നെ
സ്തോറിയൻമതം ഇവിടെ പ്രബലപ്പെട്ടിരുന്നു എന്നുള്ള വാദം
കേവലം അത്ഥശൂന്യമായിട്ടുള്ളതാണു. ഒരു അനുമാനത്തെ
സ്ഥിരീകരിക്കുന്ന ലക്ഷ്യങ്ങളും ഇല്ലാതില്ല. പ്രസിദ്ധഗ്രന്ഥകർത്താ
വായ അസ്സെമാനിന്റെ സാക്ഷിയെ കുറിച്ചുതന്നെ നമുക്കിവിടെ ഒ
ന്നാമതായി ആലോചിക്കാം. കോസ്മാ ഭാരതവർഷത്തിൽ എത്തു
ന്നതിനു അല്പം മുമ്പു എന്നുവച്ചാൽ ൫൩൨–ൽ പേഷ്യായിലെ
ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം കത്തോലിക്കർ ആയിരുന്നു എ
ന്നാണു അദ്ദേഹം പറയുന്നതു. (9). കൂടാതെ ഏകദേശം ആ
കാലഘട്ടത്തിൽതന്നെ മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, യൂ
സ്തീനിയൻ ചക്രവർത്തിയുടെ ഉത്സാഹഫലമായി, കത്തോലിക്ക
രുടെ മതപീഡനത്തിന്റെ പ്രധാനസ്ഥാനവും നെസ്തോറിയ
ൻ പാഷണ്ഡതയുടെ കേന്ദ്രവുമായ പേഷ്യായിൽതന്നെയും, ക
ത്തോലിക്കർക്കു മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നു.

ന്യൂ. ക്നായ്തോമ്മന്റെ വരവുമുതൽ ൧൦൦ സംവത്സരങ്ങ
ൾവരെ ഭാരതസഭയിൽ പുരോഹിതന്മാരും മെത്രാന്മാരും ഉ
ണ്ടായിരുന്നു എന്നും ൧൪൯൮–ാംകാലംവരെ നെസ്തോറിയൻവി
ഷപ്പുമാർ ഒരു സഭയെ ബാധിച്ചിട്ടില്ല എന്നും മേൽ വിവരിച്ച
വകളിൽനിന്നു സ്പഷ്ടം സിദ്ധമാകുന്നു. ആറാം നൂറ്റാണ്ടിനുശേ
ഷം ഭാരതസഭാസംബന്ധമായി നമ്മുടെ ദൃഷ്ടിക്കു ഗോചരീഭ
വിക്കുന്ന ഒരു രേഖ ഏഴാം ശതവത്സര മദ്ധ്യത്തിൽ (൬൫൦–
൭൫൦) നെസ്തോറിയൻ ശാഖയുടെ പാത്രിയർക്കീസായിരുന്ന
യെശുയാബ്, പേഷ്യാമെത്രാപ്പോലീത്താ ആയ ശെമഓനു അ
യച്ച ഒരു എഴുത്താണു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

[illegible]

ദൈവഭക്തനായ സഹോദരാ, ഇതുകൊണ്ടും പുറമെ മറെറാ
രു സംഗതികൂടി നിങ്ങൾ ഓർക്കേണ്ടിയിരിക്കുന്നു; ഇൻഡ്യായി
ലെ വിവിധ ജാതിജനങ്ങൾക്കെതിരായി മേൽപട്ട സ്ഥാനത്തി
ന്റെ വാതലിനെ നിങ്ങൾ അടച്ചുകളകയും ക്ഷണഭംഗുരങ്ങളാ
യ ശരീരസുഖങ്ങളെപ്പററി ദൈവദാനത്തെ നിങ്ങൾ തടയുകയും
ചെയ്തതുപോലെ നമ്മുടെ അദ്ധ്യക്ഷന്മാരും ദൈവദാനത്തിന്റെ
വാതലിനെ നിങ്ങളുടെ ആവശ്യങ്ങളിൽ പ്രതിബന്ധിച്ചിരുന്നെ
ങ്കിൽ സഭാകാര്യങ്ങൾ ഇപ്പോൾ എത്രവലുതായ നിരാശാവ
സ്ഥയിൽ ആയിരുന്നേനെ എന്നു നിങ്ങൾക്കു അറിവാൻ സാ
ധിക്കുന്നതാണു. ദൈവദാനം കാണാനാകാവിധായി നിയമാ
നുസാരം സ്ഥാപിക്കപ്പെട്ടുന്ന പിൻഗാമികൾമൂലം ഒഴുകിക്കൊ
ണ്ടിരിക്കുന്നതിനാൽ നഭോമണ്ഡലത്തിലെ നക്ഷത്രജാലങ്ങ

ളെപ്പോലെ ലോകത്തിൽ മെത്രാന്മാരും ആചാര്യന്മാരുംവിശ്വാസികളും പ്രതിദിനം വർദ്ധിച്ചുകൊണ്ടെ ഇരിക്കുന്നു. നിങ്ങളുടെ നാട്ടിൽ ആവട്ടെ നിങ്ങൾ സഭാനിയമ പദ്ധതിയിൽനിന്നു വ്യതിചലനംചെയ്ത ക്ഷണംതുടങ്ങി ഭാരതീയ ഇന്നങ്ങളിൽ പൌരോഹിത്യ പരമ്പര അവസാനിക്കയും ഇൻഡ്യാ, സത്യത്തിന്റെ മെത്രാന്മാർവഴിയുള്ളദൈവികാദ്ധ്യാപനത്തിന്റെ പ്രകാശമില്ലാത്ത അന്ധകാരത്തിൽ നിമഗ്നയാകയും ചെയ്തുകഴിഞ്ഞു. പേഷ്വായുടെ സമുദ്രതീരംതുടങ്ങി കാലവിവരെ ഫറാ പർസങ്ങു (ചിത്രപടം ഉദ്ദേശം നൂറു മൈൽ നീളംവരുന്ന ഒരു ഭാഗം) നീളത്തിൽ കിടക്കുന്ന ഇൻഡ്യായിക്കുമാത്രമല്ല നിങ്ങളുടെ പേഷ്വാരാജ്യത്തിനും ഒരു വിധംതന്നെ സംഭവിച്ചു.

ഒരു എഴുത്തിൽ അഞ്ചുകാര്യങ്ങൾ ഞാൻ പ്രസ്താവിക്കപ്പെട്ടുന്നതു. പേഷ്വാമെത്രാപ്പോലീത്താ സ്ഥാനം കാംക്ഷിച്ചതുമോഹിച്ചു ഇൻഡ്യാക്കാർക്കു മേൽപട്ടസ്ഥാനംകൊടുക്കാതെ ഇരുന്നു എന്നതാണു അതിൽ ഒന്നാമത്തേത്. രണ്ടാമത്തേതു പേഷ്വാക്കാർക്കും അതേവിധത്തിൽതന്നെ വൈദികാദ്ധ്യക്ഷപദത്തെ നിഷേധിക്കുവാൻ അധികാരംസിദ്ധിച്ചിട്ടുള്ളവർ ഉണ്ടെന്നും അവർ ലേഖനകർത്താവിനെ അതിഗമിക്കുന്നശ്രേഷ്ഠപദത്തിൽ സ്ഥിതിചെയ്യുന്നവർ ആകുന്നു എന്നും ഉള്ളതുതന്നെ. ഭാരതീയ സഭയിൽ പൌരോഹിത്യ പരമ്പര ഭഗ്നമായും സത്യോപദേഷ്ടാക്കന്മാരായ മെത്രാന്മാർ ഇല്ലാതെയും വന്നതിനാൽ അവർ അന്ധകാരത്തിൽ നിമഗ്നരായിതീർന്നതും ഒരുവിധമെല്ലാംതന്നെ പേഷ്വാക്കാർക്കും സംഭവിച്ചെന്നും ഇവയെക്കുറിച്ചുള്ള മൂലകാരണം പേഷ്വാരാജ്യക്കാർ അഥവാ പേഷ്വാമെത്രാപ്പോലീത്താ സഭാനിയമങ്ങളെ ലംഘിച്ചതത്രെ എന്നും ആണു ഇതിൽ മൂന്നാമതായി പ്രസ്താവിക്കപ്പെട്ടത്. ഇൻഡ്യാ പേഷ്വാ എന്നീസാമ്രാജ്യങ്ങൾ അവകളുടെ മദ്ധ്യേ വേറെരാജ്യങ്ങൾ ഇല്ലാതെ ഒന്നുമറ്റതിന്റെ അതിർത്തി ആയിതീരത്തക്കവണ്ണം ആ കാലത്തു പ

രസ്പരം തൊട്ടുകിടക്കുന്നു എന്നുള്ളതാണു് എഴുത്തിലെ വേറൊരു സംഗതി. അഞ്ചാമത്തതു കായ്മും പേഷ്യായുടെ കടൽത്തീരം തൊട്ടു കലഹവരെയുള്ള ഇൻഡ്യയിലെ വിസ്തൃതങ്ങളായ രാജ്യവിഭാഗങ്ങളെ നാനാപേരുകളിൽ ഉൾപ്പെട്ട ക്രീസ്തീയജനസമൂഹം അധിവസിച്ചിരുന്നു എന്നതത്രേ. 'കാലഹ' 'കൊല്ലം' ഇതു രണ്ടും വാദിക്കുന്ന ചിലഗ്രന്ഥകാരന്മാർ ഉണ്ടു്. പക്ഷേ അതു സമീകായ്മല്ല. എന്തുകൊണ്ടെന്നാൽ 'പേഷ്യായുടെ സമുദ്രതീരംതുടങ്ങി കാലഹവരെ ഫറാ പർസങ്ങു (പർസഹ) അകലത്തിൽ സ്ഥിതിചെയ്യുന്നു' എന്നു യേശുയാബ് പറയുന്നതിൽ നിന്നു വിശദമാകുന്നതു ആ കാലഘട്ടത്തിൽ പേഷ്യായിക്കു ഇൻഡ്യായോടു ഏറ്റവും സമീപിച്ചുണ്ടായിരുന്ന കടൽത്തീരംമുതൽ ഫറാ പർസങ്ങു ഇൻഡ്യായെ ചുറ്റിവളഞ്ഞു അവസാനിക്കുന്നദിക്കിൽ കാലഹസ്ഥിതി ചെയ്യുന്നു എന്നാണു. ഒരു അളവിൽ ലങ്കാദ്വീപവും ഉൾപ്പെട്ടിരിക്കാം.

നാലാം ശതവത്സരമദ്ധ്യത്തിൽതുടങ്ങി സ്വദേശമെത്രാന്മാരുടെ പരമ്പര അവസാനിക്കയും പാരദേശിക മെത്രാന്മാർ ഭാരതസഭയെ ഭരിച്ചുവരുകയും ചെയ്തു എന്നു കഴിഞ്ഞ അദ്ധ്യായം (ഏകാം ലക്ഷ)ത്തിൽ വിവരിച്ചിട്ടുള്ളതിൽനിന്നു മേൽ പറഞ്ഞ ഒന്നാമത്തെ സംഗതി ധാരാളം തെളിയുന്നതിനാൽ അതേപ്പറ്റി ഇവിടെ ഒരുവർത്തിച്ചു പറയേണ്ട ആവശ്യം ഇല്ല. പേഷ്യാമെത്രാപ്പോലീത്തായുടെ മേലാവായും യേശുയാബ് പാത്രിയക്കീസിനെ അതിശയിക്കുന്ന സ്ഥാനവലിപ്പത്തോടുകൂടിയവനായും ഒരാൾ ഉണ്ടായിരുന്നു എന്നും ഇദ്ദേഹം മാക്സിമൂസ് പാത്രിയക്കീസിന്റെ അനന്തരഗാമി എന്ന നിലയിൽ അക്കാലത്തു അന്ത്യോക്യാസിംഹാസനത്തിൽ ഉപവിഷ്ടനായിരുന്ന കത്തോലിക്കാ പാത്രിയക്കീസ്തന്നെ എന്നും നമ്മുടെ അദ്ധ്യക്ഷന്മാരും ദൈവദാനത്തിന്റെ വാതലിനെ നിങ്ങളുടെ ആവശ്യങ്ങളിൽ പ്രതിബാധിച്ചിരുന്നാൽ സഭാകായ്മകൾ ഇപ്പോൾ

എത്ര ഭയങ്കരമായ ഒരവസ്ഥയിൽ ആകുമായിരുന്നു' എന്നു യേശുയാബ് എഴുതുന്നതിൽനിന്നു പേഷ്യാമെത്രാപ്പോലീത്താ താക്കാലത്തെ പ്രസ്തുത പാത്രിയക്കീസിന്റെ അധികാരത്തിൽ നിന്നിരുന്നു എന്നും ആറാമത്തെ ശതവർഷത്തിൽ നെസ്തോറിയൻകാർ സെലെവുക്യാ സിംഹാസനത്തെ സ്വാധീനമാക്കിയപ്പോൾ അതിന്റെ കീഴിലായി പേഷ്യാസാമ്രാജ്യത്തിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം ആ മതത്തെ സ്വീകരിച്ചു എങ്കിലും അതിനോടു എതിർത്തു നിന്നിരുന്ന കത്തോലിക്കരുടെ നേതാവായി 'കത്തോലിക്കോ' എന്ന ഉപാധിയോടുകൂടി ഒരു മതാദ്ധ്യക്ഷൻ— ഇദ്ദേഹം അക്കാലത്തെ പേഷ്യാ മെത്രാപ്പോലീത്താ ആയിരുന്നു എന്നതു ചരിത്രപ്രസിദ്ധമായ ഒരു വാസ്തവമാണു— ഉണ്ടായിരുന്നു എന്നും പ്രസ്തുത രണ്ടാമത്തെ സംഗതിയിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണു. മൂന്നാമത്തെകാര്യത്തിൽനിന്നു പ്രത്യക്ഷപ്പെടുന്നതു ഭാരതീയസഭാവൈദികസ്ഥാനപരമ്പര ഇല്ലാതെ അന്ധകാര നിമഗ്നയായും സത്യോപദേഷ്ടാക്കന്മാരായ മെത്രാന്മാരുടെ അദ്ധ്യാപനം അതിൽ നഷ്ടമായുംതീർന്നു എന്നു യേശുയാബ് പാത്രിയക്കീസ് പറയുന്നതിൽ ഉണ്ടായ ഹേതു, കാസോലിക്കാഭിധാനത്തോടുകൂടിയ പേഷ്യാമെത്രാപ്പോലീത്താ തന്റെ ഇടവകയിലെ പട്ടസ്ഥാനത്തിന്റെ പിന്തുടച്ചക്കു ഉല്പത്തിസ്ഥാനമായിരുന്ന സെലെവുക്യായുടെ പരമാധികാരത്തെ നിഷേധിച്ചുകളഞ്ഞത് ആണെന്നും, യേശുയാബ് പറയുന്ന സത്യോപദേഷ്ടാക്കന്മാരായ മെത്രാന്മാർ സെലെവുക്യാ സിംഹാസനാസീതന്മാരായ നെസ്തോറിയൻ മെത്രാന്മാരും, അദ്ദേഹം പറയുന്ന സഭാനിയമങ്ങളുടെ ലാഘനം പ്രസ്തുത അധികാരത്തിൽനിന്നു പേഷ്യാമെത്രാപ്പോലീത്താ ചെയ്തിട്ടുള്ള വിശ്ലേഷവും ആകുന്നു എന്നും, ഭാരതീയരെപ്പോലെ പേഷ്യാക്കാരും എന്നുവച്ചാൽ പേഷ്യാമെത്രാപ്പോലീത്തായുടെ അധികാരസീമയിൽ ഉൾപ്പെട്ട ജനങ്ങളും അന്ധകാരത്തിൽ

നിമഗ്നന്മാരായി എന്നും മറ്റും അദ്ദേഹം പ്രസ്താവിക്കുന്നതുപോലെ ലെവുക്കായിൽനിന്നുള്ള അവരുടെ വിയോഗത്തെ ഉദ്ദേശിച്ച് അത്രെ എന്നും ആകുന്നു. പൌരാണിക കാലങ്ങളിൽ പേഷ്യാ ഇൻഡ്യാ എന്ന രണ്ടു സാമ്രാജ്യങ്ങൾ തമ്മിൽ തൊട്ടും ഒന്നു മറ്റതിന്റെ അതിർ ആയും കിടന്നിരുന്നതിനാൽ പേഷ്യാ എന്നു യേശുയാബ് പറയുന്നതു ഭാരതഖണ്ഡത്തിന്റെ സാമന്തഭൂമിയായ പേഷ്യാപ്രദേശത്തെ ഉദ്ദേശിച്ചാണ എന്നുള്ള നാലാമത്തെ സംഗതിയെ എഴുത്തിലെ വാചകരീതി (Context) തന്നെ സ്പഷ്ടമാക്കുന്നതിനാൽ പേഷ്യാ എന്നു ഇവിടെ പറയുന്നതു ആ സാമ്രാജ്യത്തെ ഉദ്ദേശിച്ചല്ല; അതിലെ ഒരു വിഭാഗമായ പേഷ്യാപ്രദേശത്തെമാത്രം സംബന്ധിച്ചാണ എന്നു ഇവിടെ വിശേഷിച്ചു പറയേണ്ടതില്ല. ആ കാലപരിവർത്തനത്തിൽ ഇൻഡ്യാ, പേഷ്യാ, ചൈനാ എന്നരാജ്യങ്ങൾ അല്ലാതെ ബലൂചിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബർമ്മാ, ടർക്കിസ്ഥാൻ ഇത്യാദി നാമധേയങ്ങളോടുകൂടി രാജ്യങ്ങൾ ഉണ്ടായിരുന്നില്ല. ഇവ എല്ലാം അക്കാലത്തു പ്രസ്തുത മൂന്നു സാമ്രാജ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതെ ഉള്ളൂ. പക്ഷേ കഴിഞ്ഞ ആദ്ധ്യായം എട്ടാം ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള തെളിവുകളിൽ നിന്നു ഇവഎല്ലാം ധാരാളം വിശദമാകുന്നതിനാൽ ഇവിടെ അധികം പ്രസ്താവിക്കേണ്ട ആവശ്യം ഇല്ലല്ലൊ. ഭക്ഷിണ ഭാരതത്തിലെപ്പോലെ തന്നെ ഇൻഡ്യയുടെ ഉത്തരസംസ്ഥാനങ്ങളിലും ആ കാലങ്ങളിൽ ക്രിസ്ത്യാനികൾ നിവസിച്ചിരുന്നു എന്നും പേഷ്യാമെത്രാപ്പോലീത്താ നേരിട്ടോ അദ്ദേഹത്തിന്റെകീഴിലായി സ്ഥിതിചെയ്തിരുന്ന മെത്രാന്മാർവഴിയായോ അവരെ ഭരിച്ചിരുന്നു എന്നും ആ അഞ്ചാമത്തേതും അവസാനത്തേതുമായ സംഗതിയിൽനിന്നു നാം അറിയുന്നതു: ക്രൈസ്തവ ജനഘാതകൻ എന്ന കുപ്രസിദ്ധിയുള്ള മോഗൾ സാമ്രാജ്യ സ്ഥാപകനായ തൈമൂർ (Timur) പതിന്നാലാം ശതവത്സരത്തിൽ പേഷ്യമുതലായ രാജ്യ

ങ്ങളെ പിടിച്ചുടക്കി ആ സ്ഥലങ്ങളിലെ ക്രിസ്ത്യാനികളെ നിഗ്രഹിച്ചശേഷം ഫ്രഞ്ചുകാർ—ൽ ഭാരതഖണ്ഡത്തെ സ്വാധീനത്തിൽ വരുത്തിയപ്പോൾ ഉത്തരസംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ വധി ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും ഹിംസിക്കുണ്ടായി.(11) പ്രസ്തുതക്രിസ്ത്യാനികൾ യേശുയാബിന്റെ ലേഖനത്തിൽ പറയപ്പെട്ടവരുടെ സന്താനപരമ്പര ആണെന്നുള്ളതിൽ സന്ദേഹത്തിനു അവകാശമില്ല.

പേഷ്വാമെത്രാപ്പോലീത്താ സെലെവുക്യായിലെ നെസ്തോരിയൻ പാത്രിയർക്കീസിന്റെ കീഴിൽനിന്നുമാറി അന്ത്യോക്യായുടെ അധികാരത്തിനു കീഴ്പെട്ട 'കാസോലിക്കോ' എന്ന സ്ഥാനസംജ്ഞയോടുകൂടി വർത്തിച്ചിരുന്നതിനാൽ നെസ്തോരിയൻ മെത്രാന്മാർ ഇൻഡ്യായിൽ കാണപ്പെടുന്നതിനു ഇടയായിട്ടില്ല എന്നു യേശുയാബിന്റെ പ്രസ്തുത ലേഖനത്തിൽനിന്നു വിദിതമാകുന്നു. പൌരസ്ത്യ സുറിയാനിക്കാരും പാശ്ചാത്യസുറിയാനിക്കാരും നെസ്തോരിയൻ, യാക്കോബായ എന്ന ഇരു ശാഖകളായി അന്ത്യോക്യായിൽനിന്നു പിരിഞ്ഞുപോയശേഷം, അന്ത്യോക്യായുടെ ശ്രേഷ്ഠാധിപത്യത്തെ അതു വ്യാപിച്ചിരുന്ന സ്ഥലങ്ങളിൽ നിലനിർത്തുന്നതിനും ആ ദേശങ്ങളിലെ കത്തോലിക്കരെ സഹായിക്കുന്നതിനും കൊൺസ്റ്റന്റയിൻപുരിയിലെ ഗ്രീക്കുചക്രവർത്തികൾ യഥാശക്തി ശ്രമിച്ചിരുന്നു എന്നു ഇതിനുമുമ്പു (ല. ഭ) വിവരിച്ചിട്ടുള്ളതാണല്ലൊ. പേഷ്വൻ ക്രിസ്ത്യാനികൾ നെസ്തോരിൻ പാഷണ്ഡതയിലേക്കു അധഃപതിച്ചശേഷം താവിടേയും സാമന്തരാജ്യങ്ങളിലും ഉണ്ടായിരുന്ന കത്തോലിക്കരുടെ ശ്രേഷ്ഠാധിപത്യത്തെ 'കാസോലിക്കോ' എന്ന സംജ്ഞാവിശേഷണത്തോടുകൂടി വഹിച്ചിരുന്നത് പേഷ്വാമെത്രാപ്പോലീത്താ ആയിരുന്നു എന്നു ഇതുവരെ പ്രതിപാദിച്ചിട്ടുള്ളവയിൽനിന്നു സിദ്ധമാകുന്നു. അതിനാൽ യേശുയാബിന്റെ ലേഖന നിർമ്മാണകാലമായ ഏഴാം നൂറാണ്ടിൽ കത്തോലിക്ക പട്ടക്കാരും മെ

ത്രാന്മാരും ഭാരതഭൂമിയിൽ ഇല്ലാതിരുന്നു എന്നും പേഷ്യാമെ
ത്രാപ്പോലീത്തായും യേശുയാബിനെപ്പോലെതന്നെ നെസ്തോറി
യൻവിശ്വാസത്തെ അവലംബിച്ചിരുന്നു എന്നും യേശുയാബി
ന്റെ പ്രസ്തുതലേഖനത്തെ ആസ്പദമാക്കി ചില ഗ്രന്ഥകാരന്മാ
ർ പറയുന്നതു കേവലം പിശകാണെന്നുള്ളതിലേക്കു പ്രധാന
മായ സാക്ഷി യേശുയാബ് തന്നെ എന്നു മേൽവിവരിച്ചവയിൽ
നിന്നുസിദ്ധമാകുന്നു. എഴുത്തിലെ അഞ്ചാമത്തെ സംഗതിസ്വ
യംസ്പഷ്ടമാകയാൽ അതിനെപ്പറ്റി ഇവിടെ വിസ്തരിച്ചു പറ
യേണ്ട ആവശ്യകത ഇല്ലെന്നു കരുതുന്നു.

൭. ഏഴാം നൂറ്റാണ്ടിലെ യേശുയാബിന്റെ പ്രസ്തുത ലേഖ
നം കഴിഞ്ഞാൽ ദക്ഷിണഭാരത സഭയെ സംബന്ധിക്കുന്നതാ
യി നാം കാണുന്ന ഒരു ലക്ഷ്യം ഒമ്പതാംശതാബ്ദത്തിൽ വന്നി
ട്ടുള്ള സാബോർ, പ്രോത്തു എന്ന മെത്രാന്മാരെപ്പറ്റിയുള്ള രേ
ഖകൾ ആണു. അവരുടെ ആഗമനത്തിന്റെ സംവത്സരത്തെ
പ്പറ്റി ഗ്രന്ഥകർത്താക്കൾ പലവിധത്തിൽ ആണു പ്രസ്താവിക്കു
ന്നതു: ൯൨൦-ൽ വന്നു എന്നാണു അസ്സേമാന്റെ അഭിപ്രാ
യം; അതല്ല വ്യവ-ൽ ആണു വന്നതെന്നു ലെകിയെൻ സി
ദ്ധാന്തിക്കുന്നു. അവർ മഹാ പരിശുദ്ധന്മാർ ആയിരുന്നു എ
ന്നും അനേകം ദേവാലങ്ങളെ അവർ പണിയിച്ചു എന്നും അ
വരുടെ ഭരണകാലത്തു ക്രീസ്തുമതത്തിനു ഉദയംപേരൂർ രാജ്യ
ത്തിൽ വളരെ പ്രബലതസിദ്ധിച്ചു എന്നും കേരളത്തിൽ പല
സ്ഥലങ്ങളിലും മുഖ്യമായി കൊല്ലത്തും വളരെ ആളുകളെ അവ
ർ ക്രീസ്തുമതാനുസ്തന്മാർ ആക്കിയെന്നും മലങ്കരസഭ അവരെ
വിശുദ്ധന്മാരായി കരുതി അവക്കായി ബഹുമാനവണക്കങ്ങളെ
പ്രദർശിപ്പിച്ചിരുന്നു എന്നും ലെകിയെൻസാക്ഷീകരിക്കുന്നുണ്ടു.
(12). അവരുടെ വരവിന്റെ കാലത്തെസംബന്ധിച്ചു ചരിത്രകർ
ത്താക്കളുടെ ഇടയിൽ തർക്കമുണ്ടായിരുന്നാലും അതു കൊല്ലവർ
ഷാരംഭത്തിനുശേഷം ആണെന്നും അന്നു കൊല്ലത്തെ രാജാവാ

യിരുന്ന ശങ്കരൻ ഇരവി ശ്രീയിൽനിന്നും രാജകീയങ്ങളായ പല സ്വതന്ത്രാവകാശങ്ങളും അവയെ ലക്ഷീകരിക്കുന്നതിലേക്കു താമ്രശാസനങ്ങളും അവക്കു ലഭിച്ചിട്ടുണ്ടു എന്നും ഉള്ളതു നിസംശയമാണു. (13). ഉദയമ്പേരൂർ സൂനഹദോസിന്റെശേഷം മെനേസസ് മെത്രാപ്പോലീത്താ തേവലക്കര പള്ളിയെ സന്ദർശിച്ച അവസരത്തിൽ തദ്ദേശവാസികളായ ക്രിസ്ത്യാനികൾ, സാബോർ, പ്രോത്തു എന്ന മെത്രാന്മാക്കു കൊല്ലത്തെ രാജാവിൽനിന്നും ലഭിച്ചതും ഒരു വളയത്തിന്മേൽ കോത്തിട്ടിരുന്നതുമായ മൂന്നു വലിയ ചെമ്പേടുകൾ അദ്ദേഹത്തെകാണിച്ചതായി ഗോവയാ സ്വന്തകൃതിയിൽ (Jornado, 97) സാക്ഷിക്കുന്നു. കൊല്ലവർഷം ആരംഭിച്ചകാലത്തു കൊല്ലത്തു രാജ്യഭാരം നടത്തിയിരുന്നതു ഉദയമാർത്താണ്ഡവർമ്മ ആയിരുന്നതിനാൽ (അ.ഴ്. ല.ഫ്രാ) ശങ്കരൻ ഇരവി ശ്രീ അതിനുശേഷമാണു രാജപദത്തെ പ്രാപിച്ചിട്ടുള്ളതു. അതിനാൽ സാബോർ, പ്രോത്തു എന്ന പ്രസ്തുതമെത്രാന്മാർ ഒമ്പതാംശതാബ്ദത്തിന്റെ മദ്ധ്യത്തിലോ അതിനുശേഷമോ, അതായതു കുറെക്കൂടി ക്ലിപ്തമായി പറയുന്നതായാൽ, ക്രിസ്താബ്ദം 849 മുതൽ 852 വരെയുള്ള സംവത്സരങ്ങളിൽ ആയിരിക്കണം മലങ്കരയിൽ വന്നത് എന്നുള്ളതാണു സ്വീകാര്യമായി കാണപ്പെടുന്നതു. കൊടുങ്ങല്ലൂർ പട്ടണം അവിടെനടന്ന ഒരു കലഹംമൂലം ഒമ്പതാംശതാബ്ദത്തിൽ നാമാവശിഷ്ടമായിതീർന്നു. അവിടെ നിവസിച്ചിരുന്ന മെത്രാന്മാർ ആ കാലഘട്ടത്തിൽ ഉദയംപേരൂരിൽ വന്നുതാമസിച്ചതായി ചിലരേഖകളിൽനിന്നും പ്രത്യക്ഷപ്പെടുന്നുണ്ടു. കൊല്ലം പട്ടണവും ഒരു മെത്രാസനമായി നിശ്ചയിക്കപ്പെട്ടശേഷം മെത്രാന്മാർ അവിടേയും പാർത്തുവന്നിരുന്നു കൊല്ലം, ഒമ്പതാം ശതവത്സരത്തിനു മുമ്പു ഒരു മെത്രാസനം ആയിതീർന്നിട്ടില്ലായിരുന്നു എങ്കിൽ പ്രസ്തുതശതാബ്ദത്തിൽ ആ ബഹുമാനവും അതിനുസിദ്ധിച്ചു എന്നുള്ളതു തീച്ചയുതന്നെ. കൊല്ലം ഒരു പ്രധാന പട്ടണമായിരുന്ന

ക്കുടാതെ സഖറീശായാൽ സ്ഥാപിക്കപ്പെട്ടതും വളരെ വസ്തുവകകളാലും വരുമാനങ്ങളാലും സമ്പദീകരിക്കപ്പെട്ടിരുന്നതും കേരളത്തിലെ ക്രിസ്തീയജനതയുടെ സമുദായവക ആയിരുന്നതും ആയ തരിസാപള്ളി അവിടെ സ്ഥിതിചെയ്തിരുന്നു. പ്രകൃതദേവാലയം ഉദ്ദേശം ആയിരംസംവത്സരങ്ങളോളം നിലനിന്നശേഷം സമുദ്രക്ഷോഭത്താൽ നഷ്ടീഭവിക്കയും അതിന്റെ ആ സ്ഥാനഭൂമി തിരമാലകളാൽ വിലേപനം ചെയ്യപ്പെട്ടുകയുംചെയ്തു. വി. തോമ്മാശ്ലീഹായാൽ സ്ലീവാ സ്ഥാപിക്കപ്പെട്ടതും ആ സ്ഥലത്തിൽതന്നെയായിരുന്നു. ഉദയംപേരൂർ ആ കാലത്തു ക്രിസ്ത്യാനിരാജാവിന്റെ അധിവാസസ്ഥാനവും ഒരു പള്ളിയുടെ ഇരിപ്പിടവും ആയിരുന്നു. കൊട്ടങ്ങല്ലൂരിന്റെ നാശംനിമിത്തമാണു സാബോർ, പ്രോത്തു എന്ന മെത്രാന്മാർ അവിടെ താമസിക്കാതെ ഉദയംപേരൂരിലും കൊല്ലത്തും ചെന്നു വാസം ഉറപ്പിച്ചതു. കേരളീയ നസ്രാണികൾക്കുണ്ടായിരുന്ന പല മെത്രാസനങ്ങളിൽവച്ചു പ്രാധാന്യം ഏറിയവ കൊട്ടങ്ങല്ലൂരും കൊല്ലവും ആയിരുന്നു. ഒരു മെത്രാസനംമാത്രമായിരുന്ന കൊല്ലം കൊട്ടങ്ങല്ലൂരിലെ ഉൽകൃഷ്ടമെത്രാസനത്തിന്റെ അധികാരത്തിനു കീഴ്പെട്ടിരുന്നു. ഭരമശതാബ്ദത്തിന്റെശേഷം സൊക്കോട്ടറാദ്വീപവും കൊട്ടങ്ങല്ലൂർ മെത്രാന്റെ ആധിപത്യത്തിൽ ഉൾപെട്ടിരുന്നതായി ചില രേഖകളിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. പതിനാറാം ശതവത്സരമദ്ധ്യത്തിലെ ഒരു പൊർട്ടുഗീസു ഗ്രന്ഥകർത്താവായ ബാറോസ് സ്വകൃതിയിൽ രണ്ടു മൂന്നു മെത്രാസനങ്ങളെപ്പറ്റിയും പറയുന്നുണ്ടു. അതേശതവത്സരത്തിൽ വി. ശവക്കുർ ഇൻഡ്യായിലേക്കു വരുംവഴിക്കു സൊക്കോറാദ്വീപത്തിൽ ഇറങ്ങിയ അവസരത്തിൽ തദ്ദേശവാസികളായ ക്രിസ്ത്യാനികളുടെ സന്താനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തി എന്നും അവിടെ ഉണ്ടായിരുന്ന വൈദികന്മാർ വേദകർമ്മങ്ങളെ കൽദായ ഭാഷയിൽ നിർവ്വഹിച്ചിരുന്നു എന്നും ആ വിശുദ്ധന്റെ

ജീവചരിത്രത്തിൽ വിവരിക്കപ്പെട്ടുന്നു. ഒമ്പതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ പട്ടണം നശിപ്പിക്കപ്പെട്ടതിനാൽ അവിടെ താമസിക്കുന്നതിനു സൌകര്യമില്ലാതെതീരുകനിമിത്തം അവിടത്തെ മെത്രാപ്പോലീത്താ ആയ സാബോർ (ܫܒܘܪ) ഉദയംപേരൂരിൽ വന്നുപാർത്തു. ഉദയംപേരൂർ ക്രിസ്തീയ രാജാക്കന്മാരുടെ ആസ്ഥാനനഗരവും മനോഹരമായ ഒരു ദേവാലയത്തിന്റെ ഇരിപ്പിടവും ആയിരുന്നതിനാൽ ഒരു മെത്രാപ്പോലീത്തായുടെ താമസത്തിനുവേണ്ട സൌകര്യങ്ങൾ ഉള്ളതായിരുന്നു. അദ്ദേഹത്തിന്റെ ഉപമെത്രാൻ ആയിരുന്ന പ്രോത്തു (ܦܪܘܬ) കൊല്ലത്തു താമസിച്ചുവന്നു. ഒരു രണ്ടുമെത്രാന്മാരും ഭ്രാതാക്കന്മാർ ആയിരുന്നു എന്നും കൊല്ലത്തു അവർ സ്ഥാപിച്ചിട്ടുണ്ടായിരുന്ന ദേവാലയത്തിൽ അവർ ഇരുവരും സംസ്കരിക്കപ്പെട്ടതു അവരുടെ മരണശാസനപ്രകാരമായിരുന്നു എന്നും ഊഹിക്കുന്നതിനു വിരോധമില്ല എന്നു തോന്നുന്നു. കൊടുങ്ങല്ലൂർ ഉൽകൃഷ്ട മെത്രാസനത്തിന്റെ നാമധേയം കാലാന്തരത്തിൽ വേറെ പട്ടണത്തിനു നൽകപ്പെട്ടിരുന്നിരിക്കാം. അങ്ങുമാലിക്കു ഉൽകൃഷ്ട മെത്രാസനാഭിമാനം സിദ്ധിച്ചതു ഒരു വിധം ആണു. എങ്കിലും അതു പതിനാറാം ശതാബ്ദത്തിൽ ഉണ്ടായതു ആയിരിക്കുവാനേ വഴികാണുന്നുള്ളൂ. സാബോർ, പ്രോത്തു എന്ന മെത്രാന്മാർ കൊടുങ്ങല്ലൂരിന്റെ അധഃപതനാനന്തരം വന്നവരാകയാൽ ഇവരുടെ ആഗമനം മേൽ പ്രസ്താവിച്ചതുപോലെ ഒമ്പതാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ആയിരിക്കണം എന്നുള്ള അഭിപ്രായത്തിനു കൂടുതൽ ബലവും സ്വീകാരതയും സിദ്ധിക്കുന്നു എന്നുള്ളതു ഇവിടെ വിസ്മരിക്കേണ്ടതല്ല. നാലാം നൂറ്റാണ്ടിൽ സംഭവിച്ചതുപോലെതന്നെ ഒരു മെത്രാന്മാരോടുകൂടിയും വിദേശസുറിയാനിക്കാരുടെ ഒരു കൂട്ടം കൊല്ലത്തുവന്നിറങ്ങുകയും (അ. ന്യ ല. ഫഛ) അവർ സ്വദേശ ക്രിസ്ത്യാനികളോടുള്ള ബന്ധുത്വനിമിത്തം അവരിൽ കലർന്നുപോകയും ഉണ്ടായിട്ടുണ്ടു. (14).

ക്നായ് തൊമ്മനപ്പോലെ, ദേശാന്തരഗാമികളായ ഒരു ക്രിസ്ത്യാനികളുടെ നേതാവായിതീർന്ന സബരീശോ എന്ന ഒരാളാണ്. അദ്ദേഹത്തിനെ ഇട്ടിക്കിൽ പറഞ്ഞുവരുന്ന പേർബർയേശുമുതലാളി എന്നായിരുന്നാലും സബരീശോ എന്നാണ് ശരിയായ സംജ്ഞ. 'ബർയേശു' 'സബരീശോ' യുടെ തത്ഭവ രൂപമാണെന്നു വിചാരിക്കുവാൻ കാരണങ്ങൾ ഉണ്ട്. 'സബരീശോ' ഒരു ദേശോയുടെ ശരണം എന്ന അർത്ഥത്തെ ദ്യോതിപ്പിക്കുന്ന സുറിയാനി ഭാഷാപദങ്ങൾ ആണ്. ഒരു പേർ പലർക്കും ഉള്ളതാണെങ്കിലും ഈശോയുടെ മകൻ എന്ന വിവക്ഷയുള്ള 'ബർയേശു' എന്ന മാത്രം പറയപ്പെട്ടിട്ടുള്ളതായി അറിയുന്നില്ല.

കൊടുങ്ങല്ലൂരിന്റെ നാശത്തിനു താഴെപറയുന്നതാണ് കാരണമായി തീർന്നത്. അതിലെ നിവാസികൾ പാർസികൾ, അറബിക്കാർ, എബ്രായർ, യഹൂദന്മാർ, മഹമ്മദീയർ, ക്രിസ്ത്യാനികൾ ഇങ്ങനെ വിവിധവർഗ്ഗക്കാരായ ജനങ്ങൾ ആയിരുന്നു. എട്ടാം ശതാബ്ദത്തിലാണ് മഹമ്മദുമതാവലംബികൾ അവിടെ എത്തി നിവസിക്കുവാനാരംഭിച്ചത്. ഇതരവർഗ്ഗക്കാർ ഒക്കെയും ഏതാണ്ടിക്കാലംമുതല്ക്കേ അവിടെ പാർത്തു കച്ചവടംനടത്തുന്നവരാണ്. അവരിൽ പ്രധാനന്മാരായിരുന്നത് ക്രിസ്ത്യാനികളും യഹൂദന്മാരുമത്രേ. ഒമ്പതാം ശതവത്സരത്തിൽ യഹൂദന്മാരും മഹമ്മദീയരും തമ്മിൽ കലഹിക്കുവാൻ സംഗതിയായി. ഈ സന്ദർഭത്തിൽ ക്രിസ്ത്യാനികൾ യഹൂദന്മാരുടെപക്ഷത്തിൽ ചേർന്നു നില്ക്കുകനിമിത്തം വിദേശീയരായ മാഹമ്മദന്മാർസ്വദേശത്തു നിന്നു കടൽസൈന്യത്തെ കൊണ്ടുവന്നു യുദ്ധം നടത്തുകയും യുദ്ധാവസാനത്തിൽ അവർ ജേതാക്കന്മാരായി പട്ടണത്തെ നശിപ്പിക്കയും ചെയ്തുകൂടി. കോളിയക്രിസ്ത്യാനികളുടെ കേന്ദ്രഭൂമിയായ മഹാദേവർ പട്ടണത്തെ വിധ്വംസനം ചെയ്യുകയും ചെയ്തു. ക്രിസ്ത്യാനികളിൽ ചിലരെല്ലാം കൊടുങ്ങല്ലൂരിൽതന്നെ താമസിച്ചു എങ്കിലും അതിൽ ഭൂരിപക്ഷം ആ സ്ഥലംവിട്ടുപോ

യി ആലങ്ങാട്ട രാജാവിനെ സമാശ്രയിക്കയും അങ്കമാലിൽ ഒരു പള്ളിയും പട്ടണവും സ്ഥാപിക്കയുംചെയ്തു. പള്ളിക്ക ആവശ്യമുള്ള സ്ഥലങ്ങൾ കരമൊഴിവായും മറും രാജാവു കൊടുത്തു. പള്ളിക്കും പട്ടണത്തിനുമായി രാജാവിനാൽ നൽകപ്പെട്ട സ്ഥലത്തിന്റെ കിഴക്കുപടിഞ്ഞാറുള്ള നീളം ഇപ്പോൾ പടിഞ്ഞാറെപള്ളിക്ക സമീപമുള്ള തോരണക്കല്ല എന്നു സാധാരണ പറയപ്പെട്ടുന്ന അതിർത്തിക്കല്ലുതുടങ്ങി കിഴക്കോട്ട കിഴക്കേ പള്ളിയുടെ പടിഞ്ഞാറുവശം മതിലിനോട ചേർന്ന സ്ഥാപിക്കപ്പെട്ടിരിക്കുന്ന തോരണക്കല്ല അല്ലെങ്കിൽ അതിർത്തിക്കല്ലവരെയാണ്. പ്രസ്തുതസ്ഥലത്തു അങ്ങാടിയുടെ ദക്ഷിണോത്തരഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന കടിപ്പുറമുകളുടെ ഓരങ്ങളും ആ സ്ഥലത്തിന്റെ വീതിയുടെ എലുകകളും അത്രേ. ഇതിനു ആനക്കോലാൽ അകെ മുന്നൂറുകോൽ ചുറ്റളവുണ്ട്. ഇതിനുംപുറമെ കരമൊഴിവായി വേറെയും ചില വസ്തുക്കൾ പള്ളിക്കു രാജാവിനാൽ പ്രദാനംചെയ്യപ്പെട്ടുക ഉണ്ടായി. അങ്കമാലിയിലെ നസ്രാണികളെ ഉദ്ദേശിച്ചും ചില സ്വാതന്ത്ര്യവിശേഷങ്ങൾ രാജസ്ഥാനത്തിൽനിന്നു നൽകപ്പെട്ടിട്ടുണ്ട്. മറു സകല കുടിയാന്മാരും ആധാരം പൊളിച്ചെഴുതുമ്പോൾ പത്തിനാലരണ്ടു സാക്ഷിയും നൂറുക്കു അഞ്ചു തുലിയും കൊടുക്കുക പതിവായിരുന്നാലും നസ്രാണി മാപ്പിളമാർ നൂറുക്കു അഞ്ചു തുലിക്കാണാംമാത്രം കൊടുത്താൽ മതി എന്നുള്ളതു ആനന്ദ അവയിൽ ഒന്നു. ക്രി.പി.—ാമാണ്ടു മേടമാസം ന.ക്രാംനു— പറപ്പൂർ ജില്ലാകോടിൽനിന്നു ക്രി.പി.—ാമാണ്ടുവക അദാലം (Civil) ആജ്ഞ അന്യായത്തിനു പ്രസ്താവിച്ചിട്ടുള്ളവിധി ഇതിലേക്കു ലക്ഷ്യമാണ്. അങ്കമാലി ക്രമ ശഃ ഉന്നതിയെ പ്രാപിക്കയും കാലാന്തരത്തിൽ അതു ഒരു മെത്രാന്മാരുടെ ആസ്ഥാനപട്ടണമായി ഭവിക്കയും ചെയ്തു.

വ്യം സാബോർ, പ്രോത്തു എന്നാ മെത്രാന്മാർ പരിശുദ്ധന്മാ-

ർ കൂയിരുന്നു എന്നും മലങ്കരസഭ അവരെപ്പറ്റി തിരുനാൾ കൊണ്ടാടിയിരുന്നു എന്നും മേൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. അവർ വളരെ അത്ഭുതങ്ങളെ സാധിക്കയും വളരെപ്പേരെ ക്രിസ്തുമതാനുസാരികൾ ആക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടുഗീസുകാരുടെ ഗ്രന്ഥദഹനത്തിൽ അവരുടെ ജീവചരിത്രങ്ങളെ വിവരിക്കുന്ന പുസ്തകങ്ങളും ഉൾപ്പെട്ടുപോയതിനാൽ അവർ നടത്തിയ കാര്യങ്ങൾ എത്രയെല്ലാം എന്നും സാധിച്ച അത്ഭുതങ്ങൾ എത്രയെല്ലാം എന്നും നിശ്ചയിക്കുന്നതിനു നമുക്കു നിവൃത്തിമാർഗ്ഗമില്ല. ആ വക പുസ്തകങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു എന്നതിലേക്കു ഉദയ-പേരൂർ സൂനഹദോസിനുശേഷം നിയമിക്കപ്പെട്ട ഒന്നാമത്തെ മെത്രാനായ ഫ്രൻസീസ്കൊ റോസ് തന്നെ നമുക്കു സാക്ഷിയാണു. അവർ സാധിച്ച അത്ഭുതങ്ങളെപ്പറ്റി ഒരു സൂറിയാനിഗ്രന്ഥത്തിൽ സ്വയം വായിച്ചതായി അദ്ദേഹം പറയുന്നു. (15). ഡെ സൂസാ (De souza) എന്നഗ്രന്ഥകാരൻ ഒരു അത്ഭുതങ്ങളെപ്പറ്റി വിവരിച്ചശേഷം അവ മായപ്രവൃത്തികൾ ആയിരിക്കാമെന്നും അവയെ ചെയ്തവർ (സാബോർ പ്രോത്തു എന്ന മെത്രാന്മാർ) പാഷണ്ഡർ ആയിരിക്കണം എന്നും പ്രസ്താവിക്കുന്നു. എന്നാൽ ഒരു പ്രസ്താവനയതൊ അദ്ദേഹത്തിന്റെ അനുമാനങ്ങളെ ഖണ്ഡിച്ചുകളയുന്നു. എന്തെന്നാൽ അത്ഭുതങ്ങളെ മായാപ്രവൃത്തികൾ എന്നു അദ്ദേഹം വിളിക്കുന്നതുകൊണ്ടുതന്നെ അവ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളവകൾ ആണെന്നു ഗ്രന്ഥകർത്താവു പൂർണ്ണമായി സമ്മതിക്കുന്നു. അനിഷേദ്ധ്യമായവിധത്തിൽ പ്രസിദ്ധിയും തെളിവും അവയ്ക്കുണ്ടായിരുന്നതിനാൽ ആണു അദ്ദേഹം അവയെ സമ്മതിക്കുന്നതു. അത്ഭുതങ്ങളെ 'മായാപ്രവൃത്തികൾ' എന്നും അവയുടെ പ്രവർത്തകന്മാരെ 'പാഷണ്ഡർ' എന്നും അദ്ദേഹം അഭിധാനം ചെയ്യുന്നതു സ്വാഭിപ്രായത്തെമാത്രം ആധാരമാക്കിയാണു. ഗ്രന്ഥകർത്താവു എതിർന്യായങ്ങളെക്കൊണ്ടും മതിയായ കാരണങ്ങളെ

കൊണ്ടും അത്ഭുതങ്ങളെ ഖണ്ഡിക്കാതെ വ്യർത്ഥം പുറപ്പെടുവിച്ചിട്ടുള്ള ഒരു അഭിപ്രായം ഗ്രന്ഥനിർമ്മാതാക്കളുടെയും സൂക്ഷ്മപരിശോധകന്മാ (Critics) രുടേയും ദൃഷ്ടിയിൽ അത്ഭുതശൂന്യമായിട്ടേ ഭവിക്കയുള്ളൂ.

ഉദയംപേരൂർ സൂനഹദോസിന്റെ അഷ്ടമസമ്മേളനം (Session) ൬—മത്തെ നിർണ്ണയ (Decree) ത്തിൽ പ്രസ്തുതമെത്രാന്മാരെപ്പറ്റി താഴെകാണുംപ്രകാരം പറഞ്ഞിരിക്കുന്നു. "പുണ്യവാന്മാർ" എന്നു സാധാരണ പറയപ്പെടുന്ന മാർസുഖോറിനോസ്മാർ പ്രോത്തിനോസ്പ്രതിഷ്ഠിക്കപ്പെട്ട ദേവാലയങ്ങൾ ഒരു (മലങ്കര) ഇടവകയിൽ അനവധിയുണ്ട്. എന്നാൽ അവർ ഇവിടെവരുകയും അത്ഭുതങ്ങളെസാധിക്കയുംചെയ്തു എന്നും അന്നാരും ബാബേലിലേക്കു മടങ്ങിപ്പോകയൊ കൊല്ലത്തു മരിക്കയൊ ചെയ്തു എന്നും അല്ലാതെ അവരെ സംബന്ധിച്ചു അതിൽപരമായ യാതൊരു അറിവും ഇല്ലാത്തതിനാലും എഴുത്തുപടികളിൽ അവരെപ്പറ്റി പറയപ്പെടുന്നവയിൽ യാതൊന്നും പ്രമാണഭൂതമായ ലക്ഷ്യത്തിന്മേൽ ആശ്രയിക്കാതിരിക്കയും പുണ്യവാന്മാർ എന്ന സഭയാൽ അവർ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നൊ ഇല്ലയൊ എന്നു നിശ്ചയമില്ലാതിരിക്കയും ചെയ്തമാത്രമല്ല, ബാബേലിൽ നെസ്തോറിയൻ പാഷണ്ഡത പ്രചുരപ്രചാരത്തിൽ ഇരുന്നകാലത്തു അവിടെനിന്നു അവർ ഇവിടേയ്ക്കു വന്നിരിക്കയാൽ അവർ നെസ്തോറിയൻ പാഷണ്ഡമതാനുയായികളായിരുന്നു എന്നു സംശയിക്കുന്നതിനു താല്പര്യമുള്ളതുകാരണം ഉള്ളതിനാലും ഈ സംശയത്തിൽ പരന്നിരിക്കുന്ന അവരുടെ പരിശുദ്ധതയെപ്പറ്റി ശങ്കിക്കുവാൻ അവകാശം ഉണ്ടു. അതുകയാൽ അവരുടെ നാമത്തിൽ ഉള്ള സമസ്ത ദേവാലയങ്ങളും സകല സിദ്ധന്മാക്കായി പ്രതിഷ്ഠിക്കപ്പെടണമെന്നും അവരെക്കുറിച്ചു നടത്തപ്പെട്ടുവരുന്ന തിരുനാളുകളും നേർച്ചകളും നവമ്പർ ഇന്നാ തീയതി സകലസിദ്ധന്മാരുടെ തിരുനാളിൽ നട

ത്തണം എന്നും അവരുടെ നാമത്തിൽ മേലാൽ യാതൊരു പള്ളിയും അഭിധാനംചെയ്യപ്പെടരുതെന്നും സൂനഹദോസ് കല്പിക്കുന്നു. എന്തെന്നാൽ വന്ദനീയന്മാർ എന്നു ആഡംബരകമ്മസഹിതം തിരുസഭ ആരെ നമുക്കു കാണിച്ചുതരുന്നുവൊ, ആരുടെ പരിശുദ്ധതയെ സഭ പരസ്യമായിസ്ഥീകരിക്കുന്നുവൊ, ആ പുണ്യവാന്മാരുടെ സ്തുതിക്കായിട്ടല്ലാതെ ദേവാലയങ്ങളെ പ്രതിഷ്ഠിക്കയും തിരുനാളുകളെ ആചരിക്കയും കാനോൻ ഉപങ്ങളെ മൊല്ലുകയും ചെയ്യുന്നതിനു പാടുള്ളതല്ല.

സൂനഹദോസിന്റെ ഒരം നിർണ്ണയത്തിൽ അഞ്ചുകാര്യങ്ങളാണു പ്രതിപാദിക്കപ്പെട്ടിരുന്നതു. അവയിൽ മാർ സാബോർ മാർ പ്രോത്തു എന്ന മെത്രാന്മാർ വളരെ അത്ഭുതങ്ങളെ സാധിച്ചു എന്നതു ഒന്നാമത്തേതും, അവരെ മലങ്കരസഭ വിശുദ്ധന്മാരായി കരുതി തദനുരൂപമായ ആദരബഹുമാനങ്ങളെ അവരുടെനേർക്കു പ്രദർശിപ്പിച്ചിരുന്നു എന്നതു രണ്ടാമത്തേതും, മലങ്കരസഭയുടെ ഒരം വിശ്വാസത്തെ സാധൂകരിക്കുന്നതിലേക്കു മതിയായ രേഖകൾ ഇല്ല എന്നതു മൂന്നാമത്തേതും, തിരുസഭ അവരെ വിശുദ്ധന്മാരുടെ ശ്രേഷ്ഠത്തിൽ സ്ഥീകരിച്ചിട്ടില്ല എന്നതു നാലാമതും, അവർ ബാബേലിൽനിന്നു വന്നവരാകുന്നു എന്ന ഏകകാരണത്താൽതന്നെ അവരെ നെസ്തോറിയൻ പാഷണ്ഡതാവലംബികൾ എന്നു സംശയിക്കുവാൻ ന്യായമുണ്ടു എന്നതു അവസാനത്തേതും ആയ സംഗതികൾ ദർശനം. സൂനഹദോസ് ഒരം അഞ്ചുകാര്യങ്ങളേയും പററി വിധിപ്രസ്താവിച്ചിട്ടുള്ളതു സൂക്ഷ്മപരിശോധനയോടുകൂടിത്തന്നെയൊ എന്നാണു നാംഇവിടെ അന്വേഷിക്കേണ്ടിയിരിക്കുന്നതു്.

൯. പ്രസ്തുതമെത്രാന്മാർ സാധിച്ച അത്ഭുതങ്ങൾ മായാവൃത്തികൾ ആണു എന്നുള്ള അഭിപ്രായം കേവലം അർത്ഥശൂന്യമാണെന്നു മേൽ (ല. വ) വിവരിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ മലങ്കരസഭ അവരെ വിശുദ്ധന്മാരായി കരുതുകയും വണങ്ങുക

യും ചെയ്തിരുന്ന എന്ന രണ്ടാമത്തെ വിഷയ വിഭാഗത്തിലേക്കു നമുക്കു നേരെതന്നെ പ്രവേശിക്കാം. അവരുടെപേരിൽ എത്രകാലംമുതല്ക്കാണു വണക്കം ഉണ്ടായിച്ചതു? അവരെ ഇങ്ങനെ പ്രഥമമായി വണങ്ങിയവർ ആരാണു? ആ മതാദ്ധ്യക്ഷന്മാർ ഒമ്പതാം നൂറ്റാണ്ടിൽ മലങ്കര സഭാനേതൃത്വം വഹിച്ച എന്നും അവരുടെ ചരമം ദശമ ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ സംഭവിച്ചിരിക്കണം എന്നും ഉള്ളതിൽ സന്ദേഹത്തിനവകാശം ഇല്ലാത്തതിനാൽ അന്നുമുതൽ ഉദയംപേരൂർ സൂനഹദോസുവരെ ഏകദേശം സംവത്സരങ്ങളോളം അവർ ഇവിടെ വണങ്ങപ്പെട്ടിരുന്നു എന്നും അതിനിടയിൽ അവരുടെ നാമത്തിൽ അനവധി ദേവാലയങ്ങൾ പ്രതിഷ്ഠിക്കപ്പെട്ട എന്നും അവർമൂലം പ്രാർത്ഥനകളും അവർക്കായി നേർച്ചകളും സമർപ്പിക്കപ്പെട്ടിരുന്നു എന്നും സ്പഷ്ടമായിരിക്കുന്നു. അവരെ ആദ്യമായി വണങ്ങിയവർ അവരുടെ ജീവകാലത്തിന്റെ അവസാന ഘട്ടത്തിലും ചരമദശയിലും ജീവിച്ചിരുന്ന വൈദികരും ജനങ്ങളും ആയിരുന്നു എന്നതു നിർവ്വിവാദമാണു. ആ കാലത്തു മലങ്കര സഭയെ ഭരിച്ചിരുന്ന പ്രധാന മതാദ്ധ്യക്ഷൻ അതിലേക്കു പൂർണ്ണാനുവാദം നൽകിയിരുന്നുവെന്നുള്ളതും നിശ്ചയംതന്നെ. അദ്ദേഹത്തിന്റെയും അതേസ്ഥാനത്തിൽ അദ്ദേഹത്തെ അനുഗമിച്ചിട്ടുള്ളവരുടേയും അനുജ്ഞകൂടാതെ പ്രസ്തുതമെത്രാന്മാരുടെ നാമത്തിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയെന്നതു കേവലം അസംഭാവ്യമാണു. ഒരു വിധ വണക്കങ്ങളെയും ക്രിസ്ത്യാനികൾ അവർക്കു പ്രദർശിപ്പിച്ചതും സഭാഭരണകർത്താക്കൾ അതിനെ വിലക്കാതിരുന്നതും അവരുടെ ജീവിതശുദ്ധതയും അവർമൂലം നടന്നസദ്ഭാവാതിരേകങ്ങളായ സംഭവങ്ങളും കണ്ടറിഞ്ഞിരുന്നതിനാൽമാത്രമാണു. ആകയാൽസൂനഹദോസിന്റെ നിർണ്ണയത്തിൽ പറയപ്പെട്ടിരുന്നതുപോലെ പ്രസ്തുത മെത്രാന്മാരെ മലങ്കരസഭ വിശുദ്ധന്മാരായി കരുതുകയും വണങ്ങുകയുംചെയ്തതു യഥാർത്ഥത്തിൽ അവർ വിശുദ്ധ

ന്മാർ ആയിരുന്നതിനാൽതന്നെയത്രെ. അവർ കേരളത്തിൽ വളരെ പള്ളികളെ സ്ഥാപിക്കയും അന്യമതസ്ഥന്മാരായ അനവധി ആളുകളെ ക്രീസ്തുമതത്തിൽ ചേർക്കയുംചെയ്തു എന്നതു സകല ചരിത്രകർത്താക്കളാലും സമ്മതിക്കപ്പെട്ടുന്ന ഒരു വാസ്തവമാണു. മാത്രമല്ല മലങ്കരസഭയെ ഭരിച്ചിട്ടുള്ള അസംഖ്യം മേൽപട്ടക്കാരിൽ ഒരംവിധമുള്ള ബഹുമാനങ്ങൾ ഒരു രണ്ടു മെത്രാന്മാർക്കല്ലാതെ മറ്റു ആർക്കുതന്നെ ചെയ്യപ്പെട്ടിട്ടില്ല. ഒരു വസ്തുതകളെപ്പറ്റി പയ്യാലോചിക്കുമ്പോൾ, ഏതാരുത്തനും ആ വണ്ണത്തിനു അവർ യഥാർത്ഥത്തിൽ അഭ്രന്മാർ ആയിരുന്നു എന്നു സശിരഃകമ്പം സമ്മതിച്ചേമതിയാവു.

പ്രസ്തുത മെത്രാന്മാർ വിശുദ്ധന്മാർ ആയിരുന്നു എന്നതിലേക്കു വിശ്വാസയോഗ്യമായ തെളിവുകൾ ഇല്ല എന്നാണല്ലോ സൂനഹദോസിന്റെ നിണ്ണയത്തിലേ മൂന്നാമത്തെ സംഗതി. ഇതുസംബന്ധമായ രേഖകൾ നമുക്കു സിദ്ധിക്കുവാനുള്ളമാർഗ്ഗങ്ങൾ മലങ്കരസഭയുടെ ചരിത്രവും പാരമ്പര്യവും വിദേശിയരുടെ എഴുത്തുകളുമാണ്. ഇവയിൽ പ്രഥമവും പ്രധാനവുമായ ഭാരതസഭയുടെ ചരിത്രത്തിലും അതിന്റെ ആചാര പരമ്പരയിലും ഇതിലേക്കുള്ള രേഖകൾ ധാരാളം കാണപ്പെട്ടുന്നുണ്ടു എന്നുള്ളതു മേൽ വിവരിക്കപ്പെട്ടവയിൽനിന്നു വായനക്കാർക്കു എളുപ്പത്തിൽ മനസ്സിലാക്കാം. "അവർ പരിശുദ്ധന്മാർ ആയിരുന്നു എന്നതിലേക്കു മതിയായ രേഖകൾ ഇല്ല" എന്നു പ്രസ്തുതനിണ്ണയത്തിൽ പറയപ്പെട്ടുന്നതിനുള്ള ഹേതു ഒരു പക്ഷേ ഏതദ്വിഷയസംബന്ധമായി വൈദേശിക ഗ്രന്ഥകാരന്മാർ ഒന്നും പ്രസ്താവിച്ചിട്ടില്ലാത്തതായിരിക്കാം. എന്നാൽ മലങ്കരസഭയുടെ ചരിത്രത്തിൽനിന്നും അതിന്റെ പാരമ്പര്യ നടപടികളിൽനിന്നും അല്ലാതെ വൈദേശികർക്കു ഇതുസംബന്ധമായ അറിവു മറ്റെവിടെനിന്നാണു ലഭിക്കുക? അതിനാൽ മാർ സാബോർ മാർ പ്രോത്തു എന്ന മെത്രാന്മാർ പരിശുദ്ധന്മാർ ആയിരുന്നു എ

ന്നതിനെ ലക്ഷീകരിക്കുന്നതിനു തക്കതായ രേഖകൾ ഇല്ല എ
ന്നു പ്രസ്തുതനിർണ്ണയ നിർമ്മാതാക്കൾ പറയുന്നതു അനാദരണീ
യവും ചരിത്രജ്ഞാനമുള്ളവരാൽ സ്വീകരിക്കപ്പെടുവാൻ വഹി
യാത്തതുമത്രെ. പ്രസിദ്ധന്മാരായ വൈദേശിക ഗ്രന്ഥകാരന്മാ
രുതന്നെയും ഒരു മെത്രാന്മാർ പരിശുദ്ധന്മാർ ആയിരുന്നു എ
ന്നു സമ്മതിച്ചു എഴുതീട്ടുണ്ടു എന്നതിനു മേൽ (ഖ. ഉ) പറയ
പ്പെട്ട ലെകപിയേൻ എന്ന ചരിത്രകർത്താവും 'വിശുദ്ധഗ്രന്ഥാ
വലി' (Bibliotheca sacra) യുടെ നിർമ്മാതാക്കളും (16) ഉത്തമ
സാക്ഷികൾ ആണു.

സൂനഹദോസിന്റെ നിർണ്ണയത്തിലെ നാലാമത്തെഭാഗം
മേൽപറഞ്ഞ മെത്രാന്മാരെ തിരുസഭ വിശുദ്ധന്മാരുടെ ഗണ
ത്തിൽ സ്വീകരിച്ചിട്ടില്ല എന്നുള്ളതാണെന്നു വായനക്കാർ ഓ
ർമ്മിക്കുമെങ്കിലായിരിക്കണം. പൂർവ്വകാലങ്ങളിൽ സുകൃതജീവിതാന
ന്തരം മൃതനായ ഒരാളെ ജനങ്ങൾ പരിശുദ്ധനായി സ്വീകരി
ച്ചു വണങ്ങിയിരുന്നതു ഓരോസ്ഥലങ്ങളിലെ മെത്രാന്മാരുടെസ
മ്മതിപ്രകാരമായിരുന്നു. ഒരു സംഗതിയിൽ സ്ഥലത്തെ മെത്രാ
ന്റെ അനുമതി മതിയാകയില്ലെന്നും മറ്റുമുള്ള ആധുനിക നി
ബന്ധനകൾ പതിനൊന്നാം ശതാബ്ദത്തിന്റെ അവസാന ഘ
ട്ടമുതല്ലൊ പ്രത്യക്ഷപ്പെട്ടുതുടങ്ങിയുള്ളൂ. ഒരു വിഷയത്തിൽ ഉ
ബ്പാൻ ദ്വിതീയൻ, കല്ലിക്സ്റ്റസ് ദ്വിതീയൻ, എവുജീനിയ
സ് തൃതീയൻ എന്നാ പന്ത്രണ്ടാം വത്സരയുഗത്തിലെപരിശുദ്ധ
മാപ്പാപ്പാമാർ പുതുതായ നിയമങ്ങൾ സ്ഥാപിക്കുവാൻ ശ്രമി
ക്കയും നടത്തുകയുംചെയ്തുവന്നു. എന്നാൽ അതു ആധുനികരീതി
യിൽ പൂർണ്ണതയെപ്രാപിച്ചതു പതിനേഴാം നൂറ്റാണ്ടിൽ (ക്രി
സ്തു 1634) ഉർബ്പാൻ എട്ടുമന്റെ വാഴ്ചകാലം തുടങ്ങിയാണു. മാർ
സാബ്പോർ മാർ പ്രോത്തു എന്ന മെത്രാന്മാരാകട്ടെ ദശമ ശ
താബ്ദത്തിൽ ആണു ചരമത്തെപ്രാപിച്ചതു. അക്കാലത്തെ രീ
തി അനുസരിച്ചു സ്ഥലത്തെ മെത്രാന്മാരാൽ അവർ വിശുദ്ധ

ന്മാർ എന്നു നാമകരണം ചെയ്യപ്പെട്ടിട്ടും ഉണ്ട്. ആകയാൽ തിരുസഭ അവരെ വിശുദ്ധന്മാരുടെ ശേഖരത്തിൽ സ്വീകരിച്ചിട്ടില്ല എന്നുള്ള പ്രസ്തുത നിർണ്ണയത്തിലെ നാലാമത്തെ സംഗതി പരമാബദ്ധമാണ് എന്നു പ്രത്യക്ഷപ്പെടുന്നു.

അവർ ബാബേലിൽനിന്നു വന്നവർ ആകയാൽ അബദ്ധമതാചരണികർ ആയിരിക്കണം എന്നു ശങ്കിപ്പാൻ അവകാശം ഉണ്ടെന്നാണു നിർണ്ണയത്തിന്റെ അഭിപ്രായപ്പെടുകയുണ്ടായി. എങ്കിലും അവരുടെ വിശ്വാസനിലയെ സംബന്ധിച്ചു സംശയം അല്പമെങ്കിലും തീർച്ചയായ അറിവു തങ്ങൾക്കില്ലെന്നു നിർണ്ണയനിർമ്മാതാക്കൾതന്നെ സമ്മതിക്കുന്നു. നിശ്ചയമുള്ള കൈവശക്കാരിൽനിന്നു സംശയംനിമിത്തം വസ്തു ഒഴിപ്പിക്കുക സഭാനിയമങ്ങൾക്കും സിവിൽ നിയമങ്ങൾക്കും വിരോധമായിരിക്കെ ഭാരതസഭ നൂറു സംവത്സരങ്ങൾവരെ വിശുദ്ധന്മാരായി വണങ്ങിയിരുന്നവരെ മേലാൽ വണങ്ങിക്കൂടെന്നു 'ബാബേൽക്കാർ' എന്ന വെറുംസംശയം കാരണത്താൽ തീർച്ചചെയ്തതു എങ്ങനെ എന്നു മനസ്സിലാകുന്നില്ല. ബാബേലിലെ ഭൂരിപക്ഷന്മാരിൽ പരിശുദ്ധന്മാരായി വണങ്ങപ്പെട്ടവർ പലരുണ്ട്. അവരിൽ അധികപ്പെട്ടും സാവ്വോർ ദ്വിതീയന്റെ കാലത്തു രക്തസാക്ഷിത്വം അനുഭവിച്ചവരാണു. നെസ്തോറിയൻ വിശ്വാസം ആറാം ശതാബ്ദത്തിൽ ബാബേൽ സിംഹാസനത്തിൽ ആരോഹണം ചെയ്തശേഷവും അതിന്റെ അധികാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനസമുദായത്തിൽ ഒരുഭാഗം പതിനാലു മതതത്വങ്ങളെ സ്വീകരിക്കാതെ 'കാസോലിക്കോ' എന്ന പൂർവ്വസംജ്ഞയോടുകൂടിയ കത്തോലിക്കനായ ഒരു പൊതുമേലദ്ധ്യക്ഷന്റെ അധികാരത്തിൽ കത്തോലിക്കമതത്തിൽ സ്ഥിരപ്രതിപത്തിയോടുകൂടി വർത്തിച്ചിരുന്നു എന്നു മേൽ ഏഴാംഖണ്ഡത്തിൽ വിവരിച്ചിട്ടുള്ളതു് ഇവിടെ ആവർത്തിച്ചു പറയേണ്ട ആവശ്യകത ഇല്ല. പ്രസ്തുത കാസോലിക്കായുടെ അനന്തരഗാമികൾ: സാബ്രോർ, പ്രോത്തു എന്ന

മെത്രാന്മാർ ഇൻഡ്യായിലേക്കു വന്നകാലമായ ഒമ്പതാംനൂറ്റാണ്ടിലും അതിൽപിന്നെയും ഉണ്ടായിരുന്നു എന്നും ദക്ഷിണഭാരത സഭയിലേക്കു മെത്രാന്മാരെ നിയോഗിച്ചിരുന്നതു അവർ ആയിരുന്നു എന്നും കീഴെ തെളിയിക്കുന്നതാണു. അതിനാൽ സാബോർപ്രോതു എന്ന മെത്രാന്മാർ പാഷണ്ഡമതാനുവർത്തികൾ ആയിരുന്നിരിക്കാം എന്നു സൂനഹദോസിന്റെ നിർണ്ണയ നിർമ്മാതാക്കൾ സംശയിച്ചതു അടിസ്ഥാനരഹിതമാണു. ഉദയംപേരൂർസൂനഹദോസിന്റെ പ്രഖ്യാപനങ്ങളിൽ പലഅബദ്ധങ്ങൾ കടന്നുകൂടിട്ടുണ്ടെന്നുള്ളതു അസ്സെമാൻ ആദിയായ വിശ്രുത ഗ്രന്ഥകാരന്മാരാൽ വ്യക്തീകൃതമായ ഒരു വാസ്തവമത്രേ. ഒരു പൊർട്ടുഗീസ് ഗ്രന്ഥകർത്താവായ റോഖിൻ (Raulin) തന്നെയും ഇതിനെ അനുസരിച്ചു പ്രസ്താവിക്കുന്നുണ്ടു് എന്നു് അദ്ദേഹത്തിന്റെ കൃതി വായിക്കുന്നവർക്കു മനസ്സിലാകുന്നതാണു്. ഉദയംപേരൂർ സൂനഹദോസിനോടു സമീപിച്ചകാലത്തു മലങ്കരസഭാകർത്താവായിരുന്ന മാർ അബ്രാഹം അദ്ദേഹത്തിന്റെ ആസ്ഥാനഗരം കുറയ അങ്കമാലിയിൽ വി. ഹൊർമിസിന്റെ നാമത്തിൽ ഒരു ദേവാലയം പണിയിക്കയും ആ ദേവാലയത്തിനായി മാപ്പുപ്പായിൽനിന്നു ഒരു പൂർണ്ണദണ്ഡവിമോചനത്തിനും ശ്ലൊസഭക്കാർവഴി അപേക്ഷിക്കയും ഉണ്ടായി. ഏഴാം നൂറ്റാണ്ടിൽ— ഇത നെസ്തോറിയൻ പാഷണ്ഡത ബാബേലിൽ പ്രബലപ്പെട്ടിരുന്ന കാലപരിവർത്തനം ആണല്ലൊ — ജീവിച്ചിരുന്ന ഒരു മഹാപരിശുദ്ധ മഠാധിപൻ (Abbot) ആയ ഓരം സിദ്ധന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട സന്ന്യാസാശ്രമങ്ങൾ മെസൊപ്പൊട്ടെമിയായിലെ കൽദായക്കാരുടെ ഇടയിൽ പ്രാചീനകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെതന്നെ അർവ്വാചീനകാലത്തും ഉണ്ടു. അവർ ആ മഹാത്മാവിന്റെ നാമത്തിൽ സെപ്റ്റംബർ ഒന്നാംതീയതിയിലും പുനരുത്ഥാനശേഷം വരുന്ന ഒന്നാംദിവസത്തിലും ആധുനിക കാലങ്ങളിൽപോലും തിരു

നാൾ ആചരിച്ചുവരുന്നു. പ്രസ്തുത പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും പല മാങ്ങാ ഉള്ളതുമായ സന്ന്യാസ സഭയെ പതിനാറാമത്തെ ഗ്രിഗോരിയോസ് മാർപ്പാപ്പാ 1622 സെപ്റ്റംബർ പന്ത്രണ്ടാം- അംഗീകരിച്ചു സ്ഥിരപ്പെടുത്തുകയുണ്ടായി. (17). എന്നാൽ ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങളിൽ ഒന്നിൽ (Session III Decree x) പ്രസ്തുത ഫോർമ്മീസ് നെസ്തോറിയൻ ഇടത്തട്ടുകാരൻ ആണെന്നും അയാളുടെ നാമത്തിൽ സെപ്റ്റംബർ ഒന്നാംതീയതിയിലും ഉയർപ്പിനുശേഷം പന്ത്രണ്ടാമത്തെ ദിവസത്തിലും അങ്കമാലിയിൽ തിരുനാൾകൾ ആചരിക്കപ്പെടുന്നു എന്നും പ്രസ്താവിച്ചുകൊണ്ടു മേലാൽ അയാൾക്കു തിരുനാൾ ഘോഷിക്കരുതെന്നും ഫോർമ്മീസ് എന്ന നാമം മാറ്റി ആ പകരം ഫോർമ്മീസ് സഹദായുടെ നാമം ഇടണമെന്നും മഹറോൻ ശിക്ഷയിൻകീഴ് കല്പിച്ചിരിക്കുന്നു. ഇതു തെറ്റിദ്ധാരണയാലും പൌരസ്ത്യ സഭയിലെ പരിശുദ്ധന്മാരെപ്പറ്റി പൂർണ്ണമായ ജ്ഞാനം ഇല്ലാഞ്ഞതിനാലും ചെയ്യപ്പെട്ട ഒരു തീരുമാനം ആണെന്നു ആധുനിക വിദഗ്ദ്ധന്മാരെല്ലാം ഏകകണ്ഠേന സമ്മതിക്കുന്നു. സാബോർ പ്രോത്തു എന്ന വി. മെത്രാന്മാരുടെ വിഷയത്തിൽ സൂനഹദോസിനാൽ ചെയ്യപ്പെട്ടിട്ടുള്ള നിർണ്ണയവും തരംവിധംതന്നെയാണെന്നുള്ളതു നിർവ്വിവാദം ആണു.

ഫാ. യേശുയാബ് പാത്രിയർക്കീസ് ജീവിച്ചിരുന്ന ഏഴാംശതവത്സരത്തിൽ ഭാരതഭൂമിയിലും പേർഷ്യാമെത്രാപ്പോലീത്തായുടെ അധികാരസീമയിൽ ഉൾപ്പെട്ടിരുന്ന നാടുകളിലും കത്തോലിക്കാമതം വ്യാപിച്ചിരുന്നു എന്നും ആ കാലഘട്ടത്തിൽ നെസ്തോറിയൻമതഭേദം ആ സഭകളിൽ പ്രവേശിച്ചിരുന്നില്ല എന്നും മേൽ ന്യായാധികരണത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. അനന്തരം ഒമ്പതാംനൂറ്റാണ്ടിൽ ദക്ഷിണഭാരത സഭാനേതൃത്വം വഹിച്ചിരുന്ന സാബോർ പ്രോത്തു എന്ന വൈദികാദ്ധ്യക്ഷന്മാരെ

സംബന്ധിച്ചു മേൽ പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു വ്യക്തമാകുന്നതു്, എട്ടാമത്തെയും ഒമ്പതാമത്തെയും ശതാബ്ദങ്ങളിൽ ദക്ഷിണഭാരതസഭ കത്തോലിക്കാവിശ്വാസത്തിൽ നിശ്ചലമായി നിലനിന്നിരുന്നു എന്നാണു. 'കാസോലിക്കോ' എന്ന സ്ഥാനസംജ്ഞയോടുകൂടി കത്തോലിക്കരായ കൽദായക്കാരെ ഭരിച്ചിരുന്ന പേഷ്യാമെത്രാപ്പോലീത്തന്മാർ അനന്തരഗാമികൾ ഉണ്ടായിരുന്നോ എന്നാണു ഇനി ഇതുസംബന്ധിച്ചു ഇവിടെ അവശ്യജ്ഞേയമായിരിക്കുന്നതു്.

ഏഴാം ശതവത്സരാനന്തരം അവിശ്വാസികളായി എട്ടു, ഒമ്പതു, പത്തു, പതിനൊന്നു, പന്ത്രണ്ടു നൂറാണ്ടുകളിൽ അദ്ദേഹത്തിനു 'കാസോലിക്കോ' മാരായ അനന്തരഗാമികൾ ഉണ്ടായിരുന്നു എന്നതിനെ താഴെ പറയുന്ന പ്രമാണങ്ങൾ ലക്ഷീകരിക്കുന്നു. പതിനൊന്നാം ശതാബ്ദമദ്ധ്യത്തിൽ (1075) അന്ത്യോക്യാസിംഹാസനാരൂഢനായിരുന്ന പത്രോസ് പാത്രിയക്കീസ് ഗ്രെയ്ഡനി (Graden) ലെ ഡൊമിനിക്കിനു അയച്ച ഒരു ലേഖനത്തിൽ സഭയുടെ അധികാരം വ്യാപിച്ചിരിക്കുന്ന ദേശങ്ങൾ വിസ്തീർണ്ണതയും ശ്രേഷ്ഠതയും ഉള്ളവയാണെന്നും, ഇൻഡ്യാമുതലായ രാജ്യങ്ങളും തനിക്കു കീഴ്പെട്ടിരിക്കുന്നു എന്നും, ബാബേൽ മുതലായ ദിക്കുകളിലേക്കു കാസോലിക്കാമാരെ സഭയെ നിയോഗിക്കുന്നു എന്നും, അവർ വളരെ മെത്രാന്മാരുടെ അദ്ധ്യക്ഷന്മാർ ആകേണ്ടവർ ആയിരുന്നാലും 'പാത്രിയക്കീ' സംജ്ഞയെ വഹിക്കുന്നില്ലെന്നും വിവരിച്ചിരിക്കുന്നു. പത്രോസ് പാത്രിയക്കീസ് പ്രസ്തുത ലേഖനത്തിൽ പറയുന്ന കാസോലിക്കാമാരെസംബന്ധിച്ച ശ്രീമശ്രീതാബ്ദ സമാരംഭത്തിൽ ഒരു സംഭവം നടന്നതായി ബർ എബ്രായ മുതലായ പല ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തീട്ടുണ്ടു. സാരസൻസ് എന്നു പറയപ്പെട്ടിരുന്ന അറബികൾക്കു ഏഴാംനൂറ്റാണ്ടിൽ പേഷ്യാസാമ്രാജ്യം അധീനമായശേഷം നെസ്തോറിയൻഭാഗക്കാർ അവരുടെ സഹായത്താ

ടുകൂടി കത്തോലിക്കരെ പലവിധത്തിൽ ഉപദ്രവിച്ചിരുന്നു. (പേ
ഷ്യാമുതലായ രാജ്യങ്ങളിലെ കത്തോലിക്കർക്കു മറ്റു കാലഘട്ടത്തി
ൽ 'മെൽക്കീത്തർ' അഥവാ 'മെൽക്കൈറസ്' എന്നു പേർ
പറയപ്പെട്ടിരുന്ന എന്നും, അന്ത്യോക്യാ പാത്രിയക്കീസിനാൽ
സ്ഥാപിക്കപ്പെട്ടിരുന്ന 'കാസോലിക്കാഭിദേയൻ' തുടയ വൈ
ദികാദ്ധ്യക്ഷൻ മുതലായവരെ ഭരിച്ചിരുന്നതു എന്നും ഇതിനു
മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണെല്ലൊ) കത്തോലിക്കരുടെ മേലദ്ധ്യ
ക്ഷൻ 'കാസോലിക്കാ' എന്നു അഭിധാനം ചെയ്യപ്പെട്ടുന്നതി
നെ നിരോധിക്കുന്നതിലേക്കു പത്താം ശതവത്സരാരംഭത്തിൽ
നൊസ്തോറിയൻകാരുടെ 810-ാമത്തെ കാസോലിക്കാസ്ഥാനി
യായ അബ്രാഹം തൃതീയൻ ബാഗ്ദാദിലെ കാലിഫിന്റെ
അടുക്കൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനബലം പ്ര
യോഗിച്ചു വേണ്ട മുൻകരുതലുകളും ഏർപ്പാടുകളുംചെയ്തു. ത
ന്നിമിത്തം കത്തോലിക്കരുടെ മതാദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ
അധികാരാതൃത്തികളിൽ ഉൾപ്പെട്ട പ്രദേശങ്ങളിലേക്കായി മെ
ത്രാന്മാരെ അഭിഷേകംചെയ്തിരുന്നതു ഗുഢമായും രാത്രിസമയ
ത്തും ആയിരുന്നു. അബ്രാഹം ഒരിക്കൽ ഓരോ വസ്തുത അറിഞ്ഞു
ചാരന്മാരെ അയച്ചു അഭിഷേകംചെയ്ത കാസോലിക്കായേയും
അഭിഷിക്തനായ മെത്രാനേയും പിടിച്ചു സുൽത്താനെ ഏല്പി
ക്കയും സുൽത്താൻ രണ്ടുപേർക്കും നിസ്സാരമല്ലാത്ത ഒരു സംഖ്യ
പിഴ കല്പിക്കയും കാസോലിക്കാ എന്നു വിളിക്കപ്പെടുവാനുള്ള
അവകാശം അബ്രാഹത്തിനുമാത്രമെയുള്ളു എന്നു വിധിക്കയും
ചെയ്തു. ഈ മഹമ്മദീയവത്സരം 1000-നു ക്രീസ്താബ്ദം 1258-
ൽ ആണു സംഭവിച്ചത്. (18).

അന്ത്യോക്യാ പാത്രിയക്കീസായ പ്രസ്തുത പത്രോസ് സ്വ
ന്തം അധികാരത്തിൻ കീഴ്പെട്ടതായി പറഞ്ഞിരിക്കുന്ന ദിക്കുകൾ
പേഷ്യാ, ബാബിൽ, ബാഗ്ദാദ്, ഇൻഡ്യാ മുതലായ ഏ
ഷ്യായിലെ പല വിഭാഗങ്ങൾ തന്നെ. ഇവയിൽ പലതിലേയും

ക്രിസ്ത്യാനികളുടെ കാര്യങ്ങൾ അന്വേഷിച്ചിരുന്നതു മേൽപറഞ്ഞ പാത്രിയക്കീസിനാൽ സ്ഥീകരിക്കപ്പെട്ട കാസോലിക്കാസ്ഥാനികൾ ആയ മേലദ്ധ്യക്ഷന്മാർ ആയിരുന്നു. "പൌരസ്ത്യമെത്രാന്മാർ അന്ത്യോക്യായുടെ പരമാധിപത്യത്തെ ബഹുമാനിക്കയും പൌരസ്ത്യകാര്യങ്ങളെ അന്വേഷിക്കയുംചെയ്യട്ടെ" എന്നു നവുഫ—ൽ കൌൻസ്റ്റന്റയിൻപുരിയിൽ കൂടിയസൂനാഹദോസിന്റെ രണ്ടാമത്തെ കാനോനായിൽ പറയുംപോലെ ഓരോ മേലദ്ധ്യക്ഷന്മാർ "പൌരസ്ത്യ കാസോലിക്കാ" എന്ന സ്ഥാനസംജ്ഞയെ ഭൂരിഭാഗം ധരിച്ചിരുന്നതു. (19). അന്ത്യോക്യാപാത്രിയക്കീസിന്റെ മേൽ കാണിച്ചിട്ടുള്ള പ്രസ്താവനയിൽനിന്നു നാം ഗ്രഹിക്കുന്നതു്, സെലെവുക്യാസിംഹാസനത്തെ നെസ്തോറിയൻകാർ അപഹരിച്ചതിൽപിന്നെയും "പൌരസ്ത്യ കാസോലിക്കാ" എന്ന സംജ്ഞാവിശേഷണത്തോടുകൂടി കത്തോലിക്കരായ മേലദ്ധ്യക്ഷന്മാർ അദ്ദേഹത്തിന്റെകീഴിൽ എല്ലാക്കാലത്തും ഉണ്ടായിരുന്നു എന്നാണു. പേഷ്യാമെത്രാപ്പോലീത്താ ഇദ്ദേഹത്തിന്റെ കീഴിൽ കത്തോലിക്കരെ ഭരിച്ചിരുന്നു എന്നു ഒങ്ങൾ മുകളിൽ (ഖ. ന്യ) പ്രസ്താവിച്ചിട്ടുള്ളതു് ഇതിനോടു പൂർണ്ണമായി യോജിക്കുന്നു. നെസ്തോറിയൻകാർക്കു് ഏഴാം ശതവർഷത്തിൽ പേഷ്യായിലും ഇൻഡ്യയിലും പ്രവേശിക്കുന്നതിനു സാധിക്കാതെവന്നെങ്കിലും അവരുടെ പ്രാബല്യം പ്രതിദിനം വർദ്ധമാനമായി തീർന്നതിനാലും മാഹമ്മദരാജാക്കന്മാർ അവരുടെനേർക്കു സാഹായ്യത്തെ പ്രദർശിപ്പിച്ചിരുന്നതിനാലും പേഷ്യയിലും അതിന്റെ സമീപസ്ഥിതമായ ഉത്തരഭാരതത്തിലും അവർക്കു സ്വാധീനരായ ജനങ്ങൾ ഉണ്ടായിരുടങ്ങി. തന്നിമിത്തം എട്ടാം ശതവത്സരാവസാനത്തിലും ഒമ്പതാംശതവത്സരാരംഭത്തിലുമായി അവർക്കു രണ്ടു മെത്രാസനങ്ങൾ ആ സമീപങ്ങളിൽ സ്ഥാപിതങ്ങൾ ആയിതീർന്നു. (അ. ൭ ലഃ ൨) ഏകദേശം ഇക്കാലത്തുതന്നെ മാഹമ്മദമതാവലംബികൾ ഉത്തരഭാരതത്തിൽ പ്രവേശിക്കയും അ

ന്മരുടെ പരാക്രമശക്തി അവിടെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. നെസ്തോറിയൻകാർ എട്ടാംശതാബ്ദത്തിനുമുമ്പു (പ്രസ്തുതദേശങ്ങളിൽ ഉണ്ടായിരുന്നു എന്നു വാദിക്കുന്നവർ ഉണ്ടായിരിക്കാമെങ്കിലും) അവിടെ മെത്രാസനങ്ങളെ ഉറപ്പിച്ചതായി യാതൊരു ചരിത്രകർത്താവും രേഖപ്പെടുത്തിട്ടില്ല: അതിനാൽ അവർ ആ കാലഘട്ടത്തിനുമുമ്പു അവിടെ പ്രവേശിച്ചിട്ടില്ല എന്നു തീച്ചയെന്നു. ഉദ്ദേശം ഒമ്പതാംനൂറ്റാണ്ടിൽ അവർ അവിടെ കടന്നുകൂടി എങ്കിലും പേഷ്ശായിലെ കാസോലിക്കാസ്ഥാനത്തെ ഗ്രസിച്ചുകളയുന്നതിനു അവക്കു സാധിച്ചില്ല എന്നു അന്ത്യോക്യാപാത്രിയക്കീസിന്റെ മേൽകാണിച്ച പ്രസ്താവനയിൽനിന്നു സ്പഷ്ടീഭവിക്കുന്നു. ഇതിനാൽ മേൽപറഞ്ഞ ദേശങ്ങളിലെ ക്രിസ്ത്യാനികളിൽ ഒരുഭാഗം അവക്കു അധീനന്മാർ ആയിരുന്നു എന്നു വരാം എങ്കിലും എല്ലാവരും അവക്കു കീഴ്പെട്ടിരുന്നില്ല എന്നതു തീച്ചയത്രെ.

കത്തോലിക്കരേയും അവരുടെ പ്രധാന മേലദ്ധ്യക്ഷനേയും മഹമ്മദീയരും നെസ്തോറിയൻകാരും പീഡിപ്പിച്ചിരുന്നതായി മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ പീഡനാവസരത്തിൽ ആണ്ട സാബോർ, പ്രോതു, എന്ന മെത്രാന്മാരും അവരോടൊരുമിച്ചു വിദേശ സൂറിയാനിക്കാരുടെ ഒരുകൂട്ടവും കൊല്ലത്തു വന്നു ചേർന്നതു. ആ കാലഘട്ടത്തിൽ ദക്ഷിണഭാരതത്തിലെ ക്രിസ്ത്യാനികൾക്കു യാതൊരു പീഡയും ഉണ്ടായിരുന്നില്ല; എന്നുമാത്രമല്ല അവർ രാജസേവകന്മാരും രാജസന്നിധിയിൽ വളരെ പ്രബലന്മാരും ആയിരുന്നു. (അ. ൭. ല. ൪) അവിടെ മഹമ്മദീയരുടെ പ്രവേശമോ പീഡയോ, നെസ്തോറിയൻകാരുടെ ആഗമമോ ഉണ്ടായിരുന്നില്ല എന്നകാരണത്താൽ പേഷ്ശാക്കാരായ ക്രിസ്ത്യാനികൾക്കു ദക്ഷിണഭാരതവും അതിലെ സഭയും ഒരു ആശ്രയസ്ഥാനം ആയി ഭവിച്ചു.

എ.ഡ. ആറാം ശതകസരത്തിൽ നെസ്തോറിയൻപാഷണ്ഡ

ത സെലൊവുക്യാസിംഹാസനത്തിൽ പ്രവേശിച്ചതുമുതൽ പ
തിനൊന്നാം നൂറ്റാണ്ടുവരെ പ്രസ്തുതസിംഹാസനത്തിന്റെ അ
ധികാരസീമയിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങളിൽ ആ പതിതമത
ത്തിന്റെ സിദ്ധാന്തങ്ങളെ സ്വീകരിക്കാതെ കത്തോലിക്കാമത
തതപക്ഷങ്ങളിൽ സ്ഥിര പ്രതിപത്തിയോടുകൂടി വർത്തിച്ചിരുന്ന ജ
നങ്ങൾ ഉണ്ടായിരുന്നു എന്നും അവർ "കാസോലിക്കാ" എന്ന
സ്ഥാനസംജ്ഞയോടുകൂടിയ കത്തോലിക്കനായ ഒരു പ്രധാനമ
താദ്ധ്യക്ഷനാൽഭരിക്കപ്പെട്ടുപോന്നു എന്നും ദക്ഷിണഭാരതസഭ
യെ ഭരിക്കുന്നതിലെക്ക മെത്രാന്മാരെ അദ്ദേഹം നിയോഗിച്ചി
രുന്നു എന്നും സാബോർ, പ്രോതസ് എന്നു മെത്രാന്മാർ അദ്ദേ
ഹത്താൽ നിയുക്തന്മാരായിരുന്നു എന്നും മേൽ പ്രസ്താവിച്ചു ക
ഴിഞ്ഞതു. ഒരു സംഗതിയുടെ കൂടുതൽ തെളിവിലേക്ക ആയി ആ
റാംനൂറ്റാണ്ടിലും അതിനുശേഷമുള്ള ശതാബ്ദങ്ങളിലും കത്തോ
ലിക്കവിശ്വാസത്തിൽ സ്വൈച്ഛ്യമേതും നിലനിന്നിരുന്നവരി
ൽ പ്രധാനന്മാരായ ചിലരുടെ പേരുകളെയാണു താഴെക്കുറി
ക്കുന്നതു. ആറാം ശതവത്സരാവസാനത്തിൽ (ക്രി.വ.) നീനിവ് മെത്രാനായ വി. ഇസഹാക്കും, ഏഴാം ശതവത്സരത്തി
ൽ (ക്രി.വ.) കാർമിയാ (Carmea) യുടെ മെത്രാനായ വി. സ
ഹദൂനായും, അതുശതവർഷത്തിൽ (ക്രി.വ.) നിനീവ് പട്ടണ
വാസിയും പ്രസിദ്ധസന്ന്യാസശ്രേഷ്ഠനുമായ യോഹന്നാൻസാ
ബായും, പ്രകൃതശതാബ്ദത്തിൽതന്നെ (ക്രി.വ.) സന്ന്യാസവര്യനും
പുണ്യശ്ലോകനും ആയ വി. ഹോമ്മിസ്ദാ, (ല. ൻ) പ്രസ്തുതനൂറാ
ണ്ടിൽ (ക്രി.വ.) കൗൺസാക്ഷിതപം അനുഭവിച്ച പേഷ്കൂൻകാരനാ
യ വി. അനസ്താസിയും, അദ്ദേഹത്തിന്റെ സഖാക്കൾ ആയ
പതിനാറു വേദസാക്ഷികളും നെസ്തോറിയൻമതത്തിന്റെ പ്രാ
ബല്യദശയിൽ പേഷ്കൂസാമ്രാജ്യത്തിൽ ജീവിച്ചിരുന്ന, ഉത്തമ കത്തോലിക്കർ ആണു്. (20). മെത്രാന്മാരും സന്ന്യാസ സഭാധ്യ
ക്ഷന്മാരും ആയ പ്രസ്തുത പരിശുദ്ധന്മാർ വളരെ ജനങ്ങളുടേ

യും വൈദികരുടേയും സന്ന്യാസികളുടേയും മേലധികാരികളായിരുന്നതിനാൽ, നെസ്തോറിയൻ മതഭേദം പേഷ്യായിൽ പ്രവേശിച്ചതിൽപിന്നെയുള്ള നൂറാണ്ടുകളിലും അവിടെ കത്തോലിക്കാവിശ്വാസികൾ ഉണ്ടായിരുന്നു എന്ന സത്യത്തെ രേഖപ്പെടുത്തുന്നു. ഓരോ കാലഘട്ടത്തിലും അനന്തരശതാബ്ദങ്ങളിലും നെസ്തോറിയൻകാരായ വളരെ ജനങ്ങൾ കത്തോലിക്കാസഭയിലേക്കു തിരിഞ്ഞുവന്നിട്ടുണ്ട്. അവരിൽ ഏതാനും പ്രധാനന്മാരെമാത്രം ഇവിടെ കാണിക്കാം. അഷ്ടമ ശതാബ്ദത്തിൽ (൭൫൭—൭൯൨) സെലെവുക്യായിലെ നെസ്തോറിയൻ പാത്രിയർക്കീസായിരുന്ന മരിമ്മ എന്നദ്ദേഹം പാഷണ്ഡതയെ ത്യജിച്ചു കത്തോലിക്കാവിശ്വാസത്തെ സ്വീകരിച്ചു. കപ്പദോച്ചിയാ, മേദിയാ, പേഷ്യാ, അർമ്മേനിയാ മുതലായ ദേശങ്ങളിലെ അനവധി മെത്രാന്മാർ സ്വന്ത ജനസമൂഹങ്ങളോടുകൂടി ദശമശതാബ്ദത്തിൽ (൯൫൪) കത്തോലിക്കസഭാപ്രവേശനംചെയ്തു. നെസ്തോറിയൻകാരായ അനവധി ആളുകൾ അബദ്ധമതസിദ്ധാന്തങ്ങളെ ഉപേക്ഷിച്ചുപന്ത്രണ്ടാംശതവർഷത്തിൽ (൧൧൯൪) കത്തോലിക്കാ ഐക്യത്തെ പുനഃസ്വീകരിച്ചു. (21) പേഷ്യായിൽനിന്നു വന്ന കത്തോലിക്കരായ മെത്രാന്മാർ ദക്ഷിണഭാരത സഭയെ ഭരിച്ചിരുന്നു എന്നും സാബോർ പ്രോത്ത് എന്ന മെത്രാന്മാർ കത്തോലിക്കർ ആയിരുന്നു എന്നും മേൽ (൨ മുതൽ ൧൨വരെ) ലക്കങ്ങളിൽ വിവരിച്ചിട്ടുള്ളത് യഥാർത്ഥമാണെന്നു ഇവ എല്ലാം തെളിയിക്കുന്നു.

മാത്രമല്ല സാബോർ പ്രോത്ത് എന്ന പ്രസ്തുത മെത്രാന്മാർ കേരളത്തിൽ എത്തിയ ഒമ്പതാം ശതവത്സരത്തിൽ (൮൮൦) തന്നെയാണു മേൽ ഒന്നും (ല. ൪) നാലും (ല. ൬൩) അദ്ധ്യായങ്ങളിൽ വിവരിച്ചതുപോലെ ഇംഗ്ലാണ്ടിലെ രാജാവും മഹാന്നും ആയ ആൽഫ്രേഡ് ൮൮൩—ൽ മെലാപ്പൂരിലുള്ള തോമ്മാശ്ലീഹായുടെ വിശുദ്ധ ശവകുടീരത്തിലേക്കു കാണിക്കദ്രവ്യ

ങ്ങളെ അയച്ചത്. അദ്ദേഹം റോമായിലേക്കും ഓർശ്ലമ്മിലേക്കും ഒരേവിധത്തിൽതന്നെ കാഴ്ചകളെ അയച്ചിട്ടുണ്ട്. അൽപ്രേഡിന്റെ കാലത്തിൽ റോമാ, ഓർശ്ലം എന്ന വിശുദ്ധസ്ഥലങ്ങൾ കത്തോലിക്കർക്കു എതുവിധത്തിൽ സ്വാധീനമായിരുന്നുവൊ, ഇൻഡ്യായിലെ വി. തോമ്മാശ്ലീഹായുടെ കബറിടവും ആവിധത്തിൽതന്നെ കത്തോലിക്കരുടെ അധീനത്തിൽ ആയിരുന്നു എന്നും അതിനാലത്രെ കാതോലിക്കോത്തമൻ ആയ അൽപ്രേഡ് അവിടേക്കു കാണിക്കകളെ അയച്ചതെന്നും ആണ ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നത്. അൽപ്രേഡ് ദാനങ്ങളെ അയച്ചതു സിഗ്ലം (Sighlem) എന്ന ഒരു മെത്രാൻ വഴിക്കായതിനാൽ അദ്ദേഹം (സിഗ്ലം) അവയെ നേസ്തോറിയൻ പാഷണ്ഡരുടെ കൈവശത്തിൽ ഇരുന്ന ഒരുപള്ളിയിൽ സമർപ്പിക്കുവാൻ സംഗതിയില്ല എന്നു ഇവിടെ വിശേഷിച്ചു പറയേണ്ട ആവശ്യമില്ല. ഒമ്പതാംശതവത്സരത്തിൽ ഭാരതത്തിലെ ക്രിസ്ത്യാനികളും അവരുടെ മെത്രാന്മാരും യഥാർത്ഥത്തിൽ കത്തോലിക്കർ ആയിരുന്നു എന്നല്ലാതെ മറെറന്താണു ഇതു സാക്ഷിയിൽനിന്നു നമുക്കു പ്രത്യക്ഷപ്പെടുന്നതു?

എ.ഡ. മാർ സാബോർ, മാർ പ്രോത്തു എന്ന മെത്രാന്മാരുടെ കാലശേഷം ൽവ്വവ—ൽ മാർ യോഹന്നാനും, എ൦ ഒന്നു—ൽ മാർ തോമ്മായും, എ.ഡ.൧൦—ൽ മാർ യോഹന്നാനും മലങ്കരസഭയെ ഭരിച്ചതായി രേഖകൾ കാണുന്നുണ്ടു. (22) ഇവരിൽ ആദ്യത്തെ രണ്ടാളുകളും പത്തും പതിനൊന്നും ശതാബ്ദങ്ങളിൽ ആണു ദക്ഷിണഭാരത സഭാഭരണം നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പതിനൊന്നാമത്തെ അബ്ദശതകംവരെ ഭാരതീയസഭ കത്തോലിക്കാവിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്നു എന്നു മേൽ തെളിയിച്ചിട്ടുള്ളതിനാൽ ഇനി ഇവിടെ അറിയേണ്ടിയിരിക്കുന്നതു പന്ത്രണ്ടാംശതാബ്ദംതുടങ്ങി ഇൻഡ്യാസഭയുടെ സ്ഥിതി എതുവിധത്തിൽ ആയിരുന്നു എന്നും, അതു കത്തോലിക്കാവി

ശാസനത്തിൽതന്നെ സ്ഥിരപ്രതിഷ്ഠയോടുകൂടി വഴ്ത്തിച്ചൊ
ല്ലിയും ആണു. പ്രസ്തുത മൂന്നു മെത്രാന്മാരിൽ ഒടുവിലത്തെ ആ
ൾ അതായതു പന്ത്രണ്ടാംശതാബ്ദത്തിൽ (ക്രക്രഠ—ൽ) മല
ങ്കരസഭാഭരണം കയ്യേറ്റ മാർയോഹന്നാൻ. അദ്ദേഹത്തിന്റെ
കീഴിലുള്ള മെത്രാന്മാരോടുകൂടി റോമ്മായിൽ ചെന്നു രണ്ടാമത്തെ
കല്ലിക്സ്റ്റസ് മാപ്പാപ്പായിൽനിന്നു പാല്ലിയം (Pallium) എ
ന്നു പറയപ്പെടുന്ന അധികാരവസ്ത്രത്തെ വാങ്ങി എന്നും അദ്ദേ
ഹം പാത്രിയക്കീസ് ആയിരുന്നു എന്നും ഗൌരവമേറിയ പല
ഗ്രന്ഥകാരന്മാർ വാദിക്കുന്നു (23). അവർ മാർയോഹന്നാനെ
പ്പറ്റി മൂന്നുകാര്യങ്ങൾ ആണു പ്രസ്താവിക്കുന്നതു:

അദ്ദേഹം കൊൺസ്റ്റന്റയിൻപുരിവഴിക്കു റോമ്മയിൽ എ
ത്തി, കല്ലിക്സ്റ്റസ് ദ്വിതീയനെ സന്ദർശിച്ചു അദ്ദേഹത്തിൽ
നിന്നു അധികാരസൂചകമായ പാല്ലിയംവാങ്ങിയതാണു പ്രസ്തു
ത മൂന്നുകാര്യങ്ങളിൽ ഒന്നാമത്തേതു. അടുത്തവിഷയം അക്കാ
ലത്തു വിശുദ്ധ തോമ്മാശ്ലീഹാ ഭാരതഭൂമിയിൽചെയ്തിരുന്നസു
ഭാവാതീതങ്ങൾ ആയ ചിലപ്രവൃത്തികളെ സംബന്ധിച്ചു മാർ
യോഹന്നാൻ റോമ്മാകച്ചേരിയിൽ ചെയ്ത പ്രസ്താവനയാണു.
മേൽപറയപ്പെട്ട ഗ്രന്ഥകാരന്മാരിൽ ചിലർ പ്രകൃതിയെ അ
തിശയിക്കുന്ന പ്രസ്തുതപ്രവൃത്തികളിൽ വിശ്വസിച്ചും ചിലർ വി
ശ്വസിക്കാതെയും ഇങ്ങനെ വിപരീതമായിട്ടാണു പ്രസ്താവിച്ചു
കാണുന്നതു. അദ്ദേഹത്തിന്റെ പ്രസ്താവനയെത്തന്നെ രണ്ടുവി
ധത്തിൽ അവർ വർണ്ണിക്കുകനിമിത്തം അവയിൽ ഏതാണു വാ
സ്തവം എന്നുള്ളതു സംശയസ്ഥിതം ആയിഭവിക്കുന്നതിൽ അ
ത്ഭുതപ്പെടുവാനില്ല. ൦രം രണ്ടാമത്തെസംഗതിയിൽനിന്നു വിശ
ദമാകുന്നതു മാർ യോഹന്നാൻ റോമ്മായിൽ പോയതും പാ
ല്ലിയം വാങ്ങിയതും യഥാർത്ഥമാണെന്നും തോമ്മാശ്ലീഹായു
ടെ അത്ഭുതപ്രവൃത്തികളെ സംബന്ധിച്ചു അദ്ദേഹംറോമ്മ
യിൽചെയ്ത പ്രസ്താവനയെപ്പറ്റി മാത്രമെ ഗ്രന്ഥകാരന്മാ

ടെ ഇടയിൽ തർക്കം ഉത്ഭവിച്ചുള്ളൂ എന്നുമാണു. മൂന്നാമത്തെ സംഗതി മാർ യോഹന്നാൻ, പാത്രിയക്കീസ് ആണെന്നു പറഞ്ഞത് ചാസ്തവവിരുദ്ധം ആണെന്നും (ലെകിയൻ എന്ന ഗ്രന്ഥകർത്താവും അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുഗമിച്ച തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ ഫ്രഞ്ചാംപുറത്തിൽ മിസ്റ്റർ മെക്കെൻസിയും പറയുംപോലെ) നെസ്തോറിയൻകാർ, യാക്കോബായക്കാർ ആദിയായവർ ഇങ്ങനെ പറയുക പതിവാണു എന്നും ഉള്ളൂതാകുന്നു. മൂന്നാമതായി പ്രസ്താവിക്കപ്പെട്ട രണ്ടു സംഗതി ഗ്രന്ഥകാരന്മാരുടെ ഉൽപ്രേക്ഷാത്ഭൂതമായ വെറും അഭിപ്രായംമാത്രമാണു. എന്തെന്നാൽ നെസ്തോറിയൻ മെത്രാന്മാർ പാത്രിയക്കീസിഭിധാനത്തെ സ്വയം സ്വീകരിക്കുക പതിവുണ്ടെങ്കിൽ അതിനെ അംഗീകരിച്ചു ഉറപ്പിക്കുന്നതിനായി റോമയിൽ മാപ്പാപ്പായുടെ അടുക്കൽ പോയിട്ടു കാര്യമില്ല. പ്രത്യുത, യാതൊരുത്തൻ ഏതൽകാര്യസിദ്ധിക്കായി പാപ്പായെ ആശ്രയിക്കുന്നുവൊ അവൻ പാഷണ്ഡമതസ്ഥൻ അല്ല, യഥാർത്ഥകത്തോലിക്കൻ ആണു എന്നു നിസ്സംശയം തെളിയുന്നു.

മാർ യോഹന്നാൻ റോമയിലേക്കു പോകുന്നതിനുണ്ടായ മുഖാന്തരം എന്താണു എന്നും അദ്ദേഹം പാത്രിയക്കീസാണെന്നു പ്രസ്താവിക്കുന്നതിനുള്ളകാരണം എന്തെന്നും ഇവിടെ അല്പം പറയേണ്ടതുസംഗതിയുടെ തെളിവിലേക്കു അവശ്യാവശ്യമായി വന്നിരിക്കുന്നു. കൽദായ മെത്രാന്മാരിൽ യാതൊരുത്തനും ഇതിനു മുമ്പുമാപ്പാപ്പായിൽനിന്നു പാല്ലിയം വാങ്ങുന്നതിനും സ്ഥാനലബ്ധിയുടെ സ്ഥിരീകരണം ലഭിക്കുന്നതിനുംവേണ്ടി റോമയിലേക്കു പോകുവാൻ കാര്യമുണ്ടാകാതിരിക്കെ, മാർ യോഹന്നാൻ അതിനായി അവിടെ പോകുന്നതിനുണ്ടായ സംഗതി എന്താണെന്നതിനെ നമുക്കു ഇവിടെ ഒന്നാമതായി ആലോചിക്കാം. നെസ്തോറിയൻ മതഭേദം കൽദായ ജനസമുദായത്തിൽ പ്രബലീകൃതമായിരുന്ന കാലപരിവർത്തനത്തിൽ അതിനെ സ്വീകരി

ക്കാതെ കത്തോലിക്കരായിത്തന്നെ ശേഷിച്ച ആളുകൾ അന്ത്യോ
ക്യാ പാത്രിയക്കീസിന്റെ അധികാരത്തിനു കീഴ്പെട്ടിരുന്ന "കാ
സോലിക്കാ" ഭിദ്ധാനാനപിതനായ ഒരു പൊതു മേലദ്ധ്യക്ഷനാ
ൽ ഭരിക്കപ്പെട്ടപോന്നു എന്നു ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ട
ല്ലൊ. പതിനൊന്നാം ശതവത്സരമദ്ധ്യത്തിൽ കൊൻസ്റ്റന്റ
ിൻപുരിയിലെ പാത്രിയക്കീസായിരുന്ന മിഖായേൽ ചെറുലാരി
യൂസ റോമാസിംഹാസനത്തോടുള്ള ഐക്യത്തിൽനിന്നു വിട്ടു
മാറിയ അവസരത്തിൽ അന്ത്യോക്യായിലെ അക്കാലത്തെ ക
ത്തോലിക്കാ പാത്രിയക്കീസു അയാളോടു വിരോധിച്ചു നിന്നെ
ങ്കിലും അദ്ദേഹത്തിന്റെ പിൻഗാമികൾ കത്തോലിക്കാ സഭ
യോടുള്ള വിശുദ്ധമായ ഐക്യത്തിൽനിന്നു ക്രമേണ പിന്തിരി
ഞ്ഞുപോകുന്നതിനു സംഗതിയായി. ചെറുലാരിയൂസിനോടു വി
രോധിച്ചുനിന്ന പ്രസ്തുത പാത്രിയക്കീസ് (മേൽ ഏഠാംലക്കത്തി
ൽ പ്രസ്താവിച്ചിട്ടുള്ള) പത്രോസ് നാമാവും ഇൻഡ്യാ മുതലായ
രാജ്യങ്ങൾ സ്വന്ത അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു
വാദിച്ചയാളുമാണു. ഇങ്ങനെ ഗ്രീക്കു "സിസ്മ" പ്രബലപ്പെട്ടവ
നതോടുകൂടി കൽദായക്കാരുടെ "കാസോലിക്കാ" അന്ത്യോക്യാ
യുമായുണ്ടായിരുന്ന ബന്ധനത്തെ പരിത്യജിച്ചു റോമായുടെ
നേർഭരണത്തിൻകീഴിൽ നിന്നു. ഇതാണു മാർ യോഹന്നാൻ
"പാല്ലിയം" വാങ്ങുന്നതിനായി റോമയിലേക്കു പോകുവാൻ ഉ
ണ്ടായ ഹേതു. പ്രസ്തുത മാർയോഹന്നാൻ, പെത്രാൻറയൊ മെ
ത്രാപ്പോലീത്തായുടെയൊ നിലയിൽ, ഭാരതീയസഭയെ ഭരിച്ചി
രുന്ന ആൾ ആണു. പിന്നീടു അദ്ദേഹം കൽദായക്കാരുടെ പൊ
തു മേലദ്ധ്യക്ഷനായി തെരിഞ്ഞെടുക്കപ്പെട്ടതിനാലാണു ആകാ
ലഘട്ടത്തിൽസീസ്മയിൽനിന്നിരുന്ന അന്ത്യോക്യാ പാത്രിയക്കീ
സിനെ ആശ്രയിക്കാതെ മാല്പ്പാപ്പായിൽനിന്നു തന്റെ അധി
കാരസ്ഥിരീകരണം ലഭിക്കുന്നതിനും പാല്ലിയം വാങ്ങുന്നതിനും
തുനിയി റോമയിലേക്കു പോയതു. ഗ്രീക്കുസീസ്മയുടെ തല്ക്കാലാ

വസ്ഥയേയും അ സീസ്സയുടെ ഉല്പാദനത്തിനുമുമ്പു പതിനൊ
ന്നാംശതാബ്ദംവരെ അന്ത്യോക്യായുടെകീഴിൽനിന്നിരുന്നകൽദാ
യക്കാരെയുംപറ്റി മേൽ ലക്കങ്ങളിൽ തങ്ങൾ വിവരിച്ചിട്ടുള്ള
ചരിത്രഭാഗങ്ങളേയുംകൂടി പഠിച്ചാലോചിക്കുന്ന ഏവനും മാർയോ
ഹന്നാനെ സംബന്ധിച്ച ഇവിടെ പ്രസ്താവിച്ചവ യഥാർത്ഥം അ
ങ്ങനെതന്നെ ധാരാളം ബോധപ്പെടുന്നതാണ്.

എഡി. മാർ യോഹന്നാൻ എഫെസൂസിൽ പോ
യശേഷം ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിട്ട് എന്നുവച്ചാൽ
എഫെ 87—ൽ അന്നവധി നെസ്തോറിയൻകാർ കത്തോലിക്കാസ
ഭയിലേക്കു തിരിച്ചുവന്നതായി എഫെസൂസ് സഭയിൽ പ്രസ്താവി
ച്ചിട്ടുണ്ടല്ലൊ. അനന്തരം നെസ്തോറിയൻകാരുടെ ഒരു സമൂഹം
എഡി 431 മുതൽ എഡി 451 വരെ അവരുടെ പാത്രിയക്കീസായിരു
ന്ന സഖറിശോയോടും ചിനത്തെ അഞ്ചു മെത്രാന്മാരോടുംകൂ
ടി കത്തോലിക്കാമതത്തെ സ്വീകരിക്കുകയും അവരുടെ വിശ്വാ
സസത്യത്തെ നാലാമത്തെ ഇക്കോമ്പേൻസ് മാപ്പാപ്പായുടെ
പക്കൽ അയക്കുകയുംചെയ്തു. ഏതൽകാര്യനിർവ്വഹണത്തിനായി
തദവസരത്തിൽ പാത്രിയക്കീസ് സഭാ പ്രതിപുരുഷസ്ഥാന
ത്തിൽ റോമയിലേക്കു അയച്ചിരുന്നതു ആറാം ഏനാദേഹത്തേ
യാണ്. പ്രസ്തുത യോഹന്നാനേറെയും തൽസ്ഥാനത്തിൽ അദ്ദേ
ഹത്തെ അനുഗമിച്ചവരുടേയും കീഴിൽ നിന്നിരുന്ന കൽദായ
ക്കാരോടുകൂടെ നെസ്തോറിയൻ മതഭിന്നതയിൽനിന്നു ആ കാലം
മുതലങ്ങി അന്നവധി അകലം ചേർന്നുകൊണ്ടിരുന്നതിനാൽ പാ
ഷണ്ഡരുടെ ശക്തി ക്ഷയിച്ചുവശായി. സഖറീശോയുടെശേഷം
വാണ മക്കീകാ പാത്രിയക്കീസ് എഡി 519—ൽ സഭാ വിശ്വാ
സസത്യപ്രകടനത്തെ റോമായിലേക്കു അയച്ചു. അനന്തരം
എഡി 640 മുതൽ എഡി 687 വരെ സിംഹാസനാരൂഢനായിരുന്നയ
ഷ് ആലാഹാസഭാ വിശ്വാസത്തെ ലക്ഷീകരിക്കുമാറു അതി
നെ രേഖാമൂലം നാലാം നിക്കായോസ് പതിനൊന്നാംശതാ

കേതാസ് എന്ന മല്പാച്ചാമാരുടെ സന്നിധാനത്തിൽ സമർപ്പിക്കുണ്ടായി. (24). ദ്വാദശശതാബ്ദത്തിൽ നിത്യനഗരത്തെ സന്ദർശിച്ചതായി നാം മേൽ കണ്ട മാർ യോഹന്നാന്റെ കാലശേഷം കൽദായക്കാരുടെ പാത്രിയക്കീസ് മാരായി കാണുന്നതു മേൽപറഞ്ഞ സബ്രീശോ, മകീകാ, യബ് അലാഹാ, ആദിയായവരെയാണു. യബ് അലാഹായുടെ വാഴ്ചക്കാലത്തിനുമുമ്പിൽ പാത്രിയക്കീയ പീഡാസ്മിതന്മാർ ആയിരുന്നവരിൽ ഒരാളും യബ് അലാഹായുടെ ചരമംമുതൽ ക്രിസ്തുവർഷം 1318-ൽ സിംഹാസനാരൂഢനായ മാർ യോഹന്നാൻ ശെമങ്കാൻ സൂലാക്കാവരെയുള്ള പാത്രിയക്കീസ് മാരും അവരുടെ വിശ്വാസപ്രകടനപത്രത്തെ റോമ്മയിലേക്കു അയച്ചതായി രേഖകളാൽ പ്രത്യക്ഷമാകുന്നില്ല. അവർ അതിനെ അയക്കുക ഉണ്ടായിട്ടില്ല എന്നും തീർച്ചയായി പറഞ്ഞുകൂടാ. ഇതിന്റെ ഹേതു എന്താകുന്നു എന്നു നാം സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുമെങ്കിൽ അനൈക്യങ്ങളാൽ പ്രതിബന്ധിക്കപ്പെട്ടിരുന്നതിനാൽ അല്ലാതെ അവർനെസ്തോറിയൻ മതഭേദത്തിലേക്കു അധഃപതിച്ചു പോയതിനാൽ അല്ല എന്നു ഗ്രഹിപ്പാൻ ഇടവരുന്നതാണു. ഇതെസംബന്ധിച്ചു അടുത്ത പ്രാം അദ്ധ്യായത്തിൽ പറയുവാൻ ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ ഇവിടെ അവസാനിപ്പിക്കട്ടെ.

പന്ത്രണ്ടാം ശതാബ്ദത്തിനുശേഷം പ്രസ്തുത യോഹന്നാന്റെ അനന്തരഗാമികൾ എന്ന നിലയിൽ ഭാരതീയ സഭാഭരണകർത്താക്കന്മാർ ആയിരുന്നതു പ്രസ്തുത 1318-ൽ സബ്രീശോപാത്രിയക്കീസിനാൽ നിയോഗിക്കപ്പെട്ട മാർഅയൂസപ്പും, പ്രാവുമും, പ്രാൻമും പ്രാം ശതകങ്ങളിൽ യബ് അലാഹായാൽ അയക്കപ്പെട്ട മാർദാവീദും മാർപൌലോസും മാർയാക്കോവും പ്രാവുമിൽ സഭാഭരണം കയ്യേറ്റ മാർ യബ് അലാഹായും, പ്രാൻമിൽ ദക്ഷിണഭാരതത്തിൽ എത്തിയ മാർ യോഹന്നാനും മാർ തോമ്മായും തുടങ്ങിയുള്ള രേഖകളിൽനിന്നു വിശദമാ

കുന്നു. (25).

എ.ഡി. 1200 കാലംമുതല്ക്കു പാശ്ചാത്യന്മാരായ ദേശസഞ്ചാരികളും മിഷ്യനറിമാരും ഭാരതഭൂമിയിൽ കാണപ്പെട്ടുതുടങ്ങി. ഒരു ഫ്രൻസിസ്കൻസന്ന്യാസിയും ചൈനാമഹാരാജ്യത്തിൽ 'കാംബലെക്കി' ന്റെ മെത്രാപ്പോലീത്തായും ആയിരുന്ന യോഹന്നാൻ മൊൻതെ കൊർവ്വിനൊ (John of monte Corvino) എന്നയാൾ ഫ്രൻഫ്രാൻസും, വെനീസ് ദേശിയനും ദേശാന്തരസഞ്ചാരിയും ആയ മാർക്കോ പോലൊ (Marco Polo) ഫ്രൻസിസ്കനും, ഒഡേരി (Oderie) നാമാവായ ഒരു ഡൊമിനിക്കൻ സന്ന്യാസപുരോഹിതൻ ഫ്രഞ്ചുകാരനും, ജോർഡൻ (Jordanus) എന്നു പേരുള്ള വേറൊരു ഡൊമിനിക്കൻ സന്ന്യാസശ്രേഷ്ഠനും ആയിരുന്നു. ഫ്രഞ്ചുകാരനും രണ്ടാമത്തെ ഫ്രഞ്ചുകാരനും, യോഹന്നാൻ മരിഞ്ഞോലി (John De Maringoli) ഫ്രഞ്ചുപ്പുലും ഇന്ത്യയെ സന്ദർശിച്ചു. മാർക്കോപോലോയും യോഹന്നാൻ മൊൻതെകൊർവ്വിനോയും ഭാരതീയ ക്രിസ്ത്യാനികളെപ്പറ്റിയും മൈലാപ്പൂരിൽ ഉള്ള വി. തോമ്മാശ്ലീഹായുടെ തിരുകുഴിമണപ്പുറത്തിയും വിവരിക്കുന്നതല്ലാതെ അവർ നെസ്തോറിയൻ മതക്കാർ അല്ലായിരുന്നു എന്നാകട്ടെ, ആയിരുന്നു എന്നാവട്ടെ പ്രസ്താവിച്ചുകാണുന്നില്ല. മാപ്പ്രപ്പായുടെ പ്രതിപുരുഷസ്ഥാനത്തിൽ കൊല്ലത്തു കുറെക്കാലം താമസിച്ചിട്ടുള്ള മരിഞ്ഞോലി കേരളീയ നസ്രാണികൾ കുരുമുളകിന്റെ ഉടമസ്ഥന്മാർ ആകുന്നു എന്നുംമറ്റും പ്രസ്താവിച്ചശേഷം തനിക്കു മാപ്പ്രപ്പായുടെ സ്ഥാനപതി എന്ന നിലയിൽ ആ സ്ഥാനത്തിനുള്ള വരുമാനമായി നസ്രാണികളിൽ നിന്നു പ്രതിമാസം നൂറു പൊൻപണവും ആ സ്ഥലം വിട്ടുപോകുന്ന അവസരത്തിൽ ആയിരം പൊൻപണവും സിദ്ധിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ജോർഡൻ ഇൻഡ്യയിൽനിന്നു യൂറോപ്പിലേക്കു മടങ്ങിച്ചെന്നത് ആ കാലഘട്ടത്തിൽ പ്രാൻസിലെ അവിഞ്ഞോൻ (Avignon) പട്ടണത്തിൽ വസിച്ചിരു

നാ ഉപ—ാമത്തെ യോഹന്നാൻ മാർപ്പാപ്പായെ സന്ദർശിക്കുകയും ഭാരതീയക്രിസ്ത്യാനികളെപ്പറ്റി ഒരു വിവരം അദ്ദേഹത്തെ ബോധിപ്പിക്കുകയുംചെയ്തു. മിരബീലിയ (Mirabilia) എന്ന അഭിധാനത്തോടുകൂടി അദ്ദേഹം യൂറോപ്പിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഗ്രന്ഥത്തിൽ ഇൻഡ്യയിൽ അങ്ങുമിങ്ങും മാത്രമേ ക്രിസ്ത്യാനികൾ കാണപ്പെടുന്നുള്ളു എന്നും അവർക്കു മാമ്മോദീസായും വിശ്വാസത്തെസംബന്ധിച്ചു യാതൊരു അറിവും ഇല്ല എന്നും അവർ തോമ്മാശ്ലീഹായെ മ്ശിഹായെക്കാൾ വലിയവൻ ആയി കരുതുന്നു എന്നും മറ്റും പറഞ്ഞിരിക്കുന്നു. സ്വയം മുന്നൂറുപേരെ ജ്ഞാനസ്നാനപ്പെടുത്തി സത്യവിശ്വാസത്തിലേക്കു കൊണ്ടുവന്നതായും അദ്ദേഹം അതിൽ പ്രസ്താവിക്കുന്നുണ്ടു. എന്നാൽ ഭാരതീയ ക്രിസ്ത്യാനികളുടെ വിശ്വാസനിലയെപ്പറ്റി അദ്ദേഹം യാതൊന്നും പറഞ്ഞുകാണുന്നില്ല. പ്രസ്തുതമാർപ്പാപ്പാ റോമാപട്ടണത്തിൽ കൊല്ലത്തു ഒരു ലത്തീൻ ഇടവക സ്ഥാപിച്ചു്, അതിന്റെ മെത്രാനായി ജോർഡാനെ നിയമിക്കയും നസ്രാണികളുടെ നായകനും മാന്നാർഉൾക്കടലിന്റെ തീരപ്രദേശങ്ങളിൽ നിവസിച്ചിരുന്ന ക്രിസ്ത്യാനികൾക്കും കൊടുക്കുന്നതിനായി രണ്ടു എഴുത്തുകൾ അദ്ദേഹത്തെ ഏല്പിക്കയുംചെയ്തു. ക്രിസ്ത്യാനികളുടെ അധിപതിക്കുള്ള എഴുത്തിൽ ഭിന്നത അവസാനിക്കുന്നതിനും ജ്ഞാനസ്നാനത്താൽ പുനർജ്ജന്മം സിദ്ധിച്ചിട്ടുള്ള ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാശത്തെ അജ്ഞതമേഘപടലങ്ങൾ മറിനമാക്കാതിരിക്കുന്നതിനും മതഭിന്നതയുടേയും വിശ്വാസത്തിന്റെനേക്കുള്ള മനപ്പൂർവ്വമായ അന്ധതയുടേയും മായാരൂപം (Phantom) മ്ശിഹായിൽ വിശ്വസിക്കയും അദ്ദേഹത്തിന്റെ തിരുനാമത്തെ വണങ്ങുകയും ചെയ്യുന്ന ആളുകളുടെ കാഴ്ചയെ അന്ധമാക്കാതിരിക്കുന്നതിനും മാർപ്പാപ്പാ ഉപദേശിക്കുന്നു. മാത്രമല്ല ക്രിസ്ത്യാനികളും അവരുടെ അധിപനും മിഷ്യനരിമാർക്കു ചെയ്ത സഹായത്തെക്കുറിച്ചു മാർപ്പാപ്പാ ഒരും എഴുത്തിൽ അവരെ ശ്ലാഘിക്കയും

അവരുടെനേക്ക് അദ്ദേഹത്തിനുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുകയും ഒരുവിധ സഹായങ്ങളെ മേലാലും ചെയ്തുകൊടുക്കുന്നതിനുള്ള ആഗ്രഹത്തെ വെളിപ്പെടുത്തുകയുംചെയ്യുന്നു. ഒഡെറിക്ക് എന്ന ആൾ, കൊല്ലത്തു ക്രിസ്ത്യാനികളും മൈലാപ്പൂരിൽ നെസ്റ്റോറിയൻകാരുടെ പതിനഞ്ചു വീടുകളും ഉള്ളതായിപറയുന്നതുകൂടാതെ അവിടെ (മൈലാപ്പൂരിൽ) ഉള്ള തോമ്മാശ്ലീഹായുടെ പള്ളി വിഗ്രഹങ്ങളാൽ നിബിഡമായിരുന്നതായും പ്രസ്താവിക്കുന്നു. (26). ദേശസഞ്ചാരികളും മതബോധകന്മാരും ആയി ഇവിടെ വന്നിട്ടുള്ള മേൽപറഞ്ഞ പാശ്ചാത്യന്മാരെ സംബന്ധിച്ചു ഇവിടെ വിവരിച്ചിട്ടുള്ള സംഗതികൾ എല്ലാം തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ ഗ്രന്ഥം; ഗ്രന്ഥം ഒരു പുറങ്ങളിൽ മിസ്റ്റർ മെക്കൻസിയും അതിൽ അധികം വിസ്താരമായി മറുപല ഗ്രന്ഥകാരന്മാരും പ്രസ്താവിച്ചിട്ടുള്ളതാണു.

൧൭. മേൽ പറയപ്പെട്ട മഹാന്മാരിൽ യോഹന്നാൻ മൊന്തെ കൊർവീനൊ, മാർക്കോ പോലൊ എന്നിവരിൽനിന്നു ഭാരതീയസഭയുടെ അക്കാലഘട്ടത്തിലെവിശ്വാസനിലയെപ്പറ്റിയാതൊന്നും അറിവാൻ നമുക്കു സാധിക്കുന്നില്ല. മരിഞ്ഞൊലി മാർപ്പാപ്പായുടെ സ്ഥാനപതിയായി ചീനത്തേക്കു അയക്കപ്പെട്ടിട്ടു, അവിടെനിന്നു മടങ്ങിവരുകയിൽ ആണു കൊല്ലത്തുവന്നു ഒരു സംവത്സരത്തിൽ അധികം അവിടെ താമസിച്ചത്. അദ്ദേഹം കൊല്ലത്തു പാർത്തിരുന്ന കാലത്തു നസ്രാണികൾ അദ്ദേഹത്തിനു ആതിഥ്യം നൽകിയതും മാസംപ്രതി നൂറു പൊൻപണം കൊടുത്തതും അദ്ദേഹം അവരുടെ സ്വന്ത മതത്തിൽ ചേർന്നാൽ അവരുടെ പ്രധാന മതാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ പ്രതിപുരുഷനും ആയിരുന്നതിനാൽ ആണു. ഭാരതീയസഭാനേതാക്കന്മാരായ മെത്രാന്മാരുടെ ചെലവുകളെ അവരുടെ അധികാരത്തിൽ ഉൾപ്പെട്ട ക്രിസ്ത്യാനികൾ ആയിരുന്നു നിവൃഹിച്ചിരുന്നത്. ഇതിനുംപുറമെ അവരുടെ പാത്രിയർക്കീസിനു

തലക്കാണവും അവർ അയച്ചുകൊടുത്തിരുന്നു. മരിത്തോമ്മാ
യുടെ ചെലവുവകക്കായി ക്രിസ്ത്യാനികൾ പ്രതിമാസം ഒരു സം
ഖ്യ കൊടുത്തിരുന്നതു രൂപം നടപ്പിനെ അനുസരിച്ചാണു. ലൂയി
സ് കടമുസ്തോക്ക എന്ന നാമത്തോടുകൂടിയ വെനീസുകാരനാ
യ ഒരു ദേശസഞ്ചാരി പതിനഞ്ചാം ശതാബ്ദാവസാനത്തിൽ,
അതായതു ക്രി൯ാബ്ദം 1500-ൽ കോഴിക്കോട്ടു വരുകയും അവിടത്തെ
ക്രിസ്ത്യാനികളെസംബന്ധിച്ചു എഴുതുകയും ചെയ്തിട്ടുണ്ടു. അദ്ദേ
ഹം "ദേശസഞ്ചാരഗ്രന്ഥം" എന്ന സംസ്കൃതിയുടെ ഒന്നു;
രണ്ടു; മൂന്നു എന്ന അദ്ധ്യായങ്ങളിൽ, ക്രിസ്ത്യാനികൾ ജ്ഞാന
സ്നാനകർമ്മങ്ങളെ നിർവ്വഹിക്കുന്നതു നദീജലത്തിൽ ആകുന്നു എ
ന്നും പ്രസ്താവിച്ചശേഷം നമ്മുടെകത്താവു പരിശുദ്ധകന്യക മറി
യത്തിൽനിന്നു ജനിക്കയും ദാർശ്ലെമിൽവച്ചു കൊല്ലപ്പെട്ടു സം
സ്കരിക്കപ്പെട്ടകയുംചെയ്തു എന്നും, തിരുസ്സഭയുടെ തലവൻ റോ
മ്മയിൽ വസിക്കുന്ന മാപ്പിപ്പാ ആകുന്നു എന്നും അവർ വിശ്വ
സിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. (27). ആ ക്രിസ്ത്യാ
നികളെ ഭരിച്ചിരുന്ന മെത്രാന്മാർ അല്ലാതെ പ്രസ്തുത കത്തോ
ലിക്കുമത സിദ്ധാന്തങ്ങളെ മറ്റു ആർ ആണു അവരെ പരിശീ
ലിപ്പിച്ചതു? അവരുടെ ഭരണകർത്താക്കൾ നെസ്തോറിയൻമതാ
നുസാരികൾ ആയിരുന്നു എങ്കിൽ ഒരുവക പഠനങ്ങൾ എവി
ടെനിന്നാണു അവർക്കു സിദ്ധിച്ചത്? കത്തോലിക്കാമത തത്വ
ങ്ങളെ അവർ ഗ്രഹിച്ചതു നാം മേൽ (ല. ഗ്രന്ഥ) പ്രസ്താവിച്ച
തുപോലെ അവരുടെ ആദ്ധ്യാത്മപാലകന്മാരായ മെത്രാന്മാരും
പാത്രിയർക്കീസും മാപ്പിപ്പായോടുള്ള ഐകൃത്തിൽ ഇരുന്നതി
നാൽ ആണു.

ഫ്രാ "മിരബീലിയ" എന്ന ഗ്രന്ഥത്തിൽ ഭാരതീയക്രിസ്ത്യാ
നികളെപ്പറ്റി നാലുകാര്യങ്ങൾ ആണു പ്രതിപാതിക്കപ്പെട്ടന്ന
തു. അവ (ക) ഭാരതഭൂമിയിൽ ക്രിസ്ത്യാനികൾ അങ്ങും ഇങ്ങും
മാത്രമെ ഉള്ളൂ എന്നും, (ഖ) അവർ മാറോമാദീസാ എന്ന കൂദാ

ശയെ അനുസരിക്കുന്നില്ല എന്നും, (ബ) വിശ്വാസസംബന്ധമായ യാതൊരുറപ്പും അവർക്കില്ല എന്നും, (ഭ) മ്ശിഹായെക്കാൾ മേലായി തോമ്മാശ്ലീഹായെ അവർ കരുതുന്നു എന്നും തന്നെ. ഒരു നാലുകാര്യങ്ങളും ഭാരതീയ ക്രിസ്ത്യാനികളെപ്പറ്റി ശരിയായ ജ്ഞാനം ഇല്ലായ്കമൂലം വാസ്തവവിരുദ്ധമായി എഴുതപ്പെട്ടവയാണെന്നു താഴെ തെളിവുകളെക്കൊണ്ടു സ്ഥാപിക്കാം. (ക) ക്രിസ്ത്യാനികൾ ഭാരതവർഷത്തിൽ അങ്ങുമിങ്ങുംമാത്രമെ നിവസിക്കുന്നുള്ളൂ എന്നു പറയുന്നഭാഗം കേരളീയക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യാതൊരുവിധേനയും വാസ്തവം അല്ലെന്നു ആരുംസമ്മതിക്കും. ആ കാലഘട്ടത്തിൽ ആവട്ടെ അതിനുമുമ്പുള്ള കാലങ്ങളിൽ ആവട്ടെ ദക്ഷിണഭാരതത്തിൽ ക്രിസ്ത്യാനികൾ ശേഖരമായിട്ടാണു നിവസിച്ചിട്ടുള്ളതു്. ആധുനികകാലത്തെ അവരുടെ നിലയും കൂട്ടമായ കുടിപാർപ്പുംതന്നെ ഒരു സംഗതിയുടെ യാഥാർത്ഥ്യത്തെ ദൃഷ്ടാന്തീകരിക്കുന്നു. (ഖ) ഭാരതീയ ക്രിസ്ത്യാനികൾക്കു ജ്ഞാനസ്നാനകർമ്മം ഇല്ലായിരുന്നു എന്നുള്ള പ്രസ്താവനയും വിശ്വാസയോഗ്യമായി കാണപ്പെടുന്നില്ല. വൈദികന്മാരുടെ സംഖ്യക്കുറവിനാലും മറ്റുചിലകാരണങ്ങളാലും ആ കാലത്തു പലർ താമസിച്ചും ചുരുക്കംചിലർ പ്രായപൂർത്തിവന്നശേഷവുംമാത്രം മാമ്മോദീസാ കൈക്കൊണ്ടിരുന്നു എന്നതു വസ്തവംതന്നെ. അവക്കു ജ്ഞാനസ്നാനം ഉണ്ടായിരുന്നു എന്നതിലേക്കു മേൽകാണിച്ച ലൂയിസ്കടമൂസ്തോക്കുതന്നെ ഒരു സാക്ഷിയാണു. നാലും അഞ്ചും പത്തും പള്ളികളുടെ കാര്യങ്ങളെ ഒരു പട്ടക്കാരൻമാത്രം അനേപേക്ഷിച്ചുവരുന്ന ചില സ്ഥലങ്ങൾ ആധുനികകാലത്തുപോലും ഭാരതഖണ്ഡത്തിൽ ഉണ്ടു. ആസ്ഥലങ്ങളിൽ മാമ്മോദീസാ വളരെ താമസിച്ചുമാത്രം കൈക്കൊള്ളുന്നവരും ഇല്ലാതില്ല. എങ്കിലും അവക്കു മാമ്മോദീസാ ഇല്ല എന്നു എങ്ങിനെയാണു പറയുക? (ങ) വിശ്വാസകാര്യങ്ങളിൽ അവർ കേവലം അജ്ഞന്മാർ ആയിരുന്നു എന്ന കഥനം

ത്തിന്റെ സ്വഭാവവും ഒരു വിധംതന്നെ. ആദ്ധ്യാത്മകാര്യങ്ങളിൽ വ്യുല്പത്തി കുറവായിരുന്നവർവല്ലവരും അവരിൽ ഉണ്ടായിരുന്നിരിക്കാം. എങ്കിലും നമ്മുടെസത്യവിശ്വാസത്തിന്റെപ്രമാണഭൂതങ്ങൾ ആയ സംഗതികളിൽ അവർ ധാരാളം പരിജ്ഞാനം ഉള്ളവർതന്നെയായിരുന്നു. വിശ്വാസവിഷയത്തിൽ അവർ കേവലം അജ്ഞന്മാർ ആയിരുന്നു എന്നും വരുക. മ്ശിഹായിൽ അവർ വിശ്വസിക്കുകയും ആത്മസംശുദ്ധകമായ ദിവ്യ സ്നാനത്തെ അവർ അചരിക്കയുംചെയ്തത് പിന്നെ എങ്ങനെ ആണു? (ഉ) തോമ്മാശ്ലീഹായെ മ്ശിഹായെക്കാൾ ഉപരിസ്ഥൻ ആയി അവർ വിശ്വസിച്ചിരുന്നു എന്നുള്ള പ്രസ്താവനയും നാം മേൽ കണ്ടതിനെക്കാൾ കൂടുതൽ ബലമുള്ള ഒരു അടിസ്ഥാനത്തിന്മൽ അല്ല സ്ഥിതിചെയ്യുന്നതു. മാത്രമല്ല മ്ശിഹായും തോമ്മാശ്ലീഹായും എങ്ങനെയുള്ളവർ എന്നു അവർ നന്നായി ഗ്രഹിച്ചിരുന്നു എന്നു ഗ്രന്ഥകർത്താവിന്റെ ഉദ്ദേശത്തിനു പ്രതികൂലമായ ഒരു നിഗമനം നമുക്കു ഇതിൽനിന്നു സിദ്ധിക്കുകിടചെയ്യുന്നു. മ്ശിഹാ ദൈവകുമാരൻ ആണെന്നും ശ്ലീഹാ മ്ശിഹായുടെ ഒരു ശിഷ്യൻമാത്രമാണെന്നും അവർ നിരന്തരം വിശ്വസിച്ചിരുന്നു. ഒരു വിശ്വാസത്തെ സ്ഥാപിച്ചുസ്ഥിരീകരിച്ചുഎഴുതീട്ടുള്ള അസംഖ്യം ഗ്രന്ഥങ്ങളും അനവധി പൂരാതന പാട്ടുകളും അവരുടെ കൈവശത്തിൽ എല്ലാക്കാലത്തും ഉണ്ടായിരുന്നു. ഒരു വിഷയംസംബന്ധിച്ച അനേകം ലക്ഷ്യങ്ങൾ ഒരുചരിത്രത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ എടുത്തു കാണിച്ചിട്ടുള്ളതാണു. നസ്രാണിസമുദായം അതിന്റെ ഉല്പാദനയുടെ ക്ഷണംതുടങ്ങിതന്നെ എന്തൊന്നില്ലാത്ത ഒരു ഭക്തിയോടുകൂടിയാണു തോമ്മാശ്ലീഹായെ വിചാരിച്ചുപോരുന്നത്. പാശ്ചാത്യന്മാർ ഇതിനെ കണ്ടു നസ്രാണികൾ മ്ശിഹായെക്കാൾ കാര്യമായി കരുതുന്നു എന്നു തെറ്റിദ്ധരിക്കയും ആ തെറ്റിദ്ധാരണയെ രേഖാമൂലം നിലനിർത്തുകയും ചെയ്കയാൽ അന്നു ജോർഡൻ

രംപിധം പറയുന്നതിനു സംഗതിയായതു്. പോർട്ടുഗീസു നാ
യിക സേനാധിപൻ ആയ കബ്രോൾ 1503—ാംകാലം ഡി
സംബർമാസത്തിൽ കൊടുങ്ങല്ലൂരിൽ എത്തിയപ്പോൾ യൌ
ദസ്റ്റപ്പു, മത്തായി എന്ന രണ്ടു നസ്രാണികൾ അദ്ദേഹത്തെ
കണ്ടു സംസാരിക്കയുണ്ടായി. നസ്രാണികൾ വൈദികവിഷയ
ങ്ങളിൽ വിജ്ഞന്മാർ ആയിരുന്നു എന്നു അവരുടെ സംഭാഷണ
ത്തിൽനിന്നു വിശദമാകുന്നതിനാൽ അതിനെ ഇവിടെ ഉദ്ധരി
ക്കുന്നു. "ഞങ്ങൾ അല്ലൊ ക്രിസ്ത്യാനികൾ, നിങ്ങളെക്കൂടെ കൂട്ടു
ചേരിയൊരാളു, റോമ്മാമുതലായ ദേശങ്ങളെ കണ്ടുംവച്ചു ഓ
ർശ്ശലേമിലേക്കു പോയെങ്കിൽ കൊള്ളായിരുന്നു. തോമ്മാശ്ലീഹാ
രം രാജ്യത്തുവന്നു പള്ളിവെച്ചു എന്നു കേട്ടിരിക്കുന്നു. ഞങ്ങൾ
ക്കു പള്ളിയിൽ കുരിശല്ലാതെ രൂപങ്ങളില്ല. ഇപ്പോൾ ഞങ്ങൾ
ക്കു മെത്രാന്മാരെ അയക്കുന്നതു സൂറിയാ (അസീറിയാ) യിലെ
കാതോലിക്കായാകുന്നു. പട്ടക്കാർക്കു പട്ടമായിട്ടു തലയിൽ വട്ട
ത്തിൽ മുടി നിർത്തുന്നു. കുട്ടികളെ ഒരു നാൾ കഴിഞ്ഞാൽ സ്നാനം (മാമ്മോ
ദീസാ) കഴിക്കും. മരിച്ചാൽ എട്ടാംദിവസം പുലകുളിയുണ്ടു. നോ
മ്പുകൾ വളരെയുണ്ടു. കുർബാനകം മൂന്നാംതീയതി മാർ തോമ്മാ
ശ്ലീഹായുടെ പെരുന്നാളാകുന്നു. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വ
ളരെയുണ്ടു. ഞങ്ങളുടെ വിദ്വാന്മാർ അവ നോക്കി കുട്ടികളെ പഠിപ്പിക്കുന്നു.
ഞങ്ങൾ പണ്ടേ ഒരം കൊടുങ്ങല്ലൂരിൽ കുടിയേറിയിരിക്കുന്നു. യ
ഹൂദന്മാരും, മിസ്രി (എജ്പ്ഷ്യർ), പാർസി, അറബി മുത
ലായ കച്ചവടക്കാരുമുണ്ടു. ഞങ്ങൾക്കും വൃത്തി കച്ചവടംതന്നെ.
അതിനു കൊടുങ്ങല്ലൂർ രാജാവിനു കപ്പംകൊടുക്കുന്നു."(28) ഒരം
സംഭാഷണത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെപ്പറ്റി പര്യാ
ലോചിക്കുന്നവർക്കു പാശ്ചാത്യന്മാർ നസ്രാണികളെക്കുറിച്ചു എ
ഴുതിയിരിക്കുന്നതിൽ എത്രമാത്രം അബദ്ധങ്ങൾ കടന്നുകൂടിട്ടു
ണ്ടെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു.

യോഹന്നാൻ ഇരുപത്തുരണ്ടാമൻ നസ്രാണികളുടെ അധി

പതിക്കായി ജോർഡൻവശം അയച്ച ലേഖനത്തിൽ ക്ഷിപ്രം അവസാനിക്കണം എന്നും അബദ്ധങ്ങൾ നീങ്ങണം എന്നും പറയുവാൻ ഉള്ള കാരണം എതെന്നും അവർ അസത്യവിശ്വാസികൾ ആയിരുന്നു എന്ന ഊഹത്തെ സാധൂകരിക്കുന്നതിലേക്കു ആ വാക്യങ്ങൾ ഒരു ലക്ഷ്യമായി നില്ക്കുമോ എന്നും ആണ ഇനി ഇവിടെ ആലോചിക്കുവാനുള്ളത്. മാപ്പിളപ്പാ ഈ എഴുത്ത് അയച്ചതു നസ്രാണികളുടെ അധിപതിക്കായിരുന്നു എന്നു പണ്ടെതന്നെ പ്രസ്താവിച്ചുകഴിഞ്ഞല്ലൊ. അദ്ദേഹം ആയിരുന്നു നസ്രാണികളുടെ ആ കാലഘട്ടത്തിലെ രാജാവ് (എന്നു അടുത്ത അദ്ധ്യായത്തിൽ വിവരിച്ചുകൊള്ളാം.) ജോർഡനെ ക്നാനായ—ൽ മാപ്പിളപ്പാ കൊല്ലത്തെ മെത്രാനായി അഭിഷേകംചെയ്തു. ഭാരതഖണ്ഡത്തിൽ അക്കാലപര്യന്തംഒരു ദിക്കിലാവട്ടെ, പള്ളിയാവട്ടെ, മറേറതെങ്കിലും സ്ഥാപനമാവട്ടെ ഉണ്ടായിരുന്നില്ല. കൊല്ലത്തു ഒരു ലത്തീൻ സ്ഥാപനവും മെത്രാസനവും ഉണ്ടാക്കുന്നതിനായി വളരെ പരിശ്രമം ചെയ്തതു ജോർഡൻതന്നെ ആയിരുന്നു. അഭിനവമായ ഒരു സ്ഥാപന വിഷയത്തിൽ നസ്രാണികൾ അനുകൂലികൾ ആയിരുന്നില്ല. ജോർഡൻ യൂറോപ്പിൽ തിരിച്ചെത്തിയപ്പോൾ ഭാരതീയ സഭയെ സംബന്ധിച്ചു പല സംഗതികൾ മാപ്പിളപ്പായുടെ അടുക്കൽ ബോധിപ്പിച്ചതായി ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. മേൽപറഞ്ഞ കാരണംനിമിത്തവും സുറിയാനിസഭാസംബന്ധമായ നടപടികളെപ്പറ്റി (നാം മേൽകണ്ടതുപോലെ) ജോർഡനുണ്ടായിരുന്ന പല തെററിധാരണകൾ ഹേതുവായും, മാപ്പിളപ്പായുടെ അടുക്കൽ ഭാരതീയ സഭയെപ്പറ്റി അദ്ദേഹംചെയ്ത വിവരണത്തിൽ വാസ്തവവിരുദ്ധമായ പല സംഗതികൾ കടന്നുകൂടുന്നതിനു ഇടയായി. ആ വിവരണത്തെ ആധാരമാക്കിയും ആ കാലത്തു സജാതീയനായ രാജാവിൻറെകീഴിലും വളരെ പ്രബലതയോടുകൂടിയും ഇരുന്നിരുന്ന നസ്രാണികളുടെ സ

ഹായം കൊല്ലത്തെ ലത്തീൻസ്ഥാപനത്തിനു ഒഴിച്ചുകൂടാത്ത ഒ
ന്നായി മാപ്പ്പ്പാ കരുതിയതിനാലും ആണ അവരുടെ അധി
പതിക്കായി അദ്ദേഹം തിരുവെഴുത്തു പുറപ്പെടുവിച്ചതു. ഭിന്നാത
ഉണ്ടാകരുതെന്നും ജ്ഞാനസ്നാനംവഴിയായി ഭ്രാതൃത്വം സിദ്ധിച്ചി
ട്ടുള്ള ക്രിസ്ത്യാനികൾ പരസ്പര സ്നേഹത്തോടുകൂടി വർത്തിക്കണം
എന്നും ആയിരുന്ന എഴുത്തിലെ താല്പര്യം. നസ്രാണികളുടെ
അധിപതി ഒരു കത്തോലിക്കൻ ആയിരുന്നതിനാൽ അദ്ദേഹം
തന്റെ അഭീഷ്ടം അനുസരിച്ചു പ്രവർത്തിക്കും എന്ന വിശ്വാസ
ത്തിന്മേൽ ആണ മാപ്പ്പ്പാ അദ്ദേഹത്തിനു എഴുതി അയച്ച
തു. തിരുമനസ്സിലെ ആഗ്രഹത്തിനു അനുസരമായിത്തന്നെ
നസ്രാണികളും അവരുടെ രാജാവും പ്രവർത്തിച്ചു. എന്തെന്നാ
ൽ മേൽ നാം വിവരിച്ചതുപോലെ ഇരുപതു സംവത്സരങ്ങളു
ടെശേഷം യോഹന്നാൻ മരിത്തോലി ക്രമത്തിൽ കൊല്ല
ത്തു വന്നിരുന്ന സമയം അദ്ദേഹത്തെ മാപ്പ്പ്പായുടെ പ്രതി
നിധിയായി അവർ സ്വീകരിക്കയും അദ്ദേഹത്തിന്റെ സകല
ചെലവുകളേയും അവർ നിർവ്വഹിക്കയുംചെയ്തു. നസ്രാണിരാജാ
വും അദ്ദേഹത്തിന്റെ പ്രജാസഭയും അബദ്ധമതാവലം
ബികൾ ആയിരുന്ന എങ്കിൽ അവർ മാപ്പ്പ്പായുടെ ഹിത
ത്തെ അനുവർത്തിക്കും എന്നു എങ്ങനെയാണ നാം ഊഹിക്ക
ക? ആധുനിക ഗ്രന്ഥകാരന്മാരിൽ ചിലരെല്ലാം ഒരു എഴുത്തി
നെ വ്യാഖ്യാനിച്ചു നസ്രാണികൾ നെസ്തോറിയൻകാർ ആയി
രുന്ന എന്നു അനുമാനിക്കുന്നുണ്ടു. ഇതു തീരെ സ്ഥാനരഹിതമാ
യ വ്യാഖ്യാനം ആണെന്നു ഗ്രഹിക്കുന്നതിനു കാര്യകാരണങ്ങ
ളെപ്പറ്റി നിഷ്പക്ഷിണ്യബുദ്ധ്യാ ആലോചിക്കേണ്ട ആവശ്യമെ
യുള്ളു.

൧൭. മൈലാപ്പൂരിൽ നെസ്തോറിയൻ ക്രിസ്ത്യാനികളുടെ പ
തിനഞ്ചു വീടുകൾ ഉണ്ടെന്നും ശ്ലീഹായുടെപള്ളി വിഗ്രഹങ്ങൾ
കൊണ്ടു നിറഞ്ഞിരുന്ന എന്നും ഒഡോറിക്ക പറഞ്ഞിരിക്കുന്ന

തിൽ (ക്രി. പി. 1498) എത്രമാത്രം യാഥാർത്ഥ്യം ഉണ്ടു് എന്നാണു് ഇനി ഇവിടെ വിചിന്തനംചെയ്യേണ്ടിയിരിക്കുന്നതു്. പതിനഞ്ചാം ശതാബ്ദത്തിന്റെ ആരംഭദശയിൽ മൈലാപ്പൂരിനെ സന്ദർശിച്ച അൾമേനിയായ നിക്കോലൊ ദെകെൻറി (Nicolo Deconti) എന്ന ഇറാലിയൻ ദേശസഞ്ചാരി ശ്ലീഹായുടെ പള്ളിയേയും അവിടത്തെ ക്രിസ്ത്യാനികളേയുംപറ്റി എഴുതിയിരിക്കുന്നതിൽ പള്ളി വിശാലവും മനോഹരവും ആകുന്നു എന്നും അവിടെ ആയിരം നെസ്തോറിയൻ ക്രിസ്ത്യാനികൾ നിവസിക്കുന്നു എന്നും കാണുന്നു. (29). പള്ളി വിഗ്രഹങ്ങളാൽ നിഷിദ്ധമായിരുന്നു എന്നു ഒഡെറിക്കു പറയുന്നതു തെറ്റിദ്ധാരണനിമിത്തം കൊണ്ടാണു തെളിവുകൾകൊണ്ടു സ്ഥാപിക്കാം. ഒന്നുകിൽ ക്രിസ്ത്യാനികളുടെ, അല്ലെങ്കിൽ ക്രിസ്തുമതേതരന്മാരുടെ കൈവശത്തിൽ ആയിരുന്ന പള്ളി എന്നു സമ്മതിക്കാതെ തരമില്ല. പള്ളി ക്രിസ്ത്യാനികളുടെ സ്വാധീനത്തിൽ ആയിരുന്നു എങ്കിൽ എങ്ങനെയാണു വിഗ്രഹങ്ങൾ പ്രവേശിക്കുക? പ്രസ്തുതഅന്യമതസ്ഥന്മാർ അതിനെ സ്വാധീനമാക്കിയിരുന്നു എങ്കിൽ ശക്തന്മാരും ബലവാന്മാരും ആയ അവരിൽനിന്നു ക്രിസ്ത്യാനികൾ അതിനെ വിണ്ടുകിട്ടുക അസാദ്ധ്യംതന്നെ. വിശാലമായ കെട്ടിടങ്ങളുടെ ഭിത്തികളിലുംമറ്റും പത്രലതാദികളുടേയും മനുഷ്യർ പക്ഷികൾ മുതലായ ജീവജാലങ്ങളുടെയും രൂപകൾ നിർമ്മിക്കുന്നതു ഇൻഡ്യയിലെ ഒരു പൂർവ്വമര്യാദയാണു. പുരാതനങ്ങൾ ആയ പല സുറിയാനിപ്പള്ളികളിൽ നാനാവിധസചിത്രപണികൾ ചെയ്തു പണിചെയ്തു വച്ചിരിക്കുന്നതു ഇക്കാലത്തും കാണാം. പോർട്ടുഗീസുകാർ ഭാരതഭൂമിയിൽ എത്തിയ ആദ്യ വത്സരങ്ങളിൽ നാനാവിധ ശില്പവേലകൾ മൈലാപ്പൂരിൽ അവർക്കുണ്ടായി സാക്ഷിക്കുന്നുണ്ടു. (30). പ്രസ്തുത ദേവാലയങ്ങളിൽ നാനാവക സചിത്രപണികൾ ഉള്ളതായി മറ്റുചില്ലവരും പറഞ്ഞതിനെ വിഗ്രഹങ്ങൾ എന്നു ഒഡെറിക്കു മനസ്സിലാക്കി, അപ്രകാരം എഴുതിയി

ാല്ലാതെ, സാക്ഷാൽ വിഗ്രഹങ്ങളെക്കൊണ്ടു ദേവാലയം നിറഞ്ഞിരുന്ന എന്നുവരുവാൻ യാതൊരുവിധേനയും സംഗതിയില്ല എന്നതു നിശ്ചയംതന്നെ.

ഇനി മൈലാപ്പൂരിലെ ക്രിസ്ത്യാനികളെ നെസ്തോറിയൻകാർ എന്നു ഒടുവിൽ നാമകരണം ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്നു നമുക്കു ഇവിടെ അന്വേഷണം നടത്താം. അവയിൽ പ്രധാനമായ ഒന്നു കൽദായക്കാരെ ആകാ ലഘട്ടത്തിൽ പാശ്ചാത്യന്മാരും പൌരസ്ത്യന്മാരും നെസ്തോറിയൻകാർ എന്നു പൊതുവെ വിളിച്ചിരുന്നു എന്നുള്ളതുതന്നെ. കൽദായ ലിപികൾക്കു 'നെസ്തോറിയൻ' സംജ്ഞ സിദ്ധിച്ചതും ഇതിനാൽ ആണു. ഒരംനടപ്പിനെ ആധാരമാക്കികൽദായക്കാർതന്നെയും ചിലപ്പോഴെല്ലാം നെസ്തോറിയൻകാർ എന്നു സ്വയം പറഞ്ഞിരുന്നു എന്നും 'നെസ്തോറിയൻ' സംജ്ഞ കൽദായ ജാതിക്കാരേയും ഭാഷയേയും അല്ലാതെ ഒരു പ്രത്യേക മതഭേദത്തെ സൂചിപ്പിച്ചിരുന്നില്ല എന്നും ഉള്ളതിലേക്കു ധാരാളം ലക്ഷ്യങ്ങൾഉണ്ടു. 1553-നു ഫെബ്രുവരി 20-നു മാർശിമഒൻ സൂലാക്കാ പാത്രിയക്കീസിനു പാല്ലിയം നൽകപ്പെട്ട അവസരത്തിൽ കാർഡിനൽ മഫെയ (Cardinal Maffeus) റോമയിൽ കാർഡിനൽമാരുടെ സംഘസംക്ഷേപം ചെയ്ത പ്രസംഗം ഒരു സംഗതിയിലേക്കു ബലവത്തരമായ ഒരു രേഖയാണു. കൽദായക്കാർക്കു നെസ്തോറിയൻകാർ എന്ന പേരല്ലാതെ നെസ്തോറിയൻ മതസംബന്ധമായ അബദ്ധസിദ്ധാന്തങ്ങൾ ഇല്ലെന്നും, മാറോനായക്കാർ, യാക്കോബായക്കാർ, കോപ്റ്റുകാർ തുടങ്ങിയുള്ള തദ്ദേശക്രിസ്ത്യാനികൾക്കു കൽദായ എന്ന പേരിനേയും അവരുടെ ജനസംഖ്യ, പള്ളികളുടെ സ്ഥിതി, കൂടുതൽ എണ്ണം, ഭാരതവർഷപശ്ചിമമുള്ള പ്രദേശവിസ്തീർണ്ണത ഇവകളേയുംകുറിച്ചു അവരുടെനേർക്കു അസൂയ ഉള്ളവരായി കാണപ്പെട്ടതു എന്നും മൂന്നൂറുവർഷംമുമ്പു മാർ ഷൊറാ എന്ന ഒരാൾ ഒരു റോമയിൽ

ചെയ്കയും അവരുടെ പാത്രിയക്കീസായി വി. സിംഹാസനത്തിൽ അദ്ദേഹം സ്ഥിരീകരിക്കപ്പെടുകയും ചെയ്ത എന്നും; റോമാപ്പള്ളിയുടെ വിശ്വാസത്തോട് അവരുടെതു യോജിച്ചിരിക്കുവാൻവേണ്ടി അതിൽ പല തിരുത്തൽകൾ ചെയ്യപ്പെട്ട എന്നും ആ വിവരണത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു. (31). സൂലാക്കായുടെശേഷം പാത്രിയക്കീയ സിംഹാസനത്തിൽ ആസീനനായ അബ്ദീശോ റോമ്മയിൽ വിശ്വാസസത്യംചെയ്ത അവസരത്തിൽ സന്നിഹിതനായിരുന്ന മാർക്രൂസ് അന്തോനിയൂസ് അമൂലിയൂസ് എന്ന കാർഡിനൽ പ്രസ്തുത പാത്രിയക്കീസിന്റെ കുലശ്രേഷ്ഠത, ധനാഢ്യത ഇവകളെ വിവരിക്കയുംഅദ്ദേഹത്തിന്റെ സുകൃതം, അസാമാന്യ പാണ്ഡിത്യം ഇത്യാദികളെ സ്തുതിക്കയും ചെയ്തശേഷം ഏഴു കൂദാശകൾ, മരിച്ചവർക്കുവേണ്ടിയും പരിശുദ്ധന്മാരോടുമുള്ള പ്രാർത്ഥന, സപ്രൂപവണക്കം മുതലായ വിശ്വാസകാര്യങ്ങളിൽ കൽദായക്കാർ റോമാപ്പള്ളിയോട് പൂർണ്ണമായി യോജിക്കുന്നെന്നും പാശ്ചാത്യന്മാരിൽനിന്നു വളരെ ദൂരസ്ഥലങ്ങളായ ദേശങ്ങളെ അവർ അധിവസിക്കുന്നു എങ്കിലും തോമ്മാശ്ലീഹായാലും, തദേയശ്ലീഹായാലും ഉപദേശിക്കപ്പെട്ടതും രക്ഷാകരവുമായ സഭയുടെ പാരമ്പര്യങ്ങളെ ക്രിസ്താബ്ദം വത്സരങ്ങളോളം അക്ഷയമായി സംരക്ഷിച്ചു എന്നും ക്രിസ്താബ്ദം ആഗസ്റ്റ് ഒന്നാം- പ്രസ്താവിക്കയുണ്ടായി. (32). കൽദായക്കാർ പതിമൂന്നാം ശതാബ്ദംവരെ കത്തോലിക്കവിശ്വാസത്തിൽ സുസ്ഥിരമായി നിന്നിരുന്നു എന്നും അനന്തരം നെസ്തോറിയൻ മതഭേദത്തെ പരിത്യജിച്ചു കത്തോലിക്കസഭയിലേക്കു വന്നുചേർന്ന ജനങ്ങളോടുകൂടി അവർ സമ്മിശ്രപ്പെട്ട ഏകസമുദായമായിതീർന്നു എന്നും പതിനാലാം ശതാബ്ദത്തിന്റെ ഏകദേശം മദ്ധ്യംമുതൽ സൂലാക്കായുടെ സിംഹാസനാരോഹണംവരെയുള്ള കാലഘട്ടത്തിൽ കൽദായസഭാനേതൃത്വം വഹിച്ചിട്ടുള്ള പാത്രിയക്കീസ്മാർ റോമ്മായിൽ പോകുകയോ അവരുടെ വിശ്വാസ.

പ്രകട പത്രങ്ങളെ അവിടെക്കു അയക്കുകയോ ചെയ്തതായില
ക്ഷ്യങ്ങൾ ഇല്ലെന്നിരുന്നാലും അവർ കത്തോലിക്കാ മതസിദ്ധാ
ന്തങ്ങളിൽ ദൃഢവിശ്വാസത്തോടുകൂടിത്തന്നെ വർത്തിച്ചിരുന്നു
എന്നും ഞങ്ങൾ മേൽ (ഖ. ഥ൭, ക്ക൭) വിവരിച്ചിട്ടുള്ളതിനോ
ട് മഹേയ്, അമൂലിയസ് എന്ന കാർഡിനൽമാരുടെ പ്ര
സ്താവന വാഗർത്ഥസമാനം യോജിക്കുന്നു.

റോമ്മാസിംഹാസനത്തിൽനിന്നു ക്ഷ൭൭ന—ൽ സൂലാക്കാ
പാത്രിയക്കീസിന്റെനേക്കു പ്രദർശിപ്പിച്ച വിധ വിശേഷതയാ
ലും നടപടികളാലും ഒരു പ്രസ്താവനകൾ ദൃഢീകരിക്കപ്പെട്ടുന്നു
ണ്ടു. എന്തെന്നാൽ സൂലാക്കായെ പാത്രിയക്കീസായി നിയമി
ച്ച ജൂലയസ് തൃതീയൻ അദ്ദേഹത്തിന്റെ തിരുവെഴുത്തിൽപ
റയുന്നതു പാത്രിയക്കീയ പദത്തിൽ സൂലാക്കായുടെ പുരോഗാ
മിയും സുഗ്രഹീതനാമാവും ആയശൈമഓൻ മമ്മായുടെ മരണം
നിമിത്തം മൂസലിലെ സഭക്കു ഇടയൻ ഇല്ലാതെ ആയിരിക്കുന്നു
എന്നും അതിനാൽ സൂലാക്കായെ തൽസ്ഥാനത്തിലേക്കു നിയ
മിക്കുന്നു എന്നും ആണു. സൂലാക്കായുടെ അനന്തരഗാമിയായ
അബ്ദീശോയെ പാത്രിയക്കീസായി സ്വീകരിച്ച നാലാംപീയു
സ് പാപ്പായുടെ തിരുവെഴുത്തിൽ പ്രയോഗിച്ചിരിക്കുന്ന വാ ച
കവും ഒരു വിധംതന്നെ. മാത്രമല്ല സൂലാക്കാ പള്ളിക്കെട്ടുന്ന ഏ
തെങ്കിലും ശിക്ഷകളിലൊ, മഹറോനിലൊ, അംശമുടക്കിലൊ
ഉൾപ്പെട്ടിരിക്കുന്നു എങ്കിൽ പ്രസ്തുത സ്ഥാനാലങ്കാരവേണ്ടി
അദ്ദേഹത്തിൽനിന്നു അവ എല്ലാം നീക്കുന്നു എന്നുകൂടെയും
അദ്ദേഹത്തെ പാത്രിയക്കീസായി നിശ്ചയിക്കുന്നതിനുമുമ്പു ജൂ
ലിയസ് മാപ്പാപ്പാ തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു.
(33). "എങ്കിൽ" എന്ന ശബ്ദത്തെ പ്രയോഗിച്ചുകൊണ്ടുള്ള ഒരു
വാചകരീതി കത്തോലിക്കരുടെനേക്കു സഹജമായുള്ള ആചാര
വിശേഷത്തെയാണു നിസ്സംശയം സൂചിപ്പിക്കുന്നതു. അതുകയാ
ൽ മൈലാപ്പൂരിലെ ക്രിസ്ത്യാനികൾ നെസ്തോറിയൻകാർ അ

യിരുന്നുഎന്നു ഒഡേറിക്കും നിക്കോലാ ഒദെകൊൻറിയും ചെയ്തിട്ടുള്ള പ്രസ്താവനകൾ അവർ യഥാർത്ഥത്തിൽ അബദ്ധപ്പിശാചികൾ അയിരുന്നു എന്നു സാധിക്കുന്നതിലേക്കു ഞാൻ ഇത്രയും അധികം എന്നു സിദ്ധമാകുന്നു. പ്രകൃതകാര്യ സംബന്ധമായി ഇനിയും അസംഖ്യം തെളിവുകൾ ഇവിടെ പറയുവാൻ ഞെങ്കിലും അവയെ പത്താം അദ്ധ്യായത്തിലേക്കു നീക്കിവച്ചുകൊണ്ടു വേറൊരു വിഷയത്തിലേക്കു നമുക്കു തല്ക്കാലം പ്രവേശിക്കാം.

ഒമ്പതാം അദ്ധ്യായം.

നസ്രാണി രാജാവും അദ്ദേഹത്തിൻറെ രാജ്യവും.

ക. നസ്രാണികളുടെ ഇടയിൽ, അവക്കു ഒരു രാജാവും രാജ്യവും ഉണ്ടായിരുന്നു എന്നും രാജ്യത്തിൻറെ തലസ്ഥാനപട്ടണം ഉദയമ്പേരൂർ ആയിരുന്നു എന്നും ബലമായ ഒരു പരമ്പരാവൃത്താന്തം ഉണ്ടു. കൂടാതെ കയ്മൾമാർ അഥവാ കർത്താക്കൾ എന്ന നിലയിൽ പ്രബലന്മാരായ ഏതാനും നസ്രാണികളും ചിലദിക്കുകളിൽ ഉണ്ടായിരുന്നു. "കോലോത്തുംവെളി" എന്നു ആധുനികകാലത്തുപോലും പേർ പറയപ്പെട്ടുന്ന ഒരു സ്ഥലം ഉദയമ്പേരൂരിൽ ഉണ്ടു. അവിടെയാണു പ്രസ്തുത രാജാവിൻറെ കോവിലകം സ്ഥിതിചെയ്തിരുന്നത്. ഇതിൻറെ സമീപസ്ഥമായി ഉണ്ടായിരുന്ന കുളത്തിനു "കോലോത്തുംകുളം" എന്നു ഇക്കാലത്തും പേർ പറഞ്ഞുവരുന്നു. ഒരും രണ്ടു സ്ഥാനങ്ങളും ഉദയമ്പേരൂർപള്ളിയുടെ ഇപ്പോഴത്തെ ആസ്ഥാനഭൂമിയിൽനി

നും അത്ര അകലത്തിൽ അല്ല. പള്ളി ഇരിക്കുന്ന സ്ഥലത്തിനു മുൻ കാലങ്ങളിൽ കരം ഒഴിവായിരുന്നു എങ്കിലും കൊല്ലവർഷം ൪൦൫൪—ലെ കണ്ടെഴുത്തിൽ അതിലേക്കുള്ള രക്ഷ്യങ്ങളെ അ തും ഹാജരാക്കാഞ്ഞതിനാൽ ആ സ്ഥലം ഇപ്പോൾ പണ്ടാര പ്പാട്ടം ആയിതീർന്നതും ഇതുപോലെതന്നെ വേറെയും വളരെ വസ്തുക്കൾ പള്ളിക്കു കരംഒഴിവായി ഉണ്ടായിരുന്നു എന്നും അ വ എല്ലാം നസ്രാണി രാജാവിന്റെ കാലങ്ങളും പള്ളി അദ്ദേ ഹത്താൽ സ്ഥാപിതവും ആയിരുന്നു എന്നും ഉള്ള പരമ്പരാ വൃത്താന്തം തദ്ദേശവാസികളുടെ ഇടയിൽ ഇന്നും അക്ഷയംആ യിതന്നെ നില്ക്കുന്നു. ഓരം പാരമ്പര്യത്തെ പിൻതാങ്ങുന്നതിനു വേറെയും രേഖകൾ ഇല്ലാതില്ല. ക്രിസ്തീയരാജ്യമായ ഉദിയമ്പേ രൂർ കൊച്ചീരാജാവിനു ലഭിച്ചിരിക്കുനിമിത്തം മെനേസേസ് മെത്രാപ്പോലീത്താ താൻ വിളിച്ചുകൂട്ടുവാനിരിക്കുന്ന സുനഹദോ സിൽ സംബന്ധിക്കുന്നതിനായി ക്രിസ്ത്യാനികളെ നിബ്ബന്ധിക്കു ന്നും എന്നു ൧൫൯൯—ൽ കൊച്ചീരാജാവിനോടു ആവശ്യപ്പെ ടുകയുണ്ടായി. (1). ഇതിലേക്കു രാജാവു യാതൊരു വിസമ്മതി യും ഭാവിക്കാതിരുന്നതു പ്രസിദ്ധമായ ആ കാര്യത്തിൽ വിരോ ധംചെയ്യാൻ നിവൃത്തിയില്ലാഞ്ഞതിനാലാണു.

ഓരം രാജ്യത്തിന്റെ സ്ഥാപനം നാലാംനൂറ്റാണ്ടിന്റെ അ വസാനഘട്ടത്തിലോ അഞ്ചാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണു നടന്നിട്ടുള്ളതു് എന്നതിലേക്കു പോർട്ടുഗീസ നാവിക സൈന്യാധിപനായ ഗാമ്മായുടെ അടുക്കൽ നസ്രാണികൾ അവരുടെ രാജ്യോല്പത്തിയേയും അതിന്റെ അധഃപതനത്തെ യും സംബന്ധിച്ചു ചെയ്ത പ്രസ്താവന ഒരു പ്രധാന രക്ഷ്യമാ ണു. ഗാമ്മാ ൧൪൯൦ ഡിസമ്പർമാസത്തിൽ രണ്ടാമത്തപ്രാ വശ്യം ഇൻഡ്യയിൽവന്നു കൊച്ചിയിൽ ഇറങ്ങിയ അവസരത്തി ൽ കൊട്ടങ്ങല്ലൂരിലെ നസ്രാണികൾ പല ഉപഹാരങ്ങളോടുകൂ ടി അദ്ദേഹത്തിന്റെ അടുക്കൽ എത്തി. മഹമ്മദീയരുടെ ഉ

പദ്രവങ്ങളിൽനിന്നു അവരെ രക്ഷിക്കുവാൻ അപേക്ഷിച്ചായും അവക്ക് പണ്ടുണ്ടായിരുന്ന രാജാവിന്റെ ചെങ്കോലും രാജ്യപത്രികയും അതിനായി അദ്ദേഹത്തിനു സമർപ്പിക്കുകയുംചെയ്തു. "ചെങ്കോലും രാജ്യപത്രികയും ഞങ്ങളുടെ രാജാവിനു പുരാതനപെരുമാക്കന്മാരാൽ നൽകപ്പെട്ടതാണു; ആ രാജാവ് ലോകരംഗത്തിൽനിന്നു അന്തർദ്ധാനംചെയ്തിട്ടു വളരെക്കാലം ആയിട്ടില്ല; അദ്ദേഹത്തിന്റെ രാജ്യം പെരുമ്പടപ്പിലേക്കു ഒതുങ്ങിയിരിക്കുന്നു; മേലാൽ പോർട്ടുഗാൽ രാജാവു ഞങ്ങളുടേയും രാജാവായിരിക്കട്ടെ; അദ്ദേഹത്തിന്റെ പേർ പറഞ്ഞല്ലാതെ യാതൊരു കുറക്കാരേയും ഞങ്ങൾ ശിക്ഷിക്കുന്നതല്ല; ശത്രുക്കളായ മഹമ്മദീയരുടെ ഉപദ്രവങ്ങളിൽനിന്നു ഞങ്ങളെ രക്ഷിക്കണം" എന്നിങ്ങനെ ഗാമായോടു അവർ പറഞ്ഞു. ഗാമാ അതു കേട്ടു സന്തോഷിച്ചു കപ്പലിലെ കൊടികൾ എല്ലാം ഉയർത്തി, പീരങ്കികൾ ധ്വനിപ്പിക്കയും കപ്പൽ സന്നാഹത്തിന്റെ അകമ്പടിയോടുകൂടി പോർട്ടുഗൽ രാജാവിന്റെ നാമത്തിൽ അവകളെ സ്വീകരിക്കയുംചെയ്തു. (2)

ഉ. നസ്രാണികൾ വാസ്തവത്തിൽ ഗാമായുടെ അടുക്കൽചെന്ന പ്രസ്താവനയിൽ, (ക) പ്രശസ്ത ചെങ്കോലും രാജ്യപത്രികയും അവരുടെ രാജാവിനു സിദ്ധിച്ചതു പുരാണപ്രസിദ്ധന്മാരായ പെരുമാക്കന്മാരിൽനിന്നാകുന്നു എന്നും, (ഖ) രാജവംശം അന്യംനില്ക്കയും രാജ്യം പെരുമ്പടപ്പിലേക്കു ചേർക്കപ്പെട്ടുകയുംചെയ്തിട്ടു അധികകാലം ആയിട്ടില്ല എന്നും, (ന) പോർട്ടുഗൽ രാജാവിന്റെനാമത്തിൽ അല്ലാതെ മേലാൽ ആരേയും അവർ ശിക്ഷിക്കയില്ലെന്നും, (ഘ) മഹമ്മദീയരുടെ ക്രൂരകൃത്യങ്ങളിൽനിന്നു അവരെ ആദരിക്കണം എന്നും ഇങ്ങനെ നാലു കാര്യങ്ങൾ ആണ അടങ്ങിയിരിക്കുന്നതു. ഇവയിൽ ഒന്നാമത്തേതു നസ്രാണിരാജാവിന്റെ ഉല്പത്തി പെരുമാക്കളിൽ നിന്നാകുന്നു എന്നുള്ളതുതാനല്ലൊ. പെരുമാക്കന്മാരുടെ ആധിപത്യം പഞ്ച

മശതാബ്ദ സമാരംഭത്തിൽ തീർന്നുപോയതായി മേൽ (അ. ര. ല. ൻ, ഫ0) പ്രസ്താവിച്ചുകഴിഞ്ഞു. ഒടുവിലത്തെ പെരുമാൾ അദ്ദേഹത്തിന്റെ ഇഷ്ടജനങ്ങളിൽ പലർക്കും രാജപദവിയും പ്രഭുത്വവും കല്പിച്ചുനൽകിയതിനാൽ പല രാജാക്കന്മാരും ഇടപ്രഭുക്കന്മാരും കേരളത്തിൽ ഉണ്ടാകുന്നതിനു ഇടയായി. പതിനഞ്ചിൽ കുറയാതെയും ഇരുപത്തഞ്ചിൽ കൂടാതെയും സചരുപികൾ എന്നു പറയപ്പെടുന്ന ചെറിയ രാജാക്കന്മാരും ഇടപ്രഭുക്കന്മാരും രാജ്യവിഭാഗംമുതല്ക്കു കേരളഭൂമിയിൽ പ്രത്യക്ഷീഭവിച്ചു. ചെമ്പേടിന്റെ കാലങ്ങളിൽ അഴുവട്ടും, അഞ്ചിൽ അധികം സചരുപികളും ഇടപ്രഭുക്കന്മാരും കേരളത്തിൽ ഉണ്ടായിരുന്നതായി നാം കണ്ടില്ല. ചെമ്പേടുകളിൽ പറയപ്പെട്ടുന്ന രാജകീയ ഭാനങ്ങളെ സമസ്ത കേരളത്തിലും അവർ ആചരിക്കേണ്ടതിനായി അവരുടെ പേരുകളും അവയിൽ വിവരമായി കാണിച്ചിട്ടും ഉണ്ട്. സംഗതിയുടെ യാഥാർത്ഥ്യം ഇപ്രകാരമാണെങ്കിലും പെരുമാക്കന്മാരിൽ ഒടുവിലത്തെ ആൾ രാജ്യം വിഭാഗിച്ചുകൊടുക്കുക ഉണ്ടായിട്ടില്ല എന്നാണു ആധുനികന്മാരായ വിദ്വജ്ജനങ്ങളിൽ ചിലരുടെ സങ്കല്പം. ഇതു അടിസ്ഥാനരഹിതമായ ജല്പനമാത്രമാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. രാജ്യവിഭാഗമായ പെരുമാൾ അദ്ദേഹത്തിന്റെ ഇഷ്ടഭാജനങ്ങളും സ്ഥാനലബ്ധിഹേതുവായിട്ട ആ കാലഘട്ടത്തിൽ ബ്രാഹ്മണതുല്യന്മാരും ആയിരുന്ന നസ്രാണികളിൽ ഒരാളിനു രാജപദവും രാജാധികാര സൂചകമായ 'വാളും വടിയും' കല്പിച്ചുനൽകി. ചതുർത്ഥശതാബ്ദമധ്യംതുടങ്ങി പ്രാദേശിക മെത്രാന്മാരുടെ ആവിർഭാവഹേതുവായിട്ട് സ്വദേശമെത്രാന്മാർ ഇല്ലാതെ ആകുകനിമിത്തം ആ മെത്രാന്മാരുടെ പ്രതിസ്ഥാനാലംകൃതമായ (അ.ര.ല.ഫന) കുടുംബത്തിലെ ഒരംഗത്തെതന്നെ പെരുമാൾ രാജപദത്തിലേക്കു ഉയർത്തി എന്നു തീർച്ചയാക്കുന്നതിനു മതിയായ കാരണങ്ങളും ഉണ്ട്. നസ്രാണികളുടെ രാജ്യം നാമാവശിഷ്ടമായിതീർന്നി

ട്ടു അധികകാലം ആയില്ലെന്നും ആ രാജ്യം പെരുമ്പടപ്പിൽ ലയിച്ചുപോയി എന്നുമുള്ള രണ്ടാമത്തെ സംഗതിയിൽനിന്നു നമുക്കു മനസ്സിലാകുന്നത് പോർട്ടുഗീസ്കാർ കേരളത്തിൽ എത്തിയതിനു കുറെകാലം മുമ്പുവരെ ആ രാജ്യം നിലനിന്നിരുന്നു എന്നും രാജവംശം അന്യംനില്ക്കയാൽ പെരുമ്പടപ്പു അതിനെ കൈവശപ്പെടുത്തി എന്നുമാണു. പ്രാചീനകാലങ്ങളിൽ രാജാവു, 'സപ്തപ്രകൃതികൾ' ഇങ്ങനെ രണ്ടുപദവിയിൽ ഉൾപ്പെട്ട ആളുകളാണു കേരളത്തിൽ രാജ്യഭാരം നടത്തിയിരുന്നതു. രാജാവു പല ഉപരാജാക്കന്മാരുടെമേൽ ആധ്യക്ഷ്യം ഉള്ള ആളും, 'സപ്തപ്രകൃതികൾ' ഉപരാജാക്കന്മാരുടേയും ഇടപ്രഭുക്കന്മാരുടെയും, മാടമ്പിമാരുടേയും ഗണത്തിൽ ചേർന്നവരും ആയിരുന്നു. സപ്തപ്രകൃതികളുടെ കുടുംബത്തിലേക്കു ആരെയെങ്കിലും പുത്രസ്വീകാരം ചെയ്യേണ്ടിവന്നാൽ അതു മേൽക്കോയ്മയുടെ അനുമതിയോടുകൂടിവേണം എന്നായിരുന്നു നിബന്ധന. (3). ഉദയമ്പേരൂരിലെ ക്രിസ്തീയ രാജവംശത്തിൽ പുരുഷ സന്താനത്തിന്റെ രാഹിത്യം ഹേതുവായിട്ടു പുത്രസ്വീകാരം ചെയ്യപ്പെട്ടിരുന്ന ക്രീസ്തമതാനുസാരി ആയ രാജകുമാരൻ (4). പിന്നീടു ഹിന്ദുമതത്തെ അവലംബിക്കുനിമിത്തം ഉദയമ്പേരൂർ രാജ്യം ഹൈന്ദവ ഭൂപാലന്മാരുടെ ആധീനത്തിൽ ആകയും അനന്തരം പെരുമ്പടപ്പിൽ ലയിച്ചുപോകയുംചെയ്തു. ഒരംസപ്തപ്രകൃതിനു 'വില്യാർവട്ടം' എന്നായിരുന്നു ഗോത്രനാമം. പതിനഞ്ചാം ശതാബ്ദത്തിന്റെ മദ്ധ്യത്തോടെയാണു ഉദയമ്പേരൂരിലെ ക്രൈസ്തവ രാജ്യഭാരം നസ്രാണികളുടെ സ്വാധീനത്തിൽനിന്നു വിട്ടുപോയതു.

ഗാമായുടെ അടുക്കൽ നസ്രാണികൾ അറിയിച്ചമൂന്നാമത്തെ കാര്യം അവർ പോർട്ടുഗാൽ രാജാവിന്റെ നാമത്തിൽ അല്ലാതെ മേലിൽ ആരെയും ശിക്ഷിക്കയില്ല എന്നാണു. നസ്രാണികൾ ചില ഹൈന്ദവ ജാതിക്കാരുടെ രക്ഷാധികാരം വഹിച്ചിരുന്നു എന്നും രാജ്യസംബന്ധമായ പല അവകാശങ്ങളും അ

ധികാരങ്ങളും അവക്കുണ്ടായിരുന്നു എന്നും (അ ദൃ. ല 8) ഇതി നുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു. ആരെ എങ്കിലും അവക്കു ശിക്ഷി ക്കാം എന്നുള്ളതാണു് അവക അധികാരങ്ങളിൽ ഒന്നു. ആ ദ ണ്ഡനാധികാരത്തെ പോർട്ടുഗാൽ രാജാവിന്റെ നാമത്തിൽ മാത്രമേ അവർ പ്രയോഗിക്കയുള്ളു എന്നാണു നസ്രാണികൾ പറയുന്നതിന്റെ താല്പര്യം. മഹമ്മദീയരുടെ ക്രൌര്യത്തിൽനി ന്നുള്ള പരിത്രാണത്തെയാണു സംഭാഷണത്തിലെ ഒടുവില ത്തെ സംഗതി നിർദ്ദേശിക്കുന്നതു. ഉദ്ദേശം പതിനഞ്ചാം നൂറാ ണ്ടിന്റെ അവസാനംവരെ ഭാരതഖണ്ഡത്തിന്റെ പല ഭാഗ ങ്ങളിലും ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. മഹമ്മദീയരുടെ പീ ഡനവും അന്യായകൃത്യങ്ങളുംനിമിത്തം അവക്കു പല വിഷ്കാത ങ്ങൾ നേരിടുകയും തൻമൂലം മിക്ക പ്രദേശങ്ങളിലും അവർ നാ മാവശിഷ്ടമായി തീരുകയുംചെയ്തു. ക്രിസ്ത്യാനികൾ കൂട്ടമായി വ സിച്ചിരുന്ന കേരളത്തിൽ മാത്രമേ അവർ പരിശേഷിച്ചിരുന്നു ള്ളു. എങ്കിലും അവരുടെ കച്ചവടത്തിനും കപ്പൽ യാത്രക്കും മ ഹമ്മദീയർ പല വിഘ്നങ്ങളെ വരുത്തുകയും തരം കിട്ടിയിരു ന്നപ്പോഴെല്ലാം അവരെ ഉപദ്രവിക്കയും ചെയ്തിരുന്നു. ആ കാ ലഘട്ടത്തിൽ പ്രബലതയോടുകൂടിയിരുന്ന താമൂതിരി രാജാവു മാഹമ്മദു മതസ്ഥന്മാരുടെനേക്കു സർവ്വത്ര സാഹായ്യത്തെ പ്രദ ർശിപ്പിക്കയും അവരെ ആദരിക്കയും ചെയ്തിരുന്നു. ഇതു ചരിത്ര ദൃഷ്ട്യാ പ്രസിദ്ധമായ ഒരു യാഥാർത്ഥ്യമാണു. ഇതും കാരണങ്ങളാ ൽ അന്നു മഹമ്മദീയരുടെ ഉപദ്രവങ്ങളിൽനിന്നു അവരെസം രക്ഷിക്കണമെന്നു ഗാമായുടെ അടുക്കൽ അപേക്ഷിച്ചതു. ന സ്രാണികളുടെ പ്രാർത്ഥനയെ അനുസരിച്ചു ഗാമായും മറുപോ ർട്ടുഗീസ് സൈന്യാധിപന്മാരും അവക ഉപദ്രവങ്ങളിൽനിന്നു അവരെ രക്ഷിച്ചിട്ടുണ്ടു എന്നുള്ളതും ഇവിടെ സമ്മതിച്ചു പറ യേണ്ടുന്നതാണു. ഇതു സംഗതിബന്ധിച്ചു ഇനിയും പറയുവാനു ള്ളവയെ അടുത്ത അദ്ധ്യായത്തിലേക്കു നീക്കിവെക്കുന്നു.

ഒ. അസ്സെമാൻ, ഗോവയാ, ലെകപിയെൻ മുതലായ വിശ്രുത ഗ്രന്ഥകാരന്മാർ നസ്രാണികളുടെ രാജ്യത്തെപ്പറ്റിയും രാജാവിനെപ്പറ്റിയും വിവരിക്കുന്നുണ്ട്. (5). രാജാവിന്റെ വംശപ്പേരായി അവർ പറയുന്നതു 'വില്യാർവട്ടം' എന്നാണു. വില്യാർവട്ടം വംശത്തിലെ ഒന്നാമത്തെ രാജാവിനു ശാസ്ത്രവിദ്യകളിലും ആയുധാഭ്യാസത്തിലും ഉണ്ടായിരുന്ന സാമർത്ഥ്യവിശേഷംഹേതുവായിട്ടു, ആയുധാഭ്യാസനിപുണന്മാരുടെ പ്രകാശം എന്ന വിവക്ഷയിൽ 'വില്ലാംവെട്ടം' എന്ന പേർസിദ്ധിച്ചതായി പ്രസ്തുതവംശത്തിന്റെ നാമോത്ഭവത്തെപ്പറ്റി ഒരു ഐതിഹ്യം ഉണ്ടു. 'വില്ലെട്ടത്തവരിൽ വില്ലാംവെട്ട'ത്തിനു തുല്യൻ ഇല്ല എന്നു അദ്ദേഹത്തെക്കുറിച്ചു ഒരു ആപൂവാക്യംഉണ്ടായിട്ടുള്ളതും ആ കാരണത്താൽ ആണു. വില്ലാംവെട്ടം എന്ന സംജ്ഞയെ പോർട്ടുഗീസ് ചരിത്രകർത്താക്കൾ വഷളാക്കി വില്യാർവട്ടം എന്നെഴുതുകയും അവരെ അനുഗമിച്ച ചരിത്രനിർമ്മാതാക്കൾ ആ രൂപത്തിൽതന്നെ അതിനെ പ്രയോഗിക്കയും ചെയ്തതിനാൽ ആണു നസ്രാണി രാജവംശത്തിനു വില്യാർവട്ടം എന്നു ചരിത്രങ്ങളിൽ പേർ സിദ്ധിച്ചതു്.

ഉദയമ്പേരൂർ പള്ളി അവിടത്തെ (നസ്രാണി) രാജാവിനാൽ പണിയിക്കപ്പെട്ടതായി മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിന്റെ സ്ഥാപനം 1599—ൽനടന്നതായിട്ടാണു പള്ളിയിലെ കണക്കുകൾകൊണ്ടു കാണുന്നതു. ഒമ്പതും പത്തും ശതാബ്ദങ്ങളിൽ നസ്രാണി സമുദായത്തിന്റെ അദ്ധ്യാത്മഭരണംനിർവ്വഹിച്ചിരുന്ന മാർ സാബോർ, മാർ പ്രോത്തു എന്ന മെത്രാപ്പോലീത്താമാരുടെ കാലത്തു ഉദയമ്പേരൂർ പള്ളിയും ഉദയമ്പേരൂർ രാജാവും ഉണ്ടായിരുന്നു എന്നതിലേക്കു ലക്ഷ്യങ്ങൾഉണ്ടു. സാബോറിന്റേയും പ്രോത്തിന്റേയും ഭരണകാലത്തു ഉദയമ്പേരൂർ രാജ്യത്തിൽ ക്രിസ്തീയവേദം പ്രബലീഭവിച്ചിരുന്നു എന്നും, അവർ വളരെ ദേവാലയങ്ങളെ പണിയിച്ചു എന്നും

ഒലെകപിയൻ സാക്ഷിക്കുന്നതിൽനിന്നു ഒമ്പതും പത്തും നൂറാ
ണ്ടുകളിൽ ഉദയമ്പേരൂർ പള്ളി ഉണ്ടായിരുന്നു എന്നു നിസ്സം
ക്കം തെളിയുന്നു. സാബോർ മെത്രാപ്പോലീത്തായുടെ കാലത്തു
ഭൂഭരണം കയ്യേറിരുന്ന വില്ലാർവെട്ടവംശത്തിലെ രാജാവിനു
സന്താനം ഇല്ലാതിരുന്നതിനാൽ അദ്ദേഹം മൈലാപ്പൂരിൽ പോ
യി വി. തോമ്മാശ്ലീഹായുടെ വിശുദ്ധ ശവകുടീരത്തിങ്കൽ കാ
ണിക്കകളെ സമർപ്പിക്കയും അതുവഴിയായി സന്താനലബ്ധിവരുക
യും ചെയ്തതായി ഒരു പരമ്പരാവൃത്താന്തം ചില പഴയ കയ്യെ
ഴുത്തുകളിൽ കാണുന്നതു താഴെ പറയുംപോലെ ആണ്. രാജ
കുലത്തിലെ പുത്രരാഹിത്യം രാജാവിനും സമസ്ത ക്രിസ്ത്യാനിക
ൾക്കും അനിവ്വചനീയമായ ദുഃഖത്തിനു കാരണമായിത്തീരുക
യാൽ അതിന്റെ നിവൃത്തിക്കായി ഉദയമ്പേരൂർ ആദിയായ
വളരെ ദേവാലയങ്ങളിൽ പല വഴിപാടുകൾ കഴിക്കയും പ്രാ
ർത്ഥനകൾ നടത്തുകയും ഒരു കുട്ടി ജനിക്കുന്നപക്ഷം അതിനെ
മൈലാപ്പൂരിലെ വി. കവറിങ്കൽ ശ്ലീഹായ്ക്കു സമർപ്പിച്ചുകൊള്ളാം
എന്നു മേൽപട്ടക്കാരന്റെ ഉപദേശം അനുസരിച്ചു രാജ്ഞി ശപ
ഥംചെയ്കയും ഉണ്ടായി. അനന്തരം അധികകാലം കഴിയുന്ന
തിനുമുമ്പായി ഒരു പെൺകുട്ടിയും യഥാകാലം ഒരു ആൺകു
ട്ടിയും ജനിച്ചു. ആൺകുട്ടിക്കു ഒരുവയസ്സ് പൂർത്തിയാകുന്ന അവ
സരത്തിൽ അതിന്റെ ജന്മദിവസത്തെ മഹോത്സവമായികൊ
ണ്ടാടുന്നതിനുള്ള വട്ടംകൂട്ടുകൾ നടന്നുകൊണ്ടിരിക്കവെ കുട്ടി ക
ഠിന രോഗത്താൽ പൊട്ടുന്നനവെ ബാധിക്കപ്പെട്ടു മരണാ
സന്നമരണം ഭയത്തിന്നു. കൊട്ടാരത്തിലും കൊട്ടിലിലും ഘോരം സം
ഭ്രമത്തെപ്പറ്റി എല്ലാജനങ്ങളും ഒരുപോലെ ദുഃഖിച്ചിരിക്കയി
ൽ അന്നു ഉദയമ്പേരൂരിൽ താമസിച്ചിരുന്ന സാബോർമെത്രാ
പ്പോലീത്താ രാജസന്നിധിയിൽചെന്നു വി.തോമ്മാശ്ലീഹായോ
ടു അദ്ദേഹം ചെയ്തിരുന്ന ശപഥത്തെ നിവർത്തിക്കാത്തതാണു
ആ രോഗോല്പത്തിയുടെ കാരണം എന്നും അതിനെ സാധിക്കു

ന പക്ഷം രോഗശാന്തി ഉടനെ ഉണ്ടാകുന്നതാണ എന്നും അ
ദ്ദേഹത്തോട അറിയിച്ചു. രാജാവു ഉടൻതന്നെ തന്റെ പൂർവ്വ
ശപഥത്തെ നവീകരിച്ചു ശ്ലീഹായുടെ കബറിനെ വണങ്ങുവാൻ
പോകുന്നതാണ എന്നു വഴിപാട നിശ്ചയിക്കയും തൽക്ഷണം
അത്ഭുതകരമായി കുട്ടി സ്വസ്ഥത പ്രാപിക്കയുംചെയ്തു. ഒരം സം
വത്സരം കഴിഞ്ഞിട്ടു ഏറെ താമസിയാതെ രാജാവു തന്റെവഴിപാ
ടിനെ പൂർത്തീകരിക്കേണ്ടതിനായി അനവധി കാണിക്കദ്രവ്യങ്ങ
ളോടുകൂടി മൈലാപ്പൂരിൽചെന്നു കുട്ടികളെ രണ്ടിനേയും വി. ശ്ലീ
ഹായുടെ ശവകുടീരത്തങ്കൽ കാഴ്ചയായി സമർപ്പിച്ചു

൪. പാശ്ചാത്യ സഞ്ചാരികളും മിഷ്യനറിമാരും പതിമ്മൂന്നും
പതിന്നാലും ശതവർഷങ്ങളിൽ ഭാരതഖണ്ഡത്തെ സന്ദർശിച്ചിട്ടു
ള്ളതായി മേൽ (ല. ഛ) വിവരിച്ചിട്ടുണ്ടല്ലൊ. അവരിൽ മാ
ർക്കോപോലോയും ജോർഡൻ എന്ന മെത്രാനും ഒരംരാജാവിനെ
പ്പറ്റി പ്രസ്താവിക്കുന്നുണ്ട. ക്രമൻ൫ാൽ ഭാരതവർഷത്തെ സന്ദ
ർശിച്ച മാർക്കോപോലോ ക്രിസ്ത്യാനികൾക്കു ഫലാവഹങ്ങളായ
വൃക്ഷങ്ങൾ വളരുന്ന വന്യപ്രദേശങ്ങൾ ഉണ്ടെന്നും അവയിൽ
നിന്നു കിട്ടുന്ന അനുഭവത്തിൽനിന്നു ഒരു പൊൻപണംവീതം
അവരുടെ രാജസഹോദരനു നികുതിയായി കൊടുക്കുന്നു എന്നും എഴു
തിയിരിക്കുന്നു. (6). പോലോയുടെ പ്രസ്താവാക്യത്തിൽനിന്നും
അദ്ദേഹം ഇൻഡ്യയിൽ വന്നകാലത്തു ക്രിസ്ത്യാനികൾക്കുരാജാ
വുണ്ടായിരുന്നു എന്നും അദ്ദേഹത്തിനു (രാജാവിനു) സമസ്ത
ക്രിസ്ത്യാനികളും നികുതി ചെലുത്തിയിരുന്നു എന്നും ഉള്ള രണ്ടു
കാര്യങ്ങൾ വ്യക്തമാകുന്നുണ്ട. ഒരുചെറിയ രാജ്യമായ ഉദയമ്പേ
രൂർ ആയിരുന്ന നസ്രാണിരാജാവിന്റെ അധികാരപരിധി;
എങ്കിലും കേരളത്തിലും മറുമായി അതിനു പുറമേയും വസി
ച്ചിരുന്ന എല്ലാ ക്രിസ്ത്യാനികളും ഒരു സംഖ്യ അദ്ദേഹത്തിനു ക
രമായി അടച്ചിരുന്നു. ക്രിസ്ത്യാനികൾ അവരുടെ അനുഭവത്തി
ൽനിന്നു ഒരു സംഖ്യ അവരുടെ രാജസഹോദരനു കരം കൊട്ട

കൊടുത്തിരുന്ന എന്നുമാക്കോപോലോ പറയുന്നതിനുള്ള കാരണം ഇത്രതന്നെയാണ്. രാജസഹോദരൻ എന്നു മാക്കോപോലോ പറയുന്നതിന്റെ സാരം പ്രസ്തുത രാജാവിനു ആക്രിസ്ത്യാനികളുടെമേൽ രാജകീയമായ ഭരണാധികാരം ഉണ്ടായിരുന്നു എന്നല്ല; അവരുടെ ജാതിയിൽപ്പെട്ടവനും അതേ മതവിശ്വാസത്തെ തന്നെ അവലംബിച്ചിരുന്നവനും എന്നുമാത്രമാണ്. അതുകയാൽ ക്രിസ്ത്യാനികളുടെ രാജാവിനു സ്വന്തരാജ്യത്തിലെ ക്രിസ്ത്യാനികളുടെമേൽരാജ്യസംബന്ധമായഅധികാരവും പുറരാജ്യങ്ങളിൽ നിവസിച്ചിരുന്ന ക്രിസ്ത്യാനികൾ ഒക്കയുടെയുംമേൽ വ്യക്തിഗതം (Personal) ആയ ആധിപത്യവും ഉണ്ടായിരുന്നു. അദ്ദേഹത്തിനു കേരളീയക്രിസ്ത്യാനികൾമാത്രമല്ല, ചോഴമണ്ഡലത്തിലുംമറ്റും കുടിപാർത്തിരുന്ന ക്രിസ്തമതാനുസാരികൾ ആയ എല്ലാ ജനങ്ങളും മേൽപ്രസ്താവിച്ചിട്ടുള്ളതുപോലെ രാജഭോഗത്തെ കൊടുത്തിരുന്നു.

പതിമ്മൂന്നാം ശതവത്സരത്തിൽ മാക്കോപോലോയാൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന നസ്രാണിരാജാവിനെ സംബന്ധിച്ചു പതിന്നാലാമത്തെ വത്സരശതത്തിൽ വിവരിക്കുന്നതു, ജോർഡൻ എന്ന വൈദികമേലദ്ധ്യക്ഷനാണ് എന്നു മുമ്പെ (അ വ്യ. ല. ക്രമ, ക്രമ്യ)തന്നെ പറഞ്ഞിട്ടുണ്ടല്ലൊ. അദ്ദേഹം യൂറോപ്പിൽനിന്നു രണ്ടാമത്തെപ്രാവശ്യം ഇൻഡ്യായിൽ വന്നസമയം, ഇരുപത്തുരണ്ടാമത്തെ യോഹന്നാൻ മാർപ്പാപ്പാ നസ്രാണി രാജാവിനു കൊടുക്കുന്നതിനായി അദ്ദേഹത്തെ ഏല്പിച്ചിരുന്ന ഒരു തിരുവെഴുത്തു കൊണ്ടുവന്നിരുന്നു. എഴുത്തിന്റെ ആരംഭം താഴെകാണിക്കുംപ്രകാരമാണ്: Nobili viro domino Nascarinorum et universis Sub eo Christianis Nascarinis de Columbo (Quilon), venerabilem fratrem Jordanum Catalini, episcopum Columbensem, Predicatorum ordinis professorem quem nuper ad episcopalis dignitatis apicem auctoritate Apostolica duximus promovendum, etc (7)

നസ്രാണികളുടെ അധിപതിയായ പ്രഭുവിന്റേയും അദ്ദേഹത്തിന്റെ കീഴിൽ കൊല്ലത്തുള്ള സകല നസ്രാണികളുടേയും സംരക്ഷണക്കു, മെത്രാൻ പദത്തിലേക്കു നമ്മാൽ ഉയർത്തപ്പെട്ട വനും, ഒടാമിനിക്കു സന്ന്യാസിയും വന്ദ്യസഹോദരനും കൊല്ലത്തെ മെത്രാനും ആയ ജോർഡൻ കത്തലീനി (കത്തലീനി കൂടും ബനാമം ആണു) യെ നാം ഭരമേല്പിക്കുന്നു. ഈ തിരുവെഴുത്തിലെ സംഗതികളെപ്പറ്റി ഞങ്ങൾ ഇതിനുമുമ്പു (അ. വ. ല. ഫ്രാ) പ്രസ്താവിച്ചിട്ടുണ്ടു. ഈ തിരുവെഴുത്തിൽനിന്നു നാം ഗ്രഹിക്കുന്നതു പതിനാലാം ശതാബ്ദത്തിൽ സിംഹാസനാരൂഢനായിരുന്ന നസ്രാണിരാജാവിനെ ആ കാലഘട്ടത്തിൽ ഇൻഡ്യയിൽ വന്നിരുന്ന ജോർഡൻ സന്ദർശിക്കയും രാജാവിനെപ്പറ്റിയുള്ള വിവരങ്ങൾ അദ്ദേഹം റോമയിലെ യോഹന്നാൻ മാപ്പാപ്പായെ അറിയിക്കയും ചെയ്കയാൽ മാപ്പാപ്പാ രാജാവിനായി ഒരു തിരുവെഴുത്തു അയക്കയും അതു വഴിയായി ജോർഡൻ എന്ന മെത്രാനേയും അദ്ദേഹത്തിന്റെ സഹചരന്മാരായ മതബോധകന്മാരേയും ആദരിക്കണം എന്നു അദ്ദേഹത്തോടു ഉപദേശിക്കയുംചെയ്തു എന്നാണ്. തിരുവെഴുത്തിലെ താല്പര്യം അനുസരിച്ചു രാജാവു ജോർഡനെ സഹായിക്കയും പിന്നീടു യോഹന്നാൻ മരിഞ്ഞോലി മേൽ (അ. വ. ല. ഫ്രാ) കാണിച്ചിട്ടുള്ളതുപോലെ മാപ്പാപ്പായുടെ പ്രതിനിധിത്വത്തോടുകൂടി കൊല്ലത്തു വന്നിരുന്നപ്പോൾ അദ്ദേഹത്തിന്റെ ചെലവുവകയ്ക്കായി വേണ്ടിവന്നിരുന്ന ഒരു തുക പ്രതിമാസം കൊടുക്കുകയുംചെയ്തു. പ്രസ്തുത പ്രഭുവിന്റെ അനന്തരഗാമികളായി പതിനഞ്ചാം നൂറ്റാണ്ടിൽ രാജ്യഭാരം വഹിച്ചിരുന്നവരിൽ തോമ്മാ എന്നൊരാൾക്കു നാലാമത്തെ യൂലീനിയസ് മാപ്പാപ്പാ ഒരു തിരുവെഴുത്തു അയക്കയുണ്ടായി. ആ തിരുവെഴുത്തു ഭാരതീയന്മാരുടെ ചക്രവർത്തിയും മ്ശിഹായിൽ നമ്മുടെ സ്നിഗ്ധപുത്രനും ആയ തോമ്മായ്ക്കു സപ്രസ്തിയും ശ്ലീഹായ്ക്കുടത്തു ആശീർവ്വാദവും. നിങ്ങളും നിങ്ങളുടെ

രാജ്യത്തിലെ പ്രജകളും സത്യക്രിസ്ത്യാനികൾ ആണെന്നുള്ള അറിവു പലപ്പോഴും നമ്മുടെ സമക്ഷം എത്തീട്ടുണ്ട്' (8). എന്നിങ്ങനെയാണ് ആരംഭിക്കുന്നത്. ഒരു രാജവംശം അന്യംനിന്നു പോയതു പതിനാഞ്ചാം നൂറ്റാണ്ടിലാകയാൽ (ല.ഉ) ഇദ്ദേഹം പ്രസ്തുതവംശത്തിലെ ഒടുവിലത്തെ രാജാവായിരിക്കണം എന്നു വിശ്വസിക്കുന്നതിനു വിരോധം കാണുന്നില്ല. മേൽ വിവരിച്ചിട്ടുള്ളതുപോലെ കേരളത്തിലെ ക്രിസ്ത്യാനികൾമാത്രമല്ല, ഭാരതഖണ്ഡത്തിലെ സമസ്ത ക്രിസ്ത്യാനികളും അദ്ദേഹത്തിനു നികുതി കൊടുത്തിരുന്നതിനാൽ ആണു മാപ്പിളപ്പാ അദ്ദേഹത്തെ 'ചക്രവർത്തി' എന്നു അഭിധാനംചെയ്തതു. ഇതരദേശവാസികളായ ക്രിസ്ത്യാനികളുടെമേൽ വ്യക്തിഗതമായി ഒരു ആധിപത്യം പ്രസ്തുത ഭൂപതിക്കുണ്ടായിരുന്നതായി പണ്ടേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ക്രിസ്ത്യാനിരാജാവിനു ആഭ്യന്തരസംബന്ധമായ അധികാരം ഉണ്ടായിരുന്നു എന്നു ലോഗൻ (Logan) ഒന്നര—ാം പുറത്തിൽ പറഞ്ഞിരിക്കുന്നതിന്റെ താല്പര്യവും ഇതുതന്നെയാണു. രാജ്യവും രാജ്യവാസസ്ഥാനവും ഉദയമ്പേരൂർ ആയിരുന്നിട്ടും കൊല്ലത്തെ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ കീഴുള്ളവർ ആണെന്നു പറഞ്ഞ—ാമത്തെ യോഹന്നാൻ മാപ്പിളപ്പാ പ്രസ്താവിച്ചിട്ടുള്ളതു ഇതിലേക്കു കൂടുതലായ ഒരു ലക്ഷ്യമാണു. കൊല്ലത്തെ ക്രിസ്ത്യാനികളുടെമേൽ അദ്ദേഹത്തിനു ആഭ്യന്തരസംബന്ധമായ അധികാരമാത്രമാണു ഉണ്ടായിരുന്നത്. തദധികാരാംഗീകരണത്തെ സൂചിപ്പിക്കുന്നതിനായിട്ടാണു അവർ അദ്ദേഹത്തിനു നികുതി കൊടുത്തിരുന്നതു.

8. പൂർവ്വകാലങ്ങളിൽ പൊതുവായും മദ്ധ്യശതവത്സരങ്ങളിൽ പ്രത്യേകിച്ചും നസ്രാണികളുടെ തൊഴിൽ പ്രധാനമായി കച്ചവടം ആയിരുന്നു. വാണിജ്യവൃത്തിയിൽ ഏർപ്പെടാതിരുന്നവർ ആയുധാഭ്യാസത്തിലും കൃഷിയിലും ആണു ഉദ്യോഗസ്ഥന്മാർ ആയിരുന്നതു. അവർക്കു ആയുധാഭ്യാസംചെയ്യുന്നതിനായി 'കളരി'കളും

യുദ്ധപരിശീലനത്തിനായി 'പണിക്കർ'മാരും ഉണ്ടായിരുന്നു. ശസ്ത്രാസ്ത്രവിദ്യകളെ പഠിപ്പിക്കുന്നതിനായുള്ള സ്ഥലത്തിനു 'കളരി' എന്നും അവകളെ ശീലിപ്പിച്ചിരുന്ന ആശാനു 'പണിക്കർ' എന്നുമാണു ആ കാലങ്ങളിൽ പേർപറഞ്ഞുപോന്നത്. ഉടയമ്പേത്തുർ സൂനഹദോസിന്റെ നിയമാവലികളാൽ നസ്രാണിസമുദായം പോർട്ടുഗീസ് വൈദികാദ്ധ്യക്ഷത്തിനു കീഴ്പെടുത്തപ്പെട്ടതുമുതല്ലു ആയുധാഭ്യാസവും കച്ചവടവും അവരിൽ പ്രാധാന്യേന ക്ഷയിച്ചുതുടങ്ങി. അന്നുതൊട്ടു അവരുടെ സാമൂഹ്യയശസ്സിനും ക്ഷീണംതട്ടി. നസ്രാണികൾക്കു രാജാവുണ്ടായിരുന്ന കാലങ്ങളിലും, രണ്ടു ശതാബ്ദങ്ങൾവരെ അതിൽപിന്നേയും യോദ്ധാക്കളായി അനേകായിരം ആളുകൾ അവരിൽ ഉണ്ടായിരുന്നു. പോർട്ടുഗീസുകാർ കേരളത്തിൽ എത്തിയ കാലഘട്ടത്തിൽ ഉദ്ദേശം അമ്പതിനായിരം നസ്രാണി യുദ്ധവീരന്മാർ ഉണ്ടായിരുന്നു എന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. നസ്രാണികൾക്കു രാജ്യഭാരം ഉണ്ടായിരുന്നപ്പോൾ പല ദിക്കുകളിലായി അവർക്കുണ്ടായിരുന്ന യോദ്ധാക്കളുടെ സംഖ്യ അതിലും അധികമായിരുന്നു. അവരുടെ സജാതീയനായ രാജാവിന്റെ ആവശ്യംപ്രമാണിച്ചാണു ഇത്രവളരെ രണവീരന്മാർ അവരിൽ ഉണ്ടാവാൻ സംഗതിവന്നത്. കൂടാതെ മേൽ ൭ാം—അദ്ധ്യായം ൪—ാംലക്കത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതുപോലെ, അവരുടെ സംരക്ഷണയിൽ ഇരുന്നിരുന്ന ജാതിക്കാരിൽ നിന്നും അവർ സൈന്യശേഖരം ചെയ്തിരുന്നു. പല രാജാക്കന്മാരും ഇടപ്രഭുക്കന്മാരും കേരളത്തിൽ ആധിപത്യം വഹിച്ചിരുന്ന കാലത്തു പരസ്പരവിരോധങ്ങളും യുദ്ധങ്ങളും ഉൾപ്പുഴുക്കങ്ങളും ഉണ്ടായിരുന്നില്ല. സൂര്യാനിക്കരെയാവട്ടെ, അവരുടെ സേനാബലവും രണശൂരതയും നിമിത്തം, പരാജിതന്മാരാക്കുന്നതിനു ഭൂപാലന്മാരിൽ യാതൊരുത്തക്കും സാധിച്ചില്ലെന്നു മാത്രമല്ല സാമന്തരാജാക്കന്മാർ എല്ലാം അവരുടെ മഹീപാലനെക്കരി

ച്ചു വളരെ ഭയത്തോടുകൂടി വർത്തിക്കയുംചെയ്തിരുന്നു. (9). കൊ
ച്ചീരാജാവു പെരുമാക്കന്മാരുടെ ക്രമാഗതാവകാശി ആയിരുന്ന
തിനാൽ, സുറിയാനിക്കാർ അദ്ദേഹത്തെ സർവ്വപ്രധാനനായിക
രുതുകയും അദ്ദേഹത്തോടു ചേർന്നുനില്ക്കുകയും ചെയ്തിരുന്നു. നു
സ്രാണികളുടെ സഹായത്തോടുകൂടി കൊച്ചി ഒരു വിസ്തൃതരാ
ജ്യമായും തിരുവിതാംകൂറിന്റെ വടക്കെഭാഗങ്ങൾ കൊച്ചിയുടെ
വകയായും തീർന്നു. അമ്പലപ്പുഴ, തിരുവല്ലാ ംരം രാജ്യങ്ങൾ തു
ടങ്ങി വടക്കോട്ടുള്ള ദേശങ്ങൾ ഒക്കയും ആ കാലങ്ങളിൽ കൊ
ച്ചിയുടെമേൽക്കോയ്മയെ സമ്മതിച്ചിരുന്നു. അനു ധനവാന്മാ
രും ബലവാന്മാരും കൊടുങ്ങല്ലൂരിലെ പ്രധാന കച്ചവടക്കാരും
സുറിയാനിക്കാർതന്നെ ആയിരുന്നു. (10).

ക്രീസ്തീയ രാജാക്കന്മാരുടെ ഭരണകാലങ്ങളിൽ ക്രൈസ്തവ
സമുദായാവകാശങ്ങളെ ഒക്കയും ആ രാജാക്കന്മാരാണു ആദരി
ച്ചുപോന്നത്. രാജ്യവംശം അന്യംനില്ക്കയും രാജ്യം പെരുമ്പട
പ്പിൽ (കൊച്ചിയിൽ) ഒതുങ്ങുകയും ചെയ്തപ്പോൾ പെരുമ്പ
ടപ്പു രാജാവു തന്റെ ശക്തിയിൽപെട്ടടത്തോളം അവരുടെ
സാമുദായികങ്ങളും രാജ്യകീയങ്ങളുമായ അവകാശങ്ങളെ ആദരി
ക്കയും അവരെ പരിപാലിക്കയും- ചെയ്തിരുന്നു. ംരം ആദരവും
പരിപാലനശീലവുംനിമിത്തമാണു അദ്ദേഹം അങ്കമാലി മെ
ത്രാപ്പോലീത്താ ആയ മാർ അബ്രാഹത്തിന്റെയും അദ്ദേഹ
ത്തിന്റെ കീഴുള്ള നസ്രാണികളുടെയും കാര്യത്തിൽ മദ്ധ്യസ്ഥം
വഹിച്ചുകൊണ്ടു പരിമൂന്നാം ഗ്രീഗോരിയോസ് മാപ്പ്പ്പായി
ക്ക് ക്രിസ്തു ജന്മവരി ൫൦൯- ഒരു എഴുത്തു അയച്ചത്. (11).
അബ്രാഹത്തിനു രണ്ടുപ്രാവശ്യം ഗോവയിൽ കാരാഗൃഹവാസ
വും, പോർട്ടുഗീസ് അധികാരികളിൽനിന്നു മറുപല ഉപദ്ര
വങ്ങളും അനുഭവിക്കേണ്ടതായിവന്നു എന്നും, മേലിൽ ആവിധ
കഷ്ടതകൾ അദ്ദേഹത്തിനു നേരിടാതിരിപ്പാൻ ദയചെയ്യ ചട്ടം
കെട്ടണം എന്നും ആയിരുന്നു രാജാവു ആ എഴുത്തുമൂലം മാ

പ്പോഴായേട്ട അപേക്ഷിച്ചിരുന്നത്. ന സ്രാണികൾക്കു സിവിൽസംബന്ധമായും ക്രിമിനൽസംബന്ധമായും ഉള്ള അധികാരങ്ങൾ ഉണ്ടായിരുന്നു എന്നു മുമ്പു (അ. 9. ല. 8) പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആവക അധികാരങ്ങളെ എല്ലാം ന സ്രാണി രാജവംശത്തിന്റെ നിവ്വാണാനന്തരം കൊച്ചീരാജാവ് ആദരിച്ചു പോന്നിരുന്നു എങ്കിലും കേരളത്തിലെ ചെറുചില രാജാക്കന്മാർ അവയെ അത്രതന്നെ ആദരിച്ചിരുന്നില്ല. മഹമ്മദീയാക്രമണങ്ങളിൽനിന്നു ക്രിസ്ത്യാനികളെ സംരക്ഷിച്ചുന്നതിനു ക്രിസ്തീയഭൂപാലൻ എന്ന നിലയിൽ സമസ്തകാര്യങ്ങളിലും അവരെ ആദരിക്കുന്നതിനും കൊച്ചീരാജാവിനു സാധിക്കാതെപോയതിനാൽ ആണ അദ്ദേഹത്തിന്റെ ആദരത്തെക്കുറിച്ചു പറകയിൽ 'ശക്തിൽ പെട്ടടത്തോളം' എന്നവിശേഷണപദങ്ങളെ കൂടി പ്രയോഗിച്ചിട്ടുള്ളത്. പോർട്ടുഗീസുകാരാവട്ടെ, അവർ ഭാരതഖണ്ഡത്തിൽ പ്രവേശിച്ചതിനുശേഷമുള്ള ആദ്യകാലങ്ങളിൽ ന സ്രാണികളുടെ സിവിൽ ക്രിമിനൽ സംബന്ധമായ രാജകീയാവകാശങ്ങളെ നിവ്വിഘ്നം പാലിക്കുന്നതിലും ഹൈന്ദവ മഹീപാലന്മാരെക്കൊണ്ടു അവയെ ആദരിപ്പിക്കുന്നതിലും ഉത്സുകന്മാർ ആയിരുന്നു. (12) എന്നാൽ അവരുടെ അധികാരം ഇൻഡ്യയിൽ ശക്തിപെട്ടശേഷം ന സ്രാണികളുടെ സംഗതിയിൽ കൊച്ചീരാജാവു പ്രദർശിപ്പിച്ചിരുന്ന ആദരവും അവരുടെ അവകാശ സംരക്ഷണത്തിനായി അദ്ദേഹം കാണിച്ചിരുന്ന ശ്രദ്ധയുംകൂടി ഇല്ലാതാക്കുവാൻ ആണ ഇടയായ്തു.

ക്രമം അദ്ധ്യായം.

ക്രി൪പ്ത—ൽ പോർട്ടുഗീസുകാർ ഭാരതഖണ്ഡത്തിൽ എത്തിയതുമുതൽ ക്രി൪ൺ—ൽ കൂടിയ ഉദയമ്പേരൂർ സൂനഹദോസുവരെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നടന്ന സംഭവങ്ങൾ.

ക്രി. ക്രിസ്തുബ്ദം ക്രി൪ം വരെ ഭാരതീയസഭാനേതാക്കന്മാർ ആയിരുന്നവർ ആരെല്ലാമെന്നു പണ്ടേതന്നെ (അ. വൃ. ക. ക്രമം) വിവരിച്ചുകഴിഞ്ഞു. ക്രി൪ം—ൽ ദക്ഷിണ കേരളത്തിൽ എത്തിയ മാർ യോഹന്നാൻ, മാർ തോമ്മാ എന്ന മെത്രാന്മാരെപ്പറ്റിയും, അനന്തരം ക്രിയാ൪—ൽ മലങ്കരയിൽ വന്നവരായ മാർ യബ്ഹ്രാഹാ, മാർ യാക്കോബ്, മാർ ദെനഹാ എന്നവരെസംബന്ധിച്ചും ആണു ഒരു അദ്ധ്യായം ആരംഭിക്കുന്നതു. കേരളീയന്മാരായ മൂന്നു ക്രിസ്ത്യാനികൾ മലങ്കരയിലേക്കു മെത്രാന്മാരെ കൊണ്ടുവരുന്നതിനായി, പൌരസ്ത്യ പാത്രിയക്കീസായ മാർ ശിമഓന്റെ അടുക്കലേക്കു ക്രി൪ം—ൽ പോവുകയുണ്ടായി. അവരിൽ ഒരാൾ വഴിമദ്ധ്യേ ചരമംപ്രാപിച്ചു; ശേഷിച്ചവർ ആയ യൌസേപ്പും ഗീവറുഗീസും പാത്രിയക്കീസിന്റെ പക്കൽ എത്തി. പാത്രിയക്കീസാവട്ടെ, അവുഗീൽ (യൂജീനിയസ്) പുണ്യവാന്റെ ആശ്രമത്തിലെ രണ്ടു സന്ന്യാസികളെത്തെരിഞ്ഞെടുത്തു തോമ്മാ എന്നും യോഹന്നാൻ എന്നും ഉള്ളഅഭിധാനങ്ങളിൽ അവരെ മെത്രാഭിഷേകം ചെയ്യുകയും അധികാരസൂചകമായസ്ഥാനചിഹ്നങ്ങൾ കൊൺ മുതലായ പിടിമാനങ്ങളോടുകൂടി ഇൻഡ്യയിലേക്കു അവരെ അയക്കുകയും ചെയ്തു. യൌസേപ്പും ഗീവർഗീസും വൈദിക വിഷയങ്ങളിൽ ധാരാളം വുല്പത്തിയുള്ളവർ ആയിരുന്നതിനാൽ പാത്രിയക്കീസ് അവർക്കു ഉദ്യോഗപ്പട്ടം നൽകുകയും ഉണ്ടായി. അവർ ഭാരതഭൂമിയിൽ എത്തിയശേ

വത്സരത്തിൽ പുതദ്ദേശിയർ ആയ ക്രിസ്ത്യാനികൾ സുവിശേഷ ഗ്രന്ഥം, സ്ലീഖാ, ധൂമ കലശം, മെഴുകുതിരി മുതലായ ഉപകരണങ്ങളോടുകൂടി അത്യാഹ്ലാദ സമേതം അവരെ സ്വീകരിച്ചു. വളരെ സംവത്സരങ്ങളായി കേരളത്തിൽ മെത്രാന്മാർ ഇല്ലായിരുന്നതുകൊണ്ടു അവർ അനേകം ദേവാലയങ്ങളെ പ്രതിഷ്ഠിക്കയും അനവധി ആളുകളെ ആചാര്യ പദത്തിലേക്കു ഉത്ഥാപനം ചെയ്കയുംചെയ്തു. മാർ യോഹന്നാൻ കേരളത്തിൽതന്നെ താമസിച്ചു; മാർതോമ്മായാവട്ടെ, പ്രസ്തുതയൌസേപ്പിനോടൊരുമിച്ചു അനവധി ഉപഹാരങ്ങളോടുകൂടി പാത്രിയക്കീസിന്റെ അടുക്കലേക്കു തിരിച്ചുപോയി. ഇൻഡ്യയിൽനിന്നു അവർ കൊണ്ടുപോയ കൌതുകവസ്തുക്കളുടെകൂട്ടത്തിൽ ഒരു അടിമ അഥവാ ദാസൻകൂടിയും ഉൾപ്പെട്ടിരുന്നു എന്നതു പ്രസ്താവ യോഗ്യമാണു. യൌസേപ്പു ഫ്രാൻസു—ൽ ഇൻഡ്യയിലേക്കു മടങ്ങി എങ്കിലും മാർ തോമ്മാ ഏതാനും സംവത്സരങ്ങളോളം മെസപ്പോട്ടെമിയായിൽ പാത്രിയക്കീസിന്റെ അടുക്കൽതന്നെ താമസിച്ചു. ഫ്രാൻസു—ൽ പാത്രിയക്കീസ് മരണം പ്രാപിച്ചപ്പോൾ തൽസ്ഥാനത്തിൽ മാർ ഏലിയ നിയമിക്കപ്പെട്ടു. അദ്ദേഹം മേൽപറയപ്പെട്ട അയുഗിൻപുണ്യവാന്റെ ആശ്രമത്തിൽനിന്നു മൂന്നു സന്ന്യാസവര്യന്മാരെ തെരഞ്ഞെടുത്തു അവരിൽ ഒരാളെ യബ്ഹാലാഹാ എന്ന സംജ്ഞയിൽ മെത്രാപ്പോലീത്താ ആയും ശേഷം രണ്ടുപേരേയും യാക്കോബ്, ദെനഹാ എന്നനാമധേയങ്ങളിൽ മെത്രാന്മാരായും അഭിഷേകംചെയ്തു. ദെനഹായ്ക്കു ശ്രുത അഥവാ ഇടവക നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ല; അവരിൽ ഒരാളെ ചിനത്തേക്കും മറ്റൊരാളെ സൊക്കോറ് രാജ്യപീഠത്തിലേക്കും മൂന്നാമനേയും മെത്രാഭിഷിക്തനായി പണ്ടെതന്നെ പാത്രിയക്കീസിന്റെ ഒന്നിച്ചു താമസിച്ചിരുന്ന മാർതോമ്മായേയും ഭാരതഖണ്ഡത്തിലേക്കും നിശ്ചയിച്ചു ഫ്രാൻസു—ൽ അവരെ യാത്ര അയച്ചു. അവർ എല്ലാവരും ഒരുമിച്ചു ദക്ഷിണഭാരതത്തിൽ

എത്തി മാർ യോഹന്നാനെ സന്ദർശിച്ച അവസരത്തിൽ അവ
ക്കുള്ളവായ സന്തോഷം സീമാതീതമായിരുന്നു എന്നെപറയേണ്ട
തുള്ളൂ. അവർ ഫ്രാൻ—ൽ പാത്രിയക്കീസിനു കൊടുത്ത ഒരു ലേ
ഖനത്തിൽ നാലുസംഗതികളെപ്പറ്റിയാണു പ്രധാനമായി പ
റയപ്പെട്ടിരുന്നത്. എമ്മാനുവേൽ രാജാവിന്റെ പ്രജകളും, അ
വരുടെ (ലേഖനകർത്താക്കളുടേയും പാത്രിയക്കീസിന്റേയും) ഭ്രാ
തൃ ക്രിസ്ത്യാനികളും ആയ പോർട്ടുഗീസുകാർ കപ്പൽസന്നാഹ
ങ്ങളോടുകൂടി മലബാർ തീരപ്രദേശങ്ങളിൽ വന്നിറങ്ങുകയും അ
വരുടെ ആഗമനാനന്തരം അധിക കാലം കഴിയുന്നതിനുമുമ്പായി കോഴിക്കോട്ടു രാജാവിനെ യുദ്ധത്തിൽ പരാജിതനാക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണു അവയിൽ ഒന്നാമത്തെസംഗതി. രണ്ടാമത്തെകാര്യം സമാധാനത്തോടുകൂടി വർത്തിക്കുന്നവരും മുപ്പതിനായിരം കുടുംബങ്ങളിൽ (ഇതിലും അധികം കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നാണു തദാതീനമായ വേറൊരു രേഖയിൽനിന്നു പ്രത്യക്ഷപ്പെട്ടുന്നത്) ഉൾപ്പെട്ടവരും ആയകേരളീയ ക്രിസ്ത്യാനികളുടെ പ്രധാനസ്ഥാനങ്ങൾ ആയിരുന്നതു പാലൂർ, കൊടുങ്ങല്ലൂർ, കൊല്ലം എന്നപട്ടണങ്ങളാണെന്നും ദേവാലയങ്ങൾഅഭിവന്ദ്യന്മാരായി സ്ഥാപിക്കപ്പെട്ടവരുന്നു എന്നുംഅതു. മലയാളത്തുനിന്നു രണ്ടുദിവസത്തെ വഴി അകലെ സമുദ്രതീരത്തിൽ സ്ഥിതിചെയ്യുന്ന മൈലാപ്പൂർ എന്നസ്ഥലത്തു വി. തോമ്മാശ്ലീഹായുടെ ആശ്രമവും ദേവാലയവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നും ക്രിസ്ത്യാനികൾ അവിടെ എത്തി താമസം ഉറപ്പിച്ചുതുടങ്ങിയിരിക്കുന്നു എന്നും ആണു എഴുത്തിലെ സംഗതികളുടെ മൂന്നാമത്തെ വിഭാഗം. പോർട്ടുഗീസുകാരിൽനിന്നു അവർക്കു സിദ്ധിച്ച ആതിഥ്യത്തെയാണു എഴുത്തിലെ അവസാനകാര്യം സൂചിപ്പിക്കുന്നത്. പോർട്ടുഗാൽ ദേശിയന്മാരായ ഇരുപതുആളുകൾ കണ്ണൂരിൽ നിവസിക്കുന്നു എന്നും അവർ ലേഖനകർത്താക്കന്മാർക്കു ഏതാനും പൊൻ നാണയങ്ങളും വസ്ത്രങ്ങളും ദാനം

ചെയ്കയുണ്ടായി എന്നും, ആ പാശ്ചാത്യന്മാരോടുകൂടി അവർ രണ്ടുമാസങ്ങളോളം താമസിച്ചു എന്നും, അവരുടെ വൈദികന്മാർ അനുദിനം ദിവ്യപൂജാർപ്പണം ചെയ്യുന്നു എന്നും, അവരുടെ കുമ്പാനയുടെശേഷവും അവരുടെ അപേക്ഷയെ അനുസരിച്ചും ലേഖനകർത്താക്കന്മാർ അതെബലിപീഠത്തിൽതന്നെ കുമ്പാന ചൊല്ലുകയും അവർ അത്യുത്സാഹപൂർണ്ണമാനസന്മാർ ആയിത്തീരുകയുംചെയ്തു എന്നും മറ്റും ആണ് ഒരു വിഷയം സംബന്ധിച്ചു ആ ലേഖനത്തിൽ പ്രതിപാദിക്കപ്പെട്ടുന്നതു.

പ്രസ്തുതലേഖനവും തൽസംബന്ധം ആയ ഒരു വിവരണവും ഫ്രിസ്നോ—ൽ ചെയ്യപ്പെട്ട അതിന്റെ ഒരു ലത്തിൻ ഭാഷാന്തരവും വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇന്നും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. മെത്രാന്മാരെക്കൊണ്ടുവരേണ്ട ആവശ്യത്തിലേക്കായി ഭാരതീയന്മാരായ മൂന്നു ആളുകൾ ഫ്രഞ്ച്—ൽ ശെമശാൻ പാത്രിയർക്കീസിന്റെ അടുക്കലേക്കു പോയ കാര്യവും മറ്റും പറയപ്പെട്ടിരിക്കുന്നതു ഒരു വിവരണത്തിൽ ആണ്. അസ്സെമാൻ തുടങ്ങിയുള്ള അനവധി ഗ്രന്ഥകർത്താക്കന്മാർ അതിന്റെ പ്രതിസ്വന്തകൃതികളിൽ ചേർത്തിട്ടുണ്ട്, എന്നുമാത്രമല്ല, മാന്നാനം ആദിയായ ആശ്രമങ്ങളിലെ പുസ്തകശേഖരത്തിലും മലയാളത്തിൽ വേറെയും ചില സ്ഥലങ്ങളിലും സൂക്ഷിക്കപ്പെട്ടുന്ന പ്രാചീന സുറിയാനി കയ്യെഴുത്തുകളുടെ കൂട്ടത്തിൽ അവ ഏതൽക്കാലപര്യന്തം സംഗ്രഹിക്കപ്പെട്ടുകയുംചെയ്യുന്നു.

ഭാരതീയൻ ആയ പ്രസ്തുത യൌസേപ്പു, സേനാധിപൻ ആയ കബ്രാൽ ഒരുമിച്ചു ഫ്രിഞ്ചു—ൽ പോർട്ടുഗാലിലേക്കു പോകയും അവിടെനിന്നു റോമായിൽ എത്തി തന്റെ അലക്സാണ്ടർ മാർപ്പാപ്പായെ കണ്ടശേഷം ഓർത്തൊഡോക്സായ വിശുദ്ധസ്ഥലങ്ങളെ സന്ദർശിച്ചിട്ടു ഒടുവിൽ പോർട്ടുഗാൽവഴിക്കു ഇൻഡ്യയിലേക്കു മടങ്ങുകയും ഉണ്ടായി. ഒരു വൈദികോത്തമൻ യൂറോപ്പിൽ താമസിക്കുന്നകാലത്തു കേരളീയ ക്രിസ്ത്യാനികളെപ്പ

തറി പെയ്തിട്ടുള്ള മുരുടിയ ഒരു പ്രസ്താവന 'ഭാരതീയനായ യൗസേപ്പിന്റെ സഞ്ചാരം' എന്ന അഭിധാനത്തോടുകൂടി പുസ്തകരൂപേണ അവിടെ പ്രസിദ്ധീകരിക്കപ്പെട്ടു. അതിലെ സംഗതികൾ അദ്ദേഹത്തിന്റെ വാക്കുകളെ കേട്ടവർ ആയ അന്യജനങ്ങൾ എഴുതിയതല്ലാതെ അദ്ദേഹത്തിന്റെ സ്വന്തം അല്ലാത്തതിനാൽ അവ എല്ലാം വാസ്തവമായിത്തന്നെയോ എന്നും ഗ്രന്ഥകർത്താക്കന്മാരുടെ ഇടയിൽ തർക്കം ഉണ്ടാവിക്കുന്നതിനു ഇടയായിരിക്കുന്നു.

൨. 'പോർട്ടുഗീസുകാർ' എന്ന വിവക്ഷയിൽ മലയാളത്തിൽ സാധാരണയായി പറയപ്പെടാറുള്ള പേർ 'പറങ്കികൾ' എന്നാണു്. 'പറങ്കി' ﻓﺮﻧﮓ 'ഫ്രൻകായ' എന്ന സുറിയാനി ശബ്ദത്തിന്റെ തൽഭവരൂപമത്രേ. പാശ്ചാത്യന്മാർ കുരിശുയുദ്ധത്തിനായി പൂർവ്വദിക്കുകളിൽ എത്തിയ കാലങ്ങളിൽ തദ്ദേശിയന്മാരായ സുറിയാനിക്കാർ അവരെ 'ഫ്രൻകായെ' എന്നാണു വിളിച്ചുവന്നതു. ഇൻഡ്യയിൽ ആദ്യം എത്തി സ്ഥിതിവാസം ഉറപ്പിച്ച പാശ്ചാത്യന്മാർ പോർട്ടുഗീസുകാർ ആയിരുന്നതിനാൽ സുറിയാനിക്കാർ അവരെ 'ഫ്രൻകായെ' എന്ന നാമകരണംചെയ്യുകയും ആ ശബ്ദം ദ്രുഷിച്ച ഒടുവിൽ 'പറങ്കി' ഭാഷിതീരുകയുംചെയ്തനിമിത്തം ആധുനികകാലങ്ങളിൽപോലും പോർട്ടുഗീസുകാരെ ഉദ്ദേശിച്ച 'പറങ്കി' ശബ്ദം പ്രായേണ ഉപയോഗിക്കപ്പെട്ടുവരുന്നു. പോർട്ടുഗീസുകാർ അഥവാ പറങ്കികൾ ദക്ഷിണഭാഗത്തിൽ എത്തിയ അവസരത്തിൽ നസ്രാണികൾ വാസ്കോദിഗാമായുടെ അടുക്കൽ ആശയംപ്രാപിച്ച സ്വന്തരാജാവിന്റെ ചെങ്കോലിനേയും പൌരാണിക പെരുമാക്കന്മാരിൽനിന്നു അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന രാജകീയ ചിടിമാനങ്ങളേയും അയാളെ ഏല്പിക്കയും പോർട്ടുഗാൽ രാജാവു മേലാൽ അവരുടെ രാജാവും ആയിരിക്കണം എന്നു അപേക്ഷിക്കയും മറ്റും ചെയ്തസംഗതികൾ ഇതിനുമുമ്പു (ആ൯. ല. ഹി)

വിവരിച്ചിട്ടുള്ളതാണല്ലോ. അതിനെ അനുസരിച്ച ഗാമായും അദ്ദേഹത്തിന്റെ അനന്തരഗാമികളും ഉദ്ദേശം മുപ്പത്തഞ്ചുസംവത്സരങ്ങളോളം നസ്രാണികളെ സംരക്ഷിച്ചുവന്നിരുന്നു. അന്നു കൊടുങ്ങല്ലൂർ രാജാവു കോഴിക്കോട്ടെ താമൂതിരിയുടെ പാർശ്വത്തിൽ ആണു നിന്നിരുന്നത്. കൊച്ചീരാജാവാകട്ടെ പറങ്കികളോടു ചെന്നുനിന്നിരുന്നു എന്നുമാത്രമല്ല അവരുടെ ആപൂമിത്രമായും വർത്തിച്ചിരുന്നു. പറങ്കികൾ കൊച്ചീരാജാവിനെ സഹായിക്കേണ്ടതിനായി ക്രിസ്തുവർഷം 1504ൽ കൊടുങ്ങല്ലൂരിൽവച്ചു താമൂതിരിയോടു യുദ്ധംചെയ്തു. താമൂതിരിയുടെ നാവിക സൈന്യാധിപൻ മയ്മ്മാനി എന്ന ഒരു മഹമ്മദീയനും പറങ്കിസമുദ്രസേനാനിരയുടെ അധിപതി സചാരസ് എന്നയാളും ആയിരുന്നു. താമൂതിരി യുദ്ധത്തിൽ പരാജിതനായിഭവിച്ചു എങ്കിലും അദ്ദേഹത്തിന്റെ പട്ടാളത്തിൽ ഉൾപ്പെട്ടിരുന്ന നായന്മാർ ഭയങ്ങളിൽശരണംപ്രാപിച്ചുകൊണ്ടു എതിർത്തുനിന്നുവില്ലും അമ്പും പ്രയോഗിക്കുന്നിമിത്തം പറങ്കികൾ പട്ടണത്തിനു കൊള്ളിവെക്കയും തൻമൂലം പൌരന്മാർക്കു വലുതായ നാശങ്ങൾ സംഭവിക്കയുംചെയ്തു. നഗരവാസികളിൽ പ്രധാനഭാഗം നസ്രാണികൾ ആയിരുന്നു. അവർ പറങ്കികളുടെപക്കൽ ഓടിഎത്തി ഗാമ്മാ, കബ്രാൽ ആദിയായവർ അവരെ പരിരക്ഷിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്തിട്ടുള്ളതുകൊണ്ടു ദൈവശോമ്ശിഹായെപ്രതി അവരെ രക്ഷിക്കണം എന്നു അപേക്ഷിക്കയാൽ പറങ്കികൾ തീ കെടുത്തി, പട്ടണത്തിൽ അവർ അധിവസിച്ചുവന്ന ഭാഗത്തെയും അവരുടെ ദേവാലയങ്ങളേയും നാശത്തിൽനിന്നു രക്ഷിച്ചു.

കൊച്ചീരാജാവും നസ്രാണികളും പറങ്കികൾക്കു ആവശ്യമുള്ള കുരുമുളകു ശേഖരിച്ചുകൊടുത്തുവന്നു. ആ കാലഘട്ടത്തിൽ പോർട്ടുഗീസ് നാവിക സേനാധിപൻ ആയിരുന്നആൽഫോൻസൊ അൽബുക്കെർക്ക് ക്രിസ്താബ്ദം 1503ൽ കൊച്ചിയിൽനി

ന്നു തെക്കോട്ടുതിരിച്ചു, നീണ്ടകരകായലിൽ നങ്കൂരമുറപ്പിച്ചുകി
ടന്നിരുന്ന മഹമ്മദീയരുടെ കപ്പൽ സന്നാഹത്തോടു ഏറ്റിക്ക
യും അതിനെ നാമാവശിഷ്ടമാക്കി തീർക്കയുംചെയ്തു. അനന്തരം
അദ്ദേഹം കൊല്ലത്തുചെന്നിറങ്ങി. അന്നു ഉദ്ദേശം ഇരുപത്തയ്യാ
യിരം നസ്രാണികൾ ആ നഗരത്തെ അധിവസിച്ചിരുന്നതാ
യി അദ്ദേഹം കാണുകയുണ്ടായി. അൽബുക്കെർക്കു കൊല്ലത്തെ
രാജാവിനോടു ചെയ്ത ഉടമ്പടിമൂലം നസ്രാണികൾക്കു വളരെ
ആനുകൂല്യംസിദ്ധിച്ചു. നസ്രാണികൾ പൌരാണികകാലം തുട
ങ്ങി അനുഭവിച്ചുപോന്നിരുന്ന രാജകീയാവകാശങ്ങൾ പതിന
ഞ്ചാംശതാബ്ദമദ്ധ്യത്തിൽ സ്വന്ത രാജവംശം അന്യംനിന്നതുമു
തൽ കൊല്ലത്തെ രാജാവിന്റെ അധികാരാർത്തികൾക്കുള്ളി
ൽ നടപ്പിൽനിന്നു വിരമിച്ചുപോയിരുന്നു. അൽബുക്കെർക്കുകൊ
ല്ലത്തുരാജാവിനോടു ചെയ്ത ഉടമ്പടിയിൽ ആവക അവകാശ
ങ്ങൾ വീണ്ടും നടപ്പിൽ വരുത്തേണ്ടതായി പ്രസ്താവിക്കുകയുണ്ടാ
യി. രാജകീയാവകാശങ്ങൾ എന്നു ഇവിടെ പറഞ്ഞത് സിവി
ൽസംബന്ധമായും ക്രിമിനൽ സംബന്ധമായും അവക്കുണ്ടായി
രുന്ന അധികാരം, അവരിൽതന്നെ, എന്നുവച്ചാൽ അവരുടെ
മതാദ്ധ്യക്ഷന്മാരിൽ സ്ഥിതിചെയ്യണം എന്നും പട്ടണാത്തിൽ ഉ
ള്ള അളവുകളുടേയും തൂക്കങ്ങളുടേയും മേൽ അധികാരം അവരി
ൽ ഇരിക്കണം എന്നും മറ്റുമെന്നു വായനക്കാർ ഓർമ്മിക്കുന്നു
ണ്ടായിരിക്കുമല്ലൊ. നസ്രാണികൾക്കു, അനുഗ്രഹമാതാവിന്റെ
അഭിധാനത്തിലും തോമ്മാശ്ലീഹായുടെ നാമത്തിലും സ്ഥാപി
തങ്ങൾ ആയരണ്ടു ദേവാലയങ്ങളാണു കൊല്ലത്തുണ്ടായിരുന്ന
ത്. ആ ഇരു ദേവാലയങ്ങളിൽ മുമ്പുത്തേതിന്റെ രണ്ടു പാപ്പ
ൽകളിൽ ആ പള്ളിയെ ആശ്രയിക്കുമായവിധത്തിൽ പണി
യിച്ചവരായ രണ്ടു പുണ്യവാന്മാർ (ശാബോർ, പ്രോതു എ
ന്ന മെത്രാന്മാർ) സംസ്കരിക്കപ്പെട്ടിരിക്കുന്നു എന്നും അൽബു
ക്കെർക്കിനോടു നസ്രാണികൾ പറകയുണ്ടായി. ആ പള്ളിയിൽ

ഉണ്ടായിരുന്ന മൂന്നു ത്രാണോസുകളിൽ നടുവിലത്തതിൽ ഒരു പൊൻകുരിശും ഇരുവശങ്ങളിൽ ഉള്ളവയിൽ ഓരോ വെള്ളിക്കുരിശും ഇരുന്നിരുന്നു. നസ്രാണികൾ പൊൻകുരിശിനെ പോർട്ടുഗലിലെ മന്നവേൽ (എമ്മാനുവേൽ) രാജാവിനായിക്കൊണ്ടു ദാനംചെയ്ത എങ്കിലും അൽബുക്കെർക്കു അതിനുപകരം വെള്ളിക്കുരിശിനെമാത്രം സ്വീകരിക്കയും, അവരുടെ ദേവാലയത്തിനായി വിലയേറിയ അനവധി സാമാനങ്ങളെ രാജാവു അയച്ചുകൊടുക്കുന്നതാണു എന്നു ഉറപ്പു പറകയുംചെയ്തു. അൽബുക്കെർക്കിന്റെ ഔദാര്യകരങ്ങളെ കേട്ടസമയം ക്രിസ്ത്യാനികൾക്കു ഉളവായ സന്തോഷം സീമാതീതമായിരുന്നു. അവർ വി. യാക്കോശ്ലീഹായുടെ ഒരു പടവും ഒരു മണിയും കിട്ടണം എന്നു അഭ്യർത്ഥിപ്പെട്ടകയും അൽബുക്കെർക്കു അവയെ തൽക്ഷണം അവർക്കു നൽകുകയുംചെയ്തു. കൊല്ലത്തെ ക്രിസ്ത്യാനികൾക്കു അദ്ധ്യാത്മവിഷയങ്ങളിൽ സഹായംചെയ്യേണ്ടതിനായി ഒരു ഡൊമിനിക്കൻ സന്ന്യാസിയായ റോഡ്റിഗെസ് പാദ്രിയെ അവിടെ അയക്കയുംകൊണ്ടു അൽബുക്കെർക്കു കൊച്ചിയിലേക്കു മടങ്ങി. എന്നാൽ കൊല്ലത്തു രാജാവു പറങ്കികളോടു ചെയ്തിരുന്ന ഉടമ്പടി അനുസരിച്ചു അവർക്കു കുരുമുളകു കൊടുക്കാതിരുന്നതിനാൽ അവർതമ്മിൽ യുദ്ധം ഉണ്ടാകുന്നതിനു ഇടയായി. യുദ്ധസമയങ്ങളിൽ ക്രിസ്ത്യാനികൾ പറങ്കി കോട്ടയിൽ അഭയംപ്രാപിച്ചു. രാജാവു ബാലൻ ആയിരുന്നതുകൊണ്ടു അഴകിപണ്ടാരി എന്ന ഒരു റാണി ആയിരുന്നു രാജ്യഭാരം നിർവ്വഹിച്ചുവന്നത്. റാണി, പ്രബലയായ ഒരു നസ്രാണിസ്ത്രീയെ പറങ്കിക്കോട്ടയിൽ അയച്ചു റോഡ്റിഗെസ് പാദ്രിമൂലം സഖ്യത്തിനു അപേക്ഷിക്കയാൽ യുദ്ധം അവസാനിച്ചു തമ്മിൽ സമാധാനം ഉണ്ടാകയും ആ അവസരത്തിൽ മുൻ ഉടമ്പടിയെ പുതുതാക്കുകയുംചെയ്തു. ഇതു ക്രിസ്താബ്ദം ൧൫൦൫ന്നു സെപ്തെമ്പർമാസം ൨൩-ാംനു- ആണു സഭവിച്ചത്. കൊല്ലത്തുണ്ടായിരുന്ന വി. തോമ്മാശ്ലീഹായു

ടെ ദേവാലയത്തെ ഇതിനിടയ്ക്ക മഹമ്മദീയർ നശിപ്പിച്ചുകള
ഞ്ഞതിനാൽ അതിനെ പൂർവ്വസ്ഥാനത്തും പൂർവ്വസ്ഥിതിയിലും ഭം
ഗിയായി പുനഃസ്ഥാപിക്കയും നസ്രാണികളെ മുൻകാലങ്ങളിലെ
പ്പോലെ സംരക്ഷിക്കയുംചെയ്യുകൊള്ളാം എന്നും റാണി ഉടമ്പ
ടിമൂലം സമ്മതിക്കേണ്ടിവന്നു. (1).

൩. കൊല്ലത്തുണ്ടായിരുന്ന അനുഗ്രഹമാതാവിന്റെ പള്ളി
യെപ്പറ്റി ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആപള്ളിയിലെ
ഒരു ചാപ്പലിൽ സ്ഥാപിക്കപ്പെട്ടിരുന്ന പ. കന്യകമറിയത്തി
ന്റെ സചിത്രരൂപത്തിനു അവിടെ ചെന്നിരുന്ന പോർട്ടുഗീസുകാ
ർ വണക്കങ്ങൾചെയ്തതായി ലക്ഷ്യങ്ങൾ ഉണ്ട്. (2) റോഡ്റി
ഗേവസ് കൊല്ലത്തു താമസിക്കയിൽ മുപ്പതും നാല്പതും വയസ്സു
ള്ള ചില നസ്രാണികൾ അദ്ദേഹത്തിന്റെ അടുക്കൽചെന്നു
ദീക്ഷകാലത്തേക്കു ആ സ്ഥലത്തു വൈദികന്മാർ ഇല്ലാതിരുന്ന
തിനാൽ അവർ ജ്ഞാനസ്നാനത്താൽ പുനർജ്ജാതന്മാരായി തീ
ർന്നിട്ടുണ്ടൊ ഇല്ലയൊ എന്നു നിശ്ചയം ഇല്ലെന്നു അറിയിക്കയും
അതിനാൽ അവർക്കു മാമ്മോദീസാ നൽകണം എന്നും അപേ
ക്ഷിക്കയുംചെയ്തു. (3) മേൽപറയപ്പെട്ട തോമ്മാശ്ലീഹായുടെ ദേ
വാലയത്തെ റാണി പുതുതായും ഭംഗിയായും പണിയിച്ചു എങ്
കിലും പറങ്കികൾ അതിനെ ആവശ്യപ്പെട്ടകനിമിത്തം അതി
ന്റെ സമീപത്തിൽതന്നെ നസ്രാണികൾ വേറൊരു പള്ളി
സ്ഥാപിക്കുവാൻ സംഗതിയായി.

പറങ്കികൾ ൩൫ സംവത്സരങ്ങളോളം നസ്രാണികളെ സം
രക്ഷിച്ചുവന്നിരുന്നു എന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സൂറി
യാനിക്കാരിൽനിന്നു അവർക്കു വിവാഹം നടത്തണം എന്നു
ഒരിന്ത്യാമാണ്ടിടക്കു പറങ്കികൾ ഒരു ആലോചനനടത്തി. പ
ല കാരണങ്ങൾനിമിത്തം മാർ തോമ്മാനസ്രാണികൾ അതി
നു വഴിപ്പെട്ടില്ല. മാത്രമല്ല അവരിൽ പലരും പറങ്കികളുടെ ഉ
പദ്രവത്തെ ഭയന്ന് കൊച്ചിയിൽനിന്നു കുടിപുറപ്പെട്ടുകയും കി

ഴക്കൻദിക്കുകളിൽ ചെന്നു വാസം ഉറപ്പിക്കയും ചെയ്തു. ഒരു ക്ഷ
ട്ടംമുതല്ക്കാണു സുറിയാനിക്കാരുടെനേക്കുപറങ്കികൾ വിരോധംഭാ
വിച്ചുതുടങ്ങിയതു. കൊല്ലത്തെ ദേവാലയം മഹമ്മദീയരാൽ വി
ധ്വംസനം ചെയ്യപ്പെട്ട സംഗതി ഇതിനുമുമ്പു നാം കണ്ടുവ
ല്ലൊ. വി. തോമ്മാശ്ലീഹായിക്കു പ്രതിഷ്ഠിക്കപ്പെട്ടതായി കൊട്ട
ക്കല്ലൂരിൽ ഉണ്ടായിരുന്ന ദേവാലയവും ഏകദേശം ഒരു കാലഘട്ട
ത്തിൽതന്നെ മാഹമ്മദുമതാവലംബികളാൽ നാമാവശിഷ്ടമാ
ക്കപ്പെട്ടു. ബലവാന്മാരായ പോർട്ടുഗീസുകാർ നസ്രാണികളുടെ
നേക്കു തദവസരത്തിൽ യാതൊരു അനുകമ്പയും പ്രദർശിപ്പി
ക്കയുണ്ടായില്ല.

൪. പതിനാലാം ശതാബ്ദമദ്ധ്യംതുടങ്ങി പതിനാറാം ശതാ
ബ്ദമദ്ധ്യത്തിൽ സൂലാക്കാ പാത്രിയക്കീയ സിംഹാസനത്തിൽ
ഉപവിഷ്ടനായിരുന്ന കാലാവധിയുള്ള കൽദായ പാത്രിയക്കീ
സ്മാർ അവരുടെ വിശ്വാസപ്രകടപത്രത്തെ റോമായിലേ
ക്കു അയച്ചിട്ടുള്ളതായി രേഖകളാൽ പ്രത്യക്ഷപ്പെട്ടുന്നില്ല. എ
കിലും അവരുടെ പുരോഗാമികൾ അയ മക്കീകാ, സബ്രീ
ശോ, യബ്ബ് അലാഹാ ആദിയായ പാത്രിയക്കീസന്മാരുടെ വി
ശ്വാസത്തിൽതന്നെ അവർസ്വാഭ്യസമേതം നിലനിന്നിരുന്ന
തിനാൽ അവരും അവരുടെ അധികാരത്തിൽ ഉൾപ്പെട്ടിരുന്ന
ജനങ്ങളും കത്തോലിക്കവിശ്വാസ പദ്ധതിയിൽനിന്നു വ്യതിച
ലനംചെയ്യാതെ വർത്തിച്ചിരുന്നു എന്നു ഇതിനുമുമ്പു (അ. വ്യ.
ഖ. ക്ഷ) വിവരിച്ചിട്ടുള്ളതാണു. ഇതിനെ സിദ്ധാന്തിക്കുന്നതി
ലേക്കു ആദരാർഹങ്ങളായ ചില തെളിവുകളും അവിടെ ഞങ്ങ
ൾ ചേർത്തിട്ടുണ്ടു. ഇതേസംബന്ധിച്ചുള്ള കൂടുതൽരേഖകളെ കാ
ണുന്നതാഴെ ചേർക്കുവാൻ ഉദ്ദേശിക്കുന്നതു. പ്രസ്തുതകാലങ്ങളിൽ
കൽദായക്കാർ നെസ്തോറിയൻകാർ എന്നു പേർപറഞ്ഞു വ
ന്നിരുന്നു എങ്കിലും ആ സംജ്ഞ കൽദായ ജാതിയേയും ഭാഷ
യേയുംമാത്രം അല്ലാതെ നെസ്തോറിയൻ മതവിശ്വാസത്തെ കൂ

ല്ല നിർദ്ദേശിച്ചിരുന്നതു എന്നു മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞു. (L. C). നെസ്തോറിയൻകാർ എന്ന അഭിധാനം ചെയ്യപ്പെട്ടിരുന്ന കൽദായക്കാർ, പതിന്നാലും പതിനഞ്ചും ശതവത്സരങ്ങളിൽ കത്തോലിക്കസഭയിൽതന്നെ നിന്നിരുന്ന എന്നും അവരുടെ പാത്രിയക്കീസിന്റെ സ്ഥാനാരോഹണത്തെപ്പറ്റി റോമ്മയിൽ അറിയിക്കാതിരുന്നതുമാത്രമല്ലാതെ മറ്റൊന്നിലും അനവരതയുദ്ധങ്ങളും മുഖാന്തിരം അവിടെക്കു പോകുവാൻ സാധിക്കാതെവന്നതിനാൽ ആണ എന്നും താനെതന്നെ പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടു. (4). ഒരു പ്രസ്താവം യഥാർത്ഥം ആണ എന്നു ആ കാലങ്ങളിലെ സംഭവങ്ങളും ധാരാളം ലക്ഷീകരിക്കുന്നു. അറബികളുടെ രാജ്യഭാരം തീർന്നുപോകയും ടാർട്ടർമാർ (Tartars) മുതലായതുക്കികൾ പൌരസ്ത്യ രാജ്യങ്ങളെ സ്വാധീനത്തിൽ വരുത്തുകയും ചെയ്തിരുന്ന പ്രസ്തുതകാലങ്ങളിൽ ക്രിസ്ത്യാനികൾക്കു വളരെ പീഡകൾ നേരിടുകയും നിരന്തര കലഹങ്ങൾ ഹേതുവായിട്ടു ഗതാഗതങ്ങൾക്കു വിഘ്നം സംഭവിക്കയും ഉണ്ടായി. പൂർവ്വകാലങ്ങളിൽ അലക്സാന്ത്ര്യാ, അന്ത്യോക്യാ മുതലായ പാത്രിയാക്കീയ സിംഹാസനങ്ങളിൽ നിയമാനുസാരം സ്ഥിതിചെയ്തിട്ടുള്ള മഹാശയന്മാർ റോമ്മായിലെ പ്രധാന മതാദ്ധ്യക്ഷനോടുള്ള ഐക്യത്തിൽ വർത്തിക്കയും അലേഹത്തിന്റെ മതവിശ്വാസത്തെതന്നെ അവലംബിക്കയും ഓരോ പ്രത്യേകാവസരങ്ങളിൽ അതിനെ വെളിയിൽ പ്രദർശിപ്പിക്കയും ചെയ്തിരുന്നു എങ്കിലും അവരിൽ ഓരോരുത്തനും സ്വന്ത വിശ്വാസനിലയെ പ്രദർശിപ്പിക്കുമാറു അതിനെ രേഖപ്പെടുത്തി റോമ്മായിലേക്കു അയക്കുക പതിവുണ്ടായിരുന്നില്ല. കൽദായ പാത്രയക്കീസ്മാരുടെവിഷയത്തിലും ഒരു സംഗതിതന്നെ എടുത്തു പറയപ്പെടാവുന്നതിനുംപുറമെ റോമ്മായാത്രക്കു ആ കാലത്തുണ്ടായിരുന്ന വിഘാതങ്ങൾ വിശിഷ്യപ്രസ്തുതമായും ഇരിക്കുന്നു. എങ്കിലും പ്രസ്തുതകാലങ്ങളിൽ കൽദായസഭാനേതൃത്വം വഹിച്ചിരുന്ന പാ

ത്രിയക്കീസ് മാക്കു റോമ്മായും ആയി സംബന്ധവും കെട്ടുപാടും ഉണ്ടായിരുന്നു എന്നതിനെ ഖണ്ഡിയിക്കുന്നതിലേക്കു ലക്ഷ്യങ്ങൾ ഇല്ലാതെയും ഇല്ല. വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന കൽദായ സുറിയാനി പൊരിഫിക്കൽ ഗ്രന്ഥങ്ങൾ അഞ്ചിൽഒന്നു ക്ലിമെൻ—ൽ മെസൊപ്പൊട്ടമിയായിൽ വച്ചു എഴുതപ്പെട്ടതാകുന്നു എന്നു അസ്സേമാൻ സിദ്ധാന്തിക്കുന്നു. അതിൽ ലത്തിൻ പൊൻരിഫിക്കലിൽനിന്നു ഏതാനുംഭാഗങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു. ക്ലിമെൻ—ൽ റോമ്മയിൽ പോകയും പാത്രിയക്കീയ പദത്തെ സ്വീകരിക്കയുംചെയ്ത സൂലാക്കായുടെ പൂർവ്വാധികാരിയായ ശെമഒൻ മമ്മായാൽ അണു അതു വിരചിതം ആയതു. യബ് അലാഹാതുടങ്ങിയുള്ള പാത്രിയക്കീസ് മാരുടെ വിശ്വാസത്തിൽതന്നെ അവരുടെ അനുരാഗാമികൾ സ്ഥിരമായി നിന്നിരുന്നതിനാൽ അണു കൽദായക്കാർ സത്യം കത്തോലിക്കർ ആണെന്നും അവരുടെ പാത്രിയക്കീസിന്റെ സ്ഥാനാരോഹണത്തെപ്പറ്റി റോമ്മയിൽ അറിയുകൊട്ടക്കേണ്ടതാണു എന്നും അനുസരിച്ചുപറയുന്നത്. ഒരു സംഗതിയെ വിശദീകരിക്കുന്നതിലേക്കു ഉപയുക്തങ്ങൾ ആയ സംഭവങ്ങൾ അസംഖ്യം ഉണ്ടെങ്കിലും അവയിൽ പ്രാധാന്യം ഏറിയ ചിലതുകളെമാത്രം താഴെ ചേർക്കുന്നു.

വി. ശൗയ്ശോർ ഭാരതഖണ്ഡത്തിലേക്കു പ്രയാണംചെയ്തശേഷം സൊക്കോറാ ദ്വീപത്തിൽ ഇറങ്ങി കുറെനാൾ താമസിക്കയും അതിനിടയ്ക്കു തദ്ദേശവാസികളായ കൽദായ ക്രിസ്ത്യാനികളുടെ അപേക്ഷ അനുസരിച്ചു അവരുടെ കുട്ടികളിൽ വളരെപേർക്കു മാമ്മോദീസാ നൽകുകയും അവിടെനിന്നു അദ്ദേഹം പുറപ്പെടുന്ന അവസരത്തിൽ മാതാപിതാക്കന്മാരുടെ അടുക്കൽ അവരെ ഭരം ഏല്പിക്കയുംചെയ്തതായി ആ വിശുദ്ധന്റെ ജീവചരിത്രത്തിൽ വിവരിക്കപ്പെട്ടുന്നു. (5). പുണ്യശ്ലോകനായ ശൗയ്ശോരുടെ പ്രസ്തുതപ്രവൃത്തികളിൽനിന്നു പ്രമാദാക്ഷമമായി

നമുക്കു സിദ്ധിക്കുന്ന അനുമാനം ആ ദ്വീപത്തിലെ ക്രിസ്ത്യാനക്കാർ ദക്ഷിണഭാരതനിവാസികളായ മാർത്തോമ്മാ നസ്രാണികളെപ്പോലെ കത്തോലിക്കാ മതാനുസൃതന്മാർ അഥവാ കൽദായക്കാർ ആയിരുന്നു എന്നും അതിനാൽ അതുപോലെ സഹോദരികളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ അയച്ചു ആസിദ്ധനോടു അവർ അപേക്ഷിക്കുകയും അദ്ദേഹം അവരുടെ ഹിതത്തെ അനുവർത്തിക്കുകയും ചെയ്തു എന്നും ആണു. ജ്ഞാനസ്നാതന്മാർ ആയ കുട്ടികളുടെ ജനയിതാക്കന്മാർ നെസ്തോറിയൻ പാഷണ്ഡർ ആയിരുന്നു എങ്കിൽ അവരുടെ സ്നേഹഭാജനങ്ങൾ ആയസനാനങ്ങളുടെ അദ്ധ്യാത്മ സ്നാനകർമ്മത്തെ നിവൃത്തിക്കുന്നതിനു ആ വിശുദ്ധനോടു അവർ ആവശ്യപ്പെടുകയാവട്ടെ അദ്ദേഹം വൈദിക വിഷയങ്ങളിൽ അവരോടു സംബന്ധപ്പെട്ടുകൊണ്ടു തദനുസാരമായി പ്രവർത്തിക്കുകയോ സ്നാതന്മാരെ അവരുടെ പക്കൽ തന്നെ ഏല്പിച്ചുകൊടുക്കുകയോ ആവട്ടെ ഉണ്ടാകുന്നതല്ലായിരുന്നു എന്നുള്ളതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാവാൻ തരമില്ല.

ഫ്രാൻ—ാൽ ഭാരതത്തിൽ എത്തിയ മാർ യാക്കോബ് തുടങ്ങിയുള്ള മെത്രാന്മാർ കണ്ണൂരിൽവെച്ചു പോർട്ടുഗീസ് വൈദികന്മാരുമായി ദിവ്യകാര്യങ്ങളിൽ സംബന്ധിക്കയും ഒരേ തൂവാനോസിൽതന്നെ പാവനാതമമായ കുബ്ബാനയെ സമർപ്പിക്കയും ചെയ്തസംഗതിബന്ധിച്ചു മേൽ ഫ്രാങ്കുകത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. പാശ്ചാത്യ വൈദികന്മാരും കൽദായ മെത്രാന്മാരും തമ്മിൽ വിശ്വാസത്തോടുകൂടിയിരുന്നവർ ആയിരുന്നു എന്നല്ലാതെ പിന്നെ എന്താണു നാം ഇതിൽനിന്നു അനുമാനിക്കേണ്ടിയിരിക്കുന്നതു? പ്രസ്തുതമെത്രാന്മാർ അവരുടെ പാത്രിയർക്കീസിനു അയച്ച ലേഖനത്തിൽ "പോർട്ടുഗീസുകാർ നമ്മുടെ സഹോദരക്രിസ്ത്യാനികൾ ആകുന്നു" എന്നു പറഞ്ഞിരിക്കുന്ന (ല.ഫ) തിൽ നിന്നു സിദ്ധിക്കുന്ന അനുമാനവും ഇതുതന്നെ. കൂടാതെ കൊല്ലത്തെ ചില ക്രിസ്ത്യാനികൾ റോഡ്രിഗ് നാമാവായ പോർട്ടു

ഗീസ് സന്ന്യാസവൈദികരുടെ അടുക്കൽചെന്നു അവരെ ഇപ്പോ
നസ്സാനപ്പെട്ടതുണ്ടാം എന്നുചെയ്ത അപേക്ഷയും വൈദിക കാ
ര്യങ്ങളിലെ പരസ്പര സംബന്ധത്തെതന്നെ ലക്ഷീകരിക്കുന്നു.
മേൽ പ്രസ്താവിച്ച നാലുസംഗതികളിൽനിന്നു വ്യക്തമാകുന്നതു
പോർട്ടുഗീസുകാരുടെ ആഗമനകാലത്തു ദക്ഷിണഭാരതത്തിലും
സൊക്കോററ് റാദ്വീപത്തിലും നിവസിച്ചിരുന്ന നസ്രാണികൾ
കത്തോലിക്ക വിശ്വാസികൾ ആയിരുന്നു എന്നും അവരുടെ മ
താദ്ധ്യക്ഷന്മാർ ആയ മെത്രാന്മാരുംപാത്രിയർക്കീസും അതേ മത
വിശ്വാസത്തെതന്നെ അവലംബിച്ചിരുന്നു എന്നും അത്രേ.

വിൻസെൻറു ലാഗോസ് (Lagos) എന്നപേരോടുകൂടിയ ഒരു
പ്രൻസിസ്കൻസന്ന്യാസി ക്രി.പി. 0 മുതൽ ക്രി.പി. 9 വരെ പതി
നഞ്ചു സംവത്സരത്തോളം സുറിയാനിപള്ളികളിൽ ചുറ്റിസഞ്ച
രിച്ചു പ്രസംഗങ്ങൾ നടത്തുകയും ദിവ്യകർമ്മങ്ങളെ അനുഷ്ഠി
ക്കയും ചെയ്തുണ്ടായി. അക്കാലപര്യന്തം സംസ്ഥാപിതങ്ങൾ ആ
യിരുന്ന സുറിയാനിപള്ളികളിൽ പലതിനും ഹിന്ദുക്ഷേത്രങ്ങളു
ടെ ആകൃതിയാണുണ്ടായിരുന്നതു. വിൻസൻറിൻെറ ഉപദേശ
ത്തെ അനുസരിച്ചും അദ്ദേഹത്തിൻെറ സൂത്രപാതയെ അനുവ
ർത്തിച്ചും പല പള്ളികളുംനവീകരിക്കപ്പെട്ടുകൂടി ഉണ്ടായിട്ടുണ്ടു.
അനന്തരം ക്രി.പി.—ൽ അദ്ദേഹം കൊടുങ്ങല്ലൂരിൽ ഒരു വേദാ
ദ്ധ്യാപനശിക്ഷണാലയത്തെ സ്ഥാപിച്ചു. കേരളത്തിൻെറ നാനാഭാ
ഗങ്ങളിലായി നിവസിച്ചിരുന്ന നസ്രാണികളുടെ ഇടയിൽപരം
കൂട്ടികൾ അതിൽ ചേർന്നു വൈദികവൃത്തിക്കു അവശ്യജ്ഞേയങ്ങ
ൾ ആയിരിക്കുന്ന സമസ്ത പഠനങ്ങളേയും സമ്പാദനംചെയ്തി
രുന്നു. നസ്രാണികൾ അവരുടെ പള്ളികളിൽ പ്രസംഗംചെയ്യു
ന്നതിനായി വിൻസെൻറു പാദ്രിക്കു അനുജ്ഞ നൽകിയതും അ
ദ്ദേഹം അവരുടെ ദേവാലയങ്ങളിൽ ദിവ്യപൂജാദികർമ്മങ്ങളെ അ
നുഷ്ഠിച്ചതും അദ്ദേഹത്തിൻെറ ഉപദേശങ്ങളെ അവർ സന്തോ
ഷപൂരസ്സരം സ്വീകരിച്ചതും ഉഭയകക്ഷികളും കത്തോലിക്ക മ

താനസ്തന്മാർ ആയിരുന്നതിനാൽ അല്ലെങ്കിൽ പിന്നെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

ഇ. മാർ തോമ്മാനസ്രാണികളുടെ കാതോലികത്വത്തെപ്പറ്റി വി. ശബയ്ശോർ അനിഷേധ്യങ്ങളായ പല ലക്ഷ്യങ്ങളെ നമുക്കു പ്രദാനംചെയ്യുന്നുണ്ട്. അദ്ദേഹം ഫിർസ്സിൽ ഭാരതഖണ്ഡത്തിൽ പ്രവേശിക്കയും ക്രിസ്തുമതേതരന്മാർ ആയിരുന്ന അനേകലക്ഷം ജനങ്ങളെ തദ്ദേശവൃത്തികൾ ആയി ശുപാന്തരീകരിക്കയും പ്രകൃതിയുടെ ശക്തിയെ അതിശയിക്കുന്ന നിരവധി അത്ഭുതങ്ങളെ സാധിക്കയുംചെയ്ത ഒരു മഹാസിദ്ധൻആണെന്നു വായനക്കാരിൽ ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യകതയില്ല. അദ്ദേഹം മാർതോമ്മാ നസ്രാണികളെ സംബന്ധിച്ചു രണ്ടു എഴുത്തുകൾ എഴുതീട്ടുണ്ട്. അവയിൽ ഒന്നിൽ പ്രസ്തുതക്രിസ്ത്യാനികളെപ്പറ്റിയും മറ്റതിൽ അവരുടെ അക്കാലത്തെ മതാദ്ധ്യക്ഷനെക്കുറിച്ചും വിവരിക്കപ്പെട്ടുന്നു. (6). ഒരംശോസഭാസ്ഥാപനകർത്താവും വി. ശൗയ്ശോയുടെ അദ്ധ്യാത്മഗുരുനാഥനുമായ ഇഗ്നേഷ്യസ് ലൊയോലാ എന്ന പുണ്യാത്മാവിനെ ഫിർസ്സിൻജനുവരിമാസം ഫർ—ാംനു— അയച്ചിട്ടുള്ളതാണു അവയിൽ ഒന്നിന്റെ ലഘുനം. ആ എഴുത്തിൽ പറയപ്പെട്ടുന്ന സംഗതികളിൽ പ്രധാനമായവ രണ്ടാണു. പ്രൻസിസ്സ്കൻ സന്ന്യാസപുരോഹിതനായ വിൻസെന്റു ഉത്തമമായ ഒരു വേദാന്തവിദ്യാലയത്തെ കൊടുങ്ങല്ലൂരിൽ ആരംഭിച്ചിരിക്കുന്നു എന്നും കുലീനവംശജന്മാരായ മാർതോമ്മാനസ്രാണികളുടെ നൂറിൽപരം കുട്ടികൾ അതിൽ അഭ്യസനം ചെയ്യുവരുന്നു എന്നും അവരെ വ്യാകരണശാസ്ത്രം പരിശീലിപ്പിക്കേണ്ടതിലേക്കും അവരോട്ടും, ഞായറാഴ്ചകളിലും തിരുനാളുകളിലും ജനങ്ങളോടു പ്രസംഗിക്കുന്നതിലേക്കും തയി ഒരംശോസഭാസന്ന്യാസ വൈദികന്മാരിൽ ഒരാളെ അയച്ചുകൊടുക്കണം എന്നു അദ്ദേഹം (വിൻസെന്റു) അപേക്ഷിക്കുന്നു എന്നും ആണു വിശ്വാസൻ ഒന്നാമതായിപ്രസ്താവി

ക്കുന്നതു. കൊട്ടങ്ങല്ലൂരിൽ പോർട്ടുഗീസുകാരെക്കൂടാതെ, വി. തോ
മ്മാശ്ലീഹായാൽ മതാനുസൃതന്മാർ ആക്കപ്പെട്ടവരും ആ സ്ഥല
ത്തിന്റെ നികടപ്രദേശങ്ങളിൽ ഉള്ള അറുപതു ഗ്രാമങ്ങളിലാ
യി നിവസിക്കുന്നവരും ആയ അസംഖ്യം ക്രിസ്ത്യാനികൾ ഉണ്ടു എ
ന്നാകുന്നു ലേഖനത്തിലെ അടുത്തവിഷയം. മൂന്നാമതെ സം
ഗതി പ്രസ്തുതപട്ടണത്തിൽ തോമ്മാശ്ലീഹായുടേയും യാക്കോബ്
ശ്ലീഹായുടെയും അദ്ധ്യാനങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന രണ്ടു പള്ളികൾ ഉണ്ടു എന്നും ആ ശ്ലീഹന്മാരുടെ തിരുനാളുകളിലും അനന്തരമുള്ള ഏഴുദിവസങ്ങളിലും പ്രാപിക്കപ്പെടാവുന്ന രണ്ടു ദണ്ഡവിമോചനങ്ങളെ ആ പള്ളികൾക്കായി മാപ്പാപ്പായോടു അപേക്ഷിച്ചു ലഭിക്കണം എന്നു വിൻസന്റു ആഗ്രഹിക്കുന്നു എന്നും പ്രസ്തുത പരിഹാരമോക്ഷം തോമ്മാശ്ലീഹായാൽ മനസ്സുതിരിക്കപ്പെട്ട മേൽ പറഞ്ഞ നസ്രാണികൾക്കു ഭക്തിസംവർദ്ധകം ആയിഭവിക്കും എന്നും അത്രെ. ഇതു എഴുതിയതിൽ പിന്നെ പതിന്നാലുദിവസങ്ങൾ കഴിഞ്ഞപ്പോൾ വി. ശബസ്ത്യാർ ഹംശാസഭയിലെ ഒസെമൻ റോഡറിഗേസസ് എന്ന വൈദികനു ഒരു ലേഖനം അയക്കുകയുണ്ടായി. അതിൽ പറയപ്പെട്ടിരുന്ന കാര്യങ്ങൾ മേൽ നാം പ്രസ്താവിച്ചതുതന്നെ ആകയാൽ അവയെ ഇവിടെ ആവർത്തിച്ചുപറയേണ്ട ആവശ്യം ഇല്ല.

വിശുദ്ധന്റെ രണ്ടാമതെ ലേഖനം പോർട്ടുഗാളിലെ കിരീടധാരിയായ യോഹന്നാൻ തൃതീയനും, നസ്രാണികളുടെ ആ കാലത്തെ മെത്രാനെസംബന്ധിച്ചു ക്രിസ്തു ജനുവരി രണ്ടാം നു കൊച്ചിയിൽനിന്നു അയച്ചിട്ടുള്ളതാണു. അതിനെ ഒന്നാം പദമായി തുടങ്ങുമാറു താഴെ ചേർക്കുന്നു. "..... ആബൂനാ (ഇതുഞങ്ങളുടെ പിതാവു എന്നർത്ഥത്തെ ജനിപ്പിക്കുന്ന ചൊല്ലു) ആബൂൻ" എന്ന കൽദായ സൂറിയാനി വാക്കാണു. വൈദികാദ്ധ്യക്ഷന്മാരെ "ആബൂൻ" എന്നാണു കീഴുള്ളവർ വിളിക്കുക. ആധുനികന്മാരായ നാം "മാർ," "കുബ്ബാന," "ക്ലുദാശാ" ഇത്യാദിക

ൽദായ സുറിയാനി ശബ്ദങ്ങളെ ഉപയോഗിച്ചുവരാറുള്ളതുപോ
ലെ "ആബൂൻ" എന്ന പദത്തെ അവ്വാചീനന്മാർ മലയാളഭാ
ക്കായി നിത്യം പ്രയോഗിച്ചുവന്നതിനാൽ ആണ അന്യത്തിലെ
"ആ"കാരം ഉത്ഭവിച്ചിട്ടുള്ളത്.) യാക്കോബ് എന്ന പേരോട്ട
കൂടിയ ഒരുഅമ്മേനിയൻ (ഒരുശബ്ദം ഒറാമായ എന്നകൽദാ
യ ശബ്ദത്തിൻെറ തത്ഭവരൂപം ആയിരിക്കുവാനെ ഇടയുള്ളൂ)
മെത്രാൻ ഇദ്ദിക്കിൽ ദൈവത്തേയും നിങ്ങളേയും ഇപ്പോൾ നാ
ല്പത്തഞ്ചു സംവത്സരങ്ങൾ ആയി സംസേവനം ചെയ്യുവരുന്നു.
അദ്ദേഹം നിങ്ങളാലും ഇൻഡ്യയിൽ വല്ല അധികാരവുംസിദ്ധി
ച്ചിട്ടുള്ളവരിൽ മിക്കവാറും എല്ലാവരാലും എത്രമാത്രം പരിതൃ
കൻ ആയും തിരസ്കൃതൻ ആയും ഇരിക്കുന്നുവൊ, അദ്ദേഹ
ത്തിൻെറ സുകൃതവും വൈമല്യവും ഹേതുവായിട്ട ദൈവത്തിനു
അത്രമാത്രം ഇഷ്ടപ്പെട്ട ഒരാൾ ആകുന്നു. അദ്ദേഹത്തിൻെറ മഹ
ത്തായ യോഗ്യതകൾക്കു, ദൈവം സ്വയമായി ഇപ്രകാരം പ്ര
തിഫലം നൽകുകയും, സ്വന്ത ഭക്തന്മാരെ സമാശ്വസിപ്പിക്കു
ന്നതിനായി അദ്ദേഹം (ദൈവം) പ്രയോഗിക്കുന്ന ഉപകരണ
ങ്ങൾ ആയിതീരുവാനുള്ള ഭാഗ്യമതിക്കു നമ്മേ അപാത്രവാ
ന്മാർ ആയി കരുതുകയുംചെയ്യുന്നു. പ്രൻസിസ്സൻ സന്ന്യാസി
കൾ മാത്രമെ അയാളുടെ കാര്യങ്ങളെ അന്വേഷിക്കയും അയാ
ളുടെനേരെ കരുണയോടുകൂടി വർത്തിക്കയും ചെയ്യുന്നുള്ളൂ. അതി
ൽപരം ആയി ഒന്നും ചെയ്യപ്പെടുവാൻ വഹിയാത്തവണ്ണം അ
യ്യൂ അത്രപൂർണ്ണമായും ഇരിക്കുന്നു. അതില്ലായിരുന്നു എങ്കിൽ, ഈ
ണവാനായ ഒരു വയോവൃദ്ധൻ സന്താപപാരവശ്യം ഹേതുവാ
യിട്ട വളരെ മുമ്പേതന്നെ പ്രാണവായുവിനെ ഉച്ഛ്വസിച്ചുകഴി
യുമായിരുന്നു. സർ, കൊള്ളാമെന്നു എനിക്കു തോന്നുന്നതിനെ
ഞാൻ ഉപദേശിച്ചുകൊള്ളട്ടെ. ആർദ്രാദരസ്പുരിതം ആയ ഒ
രെഴുത്തു ഈണവാനായ ഒരു മെത്രാനു നിങ്ങളുടെ നാമത്തിൽ
എഴുതുവാൻ കല്പന ഉണ്ടാകണം എന്നും അദ്ദേഹത്തെ—അയാ

ൾ എന്തെങ്കിലും അപേക്ഷിക്കയൊ വല്ലകാര്യവും അയാൾക്ക ആവശ്യം ആയിരിക്കയൊ ചെയ്യുമ്പോൾ പ്രത്യേകിച്ചു—ബഹുമാനിക്കയും, അദ്ദേഹത്തിനു ആതിഥ്യത്തെ നൽകുകയും സ്നേഹപുരസ്സരവും ശ്രദ്ധാപൂർവ്വകവും ആയി അദ്ദേഹത്തെ ഉപചരിക്കയുംചെയ്യണം എന്നു നിങ്ങളുടെ ഉദ്യോഗസ്ഥന്മാർ ആയ ഗവർണ്ണർമാരോടും ഖജാൻജിമാരോടും വിശിഷ്യ കൊച്ചിയിലെ അധികാരി (Commandant) യോടും ആജ്ഞാപിക്കുന്നതായ ഒരു കല്പന അവരെ കാണിക്കുന്നതിനായി ആ എഴുത്തിൽ അടക്കം ചെയ്തു അയക്കുവാൻ ഉത്തരവാകണം എന്നും നിങ്ങളുടെ അടുക്കൽ ഏറ്റവും താല്പര്യം ആയി ഞാൻ പ്രാപാർത്ഥിക്കുന്നു. ഇപ്പോൾ ഞാൻ ഇതിനെ എഴുതുകയിൽതന്നെ, അല്ലയൊരാജാവെ! നിങ്ങളെ സേവിക്കയും നിങ്ങൾക്കു ഒരു ഉപകാരത്തെചെയ്കയും ചെയ്യുന്നു എന്നല്ലാതെ, ഭക്തനാത്മാവായ ആ മെത്രാനു വേണ്ടി അല്ലെ എന്നു എനിക്കുതന്നെ തോന്നുന്നു. എന്തെന്നാൽ അദ്ദേഹത്തിനു പ്രൻസീസ്കൻ സഭാംഗങ്ങളുടെ ദയാലുതാപത്തുവായിട്ടു ഇപ്പോൾ യാതൊന്നിനും ആവശ്യം ഇല്ല; എന്നാൽ അദ്ദേഹത്തപ്പോലെ ദൈവദൃഷ്ടിയിൽ ഏറ്റവും സ്വീകാര്യയോഗ്യൻ ദുർല്ലഭമായിരിക്കുന്നു ഒരാളുടെ സുമനസ്സും മാധ്യസ്ഥ്യവും നിങ്ങൾക്കു പ്രത്യേകം ആവശ്യമാകുന്നു; ഒരും ആനുഗ്രഹത്തെ ഞാൻ മേൽപ്രസ്താവിച്ചിട്ടുള്ള ദയാകൃത്യംവഴിയായി നിങ്ങൾക്കു സമ്പാദിക്കുവാൻ സാധിക്കും. ഒരും മെത്രാൻ, മാർ തോമ്മാനസ്രാണികളുടെ കാര്യാനേഷണത്തിനായിവളരെ അധ്വാനങ്ങൾചെയ്തിട്ടുള്ളതും ജരാക്രാന്തം ആയ ഒരും വാർദ്ധക്യദശയിൽപോലും വിശുദ്ധമാതാവായ റോമ്മാപള്ളിയുടെ സമസ്ത ക്രമങ്ങളെയും മര്യാദകളേയും അത്യന്ത കീഴ്വഴക്കത്തോടുകൂടി ആചരിച്ചുവരുന്നതും കൊണ്ടുതന്നെ, മറുകാരണങ്ങൾ ഇല്ലാതിരുന്നാൽകൂടിയും, ഈവിധം ആയ പരിചരണത്തെ അത്യാദരം അർഹിക്കുന്നു. നിങ്ങൾ പ്രൻസീസ്കൻ വൈദികന്മാർക്കു എഴുതുക പതിവുണ്ടു എന്നു

ഞാൻ അറിയുന്നു. അങ്ങേനിയൻ മെത്രാനുള്ള ഒരു ലേഖനം ആ കൂട്ടിൽത്തന്നെ അടക്കംചെയ്യാം. നിങ്ങൾക്കു അദ്ദേഹത്തിന്റെ നേർക്കുള്ള ആദരാനുകൂല്യാനുരാഗങ്ങളുടെ നാനാഭാവഭേദങ്ങളെ പ്രകടിപ്പിച്ചു അതിനെ എഴുതണം എന്നു നിങ്ങളെ ഞാൻ ഉത്സാഹിപ്പിച്ചുകൊള്ളുന്നു. . . . . ?

പോർട്ടുഗീസുകാർ ദക്ഷിണഭാരതത്തിൽ എത്തിയ ആദ്യ സംവത്സരങ്ങളിൽ നസ്രാണികൾ കത്തോലിക്കർ ആയിരുന്നു എന്നാണല്ലോ വി. ശവയ്യാരുടെ മേൽകാണിച്ചിട്ടുള്ള ലേഖനങ്ങളും മുൻ ലക്ഷങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള മറ്റു ലക്ഷ്യങ്ങളും അഭേദം അറിയിക്കുന്നത്. എന്നാൽ പ്രൻസീസ്കൻസന്ന്യാസികൾ നസ്രാണികളെ അബദ്ധങ്ങളിൽനിന്നു നിവർത്തിപ്പിച്ചു എന്നും അതിനെ തെളിയിക്കുന്നതിലേക്കു സമകാലീനങ്ങൾതന്നെ ലക്ഷ്യങ്ങൾ ഒന്നംതന്നെ ഇല്ലാതിരുന്നാലും രണ്ടു ശതാബ്ദങ്ങളുടെശേഷം, എന്നുവച്ചാൽ ക്രൗഫർ—ൽ, എഴുതപ്പെട്ട ഒരു പ്രൻസീസ്കൻസഭാചരിത്രം രേഖയായി ശംഷിച്ചിരിക്കുന്നു എന്നും തിരുവിതാംകൂർ സ്റ്റേറുമാനുവലിന്റെ രണ്ടാം പുസ്തകം ഫുട്നോ—ാംപുറത്തിൽ മിസ്റ്റർ മെക്കെൻസി പ്രസ്താവിച്ചിരിക്കുന്നു. ഒരു പ്രസ്താവനയുടെ വാസ്തവാവാസ്തവങ്ങളെപ്പറ്റിയാണല്ലോ നമുക്കു ഇവിടെ ഇനി ആലോചിക്കുവാനുള്ളത്.

ഇതിലേക്കു ഒന്നാമത്തെ ലക്ഷ്യമായി വി. ശവയ്യാരുടെ വാക്കുകളെതന്നെ നമുക്കു സ്വീകരിക്കാം. ആ സിദ്ധൻ പോർട്ടുഗാൽ രാജാവിനു അയച്ചതായി മേൽ ഉദ്ധരിച്ചിട്ടുള്ള എഴുത്തിൽ അബൂനാ യാക്കോബ് മെത്രാനെപ്പറ്റി പറയുന്നതു അദ്ദേഹം നാല്പത്തഞ്ചു സംവത്സരങ്ങളായി ഒരംശവര പരികർമ്മം ചെയ്തവരുന്ന ഒരു വിശുദ്ധ മെത്രാൻ ആകുന്നു എന്നാണു. മാർയാക്കോബ് മലയാളത്തിൽ എത്തിയ ക്രിസ്ത്യാനികളും വി. ശവയ്യാരുടെ ലേഖനസൃഷ്ടി ക്രിസ്ത്യൻ—ലും ആകയാൽ പവിത്രാത്മാവായ യാക്കോബ് മെത്രാൻ ക്രിസ്ത്യൻ—ൽ ദൈവത്തെ ഏല്പിക്കാ

രം സംസേവനം ചെയ്തപോന്നവോ അദ്ദേഹത്തിന്റെ അഗമ
നകാലമായ ക്രിസ്താബ്ദം ൧൮൭൫ാം അതുപ്രകാരം തന്നെ രംശപരസേവ
ചെയ്തിരുന്നു എന്നു സിദ്ധം ആകുന്നു. വി. ശവയ്ക്കാർ അവർകളും
മാർ യാക്കോബിനെ കാണുകയും അദ്ദേഹത്തെപ്പറ്റിയുള്ള സ
കലകാര്യങ്ങളും നേരിട്ടു ഗ്രഹിക്കയും ചെയ്ത ധന്യാത്മാവാണു. ഇ
ങ്ങനെ നാല്പത്തഞ്ചു സംവത്സരങ്ങളോളം ദൈവശുശ്രൂഷചെയ്ത
പോന്ന ഒരു പരിശുദ്ധ മെത്രാനെ പ്രൊട്ടസ്റ്റന്മാർ മാന
സാന്തരപ്പെട്ടതായി എന്നു മിസ്റ്റർ മെക്കെൻസി പറയുന്ന സഭാ
ചരിത്രം ഘോഷിക്കുന്നു. അദ്ദേഹം ഒരുകാലും ഭാവാന്തരികരി
ക്കപ്പെട്ടിട്ടില്ല എന്നു വി. ശവയ്ക്കാരും പ്രസ്താവിക്കുന്നു. ഈരണ്ടുപ്ര
സ്താവനകളിൽ ഏതിനെയാണു വിശ്വാസ്യമായി നാം കരുതേ
ണ്ടതു? സമകാലീനൻ ആയ വി. ശവയ്ക്കാരുടെയോ, അതോ,
യാക്കോബ് മെത്രാപ്പൊലീത്തയുടെ ചരമാനന്തരം ൨൦ സംവത്സരങ്ങൾ
ക്കുശേഷം നിർമ്മിക്കപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭാചരിത്ര ഗ്രന്ഥ
ങ്ങളിന്റെയോ?— മാത്രമല്ല, പ്രസ്തുത മാർ യാക്കോബ് കേരള
ത്തിലേക്കുള്ള പ്രയാണമദ്ധ്യേ കണ്ണൂരിൽ രണ്ടരമാസംവരെ താ
മസിച്ച അവസരത്തിൽ പോർട്ടുഗീസ് വൈദികന്മാരുമായി വി
വ്യക്തമങ്ങളിൽ സംബന്ധിച്ചിട്ടുള്ള സംഗതി മേൽ പ്രസ്താവി
ച്ചിട്ടുണ്ടല്ലൊ. പോർട്ടുഗീസ് വൈദികന്മാർ വേദകാര്യങ്ങളിൽ
അദ്ദേഹത്തോടു മൈത്രീഭാവത്തിൽ വർത്തിച്ചതും, അദ്ദേഹത്തി
ന്റെ കാരോലികത്വത്തെപ്പറ്റി അവർക്കു പൂർണ്ണബോധമുണ്ടാ
യിരുന്നതിനാൽ ആണെ. അതുകയൽ അദ്ദേഹം ആരംഭംമുതല്ക്കേ
കത്തോലിക്കാവിശ്വാസി ആയിരുന്നു എന്നു വി. ശവയ്ക്കാർ സാ
ക്ഷിക്കുന്നതിനെ പോർട്ടുഗീസുകാരായ വൈദികന്മാർ സ്ഥിരീക
രിക്കുന്നതെന്നു ചെയ്യുന്നു— കൂടാതെ, വി. ശവയ്ക്കാർ മാർ തോമ്മാ
നസ്രാണികളെപ്പറ്റി എഴുതിയിരിക്കുന്നതായി മേൽ കാണിച്ചി
ട്ടുള്ള രണ്ടു ലേഖനങ്ങളിൽനിന്നു വ്യക്തമാകുന്നതും ആ വിദ്വദ്ധ
രന്റെ സമകാലീനൻ ആയ പ്രസ്തുതമെത്രാനും അദ്ദേഹത്തി

ന്റെ ആദ്യാത്മ പ്രജ്ഞാസഞ്ചയവും കത്തോലിക്കാ മതാവലം
ബികൾ ആയിരുന്നു എന്നാണെ അവർ സപ്തക്രൈസ്തവകർമ്മങ്ങളെ വി
ശ്വാസപൂർവ്വം സ്വീകരിക്കയും വി കുർബ്ബാനയിൽ പരിത്രാതാവാ
യ മ്ശിഹായുടെ സത്യ സാന്നിദ്ധ്യത്തെ സമ്മതിക്കയും ചെയ്തി
രുന്നു എന്നുമാത്രമല്ലാ, പരിഹാരനിവൃത്തി (Indulgence) യിലും
അവർ ദൃഢവിശ്വാസത്തോടുകൂടി വർത്തിച്ചിരുന്നു. അവരുടെ ഭ
ക്തിസംവർദ്ധനത്തെ പ്രാപിക്കേണ്ടതിനായി വി. ശവ്വാരുടെ
അപേക്ഷയെ അനുസരിച്ചു അവർക്കു നൽകപ്പെട്ട പരിഹാര
നിവൃത്തിയെ അനുഭവിക്കാനിച്ചിരുന്ന നസ്രാണികൾ കുമ്പസാ
രം, കുർബ്ബാന എന്നീ വിശുദ്ധ ക്രിയാശകലങ്ങളെ സ്വീകരിച്ചിരുന്നു
എന്നതിൽ ആർക്കാണു സംശയിക്കുവാൻ കഴിയുന്നത്. — വി. ശ
വ്വാർ സൊക്കോറാറ്റാദ്വീപത്തിൽ ഉള്ള ദേവാലയങ്ങളിൽ
പോകയും തദ്ദേശവാസികളായ ക്രിസ്ത്യാനികളുടെ ഭവനങ്ങളി
ൽ വളരെപേരുടെ ആദ്യാത്മസ്നാനകർമ്മത്തെ നിർവ്വഹിക്കയും മ
റും ചെയ്തതായി മേൽ നാം പ്രസ്താവിച്ചിട്ടുള്ളതിൽ നിന്നുയുക്തി
യുക്തം ആയി അനുമാനിക്കപ്പെടുന്നതു നസ്രാണികൾ കത്തോ
ലിക്കർ ആയിരുന്നു എന്നും പോർട്ടുഗീസുകാരായ പ്രൻസിസ്കൻ
കാർ അവരെ കത്തോലിക്കാ സഭയിലേക്കു പ്രവേശിപ്പിച്ചിട്ടി
ല്ല എന്നും ആ പരിശുദ്ധന്റെ എഴുത്തുകളിൽ കാണപ്പെടുന്നു
പ്രസ്താവനകൾ യഥാർത്ഥങ്ങൾ ആകുന്നു എന്നതിനെ അത്യു
ക്ഷിണകേരളത്തിൽ ആത്മികവേലകളിൽ ഉദ്യുക്തന്മാർ ആയി
രുന്ന ഓരംശോസഭയിലെ വൈദികന്മാർക്കായി വി. ശവ്വാർ
1583 ഫെബ്രുവരിമാസത്തിൽ അയച്ചിട്ടുള്ള ഒരു ലേഖന
ത്തിൽ, അവരുടെ ഒരുമിച്ചു ജോലിചെയ്തിരുന്ന കേരളീയപുരോ
ഹിതന്മാർ പരിവായും ക്രമമായും കുമ്പസാരംചെയ്യുന്നു സം
ശയിയിലും അവിഹേദം ആയും യോഗ്യതാപൂർവ്വകം ആയുദ്ഘോ
ഷണം ചെയ്യുന്നുകാര്യത്തിലും പൊതു ജനങ്ങൾക്കു
മാതൃകാപുരുഷന്മാരായി ജീവിക്കുന്നു വിഷയത്തിലും പ്രത്യേകം

ഗൗനിക്കണം എന്നും വളരെ വിവേകത്തോടുകൂടിമാത്രം അവരോട് വർത്തിക്കണം എന്നും ആ സിദ്ധൻ ഉപദേശിക്കുന്നു. (7). നസ്രാണികളുടെ കാതോലിക്കാവസ്ഥയേയും സച്ച ക്ലദായകളെ അവർ സ്വീകരിച്ചിരുന്നു എന്നുള്ളതിന്റെ യാഥാർത്ഥ്യത്തേയും വിശദീകരിക്കുന്നതിലേക്ക് ഇതു ബലമേറിയ ഒരു രേഖയാണു— വിൻസെന്റുപാദ്രി സൂറിയാനി പള്ളികളിൽ പ്രസംഗിക്കയും ദിവ്യ കർമ്മാദികളെ അനുഷ്ഠിക്കയും ചെയ്തതും കൊടുങ്ങല്ലൂരിൽ അദ്ദേഹം സ്ഥാപിച്ച വിദ്യാമന്ദിരത്തിൽ നാനാദേശവാസികളായ നസ്രാണിയുവാക്കന്മാർ ചെന്നു ചേർന്നതും (ല.ര) നസ്രാണികൾ കത്തോലിക്കാ മതസിദ്ധാന്തവർത്തികൾ ആയിരുന്നതിനാൽ ആകയാൽ ഇതും വി. ശവസ്മാരുടെ സാക്ഷ്യത്തിന്റെ വാസ്തവാവസ്ഥയെ വിശദീകരിക്കുന്നു.

ഫ്രൻാം—ൽ പൌരസ്ത്യ പാത്രിയർക്കീയ സിംഹാസനാപവിഷ്ടൻ ആയിരുന്ന മാർ ശെമഓന്റെ അടുക്കലേക്കു ഭാരതീയ സഭാഭരണം കയ്യേൽക്കേണ്ടവരായ മെത്രാന്മാരെ കൊണ്ടുവരേണ്ട ആവശ്യത്തിലേക്കായി പോയിരുന്ന യൌസേപ്പു ഇൻഡ്യയിൽ തിരിച്ചെത്തിയശേഷം കബ്രാലിന്റെ ഒരുമിച്ചു ഫ്രാഫ്രൻ പോർട്ടുഗാളിലേക്കും അവിടെനിന്നു റോമയിലേക്കും പോകയും ആറാമത്തെ അലക്സാണ്ഡർ മാപ്പ്പ്പായെ സന്ദർശിച്ചു അദ്ദേഹത്തിന്റെനേർക്കു ആദരബഹുമാനങ്ങളെ പ്രദർശിപ്പിക്കയുംചെയ്തതായി മേൽ(ല.ഫ)വിവരിച്ചിട്ടുള്ളതാണല്ലൊ ഫ്രൻസ്സിൽ കോഴിക്കോട്ടെത്തിയ വെനീഷ്യൻ ദേശാന്തരഗാമിയായ ലൂയിസ് കടമുസ്സാക്കിനോടു നസ്രാണികൾ ചെയ്ത സംഭാഷണത്തിന്റെ രഹസ്യം, അവരുടെ വിശ്വാസനിലയെപ്പറ്റി പറയുകയിൽ, നമ്മുടെകർത്താവു കന്യകമറിയത്തിൽനിന്നു ജനിച്ചു, കഷ്ടാനുഭവങ്ങളുടെശേഷം ഓർശ്ശലീമിൽ മരിച്ച എന്നും കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ റോമയിൽ വസിക്കുന്ന മാപ്പ്പ്പാ ആകുന്നു എന്നും അവർ വിശ്വസിക്കുന്നു എന്നു പ്ര

സ്ഥാപിക്കുക ഉണ്ടായി. (അ. വ്യ. ല. ക്ര) ഒരു വിശ്വാസം വഴിയായി, മാപ്പിപ്പാ കത്തോലിക്കാസഭയുടേയും സഭാധിപത്യക്കിസിനേറയും അധിപതിയാകുന്നു എന്നു യൌസേഫ്പിനു സമ്മതി ഉണ്ടായിരുന്നതിനാൽ ആണ്ട അദ്ദേഹം റോമായിലേക്കുപോകയും മാപ്പിപ്പായെ സന്ദർശിക്കയും ചെയ്തത്. പാശ്ചാത്യന്മാർ ദക്ഷിണഭാരതത്തിൽ എത്തിയ കാലപരിവർത്തനത്തിൽ നസ്രാണികൾ കത്തോലിക്കാവിശ്വാസികൾ ആയിരുന്നു എന്നുള്ള വാദത്തിന്റെ തെളിവിലേക്കായി മേൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ വൃക്ഷങ്ങളേയും ഒരു സംഭവം ബലവൽകരിക്കുകതന്നെ ചെയ്യുന്നു. ആകയാൽ പ്രൻസിസ്കൻ സഭാംഗങ്ങൾ കേരളീയ നസ്രാണികളെ കത്തോലിക്കാസഭയിലേക്കു ആനയിച്ചു എന്നുള്ള പ്രൻസീസ്കൻ സഭാചരിത്ര ഗ്രന്ഥത്തിലെ പ്രസ്താവന കേവലം അർത്ഥശൂന്യം അത്രെ എന്നും മിസ്റ്റർ മെക്കെൻസിതന്നെ സമ്മതിക്കുന്നു. ഇപ്രകാരമുള്ള രേഖകളാൽ പിൻതാങ്ങപ്പെടാതെയുള്ള ഒരു മിഥ്യാവാദം അത്രെ എന്നും വിദിതം ആകുന്നു. പ്രൻസീസ്കൻകാർ നസ്രാണികളുടെ ഇടയിൽ സഞ്ചരിച്ചു അവരുടെ പള്ളികളിൽ പ്രസംഗിക്കയും ആ കാലങ്ങളിൽ നസ്രാണികളെ നെസ്തോറിയൻകാർ എന്നു പോർട്ടുഗീസു ജനങ്ങൾ പേർപറഞ്ഞുവരുകയും ചെയ്ത സംഭവങ്ങളെ പ്രസ്തുത സഭാചരിത്രകർത്താവു ഇരുനൂറു വത്സരങ്ങളുടെശേഷം തെറ്റിദ്ധാരണനിമിത്തം കൂട്ടിവിളക്കി സൂചിപ്പിക്കുന്നതിനേയും അവരുടെ മതാദ്ധ്യക്ഷനേയും പ്രൻസീസ്കൻകാർ മാനസാന്തരപ്പെടുത്തി എന്നു എഴുതിപിടിപ്പിച്ചതിനാൽ ആണ്ട ഒരുവിധം ഒരു പ്രസ്താവന ഉല്പന്നം ആയതു.

൯൩. ക്രിസ്താബ്ദം ൧൫൦൨-ൽ മലയാളത്തിൽ വന്നവർ ആയ മാർ യാക്കോബ് തുടങ്ങിയുള്ള മെത്രാന്മാരിൽ (ല. ക) രണ്ടുപേർ താമസിയാതെതന്നെ ചരമംപ്രാപിച്ചു. ശേഷിച്ചിരുന്നവരിൽ ഒരാൾ കൊല്ലത്തും മറെറയാൾ കൊടുങ്ങല്ലൂരിലുമായി

ത്തിരുന്നു. കൊടുങ്ങല്ലൂരിൽ അധിവാസം ഉറപ്പിച്ചിരുന്ന മാർ യാക്കോബ് ഹിരൻ—ൽ മരിക്കുകയും അവിടെതന്നെ സംസ്കരിക്കപ്പെടുകയുമുണ്ടായി. വന്ദ്യനായ ആ മെത്രാൻ കൊച്ചിയിൽ ഉണ്ടായിരുന്ന പ്രൻസിസ്കൻ ആശ്രമത്തിൽവച്ചു മരമംപ്രാപിച്ചു എന്നും അവിടെ ഭൂമിദാനംചെയ്യപ്പെട്ടു എന്നും മിസ്റ്റർ മെക്കെൻസി തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രസ്തുത മെത്രാന്മാരെപ്പറ്റി ഏതൽക്കാലം പഴ്ത്തും നിലനില്ക്കുന്ന രേഖകളിലും പരമ്പരാവൃത്താന്തത്തിലുംനിന്നു വ്യക്തമാകുന്നതു കൊടുങ്ങല്ലൂരിലും കൊല്ലത്തും നിവസിച്ചിരുന്നവർ അവരുടെ സ്ഥിരവാസസ്ഥാനങ്ങളിലും ശേഷിച്ച രണ്ടാളുകൾ ഉദയമ്പേരൂരിലും വച്ചു പരേതന്മാർ ആകയും തന്നൽപ്രദേശങ്ങളിൽ ഭൂമിദാനം ചെയ്യപ്പെടുകയുംചെയ്തു എന്നാണു. അദ്ദേഹത്തിന്റെ ചരമത്തിനു ഏതാനും വത്സരങ്ങൾമുമ്പു, എന്നുവച്ചാൽ ഹിരൊ—ൽ യുനാമ്പ്യസ് യെസേപ്പു എന്നു പേരുള്ള ഒരു കൽദായമെത്രാൻ കേരളത്തിൽ വന്നതായി പോർട്ടുഗീസുകാരായ ചില ഗ്രന്ഥകർത്താക്കൾ പറയുന്നുണ്ടു. മാർ യാക്കോബിന്റെ മരണശേഷം ഏതാറു സംവത്സരങ്ങളോളം ദക്ഷിണഭാരതത്തിൽ മെത്രാന്മാർ ഉണ്ടായിരുന്നില്ല മേൽ (അ. വ ല ഫ്യ) പ്രസ്താവിച്ചിട്ടുള്ളതുപോലെ പൌരസ്ത്യ പാത്രിയക്കീസായിരുന്ന ശെമഓൻ ബർമ്മാ ഹിരിഹ—ൽ പരേതനായ അവസരത്തിൽ അഭിനവ പാത്രിയക്കീസിനെ തെരഞ്ഞെടുക്കുന്ന വിഷയംബന്ധിച്ചു കൽദായക്കാരുടെ ഇടയിൽ ഒരു അന്തഃഛിദ്രം ഉണ്ടായിച്ചു. ഉദ്ദേശം നൂറുവർഷങ്ങളായി 'മഫ്രിയാ' എന്നു പറയപ്പെടുന്ന ഒരു കൂട്ടർഭത്തിൽ നിന്നുതന്നെയാണു പാത്രിയക്കീസ്മാർ തെരഞ്ഞെടുക്കപ്പെട്ടുപോന്നിരുന്നത്. ഒരു നടപ്പിനെ ഭേദപ്പെടുത്തണം എന്നുള്ള സദുദ്ദേശത്തോടുകൂടി, കൽദായക്കാരിൽ ഭൂരിപക്ഷം ആളുകൾ വി. ബർസലിയോസിന്റെ സഭയിലെ ഒരംഗം

ആയ യോഹന്നാൻസൂലാക്കാ എന്ന ദേഹത്തെ നിശ്ചയിച്ച് അവരുടെ രേഖാമൂലമായ ഒരു അപേക്ഷയോടുകൂടി ഫിലിപ്പ് ൽ അദ്ദേഹത്തെ റോമ്മയിൽ മാപ്പാപ്പായുടെ അടുക്കലേക്കയച്ചു. (8). സൂലാക്കാ ഫിലിപ്പ്—ൽ റോമ്മയിൽ എത്തി ജൂലിയസ് തൃതീയനാൽ മെത്രാൻപദത്തിലേക്കു ആരോപിതൻ ആയും കൽദായസഭയുടെ പാത്രിയക്കീയ സിംഹാസനത്തിലേക്കു നിയുക്തൻ ആയുംനിന്നശേഷം ആ വത്സരത്തിൽതന്നെ സ്വദേശത്തിൽ മടങ്ങി എത്തി. പാത്രിയക്കീയസ്ഥാനം മമ്മാ വംശത്തിനുതന്നെ ശാശ്വതം ആയിരിക്കണം എന്നു വാദിച്ചിരുന്നവരുടെപക്ഷത്തിൽ തപോശജ്ഞൻ ആയ ഒരു മെത്രാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം സ്വവംശൻ ആയ ഒരാളെ മെത്രാൻപദത്തിൽ നിയമിക്കയും അഭിനവാഭിഷിക്തൻ ആയ ആ മെത്രാൻ സൂലാക്കായുടെ വിരോധ പാത്രിയക്കീസായി പ്രതിഷ്ഠാപിക്കപ്പെടുകയുംചെയ്തു. അതുമുതൽ പൌരസ്ത്യ പാത്രിയക്കീസുമാരുടെ രണ്ടു പരമ്പര ഉണ്ടാകുകനിമിത്തം മമ്മാ വംശ്യന്മാരായ പാത്രിയക്കീസ്മാരെ ഉദ്ദേശിച്ചു മുമ്പേതന്നെ പറയപ്പെട്ടവന്നിരുന്ന നെസ്തോറിയൻ സംജ്ഞ ഈ വംശജന്മാരിൽ സ്ഥായിവികുന്നതിനും അന്നുമുതൽ തന്നാമധേയത്താൽ അവർ അഭിധാനംചെയ്യപ്പെടുന്നതിനും സംഗതിയായി എന്നാൽ മെത്രാന്മാരിൽ ഒരാൾ ഒഴികെ ഉള്ളവർ ഒക്കെയും ജനങ്ങളിൽ ഭ്രഷ്ടിപക്ഷവും വി. സിംഹാസനത്താൽ അംഗീകരിക്കപ്പെട്ട യോഹന്നാൻസൂലാക്കായുടെ പക്ഷത്തിൽതന്നെ നിന്നു. സൂലാക്കായുടെ പ്രതിയോഗിയായ പാത്രിയക്കീസ് യഥാർത്ഥത്തിൽറോമ്മായോടു മത്സരിച്ചുകൊണ്ടു തുർക്കിയുടെ സാഹായ്യത്തോടുകൂടി അദ്ദേഹത്തെ ബസാനസ്സാൽ ആക്രമിക്കയും അതുവഴിയായി അവസാനത്തിൽ അദ്ദേഹം കൊല്ലപ്പെടുകയുംചെയ്തു. ഒരു മഹാപരിത്യജ്ഞൻ ആയ സൂലാക്കാ നീതിയെപ്രതി ഹിംസിക്കപ്പെടുകയാൽ രക്തസാക്ഷികളുടെ കിരീടത്തെ പ്രാപിക്കുന്നതിനുള്ള ഭാഗ്യവി

ശേഷം അദ്ദേഹത്തിനു സിദ്ധിച്ചു. ആ മഹാത്മാവിനു പാത്രിയ
ക്കീയ സിംഹാസനത്തിൽ ഒരു വത്സരവും ഏതാനും മാസങ്ങ
ളും മാത്രം സ്ഥിതിചെയ്യുവാനെ സംഗതി ആയിട്ടുള്ളൂ.

സൂലാക്കാ പരേതൻ കായിനിന്നപ്പോൾ ഗെസ്സ്ർ അഥവാ
ഗെസ്സർത്തായുടെ മെത്രാപ്പോലീത്താ ആയിരുന്ന അബ്ദീശാ
യെ മെത്രാന്മാർ എക്കീഭവിച്ച സമ്മതിയോടുകൂടി പാത്രിയക്കീ
യ സിംഹാസനത്തിലേക്കു തെരഞ്ഞെടുത്തു. അബ്ദീശായു
ടെ വിശ്വാസംസംബന്ധിച്ചുള്ള സംഗതികൾ മേൽ (അ. വ്യ.
ല. ഹൗ) വിവരിച്ചിട്ടുള്ളതു വായനക്കാർ ഓർക്കുമല്ലോ. അദ്ദേ
ഹം അവട്ടെ, സൂലാക്കായുടെ സഹോദരനും അദ്ദേഹത്തോട്
(സൂലാക്കായോടു) ഒരുമിച്ചു റോമ്മായെ സന്ദർശിച്ചിട്ടുള്ളവയാളും
ആയ മാർ യൌസപ്പിനെ മലങ്കരയുടെ മെത്രാപ്പോലീത്താ
എന്ന ഉന്നതപദത്തിലേക്കു കാലവിളംബനമെന്യേ ഉത്ഥാപ
നംചെയ്തു. യൌസേപ്പു മാർ ഏലിയാ ഛ്യനൻ നാമം ഉള്ള വേ
റൊരു മെത്രാപ്പോലീത്തായോടും ഡൊമിനിക്കൻ സഭയിൽ ഉ
ൾപ്പെട്ട അംബ്രോസീസ് എന്ന മെത്രാനോടും അന്തോനി എ
ന്ന ഒരു വൈദികനോടും കൽദായക്കാർ ആയ മറുചില പു
രോഹിതന്മാരോടുംകൂടി ക്രി.ശ. ൧൬൬൯-ാം സംവത്സരത്തിന്റെ ആ
രംഭദശയിൽ കേരളത്തിൽ എത്തി. കൽദായ മെത്രാന്മാർ ഭാ
രതീയ ക്രൈസ്തവരുടെ അദ്ധ്യാത്മഭരണം നിർവ്വഹിക്കുന്നവിഷയത്തി
ൽ പോർട്ടുഗീസ് രാജപ്രതിപുരുഷന്മാർ ആയ ഗോവയിലെ
വൈസ്രായിമാർ യാതൊരു പ്രതിബന്ധവും ചെയ്തുകൂടാഎ
ന്നുള്ളതിലേക്കു ബലിഷ്ഠങ്ങളായ ശ്രമങ്ങൾ എഴുതുകയും സൂലാ
ക്കാ പാത്രിയക്കീസ് റോമ്മയിൽ നിവസിക്കുന്ന കാലത്തിൽ മാ
ർപ്പാപ്പായിൽനിന്നു വാങ്ങിയിരുന്ന. കൂടാതെ മെസപ്പൊട്ടമി
യായേയും ഭാരതഖണ്ഡത്തേയും അധിവസിക്കുന്ന ക്രിസ്തീയജ
നങ്ങളുടെ സ്ഥിതിഗതികളെ പരിശോധിച്ചുറഞ്ഞു വിവരം റോ
മ്മയിൽ ബോധിപ്പിക്കേണ്ടതിനായി ഡൊമിനിക്കൻ സഭാഗ

ങ്ങളായ അംബ്രോസീസ് മെത്രാനേയും അന്തോനി എന്ന വൈ
രികനേയും മാറ്റിപ്പാ നിശ്ചയിച്ചിരുന്നു. പാത്രിയക്കീസിന്റെ
പ്രതിപുരുഷ സ്ഥാനത്തിൽ പ്രസ്തുത മാർ ഏലിയാമെത്രാപ്പോ
ലീത്തായും അവരോട് അനുബന്ധിക്കപ്പെട്ടിരുന്നു. മെസൊ
പ്പോട്ടെമിയായിൽ അവക്ക് കർത്തവ്യം ആയിരുന്ന ജോലികളെ
നിർവ്വഹിച്ചശേഷം മാർ യൌസേപ്പിനോട് ഒരുമിച്ച് അവർ ഭാ
രതഖണ്ഡത്തിൽ എത്തി ഗോവയിലെ രാജ്യ പ്രതിപുരുഷനു
കൊടുക്കുന്നതിനായി അവർ കൊണ്ടുവന്നിരുന്ന എഴുത്തുകളെ
അദ്ദേഹത്തിന്റെ പകർപ്പുകൾ എടുപ്പിച്ചു. എന്നാൽ പ്രതീക്ഷക്കു വി
രോധം ആയിട്ടായിരുന്നു പൈസ്രോയിയുടെ പ്രവൃത്തി. അ
ദ്ദേഹം മാർ യൌസേപ്പിനെ ഗോവയിൽ ഉള്ള ഒരു സന്ന്യാസാ
ശ്രമത്തിൽ ഒരു കാരാഗൃഹത്തിൽ എന്നതുപോലെ പതിനെട്ടു
മാസംവരെ താമസിപ്പിച്ചതിനുമേൽ മാത്രമെ മലയാളത്തിലേ
ക്കുപോകുന്നതിനു അദ്ദേഹത്തിനു അനുവാദംനൽകുക ഉണ്ടായ
ള്ളൂ. മാർ ഏലിയാ സ്വദേശത്തിലും അംബ്രോസീസും അദ്ദേ
ഹത്തിന്റെ സഖാവായ അന്തോനിയും റോമ്മയിലും തിരിച്ചെ
ത്തണം എന്നായിരുന്നു പൂർവ്വനിർണ്ണയം. കേരളീയ സഭാസന്ദ
ർശനം തീർന്നശേഷം അവർ ഉദ്ദിഷ്ടസ്ഥാനത്തിലേക്കു മടങ്ങി
പോകുന്നതിനുമുമ്പായി അംബ്രോസീസ് മെത്രാൻ കൊച്ചിയി
ൽവച്ചു കഥാവശേഷനായിതീർന്നു. പ്രസ്തുതൻ ആയ മാർ ഏലി
യാമെത്രാപ്പോലീത്താ കൽദായ സഭയുടെ രക്ഷാധികാരി ആ
യിരുന്ന കാർഡിനൽ കറാഫ്ഫായിക്കു ഉദ്ദിവ്വം—ൽ റോമ്മയി
ൽവച്ചു സമർപ്പിച്ചതും വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽനിന്നു
ഫൻറം—ൽ എടുത്തു പ്രസിദ്ധീകരിക്കപ്പെട്ടതും ആയ വിവരണ
ത്തിൽ ഒരു സംഗതികൾ എല്ലാം അടങ്ങിയിരിക്കുന്നു. (9). പോ
ർട്ടുഗൽ രാജാക്കന്മാരുടെ അഭ്യുദ്ധരക്ഷാധികാരാവകാശങ്ങ
ളെ ഉദ്ദേശിച്ചു പുറപ്പെട്ടിട്ടുള്ള തിരുവെഴുത്തുകളുടെ ശേഖരത്തി
ലും (Bullarium Patronatus. Tom. II) പ്രസ്തുത ലേഖനം ഉള്ള

രിക്കപ്പെട്ടിട്ടുണ്ട്. മേൽപറയപ്പെട്ട സംഗതികളുടെ അസ്സീനായിലും മലങ്കരയിലും ക്രി.ശ.1653 മുതൽ ക്രി.പ്പാ വരെയുള്ള 16 സംവത്സരങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ള പലകാര്യങ്ങളും അതിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

അസ്സീറായിൽ നടന്ന സംഭവങ്ങളായി പ്രസ്തുത ലേഖനത്തിൽ പറയപ്പെട്ടുന്നതു താഴെ വരുന്നവയാണു. "സൂലാക്കാ പാത്രിയക്കീസിന്റെ മരണശേഷം സിംഹാസനാരൂഢനായ അബ്ദീശൊ കൽദായസഭയുടെ പ്രഥമാധിപത്യത്തെ പതിനൊന്നു സംവത്സരങ്ങൾ വഹിക്കയും അതിനിടയ്ക്കു പതിനാലുപേരെ മെത്രാന്മാരായും മെത്രാപ്പോലീത്താമാരായും അഭിഷേകംചെയ്കയും ചെയ്തു. അനന്തരം പാത്രിയക്കീസായി തെരഞ്ഞെടുക്കപ്പെട്ടപരിശുദ്ധനും വയോവൃദ്ധനും ആയ അത്താല്ലാ അഥവാ അബ്ദ്രഹായുടെ ഭരണം രണ്ടുവർഷത്തേക്കുമാത്രമേ ദീർഘിച്ചുള്ളൂ. ആ കാലപരിവർത്തനത്തിൽ നടന്നുകൊണ്ടിരുന്ന യുദ്ധങ്ങൾ ഹേതുവായിട്ടു അദ്ദേഹത്തിനു സ്വതഃ റോമ്മയിലേക്കു പോകുന്നതിനാകട്ടെ സ്വന്തവിശ്വാസ പ്രകടന പത്രത്തെ സ്ഥാനപതികൾ വഴിയായി അവിടേയ്ക്കു അയക്കുന്നതിനാകട്ടെ സാധിക്കാതെവന്നു. ആ പാത്രിയക്കീസ് ചരമംപ്രാപിച്ചശേഷം ക്രി.പ്പാവിൽ സകല മെത്രാന്മാരുടേയും ഏകീഭവിച്ച സമ്മതിയോടുകൂടി അവരുടെ സഭയിലെ പ്രധാനാദ്ധ്യക്ഷപദത്തിലേക്കു ശെമഓൻ ദനഹാ എന്ന ആളിനെ തെരഞ്ഞെടുത്തു. അദ്ദേഹം സ്വന്ത വിശ്വാസപ്രകാശനത്തെ റോമ്മയിൽ ഹാജരാക്കേണ്ടകാര്യം ലേഖനകർത്താവായ മാർ ഏലിയായെ ഭരം ഏല്പിക്കയും എതൽക്കായ്നിവൃത്തിക്കായി ഏലിയാ സൈപ്രസ് (Cyprus) ദ്വീപംവരെ പോകയും ഉണ്ടായി എങ്കിലും ആ ഘട്ടത്തിൽ സംഭവിച്ചുകൊണ്ടിരുന്ന സമരങ്ങൾഹേതുവായിട്ടു യാത്രതുടരുവാൻ നിവൃത്തിമില്ലാതെവന്നതിനാൽ അദ്ദേഹം ഉടനെ സ്വദേശത്തേക്കു മടങ്ങി പോകേണ്ടതായിവന്നു. അനന്തരം ക്രീസ്തുബ്ദം

ചരിത്രം—ൽമാത്രമേ അദ്ദേഹത്തിനു റോമ്മയിൽ പോകുവാൻ സൌകര്യം ഉണ്ടായുള്ളൂ.

ഇനി മലങ്കര സഭാചരിത്രസംബന്ധമായി എഴുത്തിൽ എ ന്തു പ്രസ്താവിക്കപ്പെട്ടുന്നു എന്നാണു ഇവിടെ അറിയേണ്ടിയിരി ക്കുന്നതു. മാർ യ�െസേപ്പും മാർ അഫ്രാഹവും ഭാരതക്ഷിതി യിൽ ബഹുവിധ പീഡകൾ അനുഭവിക്കേണ്ടതായി വന്നിട്ട ണ്ടെന്നും ആ ഉപദ്രവങ്ങൾനിമിത്തം അവർ സ്ഥലംവിട്ടുപോകു വാൻ സംഗതി ഭവിയായി എന്നും മാർയൌസേപ്പു പ്രയാണമദ്ധ്യേ റോമ്മയിൽവച്ചു മരിച്ചു എന്നും അതിൽ പറയപ്പെട്ടിരിക്കുന്നു. പത്തു മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവാൻമാത്രം ക്രിസ്ത്യാനികൾ ഭാരതഖണ്ഡത്തിൽ ഉണ്ടു, അവർ അന്യന്മാർ ആയപറങ്കി ജാതിയിൽ ഉൾപെട്ട മെത്രാന്മാരെ സ്വീകരിക്കയില്ല എന്നു തീ ച്ചയാകയാൽ കൽദായ മെത്രാന്മാക്കല്ലാതെ പറങ്കിമെത്രാന്മാ ക്കു അവരെ സമാധാനത്തോടുകൂടി ഭരിക്കുന്നതിനു ഒരുകാല ത്തും സാദ്ധ്യമായിവരുന്നതല്ല എന്നും പ്രസ്താവിച്ചശേഷം, അ തിനാൽ ആവശ്യം ഉള്ളിടത്തോളം മെത്രാന്മാരെ നിയമിക്കുന്ന തിനു പാത്രിയക്കീസിനു കല്പന അയക്കുവാൻ മാപ്പിളമ്മാരായോട അപേക്ഷിക്കുകയും പാത്രിയക്കീസിനാൽ നിയോഗിക്കപ്പെട്ടുന്ന മെത്രാന്മാക്കു അവരുടെ ഇടവകകളെ ഭരിക്കുന്ന കാര്യത്തിൽ ഗോവയിലെ രാജപ്രതിനിധി യാതൊരു പ്രതിബന്ധവും ചെ യ്യാതിരിക്കുവാൻ വേണ്ടിയിരിക്കുന്ന കല്പനകളെ മാപ്പിളമ്മായി ൽനിന്നു അദ്ദേഹത്തിനു അയച്ചു കൊടുക്കയും ചെയ്യണം എന്നു ലേഖന നിമ്മാതാവു അപേക്ഷിക്കുന്നു. ഈവിധകല്പനകളെ സ്വ ലാക്കാ വാങ്ങിയിരുന്നു എന്നും എഴുത്തിൽനിന്നു വ്യക്തമാകുന്നു ണ്ടു. മാത്രമല്ല കൽദായക്കാരെ ഉദ്ദേശിച്ചു നെസ്തോറിയൻ കാർ എന്നു അകാരണമായി പറയപ്പെട്ടുന്നു എന്നും ആ ദുർന്നാമക രണത്തെ നിർത്തൽചെയ്യണം എന്നുംകൂടി എഴുത്തിൽ പ്രസ്താ വമുണ്ടു.

൭. ഗോവയിലെ മെത്രാസ്ഥാനിമാർ യൗസേപ്പിനെ ഒന്നര വർഷക്കാലം തടവിൽ പാർപ്പിച്ചശേഷം വിട്ടയച്ചു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അദ്ദേഹം കേരളത്തിൽ എത്തി സഭാധികാരമായ ഉൽകൃഷ്ട മെത്രാസനസ്ഥാനപതയെ ഭരിക്കുവാൻ തുടങ്ങി. പക്ഷെ, നിർഭാഗ്യമായി സഭയുടെ ജോലിയെ അധികനാൾ നിർവ്വഹിക്കുന്നതിനു അദ്ദേഹത്തിനു ഇടയായില്ല. പോർട്ടുഗീസുകാർ അദ്ദേഹത്തിൽ നെസ്തോരിയൻ പാഷണ്ഡതയെ ആരോപിക്കുകയും അദ്ദേഹത്തെ ബന്ധനസ്ഥൻ ആക്കി പോർട്ടുഗാളിലേക്കു കൊണ്ടുപോകയുംചെയ്തു. എന്നാൽ അവിടെ നടത്തപ്പെട്ട വിചാരണയിൽ അദ്ദേഹം നിരപരാധി ആകുന്നു എന്നു തെളിയുകയാൽ ഭരണീയന്മാരായ ജനങ്ങളുടെപക്കലേക്കു അദ്ദേഹം വീണ്ടും അയക്കപ്പെട്ടു. ക്രിസ്തു—ാമാണ്ടിന്റെ അവസാനഘട്ടത്തിൽ യൗസേപ്പു ഭാരതീയ നഗരങ്ങളിൽ ഒന്നായ ബാസ്സയി (Bassain) നിൽ എത്തിയപ്പോൾ പോർട്ടുഗീസ് അധികാരികൾ അദ്ദേഹത്തെ രണ്ടാമതും കാരാഗൃഹത്തിൽ ബന്ധിച്ചു. യൗസേപ്പു മെത്രാപ്പോലീത്താ വളരെ വ്യുല്പത്തിയുള്ള ഒരാൾ ആയിരുന്നു. അദ്ദേഹം പോർട്ടുഗാളിലേക്കു പ്രയാണംചെയ്തിരുന്നമദ്ധ്യേ സുറിയാനി ആരാധനക്രമം എന്ന ഒരുപുസ്തകവും അബ്ദിഃശോയെപ്പറ്റിയുള്ള 'മെമ്രാ' എന്നുപറയപ്പെട്ടുന്ന വിശിഷ്ടമായ ഒരു പദ്യകൃതിയും ബാസ്സേയിനിലെ കാരാവാസത്തിനിടക്കു 'ബാബേൽപാത്രിയർക്കീയ പ്രദേശത്തിലെ സൂനഹദോസുകളുടെ നിയമാവലി' എന്ന അഭിധാനത്തോടുകൂടിയ വേറൊരു ഗ്രന്ഥവും രചിച്ചിട്ടുണ്ടു. ഒരം ഒടുവിൽ പറയപ്പെട്ട പുസ്തകവും പോർട്ടുഗാളിലേക്കുള്ള യാത്രാമദ്ധ്യേ ക്രിസ്തുവർഷം ജൂലായിമാസം വ്യാഴം- മൊസാംബിക്കിൽവച്ചു അദ്ദേഹം പൂർത്തീകരിച്ചിട്ടുള്ള വേറൊരുകൃതിയും ക്രിസ്തുവർഷം അരങ്കമാലിയിൽ വച്ചു എഴുതിതീർത്ത പഴയനിയമത്തിന്റെ പ്രതിയും വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നു. മാർ അബ്രാ

ഹം എന്ന നാമത്തോടുകൂടിയ ഒരു കൽദായമെത്രാപ്പോലീത്താ
1503-ാം ആണ്ടിന്റെ പശ്ചാവസാനത്തിൽ ദക്ഷിണ ഭാരത
ത്തിൽ വരുകയാൽ പറങ്കികൾ മാർ യൌസേപ്പിനെ ബന്ധ
നത്തിൽനിന്നു മോചിക്കയും ആ സന്ദർഭത്തിൽ അബ്രാഹത്തി
ന്റെപേരിൽ നെസ്തോറിയൻപതിതത്വത്തെ ആരോപിച്ചുകൊ
ണ്ടു അദ്ദേഹത്തെ മലയാളത്തിൽനിന്നു നാടുകടത്തുകയും ചെ
യ്തു. അതുമുതൽ ഉദ്ദേശം പത്തു സംവത്സരങ്ങൾവരെ മാർ യൌ
സേപ്പു സ്വന്തം അതിമെത്രാസന ഇടവകയെ സമാധാനത്തോ
ടുകൂടി ഭരിച്ചുവന്നു. എന്നാൽ പത്തു സംവത്സരങ്ങൾ കഴിഞ്ഞ
പ്പോൾ അതായതു 1513-ൽ അബ്രാഹം വേണ്ട പിടിമാന
ങ്ങളോടുകൂടി ഗോവയിൽ എത്തി. ആ അവസരത്തിൽ പോർ
ട്ടുഗീസുകാർ യൌസേപ്പിന്റെപേരിൽ അദ്ദേഹം നെസ്തോറിയ
ൻ മതോപദേശം ചെയ്തുവെന്നകുറ്റം ആരോപിച്ചു 1599-ൽ (3)
മാണ്ടിന്റെ ആരംഭത്തിൽ അദ്ദേഹത്തെ പിടിച്ചു പോർട്ടുഗാ
ളിലേക്കും അവിടെനിന്നു റോമ്മയിലേക്കും അയക്കയും അദ്ദേ
ഹം റോമ്മയിൽവച്ചു കഥാവശേഷൻ ആയി തിരുകയുംചെയ്തു.
വടക്കൻപറവൂരിൽ ഇപ്പോൾ പുത്തൻകുറ്റു സുറിയാനിക്കാ
ടെ കൈവശം ഇരിക്കുന്ന പള്ളിക്കു ശിലാസ്ഥാപനം ചെയ്യേ
ണ്ടതിനുള്ള അനുവാദംയൌസേപ്പു പോർട്ടുഗാളിലേക്കു രണ്ടാമ
ത്തെപ്രാവശ്യം പുറപ്പെട്ടനാതിനു കുറെമുമ്പായി എന്നുവച്ചാൽ
1503-ാം നവമ്പർമാസത്തിൽ നൽകി എന്നുള്ളതിലേക്കു അ
വിടെ ശിലാലക്ഷ്യങ്ങൾ കാണാവുന്നതാണു. മാർ യൌസേപ്പു
വളരെ പാണ്ഡിത്യമുള്ള ഒരാൾ ആയിരുന്നു എന്നും സ്വന്തം ഭ
രണാധികാരത്തിൽപെട്ടജനങ്ങളുടെ സന്മാർഗ്ഗവിഷയത്തിൽ അ
ദ്ദേഹം വലുതായ ശ്രദ്ധകളെ പ്രവർത്തിച്ചിട്ടുള്ള ഒരു വൈദികാ
ദ്ധ്യക്ഷൻ ആയിരുന്നു എന്നും അദ്ദേഹത്തിന്റെ വിരോധികളാ
യ പോർട്ടുഗീസു ഗ്രന്ഥകർത്താക്കന്മാർപോലും സമ്മതിക്കുന്നു
ണ്ടു.

വ. കേരളീയ ക്രിസ്ത്യാനികൾ ഒരു മെത്രാപ്പോലീത്തായാലും അദ്ദേഹത്തിനു കീഴ്പെട്ടിരുന്ന ചില മെത്രാന്മാരാലും ആണ് ഭരിക്കപ്പെട്ടുപോന്നത്. ആദ്യത്തെ പതിനഞ്ചു ശതവത്സരങ്ങളിൽ മെത്രാപ്പോലീത്തായുടെ ആസ്ഥാനപട്ടണം കൊടുങ്ങല്ലൂരിൽ ആയിരുന്നു. അനന്തരം കൊടുങ്ങല്ലൂരിനെ പോർട്ടുഗീസുകാർ സ്വാധീനപ്പെടുത്തിയ പതിനാറാം ശതാബ്ദംതുടങ്ങി അങ്കമാലി, മെത്രാപ്പോലീത്തായുടെ പ്രധാന സ്ഥാനമായിതീർന്നു. പാത്രിയക്കീസു മാർ യൌസേപ്പിനെ നിയമിച്ചതും അദ്ദേഹം (മാർ യൌസേപ്പു) നസ്രാണികളെ ഭരിച്ചിരുന്നതും മെത്രാപ്പോലീത്തായുടെ നിലയിൽ ആയിരുന്നു. മാർ യൌസേപ്പു സഭാഭരണം നിർവ്വഹിച്ചുവരുകയിൽതന്നെ, മാർ അബ്രാഹം മെത്രാപ്പോലീത്താ എന്നനിലയിൽ കേരളത്തിൽ എത്തിയവിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പോർട്ടുഗീസ് അധികാരികൾ ഉടനെ തന്നെ മാർ യൌസേപ്പിനെ ബന്ധനസ്ഥൻ ആക്കി അവരുടെ ജന്മഭൂമിയിലേക്കു കൊണ്ടുപോയശേഷം നസ്രാണികൾ സ്വന്ത പാത്രിയക്കീസായ അബ്ദീശോയിക്കു, ആ വിവരങ്ങളെ അറിയിക്കുന്നതും മാർ യൌസേപ്പിന്റെ സ്ഥാനത്തിൽ അവരെ ഭരിക്കുന്നതിനായി ഒരു മെത്രാപ്പോലീത്തായെ അയക്കണം എന്നു പ്രാർത്ഥിക്കുന്നതും ആയ ഒരു അപേക്ഷ അയച്ചിരുന്നു. അതിനെ അനുസരിച്ചാണു അദ്ദേഹം മാർ അബ്രാഹത്തെ മെത്രാപ്പോലീത്താ ആയി നിയമിക്കയും അതിലേക്കു ആവശ്യമായിരുന്ന ആധിപത്യ രേഖകളോടുകൂടി ആ ദേഹത്തെ കേരളത്തിലേക്കു അയക്കയുംചെയ്തതു. മാർഅബ്രാഹം അതുകൊട്ടു അബ്ദീശോയാൽ മാനസാന്തരീകരിക്കപ്പെട്ട ഒരാൾ ആയിരുന്നു. അദ്ദേഹം വിശ്വാസത്തിൽ സ്ഥിരതയുള്ളവനും നടപടികളിൽ ശുദ്ധിമാനും വിവേകിയും ആയിരുന്നതിനാൽ ആണ് പോർട്ടുഗീസ് അധികാരികൾ മാർ യൌസേപ്പിന്റെനേക്കു പ്രദർശിപ്പിച്ച നയവിശേഷത്തേയും ആ കാലപരിവർത്തനത്തിൽ

പോർട്ടുഗാളിനു ഭാരതവർഷത്തിൽ ഉണ്ടായിരുന്ന പ്രാബല്യത്തെയും കുറിച്ചു ഗാഢാലോചനചെയ്ത പാത്രിയക്കീസ് അദ്ദേഹത്തെതന്നെ മെത്രാപ്പോലീത്താ ആയി നിയമിച്ചു, അവിടേക്കു അയക്കുന്നതിനു തീർച്ചപ്പെടുത്തിയതു. ഓരോ വ്യവസ്ഥകൾ ഒക്കെയും മാർ അബ്രാഹവും വേണ്ടപോലെ മനസ്സിലാക്കിയിരുന്നതിനാൽ സ്വാഗമനത്തെപ്പറ്റി പറങ്കികൾ അറിയുന്നതിനു ഇടയാകാതെ ക്രി.വ. 1599-ൽ അദ്ദേഹം മലയാളത്തിൽ എത്തി. ആ സന്ദർഭത്തിലാണു മേൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുപോലെ മാർ യൌസേപ്പിനെ പോർട്ടുഗീസുകാർ ബെസ്സെയിനിൽനിന്നു വിട്ടയച്ചത്. മാർ യൌസേപ്പും മാർ അബ്രാഹവും സഭാനിയമസഞ്ചയത്താൽ ഒരു മെത്രാപ്പോലീത്തായിക്കു കൊടുക്കപ്പെടാറുള്ള സമസ്താധികാരങ്ങളോടുംകൂടി വന്നിട്ടുള്ളവർ ആയിരുന്നതിനാൽ ക്രിസ്ത്യാനികൾ രണ്ടു പാർശ്വത്തിലും ചേർന്നിനു. എന്നാൽ മാർ അബ്രാഹത്തിന്റെ അധികാരം സ്ഥിരപ്പെടുത്തുന്നതിനുമുമ്പായി ക്രി.വ. 1599-ൽ പോർട്ടുഗീസ് ഭരണകർത്താക്കന്മാരാൽ അദ്ദേഹം ബന്ധിക്കപ്പെടുകയും പോർട്ടുഗാളിലേക്കു കൊണ്ടുപോകപ്പെടുകയുംചെയ്തു. എങ്കിലും വഴിമദ്ധ്യേ കപ്പൽ ആഫ്രിക്കാഖണ്ഡത്തിൽ ഉള്ള മൊസാംബിക്കു തുറമുഖത്തിൽ നങ്കൂരമുറപ്പിച്ചു കിടക്കയിൽ മാർ അബ്രാഹം കപ്പൽക്കാരിൽനിന്നു അപഗമനംചെയ്തു, തനിയാത്രയുടെശേഷം ബൊബേയിൽ പാത്രിയക്കീസിന്റെ അടുക്കൽ എത്തി. ക്രി.വ. 1601 മുതൽ ക്രി.വ. 1653 വരെ അദ്ദേഹം അവിടെതന്നെ താമസിച്ചു. അതിനിടക്കു മലയാളത്തിലെ സ്ഥിതിഗതികളെപ്പറ്റി പാത്രിയക്കീസിനു പൂർണ്ണമായ അറിവു സിദ്ധിക്കയാൽ, മാർ യൌസേപ്പിനെക്കൂടാതെ വേറൊരു മെത്രാനെയും അവിടേക്കു അയക്കണം എന്നു തീർച്ചപ്പെടുത്തുകയും മാർ അബ്രാഹത്തെതന്നെ അതിനായി തെരഞ്ഞെടുക്കയുംചെയ്തു. എന്നാൽ അദ്ദേഹത്തെ സാധികാരാക്രുതനായിമാത്രം വീണ്ടും അയക്കുന്നതായാൽ മുമ്പുണ്ടായതു

പോലെയുള്ള ഉപദ്രവങ്ങൾക്കു ഇടയാകും എന്നുകണ്ടു, വേണ്ട
ശുപാർശ ചെയ്തതോടുകൂടി അയാളെ റോമ്മയിൽ മാപ്പ്വാപ്പായു
ടെപക്കലേക്കു അയച്ചു. ആ ലേഖനത്തിൽ, പാത്രിയക്കീസ്,
മാർ യൌസേപ്പിനു പുറമെ മാർ അബ്രാഹത്തെയും സഹാ
നിയോഗിച്ചിരിക്കുന്ന സംഗതി പ്രസ്താവിക്കയും അദ്ദേഹത്തിനു
ഏല്പിക്കപ്പെട്ടതു അജസഞ്ചയത്തെ ഭരിക്കുന്ന വിഷയത്തിൽ
ഗോവയിലെ മെത്രാപ്പോലീത്തായും കൊച്ചീമെത്രാനും യാതൊ
രു വിരോധവും ചെയ്യാതിരിക്കുവാൻ അവരോടു കല്പിക്കണം എ
ന്നു മാപ്പ്വാപ്പായോടു അപേക്ഷിക്കയുംചെയ്യുന്നു. പ്രസ്തുത എഴു
ത്തോടുകൂടി മാർ അബ്രാഹം ഫ്രാൻസിൽ റോമ്മയിൽ എ
ത്തി കുറെകാലത്തേക്കു അവിടെതന്നെ താമസിച്ചു.

ആഘട്ടത്തിൽ പത്രോസിന്റെ പാവനമായ സിംഹാസന
ത്തിൽ സ്ഥിതി ചെയ്തിരുന്നതു പിയൂസ് ചതുർത്ഥൻ ആയിരുന്നു.
അദ്ദേഹം അബ്ദീശോയുടെ എഴുത്തിന്റെ ധർമ്മത്തെസമ്മതി
ച്ചു അതിലെ താല്പര്യം പോലെ മൂന്നു തിരുവെഴുത്തുകൾ മാർ
അബ്രാഹത്തെ ഏല്പിച്ചു. അവയിൽ ഒന്നു ഗോവയിലെ മെ
ത്രാപ്പോലീത്തായിക്കും വേറൊന്നു കൊച്ചീമെത്രാനും ഉള്ളതും
അവരണ്ടും ഫ്രാൻസിസ് ഫെബ്രുവരി ഫ്വാന്നു- എഴുതപ്പെട്ടവ
യും ആയിരുന്നു. ഗോവമെത്രാപ്പോലീത്തായിക്കുള്ള എഴുത്തിൽ
(ഫ) അബ്ദീശോ പാത്രിയക്കീസിനാൽ അദ്ദേഹത്തിന്റെ അധികാ
രസീമയിൽ ഉൾപെട്ട ഭാരതഖണ്ഡത്തിലേക്കു മെത്രാപ്പോലീ
ത്താ ആയി അയക്കപ്പെട്ടിരിക്കുന്ന മാർ അബ്രാഹം റോമ്മയിൽ ചെ
ന്നു എന്നും, (ഖ) പ്രേഷകിനു സിംഹാസനത്തിന്റെനേർക്കു അ
ദ്ദേഹ (അബ്രാഹ)ത്തിനുള്ള വലുതായ ഭക്തി ഹേതുവായിട്ടു
സഹായദ്രവീഭൂതചിത്തൻ ആയി തിന്നിരിക്കുന്നു എന്നും, (ന)
അദ്ദേഹം ഭക്തനും ദൈവകാര്യങ്ങളിൽ തല്പരനും ആകുന്നു എ
ന്നു അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നും, ഇൻഡ്യയിൽ
അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള പലരുടേയും പാത്രിയക്കീസിന്റെ

യും എഴുത്തുകളിൽനിന്നും തനിക്കു മനസ്സിലായി എന്നും, (ഉ) ഈജൂബുദ്ധികൾ ആയ ആളുകളെക്കൊണ്ടു റോമ്മയിൽ അദ്ദേഹത്തിന്റെ വിശ്വാസനിലയെ പരീക്ഷിക്കയും, (ങ) സ്വന്ത വിശ്വാസപ്രകടപത്രത്തെ അദ്ദേഹം എഴുതി കയ്യൊപ്പുവെച്ചു എല്പിക്കയും ചെയ്തിരിക്കുന്നു എന്നും, (ന്യ) പാത്രിയക്കീസ് അദ്ദേഹത്തിനു മലയാളത്തിൽ ഒരു ഇടവക (രൂപത) നിശ്ചയിച്ചു കൊടുക്കുമ്പോൾ അതിനെ അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഗോവയിലെ മെത്രാപ്പോലീത്താ ശ്രമിക്കയും, (ഴ) പാത്രിയക്കീസിനു ആവലാധി പറയുവാൻ ഇടകൊടുക്കാതിരിക്കയും ചെയ്യണം എന്നും, (വ) അദ്ദേഹത്തിന്റെ (പാത്രിയക്കീസിന്റെ) അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു സഹായം ആഗ്രഹിക്കുന്നു എന്നും മറുമാണം മാപ്പാപ്പാ പറഞ്ഞിരിക്കുന്നത്. കൊച്ചീമെത്രാനുള്ള തിരുവെഴുത്തിൽ മാപ്പാപ്പാ പ്രസ്താവിക്കുന്നതു, (ഛ) മാർ അബ്രാഹത്തിന്റെ മാശ്ശുദ്ധിയും വിമലജീവിതവും സംബന്ധിച്ചു റോമ്മയിൽ കിട്ടീട്ടുള്ള വിശ്വാസ്യങ്ങളായ സാക്ഷികൾനിമിത്തവും, അദ്ദേഹത്തിന്റെ പാത്രിയക്കീസിനെ വിചാരിച്ചും, അദ്ദേഹം വിശുദ്ധ സിംഹാസനത്തുങ്കൽ ചെല്ലുകയിൽ അവിടുന്നു ദയാപുരസ്സരം സ്വീകരിച്ചു എന്നും, (ഘ) മൂന്നു വത്സരങ്ങൾക്കു മുമ്പു അദ്ദേഹത്തിന്റെ പാത്രിയക്കീസ് റോമ്മയിൽ ചെന്നു വിശ്വാസസത്യം ചെയ്തതുപോലെ അബ്രാഹവും വിശ്വാസസത്യംചെയ്കയും ആ വിശ്വാസത്തെ കീഴുള്ളവരെ പഠിപ്പിച്ചുകൊള്ളാമെന്നു സമ്മതിക്കയും ചെയ്തിരിക്കുന്നു എന്നും, (ങ) തന്നിമിത്തം എല്ലാവകുപദ്രവങ്ങളിൽനിന്നും കൊച്ചീ മെത്രാൻ അദ്ദേഹത്തെ സംരക്ഷിക്കയും (ച) പാത്രിയക്കീസ് അദ്ദേഹത്തിനു നിശ്ചയിച്ച കൊടുക്കുന്ന ജ്യോലിയെ നിർവ്വഹിക്കുന്ന സംഗതിയിൽ യാതൊരു വിഘ്നവും പ്രതിബന്ധവും നേരിടാതിരിക്കുവാൻ വേണ്ട മാശ്ശുങ്ങളെ അനേപക്ഷിക്കുന്നതിൽ അദ്ദേഹം (കൊ. ഒ) ജാഗ്രതകൻ ആയിരിക്കയും ചെയ്യണമെന്നും, (ഛ)

പാത്രിയക്കീസിനാൽ നിശ്ചയിക്കപ്പെട്ടുന്ന ഇടവകയെ മാർ അ
ബ്രാഹം ഭരിക്കണമെന്നും സ്വയം ആഗ്രഹിക്കയും മനസ്സാകയും
ചെയ്തു എന്നുമാണു.

മാർപ്പാപ്പാ അബ്രാഹത്തെ ഏല്പിച്ച മൂന്നാമത്തെ തിരുവെ
ഴുത്തു അബ്ദീശോ പാത്രിയക്കീസിനുള്ളതും (ക) ഇന്നുമുതൽ
വരി ചെയ്യാതെ എഴുതപ്പെട്ടതും ആയിരുന്നു. അതിൽ (ക)
അബ്രാഹം റോമയിൽ ചെല്ലുകയിൽ അദ്ദേഹത്തെ സസന്തോ
ഷം സ്വയമേവ സ്വീകരിച്ചു എന്നും, (ഖ) പാത്രിയക്കീസിനാ
ൽ മാനസാന്തരീകൃതൻ ആയ അദ്ദേഹം ഇതരന്മാരെ മാനസാ
ന്തരപ്പെടുത്തുന്നതിനു ഉപകരിക്കുവാൻ ആയിതീരും എന്നും, (ഗ) മു
മ്പേതന്നെ കേട്ടിരുന്നതുപോലെ അദ്ദേഹം വളരെ ധീശക്തിയു
ള്ളവനും കത്തോലിക്ക വിഷയങ്ങളിൽ അതിനിപുണനും വൈദി
കാദി യോഗ്യമായ സന്മാർഗ്ഗനിഷ്ഠയോടു കൂടിയവനും ആകുന്നു
എന്നും (ഘ) ഇൻഡ്യയിൽ അദ്ദേഹം സഹിച്ച വിഷമതകളെപ്പറ്റി ദുഃ
ഖിക്കയും ആവക പരീക്ഷകളെ ദൈവം തടയാതിരുന്നതു അ
ദ്ദേഹത്തിന്റെ വിശ്വാസത്തെ പ്രകാശിപ്പിക്കുവാൻവേണ്ടിയാ
കുന്നു എന്നു വിശ്വസിക്കയും ചെയ്യുന്നു എന്നും, (ങ) വേണ്ടി
യിരിക്കുന്നു ത്രുപാൾ എഴുത്തുകളെ അദ്ദേഹത്തിനും കൊടുത്തി
രിക്കുന്നു എന്നും, (ന) അദ്ദേഹത്തിനും ഭാരതക്ഷിതിയിൽ നി
വസിച്ചുവരുന്ന ഇതര (മാർ യെഹൗസേപ്പു) മെത്രാന്മാരും അധിവാ
സസ്ഥാനങ്ങളെ നിശ്ചയിച്ചുകൊടുക്കുവാൻ ഉപദേശിക്കയും (ഭ)
അങ്കമാലി ആസ്ഥാനപട്ടണമാക്കുവാൻ ഇശ്ശിക്കയും ചെയ്യുന്നു
എന്നും മറും തിരുമനസ്സുകൊണ്ടു വിവരിച്ചിരിക്കുന്നു.

൯. പോർട്ടുഗീസുകാരായ ചില ഗ്രന്ഥകാരന്മാരും അവ
രെ അനുഗമിച്ചു വേറെ ചില എഴുത്തുകാരും മാർ അബ്രാഹ
ത്തെ സംബന്ധിച്ചു പ്രസ്താവിക്കുന്നതു താഴെ കാണുംപ്രകാര
മാണു. പോർട്ടുഗീസ് അധികാരികൾ മാർ യെഹൗസേപ്പിനെ
അദ്ദേഹത്തിന്റെ അധികാരസീമയിൽനിന്നു ബഹിഷ്കരിച്ചു

കഴിഞ്ഞപ്പോൾ കേരളീയക്രിസ്ത്യാനികൾ അവർക്ക് ഒരു മെത്രാനെ അയച്ചുകൊടുക്കണം എന്നു നെസ്തോറിയൻകാരുടെ പാത്രിയക്കീസിനോടു അപേക്ഷിച്ചു. അതിനാൽ മാർ അബ്രാഹത്തെ ആദ്യം (൧൪൭൯-ൽ) ദക്ഷിണഭാരതത്തിലേക്കു നിയോഗിച്ചതു നെസ്തോറിയൻ പാത്രിയക്കീസാണു. പോർട്ടുഗീസ് അധികാരികൾ അബ്രാഹത്തെ കാരാഗാരത്തിൽ ബന്ധിക്കയും വിദേശത്തിലേക്കു അയച്ചുകളകയുംചെയ്തതു ആ കാരണത്താൽ അത്രെ. എന്നാൽ മൊസാംബിക്കിൽവച്ചു അദ്ദേഹം നാവികന്മാരിൽനിന്നു ഓടി ഒളിച്ചു ബാബേലിൽ ചെല്ലുകയും, മലങ്കര സഭാഭരണത്തിന്മേൽ ഉണ്ടായിരുന്ന അസക്തിഹേതുവായിട്ടു അബ്ദീശോപാത്രിയക്കീസിന്റെ അടുക്കൽ എത്തി സഹായം കത്തോലിക്കവിശ്വാസിയാണെന്നു അദ്ദേഹത്തെ ധരിപ്പിക്കയും അദ്ദേഹത്തിന്റെ ശുപാശ് കരുതുകളോടുകൂടി റോമ്മയിൽപോയി കൈതവപ്രയോഗത്താൽ ഒരുവക വിശ്വാസസത്യംകൊണ്ടു മാപ്പുപ്പായുടെ തിരുവെഴുത്തുകളെ ലഭിച്ചശേഷം രണ്ടാമതും കേരളത്തിൽ വരുകയുംചെയ്തതിനാൽ ആണ പോർട്ടുഗീസുകാർ അദ്ദേഹത്തിന്റെപേരിൽ വിശ്വാസം ഇല്ലാതെപോയതു. തിരുവിതാംകൂർ സ്റ്റേറുമാനുവൽ രണ്ടാംപുസ്തകം ഫുന്നമുതൽ ഫുന്നൂ വരെയുള്ള പുറങ്ങളിൽ മിസ്റ്റർ മെക്കെൻസി ചേത്തിരിക്കുന്നതു ഒരു ഗ്രന്ഥകർത്താക്കന്മാരുടെ പ്രസ്താവനയെ ആസ്പദീകരിച്ചിട്ടുള്ള അഭിപ്രായത്തെയാണു. എന്നാൽ അവരുടെ കഥനം ആദ്യവസാനം സത്യവിരുദ്ധം ആണെന്നും, മലയാളത്തിലെ ക്രൈസ്തവ സമൂഹവും മാർ അബ്രാഹത്തെ ൧൪൭൯-ൽ ആദ്യമായി അവരുടെ അടുക്കലേക്കു അയച്ച അബ്ദീശോപാത്രിയക്കീസും അദ്ദേഹത്തിന്റെ മേലാവായ നാലാമത്തെ പീയൂസ് മാപ്പുപ്പായും സാക്ഷീകരിക്കുന്നു. അബ്രാഹത്തെ ഉദ്ദേശിച്ച അബ്ദീശോ പാത്രിയക്കീസ് പീയൂസ് ചതുർത്ഥനെ ബോധിപ്പിച്ചിരുന്ന അപേക്ഷയ്ക്കു മറുപടിയായി മാപ്പുപ്പാ അ

യച്ചതും മേൽ കാണിച്ചിട്ടുള്ളതുമായ തിരുവെഴുത്തിൽ അല്ഫോ
ഹത്തിനെ പോർട്ടുഗീസു അധികാരികളിൽനിന്നു ഭാരതഖണ്ഡ
ത്തിൽ നേരിട്ട വിഷമതകളെപ്പറ്റി വ്യസനിക്കുന്നു എന്നാണു
തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നതു. ഗോവയിലെ മെത്രാ
പ്പോലീത്തായിക്കുള്ള തിരുവെഴുത്തിൽ 'റോമ്മായിൽ എത്തിയ
മാർ അല്ഫോഹം മുമ്പു അഖ്ബീശോ പാത്രിയക്കീസിനാൽ മ
ലയാളത്തിലേക്കു മെത്രാപ്പോലീത്താ എന്നനിലയിൽ അയക്ക
പ്പെട്ടവൻ ആയിരുന്നു' എന്നും കൊച്ചിമെത്രാനുള്ള എഴുത്തിൽ
'മാർ അല്ഫോഹത്തിനെ ഇൻഡ്യയിൽ മുമ്പു നേരിട്ടതുപോ
ലെയുള്ള ഉപദ്രവങ്ങൾ വീണ്ടും നേരിടാതിരിപ്പാൻ അദ്ദേഹ
ത്തെ സംരക്ഷിച്ചുകൊള്ളണം' എന്നും മാറ്റിപ്പാപ്പാ തെളിവായി
പറഞ്ഞിരിക്കുന്നു. മാർ അല്ഫോഹത്തിന്റെ ഒന്നാമത്തെ ആഗ
മനത്തെസംബന്ധിച്ചുള്ള കാര്യങ്ങളുടെ യാഥാർത്ഥ്യത്തെ കേര
ളത്തിലെ ക്രൈസ്തവ ജനതതി ലക്ഷീകരിക്കുന്നു എന്നു മുമ്പു പ
റഞ്ഞിട്ടുണ്ടല്ലൊ. അവർ ക്രിസ്തുവ—ൽ ചതിമ്മൂന്നാം ഗ്രീഗോരി
യോസ് മാറ്റിപ്പാപ്പായിക്കു അയച്ച ഒരു എഴുത്തിൽ പറയപ്പെട്ട
ന്ന പല സംഗതികളിൽ ഒന്നു, പോർട്ടുഗീസ്കാർ മാർ യ�ൊ
സേപ്പിനെ അവരുടെ ജന്മനാട്ടിലേക്കു അയച്ചതുകളഞ്ഞശേഷം
അഖ്ബീശോ പാത്രിയക്കീസിനു അവർ എഴുത്തയക്കയും അ
ദ്ദേഹം മാർ അല്ഫോഹത്തെ അവരുടെപക്കലേക്കു നിയോഗി
ക്കയുംചെയ്തു എന്നാണു. ആ എഴുത്തിൽ (ഛ) തോമ്മാശ്ലീഹാ
യുടെ കാലംതുടങ്ങിതന്നെ അവർ കൽദായസുറിയാനിഭാഷയെ
ഉപയോഗിക്കയും മാമ്മോദീസായും ശേഷം കൂദാശകളും സ്വീക
രിക്കയും പരിശുദ്ധാത്മാവായ മ്ശിഹായുടെ തിരുശരീരത്തെ അനു
ഭവിക്കയും ചെയ്തവരുന്നു എന്നും, (ച) അവർക്കായി മെത്രാന്മാ
രുംമെത്രാപ്പോലീത്താമാരുംകിഴക്കൻ അസ്സീറിയായിൽനിന്നു നി
യോഗിക്കപ്പെട്ടുകയും ആചാര്യപദവും ആറാംപട്ടവും അവരാ
ൽ നൽകപ്പെട്ടുകയും ചെയ്തവരുന്നു എന്നും, (ഝ) മാർ ഏലി

യായും മാർ യെഗസേപ്പു സൂലാക്കായും അവരുടെ അടുക്കൽ വന്നതുകൊണ്ടു അവർ സന്തുഷ്ടമാനസന്മാരായി തീർന്നിരുന്നു എങ്കിലും മാർ ഏലിയാ അവരെ വിട്ടുപോകയും മാർ യെഗസേപ്പു സൂലാക്കാ രാജപ്രതിനിധിയാൽ പോർട്ടുഗാളിലേക്കു നാടുകടത്തപ്പെടുകയുംചെയ്തനിമിത്തം തദവസരത്തിൽ അബ്ദീശോ പാത്രിയക്കീസിനോടു അവർ ചെയ്ത അപേക്ഷയെ അനുസരിച്ചു ദേഷ്യത്താൽ അയക്കപ്പെട്ട മാർ അബ്രാഹവും വൈസ്രോയിയാൽ ഗോവയിൽ തടയപ്പെട്ട (൮) തിനാൽ കത്താവിന്റെ കുട്ടിൽകൂട്ടത്തെ ചെന്നായ്ക്കൾ ആക്രമിച്ചു വഷളാക്കുകയുംചെയ്തു. ഈ കാരണത്താൽ അവരുടെ ഇടവകയിൽ ആയിരുന്ന കാലങ്ങളിൽപോലും അവർക്കു അജ്ഞാനങ്ങളുടെ പക്കൽ പോകുന്നതിനു സാധിക്കാതെ വന്നിരിക്കുകൊണ്ടും, (൯) മാപ്പിളപ്പാ സമസ്ത ക്രിസ്ത്യാനികളുടേയും പിതാവ് എന്ന നിലയിൽ ഉദ്ധാരണംചെയ്യപ്പെട്ടവരായ അജ്ഞാനങ്ങളുടെ പാപങ്ങളെ ക്ഷമിച്ചുകൊണ്ടു സ്വകീയമായ ആ മേഷ്യുത്രത്തിന്റെനേരെ കരുണാഭാവത്തിൽ വർത്തിക്കണം എന്നും ഉള്ള സംഗതികൾ ആണ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു. മേൽ കാണിച്ച നാലു ഏഴുത്തുകളും വർത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിരി

ശ്രീശോമ്മ ശിഹായുടെ തിരുഹൃദയത്തിലെ വിശുദ്ധ രക്തംവഴിയായി

ക്കുന്ന മൂല പ്രതികളിൽനിന്നു എടുത്തു ഫ്രാൻസ—ൽ റോമയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു. (10). കൂടാതെ കൽദായ മതാദ്ധ്യക്ഷന്മാരുടെനേക്കു പോർട്ടുഗീസ് ഭരണകർത്താക്കന്മാർ പ്രദർശിപ്പിച്ചിരുന്ന നയഭേദങ്ങളെയും തൽഫലമായി സംഭവിപ്പാനിരുന്ന വിഷമതകളേയുംപറ്റി അബ്രാഹത്തിനു പൂർണ്ണബോധം ഉണ്ടായിരുന്നതിനാൽ അദ്ദേഹം ആദ്യപ്രാവശ്യം ഭാരതക്ഷിതിയിൽ വന്നിരുന്ന അവസരത്തിൽ അദ്ദേഹത്തെ അടുത്ത് അറിഞ്ഞിട്ടുള്ള യോഗ്യന്മാരും ദൈവഭക്തന്മാരുമായ ചില പോർട്ടുഗീസ് വൈദികന്മാരിൽനിന്നും സ്വന്ത വിശ്വാസനിലയും സന്മാർഗ്ഗനടപടി ഇത്യാദികളെ വ്യക്തീകരിക്കുന്ന സാക്ഷിപത്രങ്ങളെ ശ്രദ്ധാപൂർവ്വം സമ്പാദനംചെയ്തിരുന്നു. ആ സാക്ഷ്യങ്ങളെആണു ഗോവമെത്രാപ്പോലീത്തായിക്കുള്ള തിരുവെഴുത്തിൽ മാപ്പിപ്പാ നിർദ്ദേശിക്കുന്നതു. അതുകയാൽ കേരളീയ നസ്രാണികൾ നെസ്തോറിയൻ പാത്രിയർക്കീസിനു എഴുതി അയക്കയും ആ വഴിക്കുമാർ അബ്രാഹത്തെ വരുത്തുകയുംചെയ്തു എന്നുള്ള എഴുത്തുകാരുടെ പ്രസ്താവന വിശ്വസനീയം അല്ല എന്നു ചരിത്രസംഭവങ്ങളെ സൂക്ഷ്മദൃഷ്ടി പരിശോധിക്കുന്നവനും സമ്മതിക്കുന്നതാണു.

ഫാ. മാർ അബ്രാഹം റോമയിൽനിന്നു പ്രസ്തുതലേഖനങ്ങളോടുകൂടി പാത്രിയർക്കീസിന്റെ അടുക്കൽ എത്തി അദ്ദേഹത്തിന്റേയും എഴുത്തുസഹിതം ഇൻഡ്യയിലേക്കു പുറപ്പെട്ടുകയും ക്രിസ്തുവ—ൽ ഗോവയിൽവന്നു ചേരുകയുംചെയ്തു. കേരളീയക്രിസ്ത്യാനികളുടെ ഭരണയന്ത്രം മാർയൌസേപ്പു, മാർ അബ്രാഹം എന്ന രണ്ടു മെത്രാന്മാരാൽ നയിക്കപ്പെടണം എന്നായിരുന്നു മാപ്പിപ്പായുടെ മേൽ കാണിച്ചിട്ടുള്ള തിരുവെഴുത്തുകളിൽ ആജ്ഞാപിക്കപ്പെട്ടിരുന്നതു; എങ്കിലും ആ ആണ്ടിൽതന്നെ മാർ യൌസേപ്പിനെ വൈസ്രോയി പോർട്ടുഗാളിലേക്കു പിടിച്ചുകയക്കയും മാർ അബ്രാഹത്തെ ഗോവയിൽനിന്നു വിട്ടയക്കാതെ

ഡൊമിനിക്കൻകാരുടെ വകയായി അവിടെ ഉണ്ടായിരുന്ന ഒരു ആശ്രമത്തിൽ പ്രത്യേക കാവലിൽകീഴ് താമസിപ്പിക്കയും ആണ്ട ഉണ്ടായതു. എന്നാൽ ആ ആണ്ടു പൊസഹാവ്യാഴാഴ്ച അബ്രാഹം അവിടെനിന്നു രക്ഷപെട്ട കാവൽക്കാർ അറിയാതെ കേരളത്തിൽ അദ്ദേഹത്തിന്റെ ഭാര്യമാരായ ജനങ്ങളുടെ അടുക്കൽ വന്നെത്തി. അബ്രാഹത്തിന്റെ ഗോവയിലെ നിരാധാരാവസ്ഥയും അവിടത്തെജനങ്ങൾ പോർട്ടുഗീസ് അധികാരത്തിൽ ഉൾപ്പെട്ടവരും അദ്ദേഹത്തിനു അപരിചിതന്മാരും ആയിരുന്ന വസ്തുതയും ആലോചിച്ചാൽ ആ കാരാഗൃഹത്തിൽനിന്നു മുക്തിപ്രാപിക്കുക ദുസ്സാധം ആകയാൽ ആ വിമോചനം അത്യത്ഭുതകരമായ ഒരു സംഭവമായി ഗണിക്കപ്പെടാവുന്നതാണു. അന്യഥാ, അദ്ദേഹം മാപ്പിപ്പായുടെ ബലവത്തരങ്ങൾ ആയ ശൂപാൾ എഴുത്തുകളോടുകൂടി വന്നിട്ടുള്ള ഒരു മതാദ്ധ്യക്ഷൻ ആകുന്നു എന്നു ബോധിച്ചിരുന്ന ദൈവഭക്തന്മാർ ആയചില വൈദികോത്തമന്മാർ ആ ബന്ധനത്തിൽനിന്നു പുറപ്പെട്ടു പോകുന്നതിലേക്കു അദ്ദേഹത്തെ സഹായിച്ചു എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. അബ്രാഹത്തിനും, അദ്ദേഹം ഭാരതഖണ്ഡത്തിൽ ഒന്നാമതെ പ്രാവശ്യം താമസിച്ചിരുന്ന വേളയിൽ മഹാനുഭാവന്മാരായ ചിലരിൽ നിന്നു സാക്ഷിപത്രം ലഭിക്കയുണ്ടായിട്ടുണ്ടു എന്നു ഗോവ മെത്രാപ്പോലീത്തായിക്കായുള്ള തിരുവെഴുത്തിൽ മാപ്പിപ്പാ പറഞ്ഞിരിക്കുന്നതു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം മലയാളത്തിൽ എത്തിയശേഷം ആസംഗതിയും സപായം വിശുദ്ധ സിംഹാസനത്തിന്റെ ആജ്ഞകളെ അനുവർത്തിക്കുന്ന ഒരുമതാദ്ധ്യക്ഷൻ ആകുന്നുഎന്നുള്ളവസ്തുതയും ഗോവയിലേ ഭരണകർത്താക്കന്മാരെ തെര്യപ്പെടുത്തുകയുണ്ടായി. മാർ അബ്രാഹത്തെ ആദ്യം കപ്പൽകയറി അയച്ചു കളയുവാൻ തക്കവണ്ണം പോർട്ടുഗീസ് അധികൃതന്മാർക്കു ആ മഹാനിൽ അങ്കുരിച്ചിരുന്ന സനേഹങ്ങളേയും തെറ്റിദ്ധാരണകളേയും ദൂരീ

കരിക്കേണ്ടതിനായി അദ്ദേഹം റോമയിൽ എത്തി പീയൂസ് ചതുർത്ഥനിൽനിന്നും വേണ്ടപിടിമാന എഴുത്തുകളെ വാങ്ങികൊണ്ടുവന്നതിൽപിന്നെയും ഒരു മേല്പട്ടക്കാരന്റെനിലയിൽ അദ്ദേഹത്തെ അവർ സ്വീകരിക്കാതിരുന്നതിനാൽ പുനരും അദ്ദേഹം മലയാളത്തിൽ വന്നുചേർന്നശേഷം മേൽകാണിച്ചിരിക്കുന്നതു പോലെ അവക്കു എഴുതി അയച്ചതു.

സപ്തനപ്രാപൂൻ ഭൂയ അഞ്ചാഹം അവരുടെ അഭ്യർത്ഥനപ്രകാരം സമാധാനത്തോടുകൂടി നിവ്വഹിച്ചുവരുവെ, ക്രി.വ.1663-ൽ ഗോവയിലെ രണ്ടാമത്തെ പ്രാദേശിക സൂനഹദോസു നടത്തുന്നതിനു മെത്രാപ്പോലീത്താ തീർച്ചപ്പെടുത്തി, ഭാരതവർഷത്തിൽ ഉണ്ടായിരുന്ന പോർട്ടുഗീസു മെത്രാന്മാരെ ക്ഷണിച്ച അവസരത്തിൽ, അതിൽ സംബന്ധിക്കുന്നതിനും അതിലെ നിയമങ്ങൾക്കു സമ്മതംകയ്യൊപ്പു വെക്കുന്നതിനും തയ്യാറായിരുന്നുകൊള്ളണമെന്നും ക്ഷണിക്കപ്പെട്ടുകയുണ്ടായി. എന്നാൽ മെത്രാപ്പോലീത്തായ്ക്കു പല വിധം ഉള്ള ഒരു സൂനഹദോസിൽ മാർ അഞ്ചാഹം സംബന്ധിക്കണം എന്നു നിഷ്കർഷിക്കുന്നതിലേക്കു അധികാരം സിദ്ധിക്കണം എങ്കിൽ അഞ്ചാഹം അദ്ദേഹത്തിന്റെ കീഴിൽ ഉള്ള ഒരാളും ഒരു ലത്തീൻ മെത്രാനും തയ്യാറിരിക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ മേലാവാകട്ടെ, പാത്രിയർക്കീസല്ലാതെ മെത്രാപ്പോലീത്താ തയ്യാറുന്നില്ല; അദ്ദേഹമോ ഒരു കൽദായമെത്രാപ്പോലീത്താ അല്ലാതെ ഒരു ലത്തീൻമെത്രാൻ അല്ലാതിരുന്നു. ഈ കാരണങ്ങളാൽ ഗോവ സൂനഹദോസിൽ സംബന്ധിക്കുന്നതിനു അഞ്ചാഹത്തിനു ചുമതല ഉണ്ടായിരുന്നില്ല എന്നു വിദിതമാകുന്നു. ക്രി.വ.1597-ൽ കൂടിയ ഗോവയിലെ ഒന്നാമത്തെ പ്രാദേശിക സൂനഹദോസിൽ മാർ യെഹ്സേപ്പു ചോരാതെയിരുന്നതും ഈ കാരണങ്ങളാൽ തന്നെയാണു. ഇൻഡ്യയിലെ വൈദികാധിപത്യം മുഴുവൻ പോർട്ടുഗാളിന്റെ സ്വാധീനത്തിൽ ഇരിക്കണം എന്നും അതിനാൽ കേരളീയന്മാരായ തോമ്മാ

നസ്രാണികളും അവരുടെ മതാദ്ധ്യക്ഷന്മാരും ഗോവമെത്രാപ്പോ
ലീത്തായുടെ അധികാരത്തിൽ സ്ഥാപിക്കപ്പെടണം എന്നും കൽ
ദായപാത്രിയക്കീസിന്റെ ഭരണം ഇൻഡ്യയിൽനിന്നു ഉൻമൂ
ലനംചെയ്യപ്പെടണം എന്നും ആയിരുന്നു പോർട്ടുഗീസു അധി
കൃതന്മാരുടെ ഉദ്ദേശം. ക്രി.വ്യ.—ൽ ഗോവയിൽ കൂടിയ ഒന്നാ
മത്തെ പ്രാദേശിക സൂനഹദോസിലും ക്രി.വ്യ.—ൽ നടന്ന ര
ണ്ടാമത്തെ സൂനഹദോസിലും ഈ ഉദ്ദേശസാദ്ധ്യത്തിനായി പ
ല നിയമങ്ങളെ ഉണ്ടാക്കീട്ടുണ്ടു. രണ്ടാം സൂനഹദോസിന്റെ തൃ
തീയസമ്മേളനം (Session) പ്രഥമനിയമത്തിൽ ഏതൽകായ്മ
സംബന്ധമായി പറയുന്നതു 'കേരളീയന്മാരായ തോമ്മാനസ്രാ
ണികളുടെ ഉണീകരണത്തിനായി പോർട്ടുഗാൽ രാജസ്ഥാന
ത്തിൽനിന്നു നിയമിക്കപ്പെട്ടുന്ന മെത്രാന്മാർ അല്ലാതെ, കൽ
ദായ പാത്രിയക്കീസിനാൽ നിയുക്തൻ ആകുന്ന മെത്രാൻ അല്ല
അവരുടെ അദ്ധ്യാത്മഭരണത്തെ നിർവ്വഹിക്കേണ്ടതു എന്നും, ത
ല്ഫലം അവരെ ഭരിക്കുന്ന മെത്രാപ്പോലീത്തായിക്കു ഉപമെത്രാ
ന്മാർ ഇല്ലാതെയും പാത്രിയക്കീസിന്റെ അടുക്കൽചെന്നു അ
വിടെ ഉണ്ടാകുന്ന സൂനഹദോസിൽ സംബന്ധിക്കുവാൻ അദ്ദേ
ഹത്തിനു നിവൃത്തി ഇല്ലാതെയും ഇരിക്കയാൽ ഗോവയിൽ കൂട്ടു
ന്ന സൂനഹദോസുകളിൽ അദ്ദേഹം വന്നുകൂടണം എന്നും ആ
ണ്ട. (11). കൽദായപാത്രിയക്കീസിന്റെ ആധിപത്യം ഭാരതഭൂ
മിയിൽ നിലനില്ക്കുന്നതിനു പോർട്ടുഗീസു ഭരണകർത്താക്കന്മാർ
സമ്മതിക്കുന്നതല്ല എന്നു ട്രെന്റിൽ കൂടിയ സൂനഹദോസിൽ
വച്ചു ക്രി.വ്യ.—ാമാണ്ടു പോർട്ടുഗാൽ രാജപ്രതിനിധി പ്രസ്താ
വിക്കുകയുണ്ടായി. ഭാരതീയ പട്ടണങ്ങൾ ആയ കൊടുങ്ങല്ലൂർ,
കൊച്ചി, കോഴിക്കോട്ടു, ഗോവമുതലായവയിലെ മെത്രാസനങ്ങ
ൾ സ്വന്ത അധികാരസീമയിൽ ഉൾപ്പെട്ടവയാകുന്നു എന്നു കൽ
ദായ പാത്രിയക്കീസായ അബ്ദീശോ ആ സൂനഹദോസിൽ
വാദിച്ചതാണു ആ പ്രസ്താവനയുടെ കാരണം. പ്രസ്തുത ഇടവക

കളിൽ ചിലതിൽ എല്ലാം ആ ഘട്ടത്തിൽ സുറിയാനിക്കാർ ഇ
ല്ലാതിരുന്ന എങ്കിലും ചിലതിലും അവർ നിവസിച്ചിരുന്നതു
കൊണ്ടും (പതിനഞ്ചാം ശതവത്സരാവസാനംവരെ ഭാരത ഖ
ണ്ഡത്തിന്റെ പലഭാഗങ്ങളിലും സുറിയാനിക്കാർ ആയ ക്രി
സ്ത്യാനികൾ ഉണ്ടായിരുന്നതുകൊണ്ടും അ. വ. ല. ക്രി. പ്രസ്താവന)
ആണ ആ സ്ഥലങ്ങൾ സഭാ അധികാരാതിർത്തികളിൽ ഉൾ
പ്പെട്ടിരിക്കുന്ന എന്ന പാത്രിയക്കീസു വാദിച്ചതു. (12).

ക്ര. സൂനഹദോസിന്റെ പ്രസ്തുതനിയമങ്ങളെ മാർ അ
ബ്രാഹം അറിഞ്ഞപ്പോൾ മേലാൽ ആ സൂനഹദോസുകളിൽ
സംബന്ധിക്കാതെ ഗത്യന്തരംഇല്ല എന്നാലോചിച്ചും ക്രി.പ്പു
ലെ സൂനഹദോസിൽ ചേരാതിരുന്നതിനാൽ മാർ യൌസേ
പ്പിനു സംഭവിച്ച വിഷമതകളേയും മുമ്പു രണ്ടുപ്രാവശ്യം സ
ഭയം അനുഭവിക്കേണ്ടിവന്ന ഉപദ്രവങ്ങളേയും ഓർത്തും ക്രി.പ്പു
ജനുവരി മാസം കൊച്ചീരാജ്യംവഴി പതിമ്മൂന്നാം ഗ്രിഗോ
രിയോസ് മാർപ്പാപ്പായിക്കു ഒരു ലേഖനം അയച്ചു. അതിൽരാ
ജ്യവു പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ (ക) മാർ തോമ്മാ നാ
സ്രാണികളുടെ അധിപനും ഒങ്കമാലി മെത്രാപ്പോലീത്തായും
ആയ മാർ അബ്രാഹം ഗോവയിലെ സൂനഹദോസിലേക്കു അ
വിടത്തെ മെത്രാപ്പോലീത്തായാൽ ക്ഷണിക്കപ്പെട്ടു; എങ്കിലും
മുമ്പൊരിക്കൽ അദ്ദേഹം ഗോവയിൽവച്ചു പോർട്ടുഗീസ് അ
ധികൃതന്മാരാൽ ഉപദ്രവിക്കപ്പെടുകയും രണ്ടുതവണ കാരാഗൃഹ
ത്തിൽ വെക്കപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ അതിൽ സംബ
ന്ധിച്ച അതിലെ നിയമങ്ങളെ സ്വീകരിക്കുന്നതിനു അദ്ദേഹ
ത്തിനു സാധിച്ചില്ല എന്നും (ഖ) സ്വകീയമായ ഒരു പ്രവൃത്തി
യെന്നറായി വ്യാഖ്യാനിക്കപ്പെടാതിരിപ്പാൻവേണ്ടി പ്രേഷകീയ
സിംഹാസനത്തിന്റെനേക്കു അനുസരണയുള്ള ഒരു പുത്രൻ
എന്നുള്ള അദ്ദേഹം സമ്മതിച്ചുപറകയും യാതൊരു ഉപദ്രവ
വും നേരിടുന്നതല്ല എന്നുള്ളതിലേക്കു മാർപ്പാപ്പാ ഉറപ്പുകൊടുക്ക

ന്നപക്ഷം ഏതദ്ദേശീയങ്ങൾ ആയ പ്രസ്തുത സൂനഹദോസുകളിൽ പോർട്ടുഗീസു വൈദികന്മാരോടും മെത്രാന്മാരോടും ഒരുമിച്ചു സംബന്ധിക്കുന്നതിനും ക്രിസ്തീയ ജനതതിയുടെ പരമോൽകൃഷ്ടം ആയ അഭ്യുദയത്തിനു ആവശ്യം ആയിരിക്കുന്ന സകല കാര്യങ്ങളേയും സാധിക്കുന്നതിനു അദ്ദേഹം ഒരുക്കമുള്ളവൻ ആയിരിക്കയും ചെയ്യുന്നു എന്നും, (ന) ആരുടെ സ്ഥാരോപണത്തെ ഉദ്ദേശിച്ചു ആഗസ്റ്റമാസത്തിൽ തിരുനാൾ ആചരിക്കപ്പെടുന്നുവൊ ആ മാതാവിന്റെ അഭിധാനത്തിൽ അദ്ദേഹത്തിന്റെ അച്ചടിക്കുനാൽ അഭിനവമായി പണിയിക്കപ്പെട്ടിരിക്കുന്ന പള്ളിക്കായി പരിഹാരമോക്ഷം അപേക്ഷിക്കപ്പെട്ടിരിക്കയാൽ അതിനെ കൊടുത്തരുളണം എന്നുമാണു. ആ എഴുത്തിനു പ്രസ്തുത വത്സരം ഡിസംബർ ൨൫-ാംനു- മാപ്പാപ്പാ മറുപടി അയച്ചു. അതിൽ (ഫ) അങ്കമാലി മെത്രാപ്പോലീത്താ ഗോവ സൂനഹദോസിൽ സംബന്ധിക്കുന്നതിനുള്ള വിഘ്നവും അദ്ദേഹത്തിനു ഉപദ്രവങ്ങൾ നേരിട്ടുവാനുള്ള കാരണവും എന്താണെന്ന അറിവില്ല എന്നും അവയെപ്പറ്റി അറിയുകിട്ടുമ്പോൾ ന്യായമായ തീരുമാനം ചെയ്കയും ആവക ഉപദ്രവങ്ങൾ അദ്ദേഹത്തിനു മേലാൽ സംഭവിക്കുവാൻ ഇടയാക്കാതിരിക്കയും ചെയ്യുന്നതാണു എന്നും, (ബ) ആച്ചടിക്കാരന്റെ പേക്കായി രാജാവു ചോദിച്ചിരിക്കുന്ന പരിഹാരമുക്തികളെ സസന്തോഷം അനുവദിച്ചിരിക്കുന്നു. എന്നുമാത്രമല്ല, അതിനെസംബന്ധിച്ചു എഴുത്തുകൾ അയക്കുന്നതിനു കല്പിക്കയും ചെയ്തിട്ടുണ്ടു എന്നും ആണു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നതു. രാജാവു സ്വകീയമായ പ്രത്യേക പ്രതിനിധികൾ വഴിയായിട്ടാണു ലേഖനം അയച്ചിരുന്നതു. നിയുക്തപുരുഷന്മാർ രണ്ടുനസ്രാണികൾ ആയിരുന്നു. അവരിൽ ഒരാൾ പോർട്ടുഗാളിൽ എത്തിയശേഷം രോഗബാധിതൻ ആയി തീരുകനിമിത്തം എഴുത്തു അവിടെനിന്നു റോമ്മായിലേക്കു അയക്കുകയാ

ണ്ടായത്. രാജാവിനായുള്ള മറുപടിയിൽ പരിഹാരമുണ്ടാ
സംബന്ധിച്ചു പറഞ്ഞിരുന്ന സംഗതികളെത്തന്നെ പ്രസ്താവി
ക്കുന്നതും അതേതീയതിയിൽ എഴുതപ്പെട്ടതും ആയ ഒരു പ്രത്യേ
ക തിരുവെഴുത്തു മാപ്പിളപ്പാ അവർക്കായും അയച്ചു.

ംരം കാര്യങ്ങളെ എല്ലാം വിവരിക്കുന്ന ഒരു എഴുത്തും സ്വ
ഹസ്ത ലിഖിതത്താൽ സ്ഥിരീകൃതമായ ഒരു വിശ്വാസപ്രകാശ
നപത്രവും അടുത്ത ആണ്ടിൽ (൧൭൨൨—ൽ) മാർ അബ്രാഹം
പതിമ്മൂന്നാമത്തെ ഗ്രിഗോരിയോസ് മാപ്പിളപ്പായിക്കു നേരിട്ടു
അയക്കുക ഉണ്ടായി. ഒരുവിശ്വാസസത്യം ൧൭൩൭—ൽ (ല.വ)
അദ്ദേഹം റോമ്മയിൽവച്ചു പീയൂസ് ചതുർത്ഥന്റെ സമക്ഷത്തി
ൽ ചെയ്തിട്ടുണ്ടായിരുന്നതിന്റെ രേഖാമൂലമായ ഒരു പ്രദർശനം
മാത്രമായിരുന്നു. അതിന്റെ പരമാർത്ഥസ്വതമായ തഞ്ജിമതന്നെ
താഴെചേർക്കുന്നു— "മാർ അബ്രാഹമായ ഞാൻ വിശുദ്ധമായ
റോമ്മാപള്ളി ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ അ
ടങ്ങിയിരിക്കുന്ന സകലത്തെയും അവയിൽ ഓരോന്നിനേയും
സ്ഥിരം അറിയിച്ചു വിശ്വസിക്കയും അനുസരിക്കയും ചെയ്യുന്നു." ഇ
തിനുശേഷം വരുന്നഭാഗം കൂമ്പാനയിൽ നാം ഉപയോഗിക്കാ
റുള്ള വിശ്വാസപ്രമാണം തന്നെ ആകുന്നു. അനന്തരം "ശ്ലൈ
ഹികവും സഭാസംബന്ധവുമായ പാരമ്പര്യങ്ങളേയും സഭയു
ടെ മറ്റു ആചാരങ്ങളേയും നിയമങ്ങളേയും ഞാൻ ബലമായി
സ്വീകരിക്കയും കൈക്കൊള്ളുകയും ചെയ്യുന്നു. കൂടാതെ വേദപു
സ്തകങ്ങളുടെ, അവയുടെ വാസ്തവാർത്ഥത്തേയും വ്യാഖ്യാനങ്ങളേ
യുംപറ്റി വിധിക്കേണ്ട വിശുദ്ധ മാതാവായ പള്ളിസ്വീകരിച്ചി
ട്ടും സ്വീകരിക്കുന്നതുമായ അർത്ഥത്തിൽ ഞാൻ അംഗീകരിക്കു
ന്നു. പിതാക്കന്മാരുടെ പൊതുഅഭിപ്രായത്തിനു പ്രതികൂലമാ
യി ഞാൻ അതിനെ ഒരിക്കലും സ്വീകരിക്കയും വ്യാഖ്യാനിക്കു
യും ചെയ്കയില്ല. മാത്രമല്ല, നമ്മുടെ കർത്താവായ ദൈവപുത്രൻ
ഹായാൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി സ്ഥാപിക്കപ്പെട്ടി

തിക്കുന്ന പുതിയ നിയമത്തിലെ സത്യവും വാസ്തവികവും ആയ ക്രിസ്തുശരീരം മാമ്മോദീസാ, മുമ്പത്തെ ഒപ്പുശ്മാ, കുബ്ബാനാ, കുമ്പസാരം, ഒടുക്കത്തെ ഒപ്പുശ്മാ, പട്ടം, വിവാഹം ഇങ്ങിനെ ഏഴാകുന്നെന്നും അവ എല്ലാം തന്നെ ഓരോരുത്തനും ആവശ്യമുള്ളവ അല്ല (പട്ടം എല്ലാവക്കും ആവശ്യമുള്ളതല്ലെന്നു തെളിവാണല്ലോ) എന്നും, അവ ദൈവാശിഷ്ട പ്രദായകങ്ങൾ ആകുന്നു എന്നും, അവയിൽ മാമ്മോദീസായും മുമ്പത്തെ ഒപ്പുശ്മായും പട്ടവും ദൈവദ്രോഹം കൂടാതെ ആവർത്തിക്കുവാൻ വഹിയാ എന്നും ഞാൻ വിശ്വസിക്കുന്നു. പ്രസ്തുത ക്രിസ്തുശരീരങ്ങളുടെ ആഘോഷപൂർവ്വകമായ പ്രവർത്തനത്തിൽ കത്തോലിക്കാ സഭയാൽ സ്വീകരിക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമായ ക്രമങ്ങളെ ഞാനും സ്വീകരിക്കയും കൈക്കൊള്ളുകയും ചെയ്യുന്നു. ഉത്ഭവപാപത്തേയും നീതികരണത്തേയും സംബന്ധിച്ച പാവനതമമായ ത്രെന്തോസ് സൂനഹദോസിൽ നിർണ്ണയിക്കപ്പെട്ടതും പ്രസ്താവിക്കപ്പെട്ടതുമായ സർവ്വത്തേയും ഓരോന്നിനേയും ഞാൻ കൈക്കൊണ്ടു അംഗീകരിക്കുന്നു. വി. കുബ്ബാനയിൽ സത്യവും ഉത്തമവും പരിഹാരകരവും ആയബലിശരീരരക്തങ്ങളെ ഉദ്ദേശിച്ച ദൈവത്തിനു സമർപ്പിക്കപ്പെടുന്നു എന്നും പവിത്രതമക്രിസ്തുശരീരമായ കുബ്ബാനയിൽ നമ്മുടെ കർത്താവിന്റെ തിരുശരീരവും രക്തവും അവിടത്തെ തിരുആത്മാവോടും ദൈവികതയോടുംകൂടി സത്യമായും യഥാർത്ഥമായും താത്വികമായും ഉണ്ടു എന്നും കത്തോലിക്കാ സഭയാൽ ഉപദേശിക്കപ്പെടുന്ന 'വസ്തുഭേദം' എന്ന മാറ്റത്താൽ അപ്പത്തിന്റെ തത്വം മുഴുവൻ ശരീരമായും വീഞ്ഞിന്റെ തത്വം മുഴുവൻ രക്തമായും അന്തരീഭവിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രസ്തുത വിഭേദങ്ങളിൽ (Species) ഓരോന്നിൽതന്നെ നിഃശേഷനും പരിപൂർണ്ണനും ആയ മ്ശിഹായും യഥാർത്ഥമായ ക്രിസ്തുശരീരവും കൈക്കൊള്ളപ്പെടുന്നു എന്നും ഞാൻ ഏറ്റുപറയുന്നു. ശുദ്ധീകരണസ്ഥലം ഉണ്ടെ

ന്നും അതിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾ വിശ്വാസികളുടെ ധർമ്മകൃത്യങ്ങളാൽ സഹായിക്കപ്പെടുന്നുഎന്നും, മ്ശിഹായോടുകൂടി വാഴുന്ന സിദ്ധന്മാരെ വണങ്ങുകയും അവരോട പ്രാർത്ഥിക്കയും ചെയ്യേണ്ടതാണു എന്നും അവർ ദൈവസന്നിധിയിൽ നമ്മെക്കുറിച്ചു പ്രാർത്ഥിക്കുന്നുഎന്നും അവരുടെ വിശുദ്ധാവശിഷ്ടങ്ങൾ വന്ദനീയങ്ങൾ ആകുന്നുവെന്നും ഞാൻ സ്ഥിരമായി വിശ്വസിക്കുന്നു. മ്ശിഹായുടെയും നിത്യകന്യകയായ ദൈവജനനിയുടെയും മറ്റു വിശുദ്ധന്മാരുടെയും പ്രതിമകൾ ഉണ്ടായിരിക്കേണ്ടതും സൂക്ഷിക്കപ്പെടേണ്ടതും അവക്കു യോഗ്യമായ ബഹുമാന വണക്കങ്ങളെ ചെയ്യേണ്ടതും ആണു എന്നും ഞാൻ തീർച്ചയായി സമ്മതിക്കുന്നു. പരിഹാരമോക്ഷം സംബന്ധമായ അധികാരം പള്ളിക്കു കർത്താവിനാൽ ദത്തം ആയിരിക്കുന്നുഎന്നും അതിനെ ഉപയോഗിക്കുന്ന ക്രിസ്തീയ ജനങ്ങൾക്കു ഒരുവളരെ രക്ഷാകരം ആകുന്നു എന്നും ഞാൻ അനുസരിക്കയും വിശുദ്ധയും കത്തോലിക്കയും അപ്പസ്തോലിക്കയും ആയ റോമ്മാപള്ളി എല്ലാപള്ളികളുടേയും മാതാവും നായികയും ആകുന്നു എന്നു ഞാൻ സമ്മതിക്കയും ചെയ്യുന്നു. ശ്ലീഹന്മാരുടെ തലവനും അനുഗ്രഹിതനും ആയ പത്രോസിന്റെ അനന്തരഗാമിയും ഗുരുശോമ്ശിഹായുടെ പ്രതിപുരുഷനും ആയ റോമ്മാമേല്പട്ടക്കാരനോടു സത്യമായ കീഴ്വഴക്കത്തെ ഞാൻ പറഞ്ഞൊക്കുകയും സത്യംചെയ്കയും ചെയ്യുന്നു. വിശുദ്ധ കാനോനാകളാലും പൊതുസൂനഹദോസുകളാലും വിശിഷ്യാ, അതിപാവനമായ ത്രെന്തോസു സൂനഹദോസിനാലും ഉപദിഷ്ടങ്ങളും നിർണ്ണയിതങ്ങളും പ്രഖ്യാപിതങ്ങളും ആയ മറ്റു സമസ്തകാര്യങ്ങളേയും ഞാൻ നിസ്സംശയം സ്വീകരിക്കയും വിശ്വസിക്കയും പ്രതീപം ആയ സകലത്തേയും തിരുസഭയാൽ ശപിക്കപ്പെട്ടവയും ഗർഹ്യങ്ങൾ എന്നു വിധിക്കപ്പെട്ടവയും ആയ എല്ലാ ഇടത്തുട്ടുകളേയും ഞാനും ശപിക്കയും നിരാകരിക്കയും അപകൃഷ്ടങ്ങൾ എന്നു

ഘോഷിക്കയും ചെയ്യുന്നു. യാതൊരു വിശ്വാസം കൂടാതെ മുഴു പദപ്രാപ്തി ആർക്ക് തന്നെയാവട്ടെ അശക്യമായിരിക്കുന്നുവോ, യാതൊരു വിശ്വാസത്തെ ഞാനിപ്പോൾ സ്വമനസാസംവദിക്കുകയും സത്യമായി വിശ്വസിച്ചിരിക്കയുംചെയ്യുന്നുവോ, അങ്ങനെയുള്ള സത്യമായ ഈ കത്തോലിക്കാ വിശ്വാസത്തെ പൂർണ്ണമായും ഭംഗം ഇല്ലാതെയും എന്റെ ആയുസ്സിന്റെ അവസാനശ്വാസംവരെ ദൈവാനുകൂല്യത്താൽ സ്ഥിരമായി വിശ്വസിപ്പാനും വിശ്വസിക്കുന്നതിനും, എന്നുമാത്രമല്ല എന്റെ കീഴുള്ളവരും, എന്നുവെച്ചാൽ എന്റെ ഉദ്യോഗനിലയെ അനുസരിച്ച ആളുടെ എല്ലാം ചുമതല എനിക്കുണ്ടായിരിക്കുന്നുവോ, അവർ എല്ലാവരും വിശ്വസിക്കുന്നതിനും ഉപദേശിക്കപ്പെടുന്നതിനും അവരോട് പ്രസംഗിക്കപ്പെടുന്നതിനും എന്നാൽ കഴിയുന്ന വിധത്തിൽ ശ്രമിക്കുന്നതാണു എന്നു മാർ അബ്രാഹം ആയ ംരം ഞാൻ വാഗ്ദാനം ചെയ്കയും ഉടമ്പടി ചെയ്കയും ശപഥം ചെയ്കയും ചെയ്യുന്നു. ദൈവവും ദൈവത്തിന്റെ ംരം സുവിശേഷങ്ങളും ഇതിനു എന്നെ സഹായിക്കട്ടെ.'

ക്രി. ശേ. 1599-ൽ ഗോവയിൽ കൂടുന്ന സൂനഹദോസുകളിൽ സംബന്ധിക്കേണ്ട സംഗതിയെപ്പറ്റി മാർ അബ്രാഹം കൊച്ചീരാജാവു മുഖാന്തരം മാപ്പിപ്പാപ്പായെ ബോധിപ്പിച്ചിരുന്നതുപോലെ തന്നെ പോർട്ടുഗീസു ഭരണ ധുരന്ധരന്മാരും റോമ്മയിൽ ബോധിപ്പിക്കയുണ്ടായി. അവർ അതിലേക്കു കാണിച്ചിട്ടുള്ള കാരണം ക്രി. ശേ. 1599-ൽ ഗോവയിൽ കൂടിയതായി നാം മേൽപ്രസ്താവിച്ചിട്ടുള്ള സൂനഹദോസിന്റെ നിയമം തന്നെയാണു. പോർട്ടുഗീസ് അധികൃതന്മാരുടെ ലേഖനങ്ങൾ റോമ്മയിൽ എത്തിയശേഷം തത്സംബന്ധമായി ചെയ്യപ്പെട്ട നിശ്ചയങ്ങളെ പതിമൂന്നാം ഗ്രിഗോരിയോസ് മാപ്പിപ്പാപ്പാ ഓരോ പ്രത്യേക തിരുവെഴുത്തുകൾമൂലം ഗോവമെത്രാപ്പോലീത്തായേയും മാർ അബ്രാഹത്തേയും പോർട്ടുഗാൽ മഹീപാലനേയും അയ്ക്കപ്പെട്ട

ത്തി. അവയിൽ ഒന്നാമത്തേതു ൧൭൨൭ നവമ്പർ ൨൨—ാംനു എഴുതപ്പെട്ടതും ഗോവയിലെ ഉൽകൃഷ്ട മെത്രാനു അയിക്കൊണ്ടു അയക്കപ്പെട്ടതുമാണു. അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ:— (൧) ഗോവമെത്രാപ്പോലീത്തായുടെ ദൈവഭക്തി ആത്മപരിത്രാണത്തിന്മേലും ദൈവമഹിമയിന്മേലും ഉള്ള ശുദ്ധ മുതലായ കാരണങ്ങളാൽ അദ്ദേഹത്തിന്റെ നേക്കുള്ള സ്നേഹത്തെ അറിയിക്കുവാൻ മാപ്പ്വാപ്പാ ആഗ്രഹിക്കുന്നുഎന്നും, പ്രധാനന്മാരായ ആളുകൾ അവയെ സാക്ഷീകരിക്കുന്നു എന്നും, (൨) വന്ദ്യസഹോദരനായ അങ്കമാലി മെത്രാപ്പോലീത്തായെ ഗോവയിലെ പ്രാദേശിക സൂനഹദോസിൽ സാദരം സ്വീകരിക്കയും അവിടെയും മറ്റെല്ലാസ്ഥലത്തും മെത്രാപ്പോലീത്തായുടെ ദയയേയും സ്നേഹത്തേയും അദ്ദേഹം അറിയുന്നതിനു ഇടയാക്കുകയും ചെയ്യണം എന്നും ഒരു സഹോദരന്റെ നേരെ ഇതു ചെയ്യപ്പെടേണ്ടതാണു എന്നു മാപ്പ്വാപ്പാ കരുതുന്നു എന്നും, (൩) ആ ദിക്കിലെ (ഇൻഡ്യയിലെ) നിവാസികളുടെ ആത്മത്തിൽ കത്തോലിക്ക വിശ്വാസത്തെ സ്ഥാപിക്കുന്നതിനും മ്ശിഹായുടെ നേക്കു പ്രണതിയെ വർദ്ധമാനം ആക്കുന്നതിനും ഇതു അത്യന്തോപകാരപ്രദമായി തീരുംഎന്നു തിരുമനസ്സുകൊണ്ടു സങ്കല്പിക്കുന്നുഎന്നും, (൪) എന്തുകൊണ്ടെന്നുവച്ചാൽ ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കയും സ്വന്തപ്രമാണങ്ങൾക്കു അനുസാരമായി വർത്തിക്കയും ചെയ്യുന്നു എന്നു അവർ കാണുമ്പോൾ അതു സുസാദ്ധ്യം ആയി ഭവിക്കും എന്നും, (൫) ഒരു മെത്രാൻ എത്ര സൂക്ഷ്മതയോടുകൂടി ഇരിക്കണം എന്നാണു ശ്ലീഹാ ആഗ്രഹിക്കുന്നതു് എന്നുള്ളതും അതു "നമ്മുടെ വിരോധി നമ്മെപ്പറ്റി യാതൊന്നും പറയുവാൻ ഇല്ലാതെ ലജ്ജിക്കുവാൻവേണ്ടി" ആണു എന്നുള്ളതും മെത്രാപ്പോലീത്തായിക്കു അല്ലാത്തതും അല്ലാഞ്ഞതിനാൽ അദ്ദേഹത്തിന്റെ അധികാരത്തെ സമസ്തജനങ്ങളും അംഗീകരിക്കുമാറു അങ്കമാലി മെത്രാപ്പോലീത്താ

യെ പരിചരിക്കണം എന്നും കാര്യത്തിന്റെ നീതിസ്വഭാവവും മാർപ്പാപ്പായുടെ ഹിതവും നിമിത്തം ഇതു ചെയ്യപ്പെടേണ്ടതാണ് എന്നും മറുമാണ.

മാർ അബ്രാഹത്തിനുള്ള എഴുത്തിന്റെ സൂഷ്മി അതെത്തുണ്ടതെന്നു നവമ്പർ ൨൯—ാംനു- ആണ. അതിൽ വിവരിക്കപ്പെട്ടുന്ന കാര്യങ്ങൾ:— (ക) മാർ അബ്രാഹം മാർപ്പാപ്പായിക്കായി അയച്ച എഴുത്ത് ശ്ലൈഹികം ആയ സിംഹാസനത്തിന്റെ ആധിപത്യത്തെ അംഗീകരിച്ചു അദ്ദേഹത്തിന്റെ കാതോലിക മായ വിശ്വാസത്തെ സാക്ഷീകരിക്കുന്നതാകയാൽ സ്നേഹസംഭവും ഭക്തിസംപൂർണ്ണവും ആയ ആഎഴുത്തു വഴിയായി പരിശുദ്ധപിതാവിനു വളരെ സന്തോഷം ഉളവായിരിക്കുനു എന്നും, (ഖ) എന്തെന്നാൽ അതു മക്ഷയുടെ ബലിഷ്ടം ആയ അസ്ഥിവാരം ആകുന്നുഎന്നും ഒരു മെത്രാൻ സ്വന്തരക്ഷയിൽ മാത്രം സംതൃപ്തൻ ആകാതെ പരന്മാരെ പൈശാചികോപായങ്ങളിലും ക്ലിഷ്ടതകളിലുംനിനു വേർപെടുത്തി കത്തോലിക്കാ പള്ളിയിലേക്കും മ്ശിഹായുടെ സമീപത്തിലേക്കും ആനയിക്കുന്നതിനു ശ്രമിക്കുകകൂടിചെയ്യണമെന്നും അതിൽ അദ്ദേഹം മ്ശിഹായുടെ സഹകാരി ആകുനു എന്നു മാർ അബ്രാഹത്തിനു അറിയാവുന്നതാണു എന്നും, (ന) ഇതിലേക്കു അബ്രാഹം ശ്രമിക്കുകയും മ്ശിഹായുടെ വിശ്വാസത്തെ അത്യന്തം പ്രചരിപ്പിക്കണം എന്നതിൽപരമായി യാതൊന്നും അദ്ദേഹം ആഗ്രഹിക്കാതിരിക്കയും ചെയ്യുന്നു എന്നു അവണ്ണ്നിയമായ സംതൃപ്തിയോടുകൂടി മാർപ്പാപ്പാ അറിയുനു എന്നും, (ഠ) ഇതിലേക്കു രേംശാസഭാ വൈദികന്മാർ ഉത്തമന്മാർ ആകകൊണ്ടു അവരുടെ പരിശ്രമങ്ങളെ ഇതിനായി വിനിയോഗിക്കണം എന്നും, (ഒ) മാർ അബ്രാഹത്തിനു ഉപമെത്രാന്മാർ ഇല്ലാതിരിക്കുകനിമിത്തം തനിച്ചു വേറെ സൂനഹദോസു കൂടുവാൻ തരമില്ലാത്തതിനാൽ ഗോവയിൽ പതിവായി കൂടുനാ സൂനഹദോസിൽ ഭാരതഖണ്ഡ

ത്തിലെ മറ്റു മെത്രാന്മാരുടെ ഒരുമിച്ച മാർ അബ്രാഹമുംസം ബന്ധിക്കണമെന്നും, (൩)അദ്ദേഹത്തെ സ്നേഹപൂർവ്വവും ബഹുമാനപുരസ്സരവും സ്വീകരിക്കുവാനും, ഉപദ്രവിക്കപ്പെടുവാൻ സമ്മതിക്കാതിരിക്കാനും തിരുമനസ്സുകൊണ്ടു മെത്രാന്മാക്കു എഴുതിട്ടുള്ളതിനാൽ യാതൊരു ഞെരുക്കത്തേയും ഭയപ്പെടേണ്ട ആവശ്യമില്ല എന്നും മറ്റും ആണു. പോർട്ടുഗാൽ രാജാവിനായി ക്രിസ്തുവ ഡിസംബർ ൩൧-൦൦ അയച്ചിട്ടുള്ളതാണു മൂന്നാമത്തെ തിരുവെഴുത്തു. വന്ദ്യസഹോദരനും അങ്കമാലി മെത്രാപ്പോലീത്തായും ആയ മാർ അബ്രാഹം ചില ആളുകളാൽ കഠിനമായി ഉപദ്രവിക്കപ്പെടുന്നു എന്നു അറിവുകിട്ടിയിരിക്കയാൽ അദ്ദേഹത്തെ സംരക്ഷിക്കുകയും മേലിൽ അദ്ദേഹത്തിനു ആവക ഉപദ്രവങ്ങൾ നേരിടാതിരിക്കുവാൻതക്കവണ്ണം അതിനെ സംബന്ധിച്ചു ഇൻഡ്യയിലെ വൈസ്രോയിക്കും മറ്റു അധികൃതന്മാർക്കും രാജാവു കല്പന അയക്കയും ചെയ്തുന്നതായാൽ അതു മാപ്പിപ്പായിക്കു അത്യധികം സന്തോഷജനകം ആയിരിക്കും എന്നാണ്ടു അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു.

മാർ അബ്രാഹം, സഭാ അധികാരത്തിൽ ഉൾപ്പെട്ട ജനങ്ങളിൽ ചിലരെല്ലാം പലിശ സംബന്ധമായി ചെയ്ത ഉടമ്പടികൾമൂലം ലാഭിച്ച മുതലിനെ തിരികെ കൊടുക്കേണ്ട വിഷയത്തിൽ ഉള്ള ചില സംശയങ്ങളുടെ നിവാരണത്തിനായും ഏതൽകാര്യത്തിൽ പ്രേഷകീയമായ അധികാരം ഉണ്ടാകേണ്ടതിനായും അടുത്ത വർഷത്തിൽ (ക്രിസ്തുൻ—ൽ) ഗ്രിഗോരി പതിമൂന്നാമനെ ഒരു അപേക്ഷ അയക്കുകയുണ്ടായി. തിരുമനസ്സുകൊണ്ടു ക്രിസ്തുൻ ഡിസംബർ ൧൦-൦ മാർ അബ്രാഹത്തിനെ അതിന്റെ മറുപടിയായി അയച്ചതിരുവെഴുത്തിൽ പലിശയും ലാഭവും വഴിയായി കുറ്റംചെയ്തിട്ടുള്ളവർ, മുതൽ ഉടമസ്ഥന്മാർ ആരെന്നു നിശ്ചയമുള്ളപക്ഷം ന്യായരഹിതമായി എടുത്ത മുതലിനെ അവർക്കുതന്നെ തിരിച്ചുകൊടുക്കേണ്ടതാണു എന്നും അ

ങ്ങനെ നിശ്ചയമില്ലാതെവരുമ്പോൾ അപഹൃതവസ്തു ദരിദ്രന്മാ
ക്കും ധർമ്മകൃത്യങ്ങൾക്കുംവേണ്ടി വ്യയംചെയ്യപ്പെടണം എന്നും,
എന്നാൽ അപഹാരികൾ ഗതിഹീനന്മാർ ആയിരുന്നാൽ കു
ടുംബസാരത്തിൽവച്ചും കുടുംബസാരത്തിനു പുറമെവച്ചും അവർക്ക്
ക്ഷാന്തിനൽകുന്നതിനു ആവശ്യമായിരിക്കുന്ന അനുമതിയും അ
ധികാരവും കൊടുക്കുന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു.

ഫ്രാ. ഇതിനിടയ്ക്കു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പുണ്യ
വാന്മാരായ വളരെപേരുടെ വിശുദ്ധാവശേഷങ്ങളെ സഞ്ചയി
ച്ചിട്ടുള്ള ഒരു പഞ്ജരവും ക്രിസ്ത്യാനികൾക്കു വിഭജിച്ചു കൊടുക്കേ
ണ്ടതിനായി സ്വയം ആശീർവ്വദിച്ചിട്ടുള്ള അമ്പതിനായിരം ജൂ
പമാലകളും മാർ അബ്രാഹത്തിന്റേയും ആച്ചു ഡീക്കൻ ഗീവ
റുഗീസിന്റേയും പേരിൽ അയച്ചുകൊടുത്തു. കൊച്ചീ ഇടവക
യിലെ വികാരിജനറാൾ ആണു പ്രസ്തുതസാധനങ്ങളെ എല്ലാം
മാർ അബ്രാഹത്തിന്റെ അടുക്കൽ കൊണ്ടുചെന്നു കൊടുത്ത
തു. (13). മാത്രമല്ല, പരിശോസഭാംഗങ്ങൾ ആയ വൈദികന്മാ
ക്കു ജനങ്ങളുടെ ഇടയിൽ പ്രവേശിച്ചു ദേവാലയങ്ങളിൽ പ്രസം
ഗിക്കുന്നതിനും കത്തോലിക്കാവിശ്വാസ പഠനങ്ങളേയും സന്മാ
ർഗ്ഗ നടപടികളേയും അവരെ ശീലിപ്പിക്കുന്നതിനും വേണ്ടിയിരു
ന്നു പൂർണ്ണ സ്വതന്ത്രതയെ മാർ അബ്രാഹം ഉദ്ദേശം ഗ്രഹിച്ചാ
ൽ നൽകുകയും അതിലേക്കു ആവശ്യമായ സഹായങ്ങളെ എ
ല്ലാം ചെയ്തുകൊടുക്കയും പുസ്തകങ്ങളിൽ തിരുത്തൽചെയ്യേണ്ടവ
ആയി അവർ കാണിച്ചുകൊടുത്ത സകലത്തേയും തിരുത്തുക
യുംചെയ്തു. കൊടുങ്ങല്ലൂരിൽനിന്നു ഉദ്ദേശം ഒരുമൈൽ തെക്കായി
സ്ഥിതിചെയ്യുന്ന വൈപ്പിക്കോട്ടിൽ പരിശോസഭക്കാർ ഗ്രഹിച്ചതാ
മാണ്ടു ഒരു വിദ്യാശാലയും അതോടുചേർന്നു ഗ്രഹിച്ചതാൽ ഒരുവേ
ദാന്ത ശിക്ഷാശാലയും സ്ഥാപിച്ചു. സ്വന്ത അധികാരാർത്തിയി
ൽഉൾപ്പെട്ട വൈദികവിദ്യാർത്ഥികൾ പ്രസ്തുതവേദാദ്ധ്യയന ശാ
ലയിൽ മേൽനു പഠിക്കണം എന്നു മാർ അബ്രാഹാം കല്പിക്കുക

യും അവിടെ സുറിയാനി പഠനം ക്രമമായും ശരിയായും നട ത്തപ്പെടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്കയുംചെയ്തു. അവി ടെ ലത്തീൻ, പോർട്ടുഗീസു എന്നീ ഭാഷകളും പഠിപ്പിക്കപ്പെ ട്ടുവന്നു. (യോഹന്നാൻ ഗൊൻസാൽവെസ് എന്നു പേരോടു കൂടിയ ഒരു സന്ന്യാസശ്രേഷ്ഠനാൽ ക്രിസ്താബ്ദം 1597-ാമാണ്ടു കൊച്ചി യിൽ സ്ഥാപിക്കപ്പെട്ടതാണു ഭാരതഖണ്ഡത്തിലെ ഇദംപ്രഥ മമായ മുദ്രാലയം. അതിൽ മലയാള—തമിഴക്ഷരങ്ങളെ ഉപയോ ഗിച്ചു ഒരു വേദോപദേശഗ്രന്ഥം അടിച്ചു പ്രസിദ്ധീകരിക്കയു ണ്ടായിട്ടുണ്ടു. ക്രിസ്താബ്ദം 1606-ൽ രണ്ടാമതായി ഒരു അച്ചടിയന്ത്രം വൈപ്പിക്കോട്ടിലും സ്ഥാപിക്കപ്പെട്ടു.) അനന്തരം മാർ അബ്രാഹം അദ്ദേഹത്തിന്റെ കീഴിൽ ഉള്ളവരുടെ ഗുണീ കരണത്തെ ഉദ്ദേശിച്ചു 1653-ൽ ഒരു സൂനഹദോസു കൂട്ടുക യുണ്ടായി. അതിൽ ഭരിച്ചു ഡീക്കനും വൈദികന്മാരും ജനങ്ങളിൽ പ്രധാനന്മാരും സംബന്ധിക്കയും മാർ അബ്രാഹവും മറ്റു ള്ളവരും വിശ്വാസസത്യംചെയ്കയും ജനങ്ങളുടെ ഗുണീകരണം സംബന്ധിച്ചു വളരെ കാര്യങ്ങൾ നിർണ്ണയിക്കപ്പെട്ടുകയും ചെ യ്തു. (14).

മാർ ശെമഓൻ എന്നു പേരുള്ള ഒരു മെത്രാൻ ഉദ്ദേശം 1703-ൽ ബാബേലിൽനിന്നു മലങ്കരയിൽ എത്തി. മാർ അബ്രാഹമല്ലാതെ മറ്റു കൽദായ മെത്രാന്മാർ ദക്ഷിണഭാരത ത്തിൽ ഇല്ലാതിരുന്നതാണു അദ്ദേഹത്തിന്റെ പ്രസ്ഥാനഹേതു. മേൽ (പു. 5—ൽ) പ്രതിപാദിച്ചിട്ടുള്ളതുപോലെ മലയാളത്തി ൽ സുറിയാനി ക്രിസ്ത്യാനികൾ അധികം ഉള്ളതിനാൽ അവരു ടെ ആദ്ധ്യാത്മഭരണ നിർവ്വഹണത്തിനായി പല മെത്രാന്മാർ നിയമിക്കപ്പെടേണ്ടതാണു എന്നും ഈ നിയമനം കൽദായപാ ത്രിയർക്കീസിനാൽ ചെയ്യപ്പെടേണ്ടതും പറകി മെത്രാന്മാരെ സു റിയാനിക്കാർ സ്വീകരിക്കാതിരിക്കുന്നതും ഇതു എന്നും, സ്വ ന്ത ജനങ്ങളെ ഭരിക്കുന്ന വിഷയത്തിൽ കൽദായ മെത്രാന്മാർക്കു

പോർട്ടുഗീസു രാജപ്രതിപുരുഷന്മാർ യാതൊരു വിരോധവും ചെയ്യുകൂടെന്നു അവരോടു കല്പിക്കണം എന്നും മാപ്പിപ്പായുടെ അടുക്കൽ മലയാളത്തിൽനിന്നു സൂറിയാനിക്കാരും അസ്സീറിയായിൽനിന്നു പാത്രിയക്കീസിന്റെ പ്രതിനിധിയും ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കൽദായമെത്രാന്മാർ ഭാരതസഭാധ്യക്ഷ്യം വഹിക്കുന്നകാര്യത്തിൽ പൈസ്രോയിമാർ അനുകൂലികൾ അല്ലാതിരുന്നതിനാൽ മുമ്പു (ല.ഭ) പ്രസ്താവിച്ചിട്ടുള്ളതുപോലെ (മാർ യൌസേപ്പും മാർ അബ്രാഹവും മലങ്കര സഭാധ്യക്ഷന്മാർ ആയിരിക്കണം എന്നു മാപ്പിപ്പാ തീരുമാനിച്ചിരുന്നിട്ടുകൂടെയും) യൌസേപ്പിനെ ദക്ഷിണഭാരതത്തിൽനിന്നു അവർദ്ധീകരിക്കുകയാണു ചെയ്തതു. ഇങ്ങനെ മാർ അബ്രാഹം മാത്രം മലയാളത്തിൽ ശേഷിച്ചു. ശെമഓൻ ആകട്ടെ പാത്രിയക്കീസിനാൽ നിയുക്തനായ ഒരാൾ അല്ലാതിരുന്നതുകൊണ്ടും, അബ്രാഹം അദ്ദേഹത്തോടു വിരോധിച്ചുനിന്നു. ശെമഓന്റെനേക്കു പ്രതികൂല്യത്തോടുകൂടിയാണു ആർച്ച്ഡീക്കനും വർത്തിച്ചതു. കേരളീയ നസ്രാണികളുടെ ഇടയിൽ ആർച്ച്ഡീക്കന്മാക്കു ആ കാലപരിവർത്തനത്തിൽ സിദ്ധമായിരുന്ന പ്രാബല്യവും സ്വാധീനശക്തിയും അത്യധികം ഉയർന്നതായിരുന്നു എന്ന തത്വം മെത്രാന്മാരെക്കൂടെ അതിശയിക്കുന്ന സ്വാധീനബലം അവർക്കുണ്ടായിരുന്നു എന്നുള്ള വാസ്തവത്തിൽനിന്നു ധാരാളം വിദിതമാകുന്നുണ്ടു. തന്നിമിത്തം പ്രസ്തുതശെമഓന്റെ പാർശ്വത്തിൽ നിന്നാ ചുരുങ്ങിയ ഒരു ജനക്കൂട്ടം മാത്രമെ ചേർന്നുനില്ക്കുന്നതിനു ഇടയായുള്ളൂ. ആർച്ച്ഡീക്കന്റെ അനുകൂല്യ ലബ്ധി ദുസ്സാധമായി വരുകയാൽ ആണു തൽസ്ഥാനത്തിൽ ഒരു പ്രത്യേക വികാരിജനറാലിനെ ശെമഓൻ പ്രതിഷ്ഠാപിച്ചതു. ശെമഓനെപ്പറ്റിയുള്ളവിവരം റോമ്മയിൽ എത്തിയപ്പോൾ അയാൾ ധർമ്മസമ്മതമെത്രാൻ അല്ലാതിരിക്കുന്നതുകൊണ്ടു സമസ്ത ക്രിസ്ത്യാനികളും അയാളെ പരിവർജ്ജിച്ചു യഥാവിധി സ്വന്ത പാലകനായ മാ

ർ അബ്രാഹത്തിൻെറനേക്കും പാലൂരിൻെറ മെത്രാ (ഗീവറുഗീ
സ് ആച്ച് ഡീക്കൻ ആണ ഇവിടെ നിർദ്ദേശിക്കപ്പെട്ടന്ന പുരു
ഷപുംഗവൻ. അദ്ദേഹത്തെ സ്വന്ത സഹായിയും അനന്തര
ഗാമിയും എന്ന നിലയിൽ പാലൂരിൻെറമെത്രാൻ എന്ന സം
ജ്ഞാവിശേഷണത്തോടുകൂടി അഭിഷേകംചെയ്യുന്നതിന്ന വേണ്ട
അനുമതി മാർ അബ്രാഹം വാങ്ങിയിരുന്നു.) ൻെറനേക്കും വഴ
ക്കത്തോടുകൂടി വർത്തിക്കണം എന്ന കേരളീയ നസ്രാണികളോ
ടും അവരുടെ വൈദികന്മാരോടും ഉപദേശിക്കുന്നതും അറിയി
ക്കുന്നതുമായ ഒരു തിരുവെഴുത്തു പതിമ്മൂന്നാമത്തെ ഗ്രീഗോരി
യോസ് മാപ്പ്വാപ്പാ ക്രിസ്താബ്ദം മാച്ച് 8—ാംനു- അവക്കായി അ
യക്കുകയുണ്ടായി. ഒരു ലക്ഷത്തിൽ ഇതുവരെ വിവരിച്ചിട്ടുള്ള സ
മസ്ത സംഗതികളേയും പ്രസ്താവിക്കുന്ന ഒരു ലേഖനം ക്രിസ്താബ്ദ
ജനുവരിമാസത്തിൽ പതിമ്മൂന്നാംഗ്രീഗോരിയോസ് മാപ്പ്വാപ്പാ
യിക്കായി മാർ അബ്രാഹം അയച്ചു. അതിൻെറ ആദ്യഭാഗത്തു
പറയപ്പെട്ടന്നതു തുർക്കാദേംമുതൽ (റോമയിൽനിന്നു) പോന്നതി
ൽപിന്നെ ആ എഴുത്തു അയക്കുന്നതു മാപ്പ്വാപ്പായുടെ നേർക്ക
അദ്ദേഹത്തിനുള്ള വഴക്കത്തെ പ്രത്യക്ഷീകരിക്കുവാൻവേണ്ടി ആ
കുന്നു എന്നും അങ്കുമാലി ഉൽകൃഷ്ടമെത്രാസനത്തിലേക്കായി തി
രുമനസ്സുകൊണ്ടു അയച്ച വിശുദ്ധാവശേഷങ്ങൾ ഒരുശോസഭ
ക്കാർവഴി കിട്ടി എന്നും അതിനെപ്പറ്റി നന്ദിപറഞ്ഞുകൊള്ളു
ന്നു എന്നും ആണു. എഴുത്തിൻെറ ശേഷംഭാഗങ്ങളിൽ മാർ അ
ബ്രാഹം വിവരിക്കുന്ന സംഗതികളുടെ സാരാംശം അദ്ദേഹത്തി
ൻെറ വാക്കുകളെക്കൊണ്ടുതന്നെ താഴെ എഴുതുന്നു. (ക്ര) "ക്രിസ്ത്യാ
നികളായ ഏതജ്ഞാനങ്ങളുടെ തെറ്റുകളേയും ആചാര നടപടി
കളേയും തിരുത്തി റോമ്മാപള്ളിയോടു സമപ്പെടുത്തണം എ
ന്നു നമ്മോടും നമ്മുടെ ആച്ച് ഡീക്കനോടും ഒരുശോസഭക്കാർ
ഉപദേശിക്കയുണ്ടായി. അതു ഉത്തമം എന്നു തോന്നുകനിമി
ത്തം അതിനെ അനുസരിച്ചു ഒരു ആണ്ടിൽ (ക്രിസ്താ) പട്ട

ക്കാരുടേയും ജനപ്രധാനികളുടേയും ഒരു സൗഹൃദം കൂട്ടി. ദൈവാനുകൂല്യത്താലും നമ്മെ സഹായിച്ചിരുന്നവ (ംരംശോസ ഭക്കാ) രുടെ പരിശ്രമത്താലും അരേ പരിശുദ്ധതയുടെ പ്രമാ ണങ്ങൾക്കു അനുസാരമായി ആവശ്യം എന്നു തോന്നിയവയെ സകലരും സമ്മതിച്ചു. (൨) ഞങ്ങൾ നിശ്ചയിച്ച കാര്യങ്ങൾ പരിശുദ്ധ പിതാവായ അവിടത്തെ ആശിസ്സോടുകൂടി വേണം നടപ്പിൽ വരുവാൻ. ംരം അങ്കമാലി ഉൽകൃഷ്ടമെത്രാസനത്തിൽ ംരംശോസഭക്കാരുടെ സംഖ്യ കൂടുതലായി ഉണ്ടായിരുന്നെങ്കിൽ ജനങ്ങളെ പഠിപ്പിക്കുന്നതിനും കത്തോലിക്ക വിശ്വാസസത്യ ങ്ങളെ അവർക്കു പ്രദാനംചെയ്യുന്നതിനും സാധിക്കുമായിരുന്നു. ഞങ്ങളുടെ ദരിദ്രാവസ്ഥ ഹേതുവായിട്ടു അതു ഞങ്ങളാൽതന്നെ സാദ്ധ്യമല്ല. (൩) ശെമശാനെ ഇവിടെനിന്നു ദൂരീകരിക്കണമെ ന്നും മറും ഉപദേശിക്കുന്നതായി തിരുമനസ്സുകൊണ്ടു (ഫെബ്രുവരി മാർച്ച് മാസം-) അയച്ച തിരുവെഴുത്തു കിട്ടിയതിൽ ക്രിസ്ത്യാ നികൾ ആഹ്ലാദഭരിതന്മാർ ആയിതീരുകയും തദുപദേശാനു സാരം അന്യരെ പരിത്യജിക്കയും ഇവിടെനിന്നു പുറപ്പെട്ടുന്നതി നു നിഷ്പ്രയാസമാകയുംചെയ്തു. (൪) എന്നാൽ ഇൻഡ്യയിൽ പ രിചയം ഇല്ലാത്തവരും പ്രൻസിസ്സൻ സഭാംഗങ്ങളും ആയ ര ണ്ടുപേർ അയാൾക്കു ചെയ്യുന്ന സഹായം ഇന്നുജനങ്ങൾക്കു പാ പകാരണമായി തീർന്നിട്ടുള്ളതും അയാൾ അവരോടു ഒരുമിച്ചു ഭാവല്ക പവിത്രതയെ സന്ദർശിക്കുവാനായി റോമ്മയിലേക്കു പു റപ്പെട്ടിട്ടുള്ളതും അവിടെനിന്നു അധികാരയുക്തനായി വരുവാ ൻ ഇടയാകുമെന്നു അവർ അയാളെ അറിയിച്ചിരിക്കുന്നതും ആ കയാൽ അങ്ങനെവരുന്നപക്ഷം അതു മുന്നേതിൽ വലുതായ നാശത്തിനു കാരണമായിതീരുന്നതാണു. (൫) പരേതനായ ഭാ രതിയ (ഗോവ) മെത്രാപ്പോലീത്താ അയാൾക്കു വിരോധമായി എഴുതിയ രണ്ടു സാധനങ്ങളെ ംരം എഴുത്തുസഹിതം അയച്ചു കൊള്ളുന്നു. അദ്ദേഹം അയാളോടു സ്വന്തം അധികാരപത്രം

കാണിക്കുകയോ അഥവാ അന്യാധികാരാതിത്തികളിൽ പ്രവേശിച്ച ദൈവികവും മാനുഷികവുമായ സകല നീതിക്കും വിരോധമായി മേല്പട്ടക്കാരനു സ്വതന്ത്രമായ ശ്രേഷ്ഠാധികാരത്തെ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യണം എന്നു പല അവസരങ്ങളിൽ അറിയിച്ചിട്ടും ഭവദീയ പരിശുദ്ധതയുടെ ഒരു എഴുത്താവട്ടെ സ്വ (അസ്സീ) റിയായിലെ പാത്രിയക്കീസിന്റെ യാതൊരു അധികാരപത്രം ആവട്ടെ ഹാജരാക്കുക ഉണ്ടായിട്ടില്ല. (ന്യ) അയാൾ ഒരു പട്ടക്കാരൻ മാത്രമാണെന്നു നമുക്കു പൂർണ്ണബോധം വന്നിരിക്കയാൽ പാത്രിയക്കീസിന്റെ വല്ല എഴുത്തും തദീയ പവിത്രതയുടെ അടുക്കൽ അയാൾ കൂണിക്കുന്ന പക്ഷം അതു വാസ്തവികമോ അല്ലയോ എന്നു മതിയായ വിധികർത്താക്കന്മാർ വഴിയായി പരിശോധിച്ചു നോക്കണമെന്നും ഓമ്മപ്പെടുത്തിക്കൊള്ളുന്നു. അയാൾമൂലം ഉളവായിട്ടുള്ള പാപകാരണങ്ങളെപ്പറ്റി അറിയുന്നതിനു ഇവിടെയുള്ളതിൽ വിശ്വസ്തന്മാരായ ആളുകൾ വഴിയായി അന്വേഷണം കഴിച്ചാൽ മതിയാകും. തദ്വാരാ ഒരംശവും പരമാഭീഷ്ടം നിവർത്തിക്കപ്പെടട്ടെ; അതിൽ പരമായി നാം യാതൊന്നും കാംക്ഷിക്കുന്നില്ല. (ഉ) ശെമഓൻ ഖിശ്തനായ ശേഷവും ആ മത ഭിന്നതയെ ഉദ്ധാരണം ചെയ്യുന്ന അന്യാളുടെ ചൈതന്യം അതിജീവി ആയി ഭവിച്ചേക്കുമോ എന്നാണു ഇപ്പോൾ ഇവിടെയുള്ള വലുതായ ഭീതി. ശെമഓനിൽനിന്നു വൈദികപദത്തെ പ്രാപിക്കയും നമ്മാലും കൊച്ചീമെത്രാനാലും തൽപദോത്ഥാപനം നിഷേധിക്കപ്പെടുകയും 'മഹരോൻ' പ്രഖ്യാപനം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്ന ചിലപട്ടക്കാരുടെനേക്കു സാഹായ്യത്തെപ്രദർശിപ്പിക്കയും സ്വതന്ത്രശ്രമങ്ങളിൽ പ്രവേശിപ്പിച്ച് കമ്മാദികളെ നടത്തിക്കയും ചെയ്യുന്ന പരങ്കികൾ ഉണ്ടാകുന്നതായാൽ സഭാകാര്യങ്ങളിൽ പരങ്കികൾ പരസ്പരം ഭിന്നതയോടുകൂടിയവരും 'സീസ്മ' ക്കാരുമാകുന്നു എന്നു ഏതദ്ദേശീയന്മാർക്കു അവരെപ്പറ്റി ഉണ്ടായിരിക്കുന്ന അ

ഭിപ്രായം ശാശ്വതീകരിപ്പാൻ സംഗതിയുള്ളതാണു. (വ) സ്ഥിരീയായിലെ പാത്രിയക്കീസിൽനിന്നു നമുക്കുസിദ്ധിച്ചിട്ടുള്ള അധികാരത്താൽ നമ്മുടെ ആർച്ച്ഡീക്കൻ ആയ മ്ശിഹായുടെ ഗിവറുഗീസ് പാലൂരിന്റെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടുകയും നമ്മുടെ ആയുഷ്കാലമുഴുവൻ നമ്മുടെനേക്കു അനുസരണയോടുകൂടി വർത്തിക്കുന്നപക്ഷം നമ്മുടെ സഹായിയും അനന്തരഗാമിയും ആയി നിയമിക്കപ്പെട്ടുകയുംചെയ്തിരിക്കയാൽ അദ്ദേഹത്തിന്റെ നിയമനത്തെ പരിശുദ്ധ പിതാവായ അങ്ങു സ്ഥിരപ്പെടുത്തണം എന്നു അപേക്ഷിക്കയും ആശിസ്സിനെ പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു".

ക്രി. ശേഷം 1599-ാമാണ്ടു കൂടിയ പ്രാദേശിക സൂനഹദോസിൽ മാർ അബ്രാഹവും സംബന്ധിച്ചു. അതിലെ തൃതീയസമ്മേളനത്തിൽ (Session) അങ്കമാലി ഉൽകൃഷ്ട മെത്രാസന ഇടവകയിൽ ഉൾപ്പെട്ടവരും തോമ്മാശ്ലീഹായുടെ ക്രിസ്ത്യാനികളും ആയ നസ്രാണികളേയും അവരുടെ വൈദികന്മാരേയും മെത്രാപ്പോലീത്തായേയും ഉദ്ദേശിച്ചു പന്ത്രണ്ടു നിയമങ്ങൾ നിർമ്മിക്കപ്പെട്ടു. പ്രഥമനിയമം മാർ അബ്രാഹത്തിന്റെ വിശ്വാസസത്യം തന്നെ. അതു സ്വയം വിശ്വസിക്കയും മറുള്ളവരെ പഠിപ്പിക്കയും ചെയ്യേണ്ടവ ആയ വിശ്വാസകാര്യങ്ങൾ ഒക്കയുടേയും ഒരു സംക്ഷിപ്തം ആയി റോമ്മയിൽവച്ചു അദ്ദേഹം ചെയ്ത (ക്രി. പി) വിശ്വാസപ്രഖ്യാപനത്തിന്റെ ഒരു ഭാഗംമാത്രവും രണ്ടു പ്രാവശ്യം എഫ്രേസസിലും രണ്ടു പ്രാവശ്യം കാൽസിഡോനിലും ഉണ്ടായ സൂനഹദോസുകളിലെ വിശ്വാസസംബന്ധമായ സത്യങ്ങളെ ഉദ്ദേശിക്കുന്നതും ആയിരിക്കുന്നതല്ലാതെ റോമ്മയിൽചെയ്ത വിശ്വാസസത്യംതന്നെ അല്ലായിരുന്നു. ദ്വിതീയനിയമം വൈദികന്മാരുടെ ഉപജീവന മാർഗ്ഗങ്ങളെ സംബന്ധിച്ചാണു. പട്ടക്കാർക്കു അഹവൃത്തിക്കു വകയില്ലാത്തതിനാലും ക്രിസ്ത്യാനികൾ അതിലേക്കായി യാതൊന്നും കൊടുക്കാതിരിക്കുന്നതിനാ

ലും വിശ്വാസികൾ ക്രിസ്ത്യാനികളെ കൈക്കൊള്ളുന്നതെയും ദേവാലയങ്ങളിൽ പ്രസംഗങ്ങൾ ഇല്ലാതെയും തീന്നിരിക്കയാൽ വികാരിമാക്കും അവരുടെ സഹായികളായ വൈദികന്മാക്കും മേലാൽ ഒരു സംഖ്യ വിശ്വാസികൾ കൊടുക്കേണ്ടതാണ എന്നും സൂനഹദോസ് തീരുമാനിക്കയും അങ്കമാലി ഉൾക്കൃഷ്ടമെത്രാസനം ഇടവകയിലെ ക്രിസ്ത്യാനികൾ ദരിദ്രന്മാർ ആയിരിക്കുനിമിത്തം അതിലെ വൈദികന്മാക്ക് പ്രതിവത്സരം ആയിരം ക്രൂസാദോ (Cruzados പോർട്ടുഗീസ് പൊൻനാണയം) വീതം പോർട്ടുഗാൽ രാജാവു കൊടുക്കണമെന്നു യാചിക്കയും ചെയ്യുന്നു. തൃതീയനിയമം പുരോഹിതന്മാരുടെ വ്യാപാരം, പഠിത്തം ഇത്യാദികളെ ഉദ്ദേശിച്ചുള്ളതു. പട്ടക്കാരെ സംബന്ധിച്ച ട്രെൻറിലെ സൂനഹദോസ് നിണ്ണയിച്ചിട്ടുള്ളവ അതുയും അവരിൽ ഉണ്ടായിരിക്കണം എന്നും, ആ സൂനഹദോസിന്റെ കല്പനയെ അനുസരിച്ച് വത്സരവട്ടത്തിൽ നാലു അവധികളിൽമാത്രം പൌരോഹിത്യപദം നൽകപ്പെടുകയും കുമ്പാനപ്പട്ടത്തിന ഇരുപത്തിയഞ്ചും ആറാംപട്ടത്തിന ഇരുപത്തിമൂന്നും കാഞ്ചാംപട്ടത്തിന ഇരുപത്തുരണ്ടും വയസ്സു തികഞ്ഞിരിക്കയും ചെയ്യണമെന്നും, പഠിത്തം ഇല്ലാത്തവരെയും ജീവനോപായ വിഹീനന്മാരെയും വൈദിക പദത്തിൽ പ്രവേശിപ്പിച്ചു കൂടെന്നും ഇനങ്ങൾക്കായി ക്രിസ്ത്യാനികളെ നിവർത്തിക്കുന്നതിന ഏതെങ്കിലും വാങ്ങിക്കുകയാവട്ടെ അധികം ആളുകളെ പുരോഹിതസ്ഥാനത്തിൽ സ്ഥാപിക്കുകയാവട്ടെ ആചാര്യ്യ പദപ്രാപ്തിയുടെ ശേഷം ആരെങ്കിലും വിവാഹം കഴിക്കുകയാവട്ടെ പാടുള്ളതല്ല എന്നുമാണ പ്രസ്തുത നിയമത്തിന്റെ സാരം.

ചതുർത്ഥനിയമത്തിൽ, മാമ്മോദീസാ, കുമ്പസാരം, പട്ടം ഇത്യാദി ക്രിസ്ത്യാനികളേയും അവകളുടെ പ്രവർത്തനത്തിൽ അനുസരിക്കേണ്ട ക്രമങ്ങളേയും "ചാവുദോഷ"ത്തിന്റെയും "പാവദോഷ"ത്തിന്റെയും പരസ്പര വ്യത്യാസത്തേയും ബന്ധിച്ച് പട്ട

ക്കാക്കു ശരിയായ ജ്ഞാനം ഉണ്ടായിരിക്കണം എന്നും, അതി
ലേക്കു ആവശ്യമുള്ള വിദ്യാമന്ദിരങ്ങൾ അവക്കു ഉണ്ടായിരിക്ക
ണം എന്നും ഇതു റോമ്മാപള്ളിയോടു യോജിച്ചും അനുരൂപ
മായും ഇരിക്കേണ്ടതായിട്ടാണു എന്നംനിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
മാർ തോമ്മാനസ്രാണികളിൽ ആരെ എങ്കിലും ആ ചായ്പുപദ
ത്തിലേക്കു ഉത്ഥാപനംചെയ്യുന്നതു അവരുടെ സ്വാതന്ത്ര്യമെത്രാൻ
അല്ലാതെ അന്യമെത്രാൻ ആകരുത് എന്ന സംഗതിയെസംബ
ന്ധിച്ചാണു പ്രഥമനിയമം. കൊച്ചീമുതലായ സ്ഥലങ്ങളിൽല
ത്തീൻ പഠിക്കുന്ന തോമ്മാനസ്രാണികൾക്കു ട്രെൻറിലെ സൂ
നഹദോസിൻെറ നിയമം അനുസരിച്ചു അവരുടെ സ്വാതന്ത്ര്യ മെ
ത്രാൻ ആണെന്നു പട്ടംകൊടുക്കേണ്ടതു്. ആകയാൽ അദ്ദേഹിൻെറ
പ്രത്യേകാനുമതികൂടാതെ മേലാൽ യാതൊരുമെത്രാനും അവക്കു
പട്ടംകൊടുത്തുകൂടാ. സ്വാതന്ത്ര്യമെത്രാനിൽനിന്നു പ്രൌഢരാഹിത്യം
സിദ്ധിച്ചിട്ടുള്ളവർതന്നെ ആയിരുന്നാലും അന്യമെത്രാൻെറ അ
ധികാരസീമയിൽ കടന്നു കുമ്പാനപ്പൊല്ലനതിനും അവിടത്തെ
ജനങ്ങൾക്കു ക്രമാശകളെ പരികർമ്മംചെയ്യുന്നതിനും സ്വാതന്ത്ര്യമെ
ത്രാൻെറ പ്രത്യേകാനുജ്ഞ ആവശ്യമാകുന്നു. ഏതൽകാരണംസംബ
ന്ധമായി സൂനഹദോസ് നിർണ്ണയിച്ചിട്ടുള്ളതു ഈവിധം അ
ത്രെ. ഷഷ്ഠനിയമം ക്രിസ്താബ്ദം—ലും ക്രിസ്താബ്ദം—ലും ഗോവയിൽ
കൂടിയ രണ്ടു പ്രാദേശിക സൂനഹദോസുകളിൽ അങ്കമാലി ഉൽ
കൃഷ്ട മെത്രാസനത്തെ ഉദ്ദേശിച്ചു നിർമ്മിക്കപ്പെട്ട നിയമങ്ങൾ
അവിടെ സ്വീകരിക്കപ്പെടുകയും നടപ്പിൽ വരുത്തുകയുംചെയ്തു
ണ്ടു സംഗതിയെസംബന്ധിച്ചാണു. ഏതൽ (ക്രിസ്താബ്ദം—ലെ)
സൂനഹദോസിലും ഇതിനുമുമ്പായി ഗോവയിൽകൂടിയ പ്രസ്തുത
രണ്ടു സൂനഹദോസുകളിലും (ട്രെൻറിലെ സൂനഹദോസിൻെറ
നിയമങ്ങൾക്കു അനുസാരമായി) നിർമ്മിക്കപ്പെട്ട നിയമങ്ങളെ
എല്ലാം നടപ്പിൽകൊണ്ടുവരുന്നതിനായി അങ്കമാലിമെത്രാപ്പോ
ലീത്തായെ ഭരമേല്പിക്കേണ്ടതും അദ്ദേഹം സ്ഥലകാലങ്ങളുടെനി

ലഭേദങ്ങളെ അനുസരിച്ചു അവയേയും അങ്കമാലിയിലും ഉദയം പേരൂരിലും ഇതിനുമുമ്പായി കൂടിയിട്ടുള്ള ഇടവകസൂനഹദോസുകളുടെ നിശ്ചയങ്ങളേയും ഭരണീയ ജനങ്ങളുടെ ആചരണത്തിൽ വരുത്തേണ്ടതും ആകുന്നു. ഇങ്ങനെ ചെയ്യുന്നതു (ലത്തീൻക്രമത്തിലും സുറിയാനിക്രമത്തിലും ഉൾപ്പെട്ട) നാംഏവരും ഐക്യത്തോടും യോജിപ്പോടുംകൂടി വർത്തിക്കേണ്ടതിനായിട്ടത്രേ. ഒരു വിധമാകുന്നു ഒരു സംഗതിയെപ്പറ്റി സൂനഹദോസിന്റെ പ്രസ്താവം.

ക്രമാശകളുടെ പരിമാറ്റത്തിലും അവകളുടെ പ്രവർത്തനത്തിലും അനുസരിക്കേണ്ട ക്രമങ്ങളും അതുയും ലത്തീനിൽനിന്നു കൽദായഭാഷയിലേക്കു തർജ്ജമചെയ്യണം എന്നു സിദ്ധാന്തിക്കുന്ന സപ്രമനിയമത്തിൽ, മെത്രാന്റെ ആവശ്യത്തിലേക്കായി പൊൻറിഫിക്കലും വൈദികന്മാരുടെ ഉപയോഗത്തിനായി ക്രമാശകളുടെ പ്രവർത്തനത്തിലും പരിചരണത്തിലും ആചരിക്കേണ്ട ക്രമങ്ങളും ലത്തീനിൽനിന്നു കൽദായ ഭാഷയിലേക്കും കുമ്പസാരത്തെ സംബന്ധിച്ച ചോദിക്കേണ്ട സംഗതികളെ വൈദികന്മാരുടെയും ലൌകികന്മാരുടെയും ഉപകാരത്തെ ഉദ്ദേശിച്ചു മലയാളത്തിലേക്കും തർജ്ജമചെയ്യണം എന്നും ഇവ എല്ലാം നാം ഏവരും യോജിപ്പോടുംസാമ്യത്തോടും കൂടി ഇരിക്കേണ്ടതിനായിട്ടാകുന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു. അങ്കമാലി മെത്രാപ്പോലീത്താ വയോവൃദ്ധനും ശരീര ദുർബ്ബലനും ആകയാലും ലത്തീൻപള്ളികളുടെ ക്രമങ്ങളെപ്പറ്റി അദ്ദേഹത്തിനു പരിചയമില്ലാത്തതിനാലും ഒരു സൂനഹദോസിന്റെ നിയമങ്ങളെ എല്ലാം നടപ്പിൽ വരുത്തുന്ന വിഷയത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു സൂനഹദോസിനാൽതന്നെ ഉത്തമനായ ഒരാൾ നിയോഗിക്കപ്പെടണം എന്നാകുന്നു അഷ്ടമനിയമം. നവ നിയമത്തിൽ വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയം, പലിശ ഒരു രണ്ടുവിഷയങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കപ്പെടുന്നു. ബാ

ബേലിൽനിന്നു അതുപേരും അയക്കപ്പെട്ടതു മെത്രാന്മാർ, മാർ അബ്രാഹം ചെയ്തതുപോലെ, മാപ്പിപ്പായിൽനിന്നോ അദ്ദേഹത്തിനു കീഴ്പെട്ടിരിക്കുന്ന ഒരു പാത്രിയക്കീസിൽനിന്നോ അവക്കു ലഭിച്ചിട്ടുള്ള അധികാരപത്രത്തെ ഗോവയിലെ മെത്രാപ്പോലീത്തായുടെ അടുക്കൽ കാണിക്കണം എന്നാകുന്നു ദശമ നിയമം. ഗോവയിലെ പ്രാദേശിക സൂനഹദോസുകളുടെ നിയമാവലി അടങ്ങിയിരിക്കുന്ന ഗ്രന്ഥത്തിൽ ഇവ എല്ലാം പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു. (15). മാർ അബ്രാഹത്തിന്റെ വിശ്വാസസത്യവും വിശുദ്ധവസ്തുക്കളുടെ ക്രയവിക്രയങ്ങളെ ഉദ്ദേശിച്ചുള്ള നിയമങ്ങളും നീക്കി ശേഷമുള്ളവ എല്ലാം കയ്യെഴുത്തായുള്ള പഴയ സുറിയാനി ഗ്രന്ഥങ്ങളിലും കാണുന്നുണ്ടു.

രണ്ടാമത്തേതും മൂന്നാമത്തേതുമായ നിയമങ്ങളിൽ പ്രതിപാദിക്കപ്പെട്ടതു, കുദാശപ്പെട്ടം ഏൾക്കുന്നതിനു നിശ്ചിതവയസ്സുതികഞ്ഞിരിക്കണം എന്നും കുദാശകളുടെ പെരുമാറ്റത്തിനും പ്രവർത്തനത്തിനുമായി ജനങ്ങളിൽനിന്നു യാതൊന്നും വാങ്ങിക്കുടെന്നും, തൽസ്വാതന്ത്ര്യം വിശ്വാസികൾ പട്ടക്കാർക്കായി ഒരുസംഖ്യ കൊടുക്കേണ്ടതാണു എന്നും ആണല്ലൊ. പട്ടം ഏൾക്കുന്നതിനു നിശ്ചിത വയസ്സുണ്ടായിരിക്കണം എന്നു പൌരസ്ത്യസഭകളിൽ നിയമം ഇല്ല. എന്നാൽ പാശ്ചാത്യ സഭയിൽ അതിലേക്കു സമയനിശ്ചയം ചെയ്യപ്പെട്ടിരിക്കയാൽ അതിനെ ഇവിടെ നടപ്പിൽ വരുത്തണം എന്നാണു പ്രസ്തുത നിയമത്തിന്റെ നിർമ്മാതാക്കളുടെ ഉദ്ദേശം. പാശ്ചാത്യ സഭയിൽ വൈദികന്മാരുടെ ഉപജീവനത്തിനായി പ്രത്യേക വരുമാനങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടു. പൌരസ്ത്യസഭയിൽ ആവട്ടെ പട്ടക്കാർക്കും മേല്പട്ടക്കാർക്കും ഉപജീവനത്തിനുള്ള വരുമാനം ആയി നിശ്ചയിക്കപ്പെട്ടിരിക്കുന്നതു കുദാശകൾ ആദിയായി അവർചെയ്യുന്ന വൈദികകർമ്മങ്ങളെ ഉദ്ദേശിച്ചു ജനങ്ങളാൽ ചെയ്യപ്പെടുന്ന ദാനം ആണു. മലങ്കരസഭയിലെ വൈദികന്മാർ ഇങ്ങനെ

യുള്ള ദാനങ്ങളെ ആദിമകാലംതുടങ്ങിതന്നെ ജനങ്ങളിൽനിന്നു സ്വീകരിച്ചിരുന്നു. അതു വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയം ആകുന്നു എന്നു പോർട്ടുഗീസുകാർ തെറ്റിദ്ധരിച്ചതിനാൽ അതിനെ വിരോധിച്ച നിയമനിമിത്തി ഉണ്ടാകുന്നതിനു സംഗതി ആയതു. പോർട്ടുഗീസു ചരിത്രകാരന്മാരുടെ കൃതികളിൽ ഒരം തെറ്റിദ്ധാരണമൂലം സൂറിയാനി പട്ടക്കാരേയും അവരുടെ അദ്ധ്യക്ഷന്മാരേയും സംബന്ധിച്ച വളരെ അബദ്ധങ്ങൾ കടന്നുകൂടുന്നതിനു സംഗതിയായിട്ടുണ്ടു. പതിനാറാംശതവത്സരത്തിലെ ഒരുപോർട്ടുഗീസ് ഗ്രന്ഥകർത്താവായ ബാറോസ് (Barros) ക്രിസ്തുവർഷം—ൽ പ്രസിദ്ധീകരിച്ച ചരിത്രഗ്രന്ഥത്തെ ഇതിലേക്കു ഒരു ദൃഷ്ടാന്തം ആക്കാം. അതിൽ മാത്തോമ്മാസ്ലീസായുടെ പ്രവർത്തനത്തിനും പട്ടംകൊടുക്കുന്നതിനും ആയി കൽദായ മെത്രാന്മാർ പണം വാങ്ങുന്നു എന്നും ജനങ്ങൾ ദരിദ്രന്മാർ ആകയാൽ ധനലാഭത്തിനുവേണ്ടിമാത്രമെ മാത്തോമ്മാസ്ലീസാ സ്വീകരിക്കയും പട്ടം ഏൽക്കയും ചെയ്യുന്നുള്ളു എന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഇതു എത്രമാത്രം അബദ്ധമായ പ്രസ്താവന ആകുന്നു എന്നു ഒരം അദ്ധ്യായത്തിൽ പല സ്ഥലങ്ങളിൽ ചേർത്തിട്ടുള്ള തെളിവുകളിൽനിന്നു വായനക്കാർക്കു എളുപ്പത്തിൽ മനസ്സിലാക്കാം. പോർട്ടുഗാൽ ദേശീയന്മാരായ മറുപല ഗ്രന്ഥകർത്താക്കന്മാരും ഒരം സംഗതിയിൽബാറോസിനെ അനുഗമിച്ചിട്ടുണ്ടു എന്നു വ്യസനസമേതം പ്രസ്താവിക്കാതെ നിവൃത്തിയില്ല. പോർട്ടുഗാൽ രാജസ്ഥാനത്തിൽനിന്നു പ്രതിവത്സരം ആയിരം ക്രൂസാദോവീതം സൂറിയാനിക്കാരായ വൈദികന്മാർക്കു കൊടുക്കണം എന്നു സൂനഹദോസ് ചെയ്ത അപേക്ഷ പ്രശംസാർഹം ആയിട്ടുള്ളതാണു എങ്കിലും അതു മലങ്കരസഭയുടെമേൽ അദ്ദേഹത്തിനു സംരക്ഷണാധികാരം സിദ്ധിക്കുന്നതിലേക്കു എടുത്തു കാണിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നായി തീർന്നിട്ടുണ്ടു എന്നുസംശയിച്ചെ മതിയാവു. ചരിത്രങ്ങളും പലരേ

ങ്ങളെക്കൊണ്ടു മേൽ (അ. ൻ. ഖ. ഭ; അ. ക്രാ ഖ. ഫ) ചെയ്യപ്പെട്ടിട്ടുള്ള പ്രസ്താവനകളും നമ്മെ മനസ്സിലാക്കുന്നതു സുറിയാനിക്കാർ നിദ്ധനന്മാർ അല്ലാതിരുന്നു എന്നാണു. ലത്തീൻ സുറിയാനി ക്രമങ്ങൾ ഏകീഭവിച്ച പോർട്ടുഗീസുകാരും, സുറിയാനിക്കാരും ഏകരീതിയും ക്രമങ്ങളും അനുസരിക്കുന്നവർ ആയി തീരണ്ടതിനായി, പട്ടം മുതലായവയെ കൊടുക്കുന്നതിൽ മെത്രാൻ അനുഷ്ഠിക്കുന്ന കർമ്മങ്ങളും ക്രമാശകളുടെ പെരുമാറ്റത്തിൽ വൈദികന്മാർ ഉപയോഗിക്കുന്ന ക്രമങ്ങളും മുഴുവൻ മാറ്റി തൽസ്ഥാനത്തിൽ ലത്തീൻ ക്രമങ്ങളെ ഭാഷാന്തരം ചെയ്തു ഉപയോഗിക്കണം എന്നാണെല്ലാ ഏഴാമത്തെ നിയമം മുകളിലുള്ളതു ഘോഷിക്കുന്നതു. ഐകരീത്യത്തിനുവേണ്ടി കൽദായ സഭയുടെ ക്രമങ്ങളെ മൂലോച്ഛേദം ചെയ്യണമെന്നാണു ഇതിന്റെ താല്പര്യം. അഞ്ചാമത്തെ നിയമത്തിൽനിന്നു നമുക്കു മനസ്സിലാകുന്നതു പോർട്ടുഗീസു മെത്രാന്മാർ ആ കാലംവരെ സുറിയാനിക്കാരായ വിദ്യാർത്ഥികളെ അവരുടെ മേലദ്ധ്യക്ഷന്മാരുടെ സമ്മതിക്കുടാതെ വൈദികപദപ്രവേശം ചെയ്തിച്ചിരുന്നു എന്നും സഭയുടെ (പോർട്ടുഗീസു മെത്രാന്മാരുടെ) അധികാരത്തിൽ പെട്ട പള്ളികളിൽ കർമ്മാദികളെ നടത്തുന്നതിലേക്കായി സുറിയാനി പട്ടക്കാരെ നിയോഗിച്ചിരുന്നു എന്നും ആ നടപ്പു ത്രൈതോസ് സുനഹദോസിന്റെ നിർണ്ണയങ്ങൾക്കു പ്രതികൂലമാകയാൽ ആ നിയമം അതിനെ നിർത്തൽചെയ്തു എന്നുമാണു.

പ്രസ്തുതമെത്രാനായ മാർ ശെമഓനിൽനിന്നു പൌരോഹിത്യം സ്വീകരിച്ച ചിലർ വിവാഹം ചെയ്തിരുന്നതായി പരമ്പരാരേഖകളിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ടു. ആചാര്യ പദപ്രാപ്തിയുടെശേഷം വിവാഹം ചെയ്യുകൂടെന്നു മൂന്നാമത്തെ നിയമത്തിൽ പറയുന്നതു അതിനെ ഉദ്ദേശിച്ചാണു. ഇതും പട്ടക്കാരുടെ പഠിത്തം, വ്യാപാരം ഇത്യാദികളെ സംബന്ധിച്ചുള്ള ചുരുക്കം ചില കാര്യങ്ങളും നീക്കി ശേഷമുള്ള എല്ലാ നിയമങ്ങളും

ത്രേന്തോസ് സൂനഹദോസിന്റെ നിയമങ്ങൾതന്നെ. പവിത്രതമം ആയ ആ സാവ്ത്രിക സൂനഹദോസിനാൽ നിർമ്മിതങ്ങളായ വിശ്വാസസംബന്ധം അല്ലാതെയുള്ള നിയമങ്ങൾ യൂറോപ്പിലെ ചില രാജ്യങ്ങളിൽപോലും സ്വീകരിക്കപ്പെടാത്തവയും പൌരസ്ത്യസഭകൾ അതിനെ അനുസരിക്കുന്നതിനു ഖണ്ഡിതകൾ അല്ലാത്തവയും ആണ്. മലങ്കര സഭക്കു അതുകളെ അനുവർത്തിക്കുവാൻ കടമ ഉണ്ടായിരുന്നില്ല. എങ്കിലും അവയെ സർവ്വഥാ അനുസരിക്കണമെന്നു പോർട്ടുഗീസു അധികൃതന്മാർ വിധിച്ചു. അതിനാലാണു അവയെ എല്ലാം നടപ്പിൽവരുത്തേണ്ട ഭാരത്തെ സൂനഹദോസ് മാർ അബ്രാഹത്തിൽ സംസ്ഥാപിച്ചത്.

൧൬൯൯—ലെ ഗോവ സൂനഹദോസിന്റെ ശേഷം പോർട്ടുഗീസു അധികാരികൾ മാർ അബ്രാഹത്തിന്റെനേരെ വിരസംഭാവിച്ചുതുടങ്ങി. അതിനുള്ള പല കാരണങ്ങളിൽ ഒന്നു അദ്ദേഹം സ്വാതന്ത്ര്യസഹായിയും അനന്തരഗാമിയും ആയി അഭിഷേകനെ നിയമിച്ചതാണു. മേൽ (ല. ൧൦) വിവരിച്ചിട്ടുള്ളതുപോലെ ൧൬൯൯—ൽ ഉണ്ടായ ഗോവ സൂനഹദോസിന്റെ തൃതീയ സമ്മേളനം പ്രഥമനിയമത്തിൽ സുറിയാനിക്കാരുടെ അദ്ധ്യാത്മഭരണം പോർട്ടുഗാൽ രാജ്യസ്ഥാനത്തിൽനിന്നു നിശ്ശേഷിക്കപ്പെടുന്ന മെത്രാനാൽ നിർവ്വഹിക്കപ്പെടണം എന്നായിരുന്നു തീരുമാനിക്കപ്പെട്ടിരുന്നത്. മാർ അബ്രാഹത്തിന്റെ സാന്നിദ്ധ്യത്തോടുകൂടി (൧൬൯൯—ാമണ്ടു) ഗോവയിൽ കൂടിയ സൂനഹദോസിന്റെ ആറാമത്തെ നിയമത്താൽ അതു അങ്കമാലിയിൽ ഉൽകൃഷ്ട മെത്രാസനത്തിലേക്കു സ്ഥീകരിക്കപ്പെടുകയും ഉണ്ടായി. എന്നാൽ പോർട്ടുഗീസുമെത്രാന്മാർക്കു സുറിയാനിക്കാരെ സമാധാനത്തോടുകൂടി ഭരിക്കുവാൻ ഒരുകാലത്തും സാധിക്കയില്ല എന്നും അങ്ങനെയുള്ള ഭരണം വളരെ ദോഷഫലങ്ങളെ ഉളവാക്കും എന്നുമുള്ളതിനെപ്പറ്റി മാർ അബ്രാഹത്തിനു പൂർണ്ണ ബോധം ഉണ്ടായിരുന്നു. ഒരു സംഗതി സംബന്ധിച്ചുണ്ടാ

യിട്ടുള്ള ഹർജ്ജികളെപ്പറ്റി ഇതിനുമുമ്പു (ഖ.ന്യ—ൽ) പറഞ്ഞിട്ടുള്ളതാണല്ലൊ. വിദേശികളായ കൽദായമെത്രാന്മാർ വരുന്നതായാൽ വൈസ്രോയിമാർ അവരെ ബഹിഷ്കരിച്ചുകളയും എന്നു അദ്ദേഹം അറിഞ്ഞിരുന്നു. അതിനാൽ വലിയ നാശത്തിൽനിന്നു ഒഴിവാൻവേണ്ടിയാണു സഭയുടെ അനന്തരഗാമിയായി രുച്ചു് ഡിക്രൂസെത്തന്നെ അബ്രാഹം നിയമിച്ചതു്. അതിലേക്കു വേണ്ടിയിരുന്ന അധികാരം പാത്രിയക്കീസിൽനിന്നു അദ്ദേഹം പ്രാപിച്ചിരുന്നു എന്നും ആ തെരഞ്ഞെടുപ്പിനെ സ്ഥിരീകരിക്കുവാൻ മാർപ്പാപ്പായുടെ അടുക്കൽ അപേക്ഷിക്കയുണ്ടായി എന്നും ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു. ആ നിയമനം ഗോവ സൂനഹദോസിന്റെ മേൽ കാണിച്ചിട്ടുള്ള നിശ്ചയത്തിനു വിരോധമായിരുന്നതിനാൽ പോർട്ടുഗീസു അധികാരികൾ മാർ അബ്രാഹത്തെപ്പറ്റി റോമ്മയിൽ പരാതി ബോധിപ്പിച്ചു. അവർ പറയുന്ന സംഗതികൾ മാർ അബ്രാഹം സഭാജനങ്ങളെ കത്തോലിക്കവിശ്വാസപദ്ധതിയിലേക്കു ആനയിച്ചുകൊള്ളാം എന്നു ഗോവ സൂനഹദോസിൽ വച്ചു വാഗ്ദാനം ചെയ്തിരുന്നു എന്നും എങ്കിലും ഇപ്പോൾ നെസ്തോറിയൻ അബദ്ധങ്ങളെ സ്വയം അവലംബിക്കയും വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയം സംബന്ധിച്ചു വളരെ തെറ്റുകളെ പ്രവർത്തിക്കയും ചെയ്തിരിക്കുന്നു എന്നും നെസ്തോറിയൻ പാഷണ്ഡമതസിദ്ധാന്തപ്രതിപാദകങ്ങൾ ആയ പുസ്തകങ്ങളെ തിരുത്തുന്ന വിഷയത്തിൽ വിസമ്മതം ഭാവിക്കുന്നു എന്നും തന്നിമിത്തം അദ്ദേഹത്തെ ഗോവയിൽ വരുത്തി വിസ്താരം നടത്തുവാനും അതിനിടയ്ക്കു അങ്കമാലി ശ്രേഷ്ഠമെത്രാസന ഇടവകയുടെ ഭരണകർത്താവായി ബന്ധീൽകാരനായ ഒരു വൈദികനെ നിയമിക്കുവാനും ആവശ്യമായ അധികാരം ഗോവമെത്രാപ്പോലീത്തായിക്കു കൊടുക്കണമെന്നും, മാർ അബ്രാഹം മരിക്കയോ നാമാവശിഷ്ടനായിതീരുകയോ ചെയ്യുമ്പോൾ തൽസ്ഥാനത്തിൽ നിയുക്തനാകേണ്ടതു് ഗോവ സൂന

ഹദോസിന്റെ (പ്രസ്തുത) നിയമം അനുസരിച്ചുള്ള ഒരു മതാദ്ധ്യക്ഷൻ ആയിരിക്കണം എന്നും മറുമാണ്ട. പോർട്ടുഗീസുഅധികൃതന്മാരുടെ വിരോധം ഹേതുവായിട്ട മാർ അബ്രാഹത്തിനു അരച്ച് ഡീക്കനെ മെത്രാഭിഷേകംചെയ്യുക ഭുസ്സാധ്യമായിരീന്നു. പോർട്ടുഗീസുകാരുടെ പ്രസ്തുത പരാതി ഹർജ്ജിക്കു മറുപടിയായി ക്ലെമൻറു അഷ്ടമൻ എന്ന മാപ്പാപ്പാ ഗോവ മെത്രാപ്പോലീത്തായിക്കു ക്രി൯ി൭ ജനുവരി ൨൭—ാംനു- ഒരു തിരുവെഴുത്തയച്ചു. ആ എഴുത്തും പ്രസ്തുതമാപ്പാപ്പാ ക്രി൯ി൭ ജനുവരി ൨൭—ാംനു- അയച്ചിട്ടുള്ള വേറൊരു തിരുവെഴുത്തും, ഗോവയിലെ മെനെസ്സെസ് മെത്രാപ്പോലീത്താ, ഓർഡ്ഡർ പാത്രിയർക്കീസ് എന്ന സ്ഥാനാഭിധാനത്തോടുകൂടി റോമ്മയിൽ നിവസിച്ചിരുന്ന അദ്ദേഹത്തിന്റെ ആപ്ത മിത്രമായ ഒരു വൈദികാദ്ധ്യക്ഷനായി ക്രി൯ി൭ ഡിസംബർമാസം ൧൯—ാംനു- അയച്ച ഒരു ലേഖനവും, പ്രസ്തുതമാപ്പാപ്പാ (പ്രാൻസീസ്കോസ എസ്സ്. ഒജു. എന്ന) അങ്കമാലിമെത്രാനും കേരളീയരായ സമസ്ത സുറിയാനിക്കാർക്കും ക്രിസ്തുമ്പ മേയ് ൧൯—ാംനു- എഴുതിയ ഒരു എഴുത്തും നി. വ. ഭി. ശ്രീ. കൊച്ചീമെത്രാൻ അവർകൾ ൧൯൧൯ൽ അലപ്പുഴെ പ്രസിദ്ധീകരിച്ച Subsidium ad Bullarium Patronatus എന്ന സഞ്ചകൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്.

പോർട്ടുഗീസു അധികാരികളുടെ പരാതിഹർജ്ജിക്കു ക്രി൯ി൭ ജനുവരി ൨൭—ാംനു- ക്ലെമൻറു അഷ്ടമൻ കൊടുത്തതായി പ്രസ്താവിച്ചിട്ടുള്ള മറുപടിയിൽ പറയപ്പെട്ടുന്ന സംഗതികൾ (൧) കത്തോലിക്കവിശ്വാസത്തെ സ്ഥിരീകരിക്കയും വി. സിംഹാസനത്തിന്റെനേരെ കീഴ്വഴക്കത്തെ പ്രദർശിപ്പിക്കയും സ്തീയം ആയ അങ്കമാലി ഉൽകൃഷ്ട മെത്രാസനത്തെ ഇടവകയെ മുഴുവനും കത്തോലിക്കവിശ്വാസപദ്ധതിയിലേക്കും വി. സിംഹാസനത്തിന്റെ നേരേയുള്ള അനുസരണയിലേക്കും ആനയിച്ചുകൊള്ളാം എന്നു ഗോവ സൂനഹദോസിൽ വാഗ്ദാനംചെയ്കയും ചെയ്ത മാ

ർ അബ്രാഹം നെസ്തോറിയൻ അബദ്ധങ്ങളെ അവലംബിച്ചു എന്നു മാപ്പിപ്പാ വ്യസനപൂർവ്വം അറിഞ്ഞു എന്നും, (൬) താദൃശാബദ്ധ നിബിഡങ്ങളും ആയ പുസ്തകങ്ങളെ അദ്ദേഹം പള്ളിയിൽ ഉപയോഗിക്കയും അവയിലുള്ള തെറ്റുകളെ തിരുത്തുവാൻ സമ്മതിക്കാതിരിക്കയും, (൭) വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയത്തിൽനിന്നു ഉല്പന്നമാകുന്ന 'സിമോനിയാ' എന്ന മഹാ പാപത്തെ പലപ്രാവശ്യം ചെയ്കയും ചെയ്യുന്നതിനാൽ (൮) ഗോവമെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ നടപടി, ജീവിതം, ഉപദേശം ഇത്യാദികളെപ്പറ്റി സൂക്ഷ്മാന്വേഷണം നടത്തി, കുറക്കാരൻ എന്നു പ്രത്യക്ഷപ്പെട്ടുന്നപക്ഷം ഗോവയിൽവരുത്തി മാന്യമായവിധത്തിൽ തടവിൽ പാർപ്പിക്കയും നടത്തിയ വിസ്താരത്തിന്റെ സംക്ഷിപ്തമായ ഒരു വിവരണം അദ്ദേഹത്തെ സംബന്ധിച്ച മാപ്പിപ്പാ ന്യായവിധി ചെയ്യേണ്ടതിനായി റോമ്മയിലേക്കു അയക്കയും ചെയ്യണം എന്നും, (൯) അതിനിടയ്ക്കു അങ്കമാലി ഉൽകൃഷ്ടമെത്രാസന ഇടവകയുടെ ഭരണം നിർവ്വഹിക്കേണ്ടതിനായി ലത്തീൻകാരനും നിർവൃത്തിയുണ്ടെങ്കിൽ സുറിയാനിഭാഷാപരിജ്ഞാനം ഉള്ളവനും ആയ ഒരു വൈദികനെ വികാരി അപ്പസ്തോലിക്കാ ആയി ഗോവമെത്രാപ്പോലീത്താ നിയമിക്കണം എന്നും അദ്ദേഹം പട്ടംകൊടുക്കാതെയിരിക്കേണ്ടതും, മെത്രാപ്പോലീത്തായിക്കു അദ്ദേഹത്തെ യഥേഷ്ടം മാറാവുന്നതുമാണ എന്നും, (൰) മാർ അബ്രാഹം പദവിതനാകയൊ നാമാവശിഷ്ടനായി ഭവിക്കയൊ ചെയ്യുമ്പോൾ, അദ്ദേഹത്താൽ സ്വീകരിക്കപ്പെട്ട ഗോവ സുനഹദോസിന്റെ നിയമം അനുസരിച്ചുള്ള ഒരു ആളിനെയാണ തൽസ്ഥാനത്തിൽ നിയമിക്കേണ്ടതെന്നും, (൱) മാർ അബ്രാഹത്തെപ്പോലെ കുറക്കാരനായി അങ്കമാലി പ്രദേശ (ഉൽകൃഷ്ട മെത്രാസനാ) തിത്തികളിൽ യാതൊരുത്തൻ ഉണ്ടായിരുന്നാൽ അയാളെപ്പറ്റിയും വേണ്ടപോലെ അന്വേഷണം നടത്തണം എന്നും ആകുന്നു.

ഫ്രന്സു. മാർ അബ്രാഹത്തെപ്പറ്റി പരാതി ബോധിപ്പിച്ച കാര്യകർത്താക്കൾ വൈസ്രോയിതുടങ്ങിയുള്ള അധികാരികളും സംഗതികളുടെ യാഥാർത്ഥ്യത്തെക്കുറിച്ചു ബോധം ഇല്ലാത്തവരും ആകുന്നു എന്നുള്ളതു പരാതിയുടെ സ്വഭാവത്തിൽനിന്നുതന്നെ വിശദമാകുന്നു. മാർ അബ്രാഹം സ്വന്ത ഭരണാധികാരത്തിൽപെട്ട ജനങ്ങളെ കത്തോലിക്കാ സഭയിലേക്കു പ്രവേശിപ്പിച്ചുകൊള്ളാം എന്നു ഗോവസ്മെന്റിനോടു സമ്മതിച്ചു വാഗ്ദാനം ചെയ്തിട്ടുണ്ടു എന്നാണല്ലോ അവർ പറയുന്ന ആട്ടിപ്രസംഗതി. അദ്ദേഹം സുന്നഹദോസിൽവച്ചു അങ്ങനെ വാഗ്ദാനം ചെയ്തതു ഉണ്ടായിട്ടില്ല എന്നു മേൽകാണിച്ചിട്ടുള്ള പ്രസ്തുത സുന്നഹദോസിന്റെ നിയമാവലിയിൽ നിന്നു ബോധ്യം ആകുന്നു. അങ്ങനെ ഒരു ഉടമ്പടി ഉണ്ടാകുന്നതിലേക്കു സാംഗത്യവും ഉണ്ടായിരുന്നില്ല. പ്രത്യുത, അദ്ദേഹത്തിന്റെ ഭരണീയന്മാർ പൂർവ്വകത്തോലിക്കാ മതാനുസൃതന്മാർ ആയിരുന്നു എന്നാണു ആനിയമങ്ങളിൽ ഓരോന്നും വിളിച്ചു പറയുന്നതു്. പതിമ്മൂന്നാമത്തെ ഗ്രിഗോരിയോസ് മാർപ്പാപ്പാ മാർ അബ്രാഹത്തിന്റെ അദ്ധ്യാത്മനേതൃത്വത്തിൽ സ്ഥിതിചെയ്തിരുന്നവർക്കായി വളരെ വിശുദ്ധാവശേഷങ്ങൾ, ജപമാലകൾ മുതലായവയെ അയച്ചുകൊടുത്ത സംഗതിയും അവർ അവയെ ഭക്തിപുരസ്സരം സ്വീകരിച്ചവിവരവും മുമ്പേതന്നെ (ല. ഫ്രന.) പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ കത്തോലിക്കാ വിശ്വാസികൾ ആയിരുന്നു എന്നല്ലാതെ മറ്റെന്തോന്നാണു ഇതിൽ നിന്നു പ്രത്യക്ഷപ്പെട്ടുന്നതു? കൂടാതെ, മാർ അബ്രാഹം സ്വന്ത അധികാരാതിർത്തിയിൽപെട്ട ദേവാലയങ്ങളിൽ പ്രസംഗം ചെയ്യുന്നതിനും വിശ്വാസികളോടു വേദകാര്യങ്ങളെ ഉപദേശിക്കുന്നതിനുമായി ഓരംശോസഭാസന്യാസ വൈദികന്മാരെ ക്ഷണിക്കയും തദ്ദ്യോഗനിർവ്വഹണത്തിലേക്കു ആവശ്യമായ സമസ്താനുവാദവും അവർക്കു നൽകുകയും ചെയ്തതും അവരുടെ ഉപദേശങ്ങളെ ആ ജനസഞ്ചയം ശ്ര

ഉപൂവ്വാ ശ്രുവിച്ചതും അവർ കത്തോലിക്കർ ആയിരുന്നു എ
ന്നുള്ള വാസ്തവത്തെ സവിശേഷം തെളിയിക്കുന്നു ഉഷ്ണാത്തുക്കൾ
അത്രേ. കേരളീയ നസ്രാണികൾ സഭാസങ്കടങ്ങളെ എല്ലാം
൧൭൭൨—ൽ പതിമ്മൂന്നാമത്തെ ഗ്രിഗോരിയോസ് മാപ്പാപ്പാ
യെ എഴുതിഅറിയിക്കയും (ല. ൻ) തിരുമനസ്സുകൊണ്ടു അവരു
ടെയും സകല ക്രിസ്ത്യാനികളുടെയും പിതാവു ആകുന്നു എന്നു
ആലേഖനത്തിൽ അവർ സമ്മതിച്ചു പറകയും ചെയ്തതും അ
വർ കത്തോലിക്കർ ആയിരുന്നതുകൊണ്ടത്തന്നെ. സഭാ ഇട
യൻ ആയ മാർ അബ്രാഹത്തിനു കീഴ്പ്പെട്ടിരിക്കണം എന്നു ഉ
പദേശിക്കുന്ന ഒരു തിരുവെഴുത്തു ആക്രിസ്തീയ ജനങ്ങളിൽക്കാ
യി പ്രസ്തുത മാപ്പാപ്പാ ൧൭൭൨ മാച്ച് ൫—ാംനു അയച്ചതാ
യി ഇതിനുമുമ്പു (ല. ഫനു) പറഞ്ഞിട്ടുണ്ടു. തിരുമനസ്സിലെ
ഈ പ്രവൃത്തിയിൽനിന്നു വ്യക്തമാകുന്നതു അവർ അദ്ദേഹത്തി
ന്റെ ശ്രേഷ്ഠാധിപത്യത്തെ സമ്മതിച്ചിരുന്നവരും കാതോലിക
വിശ്വാസത്തോടു കൂടിയവരും ആയിരുന്നു എന്നാണു. മാർ
അബ്രാഹം നെസ്തോറിയൻ അബദ്ധങ്ങളെ അവലംബിച്ചു എ
ന്നുകൂടിയും അദ്ദേഹത്തിന്റെ വിരോധികൾ ആക്ഷേപവാദം
ചെയ്യുന്നുണ്ടല്ലോ. അദ്ദേഹം അനുസരിച്ച അബദ്ധങ്ങൾ ഏ
തെല്ലാമായിരുന്നു എന്നു അവർ പറയുന്നില്ല. ൧൭൭൨—ൽ മാ
ർ അബ്രാഹം ദക്ഷിണഭാരതത്തിൽ എത്തിയതു മുതൽ
൧൭൯൩ വരെയുള്ള ഇരുപത്തെട്ടു സംവത്സരങ്ങൾക്കുള്ളിൽ
അദ്ദേഹം സാധിച്ചിട്ടുള്ള പ്രവൃത്തികളും അതിനിടക്കു പലപ്രാ
വശ്യം ചെയ്തിട്ടുള്ള വിശ്വാസ സത്യവും മാപ്പാപ്പായിക്കായി
അയച്ച പല എഴുത്തുകളും അദ്ദേഹത്തെ ശരിയായി അറി
ഞ്ഞിരുന്ന മഹാനുഭാവന്മാരുടെ സാക്ഷ്യങ്ങളും എല്ലാം മേൽ
പല സ്ഥലങ്ങളിലായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു. അബ്രാഹത്തി
ന്റെ വാദ്ധ്യദശയിൽ അദ്ദേഹത്തിന്റെ പേരിൽ കുറ
ങ്ങളെ ആരോപിക്കുന്നവർ തെറ്റിദ്ധാരണയാലും കാപ്പട്യോദ്ധാ

ഹിത്യം നിമിത്തവും കൽദായ മതാദ്ധ്യക്ഷന്മാരുടെ ആധിപത്യത്തെ ഭാരതക്ഷിതിയിൽനിന്നു ഉൻമൂലനം ചെയ്യണം എന്നുള്ള ഉദ്ദേശത്തോടുകൂടിയും ആണു പ്രവർത്തിക്കുന്നതു് എന്നു പ്രസ്തുത രേഖകൾ എല്ലാം വിളിച്ചറിയിക്കുകതന്നെ ചെയ്യുന്നു. സുറിയാനി സഭയുടെ അനുഷ്ഠാന ഭേദങ്ങളെ എല്ലാം നെസ്തോറിയൻ അബദ്ധങ്ങൾ എന്നാണു പോർട്ടുഗീസുകാർ പറഞ്ഞുവന്നിരുന്നതു. (ഇതിനെ സംബന്ധിച്ച യഥാവസരം പ്രതിപാദിക്കുന്നതാണു.) ഒരു കാരണത്താൽ അന്നത്തെ മെത്രാനും വൈദികന്മാരും പ്രവർത്തിക്കേണ്ടെ കൂദാശകളെ സംബന്ധിച്ചുള്ളവ സമസ്തവും ലത്തീനിൽനിന്നു തർജ്ജിമചെയ്തു ഉപയോഗിക്കപ്പെടണം എന്നു ക്രിസ്തുബ്ദം 1599-ൽ ഗോവയിൽ കൂടിയ സൂനഹദോസിൽവച്ചു അവർ ആവശ്യപ്പെട്ടതു്. മാർ അബ്രാഹം ആ നിയമത്തെ പൂർണ്ണമായി അനുസരിച്ചു എന്നു വിചാരിക്കുവാൻ മാർഗ്ഗമില്ല. എന്നുതന്നെയല്ല അന്നു അദ്ദേഹത്തിനു ദുസ്സാധ്യം അതിനെ അനുവർത്തിക്കുന്നതിനു ദൈവസമക്ഷം അദ്ദേഹം ക്ഷമചോദിപ്പാനുമായിരുന്നു. മാർ അബ്രാഹത്തിന്റെ മേൽ തെറ്റായ കുറ്റാരോപണം ചെയ്യുന്നതിനു സന്നദ്ധന്മാർ ആയിരുന്ന ജനങ്ങൾക്കു അതു ഒരു കാരണമായി പരിണമിച്ചു.

മാർ അബ്രാഹത്തിന്റെ പേരിൽ ചുമത്തപ്പെട്ടതായ വേറൊരു കുറ്റം അദ്ദേഹം 'സിമോനിയാ'യുടെ ഇനത്തിൽ ഉൾപ്പെട്ട വളരെ പാപങ്ങളെ ചെയ്തു എന്നുള്ളതാണു. എങ്കിലും അവയെ തെറ്റുകൾ എന്നതെല്ലാം സംഗതികളിൽ ആണു സംഭവിച്ചതുഎന്നു വിരോധികൾ പറയുന്നില്ല. വിശുദ്ധവസ്തുക്കളെയാവട്ടെ, അവയെ സംബന്ധിച്ച എന്തെങ്കിലും ആവട്ടെ ക്രയവിക്രയം ചെയ്യുന്നതിനുള്ള ഭൂമ്നസ്സിനെയാണല്ലോ 'സിമോനിയാ' എന്നു നാം സാധാരണ പറയുക. അങ്ങനെയുള്ള ഒരു ഭൂമ്നസ്സോടുകൂടി മാർ അബ്രാഹം ഒരിക്കൽപോലും പ്രവ

ത്തിക്കുക ഉണ്ടായിട്ടില്ല. അന്യായ പലിശ വാങ്ങിയവരുടെ സംഗതിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സംശയങ്ങളുടെ നിവൃത്തിക്കായി പതിമ്മൂന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പായിക്കു എഴുതി അയച്ചതു (ല. ക്ഛ) കൊണ്ടുതന്നെ മാർ അബ്രാഹം ഈ വിഷയത്തിൽ എത്രമാത്രം മനോനൈർമ്മല്യത്തോടുകൂടിയ ഒരു മതാദ്ധ്യക്ഷൻ ആകുന്നുഎന്നു നമുക്കു തീർച്ചയാക്കാം. കൂദാശകളുടെ പെരുമാറ്റത്തിനായി വൈദികന്മാരും മെത്രാന്മാരും (നാം കുബ്ബാനഅപ്പം വാങ്ങാറുള്ളതുപോലെ) ജനങ്ങളിൽനിന്നു ധർമ്മം സ്വീകരിച്ചിരുന്നുഎന്നും പോർട്ടുഗീസുകാർ തെറ്റിദ്ധരണമൂലം അതിനെ സിമോനിയാ ആയി കരുതിഎന്നും മുമ്പേതന്നെ (ല. ക്ഛ൪) വിവരിച്ചിട്ടുണ്ടു. അതിനെയാണു സിമോനിയാകുറ്റം ആയി മാർ അബ്രാഹത്തിന്റെ മേൽ ആരോപിക്കുന്നതു.

മാർ അബ്രാഹത്തിന്റെമേൽ ചെയ്യപ്പെട്ടുന്ന മറ്റൊരു തെറ്റായ കുറ്റാരോപണം നെസ്തോറിയൻ അബദ്ധ സമ്പൂർണ്ണങ്ങളായ പുസ്തകങ്ങളെ തിരുത്തുന്നസംഗതിയിൽ അദ്ദേഹം വൈമനസ്യം ഭാവിക്കുന്നു എന്നുള്ളതാണെന്നു വായനക്കാർ ഓർമ്മിക്കുമെന്നു വിശ്വസിക്കുന്നു. മാർ അബ്രാഹം നെസ്തോറിയൻ അബദ്ധങ്ങളെ അവലംബിച്ചുഎന്നും സത്യജനങ്ങളെ കത്തോലിക്കാ സഭയിലേക്കു മടക്കിയെടുക്കാം എന്നു ഗൊവ സൂനഹദോസിൽവച്ചു അദ്ദേഹം വാഗ്ദാനംചെയ്തു എന്നും ഉള്ള പ്രസ്താവനകൾ എത്രമാത്രം അബദ്ധ സമ്പൂർണ്ണങ്ങൾ ആകുന്നു എന്നു നാം കണ്ടുവല്ലൊ. ഇത്തരം അവകളെപോലെതന്നെ സ്ഖലിതപൂരിതമായ ഒരു പ്രസ്താവനതന്നെ. അബദ്ധപുസ്തകങ്ങളുടെ ഉപയോഗം മനഃപൂർവ്വമായും അല്ലാതെയും ഇങ്ങിനെ രണ്ടു വിധത്തിൽ ഉണ്ടാകാം. മനഃപൂർവ്വമല്ലാതെയുള്ള ഉപയോഗം കുറ്റകരമായ ഒരു പ്രവൃത്തിയായി ഭവിക്കുന്നില്ല എന്നതിൽ അഭിപ്രായ വ്യത്യാസം ഇല്ല. മാർ അബ്രാഹം അബദ്ധമതസിദ്ധാ

തങ്ങൾ അടങ്ങിയ പുസ്തകങ്ങളെ സ്വയം ഉപയോഗിക്കുകയോ വയ്ക്കട്ടെ, ഉപയോഗിക്കപ്പെടുന്നതിനു സമ്മതിക്കുകയാവട്ടെ ചെയ്തിട്ടില്ല എന്നുള്ളതു തീച്ചയാണു. നെസ്തോറിയൻകാരുടെ ചില പുസ്തകങ്ങൾ ബാബേലിലെ കത്തോലിക്കരുടെ കൈവശം ഉണ്ടായിരുന്നതുപോലെ കേരളീയ ക്രിസ്ത്യാനികളുടെ പക്കലും ഉണ്ടായിരുന്നു എന്നതിനെ ഇവിടെ നിഷേധിക്കുന്നില്ല; ഭാരതീയ ക്രിസ്ത്യാനികൾ അവയെ സ്വമതദ്രോതകങ്ങൾ ആയ പുസ്തകങ്ങളെപ്പോലെ സ്വീകരിക്കുകയും തദനുരൂപമായി അവയെ ഉപയോഗിക്കുകയും ചെയ്തിരുന്നു എന്നുള്ള വിരോധികളുടെ പ്രസ്താവനയാണു നിഷേധിക്കപ്പെടുന്നതു്. മാർ അബ്രാഹം സ്വാധ അധികാരാതിത്തികളിൽ ഉൾപ്പെട്ടിരുന്ന ദേവാലയങ്ങളിൽ പ്രസംഗങ്ങൾ ചെയ്യുന്നതിനും സ്വഭരണീയന്മാരെ കത്തോലിക്കാ മതസംബന്ധം ആയ സമസ്ത കാര്യങ്ങളേയും പഠിപ്പിക്കുന്നതിനും ആയി ഒരംശോ സഭാംഗങ്ങൾ ആയ വൈദികന്മാർക്കു പൂർണ്ണസ്വതന്ത്രതയെ നൽകിയ സംഗതി മേൽ (ഖ. ഗ) വിവരിച്ചിട്ടുള്ളതാണു. കൂടാതെ വൈദിക വിദ്യാർത്ഥികൾ എല്ലാം അവരുടെ നേതൃത്വത്തിൻ കീഴ് വിദ്യാഭ്യാസം ചെയ്യണം എന്നു ഏർപ്പാടു ചെയ്യുകയും അദ്ദേഹം കൂട്ടിയ സൂനഹദോസിൽ സമസ്ത കാര്യങ്ങളും അവരുടെ ആലോചന പ്രകാരം നടത്തുകയും ചെയ്തു. ഏതെല്ലാം തെറ്റുകളെ അവർ കാണിച്ചു കൊടുത്തുവോ അവയെ എല്ലാം തിരുത്തുന്നതിനു അദ്ദേഹം സമ്മതിച്ചു. ഒരു വിവരങ്ങളെല്ലാം പതിമ്മൂന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പായെ എഴുത്തുമൂലം അദ്ദേഹം അറിയിക്കയും ഉണ്ടായി. പുസ്തകങ്ങളിൽ അബദ്ധങ്ങൾ ഉണ്ടായിരുന്നു എങ്കിൽ അവയെ തിരുത്തുന്നതിനു മാർ അബ്രാഹം അതിൽ പരമായി എന്തോന്നാണു ചെയ്യേണ്ടിയിരുന്നതു? പോർട്ടുഗീസുകാർ അബദ്ധങ്ങൾ, അബദ്ധങ്ങൾ എന്നു ഉരുവിടുന്നതല്ലാതെ അവ എന്തെല്ലാമായിരുന്നു എന്നു ലക്ഷീകരിക്കുന്നില്ല. അതുകൊ

ൽ പുസ്തകങ്ങളിലെ അബദ്ധങ്ങളെ മാർ അബ്രാഹം തിരുത്തു ന്നില്ല എന്നു അവർ പറയുന്നതു് പട്ടം മുതലായ കൂദാശകളെ സംബന്ധിച്ചുള്ള പുസ്തകങ്ങളെ അദ്ദേഹം ലത്തീനിൽനിന്നു പരിഭാഷപ്പെടുത്തി (ല. ഫ്ര) ഉപയോഗിക്കാതിരുന്നതിനെ പ്പറ്റി ആയിരിക്കുവാനെ സംഗതിയുള്ളു.

നെസ്തോറിയൻ മതഭേദത്തിന്റെ പ്രചാര ശക്തികൾ നിമിത്തവും ആ ശാഖക്കാരിൽ നിന്നു മാനസാന്തരപ്പെട്ടവരും കത്തോലിക്കരും ഏകീഭവിക്കുക ഹേതുവായും (അ. വ്യ. ല. ഫ്ര) കൽദായക്കാരുടെ മതപുസ്തകങ്ങളിൽ പതിമ്മൂന്നാം ശതാബ്ദം തുടങ്ങി വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ വല്ല അബദ്ധങ്ങളും അറിയാതെ നുഴഞ്ഞുകയറുന്നതിനു ഇടയായിട്ടുണ്ടായിരിക്കാം. എന്നാൽ അവയെപ്പറ്റി അറിവുണ്ടായകാലത്തു അവ തിരുത്തപ്പെടുന്നതിനു സംഗതിയായിട്ടുണ്ടു. അസ്സീറിയായിലെ കൽദായക്കാരുടെവക പുസ്തകങ്ങൾ തിരുത്തപ്പെട്ടതു രണ്ടു വിധമാണു. കേരളീയ ക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങളിൽ അപ്രകാരമുള്ള തിരുത്തലുകളെ ചെയ്യുന്നതിനു പോർട്ടുഗീസുകാർ സമ്മതിച്ചില്ല. ആ വക പുസ്തകങ്ങളിൽ ഒന്നുപോലും ശേഷിക്കാത്തവണ്ണം അവയെ മാറ്റിക്കളകയാണു അവർ ചെയ്തതു. പള്ളിക്രമം സംബന്ധിച്ചുള്ള എല്ലാ പുസ്തകങ്ങളും ലത്തീനിൽനിന്നു തർജ്ജമചെയ്തു ഉപയോഗിക്കപ്പെടണം എന്നു അവർ "സിദ്ധാന്തിക്കുന്നതുതന്നെ" ഇതിലേക്കു മതിയായ ദൃഷ്ടാന്തമാണു. ഹർജ്ജിയിൽ പ്രതിപാദിക്കപ്പെട്ടുന്ന മറ്റു കാര്യങ്ങൾ ഒക്കെയും പോർട്ടുഗീസുകാക്കു മലങ്കരസഭയുടെമേൽ റോമ്മയിൽനിന്നു സിദ്ധിക്കേണ്ട ആധിപത്യത്തെയാണു ഉദ്ദേശിക്കുന്നതു.

൨൭. മാർ അബ്രാഹത്തെ ആദരിക്കുന്നതായി മേൽപ്രസ്താവിച്ചിട്ടുള്ള സകല കാര്യങ്ങളുടെയും യാഥാർത്ഥ്യത്തെ സ്ഥിരപ്പെടുത്തേണ്ടതിലേക്കു അദ്ദേഹത്തെ നല്ലപോലെ അറിയുകയും അദ്ദേഹത്തോടും ആച്ചൻഡീക്കനോടും വളരെകാലം സഹവസിക്ക

യും ചെയ്തിട്ടുള്ളവരായ ഠരംശോസഭയിലെ ചിലവൈദികന്മാർ അബ്രാഹത്തെ ആദരിക്കുന്നതിനായി അദ്ദേഹത്തിന്റെ ആയുസ്സിന്റെ അവസാനഘട്ടത്തിൽ റോമ്മാമാപ്പാപ്പായിക്കു അയച്ചുകൊടുത്ത എഴുത്തിൽ പറയപ്പെട്ടുന്നസംഗതികളെ താഴെചേർക്കുന്നു. (ഛ) തോമ്മാശ്ലീഹായുടെ ക്രിസ്ത്യാനികളെ ഭരിച്ചുവരുന്ന അങ്കമാലി മെത്രാപ്പോലീത്തായും ആച്ചുഡിക്കനും ആ ക്രിസ്തീയജനതയെ റോമ്മാപ്പാമ്മൂലിയുടെ ക്രമാനുഷ്ഠാനങ്ങളിലേക്കും വിശ്വാസത്തിലേക്കും കൊണ്ടുവരേണ്ടവരാകയാൽ അവർ(മെത്രാപ്പോലീത്തായും ആച്ചുഡിക്കനും) സ്വന്ത കീഴ്വഴക്കത്തെയും വിശ്വാസത്തെയും ദ്യോതിപ്പിക്കുന്നതിനായി മാപ്പാപ്പായിക്കു അയക്കുന്ന എഴുത്തുകൾക്കു അവിടുന്നു മറുപടി അയക്കയും പ്രസ്തുതകാര്യങ്ങൾക്കായി ഠരംശോസഭക്കാർ ആ ജനങ്ങളുടെ ഇടയിൽ ചെയ്യുന്ന പരിശ്രമങ്ങളെപ്പറ്റിതിരുമനസ്സുകൊണ്ടു സന്തോഷിക്കുന്നതായി അതിൽ പ്രസ്താവിക്കയുംചെയ്യണം. (ഛ) പ്രസ്തുത മെത്രാപ്പോലീത്തായിക്കു ഉപമെത്രാന്മാർ ഇല്ലാതിരിക്കുന്നതിനാൽ ഗോവയിലെ സൂനഹദോസിൽ സംബന്ധിക്കുവാനായി അദ്ദേഹം അവിടെ ചെല്ലുന്ന അവസരത്തിൽ അദ്ദേഹത്തെ സബഹുമാനം സ്വീകരിക്കണമെന്നു മറ്റു (പോർട്ടുഗീസു) മെത്രാന്മാരോടും, സൂനഹദോസിനു പുറമേയും അദ്ദേഹത്തോടു ബഹുമാനപുരസ്സരം വർത്തിക്കണമെന്നു ഗോവമെത്രാപ്പോലീത്തായോടും കൊച്ചിമെത്രാനോടും അവിടുന്നു കല്പിക്കണം; പ്രേഷകീയ സിംഹാസനത്തിന്റെനേരെ ആ ജനങ്ങളിൽ ഭക്തിബഹുമാനങ്ങളെ ഉളവാക്കുന്നതിനായി പരിശ്രമംചെയ്തുവരുന്ന ഠരംശോസഭക്കാരുടെ ഉദ്യമത്തിൽ ഇതു സഹായമായി തീരുന്നതാണു. (ന) ആച്ചുഡിക്കൻ അങ്കമാലി ഉൽകൃഷ്ട മെത്രാസന മഹാ ഇടവകയുടെ ഭരണത്തെ നിർവ്വഹിക്കുന്നതിലേക്കു ഉത്തമനായ ഒരാൾ ആകയാൽ, മെത്രാപ്പോലീത്താ ചരമംപ്രാപിക്കുന്നപക്ഷം ആ ക്രിസ്തീയസമുദായത്തു സ്ഥിരതയോടും ശുദ്ധമ

നസ്സാക്ഷിയോടുംകൂടി ഭരിക്കേണ്ടതിനു അദ്ദേഹത്തെ അഡ്മിനിസ്ട്രേറ്റർ ആയി മാറ്റുപ്പാ നിയമിക്കയും രാജപ്രതിനിധിയും പ്രാദേശിക ഭരണകർത്താക്കന്മാരും അദ്ദേഹത്തെ ബഹുമാനിക്കേണ്ടതിനായി പോർട്ടുഗാൽ മഹീപാലനോടു ത്രുപാർശചെയ്കയും കൊച്ചീരാജാവിനു, അദ്ദേഹം ക്രീസ്തുമതേതരനായിരിക്കുന്നു എങ്കിലും ക്രിസ്ത്യാനികളുടെനേരെ പ്രദർശിപ്പിച്ചുവരുന്ന ആദരത്തെ പ്രശംസിക്കുന്നതായ ഒരു എഴുത്തു അയക്കയും വേണം. (ഉ) നമ്മുടെ കർത്താവിനാൽ അനവധി അത്ഭുതങ്ങൾ മൂലം ബഹുമാനിക്കപ്പെടുന്ന ആശ്രമാധിപൻ (Abbot) ആയ വി. മാർ ഹൊർമിസ്ദായുടെ അഭിധാനത്തിൽ മെത്രാപ്പോലീത്താ അങ്കമാലിയിൽ സ്ഥാപിച്ചിട്ടുള്ള ദേവാലയത്തെ സന്ദർശിക്കയും പാപസങ്കീർത്തനത്തിന്റെ ശേഷം വിശുദ്ധകുർബ്ബാന ഉൾക്കൊണ്ടു പ്രാർത്ഥിക്കയും ചെയ്യുന്നവർക്കു ആ സിദ്ധന്റെ ഇരുതിരുനാൾകളിലും (കന്നിമാസത്തിലും പുനരുത്ഥാനശേഷം ഏഴാം ദിവസത്തിലും) നമ്മുടെ കർത്താവിന്റെ പിറവിതിരുനാളിലും, പന്തക്കുസ്താ ദിവസത്തിലും, സകലസിദ്ധന്മാരുടെയും വി. ലൊറന്തിയോസ് സഹദായുടെയും തിരുനാൾകളിലും ഓശാനമുതൽ പുനരുത്ഥാനം വരെയുള്ള വിശുദ്ധവാര സുദിനങ്ങളിലും പരിശുദ്ധപിതാവു പരിപൂർണ്ണ ദണ്ഡവിമുക്തിയെ കല്പിച്ചു നൽകുണം. ഒരം പരിഹാരമുക്തികളെ സ്വന്തം അനന്തരഗാമികൾക്കും പുനഃപ്രാപിക്കുവാൻ തക്കവിധത്തിൽ കൊടുത്താൽ മതിയെന്നാണു മെത്രാപ്പോലീത്തായുടെ അഭിഷ്ടം. (ഋ) മെത്രാപ്പോലീത്താ ലേഖനദ്വാരാ അപേക്ഷിച്ചിരിക്കുന്ന വിശുദ്ധാവശിഷ്ടങ്ങളേയും മറ്റു ഭക്ത്യുപകരണങ്ങളേയും കല്പിച്ചു കൊടുപ്പാറാകണം. ഒരം എഴുത്തും, പീയൂസ് ചതുർത്തന്റെ കാലംമുതൽ മാർ അബ്രാഹത്തെ സംബന്ധിച്ചു പുറപ്പെട്ടതായി ഒരം അദ്ധ്യായത്തിന്റെ പലഭാഗങ്ങളിൽ ചേർത്തിട്ടുള്ള സമസ്ത ലേഖനങ്ങളും വർത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെടുന്നു

മൂല പ്രതികളിൽനിന്നും എടുക്കപ്പെട്ടവയും കൽദായ പാത്രിയ
ക്കീസിന്റെ പ്രാതിനിദ്ധ്യത്തോടെകൂടി റോമ്മയിൽ നിവസിച്ചി
രുന്ന ശ്മയെൽജ്ജിയമിൽ എന്ന മഹാനുഭാവനാൽ ഫ്രൻഛാ
മാണ്ടു റോമ്മയിൽ പ്രസിദ്ധീകരിക്കപ്പെട്ടവയുമാണു. (16). 'മാ
ർ തോമ്മാനസ്രാണികളുടെ സത്യവിശ്വാസം' (The orthodo-
xy of the St. Tomas Christians) എന്ന അഭിധാനത്തിൽ വ.
ദി. ശ്രീ. ജോർജ്ജ് കത്തനാരവർകൾ ഫ്രൻഛ്—ൽ കോട്ടയത്തു
അച്ചടിപ്പിച്ച കൃതിയിലും പ്രസ്തുത ലേഖനങ്ങൾ എല്ലാം ഉദ്ധരി
ക്കപ്പെട്ടിട്ടുണ്ടു.

ക്ലെമെൻറു അഷ്ടമന്റെ അടുക്കൽ പോർട്ടുഗീസുകാർ ബോ
ധിപ്പിച്ചിരുന്ന പരാതിഹർജ്ജിയെ അനുസരിച്ചു തിരുമനസ്സുകൊ
ണ്ടു അയച്ച കല്പനയിൽ മാർ അബ്രാഹത്തെ വിസ്തരിക്കയും കു
റക്കാരനായി തെളിയുന്നപക്ഷം അദ്ദേഹത്തെ ബന്ധനസ്ഥൻ
ആയി ഗോവയിൽ താമസിപ്പിക്കയുംചെയ്യണം എന്നായിരുന്ന
ല്ലൊ പ്രസ്താവിക്കപ്പെട്ടിരുന്നതു. (ല. ഛ) എന്നാൽ കല്പന
പോലെ യാതൊരു വിസ്താരവും നടക്കുകയുണ്ടായില്ല. മാർ അ
ബ്രാഹം നിരപരാധി ആയിരുന്നു എന്നാണു ഇതിൽനിന്നംപ്ര
ത്യക്ഷപ്പെടുന്നതു. വിസ്താരം നടത്താതെ ഇരുന്നതിനുള്ള കാര
ണമായി ചില പോർട്ടുഗീസു ഗ്രന്ഥകർത്താക്കന്മാർ പറയുന്ന
തു മാർ അബ്രാഹത്തെ പിടിക്കുവാൻ സാധിക്കാതെവന്നു എ
ന്നാണു. യൌവ്വനയുക്തൻ ആയിരിക്കയിൽ പോർട്ടുഗീസു അധി
കാരികൾക്കു അദ്ദേഹത്തെ പിടിക്കുന്നതിനുമുമ്പു സാധി
ച്ചിരിക്കെ അദ്ദേഹത്തിന്റെ വാർദ്ധക്യാവസ്ഥയിൽ അവക്കു ഈ
തു അസാദ്ധ്യം ആയിവന്നു എന്നുപറയുന്നതിൽ യുക്തിഭംഗം ഉ
ണ്ടു. മെത്രാപ്പോലീത്തായെ ഗോവയിലേക്കു കൊണ്ടുപോകു
യാവട്ടെ, പാറാവിൽ താമസിപ്പിക്കുകയാവട്ടെ ചെയ്യാതിരുന്ന
തിന്റെ യഥാർത്ഥകാരണം അദ്ദേഹത്തിൽ യാതൊരുകുറവും
ഇല്ലാതിരുന്നതാണു. പ്രസ്തുത മാപ്പിളപ്പാ രണ്ടു സംവത്സരങ്ങളു

ടെ ശേഷം, എന്നുവച്ചാൽ ൧൭൯൭ ജനുവരി ൨൫—ാംനു- ഗോ
വയിലെ മെനെസെസ്സ് മെത്രാപ്പോലീത്തായിക്കു അങ്കമാലി ഉ
ൽകൃഷ്ട മെത്രാസനത്തെ സംബന്ധിച്ചു അയച്ച ഒരുതിരുവെഴു
ത്തുതന്നെ ഇതിലേക്കു മതിയായലക്ഷ്യമാകുന്നു. അങ്കമാലി ഉൽ
കൃഷ്ട മെത്രാസനത്തിലേക്കു കാനോൻ നിയമപ്രകാരം ഒരാൾ
നിയുക്തനാകുന്നതിനു മുമ്പു (മാർ അബ്രാഹം) മെത്രാപ്പോലീ
ത്താ ചരമംപ്രാപിക്കുന്നതിനു ഇടവരുന്നതായാൽ ഉൽകൃഷ്ടമാ
യ ആ ഇടവകക്കു ആത്മികമൊ ലൌകികമൊ ആയ യാതൊ
രു നാശവും സംഭവിക്കാതിരിക്കേണ്ടതിനായി വിവേകവും വ്യുല്പ
ത്തിയും ഭക്തിയും ഉള്ളള ഒരാളെ, മെത്രാൻ നിയമിക്കപ്പെടുന്നതു
വരെ, അതിലേക്കു വികാരി അപ്പസ്തോലിക്കാ ആയി നിശ്ചയി
ക്കേണ്ടതിനുള്ള അധികാരം ഗോവമെത്രാപ്പോലീത്തായിക്കു കൊ
ടുക്കുന്നു എന്നാണു അതിൽ പറഞ്ഞിരിക്കുന്നതു. കുറംനിമി
ത്തം ആ മെത്രാസനത്തിൽനിന്നു ബഹിഷ്കരിക്കപ്പെടേണ്ടവ
ൻ എന്നു ൧൭൯൭ ജനുവരി ൨൭—ാംനു-യിലെ തിരുവെഴുത്തു
മൂലം മാർ അബ്രാഹത്തെപ്പറ്റി രണ്ടു വത്സരങ്ങൾക്കുമുമ്പു വി
ധി പ്രസ്താവിച്ച എട്ടാമത്തെ ക്ലെമെൻറു മാപ്പാപ്പാതന്നെ പി
ന്നീടു എഴുതിയ ൦രം തിരുവെഴുത്തുമൂലം അദ്ദേഹം അപരാധി
അല്ല എന്നും അങ്കമാലിയുടെ വ്യവസ്ഥാപിതൻ ആയ മെത്രാ
പ്പോലീത്താ ആകുന്നു എന്നും സമ്മതിക്കയും കാനോൻ നിയ
മാനുസാരം വേറൊരുമെത്രാൻ അങ്കമാലിക്കു നിശ്ചയിക്കപ്പെടു
ന്നതിനുമുമ്പായി അദ്ദേഹം മരിക്കുന്നതായാൽ മാത്രമെ ആ ഉ
ൽകൃഷ്ട മെത്രാസന ഇടവകയെതാല്ക്കാലികമായി ഭരിക്കേണ്ടതി
നു ഒരു വികാരി അപ്പസ്തോലിക്കായെ ഗോവമെത്രാപ്പോലീത്താ
നിയമിക്കേണ്ടതുള്ള എന്നു അറിയിക്കയും ആണു ചെയ്യുന്നതു.
മാർ അബ്രാഹത്തെപ്പറ്റിയുള്ള വാസ്തവങ്ങൾ മാപ്പാപ്പാ പി
ന്നീടു ശരിയായവഴിക്കു അറിയുന്നതിനു സംഗതിയായതിനാൽ
ആണു രണ്ടാമത്തെ തിരുവെഴുത്തിൽ ൦രം വിധംപ്രസ്താവിച്ചതു.

ഇതിനിടയ്ക്കു ക്രിസ്തുവർഷം 1599-ാമാണ്ടു ഗോവയിൽ കൂടിയ നാലാമത്തെ പ്രാദേശിക സൂനഹദോസിൽ സംബന്ധിക്കുന്നതിനായി മാർ അബ്രാഹം ക്ഷണിക്കപ്പെട്ടു എങ്കിലും അദ്ദേഹം അതിൽ ചേരുക ഉണ്ടായില്ല. പോർട്ടുഗീസു അധികൃതന്മാർക്കു അബ്രാഹത്തിന്റെനേരെ ക്രോധം വർദ്ധിക്കുന്നതിനു അതു കാരണമായിതീർന്നു. ക്രിസ്തുവർഷം 1653-ൽ കൂടിയ സൂനഹദോസിൽ മാർ അബ്രാഹം സംബന്ധിച്ചിരുന്ന സംഗതി ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ കാലത്തുതന്നെ അദ്ദേഹം മഹാവൃദ്ധൻ ആയിരുന്നു എന്നു ആ സൂനഹദോസിന്റെ തൃതീയ സമ്മേളനം അഷ്ടമനിയമംകൊണ്ടു തെളിയുന്നു സ്ഥിതിക്കു അതിൽപിന്നെ ഏഴു സംവത്സരങ്ങളുടെശേഷം നടന്ന നാലാമത്തെ സൂനഹദോസിന്റെ കാലത്തു അദ്ദേഹം പൂർവ്വാധികം വയോവൃദ്ധതയെ പ്രാപിച്ചിരുന്നു എന്നു മാന്യവായനക്കാരെ വിശേഷിച്ചുപറഞ്ഞു അറിവിക്കേണ്ട ആവശ്യം ഇല്ല. ആ അവസ്ഥയിൽ ദീർഘയാത്ര ചെയ്തു ഗോവയിൽ എത്തി സൂനഹദോസിൽ സംബന്ധിക്കുക അദ്ദേഹത്തിനു കേവലം ദുസ്സാധമായ ഒരുകാര്യമായിരുന്നു. മാർ അബ്രാഹത്തിനു ഉപമെത്രാന്മാർ ഇല്ലായിരുന്നതു കൊണ്ടാണല്ലൊ അദ്ദേഹം ഗോവ സൂനഹദോസിൽ ചേരണമെന്നു പോർട്ടുഗീസു അധികാരികൾ റോമയിൽ ബോധിപ്പിക്കയും അതിനെ അനുസരിച്ചു മാറ്റപ്പാപ്പാ കല്പന അയക്കയും ചെയ്തതു. ഇപ്പോൾ ആവട്ടെ, മെത്രാഭിഷിക്തനായി തീർന്നിട്ടില്ല എങ്കിലും തൽസ്ഥാനത്തിലേക്കു നിയുക്തനായി അതുറപ്പിക്കുന്നുണ്ടായിരിക്കുന്നതുകൊണ്ടു ക്രിസ്തുവർഷം 1653-ലെ പ്രസ്തുത സൂനഹദോസിൽ മാർ അബ്രാഹം സംബന്ധിക്കാതിരുന്നതുനിമിത്തം ചില പോർട്ടുഗീസു ഗ്രന്ഥകാരന്മാരും അവരെ അനുഗമിച്ചു മറുചിലരും അദ്ദേഹത്തിന്റെമേൽ കുറ്റാരോപണംചെയ്യുന്നതു നീതീകരിക്കപ്പെടാവുന്നതല്ല.

ഏവ്വം പ്രസ്തുതമാറ്റപ്പായുടെ ബുൾലിലി ക്രിസ്തുവർഷം 1653-ാമാണ്ടു ഭാ

രുവഷ്ത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. മാർ തോമ്മാനസ്രാണികൾ ആ ജൂബിലിയെ ആചരിച്ച സംഗതിയെ സംബന്ധിച്ചു പത്രോസ് ജാറി എന്ന ഒരു ശോസഭക്കാരനായ ഒരു ഗ്രന്ഥകർത്താവു ഫ്രാൻസ്ഫർട്ടിൽ കൊലോനിൽ (Cologne) പ്രസിദ്ധപ്പെടുത്തിയ സചന്ദ്രകൃതിയിൽ താഴെകാണുംവിധംപ്രസ്താവിച്ചിരിക്കുന്നു. "ഈ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഏതൽക്രിസ്തീയജനങ്ങൾ അത്യന്തം സന്തുഷ്ടന്മാരാകയും മാപ്പാപ്പായെ പുകഴ്ത്തുന്നതിനും പ്രശംസിക്കുന്നതിനും അവർക്കു ഇതു ഒരു കാരണമായി ഭവിക്കയുംചെയ്തു. പ്രസ്തുതജൂബിലി അവസരത്തിൽ അവർ ഉപവസിച്ചിരുന്ന ദിവസങ്ങളിൽ സന്ധ്യവരെയാതൊന്നും അനുഭവിക്കാതെ പകൽ മുഴുവൻ ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടതും അധികം ജനബാഹുല്യമുള്ളതുമായ പട്ടണത്തിൽ രണ്ടായിരത്തിൽപരം അള്ളകൾ പാപസങ്കീർത്തനം ചെയ്തുയുണ്ടായി. ചിലർ കപ്പസാരിക്കേണ്ടതിനായി ആചാര്യന്റെ അടുക്കലേക്കു അദ്ധ രാത്രിമുതൽ വന്നുകൊണ്ടിരുന്നു. അതിനിടയ്ക്കു മറ്റു സ്ഥലങ്ങളിലെ ജനങ്ങൾ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ട ദിക്കിലെ വൈദികന്റെ അടുക്കൽ ചെന്നു അവിടങ്ങളിലും അതിനെ വിളംബരംചെയ്യണം എന്നു അപേക്ഷിച്ചിരുന്നു; എന്നാൽ എല്ലാവരുടേയും ആഗ്രഹത്തെ അനുവർത്തിക്കുവാൻ കൂടാത്തതിനാൽചിലർക്കുമാത്രമെ അതിനെ ലഭിക്കുന്നതിനു സംഗതിയായുള്ളൂ"(17) ഒരു പ്രസ്താവനകൊണ്ടു ആ ജൂബിലി ഒരേകാലത്തുതന്നെ സകലത്തും പ്രസിദ്ധീകൃതമായില്ല എന്നു കാണുന്നു. അച്ചടി യന്ത്രത്തിന്റെ ഉപയോഗം ആ കാലത്തു ഇല്ലാതിരുന്നതുകൊണ്ടു ജൂബിലിയുടെ പ്രസിദ്ധീകരണത്തിലേക്കു ദ്രുവശ്യമായ പരസ്യങ്ങൾ എല്ലായിടങ്ങളിലും ഒരേസമയത്തു എത്തിക്കുവാൻ നിവൃത്തിയില്ലാതെപോയതാണു അതിനുള്ള കാരണം.

അടുത്ത സംവത്സരമായ ഫ്രാൻസ്—ൽ മാർ അഞ്ചാഹം കു

ത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ഒരു സംഗതിയെപ്പറ്റി പ
ത്രോസ് ഇറ്റലി പ്രസ്താവിച്ചിരിക്കുന്നതു താഴെ കാണുംപ്രകാരമാ
ണു. "പിറെറ ആണ്ടിൽ മെത്രാപ്പോലീത്താ കഠിന രോഗത്തി
ൽഉൾപ്പെട്ടു. അദ്ദേഹത്തിന്റെ ദീനവിവരം അറിഞ്ഞു ജ്ഞാങ്ങ
ൾ നാനാഭാഗങ്ങളിലുംനിന്നു വന്നുകൂടിയിരുന്നു. തന്റെ മരണം
സമീപിച്ചിരിക്കുന്നു എന്നു അദ്ദേഹം കാണുകയാൽ വൈപ്പി
ക്കോട്ടിലെ വിദ്യാലയത്തിന്റെ അദ്ധ്യക്ഷനേയും ആർച്ച്ഡീക്ക
നേയും വൈദികന്മാരേയും ക്രൈസ്തവ ജനപ്രധാനന്മാരേയും
അടുക്കൽ വരുത്തി; അവരെ എല്ലാവരേയും ഒരുസ്ഥലത്ത് കൂട്ടി
യശേഷം ഉരുതരങ്ങളും ഫലപ്രദങ്ങളുമായ കാര്യങ്ങളെ അവ
രോടു ഉപദേശിച്ചു. ആ പ്രബോധനത്തിന്റെ സാരാംശം സാ
ക്ഷ്യഭൗമസഭയുടെ അദ്ധ്യക്ഷൻ ആയ റോമാമെത്രാനു സ്വന്ത
മേഷ്യസ്ഥത്തെ ഭരമേല്പിക്കുന്നു എന്നും റോമാപള്ളിയെ സക
ല പള്ളികളുടേയും മാതാവും ജനയിത്രിയും ആയി എല്ലാവരും
അംഗീകരിക്കണമെന്നും മറ്റു മെത്രാന്മാരുടേയും മതാദ്ധ്യക്ഷന്മാ
രുടേയും അധികാരം റോമാമേല്പട്ടക്കാരന്റെ അധികാരത്തെ
ആശ്രയിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തെ അധിപതിയായും,
പിതാവായും ഇടയനായുംസ്വീകരിച്ച അദ്ദേഹത്തിന്റെ നേരെ
ആദരബഹുമാനങ്ങളെ പ്രദർശിപ്പിക്കണമെന്നും, അകഷ്ിതമാ
യ ആ ദ്രാക്ഷാവാടിക (അങ്കമാലി)യെ രൂചീകരിക്കേണ്ടതിനാ
യി പ്രേഷകീയ സിംഹാസനത്താൽ നിയുക്തന്മാർ ആയും റോ
മ്മാപള്ളിയുടെ സത്യവിശ്വാസത്തെ ഉപദേശിക്കുന്നവർ ആ
യും ഇരിക്കുന്ന ഈശോസഭാ വൈദികന്മാരുടെ വാക്കുകളെ കേ
ട്ടു അനുസരിക്കയും 'സത്യവും നിർവ്യാജവും ആയ പഠനങ്ങളെ
അനുഗമിക്കയും ചെയ്യണം എന്നുമാകുന്നു. അനന്തരം (വൈ
പ്പിക്കോട്ട വിദ്യാമന്ദിരത്തിന്റെ അദ്ധ്യക്ഷനായ) വൈദികന്റെ
പക്കലേക്കു തിരിഞ്ഞു, ഒരുശോശ്ശിഹായുടെമേൽ ഉള്ള സ്നേ
ഹത്തെപ്രതിയും പൂർവ്വ മൈത്രിയുടെ കടമകളെ ഓർത്തും പ്രേഷ

കിയ സിംഹാസനത്തിൻെറനേരെ ഉണ്ടായിരിക്കേണ്ട അനുസരണയെ വിചാരിച്ചും പള്ളിയുടെ നേതൃത്വത്തെ സ്വീകരിക്കയും കഴിയുന്നത്ര അതിനെനിവ്വഹിക്കയും ചെയ്യണം എന്നപേക്ഷിച്ചു. സ്വന്ത വിശ്വാസത്തിൻേറയും ചരമവേളയിലെ സ്വീയമായ ആഗ്രഹത്തിൻേറയും പ്രമാണമായി ഭവിഷ്യ കാലിനന്മാരുടെ ഇടയിൽ ഇരിക്കേണ്ടതിലേക്ക ഇവകളെ എല്ലാം രേഖപ്പെട്ടുത്തുവാനും വക്കുകായ്ങ്ങളെ ഏഴുതിവെപ്പാനും ആഗ്രഹിക്കുന്നു എന്നും പ്രാഗ്വത്സരത്തിൽ മാപ്പ്വാപ്പായിക്ക ഏഴുതുകയും സ്വന്ത പള്ളിയെ അദ്ദേഹത്തെ ഭരമേല്പിക്കയും ചെയ്തിട്ടുണ്ട എന്നും തതഃപരം പ്രസ്താവിച്ചു" (18).

മാർ അബ്രാഹത്തിൻെറ മരണശേഷം പതിനെട്ട സംവത്സരങ്ങൾ കഴിഞ്ഞപ്പോളാണ ജ്ഞറിയുടെ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത. അദ്ദേഹത്തിനു മാർ അബ്രാഹത്തിൻെറ ചരമ വൃത്താന്തങ്ങളെ നേരിട്ടും സ്വന്ത സഭാംഗങ്ങളായ ഒരംശോസഭക്കാർ വഴിയായും അറിയുന്നതിനു ധാരാളം സംഗതിയുണ്ടായിരുന്നു. എന്നാൽ മാർ അബ്രാഹത്തിൻെറ ചരമം സംഭവിച്ചുതായി പറയുന്ന വത്സരത്തിൻെറസംഗതിയിൽ ജ്ഞാറിക്ക അല്പംപിശകു വരുന്നതിനു ഇടയായിട്ടുണ്ട. ചരമവത്സരം ക്രി൫൫൭ാം മാപ്പ്വാപ്പായുടെ ജ്ഞൂബിലി ഘോഷിച്ച ആണ്ടു ക്രി൫൫൯ാം എന്നാണ അദ്ദേഹം പ്രസ്താവിക്കുന്നത. എന്നാൽ മരണശാസനത്തിൽ പറയപ്പെട്ടുന്ന സംഗതികളെ ആധാരമാക്കി നോക്കുന്നതായാൽ തലേ ആണ്ടിൽ മാപ്പ്വാപ്പായിക്ക എഴുതീട്ടുണ്ട എന്നു മെത്രാപ്പോലീത്താ പറയുന്നതു ക്രി൫൫൮ാം അല്ലാതെ ക്രി൫൫൯ാം ഉദ്ദേശിച്ചായിരിക്കുവാൻ വഴി കാണുന്നില്ല. ക്രി൫൫൯ൽ പോർട്ടുഗീസു അധികൃതന്മാർ മാർ അബ്രാഹത്തെപ്പററി മാപ്പ്വാപ്പായുടെ അടുക്കൽ ബോധിപ്പിച്ച പരാതികളെ ആസ്പദമാക്കിയാണ അദ്ദേഹത്തെവിസ്തരിക്കുവാനും ഗോവയിൽ താമസിപ്പിച്ചുകൊണ്ടു അങ്കമാലി ഇടവകയുടെ ഭരണ

കത്തോലിക്കയായി വേറൊരാളെ നിയമിക്കുവാനും ക്ലിൻ൫ ജനുവരി ൨൭—ാംതീയതി ക്ലെമെൻറു അഷ്ടമൻ ഗോവയിലെ മെത്രാപ്പോലീത്തായെ അധികാരപ്പെടുത്തിയതു. എന്നാൽ മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ മാപ്പിപ്പാ ക്ലിൻ൭ ജനുവരി ൨൮—ാം തീയതിയിലെ രണ്ടാമത്തെ തിരുവെഴുത്തു മൂലം (ക്ലിൻ൫ ജനുവരി ൨൭—ാംതു-ലെ) ആദ്യ തിരുവെഴുത്തിലെ നിയമത്തെ ഭേദപ്പെടുത്തി, മാർ അബ്രാഹത്തിൻെറ മരണശേഷം മാത്രമെ അങ്കമാലിയിലേക്കു മറെറാരു മെത്രാനെ നിയമിക്കാവൂ എന്നു കല്പിച്ചിട്ടുള്ളതിനാൽ, ക്ലിൻ൫—ൽ മാർ അബ്രാഹം പരേതനായിട്ടില്ലെന്നും; പിറെറ (ക്ലിൻതു—ാം) ആണ്ടിൽ അദ്ദേഹം മാപ്പിപ്പായിക്കായി അയച്ച എഴുത്തു കൈപ്പറ്റിയശേഷം ആണ തിരുമനസ്സുകൊണ്ടു ക്ലിൻ൭ ജനുവരി ൨൮—ലെ രണ്ടാമത്തെ തിരുവെഴുത്തു അയച്ചതെന്നും തന്നിമിത്തം മാർ അബ്രാഹത്തിൻെറ ചരമം സംഭവിച്ചതു ക്ലിൻതു—ാം ആണ്ടിലാണെന്നും ഉള്ളതു അവിതർക്കിതമാണു. സംഗതിയുടെ യാഥാർത്ഥ്യം ഇപ്രകാരം ഇരിക്കെ, മാർ അബ്രാഹം ക്ലിൻ൫—ൽ രോഗബാധിതനായി തീർന്നപ്പോൾ കത്തോലിക്കമതത്തെ അനുസരിക്കയും അനന്തരം രോഗശാന്തി ലഭിച്ച രണ്ടു സംവത്സരങ്ങൾ കൂടി ജീവിച്ചിരുന്നതു നിമിത്തം നെസ്തോറിയൻ പാഷണ്ഡതയെ അവലംബിക്കയും ആ സ്ഥിതിയിൽതന്നെ ക്ലിൻ൭—ാമനു മരിക്കയുംചെയ്തു എന്നും തിരുവിതാംകൂർ സ്റ്റേറുമാനുവലിൽ (Vol II. P. 171) മിസ്റ്റർ മെക്കൻസി പ്രസ്താവിക്കുന്നതു പ്രസിദ്ധമായ ഒരു അബദ്ധമാകുന്നു എന്നു നിസ്സംശയം തീരുമാനിക്കാം. പോർട്ടുഗീസുകാരായ ഗ്രന്ഥകാരന്മാരും അവരെ അനുഗമിച്ച മറു എഴുത്തുകാരും കൽദായ മെത്രാന്മാരെ സംബന്ധിച്ച ചാസ്ത്രവിരുദ്ധങ്ങളായ അനവധി സംഗതികൾ പ്രമാദംമൂലം രേഖപ്പെടുത്തുന്നതിനു ഇടയായിട്ടുണ്ടു. പൂർവ്വദേശീയനും പതിനേട്ടാം ശതവത്സരത്തിലെ ഒരു വിശ്രുത ഗ്രന്ഥ നിർമ്മാതാവും

ആയ അസ്സേമാൻക്കൂടിയും ഭാരതീയന്മാർ ആയ കൽദായക്കാരേയും പതിനാറാം നൂറാണ്ടിൽ അവരുടെ മതാദ്ധ്യക്ഷന്മാർ ആയിരുന്ന മാർ യാക്കോബ്, മാർ യൌസേപ്പു, മാർ അബ്രാഹം എന്നവരേയും സംബന്ധിച്ച എഴുതിയിട്ടുള്ള സകലത്തിനേറയും മൂലാധാരം പോർട്ടുഗീസുകാർ ആദിയായി മേൽ പ്രസ്താവിച്ചിട്ടുള്ള ഗ്രന്ഥകർത്താക്കന്മാരുടെ കൃതികളാണ എന്നുള്ളതു പരിശോധനാപൂർവ്വം വായിക്കുന്നവക്കു സുഗ്രാഹ്യമത്രെ.

മാർ അബ്രാഹം മാപ്പിപ്പായുടെയും പാത്രിയക്കീസിനേറയും പൂർണ്ണാനുവാദങ്ങളോടുകൂടി സപ്ത. ആഗ്സ്ത്തീക്കനെ അനന്തരഗാമിയായി തെരഞ്ഞെടുക്കയും കായ്മത്തിനേറ സ്ഥിതിഗതികളെ അടുത്തു പരിചയിച്ചിട്ടുണ്ടായിരുന്ന ഓരംശോസഭയിലെ ചില വൈദികന്മാർ അതിനെ അനുകൂലിച്ചു മാപ്പിപ്പായെ ബോധിപ്പിക്കയും ചെയ്തിരുന്നു എങ്കിലും പോർട്ടുഗീസു അധികാരികളുടെ വിസമ്മതിമുഖാന്തിരം ആ നിശ്ചയത്തെ പ്രവൃത്തിയിൽ വരുത്തുന്നതിനു അദ്ദേഹത്തിനു സാധിക്കാതെ വന്ന സംഗതി ഇതിനുമുമ്പു (ല. ഭാ) പറഞ്ഞിട്ടുണ്ടു. പോർട്ടുഗീസുകാരുടെ ആ നിലഭേദം ഹേതുവായിട്ടു, കൽദായമെത്രാന്മാർ മേലിൽ മലങ്കരസഭാഭരണം നിർവ്വഹിക്കുക ഭസ്സാധമായി ഭവിക്കുമെന്നും, തദുദ്യോഗനിർവ്വഹണത്തിനായി പോർട്ടുഗീസു മതാദ്ധ്യക്ഷന്മാർ നിയമിക്കപ്പെടുമെന്നും, പോർട്ടുഗീസു മെത്രാന്മാർക്കേ രക്ഷിയസഭാനേതാക്കന്മാർ ആയിരിക്കണമെന്നു ക്രി.യു. ൧൬൦൧-ലെ ഗോവസൂനഹദോസിൽ ചെയ്യപ്പെട്ട നിർണ്ണയം അതിലേക്കു ഒരു പന്ഥാവായി പരിണമിക്കുമെന്നും മാർ അബ്രാഹം വേണ്ടപോലെ ധരിച്ചിരുന്നു. ഇങ്ങനെയുള്ള പരിണാമംകൊണ്ടു സപ്ത. ജനങ്ങൾക്കു അദ്ധ്യാത്മ വൈകല്യം സംഭവിക്കുന്നതിനു സംഗതിആകരുത് എന്നഉദ്ദേശത്തോടു കൂടി അതിനായിചെയ്യേണ്ടിയിരുന്നവ ഏതെല്ലാമെന്നു അവരെ അറിയിക്കുന്നതിനു മാർ അബ്രാഹം കാരേക്കുട്ടി തീർച്ചയാക്കി. കത്തോലിക്കവിശ്വാസത്തിൽ

സുസ്ഥിരതയോടുകൂടി വർത്തിക്കുകയും റോമ്മാപള്ളിക്കാരന്റെ നേരെയുള്ള അനുസരണത്തിൽനിന്നു ഒരിക്കലും വ്യതിചലനം ചെയ്യാതിരിക്കുയുംവേണമെന്നു ആസന്നമരണനായ അദ്ദേഹം അവരോടു ഉപദേശിച്ചതിന്റെ ഉദ്ദേശം അതുതന്നെ. ഇതുകയാൽ അദ്ദേഹം വിശ്വാസത്തിൽ സ്ഥിരപ്രതിപത്തിയോടുകൂടിയവനും ദൈവഭക്തനുമായ ഒരു അദ്ധ്യാത്മ നേതാവു ആയിരുന്നു എന്നുള്ള വാസ്തവം അനിഷേധ്യമാകുന്നു. മാർ അബ്രാഹത്തി ന്റെകാലത്തു പണിതു പൂർത്തിയായ കോട്ടയം വലിയ പള്ളി യിൽ സൂക്ഷിക്കപ്പെട്ടുന്ന തോമ്മാശ്ലീഹായുടെ കൽക്കുരിശിനെ അദ്ദേഹമാണു കൊടുങ്ങല്ലൂരിൽനിന്നു കൊണ്ടുവന്നത്. ചെറിയ പള്ളിപിന്നീടു സ്ഥാപിക്കപ്പെട്ടതും തൽസ്ഥാപനാനുവാദം ക്രി൭൭൭ൽ മാർ അബ്രാഹത്താൽ നൽകപ്പെട്ടതുമത്രെ.

ഫ്രൻ.മാർ അബ്രാഹം കഥാവശേഷനായിതീർന്ന(ക്രി൭൭൭ാം) ആണ്ടിൽതന്നെ ഡിസംബർ ഫ്രൻ—ാംനു- ഗോവയിലെ മനോ സേസ്സ് മെത്രാപ്പോലീത്താ റോമ്മയിൽ താമസിച്ചിരുന്ന സ ത്ത മിത്രമായ ഓർശ്ശലേം (ലത്തീൻ) പാത്രിയർക്കീസിനു ഒരു എഴുത്തു അയക്കുകയുണ്ടായി. (ല. ക്രി൭) മാർ അബ്രാഹത്തെ യും, അദ്ദേഹത്തിന്റെ ഭരണീയന്മാരേയും, കൽദായ പാത്രിയ ർക്കീസിനേയും സംബന്ധിച്ചാണു അതിൽ പ്രതിപാദിക്കപ്പെട്ടി ന്നതു. ആ എഴുത്തിലെ കാര്യസാരം ലേഖനകർത്താവിന്റെ വാ ക്കുകളെകൊണ്ടുതന്നെ താഴെ വിവരിക്കാം. "എനിക്കു മാപ്പ്വാപ്പാ യുടെ (ക്രി൭൭൭ ജനുവരി ൨൬—ലെ രണ്ടാമത്തെ) തിരുവെഴുത്തു (Brief) കിട്ടിയപ്പോൾ മെത്രാപ്പോലീത്താ പരേതൻ ആയിതീ ർന്നിരുന്നതിനാൽ ജനസഞ്ചയം മുഴുവൻ ആച്ചു ഡിക്കനോടു അ നുസരണത്തെ വാഗ്ദാനംചെയ്കഴിഞ്ഞു. റോമ്മാപള്ളിയുടെ അധീനത്തിലേക്കു ഒരം ക്രിസ്ത്യാനികളെ കൊണ്ടുവരേണ്ടതിനാ യി പോർട്ടുഗീസുകാർ സർവ്വദാ പ്രയത്നംചെയ്തിരുന്നു എങ്കിലും അവർ മതഭിന്നതകളിലും നെസ്തോറിയൻ അബദ്ധങ്ങളിലും വീ

ഫ്രകാലത്തേക്കു നിമഗ്നന്മാർ ആയിരുന്നതിനാൽ മെത്രാപ്പോ
ലീത്തായോടു പോലും ഈസംഗതിയിൽ അവർ ബലം പ്രയോ
ഗിക്കാതിരുന്നില്ല. വൈദികന്മാരും ജ്ഞാനികളും ഒരുമിച്ചു സമ്മേ
ളിച്ചു ഒരു സൂനഹദോസിൽ മാപ്പിപ്പാ അവർക്കു ഒരുസ്ഥിയാനി
മെത്രാനെ നിയോഗിക്കുന്നതായാൽ അദ്ദേഹത്തിനു കീഴ്വഴ
ങ്ങുമെന്നും, എന്നാൽ അയക്കപ്പെടുന്നതു ഒരു ലത്തീൻ മെത്രാ
നാകുന്നപക്ഷം പ്രവർത്തിക്കേണ്ടതു് എന്താണെന്നു അവരാലോ
ചിക്കുന്നതാണെന്നും തീർച്ചയാക്കികഴിഞ്ഞിരിക്കുന്നു. ഒരാൾ
പ്രാർത്ഥനയിൽ മാപ്പിപ്പായുടെ നാമം ഉച്ചരിച്ചതിനെ ഒരു
വൈദികൻ കേട്ടു അതിനെ മുടക്കിയതായി ഞാൻ അറിഞ്ഞു.
അതിനെപ്പറ്റി അയാളെ ശിക്ഷിക്കുന്നതാണെന്നു ആർച്ചുഡീ
ക്കന്റെ പേക്കു ഞാൻ എഴുതി അയച്ചിട്ടുണ്ടു. ഒരു ദോഷങ്ങളെ
എല്ലാം നിവാരണംചെയ്യേണ്ടതിനായി, അവരുടെ പക്കലേക്കു
സഞ്ചയം പോകുന്നതിനും ക്രിസ്തുമതേതരന്മാരുടെ രാജ്യങ്ങളിൽ
നൂറു മൈൽസ് വിസ്താരത്തിൽ വ്യാപിച്ചിരിക്കുന്ന സംസ്ഥാന
ങ്ങളിൽ സ്ഥിതിചെയ്യുന്ന അവരുടെ ദേവാലയങ്ങളെ സന്ദർശി
ക്കുന്നതിനും ഞാൻ തീർച്ചയാക്കിയിരിക്കയാണു. ആ രാജ്യങ്ങ
ളിൽ എനിക്കു സുഹൃത്തുക്കളും സഹകാരികളും (Allies) ഉള്ളതി
നും പുറമെ ഞാൻ ഒരു രാജ്യത്തിൽ രണ്ടാമനായിരിക്കുന്നതി
നാൽ എനിക്കു എന്റെ സ്വന്ത അധികാരശക്തിയും ഉണ്ടു.
ക്രീസ്തുമതേതരൻ ആയ ഭൂപതി (കൊച്ചീരാജാവ്) സഹകായ്വ് ലാ
ഭത്തെ വിചാരിച്ചു എന്നോടു സ്നേഹഭാവത്തിൽ വർത്തിക്കും. ഞാ
ൻ വൈദികന്മാരുടെ ഒരു സൂനഹദോസുകൂട്ടി റോമ്മാപള്ളിയു
ടെ അധീനത്തിൽ അവരെ വരുത്തുകയും മാപ്പിപ്പാ നിയമി
ക്കുന്ന മെത്രാനെ സ്വീകരിച്ചുകൊള്ളാം എന്നു അവരെക്കൊ
ണ്ടു സമ്മതിപ്പിക്കയും അബദ്ധങ്ങൾ ഒക്കയിൽനിന്നും മതഭിന്ന
തകളിൽനിന്നും അവരുടെ ദേവാലയങ്ങളെ ശുചികരിക്കയും ഭി
ന്നമതസിദ്ധാന്ത പ്രതിപാദകങ്ങളായ സമസ്ത ഗ്രന്ഥങ്ങളേയും

അവരിൽനിന്നു നീക്കിക്കളകയുംചെയ്യും. വിദ്വാന്മാരുടെയും ആ ക്രിസ്ത്യാനികളുടെ ഭാഷയെ അഭ്യസിച്ചിട്ടുള്ളവരുമായ ചിലരേയും ഹീബ്രോസഭയിലെ ഏതാനും വൈദികന്മാരേയും എന്റെ കൂടെ ഞാൻ കൊണ്ടുപോകും. ഇതു ആപൽസംപൂർണ്ണമായ ഒരു യാത്രയാണു. ആറേഴുമാസത്തോളം ഞാൻ അവിടെ താമസിക്കേണ്ടിവരും. ഹീബ്രു (മലങ്കര) സഭക്കു ഒരു (ലത്തീൻ) മെത്രാൻ വരുമെന്നു അടുത്ത ഒക്ടോബർമാസംവരെ ഞാൻ പാത്തിരിക്കും. അഭിനവമെത്രാൻ നിയുക്തനായിട്ടില്ലെങ്കിൽ, ഹീബ്രോസഭക്കാരനായ ഒരു മെത്രാനെയാണു ഇവിടെ ആവശ്യമുള്ളതു എന്നു നിങ്ങളെ ഞാൻ അറിയിച്ചുകൊള്ളുന്നു. സുറിയാനിഭാഷയെ ക്രമശഃ നശിപ്പിക്കണമെന്നും ഏൽഭാഷ ഭിന്നമത പ്രവേശനത്തിനുള്ള സ്രോതസ്സു ആയിരിക്കയാൽ വൈദികന്മാർ ലത്തീൻ പഠിക്കണം എന്നുമുള്ള സംഗതികളെപ്പറ്റിഅഭിനവാഭിഷിക്തനു ആയ മെത്രാനോടു ഉപദേശിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. സുറിയാനി നീക്കി തൽസ്ഥാനത്തു ലത്തീൻഭാഷയെ പ്രതിഷ്ഠാപിക്കുകയാണു ഉത്തമനായ ഒരു ഭരണകർത്താവിന്റെ കർത്തവ്യ കർമ്മം. ഒരു പുതിയമെത്രാൻ ഗോവയുടെ ഉപമെത്രാനായിരിക്കണം എന്നുള്ളതാണു ഏറ്റവും സാരമായ സംഗതി. ഒരു പള്ളിയെ ഭരിക്കേണ്ടതിനു മെത്രാനെ അയക്കുന്നതു, പ്രസിദ്ധ നെസ്തോറിയനായ ബാബേൽ പാത്രിയർക്കീസല്ലാതെ നാം കരുതിയിരുന്നതുപോലെ അലക്സാന്ത്രിയായിലെ പാത്രിയർക്കീസല്ല. അയാൾ (ബാബേൽ പാത്രിയർക്കീസ്) സഹസ്രാബ്ദങ്ങളോടുകൂടിയവനും അബദ്ധ വിസഞ്ജനത്തിൽ ആകാംക്ഷ ഇല്ലാത്തവനും ആയ ഒരു പരസ്യ മതഭേദകൻ ആണു. പരേതനായ മെത്രാപ്പോലീത്താ ഒരുവിധമുള്ളൊരാൾആയിരുന്നു; അദ്ദേഹം അബദ്ധങ്ങളെ പരിത്യജിക്കുവാൻ മനസ്സില്ലാതെ കാലധർമ്മത്തെ പ്രാപിക്കയും ചെയ്തിരിക്കുന്നു. ഞാൻ പ്രസിദ്ധപ്പെടുത്തിയ മാപ്പാപ്പായുടെ ജ്ഞാപിലിയെ സഹീകരിക്കു

നതിനു അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നില്ല. ചില പള്ളികളിൽ ജുനങ്ങൾ അതിനെ ഭക്തിപൂവ്വം ആചരിക്കയുണ്ടായി. അതു ംരംശോസഭക്കാർവഴി ഞാൻ പ്രസിദ്ധീകരിച്ചതുകൊണ്ടായിരുന്നു."

ഫാ. പ്രസ്തുത ലേഖനത്തിൽ മെത്രാപ്പോലീത്താ നാലുകായ്ങ്ങളെ ആണപ്രതിപാദിക്കുന്നതു. കൽദായ പാത്രിയക്കീസുസഹസ്രാബ്ദങ്ങളോടുകൂടിയവനും അവയെ പരിത്യജിക്കുവാൻ മനസ്സില്ലാത്തവനും ആയ നെസ്തോറിയൻ എന്നുമാത്രമല്ല ഒരുപരസ്യ മതഭേദകൻ കൂടിയാകുന്നു എന്നും, മാർ അബ്രാഹവും അതേപ്രകാരം ഉള്ളവനും തെറ്റുകളെ നീക്കുന്ന വിഷയത്തിൽ ആകാംക്ഷയില്ലാത്തവനും അത്ര എന്നും, മെനേസ്സെസ് മെത്രാപ്പോലീത്തായുടെ പ്രയത്നഫലമായി ചില ആളുകൾ മാപ്പിപ്പായുടെ ജൂബിലിയെ സ്വീകരിച്ചു എന്നല്ലാതെ, അങ്കമാലി ഇടവകയുടെ ഭരണകർത്താക്കന്മാരാൽ അതു സ്വീകൃതമല്ല എന്നും, നസ്രാണികൾ നെസ്തോറിയൻകാർ ആകുന്നു എന്നും, റോമ്മാപ്പള്ളിയുടെ കീഴിൽ അവരെ കൊണ്ടുവരേണ്ടതിനായി പോർട്ടുഗീസുകാർ പരിശ്രമംചെയ്തു എന്നും, സുറിയാനിഭാഷ അബദ്ധങ്ങളുടെ ഉല്പത്തിസ്ഥാനം ആയിരിക്കുന്നു എന്നും അതിനെ ഉൻമൂലനംചെയ്യണം എന്നും ഉള്ളതാണു പ്രതിപാദിതവിഷയങ്ങളിൽ സവ്വപ്രധാനങ്ങൾ ആയിരിക്കുന്നതു.

റോമ്മയിൽചെന്നു വിശ്വാസസത്യംചെയ്ത അബ്ദീശോ പാത്രിയക്കീസാണു മാർ അബ്രാഹത്തെ ദക്ഷിണഭാരതത്തിലേക്കു നിയോഗിച്ചതെന്നും കേരളീയ ക്രിസ്ത്യാനികളുടെമേൽ അദ്ദേഹത്തിനുള്ള ആധിപത്യത്തെ ആദരിച്ചു പീയൂസ് ചതുത്ഥൻ ശ്ലൈഹയിലെ മെത്രാപ്പോലീത്തായിക്കുഎഴുതുകയുണ്ടായിഎന്നും ഇതിനുമുമ്പു പല ലക്കങ്ങളിൽ വിവരിച്ചിട്ടുണ്ടു. അബ്ദീശോയെ അനുഗമിച്ച അദ്ദേഹത്തിന്റെ അനന്തരഗാമികൾ ആയ യബ് അലാഹാ, ശെമഉൻ മറുഹാ, (ല.ന്യ) തുടങ്ങി

യുള്ള പാത്രിയക്കീസുമാരും വിശ്വാസസത്യം ചെയ്യുകയും അവരുടെ വിശ്വാസസത്യത്തെ മാപ്പിളമാർ അംഗീകരിക്കയും ചെയ്യുക എന്നുള്ള സംഗതിയും മേൽ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. കിഴക്കുള്ള പാത്രിയക്കീസുമാർ കത്തോലിക്കർ ആയിരുന്നു എന്നും അവർ മാപ്പിളമാരെ അനുസരിച്ചിരുന്നു എന്നും സംഭവിക്കുന്നു. മലങ്കരയിലേക്കു വരുന്ന കൽദായ മെത്രാന്മാരെപ്പറ്റി പ്രസ്തുത സൂനഹദോസു ലക്ഷ്യമാക്കിയിരുന്നപക്ഷം വ്യവഹരിച്ചുകൊണ്ടു, അവർ മാപ്പിളമാരുടേയോ അദ്ദേഹത്തിന്റെ മുമ്പരെ അനുസരണയോടുകൂടി വർത്തിക്കുന്ന കൽദായപാത്രിയക്കീസിന്റെയോ എഴുത്തോടുകൂടിയവർ ആയിരുന്നാൽ മതിയെന്നു സമ്മതിക്കയും തത്സമ്മതത്തെ അതേ സൂനഹദോസിന്റെ തൃതീയസമ്മേളനം ദശമനിയമത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. ശെമഓൻ ദനഹാ ആയിരുന്ന കാലത്തു മാർ അബ്രാഹത്തിന്റെ പാത്രിയക്കീസു. (അദ്ദേഹത്തിന്റെ മരണശേഷം ഏതാനും സംവത്സരങ്ങൾ കഴിഞ്ഞതിൽപിന്നെ ആണു അനന്തരഗാമിയായി വേറൊരാൾ ഫന്യാം—ൽ നിയമിക്കപ്പെട്ടതു.) സഭയെ ആർച്ചുഡീക്കനെ പാലൂരിന്റെ മെത്രാനായി നിശ്ചയിക്കുന്നതിനു മാർ അബ്രാഹത്തിനു അധികാരം സിദ്ധിച്ചതു ദനഹായിൽനിന്നു അത്രെ. ആ വിവരം പതിമ്മൂന്നാം ഗ്രീഗോരിയോസ് മാപ്പിളമാരെ അബ്രാഹം അറിയിക്കയും അദ്ദേഹത്തിന്റെ അനുമതിയെ വാങ്ങുകയും ചെയ്തിരുന്നു. മാർ അബ്രാഹം സഭയെ വിശ്വാസപ്രകാശന പത്രത്തേയും തദ്യോതകങ്ങളായ പല എഴുത്തുകളേയും മാപ്പിളമാരായിക്കു അയച്ചിട്ടുണ്ടു. മാത്രമല്ല പോർട്ടുഗീസു മെത്രാന്മാർ അദ്ദേഹത്തെ സ്തുതിക്കയും ഗോവ സൂനഹദോസിന്റെ പ്രകൃതപത്രാം നിയമം അതിനെ പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. മലങ്കരയിലേക്കു വരുന്ന മെത്രാന്മാർ മാർ അബ്രാഹത്തുല്യരായുള്ളവർ ആയിരിക്കണമെന്നാണു

അവിടെ പറയപ്പെട്ടിരിക്കുന്നതു. മാർ അബ്രാഹത്തിന്റെ പാത്രിയക്കീസു മാപ്പ്വാപ്പായാൽ അംഗീകൃതനും കത്തോലിക്കവിശ്വാസിയും ആയിരുന്നതുപോലെതന്നെ അദ്ദേഹവും അദ്ദേഹത്തിന്റെ ഭരണാധികാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങളും യഥാർത്ഥ ക്രിസ്ത്യാനികളും കത്തോലിക്കമതാനുസൃതന്മാരും ആയിരുന്നു. ക്രി.വ്വ—ൽ പതിമൂന്നാമത്തെ ഗ്രീഗോരിയോസു മാപ്പ്വാപ്പായിക്കു അവർ അയച്ച ലേഖനത്തിൽ തിരുമനസ്സുകൊണ്ടു സമസ്ത ക്രിസ്ത്യാനികളുടെയും പിതാവു ആകുന്നു എന്നു ആ ജനങ്ങൾ പ്രസ്താവിച്ചിരിക്കുന്നതിന്റെ കാരണം ഇതുതന്നെ. ആ കാരണത്താൽ തന്നെയാണു പ്രസ്തുത മാപ്പ്വാപ്പാ ക്രി.വ്വ—ാമാണ്ടു മാർച്ചമാസം ഒൻപതിയതി അയച്ച തിരുവെഴുത്തിൽ, മാർ അബ്രാഹത്തിനേറെയും പാലൂരിന്റെ മെത്രാനായ ഗീവറുഗീസിനേറെയുംനേരെ അനുസണയോടുകൂടി വർത്തിക്കണമെന്നു തിരുമനസ്സുകൊണ്ടു ജനങ്ങളോടു കല്പിച്ചിരിക്കുന്നതും. ഈ സംഗതികളൊക്കെയും മേൽ പല സ്ഥലങ്ങളിലായി വിവരിക്കപ്പെട്ടിട്ടുണ്ടു. ആകയാൽ കൽദായ പാത്രിയക്കീസും മാർ അബ്രാഹവും സഹസ്രാബ്ദസമാനിതന്മാർ ആയ മനസ്സോറിയൻകാർ ആകുന്നു എന്നും അബ്രാഹത്തിന്റെ ഭരണീയ ജനങ്ങൾ അതെ പാഷണ്ഡമത ഭക്തന്മാരും മാപ്പ്വാപ്പായിക്കു കീഴ് വഴങ്ങാത്തവരും അതു എന്നും മെനെസ്സേസ് മെത്രാപ്പോലീത്താ പറയുന്നതു ഭ്രമാഭിപ്രായത്താലും കായ്സ്ഥിതി ശരിയായി ഗ്രഹിക്കായ്ക നിമിത്തവും ആകുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. പാത്രിയക്കീസു മതഭേദകൻക്കൂടി ആകുന്നു എന്നും സുറിയാനി ഭാഷ അബദ്ധങ്ങളുടെ സ്രോതസ്സു അതു എന്നും അദ്ദേഹം പറയുന്നതിനുള്ള കാരണവും ഇതുതന്നെ. പ്രേഷകൻ ആയ വിശുദ്ധ തോമ്മാ ഭാരതീയസഭയിൽ ആരാധനക്രമങ്ങളെ ഏർപ്പെടുത്തിയതു സുറിയാനിഭാഷയിലാകുന്നു എന്നു ആറാം അദ്ധ്യായത്തിൽ പ്രമാണസഹിതം സ്ഥാപിച്ചിട്ടുള്ളതാണു. അതു അ

ബന്ധങ്ങളുടെ വിളനിലമായി തീരുമായിരുന്നു എങ്കിൽ വി. ശ്ലീഹാ ഒരുകാലത്തും അങ്ങനെ ചെയ്യുകയില്ലായിരുന്നു. മാർ അബ്രാഹം എത്ര സ്പൃഹണീയമായ മരണത്തെയാണു പ്രാപിച്ചതു എന്നു മുമ്പു വിവരിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം ഗ്രുബിലിയെ സ്വീകരിച്ചില്ല എന്നും മെനെസ്സെസ് മെത്രാപ്പോലീത്താ ഓരോ ശോസഭക്കാർമൂലം ചെയ്ത പ്രയത്നത്തിന്റെ ഫലമായിട്ടാണു ജനങ്ങൾ അതിനെ അംഗീകരിച്ചതു എന്നു പറഞ്ഞിരിക്കുന്നതും പിശകുതന്നെ. ഭരണകർത്താവിനാൽ അംഗീകരിക്കപ്പെടാതെ ഭരണീയന്മാരാൽ എങ്ങനെയാണു അതു സ്വീകരിക്കപ്പെടുക? അങ്കമാലി ഉൽകൃഷ്ട മെത്രാസനാധികാരാതിർത്തികൾക്കുള്ളിൽ ഓരോശോസഭക്കാരെ പ്രവേശിപ്പിച്ചതും അതിലെ ജനങ്ങളെ ഉണീകരിക്കേണ്ടതിലേക്കു അവരെ പ്രോത്സാഹിപ്പിച്ചതും മാർ അബ്രാഹം ആയിരുന്നു എന്നു മുമ്പെതന്നെ പറഞ്ഞിട്ടുള്ളതാണല്ലൊ.

സുറിയാനിക്കാരുടെ പ്രധാന മതാദ്ധ്യക്ഷ പദത്തിലേക്കു നിയോഗിക്കപ്പെട്ടുന്ന ആൾ ഗോവമെത്രാപ്പോലീത്തായുടെ ഉപമെത്രാൻ ആയിരിക്കണം എന്നും അതു സർവ്വപ്രധാനമായ ഒരു സംഗതി ആകുന്നു എന്നും ആരൊല്ലാ മെനെസ്സെസ് മെത്രാപ്പോലീത്താ എഴുത്തിൽ രണ്ടാമതായി പ്രസ്താവിക്കുന്നതു. അങ്കമാലിയിലെ കൽദായ മെത്രാപ്പോലീത്താമാരെ ബഹിഷ്കരിച്ച തൽസ്ഥാനത്തിൽ ആ ജനങ്ങളെ ഭരിക്കേണ്ടതിലേക്കു ഒരു പോർട്ടുഗീസു മെത്രാനെ പ്രതിഷ്ഠാപിക്കുവാൻ ആയി പോർട്ടുഗീസു അധികാരികൾ (൧൬൪൪മുതൽ) പരിശ്രമിക്കയും തദുദ്ദേശ്യസാദ്ധ്യത്തിനായി നിയമങ്ങളെ ഉണ്ടാക്കുകയുംചെയ്ത എന്നും ഗോവയുടെ അധികാരസീമകൾക്കു വെളിയിൽ സ്ഥിതി ചെയ്തിരുന്ന അങ്കമാലി മെത്രാപ്പോലീത്തായെ ഒരു ഉപമെത്രാന്റെ നിലയിൽ ഗോവ സൂനഹദോസുകളിൽ സംബന്ധിക്കുവാൻ നിഷ്കൃഷ്ടിച്ചു എന്നും മറും ഇതിനുമുമ്പു പലസ്ഥലങ്ങളി

ലായി പറയപ്പെട്ടിരിക്കുന്ന കാര്യങ്ങളെ എല്ലാം മെത്രാസ്സിസ് മെത്രാപ്പോലീത്തായുടെ ഹരം പ്രസ്താവന സ്ഥിരീകരിക്കുകതന്നെ ചെയ്യുന്നു. ഏഴത്തിൽ പറയപ്പെട്ടതു പോരാതെ സംഗതി മാപ്പിപ്പാ അങ്കമാലിയിലേക്കു ഒരു സൂറിയാനിമെത്രാനെ അയക്കുന്നപക്ഷം അദ്ദേഹത്തെ സ്വീകരിക്കും എന്നും എന്നാൽ ലത്തീൻമെത്രാൻ നിയോഗിക്കപ്പെട്ടതായാൽ ചെയ്യേണ്ടതുപോലെ ചെയ്യുന്നതാണെന്നും വൈദികന്മാരും ജനവും സൂനഹദോസിൽ ആലോചിച്ചു തീർച്ചയാക്കിയിരിക്കുന്നു എന്നുള്ളതാണു. ലേഖനത്തിന്റെ പോരാത്തഭാഗത്തു, അവർ നെസ്തോറിയൻകാരും റോമ്മാപാളളിക്കു താഴ്പ്പെടാത്തവരും ആകുന്നു എന്നു മെത്രാപ്പോലീത്താ പറഞ്ഞിട്ടുള്ളതു അബദ്ധമാകുന്നു എന്നും അതിനെ സംബന്ധിച്ചു ഇതുവരെ രേഖ ഗ്രന്ഥത്തിന്റെ പലഭാഗങ്ങളിലായി പ്രസ്താവിച്ചിട്ടുള്ള രേഖകൾ എല്ലാം യഥാർത്ഥങ്ങൾ ആകുന്നു എന്നും ഹരം 'ആലോചന' വ്യക്തമാക്കുന്നു. മാപ്പിപ്പാ സാർവ്വത്രികമായ തിരുസഭയുടെ പരമാധിപതിയും ഭൂമിയിൽ മ്ശിഹായുടെ പ്രതിപുരുഷനും ആകുന്നു എന്നു അവർ വിശ്വസിച്ചിരുന്നതുകൊണ്ടാണു അദ്ദേഹം നിയമിക്കുന്ന സൂറിയാനി മെത്രാനെ സ്വീകരിച്ചുകൊള്ളാമെന്നു അവർ അനുസരിച്ചതു. ക്രി൦൦—ൽപരം സംവത്സരങ്ങളായി കൽദായ മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവന്നിരുന്ന ആ ജനങ്ങൾ ഒരു കൽദായ മെത്രാനെ നിയമിച്ചു കിട്ടുവാൻ ആഗ്രഹിക്കുന്നതു ലോകസ്വഭാവവും സർവ്വസ്വാന്ത്യയവും ആകുന്നു. മെത്രാപ്പോലീത്തായുടെ എഴുത്തിൽ പറയപ്പെട്ടതു അവസാനകാര്യം, സ്വകാര്യലാഭത്തെ ഇച്ഛിച്ചു തന്നെസഹായിക്കുവാൻ ഒരുക്കമുള്ള കേരളത്തിലെ ക്രിസ്തുമതേതരന്മാരായ രാജാക്കളുടെ അടുക്കൽ ഉദ്ദിഷ്ടകാര്യസിദ്ധിക്കു ആവശ്യമായ സ്വാധീനബലവും അധികാരശക്തിയും തനിക്കുള്ളതിനാൽ അദ്ദേഹം മലയാളത്തിൽ വന്നു ഒരു സൂനഹദോസു കൂട്ടി മാപ്പിപ്പാ ആ ജനങ്ങളുടെ മെത്രാ

നായി ആരെ നിശ്ചയിക്കുമോ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു അവരെ സമ്മതിപ്പിക്കുമെന്നും ഭിന്നമതസിദ്ധാന്ത പ്രതിപാദകങ്ങളായ പുസ്തകങ്ങളെ എല്ലാം നശിപ്പിക്കുമെന്നുമാണു. ഉദയംപേരൂർ സൂനഹദോസിനു ഒന്നരസംവത്സരങ്ങൾമുമ്പു എഴുതപ്പെട്ട ംരം ലേഖനത്തിൽ ലേഖനകർത്താവായ മെത്രാപ്പോലീത്താ പറഞ്ഞിരിക്കുന്ന സമസ്തകാര്യങ്ങളും അണുഭേദംകൂടാതെ പുത്തീകരിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞിരുന്നതുപോലെസൂനഹദോസു കൂട്ടുകയും മാറ്റുപ്പാ നിയമിക്കുന്നമെത്രാനെ സ്വീകരിച്ചുകൊള്ളാമെന്നു അവരെക്കൊണ്ടു സത്യംചെയ്യിക്കയുംചെയ്തു. അന്യമതസ്ഥന്മാരായ ഭൂപാലന്മാരുടെ സാഹായ്യത്തൊടുകൂടി ഇവകളെ എല്ലാം നടത്തും എന്നു അദ്ദേഹം പറഞ്ഞിരുന്നതുപോലെതന്നെ നിവൎത്തിച്ചു. (മെത്രാപ്പോലീത്താ പ്രസ്തുത ലേഖനത്തിൽ ംരം സംഗതികളെ എല്ലാം സമ്മതിച്ചു പറയുന്നതിനാൽ തെളിവുകളെക്കൊണ്ടു അവയെ സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു.) ഗ്രന്ഥങ്ങളെ എല്ലാം നശിപ്പിച്ചുകളയും എന്നു അദ്ദേഹം എഴുതുന്നു: അപ്രകാരം അദ്ദേഹം സാധിക്കയുംചെയ്തു. ആകയാൽ ഉദയംപേരൂർ സൂനഹദോസിൽ മെനെസ്സസ് മെത്രാപ്പോലീത്തായുടെ ഹിതം പരിപൂൎണ്ണമായി സാധിച്ചതല്ലാതെ നസ്രാണികളുടെ അഭീഷ്ടം നിവൎത്തിക്കപ്പെട്ടിട്ടില്ല. കൽദായസുറിയാനി മെത്രാന്മാരാൽ സൎവ്വദാ ഭരിക്കപ്പെടണം എന്നായിരുന്നു നസ്രാണികളുടെ ആഗ്രഹവും അപേക്ഷയും. മെനെസ്സസ് മെത്രാപ്പോലീത്തായുടെ എഴുത്തിൽതന്നെയും ഇതിൻറ യാഥാൎത്ഥ്യം സമ്മതിക്കപ്പെട്ടിരിക്കുന്നതായി നാം മേൽ കണ്ടുവല്ലോ. ആൎച്ച്ഡീക്കൻ, പ്രധാന പള്ളികളുടെ വികാരിമാർ ആദിയായവർ ഇടപ്പിള്ളിപള്ളിയിൽനിന്നു ക്രിസ്തുവൎഷം ഡിസംബർ ക്രൻ—ാംനു പോർട്ടുഗാൽ രാജാവിനായി അയച്ച എഴുത്തിൽ ആത്മോദ്ദേശ്യകമായി ഉദയംപേരൂർ സൂനഹദോസിൽ അവൎക്കുണ്ടായിരുന്ന ആഗ്രഹവും അപേക്ഷയും ഇതു

തന്നെ ആയിരുന്നു എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. കൽദായ സൂറിയാനിക്കാരനും സഭാ മെത്രാപ്പോലീത്തായുമായിരുന്ന മാർ അബ്രാഹത്തിന്റെ ഗുണഗണങ്ങളെപ്പറ്റി ആ എഴുത്തിൽ അവർ പ്രശംസിക്കുന്നുമുണ്ട്. (19). കേരളീയ നസ്രാണികൾ നെസ്തോറിയസ്സിനെ ശപിക്കയും തൽക്കാലപയ്യനും അവരുടെ അദ്ധ്യാത്മ ഭരണകർത്താക്കന്മാർ ആയിരുന്ന ബാബേൽകാരായ മെത്രാന്മാർ നെസ്തോറിയൻ പാഷണ്ഡ മതാനുസൃതന്മാർ ആയിരുന്നതുകൊണ്ട് മേലിൽ അവരെ സ്വീകരിക്കയില്ല എന്നു ശപഥംചെയ്കയും ഉണ്ടായി എന്നും മാപ്പിളപ്പാ മ്ശിഹായുടെ പ്രതിപുരുഷനും സാവ്ത്രിക സഭാധ്യക്ഷനും ആകുന്നു എന്നു അതുവരെ സമ്മതിക്കാതിരുന്നു എങ്കിലും അതുമുതൽ അവർ സംപദിക്കുന്നു എന്നും ഒമനെസ്സിസ് മെത്രാപ്പോലീത്തായാൽ നടത്തപ്പെട്ട സൂനഹദോസു അവക്കു ഗുണകാരിയായി ഭവിച്ചു എന്നും മറ്റും വിവരിക്കുന്നു ഒരു എഴുത്തു സൂനഹദോസിൽവച്ചു നസ്രാണികളാൽ എഴുതപ്പെട്ടതായി റോളിൻ മുതലായ പോർട്ടുഗീസു ഗ്രന്ഥകർത്താക്കളുടെ കൃതികളിൽ കാണുന്നതു മേൽപറഞ്ഞിട്ടുള്ളതിനു വിരോധമല്ല. ആ എഴുത്തിൽപ്രതിപാദിക്കപ്പെട്ടുന്നവ ഒക്കയും വാസ്തവവിരുദ്ധങ്ങളും ഉഭയംപേർക്കും സൂനഹദോസിൽ അനുവർത്തിക്കപ്പെട്ട ഒമനസ്സീയ മാനസത്തെ ആശ്രയിക്കുന്നവയും ആകുന്നു എന്നു ഒരു പുസ്തകത്തിൽ ഇതുവരെ ഉദ്ധരിച്ചിട്ടുള്ള രേഖകളിൽനിന്നും ആ മെത്രാപ്പോലീത്തായാൽ സൃഷ്ടമായ പ്രകൃതലേഖനത്തിലെ ഒതളിവുകളിൽനിന്നും പ്രത്യക്ഷപ്പെടുന്നുണ്ട്. ചില പോർട്ടുഗീസു അധികൃതന്മാരാൽ റോമയിലേക്കു അയക്കപ്പെട്ട ആ എഴുത്തിനെ വിശ്വസിച്ചാണു അതിൽ പറയപ്പെട്ടുന്ന കാര്യങ്ങളെപ്പറ്റി നസ്രാണികളെ സ്തുതിക്കുന്നതിനായി ക്ലെമെൻറു അഷ്ടമൻ ഉഭയംപേരുർ സൂനഹദോസിന്റെശേഷം രണ്ടുവത്സരങ്ങൾകഴിഞ്ഞു, എന്നുവച്ചാൽ ക്രിസ്താബ്ദം മേയ് ക്രൻ—ാംനു- (ല. ക്രി) ഒരു തിരുവെഴുത്തു അ

വക്കാ (നസ്രാണികൾക്കാ)യി അയച്ചതു. മാർപ്പാപ്പായുടെ എഴുത്തിൽ വിവരിക്കപ്പെട്ടുന്ന സമസ്തകാര്യങ്ങളും പോർട്ടുഗീസുകാരുടെ പ്രസ്തുതലേഖനത്തിനുള്ള പ്രത്യാഖ്യാനരൂപേണമാത്രമായിരുന്നു.

൧൧—ാം അദ്ധ്യായം.

പോർട്ടുഗീസുകാർ നസ്രാണികളെ നെസ്തോറിയന്മാർ എന്നു അഭിധാനംചെയ്തത് കൽദായ പള്ളിക്രമങ്ങളെപ്പറ്റിയുള്ള അവജ്ഞകൊണ്ടുമാത്രമാണ എന്നതിലേക്കുള്ള വേറെ ഏതാനും തെളിവുകളും, ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങളിൽനിന്നുള്ളവായ ചില ദോഷഫലങ്ങളും.

൧. പോർട്ടുഗീസുകാർ ദക്ഷിണഭാരതത്തിൽ എത്തിട്ട ഉദ്ദേശം ൧൫൦ സംവത്സരങ്ങൾവരെ തോമ്മാക്രിസ്ത്യാനികളുടെ നേരെ അനുകൂല്യത്തോടുകൂടി വർത്തിച്ചു വന്നിരുന്നു. അനന്തരം ൧൬൭൭—ൽ മാർ യൌസേപ്പു കേരളത്തിൽവന്നതുവരെ അവരുടെ നയം പ്രായേണ അനുകൂലഭാവത്തിൽ അല്ലാതിരുന്നെങ്കിലും മതാദ്ധ്യക്ഷന്മാരുടെപേരിൽ നെസ്തോറിയൻ പാതിത്യത്തെ ആരോപിക്കുകയാവട്ടെ അവരെ സ്വസ്ഥാനങ്ങളിൽനിന്നു ബഹിഷ്കരിക്കുകയാവട്ടെ താദൃശങ്ങളായ മറേതെങ്കിലുംകൃത്യങ്ങളിൽ അവർ ഉദ്യമിക്കുകയാവട്ടെ ചെയ്തിരുന്നില്ല. ആ കാലപരിവർത്തനത്തിൽ കേരളീയക്രിസ്ത്യാനികളുടെ അദ്ധ്യാത്മഭരണം നിർവ്വഹിച്ചുവന്നതു മാർ യാക്കോബു് മുതലായ മെത്രാന്മാർ ആയിരുന്നു. അവരെ ഭാരതഖണ്ഡത്തിലേക്കു അയച്ച പാത്രീയർക്കീസ്മാർ റോമ്മയിലേക്കു പോകയോ സ്വന്ത വിശ്വാസപ്രകടനപത്രത്തെ മാർപ്പാപ്പാമാരുടെ പക്കലേക്കു അയക്ക

ഒയാ ചെയ്തിട്ടുള്ളതായി ലക്ഷ്യങ്ങൾ ഇല്ല. എന്നാൽ [illegible]
മുതൽ ഉടയംപേത്രർ സൂനഹദോസുവരെ ഭാരതസഭാഭരണാക
ത്താക്കന്മാർ ആയിരുന്ന മാർ യൌസേപ്പിനേയും മാർ അ
ബ്രാഹത്തേയും തദ്ദ്യോഗത്തിലേക്കു നിയോഗിച്ച അബ്ദീ
ശോ, യബ്ഹ് ആലാഹാ, ശെമഓൻദനഹാ തുടങ്ങിയുള്ള പാ
ത്രിയക്കീസുമാർ സ്വന്ത വിശ്വാസസത്യ പ്രസ്താവ പത്രത്തെ
റോമ്മയിൽ അയക്കുകയും മാപ്പാപ്പാമാരാൽ സ്വീകരിക്കപ്പെട്ട
കയും ചെയ്തിട്ടുണ്ടെന്നുമാത്രമല്ല അതിനെ ലക്ഷീകരിക്കുന്നതിനു
ധാരാളം രേഖകളും ഉണ്ടെന്നു മുൻ അദ്ധ്യായത്തിൽനിന്നും വ്യ
ക്തമാകുന്നു. ഒരു രണ്ടുമെത്രാന്മാർ ആണു പോർട്ടുഗീസുകാരാൽ
നെസ്തോറിയന്മാർ എന്നു വിളിക്കപ്പെട്ടുകയും ആ പാഷണ്ഡ കു
റ്റം ആരോപിക്കപ്പെട്ടുകയും ചെയ്തതു. കൽദായഭാഷയും അ
തിലെ ആരാധനക്രമങ്ങളും നെസ്തോറിയൻ മതത്തേയും അതി
ന്റെ സിദ്ധാന്തങ്ങളേയും ആദരിക്കുന്നവയാകുന്നു എന്നും തന്നി
മിത്തം ആ പാഷണ്ഡതയെ ഉൻമൂലനംചെയ്യുന്നതിനുള്ള ഏ
കമാർഗ്ഗം തൽഭാഷയും ആരാധനക്രമങ്ങളും നീക്കുകയും അവയെ
ഉപയോഗിക്കുന്ന ക്രിസ്ത്യാനികളെ സ്വാധികാരത്തിൽ കൊണ്ടു
വരുകയും ചെയ്യുകമാത്രമാണു എന്നും പോർട്ടുഗീസു അധികൃത
ന്മാർ പൊതുവെ ധരിച്ചിരുന്നു. മാർ യൌസേപ്പും മാർ അ
ബ്രാഹവും അവരാൽ ഭരിക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളും നെ
സ്തോറിയന്മാർ ആകുന്നു എന്നു പോർട്ടുഗീസുകാർ പ്രസ്താവിക്ക
യും അതിനെ അനുസരിച്ചു ഹർജ്ജികൾ റോമ്മയിലേക്കുംമറും
തുടരെ അയക്കയുംചെയ്തുവന്നതു ആ ധാരണനിമിത്തമാണ്.
അതു കേവലം തെറ്റായ ഒരു ധാരണയാകുന്നു എന്നു മുൻ അ
ദ്ധ്യായത്തിൽ പലസ്ഥലങ്ങളിലും തെളിയിച്ചിട്ടുണ്ടല്ലൊ. വേറേ
യും അനേകമാർഗ്ഗങ്ങളാൽ അതു തെളിയിക്കപ്പെടാവുന്നതും ആ
ണു. അവയിൽ:

ഒന്നാമത്തെ മാശ്ശം

കുറക്കാർ എന്ന നിലയിൽ നാട്ടുകടത്തപ്പെട്ട മാർയെ
സേപ്പും മാർ അബ്രാഹവും നിരപരാധികളാകുന്നു എന്നു മേ
ലധികാരസ്ഥാനങ്ങളിൽ തെളിയുകയും അങ്ങനെ അവർ വിമോ
ചിക്കപ്പെടുകയും ചെയ്തുതന്നെ. മാർയെസേപ്പിനെ നെസ്തോ
റിയൻ പാതിത്യകുറ്റം ആരോപിച്ച് ആട്ടും പോർട്ടുഗാലിലേ
ക്കും പിന്നീട് റോമയിലേക്കും കൊണ്ടുപോയ സംഗതി ഇതിനു
മുമ്പു (അ. ഫാ. ല. 9.) പറഞ്ഞിട്ടുണ്ട്. ക്രി.കി—ന്നു എന്നാ
ണ്ടുകളിൽ അദ്ദേഹത്തിന്റെമേൽ ഒന്നാമത്തെപ്രാവശ്യം വി
സ്താരം നടത്തപ്പെട്ടതു പോർട്ടുഗാലിൽ വച്ചായിരുന്നു. ആ വി
സ്താരത്തിലെ വാദികളും സാക്ഷികളും എന്നതന്നെയല്ല ന്യായാ
ധിപന്മാർപോലും പോർട്ടുഗീസുകാർതന്നെ. മാർ യെസേപ്പാ
വട്ടെ ഒരു കുറക്കാരന്റെ നിലയിലാണു പോർട്ടുഗാലിന്റെ
തലസ്ഥാനനഗരമായ ലിസ്ബനിൽ അന്നു താമസിച്ചിരുന്നാ
തു. വൈദേശികനായ അദ്ദേഹത്തെ ആദരിക്കുന്നതിനു യാതൊ
രുത്സാഹവും അവിടെ ഉണ്ടായിരുന്നില്ല. എങ്കിലും മാർ യെസേ
പ്പു് കുറ്റം ഇല്ലാത്തവൻ ആകുന്നു എന്നു വിസ്താരംകൊണ്ടു തെ
ളിയുകയാൽ കത്തറീനാരാജ്ഞിയുടേയും കാർഡിനൽ ഹെൻറി
യുടേയും അനുകൂലപത്രങ്ങളോടുകൂടി സപ്ത ഭരണീയന്മാരായ
ഭാരതീയന്മാരുടെ അടുക്കലേക്കു വീണ്ടും അയക്കപ്പെട്ടു. അന
ന്തരം ക്രി.കിന്നവ—ൽ മാർ യെസേപ്പു് കുറക്കാരൻ എന്ന നി
ലയിൽ പോർട്ടുഗാൽവഴി റോമയിലേക്കു കൊണ്ടുപോകപ്പെട്ട
പ്പോൾ നടന്ന വിസ്താരത്തിലും അദ്ദേഹത്തിന്റെ നിരപരാ
ധിത്വം പ്രത്യക്ഷപ്പെടുകയാണുണ്ടായതു. വാദികളും സാക്ഷി
കളുമെല്ലാം പോർട്ടുഗീസുകാർതന്നെ ആയിരുന്നതുകൂടാതെ
റോമാക്കുചേരിയിൽ അവർക്കു ധാരാളമായ സ്വാധീനശക്തി
യുമുണ്ടായിരുന്നു. എന്നാൽ മാർ യെസേപ്പിന്റെ പക്ഷ
ത്തിൽ അദ്ദേഹം ഒരുത്തനല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല.

ആ വിസ്താരം വഴിയായി മാർ യൌസേപ്പിന്റെ നീതി, ഭക്തി ആദിയായ സുലക്ഷണങ്ങൾ നല്ലപോലെ പ്രത്യക്ഷപ്പെടുകനിമിത്തം അദ്ദേഹത്തെ കാർഡിനൽ സ്ഥാനത്തിലേക്കു ഉയർത്തുന്നതിനു മാപ്പാപ്പാ തീർച്ചയാക്കി. അദ്ദേഹം പൊട്ടന്നവെ മരിച്ചതുകൊണ്ടാണു അതു നടക്കുന്നതിനു സംഗതി ആകാഞ്ഞതെന്നു പോർട്ടുഗീസു ചരിത്രകർത്താക്കൾതന്നെ സമ്മതിക്കുന്നുണ്ട്. (1). മാർ യൌസേപ്പു ഒരുവ്യക്തമായിരുന്നെന്നും ആ വ്യക്തം ജീവിച്ചിരുന്നു എങ്കിൽ ഒരു കാർഡിനൽ ആകുമായിരുന്നു എന്നുമാണു അവർ പറയുന്നതു. ദൈവേച്ഛയുടെ വിധികർത്താവു് ദൈവമാണല്ലൊ. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിദ്ധ്യം വഹിക്കുന്ന മാപ്പാപ്പായുടെ വിധി പ്രസ്തുത ചരിത്രകാരന്മാരുടെ വിധിയെക്കാൾ തെറ്റു കുറഞ്ഞതായിരിക്കും എന്നുപറയുന്നതായാൽ അതിൽ അബദ്ധശങ്കക്കു അത്ര അധികം അവകാശമുണ്ടാകുമെന്നു തോന്നുന്നില്ല. കൽദായ സഭയുടെക്രമങ്ങളും ആചാരങ്ങളും നെസ്തോറിയൻ പതിതോപദേശത്തെ ആദരിക്കുന്നു എന്നു ഭാരതവർഷത്തിൽ വസിച്ചിരുന്ന പോർട്ടുഗീസു അധികൃതന്മാർ കരുതിയിരുന്നു. ആ തെറ്റിധാരണയെ ആധാരമാക്കിയാണു മാർ യൌസേപ്പിനെ രണ്ടുപ്രാവശ്യം അവർ നാടുകടത്തിയതു. വിസ്താരങ്ങളിൽ മാർ യൌസേപ്പിനു സിദ്ധിച്ച വിജയം അവരുടെ അഭിപ്രായത്തിന്റെ തെറ്റിനെ ധാരാളം വ്യക്തമാക്കുന്നുണ്ടു. മാർഅബ്രാഹത്തെ പോർട്ടുഗീസു അധികാരികൾ ബഹിഷ്കരിച്ച സംഗതിയും ഇതിനുമുമ്പു (അ. ഛ. ല. വ്യ) വിവരിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം റോമയിൽ എത്തി പിയൂസ് ചതുർത്ഥനെ സന്ദർശിച്ച അവസരത്തിൽ തിരുമനസ്സുകൊണ്ടു യോഗ്യതാംശങ്ങളോടുകൂടിയ ആളുകൾവഴിയായി അദ്ദേഹത്തെ വേണ്ടവിധം പരിശോധിക്കുകയുണ്ടായി. അദ്ദേഹം വഞ്ചകനല്ല എന്നും പ്രത്യുതഃ യോഗ്യനും ദൈവഭക്തനുമായ ഒരു മതാദ്ധ്യക്ഷൻ ആകുന്നു എന്നും മാപ്പാപ്പാ ഗ്രഹിക്കുന്നതിനു ആ

പരീക്ഷ ഒരുവഴിയായിതീർന്നു. റോമ്മായിലെ താമസത്തിനിട
ക്കുള്ള അദ്ദേഹത്തിന്റെ നടപടികൾ മാപ്പിപ്പായുടെ അഭി
പ്രായത്തെ ദൃഢീകരിക്കയുംചെയ്തു. അതിനാലാണു തിരുമനസ്സു
കൊണ്ടു അബ്രാഹത്തെ ആദരിക്കുന്നതിനായി മൂന്നു തിരുവെ
ഴുത്തുകളെ പുറപ്പെടുവിച്ചതു. ഒരു സംഗതികളാക്കയും മുമ്പെ
തന്നെ (അ. ഫ്ര. ല. ൻ) പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു. മാർ അ
ബ്രാഹം യാഥാർത്ഥ്യത്തിൽ നെസ്തോറിയൻ ആയിരുന്നു എങ്കി
ൽഅദ്ദേഹത്തെപ്പറ്റി റോമ്മയിൽ മാപ്പിപ്പായാൽ നടത്തപ്പെ
ട്ട പരിശോധനയിൽ അതു വെളിപ്പെടുമായിരുന്നു. അങ്ങനെ
യുള്ള ഒരു കുറവിനെ തെളിയിക്കുന്നതിനു വേണ്ടുവോളം സാമ
ർത്ഥ്യമുള്ളവരും അദ്ദേഹത്തിന്റെമേൽ പരാതി ബോധിപ്പിച്ച
വരും ആയ ആളുകൾ അന്നു റോമ്മയിൽ ഇല്ലാതിരുന്നുമില്ല.
മാർ അബ്രാഹത്തിനു വിരോധമായി വിസ്താരം നടത്തുന്നതി
ലേക്കു വേണ്ടിയിരുന്ന സ്വാധീനബലവും അധികാരശക്തിയും
റോമ്മയിൽ വസിച്ചിരുന്ന പോർട്ടുഗീസു രാജപ്രതിപുരുഷനു
ധാരാളമായുണ്ടായിരുന്നു എന്നുള്ളതു നിർവ്വിവാദമാണു. മാർ അ
ബ്രാഹം ആവട്ടെ, ഏകനും, വിദേശിയും, നിരാശ്രയനും, നി
സ്സ്വാധീനനും ആയിട്ടാണു റോമ്മയിൽ പാർത്തിരുന്നതു. എം
കിലും വിസ്താരത്തിൽനിന്നു തെളിഞ്ഞതു അദ്ദേഹം ഉത്തമവി
ശ്വാസിയും, ദൈവഭക്തനും, വിവേകിയും ആയ ഒരു മതാദ്ധ്യ
ക്ഷൻ ആകുന്നു എന്നാണു. പോർട്ടുഗീസുകാർ മാർ അബ്രാഹ
ത്തെപ്പറ്റി ചെയ്തിട്ടുണ്ടായിരുന്ന വിധി സർവ്വാബദ്ധം ആയിരു
ന്നു എന്നല്ലാതെ മറ്റൊന്നാണു അദ്ദേഹത്തിന്റെ വിജയ
ത്തിൽനിന്നു പ്രത്യക്ഷപ്പെടുന്നതു? മാർ അബ്രാഹത്തിന്റെ ആ
യുസ്സിന്റെ അവസാനഘട്ടത്തിൽ പ്രതിയോഗികൾ അദ്ദേഹ
ത്തിന്റെപേരിൽ ബോധിപ്പിച്ച പരാതികളിലും അബ്രാഹം
തന്നെയാണു വിജയി ആയിഭവിച്ചതു. ക്ലെമൻറു അഷ്ടമന്റെ കാ
ലത്തെ അനുസരിച്ചു പോർട്ടുഗീസു അധികാരികൾ മാർ അ

ബ്രാഹത്തെ ഗോവയിൽകൊണ്ടുപോയിബന്ധനത്തിൽ ആക്കാതിരുന്നതിന്റെ കാരണം അതുതന്നെ. മാർ അബ്രാഹത്തിന്റെ മരണത്തിനു മുമ്പായി അങ്കമാലി ഉൽകൃഷ്ട മെത്രാസനാതിത്തികൾക്കുള്ളിൽ പ്രവേശിച്ചുകൂടെന്നു ക്രിസ്തുജനുവരി ഫ്രാങ്കുലെ രണ്ടാമതു തിരുവെഴുത്തിൽ പ്രസ്തുത മാപ്പാപ്പാ മെനെസ്സെസ് മെത്രാപ്പോലീത്തായെ നിരോധിച്ചതും ആ ന്യായത്താൽമാത്രമാകുന്നു. പക്ഷെ ഒരു കാര്യംസംബന്ധിച്ചു മുമ്പേതന്നെ (അ. ക്രി. ല. ക്രൈ. ക്രമ. 1.) അനവധി രേഖകളോടുകൂടി ഒരു പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതാണു. ആകയാൽ പോർട്ടുഗീസുകാർ മാർ അബ്രാഹത്തെപ്പറ്റി ചെയ്ത വിധികൾ കാര്യസ്ഥിതി ശരിയായി മനസ്സിലാകാതെ ഉള്ളവകൾ ആകയാൽ അടിസ്ഥാനരഹിതങ്ങൾ ആകുന്നു എന്നു വ്യക്തമാകുന്നു.

1. കൽദായക്കാരെപ്പറ്റി പോർട്ടുഗീസു
അധികൃതന്മാർക്കു അബദ്ധാഭിപ്രായമാണുണ്ടായിരുന്നതു
എന്നതിനെ തെളിയിക്കുന്നതിനുള്ള
രണ്ടാമതു മാർഗ്ഗം

ഒരു സംഗതിയിൽ അവർ പ്രവർത്തിച്ചിട്ടുള്ള അബദ്ധങ്ങൾ തന്നെയാണു. നെസ്തോറിയൻ അബദ്ധ്യങ്ങളും പതിതതപങ്ങളും എന്നു അവർ പറഞ്ഞിരുന്ന സംഗതികൾ സാക്ഷാൽ ആവിധം അല്ലായിരുന്നു എന്നും അവകളെ സംബന്ധിച്ചുള്ള അവരുടെ വിധികൾ ആയിരുന്നു തെറ്റായിട്ടുള്ളവ എന്നും സ്ഥാപിക്കേണ്ടതിലേക്കു ഉപയുക്തങ്ങളായ ഏതാനും തെളിവുകളെ താഴെ ചേർക്കുന്നു.

ക്ര.) മാർ അബ്രാഹം അങ്കമാലിയിൽ ഒരു പള്ളി പണിയിക്കയും ആശ്രമാധിപനായ വി. ഹോർമീസ്ദായിക്കു അതിനെ പ്രതിഷ്ഠിക്കയും ചെയ്ത സംഗതി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പ്രസ്തുത ഹോർമീസ്ദാ ഒരു നെസ്തോറിയനാണെന്നും അദ്ദേഹത്തിന്റെ ജീവിതത്തെയും അതദ്ദേഹപ്രവൃത്തികളേയും പറ്റി വി

പരിക്കുന്ന സുറിയാനിപുസ്തകങ്ങൾ ആബദ്ധ്യ സമ്പൂർണ്ണങ്ങളാ
ണെന്നും ആവക അതൃത്തങ്ങൾ അത്രയും കളവാകുന്നു എന്നും
ഉദയംപേരൂർ സൂനഹദോസിൽവച്ചു മെനേസീസ് മെത്രാപ്പോ
ലീത്താ തീരുമാനിച്ചു. പ്രസ്തുതഹൊർമിസ്ദായാവട്ടെ ഒരു മ
ഹാ പരിശുദ്ധനാകുന്നു എന്നും തന്നിമിത്തം മെനേസീസിന്റെ
തീരുമാനം അബദ്ധമാകുന്നു എന്നും മറ്റുമുള്ള വസ്തുത വളരെ
തെളിവുകൾസഹിതം ഞങ്ങൾ മേൽ (അ. പ്ര. ല. ൻ) പ്രസ്താ
വിച്ചിട്ടുള്ളതാണു. മാത്രമല്ല ഹൊർമീസ്ദാ ഒരു മഹാ പരിശു
ദ്ധനാണെന്നു ഒരംശോസഭക്കാരായ വൈദികന്മാർ സമ്മതിക്കു
യും തദനുസാരം പ്രസ്തുതപള്ളിക്കായി ദണ്ഡവിമോചനങ്ങളെ
അർത്ഥിക്കയും ചെയ്തിട്ടുള്ള സംഗതി ക്ഥ—ാം അദ്ധ്യായം ക്ഫ—ാം
ലക്കത്തിൽ വിവരിച്ചിട്ടുമുണ്ടു.

൨.) മലങ്കരസഭാ ധ്വംസന്മാരായിരുന്ന പതിത മെത്രാന്മാ
ർ മുമ്പിലത്തെ ഒപ്പുശ്മാ എന്ന കൃദാശയെ ഉപയോഗിച്ചിരു
ന്നില്ലെന്നുമാത്രമല്ല തത്സംബന്ധമായി ജ്ഞാനലേശംപോലും
ആ സഭയിൽ ഉണ്ടായിരുന്നുമില്ല എന്നു ഉദയംപേരൂർ സൂനഹ
ദോസ് പ്രസ്തുതകൃദാശയെസംബന്ധിച്ചുള്ള പ്രഥമനിയമ (De-
cree) ത്തിൽ വിധി പ്രസ്താവിക്കയും മെനേസീസ് മെത്രാപ്പോ
ലീത്താ പള്ളി സന്ദർശനം നിർവ്വഹിച്ച അവസരത്തിൽ കുട്ടിക
ൾക്കു ഒരു കൃദാശയെ കൊടുത്തുകൂടെന്നു ചിലർ അദ്ദേഹത്തെ
വിരോധിച്ചതായി ദ്വിതീയ നിയമത്തിൽ ഉൽഘോഷിക്കയും
ചെയ്തിരിക്കുന്നു. മാമ്മോദീസായോടുകൂടി മുമ്പിലത്തെഒപ്പുശ്മാ
യുംസഭയെ സമുദായം നിർവ്വഹിച്ചവരുന്നു എന്നുദയംപേരൂരിൽ
വച്ചു ഒരു കത്തനാർ മെത്രാപ്പോലീത്തായോടു പറഞ്ഞതായി
കാണുന്നുണ്ടു. ആ സംഗതി ആയിരിക്കാം ഒരു പക്ഷേ സൂനഹ
ദോസിന്റെ നിയമം പ്രസ്താവിക്കുന്നതു. ഒരു വിധി എത്രമാത്രം
അവാസ്തവമാണെന്നുള്ളതു മേൽ (അ. ക്ഥ. ല. ക്ഫ) ഉദ്ധരി
ച്ചിട്ടുള്ള മാർ അബ്രാഹത്തിന്റെ വിശ്വാസപ്രകാശന പത്ര

ത്തിൽനിന്നു സ്പഷ്ടമാകുന്നു. പുതിയ നിയമത്തിലെ സത്യവും വാസ്തവികങ്ങളുമായ കൂദാശകൾ മാമ്മോദീസാ, മുമ്പിലത്തെ ഒപ്പുശ്മാ, കുബ്ബാന, കുമ്പസ്സാരം, ഒട്ടുക്കത്തെ ഒപ്പുശ്മാ, പട്ടം, വിവാഹം എന്നിവയാകുന്നു എന്നു വിശ്വാസസത്യത്തിൽ മാർ അബ്രാഹം ശപഥപൂർവ്വം അനുസരിച്ചു പറഞ്ഞിട്ടുള്ളതാണു. പക്ഷേ, പൌരസ്ത്യ സഭകളിലെ ആചാരരീതി അനുസരിച്ചു മുമ്പിലത്തെ ഒപ്പുശ്മാ മലങ്കരസഭയിൽ പട്ടക്കാർ അറിയിരുന്നു നിവർത്തിച്ചുപോന്നതു. അതിന്റെ പ്രവർത്തനസമയം സാമാന്യേന മാമ്മോദീസാ കഴിഞ്ഞശേഷം ഉടനേയും ആയിരുന്നു. തന്നിമിത്തം പ്രസ്തുത കൂദാശയുടെ പ്രവർത്തനത്തിൽ മെനേസിസ് മെത്രാപ്പോലീത്തായെ ചിലർ വിരോധിച്ചതു ആവർത്തനക്കു ഇടയാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു. മാർഅബ്രാഹം പാഷണ്ഡമതാവലംബിയാണെന്നു വിധിച്ചുകളഞ്ഞ മെനേസീസ് മെത്രാപ്പോലീത്താ അദ്ദേഹ (അബ്രാഹ)ത്തെ ശ്ലാഘിച്ചെഴുതിയ ഒരംശോസഭാ വൈദികന്മാരേയും മാപ്പാപ്പാമാരേയുംപറ്റി എന്തു വിധി ആയിരിക്കും പ്രസ്താവിക്കുന്നതു?

൩.) വി. കുബ്ബാനയെപ്പറ്റി പ്രതിപാദിക്കുന്ന പ്രസ്തുത സുനഹദോസിന്റെ ദ്വിതീയനിർണ്ണയത്തിൽ അങ്കമാലി ഉൽകൃഷ്ടമെത്രാസന ഇടവകയിൽ ഉപയോഗിച്ചുവരുന്ന തക്സാ (Missal) കളിലെ കുബ്ബാനകളിൽ ചിലതു നെസ്തോറിയസിനാലും, ചിലതു തിയോഡൊറസിനാലും, വേറെ ചിലതു ദിയഡോറസിനാലും വിരചിതങ്ങൾ ആകുന്നു എന്നും അവ ചില പ്രത്യേക ദിവസങ്ങളിലെക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു. ഒരു പ്രസ്താവനയിൽനിന്നു നമുക്കു മനസ്സിലാകുന്നതു നെസ്തോറിയസും, തിയോഡൊറസും, ദിയഡോറസും സ്വന്തമായി ഓരോ കുബ്ബാനക്രമങ്ങളെ നിർമ്മിച്ചിട്ടുണ്ടെന്നും ചില പ്രത്യേകാവസരങ്ങളിൽ വൈദികന്മാർ അവയെ ഉപയോഗിച്ചിരുന്നു എന്നും ആണല്ലൊ. യാഥാർത്ഥ്യം ഇങ്ങനെ ആയിരുന്നെങ്കിൽ

൧൬൦൦ മുതൽ ൧൭൯൯ വരെ ഒരു ശതവത്സരക്കാലം സുറിയാനിക്കാരുടെ ഇടയിൽ അദ്ധ്യാത്മജ്ഞാനികളെ നിഷ്കർഷിക്കയും കൽദായഭാഷയിൽ നൈപുണ്യം പ്രാപിക്കയും ചെയ്തിട്ടുള്ള പോർട്ടുഗീസു വൈദികന്മാർ അതേപ്പറ്റി കൽദായ മതാദ്ധ്യക്ഷന്മാർക്കു അറിവുകൊടുക്കാതിരുന്നതു എന്തുകൊണ്ടാണു? അറിയിച്ചിട്ടും അവർ ആജ്ഞാപ്രമാണങ്ങളെ തിരുത്താതിരുന്നതാണു എന്നു വാദിക്കുന്നു എങ്കിൽ മാർയൌസേപ്പിന്റേയും മാർഅബ്രാഹത്തിന്റേയും മേൽ നടത്തപ്പെട്ട വിസ്താരങ്ങളിൽ തത്സംബന്ധമായ തെളിവുകളെ ഹാജരാക്കാതിരുന്നതു എന്തുകൊണ്ടു എന്നുള്ള ചോദ്യത്തിനു സമാധാനം പറയേണ്ടതായി വന്നുകൂടും. ആ വിസ്താരങ്ങളിലാവട്ടെ പ്രസ്തുത രണ്ടുമതാദ്ധ്യക്ഷന്മാരും നിരപരാധികളാകുന്നു എന്നു തീരുമാനിക്കപ്പെട്ടതായി ഇതിനു മുമ്പു തന്നെ പറഞ്ഞിട്ടുള്ളതാണല്ലൊ. മാത്രമല്ല മാർ അബ്രാഹത്തിന്റെ അധികാരസീമയിൽപെട്ട ദേവാലയങ്ങളിൽ അദ്ദേഹത്തിന്റെ അപേക്ഷാനുസാരം ൧൫൦൦ാമാണ്ടു സഭാവൈദികന്മാർ പ്രസംഗിക്കുകയും വിശ്വാസികളോടു വേദകാര്യങ്ങളെ ഉപദേശിക്കയും ചെയ്തു എന്നും അവർ അദ്ദേഹത്തോടുവളരെ സംവത്സരക്കാലം സഹവസിക്കയുണ്ടായി എന്നും മേൽ (അ. ക്ര. ൪: ക്രമ. ; ക്രച) പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. അതുകയാൽ പ്രസ്തുത നിയമത്തിൽ പ്രതിപാദിക്കപ്പെട്ടുന്ന സംഗതിവാസ്തവമായിരുന്നെങ്കിൽ അവർ നിസ്സംശയം അദ്ദേഹത്തെ അറിയിക്കുമായിരുന്നു. നെസ്തോറിയൻകാർപോലും ഇക്കാലത്തു ഉപയോഗിച്ചുവരുന്നതു ܡܪܝ ܕܢܚܬ ܒܪ ܡܪܝ ܕܢܚܬ ശ്ലീഹന്മാർ ഏർപ്പെടുത്തിയ കുർബ്ബാനക്രമമാണു. നെസ്തോറിയസ് ഒരുക്രമം നിർമ്മിച്ചിരുന്നെങ്കിൽ അവർ അതിനെ ഉപയോഗിക്കുമായിരുന്നു. അതുകയാൽ ഒരു നിയമം കാണ്മാനില്ലാതെ നിർമ്മിച്ചിട്ടുള്ളതാകുന്നു എന്നും ഇങ്ങനെ അബദ്ധബോധത്തോടുകൂടി സ്ഥാപിക്കപ്പെട്ട നിയമങ്ങൾ വേറെയും അനവധി ഉണ്ടെന്നും സമ്മ

തിക്കാതെ ഗത്യന്തരമില്ല. ഓരോ പുസ്തകത്തിൽ പലസ്ഥലങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള സംശയങ്ങളിൽ നിന്നും നിഷ്പക്ഷബുദ്ധികളായ ഏവർക്കും ഇതിന്റെ യാഥാർത്ഥ്യം സമ്മതിയ്ക്കമായി കാണപ്പെടുന്നതുമാണ്.

൪) ആ ചാവ്ലൻ തിരുവോസ്തി കുർബാന ചെയ്തശേഷം അതിനെ രണ്ടായി വിഭജിച്ച ഒരുഭാഗം തിരുപ്പോരയിൽമുക്കി മറുഭാഗത്തിൽ തൊടുവിച്ചുകൊണ്ടു തിരുരക്തത്തെ അതിലേക്കു കടത്തുന്നു എന്നും, ഇതുരൂപത്തിന്റെ സാദൃശ്യത്തിൽ തിരുശരീരം മാത്രവും വീഞ്ഞിന്റെ സാദൃശ്യത്തിൽ തിരുരക്തം മാത്രവും സ്ഥിതിചെയ്യുന്നതേയുള്ളൂ എന്നുള്ള നെസ്തോറിയൻ പാഷണ്ഡമതസിദ്ധാന്തത്തെ വ്യക്തീകരിക്കുന്ന ദൈവദ്രോഹകരമായ ഒരു കർമ്മമാകുന്നു എന്നും തന്നിമിത്തം മേലാൽ അങ്ങനെ ചെയ്യുന്നവർക്ക് "മഹറോൻ" ശിക്ഷയുണ്ടാകുമെന്നും പ്രസ്തുത സൂനഹദോസ് കുർബാനയെ സംബന്ധിച്ചുള്ള മൂന്നാം നിയമത്തിൽ പറഞ്ഞിരിക്കുന്നു. നെസ്തോറിയസിന്റെ അബദ്ധപഠനങ്ങൾ എത്രയെല്ലാമെന്നു ൪൩൧-ൽ എഫ്സൂസിൽ കൂടിയ കത്തോലിക്കലോക സാധാരണമായ സൂനഹദോസു വിധിക്കയും നിർണ്ണയിക്കയും ശപിക്കയും ചെയ്തിട്ടുള്ളതാണ്. മഹാപരിശുദ്ധ കുർബാനയായ കുർബാനയിൽ തിരുരക്തം തിരുശരീരത്തിൽ ഇല്ലെന്നാകട്ടെ, തിരുശരീരം തിരുരക്തത്തിൽ ഇല്ലെന്നാകട്ടെ, നെസ്തോറിയസ് ഉപദേശിച്ചതായി ആസൂനഹദോസ് അറിഞ്ഞിട്ടില്ല. നെസ്തോറിയസിന്റെ അനുയായികളിൽ ആരും തന്നെ ഓരംവിധപഠനം സ്വീകരിച്ചതായി ഇതഃപര്യന്തം കേട്ടിട്ടില്ലാത്തതുമാണ്. മേൽ (അ. ക്രാ. ല. ക്രമ.) കാണിച്ചിട്ടുള്ളമാർ അബ്രാഹത്തിന്റെ വിശ്വാസ സത്യം സൂനഹദോസിന്റെ നിർണ്ണയത്തിനുനേരെ വിപരീതമാകുന്നു. അതിൽ അദ്ദേഹം പ്രസ്താവിക്കുന്നതു "പവിത്രതമ കുർബാനയായ കുർബാനയിൽ നമ്മുടെ കർത്താവിന്റെ തിരുശരീരവും രക്തവും അവിടത്തെ

തിരുവാത്മാവോടും ദൈവികതത്ത്വത്തോടുംകൂടി സത്യമായും യഥാർത്ഥമായും താത്വികമായും ഉണ്ടു എന്നും കത്തോലിക്കസഭയാൽ ഉപദേശിക്കപ്പെട്ടുന്ന "വസ്തുഭേദം" എന്ന മാറ്റത്താൽ അപ്പത്തിന്റെ തത്വം മുഴുവൻ ശരീരമായും വീഞ്ഞിന്റെ തത്വം മുഴുവൻ രക്തമായും അന്തരീഭവിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രസ്തുത വിഭേദങ്ങളിൽ (Species) ഓരോന്നിൽ തന്നെ നിഃശേഷനും പരിപൂർണ്ണനുമായ മിശിഹായും യഥാർത്ഥമായ കൂദാശയും കൈക്കൊള്ളപ്പെട്ടുന്നു എന്നും ഞാൻ ഏറ്റുപറയുന്നു" എന്നാണു. ആകയാൽ പ്രസ്തുത നിയമ നിർമ്മാണത്തിനായി തൽകർത്താക്കളെ പ്രേരിപ്പിച്ചതു കൽദായ സഭയുടെ അനഷ്ഠാനഭേദങ്ങൾ അത്രയും നെസ്തോറിയൻ പാതിത്യങ്ങൾ ആകുന്നു എന്നുള്ള ദുർബ്ബിധിമാത്രമാണെന്നു സിദ്ധമാകുന്നു. കൽദായ സഭയിലെ ഓരം കർമ്മം, ലത്തീൻ പൂജയിൽ കൂദാശചെയ്യ ഓസ്തിയുടെ ഒരംശം തിരുരക്തത്തിൽ ഇട്ടുന്നതുപോലെയുള്ള ഒന്നുമാത്രമാകുന്നു എന്നു മനസ്സിലാക്കിയാൽ വാദം തീരും. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തിനുമുമ്പായി ഓരം ക്രമം എങ്ങനെ അനുഷ്ഠിച്ചു വന്നിരുന്നുവോ അതുപോലെ ഇന്നും സുറിയാനി പൂജയിൽ നടത്തപ്പെട്ടുവരുന്നു. ഇതും ഇപ്പോലെയുള്ള മറ്റു അനവധി കർമ്മഭേദങ്ങളും സ്ഥാപിച്ചതു നെസ്തോറിയസ് ലോകരംഗത്തിൽ പ്രത്യക്ഷപ്പെട്ടുന്നതിനു അനേക ശതവത്സരങ്ങൾമുമ്പു ജീവിച്ചിരുന്ന വി. തോമ്മാശ്ലീഹായും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ തദ്ദേ തുടങ്ങിയുള്ള ശ്ലീഹന്മാരും ആണെന്നു സുറിയാനി കുബ്ബാനപുസ്തകത്തിന്റെ ലളാടാക്ഷരങ്ങൾ തന്നെ വിളിച്ചറിയിക്കുന്നു.

8) "കുമ്പസാരം" എന്ന കൂദാശയെ സംബന്ധിച്ചുള്ള പ്രസ്തുത സൂനഹദോസിന്റെ പ്രഥമ നിയമത്തിൽ, ആ കൂദാശ മലങ്കര സഭയിൽ ഒരുകാലത്തും ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നും അതിന്റെ ഹേതു ആ ദിവ്യകൂദാശയുടെ ശത്രുക്കളും ശീശുക്കാ

രും നെസ്തോറിയൻ പാഷണ്ഡമതാനുസൃതന്മാരുമായ കൽദായക്കാർ പ്രസ്തുത സഭയെ ഭരിച്ചിരുന്നതാണെന്നും പറഞ്ഞിരിക്കുന്നു. മലങ്കരസഭാഭരണം കുത്താവായിരുന്ന മാർ അഫ്രാഹത്തിന്റെ മേൽ കാണിച്ചിട്ടുള്ള വിശ്വാസസത്യം ഈപ്രസ്താവം അടിസ്ഥാനശൂന്യമാണെന്നു വ്യക്തീകരിക്കുന്നുണ്ട്. പുതിയ നിയമത്തിലെ കൂദാശകൾ ഏഴാകുന്നു എന്നും ആ സപ്തകൂദാശകളിൽ ഒന്നാകുന്നു കുമ്പസാരം എന്നും മാർ അഫ്രാഹം ആ വിശ്വാസപ്രകാശനപത്രത്തിൽ ശപഥപൂർവ്വം വിശദമായി പ്രസ്താവിച്ചിട്ടുള്ളതാണു. ഈകൂദാശ മലങ്കരസഭയിൽ സ്വീകൃതമായിരുന്നുവെന്നും വിശ്വാസികൾ ഭക്തിപൂർവ്വം അതിനെ ഉപയോഗിച്ചിരുന്നുവെന്നും ഈഗ്രന്ഥത്തിന്റെ പലഭാഗങ്ങളിൽ പണ്ടേതന്നെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. മാർ അഫ്രാഹം അങ്കമാലിയിൽ സ്ഥാപിച്ച പള്ളിക്കായി മാപ്പാപ്പായിൽനിന്നും പരിഹാരമുക്തിയെ അപേക്ഷിച്ചു വാങ്ങിയ സംഗതിയും ഗീവറുഗീസു ആർച്ച്ഡീക്കൻ താൻ പണിയിച്ച ദേവാലയത്തിനായി ദണ്ഡവിമോചനത്തെ ലഭിച്ച വിവരവും വി: തോമ്മാശ്ലീഹായുടെയും വി: യാക്കോ ശ്ലീഹായുടെയും നാമത്തിൽ കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന പള്ളിക്കായി വി: ശവ്വാർ പരിഹാരമോക്ഷം പ്രാപിച്ച വർത്തമാനവും പണ്ടേതന്നെ പറഞ്ഞിട്ടുള്ളതാകയാൽ ഇവിടെ ചവ്വിതചവ്വണം ചെയ്യേണ്ട ആവശ്യമില്ല. കുമ്പസാരത്തെ സ്വീകരിക്കാത്തവർ ദണ്ഡവിമോചനങ്ങളെ ആവശ്യപ്പെടുകയില്ലെന്നു സമസ്ത കത്തോലിക്കരും നിസ്സംശയം സമ്മതിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം.

൩) ഒടുവിലത്തെ ഒപ്പുശ്മായെ സംബന്ധിക്കുന്ന ഉദയംപേരൂർ സൂനഹദോസിന്റെ പ്രഥമ നിയമത്തിൽ ആ കൂദാശയെ അങ്കമാലി ഉൽകൃഷ്ട ഒമ്രാസനാതിത്തികളിൽ ഉപയോഗിക്കുക ഉണ്ടായിട്ടില്ലെന്നും അതിന്റെ ശക്തി പ്രയോജനം മുതലായവയെപറ്റി അവിടെ യാതൊരു അറിവും ഉണ്ടായിരു

ന്നില്ലെന്നും തൻമൂലം ആ കൂദാശയെ സംബന്ധിച്ചുള്ളുവസമസ്തവും ലത്തീനിൽ നിന്നു തർജ്ജിമ ചെയ്തു ഉപയോഗിക്കണം എന്നും പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നു വായനക്കാക്കു മനസ്സിലാകുന്നതു ഒരു കൂദാശ ഉദയംപേരിൽ സൂനഹദോസിൽ വച്ചാണു ഇവിടെ സ്ഥീകരിക്കപ്പെട്ടതു് എന്നാണെല്ലോ. പ്രസ്തുത സൂനഹദോസിന്റെ നിയമകർത്താക്കന്മാർ കാര്യസ്ഥിതി ശരിയായി മനസ്സിലാക്കാതെയാണു മിക്കനിയമങ്ങളേയും സ്ഥാപിച്ചിട്ടുള്ളതു് എന്നുള്ളതിനു ഒരു നിയമം ഒരുത്തമ സാക്ഷ്യമാണു. ഒരു കൂദാശയെക്കുറിച്ചുള്ള ജ്ഞാനവും അതിന്റെ പ്രയോഗവും ഇവിടെ ഉണ്ടായിരുന്നു എന്നുള്ളതിനെ മാർ അബ്രാഹത്തിന്റെ വിശ്വാസ സത്യം ധാരാളം വിശദീകരിക്കുന്നുണ്ടു. ഒരു കൂദാശയെപ്പറ്റിയുള്ള സൂനഹദോസിന്റെ രണ്ടാമത്തെ നിയമത്തിൽ തത്സംബന്ധമായ അറിവു ജനങ്ങൾക്കു കൊടുക്കണമെന്നു വൈദികന്മാരോടു ഉപദേശിക്കുന്നു. വൈദികന്മാർക്കു ഒരു കൂദാശയെ സംബന്ധിച്ചു യാതൊരു അറിവും ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണു അവർ ജനങ്ങളെ അതു പഠിപ്പിക്കുന്നതു? കൂദാശകളുടെ പ്രവർത്തനത്തിൽ ഉപയോഗിക്കുന്ന ജപങ്ങൾ ആദിയായ സമസ്തവും ലത്തീനിൽനിന്നു കൽദായ ഭാഷയിലേക്കു തർജ്ജിമചെയ്തുപയോഗിക്കണംഎന്നു ക്രിവുമ്പിലെ ഗോവസ്സൂനഹദോസിന്റെ ഏഴാം നിയമത്തിൽ (ക്രി. പ്ര. ല. പ്രമാ) ആജ്ഞാപിച്ചിരിക്കുന്നു. ഒടുക്കത്തെ ഒപ്പുശ്മാ ഉൾപ്പെടെയുള്ളസമസ്ത കൂദാശകളുടെയും പ്രവർത്തനത്തിൽ താവൽപര്യന്തം ഉപയോഗിച്ചിരുന്ന കൽദായ ക്രമങ്ങളെ നീക്കി ലത്തീൻ തർജ്ജിമയെ തൽസ്ഥാനത്തു പ്രതിഷ്ഠാപിക്കണം എന്നാണല്ലോ ഒരു നിയമം മുകുകണ്ണാ ഘോഷിക്കുന്നതു. ആ മാപ്പിൾ രോഗികൾക്കു ഒരു കൂദാശയെ പെരുമാറുകയിൽ ചൊല്ലേണ്ടിയ സംഭ്രമിപ്പിക്കുന്നതായ വാക്കുകളെ അബ്ദീശോ പാത്രിയർക്കീസു് നാലാമത്തെ പീയൂസു് മാർപ്പാപ്പായുടെ സമ

ക്ഷം രേഖപ്പെടുത്തി കയ്യൊപ്പു വെച്ചു സമർപ്പിച്ച വിശ്വാസപ്രഖ്യാപനപത്രത്തിൽ കൽദായ സുറിയാനിയിൽ ചേർത്തിട്ടുണ്ടു. (2). അതിനെ പരിത്യജിച്ചു കൊണ്ടാണു ലത്തീൻ തഴ്ച്ചിമയെ ഇക്കാലത്തു ഉപയോഗിച്ചുവരുന്നതു. പാത്രിയർക്കീസു ഉദ്ധരിച്ചിരിക്കുന്നതും പൌരാണിക കാലം മുതല്ക്കേ ഇവിടെ ഉപയോഗിച്ചു വന്നിരുന്നതുമായ വാക്കുകളാണു ലത്തീൻ തഴ്ച്ചിമയേക്കാൾ ശരിയായിട്ടുള്ളതും പൂർണ്ണാർത്ഥത്തെ ജനിപ്പിക്കുന്നതുമെന്നു സുറിയാനിഭാഷാ പരിജ്ഞാനമുള്ള ഏവരും സമ്മതിക്കും.

൭) പട്ടം എന്ന ക്രമാശയെപ്പറ്റിയുള്ള ദ്വിതീയ നിയമത്തിൽ പട്ടം ഏറ്റിട്ടുള്ളവർ അതിനായി പണം കൊടുത്തിരിക്കുക നിമിത്തം 'സിമോനിയാ'യിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു പ്രസ്താവിക്കുന്നു. ക്രമാശകളെ സ്വീകരിക്കുമ്പോൾ വിശ്വാസികൾ ചെയ്യുന്ന ദാനം 'സിമോനിയാ' ആകുന്നു എന്നുപോർട്ടുഗീസുകാർ വിധിച്ചതല്ലാതെ അതു യഥാർത്ഥത്തിൽ 'സിമോനിയാ' ആയിത്തീരുന്നില്ല എന്നു മേൽ (അ. ഥാ. ല. ഥ.) തെളിയിച്ചിട്ടുള്ളതാണു. തന്നിമിത്തം സൂനഹദോസിന്റെ ഒരു നിയമം വൈദികന്മാരുടെമേൽ ആരോപിക്കുന്ന കുറ്റം അന്യായമായിട്ടുള്ളതുതന്നെ. പാശ്ചാത്യ സഭയിൽ നിശ്ചയിച്ചിട്ടുള്ള പ്രായം പൂർത്തിയാകാതെ പട്ടം സ്വീകരിച്ചിട്ടുള്ളവർ ആ പ്രായം തികയുന്നതുവരെ അവസ്ഥാനസ്ഥതമായ യാതൊരു കർമ്മങ്ങളേയും ചെയ്യുകൂടെന്നുള്ള പ്രഥമ നിയമവും അനാശാസ്യമായിരിക്കുന്നു. പ്രായം സംബന്ധിച്ചുള്ള നിയമത്തെ അനുവർത്തിക്കുന്നതിനു പൌരസ്ത്യ സഭകൾ നിർബ്ബന്ധിതകളല്ല.

൮) വിവാഹം എന്ന ക്രമാശയെ ഉദ്ദേശിച്ചു നിർമ്മിച്ചിട്ടുള്ള നിയമങ്ങളിൽ, മലങ്കര സഭാധ്യക്ഷന്മാരായിരുന്ന കൽദായ മേൽപട്ടക്കാർക്കു സംബന്ധത്തെ വിമോചിക്കുന്നതിനു അധികാരമില്ലാതിരുന്നുഎന്നും, അതിനാൽ അവരിൽ നിന്നു സിദ്ധി

ച്ച സംബന്ധ മുക്തിയെ ആധാരമാക്കി ചെയ്തിട്ടുള്ള വിവാഹങ്ങൾ ഒന്നും സാധുവായിരിക്കുന്നില്ല എന്നും വികാരിയുടെയും രണ്ടു സാക്ഷികളുടെയും സമക്ഷം ചെയ്യാത്ത വിവാഹങ്ങൾ അവാസ്തവങ്ങൾ ആകുന്നു എന്നും തീരുമാനിച്ചിരിക്കുന്നു. കൽദായ സഭയുടെ ആചാരക്രമം അനുസരിച്ചോ അതിനു വിപരീതമായോ ആയിരിക്കണമല്ലൊ വിവാഹങ്ങളെ ഈ വിധത്തിൽ ഇവിടെ നിവർത്തിച്ചു വന്നിരുന്നത്. അതു കൽദായ ക്രമത്തെ അനുസരിച്ചായിരുന്നുവെങ്കിൽ എങ്ങനെയാണു വാസ്തവമല്ലാതെവരുക? ക്രമത്തെ അതിലംഘിച്ചായിരുന്നു പ്രസ്തുത നടപ്പു എന്നു സൂനഹദോസിന്റെ നിയമം പറയുന്നുമില്ല. കൽദായ സഭാദ്ധ്യക്ഷന്മാരുടെ പേരിൽ ഈനിയമങ്ങൾമൂലം ആരോപിക്കുന്നകുറ്റം അടിസ്ഥാനശൂന്യമാണെന്നും ഇതുകൊണ്ടും പ്രസ്താവിച്ചതിൽനിന്നു വിദിതമാകുന്നു.

൯) മാമ്മോദീസായെ സംബന്ധിച്ചുള്ള പ്രഥമനിയമത്തിൽ അങ്കമാലി ഉൽകൃഷ്ട മെത്രാസനാധിത്തികളിലുള്ള ചിലപള്ളികളിൽ ആക്ഷേപം നിവർത്തിച്ചുവരുന്നതു "പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും റൂഹാദ്കുദ്ശായുടെ നാമത്തിലും ഇന്നയാൾ മാമ്മോദീസാ മുങ്ങുകയും പുണ്ണ്യനാക്കപ്പെടുകയും ചെയ്യട്ടെ" എന്നും മറ്റു ചില പള്ളികളിൽ "ദൈവദാസൻ പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും റൂഹാദ്കുദ്ശായുടെ നാമത്തിലും മാമ്മോദീസാമുങ്ങപ്പെടട്ടെ" എന്നുമുള്ള ഉച്ചാരണത്തോടു കൂടിയാണെന്നു പ്രസ്താവിച്ചു കാണുന്നു. അദ്ധ്യാത്മസ്നാനം ചെയ്യുന്നതിനുള്ള ക്രമം വ്യവസ്ഥ മലങ്കര സഭയെ ഭരിച്ചിരുന്ന "ശീശ്മ"ക്കാരായ മെത്രാന്മാർ ഏർപ്പെടുത്തീട്ടുള്ളതാണെന്നും ക്രമം വിധത്തിൽ നടപ്പാക്കപ്പെടുന്നു. മാമ്മോദീസാ സാധുവാകുന്നില്ല എന്നും ചിലതു സംശയഗ്രസ്തമായിരിക്കുന്നു എന്നും ദ്വിതീയ നിശ്ചയത്തിൽ പരാമർശിച്ചിരിക്കുന്നു. മാത്രമല്ല മേലിൽ പ്രസ്തുത രീതിയി

ൽ അദ്ധ്യാത്മസ്നാനകർമ്മം നിർവ്വഹിക്കാതെ റോമ്മാപ്പള്ളി ഏതു രീതിയെ ഉപയോഗിക്കുന്നുവോ ആ രീതിയിൽ അതിനെ നിവർത്തിക്കണമെന്നു മഹറോൻ ശിക്ഷയിൻ കീഴ് ആജ്ഞാപിക്കയും ചെയ്യുന്നു. ആത്മസ്നാന കർമ്മമായ മാമ്മോദീസായുടെ പ്രവർത്തനത്തിൽ മലങ്കര സഭ വ്യത്യസ്തങ്ങളായ രണ്ടു വിധങ്ങളെ സ്വീകരിച്ചിരുന്നു എന്നു സൂനഹദോസ് പറയുന്നതു കാര്യസ്ഥിതി പരിശോധിച്ചശേഷവും വാസ്തവാവസ്ഥ മനസ്സിലാക്കിക്കൊണ്ടുമാണോ എന്നാണു ഞങ്ങൾ സംശയിക്കുന്നതു. ബാബേൽ പാത്രിയർക്കീസിന്റെ അധികാര സീമയിൽ ഉൾപ്പെട്ടിരുന്ന പള്ളികളിൽ മാമ്മോദീസാ വ്യത്യസ്ത രീതികളിൽ നിവർത്തിച്ചിരുന്നതായി അറിവില്ല. മാമ്മോദീസാ കഴിഞ്ഞു ഉടനേയും വൈദികന്മാർ തന്നെയുമാണു മുമ്പിലത്തെ ഒപ്പുശ്മാനകൾ നിർവ്വഹിക്കുന്നതു. ആ വസ്തുത അറിയാതെ അതു മാമ്മോദീസായുടെ ഒരു പ്രവർത്തനാഭേദമാണോന്നു മേനേസീസ് മെത്രാപ്പോലീത്താ തെറ്റിദ്ധരിച്ചതായിരിക്കാം പ്രസ്തുത നിയമങ്ങളുടെ നിർമ്മാണഹേതു. "പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും റൂഹാദ്കുദ്ശായുടെ നാമത്തിലും ദൈവദാസൻ മാമ്മോദീസാ മുങ്ങട്ടെ" എന്നുള്ളതായിരുന്നു കേരളീയ സഭയിൽ നടപ്പായിരുന്ന മന്ത്രവാചകം. ഒരു മന്ത്രോച്ചാരണത്തോടുകൂടി നടത്തപ്പെട്ടിട്ടുള്ള മാമ്മോദീസായുടെ വാസ്തവികത്വം സംശയഗ്രസ്തമായിരിക്കുന്നു എന്നും ആ ദിവ്യസ്നാനം സാധുവായി തീർന്നിട്ടില്ലെന്നും പ്രസ്താവിക്കയും മേലിൽ ആ വിധത്തിൽ ജ്ഞാനസ്നാനം ചെയ്യുകൂടെന്നു മഹറോൻ ശിക്ഷയിൻ കീഴ് കല്പിക്കയും ചെയ്യുന്ന നിയമം ശരിയും സ്വീകാര്യവും ആയിരിക്കുന്നില്ല. കണ്ടനാട്ടിലുള്ള സഭയാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും ഗ്രീക്കു മുഖ്യമായ പൌരസ്ത്യ സഭകളിൽ ഉപയോഗത്തിൽ ഇരിക്കുന്നതും ആയ അനുഷ്ഠാന രീതിയും ഇപ്രകാരമുള്ളതു തന്നെയാണല്ലോ.—

൩, ൫൦.) വിശ്വാസത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ

ടെ എട്ടാമതായ ഖണ്ഡികയിൽ ബാബേൽ പാത്രിയക്കീസ് 'പൊതു ഇടയനും' 'കത്തോലിക്കാ സഭയുടെ തലവനും' ആകുന്നു എന്നു കൂടുതൽ കാനോൻ ജൂപത്തിലും ഒരുറപ്പുണ്ടാവശ്യം പ്രസ്താവിക്കുന്ന ഒരു 'വലിയ ഇടത്തൂട്' മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിൽ എത്തുന്നതുവരെ മലങ്കര സഭയിൽ നിലനിന്നിരുന്നു എന്നു പറയുകയും,— ബാബേൽ പാത്രിയക്കീസ്മാർ നെസ്തോറിയന്മാരും ഗഹിതമായ ആ മതത്തിന്റെ അദ്ധ്യക്ഷന്മാരും വിശുദ്ധ സഭയുടെ അധികാരത്തിനു കീഴ്വഴങ്ങാത്തവരുമാണെന്നു സൂനഹദോസു നിശ്ചയിച്ചുകൊണ്ടു— മാപ്പ്ാപ്പായെ ഉദ്ദേശിച്ചുമാത്രം പറയപ്പെടാവുന്ന പ്രസ്തുത പദങ്ങളെ അവരെപ്പറ്റി മേലിൽ ഉപയോഗിക്കുന്ന ആൾ മഹറോനിൽ ഉൾപ്പെട്ടുമെന്നു വിധി പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. ഒരു നിയമത്തിൽ പറയുന്ന സംഗതികളെയും വാസ്തവ വിരുദ്ധങ്ങളാണെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പല സ്ഥലങ്ങളിലും തെളിയിച്ചിട്ടുള്ളതാണു. കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷന്മാരും ക്രൈസ്തവ ലോകപരിപാലകന്മാരും റോമ്മാ മാപ്പ്ാപ്പാമാരല്ലാതെ ബാബേൽ പാത്രിയക്കീസ്മാരല്ലെന്നു മലങ്കര സഭ അനുസ്യൂതമായി വിശ്വസിച്ചും സമ്മതിച്ചും വന്നിരുന്നതാണു്. പ്രസ്തുത പാത്രിയക്കീസ്മാരാകട്ടെ മാപ്പ്ാപ്പായെ അനുസരിച്ചു പ്രവർത്തിച്ചിരുന്ന ഉത്തമ കത്തോലിക്കരും ആയിരുന്നു. ഒരു സംഗതികൾ എല്ലാം ഇതിനു മുമ്പു (അ. ഫ്രാ ല. ഫാ.) വിവരിച്ചിട്ടുണ്ടു. ആകയാൽ പ്രസ്തുത പാത്രിയക്കീസ്മാർ നെസ്തോറിയന്മാരും ശപിക്കപ്പെട്ടവരും മഹറോനിൽ ഉൾപ്പെട്ടിരിക്കുന്നവരും ആകുന്നു എന്നു പ്രതിപാദിക്കുന്ന സൂനഹദോസിന്റെ വിധി എത്രമാത്രം പ്രമാദപൂർണ്ണകമാണെന്നു വിശേഷിച്ചു പറയേണ്ട ആവശ്യമില്ല. ഉഭയപേരുർ സൂനഹദോസിന്റെ നിയമങ്ങളിൽ കാണുന്ന വിധികൾ മുക്കാലേമുണ്ടാണിയും ഒരു തരത്തിലുള്ളവയാണു. കായ്

ങ്ങളുടെ യാഥാർത്ഥ്യം എത്രവിധമെന്നു പരിശോധിക്കാതെ മുൻകൂറായി വിധിചെയ്യുകയും ആ വിധിയെ ആസ്പദമാക്കി നിയമങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതുകൊണ്ടാണു ഒരു വിധം സംഭവിക്കുവാൻ ഇടയായതു. കുമ്പസാരം എന്നു കൂദാശ മലങ്കര സഭക്കു അജ്ഞാതമായിരുന്നു എന്നു രഹസ്യബന്ധമായ ഒന്നാമത്തെ നിയമത്തിൽ പ്രസ്താവിച്ചശേഷം, മസൂരി രോഗത്തിൽ ഉൾപ്പെട്ടു ആസന്ന മരണന്മാരായി തീർന്നിരിക്കുന്നവർ കുമ്പസാരിപ്പാൻ ആഗ്രഹിച്ചാൽ കൂടിയും ഈ സാംക്രമിക രോഗത്തെ ഭയന്നു വൈദികന്മാർ രോഗിയുടെ അടുക്കൽ പോകാതിരിക്കുന്നു എന്നു അതേ കാര്യത്തെപ്പറ്റിയുള്ള ആറാം നിയമത്തിൽ പറഞ്ഞിരിക്കുന്നു. പ്രഥമ നിയമം മുൻവിധിയിലും ഷഷ്ഠമനിയമം നടപടിയുടെ അനുഭവത്തിലും ആസ്പദീഭവിച്ചിരിക്കുന്നതുകൊണ്ടാണു ഒരു രണ്ടു നിയമങ്ങളും പരസ്പര വിരുദ്ധങ്ങളായിരിക്കുന്നതു. മാർ അബ്രാഹം അങ്കമാലിയിൽ പണിയിച്ച പള്ളിയുടെനാമകാരണനായ വി: ഹോർമീസ്ദാ ഒരു നെസ്തോറിയനും നെസ്തോറിയൻ ശാഖക്കാരുടെ ഒരു പ്രമാണപുരുഷനും ആകുന്നു എന്നും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ തെളിവായ പാഷണ്ഡതയും ഒരംശപരദ്രോഹങ്ങളും അടങ്ങിയിരിക്കുന്നതിനാൽ അതിനെ ദഹിപ്പിച്ചു കളയണമെന്നും അദ്ദേഹം സാധിച്ചതായി പറയപ്പെട്ടുന്ന അത്ഭുത പ്രവൃത്തികൾ വ്യാജങ്ങളാകുന്നു എന്നും അദ്ദേഹത്തിനു പ്രതിഷ്ഠിതങ്ങളായ തിരുനാളുകളെ മേലാൽ ആചരിച്ചുകൂടെന്നും മറും വിശ്വാസകാര്യങ്ങളെപ്പറ്റിയുള്ള തൃതീയ സമ്മേളനം ദശമ നിയമത്തിൽ മഹറോൻ ശിക്ഷയിൻകീഴ് പ്രസ്താവിച്ചിരിക്കുന്നു. ഇതു സംബന്ധമായ ഒരു തീരുമാനമാണെന്നും ഹോർമീസ്ദാ വാസ്തവത്തിൽ ഒരു മഹാപരിശുദ്ധനാകുന്നു എന്നും ഒരംശാസഭക്കാർ തന്നെയാണു ആ സിദ്ധന്റെ തിരുനാൾകൊണ്ടാടുവാനായി ദണ്ഡവിമോചനങ്ങളെ അപേക്ഷിച്ചിട്ടുള്ളതു് എന്നും ഇതിനുമുമ്പു വിവ

രിച്ചിട്ടുണ്ട്. എട്ടാം അദ്ധ്യായം എട്ടും ഒമ്പതും ലക്കങ്ങളിൽ ഏതത്സംബന്ധമായ പല കൂട്ടത്തൽ തെളിവുകൾ ക്രോഡീകരിച്ചിട്ടുമുണ്ട്. അവയൊക്കയിൽനിന്നും പ്രത്യക്ഷപ്പെട്ടുന്നതു ഇതു മുൻവിധിമൂലവും കായ്ചരിശോധന കൂടാതെയും നിർമ്മിച്ചിട്ടുള്ള ഒരു നിയമമാകുന്നു എന്നാണു. വിശ്വാസ വിഷയങ്ങളെപ്പറ്റിയുള്ള പത്തൊമ്പതാമത്തെ നിയമത്തിൽ, പ്രേഷകീയ സിംഹാസനത്താൽ നിയോഗിക്കപ്പെട്ടുന്ന യാതൊരു മെത്രാനെയും സ്വീകരിക്കുകയില്ലെന്നു അങ്കമാലി ഉൽകൃഷ്ടമെത്രാസന ഇടവകയിലെ വൈദികന്മാരും ജനങ്ങളും സത്യവാചകത്തിൻ കീഴ് തീച്ചുചെയ്തിരിക്കുന്നു എന്നും ആ ശപഥം സാധുഅല്ലെന്നും പ്രസ്താവിച്ചിട്ടുണ്ട്. പക്ഷെ, മേൽ (അ. ഥം. ല. ഥൻ.) ഉദ്ധരിച്ചിട്ടുള്ള ഒമനേസിസ് മെത്രാപ്പോലീത്തായുടെ ലേഖനത്തിൽ, മാർപ്പാപ്പാ അവർക്കായി ഒരു സുറിയാനി മെത്രാനെ നിയമിക്കുന്നപക്ഷം അദ്ദേഹത്തെ അവർ സ്വീകരിക്കുമെന്നു അദ്ദേഹം തന്നെ സമ്മതിച്ചു പറയുന്നു. നടന്നു സംഭവം ഒരംവിധമാണെങ്കിലും പ്രസ്തുത നിയമം അതിനെ എത്ര വ്യത്യാസപ്പെടുത്തിയാണു പറഞ്ഞിരിക്കുന്നതു!

ഥഥ) വിശ്വാസസംബന്ധമായ ഒന്നാമത്തെ നിയമത്തിൽ, നെസ്തോറിയസ്, തിയൊഡോറസ്, ഡിയഡോറസ്, അബ്രാഹം, നാർസി, ആബാഖർ കെയ്മാ, യോഹന്നാൻ, ഹോർമിസ്ദാ, മിഖായേൽ ബർയന്താ, റാബാഹെസദാ, മറ്റൊരു ഒരംശോയബ്, ഔറി ആദിയായ അനേകം ആളുകളുടെ നാമങ്ങളെ കാനോൻ ജപപുസ്തകത്തിൽ ചേർത്തു അവരുടെ സ്മരണയെ ആചരിച്ചു വരുന്നുണ്ടു, അവരെല്ലാവരും നെസ്തോറിയൻ പാഷണ്ഡന്മാരും ആ മതഭിന്നതയുടെ പ്രമാണപുരുഷന്മാരും ആകുന്നുവെന്നും പ്രസ്താവിക്കയും അവരുടെ തിരുനാളുകളെ കൊണ്ടാടുകയോ, അവരുടെ സചിത്രപടങ്ങളെ പള്ളിയിലാവട്ടെ വീടുകളിലാവട്ടെ വെച്ചു സൂക്ഷിക്കയോ ഉപ

യോഗിക്കയോ ചെയ്യുകയോ ചെയ്യുകയോ അവരെപ്പറ്റിയുള്ള പുസ്തകങ്ങൾ അത്രയും ദഹിപ്പിച്ചു കളയണമെന്നും കല്പിക്കയും, അവർ എല്ലാപേരും ഗഹിതന്മാരും മഹറോൻ ശിക്ഷയിൽ ഉൾപ്പെട്ടവരും നരകാഗ്നിയിൽ വേകുന്നവരും ആകുമെന്നും വിധിക്കയും ചെയ്തിരിക്കുന്നു. മാത്രമല്ല, ഗസ്സാ, ഹുദാ തുടങ്ങിയുള്ള കാനോൻ ജപപുസ്തകങ്ങളിൽ, "മ്ശിഹായിൽ രണ്ടു സ്വഭാവം ഉണ്ടു, അവയിൽ ഒന്നു ദൈവകുമാരന്റെ പ്രതിമയാകുന്നു, അവിടുന്നു ദൈവവചനത്തിന്റെ സപ്രതിപത്തിയും ആലയവും ആകുന്നു; ത്രീതപം മനുഷ്യാവതാരം ചെയ്തു, ദൈവം മാംസീഭവിച്ചില്ല, അവിടത്തെ മഹത്വത്തെ ആച്ഛാദനം ചെയ്യുന്നതിനുള്ള ഒരു വാസസ്ഥാനമായിട്ടു മാത്രമെ മാംസത്തെ സ്വീകരിച്ചിട്ടുള്ളു; നെസ്തോറിയസ് സത്യത്തെ പ്രസംഗിച്ചു, തിയോഡൊറസിനും ഡിയഡോറസിനും സത്യത്തെ വെളിപ്പെടുത്തിയ ദൈവത്തിനു സ്തുതി ഭവിക്കട്ടെ; സപ്രതിപങ്ങൾ വിഗ്രഹങ്ങളാകുന്നു, അവയെ വന്ദിക്കയോ, വണങ്ങേണ്ടതിനായി ദേവാലയങ്ങളിലാകട്ടെ വീടുകളിലാകട്ടെ അവയെ സ്ഥാപിക്കുകയോ ചെയ്യേണ്ടതല്ല; വിശുദ്ധകുർബ്ബാനയിൽ പരിത്രാതാവായ മ്ശിഹായുടെ സാക്ഷാൽ ശരീരമോ രക്തമോ ഇല്ല, അവയുടെ ഒരു ച്ഛായമാത്രമെ ഉള്ളൂ" എന്നും മറും പറഞ്ഞിരിക്കുന്നു എന്നു പതിനഞ്ചാമത്തെ നിയമത്തിൽ കുറ്റാരോപണം ചെയ്തു കാണുന്നു. പ്രസ്തുത രണ്ടു നിയമങ്ങളിലും പറയപ്പെട്ടിട്ടുള്ള സംഗതികളുടെ വാസ്തവാവാസ്തവങ്ങളെപ്പറ്റിത്തന്നെ നമുക്കു ആദ്യമായി പരിശോധിക്കാം. മേൽ പറഞ്ഞിട്ടുള്ള നെസ്തോറിയന്മാരുടെ പ്രതിമകളെ പള്ളികളിലോ വീടുകളിലോ സ്ഥാപിക്കുന്നതെന്നും അങ്ങനെ ചെയ്യുന്നതു കുറ്റകരമാകുന്നെന്നും നിയമനിർമ്മാതാവായ തെനേസിസ് മെത്രാപ്പോലീത്താ ആദ്യ നിയമത്തിൽ നിർണ്ണയം ചെയ്തിരിക്കുന്നു. പക്ഷേ അദ്ദേഹം തന്നെ ഒടുവിലത്തെ നിയമത്തിൽ പറയുന്നതു സപ്രതിപങ്ങൾ വിഗ്രഹങ്ങളാകയാൽ

അവരെയ ദേവാലയങ്ങളിലാവട്ടെ വീടുകളിലാവട്ടെ വന്ദ്യത്തിൽ എന്ന നിലയിൽ സ്ഥാപിച്ചുകൂടെന്നും കാനോൻ ഗ്രന്ഥങ്ങൾ ഉപദേശിക്കുന്നു എന്നാണു. ആദ്യ നിയമത്തിൽ പേർ പറഞ്ഞിട്ടുള്ള ആളുകളുടെ സചിത്രപങ്ങളെ വണങ്ങിക്കൂടാ എന്ന നിരോധ കല്പന പുറപ്പെടുവിച്ച നിയമ കർത്താവ് തന്നെ ഒടുവിലത്തെ നിയമത്താൽ കുറാരോപിതങ്ങൾ ആയ കാനോൻ ഗ്രന്ഥങ്ങൾ സചിത്രപങ്ങളെ— അവ ഏതുവക തന്നെയാവട്ടെ— നിർമ്മിക്കുകയോ വണങ്ങുകയോ ചെയ്യുകൂടെന്നു ഉപദേശിക്കുന്നു എന്നു സമ്മതിച്ചു പറയുന്നു. ഇതു എത്രമാത്രം പൂർവ്വാപരവിരുദ്ധമാണെന്നു തെളിവാണല്ലോ. ഇപ്പോൾ നരകാഗ്നിയിൽ കിടന്നു വേകുന്നു എന്നു പ്രഖ്യാപനം ചെയ്യപ്പെട്ടവരിൽ ഒരാൾ മേൽ പ്രസ്താവിച്ചിട്ടുള്ള യിഃ ഹോർമിസ്ദാ യാണു. ശേഷം ആളുകളിൽ പലരും പരിശുദ്ധന്മാരാകുന്നു എന്നുള്ള വസ്തുത ഒരു ലാസറിസ്റ്റ് (Lazarist) സന്ന്യാസിയും വന്ദ്യനുമായ പൌലോസ് ബെഡ്ജാൻ (Bed jan) എന്ന പുരോഹിതൻ 1—മാണ്ടു മുതൽ പല ഭാഗങ്ങളായിപാർസീസിൽ പ്രസിദ്ധീകരിച്ചിട്ടുള്ള "രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും ജീവചരിത്രം" എന്ന കൽദായ ഭാഷാഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതത്രെ. കൂടാതെ ഒരു ഓരശോ സഭാ വൈദികനായ നീലെസ് എന്ന മഹാനുഭാവൻ 1—ൽ അച്ചടിപ്പിച്ച "പൌരസ്ത്യ സഭകളുടെ പഞ്ചാംഗം" (N. Nilles Kalandarium Utriuspue Ecclesiae) എന്ന പുസ്തകത്തിൽ മേൽ പറഞ്ഞവരിൽ ഭൂരിപക്ഷം ആളുകളേയും പരിശുദ്ധന്മാരായി പരിഗണിച്ചിരിക്കുന്നു. ഇപ്പോൾ ബാബേൽ പാത്രിയർക്കീസിന്റെ അധികാര സീമയിൽ ഉപയോഗിക്കപ്പെട്ടുന്നതും ഉദയനേത്രർ സുന്നഹദോസിനാൽ തെറ്റു തിരുത്തപ്പെടാത്തതുമായ പ്രസ്തുത ഗ്രന്ഥം, ഉദ്ദരാ മുതലായ കാനോൻ ഗ്രന്ഥങ്ങളുടെ പ്രതി കേരളത്തിൽ മാന്നാനം മുതലായ ചില സ്ഥല

ങ്ങളിൽ സൂക്ഷിക്കപ്പെട്ടുന്നുണ്ടു. പൂർവ്വാപര പദങ്ങളോടുള്ള ബന്ധത്തെ പരിഗണിക്കാതെ വല്ല പദങ്ങൾക്കും സ്വയം അർത്ഥം കല്പിക്കുന്നതായാൽ മേൽ കാണിച്ച നിയമങ്ങളിൽ പറയുംപോലുള്ള അബദ്ധാർത്ഥം ഉണ്ടാകാതെന്നല്ലാതെ ശരിയായ അന്വയത്തിൽ യാതൊരബദ്ധവും കണ്ടുകിട്ടുവാൻ സാധിക്കുന്നതല്ല. മാത്രമല്ല, ത്രീത്വം മനുഷ്യാവതാരം ചെയ്തു എന്നു പറഞ്ഞു കഴിയുന്നതിനു മുമ്പായിത്തന്നെ ദൈവം മാംസീഭവിച്ചില്ല എന്നു പറയുന്നതു എത്രമാത്രം പരസ്പര വിരുദ്ധമാണു? മേൽ പ്രസ്താവിച്ചവയിൽ നിന്നു പ്രസ്തുത രണ്ടു നിയമങ്ങളിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വാസ്തവ വിരുദ്ധവും കാര്യവിവരമില്ലാതെ അബദ്ധബോധം നിമിത്തം പറഞ്ഞിട്ടുള്ളവകളുമാകുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. വി: കുർബ്ബാനയിൽ നമ്മുടെ കർത്താവിന്റെ തിരുശരീരവും ചോരയും സാക്ഷാൽ അടങ്ങിയിരിക്കുന്നു എന്നു മാർ അബ്രാഹം സ്വാതന്ത്ര്യ വിശ്വാസ പ്രദർശന പത്രത്തിൽ വിശ്വസിച്ചും അനുസരിച്ചും പറഞ്ഞിട്ടുള്ളതായി ഇതിനു മുമ്പു (അ. ക്രാ. ല. ക്രമ.) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു സംഗതിയിൽ മലങ്കര സഭക്കു ഉണ്ടായിരുന്ന വിശ്വാസം അദ്ദേഹത്തിന്റെ വിശ്വാസം തന്നെയായിരുന്നു.

പ്രസ്തുത നിയമങ്ങളിൽ പ്രതിപാദിക്കപ്പെട്ടുന്ന കാര്യങ്ങളെയും വാസ്തവങ്ങളെന്നു തന്നെയിരിക്കട്ടെ. വൈദികന്മാർ ആ പുസ്തകങ്ങളെ സമതത്ത്വോതക ഗ്രന്ഥങ്ങളായി ഉപയോഗിച്ചിരുന്നുവൊല്ലയോ എന്നാണു ഇനി ആലോചിക്കുവാനുള്ളതു്. ഇടത്തുടുപുസ്തകങ്ങളെ പലയിടങ്ങളിലും ഉപയോഗിക്കാതെ സൂക്ഷിക്കാറുള്ളതുപോലെ ഇവിടെയും സൂക്ഷിച്ചിരുന്നെന്നും അതുകൊണ്ടു പുസ്തകങ്ങളിൽ ഇവയുമുൾപ്പെട്ടിരുന്നെന്നു മല്ലാതെ വൈദികന്മാർ അവയെ ഉപയോഗിച്ചിരുന്നില്ല എന്നു തീർത്തു തന്നെ പറയാവുന്നതാണു. പാഷണ്ഡ മത സിദ്ധാന്ത പ്രതിപാദകങ്ങളായ യാതൊരു പുസ്തകങ്ങളും മലങ്കര സഭയിൽ ഉണ്ടായിരുന്നില്ലെ

ന്നു ഞങ്ങൾ വാദിക്കുന്നില്ല. ആ വക ചില ഗ്രന്ഥങ്ങൾ ഇവിടെ ഉണ്ടായിരുന്നു എന്നു മുകളിൽ (അ. ഫാ. മ. ഫ്വ.) ഞങ്ങൾ തന്നെ സമ്മതിച്ചിട്ടുമുണ്ടു. കത്തോലിക്കരുടെ കൈവശം വല്ല ഇടത്തുട്ട പുസ്തകങ്ങളുമുണ്ടായിരുന്നാൽ, അവയിലുള്ള അബദ്ധങ്ങളെല്ലാം അവർ വിശ്വസിച്ചിരുന്നെന്നു അതിനെ ആധാരമാക്കി തീരുമാനിച്ചു കളയുന്നതു ശരിയല്ലെന്നും മലങ്കര സഭയിൽ വല്ലയിടത്തുട്ട പുസ്തകങ്ങളുമുണ്ടായിരുന്നെങ്കിൽ അവ ഉപയോഗിക്കപ്പെടാത്തവയായിരുന്നെന്നും മാത്രമെ ഞങ്ങൾ പറയുന്നുള്ളു. ഉദയംപേരൂർ സൂനഹദോസിൽ സംബന്ധിച്ചിരുന്ന വൈദികന്മാരോടും വിശ്വാസികളോടും നെസ്തോറിയസ് മുതലായവരെ ശപിച്ചും പരിത്യജിച്ചും വിശ്വാസ സത്യം ചെയ്യേണമെന്നു മെനേസിസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടപ്പോൾ തങ്ങൾ സത്യ വിശ്വാസത്തിൽ ക്ഷയിച്ചവരല്ലെന്നും അതിനാൽ ഭരണത്തെ ഒരു വിശ്വാസ സത്യം ചെയ്യേണ്ട ആവശ്യമില്ലെന്നും അവർ ബലമായി വാദിക്കയുണ്ടായെന്നു സൂനഹദോസിന്റെ ചരിത്ര നിർമ്മാതാക്കളായ പോർട്ടുഗീസുകാർ തന്നെ സമ്മതിക്കുന്നു (3). നെസ്തോറിയസ് മുതലായ പാഷണ്ഡന്മാരെ പണ്ടേ തന്നെ അവർ ശപിക്കയും പരിത്യജിക്കയും ചെയ്തിട്ടുണ്ടായിരുന്നതിനാലാണു ഈ വിധം അവർ വാദിച്ചതെന്നു തെളിവായിരിക്കെ, ആ മതഭേദകന്മാരുടെ സ്മരണയെ പ്രസ്തുത വൈദികന്മാർ ആചരിച്ചിരുന്നെന്നും അവരുടെ തിരുനാളുകളെ ആഘോഷിച്ചിരുന്നെന്നും പറയുന്നതു എത്രമാത്രം അബദ്ധവും അടിസ്ഥാനശൂന്യവുമാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. വൈദികന്മാർ ഉപയോഗിച്ചിരുന്ന പുസ്തകങ്ങളിൽ വല്ല അബദ്ധവും അറിയാതെ നുഴഞ്ഞു കയറിട്ടുണ്ടായിരുന്നെങ്കിൽ മാർ അബ്രാഹത്തിന്റെ ഭരണകാലത്തു തിരുത്തിട്ടുമുണ്ടു എന്നും ഈ ഗ്രന്ഥത്തിൽ ഇതിനു മുമ്പു പല സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണു. ആകയാൽ കാനോൻ ജപ പുസ്ത

കങ്ങളെ സംബന്ധിച്ചുള്ള സൂനഹദോസിന്റെ മേൽ പറഞ്ഞ വിധികൾ കാര്യവിവരമില്ലായ്കയിൽ നിന്നു ഉണ്ടാവിച്ചിട്ടുള്ളതാണെന്നു തീർത്തു പറയേണ്ടിയിരിക്കുന്നു.

൫, ൬) സുറിയാനിഭാഷയിലുള്ള ആഗമ ഗ്രന്ഥങ്ങളിൽ പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ചില പുസ്തകങ്ങൾ ഇല്ലാതിരിക്കുന്നെന്നും നെസ്തോറിയൻകാർ സഭാബഹ്യങ്ങളെ സാധുകരിക്കേണ്ടതിനായി പൈശാചിക പ്രേരണ നിമിത്തം ചില വേദവാക്യങ്ങളെ നീക്കുകയും ചിലതു കൂട്ടുകയും ചെയ്തു ഉണ്ടാക്കിയെന്നും ഒരു ഉൽകൃഷ്ട മെത്രാസന ഇടവകയെ ഭരിച്ചുവന്ന നെസ്തോറിയൻ മെത്രാന്മാർ മുഖാന്തിരമാണു ഇവിടെയുള്ള വേദപുസ്തകങ്ങളിലെ വാക്യങ്ങളിലും കൂടുതൽ കുറവുകൾ ഉണ്ടായിട്ടുള്ളതെന്നും വിശ്വാസ കാര്യങ്ങളെപ്പറ്റിയുള്ള രണ്ടും മൂന്നും നിയമങ്ങളിൽ പറഞ്ഞിരിക്കുന്നു. നെസ്തോറിയൻ പാഷണ്ഡ വിശ്വാസത്തെ പിൻതാങ്ങുന്നതിനായി സുറിയാനി വേദപുസ്തകത്തിൽ യാതൊന്നും കൂട്ടുകയാവട്ടെ കുറക്കുകയാവട്ടെ ചെയ്തിട്ടില്ലെന്നു മാത്രമല്ല അപ്രതിത ബോധകൻ ലോകരംഗത്തിൽ കാണപ്പെട്ടതിൽപിന്നീടു അവിശുദ്ധ ലിഖിതത്തിലെ വാക്യങ്ങളിൽ യാതൊരുത്തനും ഒരുവക വ്യത്യാസവും വരുത്തിയിട്ടില്ലാത്തതുമാകയാൽ സൂനഹദോസിന്റെ ഒരു പ്രസ്താവം പരമാബദ്ധമാണെന്നു പ്രസിദ്ധന്മാരായ പല ഗ്രന്ഥകർത്താക്കന്മാർ രേഖാമൂലം തെളിയിക്കുന്നു. (4). ഒരു നിയമത്തിലും മറ്റു പല നിയമങ്ങളിലും നെസ്തോറിയൻ മെത്രാന്മാർ എന്നു സൂനഹദോസ് പേർത്തു പേർത്തു വിളിക്കുന്നതു മാർ അബ്രാഹാം, വിശ്വയോസേപ്പു, വിശ്വയ്യാരുടെ ആപ്തമിത്രമായ മാർ യാക്കോബ് മുതലായവരെയാണെന്നു വായനക്കാർ ധരിച്ചിരിക്കേണ്ടതാണു.

൭) ക്രിസ്തുശകം—ലെ ഗോവ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി പോർട്ടുഗീസുകാർ മാർ അബ്രാഹത്തെ

നിബ്ന്ധിച്ചതു നെസ്റ്റോറിയൻ അബദ്ധങ്ങളെ ഉപദേശിച്ചി രുന്ന അദ്ദേഹത്തെക്കൊണ്ടു കത്തോലിക്ക വിശ്വാസം സ്വീക രിപ്പിക്കുവാൻ വേണ്ടിയായിരുന്നു എന്നു പോർട്ടുഗീസു ഗ്രന്ഥകർ ത്താക്കളും അവരെ അനുസരിച്ചു മറു എഴുത്തുകാരും പറയുന്നു. പക്ഷേ മാർ അബ്രാഹത്തിനു കീഴ് മെത്രാന്മാർ ഇല്ലാതിരുന്നതു നിമിത്തം ഗോവയിലെ സൂനഹദോസുകളിൽ അദ്ദേഹം സംബന്ധിക്കണമെന്നു മാറ്റിപ്പറ കല്പിക്കയും തദനുസാരം അദ്ദേഹം അതിൽ സംബന്ധിക്കയും ചെയ്തിട്ടുള്ളതാണെന്നു തെളിവുകൾ സഹിതം ഇതിനു മുമ്പു (അ. ഥാ. ല ഥവ) തങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണു. മാർ അബ്രാഹം ഒരു കത്തോലിക്ക മതാദ്ധ്യക്ഷനായിരുന്നതുകൊണ്ടല്ലാതെ നെസ്റ്റോറിയൻ അബദ്ധ വിസർജ്ജനത്തിനായിട്ടല്ല ഗോവ സൂനഹദോസിൽ സംബന്ധിച്ചതെന്നു ആ സൂനഹദോസിന്റെ പത്തു നിയമങ്ങൾ തന്നെയും വിളിച്ചറിയിക്കുന്നു. ഇങ്ങനെയിരിക്കെ എത്രയധികം അബദ്ധങ്ങളാണു മേൽ പറഞ്ഞ ഗ്രന്ഥകർത്താക്കന്മാർ സ്വസ്വപ്രകൃതികളിൽ എഴുതിപ്പിടിപ്പിച്ചിട്ടുള്ളതു്! മാർ യൌസേപ്പു നെസ്റ്റോറിയൻ വിഷബീജോപനം ചെയ്തിരുന്നതിനാൽ തത്സംബന്ധമായ പരിശോധനകൾ നടത്തി വിധിതീർപ്പു ചെയ്യുവാനാണു 1599-ൽ ഉദയപ്രമായി ഗോവയിൽ സൂനഹദോസ് കൂടിയതു എന്നുള്ള അവരുടെ പ്രസ്താവനയും ഏനത്തിൽ ഉള്ള ഒന്നു തന്നെ.

(ഛ) മാർ അബ്രാഹം വീഞ്ഞില്ലാതെ വെറും പാത്രം തൊടുവിച്ചു കൊണ്ടു പട്ടം കൊടുത്തിരുന്നവർക്കു പട്ടം വീണ്ടും കൊടുക്കണമെന്നു ഗോവയിലെ സൂനഹദോസ് നിശ്ചയിക്കയും തദനുസാരം അദ്ദേഹം പട്ടം ആവർത്തിക്കയും ചെയ്തതായി മേൽ പറഞ്ഞ ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നുണ്ടു. മാർ അബ്രാഹം ലാറിൻ കൊൻഫിർമ്മേഷൻ രഹസ്യം ചെയ്തു ഉപയോഗിക്കണമെന്നുള്ള പ്രസ്തുത ഗോവ സൂനഹദോസിന്റെ നിയമ

നിച്ചുഷ്ം മൂലമായിരിക്കാം അദ്ദേഹം ഇങ്ങനെ ചെയ്തിട്ടുള്ളതു. ഇതിലേക്കു അദ്ദേഹത്തെ നിബ്സ്ചിച്ചവർ വലിയ അബദ്ധമാണു പ്രവർത്തിച്ചിട്ടുള്ളതെന്നു പറയാതെ നിവൃത്തിയില്ല. പട്ടം വാസ്തവമാക്കുന്നതിനു ദ്രാക്കാരസത്തോടു കൂടിയ കാസാത്തൊട്ടെ മതിയാവൂ എന്നു കത്തോലിക്കു സഭ തീരുമാനിച്ചിട്ടില്ലെന്നു മാത്രമല്ല, ഗ്രീക്കു സഭയിലും മറു പൌരസ്ത്യ സഭകളിലും വീഞ്ഞോടു കൂടിയ കാസാ തൊടുവിക്കുന്ന സമ്പ്രദായം ശ്ലീഹന്മാരുടെ കാലം തുടങ്ങിത്തന്നെ ഇല്ലാത്തതുമാണു.

൧൪) മാർ അബ്രാഹം മലയാളത്തിൽ ആദ്യം വന്നപ്പോൾ പട്ടമേല്ക്കാത്തവനായിരുന്നെന്നും പോർട്ടുഗീസുകാർ അദ്ദേഹത്തെ ഇവിടെ നിന്നു നാടു കടത്തിയപ്പോൾ അദ്ദേഹം ബാബേൽ വഴി റോമ്മയിൽ എത്തി വെനീസ് പാത്രിയക്കീസിൽ നിന്നു മെത്രാൻപട്ടം സ്വീകരിച്ചെന്നും പോർട്ടുഗീസു ചരിത്രകർത്താക്കൾ പ്രസ്താവിച്ചുകാണുന്നു. ഈ പ്രസ്താവം സത്യവിരുദ്ധമാണെന്നും അബ്ദീശോ പാത്രിയക്കീസു് മെത്രാൻ എന്ന നിലയിലാണു അദ്ദേഹത്തെ മലയാളത്തിലേക്കു അയച്ചിട്ടുള്ളതെന്നും ബാബേലിൽനിന്നു റോമ്മയിൽ എത്തിയപ്പോൾ പീയൂസ് ചതുർത്ഥൻ അദ്ദേഹത്തെ മെത്രാൻ എന്ന നിലയിലാണു സ്വീകരിച്ചതെന്നും അതിലേക്കു വേണ്ട പിടിമാനങ്ങളും സാക്ഷ്യങ്ങളും മാല്പ്പാപ്പായുടെ സമക്ഷം അദ്ദേഹം ഹാജരാക്കിയെന്നും മറുമുള്ള സംഗതികളെ ബലമായ രേഖകളുടെ കൂടെ മുകളിൽ (അ. ക്രാ. ല. ൻ.) തന്നെ ഞാൻ കാണിച്ചിട്ടുണ്ടു. മാർ അബ്രാഹത്തിന്റെ സംഗതിയിൽ ഗ്രന്ഥകാരന്മാർ പലതാണ്ടുകളും പ്രസ്താവിച്ചിട്ടുണ്ടു. അവയിൽ മൂന്നു സംഗതികളെ ദൃഷ്ടാന്തപ്രകാരം താഴെ കാണിക്കാം. (ക) റോലിൻ എന്ന ഗ്രന്ഥകാരൻ, മാർ അബ്രാഹത്തെ മലയാളത്തിലേക്കു അയച്ചതു ശെമവോൻ പാത്രിയക്കീസാണെന്നു ക്രി. വ. ൧൭൦൦-ാം പുറത്തും അബ്ദീശോ പാത്രിയക്കീസാണെന്നു ക്രി. വ. ൧൭൩൬-ാം പുറത്തും പൂവ്വാപര വി

ശുദ്ധമായി പറഞ്ഞിരിക്കുന്നു. (൨) പോർട്ടുഗീസ് മെത്രാന്മാരുടെ പേരിലുള്ള ഭയം നിമിത്തവും മറ്റു പ്രകാരം പ്രവർത്തിക്കുക ഭൂസ്സാധമായി വരുകയാലും അവരോട് ചേർന്ന വിശ്വാസസത്യം ചെയ്ത എങ്കിലും സത്യ വിശ്വാസം നെസ്തോറിയൻ തന്നെ ആയിരിക്കുന്നു എന്നും മറ്റും വിവരിക്കുന്ന ഒരു എഴുത്തു കിട്ടിവച്ചിരിക്കുന്നു—ഈ ഗോവ സൂനഹദോസിൽ സംബന്ധിച്ച ശേഷം മാർ അബ്രാഹം നെസ്തോറിയൻ പാത്രിയർക്കീസിനു അയച്ചതായി ഗോവേയ, ഹഫ് മുതലായ അനവധി ഗ്രന്ഥകർത്താക്കന്മാർ പറയുന്നു. ഗോവേയായുടേയും അദ്ദേഹത്തിന്റെ പക്ഷപ്പുഴത്തുകാരുടെയും ഒരു പ്രസ്താവത്തിൽ വാസ്തവം ലേശം പോലുമില്ലെന്നും മാർ അബ്രാഹം നെസ്തോറിയൻ പാത്രിയർക്കീസിന്റെ അനുസരണയിൽ ഉൾപ്പെട്ടാത്ത ഒരു ഔദ്യോഗികാദ്ധ്യക്ഷനാണെന്നും മറുമുള്ള സംഗതികളെ പ്രസ്തുത സൂനഹദോസിന്റെ സാക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള ബലവത്തരങ്ങളായ അസംഖ്യം രേഖകളെക്കൊണ്ടു പത്താം അദ്ധ്യായത്തിൽ തെളിയിച്ചിട്ടുള്ളതാണു. അതിനാൽ മാർ അബ്രാഹം മലങ്കരസഭയെ ഭരിച്ചിരുന്നതു നെസ്തോറിയൻ പാത്രിയർക്കീസിന്റെ അധികാരബലം കൊണ്ടായിരുന്നെന്നു വിരോധകക്ഷികൾ തെളിയിക്കാതിരിക്കുന്ന കാലത്തോളം അവരുടെ പ്രസ്താവങ്ങൾ അവാസ്തവങ്ങളായിട്ടു മാത്രമേ ലോകചരിത്രത്തിലും സഭാചരിത്രത്തിലും ശേഷിച്ചിരിക്കുകയുള്ളൂ. (൩) മാർ അബ്രാഹം റോമയിൽ ചെന്നു വിശ്വാസസത്യത്തിൽ മ്ശിഹായിൽ ഒരാളും രണ്ടു സ്വഭാവവും ഉണ്ടെന്നു സ്വീകരിക്കുന്നതായി ചെയ്ത പ്രസ്താവനയിലെ 'രണ്ടുസ്വഭാവമുണ്ടു' എന്ന വാചകത്തിൽ 'രണ്ടുആൾ' എന്നു അർത്ഥം ഗ്രഹിപ്പിക്കുന്ന സുറിയാനിപദം ചതിവായി ഉപയോഗിച്ചെന്നു ചിലഗ്രന്ഥകാരന്മാർ പറയുന്നുണ്ടു. ഈ ചതിപ്രയോഗത്തെ കണ്ടുപിടിച്ചവർ ആരാണെന്നുള്ളതോ ഈ വൃത്താന്തം റോമായിൽ ഉണ്ടായിരുന്നവരെന്നേ ആരും പ്രസ്താ

ത്തരം പറയുകയുള്ളൂ. പിന്നെ എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ വിശ്വാസസത്യത്തെ അംഗീകരിച്ച നാലാമത്തെ പീയൂസ് മാപ്പിപ്പായുടെ അടുക്കൽ അവർ ആ സംഗതി വെളിപ്പെട്ടത്താതിരുന്നതു? മാർ അബ്രാഹം വിശ്വാസസത്യം ചെയ്ത ശേഷം വളരെക്കാലം റോമ്മയിൽ തന്നെ താമസിച്ചിരുന്നു. അക്കാലത്തു അനുകരണീയമായ ഒരു ജീവിതത്തെ അദ്ദേഹം നയിച്ചിരുന്നെന്നും ജ്ഞാനികളെക്കൊണ്ടു അദ്ദേഹത്തിന്റെ വിശ്വാസനിലയെ പരിശോധിപ്പിക്കയുണ്ടായെന്നും മറും പ്രസ്തുത മാപ്പിപ്പാമാർ അബ്രാഹത്തെ വളരെ ശ്ലാഘിച്ചു എഴുതിയിട്ടുണ്ടു. അവയെ സംബന്ധിച്ച ഇതിനു മുമ്പു (അ. ക്രാ. ല. വ്യ. ൻ.) പല സ്ഥലങ്ങളിൽ വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ അധികം പറയേണ്ടതാവശ്യമില്ലെന്നു കരുതുന്നു.

൫, ക്രന്യ.) കൊച്ചീ മെത്രാൻ ഉദയംപേരൂർ സൂനഹദോസിലേക്കു അയച്ച ഒരു ലേഖനത്തിൽ ബാബേലിൽ നിന്നു വന്നിരുന്നവർ എല്ലാം അൽമേനികളും അതിൽ താണവരും ആയിരുന്നെന്നു പറഞ്ഞിട്ടുള്ളതായി റോമിൽ ൨൭൨൬-ാം പക്ഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു കൽദായ മെത്രാന്മാരെപ്പറ്റി പോർട്ടുഗീസുകാർക്കു എന്തഭിപ്രായമാണെന്നുണ്ടായിരുന്നതെന്നുള്ളതിനെ പ്രസ്പഷ്ടമാക്കുന്നൊരു തുമ്മ വാക്യമാണു. കൽദായ മതാദ്ധ്യക്ഷന്മാരുടെ പേരിൽ ഇത്ര വലുതായ ദുരഭിപ്രായമാണു അവർക്കുണ്ടായിരുന്നതെങ്കിലും നാലാം പീയൂസ്, ചതിമൂന്നാം ഗ്രിഗോരിയോസ് തുടങ്ങിയുള്ള മാപ്പിപ്പാമാർ എത്ര ആദരത്തോടും ബഹുമാനത്തോടും കൂടിയാണു അവരോടും അവരുടെ പാത്രിയർക്കീസിനോടും വർത്തിച്ചിരുന്നതെന്നു മേൽ (അ. ക്രാ. ല. വ്യ— ക്രന്യ.) പല സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ.

൬)സപ്രൂപ വന്നതു, മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷ, പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ഇവയെന്നും മലങ്കര സഭയി

ൽ ഉണ്ടായിരുന്നില്ലെന്നും ഉദയംപേരൂർ സൂനഹദോസു് മുഖാന്തരമാണു അവയെല്ലാം ഇവിടെ നടപ്പായതെന്നും ആ സൂനഹദോസിന്റെ ചില നിയമങ്ങളും പോർട്ടുഗീസ് ഗ്രന്ഥകാരന്മാരും പറയുന്നു. പക്ഷേ അവർ മതാനുഷ്ഠാനങ്ങൾ ഭക്ഷിണഭാരത സഭയിൽ പണ്ടേ തന്നെ ഉണ്ടായിരുന്നു എന്നതിലേക്കു ധാരാളം ലക്ഷ്യങ്ങൾ ഉള്ളതുകൊണ്ടു ഒരു പ്രസ്താവം സർവ്വാബദ്ധമായ ഒന്നാകുന്നു എന്നു പ്രസിദ്ധമാണു. വിശ്വാസ സംബന്ധമായ ഒരു മൂന്നു സംഗതികളെപ്പറ്റി മലങ്കര സഭയുടെ ഒട്ടുവിലത്തെ ഭരണകർത്താവായ മാർ അബ്രാഹം എന്നു വിശ്വസിച്ചിരുന്നെന്നും സ്വീയമായ ആദ്ധ്യാത്മ പ്രജാസഞ്ചയത്തെ എന്നു പഠിപ്പിച്ചിരുന്നെന്നും അദ്ദേഹം സ്വന്ത വിശ്വാസ പ്രഖ്യാപന പത്രത്തിൽ വിശദമായി പ്രസ്താവിക്കുന്നുണ്ടു. (അ. ക്ര. ല. ക്രമം.) "ശുദ്ധീകരണ സ്ഥലമുണ്ടെന്നും അതിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾ വിശ്വാസികളുടെ ധർമ്മകൃത്യങ്ങളാൽ സഹായിക്കപ്പെടുന്നു എന്നും, മ്ശിഹായോടുകൂടി വാഴുന്ന സിദ്ധന്മാരെ വണങ്ങുകയും അവരോടു പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണു എന്നും അവർ ദൈവസന്നിധിയിൽ നമ്മേക്കുറിച്ചു പ്രാർത്ഥിക്കുന്നു എന്നും അവരുടെ വിശുദ്ധാവശിഷ്ടങ്ങൾ വന്ദനീയങ്ങൾ ആകുന്നു എന്നും ഞാൻ സ്ഥിരമായി വിശ്വസിക്കുന്നു. മ്ശിഹായുടെയും നിത്യകന്യകയായ ദൈവജനനിയുടെയും മറ്റു വിശുദ്ധന്മാരുടെയും പ്രതിമകൾ ഉണ്ടായിരിക്കേണ്ടതും സൂക്ഷിക്കപ്പെടേണ്ടതും അവക്കു യോഗ്യമായ ബഹുമാന വണക്കങ്ങളെ ചെയ്യേണ്ടതുമാണു എന്നും ഞാൻ രീച്ച്യായി സമ്മതിക്കുന്നു..... സത്യമായ ഒരു കത്തോലിക്ക വിശ്വാസത്തെ പൂർണ്ണമായും ഭംഗമില്ലാതെയും എന്റെ ആയുസ്സിന്റെ അവസാന ശ്വാസം വരെ ദൈവാനുഗ്രഹത്താൽ സ്ഥിരമായി വിശ്വസിപ്പാനും വിശ്വസിക്കുന്നതിനും, എന്നു മാത്രമല്ല എന്റെ കീഴുള്ളവരും, എ

നു വച്ചാൽ എന്റെ ഉദ്യോഗ നിലയെ അനുസരിച്ചു ആളുടെ എല്ലാം ചുമതല എനിക്കുണ്ടായിരിക്കുമോ, അവർ ഏല്ലാവരും വിശ്വസിക്കുന്നതിനും ഉപദേശിക്കപ്പെടുന്നതിനും അവരോടു പ്രസംഗിക്കപ്പെടുന്നതിനും എനാൽ കഴിയുന്ന വിധത്തിൽ ശ്രമിക്കുന്നതാണെന്നു മാർ അബ്രാഹമായ ഞാൻ വാഗ്ദാനം ചെയ്കയും ഉടമ്പടി ചെയ്കയും ശപഥം ചെയ്കയും ചെയ്യുന്നു. ദൈവവും ദൈവത്തിന്റെ ഹരം സുവിശേഷങ്ങളും ഇതിനു എനെ സഹായിക്കട്ടെ" എനാണു അദ്ദേഹം അതിൽ അനുസരിച്ചു പറഞ്ഞിട്ടുള്ളതു്.

പോർട്ടുഗീസു് നൌഗണാധിപനായ അൽബുക്കെർക്കു് പതിനാറാം ശതവത്സരത്തിന്റെ ആരംഭത്തിൽ കൊല്ലത്തു വന്നപ്പോൾ അവിടത്തെ ക്രിസ്ത്യാനികളുടെ അപേക്ഷയനുസരിച്ചു വി. യാക്കോബ് ശ്ലീഹായുടെ ഒരു പടവും ഒരു മണിയും മറും അവക്കു കൊടുക്കുക ഉണ്ടായെന്നു മുകളിൽ(അ. ഥാ. ലേ. ൨) പറഞ്ഞിട്ടുണ്ടല്ലോ. സപ്രൂപ വന്ദന ഇവിടെ ഉണ്ടായിരുന്നതിനാലാണു അവർ പടം ആവശ്യപ്പെട്ടകയും വാങ്ങിക്കയും ചെയ്തത്. സുറിയാനിപ്പുളികളിൽ സാധാരണ ഉപയോഗിച്ചുവരുന്നതു എഴുത്തു പടങ്ങളാണു. കൊത്തുരൂപങ്ങൾ വളരെ ദുർല്ലഭമായിരുന്നു. നസ്രാണികളെപ്പറ്റി പോർട്ടുഗീസുകാർക്കു വളരെ തെറ്റിദ്ധാരണകൾ ഉണ്ടാകുന്നതിനു ഇതു ഒരു വഴിയായിത്തീർന്നിട്ടുണ്ടു. മലങ്കരസഭ ആദിമകാലം തുടങ്ങിഇന്നോളം പരിശുദ്ധന്മാരെ വണങ്ങുകയും അവർക്കായി നേർച്ചകളും വഴിപാടുകളും സമർപ്പിക്കയും അവരുടെ നാമത്തിൽ പല ദേവാലയങ്ങളെ സ്ഥാപിക്കയും ചെയ്തു വന്നിരുന്നു. മാർ സാബോർ മാർ പ്രോത്തു് എന്നാ മെത്രാന്മാരെ സിദ്ധന്മാരായി വണങ്ങി വരുന്നൊന്നും അനവധി ദേവാലയങ്ങൾ അവരുടെ അഭിധാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നൊന്നും ഉദയംപേരൂർ സൂനഹദോസിന്റെ ഒരു നിയമത്തിൽ പറഞ്ഞിട്ടുള്ളതു് ഞങ്ങൾ ഇതിനു മുമ്പു

(അ. വ്യ. ല. വ്യ— ൽ.) പ്രസ്താവിച്ചിട്ടുണ്ടല്ലോ. വിശ്വാസികളാരെ വന്ദിക്കയും അവരോടു പ്രാർത്ഥിക്കയും വഴിപാടുകളും നേർച്ചകളും അവക്കായി സമർപ്പിക്കയും ചെയ്യുന്ന നടപ്പു ദക്ഷിണ ഭാരത സഭയിൽ അറിയപ്പെടാത്തതായിരുന്നെന്നു പറയുന്ന ഗ്രന്ഥകാരന്മാരുടെയും സൂനഹദോസിന്റെയും പ്രസ്താവങ്ങൾ അവിശ്വാസ്യങ്ങളാകുന്നു എന്നല്ലാതെ മറ്റെന്തോന്നാണു ഈനിയമത്തിൽ നിന്നു നമുക്കു മനസ്സിലാകുന്നതു? വിശ്വാസ്യങ്ങൾ എന്നു കരുതുന്നപക്ഷം മാർ സാബോറിനെയും മാർ പ്രോത്തിനേയും വണങ്ങിയിരുന്നു എന്നുള്ള സൂനഹദോസിന്റെ പ്രസ്താവം അവാസ്തവമാണെന്നു സമ്മതിക്കേണ്ടിവരുന്നു. സൂനഹദോസിന്റെ ഈനിയമവും ഇതുപോലെയുള്ള വേറെ അനവധി നിയമങ്ങളും കാര്യജ്ഞാനമില്ലാതെ നിർമ്മിച്ചിട്ടുള്ളതാണെന്നു പ്രതിയോഗികൾക്കു പോലും സമ്മതിക്കാതെ തരമില്ല.

ഫ്വ) ഉദയംപേരൂർ സൂനഹദോസിനു മുമ്പു മലങ്കര സഭയിൽ പള്ളിക്കൂടത്ത ദിവസം റംശാ മുതൽ റംശാ വരെ എന്നു വച്ചാൽ സന്ധ്യമുതൽ സന്ധ്യവരെയായിരുന്നു. നോമ്പു കാനോൻ ജപങ്ങൾ ആദിയായവയുടെ ആരംഭാവസാനങ്ങളും തദനുസാരമാണു ക്രമപ്പെട്ടുപോയിരുന്നതു. ദിവസാരംഭം സന്ധ്യയായിരുന്നതു കൊണ്ടാണു കാനോൻ ജപങ്ങളുടെ ആരംഭമായ റംശാ [illegible] ഒന്നാമതും പിന്നീടു ലെലിയായും ഒടുവിൽ സപ്രായും ജപിക്കുക നടപ്പായതും അങ്ങനെ ജപിക്കണമെന്നുള്ള നിയമത്തിനു അനുസൃതമായി പ്രസ്തുത ജപങ്ങൾ ക്രമപ്പെട്ടുപ്പെട്ടതും. സൂനഹദോസിന്റെ എട്ടാം സംഘം പതിനാറാം നിയമമാകട്ടെ ഈ വ്യവസ്ഥയെ ഭേദപ്പെടുത്തി ദിവസത്തിന്റെ ആരംഭോപസാനങ്ങൾ അർദ്ധരാത്രിയായി നിശ്ചയിച്ചു. കാനോൻ ജപങ്ങളും അവയുടെ ക്രിമവ്യവസ്ഥകളുമെല്ലാം യാതൊരു വ്യത്യാസവുമില്ലാതെ ഏതാവൽ പർയ്യന്തം പൂർവ്വ സ്ഥിതിയിൽ തന്നെ രേഷിച്ചിരിക്കുന്നു. തന്നിമിത്തം കാനോൻ ജ

പങ്ങളുടെ വിഷയത്തിൽ പലപ്പോഴും സംശയവും മനോവിഷാദവും ഉണ്ടാകുന്നതിനു ഇതു ഒരു ഹേതുവായിട്ടാണു തീർന്നിരിക്കുന്നതു— കൂടാതെ, പൌരസ്ത്യ സഭ മാംസം വർജ്ജിച്ചു വരുന്നതു ബുധൻ വെള്ളി ഒരു ദിവസങ്ങളിലാണു. ഭാരത സഭയുടെ ആചാരവും തദനുസാരമായിരുന്നു. പ്രസ്തുത സമ്മേളനത്തിന്റെ പതിനഞ്ചാമത്തെ നിയമം ആ നടപ്പിനെ ഭേദപ്പെടുത്തി വെള്ളി ശനി എന്നാ ദിവസങ്ങളിൽ മാംസം വർജ്ജിക്കണമെന്നു നിശ്ചയിച്ചു.

കാര്യസാദ്ധ്യത്തിനു മനസ്സിലാക്കാതെയും കൽദായ സഭയുടെ അനുഷ്ഠാന ഭേദങ്ങൾ എന്തെല്ലാമെന്നു ആലോചിക്കാതെയുമാണു മേൽ കാണിച്ചിട്ടുള്ള നിയമങ്ങളെ എല്ലാം നിർമ്മിച്ചിട്ടുള്ളതെന്നു ഇതുവരെ പറഞ്ഞതിൽ നിന്നു വിശദമാകുന്നു. വേറെയും നിയമങ്ങളുടെ ഉല്പത്തിയും ഇതു വിധം തന്നെയെന്നു രേഖാമൂലം തെളിക്കാവുന്നതാണു. എങ്കിലും ഗ്രന്ഥവിസ്താര ഭയം നിമിത്തം അവയെ തല്ക്കാലം നീക്കിവച്ചു കൊണ്ടു വേറൊരു മാർഗ്ഗത്തിലേക്കു മാന്യ വായനക്കാരെ പ്രവേശിപ്പിക്കുവാൻ കരുതുന്നു.

൩. കൽദായ മെത്രാന്മാരെയും ജനങ്ങളേയും സംബന്ധിച്ചുള്ള പോർട്ടുഗീസ് അധികൃതന്മാരുടെ അഭിപ്രായവും വിധിയും കേവലം അബദ്ധമായിരുന്നെന്നു തെളിയിക്കുന്നതിനുള്ള

മൂന്നാമത്തെ മാർഗ്ഗം,

ഈ മൈദികന്മാരുടെയും ജനങ്ങളുടെയും നേർക്കു മെനേസീസ് മെത്രാപ്പോലീത്താപ്രദർശിപ്പിച്ച ആചാര വിശേഷങ്ങൾ തന്നെ. ഉടയംപേരൂർ സൂനഹദോസുവരെ ദക്ഷിണ ഭാരത സഭയുടെ ഭരണാധികാരം നിർവ്വഹിച്ചിട്ടുള്ള മെത്രാന്മാരെല്ലാം നെസ്തോറിയൻ മതത്തലവന്മാരായ പാത്രിയർക്കീസുമാരാൽ അയക്കപ്പെട്ട നെസ്തോറിയന്മാരും ദുഷ്ടപാഷണ്ഡരായ നെസ്തോറിയസ്സ് മുതലായവരെ സിദ്ധന്മാരായി വണങ്ങി വന്നവരും, കു

വസാരം മുമ്പിലത്തെ ഒപ്പുശ് മാ തുടങ്ങിയുള്ള ക്രമാശകളെ സ്വീകരിക്കാത്തവരുമായിരുന്നെന്നും, അവരുടെ അധികാരത്തിൽ ഉൾപ്പെട്ടിരുന്ന വൈദികന്മാരും ജനങ്ങളും ഈ അബദ്ധങ്ങളെയെല്ലാം അംഗീകരിച്ചു അനുസരിച്ചു വന്നവരായിരുന്നെന്നും പ്രസ്തുത സൂനഹദോസിന്റെ സകല നിയമങ്ങളും മുകതകണ്ഠം ഘോഷിക്കുന്നതായി മേൽ നാം കണ്ടുവല്ലോ. പാഷണ്ഡന്മാരായ ആ വൈദികന്മാരോടും ജനങ്ങളോടും മനോനീസ് മെത്രാപ്പോലീത്താ ഏതു വിധമാണു പേരുമാറിയിരുന്നതെന്നു നമുക്കു ഇവിടെ പരിശോധിക്കാം. ഫ്രങ്കിൻ ഫ്രെഞ്ചുവരി മാസത്തിലാണു അദ്ദേഹം ഗോവയിൽ നിന്നു മലയാളത്തിൽ എത്തിയ്തു്. കൊച്ചിയിൽനിന്നു വൈപ്പിക്കോട്ട സെമ്മിനാരിയിൽ ചെന്നശേഷം അദ്ദേഹം ഒന്നാമതായി പ്രവർത്തിച്ചതു ബാബേലിലെ നെസ്തോറിയൻ പാത്രിയക്കീസിന്റെ നാമത്തെ വൈദികന്മാർ കുബ്ബാനയിലും കാനോൻ ജപങ്ങളിലും പ്രതിദിനം രണ്ടു പ്രാവശ്യം സ്മരിച്ചു വരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടു ആ നടപ്പിനെ മഹറോൻ ശിക്ഷയിൻ കീഴ് മുടക്കുകയും ആ നിരോധകല്പനയെ ആച്ച്ഡീക്കനും വൈദികന്മാരും മൂലം നടപ്പിൽ വരുത്തുകയും ചെയ്തതാണു. നെസ്തോറിയൻ പാത്രിയക്കീസും ദിവ്യകർമ്മങ്ങളിൽ അദ്ദേഹത്തിന്റെ നാമത്തെ അനുസ്മരിക്കുന്നവരും കത്തോലിക്കാ സഭാംഗങ്ങളല്ലാത്തവരാണെന്നും പണ്ടേതന്നെ മഹറോനിൽ ഉൾപ്പെട്ടിരിക്കുന്നെന്നും, എന്നാൽ ആച്ച്ഡീക്കനും അദ്ദേഹത്തിന്റെ വൈദിക ഗണവും യാതൊരുത്തന്റെ പേരിനെ അവർ സ്മരിക്കുന്നുവോ ആ പാത്രിയക്കീസും മഹറോനിൽ ഉൾപ്പെടാത്ത കത്തോലിക്കാ സഭാംഗങ്ങളാണെന്നുമല്ലാതെ മറ്റൊന്നോന്നാണു മെത്രാപ്പോലീത്തായുടെ പ്രസ്തുത പ്രവൃത്തിയിൽ നിന്നു നമുക്കു അഭേദ്യമായി സിദ്ധിക്കുന്ന അനുമാനം! അവർ മഹറോനിൽ ഉൾപ്പെടാത്തവരായിരുന്നതിനാലാണു മെത്രാപ്പോലീത്താ മഹറോൻ ശിക്ഷ

യിൻ കീഴ് അവരോട് തോറ്റുപോയിരിക്കുന്നു. അനന്തരം മെത്രാപ്പോലീത്താ പാഷണ്ഡന്മാർ എന്നു പറയപ്പെട്ടിരുന്ന മാർതോമ്മാനസ്രാണികളുടെ ദേവാലയങ്ങളിൽ പോയി ദിവ്യപൂജാപ്പണം ചെയ്യുവാനും ദിവ്യകർമ്മാദികളിൽ ആ ക്രിസ്ത്യാനികളോട് സംബന്ധിക്കുവാനും ആരംഭിച്ചു. ഈ കാര്യത്താലിക്കു മെത്രാൻ പതിത മതസ്ഥന്മാരുടെ പള്ളികളിൽ പോകയോ ദിവ്യകർമ്മാനുഷ്ഠാനങ്ങളിൽ ഭാഗഭാക്കായി തീരുകയോ ചെയ്യുകൂടെന്നു കത്തോലിക്കാ സഭയാൽ വിരോധിക്കപ്പെട്ടിരിക്കെ, മതഭിന്നതയിൽ ഉൾപ്പെട്ടിരുന്നു എന്നു ഘോഷിക്കപ്പെട്ടുന്ന സുറിയാനിപ്പള്ളികളിൽ മെനേസിസ് മെത്രാപ്പോലീത്താ പ്രവേശിച്ചു വിശുദ്ധബലി മുതലായ വേദകർമ്മങ്ങളെ എങ്ങനെയാണു നിവർത്തിച്ചതു്?. സുറിയാനിക്കാരായ വൈദിക വിദ്യാർത്ഥികൾക്കു പട്ടം കൊടുത്തതാണു മെത്രാപ്പോലീത്തായുടെ മൂന്നാമത്തെ പ്രവൃത്തി. അതിൽ ഭൂരിപക്ഷം പൂർവ്വാചാരമനുസരിച്ചു മപ്പാന്മാരുടെ അടുക്കലും ശേഷിച്ചവർ ദൈശോസഭക്കാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന വൈപ്പിക്കോട്ട സെമ്മിനാരിയിലുമാണു വിദ്യാസമ്പാദനം ചെയ്തിരുന്നതു്. വൈപ്പിക്കോട്ടിലെ ചരിത്രത്തിൽ വിദ്യാർത്ഥികൾക്കല്ലാതെ സുറിയാനിക്കാർക്കു പട്ടം കൊടുത്തുകൂടായെന്നു ആർച്ച്ഡീക്കൻ മെത്രാപ്പോലീത്തായെ വിരോധിച്ചതായി ഗൊവേയ, റോളിൻ ആദിയായ പോർട്ടുഗീസു ഗ്രന്ഥകാരന്മാർ തന്നെ സമ്മതിച്ചു പറയുന്നു. സൂനഹദോസിന്റെ പ്രസ്തുത നിയമങ്ങൾ ഘോഷിക്കുന്നതു, ആ വിദ്യാർത്ഥികൾ പാഷണ്ഡന്മാരും പാഷണ്ഡവൈദികന്മാരാൽ പഠിപ്പിക്കപ്പെട്ടവരുമായിരുന്നു എന്നാണു. മെനേസിസ് മെത്രാപ്പോലീത്തായാവട്ടെ, ആർച്ച്ഡീക്കന്റെ നിരോധനത്തെ വകവയ്ക്കാതെ, ഏതെല്ലാം പള്ളികളെ അദ്ദേഹം സന്ദർശിച്ചുവോ, അവിടെയൊക്കെ വച്ചു പ്രസ്തുത വിദ്യാർത്ഥികൾക്കു പട്ടം കൊടുക്കയാണു ചെയ്തിട്ടുള്ളതു്. പാഷണ്ഡന്മാർക്കു പട്ടം കൊടു

ക്കുവാൻ ഒരു കത്തോലിക്കു മെത്രാനു പാടില്ലാത്തതാണല്ലോ. മാത്രമല്ല അദ്ദേഹം കുട്ടികൾക്കു മുമ്പിലത്തെ ഒപ്പുശ്മാ പെരുമാറുകയുണ്ടായി. പട്ടം പോലെ തന്നെ ഒരം ക്രമാശയും കത്തോലിക്കുപ്പുത്തവക്കു പെരുമാറിക്കൂടാത്തതാണു. അതിനാൽ മാർ തോമ്മാ നസ്രാണികളെ ഉദ്ദേശിച്ചു മെനേസീസ് മെത്രാപ്പോലീത്താ ചെയ്തിട്ടുള്ള ക്രമാശകളുടെ ഒരം പെരുമാറ്റം കൃത്യമോ അകൃത്യമോ എന്നാണു ഇവിടെ പരിശോധിക്കേണ്ടിയിരിക്കുന്നതു്.

മെത്രാപ്പോലീത്താ തെറ്റു ചെയ്തെന്നു അനുമാനിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ അദ്ദേഹത്തിന്റെ ഒരം പ്രവൃത്തി ശരിയായിട്ടുള്ളതായിരുന്നു എന്നു സമ്മതിച്ചേ മതിയാവു. പ്രസ്തുത പ്രവൃത്തി ശരിയായിരുന്നെന്നു ലോകം എത്രനാൾ വിചാരിക്കുമോ, അത്രനാളേക്കും മാത്തോമ്മാ നസ്രാണികൾ കത്തോലിക്കരും കൽദായ മേല്പട്ടക്കാരാൽ ഭരിക്കപ്പെട്ടിരുന്നവരുമാണെന്നു യുക്തിപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു കത്തോലിക്കു മെത്രാൻ പാഷണ്ഡ മതസ്ഥന്മാരുടെ പള്ളികളിൽ പ്രവേശിച്ചു അവക്കു ദിവ്യ ക്രമാശകളെ പെരുമാറുകയെന്നതു ഒരിക്കലും സംഭവിച്ചിട്ടില്ലാത്തതും സംഭവിക്കുവാൻ പാടില്ലാത്തതുമാണു. അതുകയാൽ മാത്തോമ്മാ നസ്രാണികളെ ഉദ്ദേശിച്ചു പോർട്ടുഗീസുകാർ പറഞ്ഞിരുന്ന നെസ്തോറിയൻ സംജ്ഞ അർത്ഥശൂന്യവും അവർ അബദ്ധസിദ്ധാന്തങ്ങളെ വിശ്വസിക്കയും പഠിക്കയും പഠിപ്പിക്കയും ചെയ്തിരുന്നെന്നു ഉദയമ്പേരൂർ സൂനഹദോസിന്റെ നിയമങ്ങളിൽ പറയുന്നവ അതുപോലെ ഒന്നിനൊന്നു ഒത്തറിദ്ധാരണമൂലം എഴുതപ്പെട്ടവയും അടിസ്ഥാന രഹിതങ്ങളുമാണെന്നുള്ളതു് നിസ്സംശയമാണു. ഇതിലേക്കു ചില ഉദാഹരണങ്ങളെ താഴെ കാണിക്കാം സൂനഹദോസ് ശുഭപര്യവസായിയായി ഭവിക്കേണ്ടതിലേക്കു എല്ലാ വൈദികന്മാരും കുമ്പസാരിച്ചു വി.

കുബ്ബാന ഉൾക്കൊള്ളണമെന്നും മെത്രാപ്പോലീത്താ കല്പിച്ചു എന്നു ഒന്നാം സംഘം നാലാം നിയമത്തിൽ പറഞ്ഞിരിക്കുന്നു. ഒരു കല്പനയുണ്ടായതു സൂനഹദോസിന്റെ ഒന്നാം ദിവസത്തിലും നെസ്തോറിയസിന്റെ ആബദ്ധ പഠനങ്ങളെ പരിത്യജിച്ചു വിശ്വാസ സത്യം ചെയ്യുന്നതിനു രണ്ടു ദിവസം മുമ്പുമാണെന്നുള്ളതു സൂനഹദോസിന്റെ നടപടികളിൽ നിന്നു നിഷ്പ്രയാസം മനസ്സിലാക്കാം. വൈദികന്മാർ ദിവ്യ പൂജാർപ്പണം ചെയ്കയും ജനങ്ങൾ കുമ്പസാരിച്ചു വി. കുബ്ബാന ഉൾക്കൊള്ളുകയും ചെയ്തതു അവിടെ നടന്ന സംഭവമല്ലാതെ മറ്റു നിയമങ്ങളെപ്പോലെ മേലിൽ നടക്കുകയോ നടത്തുകയോ ചെയ്യണ്ട സംഗതികളെപ്പറ്റിയുള്ള അഭിപ്രായ ത്രുപേണ ഏഴുതിയിട്ടുള്ള ഒരു വിധിയല്ലെന്നു ഓർത്തിരിക്കേണ്ടതാണു. കേരളീയ ക്രിസ്ത്യാനികളുടെ തക്സായിലും കാനോൻ ഇപപുസ്തകങ്ങളിലും നെസ്തോറിയസ് തുടങ്ങിയുള്ളവരുടെ പേരുകളും അവരുടെ ആബദ്ധോപദേശങ്ങളും ഉണ്ടായിരുന്നെങ്കിൽ അവയെ ഉപയോഗിച്ചു കുബ്ബാന ചൊല്ലുവാൻ ഇടയാക്കിയ മെനേസിസ് മെത്രാപ്പോലീത്താ ഘനമായ പാപം ചെയ്തു എന്നു വരുന്നതും അദ്ദേഹത്തെപ്പറ്റി അങ്ങനെ വിചാരിക്കാൻ വഹിയാത്തതുമാകയാൽ, ഒരു വൈദികന്മാരും അവരുടെ ജനങ്ങളും അദ്ദേഹത്തെപ്പോലെ തന്നെ കത്തോലിക്കു മതാവലംബികളും തക്സാ മുതലായ അവരുടെ ഗ്രന്ഥങ്ങൾ ആബദ്ധ രഹിതങ്ങളും ആയിരുന്നെന്നും, നെസ്തോറിയസ് മുതലായ പാഷണ്ഡരെ തിരസ്കരിക്കുന്നതായി അവരെക്കൊണ്ടു പിന്നീടു വിശ്വാസ സത്യം ചെയ്യിച്ചതു സാധാരണ രീതി അനുസരിച്ചല്ലാതെ ആവശ്യം പ്രമാണിച്ചല്ലായിരുന്നെന്നും, സൂനഹദോസിന്റെ ഒന്നാം ദിവസം കുബ്ബാന ചൊല്ലണമെന്നു മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത കല്പനയിൽ നിന്നു ധാരാളത്തിലധികം പ്രത്യക്ഷപ്പെടുന്നു. പ്രാചീനകാലം മുതൽ മലങ്കര സഭയിൽ നടപ്പി

ൽ ഇരുന്നിരുന്ന കാനോൻ നിയമങ്ങളെ അനുസരിച്ചും ഇരുത രങ്ങളായ കുറെ നിയമങ്ങൾ നിമിത്തവും മാർ അഫ്രാഹം മുതലായ മെത്രാന്മാർ മഹറോൻ പ്രഖ്യാപനം ചെയ്തിരുന്ന ആളുകളെ ആ ശാപത്തിൽനിന്നു സൂനഹദോസിന്റെ ശേഷം മെത്രാ പ്പോലീത്താ വിമോചിച്ചതായി റോമിൻ, ഗൊവേയാ തുടി യായ പോർട്ടുഗീസ് ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. ഒരു പ്രവൃത്തിയിൽനിന്നു മഹറോൻ പ്രഖ്യാപനം ചെയ്ത കൽദായ മെത്രാന്മാർ കത്തോലിക്കരും കത്തോലിക്ക സഭയിൽ അധി കാരമുള്ളവരുമായിരുന്നെന്നും അധികാരവിഷയത്തിൽ അവ ർ സ്വന്ത പുരോഗാമികളായിരുന്നെന്നും മെത്രാപ്പോലീത്താസ മ്മതിച്ചുപറയുന്നു എന്നല്ലാതെ മറെന്താണു പ്രത്യക്ഷപ്പെടുന്ന ത്? സൂനഹദോസിന്റെ നിയമങ്ങൾ സംബന്ധിച്ചു ഇതുവരെ പറഞ്ഞിട്ടുള്ള തെളിവുകളിൽനിന്നു വിശദമാകുന്നതു പോർട്ടുഗീ സുകാർ നശിപ്പിച്ചകളഞ്ഞിട്ടുള്ള മിക്ക പുസ്തകങ്ങളും സാക്ഷാ ൽ അഭേദ്യങ്ങൾ ഇല്ലാതിരുന്നവയും സൂക്ഷ്മ പരിശോധനയുടെ കാരുനിമിത്തം അഭേദ്യങ്ങളെന്നു കരുതിയവയുമാകുന്നു എ ന്നാണു.

൭. ഇനി, ഉയേംപേത്രർ സൂനഹദോസിന്റെ നിയമങ്ങൾമൂ ലം ഉളവായിട്ടുള്ള ഒരു ദോഷഫലത്തെപ്പറ്റി സംക്ഷേപം പ്രസ്താ വിക്കാം. ഈ സൂനഹദോസിന്റെ നിയമങ്ങളെ ആധാരമാക്കി യാണു പോർട്ടുഗീസ ഗ്രന്ഥകാരന്മാർ മലങ്കര സഭാചരിത്രം എഴുതിയിട്ടുള്ളതു്. പ്രസ്തുത സൂനഹദോസിനുമുമ്പു മലങ്കരസഭ റോമ്മാമാപ്പാപ്പാമാരുടെ പരമാധിപത്യത്തെ സമ്മതിക്കു യാവട്ടെ മുമ്പിലത്തെ ഒപ്പുശ്മാ, ഒടുക്കത്തെ ഒപ്പുശ്മാ, കുമ്പ സാരം തുടിയായ കൂദാശകളെപ്പറ്റി കേട്ടറിവുപോലുമാകട്ടെ ഉണ്ടായിട്ടില്ലെന്നും മറും അവർ എഴുതിപ്പിടിപ്പിച്ചു. പ്രോട്ടസ്റ്റാ ന്റു ഗ്രന്ഥകർത്താക്കൾ ഇവകളെ ആസ്പദമാക്കി സഭാതോല്പാ ദനത്തിനു അനവധിശതവത്സരങ്ങൾമുമ്പായിരുന്നു എന്നതിനു

ണതയുടെ സിദ്ധാന്തങ്ങളെ വിശ്വസിച്ച ലോകസമക്ഷം നില നിന്നിരുന്ന ഒരു സഭയുണ്ടായിരുന്നെന്നും അതു കിഴക്കേ ഇൻഡ്യയിലെ പ്രാചീനസഭയാണെന്നും, അവർ സ്വീകരിക്കാതിരിക്കുന്ന മാർപ്പാപ്പായുടെ പരമാധികാരവും കുമ്പസാരം, കുർബാന ഇത്യാദി കൂദാശകളും ആ സഭ ഒരുകാലത്തും സ്വീകരിച്ചിരുന്നില്ലെന്നും, സ്വതന്ത്രയായി വർത്തിച്ചിരുന്ന ആ സഭയെ പോർട്ടുഗീസുകാർ റോമാപ്പാപ്പായുടെ വിശ്വാസത്തിലും അധീനത്തിലും ബലാൽക്കാരേണ ഉൾപ്പെടുത്തിയെന്നും പ്രസ്താവിക്കരിച്ചു എന്നുള്ളതിലേക്കു ജെയിംസ് ഹഫ്, ബുക്കാനൻ, ജേഡസ് മുതലായവരുടെ കൃതികൾ ലക്ഷ്യങ്ങളാണു. അവരുടെ പ്രസ്താവത്തിൽ സത്യത്തിന്റെ തരിപോലുമില്ലെന്നും പോർട്ടുഗീസുകാരുടെ പരിശ്രമം മുഴുവൻ ഭാരതീയക്രൈസ്തവരെ കൽദായപാത്രിയർക്കീസിന്റെ അധികാരത്തിൽനിന്നും സ്വാധികാരത്തിൽ കൊണ്ടുവരുന്നതിനുമാത്രമെ ആയിരുന്നുള്ളൂ എന്നും ഇതിനുമുമ്പു പറഞ്ഞിട്ടുള്ളവകളിൽനിന്നു സുലഭമായി ഗ്രഹിക്കാവുന്നതാണല്ലൊ. പോർട്ടുഗീസ് ഗ്രന്ഥകർത്താക്കന്മാരാകട്ടെ പ്രോട്ടസ്റ്റാൻറുകാരുടെ ഒരു അസത്യവാദത്തിനു കാരണഭൂതന്മാരായി തീർന്നിട്ടുണ്ടെന്നും അവരുടെ പ്രസ്താവങ്ങളാണു ഒരു വ്യാജോക്തികൾക്കു ഹേതുവായിരിന്നതെന്നും പറയാതിരിക്കുവാൻ നിവൃത്തിയില്ല. അവരുടെ അബദ്ധ സംപൂർണ്ണങ്ങളായ ചരിത്രകൃതികൾ നിമിത്തം കത്തോലിക്കു സഭാംഗങ്ങളായ ഒരു ജനസഞ്ചയവും അവരുടെ അദ്ധ്യാത്മഭരണ കർത്താക്കളും പാഷണ്ഡമതാവലംബികളായി ഗണിക്കപ്പെട്ടുന്നതിനു ഇടയായിതീർന്നു. ഇതു കത്തോലിക്കാ ലോകത്തിനു പൊതുവേയും മാർതോമ്മാനസ്രാണികൾക്കു പ്രത്യേകിച്ചും വ്യസനകരമായിത്തീർന്നിട്ടുണ്ടെന്നു വിശേഷിച്ചു പറയേണ്ട ആവശ്യമില്ല.

കൽദായസഭയുടെ അനുഷ്ഠാനരീതികളിൽ പലതിനേയും സൂനഹദോസു ഭേദപ്പെടുത്തിയതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ.

കാനോൻ ജൂപങ്ങളും, മരിച്ചവർക്കുവേണ്ടി ചെയ്യപ്പെടുന്ന ലിറ്റീസ് അഥവാ ശേഷക്രിയകളും കുബ്നാക്രമവും മാത്രമാണ മാറ്റങ്ങൾ വരുത്തിക്കാതെ ഇക്കാലത്തു ശേഷിച്ചിട്ടുള്ളതു. തക്സായിൽ കുബ്നാക്രമം ഒഴിച്ചുള്ള 'വായ്പുകൾ' മുതലായവകളെ സൂനഹദോസു ഭേദപ്പെടുത്തിയതിനാൽ തക്സായും കാനോൻ ജൂപങ്ങളും തമ്മിൽ മുമ്പുണ്ടായിരുന്ന പരസ്പരയോജ്യത നഷ്ടീഭവിച്ചു. സൂനഹദോസിനു മുമ്പാകട്ടെ ഓരോ വിശുദ്ധന്മാരുടെ തിരുനാളുകളേയും നോമ്പ്ദിവസങ്ങളേയും ഉദ്ദേശിച്ചു പ്രത്യേകം കാനോൻജൂപങ്ങളും അവക്കനുസാരമായി തക്സായിൽ 'വായ്പുകളും' ക്രമപ്പെടുത്തിയിരുന്നു. തക്സായും കാനോൻ ജൂപങ്ങളും അന്യോന്യം യോജിച്ചിരിക്കണമെന്നുള്ളതു് ഏതു 'രീതി'ലും (ദൈവാരാധനക്രമത്തിലും) അവശ്യാവശ്യമായ ഒരു സംഗതിയാണു. മുമ്പുണ്ടായിരുന്ന ഈ സംയോജ്യത സൂനഹദോസിന്റെ നിയമങ്ങൾനിമിത്തവും അവകളാൽ ഏല്പിക്കപ്പെട്ട പോർട്ടുഗീസുമെത്രാന്മാരുടെ ഭരണം ഹേതുവായും നശിച്ചുപോയെന്നും ആ നഷ്ടം ഏതാവൽപര്യന്തം പരിഹരിക്കപ്പെടാതിരിക്കുമെന്നും മലങ്കരസഭ ഹൃദയഭേദകമായ വ്യസനത്തോടുകൂടി സ്മരിച്ചുകൊണ്ടു ഇരിക്കുന്നു.

വ്യ. സ്വീയമായ ഒറ്റുചാരങ്ങളെ ദൃഢീകരിക്കേണ്ടതിനായി ഉദയംപേരൂർ സൂനഹദോസിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചിലനിയമങ്ങളുടെ പ്രാബല്യംകൊണ്ടും സപത്നീരീതുകാരും സപത്നീകരുമല്ലാതെയുള്ള വൈദികശ്രേഷ്ഠന്മാരുടെ ഭരണം നിമിത്തവും നസ്രാണികൾ സാമൂഹ്യാവസ്ഥയിൽ അന്നുതുടങ്ങി വളരെ അധഃപതിച്ചുപോകുന്നതിനിടയായിട്ടുണ്ടു. കേരളീയ ക്രിസ്ത്യാനികൾ ആ സൂനഹദോസിനുമുമ്പു എത്രയും ഉയർന്ന ഒരുപദത്തിൽ സ്ഥിതിചെയ്തിരുന്നെന്നും സാമുദായികാവസ്ഥയിൽ അവർ ബ്രാഹ്മണതുല്യരായി ഗണിക്കപ്പെട്ടിരുന്നെന്നും രാജസ്ഥാനങ്ങളിൽനിന്നു പല മാന്യപദങ്ങളും അവർക്കു ലഭിച്ചിരുന്നെന്നും മ

റ്റുമുള്ള സംഗതികൾസംബന്ധിച്ച മുകളിൽ (ക്രാ.ഗ്ര.ല—ൽ) സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണല്ലൊ. കേരളീയനസ്രാണികൾഅവരുടെ സമീപവാസികളായ ഹിന്ദുക്കളുടെ ആചാരങ്ങളെപലപ്രകാരപ്രാചീനകാലംതുടങ്ങിതന്നെ അനുസരിച്ചുവന്നിരുന്നു. സൂനഹദോസ് പ്രസ്താവിക്കുന്ന ആചാരങ്ങളിൽ മിക്കതും ദേശാചാരമെന്നുവാചാരങ്ങൾ അഥവാ ജ്ഞാത്യാചാരങ്ങളായിരുന്നു. നസ്രാണികളെ ഹിന്ദുക്കളിൽനിന്നു തിരിച്ചറിയുന്നതിനു അവർ ധരിച്ചിരുന്നകുരിശായിരുന്നു പ്രധാനമായ ലാന്ത്രനം. ആ കുരിശു ഓരോരുത്തന്റെ അവസ്ഥാനുസാരം സ്വർണ്ണംകൊണ്ടൊ വെള്ളികൊണ്ടൊ മറ്റുവല്ല ലോഹംകൊണ്ടൊ നിർമ്മിക്കപ്പെട്ടതായിരുന്നെന്നും ചിലർ അതിനെ കഴുത്തിലും മറ്റുചിലർ കേശഭാരത്തിലും ധരിച്ചിരുന്നെന്നും പോർട്ടുഗീസു ഗ്രന്ഥകർത്താക്കളിൽനിന്നു നാം അറിയുന്നു. പൊൻകുരിശു കഴുത്തിൽ ധരിക്കുന്ന സമ്പ്രദായം ഇന്നും നിശ്ശേഷം ഇല്ലാതായിട്ടില്ല. ശിശുക്കൾ, ബാലന്മാർ, വധൂവരന്മാർ മുതലായവർ ഗളത്തിൽ കുരിശുധരിക്കുന്ന ഒരുപതിവു ഇന്നും ഉള്ളതാണു. വിശ്വാസത്തിനു പ്രതികൂലങ്ങളായ ആചാരങ്ങളെന്നീക്കിക്കളഞ്ഞതിനെപ്പറ്റിയല്ല, വിശ്വാസവിരോധങ്ങളല്ലാത്ത ദേശമര്യാദ, ജ്ഞാത്യാചാരം ഇത്യാദികളെ മാറിയതിനെപ്പറ്റി മാത്രമാണു ഞങ്ങൾ ഇവിടെ പറയുന്നതു. പണ്ടു കേരളീയ ക്രിസ്ത്യാനികൾ ആചരിച്ചുപോന്ന ജ്ഞാത്യാചാരങ്ങളെതന്നെ ഇക്കാലത്തു മധുരം, തൃശ്ശിനാപ്പള്ളി മുതലായ പാണ്ടിരാജ്യങ്ങളിലെ ക്രിസ്തീയ ജനതതി അനുസരിച്ചുവരുന്നു. ക്രിസ്തുമതാവലംബനം സാമുദായികാവസ്ഥക്കു പ്രതിബന്ധമായി തീരാതിരിക്കുന്നതുകൊണ്ടു ശ്രേഷ്ഠവർണ്ണങ്ങളിൽപെട്ട അനവധി ഹിന്ദുക്കൾ ഇവിടെ ക്രിസ്തുമതം സ്വീകരിച്ചുവരുന്നുണ്ടു. കേരളത്തിലാകട്ടെ നസ്രാണികളുടെ ഇടയിൽ പൌരാണികകാലംതുടങ്ങിത്തന്നെ നടപ്പിൽ ഇരുന്നിരുന്ന പ്രസ്തുതാചാരങ്ങൾ നിർത്തലാക്കപ്പെടുകനിമിത്തം പ്രായേണ താണ ജ്ഞാതി

ക്കാർമാത്രമെ ക്രിസ്തുമതം അവലംബിക്കാറുള്ളു. നസ്രാണികളുടെ പൂർവ്വസ്ഥിതിയെ പോർട്ടുഗീസുകാർഭേദപ്പെടുത്താതിരുന്നെങ്കിൽ ശ്രേഷ്ഠവർഗ്ഗക്കാർ മ്ശിഹായുടെ വേദത്തെ സ്വീകരിക്കുന്നതിനു ധാരാളം സൌകര്യമുണ്ടാകുമായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പ് പല അവസരങ്ങളിൽ ശ്രേഷ്ഠജാതി ഹിന്ദുക്കൾ ക്രിസ്തുവേദം സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. സാബോർ പ്രോത്തു എന്ന മെത്രാന്മാരുടെ ഭരണകാലത്തും അവരുടെ പരിശ്രമംമൂലവുമാണ പ്രധാനമായ മനസ്സ്തിരിവുണ്ടായിട്ടുള്ളതെന്നു ഇതിനുമുമ്പു (അ. വ്യ. ല. 7) പറഞ്ഞിട്ടുണ്ടല്ലൊ. പോർട്ടുഗീസുകാർ ദക്ഷിണഭാരതത്തിലെ ഉയർന്നജാതിജനങ്ങളെ വേഗത്തിൽ സ്വതന്ത്രന്മാരാക്കീട്ടില്ലെന്നും ഒരു പക്ഷെ അങ്ങനെ ഉണ്ടായിരുന്നാൽ തൽഫലം ദുർല്ലഭമായും എത്രയും കുറച്ചുകളെമാത്രവുമാണ അവർ മനസ്സ്തിരിപ്പിച്ചതെന്നുമുള്ളതു പരിശുദ്ധപ്പാ പ്രസിദ്ധമായ ഒരു യാഥാർത്ഥ്യമാണ.

പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണം തുടങ്ങിച്ചതായ ക്രിസ്താബ്ദം കാലത്തിനുമുമ്പുള്ള സുറിയാനിക്കാരുടെ സുശീലം, മാതാപിതാക്കന്മാരുടെയും മേലധികാരികളുടെയും പേരിൽ അവർക്കുണ്ടായിരുന്ന ആദരബഹുമാനങ്ങൾ, അടിമകളുടേയും താണജാതിക്കാരുടേയും നേരെയുള്ള ദയാശീലം, സ്ത്രീകളുടെ വിനയപൂർവ്വമായ വസ്ത്രധാരണം ആദിയായ സൽഗുണങ്ങളെപ്പറ്റി പോർട്ടുഗീസു ഗ്രന്ഥകർത്താക്കന്മാർ വളരെ ശ്ലാഘിച്ചെഴുതീട്ടുണ്ടു. വളരെ ഭക്തിസംവർദ്ധകമായ ഒരുവിധ നാടകം അവർ അഭിനയിച്ചിരുന്നതായി ഗൊവേയാ പ്രസ്താവിക്കുന്നു. ഹൈന്ദവന്മാരുടെ ഇടയിൽ സ്ത്രീകൾ സന്നിഹിതരായിരിക്കുന്നതുപോലെ ഒരു നാടകാഭിനയ സമയത്തു സ്ത്രീജനങ്ങൾക്കു പ്രവേശം അനുവദിച്ചിരുന്നില്ല. ഒരു അഭിനയം രാത്രി എട്ടുമണിയോടുകൂടി തുടങ്ങുകയും പുലർച്ച മണിവരെ നീണ്ടുകയും ചെയ്തിരുന്നു. കരിയുവരച്ചു് ഒരു ശരീരസ്ഥാനവും വി. തോമ്മാശ്ലീഹായെ ഉദ്ദേശിച്ചു

ള്ള ഒരു ഗാനവും പാടിയശേഷം സഭാപിതാമഹന്മാർ സാധിച്ചിട്ടുള്ള കാര്യങ്ങളേയും സ്വർഗ്ഗ പുണ്യവാന്മാരുടെ ധർമ്മകൃത്യങ്ങളേയും സംബന്ധിച്ച പ്രകീർത്തനം ചെയ്യണം. (5). 'അഗതികളുടെ പെട്ടി' എന്നപേരോടുകൂടി ധർമ്മശേഖരത്തിനായി ഒരു ഭാഗ്യനം പള്ളികളിൽ സ്ഥാപിക്കുകയും വിശ്വാസികൾ യഥേഷ്ടം അതിൽ ധർമ്മദ്രവ്യം ഇട്ടുകയുംചെയ്തു അക്കാലത്തു പതിവായിരുന്നു. അതതു ഇടവകയിൽ ഒരുവിധം പിരിഞ്ഞുകിട്ടുന്ന പണം അവിടെയുള്ള ദരിദ്രന്മാരുടെ സഹായത്തിനായും നിർദ്ധനകളായ കന്യകകളുടെ സ്ത്രീധനത്തിനായുമാണ വിനിയോഗിക്കപ്പെട്ടിരുന്നതു. ഓരോ ഇടവകയിലും ഒരു കാര്യങ്ങളുടെ നിർവ്വഹണത്തിനായി പ്രത്യേകം ആളുകൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. വിവാഹംചെയ്യാതെ 'വിരകന്മാരായി' ജീവിച്ചിരുന്നവരും ആ കാലങ്ങളിൽ ദുർല്ലഭമായിരുന്നില്ല. വിവാഹംചെയ്തിട്ടുള്ളവർതന്നെയും നോമ്പ് കാലങ്ങളിൽ 'വിരകന്മാ'രായി വർത്തിച്ചുപോന്നു. വേദകാര്യങ്ങളിലും ഭാരതീയക്രിസ്ത്യാനികൾ അതിതല്പരന്മാരായിരുന്നു എന്നു പതിനാറാം ശതവത്സരത്തിലെ ഗ്രന്ഥകർത്താക്കന്മാരായ ഒസ്സോറിയസ് മത്തേയസ് എന്നു മഹാന്മാർ സാക്ഷീകരിക്കുന്നു. ഒസ്സോറിയസിന്റെ ഗ്രന്ഥം ക്രിസ്തുരാജാവും മത്തേയസിന്റെ കൃതി ക്രിസ്തുവും—ഈ പ്രസിദ്ധീകരിക്കപ്പെട്ടതു. ഒരു സംഗതിസംബന്ധിച്ചുള്ള അവരുടെ പ്രസ്താവം ഇപ്രകാരമാണു: സുറിയാനിക്കാർ അപ്പസ്തോലിയങ്ങളായ ക്രമങ്ങളെ അനുഷ്ഠിക്കയും വി. കുർബ്ബാനയെ ഭക്തിപൂർവ്വം ബഹുമാനിക്കയും അനുസന്നമരണന്മാർ തിരുപാഥേയമായി അതിനെ ഉൾക്കൊള്ളുകയുംചെയ്തിരുന്നു. വി. കുർബ്ബാനയെ ഈ രണ്ടു സാദ്ധ്യങ്ങളിലുമാണു അവർ ഉൾക്കൊണ്ടിരുന്നതു. ആത്മാവിന്റെ മലിനതകളെ കൗദാസ്സാരംവഴിയായി നീക്കിയതിനുശേഷം മാത്രമെ പവിത്രതമമായ ആ കുർബ്ബാനയെ സ്വീകരിക്കുന്നതിനു അവർ തുനിഞ്ഞിരുന്നുള്ളു. ഞായറാഴ്ചദിവസങ്ങളിൽ കുർബ്ബാന കാണുന്നതി


നും പ്രസംഗം കേൾക്കുന്നതിനുമായി അവർ പള്ളികളിൽ വ
ന്നുകൂടിയിരുന്നു. മരണവിപത്തില്ലാതിരുന്നാൽ ശിശുക്കളെ നാ
ല്പതാംനാളിനുമുമ്പ് അവർ ജ്ഞാനസ്നാനം ചെയ്യുക പതിവാ
യിരുന്നില്ല. സാന്മാർഗ്ഗികങ്ങളായ ഓരോ ആചാരങ്ങൾ തോ
മ്മാശ്ലീഹായുടെ കാലംതുടങ്ങിയുള്ളവയാണു. പൂർവ്വന്മാരുടെ പാ
രമ്പര്യങ്ങളേയും മറ്റുപല സംഗതികളേയും അവർ ഉത്സാഹ
പൂർവ്വം അനുചരിച്ചുവന്നിരുന്നു. തന്നിമിത്തം മുസൽമാന്മാരാധിയാ
യ അന്യമതസ്ഥന്മാരിൽനിന്നും അധികാരികളിൽനിന്നും അതി
കഠിനമായ ഉപദ്രവങ്ങൾ സഹിക്കയും വാസസ്ഥാനങ്ങൾ വിട്ട
പേക്ഷിക്കേണ്ടിവരുകയും ന്യായരഹിതമായ സംഖ്യ കൊടുത്തു
അവയെ വീണ്ടെടുക്കുന്നതിനിടയാകയും ചെയ്തിട്ടുണ്ടു. ഓരോ കാര
ണങ്ങൾനിമിത്തം വിശ്വാസത്തിലുള്ള അവരുടെ സ്ഥിരത
അത്യധികമായ ശ്ലാഘ്യക്കു പാത്രീഭൂതയാകുന്നു. (6).

൯. നസ്രാണികളുടെ നടപടികളെ ക്രമവൽകരിക്കുന്ന ചി
ലനിയമങ്ങൾ ഉദയംപേരൂർ സൂനഹദോസിൽ നിർമ്മിക്കപ്പെട്ടി
ട്ടുണ്ടെങ്കിലുള്ളത് സമ്മതിക്കേണ്ടതുതന്നെ. വൈദികവിഷയങ്ങളി
ൽ ഹൈന്ദവമതാനുസൃതന്മാരോടു സംസർഗ്ഗംചെയ്യുകൂടെന്നു നി
ഷ്കർഷിക്കുന്ന നിയമങ്ങളാണു ഓരോ എനത്തിൽ അധികമായ
ശ്ലാഘ്യക്കു പാത്രീഭവിക്കുന്നതു. ഇങ്ങനെയുള്ള നിയമങ്ങളെ ഏ
ർപ്പെടുത്തേണ്ടതിനുള്ള ഹേതുക്കൾ ചിലപ്പോഴെല്ലാം നേരിടാ
വുന്നതും, ആ അവസരങ്ങളിൽ മതാദ്ധ്യക്ഷന്മാർ തക്ക നിയമ
ങ്ങളെ സ്ഥാപിക്കയും അവയെ നടപ്പിൽ വരുത്തുകയും ചെയ്തി
ട്ടുമാണു. ക്രിസ്ത്യാനികളിൽ ചിലരുടെ ആചാരങ്ങളിൽ ചില
ല്പോരുക എന്നതു ഏതുരാജ്യത്തിലും ഏതു ജനസമൂഹത്തി
ലും സംഭവിക്കാവുന്നതാണെല്ലോ. പോർട്ടുഗീസു മെത്രാന്മാരുടെ
ഭരണാധികാരത്തിൽ ഉൾപ്പെട്ടിരുന്ന ക്രിസ്ത്യാനികളെ ഉദ്ദേ
ശിച്ചു ഇപ്രകാരമുള്ള പല നിയമങ്ങളും ഗോവസൂനഹദോസുക
ൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആ സൂനഹദോസുകളുടെ നിയമസഞ്ച

യംകൊണ്ടു മനസ്സിലാക്കാം. എന്നാൽ അങ്കമാലി ഉൽകൃഷ്ട മെ
ത്രാസനത്തിലെ ക്രിസ്തീയ ജനസമൂഹത്തെ ഉദ്ദേശിച്ചു നിർമ്മിക്ക
പ്പെട്ട ഒരു നിയമങ്ങളെ സ്ഥിരമായി നടപ്പിൽവരുത്തുന്ന സം
ഗതി പല പ്രതിബന്ധങ്ങൾനിമിത്തം പോർട്ടുഗീസു മെത്രാ
ന്മാർക്കു സാധിക്കാതെവന്നു. ജനതതിയുടെ സ്വാഭാവികമായ
ആകാംക്ഷകൾക്കും അപേക്ഷകൾക്കും പ്രതികൂലമായി പ്രസ്തു
തമെത്രന്മാരുടെ അധികാരം അവരുടെമേൽ സ്ഥാപിക്കപ്പെട്ട
തുതന്നെയാണു ആകാരണങ്ങളിൽ പ്രഥമവും പ്രധാനവുമായി
രിക്കുന്നതു. ആദിമകാലംമുതൽ ഇവിടെ നടപ്പിൽ ഇരുന്നിരു
ന്ന പൂർവ്വ കൽദായ ക്രമത്തെ പാടെ നീക്കിക്കളഞ്ഞതും ആകാ
രണങ്ങളിൽ അപ്രധാനമല്ലാത്ത ഒന്നുതന്നെ. പോർട്ടുഗീസ്
വൈദികാധിപത്യം അമ്പതു സംവത്സരങ്ങൾമാത്രം ദീർഘിക്കു
ന്നതിനും അതിനിടയിൽപോലും വലിയ കലാപങ്ങളും വിരോ
ധങ്ങളും ഉണ്ടാവിക്കുന്നതിനും ഇടയാക്കിയതു ഇരുപതു കാരണങ്ങളാ
ണു. പലരിക്രമങ്ങളെ നീക്കുവാൻ അവർ ശ്രമിക്കാതിരുന്നെങ്കി
ൽ ഛിദ്രകക്ഷികൾ ഇത്രയധികം വർദ്ധിക്കുന്നതിനു സംഗതിയാകു
മായിരുന്നില്ലായിരുന്നു. ആരാധനക്രമത്തിന്റെ ആമൂലവിപ്ലവം അ
വസാനമില്ലാത്ത ആവലാധികൾക്കു ഉല്പത്തിസ്ഥാനമായി പ
രിണമിച്ചു. കേരളീയനസ്രാണികൾ എ.ഡി. ഡിസംബർ
എൻ—ാംനു- പോർട്ടുഗാൾരാജാവിനു അയച്ച ഏഴുതിൽ ഗാ
ർസ്യാമെത്രാപ്പോലീത്താ അവരുടെ കൽദായ ക്രമങ്ങളെ മാറ്റു
ന്നു എന്നു ആവലാധി പറഞ്ഞിരിക്കുന്നു. (7) മലങ്കര സഭയി
ന്മേൽ ഉദയംപേരൂർ സൂനഹദോസുമൂലം പോർട്ടുഗീസുകാർക്കു
സിദ്ധിച്ച അധികാരം എ.ഡി.നു—ൽ ഉണ്ടായ വലിയ ശീശുവ
ഴിയായി മിക്കവാറും നശിച്ചുപോയി. അക്കാലത്തു നസ്രാണി
കളിൽ ഒരുഭാഗം കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞു യാ
ക്കോബായ വിശ്വാസത്തെ സ്വീകരിച്ചു; ആ മതഭിന്നത ഇ
ക്കാലപര്യന്തം നിലനില്ക്കുന്നു. കേരളത്തിൽനിന്നു നസ്രാണിക


ളും, ബാബേലിൽനിന്നു പാത്രിയക്കീസിന്റെ നാമത്തിൽ മാർ ഏലിയാമെത്രാപ്പോലീത്തായും ക്രിസ്തുവർഷം 1—ലും ക്രിസ്തുവർഷം 1—ാം ഗ്രീഗോരിയോസ് മാപ്പ്രാപ്പ്രായുടെ അയച്ച എഴുത്തുകളിൽ കേരളീയ കൽദായ ജനങ്ങളെ പോർട്ടുഗീസു മെത്രാന്മാർ സമാധാനത്തോടു കൂടി ഭരിക്കുവാൻ ഒരു കാലത്തും സംഗതിയാകുന്നതല്ലെന്നും, ആ മെത്രാന്മാരെ അപ്രാപ്തന്മാരും സ്വീകരിക്കുയില്ലെന്നും തന്നിമിത്തം കൽദായമെത്രാന്മാർ മലങ്കര സഭാഭരണം നിർവ്വഹിക്കുന്ന വിഷയത്തിൽ പോർട്ടുഗീസു ഭരണകർത്താക്കന്മാർ വിഘ്നംചെയ്യാതിരിക്കണമെന്നു മാപ്പ്രാപ്പ്രാ അവരോടു കല്പിക്കണമെന്നും മറും പ്രസ്താവിച്ചിരുന്നതായി മേൽ (അ. ക്രാ. ല. ന്യ. ൻ) പറഞ്ഞിട്ടുള്ളത് വായനക്കാർ സ്മരിക്കുന്നുണ്ടായിരിക്കുമല്ലോ. ഒരു പ്രധാനകാര്യം ഇപ്രകാരമാണു നിവർത്തിയായതു. കൽദായക്കാരെ നെസ്തോറിയന്മാരെന്നു അകാരണമായി നാമകരണംചെയ്യുന്നു എന്നുംകൂടി മാർ ഏലിയാസഭാനന്ത വേഖനത്തിൽ പറഞ്ഞിട്ടുണ്ടു. കുറവിലങ്ങാട്ടുപള്ളി ഇടവകക്കാരനും പകലോമറ്റം കുടുംബത്തിൽ ഉൾപ്പെട്ടയാളുമായ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ (—പറമ്പിൽ ചാണ്ടിമെത്രാൻ എന്നു ഇദ്ദേഹത്തെ ചിലർ സംജ്ഞാകരണം ചെയ്യുന്നത് അബദ്ധമാണു. പകലോമറ്റം കുടുംബത്തെ ഉദ്ദേശിച്ചു De Campo എന്നാണു പോർട്ടുഗീസു ഗ്രന്ഥകാരന്മാർ പറയുക. അതിനെ മലയാളഭാഷയിലേക്കു തർജ്ജിമചെയ്തു പറമ്പിൽ എന്നു വ്യത്യാസപ്പെടുത്തുന്നതല്ലാതെ; 'പറമ്പിൽ' എന്നു നാമമുള്ള ഒരു കുടുംബം കുറവിലങ്ങാട്ടു അന്നും ഇന്നും ഉള്ളതായി അറിയപ്പെട്ടിട്ടില്ല—) ചരമപ്രാപ്തനായശേഷം കത്തോലിക്കാസൂറിയാനിക്കാരിൽ ഭൂരിപക്ഷം പാശ്ചാത്യ വികാരി അപ്പോസ്തോലിക്കായുടെ കീഴിലും ശേഷംഭാഗം കൊടുങ്ങല്ലൂർ ഇടവക (മിസം) യുടെ നാമധാരികളായ പോർട്ടുഗീസു മെത്രാന്മാരുടെ അധികാരത്തിലും സ്ഥിതിചെയ്തിരുന്നു. ഒരു രണ്ടു അധികാരസ്ഥാനങ്ങളിൽ ഏതി

നെയെങ്കിലും ആശ്രയിച്ചു കൊള്ളുന്നതിനു ക്രിസ്തീയജനതകൾ സ്വാതന്ത്ര്യമുണ്ടായിരുന്നതിനാൽ ഇരുഭാഗക്കാർക്കും അധികാരബലം പ്രയോഗിക്കുന്ന വിഷയത്തിൽ ഇടക്കിടെ പ്രതിബന്ധങ്ങൾ നേരിടുകയുണ്ടായിട്ടുണ്ടു. അതിനാൽ പ്രശംസാർഹങ്ങളായ പ്രസ്ഥനിയമങ്ങളിൽനിന്നു പ്രതീക്ഷിച്ചിരുന്ന സൽഫലങ്ങൾ ഉളവാകാതെപോയെന്നു പറയുന്നതു വാസ്തവവിരുദ്ധമായി ആരും കരുതേണ്ടതില്ല.



ക്ര—ാം അദ്ധ്യായം.

ഉദയംപേരൂർ സൂനഹദോസിനുമുമ്പു് മലങ്കരസഭയാക്കോബായവിശ്വാസം സ്വീകരിച്ചിട്ടുണ്ടോ? ലത്തീൻ ക്രിസ്ത്യാനികൾ മാർ തോമ്മാനസ്രാണികളുടെ ഒരു വിഭാഗമാണെന്നു പറയുന്നതു യഥാർത്ഥംതന്നെയോ? നസ്രാണികൾ എത്തെല്ലാം ദിക്കുകളിൽ വസിച്ചിരുന്നു?— എന്നും, ദക്ഷിണഭാരതത്തിൽ ക്രിസ്തുമതം പ്രചരിക്കുന്നതിനു സുറിയാനിക്കാർ ഒരു സഹായമായിതീർന്നു എന്നും, മിസ്റ്റർ ഒമക്കൻസി നസ്രാണികളെപ്പറ്റി തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ പല അബദ്ധങ്ങൾ എഴുതി പിടിപ്പിച്ചിട്ടുണ്ടു എന്നും പ്രതിപാദിക്കപ്പെട്ടുന്നു.



ക. ഉദയംപേരൂർ സൂനഹദോസിനുമുമ്പു് മലങ്കരസഭ യാക്കോബായ വിശ്വാസത്തെയാണു അവലംബിച്ചിരുന്നതെന്നു മാർ തോമ്മാനസ്രാണികളായ ചില യാക്കോബായ സഹോദരന്മാർ വാദിക്കുന്നതുകൊണ്ടു ആ സംഗതിബന്ധിച്ചു പരിശോധന നടത്തി ഒരു തെളിവിനുതകുവണ്ണം സമ്മതിച്ചോ നിഷേ

ധിച്ചോ പ്രസ്താവിക്കേണ്ടതു നമ്മുടെ ചുമതലയാണെന്നു കരുതുന്നു. ഒരു വാദം ശരിയാകണമെങ്കിൽ യാക്കോബായ പാത്രിയക്കീസു നേരിട്ടതന്നെ ആ കാലങ്ങളിൽ മലങ്കരസഭയെ ഭരിക്കുകയോ അഥവാ അദ്ദേഹത്തിന്റെ അധികാരത്തിനു കീഴ് പെട്ടിരുന്ന മതാദ്ധ്യക്ഷന്മാർ മലങ്കരയിൽ എത്തിസഭാഭരണം നിർവ്വഹിക്കയോ ചെയ്തിരിക്കണം. ഒരു ഇരു മാർഗ്ഗങ്ങൾമൂലമല്ലാതെ യാക്കോബായ വിശ്വാസം ഇവിടെ ഉണ്ടാകുവാനും നിലനില്ക്കുവാനും സാധിക്കുകയില്ല. അതിനാൽ യാക്കോബായ പാത്രിയക്കീസു ഉടയപേത്രർ സുന്നഹദോസിനു മുമ്പു് മലങ്കര സഭാഭരണം നേരിട്ടു നിർവ്വഹിച്ചിട്ടുണ്ടോ എന്നതന്നെ നമുക്കു ആദ്യമായി അന്വേഷിക്കാം.

പോർട്ടുഗീസുകാർ ദക്ഷിണഭാരതത്തിൽ എത്തിയ സംവത്സരമായ ക്രിസ്താബ്ദം—മുതൽ ഉടയംപേത്രർ സുന്നഹദോസിന്റെ സമ്മേളനകാലമായ ക്രിസ്താബ്ദം വരെ കേരളീയസഭയെ ഭരിച്ചിട്ടുള്ളതു് മാർ യാക്കോബ്, മാർ ദാവീദ്, മാർ ഗബ്രിയേൽ, മാർ ഈസേറ്റു, മാർ അബ്രഹാം എന്നു മെത്രാന്മാരാണെന്നും അവർ കൽദായക്കാരും കൽദായ പാത്രിയക്കീസിനാൽ നിയമിക്കപ്പെട്ടവരുമല്ലാതെ യാക്കോബായ വിശ്വാസികളോ ആ ഭിന്നമതത്തിന്റെ അദ്ധ്യക്ഷനായ പാത്രിയക്കീസിനാൽ അയക്കപ്പെട്ടവരോ ആയിരുന്നില്ലെന്നും ചരിത്രം അദ്ധ്യായത്തിൽ പല രേഖകളെക്കൊണ്ടു തുടർന്നു തെളിയിച്ചിട്ടുള്ളതാകയാൽ ആ കാലഘട്ടത്തിൽ യാക്കോബായ വിശ്വാസം മലങ്കര സഭയാൽ സ്വീകൃതമായിരുന്നില്ലെന്നുള്ളതു് സുഗ്രഹമാണു. ആ കാലത്തിനു മുമ്പു് മലങ്കര സഭയെ ഭരിച്ചിരുന്ന മെത്രാന്മാർ ക്രിസ്താബ്ദത്തിൽ ഇവിടെ എത്തിയ മാർ യഅ്ഖൂബ് ആലാഹായും, ക്രിസ്താബ്ദത്തിൽ മാർ യഅ്ഖൂബ് ആലാഹാ പാത്രിയക്കീസിനാൽ നിയുക്തനായ മാർ യാക്കോബും ആയിരുന്നുവെന്നതിനു മുമ്പു് (അ. പു. ച. ക്രി. നൂ) പറഞ്ഞിട്ടുണ്ടു. ഭാരതീയ സഭാദ്ധ്യക്ഷന്മാർ എന്നു നി

ലയിൽ ക്രമനമ്പർ—ൽ മാർ യൌസേപ്പും, ക്രമനമ്പർ—ൽ മാർ ദാവീദും, ക്രമനമ്പർ—ൽ മാർ പൌലോസും കേരളത്തിൽ എത്തിയെന്നും ഇവരിൽ മാർ സബ്രീശോ പാത്രിയക്കീസ് മാർ യൌസേപ്പിനേയും മാർ യബ്ബ് ആലാഹാ പാത്രിയക്കീസ് മാർ ദാവീദും, മാർ പൌലോസ് എന്നവരെയും അയച്ചെന്നും അവിടത്തന്നെ പ്രസ്താവിച്ച കഴിഞ്ഞു. ഇവരെല്ലാം കൽദായ മെത്രാന്മാരും കൽദായ പാത്രിയക്കീസിനാൽ നിയുക്തന്മാരുമായിരുന്നതിനാൽ ക്രമനമ്പർ—മുതൽ ഉദയമ്പേരൂർ സൂനഹദോസ് വരെയുള്ള നൂറ്റാണ്ട് സംവത്സരക്കാലങ്ങൾക്കുള്ളിൽ യാക്കോബായ വിശ്വാസം ദക്ഷിണഭാരത സഭയിൽ പ്രവേശിച്ചിട്ടില്ലെന്നുള്ളതു് നിസ്സംശയമാണു്. ക്രമനമ്പർ—ൽ കേരളത്തിൽ എത്തിയ യോഹന്നാനാണു് അക്കാലത്തിനു മുമ്പു് മലങ്കര സഭയെ ഭരിച്ചിട്ടുള്ള മെത്രാന്മാരുടെ ഗണത്തിൽ നമ്മുടെ ദൃഷ്ടിപഥത്തിൽ എത്തപ്പെട്ടന്നതു്. അദ്ദേഹം റോമയിൽ പോയി വിശ്വാസ സത്യം ചെയ്യുകയും മാപ്പ്വാപ്പായിൽ നിന്നു അധികാര ചിഹ്നമായ പാല്ലിയം സ്വീകരിക്കുകയും ചെയ്ത എന്നു പ്രസ്തുത സ്ഥലത്തു തന്നെ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് പന്ത്രണ്ടാം ശതാബ്ദം മുതൽ പതിനാറാം ശതാബ്ദം വരെ ഉദ്ദേശം അഞ്ഞൂറു സംവത്സരങ്ങൾക്കിടയിൽ യാക്കോബായ പാത്രിയക്കീസ് യാതൊരു മെത്രാനെയും മലങ്കര സഭയെ ഭരിക്കേണ്ടതിനായി അയച്ചിട്ടില്ലെന്നു സിദ്ധിക്കുന്നു. ആ കാലപരിധിയിൽ മലങ്കര സഭാ ഭരണ കർത്താക്കന്മാരായിരുന്ന മെത്രാന്മാർ കൽദായ പാത്രിയക്കീസിനാൽ അയക്കപ്പെട്ട കൽദായക്കാരും വിശ്വാസ കാര്യങ്ങളിലോ അധികാര വിഷയത്തിലോ യാക്കോബായ പാത്രിയക്കീസിനോടു യാതൊരു സംബന്ധവുമില്ലാത്തവരുമായിരുന്നു. അവരുടെ പുരോഗാമികളായ മെത്രാന്മാക്കും ആ മെത്രാന്മാരുടെ മേലദ്ധ്യക്ഷനും യാക്കോബായ പാത്രിയക്കീസിനോടു ഒരു ബന്ധവും ഇല്ലായിരുന്നെന്നും അങ്ങനെ

ഉണ്ടായിരുന്നെങ്കിൽ അതു അനുഗാമികളിൽ ഉണ്ടാകേണ്ടതായിരുന്നെന്നും മേൽ പറഞ്ഞതിൽ നിന്നു യുക്തിപൂർവ്വം അനുമാനിക്കാവുന്നതാണു. ഒരു അനുമാനം അബദ്ധ രഹിതമാണോ എന്നുള്ളതിനെ വ—ാം അദ്ധ്യായം മുതൽ വരെ ലക്ഷങ്ങളിൽ ഏതു സംബന്ധമായി ഉദ്ധരിച്ചിട്ടുള്ള രേഖകൾ ലക്ഷീകരിക്കുന്നു. നിക്യാ സൂനഹദോസിന്റെ കാലത്തു പേഷ്യായുടെ മെത്രാപ്പോലീത്താ ആയിരുന്ന മാർ യോഹന്നാന്റെ അധിപത്യത്തിൽ സ്ഥിതിചെയ്തിരുന്ന ഭാരതീയ സഭ, പിൻ കാലങ്ങളിൽ അദ്ദേഹത്തിന്റെ അനന്തരഗാമികളുടെ നേതൃത്വത്തിൽതന്നെ ഇരുന്നിരുന്നെന്നും, നെസ്തോറിയൻ പതിതോപദേശം സെലൂക്യാ സിംഹാസനത്തിൽ പ്രവേശിച്ച ശേഷം ആ സിംഹാസനത്തിന്റെ അധികാരാതൃത്തികളിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങളിലെ കത്തോലിക്കരായ കൽദായക്കാരെ ഉദ്ദേശിച്ചു 'കാസോലിക്കാ' എന്ന സ്ഥാനസംജ്ഞയോടുകൂടിയ ഒരു പൊതു മേലദ്ധ്യക്ഷൻ നിയമിക്കപ്പെട്ടിരുന്നെന്നും, അദ്ദേഹമാണു ഇൻഡ്യയിലേക്കു മെത്രാന്മാരെ അയച്ചിരുന്നതെന്നും, ഒമ്പതാം ശതവത്സരത്തിൽ മലങ്കര സഭാ ഭരണം നിർവ്വഹിച്ച മാർ സാബോർ മാർ പ്രോതു എന്ന മെത്രാന്മാർ ആ പൊതു മേലദ്ധ്യക്ഷന്റെ അനന്തര ഗാമിയാൽ നിയോഗിക്കപ്പെട്ടവരായിരുന്നെന്നും അവിടെ വിവരിച്ചിട്ടുള്ളതാണു. അതിനാൽ യാക്കോബായ പാത്രിയക്കീസ് ആദിമകാലം മുതൽ തന്നെ മലങ്കര സഭയെ നേരിട്ടു ഭരിക്കുക ഉണ്ടായിട്ടില്ലെന്നുള്ളതു നിർവ്വിവാദമത്രെ.

അദ്ദേഹം സ്വാധികാരത്തിൽ സ്ഥിതി ചെയ്തിരുന്ന മേലദ്ധ്യക്ഷന്മാർ മൂലം ഒരു സഭയെ ഭരിച്ചിട്ടുണ്ടോ എന്നാണു ഇനി ആലോചിക്കുവാനുള്ളതു. മലങ്കര സഭയെ ഭരിച്ചിട്ടുള്ള മെത്രാന്മാർ ബാബേലിൽ നിന്നു വന്നവരായിരുന്നെങ്കിലും അന്ത്യോഖ്യാ പാത്രിയക്കീസിന്റെ മേലധികാരത്തെ ആശ്രയിച്ചാണു

ഒരം സഭയെ അവർ ഭരിച്ചിട്ടുള്ളതെന്നും തന്നിമിത്തം യാക്കോ ബായ വിശ്വാസം ഇവിടെ സ്വീകരിക്കപ്പെട്ടിരുന്നെന്നുമാണ ചില യാക്കോബായ സഹോദരന്മാരുടെ വാദം. ബാബേൽ ക്കാരും കൽദായക്കാരുമായ പ്രസ്തുത മെത്രാന്മാർ കത്തോലി ക്കർ അഥവാ നെസ്തോറിയന്മാർ ആയിരുന്നു എന്നുള്ള സംഗ തിയിൽ അഭിപ്രായ വ്യത്യാസമില്ല. കത്തോലിക്കരായിരുന്നെ ങ്കിൽ അവരുടെ മേൽ യാക്കോബായ പാത്രിയക്കീസിനു യാ തൊരധികാരവുമുണ്ടായിരുന്നില്ലെന്നും അതിനാൽ അദ്ദേഹ ത്തിന്റെ അധികാരത്തെ ആശ്രയിച്ച അവർ ഭാരതീയ സഭ യെ ഭരിച്ചിട്ടില്ല എന്നുമുള്ളതു നിസ്സംശയമാണ. അവർ നെ സ്തോറിയന്മാരായിരുന്നപക്ഷം ആ നിലയിലും യാക്കോബായ പാത്രിയക്കീസിനു അവരുടെ മേൽ ആധിപത്യമുണ്ടാകുന്നതി നാകട്ടെ, അദ്ദേഹത്തിന്റെ മേലധികാരത്തെ ആശ്രയിച്ച അവർ ഒരം സഭയെ ഭരിക്കുന്നതിനാകട്ടെ, ഇടയില്ലെന്നു നി സ്സംശയം സിദ്ധിക്കുന്നു. യാക്കോബായക്കാരും നെസ്തോറിയന്മാ രും ഒരുത്തൻ മറെറാരുത്തനെ ഒരിക്കലും കീഴ്പ്പെട്ടിരുന്നിട്ടില്ലാ ത്തവരും സപയാധിപത്യത്തോടു കൂടിയവരുമായ രണ്ടു പാ ത്രിയക്കീസ്മാരുടെ കീഴിൽ വിപരീത വിശ്വാസത്തോടു കൂടി യത്തിക്കുന്ന വിഭിന്നങ്ങളായ രണ്ടുമതക്കാർ ആണെന്നുള്ള യാ ഗ്രാത്ഥ്യം സർവ്വസമ്മതമാണ. ഇതേപ്പററി യാതൊരുത്തൻ സം ശയിക്കുന്നപക്ഷം ആരണ്ടു കൂട്ടരുടെയും മതസിദ്ധാന്തങ്ങൾ ഒ ന്നുതന്നെയോ? ഈരുകൂട്ടർക്കും സപയാധിപത്യമുള്ള മതാദ്ധ്യക്ഷ ന്മാരുണ്ടോ? ഇവരിൽ ഒരാൾ മറെറാരാൾക്കു കീഴ്പ്പെട്ടിരിക്കുന്നു എന്നതിലേക്കു വല്ലലക്ഷ്യങ്ങളുമുണ്ടോ? എന്നു പ്രസിദ്ധന്മാരും സർവ്വസമ്മതന്മാരുമായ ഗ്രന്ഥകർത്താക്കന്മാരുടെ കൃതികളിൽ അനേഷിക്കേണ്ടതാണ. അവരുടെ കക്ഷികളും പരസ്പരം വ്യത്യ സ്തങ്ങളായ വിശ്വാസത്തോടുകൂടിയ വിപരീത മതക്കാരാണെ ന്നും, ഒരം ഈ മതങ്ങളുടെയും അദ്ധ്യക്ഷന്മാർ സപയാധിപത്യ

മുള്ളവരും ംരം സ്വയാധിപത്യം ആ മതങ്ങളുടെ ആരംഭം തുടങ്ങി തന്നെയുള്ളതാകയാൽ അവരിൽ ഒരാൾ മറ്റൊരാൾക്കു ഒരിക്കലും അധീനനായിരുന്നിട്ടില്ലാത്തവരുമാണെന്നുമല്ലാതെ പ്രസ്തുത കൃതികളിൽ കാണപ്പെട്ടകയില്ലെന്നുള്ളതു നിർവ്വിവാദം തന്നെ. അതിനാൽ അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസിന്റെ കീഴിലായി നെസ്തോറിയൻകാർ മലങ്കര സഭയെ ഭരിച്ചിരുന്നെന്നും അവർ യാക്കോബായ വിശ്വാസത്തെ ഇവിടെ പഠിപ്പിച്ചിരുന്നെന്നും പറയുന്നതിനേക്കാൾ അബദ്ധം മറ്റൊന്നില്ല. നെസ്തോറിയൻകാർ യാക്കോബായ പാത്രിയക്കീസിന്റെ അധികാരത്തെ ആശ്രയിച്ച് ഭാരതസഭാ ഭരണം നിർവ്വഹിച്ചിരുന്നു എന്നു തന്നെയിരിക്കട്ടെ. സ്വമത സിദ്ധാന്തങ്ങൾക്കു വിപരീതമായയാക്കോബായ വിശ്വാസത്തെ അവർ ഉപദേശിക്കുക എന്നതു കേവലം അസംഭാവ്യം തന്നെ. അതിനാൽ ഉഭയംപേർ സ്തുനഹദോസിനു മുമ്പായി യാക്കോബായ വിശ്വാസം ഭാരത സഭയിൽ അറിയപ്പെട്ടിരുന്നില്ലെന്നുള്ളതു നിർവ്വിവാദമാണ്.

൨. യാക്കോബായ പാത്രിയക്കീസിനു ഉഭയമേപേർ സ്തുനഹദോസിനു മുമ്പ് മലങ്കര സഭയിന്മേൽ ആധിപത്യമുണ്ടായിരുന്നില്ലെങ്കിൽ, ഇൻഡ്യാ മുതലായ പൌരസ്ത്യരാജ്യങ്ങൾ സ്വാധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു അന്ത്യോക്യാ പാത്രിയക്കീസുമാർ വാദിച്ചതായി പല ഗ്രന്ഥകർത്താക്കൾ രേഖപ്പെടുത്തിയിരിക്കുന്നതിനെപ്പറ്റി എന്തു സമാധാനമാണു പറയുവാനുള്ളതു എന്നൊരു ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. നെസ്തോറിയൻ മതോത്ഭവാനന്തരം മലങ്കരസഭാ ഭരണം നിർവ്വഹിച്ചിരുന്നതു അന്ത്യോക്യാ പാത്രിയക്കീസിന്റെ അധികാരത്തിൽ ഉൾപ്പെട്ടിരുന്നു "കാസോലിക്കാ" ഭിദ്ധേയന്മാരായ സഭാദ്ധ്യക്ഷന്മാരാൽ നിയോഗിക്കപ്പെട്ട മെത്രാന്മാർ ആയിരുന്നെന്നും ഭാരത ഭൂമി തുടങ്ങിയുള്ള പൌരസ്ത്യ രാജ്യങ്ങൾ സ്വാധീന സ്വാതന്ത്ര്യമാണെന്നു ആ പാത്രിയക്കീസ്മാർ വാദിക്കുന്നതിനു ഇതാ

ഈ കാരണമായി തീർന്നതെന്നും മുമ്പേ തന്നെ (അ. വ. ല: ഥ. ഥ.) ഞങ്ങൾ സമ്മതിച്ചിട്ടുള്ളതാണു. അന്ത്യോക്യാ പാത്രിയക്കീസ് മാർ എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു യാക്കോബായക്കാർ ഒരിക്കലും സ്വീകരിക്കാതിരിക്കുന്നതും സ്വദാ കുറ്റാരോപണം ചെയ്യുന്നതുമായ കാൽസിഡോൻ സൂനഹദോസിൽ സംബന്ധിക്കയും അതിന്റെ നിയമങ്ങൾക്കു കയ്യൊപ്പു വെക്കയും ചെയ്തിട്ടുള്ള മാക്സിമൂസ് പാത്രിയക്കീസിന്റെ അനന്തരഗാമികളും കത്തോലിക്കരുമായ അന്ത്യോക്യായുടെ സാക്ഷാലുള്ള പാത്രിയക്കീസ് മാരല്ലാതെ യാക്കോബായ പാത്രിയക്കീസ് മാരല്ല. നിക്യാ, കൊൻസ്റ്റൻറയിൻപുരി മുതലായ സ്ഥലങ്ങളിൽ സമ്മേളിച്ച കത്തോലിക്ക് ലോക സാധാരണങ്ങളായ സൂനഹദോസുകളുടെ കാനോനാകളാൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളെത്രയും കത്തോലിക്കരായ ഓരം പാത്രിയക്കീസ് മാരിൽ ആണു സ്ഥിതിചെയ്യുന്നതു. പൌരസ്ത്യ റോമാ സാമ്രാജ്യത്തിലെ കിരീടധാരികളായ ചക്രവർത്തികൾ ഓരം പാത്രിയക്കീസ് മാരുടെ അധിപത്യത്തെ നിലനിർത്തുന്നതിനു സ്വദാ പരിശ്രമിച്ചു കൊണ്ടിരുന്നു. യാക്കോബായക്കാരാകട്ടെ പ്രസ്തുത പാത്രിയക്കീസ് മാരുടെ അധികാരത്തിൽ നിന്നു പിരിഞ്ഞു പോയ ഒരു ശാഖക്കാർ മാത്രമാണു. ഓരം വസ്തുതകളെല്ലാം മുമ്പു പല സ്ഥലങ്ങളിൽ (അ. വ. ല. ന. ര. ളി) വിവരിച്ചിട്ടുള്ളതാണല്ലോ. അതിനാൽ ഇൻഡ്യാ തുടങ്ങിയുള്ള പൌരസ്ത്യരാജ്യങ്ങൾ സ്വാധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു വാദിക്കുന്നതായി ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്ന പ്രസ്തുത പാത്രിയക്കീസ് മാർ യാക്കോബായ പാത്രിയക്കീസന്മാർ അല്ലെന്നുള്ളതു അവിതർക്കിതമായ ഒരു യാഥാർത്ഥ്യമാണു. ഭാരതവർഷം തുടങ്ങിയുള്ള രാജ്യങ്ങൾ തന്റെ അധികാരസീമയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു പതിനൊന്നാം ശതവത്സരത്തിൽ വാദിച്ചതായി വ—ാം അദ്ധ്യായം ഥ—ാം ലക്കത്തിൽ ഞങ്ങൾ പ്രസ്താവി

ച്ചിട്ടുള്ള അന്ത്യോഖ്യായിലെ പത്രോസ് പാത്രിയക്കീസ് കത്തോലിക്കാപാത്രിയക്കീസല്ലാതെ യാക്കോബായക്കാരൻ ആയിരുന്നില്ലെന്നു അവിടെനിന്നു തെളിയിച്ചിട്ടുണ്ടു. മലങ്കരസഭയെ ഭരിച്ചിട്ടുള്ള മെത്രാന്മാർ യാക്കോബായ മതത്തപഞ്ചകം വിപരീതമായ ഒരു വിശ്വാസത്തെയല്ലാതെ യാക്കോബായ വിശ്വാസം ഉപദേശിക്കുകയുണ്ടായിട്ടില്ലെന്നും മുകളിൽ തെളിയിച്ചിട്ടുള്ള സ്ഥിതിക്കു, അവർ യാക്കോബായക്കാർ ആയിരുന്നു എന്നുവാദിക്കുന്നതുകൊണ്ടും ഇനി യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലെന്നുള്ളതു തീച്ചയത്രെ.

മലങ്കരയിലെ പൂർവ്വവിശ്വാസം യാക്കോബായ മതസിദ്ധാന്തങ്ങളെ അനുസരിച്ചായിരുന്നു എന്നു തെളിയിക്കുന്നതിലേക്കു ബുക്കാനാൻസായ്പിന്റെ കൃതിയിൽ അഭേദ്യമായ ഒരു രേഖയുണ്ടെന്നു യാക്കോബായക്കാർ പറയുന്നതായി തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ (Vol. II. P. 124)നാഗമയ്യാ അവർകൾ പ്രസ്താവിക്കുന്നു. "പാശ്ചാത്യരാജ്യങ്ങളിൽനിന്നു വന്നിട്ടുള്ള നിങ്ങൾ എങ്ങനെയുള്ളവരെങ്കിലും ആയിരിക്കട്ടെ; ഞങ്ങൾ സത്യവിശ്വാസികൾതന്നെ. എന്തുകൊണ്ടെന്നാൽ ഞങ്ങൾ മ്ശിഹായുടെ അനുയായികൾ, ക്രിസ്ത്യാനികൾ എന്നു സംജ്ഞാകരണം ചെയ്യപ്പെട്ട സ്ഥലത്തുനിന്നു വന്നവരാണു" എന്നു പോർട്ടുഗീസുകാരോടുള്ള സംഭാഷണമദ്ധ്യേ സുറിയാനിക്കാർ പ്രസ്താവിച്ചതായി ബുക്കാനാൻ പറയുന്നതിനെയാണു നാഗമയ്യാ അവിടെ ഉദ്ധരിക്കുന്നതു. ബുക്കാനാനാകട്ടെ പോർട്ടുഗീസുകാർകേരളത്തിൽ എത്തിട്ടു മുന്നൂറു സംവത്സരങ്ങളുടെശേഷം സ്വീയമായി പുറപ്പെടുവിച്ചിട്ടുള്ള ഒരു പുസ്തകത്തെ യാതൊരു ചരിത്രരേഖകളെക്കൊണ്ടും ദൃഢീകരിച്ചിട്ടില്ലെന്നുള്ള തത്പരാന്വേഷത്തിന്റെ "ക്രിസ്തീയ പര്യേഷണങ്ങൾ" (Christian Researches) എന്ന കൃതിയുടെ ഫ. ഫ്ര. ഫ്രാൻസിസ് പുറങ്ങളെ ഒരുപ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ള ഏവനും നിസ്സംശയം സമ്മതിക്കും.

തന്നിമിത്തം അദ്ദേഹത്തിന്റെ ഒരു അഭിപ്രായം കേവലം നിരർത്ഥമാണെന്നുമാത്രമല്ല, സകല ചരിത്രരേഖകൾക്കും, സുറിയാനിക്കാർ പോർട്ടുഗീസുകാരോടു സംഭാഷണം നടത്തിയതായി അദ്ദേഹം പ്രസ്താവിക്കുന്ന കാലങ്ങളിൽ നടന്ന സംഭവങ്ങൾക്കും വിപരീതമായും ഇരിക്കുന്നു. പോർട്ടുഗീസുകാരുടെ ആഗമനവേളയിൽ നസ്രാണികൾ അവരെ കണ്ടു സംഭാഷണം ചെയ്തവിവരവും ആ കാലങ്ങളിൽ കേരളത്തിൽനിന്നു ക്രിസ്ത്യാനികൾ പൌരസ്ത്യ പാത്രിയർക്കീസായ മാർ ശെമഓന്റെ അടുക്കൽ ചെന്നു മാർ തോമ്മാ, മാർ യോഹന്നാൻ എന്നു മെത്രാന്മാരെ കൊണ്ടുവന്നസംഗതിയും അനന്തരം ക്രി൦൨൨-ൽ മാർയാക്കോബ്, മാർ ദാവീദ് മുതലായ മതാദ്ധ്യക്ഷന്മാർ മലങ്കരയിൽ എത്തിയ വസ്തുതയും അക്കാലത്തു നടന്ന മറ്റുപല സംഭവങ്ങളും മേൽ ഭാ൦-ാം അദ്ധ്യായം ഭാ൦-ാംലക്കത്തിൽ പറഞ്ഞിട്ടുള്ളതാണല്ലൊ. ഇവയെല്ലാം ബുക്കാനാന്റെ മേൽ കാണിച്ചിട്ടുള്ള അഭിപ്രായത്തിനു പ്രതികൂലങ്ങളും അത്ര നിരർത്ഥമാണെന്നു പ്രത്യക്ഷപ്പെടുത്തുന്നവയുമാകുന്നു.

൩. ലത്തീൻ ക്രിസ്ത്യാനികൾ കുറെനാളായിട്ടു 'ലത്തീൻ—സുറിയാനിക്കാർ' എന്നു സഭയും സംജ്ഞാകരണംചെയ്തുയും തദഭിധാനം എഴുത്തുകളിലും സംഭാഷണങ്ങളിലും അവർ ചിലപ്പോൾ ഉപയോഗിക്കയും ചെയ്തുവരുന്നതായി കാണുന്നു. ഇങ്ങനെ ഒരഭിധാനം അടുത്ത കാലത്തുമാത്രം സ്വീകരിക്കപ്പെട്ടതല്ലാതെ മുൻ കാലങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്നില്ലെന്നുള്ളതിലേക്കു ദൃഷ്ടാന്തങ്ങളോ തെളിവുകളോ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രാചീനകാലത്തും അർവ്വാചീനകാലത്തും എഴുതപ്പെട്ടിട്ടുള്ള ചരിത്രഗ്രന്ഥങ്ങളുടെ പരിശോധനയിൽനിന്നു തെളിവിലേക്കു ധാരാളം ലക്ഷ്യങ്ങൾ വെളിപ്പെടുമെന്നുള്ളത് നിസ്സംശയമാണു. ലത്തീൻ—സുറിയാനിക്കാർ എന്ന സംജ്ഞാ കേവലം ആസ്പദരഹിതമാണെന്നല്ല, ആ

ത്സംബന്ധമായ അവരുടെ പ്രസ്താവങ്ങളെല്ലാം സമ്മതാഹങ്ങളല്ലെന്നു മാത്രമാണു ഞങ്ങൾ പറയുന്നതു. ഇതിന്റെ യാഥാർത്ഥ്യം താഴെ വിവരിക്കുന്ന സംഗതികളിൽനിന്നു പ്രത്യക്ഷപ്പെടുന്നതാണു. എഴുന്നൂറിക്കാരും അഞ്ഞൂറിക്കാരും തരത്തൽ സമുദായങ്ങൾ പ്രാചീന സുറിയാനിക്കാരുടെ സന്താനങ്ങളാണെന്നു കാണിച്ചു ഓരോ മെമ്മോറിയൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും സ്റ്റേററുമാന്വലുകൾക്കു സമർപ്പിച്ചതായി അവകളുടെ രചനാകർത്താക്കന്മാർ പ്രസ്താവിച്ചിരിക്കുന്നു. അതിൽ എഴുന്നൂറിക്കാർ പൂർവ്വ സുറിയാനിക്കാരല്ലെന്നു അഞ്ഞൂറിക്കാരും, പൌരാണിക സുറിയാനിക്കാരുടെ സന്താനങ്ങളാണു അഞ്ഞൂറിക്കാർ എന്നുള്ളവാദം യഥാർത്ഥമല്ലെന്നു എഴുന്നൂറിക്കാരും പറഞ്ഞിരിക്കുന്നതായിട്ടാണു തിരുവിതാംകൂർ സ്റ്റേററുമാന്വലിന്റെ രചനാകർത്താവായ മിസ്റ്റർ നാഗമയ്യാ പ്രസ്താവിക്കുന്നതു. കൊച്ചിയിലെ സ്റ്റേററുമാന്വലിലും ഈവാദം സംബന്ധിച്ചു പറഞ്ഞിട്ടുണ്ടു. പ്രസ്തുത രണ്ടു ഗ്രന്ഥകാരന്മാരും ഒരേ വാദത്തെ പുറത്തു ചെയ്യുന്നതിരുമാനം, യഥാർത്ഥ സുറിയാനിക്കാരുടെ ഇടയിൽ ഇങ്ങനെ ഒരു പരമ്പരാവർത്തമാനമില്ലെന്നും അവർ ഇതിനെ സമ്മതിക്കുന്നില്ലെന്നുമാണു. (1). ഒരു കയാൽലത്തീൻ — സുറിയാനി എന്ന ഇരു പദങ്ങളുടെ സംഘടനയെ സാധൂകരിക്കുന്നതിലേക്കു ഉപയുക്തങ്ങളും നിരാക്ഷേപങ്ങളുമായ വല്ല ലക്ഷ്യങ്ങളുമുണ്ടോ എന്നാണു നാം ഇപ്പോൾ പരിശോധിക്കുവാനുള്ളതു. ചരിത്രം ഭൂതകാല സംഭവങ്ങളുടെ ഒരു സങ്കലനമായിരിക്കുന്നതിനാൽ സംഭവങ്ങളെ നടന്നതു പോലെയും തെളിയുകൾക്കനുരൂപമായും വിവരിക്കേണ്ടതു ചാരിത്രിക നിഷ്പക്ഷതക്കും അവശ്യാവശ്യമായ ഒരു സംഗതിയാകുന്നു. പ്രസ്തുത, സംഭവങ്ങളുടെ അവാസ്തവമായ പ്രസ്താവം തൽകർത്താവിന്റെ ഒരു വെറും അഭിപ്രായമായും തന്നിമിത്തം അതു ലോകസമക്ഷം അർത്ഥശൂന്യവും ആക്ഷേപവിഷയവുമായും തീരുന്നതെയുള്ളൂ.

സുറിയാനിക്കാരിൽ വളരെയാളുകൾ പല കാലങ്ങളിലായി ലത്തീൻ രീത്തിൽ ചേന്നിട്ടുണ്ടെന്നും ഉദയംപേരൂർ സൂനഹദോസിനുമുമ്പാണു പ്രാധാന്യേന ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നുമാണു ലത്തീൻ—സുറിയാനിക്കാർ ഘോഷിക്കുന്നതു. ഇതിനെ സാധൂകരിക്കുന്നതിനായി അവർ പറയുന്നതു പ്രൻസിസ്കൻ സഭക്കാർ സ്ഥാപിച്ചതും വി. ശവയ്യാർ യൗസാപ്പിലേക്കു അയച്ച കത്തുകളിൽ പ്രശംസിച്ചിരിക്കുന്നതുമായ കൊടുങ്ങല്ലൂരിലെ വേദാന്ത ശിക്ഷണാലയത്തിലും ഈശോസഭക്കാർ പിൻകാലങ്ങളിൽ ഏറ്റെടുത്തു നടത്തിവന്ന വൈപ്പിക്കോട്ടസെമ്മിനാരിയിലും അവരുടെവകയായിരുന്ന കൊച്ചിയിലുമുണ്ടായിരുന്ന കൊളേജിലും സുറിയാനിക്കാരായ വളരെ ബാലന്മാർ വൈദിക പഠനങ്ങളെ നിർവ്വഹിക്കയും ലത്തീൻ രീത്യനുസരണം പട്ടമേല്ക്കുകനിമിത്തം നെസ്തോറിയൻ മതതത്വങ്ങളെ പരിത്യജിച്ചു ലത്തീൻകാരായി തീരുകയും തദ്വാരാകത്തോലിക്കവിശ്വാസം സ്വീകരിക്കയുംചെയ്തു എന്നാണു. നെസ്തോറിയൻ വിശ്വാസത്തെ വിസർജ്ജിക്കേണ്ടതിനായി സുറിയാനിക്കാർ ലത്തീൻരീത്യനുസരിച്ചെന്നും കൊടുങ്ങല്ലൂരിലും വൈപ്പിക്കോട്ടിലുംകൊച്ചിയിലും പഠനം നിവർത്തിച്ചുവന്നവർ ലത്തീൻരീത്യനുസരിച്ചു ലത്തീൻകാരായെന്നുമുള്ള പ്രസ്താവം പരമാബദ്ധമാണെന്നു കാണിക്കുന്നതിനു ധാരാളം ലക്ഷ്യങ്ങളുണ്ടു. സുറിയാനിക്കാർ യഥാർത്ഥ കത്തോലിക്കരല്ലാതെ നെസ്തോറിയൻ മതാനുയായികൾ ആയിരുന്നില്ലെന്നുള്ള വസ്തുതയും ഗ്രന്ഥത്തിൽതന്നെ ഇതിനു മുമ്പ് പലസ്ഥലങ്ങളിൽ തെളിവുകളായ അസംഖ്യം രേഖകളെക്കൊണ്ടു സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. നസ്രാണികൾ ലത്തീൻകാരാകയും തദ്വാരാ നെസ്തോറിയൻ അബദ്ധങ്ങളെ പരിത്യജിക്കയും ചെയ്തു എന്നുള്ള കഥനത്തിൽ വല്ലയാഥാർത്ഥ്യവും ഉണ്ടായിരുന്നെങ്കിൽ ദെസൂസാ, ഗൊവേയാ തുടങ്ങിയ ആ കാലങ്ങളിലെ പോർട്ടുഗീസ് ഗ്രന്ഥകാരന്മാർ ആ സംഗതിപ്രാ

സ്ഥാവിക്കുമായിരുന്നു. ആ ഗ്രന്ഥകർത്താക്കന്മാരാകട്ടെ അങ്ങനെ ഒരുകാര്യം നടന്നതായി ഒരിടത്തും പറയാതിരിക്കുകമാത്രമല്ല, അതിനു വിപരീതമായി പ്രസ്താവിക്കുകയുംചെയ്യുന്നു എന്നുള്ളതുമിനി പ്രതിപാദിക്കുവാനിരിക്കുന്ന സംഗതികളിൽനിന്നു പ്രത്യക്ഷപ്പെടും. സുറിയാനിക്കാരായ ബാലന്മാരെ ലത്തീൻ രീതിയനുസരിച്ചു പട്ടം ഏല്പിച്ചു എന്നുള്ള പ്രസ്താവം വാസ്തവമാണെന്നുതന്നെങ്ങും സമ്മതിക്കുന്നു. ആ കാലങ്ങളിലെ പോർട്ടുഗീസ് ഗ്രന്ഥകർത്താക്കന്മാർ അതിനെ രേഖപ്പെടുത്തീട്ടുണ്ടു. പക്ഷെ സുറിയാനി ബാലന്മാർ തൽമൂലം ലത്തീൻകാരായി തീർന്നെന്നും അവരിൽനിന്നു ഒട്ടുവളരെ ലത്തീൻകാരുണ്ടായെന്നും പറയുന്നതു സ്വീകാര്യമല്ലെന്നു തെങ്ങൾ വാദിക്കുന്നുള്ളൂ. ലത്തീൻ രീതി നുസരണം പട്ടമേറ്റ സുറിയാനിക്കാർ പോർട്ടുഗീസുമെത്രാന്മാരുടെ അധികാരസീമയിൽപെട്ട ദേവാലയങ്ങളിൽ ആദ്ധ്യാത്മശ്ലോകികളെ നിർവ്വഹിച്ചിരുന്നെന്നും അവർ ശിവ്യകർമ്മാദികളെ ആ പള്ളികളിൽ ലത്തീനിലും സുറിയാനിപ്പള്ളികളിൽ സുറിയാനിയിലും നിവർത്തിച്ചിരുന്നെന്നുമാണ പോർട്ടുഗീസ് പുസ്തകകർത്താക്കന്മാർ അവരെപ്പറ്റി പ്രതിപാദിക്കുന്നതു. (2). പോർട്ടുഗീസ് മെത്രാന്മാർ സുറിയാനിക്കാരെ അവരുടെ മതാദ്ധ്യക്ഷന്മാരുടെ സമ്മതികൂടാതെ ലത്തീൻമുറപ്രകാരം പട്ടമേല്പിക്കയും സ്വാധികാരസ്ഥിതങ്ങളായ ദേവാലയങ്ങളിൽ വൈദികവൃത്തിക്കായി നിയമിക്കയും ചെയ്തതു കാനോൻനിയമങ്ങൾക്കു വിരോധമാണെന്നു സ്വയമേവ സമ്മതിക്കയും മേലിൽ അങ്ങനെ സംഭവിക്കാതിരിക്കുന്നതിലേക്കു വേണ്ടിയ നിയമങ്ങളെ നിർമ്മിക്കയും ചെയ്തിട്ടുണ്ടെന്നു ക്രിസ്തുശകം—ൽ ഗോവയിൽ കൂടിയ പ്രാദേശികസൂനഹദോസിന്റെ തൃതീയസമ്മേളനം പഞ്ചമനിയമത്തിൽനിന്നു വ്യക്തമാകുന്നു. (അ. ക്ര൦. ച. ക്രഅ) സുറിയാനിക്കാരായ പ്രസ്തുത യുവാക്കന്മാർ സുറിയാനിക്കാരായിത്തന്നെ വർത്തിച്ചിരുന്നെന്നും പോർട്ടുഗീസ് മെത്രാന്മാർ അവരുടെ മ

തദ്ധ്യക്ഷന്റെ അനുമതികൂടാതെ ലത്തീൻപള്ളികളിൽ അവരെ നിയമിച്ചിരുന്നതേയുള്ളൂ എന്നുമാണ് ഒരു നിയമം വിളിച്ചറിയിക്കുന്നതു. കൊടുങ്ങല്ലൂരിലും വൈപ്പിക്കോട്ടും പാർച്ചുരുന്ന സുറിയാനി വിദ്യാർത്ഥികൾക്കു പോർട്ടുഗീസ് മെത്രാന്മാർ പട്ടം കൊടുക്കുകയും സ്വാധികാരസീമകളിൽ ഉൾപ്പെട്ടദേവാലയങ്ങളിൽ അവരെ സ്ഥാപിക്കയും ചെയ്തതു അവർ (പോർട്ടുഗീസുകാർ) ആ കാലങ്ങളിൽ പുതുതായി ക്രിസ്തുമതത്തിലേക്കു സ്വീകരിച്ച ജനങ്ങളുടെ ആദ്ധ്യാത്മ പരിപാലനാകൃത്യങ്ങളെ നിവൃത്തിക്കുന്നതിലേക്കു ആ നവീനക്രിസ്തുജനങ്ങളിൽ വൈദികന്മാരില്ലാതിരുന്നതിനാലാണു. കൊടുങ്ങല്ലൂർ മുതലായവൈദിക വിദ്യാശാലകളിൽ പഠനം നിവൃത്തിച്ചിരുന്ന പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നാണു പ്രാധാന്യേന സുറിയാനിക്കാരിൽ ഒരുഭാഗം ലത്തീൻകാരായി തീർന്നതെന്നുള്ള പ്രസ്താവത്തിൽ അബദ്ധമുണ്ടെന്നതന്നെയല്ല യുക്തിഭംഗവുമുണ്ടു. വിവാഹംകഴിക്കാത്ത ലത്തീൻപട്ടക്കാരിൽനിന്നു ഒരു ജനസഞ്ചയമുത്ഭവിച്ചു എന്നു പറയുന്നതു സയുക്തികമായിരിക്കുന്നില്ലെന്നു സ്പഷ്ടമാണല്ലൊ. ലത്തീൻ സുറിയാനി വാദികളുടെ പ്രസ്താവങ്ങളിൽ ഇതുപോലെയുള്ള പല അബദ്ധങ്ങളുമുണ്ടു. (3). അവയിൽ ചിലതുകളെമാത്രം ഇവിടെ കാണിച്ചുകൊണ്ടു ഒരു വിഷയം അവസാനിപ്പിക്കുവാനുദ്ദേശിക്കുന്നു.

പ്രവ്യൂ—ൽ തോമ്മാ റോക്കോസ് മെത്രാൻ മലയാളത്തു വന്നിരുന്ന അവസരത്തിൽ സുറിയാനിക്കാരായ വളരെ ആളുകൾ ലത്തീൻറീത്തു അനുസരിക്കുകയുണ്ടായെന്നു ലത്തീൻ—സുറിയാനിക്കാർ പറയുന്നു. ഇതു വാസ്തവലേശംപോലുമില്ലാത്ത കല്പിതകഥയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. റോക്കോസ് മെത്രാന്റെ ആഗമനാവസരത്തിൽ കേരളീയകർമ്മൽ സഭ മുഴുവനേയും 'പൊതു പ്രിയോർ' എന്ന അഭിധാനത്തോടുകൂടി ഭരിച്ചിരുന്ന സംപൂജ്യനായ ചാവറ കുറിയാക്കോസ് ഏ

ചിയാ അച്ചൻ അവർകൾ ആ കാലപരിവർത്തനത്തിലെ സകല സംഭവങ്ങളും പ്രസ്തുത സഭയുടെ നാളാഗമപുസ്തകത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. ഇങ്ങനെ ഒരു സംഭവം നടന്നിട്ടുള്ളതായി അദ്ദേഹത്തിന്റെ ഗ്രന്ഥവരിയിലാകട്ടെ അക്കാലത്തെ മറ്റുമെഴുത്തുകളിലാകട്ടെ യാതൊന്നും പറയുന്നില്ല. റോക്കോസിന്റെ ശിഷ്യയിലേക്കു മിക്ക സുറിയാനിപ്പള്ളികളും അധഃപതിച്ചുപോയെങ്കിലും കുറിയാക്കോസ് ഏലിയാ അച്ചന്റേയും സന്ന്യാസസഭയിലെ അദ്ദേഹത്തിന്റെ സഹോദരന്മാരായ മറ്റുവൈദികന്മാരുടേയും പരിശ്രമവും ഉപദേശവുംമൂലം ചിലയാളുകൾ സത്യവിശ്വാസത്തിൽതന്നെ, സൈഹ്യസമേതം വർത്തിച്ചിരുന്നു. മതഭിന്നതയിൽ ഉൾപ്പെടാതെനിന്നിരുന്നവർക്കുദേവാലയങ്ങളില്ലാതെ വരുക നിമിത്തം ചെറിയ കുരിശു പള്ളികളെ സ്ഥാപിച്ചു അവയിലാണു ആരാധക കൃത്യങ്ങളെ നിർവ്വഹിച്ചു വന്നതു. എന്നാൽ ശീശ്മയിൽ ചേർന്ന സുറിയാനിപ്പള്ളിയുടെ സമീപത്തുള്ളതിൽ പള്ളിയുണ്ടായിരുന്ന സ്ഥലങ്ങളിൽ കത്തോലിക്കരായി ശേഷിച്ച സുറിയാനിക്കാരുടെ അഭ്യുന്നത കാര്യങ്ങളെല്ലാം അവിടെ നിന്നു സാധിച്ചു കൊടുക്കയും റോക്കോസ് മെത്രാൻ പോയ നാൾവരെ അവർ ആ പള്ളികളിൽ ചേർന്നു നടക്കയും ചെയ്തിട്ടുള്ളതായി കുറിയാക്കോസ് ഏലിയാ അച്ചൻ പ്രസ്തുത നാളാഗമ ഗ്രന്ഥത്തിൽ പറയുന്നുണ്ടു. റോക്കോസ് മെത്രാന്റെ കാലത്തു പല സുറിയാനിക്കാർ ലത്തീൻകാരായി തീർന്നിട്ടുണ്ടെന്നു നമ്മുടെ ലത്തീൻ സഹോദരന്മാർ വാദിക്കുന്നതു ഒരു പക്ഷേ ഈ സംഭവത്തെ ആധാരമാക്കിയായിരിക്കാം. റോക്കോസിന്റെ മതഭിന്നത ഒരു സംവത്സരക്കാലമെ നിലനിന്നൊള്ളു. അദ്ദേഹം റോമപുരിയിൽ മലങ്കരയിൽ എത്തുകയും റോമപുരിയിൽ മടങ്ങിപ്പോകയുംചെയ്തു. അതിനാൽ വല്ലൊരുത്തൻ ഒറ്റതിരിഞ്ഞു രീത്തുമാറുന്നതിനു ഇടയായിട്ടുണ്ടായിരിക്കാമെന്നല്ലാതെ ഒട്ടുവളരെ സുറിയാനിക്കാർ അന്നു ലത്തീൻരീത്തിൽ ചേർന്നുകൂടു

ഞ്ഞു എന്നു പറയുന്നതു വാസ്തവവിരുദ്ധമാണു. ലത്തീൻ—സുറി
യാനി വാദത്തിൽ എത്രമാത്രം യാഥാർത്ഥ്യം അന്തർഭൂതമായി
രിക്കുന്നുണ്ടെന്നുള്ളതു് മേൽ പ്രസ്താവിച്ചവയിൽനിന്നു സത്യാ
നേഷകന്മാക്കു നിഷ്പ്രയാസം മനസ്സിലാക്കാം.

പതിനെട്ടാമത്തെ ശതാബ്ദത്തിൽ, വ്യക്തമായി പറയണ
മെങ്കിൽ ക്രൗനു—ാം സംവത്സരത്തിൽ, സുറിയാനിക്കാരായ
അനവധി ജനങ്ങൾ ലത്തീൻകാരായി തീരുകയുണ്ടായെന്നും
ലത്തീൻ—സുറിയാനി വാദികൾ പറയുന്നുണ്ടു. ഇതിനെ സാധൂ
കരിക്കേണ്ടതിനായി അവർ കൊണ്ടുവരുന്ന സാക്ഷ്യം "Many
Romo-Syrian Congregations in 1773 declared themselves
under the Latin Church" "റോമാ സുറിയാനിക്കാരിൽ അ
നവധി ആളുകൾ സഭയെ ലത്തീൻസഭയുടെ അധികാരത്തിൽ
ഉൾപ്പെട്ടിരിക്കുന്നതായി ക്രൗനു—ൽ സമ്മതിച്ചു പറകയുണ്ടാ
യി" എന്നു ഡോക്ടർ ഡെയ് സ്വകൃതിയായ 'പെരുമാക്ക
ന്മാരുടെ നാടു' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണു.
ഒരം രേഖയിൽനിന്നും, സുറിയാനിക്കാർ ലത്തീൻസഭയുടെ അ
ധികാരത്തിലായെന്നല്ലാതെ ലത്തീൻകാരായി തീർന്നതായി വരു
ന്നില്ല. ലത്തീൻ മെത്രാനോ, വൈദികന്മാരോ, സുറിയാനി
വൈദികന്മാർതന്നെയോ, സുറിയാനിപ്പള്ളികളിൽ ലത്തീൻക്രു
മങ്ങളെ നടത്തുന്നതായാൽപ്പോലും ആ പള്ളികൾ ലത്തീൻ
പള്ളികളായിപ്പോയെന്നും വാദിക്കുന്നതു യുക്തിഭംഗവും വാസ്തവ
വിരുദ്ധവുമാണു. ഡെയുടെ വാക്കുകളിൽനിന്നുതന്നെ സംഗതി
യുടെ യാഥാർത്ഥ്യം ധാരാളം പ്രത്യക്ഷപ്പെടുന്നതുകൊണ്ടു അദ്ദേ
ഹം തത്സംബന്ധമായി പറയുന്നഭാഗം താഴെ ഉദ്ധരിക്കാം.
"Many Romo-Syrian Congregations attempted in 1709 to
Join the Syrians; in 1773 they declared themselves under
the Latin church, and in 1777, sent to Rome and reques-
ted that a Romo- syrian Bishop might be attached exclu-
sively to them" "റോമാ സുറിയാനിക്കാരായ അസംഖ്യംപേ

ർ ഫ്യൂൺ-ൽ (പുത്തൻ കുർ) സുറിയാനിക്കാരോട് ചേരുവാൻ ശ്രമിച്ചു. ഫ്യൂസ-ൽ അവർ ലത്തീൻസഭയുടെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി സഭയുടെ സമ്മതിച്ചു പ്രസ്താവിച്ചു. ഒരു റോമ്മൻസുറിയാനിമെത്രാനെ സ്ഥാനമായിസ്ഥാപിച്ചു കിട്ടണമെന്നു ഫ്യൂസ-ൽ അവർ റോമയിൽ അപേക്ഷിക്കയുണ്ടായി. ഫ്യൂസ-ൽ അവർ ലത്തീൻകാരായി തീർന്നാലും ലത്തീൻ-സുറിയാനിക്കാർ പറയുന്നതുപോലെ വാസ്തവമാണെങ്കിൽ പിന്നെ എന്തിനായിട്ടാണു സ്ഥാനമായി ഒരു സുറിയാനിമെത്രാനെ കിട്ടണമെന്നു നാലുസംവത്സരങ്ങളുടെശേഷം ഫ്യൂസ-ൽ അവർ റോമയിലേക്കു അപേക്ഷകൾ അയച്ചതു? ആ കാലപരിവർത്തനത്തിൽ സംഭവിച്ചിട്ടുള്ള സമസ്തകാര്യങ്ങളും 'കരിയാറിൽ മാർ യൌസേപ്പു ഒത്രാപ്പോലീത്താ അവർകളുടെ റോമായാത്രാവിവരണ'ത്തിൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ രേഖപ്പെടുത്തീട്ടുണ്ടു. അതിൽ ലത്തീൻ സുറിയാനിക്കാരുടെ പ്രസ്താവത്തിനു പ്രതികൂലങ്ങളായ അസംഖ്യം സംഗതികളും ഒരു സുറിയാനി ഒത്രാനെ നിയമിച്ചു കിട്ടുന്നതു ആവശ്യത്തിലേക്കായി റോമ്മായിലേക്കു ചെയ്ത യാത്രയും മറ്റും വിവരിക്കുന്നുണ്ടെങ്കിലും മേൽ പറഞ്ഞിട്ടുള്ളവിധത്തിൽ ഒരു കാര്യം സംഭവിച്ചതായി യാതൊരംശം പറഞ്ഞുകാണുന്നില്ല. ലത്തീൻ-സുറിയാനി വാദത്തിൽ ഇപ്പോലെയുള്ള മറുപല വാസ്തവവിരുദ്ധങ്ങളും കടന്നുകൂടീട്ടുണ്ടു. അവയെല്ലാം ഇവിടെ പ്രത്യംശം എടുത്തു ഖണ്ഡിക്കേണ്ടതു ആവശ്യമില്ലാത്തതിനാൽ വിട്ടുകളയുന്നതാണു.

ലത്തീൻ ക്രിസ്ത്യാനികളും പഴയകുറു സുറിയാനിക്കാരും കാതോലികമായ ഏകവിശ്വാസത്തെത്തന്നെ അവലംബിച്ചിരിക്കുന്നുവെങ്കിലും വ്യത്യസ്തങ്ങളായ സാമൂഹ്യാചാരങ്ങളോടും നടപടിക്രമങ്ങളോടുകൂടിയവരാണു. ഇപ്പോഴത്തെ ഭിന്നാഭിപ്രായങ്ങളിലും അവാന്തരവിഭാഗങ്ങളിലും ഉൾപ്പെട്ടിരിക്കുന്ന സുറിയാനിക്കാരാരുടെയും സാമൂഹ്യാചാരങ്ങളിലും നടപടിക്രമങ്ങളിലും വ്യത്യാസമുള്ളവരല്ല.

വിശ്വാസവിഷയത്തിൽ അവർ പല ശാഖകളായി തിരിയുന്നതിനുള്ള ഹേതു സ്വജാതിമേത്രാനെ കിട്ടണമെന്നുള്ള വാദം നിമിത്തം ഫ്രാൻസിസ്—ൽ ഉണ്ടായ വലിയ ശീശ്മയാണു. ആ ശീശ്മയിൽവച്ചു അവർ രണ്ടു വിഭാഗങ്ങളായി തിരിയുകയും പഴയ വിശ്വാസത്തിൽനിന്നവർക്കു പഴയകൂറു സുറിയാനിക്കാരെന്നും പുതിയ യാക്കോബായ വിശ്വാസം സ്വീകരിച്ചവർക്കു പുത്തൻകൂറു സുറിയാനിക്കാരെന്നും നാമധേയങ്ങൾ ഉണ്ടാവുകയുംചെയ്തു. ഓരോ നാമധേയങ്ങൾ ഇതുപര്യന്തം ഉപയോഗത്തിൽ ഇരിക്കുന്നുവെയാണു. പുത്തൻകൂറു സുറിയാനിക്കാരിൽ നിന്നു കാലാന്തരത്തിൽ പ്രോട്ടസ്റ്റന്റു സുറിയാനിക്കാർ എന്നും നവീകരണ സുറിയാനിക്കാരെന്നും രണ്ടു പ്രത്യേക കക്ഷികൾ ഉണ്ടായിച്ചു. ഓരോ മൂന്നു കക്ഷികളിൽ വലുതു പുത്തൻകൂറു സുറിയാനിക്കാർതന്നെയാണു. പതിനേഴു ശതാബ്ദങ്ങളോളം ഏക വിശ്വാസത്തിൽ വർത്തിച്ചിരുന്ന സുറിയാനിക്കാരിൽ ഇപ്പോൾപല അവാന്തര വിഭാഗങ്ങളുണ്ടായിരുന്നാലും അവരുടെ സാമൂഹ്യാചാരങ്ങൾ തുടങ്ങിയുള്ളവയിൽ യാതൊരു വ്യത്യാസവുമില്ലെന്നുമാത്രമല്ല അവരിൽ പലരും വംശവഴിക്കും ചാച്ചുകൾ നിമിത്തവും പരസ്പര ബന്ധുക്കളും കെട്ടുപാടുള്ളവരുമാകുന്നു. ലത്തീൻ ക്രിസ്ത്യാനികളോടാകട്ടെ ഓരോ വിധസംബന്ധമോ കെട്ടുപാടുകളോ സുറിയാനിക്കാർക്കു സാമാന്യേന ഇല്ലാതെയാണിരിക്കുന്നതു.

൪. സുറിയാനിക്കാർ ലത്തീൻ രീതികളനുസരിക്കയും അവരിൽ നിന്നു ലത്തീൻ—സുറിയാനി സമുദായം ഉല്പന്നമാകയും ചെയ്തു എന്നുള്ള വാദം വാസ്തവവിരുദ്ധവും സ്വീകാര്യമല്ലാത്തതുമാണെന്നു മേൽ തെളിയിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ സുറിയാനിക്കാരിൽ വല്ലവരും ലത്തീൻകാരായി തീർന്നിട്ടുണ്ടോ എന്നും അവരുടെ വല്ല ദേവാലയങ്ങളും ലത്തീൻ പള്ളികളായി മാറപ്പെട്ടിട്ടുണ്ടോ എന്നുമുള്ള സംഗതികളെപ്പറ്റിയും ഇവിടെ അ

ല്ലും പ്രസ്താവിക്കേണ്ടതു് അവശ്യാവശ്യമാണെന്നു കരുതുന്നു. സുറിയാനിക്കാരുടെ വകയായി കൊല്ലത്തുണ്ടായിരുന്ന ദേവാലയം പോർട്ടുഗീസുകാർക്കു ഒഴിഞ്ഞുകൊടുക്കയും തൽസ്ഥാനത്തിൽ സുറിയാനിക്കാർ വേറൊന്നു പണിയിക്കയുംചെയ്തു എന്നു ഇതിനു മുമ്പു (അ. ക്രാ. ഖ. നു.) പറഞ്ഞിട്ടുണ്ടല്ലൊ. രണ്ടു ഒരുസംഭവം നീക്കിയാൽ ക്രൈസ്തവ—ൽ സുറിയാനിക്കാരുടെ ഇടയിൽ വലിയ ശിശുയുണ്ടായതുവരെ യാതൊരു സുറിയാനിപ്പള്ളിയും ലത്തീൻ പള്ളിയായി മാറ്റപ്പെടുകയാവട്ടെ, സുറിയാനിക്കാരിൽ യാതൊരുത്തൻ ലത്തീൻ റീത്തിലേക്കു ചേരുകയാവട്ടെ ഉണ്ടായിട്ടില്ല. ആ കാലത്തു സുറിയാനിക്കാരുടെവകയായി കൊടുങ്ങല്ലൂർ, കൊല്ലം എന്ന നഗരങ്ങളിൽ രണ്ടു പള്ളികളും കൊച്ചിയിൽ മട്ടാഞ്ചേരി, പള്ളുരുത്തി എന്ന സ്ഥലങ്ങളിൽ ഓരോ പള്ളികളുമുണ്ടായിരുന്നു. കടൽതീരം സന്ധിച്ചു് വേറേ സുറിയാനിപ്പള്ളികൾ ഇല്ലാതിരുന്നുമില്ല. കൂടാതെ അങ്കമാലി ഉൽകൃഷ്ട മെത്രാസനത്തിലെ അത്യന്തം വടക്കുഭാഗത്തുള്ള പള്ളികളിൽ നിന്നു വിട്ടു വളരെ മയിൽ അകലെ താമൂതിരിയുടെ രാജ്യാതിർത്തിയിൽപ്പെട്ട തോടമല എന്നദിക്കിൽ മാർ തോമ്മാനസ്രാണികളുടെ ചില ഗ്രാമങ്ങളുണ്ടെന്നും അവർ ആ ഉൽകൃഷ്ട മെത്രാസനത്തിൽ ചേർന്നവരാണെന്നും ഉദയംപേരൂർ സൂനഹദോസിന്റെ എട്ടാമത്തെ സമ്മേളനം ഏഴാം നിയമത്തിൽ വിവരിക്കപ്പെട്ടിരുന്നു. ഒരു പള്ളിയും ഉൾനാടുകളിൽസ്ഥിതിചെയ്തിരുന്ന മറ്റു സമസ്ത സുറിയാനിപ്പള്ളികളും പ്രസ്തുത സൂനഹദോസിന്റെ കാലത്തു സുറിയാനിപ്പള്ളികളായി തന്നെയാണു നിന്നിരുന്നതു. തിരുവാങ്കോട്ടു, തോടമല ഇവ നീക്കിയുള്ള സകല സുറിയാനിപ്പള്ളികളിൽനിന്നും പ്രതിനിധികൾ സൂനഹദോസിൽ സംബന്ധിക്കയുണ്ടായി. പോർട്ടുഗീസുകാർതന്നെ ആയിരുന്ന കൊച്ചി, അങ്കമാലി എന്ന രണ്ടു ഇടവകകളിലേയും മെത്രാന്മാർ തമ്മിൽ അധികാര സീമകളേയും അതിർത്തിക

ളേയും സംബന്ധിച്ച വലുതായ തർക്കങ്ങളും വാദങ്ങളുമുണ്ടാ
കയും അതു പൊതുജനങ്ങൾക്കു ഇടച്ചിൽക്കു കാരണമായിത്തീ
രുകയും ചെയ്കയാൽ അതിനെ നിവാരണംചെയ്യുന്നതിനും അ
ഇരു മെത്രാന്മാരും തമ്മിൽ സമാധാനമാകുന്നതിനുംവേണ്ടി അ
ഞ്ചാമത്തെ പൌലോസ് എന്ന പരിശുദ്ധ മാപ്പാപ്പാ ഉടയം
പേത്രൎ സ്ലീഹന്മാരുടെ സിംഹാസനത്തിൽ കയറീട്ടു വർഷങ്ങൾ കഴിഞ്ഞിട്ടു
എന്നുവച്ചാൽ ക്രിസ്താബ്ദം ൧൬൦൭ ഡിസംബർ ൧൫-ാംതീയതി, ഗോ
വയിലെ മെത്രാപ്പോലീത്തായിക്കായി ഒരു തിരുവെഴുത്തു അയ
ക്കുകയും തദ്ദേശരാ പ്രസ്തുത ഇടവകകളുടെ അതിർത്തികളെ നി
ശ്ചയിക്കേണ്ടതിനുള്ള സമസ്താധികാരങ്ങളും അദ്ദേഹത്തിനുനൽ
കുകയുംചെയ്തു. തദനുസാരം അടുത്ത വത്സരമായ ക്രിസ്താബ്ദം
ഡിസമ്പർ ൨൧-ാംനു- അങ്കമാലി, കൊച്ചി, മൈലാപ്പൂർ എ
ന്ന ഇടവകകളുടെ പരിധികളെ നിശ്ചയിക്കയും അധികാരസ്ഥാ
ങ്ങളെ നിർണ്ണയിക്കയും അവയോരോന്നിൽ എത്രയെല്ലാം പള്ളി
കൾ ഉൾപ്പെട്ടിരിക്കണമെന്നും വ്യവസ്ഥാപിക്കയുംചെയ്തു. (4):
൦രം അവസരത്തിൽ പുറക്കാട്ടു, മട്ടാഞ്ചേരി, പള്ളുരുത്തി മുത
ലായ ചുരുക്കം ചില സുറിയാനിപ്പള്ളികൾ കൊച്ചീരൂപതയി
ൽ ചേർക്കപ്പെട്ടിട്ടുണ്ടു. അവ ലത്തീൻപള്ളികളായി മാറ്റപ്പെട്ട
കയാവട്ടെ അവയിലെ ജനങ്ങൾ ലത്തീൻകാരായി തീരുകയാ
വട്ടെ ചെയ്തിട്ടില്ലാത്തതിനാലാണു പുറക്കാടും പള്ളുരുത്തിയും
ഇക്കാലത്തും സുറിയാനി പള്ളികളായി ശേഷിച്ചിരിക്കുന്നതു.
ക്രിസ്താബ്ദം ൧൭൪൬ലെ വലിയശീശ്മയുടെകാലത്തു പറങ്കി (ജൂസ്വിറ്റ്)
മെത്രാനെ സ്വമതാദ്ധ്യക്ഷനായി മേലിൽ സ്വീകരിക്കുകയി
ല്ലെന്നു മട്ടാഞ്ചേരിപ്പള്ളിയിൽവച്ചു സുറിയാനിക്കാർ സംഘംകൂ
ടി ശപഥംചെയ്തതിൽനിന്നു അതും സുറിയാനിപ്പള്ളിയായിത
ന്നെ നിന്നിരുന്നു എന്നു വ്യക്തമാകുന്നു. ഭരണകർത്താക്കന്മാരായ
രും മെത്രാന്മാരും പോർട്ടുഗീസുകാരും ലത്തീൻ റീത്തുകാരുമാ
യിരുന്നതുകൊണ്ടു സുറിയാനിക്കാർക്കു ഒരുതരത്തെ പ്രയാസക്കാൾ

വിശേഷിച്ചു കരുതുവാൻ അവകാശമുണ്ടായിരുന്നില്ല. ഒരു പറഞ്ഞവയിൽനിന്നു ഉദയംപേരൂർ സൂനഹദോസിനുമുമ്പും സൂനഹദോസു കഴിഞ്ഞിട്ടു വളരെ സംവത്സരങ്ങൾക്കകത്തും യാതൊരു സുറിയാനിപ്പള്ളിയും ഇനങ്ങളും ലത്തീൻ രീതിയിൽ ചേർക്കപ്പെട്ടിട്ടില്ലെന്നു വിശദമാകുന്നു.

മേൽ പറഞ്ഞിട്ടുള്ളവണ്ണം ഉൾപ്രദേശങ്ങളിലെ എല്ലാസുറിയാനിപ്പള്ളികളും കൊല്ലം കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിലെ പ്രസ്തുത പള്ളികളും അങ്കമാലിമെത്രാന്റെ അധീനത്തിലാണു സ്ഥാപിക്കപ്പെട്ടത്. അങ്കമാലി മെത്രാസനത്തിന്റെ അതിർത്തികൾ വടക്കു ഉൽകൃഷ്ടമെത്രാസനമായ ഗോവയും കിഴക്കു മധുരമുതലായ ഹിന്ദുക്കളുമായിരുന്നു. ഇപ്പോൾ പുതുതൻകുറു സുറിയാനിക്കാരാൽ അധിവസിതങ്ങളായ തെക്കേ ദിക്കുകളെല്ലാം അങ്കമാലിയിൽ ഉൾപ്പെട്ടിരുന്നുവയാണു. ആകപ്പാടെ സുറിയാനിക്കാർ കോഴിക്കോട്ടും നിവസിച്ചിരുന്നതായി ഇതിനു മുമ്പു് (ക്ര. ഫ്രാ. ല. 8) പറഞ്ഞിട്ടുള്ളതാണല്ലൊ. പാലൂർമുതൽ കൊല്ലംവരെയുള്ള ദിക്കുകളിലുണ്ടു നസ്രാണികൾ കൂട്ടമായി കുടിപാർത്തുവന്നതു. കോഴിക്കോട്ടും തോടമലയും പാർത്തിരുന്ന സുറിയാനിക്കാർ കാലാന്തരത്തിൽ ലത്തീൻകാരായി തീർന്നു. തോടമല കോഴിക്കോടിനു വടക്കുമാറി ആയിരിക്കണം. ഒരു രണ്ടുസ്ഥലങ്ങളും ഇപ്പോൾ മംഗലാപുരം ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നു. കൊടുങ്ങല്ലൂരിലെ ദേവാലയങ്ങൾ ലത്തീൻ പള്ളികളായി രൂപാന്തരീഭവിക്കയും ക്രിസ്ത്യാനികളിൽ സ്ഥലംവിട്ടു പോകുവാൻ സാധിക്കാതെ വന്നവരെല്ലാം ലത്തീൻകാരായിപരിണമിക്കയും ചെയ്തു. കൊടുങ്ങല്ലൂരിനു സമീപസ്ഥമായ മതിലകത്തെ ലത്തീൻപള്ളി മുമ്പു് സുറിയാനിക്കാരുടെ വകയായിരുന്നു. ഫ്രൻസാം ശതവത്സരത്തിന്റെ ആരംഭത്തിൽ വരാപ്പുഴെ വികാരിജനറാൾ ആയിരുന്ന ഫാദർ പ്രോസ്പർ അവർകളുടെകാലത്താണു് ഒരു പള്ളികൾ ലത്തീൻ രീതിയിൽ ചേർക്കപ്പെട്ടതു.

അതിലെ ജനങ്ങളിൽ ഒരുഭാഗം അവർ പണ്ടു സുറിയാനിക്കാരായിരുന്നെന്നു വാദിച്ചു അവിടെ അടുത്തുതന്നെ ഫ്രഞ്ചുവന്നു ഒരു ചെറിയ ദേവാലയം സ്ഥാപിക്കയും അതിലേക്കു ഇടവക മാറുകയുമുണ്ടായി. അവർ ഇപ്പോഴും സുറിയാനിക്കാരായിതന്നെ വർത്തിക്കുന്നു. വരാപ്പുഴയോടു അടുത്ത സ്ഥലങ്ങളിലും ചില സുറിയാനിക്കാർ ലത്തീൻകാരായി തീർന്നിട്ടുണ്ടു. പുത്തൻക്കുറുകാക്കു ഇപ്പോൾ കൊച്ചീകോട്ടക്കകത്തു ഒരു ചെറിയ ദേവാലയമുള്ളതുകൂടാതെ മട്ടാഞ്ചേരിയിൽ വി. ഗീവറുഗിസ് സഹദായുടെ അദ്ധ്യാനത്തിൽ ഒരു പള്ളിയുമുണ്ടു. കൊച്ചി അവരുടെ ഒരു മെത്രാസനത്തിന്റെ അസ്ഥാനനഗരവുമാണു. മട്ടാഞ്ചേരിയിലെ പ്രാചീന സുറിയാനിപ്പള്ളി പിന്നീടു ലത്തീൻ പള്ളിയായി രൂപാന്തരപ്പെട്ടുപോയെന്നും അതിലെ ജനങ്ങളിൽ ഒരുഭാഗം ലത്തീൻകാരായി തീർന്നതാമുള്ളതിനെ പരമ്പരാവൃത്താന്തവും രേഖകളും സാക്ഷീകരിക്കുന്നു. സുറിയാനിക്കാരാൽ സ്ഥാപിക്കപ്പെട്ടതും അവരുടെ വകയുമായിരുന്ന പെരുമാനൂർ പുത്തൻപള്ളി ഇപ്പോൾ ലത്തീൻപള്ളിയായി തീർന്നിരിക്കുന്നു. ഇപ്പോൾ അതിൽ ഉൾപ്പെട്ടിരിക്കുന്ന ജനങ്ങളിൽ ഒരുഭാഗം പണ്ടത്തെ സുറിയാനിക്കാരുടെ സന്താനങ്ങളാണു. എറണാകുളത്തു ഇപ്പോഴുള്ള സുറിയാനിപ്പള്ളിയിൽ നിന്നാണു അവിടത്തെ ലത്തീൻ പള്ളികളെല്ലാം ഉണ്ടായിട്ടുള്ളതു്. സുറിയാനിപ്പള്ളി അവക്കു വസ്തുവകകൾ കൊടുക്കേണ്ടതായും വന്നുകൂടി. പ്രസ്തുത ലത്തീൻ പള്ളികളിലൊന്നായ എറണാകുളത്തു 'നാട്ടുവിലെപള്ളി'യുടെ സ്ഥാപനകർത്താവു് പതിനേഴാം ശതവത്സരത്തിൽ ജീവിച്ചിരുന്ന അലക്സാണ്ടർ മെത്രാന്റെ അനന്തരവനായ മത്തായി അച്ചുഡിക്കുന്നാണു. പോർട്ടുഗീസുകാരുടെ കാലം മുതൽ മതാനുയായികളായി തീർന്നിരുന്ന നവീന ക്രിസ്ത്യാനികളുടെ ആത്മപരിപാലനാകൃത്യങ്ങളെയെല്ലാം സുറിയാനിപ്പള്ളികളുള്ള സ്ഥലങ്ങളിൽ അവിടെ നിന്നായിരുന്നു

സാധിച്ചു വന്നിരുന്നതു. തദനുസാരം നടവിലെപ്പള്ളിയിൽ പുതുക്രിസ്ത്യാനികളും ഉൾപെട്ടിരുന്നു. ആ പള്ളിയേയും അതിന്റെ അധികാരത്തേയും സംബന്ധിച്ചു കൊടുങ്ങല്ലൂർ ഇടവകയുടെ അഡ്മിനിസ്ട്രേയ്റ്ററായിരുന്ന പാദ്രമ്മാക്കൽ തോമ്മാകത്തനാർ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മെത്രാനായ ലൂയിസ് മറിയം അവർകൾക്കു എഡി സെപ്റ്റമ്പർ എട്ടു—ാംനു- ഒരു ടിഷ്ലേഖനം അയക്കയുണ്ടായി. ആ പള്ളിയുടെ വികാരിയായി ഒരു ലത്തീൻ വൈദികനെ ആയിട്ടു വരാപ്പുഴ നിന്നു നിയമിച്ചതാണെ അങ്ങനെ ഒരേഴുത്തയക്കുവാനുണ്ടായ കാരണം. തദ്ദ്യോഗത്തിൽ അന്നംവരെ യാതൊരു ലത്തീൻ വൈദികനും നിയമിക്കപ്പെട്ടകയുണ്ടായിട്ടില്ല. സുറിയാനിപ്പട്ടക്കാർ തന്നെയാണു ആ ജോലി നിവ്വഹിച്ചു വന്നതു. തോമ്മാക്കത്തനാരാവട്ടെ ഇതിലേക്കു പ്രത്യേകം ആളിനെ നിയമിച്ചിട്ടുമുണ്ടായിരുന്നു. എഴുത്തിലെ പ്രതിപാദ്യ വിഷയങ്ങൾ അതാവോലയും മലങ്കര ആച്ചുഡീക്കനാൽ സ്ഥാപിതമായിരിക്കുന്നതിനാൽ പള്ളിയിൽ നിന്നും അദ്ദേഹത്തിനു (ആച്ചുഡീക്കനു) പ്രതിവത്സരം ഒരു സംഖ്യ കൊടുക്കുകയും അതിൽ സുറിയാനിക്രമങ്ങൾ നടത്തുകയും മലങ്കരസഭയിലെ നടപ്പനുസരിച്ചു അനുതാപം കൈക്കാരന്മാരെവച്ചു കാഴ്ച നിവ്വഹിക്കയും ചെയ്തുകൊള്ളാമെന്നും ക്രമനു൯—ൽ കമ്മലീത്താ വൈദികന്മാരുടെ സമക്ഷം ഇടവകക്കാർ ആച്ചുഡീക്കനു എഴുതിക്കൊടുത്തിട്ടുള്ള പടിയോലയുണ്ടെന്നും അതിലെ ക്രമങ്ങൾ മാഞ്ഞുകയും (5) ഡച്ചുകമ്പനിയുടെ കുടികളുമായിരുന്നാലും ക്രമത്താ ഡിസംബർ ഏഴു—ാംനു- കൊച്ചി, കൊടുങ്ങല്ലൂർ എന്നാ ഇടവകകളുടെ അതിരും അധികാരസ്ഥലങ്ങളും അഞ്ചാമത്തെ പൌലോസ് മാപ്പാപ്പായുടെ കല്പനയനുസരിച്ചു ഗോവമെത്രാപ്പോലീത്താ ക്ലിപ്പെട്ടുതിയപ്പോൾ അവ കൊടുങ്ങല്ലൂരിന്റെ അധിപത്യത്തിൽ ഉൾപ്പെട്ടെന്നും തന്നിമിത്തം അതിലെ വികാരിയായി ഒരു

ലത്തീൻവൈദികരെ നിയമിച്ചതു ന്യായവിരുദ്ധമാണെന്നും മറുമാണ്ട കൊല്ലത്തു ഇപ്പോൾ പുത്തൻകൂറിൽ ഉൾപ്പെട്ട സുറിയാനിക്കാരും അവരുടെവക ഒരു പള്ളിയുമുണ്ട. അവിടത്തെ ജനങ്ങളിൽ ഒരുഭാഗവും ഒരു പള്ളിയും ലത്തീൻ റീത്തിൽ ലയിച്ചുപോയിട്ടുണ്ടെന്നു നിസ്സംശയിക്കുന്നതിലേക്കു ലക്ഷ്യങ്ങളില്ലാതില്ല. മദ്ധ്യ ശതവത്സരങ്ങളിൽ സുപ്രസിദ്ധമായിരുന്ന കൊല്ലം അനേക സഹസ്രം നസ്രാണികളുടെ അധിവാസസ്ഥാനവും ഒരു പ്രധാന വാണിജ്യ കേന്ദ്രവുമായി പരിലസിച്ചിരുന്നു. അതിലെ നിവാസികളിൽ പലരും അതിനു തെക്കും കിഴക്കുമുള്ള പല സ്ഥലങ്ങളിലായി ഇപ്പോൾ കുടിപാർത്തുവരുന്നു. അവരെല്ലാം പുത്തൻകൂറു സുറിയാനിക്കാരാണ. പുത്തൻകൂറുകാക്കു ചങ്ങനാശ്ശേരി മുതൽ തിരുവനന്തപുരം വരെ വളരെ ദേവാലയങ്ങളുണ്ടു. ഇപ്പോൾ ലത്തീൻറീത്തിൽ ഉൾപ്പെട്ടിരിക്കുന്ന തിരുവനന്തപുരത്തു പേട്ടപ്പള്ളി കുത്തിയതോട്ടിൽ തച്ചിൽ മാത്തൂതരകനാലാണു സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. മേൽ പറയപ്പെട്ട പള്ളികളും ജനങ്ങളും ലത്തീൻറീത്തിലേക്കു ചേർന്നതു ഫ്രാൻസിസ്—ലെവലിയ ശിശുയുടെ ശേഷവും കുറവിലങ്ങാട്ടുപള്ളി ഇടവക പള്ളിവീട്ടിൽ ചാണ്ടിമെത്രാനവർകളുടെ ചരമാനന്തരവുമാണെന്നു രേഖകളിൽനിന്നു സ്പഷ്ടമാകുന്നു. സുറിയാനിക്കാരുടെ അദ്ധ്യാത്മ ഭരണകർത്താക്കന്മാരായിരുന്ന മെത്രാന്മാരുടെ അധികാരബലംകൊണ്ടും അവർക്കു സ്വജാതിയിൽ മതാദ്ധ്യക്ഷന്മാർ ഇല്ലാതിരുന്നതുനിമിത്തവുമാണ പ്രസ്തുത പള്ളികളും ജനങ്ങളും ലത്തീൻ റീത്തിൽ ചേരുന്നതിനു സംഗതിവന്നിട്ടുള്ളത്. ഫ്രാൻസ്വരെ സുറിയാനിക്കാരുടെ വകയായിരുന്ന മേലാർക്കോട്ടുപള്ളി ഇപ്പോൾ കോയമ്പത്തൂർ രൂപതയിൽ ചേർക്കപ്പെട്ടിരിക്കുന്നു.

൪. ംരം ചരിത്രത്തിൽ ചില സ്ഥലങ്ങളിലെല്ലാം മാർ തോമ്മാ നസ്രാണികളെ ഉദ്ദേശിച്ച 'സുറിയാനിക്കാർ' എന്ന പദം

ചേർന

പ്രയോഗിച്ചിട്ടുണ്ട്. സുറിയാനിക്കാർ എന്നതു ഒരു പൊതു സംജ്ഞ മാത്രമാണു. കൽദായക്കാർ എന്നാണു പരിഛേദിച്ചു പയേണ്ടത്. കൽദായക്കാർ പണ്ടു ഭാരതവർഷത്തിന്റെ പലേ ഭാഗങ്ങളിലും വസിച്ചിരുന്നു. (അ. ഫ്ര. ല ഫ്ര.) മഹമ്മദീയാധിപത്യവും പ്രാബല്യവും നിമിത്തം അവർ ക്രമേണ ക്ഷയിച്ചുപോയി. കേരളത്തിലൊഴികെ മറ്റുസ്ഥലങ്ങളിലുണ്ടായിരുന്നവരെല്ലാം പതിനഞ്ചാം ശതവത്സരാവസാനത്തോടുകൂടി നാമാവശിഷ്ടമായിതീർന്നു. പതിനാറു, പതിനേഴു എന്നു വത്സരശതങ്ങളിൽ സൊക്കോട്റാദ്വീപത്തിലും ചൈനായിലും കൽദായക്കാരുണ്ടായിരുന്നു. ഫ്രാൻസിൽ ഗോവയിൽ കൂടിയ പ്രാദേശികസൂനഹദോസിന്റെ തൃതീയസമ്മേളനം പ്രഥമനിയമം ചിന്തയെ കൽദായമതത്താൻ ആ സൂനഹദോസിൽ സംബന്ധിക്കുന്നമെന്നു നിഷ്കൃഷ്ടിക്കുന്നു. പതിനേഴാം ശതവത്സരാരംഭത്തിൽ—എന്നുവച്ചാൽ ഫ്രാൻസ്വാ—ൽ—കൽദായക്കാരായ ചില ചീനക്രിസ്ത്യാനികൾ ടിബെറിൽ (Tibet) നിന്നു റോമയിലേക്കു തിരുയാത്ര ചെയ്യുകയും അവിടെയുള്ള വിശുദ്ധസ്ഥലങ്ങളേയും മാല്പാപ്പായേയും സന്ദർശിക്കയുമുണ്ടായി. (6). സൊക്കോട്റാ ദ്വീപത്തിലെ ക്രീസ്തുജനങ്ങളെ സംബന്ധിച്ചു വി. ശവയ്മ്മാർ എഴുതിട്ടുള്ളതു ഇതിനുമുമ്പു (അ. ഫ്ര. ല. 9) പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ആ രാജ്യങ്ങളിലെ കൽദായക്കാരെ സംബന്ധിച്ചു അനന്തരശതാബ്ദങ്ങളിൽ യാതൊരു ലക്ഷ്യവുമില്ലാത്തതിനാൽ അവർ ക്രമശഃ ക്ഷയിച്ചുപോയെന്നും ശേഷിച്ചിരുന്നവർ പാശ്ചാത്യ മിഷ്യനരിമാരുടെ അധീനത്തിലാകയും തദ്ദേശാചാരത്തിൻ രീത്യനുസരിക്കയും ചെയ്തെന്നും തീരുമാനിക്കാവുന്നതാണു. കേരളത്തിലാവട്ടെ അവർ കൂട്ടമായി കുടിപാർത്തിരുന്നതുകൊണ്ടു നാമമാത്രമാകാതെ ശേഷിച്ചിരിക്കുന്നു.

പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പ് കൽദായ സുറിയാനിക്കാർ മാത്രമേ ഭാരതവർഷത്തിൽ ഉണ്ടായിരുന്നുള്ളൂ. ല

ത്തീൻക്രിസ്ത്യാനികളുടെ ആവിർഭാവം പോർട്ടുഗീസുകാരുടെ ആ
ഗമനാനന്തരവും അവർമൂലവുമാണ് ഉണ്ടായിട്ടുള്ളത്. അവർ
ക്രിസ്തുമതത്തിൽ ചേർന്ന ആളുകൾ നവീനക്രിസ്ത്യാനികൾ ആ
യിരുന്നതുകൊണ്ടു വളരെകാലങ്ങൾ കഴിയുന്നതുവരെ അവരിൽ
സ്വദേശീയരായ വൈദികന്മാരുണ്ടായിരുന്നില്ല. തന്നിമിത്തം മ
തപ്രചാരത്തിനായുള്ള പരിശ്രമങ്ങളിലും പുതുക്രിസ്ത്യാനികൾ
ക്കു ക്ലേശകരമായ പെരുമാറ്റം വിഷയത്തിലും സുറിയാനി വൈ
ദികന്മാർ പോർട്ടുഗീസുകാരെ അത്യധികം സഹായിക്കുണ്ടാ
യിട്ടുണ്ട്. ഈകാര്യം ബന്ധിച്ചു വി. ശെവ്യർ ഒരുലേഖനത്തിൽ
പറഞ്ഞിട്ടുള്ളതു നമുക്കും ഇതിനുമുമ്പു് (അ. പ്ര. ല. ശ്ര.) പ്ര
സ്താവിച്ചിട്ടുണ്ടല്ലോ. കൊടുങ്ങല്ലൂരിലെ വേദാനുശിക്ഷണാലയ
ത്തിൽ ഒട്ടധികം സുറിയാനി വിദ്യാർത്ഥികൾ പഠനം നിർവ്വഹിച്ചി
രുന്ന സംഗതിയും മുമ്പു് പറഞ്ഞിട്ടുണ്ടു. അവരിൽനിന്നാണു
രും വിഷയത്തിൽ പിന്നീടു പ്രൗഢികം സാഹായ്യം സിദ്ധിച്ചു
തു. പോർട്ടുഗീസ് ഗ്രന്ഥകാരന്മാർതന്നെ ഇതിനെ സമ്മതിച്ചു
പറഞ്ഞിട്ടുള്ളതാണു. കൊടുങ്ങല്ലൂർ സെമിനാരിയിലെ സുറിയാ
നി യുവാക്കന്മാരെ സുറിയാനി പഠിപ്പിക്കാതെ വൈദിക പദ
ത്തിൽ പ്രവേശിപ്പിക്കയും ലത്തീനിൽ കുർബ്ബാന ചൊല്ലിക്കയും
ചെയ്തതിനാൽ അവരുടെ അടുത്ത സംബന്ധികൾക്കുപോലും
അവരുടെപേരിൽ വിരസം ജനിച്ചു എന്നും വിദേശികളായ ല
ത്തീൻവൈദികന്മാർക്കു അവരിൽനിന്നു വലുതായ സഹായം ല
ഭിക്കുന്നതിനു അതൊരു വഴിയായി പരിണമിച്ചുവെന്നും ആ ഗ്ര
ന്ഥകർത്താക്കന്മാർ പ്രസ്താവിക്കുന്നു. (7). പോർട്ടുഗീസു കാരാ
ൽ മതാനുസൃതന്മാരാക്കപ്പെട്ട നവീന ക്രിസ്തുജനങ്ങളുടെ ആ
ദ്ധ്യാത്മകാര്യാന്വേഷണാത്തിനും ആത്മപരിപാലനത്തിനും
യൌവനയുക്തന്മാരായ ഒരും വൈദികന്മാർ നിയമിക്കപ്പെട്ടിരു
തിനാലാണു മതപ്രചാരത്തിൽ അവർമൂലം വലിയ സഹായം
സിദ്ധിച്ചതു. ദക്ഷിണഭാരതത്തിൽ കത്തോലിക്കമതം പ്രചരി

പ്പിക്കുന്ന വിഷയത്തിൽ ഓരം വൈദികന്മാർ എത്രമാത്രം പ്രയോജനീഭവിച്ചിട്ടുണ്ടെന്നു നിർണ്ണയിക്കുന്നതിനു ദക്ഷിണോത്തര ഭാരതങ്ങളിൽ ഇപ്പോഴുള്ള കത്തോലിക്കരുടെ സംഖ്യകളെ താരതമ്യപ്പെടുത്തിനോക്കിയാൽ മതിയാകും. ഭാരതീയ കത്തോലിക്കരിൽ ഭൂരിപക്ഷം തെക്കേ ഇൻഡ്യയിലാണു സ്ഥിതിചെയ്യുന്നതു. വടക്കേ ഇൻഡ്യയിൽ അവരുടെ സംഖ്യ തുലോം കുറവായിരിക്കുന്നു. വേദപ്രസംഗത്തിനും മതോദ്ദേശ്യക കൃത്യങ്ങളുടെ നിവൃഹണത്തിനും അക്കാലത്തു പോർട്ടുഗീസുകാക്കു ദക്ഷിണഭാരതത്തിൽ ഉണ്ടായിരുന്ന സൌകര്യങ്ങളും സാഹായ്യങ്ങളും ഉത്തരഭാരതത്തിൽ ഇല്ലാതിരുന്നതാണു ഇതിനുള്ള കാരണം. സൂറിയാനിക്കാരുടെ അധിവാസഭൂമിയായ തെക്കേ ഇൻഡ്യയിൽ പ്രേഷകവൃത്തിക്കു വേണ്ടിയിരുന്ന സകലസാഹായ്യ സൌകര്യങ്ങളും അവരിൽനിന്നു പോർട്ടുഗീസുകാക്കു സിദ്ധിച്ചു. പുതുതായി വേദത്തിൽ ചേർന്ന അള്ളകൾക്കായി സൂറിയാനിക്കാർതന്നെ ചില സ്ഥലങ്ങളിൽ ദേവാലയങ്ങളെ സ്ഥാപിച്ചുകൊടുക്കുകയും അവരുടെ ആദ്ധ്യാത്മകാര്യങ്ങളെ അനേഷിക്കയും ചെയ്തിട്ടുണ്ടെന്നു മുകളിൽ (പു. ര.) പ്രസ്താവിച്ചിട്ടുണ്ടല്ലൊ. വി. ശവയ്യാർ ഇൻഡ്യയിൽ എത്തിയതിന്റെ തലേ വത്സരമായ ക്രി.ശ. ലാണു പ്രൻസീസ്കൻ സഭാസന്ന്യാസിയായ വിൻസൻറു കൊട്ടുങ്ങല്ലൂരിൽ ഒരു വൈദികവിദ്യാലയം സ്ഥാപിച്ചതു. അതിൽ നൂറിൽ അധികം സൂറിയാനിക്കാർ അന്നു പഠനം നിവർത്തിച്ചിരുന്നു. അവർമൂലം കേരളത്തിനു ഭവിഷ്യകാലത്തു ഉണ്ടാകുവാനിരുന്ന നന്മകളെപ്പറ്റി വി. ശവയ്യാർ ക്രി.ശ. ജനുവരി ൨൦—ാംനു പോർട്ടുഗാലിലെ കിരീടധാരിയായ യോഹന്നാൻ തൃതീയനു എഴുതി അയച്ചിട്ടുണ്ടു. (8). "ഇപ്പോൾ അബദ്ധത്തിലും അധർമ്മത്തിലും (Vice) നിമഗ്നയായിരിക്കുന്ന കേരളം മുഴുവൻ സ്വദൌർഭാഗ്യത്തെ രക്ഷാകരമായ ലജ്ജാസമേതം കണ്ടറിയുന്നതിനു ഈ വേദ വിദ്യാശാലയിൽ നിന്നു പുറപ്പെടുന്ന വൈദികന്മാ

ർ നിമിത്തം സംഗതിയാകുമെന്നും പരിത്രാതാവായ മിശിഹായു
ടെ തേജസ്സിനെ ആ ജനങ്ങളുടെ തമോമയ മാനസങ്ങളിലേക്കു
പ്രവേശിപ്പിക്കുന്നതിനും അവിടത്തെ പാവനമായി നാമധേയം
സകലത്തു അറിയപ്പെടുന്നതിനും അവർകാരണമായി തീരു
മെന്നും വലുതായ പ്രത്യാശയുണ്ടു [27] എന്നാണു ആ സിദ്ധൻ അ
തിൽ പ്രസ്താവിച്ചിരിക്കുന്നതു. കൊച്ചി ഒരു മെത്രാസനത്തി
ന്റെ അധിഷ്ഠാനഭൂമിയായി നിശ്ചയിക്കപ്പെട്ടതു ൧൫൬൨—ൽ
ആണു. അതായിരുന്നു അക്കാലത്തു ദക്ഷിണഭാരതത്തിൽ പോ
ർട്ടുഗീസുകാക്കു അധീനന്മാരായിരുന്ന സകല ക്രിസ്ത്യാനികളു
ടെയും ഏക മെത്രാസനം. വി. ശവയ്യാർ ൦രം ദിക്കുകളിൽ വള
രെ ആളുകളെ മതാനുസൃതന്മാരാക്കുകയും അവർക്കായി പ
ള്ളികളെ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു. പുതുതായി ഭേദം സ്വീ
കരിച്ചവരിൽ അന്നു പട്ടക്കാർ ഇല്ലാതിരിക്കുകനിമിത്തം കൊ
ടുങ്ങല്ലൂരിലെ വിദ്യാലയത്തിൽനിന്നു പുറപ്പെട്ട സൂറിയാനിക്കാ
രായ യുവ വൈദികന്മാർ അവരുടെ അദ്ധ്യാത്മ കാര്യങ്ങളെ
അന്വേഷിച്ചിരുന്നതിനാൽ അവർ സത്യവേദത്തിൽസ്ഥിരപ്പെ
ടുന്നതിനും പ്രതിദിനം അഭിവൃദ്ധിപ്രാപിക്കുന്നതിനും ഇടയായി.
പ്രസ്തുത സെമിനാരിയിലെ സൂറിയാനിവിദ്യാർത്ഥികളെപ്പറ്റി വി.
ശവയ്യാർ എഴുതി അറിയിച്ച കാര്യങ്ങൾ ഇങ്ങനെ പൂർണ്ണമായി
നിവർത്തിക്കപ്പെട്ടു. പോർട്ടുഗീസു രക്ഷാധികാര (പതുവാദോ)
സംബന്ധമായി ൧൫൬൮—ൽ ഉണ്ടായ വലിയ ശിഥിലതകളെ സൂ
റിയാനിക്കാരായ വൈദികന്മാർ പാണ്ടിരാജ്യങ്ങളിൽപോയി ത
ദ്ദേശക്രിസ്ത്യാനികളുടെ ആത്മികകാര്യങ്ങളെ അന്വേഷിക്കയു
ണ്ടായിട്ടുണ്ടെന്നുള്ളതിലേക്കു പരമ്പരാഗതങ്ങളായ രേഖകളുള്ള
താണു. മാന്നാനം ആശ്രമത്തിന്റെ ആരംഭദശയിൽ അവിടെ
സന്ന്യാസവൃത്തിയിൽ കാലയാപനം ചെയ്തിരുന്ന വൈദികന്മാ
രിൽ ചിലരെല്ലാം പാണ്ടിരാജ്യങ്ങളിൽ വളരെക്കാലത്തേക്കു
അദ്ധ്യാത്മശ്ലോകികളെ നിർവ്വഹിച്ചിട്ടുള്ളവരായിരുന്നു. മാന്നാനം

ആശ്രമത്തിന്റെ സ്ഥാപകന്മാരിൽ ഒരാളായ പോത്രുക്കർത്തോമ്മാച്ചൻ അവർകൾ ക്രിസ്തുവർഷം ൧൬൬൯-ാമെ പ്രസ്തുത ശീശ്മയുടെകാലത്തു കൊല്ലത്തു പോയി ആർത്തികജ്ജോലികളെ നടത്തുകയും ആ ദേഹത്തിന്റേയും അനുജൻ കുറിയാക്കോസച്ചൻ അവർകളുടേയും പരിശ്രമഫലമായി വളരെ പള്ളികൾ ശീശ്മയിൽനിന്നു സംരക്ഷിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ടു.

൩൹. തിരുവിതാംകൂർ സ്റ്റേറ്റുമാന്വലിൽ (II PP. 163.-211) സുറിയാനിസഭാചരിത്രസംബന്ധമായി മിസ്റ്റർ മെക്കൻസി ചില അബദ്ധങ്ങൾ പ്രസ്താവിക്കുന്നുണ്ടു. അവയിൽ പ്രധാനങ്ങളായ ചിലതുകളെപ്പറ്റി ൧൮-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു. ബാക്കിയുള്ളവകളേയും ഇവിടെ എടുത്തു ഖണ്ഡിക്കേണ്ടതു അവശ്യാവശ്യമെന്നു കരുതുന്നു.

൧.) പോർട്ടുഗീസുകാർ മാർ യൌസേപ്പിനെ നാടുകടത്തിയപ്പോൾ സുറിയാനിക്കാർ നെസ്തോറിയൻ പാത്രിയക്കീസിനു എഴുതി അയച്ചെന്നും തദനുസാരം മാർ അബ്രാഹം ഇവിടേക്കു അയക്കപ്പെട്ട എന്നുമാണു അദ്ദേഹം പറയുന്നതു. മെക്കൻസിയുടെ ൦രം പ്രസ്താവം അബദ്ധമാണെന്നും, കത്തോലിക്കപാത്രിയക്കീസാണു മാർ അബ്രാഹത്തെ അയച്ചിട്ടുള്ളതെന്നും കേരളീയ ക്രിസ്ത്യാനികൾ നെസ്തോറിയൻ പാത്രിയക്കീസിനു എഴുതി അയക്കുകയുണ്ടായിട്ടില്ലെന്നും ൧൦-ാം അദ്ധ്യായം വ്യ. ൯ ലക്ഷങ്ങളിൽ ഞങ്ങൾ തെളിയിച്ചിട്ടുള്ളതും അതിലേക്കു വേണ്ട രേഖകളെ അവിടെ കാണിച്ചിട്ടുള്ളതുമാണു. മാർ അബ്രാഹം മലങ്കരയിൽ വന്നപ്പോൾ ഒരു 'ക്ലേരി' മാത്രമായിരുന്നെന്നുകൂടിയും മെക്കേൻസി പറയുന്നുണ്ടു. അതും അവാസ്തവമാണെന്നു അവിടെയും മറ്റു സ്ഥലങ്ങളിലും രേഖകളെക്കൊണ്ടു സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

൨.) മാർ അബ്രാഹം ൧൭൯൫-ൽ രോഗബാധിതനായപ്പോൾ കത്തോലിക്കവിശ്വാസം അവലംബിച്ചെന്നും രോഗ

ശാന്തിയോടുകൂടി പീണ്ടും നെസ്റ്റോറിയൻ മതത്തെ സ്വീകരിക്കയും അതിൽതന്നെ ചരമപ്രാപ്തനാകയും ചെയ്തെന്നുമാണ മിസ്റ്റർ മെക്കെൻസിയുടെ വേറൊരു പ്രസ്താവം. ഇതു തുസ്സഡരഹിതമായ ഒരു കല്പിത കഥയാണെന്നു ഞാൻ അദ്ധ്യായം രണ്ടാം ലക്ഷത്തിൽ ഉദ്ധരിച്ചിട്ടുള്ള രേഖകളിൽനിന്നു ധാരാളം വ്യക്തമാകുന്നു.

൩.) കൊടുങ്ങല്ലൂർ സെമിനാരിയിൽ ലത്തീൻ പഠിച്ച സുറിയാനിക്കാർ ലത്തീൻ റീത്തനുസരിക്കയും ഇങ്ങനെ അവരിൽനിന്നു ലത്തീൻ കത്തോലിക്കരിലെ ഒരു വിഭാഗക്കാർ ഉണ്ടാവിക്കയുംചെയ്തു എന്നാണ മെക്കെൻസി പറയുന്നതു. ഒരും പ്രസ്താവം വാസ്തവവിരുദ്ധമാണെന്നു മുമ്പേതന്നെ (അ. ഖ. ല. ൩.) കാരണസഹിതം തെളിയിച്ചിട്ടുണ്ടു.

൪.) ചാണ്ടിമെത്രാൽ കഥാവശേഷനായിതീർന്നതു ക്രസ്തുവർഷം ൧൬൬൫ൽ ആണെന്നാണ മെക്കെൻസിയുടെ വാദം. കുറവിലങ്ങാട്ടു പള്ളിയിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടിരിക്കുന്നു സ്മാരകമായി സ്ഥാപിച്ചിരിക്കുന്ന കരിങ്കല്ലിൽ അദ്ദേഹം ക്രസ്തുവർഷം ൧൬൬൫ ഡിസംബർ ൩൧ാംനു മരിച്ചതായി കൊത്തിയിട്ടുള്ളതിൽനിന്നു പ്രസ്തുതാഭിപ്രായം അബദ്ധമാണെന്നു ധാരാളം പ്രത്യക്ഷപ്പെടുന്നു.

൫.) ചാണ്ടിമെത്രാന്റെ അനന്തരഗാമിയെ തെരഞ്ഞെടുക്കുന്നതിനായി നിയമിക്കപ്പെട്ട കമിഷനിലെ നാലാളുകളും അദ്ദേഹത്തിന്റെ സംബന്ധിതനായ മത്തായി എന്ന വൈദികനെ തെരഞ്ഞെടുക്കാതെ ഏതദ്ദേശീയ ലത്തീൻ ക്രിസ്ത്യാനിയും കപ്പായക്കാരനുമായ (നാട്ടുകാരിയിൽ ജനിച്ച പോർട്ടുഗീസ വംശ്യൻ) റാഫേൽ ഫിഗുറേദോ എന്ന പുരോഹിതനെ നിശ്ചയിച്ചതു ആക്ഷേപാർഹമായിരുന്നു. ഈ വൈദികാദ്ധ്യക്ഷന്മാരെ ഒരേ കുടുംബത്തിൽനിന്നു ഏറ്റെടുത്തിവന്നിരുന്ന മാമൂലിനെ നിർത്തൽചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണെന്നാണ മെക്കെൻസി പ്രസ്താവിക്കുന്നതു. കൊള്ളാം, ഈ ഉദ്ദേശ്യസാദ്ധ്യ

ത്തിനു മുമ്പു ലത്തീൻകാരനെ എടുക്കാതെ സുറിയാനിക്കാരിൽ മറാരെയെങ്കിലും സ്വീകരിക്കുകയായിരുന്നു ഉത്തമം. അങ്ങനെ ചെയ്തിരുന്നെങ്കിൽ പിന്നീടുവഴക്കുകളുണ്ടാകുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ആളിനെക്കൊണ്ടു സ്ഥാനത്യാഗം ചെയ്യിക്കുന്നതിനും ഇടവരുകയില്ലായിരുന്നു. റാഫേൽ ഫിറുറേദോയാവട്ടെ റോമയിലെ കല്പനയനുസരിച്ചു ക്രൗൺ ഓഫീസിൽ ഉദ്യോഗംവെച്ചൊഴികയാണുണ്ടായതു. ഒരേ കുടുംബത്തിൽനിന്നുതന്നെ ആച്ചുഡീക്കന്മാരാദിയായ പലളിയധികാരികളെ തെരഞ്ഞെടുക്കുന്നപതിവു നിർത്തലാക്കണമെന്നു ജോസഫ് സെബസ്ത്യാനി എന്ന വന്ദ്യനായ കർമ്മലീത്താമെത്രാനോടു റോമയിൽനിന്നു ആജ്ഞാപിച്ചിട്ടുണ്ടായിരുന്നതായി മിസ്റ്റർ മെക്കെൻസി പറയുന്നുണ്ടു. പക്ഷേ അദ്ദേഹം ഡച്ചുഗവർമ്മേണ്ടിന്റെ നിർബ്ബന്ധംമൂലം മലയാളത്തുനിന്നു പുറപ്പെടേണ്ടിവന്ന അവസരത്തിൽ പ്രവർത്തിച്ചിട്ടുള്ളതു ആ കല്പനയെ അനുസരിച്ചല്ല. പകലോമറ്റം കുടുംബത്തിൽപെട്ട പളളിവീട്ടിൽ ചാണ്ടി എന്നദ്ദേഹത്തെയാണു അദ്ദേഹം മലങ്കര സഭാദ്ധ്യക്ഷ സ്ഥാനത്തിലേക്കു തെരഞ്ഞെടുത്തത്. ചാണ്ടിമെത്രാനും അന്നത്തെ ശീശ്മമെത്രാനായ ആർച്ചുഡീക്കനും ഏക (De campo) കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഒരു വസ്തുതകൊണ്ടുതന്നെയും സകലജ്ഞാനങ്ങളും ഏകകണ്ഠമായി സമ്മതിക്കുന്നുണ്ടു. ആ കുടുംബങ്ങളെത്തന്നെയാണു പോർട്ടുഗീസുമെത്രാന്മാരും ആർച്ചുഡീക്കന്മാരായി നിയമിക്കുക പതിവായിരുന്നതു. ഒരു വിധ തെരഞ്ഞെടുപ്പാണു ക്ഷോഭകാരണമായി തീർന്നതെന്നുള്ള പ്രസ്താവം സ്വീകാര്യമായിരിക്കുന്നില്ല. അതായിരുന്നു ക്ഷോഭത്തിനുള്ള യഥാർത്ഥ കാരണമെങ്കിൽ പോർട്ടുഗീസുമെത്രാന്മാരും സെബസ്ത്യാനിയും അങ്ങനെ തെരഞ്ഞെടുക്കുകയില്ലായിരുന്നു. പകലോമറ്റം കുടുംബത്തിന്റെ പല ശാഖകളും ഇക്കാലത്തെപ്പോലെതന്നെ അന്നും മലങ്കരയിലുണ്ടായിരുന്നു. തോമ്മാശ്ലീഹായിൽനിന്നു പട്ടം

സ്ഥീകരിച്ചിട്ടുള്ള എതെങ്കിലും കുടുംബങ്ങളുടെയിടയിൽ പള്ളി യധികാരികളെ നിയമിക്കുന്നതായിരുന്ന അക്കാലത്തെ ജനങ്ങ ളുടെ ഹിതത്തിന്റെ ഏറ്റവും അനുയോജ്യമായിരുന്നത്. ഉദയം പേരൂർ സൂനഹദോസുമുതൽ സുറിയാനിക്കാരുടെ ഇടയിൽ ഉ ണ്ടായിട്ടുള്ള ക്ഷോഭങ്ങളുടെ യഥാർത്ഥകാരണം സുറിയാനി മെ ത്രാന്മാരുടെ അധിപത്യത്തെ പോർട്ടുഗീസുകാർ നിഷ്കൾചെ യ്തകളത്രെത്രേ.

ന്യ.) സുറിയാനിക്കാരുടെ ഇടയിൽ വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നവർക്ക് 'മല്പാൻ' (Doctor) എന്ന സ്ഥാനസംജ്ഞ ലഭിച്ചിരുന്നെന്നും ഒരു മല്പാന്റെ ചരമശേഷം തൽസ്ഥാനത്തി ൽ അദ്ദേഹത്തിന്റെ അനന്തരവന്മാരിൽ ഒരാൾ ഉപദേഷ്ടാവാ യി തീരുക പതിവായിരുന്നതിനാൽ ആ സംജ്ഞ പിന്തുടച്ചവകാശമായി പരിണമിച്ചിരുന്നെന്നുമാണ് വേറൊരു പ്രസ്താവം. ഇത് യഥാർത്ഥമായിരുന്നാൽ മല്പാന്മാരെ നിയമിക്കുന്നത് അവ രുടെ പുരോഗാമികളായ മല്പാന്മാരാണെന്നും ആ സംഗതിയി ൽ മെത്രാന് യാതൊരു അധികാരവുമില്ലെന്നും വന്നുകൂടും. ഇത് വാസ്തവവിരുദ്ധമാണ്. മല്പാൻപദം മെത്രാന്റെ നിയമനപത്രംമൂ ലമല്ലാതെ പിന്തുടച്ചവഴിക്ക് ഒരിക്കലും ലഭ്യമായിട്ടില്ല. മല്പാൻ പദത്തിൽ മെത്രാനാൽ സംസ്ഥാപിക്കപ്പെടാത്ത ഒരാളുടെ കീ ഴിൽ പഠനം നിവർത്തിച്ചിരുന്നവരെ വൈദികപദത്തിൽ പ്രവേശിപ്പിക്കുക പതിവായിരുന്നില്ല. തന്നിമിത്തം മലങ്കര സഭയിൽ മല്പാന്മാർ പുരാതനകാലം തുടങ്ങിതന്നെ മെത്രാനിൽനിന്നും നിയമനപത്രം വാങ്ങിവന്നിരുന്നു. മല്പാന്മാരുടെ അനന്തരവരിൽ യോഗ്യതാംശങ്ങളോട് കൂടിയവരുണ്ടായിരുന്നപ്പോൾ മെത്രാന്മാർ അവരെ തൽസ്ഥാനത്തിൽ നിയമിച്ചു അധികാരപത്രം കൊടുക്കുകയുണ്ടായിട്ടുണ്ട്. ഒരു ഒരു സംഗതിനീക്കി മെക്കെൻസിയുടെ പ്രസ്താവത്തിൽ അടങ്ങിയ മറ്റു കാര്യങ്ങളെത്രയും വെറും പിശകുമാത്രമാണ്.

൭) തൊണ്ടനാട്ട അന്തോനിക്കുത്തനാർ സഹകാരണവനായ ഒരു മല്പാനിൽനിന്നും വൈദിക വിദ്യാർത്ഥികൾക്കായുള്ള ഒരു ഗൃഹ വിദ്യാലയത്തിന്റെ ആധിപത്യവും മല്പാൻ പദവും പ്രാപിച്ചിരുന്നെന്നും അതിലെ വിദ്യാർത്ഥികളെ പട്ടം ഏല്പിക്കേണ്ടതിനായി വരാപ്പുഴെ ബിഷ്ണ്ടിനോസു മെത്രാപ്പോലീത്തായുടെ അടുക്കൽ കൊണ്ടുചെന്നാറെ, ആ മതാദ്ധ്യക്ഷൻ അതിനു വഴിപ്പെടായ്കനിമിത്തം അദ്ദേഹം കോപാക്രാന്തനായിതീരുകയും ബാബേലിലേക്കു പോയി ഫ്രാൻസ്കോസു മെത്രാനെ കൊണ്ടുവരുകയും ഉണ്ടായെന്നും മെക്കെൻസിപറയുന്നു. ഇതു കേവലം അബദ്ധപൂർണ്ണമായ ഒരു പ്രസ്താവം തന്നെ. തൊണ്ടനാട്ട അന്തോനിക്കുത്തനാർക്കു മല്പാൻ സ്ഥാനമാകട്ടെ ആ സ്ഥാനസംജ്ഞയോടുകൂടിയ ഒരുകാരണവനാകട്ടെ ഉണ്ടായിരുന്നില്ല. കടക്കച്ചിറ അന്തോനി കുത്തനാർ പ്ലാശനാൽ എന്ന സ്ഥലത്തു ഏതാനും വൈദിക വിദ്യാർത്ഥികളെ മേത്തു മല്പാൻ എന്ന നിലയിൽ അവരെ പഠിപ്പിക്കുകയുണ്ടായിട്ടുണ്ടു. അവർക്കു പട്ടം കൊടുപ്പിക്കേണ്ടതിനായി അദ്ദേഹം അവരെ വരാപ്പുഴെ കൊണ്ടുചെന്ന അവസരത്തിൽ ലൂദവിക്കോസ് (ലൂയിസ്) വികാരി അപ്പസ്തോലിക്കാ അന്തോനിക്കുത്തനാർക്കു മല്പാൻസ്ഥാനത്തിന്റെ നിയമനപത്രം ഇല്ലാതിരുന്നതുകൊണ്ടു ആയപേക്ഷ തിരസ്കരിച്ചുകളഞ്ഞു. അതുമുതൽ ഒരു സുറിയാനി മെത്രാനെ കിട്ടേണ്ടതിലേക്കു അദ്ദേഹം എഴുത്തുകുത്തുകൾ ആരംഭിച്ചു അനന്തരം ഫ്രാൻസ്—ൽ അദ്ദേഹം ബാബേലിലേക്കു പോകയും ഫ്രാൻസ്—ൽ തിരിച്ചു മലയാളത്തിൽ എത്തി സുറിയാനി മെത്രാനെ കിട്ടേണ്ടകാര്യംസംബന്ധിച്ചു മാപ്പാപ്പായേയും പാതിയർക്കീസിനേയും ബോധിപ്പിക്കുന്നതിനുള്ള ഹർജികളിൽ പള്ളിക്കാരുടെ കയ്യൊപ്പു വെപ്പിച്ചശേഷം ഫ്രാൻസ്—ൽ വീണ്ടും ബാബേലിലേക്കു തന്നെ പുറപ്പെടുകയുംചെയ്തു. എന്നാൽ മാർഗ്ഗമദ്ധ്യേ ബസ്റായിൽവച്ചു അന്തോനിക്കുത്തനാർ കഥാവശേഷ

നായിതീർന്നു. അദ്ദേഹത്തോടൊരുമിച്ചു ബാബേലിലേക്കു പോയ ഏതാനുംപേരിൽ ഒരാൾ മാത്രമായിരുന്ന തൊണ്ടനാട്ടു അന്തോനിക്കുത്തനാർ. ഫ്രവുന്ദുഫ്രൽ മാർ തോമ്മാ റോക്കോസു മെത്രാനൊരുമിച്ചു മടങ്ങി വന്നതു ഇദ്ദേഹമാണു. ഒരും വിവരങ്ങളെല്ലാം മലയാളത്തിലെ സുറിയാനിക്കാരായ കമ്മലിത്താമൂന്നാംസഭക്കാരുടെ ആ കാലഘട്ടത്തിലെ പൊതു പ്രിയോരുംധന്യ ശിരോമണിയുമായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാ അച്ചൻ എഴുതിട്ടുള്ള നാളാഗമപുസ്തകത്തിൽ കാണാവുന്നതാണു.

വ.) തൊണ്ടനാട്ടു അന്തോനിക്കുത്തനാർ ഫ്രവുന്ദുഫ്രൽ പതുവാദോ ഭാഗത്തു ചേന്നശേഷം ബാബേലിൽ എത്തി തനിക്കു മെത്രാൻപട്ടം നൽകണമെന്നു കൽദായ പാത്രിയക്കീസിന്റെ അടുക്കൽ അപേക്ഷിക്കയുണ്ടായെന്നും അദ്ദേഹം അങ്ങനെ പ്രവർത്തിക്കുവാൻ തുനിയാതെ നെസ്തോറിയൻ പാത്രിയക്കീസിന്റെ പക്കലേക്കു അയാളെ അയക്കയാൽ അവിടെവച്ചു മെത്രാഭിഷിക്തനായി ദക്ഷിണഭാരതത്തിലേക്കു തിരികെ വന്നു എന്നും മെക്കെൻസി പറയുന്നു. ഒരും പ്രസ്താവത്തിൽ എത്രമാത്രം അബദ്ധം അന്തർഭവിച്ചിരിക്കുന്നുണ്ടെന്നുള്ള വസ്തുത താഴെ പറയുന്ന സംഗതികളിൽനിന്നു മനസ്സിലാക്കാം. റോക്കോസമെത്രാൻ ഫ്രവുന്ദുഫ്രൽ മലയാളത്തിൽനിന്നു ബാബേലിലേക്കു മടങ്ങുകയിൽ അദ്ദേഹത്തിന്റെകൂടെയാണു അന്തോനിത്തക്കനാർ രണ്ടാമതു പ്രാവശ്യം ബാബേലിലേക്കു പോയതു. അദ്ദേഹത്തോടൊരുമിച്ചു ചില ശമ്മാശ്ശന്മാരും പോകയുണ്ടായി. അവിടെ എത്തിയശേഷം ഒരു മെത്രാനെ കൊണ്ടുവരേണ്ടതിനായി വീണ്ടും ചെയ്ത പരിശ്രമം ഫലിക്കാതെ വരുകയാൽ നെസ്തോറിയൻ പാത്രിയക്കീസിന്റെ അടുക്കൽ പോകുവാൻ തീർച്ചയാക്കി. ചില കൽദായക്കാരും ഒരും സംഗതിയിൽ അദ്ദേഹത്തെ സഹായിക്കാതിരുന്നില്ല. തന്നിമിത്തം കൽദായ പാത്രി

യക്കീസു അവരേയും അന്തോനിക്കുത്തനാരേയും മഹറോൻ ശി
ക്ഷയിൽ ഉൾപ്പെടുത്തി. അദ്ദേഹം ആ ശിക്ഷയെ വകവെക്കാ
തെ നെസ്തോറിയൻ പാത്രിയക്കീസിന്റെ പക്കൽ പോകയുംമെ
ത്രാൻപദം സ്വീകരിക്കയുമാണുണ്ടായതു. ഒരു സംഗതികളെല്ലാം
ആ കാലത്തുതന്നെ ബാബേലിൽനിന്നു മലയാളത്തിലെ ചില
വൈദികന്മാക്കു കിട്ടിട്ടുള്ള എഴുത്തുകളിൽ വിശദമായി പ്ര
സ്താവിച്ചിട്ടുണ്ടു. അതിനാൽ കൽദായ പാത്രിയക്കീസ് അദ്ദേ
ഹത്തെ നെസ്തോറിയൻ പാത്രിയക്കീസിന്റെ അടുക്കലേക്കയ
ച്ചെന്നും അദ്ദേഹം ക്രൂസ്സുമ—ൽ 'പതുവാദോ' ഭാഗത്തിൽ
ചേർന്നശേഷമാണു രണ്ടാമതു പ്രാവശ്യം ബാബേലിൽചെന്നു
മെത്രാഭിഷിക്തനായി തിരിച്ചെന്നും പറയുന്നതു അടിസ്ഥാന
ലേശംപോലുമില്ലാത്ത കല്പിത കഥകളാണു.

൯.) എസ്റ്റയ്റുമാന്വലിലെ വേറൊരുപ്രസ്താവം കൽദായ
പാത്രിയക്കീസ് ക്രൂ൭൭—ൽ അയച്ച ഒരു പരസ്യ ലേഖനംമൂ
ലം മെല്ലൂസ് മെത്രാനെ മലയാളത്തിൽനിന്നു വിളിക്കയും വേ
റൊരു രഹസ്യക്കത്തുമൂലം അദ്ദേഹം തുശ്ശിവപേത്രുരിൽതന്നെ
താമസിച്ചുകൊള്ളുവാൻ അനുവദിക്കയുംചെയ്തു എന്നാണു. ഇ
തു അസത്യവും വാസ്തവവിരുദ്ധവുമാണെന്നുതെളിയിക്കുന്നതിലേ
ക്കു ഉപയുക്തങ്ങളായ ചില സംഗതികളെ താഴെ കാണിക്കാം.
പാത്രിയക്കീസിന്റെ പ്രസ്തുതലേഖനം ക്രൂ൭൭ മാച്ചു മാസം
൨൯—ാംന്നു-യാണു എഴുതപ്പെട്ടിരുന്നതു. ഒരു എഴുത്തും ഇതി
ന്റെ പല പകർപ്പുകളും മാന്നാനം ആശ്രമം മുതലായി മലയാ
ളത്തിൽ പലസ്ഥലങ്ങളിലും സൂക്ഷിച്ചുവച്ചിട്ടുണ്ടു. മെല്ലൂസ് മെ
ത്രാനും അദ്ദേഹത്തിന്റെ സഹായിയായി പാത്രിയക്കീസിനാ
ൽതന്നെ അയക്കപ്പെട്ടിരുന്ന കൽദായക്കാരനായ യാക്കോബ്
മെത്രാനും കൂടിയാണു പ്രസ്തുത ലേഖനം അയക്കപ്പെട്ടതു. യാ
ക്കോബ് മെത്രാൻ എഴുത്തു കൈപ്പറ്റിയ ഉടനെതന്നെ തുശ്ശി
വപേത്രുരിൽനിന്നു പുറപ്പെട്ട പ്രസിദ്ധനായ നിധിയിരിക്കൽ

മാണി കത്തനാരുടെ സഹായംനിമിത്തം അരണാട്ടുകരെ സമീപമുള്ള ക്നൽത്തുരുത്ത് ആശ്രമത്തിൽ ചെന്നു ചേരുകയും സുറിയാനിപ്പള്ളികളുടെ വിസിറ്റർ അപ്പസ്തോലിക്ക് (Visitor Apostolic) എന്ന നിലയിൽ അക്കാലത്തു അവിടെ എത്തിതാമസിച്ചിരുന്ന ബോംബയിലെ വികാരി അപ്പസ്തോലിക്കായ മോറീൻ മെത്രാൻ അവർകൾ ഒരുമിച്ചു താമസിക്കയുംചെയ്തു. മോറീൻ മെത്രാൻ ബോംബയിലേക്കു തിരിച്ചു പോയപ്പോൾ മാർ യാക്കോബ് അദ്ദേഹത്തോടുകൂടി ബോംബയിലേക്കും അനന്തരം അവിടെനിന്നു ബാബേലിലേക്കും പോയി. കേരളീയ കാർമ്മൽ സഭവക ആശ്രമങ്ങളിലെ നാളാഗമ ഗ്രന്ഥങ്ങളിൽ ഓരോ സംഗതി വിവരിക്കപ്പെട്ടിട്ടുണ്ടു. അതിനാൽ പാത്രിയർക്കീസ് ഒരു രഹസ്യലേഖനംമൂലം മെല്ലൂസ് മെത്രാൻ തൃശ്ശിവപേരൂരിൽതന്നെ താമസിച്ചുകൊള്ളുന്നതിനു അനുവദിച്ചിരുന്നുള്ള മിസ്റ്റർ മെക്കെൻസിയുടെ പ്രസ്താവം എത്രമാത്രം അബദ്ധമായിരിക്കുന്നെന്നു വിശേഷിച്ചു പറയേണ്ട ആവശ്യമില്ല.

൧൦.) വരാപ്പുഴ മിസ്സത്തിലെ സഹായമെത്രാനായ ഡോക്ടർ മർസലീനോസ് അവർകളാൽ വിരചിതവും മലങ്കരസഭാചരിത്ര സംബന്ധവുമായ മലയാള ഗ്രന്ഥത്തിൽ വി. തോമ്മാശ്ലീഹാ ദക്ഷിണ ഭാരതസഭയുടെ സ്ഥാപനകർത്താവാണെന്നുള്ള പരമ്പരാവൃത്താന്തം സ്വീകരിക്കപ്പെടാതിരിക്കുകനിമിത്തം സുറിയാനിക്കാർ ആ ഗ്രന്ഥത്തെ തിരസ്കരിച്ചുകളഞ്ഞു എന്നു സ്റ്റെയ്റുമാനവൽ പറയുന്നു. പ്രസ്തുതഗ്രന്ഥം ഒരിക്കലെങ്കിലും വായിച്ചിട്ടുള്ള ഏവനും ഓരോ പ്രസ്താവം സംബന്ധമാണെന്നു സമ്മതിക്കും. വി. തോമ്മാശ്ലീഹായുടെ പ്രേഷകവൃത്തിയെ ഉദ്ദേശിച്ചുള്ള പാരമ്പര്യ ഗതങ്ങളായ വൃത്താന്തങ്ങളെ ഫ്രൂഡൽ കുനമ്മാവുകൾ അപ്പാടിച്ചു പ്രസിദ്ധപ്പെടുത്തിയ കേരളത്തിലെ സത്യവേദചരിത്രം എന്ന സ്വന്തകൃതിയിൽ മർസലീനോസ് മെത്രാൻ അവർകൾ വളരെ ബലമായി പിൻ

താങ്ങി പറഞ്ഞിട്ടുള്ളതാണു. വന്ദ്യനായ ആ ഗ്രന്ഥകർത്താവു് പ്രസ്തുത വിഷയത്തിലേക്കായിതന്നെ ഒരദ്ധ്യായം മുഴുവൻ വിനിയോഗിക്കയും തത്സംബന്ധമായ അനവധി ലക്ഷ്യങ്ങളെ അതിൽ ഉദ്ധരിക്കയും ചെയ്തിട്ടുണ്ടു. ഫി. തോമശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും അവിടെയും മറ്റുപല സ്ഥലങ്ങളിലും വേദപ്രസംഗംചെയ്കയുംചെയ്തു സംഗതികളെ തെളിയിക്കേണ്ടതിനായി അദ്ദേഹത്തിന്റെ ചില സാക്ഷ്യങ്ങളെ ഓരം ചരിത്രഗ്രന്ഥത്തിന്റെ നാലാം അദ്ധ്യായത്തിൽ ഞങ്ങൾതന്നെ ഉദ്ധരിച്ചിട്ടുള്ളതുമാണു. ഓമക്കൻസിയുടെ പ്രസ്താവം വാസ്തവവിരുദ്ധമാണെന്നു സ്ഥാപിക്കുന്നതിനു ഇത്രയും പറഞ്ഞതു ധാരാളം മതിയാകുമെന്നു കരുതുന്നു.

ക്ഛ.) ജീവന്യാസ്യോസ് എന്നുകൂടി അഭിധാനമുണ്ടായിരുന്ന പുത്തൻക്കുറു മെത്രാനായ ആറാമത്തെ മാർതോമ്മായുടെ മനസ്സുതിരിവു് സംശയഗ്രസ്തമായിരുന്നെന്നും, അദ്ദേഹത്തിനു വളരെകടമുണ്ടായിരുന്നതു വീട്ടുവാൻനിവൃത്തിയില്ലാതെവരുകയും അദ്ദേഹം കത്തോലിക്കാമതം അവലംബിച്ചുകൊള്ളാമെന്നു ഉടമ്പടി എഴുതികൊടുക്കുന്നപക്ഷം ആ കടംമുഴുവൻ കൊടുത്തു തീർത്തുകൊള്ളാമെന്നു മാത്തൂതരകൻ ഉറപ്പുപറകയും ചെയ്തയാൽ അദ്ദേഹം അതിനു സമ്മതിച്ച ഉടമ്പടി എഴുതിയെന്നും അനന്തരം കരാറിനെ ലംഘിച്ചതു നിമിത്തം പണപ്രായശ്ചിത്തം ചെയ്തു എന്നും ഓമക്കൻസി പ്രസ്താവിക്കുന്നു. മാർ തോമ്മായുടെ മനസ്സുതിരിവിനെസംബന്ധിച്ചുള്ള സംശയം റോമ്മയിൽഎഴുതുകയും അവിടെനിന്നു അതേപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതായിരുന്നു. എന്നാൽ തത്സംബന്ധമായി നടത്തിയ ഒടുവിലത്തെ വിചാരണയുടെശേഷം മാർതോമ്മാമെത്രാനെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുണമെന്നു റോമ്മയിൽനിന്നു തിച്ചുചെയ്തയും അതിലേക്കു ആവശ്യമായിരുന്ന സമസ്താധികാരങ്ങളും കരിയാറിൽ മാർ യെഹൂസേ

ഫ്ര മെത്രാപ്പോലീത്തായിക്ക നാംകൊടുക്കുകയുമാണുണ്ടായതു. മാർ യൌസേപ്പു ഠവ്വറു—ൽ കൊട്ടങ്ങളൂരിൽ ഉൽകൃഷ്ടമെത്രാസനത്തിന്റെ ഭരണകർത്താവായി നിയമിക്കപ്പെട്ടുകയും ഠവ്വന്നുവരെ ലിസ്ബനിൽ താമസിക്കയുംചെയ്തു. കൊട്ടങ്ങളൂരിന്റെ വൈദികാധിപത്യ പ്രാപ്തിയുടെ ശേഷവും ലിസ്ബനിലെ താമസത്തിനിടക്കുമാണു ഒരു അധികാരം അദ്ദേഹത്തിനു സിദ്ധിച്ചത്. (9) എന്നാൽ മെത്രാപ്പോലീത്താ മലയാളത്തിൽ എത്തി സിദ്ധമായ അധികാരത്തെ പ്രവൃത്തിയിൽ വരുത്തുന്നതിനുമുമ്പായി ഠവ്വറു—ൽ ഗോവയിൽവെച്ചു കഥാവശേഷനായിതീരുന്നതിനു ഇടയായതു പുത്തൻകൂറിലും പഴയകൂറിലും ഉൾപ്പെട്ടിരിക്കുന്ന സമസ്ത സുറിയാനിക്കാർക്കും അനിവൃചനീയമായ ഖേദത്തിനു കാരണമായിതീർന്നു.

കൊട്ടങ്ങളൂർ ഇടവകയുടെ അഡ്മിനിസ്റ്ററയ്ററർ ആയിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാർ അവർകളുടെ ഭരണകാലത്തു സംഭവിച്ച ചിലസംഗതികളെപ്പററി പറയുന്നസ്ഥലത്തും മിസ്റ്റർ മെക്കെൻസി ഇതുപോലെയുള്ള ചില പിശകുകൾ പ്രസ്താവിച്ചുകാണുന്നുണ്ടു. പക്ഷെ അവയെല്ലാം ഇവിടെ വിവരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ വിട്ടുകളയുന്നതാണു. മേൽ കാണിച്ചിട്ടുള്ള അബദ്ധങ്ങൾ മെക്കെൻസി ഉദ്ദേശപൂർവ്വം വരുത്തിയെന്നു ഞങ്ങൾ കരുതുന്നില്ല. അന്യന്മാരിൽനിന്നു സിദ്ധിച്ച അറിവിനെ ആസ്പദമാക്കി അദ്ദേഹം അങ്ങനെ പ്രസ്താവിച്ചതേയുള്ളു എന്നാണു ഞങ്ങളുടെ വിശ്വാസം.

൨൯—ാം അദ്ധ്യായം.

രാജാക്കന്മാരും ഇടപ്രഭുക്കന്മാരും പണിയിക്കയും
കരമൊഴിവായും ദാനമായും വസ്തുക്കൾ വെക്കയും ചെയ്തിട്ടുള്ള
പള്ളികളുടേയും ചരിത്ര പ്രസിദ്ധങ്ങളായ
മറ്റു ചില ദേവാലയങ്ങളുടേയും
സംക്ഷിപ്ത വിവരണം.

൧. മൈലക്കൊമ്പ്.— ഒന്നാം അദ്ധ്യായം ആറാം ലക്കത്തിൽ പറഞ്ഞിട്ടുള്ള കോക്കമംഗലം, കോട്ടക്കാവു, കൊടുങ്ങല്ലൂർ, കൊല്ലം, നിരണം തുടങ്ങിയുള്ള മലയാളത്തിലെ സപ്ത ദേവാലയങ്ങളെ ഒഴിച്ചാൽ, പ്രാചീനതപംകൊണ്ടു പ്രസിദ്ധമായ ഒന്നാണു തൊട്ടപുഴ താലൂക്കിലുള്ള മൈലക്കൊമ്പു പള്ളി. മൂവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാട്ട എന്നു താലൂക്കുകളിലെ സമസ്ത ദേവാലയങ്ങളും അതിൽനിന്നു പരിഞ്ഞുപോയവയാണെന്നുള്ള വസ്തുതയിൽനിന്നുതന്നെ ആ പള്ളിയുടെ പൌരാണികതപം നിസ്സംശയം മനസ്സിലാക്കാം. ഇക്കാലത്തും അവിടെ സൂക്ഷിക്കപ്പെട്ടുന്ന ഒരു മണിയിൽ "മിശിഹാ പിറന്നിട്ടു ന്യൂന്ന മീനത്തായർ ൪൭- മൈലക്കൊമ്പിൽ മാർ തോമ്മാ ശ്ലീഹായുടെ പള്ളിവക മണി" എന്നു അക്കാലത്തെ മലയാള (നാനം മോനം) അക്ഷരത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ ആ സംവത്സരത്തിനു മുമ്പാണു ആ പള്ളി സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നു നിസ്തർക്കം തെളിയുന്നു. ആ പള്ളിയുടെസ്ഥാപനകർത്താവു വി. തോമ്മാശ്ലീഹാതന്നെയാണെന്നു പാരമ്പരാഗതമായ ഒരു വൃത്തമാനമുണ്ടു. മൈലക്കൊമ്പു, ആ കാലഘട്ടത്തിൽ പണിക്കല്ലൂർ എന്ന ഒരുപ്രഭുവിന്റെ അധിവാസസ്ഥാനമായിരുന്നു. അദ്ദേഹത്തിന്റെ നിവാസം മടക്കത്താനത്തു മേലേടത്തു തളിയിലേക്കു പിന്നീടു മാറപ്പെട്ടതുവരെ കൊട്ടാരം മൂ

തലായവ മൈലക്കൊമ്പിൽ തന്നെയാണു സ്ഥിതിചെയ്തിരുന്നത്. വി. ശ്ലീഹാ കേരളംവിട്ടു പോകുംവഴി അവിടെ എത്തി ഒരു കരിങ്കൽകുരിശു സ്ഥാപിച്ചു എന്നും ഇടപ്രഭുവും ബ്രാഹ്മണരും ശ്ലീഹായുടെ സ്വഭാവാതീതങ്ങളായ പ്രവൃത്തികളെ കണ്ടുസമീപസ്ഥമായ ഒരു അമ്പലം ആ സിദ്ധനു ഒഴിഞ്ഞു കൊടുക്കുകയാൽ അദ്ദേഹംതന്നെയോ ശിഷ്യന്മാർമൂലമോ അതിനു പള്ളിയായി രൂപാന്തരപ്പെട്ടുത്തി എന്നുമാണു ഐതിഹ്യം. ദേവാലയത്തിന്റെ കിഴക്കുമാറി ഇന്നും കാണാവുള്ള കൊട്ടാരത്തിന്റെ ജീർണ്ണശിഷ്ടങ്ങളും അതോടു സമീപിച്ചുള്ള നാലുശതുരം നടകളോടുകൂടിയ ഒരു കുളത്തിന്റെ അവശേഷങ്ങളും ഒരു പരമ്പരാവൃത്താന്തത്തെ ലക്ഷീകരിക്കുന്നു. മൈലക്കൊമ്പു് ഇടവകയിൽനിന്നു പലപള്ളികളും പിരിഞ്ഞുപോയിട്ടുണ്ടെന്നു മുമ്പു് പറഞ്ഞിട്ടുണ്ടല്ലൊ. അവയിൽ അഞ്ചു ശതാബ്ദങ്ങളിലധികം പഴക്കമുള്ള ചിലതുകളുടെ പേർമാത്രം താഴേ പറയാം.

ക.) കടമറ്റം.— ഇപ്പോൾ പുത്തൻകുറ്റു സുറിയാനിക്കാരുടെ കൈവശത്തിൽ ഇരിക്കുന്ന കടമറ്റത്തുപള്ളി മൈലക്കൊമ്പിൽനിന്നു പിരിഞ്ഞിട്ടുള്ളതും ഏഴാമത്തെ ശതവത്സരത്തിൽ സ്ഥാപിക്കപ്പെട്ടതുമാണു. കോഴഞ്ചേരി, മഴുവന്നൂർ, റാക്കാട്ടു, കടായി, പുത്തൻകുരിശു മുതലായി ഇപ്പോൾ പുത്തൻകുറുകാരുടെ കൈവശമിരിക്കുന്ന എല്ലാപള്ളികളും കടമറ്റത്തുനിന്നു പരിഞ്ഞുപോയവയത്രെ.

ഖ.) നാഗപ്പുഴ.— പരിശുദ്ധ ദൈവജനനിയുടെ അഭിധാനത്തിലുള്ള നാഗപ്പുഴപ്പള്ളി ഉദ്ദേശം പതിമ്മൂന്നാം ശതവത്സരത്തിൽ സ്ഥാപിക്കപ്പെട്ടതാണു. മൈലക്കൊമ്പിൽനിന്നു പിരിഞ്ഞുണ്ടായ ആ ദേവാലയം വാച്ചാക്കൽമാപ്പിള എന്നൊരു നസ്രാണിയാണു പണിയിച്ചതു്. കാട്ടാനകളുടെ ഉപദ്രവം നിമിത്തം ആ പള്ളിപിന്നീടു ശിഥിലാവസ്ഥയെ പ്രാപിച്ചപ്പോൾ ഏഴാനിക്കാട്ടു യാക്കോബ് മല്പാൻ അവർകളുടെ ഉത്സാഹത്താ

ൽ ക്രിസ്തുവർഷം—ൽ പുനർനിർമ്മാണംചെയ്യപ്പെടുകയും അനേകം ഭൂകമ്പങ്ങളുടെ ഉപദ്രവത്തെ തടുക്കുന്നതിനായി മതിൽപോലെയുള്ള കയ്യാലകളും കിടങ്ങുകളും തീർക്കുകയുംചെയ്തു. സെപ്റ്റംബർ മുതൽ നവംബർ ആഘോഷിക്കപ്പെടുന്ന ദൈവജനനിയുടെ തിരുനാളിനുമുമ്പുള്ള എട്ടുദിവസങ്ങളിൽ പലദിക്കുകളിൽനിന്നും ജനങ്ങൾ ആ പള്ളിയിൽ എത്തി 'എട്ടുനോമ്പു' ഭക്തിപൂർവ്വം ആചരിക്കുക പതിവാണ്. ആ ദിവസങ്ങളിൽ അവർ ഉപവസിക്കയും പ്രാർത്ഥനയിൽ സമയം വ്യയംചെയ്കയും ചെയ്യുന്നു. നാനാദേശങ്ങളിൽനിന്നും പ്രതിദിനം ചെന്നുചേരുന്ന ജനങ്ങളുടെ ശരാശരി കണക്കു ഉദ്ദേശം രണ്ടായിരമാണ്. ഹിന്ദുമതസ്ഥന്മാരും ആ ഭജനത്തിൽ സംബന്ധിക്കുന്നുണ്ടെന്നുള്ള സംഗതി വിശേഷിച്ചും പ്രസ്താവ്യമായിരിക്കുന്നു.

൩.) ചുങ്കം; നെടിയശാല.—മേലക്കൊമ്പിൽനിന്നും പിരിഞ്ഞ ചുങ്കത്തുപള്ളി വി. മത്തീനോസിന്റെ നാമത്തിൽ എട്ടാം നൂറാണ്ടിൽ സ്ഥാപിക്കപ്പെട്ടു. അനന്തര ശതാബ്ദത്തിൽ അതിൽനിന്നുമാറി ദൈവമാതാവിന്റെ നാമധേയത്തിൽസ്ഥാപിക്കപ്പെട്ട നെടിയശാല പഴയപള്ളി കാട്ടാനകളുടെ ഉപദ്രവംനിമിത്തം കാലാന്തരത്തിൽ നാമാവശിഷ്ടമായിതീർന്നു. തന്നിമിത്തമാണു അതിന്റെ ആസ്ഥാനഭൂമിയിൽനിന്നും ഉദ്ദേശം മൂന്നു മൈൽസ് പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്നതും നെടിയശാല പുത്തൻപള്ളി എന്നും മാറികുറ്റപ്പള്ളിയെന്നും നാമകരണം ചെയ്യപ്പെട്ടുന്നതുമായ ദേവാലയം നൂറുസംവത്സരങ്ങൾക്കുമുമ്പു് പണിയിക്കപ്പെട്ടതു്. നെടിയശാലയുടേയും ചുങ്കത്തിന്റേയും തലപ്പള്ളി മൈലക്കൊമ്പുതന്നെ എന്നു ഇതിൽനിന്നും സിദ്ധമാകുന്നുണ്ടല്ലൊ. നെടിയശാലയിൽ പള്ളി സ്ഥാപിതമായ കാലത്തു ഒരു വലിയ കമ്പോളമുണ്ടായിരുന്നു. പ്രസ്തുതപള്ളിയും കമ്പോളവും ഒതാട്ടുപുഴ താലൂക്കിലെ രണ്ടു പ്രധാന സ്ഥലങ്ങളായിട്ടാണു പരിലസിച്ചിരുന്നതു.

(൪) കോതമങ്ങലം— ഇപ്പോൾ പുത്തൻ കുറുകാരുടെവക യായി തീർന്നിരിക്കുന്ന കോതമങ്ങലത്തു വലിയപള്ളിയും മൈല ക്കൊമ്പിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതുതന്നെ. ഏട്ടാമത്തെ ശതവ ത്സരമാണു അതിന്റെ സ്ഥാപനകാലം. ഇടപ്പള്ളി, വടക്കൻ പറവൂർ എന്നു ഇടവകകളിൽപെട്ട ഏതാനും ആളുകൾ അവി ടെ ചെന്നു കൂടിപാർക്കുകയും വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ അവർ ഒരു പള്ളി പണിയിക്കയും ചെയ്തു എന്നാ ണു ഐതിഹ്യം. അവിടെയുള്ള കാസായുടെ ചുവട്ടിൽ കാണു ന്ന "ഇടപ്പള്ളി പള്ളിവക" എന്ന അക്ഷരങ്ങൾ ഒരു പാരമ്പ ര്യത്തെ പിൻതാങ്ങുന്ന ഒരു സാക്ഷ്യമാണു. പള്ളിയുടെ ആരം ഭകാലത്തു ഉദ്ദേശം ആയിരം കുടികൾ അതിൽ ഉൾപ്പെട്ടിരു ന്നു. ആ കാലഘട്ടത്തിൽ കോതമങ്ങലം വളരെ ധനവാന്മാരു ടേയും പ്രധാനന്മാരുടേയും അധിവാസസ്ഥാനമായിട്ടാണു ഇരു ന്നിരുന്നതു. അവർ പാണ്ടിരാജ്യവുമായി കച്ചവടം നടത്തിയി രുന്നു എന്നു പരമ്പരയാ പറയപ്പെട്ടുന്നു. ബലമേറിയ ഒരുപാ രമ്പര്യത്തെ ലക്ഷീകരിക്കുന്ന അടയാളങ്ങളും അവശിഷ്ടങ്ങളും ഇക്കാലത്തും അവിടെ കാണുന്നുണ്ടു. കാരക്കുന്നംമുതലായ പല ദേവാലയങ്ങൾ കോതമങ്ങലത്തുനിന്നു പിരിഞ്ഞു പോയിട്ടുള്ള വയാണു. സുറിയാനിക്കാരിൽ പുത്തൻ കൂർ ഉല്പന്നമായ ഏഴാമിനാം സംവത്സരത്തിൽ നിരണം, കണ്ടനാടു, കോട്ട യം മുതലായ പള്ളികൾ ആ മതഭേദത്തിലേക്കു അധഃപതി ച്ചപ്പോൾ കോതമങ്ങലത്തെ ജനങ്ങളിൽ പ്രധാനഭാഗം അ തിൽ ഉൾപ്പെട്ടുന്നതിനിടയായി. ആ ഭിന്നമതത്തെ അവലംബി ക്കാതെയും പൂർവ്വവിശ്വാസപദ്ധതിയിൽനിന്നു വ്യതിചലനംചെ യ്യാതെയും വർത്തിച്ചിരുന്ന പഴയകൂറുകാർ അതിൽപിന്നെ നൂ റ്റിമുപ്പതു സംവത്സരങ്ങൾവരെയും അതേ ദേവാലയത്തിൽത ന്നെ പ്രത്യേക വികാരിയുടെ ആനേപഷണത്തിൽ കഴിച്ചുകൂട്ടി. പതിനെട്ടാം ശതവത്സരത്തിന്റെ അവസാനത്തിൽ ഇലഞ്ഞി

ക്കൽ, പെരുമ്പളളിച്ചിറ മുതലാത മില കുടുംബങ്ങളുടെ അ ത്യുത്സാഹഫലമായി പഴയകുറുകാർ വി. യാക്കോബ് ശ്ലീഹാ യുടെ അഭിധാനത്തിൽ സപ്തമായി ഒരു പളളി അവിടത്തെ അങ്ങാടിയിൽ സ്ഥാപിക്കുകയും വലിയ പളളിയിൽനിന്നു മാറു കയുംചെയ്തു.

൪.) ആരക്കുഴ.— മൈലക്കൊമ്പിൽനിന്നു പിരിഞ്ഞ പളളി കളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു ആരക്കുഴ. നിത്യകന്യയും ദൈവമാതാവുമായ പരിശുദ്ധ മറിയത്തിന്റെ അഭിധാനത്തിൽ പണിയപ്പെട്ടിരിക്കുന്ന ഓർദോവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം പത്താമത്തെ വത്സരശതകത്തി (൯൯൯—) ലാണു നടന്നിട്ടുളളതു്. 'ആയിരം മാപ്പിള'മാരെ അഥവാ കുടുംബങ്ങളെ ഉദ്ദേശിച്ചായിരുന്നു ഇതിന്റെ സ്ഥാപനം. കിഴ്മടങ്ങുകരയുടെ അത്യുത്തം പശ്ചിമഭാഗത്തുളള ഒരു ചെറിയ കുന്നിലാണല്ലൊ ഇപ്പോൾ പളളി സ്ഥിതിചെയ്യുന്നതു്. ആദ്യദേവാലയത്തിന്റെ സ്ഥാനം അതല്ല. ആരക്കുഴ എന്നു സ്ഥലം ഇതിനു നേരെ അടിയിലുളള താഴ്വാരത്തിൽ തെക്കുവടക്കായി കിടക്കുന്ന പാടത്തിന്റെ പടിഞ്ഞാറെ കരയാണു. ഓരം കൃഷിനിലങ്ങളോടു ചേർന്നു പളളിവകയായി കുറെ വിളഭൂമികളുളളതിനു മുൻ കാലങ്ങളിൽ 'അമ്പലമാരി' (ലി?) എന്നാണു പേർ പറഞ്ഞുവന്നതു. സമീപസ്ഥമായിരുന്ന ഒരു അമ്പലത്തിൽനിന്നാണു ഓരം നാമത്തിന്റെ ഉല്പത്തി. അവിടെനിന്നു അത്ര അകലയല്ലാതെ ഇപ്പോഴും ഒരു പുരയിടം പളളിവകയായുണ്ടു. അതായിരുന്നു ആദിമദേവാലയത്തിന്റെ ആസ്ഥാനഭൂമി. ഇപ്പോഴത്തെ 'കുരിശിൻതൊട്ടി'യുടെ താഴെയുളള പ്രസ്തുത താഴ്വാരത്തിനു 'പളളി അമ്പലത്തിങ്കൽ' എന്നാണു പേർപറയാറുളളതു്. മുകളിൽ പറഞ്ഞിട്ടുളള പുരയിടങ്ങളും നിലങ്ങളും ആരക്കുഴ ഉല്പിയാതിരി എന്ന ഇടപ്രഭു പളളിക്കു ദാനം ചെയ്തിട്ടുളളവയാണു. ഉല്പിയാതിരിയുടെ വാഴ്ചകാലത്തു പളളിയിൽ അഭ

യംപ്രാപിച്ച ഒരു കുറക്കാരനെ അദ്ദേഹം ബലാൽക്കാരേണ പിടിച്ച് ശിക്ഷിച്ചതുമൂലം പതിനെട്ടു മാസങ്ങളോളം ആ ദിക്കുകളിൽ മഴപെയ്യാതിരിക്കയും രാജ്യം നാശോൻമുഖമായ ഒരു അവസ്ഥയിൽ എത്തുകയുംചെയ്തു. കുടിക്കുന്നതിനുപോലും വെള്ളം ഇല്ലാതെ ജനങ്ങൾ അവർണ്ണനീയമായ കഷ്ടതകൾ അനുഭവിച്ചു. ഒരുവിധത്തിൽ പതിനെട്ടു മാസങ്ങൾ കഴിഞ്ഞപ്പോൾ ഉണ്ണിയാതിരി സപത്നി കുറത്തെപ്പറ്റി പശ്ചാത്തപിക്കയും പരിഹാരകർമ്മമായി പള്ളിയിൽ ഒരു 'പാച്ചോറു നേച്ചു' കഴിച്ചുകൊള്ളാമെന്നു വഴിപാടു നിശ്ചയിക്കയുംചെയ്തു. മുപ്പത്തുപറ അരിയും സാമാനങ്ങളുമായി അദ്ദേഹം പള്ളിയിൽ എത്തി നേച്ചു നിവർത്തിച്ചതുകൂടാതെ, മേലിൽ പ്രതിവത്സരം ആഗസ്റ്റ് മാസം പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുനാളിൽ അതു മുടങ്ങാതെ നടത്തുന്നതിലേക്കു ആവശ്യമായ നിലങ്ങളും പുരയിടങ്ങളും അതിലേക്കു ആവശ്യപ്പെട്ട ആളുകളും പള്ളിക്കായി ഒഴിഞ്ഞുകൊടുക്കപ്പെടുകയുമുണ്ടായി. വഴിപാടു കഴിഞ്ഞ ഉടനെതന്നെ ധാരാളമായി മഴ പെയ്കയും എല്ലായിടങ്ങളിലും വെള്ളം അത്യധികം പൊങ്ങുകയുംചെയ്കയാൽ ഉണ്ണിയാതിരി പള്ളിയിൽനിന്നു സ്വഭവനത്തിലേക്കു വള്ളത്തിലായിരുന്നു മടങ്ങിപ്പോയതു. വരാപ്പുഴമിസ്സനെ ശ്രേയസ്കരമായ വിധത്തിൽ ഭരിച്ചശേഷം ൧൭൯൨–ൽ പരേതനായ ബെന്നട്ടീനോസ് മെത്രാപ്പോലീത്താ അവർകൾ ഒരു 'പാച്ചോറുനേച്ചു' നിർത്തൽചെയ്യുന്നതിനു ആലോചിച്ചവിവരം ആ ഇടവകക്കാർ അറിഞ്ഞതുമാത്രയിൽ അതു നിർത്തലാക്കുവാൻ പാടില്ലെന്നു ഉണ്ണിയാതിരിയുടെ നേച്ചുയുടേയും ദാനത്തിന്റേയുംസംഗതികൾ കാണിച്ചുകൊണ്ടു ഹർജ്ജി ബോധിപ്പിച്ചു. വസ്തുതമനസ്സിലായപ്പോൾ പച്ചോറുനേർച്ച കീഴ്നടപ്പുപോലെ മേലിലും നടത്തേണ്ടതാണെന്നു മെത്രാപ്പോലീത്താ തീർച്ചയാക്കി.

ന്യ.) മുതലക്കോടം— തൃലോം പുരാതനമായ മുതലക്കോട

അതുപള്ളിയും മൈലക്കൊമ്പിന്റെ ഒരു പുത്രിയാണു. വി. ഗീവറുഗീസിന്റെ നാമത്തിലുള്ള ഒരു ദേവാലയം പതിനാലാം ശതാബ്ദത്തിലാണു സ്ഥാപിതമായതെന്നു പറയപ്പെടുന്നുണ്ടെങ്കിലും ആ ദേശത്തിനു പാണ്ടിയുമായുണ്ടായിരുന്ന കച്ചവടം മുതലായവ നടന്നിരുന്ന കാലത്തിന്റെ സാഹചര്യങ്ങളെ ആലോചിച്ചാൽ അതിന്റെ സ്ഥാപനകാലം ഒമ്പതാമത്തെയോ പത്താമത്തെയോ വത്സരശതകമാണെന്നു തീച്ചയാക്കുന്നതിനു ലക്ഷ്യങ്ങൾ കാണുന്നുണ്ടു. പള്ളിയുടെ ആരംഭകാലത്തു മുതലക്കോടം ധനപുഷ്ടിയിലും ജനപുഷ്ടിയിലും പ്രഥമ സ്ഥാനത്തെ അലങ്കരിച്ചിരുന്നു. പള്ളിക്കു അതിന്റെ ചുറ്റിലുമായി വളരെ പുരയിടങ്ങളും തൊളളായിരപ്പറ നിലങ്ങളുമുണ്ടായിരുന്നു. പള്ളിയുടെ ജനൽകൾ, കട്ടിളകൾ, അഴികൾ മുതലായവ സമസ്തവും കരിങ്കൽകൊണ്ടാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതു. പള്ളിയുടെ അഴിക്കാലുകളും മുറിത്തട്ടിന്റെ അഴികളും വളരെ മുഴുപ്പും പൊക്കവുമുള്ളവയും മുഴുവൻ അരക്കും ചായില്യവുമിട്ടിട്ടുള്ളവയുമത്രെ. കപ്പേത്തിയാരമ്മ എന്നു സാധാരണ പറഞ്ഞുപോരുന്ന കത്തീനാരമ്മ എന്നൊരു പ്രഭുവിയാണു ആ ദേവാലയം പണിയിച്ചതു. അതിലേക്കു ഒരു പ്രത്യേക കാരണവുമില്ലാതില്ല. പ്രഭുസ്ത്രീകൾ പള്ളിയിൽ പുൽപായിൽ മുട്ടുകുത്തി കുമ്പാനം കാണുകയായിരുന്നു അക്കാലത്തെ പതിവു്. പ്രസ്തുത പ്രഭു കുമ്പാനം കാണുന്നതിനായി ഒരിക്കൽ മൈലക്കൊമ്പിൽ ചെന്നിരുന്നപ്പോൾ അവളുടെ വെള്ളാട്ടി (ദാസി) പതിവുപോലെ പുൽപായ വിരിക്കുകയിൽ മറ്റൊരു പ്രഭുവിയുടെ വെള്ളാട്ടിയാണു അവിടെയെന്നു അവളുടെ നായികക്കായി പുൽപായ വിരിക്കുകയും തൻമൂലം അവർതമ്മിൽ ചില വാഗ്വാദങ്ങൾ നടക്കുകയുമുണ്ടായി. അതിനാൽ സപത്നീസഹാനമായ മുതലക്കോടത്തു സപത്നീമായി ഒരു ദേവാലയം പണിയിക്കുന്നതിനു കത്തീനാരമ്മ തീർച്ചയാക്കി. പണിയും ഉടനെതന്നെ ആരംഭിച്ചു. അടുത്ത പുനരുത്ഥാ

ന തിരുനാളിൽ പുതിയ പള്ളിയിൽ അത്യുമായി ദിവ്യപൂജാർപ്പ
ണവും നിവർത്തിച്ചു. ഒരം പ്രഭാവിക്കു വളരെ കൃഷിനിലങ്ങളും പാ
ണ്ടിരാജ്യവുമായി വളരെ കച്ചവടവുമുണ്ടായിരുന്നു. അവളുടെ
കിണറും, കുളവും, പാണ്ടകശാലയുടെ അടിത്തറയും, കുളിക്കു
ന്നതിനായി ഉപയോഗിച്ചിരുന്ന കരിങ്കൽ പാത്രവും ഇക്കാല
ത്തും അവിടെ കാണാവുന്നതാണ്. മുതലക്കോടത്തുനിന്നു പാ
ണ്ടിയിലേക്കു ആ കാലഘട്ടത്തിലുണ്ടായിരുന്ന സുഗമമായ ഒ
രു മാർഗ്ഗത്തിൽകൂടി അവളുടെ ഭർത്താവിന്റെ വകയായ നാല്പതു
ആനകൾ മിക്കവാറും എല്ലാദിവസവുംതന്നെ (പാണ്ടിയിലേക്കു)
തടി ഇറക്കിയിരുന്നു. അവളുടെ ഭവനംമുതൽ പള്ളിവരെ കരി
ങ്കൽ തളിരംപതിച്ചു മിനുസപ്പെടുത്തിയിരുന്ന ഒരു വഴി ഇപ്പോൾ
വസ്തുവിൽ ഇന്നും കാണപ്പെടുന്നുണ്ടു. മുതലക്കോടത്തിന്റെപ്രാഭ
വം കാലാന്തരത്തിൽ ഭേദപ്പെട്ടുകയും ക്രമേണ ആ സ്ഥലം അ
ധോഗതിയെ പ്രാപിക്കയും ചെയ്തതിനാൽ ജനങ്ങൾ അവിടംവി
ട്ടു തുപ്പുംഭിത്തറ മുതലായ ദിക്കുകളിൽ ഏത്തി താമസം ഉറ
പ്പിച്ചു. തുലോം കുറച്ചു കുടുംബങ്ങൾ മാത്രമെ മുതലക്കോടത്തു
പള്ളിക്കാരായി ശേഷിച്ചുള്ളൂ. അടുത്ത കാലങ്ങളിലാവട്ടെ ആ
ളുകൾ അവിടെവന്നു താമസിച്ചുവരുന്നതുകൊണ്ടു ആ സ്ഥലം
വീണ്ടും അഭിവൃദ്ധിപ്രാപിച്ചുവരുന്നു. (1).

൨. അരുവിത്തുറ.— ദക്ഷിണദിക്കുകളിലെ ദേവാലയങ്ങളിൽ
ഏററവും പുരാതനമായിട്ടുള്ളതു് അരുവിത്തുറപ്പള്ളിയാണു.
൩. ഗീവറുഗീസിന്റെഅഭിധാനത്തിലുള്ള ഒരം പള്ളിയുടെ സ്ഥാ
പനകാലം നാലാമത്തെ ശതവത്സരമാണെന്നും ചായൽ പ
ള്ളിയിൽനിന്നാണു അതു പിരിഞ്ഞിട്ടുള്ളതെന്നും തീർച്ചയാക്കു
ന്നതിനു സമ്മതാഹങ്ങളായ ചിലലക്ഷ്യങ്ങളുണ്ടു. മീനച്ചൽതാ
ലൂക്കിലുള്ള സമസ്ത പള്ളികളുടേയും ആ അതിർത്തിക്കു വെളിയി
ലുള്ള ചില പള്ളികളുടേയും ഉല്പത്തി അരുവിത്തുറനിന്നാണു.
അവിടെ സൂക്ഷിക്കപ്പെടുന്ന ഒരുകരിങ്കൽതളിരത്തിൽ "൭൪൦—൩

മതു മീനമാതം ക്ര—ാംനൂ- ംരം രാറിടക്കുടൽ ലാടത്തു ഒചറി
യതു മാപ്പിളൈ നല്ലവഴിചേന്നു" എന്നും "ൗന്യന്യ--ാമതു മേ
ടമാതം ങി—ാംനൂ- ംരംരാറിടെക്കുടൽ ലാടത്തു ഏലീശ്ശമ്മാ ന
ല്ലവഴിചേന്നും" എന്നും അക്കാലത്തിലെ മലയാളാക്ഷരങ്ങളാ
യ നാനം മോനം ലിപികളിൽ കൊത്തപ്പെട്ടിരിക്കുന്നു. പ്രസ്തു
ത രണ്ടാളുകളുടേയും ചരമവത്സരത്തെയാണു ംരം എഴുത്തുകൾ
ലക്ഷീകരിക്കുന്നത്. അതുകയാൽ ക്രിസ്താബ്ദത്തിന്റെ എട്ടാമ
ത്തെ ശതകത്തിൽ അരുവിത്തുറപ്പള്ളി ആശാസ്യമായ ഒരു അ
വസ്ഥയിൽ എത്തിയിരുന്നു എന്നു നിസ്സംശയം തെളിയുന്നു. കൊ
ല്ലവർഷം ആരംഭിച്ചതിൽ പിന്നെയുള്ള ംഎഴുത്തുകളിൽ "കൊല്ലം"
ഇത്രാംകാലം എന്നു കാണിക്കുന്നതാണു എപ്പോഴും പതിവായി
രുന്നതെന്നും അതിനുമുമ്പാകട്ടെ സമയ സൂചകമായി മ്ശിഹാ
ക്കാലമാണു ക്രിസ്ത്യാനികൾ നിത്യം ഉപയോഗിച്ചുവന്നതെന്നും
ഉള്ളതു പൂർവ്വലേഖനങ്ങളുടെ പരിശോധനയിൽനിന്നു പ്രസ്തു
തമാകുന്ന ഒരു യാഥാർത്ഥ്യമാണു. പള്ളി പ്രതിഷ്ഠിതമായ കാല
ഘട്ടത്തിലും അനന്തരം വളരെ ശതാബ്ദങ്ങൾ കഴിയുന്നതുവ
രെയും അരുവിത്തുറ വാണിജ്യത്തിന്റെ ഒരു കേന്ദ്രസ്ഥാനവും
ധനവാന്മാരും പ്രസിദ്ധന്മാരുമായ വളരെയാളുകളുടെ നിവാസ
ഭൂമിയുമായിരുന്നു. അവിടെനിന്നു പാണ്ടിയിലേക്കുഗതാഗതം ചെ
യ്യുന്നതിനു നല്ലവഴിയുണ്ടായിരുന്നതിനാൽ അരുവിത്തുറയും പാ
ണ്ടിരാജ്യവും തമ്മിൽ വളരെ കേമമായി കച്ചവടം നടന്നിരുന്നു.
അരുവിത്തുറയുടെ ഭൂതോൽകൃഷ്ടത്തെ ലക്ഷീകരിക്കുന്ന ചിലരേ
ഖകൾ ഇക്കാലത്തും അവിടെ കാണാം. അനന്തര ശതാബ്ദങ്ങ
ളിൽ പലപ്രാവശ്യവും പള്ളി പൊളിച്ചു പണിയപ്പെട്ടിട്ടുണ്ടു.
കല്ലറകൾ മത്തായി എന്ന ഒരു വൈദികനാൽ ജീർണ്ണോദ്ധാര
ണംചെയ്യപ്പെട്ടതാണു ഇപ്പോഴത്തെ ദേവാലയം.

പാലാ.— പാലാ, ഭരണങ്ങാനം, ചേപ്പുകൽ മുതലായ പ
ള്ളികൾ അരുവിത്തുറനിന്നു പിരിഞ്ഞിട്ടുള്ളവയാണു. മാർതോ

മാശ്ലീഹായുടെ നാമധേയത്തിലുള്ള പാലാ വലിയപള്ളി പതിനൊന്നാം നൂറ്റാണ്ടിന്റെ ആരംഭദശയിലും, ദേവമാതാവിന്റെ നാമത്തിൽ ഭരണങ്ങാനത്തും മാർ സ്ലീഖായുടെ അഭിധാനത്തിൽ ചേറ്റുങ്കലുമുള്ള ദേവാലയങ്ങൾ പന്ത്രണ്ടാം ശതവത്സരത്തിലുമാണ് സ്ഥാപിതങ്ങളായത്. പാലാ വലിയ പള്ളി സ്ഥാപിക്കുന്ന സംഗതിയിൽ അക്കാലത്തെ ഒരു ഇടപ്രഭുവായിരുന്ന മീനച്ചൽ കുത്താവു് സഹായിക്കുകയുണ്ടായിട്ടുണ്ടു്. തദ്ദേശജനായ മേവിടെ കിഴക്കേടത്തു കുഞ്ഞനന്തൻ കുത്താവും ചില നായന്മാരുംകൂടി ചങ്ങനാശേരി വികാരി അപ്പസ്തോലിക്ക് ആയ കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ അവർകൾക്കു ക്രി.വ. ഫെബ്രുവരി 9—ാംനു— സമർപ്പിച്ച ഒരു മംഗളപത്രത്തിൽ ഒരു സംഗതി പ്രസ്താവിച്ചിട്ടുണ്ടു്. ഉദ്ദേശം പതിനൊന്നു ശതവത്സരങ്ങൾക്കുമുമ്പു് നടന്നിട്ടുള്ള പാലാപ്പള്ളിയുടെ സ്ഥാപനത്തിനു സഹായികൾ പൌരാണികന്മാർ ഹേതുഭൂതന്മാരായി തീർന്നിട്ടുണ്ടെന്നാണു കുഞ്ഞനന്തൻകുത്താവു അതിൽ പറയുന്നത്.

൩. കടുത്തുരുത്തി.— കടുത്തുരുത്തി വലിയപള്ളി മിക്കവാറും അരുവിത്തുറപോലെതന്നെ പ്രാചീനമാണു. അതോടു നന്നായി സമീപിച്ചുതന്നെ വേറൊരുപള്ളി പിന്നീടു സ്ഥാപിക്കപ്പെട്ടപ്പോൾ ആദ്യത്തേതിനു 'വലിയപള്ളി'യെന്നും അഭിനവസ്ഥാപിതമായ ദേവാലയത്തിനു 'ചെറിയപള്ളി' എന്നും പേർസിദ്ധിച്ചു. വലിയപള്ളിയുടെ സ്ഥാപനകാലം നാലാം ശതവത്സരവും ചെറിയതിന്റേതു പത്താമത്തെ ശതാബ്ദവുമാണു. നാലാം നൂറ്റാണ്ടിൽ കടുത്തുരുത്തിയിൽഉദ്ഭവിയിരുന്ന പ്രധാനതറവാടുകളിൽ ഒന്നാണു കടവിൽ കുടുംബം. അഞ്ചുവത്സരങ്ങൾക്കുമുമ്പുചരമംപ്രാപിച്ച കടവിൽ ആന്ത്രൂസ്തീനോസ്കത്തനാർ ആ കുടുംബത്തിലെ നാല്പത്തെട്ടാമത്തെ വൈദികനായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ പട്ടക്കാർ അനവ്യൂഹമായി ഉണ്ടായിരുന്നെന്നും അദ്ദേഹം നാല്പത്തെട്ടാമത്തെ തലമുറയിലുള്ള ഒ

രാം ആയിരുന്നെന്നുമുള്ള സംശയം ആ വംശത്തിലെ പാര മ്പര്യത്തിൽനിന്നാണ് അറിയപ്പെട്ടിരിക്കുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന കടവിൽ അലക്സാണ്ടർ അഥവാ ചാണ്ടിക്കുത്തനാർ അവർകൾ ഏതാണ്ട്—ൽ മലങ്കരസഭയിൽ ഉണ്ടായ വലിയ ശീശ്മയുടെ കാലത്തിൽ പതിനൊന്നുപേർ കൂടി മെത്രാൻപട്ടം കെട്ടിച്ച ആർച്ച്ഡീക്കന്റെ നാലു ആലോചനക്കാരിൽ ഒരാളായി നിയമിക്കപ്പെട്ടെങ്കിലും പിന്നീട് പാതിരി ത്തെ പരിത്യജിക്കയും അനവധി ദേവാലയങ്ങളേയും ജനങ്ങളേയും കത്തോലിക്ക് സഭയുടെ ഐക്യത്തിലേക്ക് ആനയിക്കുന്നതിനായി പ്രയത്നിക്കയുമുണ്ടായി. ആ ശീശ്മയിൽനിന്നു ജനങ്ങളെ നിവർത്തിക്കേണ്ടതിനായി നിയോഗിക്കപ്പെട്ട ജോസഫ് മറിയം (സെബസ്ത്യാനി) തുടങ്ങിയുള്ള കാമ്മൽ സഭാംഗങ്ങളായ അഞ്ചു വൈദികന്മാർ ഏതാണ്ട്— ഫെബ്രുവരി മാസത്തിൽ ദക്ഷിണഭാരതത്തിൽ എത്തിയപ്പോൾ അദ്ദേഹം അവരോടു യോജിക്കയും ജനങ്ങളേയും പള്ളികളേയും മതവിഭ്രംശത്തിൽനിന്നു ഉദ്ധരിക്കുന്ന വിഷയത്തിൽ അവരെ അത്യധികം സഹായിക്കയുംചെയ്തു. മാർപ്പാപ്പായുടെ അപ്പസ്തോലിക്ക് കമ്മീഷണർ ആയി നിശ്ചയിക്കപ്പെട്ടിരുന്ന ജോസഫ് മറിയം മലയാളത്തിലെ സഭാതിരുമേനികളെ പരിശുദ്ധ സിംഹാസനത്തിങ്കൽ ബോധിപ്പിക്കുവാനായി ഏതാണ്ട് ജനുവരി ൭—ാം തീയതി റോമയിലേക്കു പുറപ്പെട്ടപ്പോൾ ചാണ്ടിക്കുത്തനാർ അവർകൾ ആ നാട്ടുകത്തോലിക്ക് ലോകത്തെ ഭരിച്ചിരുന്ന അലക്സാണ്ടർ മാർപ്പാപ്പായിക്കു സമർപ്പിക്കേണ്ടതിനായി സുറിയാനി ഭാഷയിൽ എഴുതപ്പെട്ട ഒരു ലേഖനം അദ്ദേഹത്തെ ഏൽപ്പിച്ചു. മലങ്കരയിലെ കുഴപ്പത്തിന്റെ ഹേതുക്കളും ആ സഭക്കു സംഭവിച്ച നാശങ്ങളും കേരളീയ ക്രിസ്ത്യാനികളുടെ ആവലാധികളുടേയും ഹർജികളുടേയും ന്യായസ്വഭാവവും മറ്റും സംബന്ധിച്ചു കമ്മീഷണറായ ജോസഫ് മറിയം തിരുമനസ്സറിയിക്കുന്നതിനെ

ന്നും വി. കുബ്രാനയെപ്പറ്റി സ്വയം രചിച്ചിട്ടുള്ള ഒരു ചെറിയ ഗ്രന്ഥം തിരുമനസ്സിലേക്കു സമർപ്പിക്കുന്നതിനായി അയക്കുന്നു എന്നുമാണു അതിൽ വിവരിക്കപ്പെട്ടിരുന്നത്. അദ്ദേഹം ചരിത്രസംബന്ധമായ ചില കൃതികളുടേയും നിർമ്മാതാവാണു. കടുത്തുരുത്തിചെറിയപള്ളിവലിയപള്ളിയിൽനിന്നു പിരിയുവാനുണ്ടായ കാരണവും, തെക്കുംഭാഗർ കടുത്തുരുത്തിയിൽ എത്തിയ കാലാവധിയും, തെക്കുംഭാഗരേയും വടക്കുംഭാഗരേയും ഉദ്ദേശിച്ചുള്ള ചിലസംഗതികളും ബന്ധിച്ചു സൂറിയാനിയിലും കർസോൻഅക്ഷരത്തിലും അദ്ദേഹം എഴുതീട്ടുണ്ടു. കടുത്തുരുത്തിയിലുള്ള ഒരു പ്രേതാലയത്തിൽനിന്നു മുകളിൽസ്ഥാപിച്ചിരിക്കുന്ന കല്ലിൽ "കൊല്ലം ൭൩൭–ാമതു മീനം ഞായർ ൨൫ കടവിൽ മാണിമാത്തുക്കത്തനാർ നല്ലവഴിചേന്നു" എന്നു എഴുതിയിരിക്കുന്നതിൽനിന്നു അലക്സ്ാണ്ടർ കത്തനാരുടെ ഗോത്രജ്ഞനായ ഒരു വൈദികൻ ൨൫ സംവത്സരങ്ങൾമുമ്പു ജീവിച്ചിരുന്നു എന്നും പ്രിൻസ്പ്പൽ അദ്ദേഹം കഥാവശേഷനായി തീർന്നു എന്നും പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ അനഗ്ലമായവൈദിക പരമ്പരയോടുകൂടിയ ആ കുടുംബത്തിലെ പട്ടക്കാരുടെ തലമുറ കണക്കാക്കുന്നതായാൽ അദ്ദ്യത്തിലെ ആചാര്യൻ പള്ളിസ്ഥാപിതമായ ചതുർത്ഥ ശതാബ്ദത്തിലൊ അതോട്ടു ഏറ്റവും സമീപിച്ച വത്സരശതകത്തിലൊ ആണു ജീവിച്ചിരുന്നതെന്നു ഗ്രഹിക്കാവുന്നതാണു.

മാർ യോഹന്നാൻ മലങ്കരസഭാപരിവൃഢനായിരുന്ന ദശമശതാബ്ദത്തിലാണു കടുത്തുരുത്തി ചെറിയപള്ളി പണിയിക്കപ്പെട്ടത്. മാലാനാ ഏലിഅമ്മ എന്നൊരു പ്രഭ്വിയാണു അതിന്റെ സ്ഥാപനകർത്രി. പള്ളിയുടെ ആരംഭത്തെ ഉദ്ദേശിച്ചുള്ള ഒരു പരമ്പരാവൃത്താന്തം ഇവിടെവിവരിക്കാം. കൊട്ടയുള്ളൂർ പട്ടണം ഒമ്പതാം നൂറാണ്ടിൽ നാമാവശിഷ്ടമായിതീർന്നു മുമ്പ് (അ.വ്യ.ല.൭.) പറഞ്ഞിട്ടുണ്ടല്ലൊ. പുരാതനപ്ര

സിദ്ധമായ ആ പട്ടണം അധഃപതിച്ചതോടുകൂടി അവിടത്തെ ക്രിസ്ത്യാനികൾ നാനാദേശങ്ങളിലേക്കും ചിതറിയപ്പോൾ അതിലെ കുടിപാർപ്പുകാരായിരുന്ന തെക്കുംഭാഗക്കാർ കടുത്തുരുത്തി ചുങ്കം ഉദയംപേരൂർ മുതലായ സ്ഥലങ്ങളിൽ എത്തി സ്ഥിരവാസം ഉറപ്പിച്ചു. അതുമുതൽ കടുത്തുരുത്തിവലിയപള്ളിയിൽ വടക്കുംഭാഗക്കാർ മുന്നാണിയിലും തെക്കുംഭാഗക്കാർ പിന്നാണിയിലുമായി മുട്ടുകുത്തുക നടപ്പായി. അക്കാലത്തു് ദക്ഷിണഭാരതസഭയെ ഭരിച്ചിരുന്ന മാർയോഹന്നാൻ ആ രീതിയെ ഭേദപ്പെടുത്തി, പള്ളിയിൽ സകലജനങ്ങളും സമസ്ഥിതിയിൽ മുട്ടുകുത്തേണ്ടതാണെന്നുള്ള ആജ്ഞാപിച്ചു. പുരുഷന്മാർ അതിനെ അനുസരിച്ചു എങ്കിലും സ്ത്രീകൾ വിരോധിക്കയാണുണ്ടായതു്. മാലാനാഏലി അമ്മ എന്ന പ്രസ്തുത പ്രഭ്വിയായിരുന്നു അവരുടെ നായിക. ആജ്ഞാനുസാരം പ്രവർത്തിക്കുവാൻ മനസ്സില്ലാത്തവർ വേറൊരു പള്ളിവെച്ചു മാറിക്കൊള്ളണമെന്നായിരുന്നു മാർ യോഹന്നാന്റെ രണ്ടാമത്തെ കല്പന. അതിനാൽ പ്രഭ്വി സ്വന്തചെലവിന്മേൽ ചെറിയപള്ളി പണിയിക്കയും അതിലേക്കു മാറുകയുംചെയ്തു. കടുത്തുരുത്തിയിൽ തുലോം അടുത്തടുത്തു് രണ്ടു പള്ളികൾ ഉണ്ടാകുന്നതിനുള്ള കാരണം ഇതാണു. ചെറിയപള്ളിക്കായ്ക്കു വലിയ പള്ളിയെസംബന്ധിച്ചു പല അവകാശങ്ങളുമുണ്ടായിരുന്നുഎന്നതിലേക്കുള്ള രേഖകൾ കുറെ അടുത്തകാലംവരെ കടവിൽ കത്തനാരന്മാരുടെ കൈവശത്തിലുണ്ടായിരുന്നു. വലിയപള്ളിയുടെ സ്ഥാപനകാലം ൧൭൦൦ ആണെന്നു 'പുരാതനപാട്ടി'ലും ഫ്രൻഫ്രാമാണ്ടേക്കുള്ള കോട്ടയംമിസ്സത്തിലെ പഞ്ചാംഗത്തിലും പറഞ്ഞിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. നി. വ. ദി. ശ്രീ. കാർളോസ് ലവീഞ്ഞ് മെത്രാനവർകൾ സപ്രാധികാരത്തിൽപെട്ടതും വിസ്തൃതവുമായിരുന്ന കോട്ടയംമിസ്സത്തിലെ പള്ളികളുടെ സ്ഥാപനവത്സരങ്ങൾ അന്വേഷിച്ചറിഞ്ഞു ഫ്രൻ—ലെ പഞ്ചാംഗത്തിൽ ചേർത്തിട്ട

ണ്ടും അതിൽ വലിയപള്ളി നാലാം ശതാബ്ദത്തിലും ചെറിയ പള്ളി പത്താംശതവത്സരത്തിലും സ്ഥാപിക്കപ്പെട്ട എന്നാണു പറഞ്ഞിരിക്കുന്നതു. ഓരം സംഗതിഖണ്ഡിച്ചു ഞങ്ങൾ മുകളിൽ കാണിച്ചിട്ടുള്ള രേഖകളും തെളിവുകളും അദ്ദേഹത്തിന്റെ കണക്കിനോടു പൂർണ്ണമായി യോജിക്കുന്നു. മാത്രമല്ല, ചെറിയപള്ളി വലിയ പള്ളിയിൽനിന്നു പിരിഞ്ഞതാണെന്നുള്ള സംഗതി സർവ്വ സമ്മതമാണു. എന്നാൽ ആ വേർപാടു് ക്രി.പി. ൧൭൦൦-ാമാണ്ടിനു മുമ്പു് സംഭവിച്ചു എന്നതിനെ ലക്ഷീകരിക്കുന്നതിലേക്കില്ലാതെ അതിനുശേഷമാണു നടന്നിട്ടുള്ളതെന്നു സ്ഥാപിക്കുന്നതിനു യാതൊരു രേഖകളുമില്ല.

൪. കുറവിലങ്ങാട്ടു— കടുത്തുരുത്തി വലിയപള്ളിയുടെ സ്ഥാപനാനന്തരം ഏറെതാമസിയാതെ വി. കന്യകമറിയത്തിന്റെ നാമധേയത്തിൽ കുറവിലങ്ങാട്ടും പള്ളി സ്ഥാപിക്കപ്പെട്ടു. നാലാം ശതവത്സരത്തിലോ അഞ്ചാം ശതവർഷത്തിന്റെ ആരംഭദശയിലോ ആണു അതിന്റെ ശിലാസ്ഥാപനകർമ്മം നടന്നിട്ടുള്ളതു്. അരുവിത്തുറ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ പള്ളികളുണ്ടാകുവാനുള്ള കാരണം അന്യദേശങ്ങളിൽനിന്നു ജനങ്ങൾ അവിടെ എത്തി കൂടിപാർത്തതാണു. അതുപോലെ കുറവിലങ്ങാട്ടും പാലൂർമുതലായ ഭിക്കുകളിൽനിന്നും ജനങ്ങൾ വന്നു താമസിക്കയുണ്ടായിട്ടുണ്ടു. തോമ്മാശ്ലീഹായിൽനിന്നു ആചാര്യപദം സ്വീകരിച്ചിട്ടുള്ള ശങ്കരപുരി, പകലോമറ്റം, പള്ളി (കളത്തി), കാളിയാങ്ക (അഥവാ കാളികാവു) എന്ന പ്രസിദ്ധ കുടുംബശാഖകളിലെ ആളുകളും ദേശാന്തരഗാമികളായ ആ ജനങ്ങളിൽ ഉൾപ്പെട്ടിരുന്നു. അവർ സ്വഗോത്ര നാമധേയത്തിൽതന്നെ സ്ഥാവര വസ്തുക്കളെ അവിടെ സമ്പാദിച്ചതുകൊണ്ടു ഇക്കാലത്തും പ്രസ്തുത നാലുപേരുകളോടുകൂടി അവിടെ പുരയിടങ്ങളുണ്ടു. ആരംഭത്തിൽ അവർ കടുത്തുരുത്തിയിൽ ഇടവകവാസം സാമ്പ്രകാലം കഴിഞ്ഞതിൽപിന്നെയാണു സ്വനിവാ

സസ്ഥാനങ്ങളോടു സമീപിച്ചു കുറവിലങ്ങാട്ടു ദേവാലയം പണിയിച്ചത്. പള്ളിയുടെ ഉത്ഭവത്തെ സംബന്ധിച്ചുള്ള ഒരു പാരമ്പര്യം താഴെ പറയുന്നു. ഇപ്പോൾ പള്ളിസ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സമീപത്തുണ്ടായിരുന്ന ഒരു കുളിരി (സ്ലൂപ്) യിൽ നസ്രാണിക്കുട്ടികൾ അക്ഷരാഭ്യാസം ചെയ്തിരുന്നു. ഒരു കുട്ടികൾ ഒരിക്കൽ കുളിരിയിൽനിന്നു വീട്ടുകളിലേക്കു പോകയിൽ "കുലകണ്ടംനിരപ്പ്" എന്നറിയിൽ വഴിയരികിലുള്ള ഒരുകാട്ടിൽ നിന്നു ഒരു വൃദ്ധ ഇവരെ കൈകാട്ടിവിളിച്ചു സമീപത്തു കിടന്നിരുന്ന കല്ലുകൾ പെറുക്കി അവർക്കു കൊടുക്കയും തൽക്ഷണം അവ അപ്പങ്ങളായി തീരുകയാൽ അവർ ഭക്ഷിച്ചു സംതൃപ്തരാകയുംചെയ്തു. അവർ സ്വഗൃഹങ്ങളിൽ എത്തിയപ്പോൾ വസ്തുത മാതാപിതാക്കന്മാരെ അറിയിച്ചു. അവർ കുട്ടികളുടെ കഥനത്തിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്നറിയുന്നതിനായി കുറെ നേർച്ചയപ്പങ്ങളുമായി പ്രസ്തുതസ്ഥലത്തെത്തി. തൽക്ഷണം വിശേഷവിധിയായ കൃപാലാവണ്യത്തോടുകൂടിയ ഒരു വൃദ്ധകാട്ടിൽനിന്നു ഇറങ്ങി അവരുടെ അടുക്കൽചെന്നു അവിടെ ഒരു ദേവാലയം പണിയിക്കണമെന്നു അവരോടു ഉപദേശിക്കയും അവിടെതന്നെ ഉണ്ടായിരുന്ന ഒരു ഉറവ അവർക്കു കാണിച്ചുകൊടുക്കയും ചെയ്തു. ഈ ജലാശയം ഇന്നും അവിടെ കാണാവുന്നതാണ്. വൃദ്ധ ഉടനെതന്നെ അന്തർദ്ധാനംചെയ്തു. നസ്രാണികളാവട്ടെ പ്രത്യക്ഷമായ ഒരത്ഭോഷാരത്താൽ പരിശുദ്ധ കന്യകമറിയംതന്നെ എന്നു തീർച്ചയാക്കി അവളുടെ നാമത്തിൽ ആ സ്ഥലത്തു പള്ളിപണിയിക്കുവാൻ നിശ്ചയിച്ചു. ഈ സംഭവം നടന്നതു മീനം നോമ്പിന്റെ മദ്ധ്യദിവസത്തിലായിരുന്നതിനാൽ ആ സുദിനത്തെ കുറവിലങ്ങാട്ടു പള്ളിയിലെ പ്രധാന തിരുനാളായി ആചരിച്ചുവരുന്നു.

ആ ദേവാലയത്തിനു ചില പ്രാധാന്യങ്ങളുണ്ട്. അതുപകലോമറ്റം കുടുംബക്കാരായ ആർച്ച്ഡീക്കൻമാരുടേയും മുകളിൽപ

റഞ്ഞിട്ടുള്ള മറു മൂന്നു കുടുംബങ്ങളുടേയും ഇടവകയായിരിക്കുന്നു എന്നുള്ളതാണു രണ്ടാമത്തേതു. പകലോമറ്റത്തിന്റെ അനേകം ശാഖാ കുടുംബങ്ങൾ അതിരമ്പുഴ, കടമാളൂർ, പാലാ, തുരുത്തി, ചങ്ങനാശേരി, മ്പക്കുളം, തിരുവല്ലാ, മ്പക്കര, കൈനകരി മുതലായ സ്ഥലങ്ങളിൽ പോയി പാർക്കുന്നുണ്ടു. ചങ്ങനാശേരി വികാരി അപ്പൊസ്തോലിക്ക് ആയ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ അവർകളുടെ കുടുംബം കുറവിലങ്ങാട്ടുനിന്നു പിരിഞ്ഞുപോയിട്ടുള്ള പ്രസ്തുത നാലു കുടുംബങ്ങളിൽ ഒന്നാണു. കുറവിലങ്ങാട്ടു പള്ളിക്കാർ ഫ്രൻസ്വാ ഏപ്രിൽമാസം ൨൪—ാംനു മെത്രാൻ അവർകൾക്കു സമർപ്പിച്ച മംഗളപത്രത്തിൽ ഒരു സംഗതി പ്രസ്താവിച്ചിട്ടുണ്ടു. ഇനി കുറവിലങ്ങാടിന്റെ രണ്ടാമത്തെ പ്രധാനതയെപ്പറ്റി പറയാം. മൂന്നു നോമ്പിൽ സംബന്ധിക്കുവാനായി തെക്കൻ ദിക്കുകളിൽനിന്നു പുറപ്പെട്ട ആളുകളുടെ കൂട്ടത്തിലുള്ള സാധുവായ ഒരു നസ്രാണി ഒരിക്കൽ എങ്ങനെയൊ വഴിതെറ്റി ഏറുമാനൂർ ക്ഷേത്രത്തിൽ ചെന്നു കയറുവാൻ സംഗതിയായി. കൊല്ലും കൊലയും അടക്കി വാണിരുന്ന ഊരാണ്മക്കാരായ നമ്പൂതിരിമാർ അവനെ കൊല്ലുവാനായി പിടിച്ചു പുലിക്കൂട്ടിൽ ഇട്ടടച്ചു. ഒരു വിവരം പള്ളിയിൽ അറിവായ ഉടനെ അവിടെയുണ്ടായിരുന്ന പ്രായവൃദ്ധനായ ഒരു കത്തനാർ ആ സാധുവിനുപകരം സ്വയമേവ് മരണശിക്ഷ അനുഭവിച്ചുകൊള്ളാമെന്നു സമ്മതിച്ചു ഏറുമാനൂരേക്കു ധൃതഗതിയായി പുറപ്പെട്ടു. മൂന്നുനോമ്പിന്റെ ദിവസങ്ങളായിരുന്നതിനാൽ അനവധി ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു. പുലിക്കൂടു പൊളിച്ചു ആ നസ്രാണിയെ രക്ഷിച്ചുകൊണ്ടു കത്തനാർ പള്ളിയിൽ മടങ്ങി എത്തി. ഊരാണ്മക്കാർ അവക്കു വന്നുകൂടിയ അപമാനത്തെ പരിഹരിക്കേണ്ടതിനായി മൂന്നുനോമ്പു കഴിഞ്ഞ ഉടനെതന്നെ വളരെ ആളുകളോടും ദേവസ്വംവക കൊമ്പനാനയോടുംകൂടി പള്ളിയിൽചെ

ന്നും ജനങ്ങൾ ഭയവിഹ്വലന്മാരായി നാനാദിക്കുകളിലും ഓടി ഒളിച്ചു. വൃദ്ധനായ ആ വൈദികൻ ദേവാലയത്തിൽ പ്രവേശിച്ചു വാതിലുകൾ അടച്ചശേഷം മദ്ബഹായിലുള്ള വിളക്കുകളും മെഴുകുതിരികളും കത്തിച്ചു കൈകൾ വിരിച്ചുപിടിച്ചു പ്രാത്ഥിച്ചുകൊണ്ടിരുന്നു. ഊരാണ്മക്കാർ കതകു ഇടിച്ചു പൊളിക്കുവാൻ കരുതി ആനയെക്കൊണ്ടു അതിന്മേൽകുത്തിച്ചു. അപ്പോൾ കതകിന്റെ വിള്ളലിൽകൂടി ആനയുടെ കൊമ്പു പകുതിവരെ തിങ്ങി അകത്തു കടക്കുകയും വലിച്ചെടുക്കാൻ നിവൃത്തിയില്ലാതെവരുകയും ചെയ്തതുകൊണ്ടു ആന മരണവ്യഥയോടുകൂടി നിലവിളിക്കുവാനും 'ഇരണ്ടം' ഇടുവാനും തുടങ്ങി. വിള്ളലിൽകൂടി അവർ അകത്തേക്കു നോക്കിയപ്പോൾ ജപലിച്ചുകൊണ്ടിരിക്കുന്ന തിരികളുടെ മദ്ധ്യേ വൃദ്ധ വൈദികൻ കൈകൾവിരിച്ചു പ്രാത്ഥിക്കുന്നതു കണ്ടു പരിഭ്രമിക്കയും കത്തനാരുടെ തപസ്സ് അഗ്നിയായി പടർന്നു സകലരേയും ദഹിപ്പിക്കുമെന്നു ഭയപ്പെടുകയും ചെയ്തു. അവർ അങ്ങുമിങ്ങും ഓടിസമീപസ്ഥലങ്ങളിൽ ഒളിച്ചിരുന്ന ചില കത്തനാരന്മാരെയും ജനങ്ങളേയും വരുത്തി അവരോട് 'മൂത്ത കത്തനാരു' തപസ്സ് നിറുത്തി വെളിയിൽ വന്നു അവരെ രക്ഷിക്കണമെന്നു അപേക്ഷിച്ചു. കത്തനാർ വെളിയിൽവന്നപ്പോൾ അവർ ചെയ്തുപോയ തെറ്റിനെപ്പറ്റി പശ്ചാത്തപിക്കുന്നെന്നു അദ്ദേഹത്തിന്റെ അടുക്കൽ അറിയിക്കയും അവരേയും ആനയേയും പള്ളിയുടെ കോപത്തിൽനിന്നു രക്ഷിക്കണമെന്നു പ്രാത്ഥിക്കയും ചെയ്തതനുസരിച്ചു വാതിൽ തുറക്കയും കൊമ്പു ഊരുകയാൽ ആന രക്ഷപെടുകയുംചെയ്തു. ഊരാണ്മക്കാരുടെ പരിഭ്രമവുമൊട്ടെല്ലാം ശമിച്ചു. ആപത്തിൽനിന്നു വിമുക്തരായതിന്റെ നന്ദിയെ സൂചിപ്പിക്കേണ്ടതിനായി പള്ളിയുടെ അടുത്തു ഏറുമാടം പോലെ ദേവസ്ഥംഭമായുണ്ടായിരുന്ന ഇരുപത്തിനാലുപറ നിലം 'പാച്ചോർനേച്ച' വകക്കു പള്ളിക്കു വഴിപാടായി വെച്ചൊഴിഞ്ഞതു. അതിലേക്കു ആവശ്യമായിരുന്ന

പാത്രങ്ങളും ദാനംചെയ്തു. ഇപ്പോൾ ആ നിലയ്ക്കിൻറെ എന്നും ദേവസ്വംവകയല്ല. കൂടാതെ മൂന്നു നോമ്പു തിരുനാളിൽ പ്രതിവത്സരം ദേവസ്വം ആനയെ അയച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. അതിനു അനുസരിച്ചു ഇക്കാലത്തും നടന്നുവരുന്നു എന്നുള്ളതുതന്നെ ഒരു സംഭവത്തിലേക്കു ഒരു ലക്ഷ്യമായിരിക്കുന്നു.

8). കല്ലുക്കോട്ട.— കന്യകമറിയത്തിൻറെ നാമത്തിലുള്ള ശമ്പക്കുളം അഥവാ കല്ലുക്കോട്ട പള്ളി നിരണത്തുനിന്നു പിരിഞ്ഞതും അഞ്ചാം നൂറാണ്ടിൽ സ്ഥാപിക്കപ്പെട്ടതുമാണു. കുടിപാപ്പു മൂലവും മറ്റും ഒരു പള്ളിക്കു വേണ്ട ജനങ്ങൾ അവിടെ ഉണ്ടായ കാലത്താണു പള്ളി പണിയിക്കപ്പെട്ടത്. ആ ദേവാലയം ആരംഭകാലത്തു അമ്പലപ്പുഴ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. കേരളീയ ബ്രാഹ്മണരിൽ ഒരാൾക്കു അധീനമായിരുന്ന ആ രാജ്യം കൊല്ലവർഷം നാ൦൦—നു ക്രീസ്താബ്ദം ഫ്രമ൫—ൽ ഭിന്നാധികാരങ്ങളിൽ ആയി തീർന്നിരിക്കെ, കോഴിക്കോട്ടരാജാവു് പിരിച്ചയച്ച മൂന്നു അകമ്പടിക്കാർ വാളും പരിശയുമായി ദക്ഷിണരാജ്യങ്ങളിലേക്കു പുറപ്പെട്ടു. അക്കൂട്ടത്തു കേവലം ദരിദ്രനായിരുന്ന ചെമ്പകശ്ശേരി നമ്പൂരി ആ ഭടന്മാരുടെ സാഹായത്തോടുകൂടി അമ്പലപ്പുഴരാജ്യം സ്വാധീനമാക്കി. പുറക്കാട്ടു, കുടമാളൂർ മുതലായ പല പള്ളികളെ ക്രിസ്ത്യാനികൾക്കായി സ്ഥാപിച്ചുകൊടുത്തതു ചെമ്പകശ്ശേരി രാജാക്കന്മാരാണു. ശമ്പക്കുളത്തു പള്ളിക്കു, ചിലവസ്തുക്കളെ ദാനമായും പള്ളി ഇരിക്കുന്ന സ്ഥലം കരമൊഴിവായും ആ രാജാക്കന്മാർ കല്പിച്ചനൽകി. കരമൊഴിവായിരുന്ന പള്ളിപ്പുരയിടത്തിനു കൊല്ലവർഷം൯൯൫—ൽ തിരുവിതാംകൂർ സർക്കാരിൽനിന്നു പാട്ടം കെട്ടുകയും ഇങ്ങനെ നിശ്ചയിച്ച ഇരുപത്തിമൂന്നര പണം സർക്കാരിലേക്കു മുതൽകൂട്ടുകയും ചെയ്തശേഷം ആ സംഖ്യതന്നെ വിളക്കു വെപ്പിനായി സർക്കാരിൽനിന്നു പള്ളിക്കു ഒഴിഞ്ഞുകൊടുത്തു. ഇങ്ങനെ ഇ

ന്നോളം നടന്നുവരുന്നു. പിരിവും ചെലവും എഴുത്തുകുവണ്ണം കല്പിച്ചു നീട്ടെഴുതിയപ്രകാരം പള്ളിപ്പുരയിടം ആയക്കെട്ടിൽ വിളങ്ങി പതിഞ്ഞിട്ടുള്ളതാണു. കൊല്ലം ൯൫൫ മുതൽ ൯൭൭ വരെയുള്ള വത്സരങ്ങളിൽ അമ്പലപ്പുഴരാജ്യത്തെ ഭരിച്ചിരുന്ന ചെമ്പകശ്ശേരി രാജാവു് നൂറു എന്നുതുപറനിലം പള്ളിക്കുതിരുവടയാളമായും എൺപത്തെട്ടുപറ നിലം വിശേഷാൽ അനുഭവമായും കൊടുത്തിട്ടുണ്ടു. മൂന്നുനോമ്പുദിവസങ്ങളിലെ പാച്ചോറുനേർച്ചയുടെ ചെലവുവകക്കായിട്ടാണു ൦രം നിലങ്ങൾ ദാനംചെയ്യപ്പെട്ടിരിക്കുന്നതു.

ചങ്ങനാശേരി.— പരിശുദ്ധകന്യക മറിയത്തിന്റെ നാമത്തിലുള്ള ചങ്ങനാശേരിപ്പള്ളിയും നിരണത്തുനിന്നു പിരിഞ്ഞതാണു. പന്ത്രണ്ടാം ശതവത്സരത്തിന്റെ ആരംഭത്തിലാണു അതു സ്ഥാപിതമായതു. തെക്കുംകൂർ രാജാക്കന്മാരുടെ കൊട്ടാരത്തോടു അടുത്തു് കല്ലറ, കടവുമുതലായ ചിലനസ്രാണികുടുംബങ്ങൾ വസിച്ചിരുന്നു. അവർ രാജസേവകന്മാരും രാജാവിന്റെ ഇഷ്ടജനങ്ങളുമായിരുന്നതിനാൽ കരമൊഴിവായി ചിലവസ്തുക്കൾ രാജസ്ഥാനത്തുനിന്നു അവർക്കു കൊടുത്തിട്ടുണ്ടായിരുന്നു. നിരണത്തുചെന്നു ആരാധനക്രമങ്ങളെ സാധിക്കുന്നതിലുള്ള പ്രയാസത്തെപ്പറ്റി അവർ ഒരിക്കൽ രാജാവിന്റെ അടുക്കൽ പ്രസ്താവിക്കുകയുണ്ടായി. ചങ്ങനാശേരിയിൽ ഒരു ദേവാലയം പണിയിക്കണമെന്നും അതിനു ആവശ്യപ്പെട്ടസ്ഥലം കരമൊഴിവായി കൊടുക്കാമെന്നും രാജാവു് അതിനു മറുപടി കല്പിച്ചു. താമസിയാതെതന്നെ പള്ളി പണി നടന്നു. ഉദ്ദേശം ആയിരം ക്രിസ്ത്യാനികുടുംബങ്ങൾ ആ പള്ളിയിൽ ക്രമേണ ഇടവകക്കാരായി ചേർന്നുനടന്നു. തെക്കുംകൂർ രാജ്യം തിരുവിതാംകൂറിൽ ലയിച്ചുപോയതുവരെ പ്രസ്തുതഭൂമി കരമൊഴിവായിതന്നെയാണു പള്ളി അനുഭവിച്ചുവന്നതു്. എന്നാൽ കൊല്ലവർഷം ൯൫൮-ൽ തെക്കുംകൂർ തിരുവിതാംകൂറിനു അധീനമാ

യപ്പോൾ കരമൊഴിവായി പള്ളിക്കുണ്ടായിരുന്ന മേൽപറഞ്ഞ സ്ഥലത്തിനു കരം ചുമത്തി. എങ്കിലും അതിനു പ്രതിഫലമായി പള്ളിക്കു വിളക്കുവെപ്പുവകക്കു അന്നുമുതൽ ഇരുപത്താനു പണംവീതം ആണ്ടുതോറും സർക്കാരിൽനിന്നു കൊടുത്തുവരുന്നുണ്ടു.

പുറക്കാട്ട്.— പുറക്കാട്ടപള്ളി പണിയിച്ചത് ചെമ്പകശ്ശേരി എന്നു പ്രസിദ്ധമായ അമ്പലപ്പുഴ (അഥവാ പുറക്കാട്ട) രാജാവാണു. രാജസൈന്യത്തിലെ ക്രിസ്തീയ ഭടന്മാർഒരിക്കൽ കുരിശടയാളമുള്ള കൊടികളെ വഹിച്ചുകൊണ്ടു യുദ്ധംചെയ്തിയും അശ്ചര്യജനകമായ വിജയംപ്രാപിക്കയുമുണ്ടായി. ഈ വിജയത്തിന്റെ സാദരസ്മരണക്കായിട്ടാണു മാർ സ്ലീബാ (കുരിശു) യുടെ ബഹുമാനാർത്ഥം അദ്ദേഹം പുറക്കാട്ടു ദേവാലയം പണിയിച്ചത്. പതിനഞ്ചാം ശതാബ്ദാരംഭത്തിൽ നടന്ന അതിന്റെ ശിലാസ്ഥാപനകർമ്മം കഴിഞ്ഞിട്ടു ഇപ്പോൾ അഞ്ഞൂറുസംവത്സരങ്ങളായിരിക്കുന്നു. ഒരു പള്ളിയേയും പുറക്കാട്ടരാജാവ് അതിനെ സ്ഥാപിക്കുന്നതിനുണ്ടായ കാരണത്തേയുംപറ്റി പോർട്ടുഗീസ് ഗ്രന്ഥകർത്താക്കന്മാർ പ്രസ്താവിക്കുന്നുണ്ടു.

കുടമാളൂർ.—കുടമാളൂർ അഥവാ കൊട്ടവാളൂർ പള്ളിപണിയിച്ചതും ചെമ്പകശ്ശേരി രാജാവുതന്നെയാണു. തെക്കുംകൂർ രാജ്യാതിർത്തികളിൽ ഉൾപെട്ട കൊട്ടവാളൂരിൽ അമ്പലപ്പുഴ രാജാവായ ചെമ്പകശ്ശേരി തമ്പുരാൻ ക്രിസ്ത്യാനികൾക്കായി ഒരു ദേവാലയം സ്ഥാപിച്ചതു എങ്ങനെയെന്നും അങ്ങനെപണിയിക്കുന്നതിലേക്കുള്ള കാരണമെന്തെന്നും അറിയുവാൻ പലർക്കും അഗ്രഹംജനിച്ചേക്കാം. ചെമ്പകശ്ശേരിരാജാവു് കുമാരനല്ലൂർക്കാരനായ ഒരു നമ്പൂരിയും കുമാരനല്ലൂർ തെക്കുംകൂർരാജ്യത്തിൽ ഉൾപെട്ട ഒരു ദേശവുമായിരുന്നു. അവിടെ പ്രസിദ്ധമായ ഒരുക്ഷേത്രമുണ്ടു. ക്ഷേത്രങ്ങൾക്കു മദ്ധ്യശതവത്സരങ്ങളിൽ സങ്കേതങ്ങൾ (ക്ഷേത്രത്തിന്റെ ഭരണത്തിൽ ഉൾപെട്ടിരിക്കുകൾ) ഉണ്ടായിരു

നും. സങ്കേതങ്ങളിലെ സകല രാജ്യാധികാരങ്ങളും ക്ഷേത്രാധികാരികളായ ഊരാണ്മക്കാരാണു നടത്തിവന്നത്. കുമാരനല്ലൂർ തെക്കുംകൂർ രാജ്യത്തിലെ എത്രയും പ്രബലമായിരുന്ന ഒരു സങ്കേതസ്ഥാനമായിരുന്നു. കുമാരനല്ലൂർ ക്ഷേത്രത്തിന്റെ വടക്കേഗോപുരത്തിനു വടക്കുപടിഞ്ഞാറായിരുന്നു ചെമ്പകശ്ശേരിമന സ്ഥിതിചെയ്തിരുന്നതു്. ചെമ്പകശ്ശേരിപുരയിടം ഇക്കാലത്തും അവിടെകാണാം. കൊല്ലവർഷം ൧൦൫൫-ൽ ഈ പുരയിടമല്ലാതെ പണ്ടാരപാട്ടമായി കുമാരനല്ലൂർ സമീപത്തു മറ്റൊരു പുരയിടവുമില്ലായിരുന്നു. കഴിഞ്ഞ സെറിൽമെൻറു വരെ മറുവസ്തുക്കളെല്ലാം ബ്രഹ്മസ്വമോ ദേവസ്വമോ ആയിട്ടാണു ഇരുന്നിരുന്നത്. ദരിദ്രമായ ചെമ്പകശ്ശേരിഇല്ലത്തിലെ ഒരു നമ്പൂരി സമാവർത്തനം കഴിഞ്ഞു, കുമാരനല്ലൂർ നമ്പൂരിമാരുടെ ഇടയിൽ ഇക്കാലത്തും നടപ്പുള്ളതുപോലെ, ക്ഷേത്രത്തിൽ സംവത്സരഭജനം പാർത്തിരുന്നു. വിദ്യാഭ്യാസപൂർത്തിക്കു വേണ്ടി കൂടിയാണു ആ ഭജനകാലം ഉദ്ദേശിക്കപ്പെട്ടിരുന്നത്. ഈ പ്രദേശത്തിൽ കൊല്ലവർഷം ൯൦൦-നു ക്രിസ്താബ്ദം ൧൭൨൫-ാമാണ്ടു കോഴിക്കോട്ടു രാജാവു് സൈന്യത്തിൽനിന്നു പിരിച്ചയച്ച ഒരുകൂട്ടം നായർ ഭടന്മാർ കുമാരനല്ലൂരിൽ എത്തി, അവർ ക്ഷേത്രാധികാരികളോടു ഒരുനേരത്തെ ആഹാരത്തിനു അപേക്ഷിച്ചാറെ, ഭജനക്കാരൻ ചെമ്പകശ്ശേരി നമ്പൂരിയാണു ക്ഷേത്രാധികാരിയെന്നു വെറുതെ പറഞ്ഞു അവരെ കബളിപ്പിച്ചു. അകത്തു മണ്ഡപത്തിൽ ജപിച്ചുനിന്നിരുന്ന ചെമ്പകശ്ശേരി ശ്രീകോവിലിന്റെ പുറത്തിറങ്ങിവന്നതു ഭടന്മാർ കണ്ടു ഒന്നു ചേർന്നു താണു തൊഴുകയും അവർ പ്രദക്ഷിണമായി നമ്പൂരിയെ ഉപചാരപൂർവ്വം അനുഗമിക്കയുംചെയ്തു. വടക്കേനടയിൽ എത്തിയപ്പോൾ ഭടന്മാരോടു എന്തിനുവന്നു എന്നു ചോദിച്ചാറെ അവർ ജോലിയിൽനിന്നു പിരിച്ചു വിടപ്പെട്ട ഭടന്മാരാണെന്നു പ്രസ്താവിക്കയും ഒരുനേരത്തെ ആഹാരം കൊടുക്കണമെന്നു അപേ

